# വത്തമാനപ്പുസ്തകം

പാറേമ്മാക്കൽ തോമ്മാകത്തനാർ



www.malankaralibrary.com

## OIRSI പ്രസിദ്ധീകരണങ്ങൾ

110. Dr. John Madey, *Orientalium Ecclesiarum* (English), 1987, pp. 176, Rs. 30.

111. Dr. G. Chediath, സഭാപിതാക്കന്മാർ I 1987, pp. 275, Rs. 20

112. Dr. Xavier Koodapuzha, സഭാവിജ്ഞാനീയം 1988, pp. 354, Rs. 55

113. Geo Thadikatt, മാർത്തോമ്മാക്രിസ്ത്യാനികളുടെ പാരമ്പര്യങ്ങൾ 1988, pp 124, Rs. 12.50

114 Dr. Xavier Koodapuzha, (ed) *Oriental Churches Theological Dimensions* 1988, pp. 352, Rs. 60

115. Dr. G. Chediath, പ്രാർത്ഥനാ സഭയിൽ 1988, pp. 316, Rs. 18

116. സഭാപിതാക്കന്മാർ II 1988, pp. 265, Rs. 16

117. S. Kanjiramukalel, മലങ്കര കത്തോലിക്കാസഭയുടെ വ്യക്തിത്വം 1988, pp. 290, Rs. 28

118. Dr. Alex Paul Urumpackal, *Vocations in India Vol II, The Clergy,* 1988, pp. 352 Rs 100

119. Dr. Mathew Vellanickal, മറിയം ബൈബിളിൽ 1988, pp. 145, Rs. 14

120. Paremakkal Gubernador, വർത്തമാനപ്പുസ്തകം (*reprint*) 1988, pp. 550, Rs. 50

---

ORIENTAL INSTITUTE OF RELIGIOUS STUDIES INDIA PUBLICATIONS
Vadavathoor P. O., Kottayam 686010

www.malankaralibrary.com

# വർത്തമാനപ്പുസ്തകം

ഒന്നും രണ്ടും ഭാഗങ്ങളും ഭൂലോകശാസ്ത്രവും

പാറേമ്മാക്കൽ തോമ്മാകത്തനാർ

കരിയാറ്റിൽ മാർ യൗസേപ്പ് മെത്രാപ്പോലീത്തയുടെയും
പാറേമ്മാക്കൽ തോമ്മാകത്തനാരുടെയും ലിസ്ബൺ-റോമ്മാ
യാത്രയുടെ വിവരണം

1778-1786

*No. 120*

ORIENTAL INSTITUTE OF RELIGIOUS STUDIES INDIA
PUBLICATIONS
Vadavathoor, Kottayam-686010
Kerala, India
1989

www.malankaralibrary.com

# VARTHAMANAPPUSTHAKAM

*Malayalam*

(Travelogue of Dr. Joseph Kariatty and Paremmakkal Thomman Kathanar to Lisbon and Rome 1778-1786)

Author:

Paremmakkal Thomman Kathanar

(Rt. Rev. Dr. Thomas Paremmakkal, Gubernador)

Copyright reserved by Janatha Services, Thevara

Published: August 1977

Reprinted with foot-notes, January 1989

Copies: 3000

Cover design: Jose Maniparampil

Published by:

Oriental Institute of Religious Studies India Publications

Printed at: Pellissery Printers, Kottayam-1

Distribution:

Oriental Institute of Religious Studies India Publications

Vadavathoor P. O., Kottayam-686 010. Kerala, India.

*1977 August, by Janatha Services, Thevara, Cochin-682 013*

All rights reserved by Janatha Services, Thevara. No part of this publication may be reproduced or transmitted in any form or by any means, electronic or mechanical, including photocopy, recording, or any information storage and retrieval system, without permission in writing from Janatha Services, Thevara.

I, Fr. Thomas Paremmakkal, Kadanad, hereby handover all rights regarding the book 'Varthamanappusthakam' to Janatha Services, Thevara.

Sd/

*Fr. Thomas Paremmakkal*

Kadanad

www.malankaralibrary.com

# ഉള്ളടക്കം

| | | പുറം |
|---|---|---|
| | പ്രസാധകക്കുറിപ്പ്-ഡോ. ജോസഫ് കോയിക്കക്കുടി | 6 |
| | ചരിത്രപശ്ചാത്തലം-ഡോ. സേവ്യർ കൂടപ്പുഴ | 19 |
| | അവതാരിക-പ്രൊഫ. കെ. വി. ജോസഫ് | 9 |
| | **ഒന്നാം ഭാഗം** | |
| | മുഖവുര | 35 |
| 1. | മാർ ഫ്ലോരൻസ്യോസ മെത്രാന്റെ മരണം | 37 |
| 2. | മലങ്കരയിടവകകൾ അങ്കമാലിയിൽ കൂടുന്നു | 40 |
| 3. | അങ്കമാലിയോഗത്തിന്റെ ഫലങ്ങൾ | 46 |
| 4. | അങ്കമാലിയോഗത്തിൽ ഇടപ്പള്ളിക്കാരുടെ സങ്കടം | 49 |
| 5. | അങ്കമാലിയിൽ പാതിരിമാർ വരുന്നു | 55 |
| 6 | യോഗം പിരിയുന്നതിനുമുമ്പ് | 59 |
| 7. | വാഴ്‌വും വീഴ്ചയും കഴിഞ്ഞ് | 61 |
| 8. | പുതിയ മലങ്കരവികാരി അപ്പസ്തോലിക്ക | 66 |
| 9. | മെത്രാൻ ആലങ്ങാട്ടു വരുന്നു | 69 |
| 10. | മെത്രാനും സർവ്വാധികാര്യക്കാരും | 74 |
| 11. | നിരണംമെത്രാൻ സാലസുമെത്രാന് എഴുതുന്നു | 75 |
| 12. | കരിയാറ്റിൽമല്പാൻ നിരണംമെത്രാനെ സന്ദർശിക്കുന്നു | 78 |
| 13. | സാലസുമെത്രാൻ വരാപ്പുഴയ്ക്കു പോകുന്നു | 83 |
| 17. | തോമ്മാകത്തനാർ യാത്രപുറപ്പെടുന്നു | 87 |
| 18. | കരിയാറ്റിയും കൂട്ടരും ഉദയഗിരിയിലെത്തുന്നു | 90 |
| 19. | സഞ്ചാരസംഘം തുത്തുക്കുടിയിൽ | 95 |
| 20. | കുപ്പായക്കാരൻ പറങ്കിയുടെ വീട്ടിൽ | 100 |
| 21. | തരങ്ങൻ പാടിയിൽ | 104 |
| 22. | തരങ്ങൻ പാടിയിൽനിന്നു പുറപ്പെടുന്നു | 109 |
| 23. | മൈലാപ്പൂർ, പെരിയമല, ചിന്നമല | 114 |
| 24. | കപ്പൽ കയറാനുള്ള ശ്രമം | 118 |
| 25. | കപ്പൽ കയറുന്നതിനുമുൻപ് | 125 |
| 26. | കപ്പൽ കയറിയശേഷം | 129 |
| 27. | ആഫ്രിക്കയിലെ വെൻഗെലായിൽ | 134 |
| 28. | തെക്കെ അമേരിക്കയിലെ ബയ്യായിൽ | 136 |
| 29. | ബയ്യായിലെ മെത്രാപ്പോലീത്ത സ്വീകരിക്കുന്നു | 143 |
| 30. | ലിസ്ബണിൽ | 149 |
| 31. | കയത്താനൊസുപാതിരി | 155 |
| 32. | പാതിരിയെ കണ്ടശേഷം | 158 |

www.malankaralibrary.com

33. പോർട്ടുഗൽരാജ്ഞിക്കു കൊടുത്ത അപേക്ഷ 160
34. അപേക്ഷയുടെ കാരണങ്ങൾ 163
35. അപേക്ഷ കൊടുത്തശേഷം 167
36. രാജ്ഞിയെക്കാണാൻ ബെല്ലുസയിൽ ചെല്ലുന്നു 170
37. അപേക്ഷയുടെകൂടെ കൊടുത്ത അവകാശങ്ങൾ 174
38. അപേക്ഷ കൊടുത്തതു കരിയാറ്റിയോ കയെത്താനൊസിനോടു പറയുന്നു 177
39. യാത്രാസംഘം ജെനോവയിൽ ചെല്ലുന്നു 181
40. ജെനോവ നഗരത്തിൽ 185
41. യോഹന്നാൻ ദെ സന്ത മർഗ്ഗരീത്ത 188
42. യോഹന്നാൻ പാതിരിയുടെ കത്ത് 191
43. ജെനോവയിൽനിന്നു തിരിക്കുന്നു 197
44. ലിബെർണൊ നഗരത്തിൽ 201
45. പീസായിൽനിന്നു റോമിലെത്തുന്നു 204
46. പ്രൊപ്പഗാന്തായിലെ കർദ്ദിനാളിനെ കണ്ടശേഷം 211
47. സന്ത അന്തോണി എന്ന വീട്ടിൽ 217
48. മാർപ്പാപ്പായ്ക്കു കൊടുക്കാനുള്ള അപേക്ഷകൾ 243
49. പോർട്ടുഗലിൽനിന്നുള്ള എഴുത്ത് 248
50. യോഹന്നാൻ ദെ സന്ത മർഗ്ഗരീത്ത ജെനോവായിൽ 256
51. പ്രൊപ്പഗാന്തായുടെ പുത്തൻതലവൻ 262
52. കർദ്ദിനാൾ തീരുമാനമെടുക്കുന്നു 270
53. പ്രൊപ്പഗാന്തായെപ്പററി 274
54. റോമിൽനിന്നു തിരിക്കുന്നു 280
55. റോമിൽനിന്നു പുറപ്പെട്ടശേഷം 285
56. അങ്കോണമുതൽ ജെനോവവരെ 292
57. ജെനോവായിൽനിന്നു കാർദിച്ചേയിലേക്ക് 297
58. ലിസ്ബണിൽ തിരിച്ചെത്തുന്നു 303
59. അർസെനാൻ എന്ന കപ്പൽശാല 308
60. കയത്താനൊസുപാതിരി വീണ്ടും 315
61. ഇതിനിടയിലെ സംഭവങ്ങൾ 322
62. വിഷ്ക്കൊന്തിയും മല്പാനും കാണുന്നു 328
63. കയത്താനൊസ് സഞ്ചാരക്ലേശമറിഞ്ഞപ്പോൾ 333
64. ഡോ. കരിയാററി മെത്രാപ്പോലീത്തയാകുന്നു 338
65. ഡോ. കരിയാററി രാജദമ്പതികളെ സന്ദർശിക്കുന്നു 344
66. കയത്താനൊസ് വരുത്തിയ വിഘ്നം തീർക്കുന്നു 351
67. ഡോ. കരിയാററി എടമനിഷ്പത്തിന്റെ ഭവനത്തിൽ 359
68. അവിടെവച്ചുള്ള പരിശോധനയ്ക്കുശേഷം 366
69. പിടിപാടുസാധനം റോമിൽനിന്നു വരുന്നതുവരെ 371
70. ഡോ. കരിയാററിയുടെ വാഴ്ച 378
71. ലിസ്ബണിലെ ക്ലേശങ്ങൾ 385





72. കൊച്ചിമെത്രാന്റെയും മററും കത്തുകൾ 391
73. പരിണിതഫലങ്ങൾ 430
74. മാർത്തോമ്മാ (നിരണം) മെത്രാനുണ്ടായ കാര്യങ്ങൾ 437
75. സർവ്വാധികാര്യക്കാരൻ ചെയ്ത കാര്യങ്ങൾ 443
76. ലിസ്ബണിലെ രാജ്ഞിയോടു യാത്രപറയുന്നു 449
77 കപ്പൽകയറിയ ശേഷം 454
78 ബയ്യാ ഗവർണരുടെ വീട്ടിൽ 459


## രണ്ടാം ഭാഗം


മലയാളത്തിൽ മാർഗ്ഗമുണ്ടായ നാൾമുതലുള്ള പഴമ 469
1760-ലെ തീറോലക്കാര്യം 472
ലോറൻസോ ജസ്ററീനിയാനിയുടെ പടിസാധനം 473
കൊച്ചിരാജാവിനയച്ച തിരുവെഴുത്ത് 473
1775-ലെ നീട്ടിന്റെ പകർപ്പ് 474
മലങ്കര പള്ളിക്കാർക്ക് എഴുതിയ സാധനം 477
സർവ്വാധികാര്യക്കാരൻ എഴുതിയ കത്ത് 478
മനുഷ്പം എഴുതിയ മറുപടിയുടെ പകർപ്പ് 479
അങ്കമാലിക്കൽ എഴുതിയ പടിയോലകൾ 480
മെത്രാപ്പോലീത്തായുടെ ഇടയലേഖനം 485
എറണാകുളംപള്ളിമേലുള്ള അധികാരം 501
വികാരി ജനറാളിനു കത്ത് 507
നസ്രാണികളെ ഭരിക്കുവാനുള്ള നീട്ട് 509
വരാപ്പുഴമെത്രാൻ എഴുതിവച്ച കച്ചീട്ട് 510
വരാപ്പുഴപാതിരിമാർ എഴുതിവച്ച കച്ചീട്ട് 510
കച്ചീട്ടിന്റെ പടിക്കുള്ള നീട്ട് 511
കൊച്ചിസർക്കാരിന്റെ തീട്ടൂരം 511
പാലിയത്തച്ചന്റെ നീട്ട് 512
ചൊവ്വരപ്പള്ളിക്കാരുടെ എഴുത്ത് 512
ലത്തീൻകാരെ അനുസരിക്കയില്ലെന്ന് 513
പാറേമ്മാക്കലച്ചന്റെ പടിസാധനം 513
കട്ടക്കയത്തിലച്ചന് ലഭിച്ച കത്തിന്റെ പെർപ്പ് 519
ഡോ. കരിയാററിയുടെ ഡോക്ടറേററ് 521
ഭൂലോകശാസ്ത്രം 525

ടിപ്പണി 537
പദസൂചിക 541
ചിത്രങ്ങൾ


www.malankaralibrary.com

# പ്രസാധകക്കുറിപ്പ്

ഭാരതസുറിയാനിസഭ പരിവർത്തനത്തിലൂടെ കടന്നുപോകുന്ന നിർണായകകാലഘട്ടമാണിത്. പുതുമയെ പുൽകാൻ വെമ്പൽകൊള്ളുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുക. അത്ഭുതകരമായ കണ്ടുപിടുത്തങ്ങൾക്ക് അനുദിനം നാം സാക്ഷികളാകുന്നു. വളരെവേഗം ലോകം പരിവർത്തനവിധേയമാകുന്നു. ഭാരതത്തെ സംബന്ധിച്ചിടത്തോളം ദശാബ്ദങ്ങളിലൂടെ വന്ന കാര്യങ്ങൾ പെട്ടെന്നു പ്രാവർത്തികമാകുന്നു. ടെലിവിഷൻെറ കാര്യംതന്നെ എടുത്താൽ മതി. ഇന്നത് സാധാരണമാണ്, അതും കളർ ടി. വി.

പുതിയതെല്ലാം സ്വീകാര്യമായിരിക്കണമെന്നില്ല. മസ്തിഷ്ക്കത്തെ മരവിപ്പിക്കുന്ന രാസവസ്തുക്കളും ബഹിരാകാശയന്ത്രങ്ങളെ നിയന്ത്രിക്കുന്ന ഇലക്ട്രോണിക്സംവിധാനങ്ങളും ആധുനികങ്ങളാണ്. അവയെ സ്വീകരിക്കയോ ത്യജിക്കയോ ചെയ്യുന്നതിൽ വിവേചനം ആവശ്യമാണെന്നു സാരം.

പഴയതും വിവേചനാപൂർവം സ്വീകരിക്കേണ്ടതുണ്ട്. ചരിത്രമുറങ്ങുന്നത് പഴമയുടെ തറവാടുകളിലാണ്. വ്യക്തിത്വത്തിൽ അഭിമാനിക്കണമെങ്കിൽ വേരുകൾ കണ്ടുപിടിക്കേണ്ടതുണ്ട്, ചരിത്രം പഠിക്കേണ്ടതുണ്ട്. സ്വന്തം വ്യക്തിത്വത്തെക്കുറിച്ച് പഠിച്ചെങ്കിൽ മാത്രമേ നാമതു മനസ്സിലാക്കുകയുള്ളു. അതെപ്പററി അറിയുകയുമുള്ളു. അറിയുന്നതിനെ അറിയുന്നതുപോലെയാണല്ലോ നാം സ്നേഹിക്കുക.

കേരള സുറിയാനിസഭയുടെ വേരുകൾ ആദ്യനൂററാണ്ടുകളിലാണ്. മാർത്തോമാശ്ലീഹാ ജന്മം നൽകിയ ഈ സഭ സഹസ്രാബ്ദങ്ങൾ പിന്നിട്ട കഥ ഉദ്വേഗജനകമാണ്. ആ സഭയുടെ ഗതിവിഗതികൾ നാം അറിയണം; അതിൻെറ വളർച്ചയും തളർച്ചയും നാം ഗ്രഹിക്കണം. ആ സഭയുടെ വേദനാജനകമായ ചരിത്രം നാം പഠിക്കണം. ആ അമ്മയുടെ ത്യാഗോജ്ജ്വലജീവിതം നാം ഗ്രഹിക്കണം. എങ്കിലേ നമുക്കു സഭയെ സ്നേഹിക്കാനാവൂ.

പാറേമ്മാക്കൽ തൊമ്മൻകത്തനാരെഴുതിയ 'വർത്തമാനപ്പുസ്തകം' മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണഗ്രന്ഥമാണ്. ഈ പുസ്തകമെഴുതിയ ഗൊവർണദോരച്ചൻ എത്ര കുശാഗ്രബുദ്ധിയായിരുന്നു, എന്തു വലിയ സമുദായസ്നേഹിയായിരുന്നു, എത്ര വലിയ ആത്മാഭിമാനമാണ് അദ്ദേഹത്തെ നയിച്ചിരുന്നത്, തൻെറയും തൻെറ സമുദായത്തിൻെറയും സഭാത്മക വ്യക്തിത്വത്തെപ്പററി എത്ര വലിയ ഉൾക്കാഴ്ച അദ്ദേഹത്തിനുണ്ടായിരുന്നു, സുറിയാനിസഭയ്ക്ക് ഭാരതത്തിലും സാർവത്രികസഭ-



യിലുമുള്ള സ്ഥാനത്തെപ്പററി എത്ര ആഴമായ അവബോധം അദ്ദേഹത്തിനുണ്ടായിരുന്നു, എത്ര കൃത്യമായ രീതിയിലാണ് സ്ഥലകാലങ്ങളെയും വ്യക്തികളെയും അദ്ദേഹം അപഗ്രഥിക്കുന്നത്, എത്രവലിയ ആശകളും പ്രതീക്ഷകളുമാണ് അദ്ദേഹത്തെ നയിച്ചിരുന്നത്, എന്തുമാത്രം ത്യാഗങ്ങളാണ് കരിയാററിയും ഗൊവർണദോരും മാതൃസഭയ്ക്കുവേണ്ടി സഹിച്ചത് എന്നെല്ലാം വർത്തമാനപ്പുസ്തകം ശ്രദ്ധിച്ചുവായിക്കുന്നവർക്കു മനസ്സിലാകും. വിദേശമിഷനറിമാർ തൻെറ സമുദായത്തെ പീഡിപ്പിക്കുന്നതും വിവേചനയ്ക്കു വിധേയമാക്കുന്നതും കണ്ട് അദ്ദേഹം പ്രവാചകനെപ്പോലെ ധാർമികരോഷം പൂണ്ടു. നിശിതമായ ഭാഷയിൽ അക്രമത്തെയും അനീതിയെയും അദ്ദേഹം ചെറുത്തു. ഏതു തലത്തിലും മിഷനറിമാരേക്കാൾ ഒട്ടും പിന്നിലല്ല നസ്രാണിസമുദായം എന്നദ്ദേഹം ദൃഢമായി പ്രഖ്യാപിച്ചു. വത്തിക്കാൻ കൗൺസിലിൻെറ സഭാത്മകമായ കാഴ്ചപ്പാട് കൗൺസിലിന് വളരെയേറെ കൊല്ലംമുൻപേ അദ്ദേഹം പ്രഘോഷിച്ചു.

രണ്ടു നൂററാണ്ടുമുമ്പെഴുതിയ ഈ കൃതി ഭാഷാപരമായും ചരിത്രപരമായും പ്രാധാന്യമർഹിക്കുന്നു. ഇന്നത്തെ ഭാഷയുമായി താരതമ്യപ്പെടുത്തുമ്പോൾ ഭാഷ ക്ലിഷ്ടമായി ആരംഭത്തിൽ അനുഭവപ്പെട്ടുമെങ്കിലും പരിചയിച്ചുകഴിയുമ്പോൾ ഭാഷയുടെ സുഭഗതയും ആസ്വാദ്യതയും വ്യക്തമാകും. ചരിത്രപരമായി നോക്കിയാൽ വർത്തമാനപ്പുസ്തകം ഒരു ഖനിയാണ്. 1773 മുതൽ 1785 വരെയുള്ള കാലഘട്ടത്തെയാണ് പ്രധാനമായി വർത്തമാനപ്പുസ്തകത്തിൽ വിവരിക്കുന്നത്. വിദേശമേൽക്കോയ്മയും ചൂഷണങ്ങളും ഏതദ്ദേശീയപോരാട്ടങ്ങളും സംഘർഷങ്ങളുമെല്ലാം ഇതിലെ പ്രതിപാദ്യങ്ങളാണ്. മാർത്തോമ്മാക്രിസ്ത്യാനികൾ സുറിയാനിക്കാരല്ലെന്നും, ഭാരതീയമായതു കണ്ടുപിടിക്കണമെന്നും പറയുന്നവരോട് ഒരഭ്യർത്ഥനയുണ്ട്. നിങ്ങൾ വർത്തമാനപ്പുസ്തകം ഒരാവർത്തി വായിക്കൂ. നിങ്ങളുടെ ഹൃദയം തുടിക്കും. അഭിമാനം പുളകിതമാകും. വ്യക്തിത്വം ജ്വലിക്കും. അറിയാതെതന്നെ നിങ്ങൾ വിളിച്ചുപറയും ഞങ്ങളും ഞങ്ങളുടെ ജാതിയും സുറിയാനിക്കാരാണ് എന്ന്. 'മലങ്കര ഇടവകയിലുള്ള സുറിയാനിക്രമത്തിൽ ഉൾപ്പെട്ട പള്ളിക്കാറരെയും' സുറിയാനിക്രമത്തിലുള്ള പള്ളിക്കാരരോടും പട്ടക്കാരരോടും മാപ്പിളമാരോടും' എന്നിങ്ങനെ പാറെമ്മാക്കലച്ചൻ അഭിമാനത്തോടും വിശ്വാസത്തോടുംകൂടി സംസാരിക്കുന്നു. തങ്ങളുടെ ജാതിയും സമുദായവും സുറിയാനിയാണ് എന്നു ധീരമായി പറയുന്ന പാറെമ്മാക്കലച്ചനെയാണ് ഇവിടെ നാം കാണുന്നത്. സുറിയാനിപൈതൃകം വൈദേശികമായി പുറന്തള്ളേണ്ടതല്ല.

കൈയെഴുത്തു രേഖകളെപ്പററി ഒരു വാക്ക്. ഒന്നാം ഭാഗവും ഭൂലോകശാസ്ത്രവും ഗൊവർണദോരുടെതന്നെ കൃതികളാണെന്ന

www.malankaralibrary.com

തിന് സംശയമില്ല. ഈ ഗ്രന്ഥത്തിൽ കൊടുത്തിരിക്കുന്ന രണ്ടു ഫോട്ടോസ്റ്റാറ്റുകൾ പരിശോധിച്ചാൽ ഇതു മനസ്സിലാകും. രണ്ടാം ഭാഗം ഗൊവർണ്ണദോരുടെതന്നെ കൈപ്പടയിൽ നമുക്കു ലഭിച്ചിട്ടില്ല. രണ്ടാംപുസ്തകമെഴുതാൻ അദ്ദേഹത്തിന് ഉദ്ദേശമുണ്ടായിരുന്നെന്ന് വ്യക്തമായ സൂചനകളുണ്ട്. അപ്രകാരം എഴുതിയെന്നും ന്യായമായി കരുതാം. എന്നാൽ നമുക്കത് ഇതുവരെ ലഭിച്ചിട്ടില്ല.

വർത്തമാനപ്പുസ്തകം 1936–ലാണ് ആദ്യമായി പ്രസിദ്ധീകരിച്ചത്. ഭാരതസഭയുടെ അഭിമാനമായ പ്ലാസിഡച്ചൻ വർത്തമാനപ്പുസ്തകം അടിക്കുറിപ്പുകളോടെ 1971–ൽ റോമിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചു. 1977–ൽ ജനതാ ബുക്ക്സ്റ്റാളുകാർ മലയാളംപതിപ്പു വീണ്ടും പ്രസിദ്ധപ്പെടുത്തി. 1983–ൽ ഡി. സി. ബുക്ക്സ് പ്രൊഫ. മാത്യു ഉലകംതറയുടെ നേതൃത്വത്തിൽ ഭാഷ പരിഷ്ക്കരിച്ച് പ്രസിദ്ധംചെയ്തു. ഗൊവർണർ ദോരച്ചന്റെ ഭാഷക്കു വ്യത്യാസം വരുത്താതെതന്നെ ആവശ്യമുള്ള ടിപ്പണികളും വിശദീകരണവും ചേർത്ത് ഞങ്ങളിതു വീണ്ടും പ്രസിദ്ധീകരിക്കുകയാണ്. അടിക്കുറിപ്പുകൾ പ്ലാസിഡച്ചന്റെ തർജ്ജമയെ അടിസ്ഥാനമാക്കിയാണ്. മൂലഭാഷയിൽതന്നെ കൃതി വായിക്കുന്നതാണല്ലോ അതിന്റെ ചൈതന്യം സ്വീകരിക്കുവാൻ കൂടുതൽ സഹായിക്കുക. പുസ്തകം വീണ്ടും പ്രസിദ്ധീകരിക്കാൻ അനുവാദംതന്ന ജനതാ ബുക്ക്സ്റ്റാളിന് ഹൃദയംഗമമായ നന്ദി പറയുന്നു. ഇതിന്റെ മുദ്രണം ഭംഗിയായി നിർവഹിച്ച പെല്ലിശേരി പ്രിന്റേഴ്സിനും ഞങ്ങളുടെ കൃതജ്ഞത. ഇതു പ്രസിദ്ധീകരിക്കാൻ നേതൃത്വം നല്കിയ പൗരസ്ത്യദൈവശാസ്ത്രപ്രസിദ്ധീകരണസംഘ (Oirsi) ത്തിന്റെ മാനേജർ ഡോ. സേവ്യർ കൂടപ്പുഴ, സെക്രട്ടറി ബ്രദർ തോമസ് ചെങ്ങനാരിപ്പറമ്പിൽ, മററു വൈദികവിദ്യാർത്ഥികൾ, ആവശ്യമായ അടിക്കുറിപ്പുകൾ എഴുതി സഹകരിച്ച ബ്രദർ മാത്യു കളത്തിൽ എന്നിവരെയും പ്രൗഢമായ അവതാരിക എഴുതിത്തന്നു സഹായിച്ച പ്രൊഫ. കെ. വി. ജോസഫിനെയും നന്ദിയോടെ സ്മരിക്കുന്നു.

വർത്തമാനപ്പുസ്തകം നമ്മുടെ സെമിനാരികളിൽ പാഠ്യവിഷയമാവേണ്ടതാണ്, ഒരിക്കൽ അതു നിഷിദ്ധമായിരുന്നു! മാർത്തോമ്മാക്രിസ്ത്യാനികളുടെ പൈതൃകവും വ്യക്തിത്വവും കാത്തുസൂക്ഷിക്കാൻ പ്രതിജ്ഞാബദ്ധരായ ഞങ്ങൾക്ക് അതിനു സഹായകമായ ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിൽ അനല്പമായ ചാരിതാർത്ഥ്യമുണ്ട്.

വടവാതൂർസെമിനാരി
1–1–1989

ഫാ. ജോസഫ് കോയിക്കക്കുടി
റെക്ടർ

# അവതാരിക

മലയാളഭാഷയിൽ എഴുതപ്പെട്ട ഏററവും ശ്രദ്ധേയവും പഠനീയവുമായ മഹത്ഗ്രന്ഥങ്ങളിലൊന്നാണ് പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ വർത്തമാനപ്പുസ്തകം. ബെൻജമിൻ ഫ്രാങ്ക്ളിന്റെ ആത്മകഥയെക്കുറിച്ച് അമേരിക്കൻ ഗ്രന്ഥകാരനായ മാർക്ക്വാൻ ഡോറൻ പറഞ്ഞതുപോലെ, 'ആത്മാർത്ഥതയുടെയും സത്യസന്ധതയുടെയും ഒരു മാസ്റ്റർപീസ്' ആണിത്. ഇത് വിരചിതമായിട്ട് രണ്ടു നൂററാണ്ടിലേറെയായി. മുഖവുരയുടെ ചുവടെ ഗ്രന്ഥകാരൻ കൊടുത്തിരിക്കുന്ന തീയതി 1785 സെപ്തംബർ 1 ആകുന്നു. 1785 ഏപ്രിൽ 20–ന് ആരംഭിച്ച് 1786 മേയ് 1–ന് അവസാനിക്കുന്ന ലിസ്ബൺ–ഗോവാ കപ്പൽയാത്രാസന്ദർഭത്തിലാണ് ഈ ഗ്രന്ഥരചനയുടെ സിംഹഭാഗവും നിർവഹിക്കപ്പെട്ടത് എന്നുകരുതാം.

മലയാളസാഹിത്യത്തിന്റെ പരമാചാര്യനായ മഹാകവി ഉള്ളൂർ ഈ ഗ്രന്ഥത്തെക്കുറിച്ചു പറയുന്നു: 'തോമ്മാക്കത്തനാരുടെ പ്രസ്തുത കൃതി ഏതുനിലയ്ക്കു നോക്കിയാലും കൈരളിക്ക് ഒരു കനകാഭരണം എന്നുതന്നെ പറയേണ്ടതാണ്....ആകെക്കൂടെ ഭാഷയിലെ ആകർഷകമായ ഒരു ഗദ്യഗ്രന്ഥം എന്നതിനുപുറമെ, അക്കാലത്തെ ദേശചരിത്രം, സമുദായചരിത്രം തുടങ്ങിയ വിവിധ വിഷയങ്ങളെപ്പററി അന്യത്ര അസുലഭമായ വിജ്ഞാനത്തിന്റെ ഭണ്ഡാഗാരം എന്നനിലയിലും വർത്തമാനപ്പുസ്തകം നമ്മുടെ സമഗ്രമായ ശ്ലാഘ അർഹിക്കുന്നു.'

കത്തനാരെഴുതിയതല്ലേ, മതോദ്ബോധനപരമായ ഒരു ഗ്രന്ഥമായിരിക്കുമിത് എന്നൊരു മുൻവിധിയുണ്ടാകാം അസംപ്രേക്ഷ്യകാരികൾക്ക്. എന്നാൽ മതതത്ത്വവിശദീകരണം വർത്തമാനപ്പുസ്തകത്തിന്റെ ലക്ഷ്യമല്ല. അത്യന്തം രസകരവും വിജ്ഞാനപ്രദവുമായ ഒരു യാത്രാവിവരണം എന്നതിനുപുറമേ, അത് കരുത്തുറെറാരു വിപ്ലവേതിഹാസമാണ്; മതഭരണമണ്ഡലത്തിലെ സ്വയംഭരണത്തിനുവേണ്ടിയുള്ള ആവേശംനിറഞ്ഞ സമരാഹ്വാനമാണ്: മർദ്ദനനീതികൾക്കും വിദേശികളുടെ ചൂഷണതന്ത്രങ്ങൾക്കും എതിരേ ഉച്ചത്തിലുള്ളൊരാക്രോശമാണ്; ആത്മാഭിമാനത്തിന്റെയും ആത്മാർത്ഥതയുടെയും എരിയുന്ന തീപ്പന്തമാണ്. ഈ ഗ്രന്ഥത്തെ കത്തോലിക്കാസഭയുടെ നിഷിദ്ധഗ്രന്ഥപ്പട്ടികയിൽ ഉൾപ്പെടുത്താൻ, കേരളത്തിൽ ഭരി

www.malankaralibrary.com

ച്ചിരുന്ന ചില പാശ്ചാത്യവൈദികപ്രമാണികൾ കൊണ്ടുപിടിച്ചുത്സാഹിച്ചു എന്ന വസ്തുതതന്നെ അതിന്റെ സ്വഭാവത്തെക്കുറിച്ചു നമുക്കു സൂചന നൽകുന്നുണ്ട്.

കിളിപ്പാട്ടുകളിൽ എഴുത്തച്ഛന്റെ മഹാഭാരതവും ആട്ടക്കഥകളിൽ ഉണ്ണായിവാര്യരുടെ നളചരിതവും നോവലുകളിൽ സി. വി. രാമൻപിള്ളയുടെ രാമരാജബഹദൂറുംപോലെ മലയാളത്തിലെ യാത്രാവിവരണഗ്രന്ഥങ്ങളിൽ മാത്രമല്ല, 'നോൺ ഫിക്ഷൻ' സാഹിത്യത്തിൽ ആകെത്തന്നെ അഗ്രിമമായി ശോഭിക്കുന്ന വിശിഷ്ടഗ്രന്ഥമത്രേ വർത്തമാനപ്പുസ്തകം.

അക്കാലത്തു കേരളത്തിലും പാണ്ഡിനാട്ടിലുമുണ്ടായിരുന്ന വിവിധ സ്ഥിതിഗതികളെയും വളരെയേറെ ആപൽസമ്പൂർണവും ഉദ്വേഗജനകവുമായ കപ്പൽയാത്രയെയും (വളരെയേറെ അപകടങ്ങളെ നേരിട്ടുകൊണ്ടുള്ള സുദീർഘമായ കപ്പൽയാത്രയെ സംബന്ധിച്ച ഒരനുഭവവ്യാഖ്യാനം മലയാളത്തിലെ മറേറതെങ്കിലും ഗ്രന്ഥത്തിൽ ലഭ്യമാണെന്നു തോന്നുന്നില്ല) ബ്രസീൽ പോർട്ടുഗൽ, ഇററലി, ജർമ്മനി തുടങ്ങിയ രാജ്യങ്ങളെയുംകുറിച്ച് സൂക്ഷ്മവും വിശദവുമായ വിവരങ്ങൾ നൽകുന്നു എന്നതാണ് വർത്തമാനപ്പുസ്തകത്തിന്റെ വിജ്ഞാനപരമായ മുഖ്യമൂല്യം. സംഭവവ്യാഖ്യാനങ്ങൾക്കിടയ്ക്കുള്ള വിചിന്തനങ്ങളിൽ ബൈബിളിലെ നിരവധി വിശിഷ്ടോപദേശങ്ങളും ബൈബിളിലെയും കേരളസഭാചരിത്രത്തിലെയും നിരവധി സുപ്രധാന സംഭവങ്ങളും ഉദ്ധരിക്കപ്പെടുന്നുമുണ്ട്. കേരളത്തിലെ സുറിയാനി കത്തോലിക്കർ ആധ്യാത്മികഭരണരംഗത്ത് അനുഭവിച്ചിരുന്ന വൈദേശികാധിപത്യത്തിന്റെ ഗർഹണീയഭാവങ്ങളിൽ ഗ്രന്ഥകാരനുള്ള ഉത്കടമായ അമർഷവും അവയുടെ നിരാകരണത്തിനുവേണ്ടിയുള്ള ആവേശപൂർണമായ ഉദ്ബോധനവും ഈ ഗ്രന്ഥത്തിന്റെ മൂല്യവത്തായ വൈകാരികാംശമത്രേ. 'കേരളമെന്നു കേട്ടാലോ തിളയ്ക്കണം ചോര നമുക്കു ഞരമ്പുകളിൽ' എന്നു പ്രഖ്യാപിച്ച മഹാകവി വള്ളത്തോളിനെ പശ്ചാത്കരിക്കുന്ന അഭിമാനാവേശമാണ് സ്വജാതി എന്നു പറയുന്നിടത്തു തോമ്മാക്കത്തനാർക്കുള്ളത്. സ്വയംഭരണത്തിന്റെ ന്യായതയും അനിവാര്യതയും അതിശക്തമായ ഭാഷയിൽ വർത്തമാനപ്പുസ്തകത്തിന്റെ പല ഭാഗങ്ങളിൽ ഉപപാദിക്കപ്പെടുന്നുണ്ട്.

### ഗ്രന്ഥകാരൻ

ഇന്നത്തെ കോട്ടയംഡിസ്ട്രിക്ററിൽ മീനച്ചിൽ താലൂക്കിലുള്ള കടനാടു ഗ്രാമത്തിലെ പാറയാംമാക്കൽകുടുംബത്തിലാണ് വർത്തമാനപ്പുസ്തകരചയിതാവായ തോമ്മാച്ചൻ ജനിച്ചത്. കുരുവിള, അന്നാ ദമ്പതിമാരുടെ നാലാമത്തെ സന്താനമായി 1736 സെപ്റ്റംബർ 10-ാം തീയതി ജാതനായ അദ്ദേഹം മീനച്ചിൽ



ശങ്കരൻകർത്താവിന്റെ പക്കൽ മൂന്നുവർഷം സംസ്കൃതവും കാനാട്ട് അപ്പുകത്തനാരുടെ പക്കൽ മൂന്നുവർഷം സുറിയാനിയും പഠിച്ചശേഷം, അന്ന് പ്രസിദ്ധിയോടെ പ്രവർത്തിച്ചുവന്ന ആലങ്ങാട്ടു സെമിനാരിയിൽ വിദ്യാർത്ഥിയായി ചേർന്നു. അവിടെവച്ച് മതതത്ത്വങ്ങളോടൊപ്പം ലത്തീൻ, പോർട്ടുഗീസ് ഭാഷകളും പഠിച്ചു. 1761-ൽ വൈദികനായി. 1768—ൽ സ്വന്തം ഇടവകയായ കടനാട്ടിൽ വികാരിയായിരിക്കുമ്പോഴാണ് കരിയാററി യൗസേപ്പു മല്പാന്റെകൂടെ യൂറോപ്പിലേക്ക് പോകാൻ നിമന്ത്രിതനായത്. 1786—ൽ ഡോ. കരിയാററിയോടൊപ്പം ഗോവയിൽ തിരിച്ചെത്തി. അവിടെവച്ചുണ്ടായ ഡോ. കരിയാററിയുടെ ആകസ്മിക ദേഹവിയോഗത്തെത്തുടർന്ന് തോമ്മാച്ചൻ കേരളത്തിലെ സുറിയാനി കത്തോലിക്കരുടെ ഗോവർണദോർ (അഡ്മിനിസ്ട്രേററർ) ആയി നിയമിക്കപ്പെട്ടു. ആദ്യം അങ്കമാലിയും ടിപ്പുവിന്റെ ആക്രമണത്തെത്തുടർന്ന് വൈക്കത്തിനടുത്തുള്ള വടയാറും ഒടുവിൽ വാർധക്യത്തിന്റെ ക്ഷീണം അനുഭവപ്പെട്ടുതുടങ്ങിയപ്പോൾ സ്വന്തം ഇടവകയ്ക്കു സമീപമുള്ള പ്രമുഖ പള്ളിയായ രാമപുരവും ആസ്ഥാനങ്ങളാക്കി ഭരണം നടത്തി. 13 കൊല്ലക്കാലം സ്വസമുദായത്തിനു പ്രഗത്ഭമായ നേതൃത്വം നൽകിയതിനുശേഷം 1799 മാർച്ച് 20—ാം തീയതി അദ്ദേഹം നിര്യാതനായി. അദ്ദേഹത്തെ മെത്രാപ്പോലീത്തയായി നിയമിച്ചുകിട്ടാൻ നാട്ടുകാർ നടത്തിയ നിരന്തരനിവേദനങ്ങൾ, സ്വാർത്ഥമതികളായ വെള്ളപാതിരിമാരുടെ കുത്തിത്തിരിപ്പുകൾമൂലം ഫലമണിയാതെപോയി.

### ഡോ. ജോസഫ് കരിയാററി

വർത്തമാനപ്പുസ്തകം മറെറന്തിനെക്കാളുമേറെ ഡോ. ജോസഫ് കരിയാററിയുടെ കഥയാണ്. ഉദിച്ചുയർന്ന് അധികകാലം പ്രകാശം പരത്തുന്നതിനുമുൻപ് പൊലിഞ്ഞുപോയ ആ അത്യുജ്ജ്വല താരത്തിന്റെ കഥ കേരളക്രൈസ്തവ സമൂഹത്തിന്റെ ചരിത്രത്തിലെ ഒരു തീവ്രദുഃഖമാകുന്നു. ''എന്റെ ജീവൻ പണയപ്പെടുത്തിയിട്ടുപോലും അങ്ങയുടെ കാര്യസാധ്യത്തിനായി ഞാൻ പരിശ്രമിക്കും'' എന്ന് ആറാം മാർതോമ്മാമെത്രാനോട് അദ്ദേഹം ചെയ്ത വാഗ്ദാനം അറമായി ഫലിച്ചെന്നു തോന്നും. മെത്രാപ്പോലീത്തയായി യൂറോപ്പിൽനിന്നു മടങ്ങിയെത്തിയ ആ പ്രതിഭാശാലിയെ വിധി ആകസ്മികമായി അപഹരിച്ചില്ലായിരുന്നെങ്കിൽ കേരളത്തിലെ ക്രൈസ്തവജനസമൂഹത്തിന്റെ അവസ്ഥ ഇന്ന് എത്രയോ ഉജ്ജ്വലതരമാകുമായിരുന്നു!

നമ്മുടെ ചരിത്രനായകൻ 1742 മേയ് 6—ന് ആലങ്ങാട്ട് അങ്ങാടിയിൽ കരിയാററി വീട്ടിൽ പൈലി, മറിയം ദമ്പതിമാ

www.malankaralibrary.com

രുടെ ദ്വിതീയ സന്താനമായി ജനിച്ചു. ബാല്യത്തിൽത്തന്നെ സമീപസ്ഥമായ ആലങ്ങാട്ടു സെമിനാരിയിൽ ചേൎന്നു. ഉപരി വിദ്യാഭ്യാസാർത്ഥം 1755—ൽ റോമിലേക്ക് അയയ്ക്കപ്പെട്ട ജോസഫ് അവിടത്തെ പ്രൊപ്പഗാന്താ സർവ്വകലാശാലയിൽ 11 വർഷം പഠനംനടത്തി. 1766 ഫെബ്രുവരി 25—ന് വൈദികാഭിഷേകം നേടിയ അദ്ദേഹം തത്വശാസ്ത്രം, ദൈവശാസ്ത്രം, സഭാനിയമം എന്നീ വിഷയങ്ങളിൽ ഡോക്ടറേററ് നേടിക്കൊണ്ടാണ് നാട്ടിൽ തിരിച്ചെത്തിയത്. ഉടൻതന്നെ അദ്ദേഹം ആലങ്ങാട്ടുസെമിനാരിയിൽ മല്പാൻ (സെമിനാരി അധ്യാപകൻ) ആയി നിയമിക്കപ്പെട്ടു. ആ ജോലിയിൽ ഇരിക്കുന്ന കാലത്താണ് കത്തോലിക്കാസഭയുടെ സിദ്ധാന്തങ്ങൾ ചുരുക്കി പ്രതിപാദിക്കുന്ന 'വേദതർക്കം' എന്ന ഗ്രന്ഥം രചിച്ചത്.

ഡോ. കരിയാററിയും പാറേമ്മാക്കൽ തോമ്മാക്കത്തനാരും കൂടി 1778 ഒക്ടോബർ 14–ന് ഇവിടെനിന്നു് വിദേശയാത്ര ആരംഭിച്ചു. അവർ ആദ്യം ലിസ്ബണിലേക്കും അവിടെനിന്നു് റോമിലേക്കും പോയി. 1780 ജനുവരി 8–ന് റോമായിലെത്തിച്ചേർന്നു. മാർപാപ്പയെയും പ്രൊപ്പഗാന്താ തിരുസംഘത്തെയും കണ്ടു് മലങ്കരസഭയുടെ പ്രശ്നങ്ങൾ അവരെ ധരിപ്പിച്ചു. അതിനുശേഷം തിരിച്ചു് പോർട്ടുഗലിൽ എത്തി. അവിടെവച്ചു് 1782 ജൂലൈ 16–ന് ഡോ. കരിയാററി കൊടുങ്ങല്ലൂർ അതിരൂപതയുടെ മെത്രാപ്പോലീത്തയായി നിയമിതനായി. 1783 ഫെബ്രുവരി 17–ന് അഭിഷേകം ചെയ്യപ്പെട്ടു. 1785 ഏപ്രിൽ 20–ന് ഇന്ത്യയിലേക്കു് മടക്കയാത്ര ആരംഭിച്ച അവർ 1786 മെയ് 1–ന് ഗോവയിലെത്തിച്ചേർന്നു. അവിടെവച്ചു് 1786 സെപ്റ്റംബർ 9–ന് ഏവരെയും ദു:ഖത്തിലാഴ്ത്തിക്കൊണ്ടു് 44–ാമത്തെ വയസ്സിൽ അദ്ദേഹം ദിവംഗതനായി.

### ഗ്രന്ഥകാരൻെറ മനോഭാവം

തങ്ങളെ യൂറോപ്പുയാത്രക്കയക്കാൻ പള്ളികളിലെ 'മുണ്ടുമുറികൾ' (ഉപകരണങ്ങൾ) പോലും വിററുപണമുണ്ടാക്കിയ സ്വജനങ്ങളുടെ സമക്ഷം ആ യാത്രയെസംബന്ധിച്ചു വിശദമായൊരു റിപ്പോർട്ടു കൊടുക്കാൻ ബാധ്യതയുണ്ടു് എന്ന വിധേയത്വബോധത്തിൽനിന്നാണ് വർത്തമാനപ്പുസ്തകമെഴുതാൻ തോമ്മാകത്തനാക്കു ഉത്തേജനം ലഭിച്ചതെന്ന് അദ്ദേഹം എഴുതിയ പ്രസ്താവനയിൽനിന്നുതന്നെ വ്യക്തമാകുന്നുണ്ടു്. എല്ലാകാര്യങ്ങളും വിശദമായും സത്യസന്ധമായും അദ്ദേഹം റിപ്പോർട്ടു ചെയ്യുന്നു. തങ്ങൾക്കുപററിയ അമളികൾപോലും മറച്ചുവയ്ക്കുന്നില്ല. നേരിട്ടു ബോധ്യംവരാത്ത കാര്യങ്ങളൊന്നും അദ്ദേഹം രേഖപ്പെടുത്തുന്നമില്ല. ഉദാ: പോർട്ടുഗലിനെക്കുറിച്ചുപറയുന്ന ഭാഗത്തിൻെറ അവസാനം 'എന്നാൽ ഈ രാജ്യത്തിലുള്ള ന്യായം വിധികളുടെയും



കല്പനകളുടെയും മുറകൾ ചൊല്ലുവാൻ നമ്മുടെ വർത്തമാനത്തിനു ബന്ധിക്കുന്ന (ബന്ധപ്പെട്ട) കാര്യമല്ലായ്കകൊണ്ടും ആയതിൻെറ അവസ്ഥ നല്ലവണ്ണം ഞാൻ അറിയായ്കകൊണ്ടും ആയത് ഇവിടെ എഴുതുന്നില്ല' (അധ്യായം 30).

### വ്യക്തികൾക്കു പ്രാധാന്യം

ഒരു കാര്യം സാധിക്കാൻവേണ്ടി പോവുകയും അനേകം വ്യക്തികളോട് ഇടപെടുകയും ചെയ്തതുകൊണ്ടായിരിക്കാം വത്തമാനപ്പുസ്തകത്തിൽ ഗ്രന്ഥകാരൻ സ്ഥലങ്ങളെക്കുറിച്ചുള്ളതിലധികം വാക്കുകൾ വ്യക്തികളെയും സംഭവങ്ങളെയും കുറിച്ചു് എഴുതിയിരിക്കുന്നത്. ഏററവുമധികം പരാമൃഷ്ടനായ വ്യക്തി ഡോ. കരിയാററിതന്നെ. അടുത്ത സ്ഥാനം ഗ്രന്ഥകാരനായ തോമ്മാക്കത്തനാർക്ക്. കയത്താനോയ് വിത്തോറിനോസ് ദെ ഫറിയാ എന്ന ഗോവക്കാരൻ പാതിരി വിശദമായ പരാമർശത്തിനു വിഷയമായിട്ടുള്ള മറെറാരു വ്യക്തിയാകുന്നു. വളരെ രസകരമായ ഒരു 'കാരക്ടർ സ്റ്റഡി' തന്നെ വൈദികവേഷധാരിയായ ആ 'ലോകത്താനെ' കുറിച്ചു് അവതരിപ്പിക്കപ്പെട്ടിട്ടുണ്ടു്. തൻകാര്യസാധ്യത്തിനുവേണ്ടി എന്തും ചെയ്യുന്ന ഒരു കൂടനീതിജ്ഞനാണ് കയത്താനോസ് എന്നു നല്ല ബോധ്യമുണ്ടെങ്കിലും അയാളുടെ വക്രവൃത്തികളെക്കുറിച്ചു പ്രതിപാദിക്കുമ്പോഴും ലോകവൃത്തനിഷ്ണാതനായ ഗ്രന്ഥകാരൻ അരിശം കൊള്ളുന്നില്ല. കേരളത്തിൽ മിഷനറിയായിവന്ന് പല കുഴപ്പങ്ങളും കാട്ടിക്കൂട്ടിയിട്ടു റോമിൽ ചെന്ന് വികാരി അപ്പസ്തോലിക്കയായി തിരിച്ചെത്താൻ വിദഗ്ധയത്നം ചെയ്തു് വിജയത്തിനുസമീപം എത്തുകയും ഒടുവിൽ യാദൃച്ഛികമായി പരാജയപ്പെടുകയും ചെയ്ത യോഹന്നാൻ ദെ സന്തമർഗ്ഗരീത്താ എന്ന പാതിരിയെക്കുറിച്ചും സാമാന്യം വിശദമായ പ്രതിപാദനമുണ്ടു്. വത്തമാനപ്പുസ്തകത്തിന് ഒരു ഡിറക്ടീവ് നോവലിൻെറ രസപൗഷ്കല്യം പ്രദാനംചെയ്യാൻ ഇത്തരം കറുത്ത കഥാപാത്രങ്ങളുടെ സന്നിവേശം ഉതകിയിട്ടുണ്ടു്.

നമ്മയുടെ അവതാരം എന്നു വിശേഷിപ്പിക്കാവുന്ന പോർട്ടുഗൽരാജ്ഞി ഡോണാമരിയാ, ആഭിജാത്യംവിടാതെ എപ്പോഴും പെരുമാറുന്ന അവരുടെ ഭർത്താവ്, പ്രൊപ്പഗാന്താ സംഘത്തിൻെറ സെക്രട്ടറിയും പ്രഗത്ഭനും തന്ത്രശാലിയുമായ മോൺ. ബോർജ്യാ, ഉൾക്കളിവില്ലാത്തതുകൊണ്ടു് അതിരററു കോപിക്കുന്ന വയോധികനും പ്രൊപ്പഗാന്താ സംഘാധ്യക്ഷനുമായ കർദിനാൾ കസ്തേല്ലി, കരിയാററിക്കും കൂട്ടുകാരനും പോർട്ടുഗീസ് സർക്കാർ അനുവദിച്ച അലവൻസ് യഥാസമയം കിട്ടാൻ തടസ്സമുണ്ടായപ്പോൾ അതിൽ വ്യക്തിപരമായി ഇടപെട്ടു പരിഹാരമുണ്ടാക്കിയ വിഷ്കോന്തിയുടെ മകൾ തുടങ്ങിയവരുടെ ചിത്രീ

www.malankaralibrary.com

കരണം മനുഷ്യസ്വഭാവത്തിന്റെ പ്രതിജനഭിന്നമായ വൈവിധ്യത്തെക്കുറിച്ച് നമുക്ക രസകരമായ അവബോധം നൽകുന്നു.

**ധാർമ്മികരോഷമുണർന്നപ്പോൾ**

ഡോ. കരിയാററിയും തോമ്മാക്കത്തനാരും ലിസ്ബണിലായിരുന്നപ്പോൾ കേരളത്തിൽ പ്രവർത്തിച്ചിരുന്ന യൂറോപ്യൻ മിഷനറിമാർ മാർത്തോമ്മാനസ്രാണികളെ സംബന്ധിച്ച് ധാരാളം അസത്യപ്രസ്താവങ്ങൾ നിറഞ്ഞ ഒരു റിപ്പോർട്ട് റോമിലേക്കയച്ചു. അതിനു പ്രത്യാഖ്യാനമായി എഴുതപ്പെട്ടിട്ടുള്ള 72-ാം അധ്യായമാണ് വർത്തമാനപ്പുസ്തകത്തിലെ ഏററവും ഉജ്ജ്വലമായ അധ്യായം. സ്വയംഭരണത്തിനുള്ള നമ്മുടെ അർഹതയെ ചോദ്യംചെയ്തുകൊണ്ട് പാതിരിമാർ ഉന്നയിച്ച ഓരോ ആക്ഷേപത്തെയും തോമ്മാക്കത്തനാർ നിശിതമായ യുക്തിവിചാരഖഡ്ഗംകൊണ്ട് തിലസദൃശമായി അരിഞ്ഞുതള്ളിയിരിക്കുന്നു. അമേരിക്കൻ സ്വാതന്ത്ര്യസമരത്തെ അനുകൂലിച്ചുകൊണ്ട് തോമസ് പെയ്ൻ എന്ന പ്രതിഭാശാലി എഴുതിയ Rights of Man, Common Sense തുടങ്ങിയ വിശ്വവിഖ്യാതങ്ങളായ ലഘുലേഖകൾക്ക്, ശക്തിയിലും നിപുണതയിലും തികച്ചും സമശീർഷമാണ് ഈ അധ്യായം എന്നു നിസ്സംശയം പറയാം.

'ഒട്ടു നല്ലവണ്ണവും ഒട്ടു ആകുന്നവണ്ണവും ഒട്ടു നമ്മോടു സഹായമായിട്ടും ഒട്ടു നമ്മോടു വിരോധമായിട്ടും നേരായിട്ടും ഭോഷ്കായിട്ടും എഴുതി അയച്ച പാരം നീളമുള്ളൊരു വസ്തു' എന്നു വിശേഷിപ്പിച്ചുകൊണ്ടാണ് തോമ്മാക്കത്തനാർ അതിനെതിരെയുള്ള ആക്രമണം ആരംഭിക്കുന്നത്. 'നമ്മുടെ യജമാനന്മാർ പുറമെയുള്ള നാടുകളിൽ നമ്മെ സ്നേഹിച്ചുവരുന്ന പ്രകാരം അറിവാനായിട്ട്'' ആണ് താൻ ഇതു ചർച്ചചെയ്യുന്നതെന്നും അദ്ദേഹം പ്രസ്താവിക്കുന്നു.

മിഷനറിമാരുടെ റിപ്പോർട്ടിൽ രണ്ടാമത്തെ പോയിൻറായി സുറിയാനിക്കാരായ ഒരു മെത്രാൻ, രണ്ടു മല്പാന്മാർ, 10 മിഷനറിമാർ ഇവരെ കൊണ്ടുവരാനാണ് കരിയാററിയും മററും നിയോഗിക്കപ്പെട്ടിട്ടുള്ളതെന്നും മൂന്നാം പോയിൻറായി അവർ പോയതു ഭൗതികലക്ഷ്യങ്ങൾ വച്ചുകൊണ്ടാണെന്നും പറയുന്നുണ്ട്. അതിനെക്കുറിച്ചു തോമ്മാക്കത്തനാരുടെ പ്രത്യാഖ്യാനം: 'മെത്രാനെയും മല്പാനെയും മാർഗമറിയിക്കുന്നവരെയും അന്വേഷിക്കുന്നതു ലോകകാര്യമോ ദൈവകാര്യമോ? ഇതു ലോകകാര്യമാകുന്നെങ്കിൽ മിശിഹാകർത്താവും തന്റെ ശ്ളീഹന്മാരും ശേഷം ശുദ്ധപള്ളിയുടെ മല്പാന്മാരും പഠിപ്പിച്ചുവരുന്നതും ശ്രമിച്ചുവരുന്നതും ദൈവകാര്യത്തെക്കുറിച്ചല്ല; പിന്നെയോ ലോകകാര്യത്തെക്കുറിച്ചത്രേ ആകുന്നു.'

യൂറോപ്യൻ മിഷനറിമാർ ഇല്ലെങ്കിൽ ഇവിടെ സഭയുടേതായ പ്രവർത്തനങ്ങൾ ഒന്നും നടക്കുകയില്ല എന്ന പാതിരിമാ



രുടെ വാദത്തിന് മറുപടിയായി തോമ്മാക്കത്തനാർ പറയുന്നു: 'നീയും നിന്റെ ജാതി ഒക്കെയും മാർഗം എന്നും ഈശോമിശിഹാ എന്നും ഉള്ള കേൾവികേൾക്കുന്നതിനു മുൻപിൽ മലങ്കരെ വിശ്വാസികളും പട്ടക്കാരരും മെത്രാന്മാരും ഉണ്ടായിരുന്നു. നമ്മുടെ ഇടത്തുള്ള പള്ളികളിൽ ഏറിയകൂറും നിനക്കും നിന്റെ കാരണവന്മാർക്കും മലങ്കരെ എന്നുള്ള കേട്ടുകേൾവി ഉണ്ടാകുന്നതിനു മുൻപിൽ പണി ചെയ്തിരിക്കുന്നതത്രേ ആകുന്നു.'

മിഷനറിമാർ വളരെ ക്ളേശങ്ങൾ അനുഭവിക്കുന്നുണ്ടെന്നും വേണ്ടിവന്നാൽ കൂടുതൽ ക്ളേശങ്ങൾ സഹിക്കാൻ അവർ സന്നദ്ധരാണെന്നും ഉള്ള പ്രസ്താവത്തെപ്പററി: 'ഈ സങ്കടങ്ങൾ നല്ല തീപോലെയിരിക്കുന്ന താകര (ചാരായ)വും പോർക്കിറച്ചിയും കോഴിയും മൊട്ടയും മററു പലപല തീൻതരങ്ങളും കുടികളും അല്ലാതെ മററ് ഒരു വസ്തു അല്ല. എന്നതിനെക്കൊണ്ട് ആയതു തിന്നുകയും കുടിക്കുകയും പുളക്കയും ചെയ്യുന്നതത്രേ മലങ്കര ഇടവകയിൽ നീ പാടുപെടുന്നതാകുന്നു.......ഞങ്ങളുടെ ഘോഷവും വരവും ഉള്ള പള്ളികളിൽ ആണ്ടുതോറും നീയും നിന്റെ കൂട്ടരും വന്ന് അവിടെ ഉണ്ടാകുന്ന നേർച്ചപ്പണമൊക്കെയും വാരിക്കെട്ടി മേൽപ്പറഞ്ഞ സങ്കടങ്ങൾക്കു ചെലവുചെയ്യുവാനായിട്ടു നിന്റെ ഭവനത്തേക്കു കൊണ്ടുപോകുന്നു.'

വേണ്ടിവന്നാൽ മാർപാപ്പയെപ്പോലും സ്വല്പം കുററപ്പെടുത്താൻ തോമ്മാച്ചൻ മടിക്കുകയില്ല. റോമിൽവച്ച് മാർപാപ്പക്ക് തങ്ങൾ നൽകിയ നിവേദനം അദ്ദേഹം വായിച്ചുനോക്കാതെ പ്രൊപ്പഗാന്താ സെക്രട്ടറിയായ മോൺ. ബോർജ്യായുടെ കയ്യിൽ കൊടുത്തതിനെക്കുറിച്ചു ക്ഷോഭത്തോടുകൂടി അദ്ദേഹം എഴുതുന്നു: 'മലങ്കരെ പള്ളിക്കാററു തമ്പുരാന്റെ പള്ളിയുടെ കാണപ്പെട്ട തലവനാകുന്ന മാർപാപ്പയുടെ മുൻപാകെ തങ്ങളുടെ സങ്കടങ്ങൾ ബോധിപ്പിച്ചാൽ പക്ഷഭേദംകൂടാതെ പള്ളികളുടെയും നസ്രാണിസുഖത്തിന്റെയും നിരപ്പിനും ഒരിമ്പാട്ടിനും വേണ്ടുന്ന കാര്യങ്ങളൊക്കെയും ന്യായമാകുംവണ്ണം വിധിക്കുമെന്നു ഭാവിച്ച് (വിചാരിച്ച്) തങ്ങൾ പാവപ്പെട്ടവരാകുന്നു എന്നതു കൊണ്ടു പള്ളികളുടെ മുണ്ടുമുറി (ഉപകരണം)കൾപോലും വിററും, പണയംവച്ചും വഴിചിലവിനു ദ്രവ്യംതന്നു ഞങ്ങളെ അയച്ചാറെ, ഞങ്ങൾ ദീർഘപ്പെട്ട കാലം പാരം ദുരിതവും സങ്കടങ്ങളും അനുഭവിച്ചതിന്റെ ശേഷം......അപേക്ഷകളെല്ലാം മാർപാപ്പയുടെ കയ്യിൽത്തന്നെ കൊടുപ്പാൻ....സംഗതിവന്നതിന്റെശേഷം ഒരു കാൽമണിനേരം ഉണ്ടായ മന്ത്രത്തിന്റെ ശക്തിയാൽ അതൊന്നും മാർപാപ്പ വായിച്ചറിയാതെ നമ്മുടെ കാര്യമൊക്കെയ്ക്കും വിപരീതകാരനായ മുൻസിഞ്ഞോർ ബോർജ്യാടെ പററിൽ കൊടുത്തു വിചാരിച്ചാൽ ആറാമതു പീയൂസ് എന്ന ഈ മാർപാപ്പാക്ക് തമ്പുരാന്റെ പള്ളിമേൽ എത്രക്ലേശമുണ്ടെന്നും നമ്മുടെ പ്രതി

www.malankaralibrary.com

ഭാവികാംക്ഷ മാർപാപ്പായുടെ പക്കൽ എത്ര ശക്തി ഉണ്ടായിരുന്നു എന്നും എല്ലാവർക്കും നന്നായി അറിയാം.' ഞങ്ങൾ പാവങ്ങളും ദൂരെനിന്നു വന്നവരും ആണെങ്കിലും കത്തോലിക്കാസഭയുടെ അവകാശമുള്ള സന്താനങ്ങൾതന്നെയാണെന്നും മാർപാപ്പ ഞങ്ങളെ അങ്ങനെ നിസ്സാരപ്പെടുത്തുന്നതു ശരിയല്ലെന്നുമാണ് തോമ്മാച്ചന്റെ നിലപാട്.

## വർണ്ണനാചാതുര്യം

സുന്ദരങ്ങളും സജീവങ്ങളുമായ വർണ്ണനകൾ അവതരിപ്പിക്കാനുള്ള ദക്ഷത ഒരു സാഹിത്യകാരന്റെ പ്രാഥമികയോഗ്യതയത്രേ. അത്യുജ്ജ്വലങ്ങളായ വർണ്ണനകൾ വർത്തമാനപ്പുസ്തകത്തിന്റെ എത്ര ഭാഗത്തും സുലഭമാകുന്നു. ഉദാഹരണത്തിന് ഉദ്ധരിക്കാനാണെങ്കിൽ നൂറുകണക്കിനുണ്ട് അതിമനോഹരമായ വർണ്ണനകൾ. ഒന്നുരണ്ടെണ്ണംമാത്രം ഇവിടെ എടുത്തുകാണിക്കാം. ഞങ്ങൾ സഞ്ചരിച്ചിരുന്ന കപ്പൽ ഒരു കൊടുങ്കാറ്റിൽ അകപ്പെട്ടപ്പോൾ കപ്പലിലുണ്ടായ കോലാഹലത്തെക്കുറിച്ചു വർണിക്കുന്ന ഭാഗം: 'കപ്പലിന്റെ കപ്പിത്താൻ പരിഭ്രമിച്ചു കപ്പലിൽ ഒക്കെയും നടക്കുന്നതും മാൽവിക്കാരർ (ജോലിക്കാർ) ഒക്കെയും വിറച്ചുനിൽക്കുന്നതും ശേഷം കപ്പലിലുള്ള ജനങ്ങളിൽ ചിലർ ചോരകൂടാതെ ചത്തവണ്ണം ഇരിക്കുന്നതും ചിലർ ഭയംകൊണ്ടു കരയുന്നതും മറ്റുചിലർ തൂങ്ങപ്പെട്ടരൂപം കയ്യിൽ പിടിച്ചുകൊണ്ടു പാരം പരിഭ്രമിച്ചു വേദന കാട്ടിക്കൊണ്ടു തങ്ങൾചെയ്ത ദോഷങ്ങളിന്മേൽ തേറ്റത്തോടെ തമ്പുരാനോട് അപേക്ഷിക്കുന്നതും മെത്രാപ്പോലീത്താ ഇടവിടാതെ ഉടയതമ്പുരാനോട് നമസ്കരിച്ച് അപേക്ഷിച്ചുംകൊണ്ട് കടലിന്മേൽ റൂശ്മാ ചെയ്യുന്നതും....ഇങ്ങനെ കപ്പലിൽ ഉണ്ടായ വേദനയും കലക്കവും പറഞ്ഞൊപ്പിച്ചുകൂടാത്തതാകുന്നു.' (അധ്യായം 77).

യൂറോപ്പിലെ ഒരു പർവ്വതപ്രദേശത്തുകൂടെയുള്ള യാത്രയെക്കുറിച്ച്: 'വഴിയിൽ അലെമാഞ്ഞിയാ എന്നുപറയുന്ന പ്രദേശത്തു പലയിടത്തും നമ്മുടെ കടനാട്ടിൽനിന്നും കിഴക്കു മുട്ടത്തിനു പന്നിക്കുന്നു കേറിപ്പോകുന്ന വഴിക്കുള്ള മലകളും തടങ്ങളും താഴ്ചകളും എന്നപോലെ വലിയൊരു മലകളും ആയതിനുകൂടെ എത്രയും ഭയങ്കരമായ പാരം താഴ്ചയുള്ള തടങ്ങളും ആയിരിക്കുന്നതുമെന്യേ ഈ മലയുടെ വിളിമ്പത്തുകൂടെ പലപ്പോഴും വഴി ആയിരിക്കുന്നതിനെക്കൊണ്ടു കുതിരയുടെ കാൽ ഒന്നു പിഴച്ചുപോകുമെങ്കിൽ സംശയംകൂടാതെ എത്രയും ആഴപ്പെട്ട താഴ്ചയിൽ വീഴുവാൻ സംഗതികൂടും എന്നതിനെക്കൊണ്ട് ഈ തടങ്ങൾ കാണുന്നമധ്യേ പാരം സൂക്ഷ്മത്തോടും ഭയത്തോടുംകൂടെ കടക്കേണ്ടിവന്നു (അധ്യായം 58).





## പഴയ വീഞ്ഞ്

പഴയ വീഞ്ഞിനും വിസ്കിക്കും വീര്യവും ഹൃദ്യതയും ഏറും എന്നാണ് വിദഗ്ദ്ധന്മാർ പറയുന്നത്. വർത്തമാനപ്പുസ്തകത്തിന്റെ ഏറ്റം ശ്രദ്ധേയ സവിശേഷതയായി ഇന്നനുഭവപ്പെടുന്നത് അതിന്റെ അതിരസകരമായ പഴയ ഭാഷാസ്വഭാവമാകുന്നു. 'ഇതുക്കൂട്ടു പൂക്കാണ്ടി സംസാരം എന്നോടുവേണ്ട' 'ഉപായംകൊണ്ടു കഷായം വയ്പാനത്രേ നോക്കിയതും' 'അല്ലലും തൊല്ലയും കഴിച്ച്'' 'ഒട്ടുനല്ലവണ്ണവും ഒട്ടു ആകുന്നവണ്ണവും നേരായിട്ടും ഭോഷ്കായിട്ടും' എന്നുതുടങ്ങിയ പ്രയോഗങ്ങൾ ആധുനികഭാഷയിലാക്കാൻ ശ്രമിക്കുമ്പോഴാണ് കവിത വിവർത്തനക്ഷമമല്ല എന്നുള്ള ഷെല്ലിയുടെ പ്രസ്താവത്തിന്റെ വാസ്തവികത നമുക്കു ബോധ്യമാകുന്നത്.

പാറേമ്മാക്കൽ തോമ്മാച്ചൻ ബാല്യത്തിൽ മീനച്ചിൽ ശങ്കരൻകർത്താവിനു ശിഷ്യപ്പെട്ട് സംസ്കൃതവിദ്യാഭ്യാസം നേടി എന്ന് ജീവചരിത്രം പറയുന്നു. എന്നാൽ സംസ്കൃതപാണ്ഡിത്യത്തിനു നെറ്റിചുളിക്കാൻ വകനല്കുന്ന ധാരാളം പദപ്രയോഗങ്ങൾ വർത്തമാനപ്പുസ്തകത്തിൽ കാണുന്നുണ്ട്. സംസ്കൃതഭാഷാപരിചയത്തെ തന്റെ രചനാശൈലിയിൽ ഒരു നിർണായകശക്തിയാകാൻ അദ്ദേഹം അനുവദിച്ചില്ല എന്നതാണു പരമാർത്ഥം. തന്റെ ജ്യേഷ്ഠാനുജന്മാർ ആശയവിനിമയം ചെയ്യാൻ വീട്ടിലും തന്നെപ്പോലുള്ള കത്തനാരന്മാർ 'പൊരുൾ പടാർത്ത' പറയാൻ പള്ളിയിലും ഉപയോഗിച്ചിരുന്ന അസൽ നസ്രാണിഭാഷതന്നെയാണ് തോമ്മാക്കത്തനാർ വർത്തമാനപ്പുസ്തകത്തിന്റെ രചനയിൽ ഉപയോഗപ്പെടുത്തിയത്. അതിനു ജീവിതത്തിന്റെ ഗന്ധവും തുടിപ്പും ചൈതന്യവുമുണ്ട്. ഇതു ഭാഷാചരിത്രപരമായ ഒരു നേട്ടമായി. 18—ാം നൂറ്റാണ്ടിലെ കേരളക്രിസ്ത്യാനികളുടെ 'കമ്യൂണൽ ഡയലക്ടി'നെക്കുറിച്ച് ഗവേഷണം നടത്തുന്നവർക്ക് ഇതൊരു ആകരഗ്രന്ഥംതന്നെയായിരിക്കും.

പല ശബ്ദങ്ങളുടെയും അർത്ഥാഗമചരിത്രത്തിലേക്കു വെളിച്ചംവീശുന്ന പദപ്രയോഗങ്ങൾ വർത്തമാനപ്പുസ്തകത്തിലുണ്ട്. ഉദാഹരണത്തിന് 'താക്കോൽ' എന്നതിന് 'താഴക്കോൽ' എന്നാണ് പ്രയോഗം. താഴിന്റെ കോൽ താഴക്കോൽ. രണ്ടാമത്തെ അക്ഷരം ലോപിച്ച് അതു താക്കോലായി എന്നു നമുക്കു മനസ്സിലാകും. ഹോളണ്ട് എന്നതിന് ഒലന്ത് എന്നു കത്തനാർ പ്രയോഗിക്കുമ്പോൾ ലന്തക്കാർ എന്ന പ്രയോഗത്തിന്റെ ആഗമം പെട്ടെന്നു വ്യക്തമാകും.

'മോങ്ങാനിരുന്ന നായുടെ തലയിൽ തേങ്ങാവീണു' 'അണ്ടികളഞ്ഞ അണ്ണാന്റെ കൂട്ട്'' 'കുടിച്ചിരിക്കണം അല്ലെ

www.malankaralibrary.com

ങ്കിൽ പഠിച്ചിരിക്കണം' എന്നുതുടങ്ങിയ സരസങ്ങളായ നാടൻ ശൈലികൾ ആരാമത്തിൽ പുഷ്പങ്ങൾ എന്നപോലെ ഗ്രന്ഥത്തിലെങ്ങും വിരിഞ്ഞുനിൽക്കുന്നുണ്ട്.

വർത്തമാനപ്പുസ്തകത്തിന്റെ പൂർവപാദത്തിലെ വാക്യങ്ങൾക്ക ഘടനാപരമായി കുറച്ചു ക്ലിഷ്ടതയുണ്ട്. ഭാഷയുടെ പഴമ പഴയഭാഷയിൽ പരിചയമില്ലാത്തവരെ ക്ലേശിപ്പിക്കും, ചില വായനക്കാർ അതുമൂലം ഭഗ്നോൽസാഹരായി പിന്തിരിഞ്ഞേക്കാം. (ഇക്കൂട്ടർക്ക വിലപ്പെട്ട ഒരു സഹായമാണ് പ്രൊഫ. മാത്യു ഉലകംതറ നിർവഹിച്ചതും ഡി. സി. ബുക്ക്സ് പ്രസിദ്ധീകരിച്ചതുമായ ആധുനിക ഭാഷാന്തരം. പക്ഷേ ഗ്രന്ഥത്തിന്റെ സാഹിത്യരസം പൂർണമായി അനുഭവിക്കണമെങ്കിൽ ഒറിജിനൽ വായിച്ചേ പറ്റൂ.) പക്ഷേ കുറേ മുന്നോട്ടു പോയിക്കഴിയുമ്പോൾ ഭാഷ പരിചിതമാകുന്നു. ഭാഷാരീതിക്ക സാരള്യവും ഗതിവേഗവും വർധിക്കുന്നു. പിന്നെ രസകരമായ ഒരു നോവലിലെന്നപോലെ ഉദ്വേഗജനകമായി ആഘാതപ്രത്യാഘാതങ്ങളോടെ മുന്നോട്ടു ഗമിക്കുന്ന സംഭവവാഹിനി വായനക്കാരനെ മുന്നോട്ട് ഒഴുക്കിക്കൊണ്ടുപോകുന്നു.

### ഇതര ഭാരതീയഭാഷകളിൽ

ഇതര ഭാരതീയഭാഷകളിലുണ്ടായിട്ടുള്ള യാത്രാവിവരണകൃതികളുടെ സ്വഭാവം പരിഗണിക്കുമ്പോഴാണ് വർത്തമാനപ്പുസ്തകത്തിന്റെ വൈശിഷ്ട്യം വ്യക്തമാകുന്നത്. ആസാമീസ്, സംസ്കൃതം എന്ന രണ്ടു ഭാഷകളിൽമാത്രമേ 18-ാം നൂററാണ്ടിനുമുൻപ് (17-ാം നൂററാണ്ടിൽ) യാത്രാവിവരണം എഴുതപ്പെട്ടിട്ടുള്ളു. ആസാമീസിലേത് ആസാംരാജാവിന്റെ പ്രതിനിധികൾ ത്രിപുര സന്ദർശിച്ചിട്ടെഴുതിയതും സംസ്കൃതത്തിലേത് തമിഴ്നാട്ടുകാരനായ ഒരു ദീക്ഷിതർ ദക്ഷിണേന്ത്യയിലെ പുണ്യസ്ഥലങ്ങളെക്കുറിച്ച് എഴുതിയതുമാണ്.

മററു മിക്ക ഭാഷകളിലും യാത്രാവിവരണങ്ങൾ ഉണ്ടായത് 19-ാം ശതകത്തിലോ 20-ാം ശതകത്തിലോ മാത്രം. മിക്കവയുടെയും വിഷയം ഇൻഡ്യയ്ക്കുള്ളിൽ തന്നെയുള്ള യാത്രകളും.

മാർക്കോപോളോയുടെ സഞ്ചാരവൃത്താന്തങ്ങൾക്കുശേഷം ഇത്ര രസകരവും വിപുലവും വിശാലപശ്ചാത്തലവുമായ ഒരു യാത്രാവിവരണം വിശ്വസാഹിത്യത്തിൽത്തന്നെ ഉണ്ടായിട്ടുണ്ടോ എന്നു സംശയിക്കണം.

പ്രൊഫ. കെ. വി. ജോസഫ്
എം. എ. (മലയാളം) എം. എ. (ഇംഗ്ലീഷ്)
എം. എ. (ഹിന്ദി)
പ്രൊഫ. മലയാളവിഭാഗം

സെൻറ് ജോർജ് കോളജ്
അരുവിത്തുറ
1-1-89

# ചരിത്രപശ്ചാത്തലം

പതിനെട്ടാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ മർത്തോമ്മാനസ്രാണികൾക്കും മലയാളനാടിനും ത്യാഗോജ്ജ്വല നേതൃത്വം നല്കിയ മഹദ്വ്യക്തികളാണ് ബ. കരിയാററി യൗസേപ്പച്ചനും (1742-1786) പാറേമ്മാക്കൽ തോമ്മാച്ചനും (1736-1799). മാതൃസഭയ്ക്കും ജന്മഭൂമിക്കും നവചൈതന്യം പകർന്ന വീരപുരുഷന്മാരാണവർ. സ്വന്തം നാടിന്റെയും സമുദായത്തിന്റെയും പ്രശ്നം സ്വന്തം പ്രശ്നമായിക്കണ്ട് അവയുടെ പരിഹാരത്തിനുവേണ്ടി സ്വജീവൻപോലും ബലികഴിക്കാൻ സന്നദ്ധരായി മുന്നോട്ടുവന്ന ആ മഹാത്മാക്കളെ കൃതജ്ഞതയോടെമാത്രമേ നമുക്കു സ്മരിക്കാനാവൂ. അവരുടെ നേതൃത്വത്തിൽ നടന്ന വിമോചനസമരത്തിന്റെ വീരേതിഹാസമാണ് വർത്തമാനപ്പുസ്തകം. അത് വായിക്കുന്നവരുടെ ഹൃദയം സമുദായസ്നേഹത്താൽ തുടിക്കും, ദേശസ്നേഹത്താൽ പുളകിതമാകും.

### പോർട്ടുഗീസ് മേല്ക്കോയ്മ

പാറേമ്മാക്കൽ തോമ്മാച്ചനും കരിയാററി യൗസേപ്പച്ചനും വെറും വിദേശപര്യടനത്തിനു പോയവരല്ല. അന്നത്തെ സഭാകേന്ദ്രങ്ങളിൽ ഇവിടത്തെ ദൈവജനത്തിന്റെ നിവേദനവുമായി പോയവരാണവർ. 1599 മുതൽ മാർത്തോമ്മാനസ്രാണികൾ പോർട്ടുഗീസുകാരുടെ കീഴിലായി. പോർട്ടുഗീസുരാജാവിന്റെ പ്രത്യേക 'സംരക്ഷണം' (പദ്രുവാദോ) അവരുടെമേൽ അടിച്ചേല്പിക്കപ്പെട്ടു. മാർത്തോമ്മാനസ്രാണികളുടെ സഭാപൈതൃകമോ, ഭാഷയോ, ആചാരങ്ങളോ, ചരിത്രമോ, പാരമ്പര്യങ്ങളോ അറിയാൻ പാടില്ലാത്ത മെത്രാന്മാർ അവരെ ഭരിക്കുവാൻ നിയമിതരായി.

സഭാതലത്തിൽ പോർട്ടുഗീസുരാജാവിന്റെ പ്രത്യേക മേല്ക്കോയ്മയുടെ പേരാണ് പദ്രുവാദോ (Padroado). ഇതനുസരിച്ച് പോർട്ടുഗീസുകാർ കണ്ടുപിടിക്കുന്ന സ്ഥലങ്ങളിൽ അവരുടെ പ്രേഷിതപ്രവർത്തനഫലമായി രൂപംകൊള്ളുന്ന പുതിയ സഭകളുടെ 'മേല്ക്കോയ്മ' റോമിൽനിന്നു പോർട്ടുഗീസുരാജാവിനു നല്കിയിരുന്നു. മെത്രാന്മാരെ നിയമിക്കുക, രൂപതകൾ സ്ഥാപിക്കുക, പ്രേഷിതപ്രവർത്തനം നടത്തുക, സാമ്പത്തികസഹായം നല്കുക എന്നിങ്ങനെ പലതും ഇതിൽപ്പെടും. ഒന്നാം നൂററാണ്ടുമുതൽ ഭാരതമണ്ണിൽ നിലനിന്നതും പോർട്ടുഗലിലെ സഭയെക്കാൾ പഴക്കമുള്ളതുമായ മാർത്തോമ്മാനസ്രാണികളുടെമേൽ പദ്രുവാദോ മേല്ക്കോയ്മ അടിച്ചേല്പിച്ചതിനു

www.malankaralibrary.com

ന്യായീകരണങ്ങളൊന്നും കാണുന്നില്ല. എങ്കിലും 1599-മുതൽ മാർത്തോമ്മാനസ്രാണികൾ പദ്രുവാദോയുടെ കീഴിലാക്കപ്പെട്ടു എന്നതാണ് സത്യം. ഈ മേല്ക്കോയ്മ ഇവിടുത്തെ സഭയെ തളർത്തി, വിഭജിച്ചു; പലചേരിയിലുമാക്കി. പദ്രുവാദോയുടെ തലസ്ഥാനമായ ലിസ്ബണിലേക്ക് ഇവിടുത്തെ ദൈവജനത്തിന്റെ പ്രതിനിധികൾക്ക് പോകേണ്ടിവന്ന പശ്ചാത്തലമിതാണ്.

**പരസ്യമായ പ്രതിഷേധം**

പോർട്ടുഗീസ് മേധാവിത്വത്തിൽ പൊറുതിമുട്ടിയ മാർത്തോമ്മാനസ്രാണികൾ 1653 ജനുവരി 3-നു വെള്ളിയാഴ്ച, ഒരു സ്വാതന്ത്ര്യപ്രഖ്യാപനം നടത്തി - തങ്ങളുടെ സഭാപൈതൃകത്തെ തൃണവൽഗണിക്കുന്ന സാമ്പാളൂർപാതിരിമാരെ അനുസരിക്കുകയില്ലെന്ന്. ഇത് 'കൂനൻകുരിശുസത്യ'മെന്ന പേരിൽ അറിയപ്പെടുന്നു. ഈശോസഭക്കാരായിരുന്നു സാമ്പാളൂർ പാതിരിമാർ. ഇതേ സന്യാസസമൂഹത്തിൽനിന്നായിരുന്നു ഇവിടുത്തെ പദ്രുവാദോ മെത്രാന്മാർ. ഈ പ്രതിഷേധത്തിന്റെ വാർത്ത റോമിലെത്തി. തൽഫലമായി അതിന്റെ കാര്യകാരണങ്ങൾ അന്വേഷിക്കുവാൻ ആളുകൾ റോമിൽനിന്ന് നിയമിതരായി. കർമ്മലീത്ത (OCD) സന്യാസ സമൂഹത്തിൽപ്പെട്ടവരായിരുന്നു ഇവർ. ഈശോസഭയിൽപെട്ടവരുടെ പ്രവർത്തനശൈലിയോടുള്ള എതിർപ്പാണ് കൂനൻകുരിശുസത്യത്തിൽ പ്രകടമായതെന്നും തന്മൂലം മറ്റൊരു സന്യാസസമൂഹത്തിൽപ്പെട്ട മെത്രാന്മാരെ നിയമിച്ചാൽ സ്ഥിതിഗതികൾ മെച്ചപ്പെടുമെന്നും ഇവർ റോമിലേക്കു റിപ്പോർട്ടു നല്കി. റോമിൽനിന്നുണ്ടായ തീരുമാനം ഇവർക്കനുകൂലമായിരുന്നു. കർമ്മലീത്ത (OCD) സന്യാസസമൂഹത്തിൽപ്പെട്ടവരെയും ഇവിടെ മെത്രാന്മാരായി നിയമിച്ചു. വിവരങ്ങൾ അന്വേഷിക്കുവാൻവന്ന ജോസഫ് സെബസ്റ്റ്യാനി എന്ന കർമ്മലീത്ത സന്യാസിയായിരുന്നു ആദ്യമായി റോമിൽനിന്ന് നിയമിതനായത്. പോർട്ടുഗീസുമെത്രാന്മാർക്ക് അജപാലനം നടത്താൻ അസാധ്യമായ സ്ഥലങ്ങളിലായിരുന്നു ഇദ്ദേഹത്തിന്റെ പ്രവർത്തനരംഗം. Vicariate Apostolic of Malabar എന്നായിരുന്നു റോമിൽനിന്നു സ്ഥാപിച്ച ഈ പുതിയ ഭരണസംവിധാനത്തിന്റെ പേർ.

മിഷൻരാജ്യങ്ങളിലെ പ്രേഷിതപ്രവർത്തനം സുഗമമായി നടത്താനും പോർട്ടുഗീസ് ഭരണാധിപന്മാർക്ക് പ്രവേശനസ്വാതന്ത്ര്യമില്ലാത്ത സ്ഥലങ്ങളിലെ സഭാഭരണനേതൃത്വം നേരിട്ടു നടത്താനും 1622-ൽ ഗ്രിഗറി 15-ാമൻ മാർപ്പാപ്പയുടെ കാലത്ത് റോമിൽ സ്ഥാപിതമായ ഭരണസംവിധാനമാണ് 'പ്രൊപ്പഗാന്ദഫീദെ' (Propaganda Fide). ഇപ്രകാരം പോർട്ടുഗീസു രാജാവിന്റെ നേതൃത്വത്തിലുള്ള പദ്രുവാദോ ഭരണത്തിനും റോമിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള പ്രൊപ്പഗാന്ദാഭരണത്തിനും മാർത്തോമ്മാനസ്രാണികൾ വിധേയരായി. ഇരുകൂട്ടരും നസ്രാണിസഭയുടെ പാരമ്പര്യത്തിന് അന്യർതന്നെ. പാശ്ചാത്യസഭാനേതൃത്വത്തിന്റെ രണ്ടു വ്യത്യസ്തരൂപങ്ങൾ. ഇരുകൂട്ടർക്കുമെതിരെ ഇവിടുത്തെ സഭാംഗങ്ങൾക്ക് പല പരാതികളും അവരുടെ മേലധികാരികളുടെ പക്കൽ ബോധിപ്പിക്കാനുണ്ടായിരുന്നു. അതുകൊണ്ടാണ് പദ്രുവാദോയുടെ തലസ്ഥാനമായ ലിസ്ബണിലേയ്ക്കും അവിടെനിന്നു റോമിലെ പ്രൊപ്പഗാന്ദ ഭരണാധിപന്മാരുടെ പക്കലേക്കും കരിയാറ്റിക്കും പാറേമ്മാക്കലിനും മാർത്തോമ്മാനസ്രാണികളുടെ നിവേദനങ്ങളുമായി പോകേണ്ടിവന്നത്.

**സഭയിലെ ഭിന്നത: പുത്തൻകൂറും പഴയകൂറും**

സഭയ്ക്കൊത്ത നേതൃത്വമില്ലാതായപ്പോൾ പിന്നണികൾ പതറി, വിഭജിക്കപ്പെട്ടു, അസ്വസ്ഥരായി. പതിനേഴാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധംവരെ ഒന്നായിക്കഴിഞ്ഞ മാർത്തോമ്മാനസ്രാണികൾ പദ്രുവാദോ-പ്രൊപ്പഗാന്ദാ ഭരണകാലത്ത് പല ചേരികളിലായി. സഭാപൈതൃകത്തെ അവഗണിച്ചിരുന്ന അധികാരികൾക്കെതിരെ സഭാസ്നേഹികളുടെ ശക്തമായ പ്രതിഷേധങ്ങൾ പലയിടത്തും ഉയർന്നു. കൂനൻകുരിശുസത്യത്തിന് 12 വർഷങ്ങൾക്കുശേഷം അന്ത്യോക്യായിൽനിന്ന് വന്ന മാർ ഗ്രിഗോറിയോസ് എന്ന മെത്രാൻ യാക്കോബായ സഭാവിഭാഗത്തിൽപെട്ട ആളായിരുന്നു. ഒരുകൂട്ടർ ഇദ്ദേഹത്തെ തങ്ങളുടെ മെത്രാനായി സ്വീകരിച്ചു. തങ്ങളുടെ പുരാതനസഭാപൈതൃകം സംരക്ഷിക്കാൻ വേണ്ടിയാണിദ്ദേഹത്തെ സ്വീകരിച്ചതെങ്കിലും ക്രമേണ പുതിയൊരു ബന്ധത്തിനും ആരാധനാരീതികൾക്കും ഇത് വഴിതെളിച്ചു. അന്ത്യോക്യായിൽനിന്നും വന്ന യാക്കോബായമെത്രാനെ സ്വീകരിച്ചവർ പുതിയ ബന്ധത്തിന്റെ പേരിൽ 'പുത്തൻകൂറു' കാരെന്ന് അറിയപ്പെടുവാൻ തുടങ്ങി. ക്രമേണ യാക്കോബായക്കാരെന്ന പേരും ഇവർക്കു ലഭിച്ചു. ഇവരിൽനിന്ന് ഓരോരോ കാലത്ത് ഭിന്നിച്ചു വേറെ സഭാസമൂഹങ്ങളായി മാറിയവരാണ് തൊഴിയൂർ സഭ (1772), മാർത്തോമ്മാ സഭ (1876) എന്നീ പേരുകളിൽ ഇപ്പോൾ അറിയപ്പെടുന്നത്.

കൂനൻകുരിശുസത്യത്തിൻശേഷം പുത്തൻകൂറ്, പഴയകൂറ് എന്നിങ്ങനെ നസ്രാണിസമുദായം രണ്ടായെങ്കിലും നേതൃത്വരംഗത്തുമാത്രം ഒതുങ്ങിനിന്നു ഇമ്മാതിരി ചേരിതിരിവുകൾ! മാർത്തോമ്മാനസ്രാണികൾ, പുത്തൻകൂറുകാരാകട്ടെ പഴയകൂറുകാ



www.malankaralibrary.com

രാകട്ടെ, പരസ്പരം ഒരേ സമുദായമായി പരിഗണിച്ചുപോന്നു. എന്നാൽ വിദേശമെത്രാന്മാർ ഈ ഐക്യത്തിനെതിരായിരുന്നു. പഴയകൂറും പുതിയകൂറും ഒന്നിക്കാൻ നടത്തിയ പരിശ്രമങ്ങളെല്ലാം വിഫലമായി. പദ്രുവാദോയുടെ ഭരണസംവിധാനമനുസരിച്ചുള്ള വ്യവസ്ഥകൾ പാലിക്കാൻ അവരുടെ ഇവിടത്തെ അധികാരികൾ സന്നദ്ധരായില്ല. തങ്ങളുടെ 'അധികാരം' ഇവിടെ നിലനിറുത്തുന്നതിലായിരുന്നു അവരുടെ പ്രത്യേകതാല്പര്യം. പ്രൊപ്പഗാന്ദയുടെ നേതൃത്വത്തിലുള്ള മെത്രാന്മാരും ഇവിടുത്തെ സഭാപൈതൃകത്തിന് അന്യരായിരുന്നു. പുത്തൻകൂറിലും പഴയകൂറിലും നസ്രാണികളായ മേലദ്ധ്യക്ഷന്മാർ ഉണ്ടായപ്പോൾ പുനരൈക്യസംരംഭങ്ങൾ സജീവമായി.പറമ്പിൽ ചാണ്ടിമെത്രാന്റെയും കരിയാറ്റി മെത്രാപ്പോലീത്തായുടെയും പാറേമ്മാക്കൽ ഗോവർണദോരച്ചന്റെയും നേതൃത്വംതന്നെ ഇതിനുദാഹരണം. എന്നാൽ ഈ പുനരൈക്യസംരംഭങ്ങളെ സംശയദൃഷ്ടിയോടെയാണ് വിദേശമെത്രാന്മാർ വീക്ഷിച്ചിരുന്നത്. ഇക്കാര്യം വർത്തമാനപ്പുസ്തകത്തിൽ ചൂണ്ടിക്കാണിക്കുന്നു. നാട്ടുകാരായ മെത്രാന്മാർ പുനരൈക്യപ്പെട്ടാൽ അവരെ കത്തോലിക്കാമെത്രാന്മാരായി സ്വീകരിച്ചേപറ്റൂ. നാട്ടുകാരായ കത്തോലിക്കാമെത്രാന്മാരുണ്ടായാൽ ഇവിടുത്തെ സഭയ്ക്കിണങ്ങാത്ത പശ്ചാത്യമെത്രാന്മാർ അസ്വീകാര്യരാകും, ബഹിഷ്കൃതരാകും. റോമിൽ പ്രൊപ്പഗാന്ദയുടെ ഭരണാധിപന്മാരുമായുള്ള ചർച്ചയെപ്പറ്റി പാറേമ്മാക്കൽ വർത്തമാനപ്പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രൊപ്പഗാന്ദയുടെ സെക്രട്ടറി മോൺസിഞ്ഞോർ ബോർജിയയുടെ നിലപാട് താഴെ രേഖപ്പെടുത്തുന്നു:

''അപ്പോൾ ഞങ്ങൾ പറയുന്ന പട്ടാങ്ങ ബോധിപ്പാൻ സംഗതിവരുമെന്ന് മുൻസിഞ്ഞോറിനൊടു പറഞ്ഞാറെ ആയതിനു ഒരുത്തരംപറയാതെ തന്റെ ഹൃദയത്തിലിരിക്കുന്ന പക്ഷപ്രതിക്കു ചേരുന്ന ചപ്പിടാച്ചികൾകൊണ്ട് പെരുമാറുകയും ചെയ്തു.

വിശേഷിച്ചും ഇങ്ങനെ പലയുഴവും ഉണ്ടായ തർക്കങ്ങളിൽ മാർത്തോമ്മാമെത്രാനെ പഴേതിൽ വഴക്കിയാൽ മലങ്കരെയുള്ള കുഴപ്പംതീരും എന്നതുകൊണ്ട് പിന്നെ വികാരി അപ്പൊസ്തൊലിക്കായിക്ക് മലയാളത്തിൽ പാർപ്പാൻ ന്യായമുള്ള അവകാശമില്ല എന്നതുകൊണ്ടും പ്രൊപ്പഗാന്ദായിക്കു മലങ്കരെയുള്ള മുഷ്ക്കരത്വം പൊകുന്നതിനാൽ മലങ്കരക്കാററു പ്രൊപ്പഗാന്ദാടെ അടിമയിൽനിന്നു വാങ്ങി രക്ഷപെടുമെന്നുള്ള പെടികൊണ്ടു മത്രെ ഈ കാര്യത്തിനു ജഢതപറയുന്നു എന്ന് നന്നായി ഞങ്ങൾക്ക് അറിവാനുള്ള രേഖ ഉണ്ടായതുമൊഴിയെ ഒട്ടുഴം മല്പാനമായിട്ടുണ്ടായ തക്കത്തിൽ മുൻസിഞ്ഞോറിനു ഉത്തരം മുട്ടിയപ്പോൾ ജാതിക്കാരിൽ മെത്രാൻ മലങ്കരെ ഉണ്ടായാൽ പിന്നെ



ആക്കു അവിടെ വാഴുവാൻ കൂടുമെന്ന് തിരിച്ചുതന്നെ മല്പാനൊടു പറകയും ചെയ്തു'' (വർത്തമാനപ്പുസ്തകം പേജ് 219).

പ്രൊപ്പഗാന്ദയുടെ അധ്യക്ഷൻ കർദ്ദിനാൾ കസ്റ്റേല്ലിയുമായുള്ള സംഭാഷണത്തെപ്പറ്റി: ''എന്നാൽ ഈ കുററപ്പാട്ടിൽ കർദ്ദിനാൾ പറഞ്ഞ മൊഴികൾ സൂക്ഷിച്ചാൽ തന്റെ നിരൂപണയും മനസ്സും എന്താകുന്നു എന്ന് എല്ലാവർക്കും വെളിച്ചമേതന്നെ അറികയുമാം. അതെന്തെന്നാൽ തനിക്കു വയസ്സുകാലമാകകൊണ്ടും ഉൾക്കളെവു കുറഞ്ഞ ആൾ ആകകൊണ്ടും തന്റെ മനസ്സിൽ ഇരിക്കുന്ന ആഗ്രഹം തന്റെ വചനങ്ങളിൽ കാട്ടുകയും ചെയ്തു.

എന്നുവരുമ്പൊൾ തന്റെ മനസ്സിന്റെ ആഗ്രഹമൊക്കയും നമ്മുടെ മലങ്കരെ മാർഗമറിയിക്കുന്നവരുടെ നിരൂപണയും ആഗ്രഹവുംപൊലെതന്നെ മലങ്കരെ ഇടവകയിൽ പ്രൊപ്പഗാന്ദായിക്കുള്ള മുഷ്ക്കരത്വം നഷ്ടമായിപൊകാതെ ഇരിപ്പാനുള്ള ഉപായമത്രെ ആകുന്നതിനെക്കൊണ്ട് അവിടെയുള്ള നസ്രാണികളുടെ ഇടത്തുള്ള കലക്കം തീൎന്നു നിരപ്പുവന്നാൽ ദൈവത്തിനടുത്തതും മാനുഷനടുത്തതുമായ ഞായമൊക്കയുംകൊണ്ടും പ്രൊപ്പഗാന്ദാടെ കീഴിലുള്ള വികാരി അപ്പൊസ്തൊലിക്കായിക്കു മലങ്കരെ വാണുകൂടാ എന്നതുകൊണ്ടും മാർതൊമ്മാമെത്രാന്റെ വിശ്വാസസത്യം പട്ടാങ്ങ എന്നുവന്നാൽ ആയതു കൈക്കൊണ്ട് അദ്ദേഹത്തെ പഴെതിൽ കൂട്ടുവാൻ കടമുണ്ടായിരിക്കുന്നതു എല്ലാവർക്കും പ്രസിദ്ധമായൊരു കാര്യമാകകൊണ്ടും ആയതു ഭൊഷ്ക്കത്രെ ആകുന്നു എന്നു വരുത്തിവെച്ചുകളഞ്ഞാൽ മെൽപറഞ്ഞ പ്രൊപ്പഗാന്ദായുടെ മുഷ്ക്കരത്വം അവിടെ എല്ലായ്പ്പൊഴും നില്പാൻസംഗതി വരുമെന്നതുകൊണ്ടുമത്രെ നമ്മുടെ ജനങ്ങൾ എത്രയും സാധ്യപ്പെട്ടു അപെക്ഷിച്ചിരിക്കുന്നതും ഞങ്ങൾ എത്രയും ദുരിതപ്പെട്ടു റൊമായിലൊളം കൊണ്ടുവന്നിരിക്കുന്നതുമായ മാർതൊമ്മാമെത്രാന്റെ വിശ്വാസസത്യം ഭൊഷ്ക്കത്രെ ആകുന്നു എന്നു വരുത്തുവാൻ ശക്തി ഒക്കെയൊടുംകൂടെ ശ്രമിക്കുന്നത്'' (പേജ് 209-210).

ഈ സാഹചര്യത്തിൽ പുത്തൻകൂർ സഭാധ്യക്ഷന്മാരുടെ പുനരൈക്യത്തിനായുള്ള അഭ്യർത്ഥനകളും വ്യവസ്ഥകളും ഇവിടുത്തെ പദ്രുവാദോയിലെയും പ്രൊപ്പഗാന്ദയിലെയും മെത്രാന്മാർ നിരസിച്ചുപോന്നു. ഈ വിവരം ഇവിടുത്തെ മാർത്തോമ്മാനസ്രാണികളെ വേദനിപ്പിച്ചു. നസ്രാണിസമുദായത്തെ ഭിന്നിപ്പിക്കുന്ന വിദേശനേതൃത്വത്തിന്റെ സങ്കുചിതത്വം അവരുടെ അധികാരകേന്ദ്രങ്ങളിൽ അറിയിച്ച് പ്രശ്നപരിഹാരം കണ്ടെത്തുകയായിരുന്നു കരിയാറ്റി യൗസേപ്പച്ചനും പാറേമ്മാക്കൽ തോമ്മാച്ചനുംകൂടി അപകടപൂർണമായ വിദേശയാത്രയ്ക്ക് ഒരുമ്പെട്ടതിന്റെ പ്രധാന കാരണം.

www.malankaralibrary.com

കരിയാററിൽ യൗസേപ്പച്ചൻ റോമിൽ പഠിച്ച് ഡോക്ടറേററ് നേടിയിട്ടുണ്ടായിരുന്നു. തോമ്മാച്ചനും വിദേശഭാഷകൾ നന്നായി പഠിച്ചിരുന്നു.ബുദ്ധിമാനും പണ്ഡിതനും തികഞ്ഞൊരു സഭാസ്നേഹിയുമായിരുന്നു അദ്ദേഹം. ആദ്യത്തെയാൾ പ്രൊപ്പഗാന്ദയുടെയും രണ്ടാമത്തെയാൾ പദ്രുവാദോയുടെയും അധികാരസീമയിൽപെട്ടിരുന്നു. ഇവിടുത്തെ സഭയ്ക്കു ചേന്ന ഒരു വൈദികപരിശീലനകേന്ദ്രം ലഭിക്കുക, വിശുദ്ധരും പണ്ഡിതരുമായ മെത്രാന്മാരെ ലഭിക്കുക, പദ്രുവാദോ, പ്രൊപ്പഗാന്ദ ഭരണക്രമത്തിൻെറ വ്യവസ്ഥകൾ കൃത്യമായി പാലിക്കുക എന്നിവയും നിവേദകസംഘത്തിൻെറ പരാതികളിൽ ഉൾപ്പെട്ടിരുന്നു.

അവർ ആദ്യം പോയത് പദ്രുവാദോയുടെ ഭരണകേന്ദ്രമായ ലിസ്ബണിലേയ്ക്കാണ്. നസ്രാണികളുടെ പ്രതിനിധികളായി അവിടെ എത്തിയ തോമ്മാച്ചനും യൗസേപ്പച്ചനും വെറും വിപ്ളവകാരികളും സഭാതലത്തിൽ ഭിന്നത സൃഷ്ടിക്കുന്നവരുമൊക്കെയാണെന്നാണ് ഇവിടുത്തെ വിദേശമിഷനറിമാരും പദ്രുവാദോ, പ്രൊപ്പഗാന്ദാ മെത്രാന്മാരും പോർട്ടുഗലിലേക്കും റോമിലേക്കും എഴുതിയത്. തൽഫലമായി ലിസ്ബണിൽ അവർക്ക് അവഗണനയാണുണ്ടായത്. ഭഗ്നാശരായ അവർ രണ്ടുപേരും റോമിലെത്തി പ്രൊപ്പഗാന്ദയുടെയും മാർപ്പാപ്പയുടെയും പക്കൽ പരാതി ബോധിപ്പിക്കാൻ തീരുമാനിച്ചു. റോമിലെത്തിയപ്പോഴാണ് അവിടെയും എതിരാളികളുടെ ആരോപണങ്ങൾ എത്തിക്കഴിഞ്ഞെന്നു മനസ്സിലായത്.

അധികാരികളെ സമീപിച്ചു മലങ്കര നസ്രാണികളുടെ പരാധീനതകൾ നേരിട്ടു പറഞ്ഞറിയിക്കാനുള്ള പരിശ്രമം പരാജയപ്പെട്ടു. റോമിൻെറ പ്രതികരണത്തിൽ നിരാശരാകാതെ വിദേശമേല്ക്കോയ്മക്കെതിരെ അടരാടാൻതന്നെ അവർ തീരുമാനിച്ചു. അവർ വീണ്ടും ലിസ്ബണിലെത്തി. പോർട്ടുഗീസ് രാജ്ഞിക്ക് മലങ്കരയിൽനിന്നുള്ള ഈ പ്രതിനിധികളുടെ ആത്മാർത്ഥതയിൽ അനുകമ്പ തോന്നി. അവരുടെ നിസ്വാർത്ഥതയും സഭാസ്നേഹവും അവർക്കു ബോധ്യമായി. കരിയാററി യൗസേപ്പച്ചനെ പദ്രുവാദോയുടെ മെത്രാനാക്കാൻ തീരുമാനമായി. 1782 ജൂലൈ 16-നു ഈ നിയമനം നടന്നു. മെത്രാഭിഷേകം 1783 ഫെബ്രു. 17-ാം തീയതിയും. മെത്രാഭിഷേകത്തെത്തുടർന്നു നാട്ടിലേക്കു തിരിച്ചുപോരുവാൻ കരിയാററിയും പാറേമ്മാക്കലും തീവ്രമായി ആഗ്രഹിച്ചു. എന്നാൽ ഇൻഡ്യയിൽനിന്നു വിദേശമിഷനറിമാർ അവർക്കെതിരായി റോമിലേക്കും പോർട്ടുഗലിലേക്കും കത്തുകളയച്ചിരുന്നു. ഇതിലെ ആരോപണങ്ങളും അവയ്ക്കുള്ള മറുപടിയും വർത്തമാനപ്പുസ്തകത്തിൽ



തന്നെയുണ്ട്. തിരിച്ചുവരവ് വീണ്ടും നീട്ടിവച്ചു. അവസാനം മടക്കയാത്രാനുമതി ലഭിച്ചു.

1785 ഏപ്രിൽ 20-നു ഒരു പോർട്ടുഗീസ് കപ്പലിൽ മടക്കയാത്ര ആരംഭിച്ചു. 1786 മെയ് ആരംഭത്തിൽ കപ്പൽ ഗോവയിലെത്തി. പുത്തൻകൂർ സഭാധ്യക്ഷനെ സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥയിലൊന്ന് ഗോവ മെത്രാപ്പൊലീത്തായുടെ സഹകരണത്തോടെയാണ് അതു് നടത്തേണ്ടതെന്നായിരുന്നു. വിദേശയാത്രയുടെ പ്രധാനലക്ഷ്യം ഈ സഭൈക്യമായിരുന്നതിനാൽ ഇതിൻെറ വിശദാംശങ്ങൾ ചർച്ചചെയ്യാനാണ് നേരെ ഗോവയിലേക്ക് അവർ പോയത്. അവിടെവച്ച് മാർത്തോമ്മാ ക്രിസ്ത്യാനികളെയെല്ലാം ദുഃഖത്തിലാഴ്ത്തിക്കൊണ്ട് 1786 സെപ്ററംബർ 9-ാം തീയതി വൈകുന്നേരം കരിയാററിൽ യൗസേപ്പ മെത്രാപ്പോലീത്ത ദിവംഗതനായി. സുറിയാനിസമുദായത്തിന് ഏററ കനത്ത ആഘാതമായിരുന്നിതു്. ജനരോഷം പോർട്ടുഗീസാധിപത്യത്തിനെതിരെ ഇളകി. ഇതേത്തുടർന്നു് പാറേമ്മാക്കൽ തോമ്മാച്ചനെതന്നെ അവർ അഡ്മിനിസ്ട്രേററർ ആക്കി. പോർട്ടുഗീസുഭാഷയിൽ ഗോവർണദോർ. അദ്ദേഹത്തെ മെത്രാനാക്കണമെന്നുള്ള നസ്രാണിസമുദായത്തിൻെറ നിരന്തരമായ അഭ്യർത്ഥനകൾ വനരോദനങ്ങളായിരുന്നു. അദ്ദേഹത്തെ മെത്രാനാക്കുകയില്ലെന്നു് പ്രൊപ്പഗാന്ദ അധികാരികൾക്ക് പദ്രുവാദോ നേതൃത്വം ഉറപ്പു നൽകിയിരുന്നു. മെത്രാൻസ്ഥാനം ലഭിക്കാഞ്ഞതിനാൽ പുത്തൻകൂർ സഭാധ്യക്ഷനെ സഭൈക്യത്തിലേക്ക് സ്വീകരിക്കാൻവേണ്ട അധികാരം പാറേമ്മാക്കലിനു ലഭിച്ചില്ല. 1799 മാർച്ച് 20-നു പാറേമ്മാക്കൽ ദിവംഗതനായി.

പതിനെട്ടാം നൂററാണ്ടിൻെറ ഉത്തരാർധത്തിൽ സജീവമായ സഭൈക്യപ്രസ്ഥാനവും പുനരുദ്ധാരണ പ്രവത്തനങ്ങളും വിദേശമേൽക്കോയ്മയുടെ എതിർപ്പുമൂലം വിഫലമായെങ്കിലും സുറിയാനിസമുദായത്തിൻെറ വ്യക്തിത്വത്തെ അടിച്ചമർത്താൻ ആർക്കും സാധ്യമല്ലെന്ന് പില്ക്കാലചരിത്രം തെളിയിച്ചു. പത്തൊമ്പതാം നൂററാണ്ടിലും അതേ ലക്ഷ്യത്തിലെത്താനുള്ള പ്രവത്തനങ്ങൾ തുടർന്നു. പത്തൊമ്പതാംനൂററാണ്ടിൻെറ അന്ത്യത്തിൽ (1896) മൂന്നു നാട്ടുമെത്രാന്മാരെ നസ്രാണികൾക്കു ലഭിച്ചു. നൂററാണ്ടുകൾ നീണ്ടുനിന്ന വിമോചനസമരത്തിൻെറ പരിസമാപ്തിയായി നസ്രാണിസമുദായം ഈ സംഭവത്തെ കരുതി. സ്വന്തം സഭയിലെ മെത്രാന്മാർ തങ്ങളുടെ സഭയുടെ വ്യക്തിത്വവും പൈതൃകവും ഐക്യവും വീണ്ടെടുക്കുന്നതിന് നേതൃത്വം നല്കുമെന്ന് അവർ പ്രതീക്ഷിച്ചു.

www.malankaralibrary.com

എന്നാൽ സഭാനേതൃത്വപരിശീലനം വിദേശലത്തീൻ മേല്ക്കോയ്മയുടെ കുത്തകയായിത്തന്നെ തുടർന്നു. ഇപ്രകാരമുള്ള സെമിനാരിപരിശീലനം ലഭിച്ചവർ നസ്രാണിസമുദായത്തിൽപ്പെട്ടവരെങ്കിലും പശ്ചാത്യസഭാപാരമ്പര്യങ്ങളിലടിയുറച്ചൊരു സഭാവീക്ഷണം പുലത്തുന്നവരായിരുന്നു. വെള്ളക്കാർക്കു പകരം നിറംമങ്ങിയ നാട്ടുകാർ സഭാനേതൃത്വത്തിലേക്കു വന്നുവെന്നുമാത്രം. ഒരു സഭയുടെ വ്യക്തിത്വത്തിനടിസ്ഥാനമായ ഭരണരീതി, അധ്യാത്മികത, ആരാധനാക്രമം, ദൈവശാസ്ത്രം, നിയമസംഹിത എന്നിവയൊന്നും പഠിക്കുവാനും പുനരുദ്ധരിക്കാനും നാട്ടുകാരായ മെത്രാന്മാരും വൈദികനേതൃത്വവും തുനിഞ്ഞില്ല. ഇവയിലെല്ലാം ലത്തീൻ മെത്രാന്മാരുടെ ഭരണകാലത്തെ അതേ വ്യവസ്ഥിതി ഇവരും തുടരുകയാണുണ്ടായത്.

**നെയോ-കൊളോണിയലിസം**

നസ്രാണിസമുദായത്തിന് 1896-ൽ നാട്ടുമെത്രാന്മാരെ ലഭിച്ചു. 1947-ൽ ഇന്ത്യ വിദേശമേധാവിത്വത്തിൽനിന്ന് സ്വതന്ത്രമായി. എന്നാൽ സഭാതലത്തിൽ ഇന്നും അടിമത്തമനോഭാവം അഭംഗം തുടരുന്നത് സഭാസ്നേഹികളെ വേദനിപ്പിക്കുന്നു. നമ്മുടെ പൂർവികർ എന്തിനുവേണ്ടി പോരാടിയോ അത് പലതലങ്ങളിലും ഇന്നും സഫലമാകാതെ തുടരുന്നു. മാർതോമ്മാനസ്രാണികളുടെ യഥാർത്ഥപൈതൃകം അടിച്ചമർത്തപ്പെട്ടെങ്കിൽ തദ്ദേശീയ സഭാനേതൃത്വത്തിൽ അതേ ദുഃസ്ഥിതി തുടരുന്നു. മാത്രമല്ല നാട്ടുകാരായ നേതൃത്വത്തെ ലഭിച്ചതിനാൽ സമുദായത്തിന്റെ പുനരുദ്ധാരണത്തിനുള്ള പൊതുജനങ്ങളുടെ നേതൃത്വവും വിപ്ലവവീര്യവും കുറയുകയും ചെയ്തു. സഭയ്ക്കും സമുദായത്തിനും ചേന്ന നേതൃത്വമുണ്ടായെങ്കിലേ, നസ്രാണിസമുദായത്തിനുള്ള ചരിത്രപരമായ ദൗത്യം തിരുസഭയിൽ നിർവഹിക്കാനാവൂ. പാശ്ചാത്യകാനൻനിയമത്തിന്റെയും പാശ്ചാത്യഭരണവ്യവസ്ഥിതിയുടെയും സർവോപരി പാശ്ചാത്യ മനോഭാവത്തിന്റെയും കാവൽക്കാരായി നസ്രാണിസഭാനേതൃത്വത്തെ രൂപീകരിക്കുവാൻ പാശ്ചാത്യമേൽക്കോയ്മയ്ക്കു സാധിച്ചു. ഈ പുതിയ വ്യവസ്ഥിതിയാണ് നെയോ-കൊളോണിയലിസമെന്ന് ഇവിടെ വിശേഷിപ്പിക്കുന്നത്.

പാശ്ചാത്യരാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യപ്പെട്ടതും കാലഹരണപ്പെട്ടതുമായ കുറെ ഭക്താഭ്യാസങ്ങളാണ് ഇന്നും സുറിയാനി കത്തോലിക്കാസഭയുടെ ശ്രീകോവിലിൽ നിലവിലിരിക്കുന്നത്. എന്തിനേറെ സഭാനേതൃത്വത്തിന്റെ വേഷഭൂഷാദികൾവരെ പാശ്ചാത്യമേധാവിത്വ കാലഘട്ടത്തിലേതുതന്നെ. നസ്രാണിസമുദായത്തിന്റെ ആത്മാഭിമാനവും വ്യക്തി-



ത്വവും കാത്തുപോന്ന മല്പാനേററുകൾ അപ്രത്യക്ഷമായി. പള്ളിയോഗങ്ങൾ നാമമാത്രമായി വികലരൂപത്തിൽ നിലനില്ക്കുന്നു! അവയും പാശ്ചാത്യസഭയിൽ പുതുതായി രൂപംകൊണ്ട പാരിഷ്കൗൺസിലിന്റെ മോഡലിൽ മാററിയെടുക്കാനുള്ള പരിശ്രമങ്ങൾ നടക്കുന്നു. ഇത് വത്തിക്കാൻ കൗൺസിലിന്റെ വെളിച്ചത്തിലുള്ള പരിഷ്ക്കരണമാണുപോലും!

പാശ്ചാത്യസഭയിൽ റോമാസാമ്രാജ്യത്തിന്റെയും പിന്നീടു ഫ്യൂഡലിസത്തിന്റെയും പശ്ചാത്തലത്തിൽ രൂപംകൊണ്ട സ്ഥാനമാനങ്ങളും പദവികളും നാട്ടുമെത്രാന്മാർ സ്വീകരിക്കുന്നു. മററുള്ളവക്ക് അവ വാങ്ങിക്കൊടുത്ത് സഭയെ 'അലങ്കരിക്കുന്നു.' ഇതോടൊപ്പം ഭാരതവൽക്കരണത്തിന്റെ പ്രവാചകരെന്ന് സ്വയം അവകാശപ്പെടുന്നുമുണ്ട്. വൈദേശികത പ്രചരിപ്പിക്കുന്നതിന് നേതൃത്വം നല്കുന്നതും ഇവരാണെന്നതാണ് രസകരമായ വൈരുധ്യം! നസ്രാണിസമുദായത്തിന്റെ ഐക്യത്തിനായുള്ള ആഗ്രഹം വളരെയധികം ഈ നെയോകൊളോണിയലിസകാലത്ത് കുറഞ്ഞു. സഭാജീവിതം മാതൃസഭയിൽത്തന്നെ അനുഭവിച്ചാസ്വദിക്കേണ്ട ഒരു സത്യമെന്നതിനേക്കാൾ ആദർശലോകത്തിലെ ചില ആശയങ്ങളായി പരിണമിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ഓരോ സഭയുടെയും പാരമ്പര്യങ്ങൾക്ക് പ്രസക്തിയില്ലാതായി. മഹത്തായ സഭാപൈതൃകത്തിൽ അജ്ഞരായുള്ളവർ തേടിപ്പോകുന്നത് ഇതേ പൈതൃകത്തിന് അന്യമായ ചില സങ്കേതങ്ങളിലത്രേ!

**വർത്തമാനപ്പുസ്തകവും നസ്രാണിസമുദായ പുനരുദ്ധാരണവും**

വർത്തമാനപ്പുസ്തകം 18-ാംനൂററാണ്ടിലെന്നപോലെ 20-ാം നൂററാണ്ടിന്റെ ഉത്തരാദ്ധത്തിലും അത്ഥവത്താണ്. മാതൃസഭയുടെ അടിമത്തച്ചങ്ങല പൊട്ടിച്ചെറിയാൻ വീരനേതൃത്വം നല്കിയ മഹാരഥന്മാരുടെ ത്യാഗോജ്വലസേവനങ്ങളാണല്ലോ വർത്തമാനപ്പുസ്തകത്തിലെ പ്രതിപാദ്യം. പാശ്ചാത്യമേധാവിത്വം അടിച്ചേല്പിച്ച വ്യവസ്ഥിതികൾ ഇന്നും തുടരുന്നതിനെതിരെ ഉണരാൻ സമുദായസ്നേഹികളോട് ആഹ്വാനം ചെയ്യുകയാണ് വർത്തമാനപ്പുസ്തകം.

ഓരോ സമുദായത്തിനും തനതായ വേരുകളുണ്ട്. വേരുകളാണ് സമുദായത്തിനും സമൂഹത്തിനും ഉറപ്പുനല്കുന്നത്. വേരുകളില്ലാത്ത സമൂഹത്തിന് നിലനിൽക്കാൻ സാധ്യമല്ല. നസ്രാണിസമുദായത്തിന്റെ വേരുകൾ അതിന്റെ പൂർവകാലചരിത്രവും പൈതൃകവുമാണ്. അവ ഇന്നത്തെ തലമുറയ്ക്കു ലഭിക്കാൻ പൂർവകാലചരിത്രം പഠിച്ചേ തീരൂ. സമുദായത്തിന് നേതൃത്വം

www.malankaralibrary.com

നല്കിയവരുടെ വീരേതിഹാസങ്ങൾ ഇന്നത്തെ തലമുറയ്ക്കു ചൈതന്യവും നവോന്മേഷവും പകരണം. അത് മനസ്സിലാക്കുമ്പോൾ സമുദായം ഉണർന്നെഴുന്നേല്ക്കും. ചരിത്രപരമായ ദൗത്യം നിർവഹിക്കാൻ പ്രാപ്തമാകും. അതിനുള്ള പ്രചോദനമാണ് വർത്തമാനപ്പുസ്തകത്തിന് ഇന്നത്തെ തലമുറയ്ക്കു നല്കുവാനുള്ള ചരിത്രപരമായ സന്ദേശം.

പുത്തൻകൂർ പഴയകൂറെന്ന ചേരികളിൽ വിഘടിച്ച് വേർതിരിഞ്ഞു നില്ക്കുന്ന നസ്രാണിസമുദായം ഒരേ സഭാപൈതൃകത്തിന്റെ തുല്യാവകാശികളാണെന്ന സത്യം സഭൈക്യസംരംഭങ്ങളിൽ ഏർപ്പെടാൻ ഇന്നത്തെ തലമുറയ്ക്കു ചൈതന്യം പകരും. സ്വതന്ത്രമായ ഭാരതത്തിൽ തനതായ വ്യക്തിത്വവും പൈതൃകവും കൈമുതലായുള്ള നസ്രാണിസമുദായത്തിന് വലുതായൊരു ദൗത്യം നിർവഹിക്കാനുണ്ട്. അതിന് വർത്തമാനപ്പുസ്തകപഠനം സഹായകമാകും.

മാർതോമ്മാ നസ്രാണിസമുദായം ഉയർത്തെഴുന്നേറ്റേ പറ്റൂ. മഹത്തായ ഒരു പൈതൃകത്തിൽ അവർ അഭിമാനിക്കണം. ഈ ആത്മാഭിമാനം അഹങ്കാരമാകരുത്. അത് സാർവത്രികസഭയെ ആധ്യാത്മികമായി സമ്പന്നമാക്കാൻ തങ്ങൾക്കും ഒരു ദൗത്യമുണ്ടെന്നുള്ള ബോധ്യമായിത്തീരണം. ആദർശധീരതയും മൂല്യാധിഷ്ഠിത ജീവിതവും ത്യാഗസന്നദ്ധതയും ഒത്തിണങ്ങിയ ആത്മാഭിമാനമുള്ള ഒരു ദൈവജനമായി അവർ ഉയരേണ്ടതാകുന്നു.

ഏതുസഭയ്ക്കും തനതായ ഒരു നേതൃത്വംകൂടിയേ തീരൂ. ആ സഭയുടെ പാരമ്പര്യങ്ങളും മഹത്തായ പൈതൃകവും ആത്മാഭിമാനവും കാത്തുസൂക്ഷിക്കുകയും വളർത്തിയെടുക്കുകയും ചെയ്യേണ്ട ദൗത്യമാണ് സഭാനേതൃത്വത്തിനുള്ളത്. ഏതു ഡ്രൈവർക്കും ഓടിക്കാവുന്ന വണ്ടിപോലെയല്ല സഭകൾ. സഭയ്ക്കൊത്ത നേതൃത്വത്തിനേ ഓരോ സഭയ്ക്കും അർത്ഥവത്തായ നേതൃത്വം നല്കാൻ കഴിയൂ. പാശ്ചാത്യസഭയിലെ സെമിനാരിപരിശീലനം ലഭിച്ചവർ അതിൽനിന്ന് പാടെ വ്യത്യസ്തമായ പൗരസ്ത്യസഭകളിൽ നേതൃത്വം നല്കാനിടവരുന്ന സ്ഥിതിവിശേഷം മാർതോമ്മാ നസ്രാണിസമുദായത്തിന്റെ ഇന്നത്തെ ദുസ്ഥിതിയ്ക്കുള്ള പ്രധാന കാരണമാണ്. സഭാനേതൃത്വവും ദൈവജനവും പലപ്പോഴും വിവിധചേരികളിലാണെന്ന് സൂക്ഷ്മദൃക്കുകൾക്ക് ബോധ്യംവരും.

വർത്തമാനപ്പുസ്തകത്തിന്റെ അന്തസ്സത്ത ആത്മാഭിമാനമുള്ളൊരു സഭയെ വളർത്തിയെടുക്കുകയായിരുന്നു. ആ ദൗത്യം ഇന്ന് വളരെയേറെ പ്രസക്തമാണ്. ഈ ഗ്രന്ഥത്തിന്റെ ചരിത്രപശ്ചാത്തലം ഇതേ സത്യത്തിലേക്കു വിരൽചൂണ്ടുന്നു.



**മഹത്തായ പൈതൃകം**

ഏതൊരു സമൂഹവും സമുദായവും അതിന്റെ ചരിത്രപരമായ ദൗത്യം നിറവേറ്റുന്നത് തനതായ വ്യക്തിത്വവും പൈതൃകവും സ്വാംശീകരിച്ചുകൊണ്ടും അതിൽ അഭിമാനിച്ചുകൊണ്ടുമത്രെ. ഭാരതത്തിലെ മാർത്തോമ്മാ നസ്രാണികൾക്ക് ആത്മാഭിമാനം കൊള്ളാനുള്ള മഹത്തായൊരു പൈതൃകമുണ്ട്. അതു് മനസ്സിലാക്കുന്നവർക്കേ ചരിത്രപരമായ ദൗത്യം നിറവേറ്റാൻ സാധിക്കൂ.

ക്രിസ്തുമതത്തോളംതന്നെ പഴക്കമുണ്ട് ഭാരതത്തിലെ നസ്രാണികളുടെ സഭാപാരമ്പര്യത്തിനും. ക്രിസ്തുമതം ഏഷ്യയിൽ ഉത്ഭവിച്ചു വളർന്നതാണ്. ഗ്രീക്കുസംസ്കാരവും പാശ്ചാത്യറോമൻ സംസ്കാരവുമല്ല അതിന്റെ പശ്ചാത്തലം. പാശ്ചാത്യ—പൗരസ്ത്യറോമാസാമ്രാജ്യങ്ങളിൽ അവർക്കന്യമായ തിരുസഭയെ അവർ പീഡിപ്പിച്ചു. എന്നാൽ നാലാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ സഭ റോമാസാമ്രാജ്യത്തിൽ സ്വതന്ത്രമായി. ക്രമേണ അവിടത്തെ ഔദ്യോഗിക മതവുമായി. പല ഘടനാസംവിധാനങ്ങളും ഈ പശ്ചാത്തലത്തിൽ വളർന്നുവന്നു. മറ്റു സഭകളിലേക്കും വ്യാപിച്ചു. ഏതാണ്ടു പാശ്ചാത്യരൂപം ഇപ്പോൾ അതിൽ തെളിഞ്ഞുനില്ക്കുന്നു.

എന്നാൽ ഭാരതത്തിലെ മാർത്തോമ്മാനസ്രാണികളുടെ സഭ ആരംഭിച്ചതും വളർന്നതും പാശ്ചാത്യപൗരസ്ത്യറോമാസാമ്രാജ്യങ്ങളുടെ രാഷ്ട്രീയമോ സാംസ്കാരികമോ ആയ പശ്ചാത്തലത്തിലല്ല. ഏഷ്യയുടേതായ തനിമയിൽ ഭാരതത്തിലെ യഹൂദരുടേയും ദ്രാവിഡരുടെയും ഇവിടെ കാലാകാലങ്ങളിൽ കുടിയേറിപ്പാർത്തവരുടെയും സാമൂഹിക സാംസ്കാരിക പൈതൃകം സമഞ്ജസമായി സമ്മേളിച്ചു രൂപംകൊണ്ട തനതായൊരു പശ്ചാത്തലത്തിലാണ് ഇവിടുത്തെ പൗരസ്ത്യസഭ വളർന്നുവികസിച്ചു തനതായൊരു വ്യക്തിത്വം വളർത്തിയെടുത്തത്. ഈ വ്യക്തിത്വത്തിന്റെ വേരുകൾ ആദിമസഭയിൽ ഉറച്ചു വളർന്നുവന്നവതന്നെ.

എന്നാൽ പശ്ചത്യ പാരമ്പര്യങ്ങളിൽ പരിശീലനം സിദ്ധിച്ചശേഷം സഭാനേതൃത്വത്തിലേക്കു വന്നിട്ടുള്ള ചിലർ തങ്ങളുടേതായ സഭാപൈതൃകം പഠിക്കാതെ ഇതിനെ പുഛരിക്കുന്നതിനുവരെ ഇന്ന് ഒരുമ്പെടുന്നുണ്ടെന്നുള്ളത് ഒരു ദുഃഖസത്യമത്രേ. നഷ്ടപ്പെട്ട സഭാപൈതൃകം പുനരുദ്ധരിക്കുമ്പോഴാണ് സ്വന്തം വേരുകളിൽ സഭാസമൂഹം വളരുക. ഈ പുനരുദ്ധാരണം എല്ലാരംഗങ്ങളിലും ഉണ്ടാവണം. ആധ്യാത്മികത, ശിക്ഷണക്രമം,

www.malankaralibrary.com

ഭരണരീതി, ദൈവശാസ്ത്രം, ആരാധനക്രമം എന്നിങ്ങനെ പല ഘടകങ്ങളാണ് ഓരോ സഭയുടെയും വ്യക്തിത്വത്തിന്റെ അടിസ്ഥാനം.

ആരാധനക്രമ പുനരുദ്ധാരണത്തിനുള്ള പരിശ്രമങ്ങൾ ഇപ്പോൾ നടക്കുന്നുണ്ട്. സഭാനവീകരണത്തിനു കൂടിയ രണ്ടാം വത്തിക്കാൻകൗൺസിലും ആദ്യമായി ചർച്ച ചെയ്ത് തീരുമാനിച്ചത് ആരാധനക്രമമാണല്ലോ. അത് സഭാനവീകരണത്തിനുള്ള ശരിയായ തുടക്കംതന്നെ. എന്നാൽ സഭയുടെ പൈതൃകത്തിന്റെ പുനരുദ്ധാരണം ആരാധനക്രമരംഗത്തുമാത്രം ഒതുക്കാൻ ആരെങ്കിലും പരിശ്രമിക്കുന്നെങ്കിൽ ആ നീക്കത്തോട് പൂർണമായി യോജിക്കുവാൻ നിർവാഹമില്ല. അതും വികലമായൊരു വീക്ഷണമത്രേ. സഭയുടെ പുനരുദ്ധാരണം സമഗ്രവും ആത്മാർത്ഥത നിറഞ്ഞതുമാവണം.


കരിയാറ്റി മെത്രാനായി ഭരിച്ചില്ല. പാറേമ്മാക്കൽ മെത്രാനായില്ല. എന്നാൽ അവരുടെ സ്ഥാനം ജനഹൃദയങ്ങളിൽ ഏതു നേതാവിനു ലഭിച്ചു? ഒഴുക്കിനൊത്ത് ഒഴുകുന്നവർക്ക് കാലം നൽകുന്ന സംഭാവന അവഗണനമാത്രം! അവർ കാലപ്രവാഹത്തിൽ വിസ്മൃതിയിൽ ലയിക്കുന്നു. മരിച്ചാലും ജീവിക്കുന്നവർ എന്നും ചൈതന്യം പകരുന്നു. അക്കൂട്ടത്തിലാണ് മാർ കരിയാറ്റിയും പാറേമ്മാക്കലും.

സ്വന്തം പ്രശ്നങ്ങളും താല്പര്യങ്ങളും സമൂഹത്തിന്റെ പ്രശ്നമാക്കേണ്ടവരല്ല അധികാരികൾ. അവർ സമൂഹത്തിന്റെ പ്രശ്നം സ്വന്തപ്രശ്നമാക്കേണ്ടവരത്രേ. സഭയ്ക്കും സമുദായത്തിനും ധാർമ്മിക നേതൃത്വവും അഭിമാനവും പകർന്ന മഹാത്മാക്കളുടെ വീരേതിഹാസമാണ് വർത്തമാനപ്പുസ്തകം. ഇപ്രകാരം പലതരത്തിലും വളരെ പ്രാധാന്യമർഹിക്കുന്ന വർത്തമാനപ്പുസ്തകത്തിന്റെ ചരിത്രപശ്ചാത്തലം ഇന്നത്തെ ദൈവജനത്തിന് പ്രത്യേകിച്ച് സഭാധികാരികൾക്ക് ആത്മാഭിമാനവും വ്യക്തിത്വവും വീണ്ടെടുക്കുന്നതിനും നവചൈതന്യം പകരുന്നതിനും ഇടയാക്കട്ടെ എന്നാശംസിക്കുന്നു. മാർത്തോമ്മാ നസ്രാണികളുടെ നേതൃത്വപരിശീലന കേന്ദ്രമായ പൗരസ്ത്യവിദ്യാപീഠത്തിൽ നിന്ന് ഇത് പ്രസിദ്ധപ്പെടുത്താൻ സാധിച്ചതും ചരിത്രപരമായ ഒരു കടമയുടെ നിർവഹണമാണെന്നുതന്നെ പറയാവുന്നതാണ്.

വടവാതൂർ
ജനുവരി 1, 1989


**ഡോ. സേവ്യർ കൂടപ്പുഴ**
ഡയറക്ടർ, OIRSI
**പൗരസ്ത്യവിദ്യാപീഠം**





വർത്തമാനപ്പുസ്തകം മൂലം കൈയെഴുത്തുപ്രതി ഒന്നാം പേജിന്റെ ഫോട്ടോസ്റ്റാറ്റ് (35-ാം പേജ് കാണുക)

www.malankaralibrary.com



ഭൂലോകശാസ്ത്രം മൂലം കൈയെഴുത്തുപ്രതി 9-ാം പേജിന്റെ ഫോട്ടോസ്റ്റാറ്റ് (533-ാം പേജ് കാണുക)



# വർത്തമാനപ്പുസ്തകം

## ഒന്നാം ഭാഗം

www.malankaralibrary.com

# മുഖവുര

ഉടയതമ്പുരാൻെറ അററമില്ലാത്ത മനഗ്ഗുണത്താലെ പണ്ടു
പണ്ടെ കാവ്യരുടെയും മററു ജാതികളുടെയും മുമ്പാകെ തൻെറ
തിരുനാമം പറഞ്ഞ അതിനെപ്പ്രതി പാരം പാടുപെട്ട അവരുടെ
കാരണവന്മാരു നടന്ന മര്യാദികളും ക്രമത്തിന്നും തങ്ങളാൽ ആകു
ന്നപൊലെ ഒരു വിഘ്നം വരുത്താതെ നടന്നുവന്ന ജാതി ആക
കൊണ്ടും ആയതിൻെറ മുമ്പിലത്തെ മാഗ്ഗമറിയിക്കുന്നവനും അ
●ീസ്ഥാനമിട്ടവനുമായ മാർ തൊമ്മാശ്ലീഹായുടെ യൊഗ്യങ്ങളാ
കൊണ്ടും മെസ്രെൻ[1] എന്ന നാട്ടിൽ ഏറിയ രാജാക്കളുടെ ഇട
യിൽ ഇസ്രായെൽ മക്കളെ വർദ്ധിപ്പിക്കയും വളർമ്മിക്കയും ചെ
യ്തു എന്നപൊലെ ഇന്നയൊളം മഹാ കരുണയൊടുംകൂടെ രാജാ
ക്കളുടെയും പ്രഭുക്കളുടെയും മുമ്പാകെ ഒരു ലയം വരുത്താതെ ന
മ്മുടെ ജാതിയെ കാത്തുകൊണ്ടു വന്നതുമൊഴിയെ ഈ ഒടുക്കത്തെ
കാലത്തിൽ പുരുഷൻെറ ശത്രുക്കാം അവൻെറ വീട്ടുമക്കാം എന്നു
ശുദ്ധമാന ഏവൻഗെലിയൊനിൽ ചൊല്ലിയിരിക്കുന്നപൊലെ
ആയതിൻെറ വെദത്തലവരുതന്നെ ആയതിനെ നശിപ്പിപ്പാൻ
ശ്രമിക്കുന്നതിനെക്കൊണ്ടു ജാതിയിൽ തലവനും വെദവാഴിയും
നിൽക്കാതെകണ്ടു ജാതിക്കു കരുത്തും ശക്തിയും ഉണ്ടാകയില്ലെന്നു
കണ്ടു അളവില്ലാത്ത തൻെറ കരുണയാൽ മെസ്രെനിൽ ഞെരു
ങ്ങപ്പെട്ട ഇസ്രായെൽമക്കളെ രക്ഷിപ്പാൻ അവരുടെ ജാതിയി
ലും കുലത്തിലുമുള്ള മൂശ എന്ന നിവ്യായെ യാത്രയാക്കി അവ
രെ രക്ഷിച്ചതുപൊലെ നമ്മുടെ ജാതിയിലും ക്രമത്തിലും കുല
ത്തിലുമുള്ള ആലങ്ങാട്ടു നഗരിയിൽ ബഹുമാനപ്പെട്ട കരിയാട്ടി
യെന്നു ചൊല്ലപ്പെട്ട തറവാട്ടിൽ പിറന്ന മാർ യൗസെപ്പെന്ന
ദെഹത്തെ നമ്മുടെ ജാതിക്കു തലവനും വെദവാഴിയും[2] ആയി ക
ല്പിക്കയും ചെയ്തു.

എന്നു വരുമ്പൊറം ആയതിൻെറ അവസ്ഥ വെണ്ടുംവണ്ണം
നമ്മുടെ ജ്യെഷ്ഠനനുജന്മാരും എണങ്ങരും ബൊധിപ്പാനായിട്ടു
നമ്മുടെ നാട്ടിൽനിന്നു പുറപ്പെട്ടു എവുറൊപ്പയും പൊയ വഴിയി
ലും പൊർത്തുഗാറം രാജ്യത്തും റൊമ്മാനഗരത്തും ശെഷമുള്ള
എടങ്ങളിലും നമുക്കുണ്ടായ വത്തമാനങ്ങളും ഉടയതമ്പുരാൻെറ
പ്രത്യെകമുള്ള സഹായങ്ങളും ഈ പുസ്തകത്തിൽ എഴുതി നമ്മുടെ

---

1. ഈജിപ്റ്റ്   2. സഭാപാലകൻ

www.malankaralibrary.com

ജ്യെഷ്ഠാനുജന്മാർ എല്ലാവരെയും അറിയിപ്പാൻ നിശ്ചയിക്കയും ചെയ്തു. എന്നാൽ മിശിഹാ പിറന്നിട്ട ഫൈനൈ-ാം കാലം (A. D. 1773) മാർ ഫ്ലൊരൻസിയൊസ അരയപ്പൊലിസ എന്ന മെത്രാൻ മരിച്ചപ്പൊൾ മലങ്കര ഇടവകയിലുണ്ടായ കാര്യം തൊട്ട നമ്മുടെ വിശെഷം തുടങ്ങുകയും ചെയ്യുന്നു. എന്നുവരുമ്പൊൾ നമ്മുടെ ജ്യെഷ്ഠാനുജന്മാരൊക്കയും ഈ പുസ്തകത്തിൽ എഴുതപ്പെട്ട അവസ്ഥകളും ഉടയതമ്പുരാന്റെ പ്രത്യെകമുള്ള സഹായങ്ങളും വായിച്ചുകണ്ട ഇനി നമ്മുടെ ജാതിയുടെ ഗുണത്തിനും ഒരുമ്പാടിന്നും വെണ്ടുംവഴി ശ്രമിപ്പാനുള്ളതിന്നു ഏകമനസ്സൊടും മനൊരമ്യത്തോടുംകൂടെ നിശ്ചയിച്ചുകൊള്ളണമെന്നു തങ്ങൾ എല്ലാവരൊടും സാദ്ധ്യമായിട്ട അപെക്ഷിച്ചുകൊണ്ട രാവും പകലും അനുദിനവും ആയതിന്നു മനൊഗുണം ചെയ്യുണമെ എന്നു ഉടയതമ്പുരാനൊട നാം പ്രാർത്ഥിക്കയും ചെയ്യുന്നു.

ഇതു മിശിഹാ പിറന്നിട്ട ഫവ്വ൫-ാം
കാലം കന്നിമാസം ഫ-ാംനു-
പാറയാമ്മാക്കൽ തൊമ്മൻ കത്തനാരു
എഴുതു. (ഒപ്പ്)

# വത്തമാനപ്പുസ്തകം

## മുമ്പിലത്തെ പദം

**മാർ ഫ്ലൊരൻസ്യൊസ അരയപ്പൊലീസ എന്ന മെത്രാൻ മരിച്ചതിന്റെശെഷം വരാപ്പുഴ ഉണ്ടായ അവസ്ഥമെൽ**

മലങ്കരെ മാർ സബവദൊർ ദൊസറയീസ എന്ന കൊടുങ്ങല്ലൂർ മെത്രാപ്പൊലീത്താ വാണിരിക്കുന്നകാലം മിശിഹാ പിറന്നിട്ട ഫമൈ-ാം കാലം (A.D.1773) അരയപ്പൊലീസ എന്ന നാട്ടിന്റെ മെത്രനാകുന്ന വരാപ്പുഴെ ഇരിക്കും മാർ ഫ്ലൊരൻസ്യൊസ എന്ന മലങ്കരയിടവകയുടെ [1] വിഗാരി അപ്പസ്തൊലിക്കാ കാലംചെയ്തൊറെ കീഴമര്യാദ കഴിഞ്ഞുവന്നപൊലെ മലങ്കരയിടവകയിലുള്ള സുറിയാനിക്രമത്തിൽ [2] ഉൾപ്പെട്ട പള്ളിക്കാറരിൽ പലരും അതായതു അങ്കമാലി പള്ളിക്കാറരും ആലങ്ങാട്ടുപള്ളിക്കാറരും പറവൂർപള്ളിക്കാറരും കുത്തിയതൊട്ടുങ്കൽപള്ളിക്കാറരും ഇതു കൂടാതെ മററു പല പള്ളിക്കാറരും മെത്രാന്റെ കൌറ [3] സാധിപ്പാനായിട്ട വരാപ്പുഴക്കുടി പണ്ടുപണ്ടെകഴിഞ്ഞുവന്ന മര്യാദിപൊലെ തങ്ങളുടെ മര്യാദിക്കും ക്രമത്തിനും തക്കവണ്ണം മെത്രാന്റെ ശരീരം അടക്കുവാൻ തുടങ്ങുന്നപ്പൊൾ മെത്രാന്റെ സ്ഥാനം വീണ്ട മററൊരു മെത്രാൻ വരുവൊളം ഭരിപ്പാനായിട്ട പാതിരിമാരു എല്ലാവരും കൂടെ നിശ്ചയിച്ചു കഴലപ്പെട്ടത്തിയ അന്നസ്താസ്യൊസ ദെ സന്ത ഹീറാനീമൊ എന്ന പെർപെട്ട കർമ്മലീത്താപാതിരിമാരുടെ പ്രദെശമൂപ്പനാകുന്ന[4] പാതിരി പുറപ്പെട്ടുകൂടി ഒരുമിച്ചു ക്രിയകൾ കഴിച്ചുനിൽക്കുന്ന സുറിയാനിക്രമത്തിലുള്ള പള്ളിക്കാറരു പട്ടക്കാററൊടും മാപ്പിളമാരൊടും പറഞ്ഞു ഈവണ്ണം:-

നിങ്ങൾ ഇപ്പോൾ ഇവിടെ വരുവാൻ എന്തൊരു ബന്ധം.

---

1. കൊടുങ്ങല്ലൂര് അതിരൂപതയും കൊച്ചിരൂപതയും ഇതിൽ ഉൾപ്പെട്ടിരുന്നു. ഡച്ച് അധീനതയിലായിരുന്ന ഈ ദേശങ്ങളിലെ സഭാധ്യക്ഷന്മാർക്ക് ഭരണം നടത്താൻ ആവാതിരുന്നപ്പോൾ അവിടങ്ങളിൽ മലങ്കരയിലെ വികാരി അപ്പസ്തോലിക്ക അധികാരം നടത്തി.
2. സുറിയാനി: പൗരസ്ത്യസുറിയാനി അഥവാ കൽദായസുറിയാനി എന്നു വിവക്ഷിതം
3. കൗറ-ശവസംസ്കാരം
4. പ്രൊവിൻഷ്യൽ സുപ്പീരിയർ

www.malankaralibrary.com

നിങ്ങളുടെ മെത്രാൻ പൂക്കൊട്ടു[5] ഇരിക്കുന്നതല്ലൊ ആകുന്നു. ഈ മെത്രാൻ ഞങ്ങൾക്കുള്ളതത്രെ ആകുന്നു. എന്നു വരുമ്പൊൾ ഇദ്ദേഹത്തിന്റെ കൌറടക്കം ചെയ്യുന്നതു നിങ്ങൾക്കു വെമ്ധിക്കുന്ന കാര്യമല്ലല്ലൊ. ഞങ്ങൾക്കു വെമ്ധിക്കുന്ന കാര്യമെല്ലൊ ആകുന്നു. ആയതുകൊണ്ടു നിങ്ങൾ ഒഴിഞ്ഞു ഞങ്ങളുടെ മര്യാദിക്കു തക്കവണ്ണം ഞങ്ങളുടെ മെത്രാനെ അടക്കുവാൻ ഇടതരണമെന്നു ഇങ്ങനെ പറഞ്ഞുംകൊണ്ടു മലങ്കര ഇടവകക്കാറരെ ഒഴിച്ചു നിറുത്തി. പാതിരിമാരു തങ്ങളുടെ ക്രമത്തിൽ കൌറ സാധിക്കയുംചെയ്തു. എന്നാൽ പള്ളിക്കാറരൊടു മൂപ്പൻ പാതിരി പറഞ്ഞ മൊഴികളുടെ ശക്തി സൂക്ഷിച്ചു കണ്ടാൽ നെരുതന്നെ ആകുന്നു. അതെന്തെന്നാൽ മലങ്കരഇടവകയുടെ പ്രത്യെകമുള്ള ഇടയനും ദെയ്വപ്രമാണത്താൽ ഈ ഇടവകമേൽ മുഷ്ക്കരത്വം കൈക്കൊണ്ടിരിക്കുന്ന ആളും കൊടുങ്ങല്ലൂർ മെത്രാപ്പൊലിത്താ ആയിരിക്കയും മലങ്കരഇടവകയിലുള്ള ആളുകളൊക്കയും ദെയ്വ പ്രമാണത്താലും വൎഗ്ഗന്യായത്താലും[6] അയാൾക്കു വഴങ്ങുവാനും തങ്ങളുടെ പ്രത്യെകമുള്ള ഇടയനെപ്പൊലെ സമ്മതിപ്പാനും കടമായിരിക്കയും ചെയ്യുന്നതിനെക്കൊണ്ടു ആടുമാടുകളുടെ അറിവില്ലായ്കകൊണ്ടെങ്കിലും ഇടയന്റെ പരിചയം പൊരായ്കകൊണ്ടെങ്കിലും മെത്രാപ്പൊലിത്തായും തനിക്കു വഴങ്ങപ്പെട്ടവരും തമ്മിൽ വാച്ച അയർപ്പും[7] ഉണ്ടായാൽ ആടുമാടുകൾ തങ്ങളുടെ നല്ല മെച്ചിൽസ്ഥലമാകുന്ന പട്ടാങ്ങയുടെ വഴി ഉപെക്ഷിച്ചു ഇടത്തുടാകുന്ന കാട്ടുമലയിൽ പിണങ്ങിപ്പൊയി വ്യാഘ്റത്തിന്നു ഇരയാകാതെ ഇരിപ്പാൻ നെരത്തിന്നു തക്കവണ്ണം അയർപ്പായി പൊകുന്ന പള്ളിക്കാറരെ താങ്ങി തടകി തങ്ങളുടെ യജമാനനും തങ്ങളും തമ്മിലുള്ള അയപ്പുതീർത്ത നെരത്തുവൊളം തന്റെ കീഴ് അവരെ സന്ധിപ്പാനായിട്ടു മലങ്കരയുള്ള ഇടത്തുടതീരുവൊളും ഒരു നടുവനെപ്പോലെ[8] മാർപ്പാപ്പാ കല്പിച്ചിരിക്കുന്ന ആൾമാത്രം വരാപ്പുഴ മെത്രാൻ ആകകൊണ്ടു ദെയ്വപ്രമാണത്താൽ മലങ്കര ഇടവകമെൽ ഒരു മുഷ്ക്കരത്വം തനിക്കില്ലായ്കകൊണ്ടും പാതിരി പറഞ്ഞ വചനങ്ങൾ നെരുതന്നെ ആകുന്നുവെങ്കിലും പണ്ടു ഒരു നാളും ഇങ്ങനെയുള്ള വചനങ്ങൾ കെട്ടിട്ടില്ലായ്കകൊണ്ടും എത്രയും നികളഭാവത്തൊടും നിന്ദയൊടുംകൂടെ പാതിരിമാരൊക്കയുംകൂടെ ഒരു മനസ്സായി കൂടി

---

5. കൊടുങ്ങല്ലൂരെ മെത്രാപ്പോലീത്ത ഡച്ചുകാരെ ഭയന്ന് ഇവിടെയാണു വസിച്ചിരുന്നത്.
6. സ്വാഭാവികനിയമം
7. വലിയ വഴക്ക്
8. മാർതോമാക്രിസ്ത്യാനികളെ സംബന്ധിച്ച് മലബാറിലെ വികാരി അപ്പസ്തോലിക്കയുടെ ദൌത്യം ഇവിടെ പരാമൃഷ്ടമാകുന്നു.



വിചാരിച്ചു മലങ്കരപള്ളിക്കാറരെ നിന്ദിപ്പാനായിട്ടു ഇതിൻവണ്ണം പറകയെന്നു തന്നെയല്ലാ അവരെ ഒഴിച്ചു നിറുത്തി കൌറടക്കം ചെയ്കകൊണ്ടും കൂടിയ പള്ളിക്കാറരൊക്കയും എത്രയും വലിയ മനൊദുഃഖത്തൊടുകൂടെ വരാപ്പുഴയിൽ നിന്നു വാങ്ങി അങ്കമാലിക്കൽ[9] കൂടി പാതിരിമാരു തങ്ങളൊടു കാട്ടിയ ഏറ കുറയത്തിന്നും നിന്ദക്കും ഏതുപ്രകാരമെല്ലാം വെണ്ടുവെന്നും വിചാരിക്കുന്നു.

ഈ കാര്യംകൊണ്ടും മറ്റും പലപല ഏറക്കുറവുകൾ മെത്രാനും പാതിരിമാരും പലപല സംഗതികൾക്കും മലങ്കരയുള്ള പള്ളിക്കാറരൊടു കാട്ടുകകൊണ്ടും ഇതിനൊക്കയ്ക്കും ഒരുപായം വിചാരിച്ചു പതം വരുത്താഞ്ഞാൽ ഇനിയും ഇതിൽ ഏറിയതും കാട്ടുന്നതിന്നു സംശയം ഉണ്ടാകയില്ലെന്നും ആയതിന്നു ഉപായം വരുത്തുവാൻ ശെഷം മലങ്കരയുള്ള തങ്ങളുടെ ജ്യെഷ്ഠൻഅനുജന്മാരുകൂടെ കൂടാതെ തങ്ങൾതന്നെ മതിയല്ലെന്നും നിശ്ചയിച്ചു മെത്രാൻ കാലംചെയ്താറെ തങ്ങൾ വരാപ്പുഴെ ചെന്നപ്പൊൾ പാതിരിമാർ പറഞ്ഞ മൊഴികളും തങ്ങളെ ഒഴിച്ചു നിറുത്തി അവരുതന്നെ മെത്രാന്റെ കൌറടക്കം ചെയ്തപ്രകാരവും ആയതുകൊണ്ടും വീണ്ടും മറ്റും പലകാര്യങ്ങൾ വിചാരിപ്പാനുമായിട്ടും എല്ലാവരും അങ്കമാലിക്കൽ[10] കൂടണമെന്നും മലങ്കരഇടവകയിൽ ശെഷമുള്ള പള്ളിക്കാറരു എല്ലാവർക്കും കുറി എഴുതി അയയ്ക്കുകയും ചെയ്തു.

## വിചാരം

എന്നാൽ ഇത്രപ്പൊഴും മലങ്കരപള്ളിക്കാറരുചെയ്തതു ഓർത്തുകണ്ടാൽ എത്രയും നെരായവഴിയും തങ്ങളുടെ കാരണവന്മാരു ചെയ്തുവന്നതിന്നു തക്കവണ്ണവും അത്രെ ആകുന്നു. അതെന്തെന്നാൽ ജാതി ഒക്കെക്കും ബന്ധിക്കുന്നൊരു അറിയപ്പെട്ട കാര്യമെതാനും ഉണ്ടായാൽ ഒരു പള്ളിക്കാറരായിട്ടും രണ്ടു പള്ളിക്കാററാ

---

9. അങ്കമാലിയിലോ ആലങ്ങാട്ടോ? രണ്ടാം അധ്യായത്തിന്റെ ശീർഷകവും ആദ്യഭാഗവും ശ്രദ്ധിക്കുക.
10. മാർതോമാക്രിസ്ത്യാനികളുടെ അവസാന കൽദായസുറിയാനി മെത്രാപ്പോലീത്തയുടെ സംജ്ഞയും ആസ്ഥാനവും അങ്കമാലിയായിരുന്നു. അതിരൂപതയുടെ ആസ്ഥാനമായി കൊടുങ്ങല്ലൂർ ഉയർന്നശേഷവും കൊടുങ്ങല്ലൂർ അതിരൂപത അങ്കമാലി-കൊടുങ്ങല്ലൂർ എന്നോ അങ്കമാലി എന്നുമാത്രമോ വിളിക്കപ്പെട്ടിരുന്നു. പള്ളിപ്പൊതുയോഗങ്ങളിൽ പ്രഥമസ്ഥാനവും ആദ്യം സംസാരിക്കാനുള്ള അവകാശവും അങ്കമാലിപള്ളിയുടെ പ്രതിനിധിക്ക് ഉണ്ടായിരുന്നു. പലപ്പോഴും ഇത് ഉപയോഗിച്ചിരുന്നില്ല എന്നതു ശരിതന്നെ. യാക്കോബായക്കാരുടെ ഇടയിൽ നിരണം പള്ളിയുടെ പ്രതിനിധിക്ക് ഈദൃശ അവകാശം ഉണ്ടായിരുന്നു.

www.malankaralibrary.com

യിട്ടും കാര്യത്തിന്ന നിവൃത്തി വരുത്തുമാറില്ല. പിന്നയൊ ഉണ്ടായ കാര്യത്തിന്നു എന്തു വെണ്ടുവെന്നു വിചാരിപ്പാൻ ശെഷമുള്ള പള്ളിക്കാറരു ഒക്കയുംകൂടെ [11] കൂട്ടമാറത്രെ ആകുന്നു. വിശെഷിച്ചും ഇപ്പൊഴും ഉള്ള കാലവർത്തമാനം സൂക്ഷിച്ചുകണ്ടാൽ ഇതു ന്യായമുള്ളതെന്നു തന്നെയല്ലാ പിന്നയൊ ദിഷ്ടതി[12] യുള്ളതത്രെ ആകുന്നു. അതെന്തന്നാൽ ഇന്നാളുകളിൽ പാതിരിമാരുടെ കരുത്തും ശക്തിയും പണ്ടുള്ളതിനെക്കായിൽ എത്രയും പാരമാകകൊണ്ടും ഒന്നുരണ്ടു പള്ളിക്കാറരുതന്നെ ഏതാനും നിവൃത്തിവരുത്തുവാൻ തുടങ്ങിയാൽ അവരുടെ മനസ്സുകൂടാതെ ഏതും സാധിക്കയില്ലാ എന്നതുകൊണ്ടും മലങ്കരയിടവകയിലുള്ള ശെഷം പള്ളിക്കാറരുകൂടെ കൂടാതെ തങ്ങളാൽതന്നെ നിവൃത്തി വരുത്തിക്കൂടാ എന്നു കല്പിച്ചു മലങ്കരയിടവകയിലുള്ള പള്ളിക്കാറരു എല്ലാവർക്കും കുറി എഴുതി അയച്ചതു എത്രയും നല്ല വിചാരവും വിവെകവുമത്രെ ആകുന്നു.

## രണ്ടാം പദം

**ആലങ്ങാട്ടുകൂടിയ പള്ളിക്കാറരുടെ കുറിയുടെ ശക്തിയാൽ ശെഷം മലങ്കരയിടവകയിലുള്ള പള്ളിക്കാറരൊക്കെയും അങ്കമാലിക്കൽകൂടി എന്നതിന്മെൽ**

എന്നാൽ മലങ്കരെ മാർതൊമ്മാ നസ്രാണികൾ[1] പണ്ടു തങ്ങൾക്കുണ്ടായിരുന്ന കരുത്തിനും ശക്തിക്കും പാരം കുറച്ചിൽ വന്നുപൊയെങ്കിലും ഉടയതമ്പുരാന്റെ മനൊഗുണംകൊണ്ടു ശക്തിഒക്കയുംതന്നെ കെട്ടുപൊയതുമില്ല. അതെന്തെന്നാൽ അങ്കമാലിക്കൽ കൂടിയ പള്ളിക്കാറരുടെ കുറി ശെഷം മലങ്കരയുള്ള പള്ളിക്കാറരൊക്കയും വിചാരിച്ചുകണ്ടപ്പോൾ തങ്ങളുടെ പട്ടക്കാറരൊടും ജനങ്ങളൊടും പലപല ഏറകുറയങ്ങളും രഹസ്യമായി

11. റോമിൽ പ്രൊപ്പഗാന്താ തിരുസംഘത്തിൽ സൂക്ഷിച്ചിരിക്കുന്ന **Istoria della Missione del Malabar** ന്റെ 90-ാം ദലത്തിൽ ഇപ്രകാരം പറയുന്നു: 'എല്ലാ പള്ളികളിലും ........ സഭാത്മക കാര്യങ്ങൾ വൈദികരും വിശ്വാസികളും ചേർന്ന യോഗം കൈകാര്യം ചെയ്യുന്നു. ഗൗരവമായ കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ സമീപ ഇടവകകളുടെ പ്രതിനിധികളെയും ക്ഷണിച്ചിരുന്നു. ഗൗരവതമപ്രശ്നങ്ങൾ ചർച്ച ചെയ്യുമ്പോൾ രാജ്യത്തെയോ രൂപതയിലെയോ എല്ലാ ഇടവകകളുടെയും പ്രതിനിധികൾ പങ്കെടുത്തിരുന്നു.'

12. അറിവ്

1. മാർതോമാ ക്രിസ്ത്യാനികൾ എന്ന് അർത്ഥമാക്കുന്ന ഈ സംജ്ഞ ആദരസൂചകമാണ്.



ടു പാതിരിമാരു വരുത്തുന്നതു[2] പൊരാതെ മെത്രാന്റെ കൌറട ഏവാൻ കൂടിയ പട്ടക്കാറരൊടും എണങ്ങരൊടും പരസ്യമായിട്ടു കാട്ടിയ നിഷെധം അറിഞ്ഞതിനാൽ തങ്ങളുടെ ജാതിയുടെ ഗുണത്തിനും നന്മക്കും വെണ്ടി തങ്ങളുടെ ജ്യെഷ്ഠനനുജന്മാരുഎഴുതിഅയച്ച കുറിക്കു നെരെ അങ്കമാലിക്കൽ കൂടിയെ മതിയാവു എന്നും നിശ്ചയിച്ചു ഓരൊരൊ പള്ളിക്കാറരു തങ്ങൾ തങ്ങളുടെ ഇടവകയിൽനിന്നു തങ്ങൾക്കുവെണ്ടുന്ന ചിലവുമെടുത്തു അങ്കമാലിക്കൽ ചെന്നു സമൂഹിപ്പാൻ യാത്രപുറപ്പെടുകയും ചെയ്തു. അവ്വണ്ണം അങ്കമാലിക്കൽ കൂടുവാനായിട്ടു തെക്കുവടക്കുനിന്നു പല പല പള്ളിക്കാറരും യാത്രപുറപ്പെട്ടെങ്കിലും കൂടുന്ന പള്ളിക്കാറരുടെ ശക്തി അറിയായ്കകൊണ്ടും മാർഗ്ഗമര്യാദയുടെ അവസ്ഥകൊണ്ടും യൊഗംകൂടുന്നതിനാൽ കാര്യത്തിനു നിവൃത്തി വരുത്തുവാൻ കുറഞ്ഞാൽ മൂന്നുമാസം വെണ്ടിവരികയും ആയതുകൊണ്ടു ഊഴം മാറിചെല്ലുവാൻ സംഗതി ഉണ്ടാകയും ചെയ്യുമെന്നു കാൺകകൊണ്ടും കാര്യവകതിരിവുള്ള പട്ടക്കാറരിലും മാപ്പിളമാരിലും പലരും ഇത്രനെരവും പുറപ്പെട്ടുതുടങ്ങിയതുമില്ലാ. എന്നാലും ഈഷൽകൂടാതെ തങ്ങളും യൊഗത്തിനു എത്തിയെ മതിയാവു എന്നും ചൊല്ലി പുറകെതന്നെ യാത്ര ഒരുങ്ങിവരികയും ചെയ്യുന്നു.

എന്നാൽ യൊഗം എല്ലാവരും കൂടിവരുന്ന കെൾവികെട്ടു വരാപ്പുഴ പാതിരിമാരു ഭയപ്പെട്ടു യൊഗത്തെ ചിന്നിപ്പാനുള്ളതിന്നു ആകുന്ന പ്രയത്നം അവരു ചെയ്തുവരുന്നു എങ്കിലും ആയതൊന്നും യൊഗംകൂടുന്നതിന്നു ഒരു വിഘ്നംവരുത്താതെ

2. പ്രൊപ്പഗാന്താ തിരുസംഘം 1774 ൽ വികാരി അപ്പസ്തോലിക്കയ്ക്കും മിഷണറിമാർക്കും നൽകിയ നിർദ്ദേശം ഇപ്രകാരമാണ്. വികാരി അപ്പസ്തോലിക്കയും അദ്ദേഹത്തെ തുണയ്ക്കുന്ന മിഷണറിമാരും തങ്ങളുടെ പെരുമാററത്തിലൂടെ അവിടെയുള്ള ജനതയെ വിശിഷ്യ മാർത്തോമ്മാക്രിസ്ത്യാനികളെ സന്തുഷ്ടരാക്കാൻ എല്ലാവിധശ്രദ്ധയും ജാഗ്രതയും പുലർത്തണമെന്നത് തിരുസംഘത്തിന്റെ ഹൃദയാഭിലാഷമാണ്. ഇതിന് അവർ എല്ലാ ഉപാധികളും വിനിയോഗിക്കണം. അവരുടെ പോരായ്മകൾ ക്ഷമാപൂർവം സഹിച്ചും, എല്ലാ ആവശ്യങ്ങളിലും അവരെ തുണച്ചും, വിനീതമായും ശാന്തമായും, ഭരണാധികാരികളായല്ല പ്രത്യുത വത്സലപിതാക്കളായി വർത്തിച്ചും മാതൃകാജീവിതം നയിക്കാൻ അവർക്കു നിരന്തരം പ്രചോദനമേകണം. ഈ ലക്ഷ്യസാക്ഷാത്ക്കരണത്തിന് തിരുസംഘം കർശനമായി ഉപദേശിക്കുന്നു. അവർ കത്തോലിക്കാ കൂട്ടായ്മയിൽനിന്നു തെററിമാറാൻ അനഭിനന്ദനീയവും അപകവുമായ പെരുമാററങ്ങളിലൂടെ ഇടവരുത്തിയാൽ പരി. സിംഹാസനത്തിൻമുമ്പാകെയും വിശ്വംമുഴുവനും മുമ്പാകെയും സർവോപരി തങ്ങളുടെ സംരക്ഷണത്തിൽ ഈ വലിയ വിശ്വാസിഗണത്തെ ഏല്പിച്ചിരിക്കുന്ന ദൈവത്തിന്റെ മുമ്പാകെയും കണക്കു ബോധിപ്പിക്കേണ്ടിവരും'

www.malankaralibrary.com

നാല്പതൻപത്തു പള്ളിക്കാററരൊളും തെക്കും വടക്കും നിന്നു അങ്കമാലിക്കൽ കൂടുകയും ചെയ്തു. ഇങ്ങനെ യൊഗംസ്വരുമിച്ചു വന്നതിന്റെശെഷം കൂടിയ പള്ളിക്കാർക്കു വിറകും ഉപ്പും വിളക്കിനു എണ്ണയും അങ്കമാലിക്കൽകാററു കൊടുക്കയും ശെഷമുള്ള പള്ളിക്കാററു എല്ലാവരും വന്നു തികയുന്നതിനിടയിൽ കൂടിയ പള്ളിക്കാററു മിനക്കെട്ടു കൂടാതെ കാര്യവിചാരം തുടങ്ങണമെന്നും വച്ചു ഉച്ചക്കുമുമ്പിൽ പത്തുമണിനെരവും ഉച്ച കഴിഞ്ഞിട്ടു നാലുമണിനെരമാകുവൊളും ഇങ്ങനെ രണ്ടുനെരത്തും യൊഗമെല്ലാവരും മെത്രാന്റെ ഇരിപ്പിടമാകുന്ന പള്ളിയിൽകൂടി [3]. കൂടിയ യൊഗത്തിൽ വയസ്സുനും പരിചയവും പഴമ സൂക്ഷമമുള്ള ആളും കുറവിലങ്ങാട്ടുപള്ളി എടവകക്കാരൻ പനങ്കുഴക്കൽ കുരെപ്പുകത്തനാരാകകൊണ്ടു മുമ്പിലത്തെ ഇടത്ത അദ്ദെഹവും പിന്നെശെഷമുള്ള കത്തനങ്ങളും[4] മാപ്പിളമാരും അവരവരുടെ ക്രമവും സ്ഥാനവുംപൊലെ ഇരുന്നു ഈരണ്ടു മണിനെരംകൊണ്ടു വിചാരിച്ചു വരികയും ചെയ്യുന്നു.

ഇത്രപ്പഴം കൂടിയ പട്ടക്കാററരിൽ പലരും പ്രായവും പരിചയവും കുറഞ്ഞവരാകകൊണ്ടു തങ്ങളുടെ പുറകെ യാത്രപുറപ്പെട്ടു വരുന്ന തങ്ങളുടെ മൂപ്പന്മാരുടെ വരവിനെ പാർത്തിരിക്കകൊണ്ടും ആയവരിൽ ആരും യൊഗത്തിൽ പറവാൻ അറപ്പുകെടുന്നതുമില്ല. എന്നാലും ആയതുകൊണ്ടും യൊഗം മുടങ്ങി ഒന്നുമൊന്നും പറയാതെ പാർക്കുന്നതുമില്ല. അതെന്തെന്നാൽ മഹാസംസാരവും കാര്യപൊരും വകതിരിവും ഉള്ള മാപ്പിളമാരു അതായതു കൊരട്ടിയിൽക്കാരൻ ഇട്ടിമാണിമാപ്പിളയും ഞാറയ്ക്കൽകാരൻ കുഞ്ഞുതുപ്പുമാപ്പിളയും കാഞ്ഞൂക്കാരൻ ഉതുപ്പുമാപ്പിളയും അങ്കമാലിക്കൽ കിഴക്കൻ വറുഗീസുമാപ്പിളയും ആരക്കുഴക്കാരൻ മുടിയിൽ കൊച്ചിട്ടിതരകനും പിന്നെയും മററു പലരും ഉണ്ടായിരിക്കകൊണ്ടു ഇവർ യൊഗത്തിൽ പറകയും ശെഷമുള്ളവരും അവർ പറയുന്നതുകെട്ടു അനുസരിച്ചിരിക്കയും ചെയ്യുമാറായിരുന്നു. ഇങ്ങനെ നാലാറുദിവസം എല്ലാവരുംകൂടി സംസാരിച്ചു കണ്ടു

3. ഭദ്രാസനദൈവാലയം. മാർത്തോമാക്രിസ്ത്യാനികളുടെ അവസാനക്കൽദായ സുറിയാനിമെത്രാപ്പോലീത്തയായ മാർ അബ്രഹാം ഇതു പണികഴിപ്പിച്ചു. സന്ന്യാസാചാര്യനായ ഹൊർമിസ്ദാസിനു് ഇതു സമർപ്പിച്ചിരുന്നു. ഉദയംപേരൂർ സൂനഹദോസ് 'സന്ന്യാസാചാര്യനായ ഹൊർമിസ്ദാസ്' എന്നതു് 'രക്തസാക്ഷിയായ ഹൊർമിസ്ദാസ്' എന്നാക്കിമാററി. ഈ പള്ളി കിഴക്കേപ്പള്ളി എന്നറിയപ്പെടുന്നു. പടിഞ്ഞാറെപ്പള്ളിയും (യാക്കോബായ) നടപ്പള്ളിയുമുണ്ടു്
4. പരമ്പരാഗതമായി കൈമാറിവന്ന ബഹുമാനസൂചകമായ സംജ്ഞ; 'കരംപിരിക്കൽകാരൻ' എന്നു് ഇതിനു വാച്യാർത്ഥം.



ഇപ്പാരം നമ്മുടെ ജാതിക്കു തലവൻ[5] ഇല്ലായ്കകൊണ്ടുള്ള കുറച്ചിൽ എല്ലാവർക്കും നന്നായി പ്രസിദ്ധമാകയും ചെയ്തു. അതെന്തെന്നാൽ തങ്ങളുടെ ജാതിയിൽ തങ്ങൾക്കു തലവനും യജമാനനും ഉണ്ടായിരുന്ന പഴയകാലങ്ങളിൽ യാതൊരു കാര്യമായാലും ഏകമനസ്സോടും ഒരുമയൊടുംകൂടെ പുറപ്പെടുവാൻ മര്യാദിയായിരുന്ന മാപ്പിളമാരുടെ സമൂഹം പണ്ടുപണ്ടെയുള്ള തങ്ങളുടെ മര്യാദിയും ക്രമവും ഉപെക്ഷിച്ചു പലപല ചിന്നമായി അവരിൽ ചിലർ ജാതിക്കു തലവനും കർത്തവ്യനും കൂടാതെ ജാതിക്കു ഗുണംവരുവാൻ പരാധീനമെന്നു കണ്ടു ജാതിക്കു തലവനായി പണ്ടുണ്ടായിരുന്ന മര്യാദിപൊലെ അർക്കദെയാക്കൊനെ ഉണ്ടാകണമെന്നും മററു ചിലർ ആയതുവെണ്ടാ പിന്നെയൊ വരാപ്പുഴക്കാററു ഏറക്കുറയും കാട്ടുക ഹെതുവാൽ ഇന്നി അവരുടെ കല്പനക്കീഴിൽ മാപ്പിളമാർ ആരും പാർപ്പാൻ യൊഗ്യമില്ലാ എന്നതുകൊണ്ടും കൊടുങ്ങല്ലൂർ മെത്രാപ്പൊലിത്തായെ കണ്ടു വഴങ്ങുകവെണ്ടിയിരിക്കയും ആയതു മതിയായിരിക്കയും ചെയ്യുമെന്നും മററു ചിലർ ആയതിലൊന്നും വെണ്ടാ വരാപ്പുഴെ പാതിരിമാരു എറക്കുറയും ചെയ്യതിനാംപക്കം ഇനിമെലിൽ അങ്ങനെ ഒന്നും ചെയ്കയില്ലെന്നുള്ള വ്യവസ്ഥ വരുത്തി കുറെ നാളയ്ക്കു ഇങ്ങൊട്ടു നടന്നുവന്ന മര്യാദപൊലെ വരാപ്പുഴ പാതിരിമാരെതന്നെ കണ്ടു സംസരിച്ചു ചെല്ലണമെന്നും ഇതിനിടയിൽ ഇങ്ങനെയുള്ള സർഗ്ഗം[6] ഹെതുവായിട്ടു ശെഷമുള്ള പള്ളിക്കാററു എല്ലാവരും വന്നെത്തുന്നതിനു മുൻപിൽ കൂടിയ പള്ളിക്കാറർ പിരിഞ്ഞു പോകുമെന്നു പെടിച്ചിട്ടു ശെഷമുള്ള പള്ളിക്കാററുംകൂടെ വന്നു കാര്യത്തിന്റെ നിവൃത്തി വരുത്തുവൊളും കൂടിയ പള്ളിക്കാററിൽ ആരും വരികയില്ലെന്നു യൊഗമെല്ലാവരുംകൂടെ ഏകമനസ്സായി ഒരു വരിയൊല എഴുതി വൈക്കണമെന്നു മററു ചിലരും അതു വഹിയാ എന്നു മററു ചിലരും ഇങ്ങനെ പല പല വന്തികളും[7] വവുപ്പുകളും ആയി യൊഗത്തിൽ സൗഗ്ഗിച്ചുവരികയും ചൊക്കാനില്ലാത്ത കപ്പൽ തനിക്കുള്ള വഴി അറിയാതെ കാററുതുന്ന പുറത്തൊട്ടു പൊകുമാറാകുന്നപൊലെ നമ്മുടെ ജാതിയുടെ

5. ജാതിക്കു തലവൻ ആർച്ചുഡീക്കൻ. മെത്രാന്മാർ പലപ്പോഴും വിദേശികളായിരുന്നു. അവർ സഭക്കു് ആധ്യാത്മിക ശുശ്രൂഷ നല്കി. ഭരണകാര്യങ്ങൾ ആർച്ചുഡീക്കൻമാരാണ് കൈകാര്യം ചെയ്തിരുന്നതു്. 'ഇന്ത്യയുടെ ആർച്ചുഡീക്കൻ' എന്നു് അദ്ദേഹം അറിയപ്പെട്ടു. സഭയിൽ ഒന്നിലേറെ മെത്രാന്മാരുണ്ടായിരുന്നിരിക്കാമെങ്കിലും ഒരു സമയം ഒരു ആർച്ചുഡീക്കനേ ഉണ്ടായിരുന്നുള്ളു. രാഷ്ട്രീയ, സാമൂഹിക, മതകീയ വിഷയങ്ങളിൽ മാർത്തോമാക്രിസ്ത്യാനികളുടെ തലവൻ ഇദ്ദേഹമായിരുന്നു.
6. തർക്കം
7. വാദങ്ങൾ

www.malankaralibrary.com

ഗുണത്തിന്നും ഉപകാരത്തിന്നും ഏതുപ്രകാരം നല്ലതെന്നു വിചാ
രിക്കാതെ ഓരൊരുത്തൻ തനിക്കു തനിക്കുള്ള മനസ്സും പക്ഷപ്ര
തിയുംപൊലെ ഓരൊരൊ കൂട്ടം പറഞ്ഞു വരികയും ചെയ്യുന്നു.

## വിചാരം

എന്നാൽ അങ്കമാലിക്കൽ പള്ളിക്കാററ് കൂടിവന്ന കാര്യ
ത്തിന്മെൽ വിചാരിച്ചുതുടങ്ങുവൊളം നമ്മുടെ ജനങ്ങൾ കാട്ടിയ
തൊക്കയും പണ്ടു കഴിഞ്ഞ കാരണവന്മാരുടെ ചുവട്ടടികളെ
ചെർന്നുകൊണ്ടും നമ്മുടെ ജാതിയുടെ വീര്യത്തിന്നു തക്കവണ്ണവു
മാകുന്നു. എങ്കിലും ഇപ്പൊൾ യൊഗത്തിൽ ഉണ്ടായ വവ്വപ്പുകളും
വന്തികളും പണ്ടു കഴിഞ്ഞ ശ്രെയസ്സുകൾക്കടുത്തതല്ലാ എന്നു
തന്നെയല്ലാ പിന്നെയൊ യൊഗംകൂടിയ കാര്യത്തിന്നും ജ്യെഷ്ഠൻ
അനുജന്മാരുടെ ഒരുമ്പാടിന്നും അന്തരം വരുത്തുവാൻ തക്കൊരു
കാര്യമത്രെ ആകുന്നു. അതെന്തെന്നാൽ രാജിതത്തിങ്കൽ പവ്വതി
യുണ്ടായാൽ ആ രാജിതം മുടിവാനുള്ള ലക്ഷണമാകുന്നുവെന്നും
വീട്ടിൽ പവ്വതിയുണ്ടായാൽ ആ വീട്ടിന്റെ നശിപ്പുകാലമത്രെ
ആകുന്നുവെന്നും ശുദ്ധമാന ഏവൻഗെലിയൊനിൽ മിശിഹാ
അരുളിച്ചെയ്തുപൊലെ ഏകമനസ്സൊടും ഒരുമ്പാടൊടുംകൂടെ പുറ
പ്പെടുവാൻ ന്യായമായിരിക്കുന്ന യൊഗത്തിങ്കൽ പവ്വതി ഉണ്ടാകു
ന്നതിനാലെ ആയതിന്റെ ബലക്ഷയത്തിന്നുള്ള എത്രയും മതി
യാകുന്ന അടയാളമായിരിക്കയും ചെയ്യുന്നു.

ഇങ്ങനെ ഉള്ള നിലയില്ലായ്കയുടെയും ചിന്നലിന്റെയും
അവകാശമെന്തെന്നു സൂക്ഷിച്ചുകണ്ടാൽ ജാതിക്കു തലവൻ ഇല്ലാ
യ്കകൊണ്ടെന്നുള്ളതല്ലാതെ വെറൊരവകാശം തൊന്നുന്നമില്ല.
അതെന്തെന്നാൽ പണ്ടു കഴിഞ്ഞ ആളുകളുടെ മക്കളും ആ ജാതി
തന്നെയും ഇന്നും ആയിരിക്കുന്നതിനാൽ അന്നത്തെ അവസ്ഥ
യും ഇന്നത്തെ അവസ്ഥയുംകൂടി നോക്കിയാൽ അന്നു ജാതിക്കു
തലവൻ ഉണ്ടായിരിക്കയും ഇന്നു തലവൻ ഇല്ലാതിരിക്കയും ചെ
യ്യുന്നതൊഴികെ ഇത്ര പൊരുന്ന മറെറാരു അവകാശം തൊന്നുന്ന
മില്ല. അപ്പൊഴൊ ഈ ഒരു കാര്യത്തിന്റെ കുറച്ചിൽ എത്ര കുറ
വും നിലയില്ലായ്കയും നമ്മുടെ ജാതിക്കുണ്ടായി എന്നു ബുദ്ധി
യുള്ളവനൊക്കെയും വിചാരിച്ചു കണ്ടാൽ അറികയുമാം. അതെ
ന്തെന്നാൽ നമ്മുടെ ജാതിക്കു തലവൻ ഉണ്ടായിരുന്ന നാൾ സുറി
യാനിക്കാരിൽ മലങ്കരക്കു വന്ന ഒരു മെത്രാനെ [8] കൊച്ചിയിൽ
വച്ചു കടലിൽ കെട്ടിതാഴ്ത്തുന്നുവെന്ന ഒരു സ്വരം കൊടുക്കകൊ
ണ്ടു മലങ്കരക്കാരു പള്ളിക്കാററു എല്ലാവരുംകൂടെ ഏകമനസ്സൊടു

8. ഇഗ്നേഷ്യസ് അഹത്തല്ല



കൂടെ ഒരുമിച്ചു കൊച്ചിയുടെ മുഖത്തുതന്നെ പണിചെയ്തിരിക്കുന്ന
മട്ടാൻചേരിൽ പള്ളിക്കൽകൂടി മെലിൽ ഒരുനാളും പൌലീസ്
റാക്കാറരെ [9] കാൺകയില്ലെന്നു സത്യംചെയ്തു കല്പിപ്പിച്ചതും
തലവനില്ലാഞ്ഞ നാൾ കമ്മലീത്തക്കാരൻ ഈനസന്തിയൊസ
പാതിരി സുറിയാനിക്കാരൻ മാർ ശെമഹോൻ എന്ന മെത്രാനെ
ആലങ്ങാട്ടുപള്ളിയിൽ കൊണ്ടുവന്നു നമ്മുടെ ലൊകരുടെയും പട്ട
ക്കാറരുടെയും കണ്ണുവെട്ടത്തുവച്ചു മാർ അഞ്ചെലൊസ എന്ന മെ
ത്രാനെ വാഴിച്ചതിന്റെ ശെഷം നമ്മുടെ പട്ടക്കാൎക്കു ഒരു വചനം
എപ്പൊലും ശെമൊൻ മെത്രാനൊടു പറവാൻ സമ്മതിക്കാതെകണ്ടു
അദ്ധരാത്രിയിൽ ഒരു കള്ളനെ കൊണ്ടുപൊകുമ്പൊലെ ശൊഭ
കെടൊടുംകൂടെ മെത്രാനെ ആലങ്ങാട്ടു പള്ളിയിൽ നിന്നു ഇറ
ക്കികൊണ്ടുപൊയാറെ ആയതിന്നുത്തരം ഏതു ഉണ്ടാകാതെ തല
വനുണ്ടായിരുന്ന നാൾ നമ്മുടെ പള്ളിയൊടുംതാൻ പട്ടക്കാറരൊ
ടുംതാൻ ഇണങ്ങരിൽ ഒരുത്തനൊടുംതാൻ ഏറക്കുറയും ആരാനും
കാട്ടിയാൽ അതിന്നു ഒരുത്തരം കൂടാതെ കഴിഞ്ഞതുമില്ലാ. എന്ന
തു തലവനില്ലാത്ത കാലത്തിൽ പള്ളിയൊടും പട്ടക്കാറരൊടും
വാച്ചു [10] ഉപദ്രവവും ചെയ്കതന്നെയല്ല പിന്നെയൊ അവരിൽ
ചിലരെ കുററം ഒന്നും പരഹസ്യമായി പറഞ്ഞുകാട്ടാതെ വടുക
രുടെ കൈകളാൽ തല്ലിക്കയും കൊല്ലുകയും ചെയ്തതിന്നു ഉത്ത
രം ഒന്നും ചൊദിക്കാതെ ഇരിക്കുന്നതും വിചാരിച്ചുകണ്ടാൽ ഈ
കാര്യത്തിന്റെ പരമാൎത്ഥം വെണ്ടുംവണ്ണം ബൊധിക്കയുമാം.

എന്നാൽ ജാതിക്കു തലവൻ ജാതിയിൽതന്നെ ഉണ്ടാകുന്നതി
നാൽ ജാതിക്കു ബലവും കരുത്തും ഏററം ഉണ്ടാകുമത്രെ. എന്നു
ള്ള പട്ടാങ്ങ നമുക്കു തന്നെയല്ലാ പിന്നെയൊ എല്ലാജാതിക്കും
പ്രസിദ്ധമായിരിക്കുന്ന കാര്യവും വർഗ്ഗന്യായത്താൽ തന്നെ ക
ല്പിക്കപ്പെട്ടിരിക്കുന്ന വസ്തുവുമത്രെ ആകുന്നു എന്നതുകൊണ്ടു എ
വുറൊപ്പയിൽ ഉള്ള ജാതികൾ അതായതു ഇത്താല്യക്കാരും പ്രാ
സന്മാരും [11] ഇൻഗ്ലെശന്മാരും പറുങ്കിമാരും മററു ശെഷമുള്ള ജാ
തിക്കാരും തങ്ങൾ തങ്ങൾക്കു നാടുവാഴികളെയും വെദവാഴിക
ളെയും തങ്ങളുടെ ജാതിയിൽ തന്നെ തിരഞ്ഞെടുക്കുമാറാകുന്നു.
എന്നുതന്നെയല്ല തുർക്കിന്റെ അടിമയിൽ പാടുപെട്ടു കിടക്കുന്ന
നസ്രാണികൾ പലപല ജാതികളും അതായതു യൌനായക്കാറ
രും അർമ്മന്യാക്കാററും സുറിയാനിക്കാററും ശെഷമുള്ളവരും
തങ്ങൾ തങ്ങളുടെ ജാതിയെജമാനന്മാരെയും വെദവാഴികളെയും
തങ്ങളുടെ ജാതിയിൽനിന്നുതന്നെ കല്പിക്കയും ചെയ്യുന്നു. എ

9. സെൻറ് പോൾസ് ആശ്രമത്തിൽ താമസിച്ചിരുന്ന ഈശോസഭക്കാരായ വൈദികരാണ് ഇങ്ങനെ വിളിക്കപ്പെട്ടത്.
10. വലിയ
11. പ്രാസൻമാർ-ഫ്രാൻസുകാർ

www.malankaralibrary.com

ത്തിന്ന ഇതൊക്കെയും. നമ്മുടെ ഈ മലയാളത്തിൽതന്നെ സൂക്ഷിച്ചുകണ്ടാൽ പഴെക്കൂററുകാററു[12] ഒഴികെ ശെഷമുള്ള ജാതികൾ ഒക്കെയും സൂക്ഷിച്ചുകണ്ടാൽ ബ്രാഹ്മണജാതിയെ തൊട്ടു പലജാതിയൊളും ഓരൊരൊ ജാതിക്കുള്ള തലവരും വെദവാഴികളും തങ്ങൾ തങ്ങളുടെ ജാതിയിൽനിന്ന ആയിരിക്കയും ആയതു കൊണ്ടു തങ്ങളുടെ ജാതി ഒക്കെക്കും വെന്ധിക്കുന്ന വാച്ചു കാര്യവും ഉണ്ടാകുമ്പൊൾ ജാതിയുടെ തലവരും സഹായിക്കുന്നവരും എന്ന പൊലെ എല്ലാവരെക്കായിലും മുമ്പിൽ തങ്ങൾ പുറപ്പെട്ടുമാറും ആയിരിക്കയും ചെയ്യുന്നു.

## മൂന്നാം പദം

**അങ്കമാലിക്കൽ കൂടിയ യൊഗം കാര്യവിചാരം തുടങ്ങിയതിന്റെ ശെഷം ഉണ്ടായ അവസ്ഥമെൽ**

മീതെ കഴിഞ്ഞ സഹായിൽ പറഞ്ഞപൊലെ അങ്കമാലിക്കൽ കൂടിയ പള്ളിക്കാററു ഒരു നിലയും ഉറപ്പും കൂടാതെ അത്രെ തങ്ങളുടെ പുറപ്പാടാകുന്നു. എങ്കിലും പാതിരിമാരുടെ ഭയത്തിന്നു ഒട്ടും കുറവുണ്ടായതുമില്ലാ. അതെന്തെന്നാൽ യൊഗത്തിൽ നിത്യവും ഉണ്ടാകുന്ന അവസ്ഥകളെ തിരഞ്ഞറിഞ്ഞവരു പാതിരിമാരെ അറിയിപ്പാനായിട്ടവരൊടു പറഞ്ഞൊത്തുകൊണ്ടു വരാപ്പുഴയിൽനിന്നു വന്ന ദൂതന്മാരു യൊഗത്തിൽ ഉണ്ടായിരിക്കയും അവരും തങ്ങൾ പറഞ്ഞൊത്തപൊലെ കൂടക്കൂടെ വരാപ്പുഴക്കു ആളയച്ചു ഉണ്ടാവുന്ന വൎത്തമാനങ്ങളെ അറിയിക്കയും ചെയ്തുവരുന്നു. എങ്കിലും ആയതു മതിയല്ലാ പരഹസ്യമായിട്ടുതന്നെ തങ്ങളുടെ പെക്കു യൊഗത്തിൽ ആളയച്ചു യൊഗത്തൊടു കഴിവു പറയണമെന്നും ആയതു യൊഗത്തെ ബൊധിപ്പിപ്പാൻ തന്നെ യാത്രയാക്കയെന്നും നിശ്ചയിച്ചു വരാപ്പുഴെ കാലംചെയ്ത മെത്രാന്റെ എഴുത്തുകാരനും വീട്ടധികാരിയുമായിരുന്ന ആലങ്ങാട്ടുകാരൻ താഴത്തൂട്ടു ഇട്ടിയച്ചൻകത്തനാരെ യൊഗത്തിൽ അയയ്ക്കുകയും ചെയ്തു. എന്നാൽ ഇയാൾ അങ്കമാലിക്കൽ വന്നാറെ യൊഗത്തിന്റെ മുമ്പാകെ എത്രയും ആചാരത്തൊടും വഴക്കത്തൊടുംകൂടെ തലയിലെ തൊപ്പിയും അഴിച്ചു നിന്ന മെത്രാന്റെ കവറടക്കം ചെയ്‌വാനായിട്ടു പള്ളിക്കാററു വരാപ്പുഴെ കൂടിയാറെ അവരൊടു വെണ്ടുംവണ്ണം ഇരിപ്പാനുള്ളതിന്നു പാതിരിമാരു അയൎത്തുപൊയെന്നും ആയതിന്നു യൊഗം കല്പിക്കുന്നതിന്നു തക്കവണ്ണം കഴിവുചെയ്‌വാൻ പാതിരിമാരു ആസ്ഥമായിരിക്കുന്നെന്നും യൊഗത്തെ ബൊധിപ്പിക്കയും ആയതു കെട്ടാറെ ശെഷമുള്ള

12. പഴയകൂററുകാർ. ആദ്യവിശ്വാസവും റീത്തും സംരക്ഷിച്ച മലബാർ സഭക്കാർ.



പള്ളിക്കാററു ഒക്കയുംകൂടെ വന്നു സ്വരുമിപ്പൊളും തങ്ങളാൽ തന്നെ ഇതിന്നുത്തരം തരുവാൻ വഹിയാ എന്നും യൊഗം അയാളൊടു ഉത്തരിക്കയും ചെയ്തു.

ഇങ്ങനെ ഇരിക്കുന്ന മദ്ധ്യെ അങ്കമാലിക്കൽ യൊഗത്തിന്നു വരുവാനായിട്ടു പടിഞ്ഞാറെമുട്ടത്തുപള്ളിക്കൽനിന്നു പൗൻവാണ്ണി എന്ന ഇല്ലപ്പെർ വിളിക്കപ്പെട്ട എത്രയും കാര്യപൊരും വകതിരിവും ഉള്ളൊരു ചാക്കൊക്കത്തനാരും ഇടവഴിക്കൽ ചാക്കൊയും അവരൊടുകൂടെ കൊതമംഗലത്തുള്ള വരാരപ്പിള്ളിൽ എന്ന ചൊല്ലപ്പെട്ട ഭക്തിമക്കാരൻ യാക്കൊയും പാണ്ടി[1] എഴുത്തിൽ തനിക്കുണ്ടായിരുന്ന മിശിഹായുടെ ഭംഗപ്പാടും ധ്യാനവും എഴുത്തപെട്ട പുസ്തകവും കൊണ്ടു പുറപ്പെടുകയും ചെയ്തു. എന്നാൽ ഇവർ അങ്കമാലിക്കൽ വരുവാനുള്ളവഴി വരാപ്പുഴക്കൂടെ അത്രെ ആകുന്നതിനെക്കൊണ്ടും അപ്പൊൾ പാതിരിമാൎക്കുള്ള വിചാരം എന്തെന്നറിവാനുള്ളൊര ആഗ്രഹംകൊണ്ടും അങ്കമാലിക്കൽ വരുന്നവഴിക്കു വരാപ്പുഴെ കരെറി പാതിരിമാരുമായിട്ടു കണ്ടു പറഞ്ഞുംകൊണ്ടു താമസം ഒട്ടുംകൂടാതെ അങ്കമാലിക്കൽ എത്തുകയും യൊഗത്തിലുള്ള വിവാദകളും സൎഗ്ഗങ്ങളും കെട്ടു ഉടൻ ശെഷം വെണ്ടുന്ന കാര്യങ്ങൾക്കു വിചാരിപ്പാൻ ശെഷമുള്ളവരെക്കായിൽ മുന്നു മുട്ടത്തുകാരൻ ചാക്കൊക്കത്തനാരു പുറപ്പെടുകയും ചെയ്യുന്നു. അപ്പൊഴെ ചാക്കൊക്കത്തനാരു കാര്യവകതിരിവും വിവെകവുമുള്ള ആളാകുന്നുവെന്നു യൊഗത്തിന്നു പ്രസിദ്ധമായിരിക്കകൊണ്ടു അയാൾ യൊഗത്തിന്നു വന്നെത്തുകയും കാര്യവിചാരത്തിന്നു തുടങ്ങുകയും ചെയ്തതിനാംപക്കം പാരം സന്തൊഷപ്പെട്ട യൊഗത്തിന്നു ഇത്രപ്പൊഴമുണ്ടായ കലക്കമൊക്കയും നീങ്ങി ജാതിക്കും നമ്മുടെ ലൊകൎക്കും വെണ്ടുന്ന കാര്യമൊക്കയും വിചാരിച്ചു നിതാനം വരുത്തമെന്നു നിരുപിച്ചിരിക്കുന്ന മദ്ധ്യെ ഏതുപ്രകാരമെന്നുണ്ടായില്ല ഇത്രനെരവും പരഹസ്യത്തിൽ പറഞ്ഞുവന്ന കാര്യം രഹസ്യത്തിലും പള്ളിയിൽ യൊഗംകൂടി പറഞ്ഞുവന്ന കാര്യം പ്രത്യെകമുള്ളവർ വെറെകൂടി അതതുമുറികളിൽവച്ചും പകലിൽ പറഞ്ഞുവന്ന കാര്യം രാത്രിയിലും ആയി വന്ന അതതു മൂലകളിൽ മിത്രങ്ങൾ വൎദ്ധിക്കയും ചെയ്തു. ഇതിനിടയിൽ വരാരപ്പിള്ളി ചാക്കൊ തന്റെ ധ്യാനപുസ്തകമെടുത്തു മിശിഹായുടെ ഭംഗപ്പാടും മററും പല ഭക്തിമയുള്ള മററും പല വസ്തുക്കളും വായിക്കയും മന്ത്രസംസാരത്തിൽ കൂടാത്ത ശെഷമുള്ള ജനങ്ങളൊക്കയും പള്ളിയുടെയും ജാതിയുടെയും കാര്യത്തിന്നല്ലാ പിന്നയൊ ധ്യാനനമസ്കാരത്തിന്നു കൂടിയിരിക്കുന്ന ജനങ്ങൾ എന്നപൊലെ വായനകെട്ടു ധ്യാനിക്കയും ചെയ്തുവരുന്നു.

ഇങ്ങനെ യൊഗത്തിൽ മന്ത്രങ്ങളും ധ്യാനങ്ങളും നമസ്കാരങ്ങളുംആയി കഴിഞ്ഞ സമയത്തു യൊഗത്തിലുള്ള പാതിരിമാ

1. തമിഴ്.

www.malankaralibrary.com

രുടെ ഒളിദൃതന്മാരു വരാപ്പുഴക്ക ആളയച്ചു ഇപ്പൊൾ താമസം കൂടാതെ പാതിരിമാരു അങ്കമാലിക്കൽ എത്തിയാൽ തങ്ങൾ വിചാരിച്ചവണ്ണം കാര്യമൊക്കയും സാധിച്ചുകൊള്ളാമെന്നു അറിയിച്ചാറെ ഉടൻതന്നെ പാതിരിമാരു എല്ലാവരുംകൂടെ കൂടി വിചാരിച്ചാറെ റൊമ്മായിൽ നിന്നു മലങ്കരയുള്ള പാതിരിമാരുടെ മര്യാദി തിരിഞ്ഞറിയത്തക്കവണ്ണം മെൽവിചാരിപ്പാനായിട്ടു വന്ന ലെഔറെന്തിയൊസ യുസ്തിന്നിയാനിയെന്ന പാതിരിയെയും അയാളൊടുകൂടെ യൊഹന്നൻ ദെ സന്ത മർഗ്ഗറീത്ത എന്ന പാതിരിയെയും ലെഔറെന്ത്യൊസ ദെ സന്ത റൊസീന എന്ന പാതിരിയെയും ഇങ്ങനെ മൂന്നു പാതിരിമാരെ അങ്കമാലിയിലെക്ക യാത്രയാക്കുകയും ചെയ്തു.

എന്നാൽ ഈ പാതിരിമാരും അങ്കമാലിക്കൽ വരുവാനായിട്ടു വള്ളംവഴി പുറപ്പെട്ടു അങ്കമാലിക്കൽ പള്ളിയുടെ കടവിൽ വന്നുംകൊണ്ടു തങ്ങൾ വന്നിട്ടുള്ള പ്രകാരം തങ്ങളുടെ പക്ഷക്കാരൊടും അങ്കമാലിക്കൽ പള്ളിക്കാറരൊടും അറിയിച്ചതിന്റെ ശെഷം പാതിരിമാരു പള്ളിക്കാറരൊടു ഏറക്കുറയം കാട്ടിയ ആളുകളാകകൊണ്ടും ഇതു കാരണമായിട്ടു അവരൊടു മറുയൊഗം കൂടി ഇരിക്കുന്നതുകൊണ്ടും മര്യാദിയുള്ള ഘൊഷത്തൊടുകൂടെ [1] പരഹസ്യമായിട്ടു അവരെ കൈക്കൊള്ളുവാൻ പാതിരിമാരുടെ പക്ഷക്കാറരും അങ്കമാലിക്കൽ പള്ളിക്കാറരും അറപ്പുകെട്ടില്ലാ. എങ്കിലും രഹസ്യമായിട്ടു രാത്രിയിൽ ചെന്നു അവരെ കൂട്ടിക്കൊണ്ടുവന്നു മെത്രാന്റെ പള്ളിയുടെ പടിപ്പുരമാളികയിൽ [2] അവരെ ആക്കുകയും ചെയ്തു.

## വിചാരം

ഈ എഴുത്തുപെട്ടത വിചാരിച്ചുകണ്ടാൽ അങ്കമാലിക്കൽ പള്ളിക്കാറരുടെ മനസെന്തായിരുന്നുവെന്നു പരഹസ്യമായിട്ടറിയുകയുമാം. അതെന്തെന്നാൽ പാതിരിമാരു തങ്ങളൊടു വരാപ്പുഴ വച്ചു കാട്ടിയ ഏറക്കുറയത്തിന്നു കുറെ ഒരു വഴക്കം പറയിച്ചതിന്റെ ശെഷം പാതിരിമാരൊടു നിരന്നു അവരെത്തന്നെ കണ്ടു വഴങ്ങണമെന്നും ആയതു സാധിപ്പാനും പാതിരിമാരെക്കൊണ്ടു വഴക്കം പറയിപ്പാനും തങ്ങൾതന്നെ ശ്രമിച്ചാൽ സാധിക്കയില്ലെന്നു കാണുകകൊണ്ടത്രെ ശെഷം പള്ളിക്കാറരെ വി

1. മലബാറിലെ പള്ളികൾ സന്ദർശിച്ചപ്പോഴൊക്കെ അത്യാഘോഷപൂർവമാണ് പാതിരിമാരെ സ്വാഗതം ചെയ്തിരുന്നത്.
2. ഹൈന്ദവക്ഷേത്രങ്ങൾക്കെന്നപോലെ പുരാതന ക്രിസ്തീയ ദൈവാലയങ്ങൾക്കും പടിപ്പുരമാളികകൾ ഉണ്ടായിരുന്നു. ക്രിസ്ത്യാനികളുടെ പ്രത്യേകാവകാശമായിരുന്നു ഇത്.





[illegible]ിപ്പതെന്നും എല്ലാവക്കും അറികയുമാം. ആയതല്ലാതെ മറെറാന്നും തങ്ങളുടെ മനസിൽ ഉണ്ടായിരുന്നു എങ്കിൽ യൊഗം [illegible]ാധിരാതെ³ അർദ്ധരാത്രിയിൽ പാതിരിമാരെ കൊണ്ടുവരുവാനും അവർക്ക പൊറുപ്പാൻ പടിപ്പുരമാളിക ഒഴിഞ്ഞു കൊടുപ്പാനും സംഗതി ഒട്ടും ഉണ്ടായിരുന്നതുമില്ല.

## നാലാം പദം

**അങ്കമാലിക്കൽ കൂടിയ പള്ളിക്കാറരുടെ പക്കൽ ഇടപ്പള്ളിൽ പള്ളിയുടെ യൊഗം വന്ന തങ്ങളുടെ സങ്കടം യൊഗസമൂഹത്തെ ബൊധിപ്പിച്ചു എന്നതിന്മെൽ**

മാർ ഫ്ലൊരെൻസിയൊസ എന്ന അരയപ്പൊലീസ എന്ന ദെശത്തിന്റെ മെത്രാൻ മലങ്കരയിടവകക്കും കൊച്ചി ഇടവകക്കും [1] വികാരിഅപ്പസ്തൊലിക്കായായി വരാപ്പുഴ ജീവിച്ചിരിക്കുന്ന നാളുകളിൽ മർത്ത ത്രെസ്യാ പുണ്യവാളത്തിയുടെ പെരുന്നാൾ ദിവസം വന്നാറെ തങ്ങളുടെ ദർശനം സ്ഥാപിച്ച പാഴ്വരുത്തിയ[2] പുണ്യവാളത്തിയുടെ പെരുന്നാൾ ദിവസമാകകൊണ്ടു പാതിരിമാരൊക്കെയും വരാപ്പുഴപള്ളിയിൽകൂടി പെരുന്നാളു ഘൊഷിച്ചു റാസകുറുവാനയും ചൊല്ലികഴിഞ്ഞതിന്റെ ശെഷം കീഴമര്യാദപൊലെ പൊന്നുകൊണ്ടുള്ള അരുളിക്കായുടെ അകത്തു ശുദ്ധമാനകുറുവാന വിശ്വാസകാറരുടെ ഭക്തിമസ്സു വെളിവിൽ ഇറക്കി പള്ളിയുടെ ത്രൊണൊസിന്മെൽ വെക്കയും ആയതിന്റെ ശെഷം പാതിരിമാരെല്ലാവരും ഭക്ഷണത്തിന്ന പൊകയും ചെയ്തു.

എന്നാൽ പെരുന്നാൾഘൊഷത്തിന്ന പുറമെയുള്ള ഇടവകകളിൽനിന്ന പട്ടക്കാറരും അമ്മെനികളും കൂടുകയും അവരുടെ ഇടയിൽ ഇടപ്പള്ളിൽ പള്ളിയുടെ വികാരി ആകുന്ന കല്ലൂർക്കാട്ടുകാരൻ³ ചാക്കൊകത്തനാരുകൂടെ ഉണ്ടായിരിക്കയും പെരുന്നാൾ കഴിഞ്ഞു തങ്ങൾ തങ്ങളുടെ ഭവനത്തിലെക്ക ജനങ്ങൾ എല്ലാവരും പൊയപ്പൊൾ ഇയാളും തന്റെ ഇടവകയാകുന്ന ഇടപ്പള്ളിക്ക പൊകയും ചെയ്തു.

3. പിരിയാതെ
1. 'മലങ്കരയിടവകയ്ക്കും കൊച്ചിഇടവകയ്ക്കും വികാരി അപ്പസ്തൊലിക്ക' ഇടവക എന്നത് ഇവിടെ രൂപതയെന്നർത്ഥമാകുന്നു. മലങ്കരയിടവകയെന്നതു കൊടുങ്ങല്ലൂർ രൂപതയെ ഉദ്ദേശിക്കുന്നു. കൊച്ചി രൂപതയെ പ്രത്യേകം പരാമർശിക്കുന്നുണ്ടല്ലോ.
2. ക്രമീകരിച്ച
3. ചമ്പക്കുളത്തു പുത്തൻപുരയ്ക്കൽ ചാക്കോ കത്തനാർ ഇക്കാക്കൊ, കുഞ്ഞാക്കൊ എന്നീ പേരുകളിലും അദ്ദേഹം അറിയപ്പെട്ടിരുന്നു.

www.malankaralibrary.com

അപ്പൊഴൊ പാതിരിമാരൊക്കയും ഭക്ഷണം കഴിഞ്ഞ സന്തൊഷവുമായി സന്തൊഷത്തിന്റെ മഹിമകൊണ്ടന്നത്തെ ദിവസം പള്ളി പൂട്ടുവാൻ ഉള്ളതു ആരും ഓർത്തതുമില്ലാ. ഇങ്ങനെ പിറെറദിവസം നെരംവെളുത്തു നൊക്കിയപ്പൊൾ പള്ളി തുറന്നുകിടക്കയും ചെയ്തു. ത്രൊണൊസിന്മെൽ വെച്ചിരുന്ന ശ്രുദ്ധമാനകുർബാനയും അതിനൊടു കൂടെയുള്ള പൊന്നുകൊണ്ടുള്ള അരുളിക്കായും കണ്ടതുമില്ല. എന്നവരുമ്പൊൾ ഈ അവസ്ഥ കൊണ്ടു എത്രയും വിചാരവും അന്വെഷണവുമായി പലപല പ്രകാരത്തിലും ക്ലെശിച്ചുവരുന്നമദ്ധ്യെ ഏതു പ്രകാരമെന്നുണ്ടായില്ലാ ഇടപ്പള്ളിൽ പള്ളിയുടെ വികാരി ചാക്കൊകത്തനാരുടെ മെൽ സംശയം വീഴുകയും ചെയ്തു.

ഇതിന്റെ ശെഷം ഉടൻതന്നെ മെത്രാൻ ഇടപ്പള്ളിക്കു ആളയച്ചു ചാക്കൊകത്തനാരെ വരുത്തി ചൊദിച്ചാറെ താൻ ആയതൊന്നും അറിഞ്ഞിട്ടില്ലെന്നും പാതിരിമാരൊക്കയും ഭക്ഷണം കഴിഞ്ഞു ഉറക്കത്തിന്നു പൊകകൊണ്ടത്രെ താൻ പെരുനാൾക്കു വരാപ്പുഴെ വന്നാറെ യാത്രചൊല്ലിക്കൊള്ളാതെ ഇടപ്പള്ളിക്കു പൊയതെന്നും പരമാത്ഥമായി പറഞ്ഞാറെ മെത്രാനും പാതിരിമാരും നെരു ബൊധിച്ചു ചാക്കൊകത്തനാരെ അയക്കയും ചെയ്തു. എന്നാൽ പാതിരിമാരിൽ ഒരുത്തൻ പ്രഞ്ചിസ്ക്കൊസ സല്ലെസ്യൊ ചാക്കൊകത്തനാരെ വരുത്തിയനെരത്തു വരാപ്പുഴെ ഇല്ലാഞ്ഞു. ഇതിന്റെ ശെഷം അയാൾ വരാപ്പുഴക്കു വന്നു ഈ ഉണ്ടായ വർത്തമാനം കെട്ടപ്പൊൾ ചാക്കൊകത്തനാരത്രെ അരുളിക്കാ കട്ടതെന്നും ആയതുകൊണ്ടു വീണ്ടും അയാളെ വരുത്തി ശൊധന ചെയ്യണമെന്നുംവച്ചു ഇടപ്പള്ളിക്കു വീണ്ടും ആളയച്ചു. അയാളെ രണ്ടാമതു വരുത്തിയാറെ അയാളെ പല പല ദുഷ്ക്രമങ്ങൾചെയ്തു ശൊധനചെയ്തു കാണണമെന്നും സല്ലെസപാതിരി നിശ്ചയിച്ചിരിക്കുന്ന പ്രകാരം ചാക്കൊകത്തനാരറിഞ്ഞാറെ തനിക്കുണ്ടായ ഭയത്തിന്നുടെ ഊററംകൊണ്ടു മറെറതും വിചാരിക്കാതെ മെത്രാനൊടും പാതിരിമാരൊടും യാത്രചൊല്ലിക്കൊള്ളാതെ വീണ്ടും ഇടപ്പള്ളിക്കുതന്നെ തിരികെപൊയിട്ടും ഭയത്തിന്നുപതം വരായ്കകൊണ്ടു ഇടപ്പള്ളിൽ സ്വരൂപത്തെ തനിക്കുള്ള ഈ അമളി ബൊധിപ്പിച്ചാറെ സ്വരൂപവും തന്റെ ഇടത്തിൽ തന്നെ അയാളെ കൈയ്യൊണ്ടു അയാളെ തണുപ്പിക്കയും ചെയ്തു.

എന്നാൽ ചാക്കൊകത്തനാരു ചെയ്ത ഈ പ്രവർത്തി മെത്രാനും പാതിരിമാർക്കും തന്റെ മെലുള്ള സംശയം ഉറപ്പിക്കയും ചെയ്തു. അതെന്തെന്നാൽ ചാക്കൊകത്തനാർക്കു അരുളിക്കാ മൊഷ്ടിച്ചിട്ടില്ലാ എന്നുള്ള പരമാർത്ഥം ഉണ്ടായിരുന്നുവെങ്കിൽ ഒളിച്ചുപൊകുവാൻ ദിഷ്ടതിയില്ലെല്ലൊ. ആയതും വച്ചു ഒളിച്ചു



പൊയതിനാൽ താൻ മൊഷ്ടിച്ചെന്നുള്ള വെവസ്ഥ[4] യത്രെയാകുന്നുവെന്നും മെത്രാനും പാതിരിമാരും വിചാരിക്കയും ചെയ്തു.

### വിചാരം

എന്നാൽ ഇങ്ങനെയുള്ള വിചാരം ചിലപ്പൊൾ പട്ടാങ്ങ ആയിരിക്കുമെങ്കിലും മിക്കപ്പൊഴും കാര്യത്തിന്റെ അവസ്ഥ സൂക്ഷിച്ചുകണ്ടാൽ ഭൊഷത്വമായിരിക്കയും ഒട്ടെറെയും മുഷ്ക്കരത്വമുള്ള ആളും തന്റെ മുഷ്ക്കരത്വത്തിന്നുകീഴുള്ള ആളും തമ്മിൽ ഉണ്ടാകുന്ന കാര്യത്തിൽ ഇതു പരമാർത്ഥമായിരിക്കയും ചെയ്യും. അതെന്തെന്നാൽ ഭയമെന്നൊരു വസ്തു എത്രയും വലിയതും ആയതിന്റെ ഉഗ്രമം വരുന്നെരത്തു താൻ എന്തു ചെയ്യുന്നെന്നുള്ളതിനെ മാനുഷൻ വിചാരിപ്പാറുമില്ലാ. എന്നാൽ ശിക്ഷിപ്പാൻ തുടങ്ങുന്ന ആളുകൾ കടുമപ്പെട്ടവരും അവിവെകികളും ആകുന്നപക്ഷത്തിൽ പരിഭ്രമം ഏററി ഇരിക്കയും ചെയ്യും. ആയതും ശുദ്ധമാന പുസ്തകംകൊണ്ടുതന്നെ നമുക്കു അറികയുമാം. അതെന്തെന്നാൽ ദാവിദ്‌രാജാവു പുണ്യവാനും ആരൊടും ഒരു തിന്മ ഭാവിക്കാത്ത ആളും ആയിരുന്നിട്ടും പലപ്പൊഴും തന്റെ ആയുസ്സു കാപ്പാനായിട്ടു ചാവൊൽ രാജാവിന്റെ മുന്നിൽനിന്നു ഓടി ഒളിക്കയും ചെയ്തു. അതിൻവണ്ണംതന്നെ ചാവൊൽ രാജാവും പടയിൽ ശത്രുക്കൾ തന്നെ പിടിച്ചു ശൊഭകെടു[5] ചെയ്യുമെന്നു കണ്ടാറെ വാലിപക്കാററിൽ ഒരുത്തന്റെ കയ്യാൽ മരണം കൈക്കൊള്ളുവാൻ മനസ്സാകുകയും ചെയ്തു. ഇതും ഇങ്ങനെയുള്ള മററും പലതും വിചാരിച്ചുകണ്ടാൽ മെൽപറഞ്ഞ വിചാരം മിക്കപ്പൊഴും ഭൊഷത്വമായിരിക്കുമെന്നുള്ള പട്ടാങ്ങ അറികയുമാം.

ഇങ്ങനെ ചാക്കൊകത്തനാരുടെ നെരെ മെത്രാന്റെയും പാതിരിമാരുടെയും സംശയം ഉറക്കയും ചാക്കൊകത്തനാരും തനിക്കുള്ള ഭയംകൊണ്ടു എടപ്പള്ളിൽ രാജാവിന്റെ ആശ്രമത്തിൽ പുക്കു അവിടെ വസിക്കയും ചെയ്തതിന്റെശെഷം ബലത്താലെ അവിടെനിന്നു ചാക്കൊകത്തനാരെ ഇറക്കി വരാപ്പുഴക്കു കൊണ്ടുവരണമെന്നും കല്പിച്ചു ആയതിന്നു പാതിരിമാരിൽ ഒരുത്തൻ അതായതു പിന്നെ ജെമ്മനീസിയ എന്ന നാട്ടിന്റെ മെത്രാനും മലങ്കരഇടവകയുടെ വികാരി അപ്പസ്തൊലിക്കായും ആയിവന്ന പ്രഞ്ചിസ്ക്കൊസ സല്ലെസിയൊ എന്ന പാതിരി തുനിഞ്ഞു പുറപ്പെട്ടു പണ്ടൊരുനാളും കെട്ടിട്ടില്ലാത്തപൊലെ ഏററിയ മാർക്കക്കാരെയുംകൂട്ടി പടവെട്ടി നാടുപിടിപ്പാൻ പുറപ്പെടുന്നപൊലെ ആയുധങ്ങളൊടുംകൂടെ പുറപ്പെട്ടു ഇടപ്പള്ളിസ്വരൂപത്തിന്റെ ഇടംവളഞ്ഞുംകൊണ്ടു ബലത്താലെ അവിടെനിന്നു

4. ശരി, പരമാർത്ഥം
5. ദേഹോപദ്രവം

www.malankaralibrary.com

ചാക്കൊകത്തനാരെ പുറപ്പെടുത്തി വരാപ്പുഴെകൊണ്ടുവന്നു അവിടെ മുറിയിൽ ഇട്ടു പൂട്ടി ഏറിയ ശൊഭകെടുകളും സങ്കടങ്ങളും അയാളൊടു ചെയ്തിട്ടും അയാൾ അരുളിച്ചാ എടുത്തു എന്നു പറയായ്കകൊണ്ടു തീനും കുടിയും ഒന്നുംകൂടാതെ പട്ടിണിയാൽ മരിക്കണമെന്നും വിധിച്ചു ഏറിയദിവസം ഭക്ഷണമൊന്നും കൊടുക്കാതെയും ഇങ്ങനെ ചാക്കൊകത്തനാരു തന്റെ മരണസമയം അടുത്തപ്പൊൾ കുമ്പസാരിച്ചു ശുദ്ധമാനകുറുവാന കൈക്കൊള്ളണമെന്നും അപെക്ഷിച്ചാറെ ആയത്തുകൂടയും സമ്മതിക്കാതെയും അപ്പടി കൊന്നതിന്റെ ശെഷം ഒരു പായിൽ പൊതിഞ്ഞുകെട്ടി പള്ളിക്കു പുറത്തെ പറമ്പിലുള്ള ഒരു കുളത്തിന്റെ മട്ടെച്ചു കുഴിച്ചിടുകയും ചെയ്തു.[6]

---

6. 1774-ൽ പ്രൊപ്പഗാന്താതിരുസംഘം മലബാറിലെ വികാരി അപ്പസ്തോലിക്കയ്ക്കും മിഷണറിമാർക്കും നൽകിയ നിർദ്ദേശത്തിൽ ഇപ്രകാരം പറയുന്നു: 'തടങ്കലും ബന്ധനവും ദണ്ഡനവും ഉൾപ്പെടെ അതിക്രൂരമായ രീതിയിലാണ് തങ്ങളോടു പെരുമാറുന്നത് എന്ന തദ്ദേശീയ വൈദികരുടെ പരാതി അറിഞ്ഞ് തിരുസംഘം അതിയായി വേദനിക്കുന്നു. ഈ ക്രൂരത കാട്ടിയത് അവിടത്തെ വൈദികരോടാണ്, പ്രവൃത്തി ചെയ്തതാകട്ടെ കർത്താവീശോമിശിഹായുടെ വിനയവും ശാന്തതയും ജീവിതമുദ്രയാക്കി ഏറ്റുപറയേണ്ട മെത്രാനും വൈദികരുമത്രേ. ആ രാജ്യത്തെ വൈദികരോടും സഭാനേതാക്കളോടും ക്രൂരമായി പെരുമാറുന്നതിൽനിന്നു പിന്തിരിയണമെന്നും ഭാവിയിൽ ഇതാവർത്തിക്കരുതെന്നും തിരുസംഘം അതികർശനമായി വികാരി അപ്പസ്തോലിക്കയെയും മിഷണറിമാരെയും കല്പിച്ചറിയിക്കുന്നു. നിയമാനുസൃതമായ തെളിവെടുപ്പിൽ കുറ്റക്കാരെന്നു കണ്ടവരെ ശിക്ഷിക്കുമ്പോൾ ശാന്തതക്കും ഉപവിക്കും യോജിച്ച ശിക്ഷാരീതികളേ പാടുള്ളു. വൈദേശികമായ ഒരു വ്യക്തിസഭയിലെ അധികാരികളാൽ ഭരിക്കപ്പെടുക എന്ന നുകംപേറുന്ന ഈ ജനതയെ പ്രകോപിപ്പിക്കാതെ വിവേകപൂർവം തീരുമാനമെടുക്കാൻ ശ്രദ്ധിക്കണം. കത്തോലിക്കാ കൂട്ടായ്മയിൽനിന്ന് ഒററയടിക്ക് വേറിട്ടുപോകാതെ ഐക്യത്തിൽ കഴിയുന്നത് അവരുടെ നിശ്ചയം ഒന്നുകൊണ്ടുമാത്രമാണെന്നും ഓർക്കണം'.

ചാക്കോകത്തനാരുടെ പ്രശ്നം തിരുവിതാംകൂർ രാജാവിന്റെ മന്ത്രി 1787-ൽ ശ്രവിക്കുകയുണ്ടായി. പ്രൊപ്പഗാന്താ തിരുസംഘത്തിന് 1787 മെയ് 7-ാം തീയതി അന്നത്തെ വികാരി അപ്പസ്തോലിക്കയും മിഷണറിമാരും എഴുതിയ കത്തിൽ ദൈവനിന്ദാപരമായ പല മോഷണക്കുററങ്ങളും ചുമത്തി മുറിയിൽ അടയ്ക്കപ്പെട്ടു മരിച്ച സുറിയാനികത്തനാരുടെ കാര്യത്തിൽ മെത്രാനും പാതിരിമാർക്കും വിശ്വാസികൾക്കുമാണ് ഉത്തരവാദിത്വം എന്നു പറയുന്നു.

കത്തനാരുടെ മരണത്തിനു് ഇടവരുത്തിയതിൽ തിരുവിതാംകൂർ ഗവണ്മെൻറിന് പിഴയടക്കുവാൻ കർമ്മലീത്താമിഷണറിമാരായ പൗളിനുസച്ചനും ജോണച്ചനും വാഗ്ദാനം ചെയ്തതായി പറയുന്ന 1787 ലെ ഒരു രേഖ മലബാർ ക്രിസ്ത്യാനികൾ ഹാജരാക്കുന്നുണ്ട് (എം. ഒ. ജോസഫ്, തച്ചിൽ മാത്തുത്തരകൻ, കോട്ടയം, 1962 p206).



## വിചാരം

ഈ ഉണ്ടായ കാര്യം സൂക്ഷിച്ചുവിചാരിച്ചുകണ്ടാൽ എത്രയും പത്തമുള്ള നമ്മുടെ മാർഗ്ഗത്തിനു ചെരാത്ത പ്രവൃത്തിയത്രെയാകുന്നതുമൊഴിയെ പണ്ടുപണ്ടെയുള്ള മലങ്കരപള്ളിയുടെ മര്യാദിയൊടും ശുദ്ധമാനപള്ളിയുടെയും ലൊകന്യായത്തിന്റെയും കാനൊനാകൾ ഒക്കെയൊടും മറുത്തുമത്രെ ആയിരിക്കയെും ചെയ്യുന്നു. അതെന്തെന്നാൽ വാച്ചു കടമപ്പെട്ടു കുററമുണ്ടായാലും നാലുപള്ളിക്കാരെ കെട്ടു വിധിപ്പൊളും ശിക്ഷയൊന്നും ഉണ്ടാകുമാറില്ലെന്നുള്ളതു മലങ്കര ഇടവകയിൽ പണ്ടു പഴമയിലെ ഉള്ള മര്യാദി എല്ലാവർക്കും പ്രസിദ്ധമായിരിക്കയെും കുറഞ്ഞാൽ രണ്ടു സാക്ഷികൾ കൂടാതെ കുററക്കാരന്റെ മൊഴിയൊടു മറുത്ത അവനെ ശിക്ഷിച്ചുകൂടാ എന്നു പള്ളിക്കടുത്തതും ലൊകത്തിനടുത്തതുമായ കാനൊനാകളൊക്കയും കല്പിച്ചിരിക്കുമ്പൊൾ എത്രയും വലിയ ഈ കാര്യത്തിൽ ആരും കെട്ടു കാര്യം വിധിക്കാതയും മതിയാകുന്ന ഒരു സാക്ഷിയെങ്കിലും കൂടാതയും എടപ്പള്ളിൽ വികാരി ചാക്കൊകത്തനാരെ ബലത്താലെ വരുത്തി മുറിയിൽ പട്ടിണിക്കിട്ടു ഏറിയ ദുഷ്ക്രമങ്ങളൊടും കൂടെ കൊന്നതു നിരുപിച്ചുകണ്ടാൽ ഇക്കാലത്തിലുള്ള മലങ്കരക്കാററുടെ പിടിയായ്കയും മെത്രാന്റെയും പാതിരിമാരുടെയും മുഷ്കമെന്നത്രെ പറയെണ്ടു. ഇതുമൊഴിയെ മരണസമയത്തു ചാക്കൊകത്തനാർ കുമ്പസാരവും ശുദ്ധമാനകുർവാനയും അപെക്ഷിച്ചാറെ ആയത്തു സമ്മതിക്കാഞ്ഞത എത്രയും കനപ്പെട്ട ദയ്‌വകല്പനയൊടും കൂടപ്പിറപ്പിനടുത്ത ഉപവിയൊടും മറുമറുത്തുള്ള ദൊഷമായിരിക്കയെും ചെയ്യുന്നു.

എന്നാൽ ചാക്കൊകത്തനാരൊടു ഇങ്ങനെ ചെയ്തഹെതുവാൽ എടപ്പള്ളിൽ പള്ളിക്കാററു സങ്കടം പറകകൊണ്ടും ഇതുമെന്നിയെ മുമ്പിൽ സപ്ലെസപാതിരി ഏറിയ ആളുകളൊടും പടസന്നാഹത്തൊടും കൂടെ ചാക്കൊ കത്തനാരെ പിടിപ്പാനായിട്ടു എടപ്പള്ളിക്കു ചെന്നപ്പൊൾ കുററമൊന്നും സാക്ഷിക്കാതയും കാര്യത്തിന്റെ പരമാർത്ഥമറിയാതയും തങ്ങളുടെ ഇടയനാകുന്ന ചാക്കൊകത്തനാരെ ബലത്താലെ പിടിപ്പാൻ വന്നെന്നു കാൺകകൊണ്ടും ആയത്തുവരുത്താതെ ഇരിപ്പാൻ തങ്ങളാൽ ആകുംവണ്ണം ശ്രമിക്കകൊണ്ടും മെത്രാനും പാതിരിമാരും ഇടപ്പള്ളിൽ യൊഗത്തൊടു മറുത്ത പള്ളിയുടെ താഴക്കൊൽ യൊഗത്തൊടു വാങ്ങി മാർക്കക്കൊർക്കു കൊടുക്കണമെന്നിട്ടു ശ്രമിക്കയെും. യൊഗവും ആയത്തുകൊണ്ടു ഭയപ്പെട്ടു പള്ളിയുടെ താഴക്കൊൽ ഇടപ്പിള്ളിൽ സ്വരൂപത്തിന്റെ മുൻപാകെ കൊണ്ടുചെന്നു വച്ചതിനാലെ മെത്രാനും പാതിരിമാരും കലഹിച്ചു ഇടപ്പള്ളിപള്ളി മുടക്കുകയും ചെയ്തു. ഇങ്ങനെ സ്വല്പംനാൾ പള്ളി മുടങ്ങിക്കിടന്നതിനാലെ പള്ളി

www.malankaralibrary.com

ക്കാറരു മനസ്സുമുട്ടി പള്ളി നടത്തണമെന്നും തങ്ങൾ ഏതാനും പിഴച്ചിട്ടുണ്ടെങ്കിൽ കല്പിക്കുംവണ്ണം പ്രായശ്ചിത്തം ചെയ്യാമെന്നും പലപ്പൊഴും പള്ളിക്കാറരു അപെക്ഷിച്ചാറെ ആയത്തു സമ്മതിച്ചതുമില്ലാ എന്നതുകൊണ്ടു അങ്കമാലിക്കൽ യൊഗംകൂടുന്നപ്രകാരം തങ്ങൾ അറിഞ്ഞപ്പൊൾ ഇതു നല്ലസമയമെന്നു കണ്ടു അങ്കമാലിക്കൽ തങ്ങളും എത്തി യൊഗ സമൂഹത്തൊടു തങ്ങളുടെ സങ്കടം പറകയും യൊഗവും അവരുടെ ആവലാധികൈക്കൊണ്ടു ശെഷമുള്ള കാര്യങ്ങൾക്ക നിതാനം വരുത്തുമ്പൊൾ അവരുടെ കാര്യത്തിന്നുംകൂടെ നിതാനം വരുത്തിതരാമെന്നു കയ്യെൽക്കയുംചെയ്തു[1].

### വിചാരം

എന്നാൽ ഇടപ്പള്ളിക്കാറരു ചെയ്ത പ്രവർത്തി സൂക്ഷിച്ചു കണ്ടാൽ കുററത്തിന്നു തക്ക പ്രവർത്തി ഒന്നും അവർ കാട്ടിയില്ലാ എന്നുതന്നെയല്ലാ പിന്നെയൊ ദെയ്‌വകല്പനയ്ക്കും വർഗ്ഗന്യായത്തിന്നും എത്രയും അടുത്തൊരു പ്രവർത്തിയാകുന്നു. അതെന്തെന്നാൽ ഞെരുക്കമുള്ള നെരത്തു തങ്ങളുടെ കാരണവന്മാരെയും ഗുരുക്കളാകുന്ന ജനങ്ങളെയും സഹായിക്കണമെന്നു ദെയ്‌വം നമ്മൊടു കല്പിച്ചിരിക്കയും വർഗ്ഗംതന്നെ നമ്മെ പഠിപ്പിക്കയും ചെയ്യുന്നതിനെക്കൊണ്ടു തങ്ങളുടെ ഇടയനാകുന്ന പട്ടക്കാരനെ അന്യായമായിട്ടു പിടിച്ചു ശൊഭകെടു വരുത്തുമെന്നുകണ്ടു പക്ഷത്തിൽ ആയത്തു വരാതെ ഇരിപ്പാനുള്ളതിന്നു തങ്ങൾ ആകുന്ന പ്രയത്നം ചെയ്തതും എത്രയും ന്യായമായിരിപ്പൊരു പ്രവർത്തി ആകുന്നതും എന്നപോലെതന്നെ പണ്ടുപണ്ടെ തങ്ങളുടെ കാരണവന്മാരു പണിയിച്ചിരിക്കുന്ന പള്ളിയുടെ താഴക്കൊൽ സിദ്ധാന്തമായിട്ടു തങ്ങളൊടു പിടിച്ചുപറിച്ചു ആർക്കാനും അതിനെ കൊടുക്കുമെന്നു കണ്ടാറെ പള്ളിയുടെ താഴക്കൊൽ സ്വാശ്രൂപത്തിങ്കൽ കൊണ്ടുചെന്നുവച്ചതിന്നും കുററമില്ലെന്നറിയപ്പെട്ടൊരു കാര്യമായിരിക്കയും ചെയ്യുന്നു. അതെന്തെന്നാൽ ആരൊരുത്തരും അന്യായമായിട്ടു ഒരു കാര്യം ആരൊരുത്തരൊടും കാട്ടുവാൻ തുടങ്ങുന്നനെരത്തിൽ ഈ അന്യായം നീക്കി കാത്തു രക്ഷിച്ചു ന്യായം നടത്തുവാനായിട്ടു ഭൂമിയിൽ രാജാക്കളെ ഉടയതമ്പുരാൻ കല്പിച്ചിരിക്കയും ഈ മുഷ്‌ക്കരത്വത്തിന്നു മാർ പൌലൊസു ചൊല്ലുംപൊലെ മാർപ്പാപ്പാ ആയാലും മെത്രാനായാലും ഒരു ഏറക്കുറവുകൂടാതെ എടപ്പള്ളിക്കാരൊടു അന്യായമായിട്ടു മെത്രാനും പാതിരിമാരും തുടങ്ങുന്നതു അനുഭവിക്കാതെ ഇരിപ്പാൻ എല്ലാവരും കീഴ്‌വഴങ്ങപ്പെട്ടിരിക്കയും ചെയ്യുന്നതിനാംപക്കം ന്യായകാരനാകുന്ന സ്വാശ്രൂപംമുഖെന താഴക്കൊൽ വച്ചതിനാലെ തങ്ങൾ കുററംകാട്ടി എന്നുള്ളതു ആർക്കും പറഞ്ഞുകൂടാ താനും. എന്നാൽ ഇങ്ങനെ ന്യായമായി

---

1. ചാക്കൊ അച്ചനെ വധിച്ചതിനു യോഹന്നാൻ, പൌളീനൂസ് എന്നീ പാതിരിമാർക്ക് തിരുവിതാംകൂർ ഗവൺമെൻറു പിഴശിക്ഷ കല്പിക്കുകയുണ്ടായി (962 മേടം 2).



[illegible] കാര്യത്തിൽതന്നെയും മാനുഷരുടെ പക്ഷപ്രതിയും അ[illegible]കവും കൊണ്ടും ലൊകബഹുമാനവും അഹങ്കാരവും വിചാരിപ്പും പലപ്പൊഴും മാനുഷർ അന്യായം കാട്ടുമാറാകുന്നു. ഇതിൻ[illegible]ംതന്നെ മാരിയൊ എന്ന പർസായക്കാരുടെ രാജാവ ദാനിയെൽനിവ്യായെ സിംഹങ്ങളുടെ കുഴിയിൽ ഇടുകയും പിലാത്തൊസുകാര്യക്കാരൻ മിശിഹാ കർത്താവിനെ കുരിശുമ്മെൽ [illegible]ിക്കൊല്ലത്തക്കവണ്ണം വിധിക്കയും ചെയ്തു.

## അഞ്ചാംപാദം

**പാതിരിമാരു അങ്കമാലിക്കൽ വന്നതിൻെറ ശെഷം ഉണ്ടായ വർത്തമാനത്തുമ്മെൽ**

മെൽപറഞ്ഞപൊലെ പാതിരിമാരു മൂന്നുപെരും അങ്കമാലിക്കൽ വന്നു പടിപ്പുരമാളികയിൽ പാർത്തുകൊണ്ടു ലെയൗറെന്ത്യാസ യുസ്തിനീയാനി എന്ന പാതിരി തന്നെ മലങ്കര ഇടവകയ്ക്ക മെൽവിചാരിപ്പായിട്ടു മാർപ്പാപ്പാ കല്പിച്ചയച്ചിരിക്കുന്നെന്നും ഇതു കാരണത്താൽ മലങ്കര പള്ളിക്കാറരും പാതിരിമാരുമായിട്ടുണ്ടായ അയർച്ച[1] കെട്ടു ന്യായം പൊലെ വിധിപ്പാനായിട്ടു അങ്കമാലിക്കൽ എത്തി എന്നും യൊഗത്തൊടറിയിച്ചാറെ താൻ മെൽവിചാരിപ്പായിട്ടു റൊമായിൽനിന്നു വന്നപ്രകാരം അറിവാൻ തൻെറ വാക്കൊഴിയെ മറെറാരടയാളമില്ലെന്നും ആയത്തു തങ്ങൾക്ക വിശ്വസിപ്പാൻ മതിയല്ലെന്നും യൊഗം ഉത്തരിക്കയും ചെയ്തു. എന്നാൽ ഈ ഉത്തരം ലെയൗറന്ത്യാസപാതിരി കെട്ടാറെ റൊമായിൽനിന്നു തനിക്കുള്ള പിടിപാടുസാധനവും കല്പനകളും യൊഗത്തിൻെറ മുൻപാകെ വായിക്കുന്നതു പൊരായ്മയെന്നു ഭാവിച്ചു യൊഗത്തിൽ കൂടിയ പട്ടക്കാററരിൽ ഒരുത്തൻ പാറയാംമാക്കൽ തൊമ്മൻ കത്തനാരെ വെറെ വിളിച്ചു റൊമായിൽ നിന്നു തനിക്കുള്ള പിടിപാടുസാധനം അയാളെ കാട്ടി വായിപ്പിച്ചു. ആയത്തുകണ്ടു വായിച്ച പ്രകാരം യൊഗത്തെ ബൊധിപ്പിക്കണമെന്നു തൊമ്മൻകത്തനാരൊടു പറകയും തൊമ്മൻകത്തനാരും ആയവസ്ഥ യൊഗത്തൊടു അറിയിക്കയും ചെയ്തു.

ഇങ്ങനെ യൊഗം ലെയൗറെന്ത്യാസ യുസ്തിനിയാനി എന്ന പാതിരിക്ക റൊമായിൽ നിന്നുള്ള മുഷ്‌ക്കരത്വം യൊഗം അറിഞ്ഞതിൻെറ ശെഷം പാതിരിമാരും പള്ളിക്കാററും തമ്മിൽ നിരപ്പുവരുവാനുള്ളതിന്നു മെലിൽ നടക്കെണ്ടും പ്രകാരത്തിന്നു ചില കുട്ടം കാര്യങ്ങൾ പാതിരിമാരു യൊഗത്തിന്നു എഴുതിക്കൊടുത്താൽ നിരപ്പിനെ സമ്മതിക്കാമെന്നും ആയതിന്നു ഇന്നു ബഹുമാനപ്പെട്ട കൊടുങ്ങല്ലൂർ മെത്രാപ്പൊലിത്തായും അന്നു ആല

---

1. ശണ്ഠ

www.malankaralibrary.com

ങ്ങാട്ടു[1] സിമ്നാരിയിൽ മല്പാനമാകുന്ന[2] കരിയാട്ടിൽ മാർ യൗസെപ്പെന്ന ദെഹംകൂടെ വരണമെന്നും പള്ളിക്കാറരു പറഞ്ഞാറെ ഉടൻതന്നെ പാതിരിമാരു ആളയച്ചു കരിയാട്ടിൽ മല്പാനെ യൊഗത്തുങ്കൽ വരുത്തുകയും ചെയ്തു. എന്നാൽ കരിയാട്ടിൽമല്പാൻ വന്നു ജാതിക്കു ഒരു ഫലവും ബഹുമാനവും കൂടാതെ യൊഗം പിരിവാൻ സംഗതിയാകുന്ന പ്രകാരം കണ്ടാറെ വളരെ ക്ലെശമായി എങ്കിലും താനപ്പൊഴം പാതിരിമാരുടെ കീഴിൽ നിൽക്കുന്നതിനെക്കൊണ്ടും തനിക്കും വെണ്ടുവൊളം ശത്രുക്കൾ ഉണ്ടായിരിക്കകൊണ്ടും കാര്യം തന്റെ കൈക്കൽ അമരാത്തവണ്ണം ചെന്നു കലാശമായിരിക്കകൊണ്ടും വിശെഷിച്ചു ഒരു വസ്തു പറയാതെ അടങ്ങി യൊഗത്തിന്റെ മനസുപൊലെ കാര്യം വച്ചെക്കയും ചെയ്തു. എന്നാറെ മെൽനടപ്പിന്നു എഴുതിതരണമെന്നു പാതിരിമാരൊടു യൊഗം ചൊദിച്ച കാര്യങ്ങളാകുന്നതു. ഫ(1)-ാമതു മെൽനാളിൽ മെത്രാൻ കാലം ചെയ്താൽ വിവാദം ഒന്നും കൂടാതെ മലങ്കരപള്ളിക്കാർക്കു തന്നെ കൌറ സാധിപ്പാൻ അനുസരിക്കണമെന്നും വ(2)-ാമതു പട്ടക്കാറരിലും അമ്മെനികളിലും ആരാനും കഠിനമായ ഒരു കുററം കാട്ടിയാൽ നാലു പള്ളിക്കാറരു കെട്ടു വിധിക്കുന്നതിന്നു മുമ്പിൽ ശിക്ഷയൊന്നും ഉണ്ടാകരുതെന്നും ന(3)-ാമതുമലങ്കരപള്ളികളിൽ പെരുനാൾ ഘൊഷത്തിന്നു പാതിരിമാരു വന്നാൽ അരുളിക്കാ എടുപ്പാൻ പാതിരിമാരു പുറപ്പെടാതെ കുറുവാന ചൊല്ലുന്ന പട്ടക്കാറരു തന്നെ അരുളിക്കാ എടുക്കുന്നതിന്നു ഒരു വിഘ്നം വരുത്തിക്കൂടാ എന്നും ർ(4)-ാമതു പല അവകാശങ്ങൾകൊണ്ടും റൊമായിൽനിന്നു മാർപ്പാപ്പാ മലങ്കരെ കല്പിച്ച സിമ്നാരി വരാപ്പുഴെ ആക്കാതെ ആലങ്ങാട്ടു തന്നെ[3] ആയിരിക്കണമെന്നു മെൽനടപ്പിന്നു ഇതു നാലുകൂട്ടം കാ

---

1. കർമലീത്ത മിഷണറിമാരാണ് പ്രൊപ്പഗാന്തക്കു കീഴ് ആലങ്ങാട്ടെ സെമിനാരി ആരംഭിച്ചത്.
2. മല്പാൻ എന്നതിന് അധ്യാപകൻ എന്നോ ഡോക്ടർ എന്നോ അർത്ഥം. ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് ഉണ്ടായിരുന്ന ജോസഫ് കരിയാററിൽ ആലങ്ങാട്ടു സെമിനാരിയിൽ മല്പാൻ ആയിരുന്നു. 13 വയസ്സു പ്രായമുള്ളപ്പോൾ (1755 ൽ) റോമിൽ പ്രൊപ്പഗാന്തകോളജിൽ പഠനം ആരംഭിച്ചു.
3. ലോറൻസ് യുസ്തീനിയായുടെ റിപ്പോർട്ടിൽ ഈ നിബന്ധന കാണുന്നില്ല: അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ താഴെപ്പറയുന്ന ഉപാധികളാണുള്ളത്. 1 മലബാറുകാർക്കു മെത്രാന്മാരുടെ ശവസംസ്കാരം നടത്താം. 2 അവരുടെ വൈദികരെ മർദ്ദിക്കുകയോ താഴ്ന്ന ജാതിക്കാരാൽ മർദ്ദിക്കപ്പെടാൻ ഇടയാക്കുകയോ ജയിലിലടക്കുകയോ അവർക്കു ശവസംസ്കാരം നിഷേധിക്കുകയോ ഇല്ല. 3 മററു റീത്തിലോ ജാതിയിലോ പെട്ടവരെ കൽദായസുറിയാനി റീത്തിൻ പ്രകാരം പുരോഹിതരായി അഭിഷേകം ചെയ്യില്ല. 4 മലബാറുകാരായ പുരോഹിതർക്ക് പ്രദക്ഷിണങ്ങളിൽ തിരുശ്ശേഷിപ്പ് സംവഹിക്കാം. 5 സത്യമറിയാതെ ശിക്ഷയോ സമുദായത്തിൽനിന്നു ബഹിഷ്കരണമോ ഉണ്ടാവില്ല. 6 ഒരു മെത്രാൻ തിരസ്കരിക്കുന്നവരെ മററാരും പുരോഹിതരാക്കുകയില്ല (മെത്രാപ്പോലീത്ത വൈദികപട്ടം നിഷേധിച്ച ഒരാളെ വികാരി അപ്പസ്തോലിക്ക പുരോഹിതനാക്കി എന്നു പരാതി ഉയർന്നിരുന്നു).



ര്യവും എഴുതിതരണമെന്നും ഇടപ്പള്ളിൽ പള്ളിയുടെ മുടക്കം ഒഴിച്ചു നടപ്പുവരുത്തികൊടുക്കണമെന്നും യൊഗത്തിൽ കൂടിയ പള്ളിക്കാററിൽ പലരും പറകയും പാതിരിമാരും ഇതൊക്കയും സമ്മതിച്ചു ആയതിന്നു ഒരു കടുദാസിൽ ആയതൊക്കയും എഴുതി ലെഔറെന്ത്യൊസ യുസ്തിനിയാനി എന്ന മെൽവിചാരിപ്പു പാതിരിയും ശെഷം പാതിരിമാരു ഇരുവരും തങ്ങളുടെ കയ്യൊപ്പും മുദ്രികയും യൊഗത്തിന്നു കൊടുക്കയും ഈ എഴുത്തു ഇന്നെയൊളം അങ്കമാലി പള്ളിക്കൽ സൂക്ഷിച്ചിരിക്കയും ചെയ്യുന്നു. യൊഗത്തിൽ ചില പള്ളിക്കാർക്കു ഈ വിധി തെളിയായ്കകൊണ്ടു കാര്യം ഇതിൻവണ്ണം തീരുന്നതിന്നു മുമ്പിൽ യൊഗത്തിൽ നിന്നു അയർത്തു വാങ്ങി തങ്ങളുടെ ഇടവകകൾക്കു പൊകയും ചെയ്തു. ഇങ്ങനെ കാര്യം തീർന്നതിന്റെ ശെഷം കരിയാട്ടിൽ മല്പാൻ തങ്ങളുടെ ജാതിക്കാരൻ ആകകൊണ്ടും മലങ്കര ഇടവകക്കു അശ്രുപിക്കപ്പെട്ടത്ത ഉപകാരം ചെയ്തുവരികകൊണ്ടും റൊമായിൽനിന്നും തനിക്കു വരുന്ന മാസപ്പടിക്കു പാതിരിമാരു വാച്ചപ്രകാരത്തിൽ മുടക്കം വരുത്തിയാൽ കഴിവാൻ മററു വക ഇല്ലായ്കകൊണ്ടും തനിക്കു ഏതാനും ഒരു സഹായം ചെയ്യണമെന്നുവച്ചു പള്ളിക്കാററു തങ്ങൾ തങ്ങളുടെ മനസുപൊലെ മല്പാന്നു പണം ചാർത്തുകയും ചെയ്തു. എന്നാൽ ഉണ്ടായ

---

മൂന്നാം വ്യവസ്ഥ ചെത്തിപ്പുഴ കൈയെഴുത്തുപ്രതിയിൽ കാണുന്നത് ഇങ്ങനെയാണ്: 'എഴുന്നൂററിക്കാർ അച്ചന്മാരു സുറിയാനി സമ്പ്രദായങ്ങൾ സ്വീകരിക്കാൻ നിർബന്ധമുണ്ടാകയില്ല.

യുസ്തീനിയാനിയുടെ റിപ്പോർട്ട് അനുസരിച്ച്, തങ്ങൾക്കു മാത്രമായി ഒരു സെമിനാരി വേണമെന്ന് അഭിലഷിച്ചു. തിരുസംഘം ഇതിന് എതിരുനിന്നതിനാൽ ഈ ആഗ്രഹം സഫലമായില്ല. സുറിയാനിക്കാരായ വൈദികവിദ്യാർത്ഥികളെ വരാപ്പുഴ സെമിനാരിയിൽ ഒരുമാസത്തേക്കെങ്കിലും അയച്ച് വിധേയത്വം പ്രകടിപ്പിക്കാൻ യുസ്തിനിയാനി ആവശ്യപ്പെട്ടു. അലങ്ങാട്ടെ സെമിനാരി അങ്ങനെ പ്രവർത്തനരഹിതമായി. സെമിനാരിയിൽ സുറിയാനി പഠിപ്പിക്കാൻ രണ്ടു വൈദികരെ നിയമിക്കണമെന്ന അഭീഷ്ടം പരിഗണിച്ച് തിരുസംഘം ഉചിതമായതു ചെയ്യുമെന്ന് അദ്ദേഹം വാക്കു നല്കി. ആർച്ചുഡീക്കനെ നിയമിക്കുക അപ്രായോഗികമാണെന്ന് അദ്ദേഹം വാദിച്ചു. യാക്കോബായക്കാരെ പുനഃരൈക്യപ്പെടുത്താനും അവരുടെ തലവന് സഭയിൽ അധികാരം നല്കാനുമുള്ള നിർദ്ദേശത്തിന് അവർ റോമിലേക്ക് വിശ്വാസപ്രഖ്യാപനം നടത്തി അറിയിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

കരിയാററിൽ മല്പാനുവേണ്ടി ധനശേഖരണം നടത്തുവാനും കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തയിൽനിന്ന് ആർച്ചുഡീക്കനെ നേടാനും മാർതോമാ ക്രിസ്ത്യാനികൾ ശ്രമിച്ചതിന്റെ പ്രേരകശക്തി ഇവിടെ നമുക്കു കാണാം.

www.malankaralibrary.com

കാര്യം വിചാരിച്ചുകണ്ടാൽ ലെഔറെന്ത്യൊസ യുസ്തിനിയാനി എന്ന പാതിരി ന്യായകാരനെപൊലെയല്ലാ പിന്നെയൊ കാര്യവാദിയെപൊലെ അത്രെ. അതെന്തെന്നാൽ ന്യായകാരനെപ്പൊലെ വന്നുവെങ്കിൽ അയാളും കൂടെ തന്റെ കയ്യൊപ്പിടുവാൻ ദിഷ്ടതിയില്ലാഞ്ഞു. വിശെഷിച്ചും പള്ളിക്കാറരു മെൽനടപ്പിന്നു മീതെ പറഞ്ഞ കാര്യങ്ങൾ പാതിരിമാരൊടു എഴുതിമെടിച്ചതും പാതിരിമാരു എഴുതി പള്ളിക്കാർക്കകൊടുത്തതും സൂക്ഷിച്ചുകണ്ടാൽ പള്ളിക്കാററു പാതിരിമാരുടെ കീഴ ഇരുന്നാൽ തങ്ങൾക്ക പ്രത്യെകമായിട്ടുണ്ടാകുന്ന കാര്യലാഭവും ഫലവും വിചാരിച്ചാറെ പാതിരിമാരൊടു പിണങ്ങിയതു വെണ്ടിയില്ലാഞ്ഞെന്നും ആയതും വച്ച പിണങ്ങിപൊയതിന്നു കാര്യം ഒരു നിറുത്തുകൽവച്ചു കൊണ്ടെങ്കിൽ മതിയായിരുന്നുവെന്നും വിചാരിച്ചിട്ടത്രെ ഇതിൻവണ്ണം പറഞ്ഞതു. ആയതല്ലാതെ തങ്ങളുടെ ജാതിയുടെ ബഹുമാനത്തിന്നും ഗുണത്തിന്നും മെലിലെക്ക ഈ എഴുതിതരുന്നതു നടത്തണമെന്നുള്ള മനസൊടുകൂടെ അല്ലാ എന്നും വിചാരിച്ചാലറിയാം. അതെന്തെന്നാൽ ഇക്കാലത്തിലുള്ള പാതിരിമാരുടെ അഹമ്മതിയും ബലവും പള്ളിക്കാററുടെ ഹീനവും ഒന്നുരണ്ടു പള്ളിക്കാററുതന്നെ പറഞ്ഞാൽ പാതിരിമാരു കൂട്ടാക്കാത്ത പ്രകാരവും പലപ്പൊഴും മലങ്കരപ്പള്ളിക്കാററു ഒരുമിച്ചു കൂടുവാനുള്ള വിഷമവും അറിഞ്ഞിരിക്കുമ്പൊൾ ഈ എഴുതിത്തരുന്നതു നടത്തണമെന്നുള്ള മനസുണ്ടായിരുന്നുവെങ്കിൽ ആയതു കാർക്കാത്തപക്ഷത്തിൽ അതു എന്തുകൊണ്ടെന്നു ചൊദിപ്പാൻ മുഷ്ക്കരത്തമുള്ള ഒരാളിനെക്കൂടെ സ്ഥാപിച്ചുണ്ടാക്കിയെനെ. ആയതൊന്നും കൂടാതെ എഴുതിവാങ്ങുകമാത്രം ചെയ്തതു നിരൂപിച്ചാൽ കാര്യം ഒരുപ്രകാരത്തിൽ നിവൎത്തിച്ചുകൊണ്ടെങ്കിൽ മതിയെന്നുള്ള മനസല്ലാതെ മെലിൽ നല്ലവണ്ണം നടത്തണമെന്നു മനസില്ലാഞ്ഞുവെന്നും അറിയാം.

ആയതല്ലാതെ എഴുതിവച്ചതു കാർക്കണമെന്ന യൊഗത്തിന്നു മനസ്സുണ്ടായിരുന്നുവെങ്കിലും തലവൻ കൂടാതെ സാധിയാത്ത കാര്യമാകുന്നുവെന്നു ഇതിനാലെ എല്ലാവർക്കും പ്രസിദ്ധമായി വരികയും ചെയ്തു. അതിൻവണ്ണംതന്നെ പാതിരിമാരും ഇപ്പൊൾ പള്ളിക്കാറർ പറയുന്നപൊലെ എഴുതിക്കൊടുത്താൽ നാളെ ആയതിനൊടു മറുത്തു കാട്ടിയാൽ ചൊദിപ്പാൻ ഇവർ ആളായി വരികയില്ലെന്നു കാൺകകൊണ്ടത്രെ എഴുതിതരുവാൻ സമ്മതിച്ചതെന്നു പിന്നെ തങ്ങൾചെയ്ത പ്രവൎത്തികളാൽ കാട്ടുകയും ചെയ്തു. അതെന്തെന്നാൽ വരാപ്പുഴെസിമ്നാരിആക്കുകയില്ലെന്നു[4]

4. സെമിനാരിയിൽ സുറിയാനിവൈദികവിദ്യാർത്ഥികൾക്ക് പ്രത്യേക സ്ഥലങ്ങൾ (പ്രത്യേക അടുക്കളയും പ്രത്യേത കിടപ്പുമുറികളും) നിശ്ചയിച്ചിരുന്നു. പ്രത്യേക സെമിനാരി എന്ന ആശയത്തോട് 1774 ലെ നിർദ്ദേശത്തിന് ആഭിമുഖ്യം ഉണ്ടായിരുന്നില്ല.



എഴുതിവച്ചതിനൊടു മറുത്തു രണ്ടു മാസത്തിനകം വരാപ്പുഴതന്നെ സിമ്നാരി ആക്കിയതും അരുളിക്കാകുർവാന ചൊല്ലുന്ന പട്ടക്കാരൻ തന്നെ കൊടിയും സ്ലീവാനെരത്ത എട[illegible]മെന്നു സമ്മതിച്ചു എഴുതിതന്നതിന്നു തക്കവണ്ണം [illegible] ആണ്ടിൽ തന്നെ പനിച്ചെക്കൽ വർഗ്ഗിസുകത്തനാരു മലയാററൂരിൽ വച്ചു തന്റെ അവധിയാകകൊണ്ടു പുതിയ ഞായറാഴ്ച റാസകുർവാനയും ചൊല്ലി അരുളിക്കാ താൻതന്നെ എട[illegible]കൊണ്ട ഏകദേശം മലങ്കരയിടവക ഒക്കെയും കൂടിയിരിക്കുന്ന സമയത്തു അർദ്ധരാത്രിയിൽ അങ്കമാലിക്കൽ വച്ചു എഴുതി ഒപ്പിട്ടുതന്ന പാതിരിമാരിൽ ഒരുത്തൻ തന്നെ ആകുന്ന യൊഹന്നാൻ ദെ സന്ത മർഗറീത്താ എന്ന പാതിരി അവിടെനിന്നു മെൽപറഞ്ഞ വറുഗീസുകത്തനാരെ വിളിച്ചു പൂട്ടി വരാപ്പുഴെ കൊണ്ടുചെന്നു കടമപ്പെട്ട കുററം ഏതാനും ഉണ്ടായാൽ നാലു പള്ളിക്കാററു കെട്ട വിധിപ്പൊളും ഒരു ശിക്ഷ ഉണ്ടാകയില്ലെന്നു എഴുതിതന്നതിനൊടു മറുത്തു പള്ളിക്കാററെ വിളിപ്പിക്കാതെയും കുററം ബൊധിപ്പിക്കാതെയും ഒരു കട്ടിന്മെൽ മലത്തി കിടത്തി വടുകരുടെ കൈകളാൽ തല്ലിച്ചതും ഓർത്തു കണ്ടാൽ ഈ കാര്യത്തിന്റെ പരമാർത്ഥം അറിയുകയുമാം.

## ആറാംപദം

**മെൽനടപ്പിന്നുള്ള പടിയൊല പാതിരിമാരു എഴുതി പള്ളിക്കാർക്ക കൊടുത്തതിന്റെ ശെഷം യൊഗമെല്ലാവരും യാത്ര ചൊല്ലി പിരിയുന്നതിന്നു മുൻപെ അങ്കമാലിക്കൽ ഉണ്ടായ അവസ്ഥമെൽ**

മെൽപറഞ്ഞവണ്ണം കാര്യം തീർന്നതു കണ്ടാറെ കാര്യത്തിന്നു ഉണ്ടായ തീർച്ച ഒരു തീർച്ചയല്ലെന്നും മലങ്കരപള്ളിക്കാൎക്ക ഏറെ ഞെരുക്കമുണ്ടാകുവാനുള്ള കാരണമത്രെ ആകുന്നെന്നു യൊഗത്തിലുണ്ടായിരുന്ന ബുദ്ധിയുള്ളവരിൽ പലരും കാൺകയും തങ്ങളാൽ ഒരു ആവതില്ലായ്കകൊണ്ടു ഒന്നും പറയാതെ അടങ്ങിയിരിക്കയും ചെയ്തുവെങ്കിലും അങ്കമാലിക്കലുള്ള പ്രധാനികൾക്കും മററും പലർക്കും കാര്യം തീൎന്നതുകൊണ്ടു സന്തൊഷമാകയും ചെയ്തു. ഇങ്ങനെ കാര്യം തീൎന്നതിന്റെ ശെഷം പാതിരിമാരുടെ നെരെ നന്ദിയുള്ള മനസും വഴക്കവും കാട്ടണമെന്നും വച്ചു അങ്കമാലിക്കൽ കീർത്തിപെട്ട മല്ലാനാകുന്ന മുണ്ടാടൻ ഇട്ടിയൌരാ കത്തനാരു മുതൽ ഭക്തിമക്കാരിൽ ഏതാനും പെർ ലെഔറെന്ത്യൊസ യുസ്തിനിയാനി എന്ന പാതിരിയുടെ പക്കൽ അണഞ്ഞ യൊഗത്തിന്റെ നാമത്താൽ നിരപ്പിന്റെയും കീഴവഴക്കത്തിന്റെയും അടയാളമായിട്ടും തങ്ങൾക്ക പാതിരിമാരുടെ പ്രീയം ഏററം നെടുവാനായിട്ടും വാഴ അപെക്ഷിക്കയും യുസ്തിനിയാനിയും ആ അപെക്ഷ കൈക്കൊള്ളുകയും ചെയ്തു.

www.malankaralibrary.com

ഇതിന്റെ ശെഷം പാതിരിമാരെ ബഹുമാനമായിട്ട യൊഗമെല്ലാവരും കൂടി അങ്കമാലിക്കൽ മെത്രാന്റെ പള്ളിയിൽനിന്ന കൂട്ടിക്കൊണ്ട മാർ ഗീവറുഗീസ് സഹദാടെ പള്ളിക്കൽ കൊണ്ട ചെന്നാറെ ലൌറെന്ത്യൊസ യുസ്തിനിയാനി എന്ന പാതിരി കാപ്പയും ശെഷമുള്ള രണ്ട പാതിരിമാരു അത്മത്തിയും ഇട്ട. പള്ളിക്കാറരൊട വിശെഷിച്ച (കരിയാട്ടിൽ മല്പാൻ മെൽപറഞ്ഞതിൽ ഒന്നിന്നും കൂടാതെ തന്റെ മുറിയിൽ അടങ്ങി ഇരുന്നതെയുള്ളു) പറഞ്ഞു എല്ലാവരും മുട്ടുകുത്തി ഞാൻപിഴയാളി ചൊല്ലുണമെന്ന. ഇതു പറഞ്ഞ ഉടൻ എല്ലായിലും മുത്തൂന്ന മുണ്ടാടൻ ഇട്ടിയൗരാകത്തനാരും ശെഷമുള്ളവരും മുട്ടുകുത്തി എല്ലായിലും ഭക്തിമയും കാട്ടി ഉറച്ച സ്വരത്തിൽ മെൽപറഞ്ഞ ഇട്ടിയൗരാ കത്തനാരു ഞാൻപിഴയാളി ചൊല്ലുകയും ശെഷമുള്ളവരും അയാളൊട ചെന്ന ഞാൻപിഴയാളി കൂടെചൊല്ലുകയും ചെയ്തതിന്റെ ശെഷം ലൌറെന്ത്യൊസ യുസ്തിനിയാനി എന്ന പാതിരി അപ്പസ്തൊപ്പായിക്കടുത്ത വാഴ യൊഗത്തിന്ന കൊടുക്കയും ചെയ്തു. ആയതു കഴിഞ്ഞതിന്റെ ശെഷം യൊഗമെല്ലാവരും കൂടെ മഹാഘൊഷമായിട്ട വീണ്ടും അവിടെനിന്നും പാതിരിമാരെ കൂട്ടിക്കൊണ്ട മെത്രാന്റെ പള്ളിക്കലുള്ള പടിപ്പുരമാളികയിലാക്കിയതിന്റെ ശെഷം അങ്കമാലിക്കൽ പള്ളിക്കൽകാറർ ശെഷംകൂടിയവർ മെത്രാന്റെ പള്ളിക്കൽ യൊഗമായി കൂടി വന്നപ്പൊൾ പാറയാമ്മാക്കൽ തൊമ്മൻ കത്തനാരു ഉപവിമെലുള്ള പൊരുൾ പടാർത്ത യൊഗത്തിന്റെ മുമ്പാകെ പറഞ്ഞതിന്റെ ശെഷം അങ്കമാലിക്കൽയൊഗം ശെഷമുള്ള പള്ളിക്കാൎക്ക വിരുന്നകൊടുക്കയും ആയതു കൈക്കൊണ്ടതിന്റെശെഷം അവരിൽ പല പള്ളിക്കാറരും പിരിയുകയും ചെയ്തു.

### വിചാരം

എത്രയും നല്ലതും ഭക്തിമയുള്ളതുമായ വിചാരംകൊണ്ടത്രെ ലൌറെന്ത്യൊസ യുസ്തിനിയാനി എന്ന പാതിരിയൊട അപെക്ഷിച്ചതെങ്കിലും ഉണ്ടായ അവസ്ഥ സൂക്ഷിച്ചാൽ മലങ്കരക്കാരർ തങ്ങളൊട മറുത്തു കുറെ അയത്തനിന്ന തങ്ങൾ അവരെ വഴക്കി ഞാൻപിഴയാളി ചൊല്ലിച്ചെന്ന തങ്ങൾക്ക ഒരു സ്തുതി പറയെണ്ടിട്ടത്രെ വാഴവെന്ന പെരും ചൊല്ലി പള്ളിക്കാറരു എല്ലാവരെക്കൊണ്ടും ഞാൻപിഴയാളി ഉറച്ച സ്വരത്തിൽ ചൊല്ലിച്ചതും. അതെന്തെന്നാൽ വാഴ കൊടുക്കുന്ന ക്രമം സൂക്ഷിച്ചുകണ്ടാൽ ശമ്മാശ്ശ ഞാൻപിഴയാളി ചൊല്ലുന്നതുമൊഴിയെ മറ്റാരും ഞാൻപിഴയാളി ചൊല്ലുമാറില്ലാ. എന്നു വരുമ്പൊൾ പാതിരിമാരൊട മലങ്കരപള്ളിക്കാറർ അയർത്ത അങ്കമാലിക്കൽ കൂടിയതിനാംപക്കം പാതിരിമാരു അവിടെക്ക എത്തി അവരെക്കൊണ്ട ഞാൻപിഴയാളി ചൊല്ലിച്ചെന്നും ആയതു ചൊല്ലുണ്ടീട്ടും അങ്കമാലി



ക്കൽകാറരുടെ എത്രയും രുചിയുള്ള വിരുന്നുഭൊജനം കൈക്കൊണ്ടിട്ടമത്രെ ശെഷമുള്ള പള്ളിക്കാറർ അവിടെക്ക എത്തിയെന്നും ആരാനും പറഞ്ഞാൽ ആയതിന്ന ചെരുന്ന ഉത്തരം ഞാൻ കാണുന്നുമില്ലാ.

## ഏഴാംപദാ

**വാഴവും വിരുന്നും കഴിഞ്ഞതിന്റെ ശെഷം അങ്കമാലിക്കൽ ഉണ്ടായ അവസ്ഥമെൽ**

എന്നാൽ ലൌറെന്ത്യൊസ യുസ്തിനിയാനി എന്ന പാതിരി കൊടുത്ത അപ്പെസ്കൊപ്പായിക്കടുത്ത വാഴവും അങ്കമാലിക്കൽക്കാറരുടെ വിരുന്നും കഴിഞ്ഞതിന്റെ ശെഷം പള്ളിക്കാറരിൽ പലരും യാത്രചൊല്ലി അവിടെ നിന്ന പിരികയും മറ്റു പലരും പിരിവാനിരിക്കയും ചെയ്യുന്ന മദ്ധ്യെ കടൽ നാട്ടിൽ എത്രയും കീർത്തിയും ബഹുമാനവുമുള്ള മല്പാനായിരുന്ന ആചരിക്കപ്പെട്ട കാനാട്ട അയിപ്പുകത്തനാരുടെ മരുമക്കൾ കാര്യ ഇടപൊക്കും വിവെകവുമുള്ള മാത്തൻകത്തനാരു യൊഗത്തിന്ന വരിയും കാര്യം തീർന്നപ്രകാരം കെട്ടാറെ പാരം സങ്കടമാകയും ചെയ്തു. എന്നാൽ മാത്തൻകത്തനാരു തന്റെ ഇരിപ്പിടമാകുന്ന കടൽനാട്ടിൽനിന്ന പുറപ്പെടുന്നതിന്ന മുൻപെ അന്ന മലയാളത്തിൽ കെളിയും ബഹുമാനവുമുള്ള മല്പാന്മാരിൽ ഒരുത്തനാകുന്ന കാഞ്ഞിരപള്ളിക്കാരൻ കുഞ്ചാക്കൊകത്തനാരു വെഗം അങ്കമാലിക്കൽ എത്തണമെന്നും താനും അവിടക്ക എത്തുവാൻ യാത്രയായി വരുന്നെന്നും മാത്തൻകത്തനാൎക്ക ഒരു കുറി എഴുതി അയച്ചിട്ടുണ്ടായിരുന്നു. അപ്പൊഴെ ഈ കുഞ്ചാക്കൊകത്തനാരു മുൻപിൽ കൊടുങ്ങല്ലൂരു മെത്രാപ്പൊലിത്തായുടെ രൂപതയായിരുന്നാറെ മെത്രാപ്പൊലിത്തായും താനും തമ്മിൽ ഏതാനും അയർപ്പുണ്ടാകകൊണ്ട അയർത്തുമാറി തന്റെ ഇടവകയാകുന്ന കാഞ്ഞിരപള്ളിക്കാറരെയും കൂട്ടി രൂപതയും മാറി വരാപ്പുഴെ ചെന്നു കണ്ട അവിടത്തെ രൂപതയും സമ്മതിച്ചിരിക്കയും ആയതുകൊണ്ട മെത്രാന്ന അയാളുടെ നെരെ വലിയ പക്ഷമായിരിക്കയും ചെയ്തതിന്റെ ശെഷം ഏറിയവർഷം ഇങ്ങനെ കഴിഞ്ഞതിന്റെ ശെഷം പല അവകാശങ്ങൾകൊണ്ടും മെത്രാന്ന അയാളുടെ നെരെ സ്നെഹം കുറഞ്ഞതിനാംപക്കം കുറവിലങ്ങാട്ട പള്ളിയുടെ യൊഗത്തൊട മറുത്ത പല കൂട്ടം കാര്യങ്ങൾ മെത്രാനൊട അപെക്ഷിച്ചിട്ട സാധിക്കായ്കകൊണ്ട വരാപ്പുഴെ മെത്രാനൊടും പാതിരിമാരൊടും കുറെ അയർത്ത താൻ വിചാരിച്ച കാര്യം സാധിപ്പാൻ എന്തൊരു വഴി വെണ്ടുവെന്ന നിരുപിച്ചിരുന്ന മദ്ധ്യെ അങ്കമാലിക്കൽ പാതിരിമാരൊട മറുത്ത യൊഗം കൂടുന്നെന്ന കെ

www.malankaralibrary.com

ട്ടാറെ പാരം സന്തോഷപ്പെട്ട കടനാട്ടിൽ മാത്തൻ കത്തനാർക്ക കുറി എഴുതി അയക്കയും ആ കുറിയിൽ മാത്തൻ കത്തനാരു താമസംകൂടാതെ അങ്കമാലിക്കൽ ചെന്നു അർക്കെദ്യാക്കൊനെ ഉണ്ടാക്കുവാൻ ശ്രമിക്കണമെന്നും ആയതിന്നു വെണ്ടുന്ന പ്രകാരവും ക്ലെശിക്കെണ്ടുംവഴിയും അയാളെ അറിച്ചുമൊഴിയെ ഇതിനായിട്ട താനും വെഗം അങ്കമാലിക്കൽ എത്തുമെന്നും കൂടെ എഴുതി അയച്ചിട്ടുണ്ടായിരുന്നു.

എന്നാൽ ഇങ്ങനെ കുറികെക്കൊണ്ടതിന്റെ ശെഷം മാത്തൻകത്തനാരു പുറപ്പെട്ടാറെ വളരെ താമസിയാതെ താൻ എഴുതി അയച്ചതിൻവണ്ണം കുഞ്ചാക്കൊകത്തനാരും പുറപ്പെട്ട എടവഴിക്ക വന്നപ്പൊൾ അങ്കമാലിക്കൽ കാര്യം തീൎന്നെന്നു കെൾക്കകൊണ്ട വരാപ്പുഴയൊളം വരികയും താൻ പിടിച്ചിരിക്കുന്ന കാര്യമൊക്കയും സാധിപ്പിച്ചു കൊടുക്കാമെന്നു പാതിരിമാരു പറഞ്ഞൊക്കകൊണ്ട മുൻപിൽ ഉണ്ടായിരുന്ന മനസൊക്കയും മാറി അവിടെതന്നെ പാതിരിമാരൊടുകൂടെ പാർക്കയും ചെയ്തു.

എന്നവരുമ്പൊൾ മെൽപറഞ്ഞവണ്ണം മാത്തൻ കത്തനാരു അങ്കമാലിക്കൽ വന്നു കാര്യം തീൎന്നപ്രകാരം കെട്ടാറെ പാരം ദുഃഖവും ക്ലെശവും ആയി എങ്കിലും ഇനിയും പള്ളിക്കാററിൽ ചിലർ അവിടെ ഉണ്ടായിരിക്കകൊണ്ടും ആകുംവണ്ണം ജാതിയുടെ ഗുണത്തിന്നു വിചാരിക്കാഞ്ഞാൽ ഉടയതമ്പുരാന്റെ തിരുമുൻപിൽ തന്റെ കടം ഒഴികയില്ലെന്നു കാൺകകൊണ്ടും യൊഗവും പാതിരിമാരുമായിട്ട നിരന്നതമതിയല്ല ജാതിക്ക ഗുണം വരണമെങ്കിലും ഈ എഴുതിതന്ന കാര്യങ്ങൾതന്നെയും പാതിരിമാരുകാർക്കണമെങ്കിലും ജാതിക്ക തലവനായിട്ട അർക്കദിയാക്കൊൻ ഉണ്ടാകാതെ കാര്യമൊന്നും കണക്കായി വരികയില്ലെന്നു പലപല അവകാശങ്ങൾകൊണ്ടും യൊഗത്തെ കാട്ടി ബൊധിപ്പിച്ചാറെ അയാളൊട ഉത്തരം പറവാൻ മതിയായ്കകൊണ്ട ഇക്കാര്യത്തിന്നു ഏതുപ്രകാരം വെണ്ടുവെന്നു പറഞ്ഞാൽ ആയതൊക്കയും ചെയ്‌വാൻ ആസ്ഥമായിരിക്കുന്നുവെന്നു യൊഗം അയാളൊട പറകയും ചെയ്തു. എന്നാൽ യൊഗത്തിൽ തലപ്പെട്ട ആളുകളിൽ ചിലർ മാത്തൻകത്തനാരു പറയുന്ന ബൊധങ്ങൾക്ക ഉത്തരംപറവാൻ വഹിയായ്കകൊണ്ട പുറമെയുള്ള വിധത്തിൽ ഇതിൻവണ്ണം സമ്മതിച്ചു പറഞ്ഞെങ്കിലും അർക്കദിയാക്കൊൻ ഉണ്ടായി ജാതിക്ക ബലം വന്നാൽ തങ്ങൾക്കുള്ള സിദ്ധാന്തം നടത്തിക്കൊള്ളുവാൻ വിഷമമായി വരുമെന്നും ഇതിൻവണ്ണം ഒരു നാഥൻ കൂടാതെ കിടന്നാൽ പാതിരിമാരൊടുകൂടി തങ്ങൾക്ക തെളിഞ്ഞവണ്ണം കാര്യം നടത്തിക്കൊള്ളാമെന്നുകണ്ട ജാതിഉപകാരത്തിനെകാട്ടിലും തങ്ങളുടെ പ്രത്യെകമുള്ള ഉപകാരവും സി



ദ്ധാന്തവും മനസാകുന്നതിനാൽ ഉള്ളിൽ വെറെ ഭാവമായിരുന്നു താനും.

ഇങ്ങനെ മനസല്ലാമനസൊടുകൂടി തങ്ങളും ശെഷമുള്ള യൊഗവും മാത്തൻകത്തനാരും മാത്തൻകത്തനാരു പറയുന്നതു കാര്യമാകുന്നുവെന്നും ആയതിന്നു ആകുന്നതു ശ്രമിച്ചെമതിയാവു എന്നുംവച്ചു കാര്യവകതിരിവും വാക്കുസാമൎത്ഥ്യവുമുള്ള തെക്കൻ പറവൂർ പള്ളി ഇടവകക്കാരൻ വറുഗീസുകത്തനാരുംകൂടെ മലങ്കര ഇടവക ഒക്കയുടെയും മെത്രാപ്പൊലീത്താ ഇരിക്കുന്ന അവിടെ പൂതൊട്ടിൽ ചെന്ന മെത്രാപ്പൊലീത്തായുടെ എഴുത്തുകാരനാകുന്ന ജനൊംപാതിരിയൊട ബഹുമാനപ്പെട്ട മെത്രാപ്പൊലീത്തായെ ബൊധിപ്പിച്ചു അർക്കദിയാക്കൊനെ ഉണ്ടാക്കിതരണമെന്നു പറഞ്ഞാറെ അയാള ആയതു കയ്യെററ ഉടൻ അർക്കദയാക്കൊൻ ഉണ്ടായി കഴിയുമെന്നു മറുതലക്കാർ കണ്ടപ്പൊൾ ഒളിച്ചിരിക്കുന്ന കാര്യം വെളിച്ചമെ പറകയെന്നും വന്നു തങ്ങളുടെ മനസ പരസ്യപ്പെടുത്തി ഇക്കാര്യത്തിനുവെണ്ടി മെത്രാപ്പൊലീത്തായൊട അപെക്ഷിപ്പാൻ തങ്ങൾക്ക മനസില്ലെന്നുള്ളപ്രകാരം പരസ്യമായിട്ട പറകയും ചെയ്തശെഷം തങ്ങൾ അവിടെനിന്നും പിരിവാൻ തുടങ്ങുകയും ചെയ്തു.

## വിചാരം

അയ്യൊ മറുതലക്കാററെ നിങ്ങൾ എന്തു വിചാരിക്കുന്നു. ഇതു നിങ്ങൾ പറഞ്ഞതിനാൽ തമ്പുരാന്നു ചിററാഴ്മചെയ്യുന്നുവെന്നു നിങ്ങൾ വിചാരിക്കുന്നൊ. ആയതല്ലാ. അതെന്തെന്നാൽ തങ്ങളുടെ ജാതിയുടെ ഗുണത്തിന്നു ശ്രമിക്കണമെന്നും പ്രത്യെകമുള്ള ഉപകാരത്തെക്കാളിലും പരൊപകാരമത്രെ ഉടയതമ്പുരാന്നു തെളിഞ്ഞ കാര്യമെന്നും പാരം സൂക്ഷിക്കണമെന്നും മറെറാന്നു കൂടാതെ മാനുഷവർഗ്ഗത്തിന്നു തമ്പുരാൻ കൊടുത്ത വർഗ്ഗബൊധംകൊണ്ടുതന്നെ വിചാരിച്ചാൽ അറിയാകുന്ന കാര്യമാകുന്നതിനാംപക്കം ആയതു ഉപെക്ഷിച്ചു മററു ജാതി മനസാകകൊണ്ട തമ്പുരാന്നു ചിററാഴ്മ ചെയ്യണമെന്നുള്ള മനസല്ലാ നിങ്ങൾക്കുണ്ടായിരുന്നതു. പിന്നയൊ അറുകുലക്കാററൊടും കവർച്ചക്കാററൊടുംകൂടെ കൂടികൊണ്ടാൽ നിങ്ങൾക്കും ഇങ്ങനെ ചെയ്യുന്നതിന്നു കുററം ഉണ്ടായിരിക്കയില്ലെന്നു ഭാവിക്കകൊണ്ടത്രെ എന്നു ഒരു തെല്ലുപോലും ബുദ്ധിയുള്ളവനൊക്കെക്കും അറികയുമാം.

ഇങ്ങനെ യൊഗത്തിൽ ചിലർ തങ്ങളുടെ യൊഗത്തിന്റെ ഗുണവും ഉപകാരവും വിചാരിക്കാതെ എത്രയും ഉപകാരമുള്ള കാര്യത്തിന്നു മറുതലിച്ചു യാത്ര പുറപ്പെട്ടാറെ മെത്രാപ്പൊലീത്തായുടെ എഴുത്തുകാരൻ ജനൊം പാതിരി മലങ്കരെ പള്ളികൾക്ക ഗുണം വരുത്തണമെന്നും വച്ചുകൂടിയ പള്ളിക്കാററിൽ ആരും തങ്ങൾ വന്നകാര്യം ബഹുമാനപ്പെട്ട മെത്രാപ്പൊലീത്തായെ

www.malankaralibrary.com

ബൊധിപ്പിക്കാതെ പിരിഞ്ഞുകൂടാ എന്നു ആണയിട്ടു വിരവധിക്കയും ആയതുകൊണ്ടു തങ്ങൾ മനസ്സായവണ്ണം പിരിഞ്ഞുപോകാതെ അവിടെതന്നെ പാർക്കയും ചെയ്തതിന്റെശെഷം എല്ലാവരുംകൂടെ മെത്രാപ്പൊലീത്തായുടെ മുൻപാകെ ചെന്നു അർക്കദിയാക്കൊനെ ഉണ്ടാക്കി തരണമെന്നപെക്ഷിച്ചാറെ മലങ്കരപള്ളിക്കാരരു എല്ലാവരും സൊരുമിച്ചുവന്നു അപെക്ഷിച്ചാൽ നിങ്ങളുടെ അപെക്ഷകൾ ഒത്തവണ്ണമിരിക്കാമെന്നു കല്പിക്കയും ചെയ്തു,

ഇങ്ങനെ കല്പിച്ചതിന്റെ ശെഷം യൊഗമെല്ലാവരുംകൂടെ ബഹുമാനപ്പെട്ട കരിയാററിൽമൽപാൻ ഇരിക്കുന്ന ആലങ്ങാട്ടു വരാപ്പുഴക്കു കുറിയും എഴുതി അയച്ചു മെൽപറഞ്ഞ കാഞ്ഞിരപള്ളിക്കാരൻ കുഞ്ചാക്കൊകത്തനാരെയും അവിടെ വരുത്തി കാര്യംകൊണ്ടു പറഞ്ഞുകണ്ടാറെ കുഞ്ചാക്കൊകത്തനാരു മുൻപിൽ മാത്തൻ കത്തനാൎക്കു എഴുതി അയച്ചതൊക്കയും മറന്നു അർക്കദിയാക്കൊൻ ഉണ്ടായാൽ കഴിവാൻ വക കാണാതെ അർക്കദിയാക്കൊനെ ഉണ്ടാക്കുവാൻ വഹിയാ എന്നും ആയതിന്നു തനിക്കു മനസ്സില്ലെന്നും പരസ്യമായിട്ടു പറകയും ചെയ്തു.

## വിചാരം

കുഞ്ചാക്കൊകത്തനാരു ഇപ്പോൾ പറയുന്ന വചനം സൂക്ഷിച്ചുകണ്ടാൽ മലങ്കരെ മാർ തൊമ്മാനസ്രാണികൾ ഇക്കാലങ്ങളിൽ വാഴുന്ന മെത്രാപ്പൊലീത്താമാരു പറങ്കിജാതിയിൽനിന്നാകകൊണ്ടും പറങ്കിരാജാവ അവൎക്കു മാസപ്പടി കൊടുത്തുവരികകൊണ്ടും മെത്രാന്നു ഏറ്റും വരവുകൊടുക്കുമാറില്ലെങ്കിലും പണ്ടു പല യുഗങ്ങളും മലങ്കരെ മെത്രാപ്പൊലീത്താമാരെയും അർക്കദിയാക്കൊൻമാരെയും തങ്ങളുടെ ചിലവാൽ മഹാബഹുമാനത്തൊടും വണൊടുംകൂടെ രക്ഷിച്ചിരിക്കതന്നെയല്ലാ പിന്നെയൊ പലപ്പൊഴും ആയതൊക്കയും കഴിഞ്ഞു തങ്ങളുടെ പതാരങ്ങൾ എടുത്ത വശാദിൽ ഇരിക്കുന്ന തങ്ങളുടെ പാത്രിയർക്കാമാൎക്കുകൂടെ കൊടുത്ത ജാതി ആകുന്നെന്നും ഇന്നു ഈ ജാതി പല അവകാശങ്ങൾകൊണ്ടും പാരം നൊമ്പരപ്പെട്ടിരിക്കുന്നെങ്കിലും മലങ്കരെ ൧൭൨(172) പള്ളിക്കാരരുംകൂടെ കൂടിയാൽ തങ്ങൾക്കു ഒരാളിനെ രക്ഷിപ്പാൻ വശമല്ലെന്നും ആയതിന്നു ആൾ ഉണ്ടായി വരികയില്ലെന്നും താൻ വിചാരിക്കകൊണ്ടല്ലൊ ഇതു പറഞ്ഞതു. പിന്നെയൊ സൌജന്യങ്ങൾ ബൊധജ്ഞാനപ്പെട്ടവരുടെ കണ്ണു പൊടിക്കയും നെറിവാളരുടെ വചനങ്ങൾ പകൎത്തുകയും ചെയ്യുമെന്നു തെന്യൻനാമൊസാ ൧൬-ാം (16) സഹായിൽ ചൊല്ലിയിരിക്കുന്നപൊലെ താൻ പിടിച്ചിരിക്കുന്ന കാര്യങ്ങളൊക്കയും നടത്തിക്കൊടുക്കാമെന്നു പാതിരിമാരു തന്നൊടു പറഞ്ഞൊക്കകൊണ്ടും ഈ സമയത്തിൽ പാതിരിമാരുടെ അഭിപ്രായത്തൊടു വരാപ്പ





ഴ പാൎത്താൽ തനിക്കു ഏതാനും കാര്യലാഭം വരുത്തിക്കൊള്ളാമെന്നു കാൺകകൊണ്ടും അത്രെ എന്നു തോന്നുന്നു. അതെന്തെന്നാൽ പണം സൊരുമിച്ചു കാണാതെ അർക്കദിയാക്കൊനെ ഉണ്ടാക്കിയാൽ കഴിവാൻ ഉണ്ടാക ഇല്ലെന്നത്രെ തനിക്കു തൊന്നിയിരുന്നുവെങ്കിൽ മുൻപിൽ ഇക്കാര്യം ചൊല്ലി മാത്തൻകത്തനാൎക്കു കുറി എഴുതി അയക്കാഞ്ഞതെന്നെ എന്നുള്ളതു എല്ലാവൎക്കും അറികയുമാം.

ഇങ്ങനെ എല്ലാവരുമായി ആലങ്ങാട്ടുവച്ചു പറഞ്ഞു കണ്ടാറെ പലരും മറുതല ഉണ്ടാകകൊണ്ടു ഇപ്പോൾ ഈ കാര്യം സാദ്ധ്യമല്ലെന്നു കണ്ടു ഉടയതമ്പുരാന്റെ തിരുമനസ്സുപൊലെ മറുന്നരത്തെക്കു എന്നുംവച്ചു അയാളും ശെഷമുള്ളവരും തങ്ങളുടെ വീടുകൾക്കു പൊകയും ചെയ്തു. ഇങ്ങനെ ഇരിക്കുന്ന മദ്ധ്യെ മാർ സാൽവദൊർ ദൊസറെയിസ എന്ന കൊടുങ്ങല്ലൂര് മെത്രാപ്പൊലീത്ത കാലം ചെയ്കയും ചെയ്തു.

## വിചാരം

ഈ അവസ്ഥകൊണ്ടു കെൾക്കുന്നവരെ നിങ്ങൾക്കു എന്തു തൊന്നുന്നു. ഇത്ര വിഷമം ഇക്കാര്യത്തിന്നു കണ്ടതിനാം പക്ഷം ഉടയതമ്പുരാന്റെ തിരുമനസ്സിന്നു തെളിയുന്നൊരു കാര്യമല്ലെന്നു നിങ്ങൾ വിചാരിക്കുന്നൊ. ആയതു എത്രയും ദൊഷതമായിരിക്കയും ചെയ്യും. അതെന്തെന്നാൽ വിഷമമുണ്ടാകുന്നതു ഉടയതമ്പുരാന്നു തെളിവാകുന്ന കാര്യത്തിന്നുള്ള അടയാളമത്രെ ആകുന്നു. ആയതിന്നു ശുദ്ധമാന പുസ്തകത്തിൽ പലപല സാക്ഷികൾ നമുക്കുണ്ടുതാനും. മുൻപിൽതന്നെ ശാഊൽരാജാവു തന്റെ ദുഷ്ടപ്രവൃത്തിയാൽ തമ്പുരാൻതന്നെ നിരസിച്ചു രാജിതത്തിൽ നിന്നു നീക്കി തനിക്കു പകരം ശമുയെൽനവ്യാടെ കൈകളാൽ ദാവീദ എന്ന പുണ്യവാളനെ രാജാവായിട്ടു സ്ഥാപിച്ചു ശുദ്ധമാനനെ പൂശിയാറെ കാര്യമൊക്കയും നിവൃത്തിവന്നു രാജിതം തനിക്കു ഒത്തുങ്ങുവാൻ ഏറ്റ്യ വിഷമം കഴിക്കെണ്ടിവന്നു. ഇസ്രായെൽ മക്കൾക്കും കാനാൻ എന്ന നാടു ഉടയതമ്പുരാൻ സ്വൽപം കാലം മുൻപെ ഔറാഹത്തിനൊടു പറഞ്ഞൊത്തിരുന്നാറയും ആയതു തങ്ങൾ നെടുവാൻ ഏറ്റ്യ വിഷമപ്പെട്ടു പല പല പടകളും വെട്ടി ജയിക്കെണ്ടിവന്നു. എന്തിന്നു ഇവയൊക്കയും. നമ്മുടെ കൎത്താവീശൊമിശിഹായും തന്റെ ശ്ലീഹന്മാരും എത്രയും ന്യായവും നെറിവും ഉള്ളൊരു മാൎഗ്ഗം അറിയിച്ചു എങ്കിലും ആയതു നടത്തുവാൻ തങ്ങളുടെ ആയുസ്സുകൂടയും ഉപെക്ഷിച്ചുവരികയും ചെയ്തു എന്നവരുമ്പൊൾ തമ്പുരാന്റെ തിരുമനസ്സിന്നു ചെരുന്നകാര്യത്തിന്നു ശ്രമിച്ചുതുടങ്ങിയാൽ ഏറിയ വിഷമങ്ങളും മറുതലകളും കാണുമെങ്കിലും ഒടുക്കം ആയതൊക്കയും തീൎത്തു

www.malankaralibrary.com

നല്ലവണ്ണം നിരപ്പാലെ കാര്യം സാധിപ്പാനുള്ള സംഗതി വരി കയും ചെയ്യും. ഇതിനെക്കൊണ്ട മാർ പൌലൊസു പറയുന്നു [1]

## എട്ടാംപദം

പ്രഞ്ചിക്കൊസ സല്ലെസ്യൊ എന്ന ജർമ്മനീസ്യാ എന്ന നാട്ടി ന്റെ മെത്രാൻ മലങ്കരഇടവകക്ക വികാരി അപ്പസ്തൊലിക്കായി വന്നാറെ ഉണ്ടായ അവസ്ഥമെൽ

അങ്കമാലിക്കൽ കൂടിയ പള്ളിക്കാറക്ക മെൽപറഞ്ഞ കാര്യ ങ്ങൾ പാതിരിമാരെഴതിക്കൊടുത്ത യൊഗം പിരിഞ്ഞതിന്റെ ശെഷം എഴതിതന്ന വസ്തുക്കൾ കാപ്പാനുള്ളതിന്ന പാതിരിമാർ ക്ക മനസില്ലാഞ്ഞു എന്നതന്നെയല്ല പിന്നെയൊ മലങ്കരപള്ളി ക്കാറരുടെ സ്ഥാനമാനങ്ങളുടെ നിഴൽ ഒക്കയുംകൂടെ മാററി അ വരെ കുറപ്പാനുള്ള വഴി എല്ലാപ്രകാരംകൊണ്ടും അവർ ശ്രമി ച്ചുവരുന്ന മദ്ധ്യെ മിശിഹാ പിറന്നിട്ട ൧൭൭൫(1775)-ാം കാലം ബഹുമാനപ്പെട്ട പ്രഞ്ചിക്കൊസ സല്ലെസ എന്ന പെർപെട്ട ജർമ്മ നീസ്യാ എന്ന നാട്ടിന്റെ മെത്രാൻ മലങ്കര ഇടവകക്കും കൊ ച്ചി ഇടവകക്കും വികാരി അപ്പസ്തൊലിക്കാ ആയിട്ട വരാപ്പുഴെ വന്ന മെല്പടി ആണ്ടു വൃശ്ചികമാസം പുത്തൻകണക്കിൽ ൨൫-25ാംനു- തന്റെ സ്ഥാനം പിടിക്കയും ചെയ്തു.

എന്നാൽ ഈ സല്ലെസമെത്രാൻ താൻ സാമാന്യമുള്ള പാ തിരിയും മലങ്കരഇടവകയിൽ മാഗ്ഗമറിയിക്കുന്നവനുമായിരുന്ന നാളുകളിൽ ശെഷം പാതിരിമാരൊട ഒരുമിച്ചുകൂടാതെ അവ രൊട അയർത്തിരിക്കകൊണ്ടും മലങ്കരഇടവകയിൽ പരഹസ്യ മായി പലപല ഉതപ്പുകൾ കാട്ടുകകൊണ്ടും മാർഗ്ഗമറിയിപ്പാൻ യൊഗ്യമില്ലാത്ത ആളെന്നും വിധിച്ചു ഇയാൾ മലയാളത്തിൽ പാർത്താൽ ശെഷം പാതിരിമാർക്കുകൂടെ പൊരായ്ക ശെഷി ക്കുമെന്നും ചൊല്ലി എവുറൊപ്പെക്കുതന്നെ തിരികെ അയാളെ അയച്ചാറെ അദ്ദെഹം റൊമായ്ക്കു ചെന്ന ഏതുപ്രകാരത്തിലെന്നു ണ്ടായില്ലാ ജർമ്മനീസിയാ എന്ന നാട്ടിന്റെ മെത്രാനുമായി മല ങ്കരഇടവകക്കും കൊച്ചി ഇടവകക്കും വികാരിയുമായി മെൽപറ ഞ്ഞപൊലെ മലങ്കരെവന്ന മുഷ്ക്കരത്വം കൈക്കൊണ്ടതിന്റെ ശെഷം പാതിരിമാർക്ക ആയത്തു പ്രസാദിച്ചതുമില്ല. എന്നു ത ന്നെയല്ല സല്ലെസമെത്രാൻ മുൻപിൽ ഉതപ്പുകാട്ടി നടന്ന ആളാ കുന്നതുമൊഴിയെ ഇപ്പൊഴും താൻ വന്ന ഉടൻ ഉതപ്പു പ്രവൃത്തി കൾ തുടങ്ങി എന്നും ആയത്തുകൊണ്ട മലങ്കര ഇടവകയിൽ വികാ രി അപ്പസ്തൊലിക്കാ ആകുവാനും തങ്ങളൊടുകൂടെ വസിപ്പാനും

1. ഞങ്ങൾ ക്ലേശങ്ങൾ സഹിക്കുന്നുവെങ്കിലും പരാജയപ്പെട്ടിട്ടില്ല.



യോഗ്യമില്ലാത്ത ആളത്രെ ആകുന്നെന്നും പരഹസ്യമായിട്ട പറഞ്ഞുംകൊണ്ട മെത്രാനെ വരാപ്പുഴയിൽനിന്നു ഇറക്കി അയ റൻ പാതിരിമാരു എല്ലാവരുംകൂടെ നിശ്ചയിച്ചു യൊഹന്നാൻ നസന്ത മഗ്ഗറീത്താ എന്ന പാതിരി ശെഷമുള്ളവരെക്കാൾ മുത്തർ ന്നു ഇതിന്നു പുറപ്പെടുകയും ചെയ്തു.

പാതിരിമാരു മെത്രാൻ ഉതപ്പുകാരനാകുന്നെന്നും ആയത്തു കൊണ്ട തന്നെ കൈക്കൊള്ളുവാൻ മനസില്ലെന്നു പറയുന്നുവെ ന്നിലും തങ്ങളുടെ മനസിൽ ഇരിക്കുന്ന കാര്യം ആയതൊന്നുമല്ല. പിന്നെയൊ സല്ലെസമെത്രാൻ അല്ലെമാഞ്ഞ ജാതിക്കാരനും ശെ ഷമുള്ള പാതിരിമാരിൽ പ്രധാനികൾ ഇത്താല്യൻകാറരും ആ കകൊണ്ട അല്ലെമാഞ്ഞജാതിക്കാരന്റെ കീഴ വഴങ്ങുകയില്ലെ ന്നുള്ള സിദ്ധാന്തംകൊണ്ടത്രെ ആകുന്നു. ആയതിനെ നെരെത ന്നെ പറവാൻ മുററമൊഴി ഇല്ലാഞ്ഞിട്ട എല്ലാവർക്കും സിദ്ധമാ കുന്ന കാര്യം മെത്രാൻ ഉതപ്പുകാരനെന്നും ആയത്തുകൊണ്ട തങ്ങൾ ക്ക അയാളെ കൈക്കൊള്ളുവാൻ മനസില്ലെന്നും പറഞ്ഞുതുടങ്ങു കയും ചെയ്തു. [1]

### വിചാരം

പാതിരിമാരു മററു ജാതിയിലും പെച്ചിലും പള്ളിയുടെ ക്രമത്തിലും ഭെദമുള്ള ആളുകളായിരിക്കുമ്പൊൾ ജാതിയിലും സ്വല്പം ഭെദമുള്ള മലങ്കരഇടവകക്കാറരുടെ മെൽ വാണുവരിക യും ഈ വാഴ്ചക്ക ഒരു ലയംവരാതെ ഇരിപ്പാൻ മലങ്കരയുള്ള പ്ര ധാനികളെ ഒട്ടു സമ്മാനങ്ങൾകൊണ്ടും ഒട്ടു പുന്നാരമായ വചന ങ്ങൾകൊണ്ടും ഒട്ടു പെടികാട്ടിപ്പുകൾകൊണ്ടും ഒട്ടു യൊഗത്തില്യ ണ്ടാക്കുന്ന പവുപ്പുകളും വന്തികളുംകൊണ്ടും ആകുന്ന പ്രയത്നം ചെയ്തുവരികയും എന്നുള്ളതു നിരൂപിച്ചാൽ തന്നെയും അല്ലെമാ ഞ്ഞജാതിയാകുന്നെന്നും ചൊല്ലി മെത്രാനൊട പിണങ്ങുവാൻ അവർക്ക ഒരു സംഗതിയില്ലാഞ്ഞു. ഒട്ടെറയും വരാപ്പുഴ സിംഹാ സനത്തിന്മെൽ റൊമായിൽനിന്നു കല്പിച്ചുവരുന്നപൊലെ എ വുറൊപ്പായിലുള്ള പലപല ജാതിക്കാറരും മെത്രാന്മാരായി വാ ണുവരികയും ഒരു അയർപ്പുകൂടാതെ എല്ലാവരും ഇത്രകാലവും സമ്മതിച്ചുവരികയും ചെയ്തതു ഓർത്തുകണ്ടാൽ ഒട്ടും ഇതിന്നു അ വകാശമില്ലാഞ്ഞുതാനും. അപ്പൊഴെ ഒരു നാളും കെട്ടിട്ടില്ലാ ത്തപൊലെ ഈ ഉണ്ടായതു വിചാരിച്ചുകണ്ടാൽ എത്രയും മനൊ ഗുണവും കടാക്ഷവും ഉള്ള ഉടയതമ്പുരാൻ തന്റെ അളവില്ലാത്ത

1. പാതിരിമാർക്ക തമ്മിൽത്തമ്മിൽ സ്വരച്ചേർച്ചയില്ലായിരുന്നു. ഫ്രാൻസിസ് സെയിൽസ് വികാരി അപ്പസ്തോലിക്ക ആയതോടെ മാർ തോമാ ക്രിസ്ത്യാനികളുടെ ഇടയിൽ അസ്വസ്ഥത വർദ്ധിച്ചതായി ഫാ. അനസ്താസിയോസ് 1778 ഡിസംബർ 27-ന് പ്രൊപ്പഗാന്താ തിരുസംഘത്തിന് എഴുതുകയുണ്ടായി,

www.malankaralibrary.com

ബൊധജ്ഞാനംകൊണ്ടു മെത്രാനും പാതിരിമാരുമൊരുമിച്ചുകൂടി പാവപ്പെട്ടും അടിമപ്പെട്ടും ഇരിക്കുന്ന മലങ്കരയുള്ള നസ്രാണികളൊടു മറുത്ത ശ്രമിച്ചാൽ ആയവർക്കു പാരം സങ്കടം വരുത്തുമെന്നു കാൺകകൊണ്ടു ഇസ്രായെൽ കൂട്ടത്തൊടു മറുത്ത മെദിയാനായക്കാററ പടവെട്ടുവാൻ ഏറിയ സന്നാഹത്തൊടുകൂടെ വന്നാറെ ഗെദവൊൻ എന്ന തലവനും മററു മുന്നൂറുപെരും കൂടെ അവരൊടു എതൃത്ത നെരത്ത മെദിയാനായക്കാററു തങ്ങളിൽ തന്നെ പാളയത്തിൽ വെട്ടി നശിപ്പാൻ സമ്മതിച്ചപൊലെ മലങ്കര ഉള്ള നസ്രാണികളെ തൊടാതെ മെത്രാനും പാതിരിമാരും തമ്മിൽ തമ്മിൽ അയർപ്പാനുള്ളതിന്നു അനുവദിച്ചെന്നെ പറയെണ്ടു. ഇങ്ങനെ പാതിരിമാരു എല്ലാവരും മെത്രാനൊടു മറുത്ത അയർപ്പായി മെത്രാൻ വരാപ്പുഴനിന്നു പൊകണമെന്നു മുട്ടിച്ചു കൂടിയാറെ മെത്രാന്നു മറെറാരു പൊംവഴിയും കാണാഞ്ഞിട്ടു ഉടൻ ആലങ്ങാട്ടു കരിയാട്ടിൽമല്പാന്നു കുറി എഴുതി അയച്ചു അദ്ദെഹത്തെ വരാപ്പുഴക്കു വരുത്തി തന്നൊടു പാതിരിമാരു കാട്ടുന്ന അതിക്രമങ്ങളൊക്കയും മഹാദുഃഖത്തൊടും കണ്ണുനീരൊടുംകൂടെ പറകയും കീഴനാളിൽ താൻ ഏതാനും ഉതപ്പു കാട്ടിപൊയെങ്കിലും ഇനി മെലിൽ നല്ല വ്യാപാരം വ്യാപരിക്കുമെന്നു പറഞ്ഞൊക്കയും ചെയ്തതിന്റെ ശെഷം കരിയാട്ടിൽ മല്പാന്നു മെത്രാന്റെ മെൽ അയിററപ്പുഴ തൊന്നി ഉടൻ തന്നെ കുത്തിയതൊട്ടുങ്കൽ തച്ചിൽ മാത്തുതരകന്നും കുറി എഴുതി അയച്ചു അയാളെ വരാപ്പുഴെ വരുത്തി അയാളൊടു ഈ അവസ്ഥ ഒക്കയും പറഞ്ഞ ബഹുമാനപ്പെട്ട മല്പാനും മാത്തുതരകനുംകൂടെ ശ്രമിച്ചു അങ്കമാലിക്കൽ പള്ളിക്കാററരെയും ആലങ്ങാട്ടു പള്ളിക്കാററരെയും ഇതുമെന്യെ മററു ചില പള്ളിക്കാററരെയും വരുത്തി മെത്രാനെയും തന്നോടുകൂടെ തനിക്കുള്ള മുണ്ടുമുറികളിൽ ഏതും വരാപ്പുഴെ വച്ചെക്കാതെ സർവ്വസമസ്തവും എടുത്ത മഹാ ഘൊഷത്തൊടും അലങ്കാരത്തൊടുംകൂടെ കൊണ്ടുചെന്നു ആലങ്ങാട്ടു പാർപ്പിക്കയും ചെയ്തു[3].

2. തിരുവിതാംകൂർ രാജാവിനും ക്രിസ്ത്യൻ സമുദായത്തിനും വളരെ ഉപകാരം ചെയ്ത പ്രസിദ്ധനും സ്വാധീനശേഷിയുള്ളവനുമായ അല്ലായ നേതാവ്.

3. ഫ്രാൻസീസ് സാലസ് വരാപ്പുഴനിന്ന് ആലങ്ങാട്ടേക്കുപോയപ്പോൾ ക്ലെമൻറ് എന്ന പാതിരി മാഹിയിലുള്ള ലിയോ എന്ന വൈദികനു രഹസ്യമായി എഴുതി: 'ഞങ്ങൾ അദ്ദേഹത്തെ പുറത്താക്കി. അഥവാ ഞങ്ങളുടെ പെരുമാററവിശേഷം കൊണ്ടു സെയിൽസ് മെത്രാൻ താനെ ഇറങ്ങിപ്പോയി.' മാർതോമാ ക്രിസ്ത്യാനികളാണ് അദ്ദേഹത്തെ ആലങ്ങാട്ട് സുരക്ഷിതമായി എത്തിച്ചത്.



# ഒൻപതാം പദം

**മെത്രാനെ ആലങ്ങാട്ടുകൊണ്ടുചെന്നു പാർപ്പിച്ചതിന്റെശെഷം ഉണ്ടായ അവസ്ഥമെൽ**

കരിയാട്ടിൽ മല്പാനും മാത്തുതരകനും മുതലാകെ അങ്കമാലിക്കൽ പള്ളിക്കാററും ആലങ്ങാട്ടുപള്ളിക്കാററും മററു ചില പള്ളിക്കാററും യൊഗമായിവന്നു ഘൊഷത്തൊടുകൂടെ മെത്രാനെ കൊണ്ടുചെന്നു ആലങ്ങാട്ടിരുത്തിയെന്നും മലങ്കരപള്ളിക്കാററു മെത്രാന്റെ സ്വാധീനത്തിൽ ആകുന്നെന്നും പാതിരിമാരു കണ്ടാറെ മെത്രാനൊടു മറുത്ത പിണങ്ങിയതു വെണ്ടിയില്ലായെന്നുകണ്ടു രണ്ടാംദിവസം മെത്രാന്റെ സ്വസ്ഥത അന്വെഷിപ്പാനായിട്ടു പാതിരിമാരിൽ രണ്ടുപെർ വരാപ്പുഴെ നിന്നും ആലങ്ങാട്ടിന്നു വന്നു മെത്രാനുമായി കണ്ടു പറഞ്ഞിട്ടും മെത്രാനും തങ്ങളും തമ്മിലുള്ള അയർപ്പു തീർന്നില്ലാതാനും. വിശെഷിച്ചുവന്നു ഈ പാതിരിമാരു പള്ളിയിൽ കെറിക്കൂട എന്നും കെറിയാൽ മെനിക്ഷയം ഉണ്ടാകുവാൻ സംഗതിവരുമെന്നും യൊഗം പറകകൊണ്ടു പള്ളിയിൽ കെറിയതുമില്ലാ. എന്നാൽ മെത്രാനെകൊണ്ടുചെന്നു യൊഗമെല്ലാവരുംകൂടെ ആലങ്ങാട്ടു പാർപ്പിച്ചതിന്റെ ശെഷം പാതിരിമാരു ഏതാനും ചെയ്യുമെങ്കിൽ ആയതൊക്കയും കഴിഞ്ഞെ യൊഗം പിരിയാവു എന്നും വച്ചു ആലങ്ങാട്ടു പിരിയാതെ പാക്കുന്ന നെരം പാതിരിമാരും കൊടുങ്ങല്ലൂര് മെത്രാപ്പൊലിത്തയുടെ വികാരിജനരാൽ[1] മത്യാസസെർപ്പെൻസെൽ എന്ന പാതിരിയുമായിട്ടു മുമ്പിൽ തങ്ങളിൽ പറഞ്ഞൊത്തുംകൊണ്ടു അയാളും വരാപ്പുഴെ ഉള്ളതിൽ രണ്ടു പാതിരിമാരുംകൂടി ആലങ്ങാട്ടു വരികയും ചെയ്തു.

ഇങ്ങനെ ആലങ്ങാട്ടു മത്യാസപാതിരിയും വരാപ്പുഴെ പാതിരിമാരും വന്നിരിക്കുന്നുവെന്നു അവിടെ കൂടിയിരിക്കുന്ന പള്ളിക്കാററു കെട്ടാറെ പാതിരിമാരും മെത്രാനുമായിട്ടു തമ്മിലുള്ള അയർപ്പു പറഞ്ഞുതീർപ്പാൻ ഇപ്പൊൾ നല്ല നെരമെന്നും കണ്ടു പള്ളിക്കാററു മെത്രാന്റെ ഭവനത്തു ചെന്നു മുമ്പിൽ മെത്രാനെ തങ്ങളുടെ ആഗ്രഹം ബൊധിപ്പിച്ചാറെ മെത്രാൻ സമ്മതിച്ചാറെ കൂടിയ യൊഗത്തിൽ ബഹുമാനപ്പെട്ട രണ്ടു പട്ടക്കാററരെ അയച്ചു കാര്യംകെട്ടു തീർപ്പാനായിട്ടു പാതിരിമാരു മെത്രാന്റെ ഭവനത്ത വരണമെന്നു അറിയിച്ചാറെ പാതിരിമാർക്കു മനസ്സുണ്ടായതുമില്ല. അപ്പൊഴൊ പാതിരിമാരു മെത്രാനും തങ്ങളുമായിട്ടുള്ള അയപ്പു വാച്ചപ്രകാരത്തിലും തീർന്നുപൊയെങ്കിൽ കൊള്ളായിരുന്നെന്നു

1. ആർച്ചു ബിഷപ്പ് സാൽവദോർ ദോസ് റെയ്സിന്റെ മരണശേഷം കൊടുങ്ങല്ലൂർ അതിരൂപതയുടെ അഡ്മിനിസ്ട്രേറററായി ഇദ്ദേഹം സാരഥ്യം ഏററു.

www.malankaralibrary.com

മനസ്സുണ്ടായിരിക്കയും ആയതിനായിട്ടു തങ്ങടെ വരാപ്പുഴനിന്നും വന്നിരിക്കയും ചെയ്യുന്നെങ്കിലും മലങ്കരപള്ളിക്കാറരു തങ്ങളെ വിളിപ്പിച്ചതിനാംപക്കം പള്ളിക്കാറരു തങ്ങളെക്കായിൽ കുറഞ്ഞവരാകുന്നെന്നും അവരുടെ വിധിക്ക തങ്ങടെ കീഴ്പെടുവാൻ സാദ്ധ്യമല്ലെന്നുമുള്ള അഹമ്മതി ഭാവിക്കകൊണ്ടത്രെ പള്ളിക്കാറരു വിളിപ്പിച്ചിട്ടു എത്തുവാൻ തങ്ങൾക്ക മനസ്സില്ലാഞ്ഞതും.

വിശെഷിച്ചും തങ്ങടെ വിളിപ്പിച്ചിട്ടു വരുവാൻ പാതിരിമാക്ക മനസ്സില്ലെന്ന യൊഗമറിഞ്ഞാറെയും തങ്ങടെ മൊഴി തികക്കെണ്ടിട്ടു രണ്ടാം വട്ടം അവരെ വിളിപ്പിച്ചിട്ടും അവരു വരാഞ്ഞതിന്റെ ശെഷം ഇക്കാര്യം കെൾപ്പാൻ ആയിട്ടു മെത്രാപ്പൊലിത്തായുടെ വികാരി ജനരാലാകുന്ന മത്യാസ പാതിരിയെ വിളിപ്പിച്ചാറെ യൊഗത്തിന്നു താൻ വരുവാൻ പാതിരിമാരു സമ്മതിക്കയില്ലെന്നുള്ള ഉത്തരം പറഞ്ഞയക്കയും ചെയ്തു. എന്നാൽ ഇങ്ങനെയുള്ള ഉത്തരം മത്യാസപാതിരി പറഞ്ഞയച്ചെങ്കിലും താൻ വികാരി ജനരാൽ ആകകൊണ്ടും തന്റെ മുഷ്ക്കരെതത്തിൽ ഏതും പാതിരിമാരിൽനിന്നു തനിക്ക വരെണ്ടതല്ലാ എന്നതിനെക്കൊണ്ടും തനിക്ക യൊഗത്തിങ്കൽ വരുവാൻ മനസുണ്ടെങ്കിൽ തന്നെ മുടക്കുവാൻ പാതിരിമാരു വശമല്ലെന്നും തനിക്ക മനസില്ലായ്കകൊണ്ടത്രെ യൊഗത്തിന്നു വരാഞ്ഞതെന്നും എല്ലാവർക്കും അറികയുമാം.

ഇങ്ങനെയുള്ള പാതിരിമാരുടെ പ്രതിജ്ഞയും അഹങ്കാരവും യൊഗം അറിഞ്ഞതിന്റെ ശെഷം തങ്ങടെ ഇന്നു ഏതും പിടിയാ എങ്കിലും തങ്ങളുടെ വീടു സൂക്ഷിപ്പാൻ തങ്ങടെ മതിയെന്നുംവച്ചു മലങ്കരെ ഇടവകയിൽ മാർഗ്ഗമറിയിപ്പാൻ യൊഗ്യമില്ലാത്ത ആളുകടെ എന്നു വിധിച്ചു നിഷെധികളായ ഒമ്പതു പാതിരിമാരൊടു മറുത്ത താഴത്ത എഴുത്തപ്പെട്ട പടിയൊലയും [2] എഴുതിവച്ചു അവർ മലങ്കരെഇടവകയിൽ മാർഗ്ഗമറിയിപ്പാൻ കടന്നുകൂടാ എന്ന വിരവധിക്കയും ചെയ്തു.

2. 1776 ഫെബ്രുവരി 15-ാം തീയതി ജർമനീസീയ മെത്രാന്റെ മുമ്പാകെ മലങ്കരയിലെ പള്ളിക്കാർ ആലങ്ങാട്ടുയോഗം കൂടി തങ്ങളെയും സാലസ് മെത്രാനെയും ദ്രോഹിച്ച അനസ്താസിയൂസ്, ക്ലെമന്റ്, ജോൺ, അലോഷ്യസ്, ഫ്രാൻസിസ്, ആന്റണി, അനസ്താസിയൂസ് എന്നീ പാതിരിമാർ തങ്ങളുടെ പള്ളികളിൽ പ്രവേശിക്കാൻ പാടില്ല എന്നു വിലക്കി. തങ്ങടെ അവരെ അനുസരിക്കില്ല എന്ന് അവർ പ്രഖ്യാപിച്ചു. ഈ നിശ്ചയം റോമാമാർപാപ്പയുടെ കല്പനയ്ക്കു വിധേയമാണെന്ന് പടിയോലയിൽ അവർ എടുത്തു പറഞ്ഞിരിക്കുന്നു.

ഒമ്പതു പാതിരിമാരെ നിരോധിച്ചു എന്ന് മുകളിൽ സൂചിപ്പിച്ചിരുന്നുവെങ്കിലും പടിയോലയിൽ ഏഴുപേരെയേ പരാമർശിച്ചിട്ടുള്ളു.

www.malankaralibrary.com

## പടിയോല

Anno Domini 1776 die 15a mensis Februarii in ecclesia Mangatenti * B. Mariae coram Illustrissimo Domino Episcopo Germanicia Malabarenses ecclesiae congregatae fecerunt hanc conclusionem scriptam in ola manibus propriis signatam.

Noster Illustrissimus Dominus Florentinus, episcopus Areopolitanus cum mortuus esset fuerimus ad sepeliendum ejus cadaver sed patres ejiciendo nos ipsimet exsequias defunctorias fecerunt. Propter hoc negotium congregatae sunt omnes ecclesiae Malabarenses in Angamali ut quid facto esset opus considerarent. P. Lauratianus Justiniani qui fuit visitator Apostolicus cum duobus aliis patribus venit ad Angamalam ut audiret quaerelas atque opportunum remedium poneret. Sic ergo auditis quaerelis eorum aliquas finivit verbo alias dando eis in scripto cum proprio manu subsignato ut in posterum tam patres quam communitates debeant observare constitutiones eo in scripto contentas· Cum res ita se haberet, illustrissimus Dominus episcopus Salesius in Verapolim venit cui contra consuetudinem antiquam multas injurias fecerunt et nobis etiam. Propterea episcopum adducendi in Mangathem ibique habitare faciendo Malabarenses propter Injurias episcopo et nobis a patribus factas decreverant ut in posterum praeter Laurentium qui semper obediens fuit mandatis illustrissimi Domini, nullus patrum scilicet Anastasius, Clemens, Joannes, Aloysius, Franciscus, Antonius, Anastasius donec informatus Romanus Pontifex rescribat mandetque nobis ipsi non debent venire ad ecclesias nostras nec eis nos odediamus. At vero omnes unanimiter pro-concordia gentis nostrae et bono publico attenderent scriptum fecimus in ola ita.

ഇങ്ങനെ ആലങ്ങാട്ടു കൂടിയ പള്ളിക്കാറരു മലങ്കരക്കാർ പള്ളിക്കാറരു എല്ലാവരുടെയും നാമത്താൽ പടിയോല എഴുതി ഒപ്പുംകുത്തി മലങ്കരെ പള്ളികളിൽ കരെറി നടന്നുകൂടാ എന്നു

* ആലങ്ങാട്ട്

www.malankaralibrary.com

പാതിരിമാരെ മുടക്കിയതിന്റെ ശെഷം മെത്രാനും പാതിരിമാരും തമ്മിൽ ഉണ്ടായ പിണക്കത്തിന്റെ അവസ്ഥകൊണ്ടു റൊമായിൽ പാപ്പാ അറിയത്തക്കവണ്ണം കുറിയും എഴുതി റൊമായിക്കു അതിനെ കൊടുത്തയപ്പാൻ മെത്രാന്റെ പക്കൽവച്ചു യൊഗമെല്ലാവരും പിരികയും ചെയ്തു. വിശെഷിച്ചും യൊഗം പിരിഞ്ഞതിന്റെ ശെഷം യൊഗമെഴുതിവച്ച പടിയൊലക്കു വിഘ്നം വരുത്തണമെന്നിട്ടു പാതിരിമാരെല്ലാവരുംകൂടെ വിചാരിച്ചു അവരിൽ ഒരുത്തനാകുന്ന ക്ലെമ്മിസ പാതിരിയെ പറവൂർക്കു യാത്രയാക്കി. അവിടെ ചെന്നു പണ്ടുകഴിഞ്ഞുവന്ന മര്യാദിപൊലെ പള്ളിയിൽ കരെറി കുർവാനയും ചൊല്ലി ശെഷം കിഴനാളുകളിൽ നടന്നുവന്ന മര്യാദിപൊലെ നടപ്പാനായിട്ടു. എന്നാൽ ക്ലെമ്മിസ പാതിരി പറവൂർക്കു ചെന്നാറെ പറവൂർ പള്ളിക്കാററിൽ പലരും ക്ലെമ്മിസപാതിരിയുടെ സ്നെഹിതരും പ്രിയകാററുമാകകൊണ്ടു അയാൾക്കു അവിടെ പാർപ്പാൻ പള്ളിയുടെ പടിപ്പുരമാളികകൊടുത്തെങ്കിലും പള്ളിയിൽ കെറുവാനും കുർവാന ചൊല്ലുവാനും അപെക്ഷിച്ചാറെ ആയത ഇപ്പൊൾ സാധ്യാത്ത കാര്യമത്രെ എന്നു പറവൂർക്കാററ പറകയും ആയവസ്ഥ ആലങ്ങാട്ടു മെത്രാനു എഴുതി അയച്ചാറെ അവിടെ കുർവാന ചൊല്ലിച്ചുകൂടാ എന്നു മെത്രാൻ എഴുതി അയക്കയും ചെയ്തു. വിശെഷിച്ചും ആയതു സമ്മതിരാതെ പള്ളിയിയിൽ കെറുവാനായിട്ടു ക്ലെമ്മിസപാതിരി ചെല്ലുകകൊണ്ടു പള്ളിക്കാററു തങ്ങളുടെ പള്ളിയുടെ വാതൽ അടച്ചുപൂട്ടുകയും ആയതുകൊണ്ടു ക്ലെമ്മിസപാതിരി വരാപ്പുഴക്കു ആളയച്ചു കുർവാനക്കു വെണ്ടുന്ന മുണ്ടുമുറികളും വരുത്തി പടിപ്പുരമാളികയിൽ തന്നെ കുർവാന ചൊല്ലിക്കൊണ്ടു പൊകയും ചെയ്തു.

ഇങ്ങനെ മലങ്കരയൊഗം തങ്ങൾ എഴുതി വച്ച പടിയൊലക്ക് തക്കവണ്ണമിരിപ്പാൻ ശ്രമിക്കയും മെത്രാൻ അതിനു ശക്തി വരുത്തുകയും ചെയ്യുന്നെന്നു ആയതിനൊടു മറുത്ത ശ്രമിച്ചാൽ ഏതും സാധിക്കയില്ലെന്നും പാതിരിമാരു കണ്ടാറെ അവരിൽ ഒരുത്തൻ യൊഹന്നാൻ ദെ സന്തമർഗറീത്ത എന്ന പാതിരി മലങ്കരെ ഇടവകയിലുള്ള ഞാറക്കൽപള്ളി ഇടവകയിൽ നിന്നു രണ്ടു വാലിഭക്കാററെയും കൂട്ടിക്കൊണ്ടു റൊമായിക്ക് പൊകയും ചെയ്തു[8]

## വിചാരം

മുൻപിൽ പാതിരി മലങ്കരെ പള്ളിക്കാറക്കു അങ്കമാലിക്കൽവച്ചു എഴുതിക്കൊടുത്ത പടിയൊലയും ഇപ്പോൾ പാതിരി

8. സാലസു മെത്രാനെ നിഷ്കാസനം ചെയ്യാനുള്ള കല്പനവാങ്ങാൻ പിഘടിച്ചുനിന്നവർ ജോൺ എന്ന കർമ്മലീത്താ വൈദികനെ റോമിലേക്ക് അയച്ചു. വീകാരി അപ്പസ്തോലിക്കാ സ്ഥാനം ഇദ്ദേഹത്തിനു നല്കാൻ പ്രൊപ്പഗാന്താതിരുസംഘം മുതിർന്നുവെങ്കിലും പിന്നീട് നിയമനം റദ്ദാക്കി.



മാരൊട്ട മറുത്ത മലങ്കരക്കാററു എഴുതിവച്ച പടിയൊലയും ഓർത്തു കണ്ടാൽ സൊല്പൻ ഭെദമുണ്ടു. അതെന്തെന്നാൽ മുൻപിൽ പാതിരിമാരു മലങ്കരെക്കാറക്കു എഴുതിക്കൊടുത്ത പടിയൊലയിൽ തങ്ങളുടെ ബഹുമാനത്തിന്നു ഒരന്തരം വരാതെ പണ്ടു മലയാളത്തിൽ നടന്നുവന്ന കാര്യങ്ങൾ അതിൻവണ്ണംതന്നെ ഒരു ഉഴൽവരാതെ കാർത്തുകൊള്ളാമെന്നു എഴുതിതന്നതെ ഒള്ളു. എന്നാൽ ഇപ്പൊൾ പാതിരിമാരൊട്ട മറുത്ത മലങ്കരക്കാററു എഴുതിവച്ച പടിയൊല ഓർത്തു വിചാരിച്ചു കണ്ടാൽ പാതിരിമാരുടെ ബഹുമാനത്തിന്നു എന്നുതന്നെയല്ലാ പിന്നെയൊ തരം കടമായിരിക്കുന്ന വെലസ്സു കൂടയും വിഘ്നം വരുവാൻ ത്തെയൊരുകാര്യമത്രെയാകുന്നു എന്നപൊലെ ആയത രണ്ടിന്റെയും നടപ്പു വിചാരിച്ചുകണ്ടാൽ സ്വല്പം ഭെദമുണ്ടു. അതെന്തെന്നാൽ മുൻപിൽ എഴുതിവച്ച പടിയൊലയൊടു മറുത്ത മെൽപറഞ്ഞതപൊലെ രണ്ടുമാസത്തിനു മുമ്പിൽ സിമ്നാരി വരാപ്പുഴെ ക്കകയും പടിയൊലക്കു തക്കവണ്ണം അരുളിക്ക എടുത്ത പനച്ചിക്കൽ വറുഗീസു കത്തനാരെ പള്ളിക്കാററൊക്കയുടെയും മുൻപാകെവച്ചു പിടിച്ചു പൂട്ടി നാലുപള്ളിക്കാററു കെട്ടു വിധിപ്പൊളും ശിക്ഷയൊന്നും ഉണ്ടാകയില്ലാ എന്നു എഴുതിതന്നതിനൊടു മറുത്ത ഒരു കട്ടിന്മെൽ അയാളെ മലത്തികിടത്തി കെട്ടിക്കൊണ്ടു വടുകരുടെ കൈകളാൽ തല്ലിച്ചതിന്നു പള്ളിക്കാററിൽ ആരും ഉത്തരം ചൊദിച്ചതുമില്ല. ഇപ്പൊൾ മലങ്കരെക്കാററു എഴുതിവച്ച പടിയൊലയൊടു മറുത്ത ക്ലെമ്മിസപാതിരി പറവൂക്കു ചെന്നാറെ താൻ ഏറിയൊരു പ്രയത്നം ചെയ്തിട്ടും പള്ളിയിൽ കെറുവാനും കുർവാന ചൊല്ലുവാനും കൂടെ സമ്മതിക്കാതെ പള്ളി അടച്ചുപൂട്ടുകയും ചെയ്തു. അപ്പൊഴെ ഈ ഭെദം കാൺമാനും അന്നു ബലമില്ലാഞ്ഞ യൊഗത്തിന്നു ഇന്നു ബലം ഉണ്ടാവാനുമുള്ള കാരണമെന്തു.

ആയതു യൊഗത്തിന്റെ ബലമെന്നു ബുദ്ധിയുള്ളതിലാരും പറവാൻ സംഗതിയില്ലാ. എന്നു വരുമ്പൊൾ ഇപ്പൊൾ ഈ ബലം ഉണ്ടായതു എങ്ങനെ. ആയതു മറെറാന്നുമല്ലാ. പിന്നെയൊ യൊഗത്തിന്റെ തലവനാകുന്ന മെത്രാൻകൂടെ പാതിരിമാരൊടു തനിക്കുള്ള അയർച്ചകൊണ്ടു യൊഗത്തിന്റെ പക്ഷത്തിൽ ആയിരിക്കയും പാതിരിമാരൊടു മറുത്ത യൊഗം എഴുതി അയച്ചത കാർക്കണമെന്നു മുറുക്കി കല്പിച്ചയക്കയും ചെയ്തതുകൊണ്ടത്രെയാകുന്നു. അപ്പൊഴെ ജാതിതലവനാകുന്ന മെത്രാൻകൂടെ കൂടാതെ ജാതി കല്പിക്കുന്ന കാര്യമൊന്നും നടക്കയില്ലെന്നു ഇതും മററും മലയാളത്തിൽ നടന്നുവന്ന പല കാര്യങ്ങളും വിചാരിച്ചുകണ്ടാൽ എല്ലാവർക്കും പ്രസിദ്ധമായിരിക്കുമെന്നു വരുമ്പൊൾ ഈ പുസ്തകത്തിന്റെ കഴിഞ്ഞ പദത്തിൽ ചൊല്ലിയ

www.malankaralibrary.com

പൊലെ ജാതിതലവൻ ജാതിയിൽനിന്ന നില്ക്കുന്നതിനാലെ ജാതിക്കു എത്ര ബലമുണ്ടായിരിക്കുമെന്ന എല്ലാവർക്കും അറികയുമാം.

## പത്താംപദം

**മെത്രാനെ വരാപ്പുഴെനിന്നും ഘൊഷമായിട്ട ആലങ്ങാട്ടിന്ന കൊണ്ടുപൊയ പ്രകാരം സർവ്വാധികാര്യക്കാറര കെട്ടാറെ ഉണ്ടായ അവസ്ഥമെൽ**

എന്നാൽ പള്ളിക്കാറര വരാപ്പുഴക്കു ചെന്ന എത്രയും വലിയ സന്നാഹത്തൊടും അലങ്കാരത്തൊടുംകൂടെ എത്രയും ബഹുമാനപ്പെട്ട സല്പെസമെത്രാനെ ആലങ്ങാട്ടിന്ന കൊണ്ടുപൊയ പ്രകാരം ആലങ്ങാട്ടുമുഖത്തെ സർവ്വാധികാര്യക്കാറര കെട്ടാറെ സാമാന്യമല്ലാത്തവണ്ണം രാജസമ്മതം വരുത്താതെ മെത്രാനെ ഘൊഷമായിട്ട വരാപ്പുഴെനിന്നും ആലങ്ങാട്ടിന്ന കൊണ്ടുവരുവാൻ എന്തൊരു സംഗതി എന്ന ചോദിച്ചുതുടങ്ങുകയും ആയതിന്നു മാത്തുതരകനും ശെഷമുള്ളവരും ഇങ്ങനെ ഞങ്ങളുടെ കിഴമര്യാദിയാകുന്നുവെന്നും പണ്ടുപണ്ടെ ഞങ്ങൾക്കു ഇതിൻവണ്ണമുള്ള മര്യാദിയത്രെ ആകുന്നുവെന്നും പറഞ്ഞു ചൊദ്യം നിറുത്തുകയും ചെയ്തു.

എന്നാൽ ഇതിൻവണ്ണം പറഞ്ഞപ്പൊളുണ്ടായ ചൊദ്യം നിറുത്തി എങ്കിലും മാത്തുതരകൻ തിരുവനന്തപുരത്തു ചെന്നപ്പൊൾ വീണ്ടും ദളവാ കിഴമര്യാദിയല്ലാത്തവണ്ണം രാജസമ്മതം വരുത്താതെ ഘൊഷമായിട്ട മെത്രാനെ കൊണ്ടുവരുവാൻ കാരണമെന്തെന്നും ആയതിന്ന അടക്കംവണ്ണം പ്രായശ്ചിത്തം ചെയ്യണമെന്നും ചൊദിച്ചുതുടങ്ങിയാറെ ഞങ്ങളുടെ കിഴമര്യാദിയത്രെ ആകുന്നെന്നും ആയതിന്ന പണ്ടുപണ്ടെ മലങ്കരയുള്ള രാജാക്കളിൽ ആരും ഇത്രനെരവും മറുതലിക്കയും ചൊദ്യം ചെയ്കയും ഉണ്ടായിട്ടില്ലാ എന്നു പറഞ്ഞാറെ ആയതിന്നു വിവാദു കൊണ്ടു അന്നു തിരുവനന്തപുരത്തുണ്ടായിരുന്ന പഴമസൂക്ഷമുള്ള മുളക്കുളത്തു പള്ളിഇടവകക്കാരൻ പാറെക്കാട്ടിൽ കുറുവളക്കത്തനാരും മററും പലരും ദളവായുടെ മുൻപാകെ ചെന്നു കിഴുമര്യാദിയത്രെയാകുന്നുവെന്നും ഞങ്ങളുടെ കാരണവൻമാരുടെ കാലങ്ങൾ തൊട്ടു ഇപ്പൊളൊളും കാത്തുവന്ന കാര്യമാകുന്നുവെന്നും സാക്ഷിച്ചാറെ ആയതിന്ന ചൊദ്യമുണ്ടാകരുതെന്ന ദളവാ സാധനം കൊടുത്തു കാര്യം തീരുകയും ചെയ്തു.



## പതിനൊന്നാംപദം

**നിരണത്തിൽ മാർ തൊമ്മാ മെത്രാൻ സല്പെസമെത്രാന്നു ആലങ്ങാട്ടു കുറി എഴുതി അയച്ചു എന്നതിന്മെൽ**

പഴെ കാലങ്ങളിൽ മാർ പ്രാഞ്ചിസ്ക്കൊസ ഗർസ്യാ എന്ന കൊടുങ്ങല്ലൂര മെത്രാപ്പൊലീത്താ മലങ്കരെ വാഴുന്ന നാളുകളിൽ ഒരു സുറിയാനിക്കാരൻ മെത്രാനെ പൌലിസ്ത്താക്കാററരുടെ വിചാരത്താൽ പറങ്കിമാർ കടലിൽ കെട്ടിതാഴ്ത്തി എന്നു കെൾക്കകൊണ്ടു [1] മലങ്കരെയുള്ള നസ്രാണികൾ എല്ലാവരും മട്ടാഞ്ചെരിൽകൂടി പൌലീസ്ത്താക്കാററരെ കണ്ടനുസരിച്ചു അവരുടെ കീഴ്ഇരിക്കയില്ലെന്ന സത്യംചെയ്തു ഉറപ്പിച്ചതിന്റെ ശെഷം എല്ലാവരും ആലങ്ങാട്ടു കൂടി മാർപ്പാപ്പാടെ നാമത്താൽ ഒപ്പിട്ടു കണ്ട ഒരു കള്ളസാധനത്തിന്റെ ശക്തിയാൽ പന്ത്രണ്ടു പട്ടക്കാററരുകൂടി അന്നു മലങ്കര ഇടവകയുടെ അർക്കദെയാക്കൊനായിരുന്ന കുറവിലങ്ങാട്ടു പള്ളി ഇടവകക്കാരൻ പള്ളിവീട്ടിൽ തൊമ്മാകത്തനാരെ മലങ്കര ഇടവകയുടെ മെത്രാനായി തിരഞ്ഞെടുത്ത വാഴിച്ചയും തികച്ചതിന്റെ ശെഷം കുറെനാൾ ഇങ്ങനെ പട്ടാങ്ങയായ വാഴ്ചയില്ലാത്ത മെത്രാന്റെ കീഴ്പള്ളി ഒക്കയും [2] ഇരുന്നതിന്റെ ശെഷം കർമ്മലീത്താക്കാരൻ ഹീറാപ്പൊലിസെന്ന [3] നാട്ടിന്റെ മെത്രാൻ മലങ്കരെ വന്ന നസ്രാണികളുടെ ഇടത്തുണ്ടായ ഈ പവൃതി തീർക്കണമെന്നിട്ട റൊമായിൽനിന്നും തനിക്കുണ്ടായിരുന്ന മുഷ്ക്കരെതപത്തിന്ന തക്കവണ്ണം പന്തിരണ്ടു പട്ടക്കാററരുകൂടി വാഴിച്ച മാർ തൊമ്മാ അർക്കദെയാക്കൊനെതന്നെ പട്ടാങ്ങയായി വാഴിച്ചു മലങ്കരക്കു വികാരി അപ്പസ്തൊലിക്കാ ആയിട്ടു കല്പിക്കണമെന്ന നിശ്ചയിച്ചു അയാളെ വിളിപ്പിച്ചാറെ വരുവാൻ മനസില്ലായ്കകൊണ്ടു കുറവലങ്ങാട്ടു ഇടവകയിൽ നിന്ന തന്നെയുള്ള പനങ്കുഴക്കൽ [4] ചാണ്ടിക്കത്തനാരെ മെത്രാനായിട്ടു

---

1. ഇഗ്നേഷ്യസ് അഹത്തള്ള. ഇദ്ദേഹം മാർപ്പാപ്പയാൽ അയക്കപ്പെട്ടവെന്ന് ഒട്ടേറെ പുരോഹിതർ കരുതിയിരുന്നുവെന്നും ശരിയായ വിശ്വാസികൾ അല്ലാതിരുന്നവർപോലും തങ്ങളുടെ നിലപാടിനെ ന്യായീകരിക്കുന്നത് മാർപ്പാപ്പയുടെ അധികാരം ഏററുചൊല്ലിയാണെന്നും 1659 ജനുവരി 3-ാം തീയതി ഗാർസീയ മാർപ്പാപ്പക്ക് എഴുതി.
2. അർക്കദിയാക്കോന്റെ വ്യാജാഭിഷേകത്തെത്തുടർന്ന് ഏതാനും മാർതോമാ ക്രിസ്ത്യാനി കുടുംബങ്ങൾ പ്രതിജ്ഞയെടുത്തവരിൽനിന്ന് വിട്ടുനിന്നു.
3. അപ്പസ്തോലിക് കമ്മീസറിയായിവന്ന ജോസഫ് സെബസ്ത്യാനി. പിന്നീട് ഹീയരാപ്പൊലിസ് മെത്രാനും കൊടുങ്ങല്ലൂരിന്റെ അഡ്മിനിസ്ട്രേററുമായി.
4. പനങ്കുഴക്കൽ പള്ളിവീട്ടിൽ. പറമ്പിൽ (ദെകാമ്പോ), കുടക്കച്ചിറ എന്നീ വീട്ടുപേരുകളിലും അറിയപ്പെട്ടു. മാർതോമാ അർക്കദിയാക്കോന്റെ അടുത്ത ബന്ധുവായിരുന്നു ഇദ്ദേഹം.

www.malankaralibrary.com

വാഴിച്ച മലങ്കരെ ഇടവക അദ്ദെഹത്തിന്ന കയ്യാളിച്ചതിന്റെ
ശെഷം അദ്ദെഹത്തിന്റെ പ്രയത്നവും ശ്രമവുംകൊണ്ടു പവൃതി
പെട്ടതിൽ പല പള്ളിക്കാററും തങ്ങൾക്കുണ്ടായ അയർച്ച
അറിഞ്ഞ വലത്തുട്ടിൽ തിരിഞ്ഞുവെങ്കിലും ആയതിൽ പല
പള്ളിക്കാററും മുൻപിൽ തങ്ങൾ പിടിച്ച പ്രതിജ്ഞയിൽതന്നെ
നിന്ന പന്തിരണ്ടു പട്ടക്കാററുകൂടി വാഴിച്ച അർക്കദെയാക്കൊന്റെ
കീഴതന്നെ തങ്ങളുടെ മെത്രാനായിട്ടനിന്ന അനുസരിച്ചു വരിക
കൊണ്ടു അന്നുതൊട്ടു ഇന്നയൊളും ആ സ്ഥാനം മലങ്കരെ കാത്തു
വരികയും ചെയ്തു.

എന്നാൽ നമ്മുടെ ഈ കാലങ്ങളിൽ കുറവലങ്ങാട്ടു ബഹു
മാനപ്പെട്ട തറവാടാകുന്ന പള്ളിവീട്ടിൽ പിറന്ന പട്ടത്തവും ഇരി
പ്പുമുള്ള അയിപ്പു കത്തനാരു ഈ സ്ഥാനത്തിൽ കരെറിയതിന്റെ
ശെഷം തന്റെ കാരണവന്മാർക്കും തനിക്കുമുണ്ടായിരുന്ന പട്ടാ
ങ്ങയായ കൈവെപ്പിന്റെ കുറച്ചിൽ അറിഞ്ഞു തന്റെ കാര
ണവരായിരുന്ന കഴിഞ്ഞ മാർ തൊമ്മാ മെത്രാനും [5] ആസ്യാ
യിൽനിന്ന വന്ന മെത്രാന്മാരും തങ്ങളിൽ ഉണ്ടായിരുന്ന അയ
പ്പു പറഞ്ഞൊഴിഞ്ഞു താൻ അവരിൽനിന്ന പട്ടാങ്ങയായ കൈ
വെപ്പു കൈക്കൊള്ളുകയും ചെയ്തു [6] . ഇതിന്റെ ശെഷം താൻ
അറിവുള്ള ആളാകകൊണ്ടും ലൊകബഹുമാനത്തെക്കിയാലും
പട്ടാങ്ങയായ വഴിയും തന്റെ ആത്മത്തിന്റെ രക്ഷയും അപെ
ഷിക്കുന്നതിനാൽ ശുദ്ധമാന മാതാവായ പള്ളിയുടെ തലവൻ
റൊമ്മായിൽ മാർപ്പാപ്പാ ആകുന്നെന്നും രക്ഷപെടുവാൻ മനസൊ
ള്ളവനൊക്കയും ഈ വിശ്വാസത്തിൽ കൂടിയ മതിയാവു എന്നും

---

5. മാർത്തോമാ അഞ്ചാമൻ തനിക്കു മെത്രാഭിഷേകം നല്കാൻ മെത്രാനെ കൊണ്ടുവന്നാൽ നാലായിരം രൂപ നല്കാമെന്ന് ഡച്ച് അധികാരികളുമായി ചട്ടംകെട്ടി. ഡച്ചുകാർ യാക്കോബായ പാത്രിയർക്കീസിന്റെ പക്കൽനിന്ന മൂന്ന മെത്രാന്മാരെകൊണ്ടുവന്നു ഡച്ചുകാർക്കു പണം നല്കിക്കഴിഞ്ഞേ മെത്രാഭിഷേകം നടത്താനാകൂ എന്ന് അവർ ശഠിച്ചു. മെത്രാഭിഷേകം കഴിഞ്ഞേ പണം നല്കാൻ സാധിക്കൂ എന്ന വാദിച്ച അദ്ദേഹം അഭിഷേകം സ്വീകരിക്കാതെ മരണമടഞ്ഞു. പിൻഗാമിയായി നിയുക്തനായ ആറാം മാർത്തോമാ പ്രശ്നം പരിഹരിക്കുകയും 1772-ൽ മാർഗ്രിഗറിയിൽനിന്ന് മെത്രാഭിഷേകം ഏല്ക്കുകയും ചെയ്തു.
6. മലബാറിൽ ഉണ്ടായിരുന്ന വിദേശീയ യാക്കോബായ മെത്രാന്മാർ മാർത്തോമായുടെ പിൻമുറകാർക്ക് മെത്രാൻപട്ടം നല്കിയിരിക്കില്ല. മാർത്തോമാമാർ തങ്ങളുടെ സഹോദരരെയോ അനന്തിരവരെയോ പിൻഗാമികളാക്കി പന്ത്രണ്ടു പുരോഹിതരാൽ അഭിഷേകം ചെയ്യപ്പെട്ട മാർത്തോമാ മുതൽ ഇവിടെ പരാമൃഷ്ടനാകുന്നയാൾവരെ അഞ്ചു മാർത്തോമാമാർ ഉണ്ടായി. മാർപ്പാപ്പയാണ മാതൃസഭയുടെ അധ്യക്ഷൻ എന്ന ബോധ്യമുണ്ടായിരുന്ന ആറാം മാർത്തോമാ (ദിവന്നാസ്യോസ് ഒന്നാമൻ) 1772 ൽ മെത്രാനായി അഭിഷിക്തനാകുന്നതിനുമുമ്പും അതിനുശേഷവും പലവുരു പുനരൈക്യത്തിനു ശ്രമിച്ചു.



അറിഞ്ഞതിനാംപക്കം താൻ പലയുഴവും ആയതിന്ന ശ്രമിക്ക
യും മാർ പ്പൊരെൻസിയൊസ അരയപ്പൊലിസ എന്ന കാലം
ചെയ്ത വികാരി അപ്പസ്തൊലിക്കായൊടും മാർ സ്സവദൊർ ദൊ
സറയിസ എന്ന മെത്രാപ്പൊലിത്തായൊടും അപെക്ഷിക്കയും
ചെയ്താറെ തന്റെ അപെക്ഷ സാധിക്കായ്കകൊണ്ടു ആയതു
സാധിപ്പാൻ എന്തു ഉപായമുള്ളവെന്ന വിചാരിക്കുന്ന നെരത്ത
സല്പെസമെത്രാനും പാതിരിമാരുമായിട്ടു പിണക്കമുണ്ടായെന്നും
ആയതുകൊണ്ടു പള്ളിക്കാററു ഒരുമ്പെട്ടു. ചെന്ന മെത്രാനെ പ
ന്റപ്പുഴെനിന്നും ആലങ്ങാട്ടിന്ന കൊണ്ടുപൊയെന്നും ആയതിന്ന
മുതൽപെരായി ശ്രമിച്ചതു കരിയാട്ടിൽ മല്പാനാകുന്നയെന്നും
കെൾക്കകൊണ്ടും ഈ സംഗതിയിൽ കരിയാട്ടിൽമല്പാനൊടു ശ്ര
മിച്ചാൽ തന്റെ അപെക്ഷ സാധിച്ചുകൊള്ളാമെന്നും വച്ചു താൻ
നിരന്നത്തു ചെന്ന കണ്ടു പറഞ്ഞെങ്കിൽ തന്റെ ആത്മത്തിന്ന
വളരെ തണുപ്പുണ്ടായിരുന്നവെന്ന കരിയാട്ടിൽ മല്പാന്ന ഒരു സാ
ധനവും മറെറാരു സാധനം സല്പെസമെത്രാനും എഴുതി നിരണ
ത്തിന്നും ആലങ്ങാട്ടിന്നും ആളയക്കയും ചെയ്തു.

എന്നാൽ മാർതൊമ്മാമെത്രാൻ എഴുതി അയച്ച കുറി മെ
ത്രാൻ കണ്ടാറെ വളരെ തെളിഞ്ഞില്ലാ. എങ്കിലും തനിക്കുള്ള
ഉൾക്കളെവുകൊണ്ടു ആ നെരത്തിൽ തന്റെ ഹൃദയതിന്മ മൂടിക്കൊ
ണ്ടു കരിയാട്ടിൽമല്പാനെ നിരണത്തിന്ന അയക്കതെക്കവണ്ണം നി
ശ്ചയിച്ചതിന്റെ ശെഷം കരിയാട്ടിൽമല്പാന്ന മെത്രാൻ കൊടുത്ത
പഠിത്വമാകുന്നതു മാർ തൊമ്മാമെത്രാന്റെ മുമ്പാകെ ചെന്നാൽ
അയാളൊടു ഒരു ആചാരം കാട്ടരുതെന്നും ഒരു കൂതൽ കൂടാതെയും
വഴക്കം കൂടാതെയും അയാളുടെ മുൻപിൽ ഇരിക്കണമെന്നും അ
യാൾ ചൊദിക്കുന്നതിനൊക്കെക്കും കടുമയായിട്ടു ഉത്തരിക്കണെ
മെന്നും ഇങ്ങനെ ഉള്ള പഠിത്വങ്ങളും കൊടുത്തു കരിയാട്ടിൽമല്പാ
നെ നിരണത്തിന്ന അയക്കയും ചെയ്തു.

### വിചാരം

കെൾക്കുന്നവർക്കു എന്തു തൊന്നുന്നു. ഇങ്ങനെ മെൽപറഞ്ഞ
പഠിത്വങ്ങൾ കരിയാട്ടിൽമല്പാന്ന മെത്രാൻ കൊടുത്തത മാർഗ്ഗ
ത്തിന്റെ എരിവും മഹിമയും കാട്ടെണ്ടിട്ടു എന്ന നിങ്ങൾ വി
ചാരിക്കുന്നൊ. ഇങ്ങനെ ആരാനും വിചാരിക്കുന്നവെങ്കിൽ ശുദ്ധ
മാന എവൻഗെലിയൊന്റെ പഠിത്വം കെട്ടാലും. ശുദ്ധമാന
എവൻഗെലിയൊനിൽ മിശിഹാകർത്താവു അരുളിചെയ്യുന്നു.
എന്റെ മനസിൽ എളിമപ്പെട്ടവനും അടക്കമുള്ളവനും ഞാനാ
കുന്നെന്ന എന്നിൽ നിന്ന നിങ്ങൾ പഠിപ്പിൻ എന്നും വിശെ
ഷിച്ചു പ്രക്ലുസെന്ന പുസ്തകത്തിൽ പറയുന്നപൊലെ മാർ
പൌലൊസ യാത്രയാക്കിയ അപ്പസ്തൊസിന്റെ മെത്രാന്മാരെ
വരുത്തിയാറെ അവരൊടു പറഞ്ഞു ആസ്യായിക്കു ഞാൻ പുക്കു

www.malankaralibrary.com

വെന്നും മുൻപീലത്തെ ദിവസംതൊട്ടു എളിമയാലെയും ഏറിയ കണ്ണുനീരുകളാലെയും എങ്ങനെ നിങ്ങളുടെ ഇടയത്ത ഞാൻ ആയി എന്നും എങ്ങനെ തമ്പുരാന്റെ തിരുവചനം നിങ്ങളൊടു അറിയിച്ചുവെന്നും നിങ്ങളറിഞ്ഞല്ലൊ ഇരിക്കുന്നുവെന്നു വീണ്ടും മററിടത്തിൽ മാർ പൌലോസു പറയുന്നു. ഏറിയ ക്ഷമയാലെയും ഞെരുക്കങ്ങളാലെയും ബുദ്ധിമുട്ടുകളാലെയും തമ്പുരാന്റെ ചിററാഴക്കാറരായി നമ്മെതന്നെ നാംതന്നെ നാം കാണണമെന്നു. അപ്പൊഴൊ തമ്പുരാന്റെ തിരുവചനം അറിയിപ്പാനായിട്ടു പുറപ്പെടുന്ന ആളുകളുടെ പ്രവർത്തി എളിമയും ക്ഷമയും പതവും ആയിരിക്കയും ഇങ്ങനെ ശെഷമുള്ളവരും തങ്ങളുടെ നല്ല പ്രവർത്തികൾ കണ്ടു ആകാശത്തിലുള്ള ബാവാതമ്പുരാനെ സ്തുതിപ്പാൻ സംഗതി വരുകയും ചെയ്യുന്നതു ശുദ്ധമാന എവൻഗെലിയൊന്റെ വഴിയിൽ ഒരു തെല്ലുപൊലും പരിചയമുള്ള ആളുകൾ എല്ലാവർക്കും അറിയാകുന്ന കാര്യമാകുമ്പൊൾ അങ്ങു ഉള്ളതൊന്നുമല്ലാതെ ആയതൊക്കയൊടും മറുത്ത തന്റെ സ്ഥാനത്തിന്നടാത്ത പഠിതങ്ങൾ മെത്രാൻ കൊടുത്തയച്ചതിന്റെ താല്പര്യം എന്തെന്നു നിങ്ങൾക്കു തൊന്നുന്നു. പക്ഷെ മെത്രാൻ അറിയാഞ്ഞിട്ടത്രെ ഇങ്ങനെ കാട്ടി എന്നു വിചാരിക്കുന്നൊ. അതല്ലാ പിന്നയൊ മാർതൊമ്മാമെത്രാൻ കാതലിക്കായിക്കുടത്ത പള്ളിയിൽ കൂടിയാൽ തന്റെ മുഷ്ക്കരതത്തിന്നു കുറവു വരുമെന്നും പിന്നെ മലങ്കരെ നസ്രാണികളൊടു തന്നിഷ്ടമായിട്ടെത്തും കാട്ടുവാൻ കൂടുകയില്ലെന്നും കാൺകകൊണ്ടു വാച്ചപ്രകാരത്തിലും മാർ തൊമ്മാ മെത്രാന്റെ പട്ടാങ്ങയായ വഴിക്കുള്ള ആഗ്രഹം കളയണമെന്നും വച്ചു. പക്ഷെ ഇങ്ങനെയുള്ള പ്രവർത്തികൾ മാർ തൊമ്മാമെത്രാന്റെ മുൻപാകെ കാട്ടിയാൽ തന്റെ ബഹുമാനത്തിന്നു ക്ഷയം വരുത്തുന്ന പ്രവർത്തികളെ കണ്ടു ഈർഷ്യപ്പെട്ടു പട്ടാങ്ങയായ വഴിക്കു തിരിവാനുള്ള മനസു മറിഞ്ഞുപൊകുമെന്നും ഇങ്ങനെ തന്റെ മനസിലിരിക്കുന്ന ഉൾക്കളെവു പരഹസ്യപ്പെടുത്താതെ മാർ തൊമ്മാമെത്രാന്റെ മെൽതന്നെ കുററംചാരാമെന്നും കാൺകകൊണ്ടത്രെയാകുന്നു. ആയതിന്റെ പരമാർത്ഥം പുറകെ വരുന്ന അവസ്ഥകൊണ്ടറികയുമാം.

## പന്തിരണ്ടാംപാദം

**കരിയാട്ടിൽ മൽപാൻ മാർ തൊമ്മാമെത്രാന്റെ അടുക്കൽ ചെന്നാറെ ഉണ്ടായ അവസ്ഥമെൽ**

അപ്പൊഴൊ കരിയാട്ടിൽ മല്പാൻ സല്ലെസമെത്രാനിൽനിന്നു മെൽ പറഞ്ഞ പഠിതങ്ങളും കൈക്കൊണ്ടെങ്കിലും മാർ തൊമ്മാനെ കണ്ടാൽ ചെയ്യെണ്ടുന്ന പ്രകാരങ്ങളൊക്കയും നമ്മുടെ മാർഗ്ഗത്തിന്നുടെ എളിമക്കും അടക്കത്തിന്നും ചെരുംവണ്ണംതന്നിൽ



തന്നെ വിചാരിച്ചുകൊണ്ടു ആലങ്ങാട്ടിൽനിന്നു പുറപ്പെട്ടു നിരണത്തു ചെന്നു മാർ തൊമ്മാമെത്രാനുമായിട്ടു കണ്ടാറെ മെത്രാൻ ചെരുംവണ്ണം അദ്ദേഹത്തെ കൈക്കൊണ്ടു നല്ലവണ്ണം ബഹുമാനിക്കയും ചെയ്തു.

ഇതിന്റെ ശെഷം നമ്മുടെ ശുദ്ധമാനപള്ളിയുടെ പട്ടാങ്ങയിൽ മിക്കതും മാർതൊമ്മാ മെത്രാൻ ബൊധിച്ചു സമ്മതിച്ചിരുന്നുവെങ്കിലും ചിലകൂട്ടം കാര്യങ്ങൾക്കു വിവാദം ഇനിയും ഉണ്ടായിരുന്നാറെ ആയതൊക്കയും മെൽ ബഹുമാനപ്പെട്ട മല്പാനൊടു ചൊദിക്കയും ആയതിന്നു ഒക്കയും ചെരുന്ന ഉത്തരങ്ങൾകൊണ്ടു മല്പാൻ മെത്രാനെ ബൊധിപ്പിക്കയും ചെയ്തതിന്റെ ശെഷം തനിക്കു ശുദ്ധമാനപള്ളിയിൽ കൂടുവാൻ നല്ല മനസായിരിക്കുന്നെന്നും ആയതു സാധിപ്പാൻ എന്തൊരു വഴി ഉള്ളവെന്നും കരിയാട്ടിൽമൽപാനൊടു മെത്രാൻ സാദ്ധ്യമായിട്ടപെക്ഷിക്കയും ചെയ്തു.

ഇങ്ങനെയുള്ള മെത്രാന്റെ മനസു മല്പാൻ കെട്ടാറെ മെത്രാനൊടു പറഞ്ഞു തമ്പുരാന്റെ ശുദ്ധമാന പള്ളിയിൽ കൂടുവാനുള്ളതിന്നു മുഴുവനായൊരു മനസ അങ്ങുണ്ടെങ്കിൽ ആയവസ്ഥക്കു ആലങ്ങാട്ടെക്കു സല്ലെസമെത്രാനു കുറി എഴുതി അയക്കെ വെണ്ടു അതിശെഷിച്ചും കുറി കണ്ടാൽ മെത്രാൻ കൂട്ടാക്കിയില്ലെങ്കിൽ ആയതുകൊണ്ടു ഒരു ശങ്ക വെണ്ടാ. ഇനി ഒരിക്കൽ അങ്ങെ പ്രതി എന്റെ ആയുസു തമ്പുരാനു പൂജിച്ചു റൊമ്മായിലൊളം വീണ്ടും ചെന്നിട്ടും കാര്യം സാധിപ്പാനുള്ളതിന്നു ആകുന്നതു പ്രയത്നം ചെയ്യുന്നുണ്ടെന്നും ഇങ്ങനെ കരിയാട്ടിൽമല്പാൻ മാർതൊമ്മാമെത്രാനൊടു വെസ്ഥ വരുത്തിയതിന്റെ ശെഷം ആലങ്ങാട്ടിന്നു തിരിക വന്നു മെത്രാനെ ഈ അവസ്ഥയൊക്കയും ബൊധിപ്പിച്ചാറെ രണ്ടുമൂന്നുഴം അക്കാര്യത്തിന്മെൽ പ്രത്യെകമായിട്ടു ചൊദിച്ചതിന്റെ ശെഷം അപ്പൊൾ മറെറാരു മറയും തനിക്കില്ലായ്കകൊണ്ടു തന്റെ ഹൃദയത്തിങ്കൽ ഉള്ള ഉൾക്കളെവു പരഹസ്യപ്പെടുത്തി മാർതൊമ്മാമെത്രാനു പഴെതിൽ വഴങ്ങുവാൻ മനസുണ്ടെങ്കിൽ മെത്രാനായി മലങ്കരെ വാഴുവാൻ സമ്മതിക്കയില്ലെന്നും ആയതുകൊണ്ടു മെത്രാന്റെ സ്ഥാനം ഒഴിയെ മറെറതാനും സ്ഥാനം അയാൾക്കു വരുത്തുവാൻ ശ്രമിക്കാമെന്നും ആയതല്ലാതെ മെത്രാന്റെ സ്ഥാനം കൂടിയെ മതിയാവു എന്നു അയാൾക്കുണ്ടെങ്കിൽ അയാളെ എവ്വുറൊപ്പെയ്ക്കു അയപ്പാൻ ഞാൻ പ്രയത്നം ചെയ്യാമെന്നും സല്ലെസമെത്രാൻ പറഞ്ഞതു കെട്ടാറെ കരിയാട്ടിൽമല്പാനു പാരം ക്ലെശമാകയും ചെയ്തു.

### വിചാരം

അയ്യൊ ഒരുനാളും കെട്ടിട്ടില്ലാത്ത കാര്യം. പട്ടാങ്ങയായ വിശ്വാസം കൈക്കൊള്ളണമെങ്കിൽ തങ്ങടെ വീടും നാടും സ്ഥാ

www.malankaralibrary.com

നവും വിട്ട പരരാജ്യത്തിന്ന പൊകണമെന്നും തങ്ങളുടെ ഉടയരെ
യും കുററാരെയും കീഴവഴങ്ങപ്പെട്ടവരെയും ഉപെക്ഷിക്കണമെ
ന്നും ഏത എവൻഗെലിയൊനിൽ കൽപിച്ചിരിക്കുന്നു. എ
ന്നാൽ മാർ തൊമ്മാമെത്രാൻ ഇടത്തുട്ടുകാരൻ ആകകൊണ്ടു അ
യാളെ വിശ്വസിപ്പാൻ മെലെന്നും പട്ടാങ്ങയായ വിശ്വാസം
പട്ടാങ്ങ പറഞ്ഞ ശുദ്ധമാനപള്ളിക്കു വഴങ്ങിയതിന്റെ ശെഷം
ലൊകരെ തട്ടിച്ചുംകൊണ്ടു വീണ്ടും ഇടത്തുട്ടിൽതന്നെ തിരിവാൻ
പൊരുമെന്നും ഉള്ളൊരു സംശയംകൊണ്ടത്രെ ഈവണ്ണം മെത്രാൻ
പറഞ്ഞുവെന്നു എന്നൊടു ആരാനും പറഞ്ഞാൽ ഞാൻ ചൊദി
ക്കുന്നു. സല്പെസമെത്രാനെ ജർമ്മനിസ്യാ എന്ന നാട്ടിന്റെ മെ
ത്രാനും മലങ്കര ഇടവകയുടെ വികാരി അപ്പസ്തൊലിക്കായും ആ
യി കല്പിച്ചപ്പൊൾ അയാൾ എല്ലൊപ്പൊഴും പട്ടാങ്ങയായ
വിശ്വാസത്തിൽ പാക്കുമെന്നും നല്ല വ്യാപാരം കാട്ടുമെന്നും ആ
ക്കു വെസ്ഥയുണ്ടായിരുന്നു. എന്നാൽ ഓരൊരുത്തന്റെ ഉള്ളിൽ
ഇരിക്കുന്നതു അറിവാൻ വഹിയായ്കകൊണ്ടു പുറമെ അടയാള
ങ്ങൾക്കും വചനങ്ങൾക്കും അത്രെ ശുദ്ധമാനപള്ളി വിധിപ്പാറാ
കുന്നു എന്നു വരുമ്പൊൾ സല്പെസമെത്രാന്റെ ഉള്ളിൽ ഇരിക്കു
ന്നതു അറിയാതെ പുറമെ അയാൾ കാട്ടുകയും പറയുകയും ചെയ്ത
തിന്നു തക്കവണ്ണം വിധിച്ചു വികാരി അപ്പസ്തൊലിക്കാ ആയിട്ടു
കല്പിച്ചപോലെ ഇന്നു മാർ തൊമ്മാമെത്രാൻ പറകയും കാട്ടു
കയും ചെയ്യുന്നപോലെ വിധിപ്പാൻ സല്പെസമെത്രാനും ദിഷ്ട
തി ഉണ്ടായിരുന്നു. വിശെഷിച്ചും സല്പെസമെത്രാൻ തന്റെ
പൈതൽ പ്രായംതൊട്ടതന്നെ നല്ല വിശ്വാസം പഠിച്ചു അതി
നെ കാത്തുവന്നു എന്നതിനെക്കൊണ്ടു ഇടത്തുട്ടിൽ പൊകുമെന്നു
സംശയം അയാടെ മെൽ തൊന്നുവാൻ സംഗതിയില്ലെന്നും മാർ
തൊമ്മാമെത്രാന്റെ കാര്യം അങ്ങനെ അല്ല അയാൾ ചെറുപ്പ
ത്തിൽ തൊട്ടതന്നെ ഇടത്തുട്ടിൽ വളരുകകൊണ്ടു ഇനിയും ഇട
ത്തുട്ടിൽ പൊകുവാൻ സംഗതി കൂടുമ്പൊൾ മനസുണ്ടായിരിക്കു
മെന്നു സംശയിപ്പാൻ ഇടമുണ്ടെന്നും പറഞ്ഞാൽ ഞാൻ പറയുന്നു.
ഇതു നമ്മുടെ മാർഗ്ഗത്തിന്നും ശുദ്ധമാന എവൻഗെലിയൊന്നും
ഒട്ടും ചെരാത്ത എത്രയും വലിയൊര തിന്മയായ ദൊഷ്ക്കത്രെ
ആകുന്നു എന്നു. അതെന്തെന്നാൽ ഈ പ്രകാരം സൂക്ഷിച്ചാൽ ഇട
ത്തുട്ടിൽനിന്നും കാവ്യത്വത്തിൽ നിന്നും നമ്മുടെ മാർഗ്ഗത്തിന്നു
തിരിയുന്നതിൽ ആരെയും കൈക്കൊള്ളുവാൻ വഹിയാ. ഏറി
യ കാലം മുൻപെ തുടങ്ങി ഇന്നയൊളം ഇടത്തുട്ടിൽനിന്നു വല
ത്തുട്ടിന്നു തിരിയുന്ന കിഴക്കിനടുത്ത മെത്രാന്മാരെ മനൊഗുണ
മായിട്ടു കൈക്കൊള്ളുകയും അവക്കുള്ള കുററങ്ങൾ ഒക്കെയും തീർ
ത്തു അവരവരുടെ ഇടവകകളിൽതന്നെ അവരവരെ കല്പിക്ക
യും ചെയ്യുന്നതുമൊഴിയെ അവരെ തിരിപ്പാൻദിവസവും പ്രയ
ത്നം ചെയ്തുവരുന്ന റൊമാപള്ളി പിഴക്കയും ചെയ്യുന്നു. വിശെ





ഷിച്ചും ഇടത്തുട്ടിൽനിന്നു വലത്തുട്ടിന്നു തിരിയുന്നതിൽ ആരാ
നെയും വിശ്വസിക്കാമെന്നുണ്ടെങ്കിൽ ഇന്നു സംഗതികളൊക്കെ
യും സൂക്ഷിച്ചുകണ്ടാൽ മാർതൊമ്മാമെത്രാനെ വിശ്വസിക്കാമെ
ന്നു നമുക്കു അറികയുമാം. അതെന്തെന്നാൽ അയാൾ ശുദ്ധമാന
കാതൊലിക്കാവിശ്വാസം കൈക്കൊണ്ടിരിക്കുന്ന കുറവിലങ്ങാ
ട പള്ളിഇടവകയിൽ സ്തുതി ചൊവ്വാകപ്പെട്ട കാരണവന്മാരിൽ
നിന്നു പിറന്നു അവിടെ മുൻപിലത്തെ കൂദാശയാകുന്ന മാമ്മൊ
ദീസയും കൈക്കൊണ്ടു സ്വൽപം നാൾ അവിടെ വളർന്നതി
നാംപക്കം ഇന്നു അയാൾക്കു പഴയതിൽ വഴങ്ങുവാനുള്ള മനസ
തനിക്കുണ്ടായ അറിവിന്റെ ശക്തിയാൽതന്നെയല്ലാ പിന്നെ
യൊ തന്റെ നല്ല മനസും തന്റെ കാരണവന്മാരിൽനിന്ന പാ
ലൊടുകൂടെ താൻ കുടിച്ച നല്ല വളർത്തിപ്പിനുടെയും വിശ്വാസ
ത്തിന്റെയും ശക്തികൊണ്ടും അത്രെ ആകുന്നുവെന്നും തനിക്കു
കാലത്തിന്നടുത്തതിൽ ഒന്നുകൊണ്ടും ഒരു ദിഷ്ടിതിയും മുട്ടും കൂടാ
തെ തന്റെ ശത്രുക്കൾ[1] ഒക്കെനെ ജയിച്ചു നെരപ്പാലെ തന്റെ
ഇടവക വാഴുന്നതിനാലെ നെരായ വിശ്വാസത്തിൽ കൂടു
വാൻ പട്ടാങ്ങയായ മനസ തനിക്കില്ലാഞ്ഞുവെങ്കിൽ ആയ
തപെക്ഷിപ്പാനും ഇപ്പോൾ ഒരു ദിഷ്ടതി തനിക്കില്ലാഞ്ഞു
വെന്നും ഓർത്താൽ ഇക്കാര്യത്തിന്റെ പരമാർത്ഥമറിയാമെ
ന്നു തന്നെയല്ലാ പിന്നെയൊ മാർതൊമ്മാമെത്രാൻ പരഹസ്യ
മായിട്ടു സത്യം ചെയ്ത തന്റെ ഇടത്തുട്ട് ഉപെക്ഷിച്ചതിന്റെ
ശെഷം ഇടത്തുട്ടുകാററുകൂടയും നിലയും ഉറപ്പും ഇല്ലാത്തവനത്രെ
താനാകുന്നെന്നും വച്ചു തന്നെ വീണ്ടു കൈക്കൊള്ളുകയില്ലെന്നും
ഇങ്ങനെ രണ്ടു പക്ഷക്കാററുടെയും പക്കൽ കീർത്തിഹീനവും നാ
ണക്കെടും പരലൊകത്തിൽ തമ്പുരാന്റെ ശിക്ഷയും ഏററിരി
ക്കുമെന്നു ഓർത്തു കണ്ടാൽ മാർ തൊമ്മാമെത്രാൻ ഇതിൻവണ്ണമുള്ള
അക്രമക്രിയ ചെയ്യുമെന്നു ദൃഢമില്ലാത്ത ഒരു പിള്ളപൊലും പറ
കയുമില്ലാ. എന്നു വരുമ്പൊൾ ഇക്കാര്യത്തിന്നു സല്പെസമെത്രാൻ
കാട്ടിയ വിഷമമൊക്കയും മെൽപറഞ്ഞവണ്ണം തന്റെ വാഴ്ചയും
മുഷ്ക്കരത്വവും പൊയ്പൊകുമെന്നും പിന്നെ നസ്രാണികളൊ
ടു തന്റെ മനസുപൊലെ കാട്ടുവാൻ കൂടുകയില്ലെന്നും ഉള്ള പെടി
കൊണ്ടത്രെയാകുന്നുവെന്നു എല്ലാവർക്കും അറികയുമാം.

---

1. മാർതോമ്മായെ അഭിഷേചിച്ച മാർ ഗ്രിഗോറിയോസു തന്നെ(മാർ കൂറി
ലോസ് എന്ന പേരിൽ) കാട്ടുമങ്ങാട്ടു റമ്പാനെയും അഭിഷേചിച്ചു.
മാർതോമ്മാ വിദേശത്തുനിന്നുവന്ന യാക്കോബായ മെത്രാന്മാരോടും
കാട്ടുമങ്ങാട്ടു റമ്പാനോടും ശത്രുതയിലാകാൻ ഇതു കാരണമായി. തി
രുവിതാംകൂർ, കൊച്ചി രാജാക്കന്മാരുടെ തുണയോടെ മാർതോമ്മാ
കൂറിലോസിനെ മലബാർ പ്രൊവിൻസിലുള്ള അഞ്ഞൂറിലേക്ക് നാടു
കടത്തി. അഞ്ഞൂർകേന്ദ്രമാക്കി മാർ കൂറിലോസ് ഒരു സ്വതന്ത്ര യാക്കോ
ബായ സഭ സ്ഥാപിച്ചു.

www.malankaralibrary.com

ഇതിന്റെ ശെഷം മാർതൊമ്മാ മെത്രാൻ കരിയാട്ടിൽ മല്പാനമായിട്ട പറഞ്ഞപൊലെ തനിക്കു പഴെതിൽ വഴങ്ങുവാൻ മനസ്സുള്ള കാര്യത്തിന്മെൽ സല്ലെസമെത്രാന്നു കുറിയും എഴുതി തന്റെ മരുമകനാകുന്ന മലങ്കരയിടവകയിലുള്ള ബഹുമാനപ്പെട്ട തറവാട്ടിലുള്ള ചങ്ങനാശെരിൽകാരൻ കുഞ്ഞിപ്പതരകനെ ആലങ്ങാട്ടിനയച്ചാറെ സല്ലെസമെത്രാൻ നല്ല മനസ്സൊടുകൂടെ അയാളെ കൈക്കൊണ്ടില്ലാ എന്നു തന്നെയല്ലാ പിന്നെയൊ തരകന്റെ ബഹുമാനവും മഹിമയും ഓർക്കാതെ ഏറിയ വിരൊധങ്ങളും അസഭ്യങ്ങളും പറകകൊണ്ടു തരകനു പാരം ക്ലെശമാകയും കരിയാട്ടിൽ മല്പാൻ തരകനെ വിളിച്ചു തണുപ്പിച്ചു താൻ മാർ തൊമ്മാ മെത്രാനൊടു പറഞ്ഞൊത്തതിന്നു ഏറക്കുറവില്ലെന്നും ഇക്കാര്യം ചൊല്ലി റൊമായിക്കു പൊകുന്നതിന്നു ഒട്ടും ഒരു സംശയമില്ലെന്നും പറഞ്ഞ അപ്രകാരത്തിന്നു മാർ തൊമ്മാ മെത്രാന്നു കുറിയും കൊടുത്ത കുഞ്ഞിപ്പതരകനെ നിരണത്തിന്നു വീണ്ടു അയക്കയും ചെയ്തു.

### വിചാരം

ഈയുണ്ടായ അവസ്ഥ സൂക്ഷിച്ചുകണ്ടാൽ നമ്മുടെ ജാതിമെൽ സല്ലെസ മെത്രാന്നു എത്ര ബഹുമാനവും കരുണയും ഉണ്ടായിരുന്നുവെന്നറിയാം. അതെന്തെന്നാൽ വാച്ചു ഇടത്തുട്ടുകാരൻ എങ്കിലും നമ്മുടെ ജാതിയിൽ അന്നുള്ളതിലും ബഹുമാനപ്പെട്ടവനായിരിക്കുന്ന മാർ തൊമ്മാമെത്രാൻ[2] തന്റെ നാമത്താൽ കുറിയും എഴുതി ബഹുമാനപ്പെട്ട ആളാകുന്ന കല്പറക്കൽതരകന്റെ[3] കൈയിൽതന്നെ കൊടുത്തയച്ചാറെ ഒരു തെല്ലുപൊലും ആചാരവും ബഹുമാനവും കൂടാതെ അന്യായവും അസഭ്യവും നിറഞ്ഞ വചനങ്ങൾ അയാളൊടു പറഞ്ഞതും ഇന്നു തൊലി വെളുത്തിട്ടുള്ളതിൽ ഒരു ആചാരിപ്പണിക്കാരനെങ്കിലും ഒരു പപ്പാത്തുകുത്തിയെങ്കിലും അയാളുടെപക്കൽ വന്നാൽ ഉടൻതന്നെ അവനു ആചാരവും ചെയ്തു കസെറയും കൊടുത്തു ഇരുത്തി ബഹുമാനിക്കുന്നതും ഓർത്തുകണ്ടാൽ നമ്മുടെ ജാതിയുടെ പിടിയായ്കയും അറിവുകെടും അവരുടെ മുഷ്ക്കും ദുഷ്ടതയുമെന്നത്രെ പറയെണ്ടു.

---

2, മാർതോമ്മാശ്ലീഹായിൽ നിന്നു ജ്ഞാനസ്നാനം സ്വീകരിച്ച പകലോമററം കുടുംബത്തിലെ അംഗമായിരുന്നു മാർതോമ്മാ. പലരുടെയും വീക്ഷണത്തിൽ അറിയപ്പെട്ടിട്ടുള്ള ആർച്ചുഡീക്കൻമാർ ഈ കുടുംബക്കാരായിരുന്നു.

3. ചങ്ങനാശേരിയിൽ താമസമാക്കിയിരുന്ന തെക്കുംകൂർ രാജാക്കൻമാർക്ക് കല്പറക്കൽ കുടുംബത്തിൽപെട്ട മന്ത്രിമാർ ഉണ്ടായിരുന്നു. ഇവിടെ പരാമർശിക്കുന്ന കല്പറക്കൽ തരകൻ മാർതോമ്മായുടെ സഹോദരീപുത്രനമാണ്,



## പതിമ്മൂന്നാംപാദം

**സല്ലെസമെത്രാൻ ആലങ്ങാട്ടുനിന്നും വരാപ്പുഴക്കു പൊയതും ആയതുകൊണ്ടു ഉണ്ടായ അവസ്ഥാമെൽ**

കാര്യമൊക്കെയും ഇങ്ങനെ ഇരിക്കുമ്പോൾ സല്ലെസമെത്രാൻ ആലങ്ങാട്ടു താൻ വസിച്ചുവന്നാൽ തനിക്കുള്ള ഇഷ്ടങ്ങളൊന്നും വെണ്ടുംവണ്ണം തന്നെ സാധിച്ചുകൂടാ എന്നും വരാപ്പുഴെ പൊയാൽ ആയതൊക്കയും സാധിപ്പാൻ പാരം സൌഖ്യമുണ്ടെന്നും കാണുകകൊണ്ടും പാതിരിമാരും താനുമായിട്ടുണ്ടായിരുന്ന അയർപ്പുതീർന്നു തങ്ങളിൽ ഒരു പ്രകാരത്തിൽ നിരപ്പുവരികകൊണ്ടും ആലങ്ങാട്ടുനിന്നും വരാപ്പുഴക്കു പൊകണമെന്നു ഉള്ളെ ശ്രമിച്ചുതുടങ്ങിയാറെ പള്ളിക്കാററിൽ പലർക്കും ആയതിന്നു മനസ്സു വരികയില്ലെന്നു കാണുകകൊണ്ടു പള്ളിക്കാററിൽ ആരും ബൊധിരാതെ തിരുവനന്തപുരത്തിന്നു എഴുതി അയച്ചു ഘോഷത്തൊടുകൂടെ വരാപ്പുഴക്കു പൊകുവാൻ സ്വാമിയുടെ നീട്ടും വാങ്ങി ഏതു പ്രകാരത്തിലെന്നുണ്ടായില്ല അങ്കമാലിക്കൽ പള്ളിക്കാറരെയും തന്റെ പാട്ടിൽ വരുത്തിക്കൊണ്ടു മെത്രാൻ ആലങ്ങാട്ടുനിന്നും വരാപ്പുഴക്കു പൊകയും ചെയ്തു.

### നിനവിന്റെ പെർപ്പ്

വരാപ്പുഴെ മെത്രാൻ കണ്ടു കൊടുത്തൂട്ടു കടതാശു വായിച്ചു കെട്ടു അവസ്ഥയും അറിഞ്ഞു. മെത്രാൻ ആലങ്ങാട്ടുനിന്നും വരാപ്പുഴെ വരത്തക്കവണ്ണം റൊമായിൽനിന്നും എഴുതിവരികകൊണ്ടു നമുക്കും വളരെ സന്തൊഷമാകയും ചെയ്തു. മെത്രാനും ആവശ്യമായിട്ടുള്ളൊരു കാര്യങ്ങൾക്കു എഴുതിവന്നാൽ നമ്മാൽ ആകുന്നതിനെ സഹായിപ്പാൻ നാം പാത്രമായിരിക്കുന്നുവെന്നും ഇപ്പടിക്കു തിരുവുള്ളത്തിൻപടി നിനവെഴുതിയ വലിയ മെലെഴുത്തുകണക്കു മാത്താണ്ഡൻ മാതെവൻ ശ്രീപത്മനാഭൻ.

എന്നാൽ മുൻപിൽ വരാപ്പുഴെനിന്നും ആലങ്ങാട്ടിന്നു പള്ളിക്കാറര എല്ലാവരുംകൂടി ഘൊഷത്തൊടുകൂടെ മെത്രാനെ കൊണ്ടുപൊയാറെ രാജസമ്മതം കൂടാതെ ഇതിൻവണ്ണം മെത്രാനെ കൊണ്ടുപൊകുവാൻ എന്തൊരു സംഗതി എന്നും ആയതിന്നു അടുക്കുംവണ്ണം പ്രായശ്ചിത്തം ചെയ്യണമെന്നും ദളവായുടെ ചൊദ്യം ഉണ്ടായാറെ മാപ്പിളവംശത്തിന്റെ കിഴുമര്യാദിയാകുന്നെന്നും എല്ലായ്പൊഴും തങ്ങൾ അതിനെ കാത്തുവന്നിരിക്കുന്നുവെന്നും പഴമയുടെ അറിവും സൂക്ഷവുമുള്ള ആളുകൾ ദളവായുടെ മുൻപിൽ സാക്ഷിച്ചാറെ ആയതു സമ്മതിച്ചു അക്കാര്യം ചൊല്ലി ചൊദ്യമൊന്നും ഉണ്ടാകരുതെന്നു കാര്യം തീർത്തു നീട്ടും വാങ്ങിയിരിക്ക

www.malankaralibrary.com

ലെ ആയതൊന്നും ഓൎക്കാതെ വീണ്ടു പുത്തനായിട്ടു ആലങ്ങാട്ടുനിന്നു വരാപ്പുഴക്കു പൊകുവാൻ രാജസമ്മതം സല്പെസമെത്രാൻ അപെക്ഷിച്ചതിനാൽ വീണ്ടു പുത്തനായി കിഴമൎയ്യാദി അല്ലാത്ത കാൎയ്യം കിഴമൎയ്യാദിയെന്നും ചൊല്ലി മാപ്പിളമാരു തട്ടിച്ചെന്നും ആയതല്ലാതെ കിഴമൎയ്യാദിയായിട്ടു തങ്ങളുടെ ജാതിക്കു ഇങ്ങനെയുള്ള ബഹുമാനം ഉണ്ടായിരുന്നുവെങ്കിൽ മെത്രാനിപ്പൊൾ പുത്തനായിട്ടു രാജസമ്മതം അപെക്ഷിപ്പാൻ ദിഷ്ടതിയില്ലാഞ്ഞു. അതും വച്ചു ഇപ്പൊൾ അപെക്ഷിച്ചതിനാലെ മുൻപിൽ ഇങ്ങനെയുള്ള സ്ഥാനം നിങ്ങൾക്കില്ലാഞ്ഞു എന്ന തങ്ങളുടെ തലവനാകുന്ന മെത്രാൻതന്നെ സാക്ഷിച്ചെന്നും ആയതുകൊണ്ടു മുൻപിൽ തട്ടിച്ചതിന്നു അടക്കംവണ്ണം പള്ളിക്കാററ പ്രായശ്ചിത്തം ചെയ്യണമെന്നും സ്വരൂപം മൊഴിയുമെടുത്ത മെത്രാനെ ആലങ്ങാട്ടുനിന്നും വരാപ്പുഴക്കു കൊണ്ടുപൊയ അങ്കമാലിക്കൽ പള്ളിക്കാററ വലച്ചു വരാപ്പുഴസ്വരൂപതയിൽ ഉള്ള പള്ളികളൊക്കയുടെയും നാമത്താൽ അനുവാദംകൂടാതെ വരാപ്പുഴെ മുൻപിൽ ഘൊഷമായിട്ടു കൊണ്ടുപൊയതിന്നും ഇനിമെലിൽ വരാപ്പുഴെ വരുന്ന മെത്രാന്മാരെ ഘൊഷത്തൊടുകൂടെ കൊണ്ടുപൊവാനുള്ളതിന്നും ആയിട്ടു ൬൦൦൦ (6000) രാശി വരിക്കു വച്ചു കാൎയ്യം തീരുകയും ചെയ്തു ഉടൻതന്നെ പള്ളിക്കാററരൊടു ദണ്ഡം ചെയ്തു പണം വാങ്ങുവാൻ തുടങ്ങുകയും ചെയ്തു.

### ഇക്കാൎയ്യത്തിന്റെ നിനവിന്റെ പെൎപ്പു്

വരാപ്പുഴ മെത്രാന്റെ അടക്കൽ കൂടുന്ന മാപ്പിളമാരു പഴെക്കൂറും പുറത്തുള്ള പള്ളിക്കൈക്കൊരന്മാരു കണ്ടു കാൎയ്യം വരാപ്പുഴെ മെത്രാനും പാതിരിമാരും തമ്മിൽ വിചാരിച്ചിരിക്കുന്ന സമയത്തിൽ തിരുമനസറിയിച്ചു കൽപന വരാതെ നിങ്ങൾ എല്ലാവരുംകൂടെ ചെന്നു മെത്രാനെ ആലങ്ങാട്ടു പള്ളിയിൽ കൂട്ടിച്ചുകൊണ്ടുചെന്നു പാൎപ്പിച്ചു പിഴക്കു ഉത്തരപ്പാടു തീൎന്ന കലിപണം ൬൦൦൦ (6000). ഇനിമെലിൽ മെത്രാനെ ആലങ്ങാട്ടു ഉൾപ്പെട്ട പള്ളികളിൽ കൊണ്ടുവരുന്നതിനും നിങ്ങൾ വരാപ്പുഴെ പള്ളിയിൽ മെത്രാനിരിക്കുന്നടത്ത കിഴമൎയ്യാദിപൊലെ പൊകുന്നതിന്നും തടവുകൂടാതെ ഇരിക്കുന്നതിന്നു അടക്കുവതു തീൎന്ന കലിപണം ആറായിരവും ആകെ വക രണ്ടിൽ തീൎന്ന കലിപണം പന്തീരായിരവും ഈ അടക്കുവതു കലിപണം ൨൪൦൦ (2400) തിരുവെഴുത്തു കലിപണം പത്തും ചുട്ടികലിപണം ൨ (2) ഇന്ത കലിപണം ൧൪൪൦൦ (14400) കലി ൧൨ (12) നിങ്ങൾ എഴുതിവച്ച തവണകച്ചീട്ടിൻപടി നിത്യശിലവിൽ ചെകരിപ്പിൽ മുതൽപിടിക്കാരൻവശം ഒടുക്കി പററുചീട്ടി വാങ്ങിച്ചുകൊൾകയും വെണം. ഇതിന്നു തിരുവെഴുത്തു വാങ്ങിച്ചതരി



ധിയും ആം. ഇപ്പടിക്കു ൯൫൩ (953) മതു മീനമാസം ൧-ാനു (1) നിനവെഴുതിയ കുമാരൻ ചെമ്പകരാമൻ.

### വിചാരം

ഈ ഉണ്ടായ കാൎയ്യം വിചാരിച്ചുകണ്ടാൽ രണ്ടു കാൎയ്യത്തെപ്രതി അത്രെ ൧൨൦൦൦ (12000) രാശി വരിക്കവെച്ചതു. അതായതു മുൻപിൽ രാജസമ്മതം കൂടാതെ മെത്രാനെ വരാപ്പുഴെനിന്നും ആലങ്ങാട്ടിന്നു ഘൊഷമായിട്ടു കൊണ്ടുപൊയതിന്നു പ്രായശ്ചിത്തമായിട്ടും ഇനിമെലിൽ വരാപ്പുഴെ വരുന്ന മെത്രാന്മാരെ വെറെ ഒരു സമ്മതംകൂടാതെ ഘൊഷമായിട്ടു മനസാകുന്നടത്ത മെലിൽ കൊണ്ടുപൊകുവാൻ ഉള്ളതിന്നു അനുവാദമായിട്ടും ഇങ്ങനെ രണ്ടുകൂട്ടം കാൎയ്യത്തെപ്രതി അത്രെ ൧൨൦൦൦ രാശി വരിക്കവെച്ചതു. എന്നു വരുമ്പൊൾ ആയതിൽ മുൻപിലത്തെ കാൎയ്യം സൂക്ഷിച്ചു കണ്ടാൽ മെത്രാനെ വരാപ്പുഴെനിന്നും ആലങ്ങാട്ടിന്നു ഘൊഷമായിട്ടു കൊണ്ടുപൊയ കാൎയ്യം ദളവായുടെ മുമ്പാകെ കെട്ടാറെ അന്നവിടെ ആയതിന്മെൽ ചൊദ്യം ഉണ്ടായിട്ടു പഴമ സൂക്ഷമുള്ള ആളുകളെ വരുത്തി കെട്ടു മാപ്പിളമാരുടെ കിഴമൎയ്യാദിയും സ്ഥാനവുമെന്ന വിധിച്ചു നീട്ടും മെടിച്ചു കാൎയ്യം തീൎന്നിരുന്നാറെ പള്ളിക്കാററു ആരും ബൊധിരാതെ ആലങ്ങാട്ടുനിന്നും വരാപ്പുഴക്കു പൊകുവാനുള്ളതിന്നു രാജസമ്മതം സല്പെസമെത്രാൻ ചൊദിക്ക ഹെതുവാൽ വീണ്ടും അക്കാൎയ്യം പുത്തനായി മാപ്പിളമാര മുമ്പിൽ തട്ടിച്ചെന്നും ആയതല്ലാതെ മാപ്പിളമാൎക്കു കിഴമൎയ്യാദി ഇങ്ങനത്തെ സ്ഥാനമുണ്ടായിരുന്നുവെങ്കിൽ മെത്രാൻ ഇപ്പൊൾ അനുവാദം അപെക്ഷിക്കവെണ്ടിയില്ലാഞ്ഞെന്നും മൊഴിയുമെടുത്ത ചൊദ്യമുണ്ടായതു നിരൂപിച്ചുകണ്ടാൽ രണ്ടുകൂട്ടം കാൎയ്യം മെത്രാന്റെ അവിവേകംകൊണ്ടു നമുക്കു നഷ്ടമായി പൊകയും ചെയ്തു. അതായതു പണ്ടുപണ്ടെ നമ്മുടെ കാരണവന്മാരുടെ കാലങ്ങളിലെ നമ്മുടെ ജാതിക്കുണ്ടായിരുന്ന സ്ഥാനം നഷ്ടമായി പൊയതും ഒഴിയെ ഇന്ന പല പല അരിഷ്ടങ്ങൾ കഴിച്ചു ഉണ്ടാക്കുന്ന പണത്തിന്നുംകൂടെ ഛെദം വരികയും ചെയ്തു. അപ്പൊഴൊ എന്തുകൊണ്ടു ഇത്ര വലിയ ഛെദം മെത്രാൻ നമുക്കു വരുത്തി. പക്ഷെ തന്റെ അറിവില്ലായ്കകൊണ്ടൊ. ആയതു ബൊധിപ്പാൻ വളരെ പരാധീനമുണ്ടു. അതെന്തെന്നാൽ മുൻപിൽ ആലങ്ങാട്ടിന്നു വരാപ്പുഴെനിന്നും മെത്രാനെ കൊണ്ടുപൊയതുകൊണ്ടുണ്ടായ ചൊദ്യം രഹസ്യമുള്ള ഒരു കാൎയ്യമല്ലാ. പിന്നെയൊ പരഹസ്യമായിട്ടു എല്ലാവരുടെയും മുഖെന ചൊദ്യം ഉണ്ടാകയും ആയതിന്നു കിഴമൎയ്യാദി എന്നുള്ളതു കെട്ടു വിധിച്ചു സാധനം കൊടുക്കയും ചെയ്തത മെത്രാൻ അറിഞ്ഞിരിക്കലെ ആയതു കൂട്ടാക്കാതെ വീണ്ടും രാജസമ്മതം വാങ്ങിയതു മെത്രാന്റെ അറിവില്ലായ്കകൊണ്ടല്ലാ. പിന്നെയൊ ഹൃദയ

www.malankaralibrary.com

ദൊഷംകൊണ്ടത്രെ ആകുന്നുവെന്നു വിചാരമുള്ളവർക്ക അറികയുമാം. വിശെഷിച്ചും മെലിൽ നമ്മുടെ സ്ഥാനവും പണവും കളയിപ്പിച്ച സല്പെസമെത്രാനെയും വരാപ്പുഴെവരുന്ന മെത്രാന്മാരൊക്കെയും ഘൊഷമായിട്ട കൊണ്ടുപോകുവാനുള്ളതിന്നു രാജസമ്മതം വാങ്ങിയതു ഓർത്തുകണ്ടാൽ കൊട്ടുകൊള്ളുവാൻ ചെണ്ടയും പണം മെടിപ്പാൻ കുറുപ്പും എന്നു പണ്ടൊരുത്തൻ പറഞ്ഞപൊലെ ഇരിക്കുന്നു. പണം കൊടുപ്പാൻ നമ്മളും സ്ഥാനം കൈക്കൊള്ളുവാൻ അവരും. പല്ലക്കതിൽ കെറുവാൻ അവരും പല്ലക്ക ചുമപ്പാൻ നമ്മളും. അച്ചന്മാരവരും ചെറുക്കന്മൊരു നിങ്ങളും. അപ്പൊഴൊ ഇങ്ങനെ ഒക്കെയും അവർക്ക ബഹുമാനം വരുത്തി കൊടുത്താൽ നമ്മുക്കുള്ള സമ്മാനം എന്തു. നമ്മുടെ പട്ടക്കാർക്ക വിലങ്ങും തല്ലും മരണവും. നമ്മുടെ ആത്മനികൾക്ക നിന്ദയും ദുഃഖങ്ങളും. ഇതു എത്ര ഞായമുള്ളൊരു കാര്യമെന്നു വിചാരിച്ചാൽ എല്ലാവർക്കും അറികയുമാം. എന്നാൽ അവരെപ്രതിയല്ലാ ഇങ്ങനെയുള്ള ബഹുമാനം നാം മെടിക്കുന്നത്. പിന്നെയൊ കാവ്യരുടെയും മററു ജാതികളുടെയും മുമ്പാകെ നമ്മുടെ മാർഗ്ഗത്തിന്നു ബഹുമാനം ഉണ്ടായിരിക്കെണ്ടിട്ടത്രെ. ഇങ്ങനെയുള്ള സ്ഥാനമാനം നമ്മുടെ മാർഗ്ഗത്തിലുള്ള യജമാനന്മാർക്ക നാം മെടിച്ചു കൊടുക്കുന്നുവെന്നു ആരാനും എന്നൊടു പറഞ്ഞാൽ ഞാൻ ഉത്തരിക്കുന്നു. നമ്മുടെ മാർഗ്ഗം അതിനാൽ തന്നെ എത്രയും പ്രകാശവും മഹിമയുമുള്ള വസ്തുവാകുന്നതിനാംപക്കം ഇങ്ങനെയുള്ള പിടിയാത്ത ബഹുമാനങ്ങൾ ഒന്നും ആയതിന്നു ദിഷ്ടതിയുമില്ലാ. ഇതിനെക്കൊണ്ടു നമ്മുടെ മാർഗ്ഗം കല്പിച്ച നമുക്ക തന്ന മാറൻ ഈശൊമിശിഹായും തന്റെ ശ്ലീഹന്മാരും ഇങ്ങനെ ഉള്ള ബഹുമാനം ഒന്നും അപെക്ഷിച്ചതുമില്ലാ. എന്നുതന്നെയല്ലാ ഇങ്ങനെയുള്ള ബഹുമാനം വാച്ചപ്രകാരത്തിലും തങ്ങൾക്കുണ്ടാകുമെന്നു കണ്ടാൽ ആയത കൈക്കൊള്ളാതെ ഇരിപ്പാൻ ആ ഇടത്തിൽ നിന്നു ഓടി ഒളിക്കയും ചെയ്തു എന്നതുകൊണ്ടു നമ്മുടെ കർത്താവീശൊമിശിഹായെ ശമ്രായക്കാറര രാജാവാക്കുവാൻ ശ്രമിക്കുന്നതു കർത്താവറിഞ്ഞ ഉടൻ അവിടെനിന്നു വാങ്ങുകയും ചെയ്തു. അതിൻവണ്ണംതന്നെ ശ്ലീഹന്മാരും ഈശോകർത്താവിനെപ്രതി ഏറിയ തല്ലുകളും വിലങ്ങുകളും ഞെരുക്കങ്ങളും മരണവും കൈക്കൊണ്ടതു നമുക്ക എല്ലാവർക്കും പ്രസിദ്ധമായിരിക്കയും ചെയ്യുന്നു. എന്നു വരുമ്പോൾ നമ്മുടെ മാർഗ്ഗത്തിന്റെ മഹിമക്കു ഇങ്ങനെയുള്ള ലൊകബഹുമാനങ്ങളും സ്തുതികളും ദിഷ്ടതിയില്ലാ എന്നുതന്നെയല്ലാ പിന്നെയൊ ആത്മഹൃദയവും ദയ്‌വപെടിയും കുറഞ്ഞിരിക്കുന്ന ആളുകൾക്ക ഇങ്ങനെയുള്ള ബഹുമാനങ്ങൾ ഉണ്ടായാൽ മാർഗ്ഗത്തിന്റെ യജമാനന്മാരു ആയിരുന്നാലും ആദിത്യന്റെ വെളിവിനെ ഗ്രഹണം മറക്കുന്നപൊലെ നമ്മുടെ മാർഗ്ഗത്തിന്റെ കാതലായ വസ്തുക്കളായ



എളിമയും പതവും കൂടപ്പിറപ്പുകളെ ഉള്ള ഉപവിയും മറച്ച ലൊകസ്തുതിയും ബഹുമാനങ്ങളും നിഷെധവും അഹമ്മതിയും കാട്ടുവാനുള്ളതിന്നു സംഗതിവരുത്തുകയും ചെയ്യും. അപ്പൊഴൊ ഇങ്ങനെയുള്ള ബഹുമാനങ്ങളും ലൊകാചാരങ്ങളുംകൊണ്ടു നൊം പെരുമാറുകയാൽ നമ്മുടെ ജനങ്ങളുടെ അറിവില്ലാഴികയും ഭൊഷത്വവും പിടിപ്പില്ലാഴികയും അവർ കണ്ടതിനാൽ നൊമ്മെ അടിമപ്പെടുത്തുവാനും വാഴുവാനും പ്രയാസമററ കാര്യമെന്നു അവർ നിശ്ചയിക്കയും അതിന്നു വെണ്ട കരുക്കളായ നയഭയങ്ങൾ യുക്തികൌശലങ്ങൾ ഉപായങ്ങൾ വഞ്ചനകൾ കപടങ്ങൾ ആൾഭെദംപൊലെയും തരംപൊലെയും ചില ദാനങ്ങൾ ബഹുമതികൾ ഇവകളെക്കൊണ്ടു പെരുമാറുവാൻ അവർ തുനികയും ചെയ്യുന്നു.[1]

## പതിനേഴാം പാദം

അപ്പൊഴൊ തൊമ്മൻകത്തനാരും ഈ കുറി കൈക്കൊണ്ടതിന്റെ ശെഷം ഉടൻതന്നെ കടനാട്ടിൽ ആളയച്ചറിയിച്ചാറെ മാത്തൻകത്തനാരുടെ മരുമകൻ യൊഹന്നാൻ ശെമ്മാശുകൂടെ റൊമ്മായിക്ക പൊകുവാൻ കുറിച്ചതിന്നു അയാളുടെ പെങ്ങൾക്ക മനസില്ലായ്കകൊണ്ടു ആകമാനമായ കാര്യത്തിന്നു വിഘ്നം വരുത്തിക്കൂടാ എന്നും വച്ച തന്റെ ജ്യെഷ്ഠന്റെയും ഉടയരുടെയും ശെഷം മററു പലരുടെയും മനസൊടു മറുത്തും തനിക്കുള്ള വലിയ കാര്യഖെദത്തൊടുകൂടെയും താൻതന്നെ പൊക എന്നും പാലത്തുംതലക്കൽ മാത്തൻകത്തനാരു നിശ്ചയിച്ച താനും തൊമ്മൻകത്തനാരുടെ അപ്പൻ പാറയാംമാക്കൽ ഇട്ടി ചാണ്ടിയും കൂടെ നീണ്ടൂരു ഇട്ടിക്കുരുവിള തരകന്റെ വീട്ടിൽ വന്ന വെഗം തൊമ്മൻകത്തനാരു അവിടെക്കു വരണമെന്നു കൊട്ടയകത്തിന്നു കുറി എഴുതി അയയ്ക്കയും തൊമ്മൻകത്തനാരും കുറി

---

1. 13-ാം പാദത്തിന്റെ അവസാനഭാഗം 14, 15, 16 പാദങ്ങൾ, 17-ാം പാദത്തിന്റെ ആരംഭം ഇവ ലഭ്യമല്ല. 15, 16 പാദങ്ങളിലുള്ള രണ്ട് എഴുത്തുകളെപ്പററി 47-ാം പാദത്തിൽ പരാമർശമുണ്ട്.

സുറിയാനിക്രിസ്ത്യാനികളുടെ പൊതുയോഗംകൂടി മലബാർ സഭയുടെ നന്മയ്ക്ക് ആവശ്യമായതെല്ലാം നേടിയെടുക്കാൻ കരിയാററിൽ ജോസഫ് മല്പാന്റെ നേതൃത്വത്തിൽ ഇരുപത്തിരണ്ടു പേരടങ്ങുന്ന സംഘത്തെ റോമിലേക്ക് അയക്കാൻ നിശ്ചയിച്ചതും അതിനായി ധനശേഖരണം നടത്തുന്നതും ഈ അധ്യായങ്ങളിൽ പരാമർശിക്കുന്നു എന്ന് വിവിധ സ്രോതസ്സുകളിൽനിന്നു ഗ്രഹിക്കാം. മാർതോമ്മായുടെ പുനരൈക്യം സംബന്ധിച്ച് യുക്തമായതു ചെയ്യാനും യോഗം മല്പാനെ ഭരമേല്പിച്ചിരുന്നു. നീണ്ടൂർ ഇടവക മലയിൽ ചാക്കോ, പാലയ്ക്കൽ പഞ്ചസാരമാത്തു എന്നീ രണ്ടു പ്രൊപ്പഗാന്താ വിദ്യാർത്ഥികളും ഈ സംഘത്തിൽ ഉൾപ്പെട്ടിരുന്നു.

www.malankaralibrary.com

കണ്ട ഉടൻ കൊട്ടയകത്തുനിന്നും പുറപ്പെട്ടു നീണ്ടൂരു വരികയും ചെയ്തു.

എന്നാൽ തൊമ്മൻ കത്തനാരു നീണ്ടൂരു വന്നതിന്റെ ശെഷം തന്റെ ഇടവകയാകുന്ന കടനാട്ടുപള്ളിക്കാർക്കും തന്റെ യജമാനനായിരുന്ന കൊടുങ്ങല്ലൂരു മെത്രാപ്പൊലിത്തായുടെ വികാരിജനരാൾ മത്തീസസെർപ്പെന്റെസെൽ എന്ന പാതിരിക്കും കുറിയും എഴുതി തനിക്കു പകരം കടനാട്ടുപള്ളി നടത്തുവാൻ പാലായിക്കാരൻ കുഴിവെലി കൊച്ചുമത്തായികത്തനാരെ കുറിച്ചും വച്ചു തൊമ്മൻകത്തനാരു തന്റെ അപ്പനൊടു യാത്രയും ചൊല്ലി താനും മാത്തൻകത്തനാരും കൂടെ വള്ളംവഴിക്കു പുറപ്പെട്ടു മുൻപിൽ പൊയ മല്പാനൊടും തന്റെ കൂട്ടരൊടുംകൂടെ ചെന്നെത്തുവാനായിട്ടു ചുറുക്കനെ പൊകയും ചെയ്തു. ഇങ്ങനെ തങ്ങൾ വഴിക്കു പുറപ്പെട്ടതിന്റെ ശെഷം മഴക്കാലമാകുന്നുവെങ്കിലും തങ്ങൾ വഴിക്കു പുറപ്പെടുമ്പൊൾ മഴ നില്ക്കയും തങ്ങൾ വാച്ച കാര്യവും ചൊല്ലി വഴി നിറുത്തുമ്പൊൾ മഴ വരികയും പിന്നെയും വഴിക്കു തിരിക്കുമ്പൊൾ പൊടുക്കനെ മഴ നില്ക്കയും വഴി നിറുത്തുമ്പൊൾ മഴ വീണ്ടുതുടങ്ങുകയും ഇങ്ങനെ പല പല ഊഴവും വർഗ്ഗമര്യാദിക്കു മീതെയുള്ള കാര്യങ്ങളെ കണ്ടു അശക്യപ്പെടുകയും ആയവസ്ഥ മല്പാനും ശെഷമുള്ളവരുമായിട്ടു കണ്ടപ്പൊൾ അവരൊടറിയിച്ചാറെ അവർക്കും ഇങ്ങനെയുള്ള ദയ്വസഹായം കണ്ടുവെന്നും ഇതു ഉടയതമ്പുരാന്റെ പ്രത്യെകമുള്ള സഹായവും തിരുമനസുമത്രെ ആകുന്നുവെന്നും നമ്മൊടു പറഞ്ഞാറെയും അന്നെരം വർഗ്ഗത്താലെ ഇങ്ങനെ ഉണ്ടാക അല്ലെയൊ എന്ന സംശയം ഉണ്ടായിരുന്നുവെങ്കിലും പിന്നെ ശെഷം ഒടുക്കത്തൊളമുള്ള കാര്യമൊക്കയും ഉടെയതമ്പുരാന്റെ പ്രത്യെകമുള്ള സഹായങ്ങളും ഓർത്തുകണ്ടാറെ ഇതു പ്രത്യെകമുള്ള ഉടെയതമ്പുരാന്റെ തിരുമനസാൽ ഉണ്ടായ കാര്യമാകുന്നുവെന്നും നമ്മുടെ ജാതിയുടെ ഒരുമ്പാടും രക്ഷക്കും ഉള്ള തന്റെ തിരുമനസു കാട്ടുകയത്രെ ചെയ്തതെന്നും പട്ടാങ്ങയായി ബൊധിക്കയും ചെയ്തു.

ഇങ്ങനെ മാത്തൻകത്തനാരും തൊമ്മൻകത്തനാരും മുമ്പിൽ പൊയവരെപൊലെ പ്രത്യെകമുള്ള ദെയ്വസഹായത്തൊടും മെൽ സൂക്ഷത്തൊടും കൂടെ പുറപ്പെട്ടു പന്തക്കുസ്ഥാ പെരുനാൾക്കു കായങ്കുളത്തു ചെന്നാറെ കായങ്കുളത്തു പള്ളിയുടെ വികാരി ശെവക്കാരൻ പാതിരി ബഹുമാനമായി തങ്ങളെ കൈക്കൊണ്ടു അവിടെ പന്തെക്കുസ്ഥാ പെരുനാളും കഴിച്ചു അവിടെനിന്നും പുറപ്പെട്ടു അഞ്ചുതെങ്ങിൽ വന്നാറെ അവിടെ പാർത്തിരുന്ന ചാത്തിയാത്തുകാരൻ അന്തൊണിപാതിരിയുടെ വീട്ടിൽ ഭക്ഷണ



വും കഴിഞ്ഞു വലിയതുപ്പായി[1] യുടെ മകൻ പ്രഞ്ചിസ്സൊസ പാതിരിയുടെ വീട്ടിൽ അന്നു വസിച്ചതിന്റെ ശെഷം പിറെറ ദിവസം കരവഴിക്കു യാത്ര പുറപ്പെട്ടാറെ വഴിക്കുണ്ടായിരുന്ന പള്ളികളിലുണ്ടായിരുന്ന ശെവക്കാററ പാതിരിമാരു വലിയ ബഹുമാനത്തൊടും പ്രിയത്തൊടുംകൂടെ തങ്ങളെ കൈക്കൊള്ളുകയും പാതിരിമാരില്ലാത്ത പള്ളികളിൽ ഞങ്ങൾ അവിടെ പുക്കു ഉടൻ ഉപദെശി വന്നു വസിപ്പാനുള്ള ഭവനവും തുറന്നു അവിടെ ഞങ്ങൾക്കു വെണ്ടുന്ന വസ്തുക്കളൊക്കയും ആസ്തമാക്കി തരികയും ഇങ്ങനെ നാലഞ്ചുദിവസത്തെ വഴി കഴിച്ചു കുളച്ചിയിൽ ചെന്നപ്പൊൾ കരിയാട്ടിൽ മല്പാനെയും തന്റെ കൂട്ടരയും അവിടെ കണ്ടെത്തുകയും ചെയ്തു.

എന്നാൽ കുളച്ചിയിൽവച്ചു മല്പാനെയും ശെഷമുള്ളവരെയും കൈക്കൊണ്ടതിന്റെ ശെഷം അന്നുതന്നെ എല്ലാവരുംകൂടെ അവിടെനിന്നു പുറപ്പെട്ടു തിരുവാൻകൊട്ടുപള്ളിക്കൽ[2] വന്നു ഭക്ഷണം കഴിവാനായിട്ടു അവിടെ വാലിഭക്കാററെ ഭക്ഷണം ഉണ്ടാക്കുന്ന നെരത്തു മാത്തൻകത്തനാരുടെ വാലിഭക്കാരൻ, മുളക്കൽ ഇട്ടിമാത്തൻകത്തനാരു പൊകുന്നതുകൊണ്ടു തന്റെ വീട്ടിന്നും ആളുകൾക്കും വളരെ സങ്കടമുണ്ടെന്നും ആയതുകൊണ്ടു വാച്ചു പ്രകാരവും പറഞ്ഞു മാത്തൻകത്തനാരെ കടനാട്ടിന്നുതന്നെ പറഞ്ഞയക്കണമെന്നും തന്റെ ചെട്ടൻ കൊച്ചുമാത്തുള മാത്തൻ കത്തനാര അറിയാതെ മല്പാനു എഴുതിയിട്ടുണ്ടായിരുന്ന കുറി മൽപാന്റെ പററിൽ കൊടുക്കയും ചെയ്തു.

എന്നാൽ ആ കുറി മല്പാൻ വായിച്ചതിന്റെശെഷം മാത്തൻകത്തനാരു തന്റെ ജനങ്ങളുടെ തണുപ്പിന്നും ഉപകാരത്തിന്നുംവെണ്ടി കടനാട്ടിന്നു തന്നെ തിരികെ പൊകണമെന്നു ആകുന്നതു പറഞ്ഞാറെ സമ്മതിക്കായ്കകൊണ്ടു അയാടെ മനസുപൊലെതന്നെ റൊമായിക്കുകൂടെ പൊരട്ടെ എന്നു മല്പാൻ വച്ചെങ്കിലും മട്ടത്തുകാരൻ ചാക്കൊക്കത്തനാർക്കു മാത്തൻകത്തനാരുകൂടെ പൊരുന്നതിന്മെൽ വെണ്ടുംവണ്ണം പ്രസാദം ഉണ്ടായതുമില്ലാ. ഇങ്ങനെ എല്ലാവരുംകൂടെ അവിടെ നിന്നു പുറപ്പെട്ടു കൊട്ടാററു വന്നു പാർത്തു കാശ്ശുംമാറി അവിടെനിന്നും പുറപ്പെട്ടു ഉദയഗിരി കൊട്ടക്കൽ വരികയും ചെയ്തു.

1. തുപ്പായി: യൂറോപ്യരും ഭാരതീയരും തമ്മിലുള്ള ബന്ധഫലമായി ജനിച്ചവരെ ഇങ്ങനെ വിളിച്ചിരുന്നു. രണ്ടു ഭാഷകൾ (മാതാവിന്റെയും പിതാവിന്റെയും ഭാഷകൾ)സംസാരിക്കുന്നവർ എന്നും തൊപ്പി ധരിക്കുന്നവർ എന്നും ഇതിന് അർത്ഥം നല്കിവരുന്നു.
2. 'തരിയായ്കൾ' എന്ന് ഇവിടുത്തെ ക്രിസ്ത്യാനികൾ അറിയപ്പെടുന്നു. തമിഴ് ഹിന്ദുക്കളുടെ പല സാമൂഹ്യാചാരങ്ങളും ഇവർ പുലർത്തുന്നു. മതമർദ്ദനം ഭയന്ന് മൈലാപ്പൂരിൽനിന്ന് ഇവിടെ എത്തിയതാവാം ഇവർ. ഏതാനും യാക്കോബായ കുടുംബങ്ങളായി ഇന്ന് ഇവർ ചുരുങ്ങിയിരിക്കുന്നു.

www.malankaralibrary.com

# പതിനെട്ടാംപാദം

ഉദയഗിരിയെന്നയിടത്തിന്മെലും അവിടെ ചെന്നതിൻെറ ശെഷം ഉണ്ടായ അവസ്ഥമെലും

തൃപ്പാപ്പൂസ്വരൂപമെന്ന[1] മഹാരാജാവു ഉടെയതമ്പുരാൻ തനിക്ക അനുവദിച്ച മുഷ്ക്കരത്വത്താലെയും വലിമയാലെയും മലങ്കരെ ഒക്കെയും പിടിച്ചതിൻെറശെഷം തൻെറ മുഷ്ക്കരത്വത്തിൻ കീഴ ആകുന്ന നാളുകളിൽ തൻെറ പടപുരുഷാരമൊക്കയ്ക്കും ആകമാനമായ വലിയ യജമാനനും ഭരിക്കുന്നവനും ആയി എവുസ്താക്കിയൊ ബെനദിക്കൊസ ലണ്ണവെ[2] എന്ന പെരുപെട്ട ഒര പ്രാൻസുകാരൻ ആയിരുന്നു. എന്നാൽ ഈ പ്രാൻസുകാരൻ പടത്തായം നല്ലവണ്ണം അറിഞ്ഞിരിക്കയും പടക്ക വളരെ പരിജ്ഞാനം ഉണ്ടായിരിക്കയും ചെയ്തതുകൊണ്ടു രാജാവിൻെറ പടപുരുഷാരത്തെ നല്ല ക്രമത്തുംവഴി ഭരിച്ച മററു മലങ്കരെയുള്ള രാജാക്കളിൽ പലരുടയും നാട പിടിച്ചടക്കി രാജാവിൻെറ നാട വളർമ്മിച്ചതിനെക്കൊണ്ടു തൻെറ പ്രയത്നവും വിശ്വാസവും രാജാവു കണ്ടു സമ്മതിച്ച തൻെറ നാടൊക്കയുംമെലും മുഷ്ക്കരത്വവും യജമാനസ്ഥാനവും തൻെറ രാജിതത്തിൻെറ നാമത്തിൽ വെണാട്ടു[3] കപ്പിത്താനെന്നുള്ള പെരും തനിക്ക കൊടുത്തതുമല്ലാതെ തനിക്കു തന്നൊടുകൂടെ രാജാവിന്നു ചിററാഴ്മ ചെയ്യുന്ന ഏറൊപ്പാക്കാററു ചിലർക്കും ഇരിപ്പടമായിട്ടു തൻെറ രാജിതത്തിൻെറ തെക്കെ അറുതികളിലുള്ള ഉദയഗിരി എന്ന കൊട്ട ഒഴിഞ്ഞുകൊടുക്കയും ചെയ്തു.

ഇങ്ങനെ വേണാട്ടുകപ്പിത്താൻ പലനാൾ ആ കൊട്ടയിൽ പാർത്തു രാജാവിന്നു ചിററാഴ്മ ചെയ്തതിൻെറ ശെഷം തനിക്കുണ്ടായിരുന്ന തന്ന്യൻ പുത്രൻ രാജാവിന്നുവെണ്ടി ഉള്ള പടിയിൽ മരിക്കയും കപ്പിത്താനും വയസുകാലമാകകൊണ്ടും മകൻ മരിച്ചുപൊയ ക്ലെശംകൊണ്ടും വളരെ താമസംകൂടാതെ മരിച്ച ഉദയഗിരിയിൽ പള്ളിക്കൽ തൻെറ മകൻെറ അരികെതന്നെ താനും അടക്കപ്പെടുകയും ചെയ്തു.

എന്നാൽ കപ്പിത്താൻ മരിച്ചതിൻെറ ശെഷം തൻെറ കെട്ടിയവളും ഇവൾക്ക മുൻപിലത്തെ കെട്ടിലുണ്ടായിരുന്ന ഒരു മകളും ഉണ്ടായിരിക്കകൊണ്ടു വീട്ടുകാര്യം ക്ലെശിപ്പാനും കപ്പിത്താൻെറ കെട്ടിയവൾക്കുള്ള മകളെ കെട്ടുവാനും ആയിട്ടു കൊഴിക്കൊട്ടു

1. തിരുവിതാംകൂർ രാജാവ്
2. 1741 ലെ കുളച്ചൽയുദ്ധത്തിൽ ഇദ്ദേഹം തിരുവിതാംകൂർ രാജാവിൻെറ തടവുകാരനായി. തുടർന്ന് അദ്ദേഹം രാജാവിനെ സേവിച്ചു.
3. തിരുവിതാംകൂർ



നല്ല തറവാട്ടിലുള്ള മത്തായി എന്നു പെരുള്ള ഒരു കുപ്പായക്കാരൻ[4] വന്നു കപ്പിത്താൻെറ വീട്ടിൽ കൂടെ പാർത്തുവരികയും ചെയ്യുന്നു. വിശെഷിച്ചും കപ്പിത്താൻെറ കാലം കഴിഞ്ഞതിൻെറ ശെഷം രാജാവു കപ്പിത്താൻ ജീവിച്ചിരുന്ന നാൾ കൊടുത്തിരുന്ന മാസപ്പടിയും ബഹുമാനവും തൻെറ കെട്ടിയവൾക്കു കൊടുക്കുന്നതിന്നും ഈഴൽ വരുത്തിയില്ലാ. എങ്കിലും കൊട്ടയിലുള്ള കൽപനയും യജമാനസ്ഥാനവും വെറെ ഒരു പറങ്കിക്ക[5] കൊടുക്കയും ചെയ്തു.

അപ്പൊഴൊ കാര്യമൊക്കയും ഇങ്ങനെ ഇരിക്കുന്ന മദ്ധ്യെ വലിയ കപ്പിത്താൻ മരിച്ചിട്ടു ആണ്ടു കഴിയുംമുൻപിൽ ബഹുമാനപ്പെട്ട കരിയാട്ടിൽ മൽപാനും ശെഷം ഞങ്ങൾ എല്ലാവരും ഉദയഗിരിക്കൊട്ടക്കൽ ചെല്ലുകയും ചെയ്തു. എന്നാൽ ഞങ്ങൾ കൊട്ടക്കൽ ചെന്നതിൻെറശെഷം കൊട്ടവാതിൽ കാർക്കുന്ന കുഞ്ചൂട്ടക്കാററു കൊട്ടയുടെ യജമാനൻെറ അനുവാദം കൂടാതെ കൊട്ടയിൽ കടപ്പാൻ അനുസരിക്കാഞ്ഞ പക്ഷത്തിൽ മുട്ടത്തുകാരൻ പാക്കൊക്കത്തനാരു താനും മരിച്ചുപൊയ കപ്പിത്താൻെറ കെട്ടിയവളുമായിട്ടു മുൻപിൽ കണ്ടറിവും സ്നെഹവും ഉണ്ടായിരുന്നതിനെക്കൊണ്ടു ഒരുവണ്ണം കാവൽക്കാററൊടു അനുവാദം മെടിച്ച തൻെറ വാലിഭക്കാരനെ കപ്പിത്താൻെറ കെട്ടിയവളുടെ പക്കൽ അയച്ചു ഇങ്ങനെ ഞങ്ങൾ വന്നിട്ടുണ്ടെന്നും കൊട്ടയിൽ കടപ്പാൻ കാവൽക്കാററു സമ്മതിക്കയില്ലെന്നും അറിയിച്ചാറെ ഉടൻ കൊട്ടയിൽ ഞങ്ങളെ കടത്തത്തക്കവണ്ണം കപ്പിത്താൻെറ കെട്ടിയവൾ ആളയച്ചു പറയിച്ചാറെ യജമാനൻെറ കല്പന കൂടാതെ സമ്മതിക്കയില്ലെന്നു കാവൽക്കാററു പറകകൊണ്ടു ഉടൻ തന്നെ കൊട്ടയിൽ കല്പിക്കുന്ന പറങ്കിയൊടു അനുവാദവും മെടിച്ച കൊട്ടയിൽ കടന്നു മുമ്പിൽ തന്നെ കപ്പിത്താൻെറ വീട്ടിൽചെന്നു ഞങ്ങൾക്ക ചെയ്ത സഹായത്തെപ്രതി കപ്പിത്താൻെറ കെട്ടിയവളൊടും തൻെറ മകളെ കെട്ടുവാനിരിക്കുന്ന മത്തായിയൊടും നന്ദികാട്ടിയാറെ ഈ നല്ല ഓർമ്മമെലും നന്ദിമെലും കപ്പിത്താൻെറ കെട്ടിയവളും തൻെറ വീട്ടുകാററും വളരെ പ്രസാദിക്കയും മുൻപിൽതന്നെ തൻെറ കല്പന അയച്ചിട്ടു കാവൽക്കാററു കൊട്ടയിൽ കടത്താഞ്ഞതിന്മെൽ വളരെ സങ്കടം പറകയും ചെയ്തു.

4. പാൻറ്സും കോട്ടും ധരിക്കുന്നവൻ. യൂറോപ്യരെയും അവർക്ക് നാട്ടുകാരിൽ പിറന്ന സന്താനങ്ങളെയും ഇങ്ങനെ വിളിച്ചു.
5. പറങ്കി—മദ്ധ്യേഷ്യയിൽ കുരിശു യുദ്ധക്കാർ ഫ്രാങ്ക്കൾ എന്ന് അറിയപ്പെട്ടു. പറങ്കി അതിൻെറ തത്ഭവമാണ്. കേരളത്തിൽ പോർച്ചുഗീസുകാരാണ് ഈ പേരിൽ ആദ്യം അറിയപ്പെട്ടത്. അവരുടെ സന്തതികളും ഒരളവിൽ ഇതര യൂറോപ്യൻദേശീയരുടെ സന്തതികളും ഇന്ന് ഈ നാമത്തിൽ അറിയപ്പെടുന്നു.

www.malankaralibrary.com

ഇതിന്റെ ശെഷം ഞങ്ങൾ എല്ലാവരും കപ്പിത്താന്റെ വീട്ടിൽ ഉദയഗിരികൊട്ടയിലുള്ള പള്ളിക്കൽ ചെന്നപ്പൊൾ ആ പള്ളിയുടെ വികാരി യൊഹന്നാൻ പെസ്സൊത്തി എന്ന പാതിരിയും ലുവീസവൽക്കൊൻ എന്ന തന്നൊടുകൂടെ അവിടെ ഉണ്ടായിരുന്ന മറെറാരു പാതിരിയും ഇവർ ഇരുവരും ബഹുമാനമായി ഞങ്ങളെ കൈക്കൊള്ളുവാനിരിക്കുന്ന മത്തായിയും പലയൂഴവും അവിടെ വന്നു സംസാരിക്കയും ചെയ്യുന്നതൊഴിയെ ഞങ്ങൾക്കു പൊറുപ്പാൻ സ്ഥലവും വെണ്ടുന്ന ചിലവുകളും തരുവാനുള്ളതിന്നു പാതിരിമാരൊടു കപ്പിത്താന്റെ കെട്ടിയവളുടെ ചൊല്ലാൽ കല്പിക്കയും ചെയ്തു.

എന്നാൽ ഈ കല്പന പാതിരിമാരു കൈക്കൊണ്ടു ഉടൻ ഞങ്ങൾക്കു വെണ്ടുന്നതൊക്കയും വിദയം വരുത്തി തിന്മാനും കുടിപ്പാനും പൊറുപ്പാനും വെണ്ടുന്നതൊക്കയും തന്നു അവരൊടുകൂടെത്തന്നെ ദിവസംതൊറും ഭക്ഷണം കഴിഞ്ഞു വരികയും ചെയ്തു.

ഇങ്ങനെ ഞങ്ങൾ അവിടെ ഉദയഗിരിയിൽ പാൎത്തുവരുന്നപ്പൊൾ ചുരുക്കി ഒരു റാസ[6] ക്കു മതിയാകുംവണ്ണം നാലു പട്ടക്കാറരു ഞങ്ങൾ ഉണ്ടായിരിക്കകൊണ്ടു ഇത്ര വലിയ മനഗുണമൊക്കയും ഞങ്ങളൊടു കാട്ടിയതിന്നു ആ തറവാട്ടിന്മെലും മരിച്ചുപൊയ വലിയ കപ്പിത്താന്റെ മെലും ഞങ്ങൾക്കുള്ള അന്പും നന്ദിയും കാട്ടുവാനുള്ളതിന്നു മരിച്ചുപൊയ വലിയ കപ്പിത്താന്റെ ആത്മത്തെപ്രതി ഒരു റാസകുർവാന ചൊല്ലുണമെന്നും വച്ചു ചാക്കൊക്കത്തനാരു മുതലാകെ ഞങ്ങടെ ഈ ആഗ്രഹം കപ്പിത്താന്റെ കെട്ടിയവളൊടും മത്തായിയൊടും അറിയിച്ചാറെ അവൾക്കു എല്ലാവൎക്കും വളരെ പ്രസാദമായി. റാസക്കു വെണ്ടുന്നതൊക്കയും വിദയം വരുത്തിയതിന്റെ ശെഷം ചാക്കൊക്കത്തനാരു റാസ ചൊല്ലുകയും ശെഷമുള്ള ഞങ്ങൾ എല്ലാവരും റാസക്കു കൂടുകയും ഇങ്ങനെ റാസ തുടങ്ങിയാറെ ആ നാട്ടിൽ സുറിയാനിക്രമത്തിലുള്ള റാസ കണ്ടിട്ടില്ലായ്കകൊണ്ടു പാതിരിമാരും കപ്പിത്താന്റെ കെട്ടിയവളും വീട്ടുകാറരും മററു പലരും റാസനെരത്തു പള്ളിയിൽവന്നു സൂക്ഷത്തൊടുകൂടെയും ഭക്തിയൊടുകൂടെയും റാസ കാണുകയും റാസയും ചവത്തംതലക്കലുള്ള നമസ്കാരവും കഴിഞ്ഞു ഭക്ഷണത്തിന്നു സമയമായപ്പൊൾ മെൽ പറഞ്ഞ പാതിരിമാരും ഞങ്ങളും കൂടെ കപ്പിത്താന്റെ വീട്ടിൽ ചെന്നു എത്രയും ഘൊഷമായൊരു വിരുന്നു അവിടെ കഴിഞ്ഞതിന്റെ ശെഷം റാസ ചൊല്ലിയ ചാക്കൊക്കത്തനാൎക്കു ൧൫ (15) വിരാകനും[7] റാസക്കു കൂടിയ ഞങ്ങൾക്കു എല്ലാവൎക്കും അയ്യഞ്ചു വിരാകനും ദക്ഷണതരികയും ചെയ്തു.

6. റാസ—സീറോമലബാർ സഭയുടെ ആഘോഷപൂർവമായ കർബാന.
7. വരാഹൻ—ഏകദേശം മൂന്നരരൂപ മൂല്യമുള്ള നാണയം.



ഇതിന്റെ ശെഷം ഉദയഗിരിയിൽനിന്നു യാത്ര പുറപ്പെടുന്നതിന്നു മുൻപെ ഉദയഗിരികൊട്ടയിൽ കടപ്പാൻ കാവൽക്കാറരു കാട്ടിയ വിഷമം ഓൎത്തു അതിൻവണ്ണംതന്നെ തൊവാളകൊട്ടക്കൽ ചെല്ലുമ്പൊൾ കൊട്ട കടപ്പാനുള്ളതിന്നു വാച്ച വിഷമവും ഉണ്ടാകുവാൻ പൊരുമെന്നു ഭാവിക്കകൊണ്ടും ഈ അവസ്ഥ കപ്പിത്താന്റെ വീട്ടുകാര്യം വിചാരിക്കുന്ന മെൽപറഞ്ഞ മത്തായിയൊടു പറഞ്ഞാറെ ഉടൻതന്നെ ആളയച്ചു തൊവാളക്കൊട്ടക്കൽ ചെന്നാൽ കൊട്ട കടത്തുവാനുള്ളതിന്നു ആരും വിഷമം കാട്ടിക്കൂടാ എന്നു തൊവാളകൊട്ട വിചാരിക്കുന്ന വലിയ സർവാധികാര്യക്കാരന്റെ സാധനം മെടിച്ചു ഞങ്ങടെ പററിൽ തരികയും ചെയ്തു.

എന്നാൽ തന്റെ തിരുമനസുകൂടാതെ ആൎക്കും ഏതും ചെയ്‌വാൻ വശമല്ലാത്ത ഉടയതമ്പുരാൻ തന്റെ തിരുമനസും മനഗുണവും നമ്മൊടുകൂടെകാട്ടി ഒരു ഭയംകൂടാതെ തന്നെപ്രതി നാം തുടങ്ങിയ നല്ലപ്രവൎത്തിക്കു ഒരു വിഘ്നം വരാതെ ഇരിക്കത്തക്കവണ്ണം വലിയ സർവ്വാധികാര്യക്കാറരുടെ സാധനം വാങ്ങുവാൻ സംഗതി വരുത്തിതന്നതിന്റെ ശെഷം ഉദയഗിരിയിൽ ഉള്ള നമ്മുടെ സ്നെഹിതരെല്ലാവരൊടും യാത്രയും ചൊല്ലി പുറപ്പെട്ടു തൊവാളക്കൊട്ടക്കൽ ചെന്നു സാധനവും കാട്ടിയതിന്റെ ശെഷം ഏതും ഒരു ചൊദ്യംകൂടാതെകൊട്ടക്കു പുറത്തു കടപ്പാൻ കാവൽക്കാറരു സമ്മതിക്കയും ചെയ്തു.

ഇങ്ങനെ കൊട്ടയും കടന്നു മുൻപൊട്ടു നടന്നു നെരം വൈകിയ നെരത്തു ഒരു പള്ളിക്കൽ ചെന്നാറെ ആ പള്ളി എത്രയും പാവപ്പെട്ടതും അവിടെ ഉള്ള കുടിയാന്മാരു എത്രയും പാവപ്പെട്ടവരും ആകുന്നുവെങ്കിലും അവരാൽ ആകുന്ന ബഹുമാനവും സ്നെഹവും ഞങ്ങളൊടു കാട്ടുകയും ഞങ്ങളും അന്നു രാത്രിയിൽ അവിടെ വസിച്ചു പിറെറദിവസം മല്പാൻ അവിടെ കുർവാനയുംചൊല്ലി അവിടെനിന്നുപുറപ്പെട്ടനെരം വൈകിയപ്പൊൾ മറെറാരു പള്ളിക്കൽ വന്നാറെ അവിടെ ഉണ്ടായിരുന്ന ഗൊവക്കാരൻ പാതിരി ബഹുമാനമായി ഞങ്ങളെ കൈക്കൊള്ളുകയും പിറെറ ദിവസം അവിടെനിന്നു പുറപ്പെടുകയും ഇങ്ങനെ രണ്ടുനാലു ദിവസം കഴിഞ്ഞതിന്റെ ശെഷം പെരിയതാളെ എന്നൊരു പള്ളിക്കൽ വന്നപ്പൊൾ മുൻപിൽ പൌലിസ്ഥാക്കാറരു പാതിരിമാരുടെ ദെശമൂപ്പനും തലവനും ആയിരുന്ന അന്തൊണിദപാർത്തി എന്ന പാതിരിയെ അവിടെവച്ചു കണ്ടാറെ ഈ പാതിരി എത്രയും ഉൾക്കളെവും ലൊകാചാരവും നിറഞ്ഞ ആൾ ആയിരിക്കകൊണ്ടും മുൻപിൽ മലയാളത്തിൽ പലനാൾ വസിച്ചു അവിടെയുള്ള ജനങ്ങളുമായിട്ടു കണ്ടറിവും സ്നെഹവും ഉണ്ടായിരുന്നതിനെക്കൊണ്ടും ശെഷമുള്ള പാതിരിമാരു എല്ലാവരെക്കായിലും പാ

www.malankaralibrary.com

രം ബഹുമാനം കാട്ടീ മല്പാനും ഞങ്ങളും ചെന്ന പള്ളിയിൽ കരെറിയ ഉടനെ പള്ളിയിൽ നമസ്സരിച്ചെത്തുന്നതിന്നു മുമ്പെ തന്റെ ഭവനത്തിങ്കൽനിന്നു ഇറങ്ങി പള്ളിയിൽ വന്നു മല്പാന്റെ കൈക്കു പിടിച്ചു എഴുന്നെല്പിച്ചു. അങ്ങിനെയും ശെഷം ഞങ്ങൾ എല്ലാവരെയും തനിക്കുള്ള ഭവനത്തു കൂട്ടിക്കൊണ്ടുപൊയി വെണ്ടുംവണ്ണം ബഹുമാനിച്ചു വിരുന്നും തന്നു അന്നും പിറ്റെ ദിവസവും അവരുടെ പാൎത്തു. പിറ്റെ ദിവസം മല്പാൻ കുർവാനയും ചൊല്ലി അവിടെനിന്നും യാത്രപുറപ്പെട്ടു പലപല നാടുകളും കടന്നു മണപ്പാട്ടു വരികയും ചെയ്തു.

ഇങ്ങനെ ഞങ്ങൾ എല്ലാവരും മണപ്പാട്ടു വന്നപ്പൊൾ അവിടത്തെ വികാരി പ്രഞ്ചിസ്കൊസ ദെ മെനെസെസ എന്ന പാതിരി വെണ്ടുംവണ്ണം ഞങ്ങളെ കൈക്കൊണ്ടതിന്റെ ശെഷം അവിടെ ഭക്ഷണവും കഴിഞ്ഞു അന്നുതന്നെ അവിടെ നിന്നു പുറപ്പെട്ടു രാജാം പാളയത്തും അവിടെനിന്നും വീരപാണ്ടിയാൻപട്ടണത്തും വരികയും ചെയ്തു,

എന്നാൽ വീരപാണ്ടിയാൻപട്ടണത്തു വന്നാറെ അവിടെയുള്ള പാതിരി ഞങ്ങളെ വെണ്ടുംവണ്ണം കൈക്കൊള്ളായ്കകൊണ്ടു അവിടെയുള്ള വിശ്വാസികൾക്കു വെണ്ടുവണ്ണം പ്രസാദിച്ചതുമില്ലാ. ഇതിന്റെ ശെഷം പിറ്റെ ദിവസം കുർവാന ചൊല്ലാതെ കാലത്തുതന്നെ അവിടെനിന്നു യാത്ര പുറപ്പെട്ടാറെ അവിടെയുള്ള വിശ്വാസികൾ പള്ളി ഞങ്ങൾക്കുള്ളതാകുന്നെന്നും പാതിരിയുടെ ജന്മാന്ത്രംകെടുകൊണ്ടു ഞങ്ങടെയാകുന്ന നിങ്ങളെ വെണ്ടുംവണ്ണം കൈക്കൊള്ളാഞ്ഞതിന്നു ഞങ്ങൾക്കു ഒരു കുററമില്ലെല്ലൊ ഞങ്ങളാൽ ആകുന്നതു നിങ്ങൾക്കു ചെയ്കയും ഇനി ചെയ്‌വാൻ ആസ്ഥമായിരിക്കയും ചെയ്യുന്നു എന്നു വരുമ്പൊൾ നിങ്ങളുടെ കുർവാന കാണ്മാൻ ഞങ്ങൾക്കു വലിയ ആഗ്രഹം ഉണ്ടെന്നും കുർവാന ചൊല്ലാതെ പൊയ്ക്കൂട എന്നും സാദ്ധ്യമായിട്ടു അപെക്ഷിക്കകൊണ്ടു അവരുടെ ഈ നല്ല മനസും അപെക്ഷയും കെൾക്കകൊണ്ടു പാരം തണുപ്പും സന്തൊഷവും തൊന്നി ചാക്കൊക്കത്തനാരു കുർവാന ചൊല്ലുകയും ചെയ്തു.

### വിചാരം

ജാതിമഹത്വം എന്നൊരു വസ്തു എത്ര വലിയ കാര്യമാകുന്നുവെന്നു ഈ ഉണ്ടായതു വിചാരിച്ചാൽ അറികയുമാം. അതെന്തെന്നാൽ ഞങ്ങൾ പലർ ഉണ്ടാകകൊണ്ടും ശെഷം പാതിരിമാരു ആ ദിക്കുകളിൽ നടപ്പാൻ മര്യാദിയാകുന്ന സന്നാഹം ഒന്നുംകൂടാതെയും പാവപ്പെട്ട ജനങ്ങളെപ്പൊലെ ചെന്നിട്ടും അവിടെയുള്ള പാതിരി ബഹുമാനിക്കാഞ്ഞതിന്മെൽ ആ ഇടത്തിലുള്ള വിശ്വാസകാറക്കു പാരം സങ്കടം തൊന്നുകയും ചെയ്തു.



ഇതു എന്തുകൊണ്ടു. പക്ഷെ മുൻപിൽ ഞങ്ങളുമായിട്ടു അവർക്കുള്ള കണ്ടറിവുകൊണ്ടൊ ഞങ്ങൾ ഏതാനും മനഗുണം അവർക്കു ചെയ്തതുകൊണ്ടൊ. ആയതു ഒന്നുകൊണ്ടുമല്ലാ. പിന്നെയൊ നാം എല്ലാവരും ഒരുജാതി അതായതു ഇന്ദിയാകാറരു ആകകൊണ്ടു വർഗ്ഗത്തിന്നടുത്ത ഈ സ്നെഹം അവരുടെ ഹൃദയങ്ങളെ ഇളക്കിയതിനെകൊണ്ടത്രെ.

ഇതിന്റെശെഷം വീരപാണ്ടിയാൻപട്ടണത്തുനിന്നു പുറപ്പെട്ടു ചുറുക്കനെ നടന്ന ഒരു വഴിയമ്പലത്തിൽ വന്നു കഞ്ഞിയും വച്ചു ഭക്ഷണവും കഴിഞ്ഞു അവിടെനിന്നു പുറപ്പെട്ടാറെ അവിടെനിന്നു തുത്തുക്കുടിക്കുള്ള വഴി ഒട്ടും ഒരു തണൽ കൂടാതെ വെളിപ്പുറമാകകൊണ്ടും വെയിലിന്റെ ചൂടു എത്രയും അതിക്രമമായിട്ടു ഉള്ളൻകാലും നിറുകൻതലയും ഉരുകുവാൻ തക്കവണ്ണം ചുട്ടുവെങ്കിലും വഴിക്കു പൊറുപ്പാൻ നല്ല ഭവനം ഇല്ലായ്കകൊണ്ടും ഒട്ടെറെയും വഴിയിൽ കള്ളന്മാരുണ്ടെന്നു ചാക്കൊക്കത്തനാരു പറകകൊണ്ടും വഴിയുടെ അരിഷ്ടവും വഴിമദ്ധ്യേയുള്ള മുള്ളുകളും സൂക്ഷിക്കാതെ എത്രയും ദാഹത്തൊടും പരവെശത്തൊടുംകൂടെ ഓടി അലന്നു നെരം സന്ധികസമയം കഴിഞ്ഞപ്പൊൾ തുത്തുക്കുടിയിൽ വരികയും ചെയ്തു.

## പത്തൊമ്പതാം പദം

**തുത്തുക്കുടിയിൽ എന്ന ഇടത്തിന്മെലും അവിടെ വന്നതിന്റെ ശെഷം ഉണ്ടായ അവസ്ഥമെൽ**

തുത്തുക്കുടി എന്ന ഇടത്തുള്ള പള്ളി ഒലന്തന്മാരുടെ കൊട്ട ഉണ്ടാകകൊണ്ടും അവിടെ മുത്തുപിടുത്തവും മററും പല കപ്പൽകച്ചവടവും ഉണ്ടാകകൊണ്ടും കൊച്ചി ഇടവകയിൽ ഉള്ളപള്ളികൾ ഒക്കെക്കായിൽ എത്രയും സമ്പത്തും വരവും ഉള്ള പള്ളിയത്രെ ആകുന്നു. എന്നാൽ ഈ പള്ളിയിൽ മാർ ക്ലെമ്മെന്തൊസ എന്ന കൊച്ചിയുടെ മെത്രാൻ തൊമ്മാസ മാവൂർ എന്ന മുൻപിൽ പൌലീസ്താക്കാരനും മലങ്കര ഇടവകയിൽ മാർഗ്ഗമറിയിക്കുന്നവനും ആയിരുന്ന അല്പമാഞ്ഞുകാരൻ പാതിരിയെ വികാരിയായി കല്പിച്ചാറെ മെത്രാൻ ജീവിച്ചിരിക്കുന്ന നാളുകളിലും താൻ കാലം ചെയ്തതിന്റെ ശെഷവും പല കാലവും അവിടെ വികാരിത്വം നടത്തിവന്നിരിക്കുന്ന സമയത്തിൽ ഗൊവക്കാരൻ പ്രസ്തുകയെത്താനൊ കൊയിത്ത എന്ന പാതിരി കൊച്ചി ഇടവകക്കു ഗൊവർണദൊരായി വന്നതിന്റെ ശെഷം തൊമ്മാസ മാവൂർ എന്ന പാതിരിയും താനുമായിട്ടു ഏതാനും വിവാദുണ്ടാകകൊണ്ടു തൊമ്മാസ മാവുർ എന്ന പാതിരിയുടെ അംശവും മുടക്കി

www.malankaralibrary.com

വികാരിത്വവും മാററി പള്ളി നടത്തുവാനും അവിടെ വികാരിത്വം ഭരിപ്പാനുമായിട്ട രണ്ടു ഗൊവാക്കാററു പാതിരിമാരെ കല്പിച്ചയച്ചാറെ തൊമ്മാസ മാവുർ എന്ന പാതിരി തനിക്കുണ്ടായ അംശമുടക്കും വിരൊധവും ഒട്ടും സമ്മതിച്ചില്ലാ. എന്നു തന്നെയല്ലാ പിന്നെയൊ അവിടെയുള്ള ഒലന്തന്മാരുടെ ഗൊവർണദൊരിൻെറ സഹായത്താലും കല്പനയാലയും ഗൊവക്കാരു പാതിരിമാരെ പിടിച്ചു പടവിൽ കരെററി മററിടത്തു ഇറക്കുകയും ചെയ്തു.

ഇങ്ങനെ ഇരിക്കുന്ന സമയത്തിൽ ഞങ്ങൾ എല്ലാവരുംകൂടെ തുത്തുക്കുടിയിൽ ചെല്ലുന്നപ്രകാരം മെൽപറഞ്ഞ പാതിരി കെട്ടാറെ ഗൊവക്കാരു പാതിരിമാരു അവരൊട താൻ ചെയ്ത അതിക്രമത്തിന്നു പകരം വീട്ടുവാനുള്ള മെൻകയ്യൊട്ടുകൂടെ ചെല്ലുകയത്രെ ആകുന്നുവെന്നു ഭാവിച്ചു പരിഭ്രമിച്ചു ഉടൻതന്നെ ഒലന്തക്കാരൻ ഗൊവർണദൊരിൻെറ അടുക്കൽ ആളയച്ചറിയിച്ചുംകൊണ്ടു പാർത്തിരിക്കുന്ന നെരത്തു ഞങ്ങൾ പള്ളിക്കൽ ചെന്നാറെ അവിടെയുള്ള വികളും കണ്ടു അവസ്ഥ ബൊധിച്ചതിൻെറശെഷം ഞങ്ങൾ ഗൊവാക്കാററല്ലെന്നും മലയാളക്കാററത്രെ അകുന്നുവെന്നും പാതിരി മലയാളത്തിൽ മാർഗ്ഗമറിയിക്കുന്ന നാളുകളിൽ അവിടെ വച്ചു കണ്ടറിവും സ്നെഹവുമുള്ള ജനങ്ങളത്രെ ആകുന്നുവെന്നും ഉള്ള പരമാർത്ഥം പറഞ്ഞാറയം പാതിരിക്കുള്ള സംശയം വെണ്ടുംവണ്ണം തീരായ്കകൊണ്ടു ഞങ്ങളുമായി കണ്ടു പറയാതെ ഇന്നെക്കു ചെറിയ പള്ളിയിൽ പൊയി പാർക്കവെണ്ടുവെന്നും നാളെ കണ്ടു പറഞ്ഞുകൊള്ളാമെന്നും പറഞ്ഞു തുത്തുക്കുടിയിലുള്ള ചെറിയ പള്ളിയിൽ പൊയി രാപൊക്കത്തക്കവണ്ണം ഞങ്ങളെ അയക്കുകയും ചെയ്തു.

ഇങ്ങനെ അന്നു രാത്രി കഴിഞ്ഞു. പിറെറ ദിവസം പാതിരിയുമായിട്ടു കണ്ടു പറഞ്ഞാറെ പാതിരിക്കുള്ള സംശയമൊക്കയും തീർന്നു അയാടെ ഭവനത്തിന്നു താഴെക്കുള്ള മുറി ഞങ്ങൾ പൊറുപ്പാനായിട്ട ഒഴിച്ചുതന്നതിൻെറ ശെഷം ഞങ്ങൾക്കു ഭക്ഷണത്തിന്നു അരിയും ശെഷംവെണ്ടുന്ന വസ്തുക്കളൊക്കെയും തരികയും ചെയ്തു. എന്നാലും ശെഷമുള്ള പാതിരിമാരു കാട്ടിവന്ന ആചാരവും ബഹുമാനവും ഞങ്ങളൊട കാട്ടിയതുമില്ലാ.

എന്നാലും അവിടെയുള്ള വിശ്വാസികൾ വളരെ ബഹുമാനവും പ്രത്യെകമുള്ള പ്രിയവും ഞങ്ങളൊട കാട്ടി പാതിരിയുടെ പക്ഷത്തിലുള്ള കുറവു തങ്ങളുടെ നല്ലമനസാൽ തീർക്കയും ചെയ്തു.

വിശെഷിച്ചും അവിടെ പാർത്തിരിക്കുന്ന നാൾ പലയുഴവും കരിയാട്ടിൽമല്പാൻ അയാളുമായി സംസാരിക്കയും മൽപാനൊട പ്രത്യെകമുള്ള സ്നെഹവും ബഹുമാനവും കാട്ടുകയും പല





ഗുണദൊഷങ്ങളും തന്നൊട പറകയും ചെയ്തു. പള്ളിക്കുള്ള സമ്പത്തുകളും എത്രയും മാണിക്കമൊയ ചീലത്തരങ്ങൾകൊണ്ടുള്ള കുപ്പായക്കൂട്ടങ്ങളും രൂപങ്ങളുടെ തലയിൽ വൈപ്പാനായിട്ടു ഉണ്ടാക്കിയിരിക്കുന്ന മാണിക്കക്കല്ലുകൾ പതിച്ച പൊൻമുടികളും മത്തമറിയം അമ്മയുടെ രൂപത്തിൻെറ കയ്യിൽ പിടിപ്പാനായിട്ട ഉണ്ടാക്കിയിരിക്കുന്ന എത്രയും വിലപിടിച്ച മുത്തുകൊണ്ടു തീർത്തിരിക്കുന്ന നൂററമ്പത്തു മണിക്കൊന്തയും ഇങ്ങനെ മാണിക്കമൊയ പല വസ്തുക്കളും ഞങ്ങളെ കാട്ടി ഇതിൽ പല വസ്തുക്കളും തൻെറ ശ്രമത്താൽ ഉണ്ടാക്കിയതത്രെ ആകുന്നുവെന്നു ഞങ്ങളൊട പറകയും ചെയ്തു.

അപ്പൊഴൊ ഇങ്ങനെ തുത്തുക്കുടിയിൽ പാർത്തിരിക്കുന്ന നെരത്തു അവിടെ നിന്നും നാഗപട്ടണത്തിനു പൊകുന്ന പടവു ഉണ്ടെന്നു ഞങ്ങൾ കെട്ടാറെ കരവഴിക്കു നടന്നാറെ ഉണ്ടായ സങ്കടവും പരാധീനവും ഇനിയും കിഴിക്കെണ്ടുന്ന വഴിയുടെ നീളവും ഓത്തുകണ്ടാറെ കരവഴിക്കു നടന്നുകൊള്ളുവാൻ പരാധീനമെന്നും വച്ചു പടവിൻെറ ഉടയവനുമായിട്ടു പറഞ്ഞു ചെൻ വെവസ്ഥ വരുത്തിയതിൻെറശെഷം മാത്തൻകത്തനാരു വഴിയുടെ പരാധീനവും മററും പല വസ്തുക്കളും ഓത്തു റൊമായിക്കു പൊകുവാൻ പരാധീനമെന്നും മൈലാപ്പൂർക്കൊളമത്രെ പൊകസാധിച്ചു എന്നും വച്ചു പുറകെവരുന്ന ഇട്ടിക്കുരുവിളതരകനെയും ശെഷമുള്ളവരെയും പാർത്ത തുത്തുക്കുടിയിൽ തന്നെ ഇരിക്കത്തക്കവണ്ണം നിശ്ചയിച്ചാറെ ശെഷമുള്ള ഞങ്ങൾ എല്ലാവരും പടവിൽ കരെറി പൊകയും ചെയ്തു.

എന്നാൽ വൈപ്പാററിൽ ചെന്നാറെ അവിടെ പടവിന്നു കച്ചവടപ്പാട കൊള്ളുവാൻ ഉണ്ടായിരുന്നതിനെക്കൊണ്ടു ഞങ്ങൾ കരക്കിറങ്ങി അവിടെയുള്ള പള്ളിയിൽ പാർത്തിരിക്കുമ്പൊൾ തുത്തുക്കുടിയിൽ പാർത്തിരുന്ന മാത്തൻകത്തനാരും തന്നൊടുകൂടെ ഇട്ടിക്കുരുവിള തരകനും വരാരപ്പള്ളിൽ ചാക്കൊയും ഇവരെല്ലാവരുംകൂടെ വൈപ്പാററിൽ വന്ന ഞങ്ങളുമായി കാൺകയും ചെയ്തു. വഴിക്കുണ്ടായ വർത്തമാനങ്ങളും പെരിയെ തൊവാളയിൽ വന്ന അന്തൊണിദ്വാർത്തിയുമായിട്ടു കണ്ടാറെ കടുത്തുരുത്തി പള്ളിയുടെ അരുളിക്കയുടെ കാര്യം ചൊദിച്ചാറെ തന്നൊട പാരം കുടുത്ത എന്നും മല്പാൻ പൊകുന്ന കാര്യമൊക്കയും ഞാൻ അറിഞ്ഞിരിക്കുന്നു എന്നും ഒന്നും സാധിക്കയില്ലെന്നും മററും ഇങ്ങനെയുള്ള വസ്തുക്കളും തന്നൊട പറഞ്ഞുവെന്നു ഞങ്ങളൊട പറഞ്ഞു കെൾപ്പിക്കയും ചെയ്തു.

## വിചാരം

കഴിഞ്ഞ പദത്തിൽ അന്തൊണി ദ്വാർത്തി എന്ന പാതിരിയുടെ കാര്യം പറഞ്ഞപ്പൊൾ ഊൾക്കളെവും ലൊകാചാരവും നിറ

www.malankaralibrary.com

ഞ്ഞ ആം എന്ന ഞാൻ പറഞ്ഞതുകൊണ്ടു ആർക്കും ഒരു സംശയവും തൊന്നണ്ട. അതെന്തെന്നാൽ അന്തൊണി പാതിരി പരമാർത്ഥമുള്ള ആളായിരുന്നുവെങ്കിൽ അയാളുടെ വീട്ടിൽ ഞങ്ങൾ പാൎത്തു ഇത്ര വലിയ സ്നെഹത്തൊടുകൂടെ ഞങ്ങളെ കൈക്കൊണ്ടപ്പൊൾ അയാൾ കണ്ട ഗുണദൊഷം പറയെണ്ടിയിരുന്നു. അതൊന്നുംകൂടാതെ ഞങ്ങളൊടു ഏതും പറയാതെകണ്ടു പിന്നെ ഇതു പറഞ്ഞ ഹെതുവാൽ ഉൾക്കളിവും ലൊകാചാരവും ഉള്ള ആളത്രെ താനാകുന്നുവെന്നു താൻ തന്നെ കാട്ടുകയും ചെയ്തു.

വിശെഷിച്ചും തരകനും ശെഷമുള്ളവരും വൈപ്പാററുങ്കൽ വന്നപ്പൊൾ കടുത്തുരുത്തിൽകാററു രണ്ടു പെരെ അതായ്തു ഒരു ചൊകൊൻ[1] മാർഗ്ഗം കൂടിയവനെയും അവനൊടുകൂടെ മറെറാരുത്തനെയും കണ്ടാറെ അവർ വരാപ്പുഴെ പാതിരിമാരുടെ സ്നെഹിതർ ആകകൊണ്ടും അവരൊടു ചൊദിച്ചാറെ കാര്യമൊന്നും രൂപംതിരിച്ചു പറയായ്കകൊണ്ടും പാതിരിമാർ അയച്ചിട്ടു ഞങ്ങടെ വഴി തിരക്കുവാൻ വന്ന കള്ളജെഷ്ഠനനുജന്മാരത്രെ ആകുന്നുവെന്നു അവരുടെ മെൽ സംശയിക്കയും ചെയ്തു. ഇതിന്റെ ശെഷം തരകനും തന്റെ കൂട്ടരും വൈപ്പാററിൽ ചെന്നു ഞങ്ങളെ പാർക്ക എന്നും ഞങ്ങൾ പടവിൽ അവിടെ ചെല്ലുക എന്നും പറഞ്ഞൊത്തുംകൊണ്ടു തരകനും തന്റെ കൂട്ടരും വൈപ്പാററുങ്കൽ ചെന്നാറെ പറഞ്ഞ നെരത്തു ഞങ്ങൾ അവിടേക്കു എത്തുവാൻ കാററു സമ്മതിക്കാഞ്ഞതിനാൽ ഞങ്ങളെ കാണായ്കകൊണ്ടു ഇട്ടിക്കുരുവിളതരകൻ അവിടെനിന്നു ഒരു കുതിരയും കൂലിക്കു മെടിച്ചുംകൊണ്ടു ഞങ്ങളെ അനെഷിപ്പാനായിട്ടു വീണ്ടു വൈപ്പാററിന്നു യാത്ര പുറപ്പെട്ടപ്പൊൾ ഞങ്ങൾ വൈപ്പാററിൽ ചെന്നു എത്തുകയും ചെയ്തു.

ഇങ്ങനെ വൈപ്പാററിൽ ചെന്നാറെ ഞങ്ങൾ എല്ലാവരും കരക്കിറങ്ങി ഭക്ഷണത്തിന്നു വട്ടംകൂട്ടി ഭക്ഷണം കഴിഞ്ഞതിന്റെ ശെഷം തരകനും തന്റെ കൂട്ടരും അവിടെനിന്നു കരവഴിക്കു മൈലാപ്പൂർക്കു പൊകയും ചെയ്തു. എന്നാൽ വരാപ്പള്ളിൽ പാക്കൊയും മാത്തൻകത്തനാരും ഞങ്ങളൊടുകൂടെ വൈപ്പാററിൽ തന്നെ പാർത്തിരിക്കയും ചെയ്തു.

ഇതിന്റെശെഷം മാത്തൻകത്തനാരും വരാപ്പള്ളിൽ പാക്കൊയും ശെഷം ഞങ്ങൾ എല്ലാവരും അന്നത്തെ ദിവസം അവിടെ പാർത്ത പിറെറ ദിവസം അവിടെ കുർവാനയും ചൊല്ലി പടവിൽ കരെറി അവിടെനിന്നു തിരിച്ചു കരവഴിക്കു നടന്നപ്പൊൾ ഉണ്ടായ ചൂടും കാച്ചിലുംകൊണ്ടു പാറയാംമാക്കൽ തൊമ്മൻകത്തനാർക്കു ചെങ്കണ്ണുവന്ന കണ്ണിന്റെ നൊമ്പരംകൊണ്ടു

1. ഈഴവൻ



പാരം സങ്കടവും നൊൻപരവും ക്ഷമിച്ചുംകൊണ്ടു പാമ്പനാററിൽ വരികയും ചെയ്തു.

എന്നാൽ പാമ്പനാറു എന്ന ഇടം പാണ്ടിരാജ്യവും ചെല്ലത്ത രാജ്യവും കൂടിയ അറുതിക്കു ആയത്തു രണ്ടു രാജ്യവും തമ്മിൽ വെറുതിരിക്കുന്ന ആറാകകൊണ്ടു തൂത്തുക്കുടിയിൽ നിന്നു നാഗപട്ടണത്തിന്നും ചിന്നപട്ടണത്തിന്നും പൊകുന്ന പടവുകളൊക്കയും ആ ആർ കടന്നു പൊയാൽ വഴിക്കു പാരം എളുപ്പം ഉണ്ടായിരിക്ക കൊണ്ടും ചെറിയ പടവുകളൊക്കയും ആ ആററിൽകൂടി പൊകുവാൻ മര്യാദിയാകകൊണ്ടും ഈ നല്ല ഇടം കണ്ട ഒലന്തെന്മാരു അവിടെ തങ്ങൾക്കു ഒരു ചുങ്കപ്പുര വച്ചു ആ ആററിൽ കൂടെ കടക്കുന്ന പടവുകൾ എല്ലാററിന്നും ചുങ്കം എടുക്കുമാറാകുന്നു. ഇതിനെക്കൊണ്ടു ഞങ്ങൾ എല്ലാവരും അവിടെ വന്നപ്പൊൾ പടവിന്റെ ചുങ്കക്കണക്കു തീർപ്പാൻ രണ്ടുനാലു ദിവസം വെണ്ടിവരുമെന്നും അതിനിടയിൽ തൊമ്മൻ കത്തനാരുടെ കണ്ണിൽ ദീനം പൊറുപ്പിക്കാമെന്നും വച്ചു പടവിൽ നിന്നിറങ്ങി പൊറുപ്പാൻ മററു സ്ഥലമില്ലായ്കകൊണ്ടു ഒലന്തെന്മാരുടെ ചുങ്കപ്പുരയിൽതന്നെ വസിച്ചിരിക്കുന്ന മദ്ധ്യെ പടവും കടലിന്റെ മറുപുറത്ത വരുവാനായിട്ടു പാമ്പനാർ കടക്കുന്ന നെരത്തു ആററിൽ ഉണ്ടായിരുന്ന കല്ലിന്മെൽ പടവു ചെന്നുരുമ്മി ഉറച്ചു പൊകകൊണ്ടു പടവിലുള്ള മുണ്ടുമുറികളും പടവിൽനിന്നു കരക്കിറക്കി പടവു ഉറച്ച ഇടത്തിൽ നിന്നു ഇളക്കി വീണ്ടും വസ്തുക്കളൊക്കയും കരെററി ഇത്ര വലിയ വിഷമത്തൊടുകൂടെ പാമ്പനാർ കടക്കെണ്ടിവരികയും ചെയ്തു.

ഇങ്ങനെ പാമ്പനാറും കടന്ന ചുങ്കവും തീർത്തു യാത്രക്കു ആസ്ഥമായി വരുവാൻ ൧൫ (15) ദിവസം വെണ്ടിവന്നതിനെക്കൊണ്ടു ആ ഇടക്കു തൊമ്മൻ കത്തനാരുടെ കണ്ണിന്റെ ദീനത്തിന്നു ഭെദം വരികയും ചെയ്തു.

വിശെഷിച്ചും പാമ്പനാററുങ്കൽ പാൎക്കുന്ന നാളുകളിൽ ഞായറാഴ്ച ദിവസം വരികകൊണ്ടും പള്ളി അടുക്കൽ ഇല്ലായ്കകൊണ്ടും മല്പാനും ശെഷം ഉള്ളവരും കുർവാന ചൊല്ലുവാൻ അവിടെ നിന്നു അരക്കാതം വഴി ദൂരെയുള്ള പള്ളിക്കൽ പൊയപ്പൊൾ തൊമ്മൻകത്തനാരു തന്റെ കണ്ണിന്റെ ദീനംകൊണ്ടു അവരൊടുകൂടെ പൊകാതെ ചുങ്കപ്പുരയിൽതന്നെ പാർത്തതിന്റെ ശെഷം കുറെനെരം കഴിഞ്ഞപ്പൊൾ തന്റെ കണ്ണിന്റെ പരവശം ഒക്കയും അര നാഴികനെരം ഇല്ലാതെയായി എത്രയും വലിയ തണുപ്പു കണ്ടതിന്മെൽ ഇതെന്തൊരവകാശമെന്നു താൻ അശക്യമായി വിചാരിക്കുന്ന നെരത്തു മല്പാനും ശെഷമുള്ളവരും വന്നു കണ്ണിന്റെ ദീനത്തിന്നുവെണ്ടി താൻ കുർവാനചൊല്ലിയപ്രകാരം

www.malankaralibrary.com

മല്പാൻ തൊമ്മൻകത്തനാരൊട്ട അറിയിച്ചാറെ ഉടൻതന്നെ തന്റെ കണ്ണിന്റെ നൊമ്പരത്തിന്ന ഉണ്ടായ തണുപ്പിന്റെ അവകാശം അറികയും ചെയ്തു.

ഇങ്ങനെയിരിക്കയിൽ ൧൫ (15) ദിവസത്തിന്റെ ശെഷം പാമ്പനാററുങ്കൽനിന്ന വീണ്ടും പടവിൽ പുറപ്പെട്ട നാഗപട്ടണത്തു വന്നപ്പൊൾ ഞങ്ങൾ എല്ലാവരും കരക്കിറങ്ങി മര്യാദിപൊലെ സ്ഥലം കിട്ടുമെന്ന ഭാവിച്ച പള്ളിക്കൽ ചെന്നാറെ അവിടത്തെ വികാരി പ്രഞ്ചീസ്സൊ നൊസ്സാരൻ പാതിരി ഞങ്ങൾ ചെല്ലുന്ന വത്തമാനം കെട്ടാറെ അവിടെ ചെന്നാൽ വീട്ടിൽ പാപ്പിച്ചുകൂടാ എന്ന തന്റെ വാലിഭക്കാററൊട്ട മുടക്കം വച്ചെച്ച തന്റെ കാര്യത്തിന്ന പൊകകൊണ്ട പാതിരിയെ അവിടെ കണ്ടതുമില്ലാ. വീട്ടിൽ കൈക്കൊണ്ടുകൂടാ എന്ന തങ്ങൾക്കുള്ള മുടക്ക വാലിഭക്കാററു ഞങ്ങളൊട്ട പറകയും ചെയ്തു.

ഇതിന്റെ ശെഷം തന്റെ ദർശനമര്യാദിയൊടും കൂടപ്പിറപ്പുകളുടെ സ്നെഹം പ്രമാണിക്കുന്ന നമ്മുടെ മാർഗ്ഗത്തൊട്ട മറുത്തും താനും തന്റെ ദർശനക്കാററും വിശ്വാസകാററുടെ ദാനധർമ്മം കൊണ്ട കഴിഞ്ഞുവരുന്നതു ഓർക്കാതെകണ്ടും ഒട്ടും കരുണയും നസ്രാണിക്കടുത്ത അനുഗ്രഹവും കൂടാതെ പാതിരിപറഞ്ഞ അവസ്ഥ കെട്ട പാരം ക്ലെശപ്പെട്ട എവിടെ വസിക്കെണ്ടുവെന്ന വിചാരിച്ചുംകൊണ്ട പൊകുന്നപ്പൊൾ ഇതാ തമ്പുരാന്റെ സഹായവും പ്രത്യെകമുള്ള ദൈവകാരുണ്യവും തന്റെ തിരുനാമം ചൊല്ലി നടക്കുന്ന ആളുകൾക്ക ഒന്നുകൊണ്ടും ഒരു മുട്ട വരാതെ അവരെ തുണപ്പാനും സഹായിപ്പാനും എല്ലായിടത്തും ആളുകൾ ഉണ്ടെന്ന കാട്ടുവാൻ ഒരു പാവപ്പെട്ട കുപ്പായക്കാരൻ പുസ്തകം കുത്തി ഞങ്ങടെ പക്കൽ അണഞ്ഞ അച്ചന്മാരെ നിങ്ങൾ എവിടെക്ക പൊകുന്നുവെന്നും നിങ്ങൾക്ക എന്തുവെണ്ടുവെന്നും ചൊദിച്ചാറെ ഞങ്ങൾക്ക കുറെദിവസം വസിപ്പാനുള്ളതിന്ന ഒരു ഭവനത്തിന്ന ദിഷ്ടതി ഉണ്ടെന്ന അവനൊട്ട പറഞ്ഞാറെ ആയതുകൊണ്ട അച്ചന്മാർക്ക ഒരു മനസ്സുമുട്ട വെണ്ടാ നിങ്ങടെ മനസിന്ന തക്കവണ്ണം എന്റെ വീട ഒക്കെയും ആസ്ഥമായിരിക്കുന്നെന്നും പറഞ്ഞു മഹാസന്തൊഷത്തൊടുകൂടെ അവന്റെ വീട്ടിൽ ഞങ്ങളെ കൂട്ടിക്കൊണ്ട പൊകയും ചെയ്തു.

## ഇരുപതാംപദം

**കുപ്പായക്കാരൻ പറങ്കിയുടെ വീട്ടിൽ ചെന്നതിന്റെശെഷം ഉണ്ടായ അവസ്ഥമെൽ**

എന്നാൽ ആ കുപ്പായക്കാരൻ പറങ്കിയുടെ വീട്ടിൽ ഞങ്ങൾ ചെന്നതിന്റെ ശെഷം അവന്റെ വീട്ടുകാറർക്ക ഒക്കെക്കും വള



രെ സന്തൊഷമായി. അവർ ഏറിയൊരു സമ്പത്തില്ലാഞ്ഞുവെങ്കിലും അവനാൽ ആകുന്നതിൽ ഒന്നിനും ഒട്ടും കുറച്ചിൽ വരുത്താതെ ഉള്ളതൊക്കയും കൊണ്ട ഞങ്ങളെ വെണ്ടുംവണ്ണം ബഹുമാനിച്ച ചൊറും കറിയും വെണ്ടുന്ന ഭൊജനങ്ങളൊക്കയും തന്ന അവന്റെ വീട്ടിൽ ഞങ്ങൾ പാർക്കുന്നപ്പൊൾ ആ പട്ടണത്തിലുള്ള വിശ്വാസകാററിൽ പലരും അവിടെ വന്ന ഞങ്ങളൊട്ട കൂടെ സംസാരിക്കയും സംസ്കൃതം കൊണ്ടും മററും പല കാര്യങ്ങൾകൊണ്ടും പറഞ്ഞ ഞങ്ങൾ അവിടെ ചെന്നതിന്മെലും ഞങ്ങളുടെ സംസാരത്തിന്മെലും വളരെ പ്രസാദിക്കയും ചെയ്തു.

എന്നാൽ ഈ ദിവസങ്ങളിൽ പുറക്കാട്ടുകാരൻ ഔരായുടെ പടവു അവിടെ വന്നാറെ പടവിൽ വന്നതിൽ വാലിഭക്കാരന്ന ദീനം പ്രയാസമായി മരണസമയം അടുത്താറെ അവൻ മലയാളത്തിൽ ഉള്ളതാകകൊണ്ട അവന്ന വെണ്ടുന്നതെത്തിപ്പാൻ ഞങ്ങളിൽ ഒരുത്തരു ചെല്ലണമെന്ന അവിടത്തെ വികാരിപ്പാതിരി ചൊല്ലി വിട്ടാറെ പാറയാമ്മാക്കൽ തൊമ്മൻകത്തനാരു ചെന്ന വെണ്ടുന്നതെത്തിക്കയും അവിടെയുള്ള വിശ്വാസക്കാററിൽ പലരും വലിയ ഭക്തിയൊട്ട കൂടെ വന്ന ചിററാഴ്മ ചെയ്കയും ചെയ്തു.

വിശെഷിച്ചും ഇങ്ങനെ രണ്ട ദിവസം അവിടെ പാർത്തതിന്റെ ശെഷം അവിടെനിന്ന ചിന്ന പട്ടണത്തിന്ന പൊകുന്ന പടവു കണ്ടെത്തുകകൊണ്ട മാത്തൻകത്തനാരു ഞങ്ങളിൽ നിന്ന വെറുതിരിഞ്ഞ മൈലാപ്പൂർക്കാരൻ മെത്രാന്ന മുൻപിൽ മല്പാനൊട്ട കുറി മെടിച്ചുംകൊണ്ട മൈലാപ്പൂർക്ക ചെല്ലുവാനായിട്ട ആ പടവിൽ കരെറി ചിന്നപട്ടണത്തിന്ന പൊകയും ചെയ്തു.

ആയതിന്റെ ശെഷം അവിടെനിന്നും ഏറൊപ്പെക്ക പൊകുന്ന കപ്പൽ വിചാരിച്ചാറെ രണ്ടാൾക്ക ൧൩൯ (139) പൊൻകാശിൽ കുറഞ്ഞാൽ പൊകുവാൻ മതിയായിവരികയില്ലെന്ന ഞങ്ങളൊട്ട പറകയും ചെയ്തു.

ഇതിന്റെശെഷം പിറെറദിവസം ഞങ്ങൾ അവിടെ നിന്നും യാത്രപുറപ്പെട്ട അവിടെ ഞങ്ങൾക്കുവെണ്ടി മെൽപറഞ്ഞ കുപ്പായക്കാരൻ ചിലവിട്ടതിന്റെ കണക്ക പറഞ്ഞ പണം കൊടുപ്പാൻതുടങ്ങിയാറെ മുൻപിൽ ഞങ്ങൾ ഒട്ടും വിചാരിക്കാത്തവണ്ണം അച്ചമ്മാക്കു ഞാൻ ചിലവിട്ടതിൽ ഒന്നിനും പണം മെടിപ്പാൻ ഞാൻ ഭാവിച്ചിട്ടില്ലാ എന്നും ആയതിന്ന കൂലി തമ്പുരാൻ ഇനിക്ക തരുമെന്നും ഇങ്ങനെ തീർമ്മയററു പറങ്കി പറകകൊണ്ട തന്റെ ശക്തിക്ക മീതെയുള്ള അവന്റെ നല്ല മനസ്സും നന്ദിയും കാൺകകൊണ്ടും ഞങ്ങടെ ഹെതുവാൽ അവന്ന കാര്യദൊഷം ഉണ്ടാകുന്നതു ഞങ്ങൾക്ക മനസില്ലായ്കകൊണ്ടും ചെറുപിള്ളയാകുന്ന അവന്റെ മകനെ വിളിച്ച ഞങ്ങൾ ഭാവിച്ച

www.malankaralibrary.com

പണം അവന്റെ കയ്യിൽ കൊടുത്തുംവച്ചു അവിടെനിന്നു കാൽനടക്കു തിരിച്ചു സന്ധ്യസമയം കഴിഞ്ഞപ്പൊൾ കാരിക്കാൽ എന്നൊരു പ്രദെശത്തു എത്തുകയും ചെയ്തു.

എന്നാൽ കാരിക്കാൽപ്രദെശം പ്രാസക്കാരന്റെ നാടാകകൊണ്ടു അവിടെയുള്ള പള്ളിയുടെ വികാരി മുമ്പിൽ പൌലീസ്താക്കാരൻ ആയിരുന്ന മൊജിസ്താൻ എന്നു പെരുള്ള ഒരു പ്രാസക്കാരൻ പാതിരി ആയിരുന്നു. അപ്പൊഴൊ ഈ അവസ്ഥ മല്പാൻ കെട്ടാറെ മുൻപിൽ താൻ എറൊപ്പയിൽനിന്നു മലയാളത്തിൽ വരുന്നനെരത്തു പുതുച്ചെരിൽവച്ചു ഈ പാതിരിയെ കണ്ടറിയുമെന്നും അന്നവിടെവച്ചു താനുമായിട്ടു ശാസ്ത്രതർക്കമുണ്ടായാറെ തർക്കത്തിൽ മടങ്ങുകകൊണ്ടു കുറെ കരിഷമായിരുന്നുവെന്നും ആയതുകൊണ്ടിന്നു എങ്ങനെ നമ്മൊടു അയാൾ കാട്ടുമെന്നു ഉണ്ടായില്ലെന്നു പറഞ്ഞെങ്കിലും മറ്റൊരിടം അവിടെ കാണായ്കകൊണ്ടും തമ്പുരാനെപ്രതി മാർഗ്ഗമറിയിപ്പാനായിട്ടു തങ്ങളുടെ രാജ്യമാകുന്ന പരരാജ്യംവിട്ടു ഇന്ദ്യായിക്കുവരുന്ന ആളുകൾ പകരംവീഴ്ച കാട്ടുകയില്ലെന്നും വിചാരിക്കകൊണ്ടും മര്യാദിപൊലെ പള്ളിക്കൽതന്നെ ചെന്നു മൊജിസ്താൻപാതിരിയെ കണ്ടാറെ പാതിരി ഞങ്ങളെ കണ്ടു ഉടൻ ഞങ്ങളൊടു ഒരാചാരം കാട്ടാതെയും ഞങ്ങളെ ഇരുത്താതെയുംകണ്ടു മല്പാനൊടു ചൊദിച്ചു എന്നെ അറിയുമൊ എന്നു. ആയതിന്നു പുതുച്ചെരിൽവച്ചു കണ്ടറിയുമെന്നു മല്പാൻ അയാളൊടു ഉത്തരിച്ചതിന്റെ ശെഷം എന്തെ ഇവിടെക്കു വന്നുവെന്നു വീണ്ടും ചൊദിച്ചതിന്നു ഇവിടെ ഇന്നു രാത്രിയിൽ വസിപ്പാൻ ഭവനം കിട്ടുമെന്നു ഭാവിക്കകൊണ്ടത്രെ ഇവിടെ വന്നതെന്നു മല്പാൻ ഉത്തരം പറഞ്ഞാറെ ഇവിടെ ഇപ്പൊൾ പടവികളുമാകകൊണ്ടു വസ്തുക്കളൊക്കയും തരങ്ങൻപാടിൽ പകർത്തി ഇരിക്കകൊണ്ടു ഇവിടെ ഇപ്പൊൾ ഇടം കിട്ടുവാൻ പരാധീനമാകുന്നു എന്നതിന്നു പൊറുപ്പാൻ വെണ്ടുന്ന വസ്തുക്കളൊക്കയും ഞങ്ങൾക്കുണ്ടെന്നും വസിപ്പാൻ ഇടം കിട്ടിയാൽ മതിയെന്നും മല്പാൻ പറഞ്ഞതിന്നു എല്ലാം തരങ്ങൻപാടിക്കു പകർത്തിവച്ചുവെന്നും ആയതുകൊണ്ടു നിങ്ങൾക്കു നല്ലൊരു മറ്റൊരിടം കാട്ടിതരാമെന്നും പാതിരി പറഞ്ഞു തന്റെ വാലിഭക്കാരനെ വിളിച്ചു ഞങ്ങളൊടുകൂടെ അയച്ചു ആ ഇടത്തിൽ ഉള്ള വഴിയമ്പലത്തിൽ കൊണ്ടുചെന്നു ഞങ്ങളെ ആക്കുകയും ചെയ്തു.

എന്നാൽ മൊജിസ്താൻപാതിരി തന്റെ സ്ഥാനവും നസ്രാണിക്കടുത്ത അത്രപിയും ബഹുമാനവും മറന്നു അയാളുടെ ഭവനത്തു മറ്റിടങ്ങൾ ഉണ്ടായിരുന്നെങ്കിലും മുൻപിൽ പുതുച്ചെരിൽവച്ചു മല്പാനും താനുമായിട്ടു ഉണ്ടായ തർക്കത്തിന്നു തന്നാൽ ആകുന്നവണ്ണം പകരം വീട്ടുവാൻ ഇപ്പൊൾ സമയമെന്നും കണ്ടു



വരത്തരെ സ്നെഹിക്കുന്നവരു നിങ്ങൾ ആകുവിൻ എന്നു റൊമാക്കാറരുടെ പക്കലുള്ള കുറിയിലും വരത്തരുടെ സ്നെഹം നിങ്ങൾ മറക്കണ്ടാ എന്നു എവുറായക്കാറരുടെ പക്കലുള്ള കുറിയിലും പിന്നെയും മറ്റു പല ഇടങ്ങളിലും ശുദ്ധമാന പുസ്തകത്തിൽ ചൊല്ലികിടക്കുന്നതിനൊടു മറ്റും ഒറൈത്തായും നിവ്യാകളും അതിൽ തുടങ്ങിയിരിക്കുന്നുവെന്നു മിശിഹാകർത്താവു താൻതന്നെ അരുളിച്ചെയ്ത നസ്രാണിമാർഗ്ഗത്തിന്റെ തികച്ചിലാകുന്ന ഉപവിയൊടു മറ്റും ആണും പെണ്ണും ആകാത്തവരും നല്ലവരും ഇങ്ങനെ നാലുജാതിയും വസിക്കുന്ന വഴിമദ്ധ്യെയുള്ള വഴിയമ്പലത്തിൽ ഞങ്ങളെ അയച്ചതിന്റെ ശെഷം അവിടെ ഭക്ഷണത്തിന്നു വട്ടം കൂട്ടുവാനുള്ളതിന്നു പാത്രങ്ങളും മറ്റും വെണ്ടുന്ന വസ്തുക്കളിൽ ഒന്നും ഇല്ലായ്കകൊണ്ടും പിന്നെ ഒരിടം വിചാരിപ്പാൻ നെരം രാത്രി ആകകൊണ്ടും ഏതു പ്രകാരംവെണ്ടുവെന്നു വിചാരിച്ചിരിക്കുന്ന സമയത്തു അവിടെയുള്ള വിശ്വാസക്കാറരിൽ ഒരുത്തൻ മഹാ ആചാരത്തൊടുകൂടെ ഞങ്ങളുടെ പക്കൽ അണഞ്ഞ അവന്റെ വീട്ടിൽ ഞങ്ങളെ കൊണ്ടുചെന്നു ഭക്ഷണത്തിന്നു വട്ടം കൂട്ടുവാൻ വെണ്ടുന്ന പാത്രങ്ങളും പൊറുപ്പാൻ സ്ഥലവും തന്നു. പാതിരി ഞങ്ങളെ കൈക്കൊള്ളാഞ്ഞതിന്മെൽ വളരെവളരെ സങ്കടം പറഞ്ഞാറെ ഇക്കാര്യത്തിന്നു പകരം ചൊദിക്കുന്നത ഞങ്ങൾ അല്ലാ തമ്പുരാനത്രെ ആകുന്നു. ആയതുകൊണ്ടു ഞങ്ങൾ തരങ്ങൻപാടിൽ ചെല്ലുമ്പൊൾ ഇയാളും അവിടെക്കു വരുവാൻ സംഗതിവരുമെന്നു മല്പാൻ അവിടെ കൂടിയവരൊടു പറകയും ചെയ്തു.

ഇങ്ങനെ അന്നു രാത്രിയിൽ അവിടെ പാർത്തതിന്റെ ശെഷം പിറ്റെ ദിവസം രാവിലെ എഴുന്നെറ്റു അവിടെനിന്നു പുറപ്പെട്ടു നെരത്തുതന്നെ തരങ്ങൻപാടിയിൽ കൊട്ടയുമിട്ടു അവിടെ വസിച്ചിരുന്ന ദൻമാർക്കുകാരൻ ഇടത്തൂട്ടുകാരൻ ആയിരിക്കിലും അവിടെ കാതൊലിക്കാമാരാകുന്ന റൊമാവഴക്കമുള്ള നസ്രാണികളൊടുകൂടെ നെരപ്പും സ്നെഹവും കാട്ടി കൊട്ടക്കകത്തു തന്നെ പള്ളിവച്ചുകൊൾവാൻ സമ്മതിച്ചതിനാലെ തരങ്ങൻപാടിയിൽ വലിയപള്ളിയും വികാരിയുടെ ഭവനവും കൊട്ടക്കു അകത്തായിരിക്കകൊണ്ടു അവിടെക്കു ഞങ്ങൾ ചെന്ന ഉടൻ കൊട്ടകാവൽക്കാറരൊടു അനുവാദവും വാങ്ങി കൊട്ടക്കകത്തു കടന്നു പള്ളിക്കൽ ചെന്നു അവിടത്തെ വികാരിയാകുന്ന ഗൊവക്കാരൻ പാതിരിയെ കണ്ടാറെ ശെഷമുള്ള പാതിരിമാരെപൊലെ ഞങ്ങളെ ബഹുമാനിക്കയും തന്റെ ഭവനത്തുതന്നെ ഞങ്ങളെ കൈക്കൊള്ളുകയും ചെയ്യാതെ പള്ളിക്കു പുറത്തുള്ള ചെറിയ പള്ളിയുടെ താഴക്കൊലും തന്നു അവിടെ പൊയി വസിപ്പാൻ ഞങ്ങളെ അയക്കയും ഞങ്ങളും അവിടെ ചെന്നു പള്ളിയൊടുകൂടെ ചെന്നുള്ള സങ്കീർത്തിയിൽ പാർത്തിരിക്കയും ചെയ്തു.

www.malankaralibrary.com

# ഇരുപത്തൊന്നാം പദം

തരങ്ങൻപാടിയിൽ ചെന്നതിന്റെശെഷം ഉണ്ടായ അവസ്ഥമെൽ

ഇങ്ങനെ ഞങ്ങൾ തരങ്ങൻപാടിയിൽ ചെന്നിട്ട രണ്ടനാൾ കഴിഞ്ഞതിന്റെ ശെഷം കാരിക്കാൽ എന്ന ഇടം ഇങ്ഗ്ലെശന്മാര പിടിച്ചു അടക്കുകകൊണ്ട മല്പാൻ മുൻപിൽ തമുഴന്മാര വിശ്വാസകാററൊട പറഞ്ഞവണ്ണംതന്നെ അവിടത്തെ വികാരിയാകുന്ന മൊജിസ്ലാൻ പാതിരി എത്രയും പരവശപ്പെട്ട ആ നാട്ടിൽ പാതിരിമാര നടന്നുവരുന്ന മര്യാദിയിൽ ഒന്നും കൂടാതെ അതായത്തു പല്ലക്കെങ്കിലും കുതിര എങ്കിലും കൂടാതെ വിശന്ന വെയിലും കൊണ്ട മഹാ പരിഭ്രമത്തൊടുകൂടെ വരികയും ചെയ്തു.

എന്നാൽ തരങ്ങൻപാടിയിൽ ഞങ്ങൾ പാൎത്തുവന്ന മാർസം പ്രഞ്ചിസ്കൊസ ശവെൽ എന്ന പള്ളിക്കു അടുക്കെ ലുബലി എന്ന പെരുള്ള ഒരു പ്രാസക്കാരൻ പാർത്തിരിപ്പുണ്ടായിരുന്നു. അപ്പൊഴെ ഞങ്ങൾ അവിടെ ചെന്നതിന്റെ ശെഷം ആ പള്ളിയിൽ കുർവാന കാൺമാനായിട്ട ഒരുഷം ഈ പ്രാസക്കാരൻ വന്നു കുർബ്ബാന കണ്ടതിന്റെശെഷം മല്പാനുമായിട്ട സംസാരിച്ചാറെ മല്പാനും പ്രാസപെച്ചിൽ സംസാരിപ്പാൻ അറിഞ്ഞിരിക്കകൊണ്ട എത്രയും പ്രസാദവും തെളിവും അവനുണ്ടായി. ആയതിന്റെശെഷം അവിടെവന്നു ഞങ്ങളെ കാൺകയും മല്പാനെ പലയുഴവും തന്റെ വീട്ടിൽ വിളിച്ചു വിരുന്നുകൊടുക്കയും ഇങ്ങനെ വലിയ സ്നെഹവും പ്രിയവും ഞങ്ങൾ എല്ലാവരൊടും കാട്ടിവരികയും ചെയ്തു.

ഇതുമെന്യെ തരങ്ങൻപാടിയിൽ പള്ളിയുടെ വികാരി ഗൊവക്കാരൻ പാതിരിയും പലപ്പൊഴും പള്ളിയുടെ യജമാനനെന്നപൊലെ ഞങ്ങൾ പാർത്തിരിക്കുന്ന ചെറിയപള്ളിക്കൽ വരികയും മല്പാനുമായിട്ട സംസാരിക്കയും കുർവാനകു എതാനും ദാനധർമ്മംകൊണ്ട ഞങ്ങളെ സഹായിക്കയും ചെയ്തിരുന്നുതാനും.

ഇങ്ങനെ അവിടെ പാൎത്തുകൊണ്ട വാച്ചു പ്രകാരത്തിലും ഒരു കുറി എങ്കിലും പുതുച്ചെരിക്കു അയപ്പാൻ പല പ്രകാരത്തിലും ശ്രമിച്ചാറെയും ഒടുക്കം ചാക്കൊക്കത്തനാര അച്ചനും വരാരപ്പള്ളിൽ ചാക്കൊയും തന്നെ പൊയിട്ടും ഇൻഗ്ലെശന്മാരും പ്രാസന്മാരുമായിട്ടുള്ള പടയുടെ മൂലത്താൽ പുതുച്ചെരി വളഞ്ഞിരിക്കകൊണ്ട വഹിയായെന്നു കാൺക കൊണ്ട കാര്യത്തിന്നു ഒരു തുറസ്സ കാണാത്ത മൂലത്താൽ എറൊപ്പെക്കു പററി കാര്യം സാധിപ്പാൻ കൂടുമെങ്കിൽ മർത്തമറിയ ഉമ്മാടെ വീടിരിക്കുന്ന ല്പൊറെത്തു എന്ന ഇടത്തു ചെന്ന കുർവാന ചൊല്ലുന്നുണ്ടെന്നു മല്പാൻ ഒരു നെർച്ച നെരുകയും ചെയ്തു.



ഈ ദിവസങ്ങളിൽ കാരിക്കാലിൽനിന്നും പുതുച്ചെരിൽനിന്നും പല പല വിശ്വാസികളും തങ്ങടെ നാടുകളിലുള്ള പടയുടെ വികളുംകൊണ്ട അവിടെനിന്നു വാങ്ങി തരങ്ങൻപാടിയിൽ വന്നാറെ അവരിൽ പലരും പുതുച്ചെരിൽവച്ചു മല്പാനുമായിട്ട കണ്ടറിവും സ്നെഹവും ഉണ്ടായിരുന്നതിനാംപക്കം അവരും ഞങ്ങൾ വസിക്കുന്ന ചെറിയ പള്ളിക്കൽ വന്നു ഞങ്ങളെ കണ്ട സംസാരിക്കുകയും എതാനും കുർവാനക്കുള്ള ദാനധർമ്മം കൊണ്ടും മററു എതാനും സമ്മാനങ്ങൾ കൊണ്ടും ഞങ്ങളുടെ മെൽ അവർക്കുള്ള നല്ലമനസും സ്നെഹവും കാട്ടുകയും ചെയ്തു.

വിശെഷിച്ചും ഇങ്ങനെ ഒരു മാസംപൊലും കഴിഞ്ഞപ്പൊൾ മാത്തൻകത്തനാര മൈലാപ്പൂരിൽനിന്നും തരങ്ങൻപാടിയിൽ വന്ന താൻ മൈലാപ്പൂക്കു ചെന്ന അവിടെ ഇരിക്കുന്ന മെത്രാനെ കണ്ട മല്പാന്റെ കുറി കൊടുത്താറെ മെത്രാൻ പാരം തന്നെ ബഹുമാനിച്ചുവെന്നും അതിൻവണ്ണംതന്നെ ചിന്നമലയിൽ ചെന്നു അവിടത്തെ വികാരി പാതിരിയെ കണ്ടാറെ അയാളും തന്നൊട വലിയ സ്നെഹം കാട്ടി എന്നും വിശെഷിച്ചും മൈലാപ്പൂരിൽനിന്നു വീണ്ട തിരിച്ചുവരുന്ന വഴിയിൽ ഇൻഗ്ലെശന്മാര എങ്ങനെ തന്നെ തടഞ്ഞു കാവലിൽ ആക്കി എന്നും അവിടെ നിന്നും കൊന്തനമസ്കാരത്തിന്റെ നടുസ്ഥാനത്താൽ നിനച്ചിരിയാത്തവണ്ണം ഇടുപൊടുക്കനെ അശക്യമായിട്ട കന്യാസ്ത്രീ അമ്മ തന്നെ രക്ഷിച്ച പ്രകാരവും ഞങ്ങളൊടറിയിക്കയും ചെയ്തതിന്റെശെഷം അവിടെനിന്നു മൂന്നു ദിവസം കഴിഞ്ഞപ്പൊൾ ഇട്ടിക്കുരുവിളതരകനും തന്റെ കൂട്ടരും അവിടെ വന്നു തങ്ങൾ പുതുച്ചെരിൽ കരെറി എന്നും അവിടെ ഇരിക്കുന്ന മെത്രാനെ കണ്ടുവെന്നും മററും അവിടെയുള്ള പട വികളുങ്ങളും ഞങ്ങളൊട പറഞ്ഞു കെൾപ്പിക്കയും ചെയ്തു.

എന്നാൽ മാത്തൻകത്തനാരെ ലബെലി എന്ന പ്രാസക്കാരൻ കണ്ടാറെ തന്റെ ശരീരത്തിന്റെ പെരുമയും മഹിമയുംകൊണ്ടും ദൃഷ്ടിയുടെ പ്രകാശംകൊണ്ടും പാരം ബഹുമാനിച്ചു ബുദ്ധിയുള്ള ആളെന്നു സമ്മതിക്കയും ചെയ്തു.

ഇതിന്റെ ശെഷം ഞങ്ങൾ എല്ലാവരുംകൂടെ റൊമായിക്കു പൊകുവാനുള്ള കാര്യത്തിന്മെൽ വിചാരിച്ചുകണ്ടാറെ ഇൻഗ്ലെശന്മാരും പ്രാസന്മാരുമായിട്ടുള്ള പടയുടെ ഹെതുവാൽ ആയതിന്നു നിവൎത്തിവരുവൊളം തരങ്ങൻപാടിയിൽ തന്നെ പാൎക്കെണ്ടിവരുമെന്നും എല്ലാവർക്കുംകൂടെ പൊകുവാൻ പണം മതിയായി വരികയില്ലെന്നു കാൺകകൊണ്ടും മുൻപിൽ നാഗപട്ടണത്തുനിന്നു ചൊദിച്ചറിഞ്ഞതിനാൽ മുൻപിൽതന്നെ പണം സ്വരുമിച്ചു നൊക്കുക എന്നും ആയതിന്റെ ശെഷം ആയതിന്നു മതിയാകുന്ന ആളുകൾ റൊമായിക്കു പൊകുവാനായിട്ട തരങ്ങൻപാടിയിൽ തന്നെ.

www.malankaralibrary.com

പാർത്തുംകൊണ്ടു ശെഷമുള്ളവരെല്ലാവരും മലയാളത്തിന്നതന്നെ തിരികെ പൊക എന്നും എത്രയും ബുദ്ധിയൊടുകൂടെ നിശ്ചയിച്ചു ഞങ്ങൾ മലയാളത്തിൽനിന്ന തിരിച്ച നാൾതൊട്ടു അന്നെവരക്കും അതായത്തു ഈ പുസ്തകത്തിൽ പതിമൂന്നാംപദത്തിൽ ചൊല്ലിയപൊലെ ൯൫൪-ാമാണ്ടു (1778) ഇടവമാസം ൭-ാനു- (7) തുടങ്ങി ടി ആണ്ടു കന്നിമാസം പുത്തൻ കണക്കിൽ ൪-ാനു- (4) യൊളം ഉള്ള ചിലവു നീക്കി കണ്ട ചക്രം ൪൩൨൮൦-ം (43280) മല്പാന്റെ പററിൽ എല്ലാവരുംകൂടെ ഏല്പിച്ചതിന്റെ ശെഷം ഈ പണംകൊണ്ടു നാലുപെരിൽ ഏററം പൊകുവാൻ കൂടുകയില്ലെന്നും ആയതിന്ന ആരെല്ലാവരും വെണ്ടുവെന്നും വിചാരമായാറെ വാലിഭക്കാററും മല്പാനും റൊമായിക്കും തരകനും മാത്തൻകത്തനാരും വരാരപ്പള്ളിൽ ചാക്കൊയും മലയാളത്തിനും പൊകുന്ന കാര്യത്തിന്ന വിവാദ ഏതും ഉണ്ടാകാതെ ചാക്കൊകത്തനാരും തൊമ്മൻ കത്തനാരും എത്തിയാൽ അവരിൽ ആരു റൊമായിക്ക പൊകെണ്ടുവെന്നും ആരു മലയാളത്തിന്ന തിരികെ പൊകെണ്ടുവെന്നും വിവാദമായി കഴിഞ്ഞുതാനും. ആയതിന്ന എല്ലാവരുടെയും മനസു എങ്ങനെ എന്ന അറിയണമെന്നും വെച്ചു എല്ലാവരുംകൂടെ മുൻപിൽതന്നെ മല്പാന്റെ മനസു ചൊദിച്ചാറെ ഏറൊപ്പെക്ക പൊകുന്നകാര്യത്തിന്ന തൊമ്മൻകത്തനാരുകൂടെ പൊന്നാൽ വാച്ച എഴുത്തുകൊണ്ടും സഹായിപ്പാനും വാച്ച കാര്യവും പെത്തുണ്ടാക്കെണ്ടിവരികിൽ ആയതിന്നും ഉപകരിക്കുന്നതല്ലാതെ അയാൾ ലത്തീൻപഠിച്ചു അറിഞ്ഞിരിക്കകൊണ്ടു ഏറൊപ്പായിലുള്ള പെച്ചുകൾ പഠിപ്പാൻ അയാൾക്ക പാരം എളുപ്പമുണ്ടായിരിക്കുമെന്നും വിശെഷിച്ചും ചാക്കൊകത്തനാരു കൂടെ പൊന്നാൽ എനിക്ക വാച്ച ബുദ്ധിയും ചൊല്ലിത്തരുവാനുള്ളതിന്നെന്യ മററൊന്നിനും പ്രാപ്തിയായിവരികയില്ലെന്നും എന്നിങ്ങനെ കണ്ട ഗുണദൊഷവും വിശെഷിച്ചും പൊരുന്ന അവസ്ഥ ഞങ്ങൾക്കു എല്ലാവർക്കും തെളിയുംവണ്ണം എങ്ങനെ വെണ്ടുവെന്നാൽ അങ്ങിനെ ആയിക്കൊള്ളാമെന്നും മല്പാൻ പറകകൊണ്ടു എങ്ങനെ തന്റെ മനസാകുന്നു റൊമായിക്കു പൊകുവാനൊ തിരികെ മലയാളത്തിന്നുതന്നെ പൊകുവാനൊ എന്ന തൊമ്മൻ കത്തനാരൊടു ചൊദിച്ചാറെ ജാതിയുടെ ഗുണത്തിന്നല്ലാതെ ഓരൊരുത്തന്റെ സിദ്ധാന്തത്തിനല്ലാ പുറപ്പെട്ടിരിക്കുന്നു എന്നും ആയതുകൊണ്ടു കാര്യത്തിന്റെ നിവൃത്തിക്ക ഏതുപ്രകാരം നല്ലതെന്നാൽ അപ്രകാരം മനസായെ മതിയാവൂ എന്നുംവച്ചു എങ്ങനെ എല്ലാവർക്കും തെളിഞ്ഞെന്നാൽ അതുപൊലെ റൊമായിക്ക പൊകണമെങ്കിൽ ആയതിന്നും വീണ്ടു മലയാളത്തിന്ന തിരിയണമെങ്കിൽ ആയതിന്നും താൻ ആസ്ഥമായിരിക്കുന്നുവെന്ന തൊമ്മൻകത്തനാരു പറഞ്ഞതിന്റെ ശെഷം ചാക്കൊകത്ത



നാരുടെ മനസു ചൊദിച്ചാറെ താൻ റൊമായിക്ക പൊകുവാനായിട്ടത്രെ മലയാളത്തിൽനിന്ന പുറപ്പെട്ടുവെന്നും ആയത്തുകൊണ്ടു റൊമായിക്ക പൊകാതെ മലയാളത്തിന്ന പൊകുവാൻ ഭാവമില്ലെന്നും പ്രതിജ്ഞപൊലെ പറകയും ചെയ്തു.

എന്നാൽ തമ്പുരാന്റെ സ്തുതിക്കും ചൊവ്വുള്ള ബൊധത്തിന്നും അടാത്തവണ്ണമുള്ള ഈ ഉത്തരം ഏല്ലാവരും കെട്ടാറെ ആ കാര്യത്തിന്മെൽ ശെഷമുള്ളവരെല്ലാവരുടെയും മനസു തിരിച്ചുകൊൾക്കണമെന്നും വച്ചു എല്ലാവരൊടും പ്രതി പ്രതി ചൊദിച്ചാറെ കാര്യമൊക്കയും വിചാരിച്ചുകണ്ട തൊമ്മൻകത്തനാരു തന്നെ പൊയെ മതിയാവു എന്ന എല്ലാവരും ഒരു വായാൽ പറകകൊണ്ടു അതിൻവണ്ണമെന്ന നിശ്ചയിച്ചു മല്പാനും ശെഷമുള്ളവരും പ്രതിജ്ഞകൂടാതെ മലയാളത്തിന്നതന്നെ തിരികെ പൊകുവാൻ പലപ്രകാരവും ചാക്കൊകത്തനാരെ പറഞ്ഞു ബൊധിപ്പിച്ചു മല്പാനും ചാക്കൊകത്തനാരും തമ്മിലുള്ള പ്രത്യെകമുള്ള കൈകണക്കുകളും ഇടപാടുകളും പറഞ്ഞുതീരുകയും ചെയ്തു.

ഇതിന്റെ ശെഷമെല്ലാവരുമായി കാര്യമൊക്കയും നിശ്ചയിച്ചു ൯൫൪-ാം കാലം (1778) കന്നിമാസം ൬-ാം(6)നു നെരം വെളുത്ത പത്തുമണിയായപ്പൊൾ ഞങ്ങൾ എല്ലാവരും തരങ്ങൻപാടിയിൽ കൊട്ടക്ക പുറത്തുള്ള മാർ സം പ്രഞ്ചിസ്കൊസ ശവൽ പുണ്യവാളന്റെ പള്ളിയുടെ ത്രൊണൊസുകൽ മുട്ടും കുത്തി മത്തമറിയം ഉമ്മാടെ ലുത്തിനിയായും ചൊല്ലി തൊമ്മൻകത്തനാരു തനിക്ക എത്രയും സ്നെഹപ്പെട്ടും ആചരിക്കപ്പെട്ടും ഇരുന്ന സുറിയാനിപെച്ചിൽ തന്റെ മല്പാൻ കടനാട്ടിൽ കാനാട്ടു അറിയിപ്പു കത്തനാരു താൻ മലയാളത്തിൽനിന്ന പുറപ്പെട്ട നാളുകളിൽ സ്വല്പം മുൻപെ മരിച്ചു പൊകകൊണ്ടു അയിപ്പുകത്തനാരുടെ അനന്തരവനാകുന്ന മാത്തൻകത്തനാരൊടുതന്റെ മല്പാൻ അയിപ്പുകത്തനാരുടെ നാമത്താൽ വാഴ്വും കൈക്കൊണ്ടതിന്റെ ശെഷം കരച്ചിലൊടും കണ്ണുനീരൊടുംകൂടെ എല്ലാവരുമായി പിടിച്ചു തഴുകി യാത്രയും ചൊല്ലി തമ്മിൽ തമ്മിൽ വെർതിരിഞ്ഞ ഞങ്ങൾ നാലുപെരും തരങ്ങൻപാടിയിൽതന്നെ പാർത്തുകൊണ്ടു ശെഷമുള്ളവരെല്ലാവരും മലയാളത്തിന്ന തിരികെ പൊകയും ചെയ്തു.

വിശെഷിച്ചും ചാക്കൊകത്തനാരു തനിക്ക വീണ്ടു മലയാളത്തിന്ന പൊകുവാൻ റൊമായിക്ക ചെല്ലാതെ മനസില്ലെന്ന പ്രതിജ്ഞയായിട്ടു പറകകൊണ്ടു മലയാളത്തിന്ന പൊകവെണ്ടുവെന്നും ഉടയതമ്പുരാന്റെ മനൊഗുണംകൊണ്ടു ഞങ്ങൾ വീണ്ടു തിരിയുമ്പൊൾ റൊമായിക്ക പൊയി ഞങ്ങളൊടു കൂടെ ദണ്ഡി

www.malankaralibrary.com

ച്ച ആളായി വച്ചുകൊള്ളാമെന്നും ഇങ്ങനെയുള്ള മററും പല വചനങ്ങളും മല്പാൻ പറഞ്ഞ അയാളെ തണുപ്പിച്ച ശെഷമുള്ളവരൊടുകൂടെതന്നെ മലയാളത്തിന്ന അയക്കയും ചെയ്തു.

ഇതിന്റെ ശെഷം കുറെ ദിവസം കഴിഞ്ഞപ്പൊഠ ഈ പുസ്തകത്തിന്റെ ൧൯-ാം (19) പദത്തിൽ പറഞ്ഞപൊലെ വൈപ്പാററിൽവച്ചു കണ്ട കള്ളജെപ്യഷ്ഠനനുജന്മാരും അവിടെ വന്ന ഞങ്ങളെ കണ്ടു തങ്ങഠ മൈലാപ്പൂക്ക പൊയെന്നും മററും വഴിക്കുള്ള വിഷമങ്ങളും ഞങ്ങളൊടു പറഞ്ഞതിന്റെ ശെഷം ഞങ്ങഠ മുമ്പൊട്ടു പൊകുവാൻ വഹിയായ്കകൊണ്ടു തരങ്ങൻപാടിയിൽ പാർക്കുന്നതു കണ്ടുംകൊണ്ടു ഇരുവരും മലയാളത്തിന്ന വീണ്ടും പൊകയും ചെയ്തു.

ഇതിന്റെ ശെഷം പലനാഠ പല പ്രകാരത്തിലും മെൽപറഞ്ഞ പ്രാസക്കാരൻ ലബെലിയുമായിട്ടു ഏറൊപ്പെയ്ക്ക പൊകുവാനുള്ള കാര്യത്തിന്മെൽ ശ്രമിച്ചാറെ ഏറൊപ്പെക്ക പൊകുന്ന പ്രാസക്കപ്പൽ വാച്ചതും കാണുന്ന പക്ഷത്തിൽ തന്റെ കയ്യാൽകൂടെ ഏതാനും ചിലവിട്ടിട്ടെങ്കിലും ഞങ്ങളെ അയപ്പാനുള്ളതിന്ന ആകുന്നതു പ്രയത്നം ചെയ്യുന്നുണ്ടെന്ന പറഞ്ഞൊത്തിരിക്കയിലെ ഒരുദിവസം തരങ്ങൻപാടിയിൽ പള്ളിയുടെ വികാരി ഗൊവക്കാരൻ പാതിരി ഞങ്ങഠ വസിക്കുന്ന ചെറിയപള്ളിക്കൽ വന്നപ്പൊഠ ഈ ദിവസങ്ങളിൽ ഒരു പറങ്കികപ്പൽ ചിന്നപട്ടണത്തിന്ന വരുമെന്ന സൂക്ഷമായിട്ടു കെട്ടു എന്നതുകൊണ്ടു നിങ്ങഠ ഇപ്പൊഠ അവിടെക്ക എത്തിയാൽ പക്ഷെ ഏറൊപ്പക്ക പൊകുവാൻ സംഗതികൂടുമെന്ന മല്പാനൊടു പറഞ്ഞാറെ ഞങ്ങഠ ആയതിന്മെൽ വിചാരിച്ചു. പല പ്രകാരവും അപ്പൊളുള്ള കാര്യകിടപ്പു സൂക്ഷിച്ചു പറങ്കികപ്പൽ കൂടുമെങ്കിൽ അത്ര നല്ല കാര്യം പിന്നെ ഒന്നുമില്ലെന്ന കണ്ടു ലബെലിയുമായിട്ടു പറഞ്ഞാറെ അവനും വിചാരംകൊള്ളാമെന്ന സമ്മതിച്ചതിനെക്കൊണ്ടു ഇൻഗ്ലെശന്മാരും പ്രാസന്മാരുമായിട്ടുള്ള പടയുടെ മൂലത്താൽ ഒട്ടെറെയും മാത്തൻകത്തനാക്ക മുൻപിൽ അനുഭവിച്ചുള്ളതു ഓർത്തുകാൺകകൊണ്ടു വഴിക്ക കുറെ ഭയമുണ്ടെങ്കിലും എല്ലാം ഉടയതമ്പുരാന്ന തെളിഞ്ഞവണ്ണം ആകട്ടെ എന്നുംവച്ചു എല്ലാംകൂടെ ൪൫ (45) ദിവസം തരങ്ങൻപാടിയിൽ പാർത്തതിന്റെ ശെഷം കൂട്ടരിൽനിന്ന വെറുതിരിഞ്ഞതിന്റെ ശെഷം മൂന്നാംദിവസം ചിന്നപട്ടണത്തിന്ന പൊകുവാനായിട്ടു അവിടെ നിന്ന കരവഴിക്ക ഞങ്ങഠ യാത്ര പുറപ്പെടുകയും ചെയ്തു. വിശെഷിച്ചും ഞങ്ങഠ യാത്രപുറപ്പെടുന്ന ദിവസത്തിൽ ലബെലിയും ഞങ്ങഠ പാർത്തിരുന്ന ചെറിയപള്ളിക്കൽ വന്ന യാത്രയും ചൊല്ലി ഏതാനും വീഞ്ഞിന്റെ പൊത്തല്യകഠ ഞങ്ങഠക്ക സൌജന്നിക്കയും ചെയ്തു.



# ഇരുപത്തിരണ്ടാംപദം

**തരങ്ങൻപാടിയിൽനിന്ന പുറപ്പെട്ടതിന്റെശെഷം ഉണ്ടായ അവസ്ഥമെൽ**

അപ്പൊഴെ തരങ്ങൻപാടിയിൽനിന്ന ഞങ്ങഠ പുറപ്പെട്ടതിന്റെ ശെഷം വളരെ വളരെ വെദനപ്പെട്ടു കുമ്പിപൊലെ എരിയുന്ന ആ പ്രദെശത്തുള്ള വെയിലും ഒക്കെക്കൊണ്ടു നെരം വൈകിയപാടു പറങ്കിപെട്ടിയിൽ വന്നാറെ അവിടെയുള്ള ഗൊവക്കാരൻ പാതിരി ബഹുമാനമായിട്ടു ഞങ്ങളെ കൈക്കൊണ്ടതിന്റെ ശെഷം കപ്പൽ വരുവാൻ കുറെ താമസം ഉണ്ടെന്ന കെഠക്കകൊണ്ടു അന്നും പിറെറ ദിവസവും അവിടെ പാർത്തു. അതിന്റെ പിറെറ നാഠ കാലത്തു കരവഴിക്ക നടപ്പാൻ പരാധീനമാകകൊണ്ടു അവിടെനിന്ന ചിന്നപട്ടണത്തിന്ന പൊകുന്നവഴിക്ക ഇൻഗ്ലെശന്മാരുടെ പാളയം ആയിരിക്കകൊണ്ടു കാൽനടക്ക ബഹുമാനം കൂടാതെ പൊയാൽ അവരു വാച്ചതും കാട്ടുമെന്ന വിചാരിക്കകൊണ്ടും അവിടത്തെ പാതിരിയുമായിട്ടു പറഞ്ഞ രണ്ടു പല്ലക്കവും അതിനെ എടുപ്പാൻ ൧൬ (16) ആളുകളെയുംകൂടി ഒരു പല്ലക്കത്തിൽ മല്പാനും ചാക്കൊയും മറെറ പല്ലക്കത്തിൽ ഞാനും മാത്തുവും ഇങ്ങനെ കരെറി അവിടെനിന്ന പൊയാറെ നെരം സന്തികസമയം കഴിഞ്ഞപ്പൊഠ കൂടല്ലൂർ എത്തുകയും ചെയ്തു.

എന്നാൽ കൂടല്ലൂർ ചെന്നപ്പൊഠ അവിടെയിരിക്കുന്ന ഗൊവക്കാരൻ പാതിരി മുമ്പിൽ കണ്ടറിവും സ്നെഹവും ഉള്ള ആളിനെപൊലെ എത്രയും വലിയ പ്രസാദത്തൊടുകൂടെ ഞങ്ങളെ കൈക്കൊണ്ടു ഞങ്ങഠക്ക ഭക്ഷണത്തിന്ന വെണ്ടുന്നതൊക്കയും വിദയം വരുത്തുകയും ചെയ്തു. വിശെഷിച്ചും ഇൻഗ്ലെശന്മാരുടെ പാളയത്തിൽകൂടെ അത്രെ പിറെറദിവസം ഞങ്ങളുടെ വഴി ആകുന്നതിനെക്കൊണ്ടു അവരു എന്തു ചെയ്യുമെന്ന കുറെ ഭയം ഞങ്ങഠക്കുള്ള പ്രകാരം ആ പാതിരിയൊടു കാട്ടിയാറെ ഇൻഗ്ലെശന്മാരു വഴിയാത്രക്കാററായ പട്ടക്കാററൊടു ഏതും കാട്ടുകയില്ലെന്നും ആയതിന്മെൽ സംശയം ഉണ്ടെങ്കിൽ ഇവിടെ അടുക്കെ ഇൻഗ്ലെശന്മാരുടെ കൊട്ടയും ഗൊവർണദൊറും ഉണ്ടായിരിക്കകൊണ്ടു ഇപ്പൊഠതന്നെ അവിടെ ചെന്ന ഒരു അനുവാദകടദാശു വാങ്ങാമെന്നും പാതിരി പറകകൊണ്ടു ആയതു കൊള്ളാമെന്ന മല്പാൻ ഉത്തരിച്ചതിന്റെ ശെഷം അപ്പൊഠതന്നെ രാത്രിയാകകൊണ്ടു പാതിരി തന്റെ ചെറുക്കനെ വിളിച്ചു മെഴുകുതിരിയും കത്തിച്ചു താനും മല്പാനുംകൂടെ പുറപ്പെട്ടു ഇൻഗ്ലെശകൊട്ടയിൽ ചെന്ന ഗൊവർണദൊറുമായിട്ടു കണ്ടപ്പൊഠ അവനും തന്റെ കെട്ടിയവളുമായിട്ടു കടദാശു കളിച്ചിരിക്കയും എന്നാൽ മല്പാനെ

www.malankaralibrary.com

കണ്ട ഉടൻ തനിക്കും തന്റെകൂടെയുള്ള പാതിരിക്കും ഇരിപ്പാൻ കസെറയും അവരുടെ മര്യാദിപൊലെ ഒരു ഗ്ലാസ വീഞ്ഞും കൊടുത്തതിന്റെശെഷം വന്ന കാര്യം എന്തെന്നു ചൊദിച്ചാറെ ഞങ്ങൾക്കു ഭയംകൂടാതെ വഴി കടന്നു പൊകുവാനുള്ളതിന്നു ഒരു അനുവാദക്കടുദാശു വെണ്ടിട്ടത്രെ വന്നതെന്നു പ്രാസപെച്ചിൽ പറഞ്ഞതിന്റെശെഷം പടയാളികൾ വഴിയാത്രക്കാറരു പട്ടക്കാറരൊടു ഏതും കാട്ടുകയില്ലെന്നു പറഞ്ഞു കളി മുഴപ്പിപ്പാൻ തുടങ്ങിയാറെ പട്ടക്കാരനെ താമസിപ്പിച്ചുകൂടാ എന്നും ഉടൻതന്നെ അയച്ചെ മതിയാവു എന്നും കെട്ടിയവൾ പറകകൊണ്ടു കളിക്കു നിവൃത്തി വരുത്തുന്നതിന്നു മുമ്പിൽ അനുവാദകടുദാശും കൊടുത്തതിന്റെ ശെഷം തന്റെ കപ്പൽ കൊണ്ടുചെന്നു വരത്തരെ കാട്ടുന്നെന്നും ആയത്തു ഞായമുള്ളതല്ലെന്നും ഗൊവക്കാരൻ പാതിരിയൊടു ഗൊവർണദൊരു കലഹിച്ചതിന്റെ ശെഷം മല്പാൻ പറഞ്ഞ പതം വരുത്തുകയും ചെയ്തു.

ഗൊവർണദൊരുമായിട്ടു പ്രാസപെച്ചിൽ സംസാരിച്ചു താൻ ചെന്ന കാര്യം ബൊധിപ്പിച്ചാറെ പടയാളികൾ പട്ടക്കാറരൊടു ഒരു സങ്കടം ചെയ്കയില്ലെന്നും പറഞ്ഞതുമല്ലാതെ സംശയം കൂടാതെ പാളയം കടന്നു പൊകുവാനുള്ളതിന്നു തന്റെ അനുവാദകടുദാശു തരികയും ചെയ്തു.

ഇങ്ങനെ ഞങ്ങൾ പിറെറ ദിവസം കൂടല്ലൂർനിന്നു പുറപ്പെട്ടതിന്റെ ശെഷം ഉച്ചതിരിഞ്ഞ മൂന്നുമണി ആയപ്പൊൾ പുതുച്ചെരിൽ വളഞ്ഞിരിക്കുന്ന ഇൻഗ്ലെശന്മാരുടെ പാളയത്തിൽ ചെന്നു ആയതിന്റെ നടുവെകൂടെ നടക്കുന്നപ്പൊൾ ലക്ഷം പുരുഷാരത്തിൽപുറം ഒരുമിച്ചുകൂടി പുതുച്ചെരി കൊട്ടക്കു ചുററുമുള്ള വെളിമ്പറമ്പുകൾ ഒക്കെയും നിറച്ചു അവിടവിടെ കുടിലുകളും ഒരു ഭാഗത്തു കുതിരകളും മററൊരു ഭാഗത്തു കാളകളും ചാടുകളും കച്ചവടക്കാരുടെ പന്തെലുകളും യജമാനന്മാരുടെ ഭവനങ്ങളും മററും പടസന്നാഹങ്ങളും നിറഞ്ഞിരിക്കുന്ന പെരിയൊരു പാളയവും പുതുച്ചെരികൊട്ടക്കടുത്തു ആയതിന്റെ ചുമരു തകർക്കതക്കവണ്ണം വലിയ തൊക്കൊഴിക്കുന്നതും ഇങ്ങനെ മുൻപിൽ കണ്ടിട്ടില്ലാത്ത കാഴ്ച കാൺകകൊണ്ടു പാരം അപൂർവ്വം തൊന്നുകയും ചെയ്തു.

വിശെഷിച്ചും ഞങ്ങൾ പാളയത്തിന്റെ നടുവെ പല്ലക്കത്തിന്മെൽ കടക്കുന്നപ്പൊൾ മാർഗ്ഗമുള്ള ഒരു വാലിഭക്കാരൻ വന്നു അച്ചന്മാരു എവിടെനിന്നു വരുന്നെന്നും എവിടക്കു പൊകുന്നെന്നും ചൊദിച്ചതല്ലാതെ മററാരും ഏതും ചൊദിച്ചതുമില്ലാ. ഇൻഗ്ലെശഗൊവർണ്ണദൊരിനൊടു കൂടല്ലൂർനിന്നു മെടിച്ച അനുവാദകടുദാശു കാട്ടെണ്ടിവന്നതുമില്ലാ. ഇങ്ങനെ പാളയവും കടന്നു നെരം വൈകിയപ്പൊൾ പീരങ്കപട്ടണത്തു വന്നാറെ അവിടത്തെ വികാരിയാകുന്ന ഗൊവക്കാരൻ പാതിരിയും മഹാ സ്നെഹത്തൊടും കൂടെ



ഞങ്ങളെ തന്റെ ഭവനത്തു കൈക്കൊണ്ടു മാത്തൻകത്തനാരു അവിടെ ചെന്ന പ്രകാരവും അവിടെനിന്നു പൊകുന്ന വഴിക്കു ഇൻഗ്ലെശന്മാരു തന്നെ പിടിച്ചു കാവലിൽ ആക്കി എന്നു കെട്ടാറെ താൻ ആളയച്ചുവെന്നും ആൾ അവിടെക്കു ചെന്നെത്തിയപ്പൊളത്തെക്കു അവിടെനിന്നു വിട്ട പ്രകാരവും ഞങ്ങളൊടു പറകയും ചെയ്തതിന്റെ ശെഷം അവിടെയുള്ള ഒലന്തെന്മാരുടെ കൊട്ടയിലുള്ള ഗൊവർണദൊരും പാതിരിയുമായിട്ടു പാരം സ്നെഹമാകകൊണ്ടും തന്നെ അന്നു രാത്രിയിൽ അവിടെക്കു ഭക്ഷണത്തിന്നു വിളിച്ചിരിക്കകൊണ്ടും തങ്ങളെ തന്റെ ഭവനത്താക്കി ഞങ്ങൾക്കു ഭക്ഷണത്തിന്നു വെണ്ടുന്നതൊക്കയും വിദയം വരുത്തിയും വച്ചു പാതിരി ഗൊവർണദൊരിന്റെ വീട്ടിന്നു പൊകയും ചെയ്തു.

ഇതിന്റെ ശെഷം സ്വല്പം നെരം കഴിഞ്ഞപ്പൊൾ പാതിരി വന്നു മല്പാനുമായിട്ടു വളരെ നെരം സംസാരിച്ചതിനാൽ മല്പാൻ അന്നു രാത്രിയിൽ കുറെ മാത്രമെ ഉറങ്ങിയുള്ളതാനും.

എന്നാൽ പിറെറദിവസം അവിടെനിന്നു പുറപ്പെട്ടാറെ കൊവളത്തിൽ ചെന്നു അവിടെ പാക്കുന്ന കമ്മലീത്താ യൊഹന്നാൻ പാതിരിയെ കണ്ടു ഞങ്ങൾ വന്നിട്ടുള്ളപ്രകാരം അയാൾ അറിഞ്ഞാൽ ഇൻഗ്ലെശന്മാരും താനുമായിട്ടു പാരം സ്നെഹമായിരിക്കുന്നതിനെക്കൊണ്ടു ഞങ്ങളുടെ കാര്യത്തിന്നു ഏതാനും മുടക്കം വരുത്തുമെന്നു ഭാവിക്കകൊണ്ടു കൊവളത്തിൽ കെറാതെ അവിടെനിന്നു മാറി വെറെ നല്ല ഒരു വഴിഅമ്പലത്തിൽ വന്നു അന്നത്തെ ദിവസം രാ പൊറുക്കയും ചെയ്തു.

ഇങ്ങനെ അന്നു കഴിഞ്ഞു. പിറെറ ദിവസം രാവിലെ തിരിച്ചു മൈലാപ്പൂക്കു അരക്കാതം വഴി അടുക്കെ ചെല്ലുന്നപ്പൊൾ ഇതല്ലൊ ഞങ്ങൾ യൊഹന്നാൻപാതിരിയെ ഭയപ്പെട്ടു ചെയ്ത ഒഴിവുകളൊക്കയും നിഷ്ഫലമായി. മെൽ പറഞ്ഞ യൊഹന്നാൻ പാതിരി മൈലാപ്പൂരിൽനിന്നും കൊവളത്തിന്നു വരുന്നതിനാം പക്കം ഞങ്ങളൊടു വഴിക്കു എതിർക്കയും ചെയ്തു.

അപ്പൊഴെ ഇങ്ങനെ പാതിരി വന്നു ഞങ്ങളൊടു എതിർത്തതിന്റെ ശെഷം തന്റെ പല്ലക്കു വഴിയിൽ നിറുത്തി. ഉടൻ ഞങ്ങളും പല്ലക്കത്തിൽ നിന്നു ഇറങ്ങി അയാളുടെ പക്കൽ ചെന്നപ്പൊൾ മലയാളത്തിൽനിന്നു പുറപ്പെട്ടതു വെണ്ടിയില്ലാഞ്ഞെന്നും വന്നതു അബദ്ധമായിപൊയെന്നും മല്പാനൊടു പാതിരി പറഞ്ഞതിന്നു മലയാളത്തിൽ പാതിരിമാരും മെത്രാനുമായിട്ടു വലിയ പിണക്കവും ആയതുകൊണ്ടു ഏററിയ കുഴപ്പങ്ങളും ആകകൊണ്ടു താനും കുറെ ഒന്നു ലാത്തുവാൻ മനസായി മലയാളത്തിൽനിന്നു പുറപ്പെട്ടുവെന്നു മല്പാൻ പറഞ്ഞതിന്റെ ശെഷം

www.malankaralibrary.com

പാതിരിയും തൻെറ വഴിക്ക തിരിച്ച കൊവളത്തിന്ന പൊകയും ചെയ്തു.

എന്നാൽ പാതിരിയെ കാൺകയും തൻെറ വാക്ക കെൾക്കയും ചെയ്തു ഉടൻ മെൽപറഞ്ഞ കട്ടത്തരുത്തിക്കാററു കള്ളജ്യെഷ്ഠന്നജന്മാരു വരാപ്പുഴെനിന്ന മെത്രാൻെറയും പാതിരിമാരുടെയും ഞങ്ങളൊട മറ്റുള്ള കുറി കൊവളത്തിൽ കൊണ്ടചെന്ന മെൽപറഞ്ഞ പാതിരിക്ക കൊടുത്തതിനാൽ ഞങ്ങൾ മലയാളത്തിൽനിന്ന പുറപ്പെട്ടപ്രകാരം പാതിരി ബൊധിക്കകൊണ്ട മൈലാപ്പൂക്ക ചെന്ന അവിടത്തെ മെത്രാനൊട ഞങ്ങളെക്കൊണ്ട വെണ്ടാവചനങ്ങൾ പറഞ്ഞു ബൊധിപ്പിച്ച അവിടെനിന്ന വരികയത്രെ ആകുന്നവെന്ന സംശയിച്ചെങ്കിലും രായുടെ പെടിയിൽനിന്നും ഇരുട്ടിൽ നടക്കുന്ന വചനത്തിൽനിന്നും ഉച്ചയിൽ ഊതുന്ന കാററിൽനിന്നും ഭയപ്പെടെണ്ടാ എന്ന മസ്മൊറായിൽ ചൊല്ലിയിരിക്കുന്നപൊലെ പട്ടാങ്ങയുടെയും നെറിവിൻെറയും ശത്രുക്കളാകുന്ന ആളുകൾ പാത്തും പതുങ്ങിയും നടന്ന പൊറുപൊറുക്കുന്ന വസ്തുക്കളിന്മെൽ ഒരു ഭയം വെണ്ടാ എന്നുള്ളൊരു അടയാളമായിട്ടത്രെ ഇതു തമ്പുരാൻ കാട്ടി എന്നും തൻെറ തിരുനാമം ചൊല്ലി നടക്കുന്ന ആളുകളുടെ തണുപ്പിന്നും രക്ഷക്കും മാർ ആഗുസ്തീനൊസ് പറയുന്നപൊലെ തിന്മയിൽനിന്ന തന്നെയും നന്മ വരുത്തുവാൻ തൻെറ സർവ്വവല്ലഭത്തിന്ന വശമുണ്ടെന്നും നിശ്ചയിച്ച ആ കണ്ടതുകൊണ്ട ഏറ്റം കൂട്ടാക്കാതെ മൈലാപ്പൂർക്ക ചെന്ന മെത്രാനുമായിട്ട കണ്ട പറഞ്ഞപ്പൊൾ പാതിരിമെൽ ഞങ്ങൾക്കുണ്ടായ സംശയത്തിന്ന വെസ്ഥ വരികയും ചെയ്തു.

അതെന്തെന്നാൽ മല്പാൻ മുൻപിൽ റൊമായിൽ നിന്ന മലയാളത്തിൽ വരുവാനായിട്ട പുതുച്ചെരിൽ വന്നതിൻെറ ശെഷം നമ്മുടെ ശ്ലീഹാ മാർ തൊമ്മായുടെ കൌറുങ്കൽ കുമ്പിടുവാനായിട്ട മൈലാപ്പൂർക്ക ചെന്നപ്പൊൾ ഈ മെത്രാനെ കണ്ടാറെ മെത്രാൻ പാരം തന്നെ ബഹുമാനിച്ച മഹാ സ്നെഹവും കാട്ടി മൂന്ന ദിവസംതന്നെ അവിടെ പാർപ്പിച്ച മലയാളത്തിന്ന പൊകുന്നെന്ന കെട്ടാറെ മലയാളം പാവപ്പെട്ട ദിക്ക ആകുന്നതിനെക്കൊണ്ട അവിടെക്ക പൊകണ്ടാ എന്നും ഗൊവാക്ക പൊകവേണ്ട എന്നും ആയതിന്ന താൻ ഗൊവായുടെ മെത്രാപ്പൊലീത്തായിക്ക കുറി തരാമെന്നും ഇങ്ങനെയുള്ള വാക്കുകളും പറഞ്ഞാറെ മല്പാൻ സമ്മതിക്കായ്കകൊണ്ട മനസല്ലാമനസൊടകൂടെ അപ്പൊൾ മലയാളത്തിന്ന തന്നെ അയക്കയും ചെയ്തു. ഇപ്പൊഴും മുൻപിൽ മാത്തൻകത്തനാക്കവേണ്ടി മല്പാൻ എഴുതിക്കൊടുത്തയച്ച കുറി കണ്ടാറെ ആ കുറി ഹെതുവാൽ വെറൊരു ബൊധിപ്പും കൂടാതെ അയാളൊട പാരം ബഹുമാനിച്ച ത





ൻെറ ഇടവക ഒക്കയിൽ കുർവാന ചൊല്ലുവാനുള്ള അനുവാദവും കൊടുത്ത നല്ലവണ്ണം അയക്കയും ഇങ്ങനെ ഒക്കയും ഇരുന്ന എത്രയും പതവും ചിതവും ഉള്ള മെത്രാൻ ഞങ്ങളെ കണ്ടാറെ മഹാ കർഷത്തൊടുകൂടെ മല്പാനെ നൊക്കി മലയാളത്തിലുള്ള പള്ളി ഒക്കയും കലക്കുന്നവൻ ഇതാ വരുന്നു എന്നും എന്തിന്നിവിടെ വന്നു എന്നും നിങ്ങൾ കർമ്മലീത്താകാററെ കള്ളവാനായിട്ടത്രെ നടക്കുന്നുവെന്ന ഞാൻ അറിഞ്ഞിരിക്കുന്നുവെന്നും തന്നൊട പറഞ്ഞതിൻെറ ശെഷം തന്നെ കൈമുത്തിച്ചതുമില്ലാ. എന്നാലും അവിടത്തന്നെ ഞങ്ങൾക്ക പൊറുപ്പാൻ സ്ഥലവും ഭക്ഷണവും തരുവാൻ കല്പിക്കയും ചെയ്തു. അപ്പൊഴെ ഈ മെത്രാൻെറ കാലത്തിൽ മൈലാപ്പൂർമെത്രാൻെറ ഇടവകയിലുള്ള കൊവളമെന്ന ദെശത്തുള്ള വിശ്വാസകാററു നല്ല ഇരിപ്പൊടും ചൊല്ലുവിളിയൊടും കൂടെ തങ്ങളുടെ ഇടവകയുടെ യജമാനനാകുന്ന മെത്രാന്ന കീഴവഴങ്ങുന്ന നാളുകളിൽ ഇപ്പൊൾ അവിടെ വസിക്കുന്ന യൊഹന്നാൻപാതിരിക്ക മുൻപിലുള്ള ആഞ്ചെലൊസ എന്ന പെരുള്ള കർമ്മലീത്താക്കാരൻ ആ നല്ല ഇടം കണ്ട ആ ഇടവകയുടെ യജമാനനാകുന്ന മെത്രാൻെറ അനുവാദം കൂട്ടാക്കാതെയും മെത്രാനറിയാതെയും അവിടെ ഒരു വീടും പണിതു ആ വീട്ടിൽതന്നെ കുർവാനയും ചൊല്ലി പാർത്ത വരുന്നപ്രകാരം കെട്ടാറെ തൻെറ അനുവാദം കൂടാതെ അവിടെ വസിച്ച കുർവാന ചൊല്ലിക്കൂടാ എന്ന മെത്രാൻ വിരവധിച്ചാറെ സമ്മതിക്കായ്കകൊണ്ട മെത്രാൻ അയാൾക്ക മഹറൊൻ ചൊല്ലുകയും പാതിരിയും മെത്രാൻ ചൊല്ലിയ മഹറൊന്മെൽ ഏറ്റം കൂട്ടാക്കാതെ കണ്ട ഇടത്തൂട്ടകാരനാകുന്ന ആ ഇടം ഭരിക്കുന്ന ഇൻഗ്ലെശക്കാരൻെറ ശക്തിയാൽ അവിടെ പാർത്ത മുൻപിലത്തെപൊലെ കുർവാനയും ചൊല്ലി വന്നതുമെന്യെ അവിടെയുള്ള വിശ്വാസകാററിൽ പലരെയും മെത്രാൻെറ ചൊല്ലുവിളിയിൽനിന്ന നീക്കിയതും മററും പല ഉതപ്പുകളും കാട്ടി എന്നെന്നെക്കും ഈ ചിന്നിപ്പും പവുതിയും ആ ഇടത്തിൽ നിറുത്തുവാനായിട്ട അവിടെ തനിക്കുള്ള വീട സ്ഥാപിച്ചതും ശെഷമുള്ള കർമ്മലീത്താകാററും അഞ്ചെലൊസ പാതിരി കാട്ടിയതു നന്നായിപ്പൊയി എന്നും വച്ച അവിടെക്ക അനന്തരവരായി പുക്ക അന്നു തുടങ്ങി ഇന്നെവരെക്കും മെത്രാന്ന ഒരു വഴക്കം കാട്ടാതെ അവർ അവിടെ പാർത്ത വരുന്ന പ്രകാരം ഓർത്തുകണ്ടാൽ തമ്പുരാൻെറ പള്ളിയുടെ നിരപ്പിന്നും ഇടവകയുടെ തലവന്മാരാകുന്ന മെത്രാന്മാരുടെ ചൊല്ലുവിളിക്കും ജനങ്ങളെ പഠിപ്പിച്ച നടത്തെണ്ടുന്ന ആളുകൾ ദർശനക്കാററു കടക്കാററായിരിക്കുമ്പൊൾ തങ്ങളുടെ അന്തസ്സും കടവും വിചാരിക്കാതെ മെല്പട്ടക്കാററുടെയും ജനങ്ങളുടെയും ഇടയിൽ കലഹങ്ങളും ഭിന്നതകളും ഉണ്ടാക്കി ആത്മങ്ങളെ കെടുക്കുന്ന വെലക്കാർ തങ്ങൾ ദർശനക്കാററാകുന്നു എന്നു പറഞ്ഞുകൊണ്ട നടക്കുന്ന

www.malankaralibrary.com

കൎമ്മലീത്തക്കാർ അത്രെ എന്നു വെണ്ടുംവണ്ണം ബൊധിക്കയുമാം. അപ്പൊഴൊ മുൻപിൽ മഹാ സ്നെഹമായി നല്ലവനെന്നു ബൊധിച്ചിരിക്കുന്ന ആളിന്റെ നെരെ ഇത്ര കർഷം വന്നതു സൂക്ഷിച്ചാൽ കർമ്മലീത്താക്കാറരുടെ തിന്മ എത്ര പൊരുമെന്നു എല്ലാവർക്കും അറികയുമാം. എന്നുവരുമ്പൊൾ മാനുഷരെ തന്റെ കണിയിൽ അകപ്പെടുത്തി പിടിപ്പാനായിട്ടു ഭൂമി ഒക്കെയിലും ചെയിത്താൻ തന്റെ വല വിരിച്ചിരിക്കുന്നതു മാർ അന്തൊനീസു എന്ന പുണ്യവാളൻ കാഴ്ചയിൽ കണ്ടിട്ടു ഭയപ്പെട്ടപൊലെ കർമ്മലീത്താകാറരു പാതിരിമാരുടെ ഇത്ര വലിയ വല്ലഭവും വശവും തിന്മയും തൊമ്മൻ കത്തനാരു കണ്ടിട്ടു കുറെ ചഞ്ചലവും ഭയവും ഉണ്ടായെങ്കിലും ഇതൊക്കയിൽനിന്നും വീണ്ടു രക്ഷിക്കുമെന്നു സർവ്വത്തും വശമാകുന്ന ഉടയതമ്പുരാന്മെൽ ഉറപ്പായി ശരണപ്പെടുകയും ചെയ്തു.

എന്നാൽ ഇങ്ങനെ മെത്രാൻ ഞങ്ങളൊടു വിപരീതമായിരുന്നുവെങ്കിലും മെത്രാന്റെ ചിററാഴ്മക്കാരൻ അന്തൊണി ദെസൊയിസാ എന്ന പെരുള്ള ഗൊവക്കാരൻ പാതിരി ഞങ്ങളൊടു സ്നെഹവും വെണ്ടികയും ആയിരുന്നതിനാം പക്ഷം മാർ തൊമ്മാമെത്രാൻ കയ്യെൾപ്പിട്ട വിശ്വാസ സത്യവും അയാളെ കാട്ടി ഇതിനായിട്ടത്രെ ഞങ്ങൾ പ്രത്തുക്കാലിന്നും റൊമായിക്കു പൊകുന്നെന്നും ആയതിന്നു ഞങ്ങളുടെ ശത്രുക്കൾ എന്തെല്ലാം ഞങ്ങളെക്കൊണ്ടു മെത്രാനൊടു കെൾപ്പിച്ചിരിക്കുന്നു എന്നു ഞങ്ങൾ അറിഞ്ഞില്ലാ എന്നും അയാളൊടു പറകയും ചെയ്തു.

## ഇരുപത്തിമൂന്നാംപദം

മൈലാപ്പൂർ വന്നു മെത്രാനെ കണ്ടതിന്റെശെഷം പെരിയമലക്കും ചിന്നമലക്കും പൊയതിന്റെയും ശെഷം ഉണ്ടായ അവസ്ഥമെല്ലം

ഇതിന്റെ ശെഷം രണ്ടു ദിവസം അവിടെ പാൎത്തതിന്റെ ശെഷം അവിടെയുള്ള നമ്മുടെ ശ്ലീഹാ മാർതൊമ്മായുടെ ശുദ്ധമാനസ്ഥലങ്ങളെ കാൺമാനായിട്ടു അവിടെനിന്നു പുറപ്പെട്ടു ചിന്നമലയിൽ ചെന്നു കറവ്യരുടെ ഭയത്തെക്കുറിച്ചു ശ്ലീഹാ അവിടെ ഒളിച്ചു പാൎത്തുംകൊണ്ടു കുർവാന ചൊല്ലിയിരുന്ന കല്ലിടാവും ആയതിന്റെ മീതെ പണിചെയ്തിരിക്കുന്ന ചെറിയ പള്ളിയും കാൺകയും ചെയ്തു.

എന്നാൽ കല്ലിടാവിടെപ്രകാരം ആകുന്നതു ഏകദെശ കൺമതിക്കു ആറു കൊൽ വീതി എട്ടു കൊൽ നീളം ഉണ്ടായിരിക്കയും ആയതിന്റെ അകത്തു കുർവാന ചൊല്ലുവാനായിട്ടു ഒരു ത്രൊ



ണൊസു പണിതിരിക്കുന്നതും ഇങ്ങനെ കല്ലിടാവിന്റെ മീതെ വീതിയും നീളവും കല്ലിടാവൊടു സമമുള്ള ഒരു പാറകൊണ്ടു മൂടി ഇരിക്കുന്നതും ആയതിന്റെ മീതെ ശുദ്ധമാന ആ ഇടത്തിന്റെ ബഹുമാനത്തിന്നും വന്ദനസ്സുമായിട്ടു ഒരു ചെറിയ പള്ളി പണിചെയ്തു ആയതിൽ കുർവാന ചൊല്ലുവാനായിട്ടു ഒരു ത്രൊണൊസും തീൎത്തിരിക്കുന്നതും ഇതുമെന്യെ ആ പള്ളിയുടെ അടുക്കൽ തന്നെ മാർ തൊമ്മാശ്ലീഹായിക്കു ദാഹമുണ്ടായപ്പൊൾ തന്റെ വടിയുടെ അററം പാറമെൽ നാട്ടിയാറെ അശക്യമായി ഉണ്ടായ ഒലി ഉറവും കണ്ടു. ആ ശുദ്ധമാന ഇടങ്ങളൊക്കയും വന്ദിച്ചതിന്റെ ശെഷം ആ ഒലിയിൽ നിന്നു കുറെ വെള്ളം എടുത്തു കുടിപ്പാൻ ശ്രമിച്ചാറെ വെനൽകാലമാകകൊണ്ടു കുറെ മാത്രം വെള്ളം അവിടെ ഉണ്ടായിരിക്കയും ആയതു പാറയുടെ എത്രയും ഉള്ളിൽ ആയിരിക്കുന്നതിനാൽ കൊരി എടുപ്പാൻ മഹാ പരാധീനം ആയിരിക്കയും ചെയ്കകൊണ്ടു ഞങ്ങളുടെ അപെക്ഷ സാധിച്ചതുമില്ലാ.

ഇതിന്റെ ശെഷം ആ പള്ളിക്കൽ നിന്നു കുറഞ്ഞൊന്നു അകന്നു അവിടത്തന്നെ ഒരു പാറമെൽ പതിഞ്ഞിരിക്കുന്ന മാർ തൊമ്മാശ്ലീഹായുടെ പാദം കാൺമാനായി ആ ഇടത്തിന്നു ചെന്നു ആ പാറമെൽ പണി ചെയ്തിരിക്കുന്ന ചെറുതായിട്ടു ഒരു കുരിശും ആയതിന്റെ ചെരെ പാറമെൽ പതിഞ്ഞിരിക്കുന്ന സ്തുതിക്കപ്പെട്ട ശ്ലീഹായുടെ പാദവും കണ്ടു അതിനെ ആചരിച്ചു മുത്തുകയും ചെയ്തു.

എന്നാൽ ഈ കാൽപാദം പല നാളും ഏറിയ ജനങ്ങൾ ആയതിനെ വന്ദിച്ചു മുത്തുകകൊണ്ടു വളരെ വളരെ ആയതിന്റെ രൂപത്തിന്നു തെച്ചിൽ വന്നു എങ്കിലും സൂക്ഷിച്ചുനൊക്കി കണ്ടാൽ പാദത്തിന്റെ രൂപം തിരിച്ചറിയാമെങ്കിലും സാമാന്യം മാനുഷരുടെ പാദത്തിനുള്ളതിനെക്കാൾ പാരം മുഴപ്പു കാണുന്നതിനാൽ വാച്ചവൎക്കു അതിന്മെൽ സംശയിപ്പാൻ ഇടം ഉണ്ടു താനും.

ഇങ്ങനെ ആയതൊക്കയും കണ്ടതിന്റെ ശെഷം ഞങ്ങൾ അവിടെനിന്നു പുറപ്പെട്ടു പെരിയമലയെന്നു ചൊല്ലുന്ന ആദമ്പാമലയിൽ [1] ചെന്നു അവിടെ വസിക്കുന്ന ആഗുസ്തിനൊസ്സാരൻ പാതിരിയുമായിട്ടു കണ്ടാറെ മല്ലാന്റെ അവസ്ഥയും അറികയും തനിക്കു റൊമായിൽ നിന്നുള്ള ഗുരുസ്ഥാനം എഴുത്തുപെട്ട പുസ്തകവും വായിച്ചു കാൺകയും ചെയ്തതിന്റെ ശെഷം തന്നെയും തന്നൊടുക്കൂടെയുള്ള ഞങ്ങളെല്ലാവരെയും പാരം ബഹുമാനിച്ചു അന്നത്തെ ദിവസം അവിടെ പാൎപ്പിക്കയും ചെയ്തു. വിശെഷിച്ചും

1. മാർതോമ്മാശ്ലീഹായുടെ മരണവുമായി പെരിയമലയും ചിന്നമലയും ബന്ധപ്പെട്ടിരിക്കുന്നു. മലയാളത്തിലെ പ്രാക്തനലിഖിതങ്ങളിൽ പെരീയമല ആദമ്പാമല എന്ന് വിളിക്കപ്പെടുന്നു.

www.malankaralibrary.com

ഞങ്ങൾ അവിടെ ചെല്ലുന്നപ്പോൾ ബൊംബായിൽ മാർഗ്ഗമറിയിപ്പാനായിട്ടു റൊമായിൽനിന്നു യാത്രയാക്കപ്പെട്ട ഒരു ചെരിപ്പില്ലാത്ത കർമ്മലീത്താക്കാരൻ പാതിരിയെ അവിടെ കാൺകയും ചെയ്തുതാനും.

ഇതിന്റെ ശെഷം അന്നത്തെ ദിവസം അവിടെ പാർത്തു പിറ്റെ ദിവസം കുർവാനയും ചൊല്ലി മാർ തൊമ്മാ ശ്ലീഹാ തന്നൊടുകൂടെ കൊണ്ടുവന്നെന്നു പറയുന്ന മത്തമറിയം ഉമ്മാടെ എഴുത്തുരൂപവും മാർതൊമ്മാ ശ്ലീഹാ പണുത്തുണ്ടാക്കി അവിടെവച്ചു താൻ ആചരിച്ചിരുന്നതിന്റെ ശെഷംതന്നെ ബ്രാമണർ[2] കുന്തംകൊണ്ടു കുത്തിയ കുത്തു കൊണ്ടാറെ അവിടെക്കു ചെന്നു ആയതിന്മെൽ കെട്ടിപിടിച്ചുംകൊണ്ടു താൻ കാലം ചെയ്തതിന്റെ ശെഷം ഇതിന്റെ പട്ടാങ്ങയുടെ സാക്ഷിക്കു ൧൫൬൫-ാം (1565) കാലം ധനുമാസം ൧൮-ാംനു (18) അശക്യമായിട്ടു ചൊര വിയർത്തതിനാൽ ഈ പെരുനാൾ ദിവസം നമ്മുടെ മലങ്കരെയുള്ള പള്ളികളിൽ ഘൊഷിച്ചു വരികയും ചെയ്യുന്ന സ്ലീവാപാഴയിൽ പാറമെൽ പണിതിരിക്കുന്ന ശുദ്ധമാന കുരിശും[3] ആയതിനു ചുററും പണ്ടു പഴമയിൽ ഉള്ള എഴുത്തുകൊണ്ടു എഴുത്തുപെട്ടിരിക്കുന്നതും കണ്ടു ആയതൊക്കെയും വന്ദിച്ചതിന്റെ ശെഷം ഉച്ചതിരിഞ്ഞ നെരത്തു അവിടെനിന്നും ഞങ്ങളും മെൽ പറഞ്ഞ കർമ്മലീത്താപാതിരിയും കൂടെ പുറപ്പെട്ടു നെരം വൈകിയപ്പൊൾ മൈലാപ്പൂർ വന്നു പള്ളിമുററത്തു ലാത്തിനില്ക്കുന്ന മെത്രാനെ കണ്ടാറെ മെത്രാൻ ഞങ്ങളൊടു നല്ല അടയാളത്തിൽ ഒന്നും കാട്ടാ

---

2. 1902-ലെ മാന്നാനം കയ്യെഴുത്തു പ്രതിയിൽ ബ്രാഹ്മണരുടെ കുത്ത് ഏററ തീയതിക്കും ശ്ലീഹാ മരിച്ച തീയതിക്കും സ്ഥലം വിട്ടിരിക്കുന്നു. ഉപേക്ഷിക്കപ്പെട്ട തീയതികൾ 'ഡിസംബർ 21', 'ഡിസംബർ 18' എന്നിവയാണെന്നു സന്ദേഹിക്കുന്നു. 1565ൽ കുരിശ് രക്തം വിയർത്ത തീയതിയും ലത്തീൻ കലണ്ടർ അനുസരിച്ച് മാർതോമ്മാ ശ്ലീഹായുടെ രക്തസാക്ഷിത്വദിനമായ ഡിസംബർ 21 ഉം തമ്മിൽ പൊരുത്തപ്പെടുത്താനുള്ള ശ്രമം ഇവിടെ കാണാം. കൽദായ, സുറിയാനി പാരമ്പര്യങ്ങളെല്ലാം ജൂലൈ 3 ആണ് ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ ദിനമായി (ദുക്റാന) ആചരിക്കുന്നത്.
3. പുഷ്പിതാഗ്രമോടു കൂടിയ കുരിശ് പേർഷ്യൻ, മാർതോമ്മാക്കുരിശ് എന്നിങ്ങനെ അറിയപ്പെടുന്നു. ഇതിനു ചുററും പാലവി ഭാഷയിലെ ലിഖിതമുള്ളതിനാലാണ് പേർഷ്യൻ കുരിശെന്നറിയപ്പെടുന്നത്. ഈ കുരിശുകണ്ടെത്തലിന്റെ സ്മരണ ഡിസം. 18 ന് ആചരിക്കുന്നു. ഇങ്ങനെ ഒരു തിരുനാൾ 1565 നു ശേഷമാണ് ആരംഭിച്ചത്. 1599ൽ ഇത് നിലനിന്നിരുന്നുവെന്ന് ഉദയമ്പേരൂർ സൂനഹദോസ് സാക്ഷിക്കുന്നു. ഈ കുരിശിന്റെ മാതൃകയിലുള്ള കുരിശുകൾ ആലങ്ങാട്ട്, കടമററം, കോട്ടയം, മുട്ടുചിറ എന്നിവിടങ്ങളിൽ കാണാം. കുരിശിനു ചുററും പാലവി ലിപിയിലുള്ള ലിഖിതം തൃപ്തികരമായി വായിക്കാൻ ഇന്നും കഴിഞ്ഞിട്ടില്ല. മാർതോമ്മാക്കുരിശ് മാർതോമ്മാ ക്രിസ്ത്യാനികളുടെ പ്രതീകമായിത്തീർന്നിട്ടുണ്ട്.



തെ ആ കർമ്മലീത്താക്കാരൻ പാതിരിയുടെ കൈക്കും പിടിച്ചു തന്റെ മുറിയിൽ കൊണ്ടുപൊയി പാരം സ്നെഹം അയാളൊടു കാട്ടുകയും ചെയ്തു.

എന്നാൽ വാച്ചവരും ഞങ്ങളെക്കൊണ്ടു വെണ്ടാദീനം മെത്രാനൊടു പറഞ്ഞെങ്കിലും ആയതിന്റെ പരമാർത്ഥം എങ്ങനെ എന്നു ഞങ്ങളൊടു ചൊദിച്ചു ഞങ്ങളുടെ മൊഴിയുംകൂടെ കെട്ടു കാര്യത്തിന്റെ നെരു എങ്ങനെ എന്നു വിചാരിക്കാതെ ഇങ്ങനെ പക്ഷപ്രതിയായിട്ടു മെത്രാൻ കാട്ടുകകൊണ്ടു പാരം മനക്ലെശമുണ്ടെങ്കിലും അന്നു സന്ധ്യാസമയം ആകകൊണ്ടും അവിടെനിന്നുവാങ്ങിയാൽ രാ പൊറുപ്പാൻ മററു ഭവനമില്ലായ്കകൊണ്ടും അന്നത്തെ ദിവസം അവിടെത്തന്നെ വസിച്ചു. പിറ്റെദിവസം യൊഹന്നാൻ ദെസൊസാ എന്ന പാതിരിയുടെ വിചാരത്താൽ വെറെ ഒരു ഭവനം വിചാരിപ്പാനായിട്ടു മെത്രാന്റെ വികാരി ജനറാളാകുന്ന ആഗുസ്തിനൊസ്സാരൻ പാതിരിയുടെ അടുക്കൽ മല്പാൻ ചെന്നു ആ ദെഹത്തൊടു ഞങ്ങൾ റൊമായിക്കു പൊകുവാനായിട്ടു പുറപ്പെട്ട അവസ്ഥയും കർമ്മലീത്താപാതിരിയുടെ ബ്ബൊധിപ്പിച്ചാൽ മെത്രാൻ ഞങ്ങളൊടു മറുത്താകുന്ന പ്രകാരവും പറഞ്ഞാറെ മെത്രാനു വയസ്സുകാലമാകകൊണ്ടു പട്ടാങ്ങയും ദൊഷ്കും വെർതിരിപ്പാൻ വഹിയാതെ തട്ടിപ്പിൽ അകപ്പെട്ടിരിക്കുന്നുവെന്നും ആയതുകൊണ്ടു നിങ്ങൾ തുടങ്ങിയ കാര്യം നിവർത്തിപ്പാനുള്ളതിന്നു ഒരു ചഞ്ചലം വെണ്ടാ എന്നാൽ ആകുംവണ്ണം നിങ്ങളെ സഹായിക്കുന്നുണ്ടെന്നും നിങ്ങൾക്കു ദിഷ്ടതിയുള്ളതൊക്കെയും പറകവെണ്ടുവെന്നും പറഞ്ഞാറെ ഒരു വീടുമാത്രമല്ലാതെ പിന്നെ ഒരു വസ്തുവും ഇപ്പൊൾ ദിഷ്ടതിയില്ലെന്നു മല്പാൻ പറഞ്ഞതിന്നു അവിടെനിന്നു കുറെ അകലെ ഒരു പഴയ പള്ളിക്കൽ പൊയി പാക്കത്തക്കവണ്ണം അവിടെ ഒരു മുറി ഒഴിച്ചുകൊണ്ടു മെത്രാന്റെ വീട്ടിൽ ഇരിക്കുന്ന ഞങ്ങളുടെ മുണ്ടുമുറി ഒക്കെയും കൊണ്ടുപൊകുവാനായിട്ടു വീണ്ടും അവിടക്കു വന്നപ്പൊൾ ഭക്ഷണത്തിന്നു നെരമാകകൊണ്ടു അവിടെതന്നെ ഭക്ഷണം കഴിക്കയും ചെയ്തു. എന്നാൽ ഈ ദിവസം മെൽ പറഞ്ഞ പാതിരി ഒഴിയെ ബൊംബായിക്കുതന്നെ പൊകുന്ന വെറെ ഒരു കർമ്മലീത്താക്കാരൻ അവിടെ വന്നിട്ടുണ്ടായിരുന്നു. എന്നാൽ ഇയാളെ മെത്രാൻ പാരം ബഹുമാനിച്ചു തന്റെ ചിററാഴ്മക്കാരുടെ ഭവനവും പാതിരിയെ കാട്ടുവാനായി മെത്രാൻതന്നെ അയാളെ കൂട്ടിക്കൊണ്ടുവന്നു ചിററാഴ്മക്കാരു വസിക്കുന്ന ഇടത്തു വന്നു അവരൊടുകൂടെ നില്ക്കുന്ന ഞങ്ങളെ മെത്രാൻ കണ്ടാറെ ഇവർ റൊമായിക്കു പൊകുവാൻ ശ്രമിക്കുന്ന ആളുകളാകുന്നുവെന്നു ഒരു ഭാഷിതംപൊലെ പാതിരിയൊടു മെത്രാൻ പറകയും പാതിരിയും ഏഴു ആണ്ടു കഴിഞ്ഞാൽ ഞാൻ കൂടെ കൊണ്ടുപൊകാമെന്നു അതിൻവണ്ണംതന്നെ ഭാഷിതമായി ഉത്തരിക്കയും ചെയ്തു.

www.malankaralibrary.com

ഇതിൻെറ ശെഷം ഏതുപ്രകാരമെന്നുണ്ടായില്ലാ രാത്രിയിൽ മെത്രാന്ന ഒരു ദീനം വന്നതിൻെറ ശെഷം പിറെറ ദിവസം ഞങ്ങളെ വിളിച്ചു കഴിവും പറഞ്ഞ ഞാൻ തട്ടിപ്പിൽ അകപ്പെട്ടുപൊയെന്നും ഇപ്പൊൾ നിങ്ങൾ പൊകുന്ന കാര്യത്തിൻെറ പട്ടാങ്ങ ഞാൻ അറിഞ്ഞു എന്നതുകൊണ്ടു എന്തെല്ലാം വെണ്ടുവന്നാൽ ആയതൊക്കെയും ആസ്ഥമായിരിക്കുന്നു എന്നും ഇനിക്കു സ്വസ്ഥതയുണ്ടെങ്കിൽ റൊമായിലൊളം തന്നെക്കൂടെ പൊരുന്നതിന്നു മടിയില്ലെന്നും പറഞ്ഞതിൻെറശെഷം ഇപ്പൊൾ മറെറാരു വസ്തു വെണ്ടാ അങ്ങെ ശ്രുദ്ധമാന വാഴ മതിയെന്നു പറഞ്ഞതിന്നു മെത്രാനെ തൻെറ കട്ടിലിൽനിന്നു എഴുന്നെല്പിച്ചിരുത്തി തൻെറ കൈ നിവത്തി റുശ്ശുമായും ചെയ്തു വാഴ തരികയും ചെയ്തു.

ഇതിൻെറ ശെഷം ഞങ്ങളുടെ മുണ്ടുമുറികളും എടുപ്പിച്ചുംകൊണ്ടു മെൽ പറഞ്ഞ പഴയ പള്ളിക്കലുള്ള മുറിയിൽ പൊയി അവിടെ വസിക്കയും ചെയ്തു.

എന്നാൽ ഈ പഴയ പള്ളിക്കൽ വാസത്തിന്നു വെണ്ടുന്ന സ്ഥലവും ഇടവും എത്രയും ചെറിയതാകകൊണ്ടു എത്രയും പാരം വിഷമത്തൊടുകൂടെ ഞങ്ങൾ അവിടെ വസിച്ചു വരികയും വിശെഷിച്ചു കുർബാന ചൊല്ലുവാൻ വെണ്ടുന്ന വസ്തുക്കളിൽ ഒന്നും അവിടെ ഇല്ലായ്കകൊണ്ടു ആ പള്ളിയുടെ അടുക്കൽതന്നെ ഉള്ള മുൻപിൽ പൌലിസ്താക്കാർക്കുള്ളതായിരുന്ന പള്ളിക്കൽ ചെന്നു കുർബാന ചൊല്ലി വരികയും ചെയ്തു.

എന്നാൽ ഞങ്ങൾ മൈലാപ്പൂർ മെത്രാൻെറ സ്ഥലത്തിൽനിന്നു പഴയ ഈ പള്ളിക്കൽ പൊരുമ്പൊൾ കപ്പൽ ചിന്നപട്ടണത്ത വന്നെന്ന കെട്ടാലുടൻ ഞങ്ങളെ അറിയിക്കണമെന്നു മെത്രാൻെറ ചിററാഴ്മക്കാരൻ യൊഹന്നാൻ ദെ സൊസാ എന്ന പാതിരിയൊടു പറഞ്ഞിട്ടുണ്ടായിരുന്നു എന്നതുകൊണ്ടു ഇങ്ങനെ നാലാറു ദിവസം കഴിഞ്ഞപ്പൊൾ കപ്പൽ വന്നു എന്നും വന്നിട്ടു നാലഞ്ചു ദിവസം കഴിഞ്ഞു എന്നും മെൽപറഞ്ഞ പാതിരി ആളയച്ചു ഞങ്ങളൊടു അറിയിക്കയും ചെയ്തു.

## ഇരുപത്തിനാലാംപദം

**കപ്പലിൻെറ അവസ്ഥമെലും ആയതിൽ ഞങ്ങളെ കൈക്കൊള്ളുവാൻ ഉണ്ടായ പ്രയത്നത്തിന്മെലും**

എന്നാൽ പ്രത്തുക്കാൽ രാജ്യത്തിൻെറ അരശരിരിക്കസ്ഥാനമാകുന്ന ലിസ്ബൊആ എന്ന പെരുപെട്ട നഗരിയിൽ നാലു കച്ചവടക്കാററുക്കൂടെ കൂറുകൂടി എസ്പെരാസ്സാ എന്നു ചൊല്ലുന്ന



ഇക്കപ്പൽ കണ്ടാറെ ആയതിൻെറ കെടുകളും കുറവുകളും ഒക്കയും പൊക്കി അവരിൽ രണ്ടുപെർ ദ്രവ്യംകൊണ്ടും മററു രണ്ടുപെർ ദെഹംകൊണ്ടും പ്രയത്നം ചെയ്കയെന്നും വച്ചു അവരിൽ ബെന്തുദെവാലെ എന്നും അന്തൊണി ദാർത്തി എന്നും ചൊല്ലുന്ന രണ്ടു പെരും മെലാളായിട്ടു ഒരു ഇൻഗ്ളെശക്കാരനും കൂടെ കപ്പലിൽ കരെറി പണമായിട്ടും മററു കച്ചവടപ്പാടായിട്ടും ഒന്നര ലക്ഷം കുർസാദ അതായതു ഒരു കുർസാദിന്ന നമ്മുടെ കൊച്ചി പണം ൨൦ (20) വീഴുന്ന നാണിഭത്തിൻെറ വകയുംകൊണ്ടു മെൽ പറഞ്ഞ ലിസ്ബൊആ എന്ന നഗരിയിൽനിന്നു പുറപ്പെട്ടു ചൊവ്വെ തന്നെ ചിന്നപട്ടണത്തു വന്നു അവിടെയുള്ള എത്രയും ധനപതികളായ കച്ചവടക്കാററിൽ ഒരുത്തൻ അന്തൊണി ദെ സൊസ്സാ എന്നു ചൊല്ലുന്ന ആളിൻെറ പററിൽ ഏതാനും പുതപ്പുകളും ലെസുകളും മെശമെൽ വിരിക്കുന്ന തുവാലകളും മററും പലപല ശീലത്തരങ്ങളും തങ്ങളുടെ മനസ്സുപൊലെ എഴുതിക്കത്തക്കവെണ്ണം പറഞ്ഞു പണവും ഏല്പിച്ചും വച്ചു അവിടെ നിന്നു കൊവളത്തുചെന്നു ഉപ്പും കരെററി അവിടെ നിന്നും വങ്കാളത്തിന്നു പൊയി കനലാഭത്തൊടുകൂടെ ഉപ്പും വിററു മററു കച്ചവടപ്പാടുകളുംകൊണ്ടു അവിടെനിന്നു ബെംബായിക്കും മററു പല തുറമുഖങ്ങൾക്കും പൊയി എത്രയും മഹാലാഭത്തൊടുകൂടെ കച്ചവടവും ചെയ്തു ഒന്നര രാജ്യലക്ഷത്തിന്നു ഏഴര രാജ്യലക്ഷം കുർസാദിൻെറ ചരക്കുംകൊണ്ടു ഗൊവക്കു ചെന്നു ഏറൊപ്പക്കു പൊകുവാനുള്ള കല്പനയും കടദാശുകളും വാങ്ങി യാത്ര പുറപ്പെട്ടു മുൻപിൽ തങ്ങൾ അന്തൊണി ദെ സൊസാ എന്ന കച്ചവടക്കാരനുമായിട്ടു പറഞ്ഞു ഏല്പിച്ച പണത്തിന്നുള്ള മെൽ പറഞ്ഞ ശീലത്തരങ്ങൾ മെടിപ്പാനായിട്ടു ചിന്നപട്ടണത്തു വരികയത്രെ ആകുന്നതു.

എന്നാൽ ഇങ്ങനെ കപ്പൽ വന്ന പ്രകാരം മെൽ പറഞ്ഞ യൊഹന്നാൻ ദൊ സൊസാ എന്ന പാതിരി ഞങ്ങളൊടറിയിച്ചതിൻെറ ശെഷം ഉടൻ തന്നെ ഞങ്ങൾ ഈ പാതിരിയുടെ അടുക്കൽ ചെന്നു ഇക്കപ്പലിൽകൂടെ പൊകുവാനുള്ളതിന്നു ഏതുപ്രകാരം ശ്രമിക്കെണ്ടു എന്നു അയാളൊടു ബുദ്ധി ചൊദിച്ചാറെ ഇക്കപ്പൽകാക്കു ചരക്കു കൊടുക്കുന്നവൻ ചിന്നപട്ടണത്തുള്ള കച്ചവടക്കാററിൽ ഒരുത്തൻ അന്തൊണി ദെ സൊസാ ആകുന്നുവെന്നും ആയതുകൊണ്ടു അവനൊടു ചെന്നപെക്ഷിച്ചാൽ നിമിഷമായി കാര്യം സാധിക്കുമെന്നും പാതിരി പറഞ്ഞാറെ ആയതിന്നു അന്തൊണി ദെ സൊസാ എന്ന കച്ചവടക്കാരനു മെത്രാൻെറ ഒരു സാധനം മെടിച്ചു തന്നെങ്കിൽ മഹാ മനൊഗുണമായിരിക്കുമെന്നു അയാളൊടു മല്പാൻ പറകകൊണ്ടു അയാൾ മെത്രാനൊടു ശ്രമിച്ചാറെ അന്തൊണി ദെ സൊസായിക്കു മെത്രാൻ എഴുതുവാനുള്ള കാര്യത്തിന്നു അവനു താൻ എഴുതിയാൽ കാര്യം സാധി

www.malankaralibrary.com

ച്ചില്ലെങ്കിൽ തനിക്കു പൊരായ്ക ആയിരിക്കുമെന്നതുകൊണ്ടു അവനു എഴുതുവാൻ പരാധീനമെന്നും അവനെ കാൺമാൻ സംഗതിക്കൂടുമെങ്കിൽ അവനൊടു ഇക്കാര്യം അപെക്ഷിക്കുന്നതിന്നു കുറവുണ്ടാകയില്ലെന്നും മെത്രാൻ പറകയും ചെയ്തു.

ഇങ്ങനെ മെത്രാനൊടു സാധനം മെടിപ്പാൻ പരാധീനമെന്നു കണ്ടതിന്റെ ശെഷം പിന്നെ ഏതുപ്രകാരം വെണ്ടുവെന്നു വിചാരിച്ചു മെൽ പറഞ്ഞ വികാരി ജനറാൾ ആഗുസ്തിനൊസ്സാരൻ പാതിരിയുടെ പക്കൽ ചെന്നു ഈ അവസ്ഥ ഒക്കയും പറഞ്ഞു ആയതിന്നു അന്തൊണി ദെ സൊസായിക്കു ഒരു സാധനം തരണമെന്നു അയാളൊടു അപെക്ഷിച്ചാറെ അയാളും അപെക്ഷ സമ്മതിച്ചു സാധനം കൊടുക്കയും ചെയ്തു. ഇതിന്റെ ശെഷം മൽപാൻ വികാരിജനറാളിന്റെ സാധനവും കൊണ്ടു ചിന്നപട്ടണത്തു ചെന്നു അന്തൊണി ദെ സൊസായുടെ പററിൽ സാധനം കൊടുത്താറെ ആയതു വായിച്ചു കണ്ടതിന്റെ ശെഷം കപ്പൽകാറരു കച്ചവടക്കാറരും കർക്കീശന്മാരും ആകകൊണ്ടു സമ്മതിപ്പാൻ വിഷമമായിരിക്കുമെന്നും എല്ലാംകൊണ്ടും താൻ ഇവിടെ പാർത്താലും ഇപ്പൊൾതന്നെ അവർ ഇവിടെക്കു വരും ഞാൻ ഒന്നു പറഞ്ഞുനൊക്കട്ടെ എന്നും മല്പാനൊടു അവൻ പറകയും ചെയ്തു.

എന്നാൽ അന്തൊണി ദെ സൊസാ എന്ന കച്ചവടക്കാരന്റെ വീട്ടിൽ അവനു മഹാ പ്രിയവും വിശ്വാസവും ഉള്ളൊരു പ്രാസക്കാരൻ പാർത്തിരിപ്പുണ്ടായിരുന്നു. അപ്പൊഴെ ഇവൻ മല്പാനെ കണ്ടു താനുമായി സംസാരിച്ചുകണ്ടാറെ മല്പാൻ പ്രാസപെച്ചു പറവാൻ അറിഞ്ഞിരിക്കകൊണ്ടു പാരം പ്രസാദം ആയതിന്റെ ശെഷം ഇന്നയിന്ന കാര്യത്തിന്നു വെണ്ടി അന്തൊണി ദെ സൊസായൊടു അപെക്ഷിപ്പാനായിട്ടത്രെ താൻ വന്നിരിക്കുന്നു എന്നും ആയതിന്നു അവനും കൂടെ അന്തൊണി ദെ സൊസായൊടു വെണ്ടുംവണ്ണം പറയണമെന്നും ഈ പ്രാസക്കാരനൊടു മല്പാൻ അപെക്ഷിക്കയും അവനും അതിന്നു കുറവുണ്ടാകയില്ലാ എന്നു പറഞ്ഞൊക്കയും ചെയ്തതിന്റെ ശെഷം കുറെ നെരം കഴിഞ്ഞപ്പൊൾ കപ്പൽകാറരും അവിടെക്കു വരികയും ചെയ്തു.

ഇതിന്റെ ശെഷം കപ്പലിന്റെ കപ്പിത്താൻ മനുവെൽനഷിമെന്തു ദെ കൊസ്താ എന്നു ചൊല്ലുന്ന ആളിന്റെ പക്കൽ മല്പാൻ അണഞ്ഞു താനും തന്റെ കൂട്ടരും മാർഗ്ഗത്തിന്റെ കാര്യത്തിന്നു വെണ്ടി അത്രെ ഏറൊപ്പെക്കു പൊകുവാൻ പുറപ്പെട്ടുവെന്നും ആയതുകൊണ്ടു തങ്ങളെക്കൂടെ കപ്പലിൽ കൊണ്ടുപൊയിയെങ്കിൽ വലിയ മനൊഗുണമായിരിക്കുമെന്നും അയാളൊടപേക്ഷിച്ചാറെ കപ്പലിന്റെ ഉടയവൻ ഞാനല്ലാ ഈ ഇരിക്കുന്നവരത്രെ ആകുന്നു. ആയതുകൊണ്ടു ഇവർ അനുസരിച്ചാൽ എനിക്കു എത്രയും സമ്മതമായിരിക്കുന്നുവെന്നു അന്തൊണി ബാർത്തി എന്നും വെന്തു



വാലെ എന്നും ചൊല്ലുന്ന ഇരുവരെ ചൂണ്ടിക്കാട്ടി കപ്പിത്താൻ പറഞ്ഞാറെ മല്പാൻ അവരുടെ പക്കൽ അടുത്ത അച്ചന്മാരെ നിങ്ങൾക്കു എങ്ങനെ മനസ്സു എന്നു ചൊദിച്ചാറെ കപ്പലിൽ ഇടമില്ലെന്നും ആയതുകൊണ്ടു കൊണ്ടുപൊകുവാൻ പരാധീനമെന്നും പറഞ്ഞിരിക്കുന്ന നെരത്തിൽ അന്തൊണി ദെ സൊസാ എന്ന വീട്ടിന്റെ ഉടയവനും അവിടെ വന്നു ഈ പട്ടക്കാരൻ മാർഗ്ഗത്തിന്റെ കാര്യം ചൊല്ലി അത്രെ ഏറൊപ്പെക്കു പൊകുവാൻ പുറപ്പെട്ടിരിക്കുന്നുവെന്നും ആയതുകൊണ്ടു അയാളെ കൂടെ നിങ്ങൾ കൊണ്ടുപൊകുമെങ്കിൽ എനിക്കു വളരെ പ്രസാദമുള്ള കാര്യമായിരിക്കുമെന്നും അവരൊടു പറഞ്ഞാറെ കപ്പലിൽ ഇടമില്ലെന്നും ആയതുകൊണ്ടു പിന്നെ എന്തൊരു കാര്യം പറഞ്ഞാലും ഒക്കയും അനുസരിപ്പാൻ ഞങ്ങൾ ആസ്ഥമായിരിക്കുന്നു. ഇക്കാര്യം മാത്രം പറയണ്ടാ എന്നു അവർ പറഞ്ഞതിന്റെ ശെഷം ഇനി എങ്ങനെ വെണ്ടുവെന്നു മല്പാൻ പറഞ്ഞാറെ എല്ലാംകൊണ്ടും നാളെ വരു ഇനി ഒന്നുകൂടെ പറഞ്ഞുനൊക്കാമെന്നും അവൻ പറകകൊണ്ടു മല്പാനു ഞങ്ങൾ പാർക്കുന്ന ഇടത്തിൽ വന്നു ഉണ്ടായ വർത്തമാനമൊക്കയും ഞങ്ങളൊട അറിയിച്ചു. തമ്പുരാനൊടു ഇക്കാര്യത്തിന്നു വെണ്ടുംവണ്ണം അപെക്ഷിക്കണമെന്നു പറകകൊണ്ടു അപ്പൊൾതന്നെ കന്യാസ്ത്രീ അമ്മയൊടു ഒമ്പതുനാൾ നമസ്കാരം തുടങ്ങുകയും ചെയ്തു.

ഇതിന്റെ ശെഷം പിറെറ ദിവസം മല്പാൻ കാലത്തു കുർബാനയും ചൊല്ലി മെൽപറഞ്ഞ അന്തൊണി ദെ സൊസായുടെ വീട്ടിൽ ചെന്നു അവിടെ ഭക്ഷണവും കഴിഞ്ഞിരിക്കുന്ന നെരത്തു കപ്പൽകാറരു അവിടെ വന്നാറെ വീണ്ടും അന്തൊണി ദെ സൊസായും മെൽപറഞ്ഞ പ്രാസകാരനും മുട്ടിപ്പായിട്ടു പറഞ്ഞാറെ സമ്മതിക്കായ്കകൊണ്ടു താൻ ഇന്നെക്കു ഇവിടെ പാർക്ക വെണ്ടു ഒടുക്കത്തെ കയിയായിട്ടു ഒരു ഊഴം കൂടെ പറഞ്ഞുനൊക്കാമെന്നും അന്തൊണി ദെ സൊസാ പറകകൊണ്ടു മല്പാൻ അന്നവിടെ പാർത്തതിന്റെ ശെഷം അന്നു രാത്രിയായപ്പൊൾ ഇക്കാര്യത്തിന്നു തികച്ചിലായിട്ടുള്ള നിവൃത്തി പറയണമെന്നു വെന്തുദെവാലക്കും അന്തൊണി ബാർത്തിക്കും അന്തൊണി ദെ സൊസാ കുറി എഴുതി അയച്ചാറെ അവരും മുൻപിൽ പറഞ്ഞ പൊലെ പിന്നെ വാച്ചൊരു കാര്യമെന്നാലും കെൾപ്പാനാസ്ഥമായിരിക്കുന്നുവെന്നും ഇക്കാര്യത്തിന്നു മാത്രം മുട്ടിക്കണ്ടാ എന്നും തീരുമാനമായി ഉത്തരം എഴുതി അയച്ചാറെ ആയതു വായിച്ചു കണ്ടതിന്റെ ശെഷം മെൽപറഞ്ഞ അന്തൊണി ദെ സൊസാ ഇക്കാര്യത്തിന്നു ഞാൻ വെണ്ടുവൊളം മുട്ടിച്ചു അപെക്ഷിച്ചുവെന്നും ഇനി എന്റെ അപ്പൻ തന്നെ ഉയിർത്തു വന്നു എന്നൊടു പറഞ്ഞാലും ഇക്കാര്യം ചൊല്ലി ഈ പട്ടികളൊടു ഞാൻ അപെക്ഷിക്കയില്ലെന്നും ഖണ്ഡിതമായി മല്പാനൊടു പറകകൊണ്ടു

www.malankaralibrary.com

മല്പാൻ എത്രയും ക്ലെശപ്പെട്ടു. പിറെറദിവസം എഴന്നെററു ഇനി വിശെഷിച്ച ഇക്കാര്യത്തിന്ന ഒരു പൊംവഴിയില്ലെന്നും ആയതുകൊണ്ട വീട്ടിലൊട്ടു തന്നെ തിരികെ പൊയി പിന്നെ ഒരു തക്കം കാണുവൊളം ഒന്നുകിൽ അവിടെ എങ്ങാനുംതന്നെ പാർപ്പാനുള്ളതിന്നു അല്ലെങ്കിൽ കരവഴിക്കു തന്നെ അവിടെ നിന്നു പുറപ്പെട്ടു മററു വല്ല തുറമുഖത്തിന്നും ചെന്നു വിചാരിപ്പാനുള്ളതിന്ന ശ്രമിക്കയത്രെ വെണ്ടുവെന്നും വിചാരിച്ച ഞങ്ങൾ പാർത്തിരിക്കുന്ന ഭവനത്തൊട്ടു തിരിച്ച പാതി വഴി കഴിഞ്ഞപ്പൊൾ ഇതൊന്നുംകൊണ്ടു കണക്കായില്ലാ ആളെറെ പൊകുന്നതിനെകായിൽ താനെറെ പൊകുന്നതു നല്ലൂ എന്നു മലങ്കരയുള്ള പഴഞ്ചൊല്ലുപൊലെ ഇക്കാര്യത്തിന്ന ആളുകളെക്കൊണ്ട വിചാരിക്കുന്നതു മതിയാകയില്ല ഇനി ഒരുഴംകൂടെ താൻതന്നെ ചെന്ന കപ്പൽക്കാററൊട്ട ഒന്ന മുട്ടിച്ചുകാണണമെന്നും തൊന്നുകകൊണ്ട വീട്ടിന്ന തിരിച്ച വഴി മാററി കപ്പൽകാറരു പാർക്കുന്ന വീട്ടിൽ ചെന്നപ്പൊൾ കപ്പലിൻെറ ഉടയവക്കു ചിററാഴ്മ ചെയ്യുന്ന വാലിഭക്കാററരിൽ മൻവെൽ എന്ന പെരുള്ള ഒരുത്തനെ പുറത്തു കണ്ടാറെ അവനൊട മല്പാൻ ചൊദിച്ചു കപ്പലിൻെറ അച്ചന്മാരുമായിട്ടു കണ്ട പറവാൻ സംഗതി കൂടുമൊ എന്ന. എന്നാറെ ആ വാലിഭക്കാരൻ മല്പാൻെറ മുഖത്തുള്ള ക്ലെശവും വാട്ടവും കണ്ട ക്ലെശമടക്കി പറഞ്ഞു. ഈ വണ്ണം എന്തുകൊണ്ട താൻ ക്ലെശപ്പെട്ടിരിക്കുന്നു. ഒന്നുകൊണ്ടും ഒരു ക്ലെശം വെണ്ടാ അച്ചന്മാരെ കണ്ടുപറവാൻ കൂടുമെന്ന. എന്നാൽ ഇതിൻവണ്ണം വാലിഭക്കാരൻ പറഞ്ഞതു കെട്ടാറെ മല്പാൻ അവനൊട പറഞ്ഞു. എൻെറ ക്ലെശത്തിന്മെൽ എന്തു പറയെണ്ടു. ഞാൻ മാർഗ്ഗത്തിൻെറ കാര്യം ചൊല്ലി അത്രെ എറൊപ്പെക്കു പൊകുവാൻ ശ്രമിക്കുന്നതു എന്ന വരുമ്പൊൾ ഇക്കാര്യം ചൊല്ലി അന്തൊണി ദെ സൊസായെക്കൊണ്ട വെണ്ടുവൊളം അപെക്ഷിച്ചാറെ അച്ചന്മാർക്കു സമ്മതമല്ലാ എന്നതു കൊണ്ട ഇക്കാര്യത്തിന്ന ഞാൻ തന്നെ വന്ന അവരൊട അപെക്ഷിച്ച കാണണമെന്നിതിനായിട്ടത്രെ ഇവിടെക്കു വന്നതു. ഇങ്ങനെയുള്ള മല്പാൻെറ വചനങ്ങൾ വാലിഭക്കാരൻ കെട്ടാറെ ഒന്നുകൊണ്ടും ഒരു ക്ലെശം വെണ്ടാ. തൻെറ കാര്യത്തിന്ന ഉടയതമ്പുരാൻ സഹായിക്കും. കപ്പലിൽ മൂലയിൽ എങ്ങാനും കുറഞ്ഞൊന്നിടം നിങ്ങൾക്കു തരുന്നതുകൊണ്ട അച്ചന്മാർക്കു പെരുത്ത ചെതം വരുവാനില്ലാ എന്ന വാലിഭക്കാരൻ പറഞ്ഞ അച്ചന്മാരൊട ഈ അവസ്ഥ അറിയിപ്പാനായിട്ടു അകത്തു കടന്നുപൊകയും ചെയ്തു.

എന്നാൽ ഇങ്ങനെയുള്ള വാലിഭക്കാരൻെറ വചനങ്ങൾ കെട്ടിട്ടു മല്പാന്ന കുറെ ആശ്വാസം ഉണ്ടായെങ്കിലും അച്ചന്മാരു പറയുന്ന അവസ്ഥ അറിയായ്കകൊണ്ട ക്ലെശപ്പെട്ടു അവടെ ഇരിക്കുന്ന നെരത്തു ഒരു തെല്ലു നെരം കഴിഞ്ഞതിൻെറ ശെഷം



വാലിഭക്കാരൻ പുറത്തു വന്ന മല്പാനെ വിളിച്ച അകത്തു കടത്തിയപ്പൊൾ വെന്തുദെവാലെ എന്നവൻ തൻെറ കട്ടിന്മെൽ ഉറങ്ങിക്കിടക്കുന്നതും അന്തൊണിദപാത്തി എന്ന മററവൻ തങ്ങൾ കൊണ്ട ശീലത്തരങ്ങൾ ഒക്കെയും മടക്കികെട്ടി ക്രമമാക്കുവാൻ ശ്രമിക്കുന്നതും കണ്ടാറെ അന്തൊണി ദപാർത്തിയുടെ അടുക്കൽ മല്പാനണഞ്ഞു ഞാൻ വന്ന കാര്യം നമ്മുടെ മാർഗ്ഗത്തെപ്രതിയത്രെ ആകുന്നുവെന്നും അച്ചന്മാരെ നിങ്ങൾ അറിഞ്ഞല്ലൊ ഇരിക്കുന്നു. എന്നതുകൊണ്ട നിങ്ങളുടെ മനസിൻെറ തീരുമാനം അറിയെണ്ടിട്ടത്രെ ഇവിടെക്കു ഇപ്പൊൾ വന്നതെന്ന അവനൊട പറഞ്ഞാറെ അന്തൊണിദപാർത്തി കള്ളവും ലൊകാചാരവും ഇല്ലാത്ത ആളാകകൊണ്ടും ഉടൻതന്നെ തൻെറ മനസിൻെറ തീരുമാനം കാട്ടി പറഞ്ഞു. എന്തെ പാതിരി ഞങ്ങളെ മുട്ടിക്കുന്നു. ഇടം ഇല്ലായ്കകൊണ്ടത്രെ ഇക്കാര്യത്തിന്ന ഞങ്ങൾ മുടക്കം പറയുന്നതു. ആയതല്ലാത പൊരണമെന്നത്രെ സിദ്ധാന്തമാകുന്ന എങ്കിൽ എനിക്കു മനസായിരിക്കുന്നു. വിശെഷിച്ചും ഇക്കിടന്നുറങ്ങുന്ന ആളിൻെറ മനസുകൂടി വരുത്തുകയെ വെണ്ടു എന്ന തൻെറ കട്ടിന്മെൽ ഉറങ്ങിക്കിടക്കുന്ന വെന്തുദെവാലെ എന്നവനെ ചൂണ്ടികാട്ടി പറഞ്ഞാറെ മല്പാൻ അവൻെറ പക്കൽ അണഞ്ഞു അവൻ കിടക്കുന്ന കട്ടിന്മെൽകൂടെ ഇരുന്ന അവൻെറ കയ്യിന്മെൽ പിടിച്ചുംകൊണ്ട എൻെറ അച്ചാ തനിക്കുകൂടെ ഇക്കാര്യത്തിന്ന മനസുണ്ടായിരിക്കണമെന്ന പറഞ്ഞതു കെട്ടാറെ അവൻ തൻെറ കണ്ണുകൾ തുറന്ന മല്പാൻെറ മുഖത്തു നൊക്കി കണ്ടതിൻെറ ശെഷം പുഞ്ചിരിയുംകൊണ്ട പറഞ്ഞു എൻെറ പാതിരി ഞങ്ങൾക്കു കപ്പലിൽ ഇടം ഇല്ലായ്കകൊണ്ടത്രെ ഇതിൻവണ്ണം ജഡത പറയുന്നതു. കുറെ ദിവസം മുമ്പെ പറങ്കിരാജ്യത്തുള്ള ഒരു പ്രഞ്ചിസ്കാനൊസ്കാരൻപാതിരി ദീനമായിരിക്കകൊണ്ടും തൻെറ നാടാകുന്ന പറങ്കിരാജ്യത്തു ചെന്നു മരിക്കണമെന്ന വളരെ ആഗ്രഹം ഉണ്ടായിരിക്കകൊണ്ടും കപ്പലിൽ കൂടെ കൊണ്ടുപൊകണമെന്നും ആയതിന്ന ൫൮൦ (580) വിരാകൻ തരാമെന്നും എത്രയും സാദ്ധ്യമായിട്ടു ഞങ്ങളൊടപെക്ഷിച്ചാറയും കപ്പലിൽ ഇടം ഇല്ലായ്കകൊണ്ട ഞങ്ങൾ കൈക്കൊണ്ടില്ലാ എന്നും വിശെഷിച്ചും താൻ മലയാളത്തിൽ പാത്താൽ തന്നെക്കൊണ്ട തൻെറ പള്ളിക്കു ഏററം ഉപകാരം ഉണ്ടായിരിക്കും എറൊപ്പയിൽ തന്നെക്കായിൽ പഠിത്വമുള്ളവരു പലരും ഉണ്ടായിരിക്കകൊണ്ട വിശെഷിച്ചൊരുപകാരവും തന്നെക്കൊണ്ട വരുത്തുവാനില്ലെന്നും ഇതുമെന്യെ പട്ടക്കാററരെ കൊണ്ട പൊകുന്ന നെരത്തു ബഹുമാനത്തൊടുകൂടെ കൊണ്ടുപൊകണം ആയതല്ലാഞ്ഞാൽ ഞങ്ങളുടെ നാട്ടിൽ ചെന്നാൽ ഞങ്ങൾക്കു കുററമുണ്ടെന്നും ഇങ്ങനെ മററും പല മുടക്കങ്ങളും പറഞ്ഞതിന്ന എറൊപ്പെക്കു ഞാൻ പൊകുന്നതു അവിടെ വിശെഷിച്ച ഒരു ഫലം വരുത്തുവാനല്ലാ പിന്നെയൊ

www.malankaralibrary.com

എൻെറ ജാതിയുടെ ഗുണത്തിന്നു വെണ്ടി അത്രെ പൊകുന്നതു. വിശെഷിച്ചും കപ്പലിൽ ബഹുമാനത്തൊടുകൂടെ ഞങ്ങളെ കൊണ്ടു പൊകുവാൻ എടം ഇല്ലെങ്കിൽ ബഹുമാനം ഒന്നുംകൂടാതെ കപ്പലിൻെറ ഒരു മൂലയിൽ വാച്ചെടത്തും കുറെ ഇടം കിട്ടിയാൽ മതി. ആയതുകൊണ്ടു നിങ്ങൾക്കു ഒരു കുററം വരാതെ നിങ്ങളുടെ പൊന്നുപൊരായ്കയ്ക്കു ഒക്കെയും ഞങ്ങൾ പൊക്കി പറഞ്ഞുകൊള്ളാമെന്നും ആയതു വച്ചു ഞങ്ങളെ നിങ്ങൾ കൊണ്ടുപൊകയില്ലെന്നു നിശ്ചയിച്ചാൽ വാച്ചു നാളായിട്ടും കാൽനടക്കു എങ്കിലും പറങ്കിനാട്ടിൽ വരുവാൻ ഭാവിച്ചിരിക്കുന്നു. അന്നു ഞങ്ങൾ അവിടെ സങ്കടം പറയുമെന്നും ഇതും മററും പല വചനങ്ങളും മഹാ സങ്കടത്തൊടുകൂടെ മല്പാൻ പറയുന്നതു വെണ്ടുദെവാലെ എന്നവൻ കെട്ടാറെ കുറെനെരം വിചാരിച്ചിരുന്നു എല്ലാം കൊണ്ടും താൻ നാളെ വരു എന്നു പറഞ്ഞു മല്പാനെ അയച്ചാറെ മല്പാൻെറ ഹൃദയത്തിന്നു സ്വല്പം തണുപ്പുവന്നു എങ്കിലും പിന്നയും പാരം സംശയം ഉണ്ടായിരിക്കകൊണ്ടു കപ്പൽകാറർക്കു ഒട്ടൊട്ടുമനസ്സുണ്ടായ പ്രകാരം കെട്ടാൽ മെൽ പറഞ്ഞ അന്തൊണി ദെസൊസാകൂടെ വാച്ചു തടസവും പറയുമെന്നു ഭാവിച്ചു ആ വഴിതന്നെ അന്തൊണി ദെ സൊസായുടെ വീട്ടിൽ ചെന്നു അവനൊടു ഈ ഉണ്ടായ അവസ്ഥ ഒക്കയും പറഞ്ഞുകെൾപ്പിച്ചാറെ തന്നെ കൊണ്ടുപൊകുന്നതു എനിക്കു വളരെ സന്തൊഷമുണ്ടു. എന്നാൽ ഞാൻ അപെക്ഷിച്ചിട്ടു അവർ കൈക്കൊള്ളാഞ്ഞ ഹെതുവാൽ ഒരു തെല്ലുപൊലും നന്ദി അവരൊടു ഞാൻ കാട്ടുകയില്ലാ. ഒരു വചനമെങ്കിലും ഇക്കാര്യം ചൊല്ലി അവരൊടു പറകയുമില്ലാ എന്നു തീരുമാനമായിട്ടു തികച്ചിൽ വരുത്തി പറകയുംചെയ്തു.

ഇതിൻെറ ശെഷം മല്പാൻ അവിടെനിന്നു പുറപ്പെട്ടു ഞങ്ങൾ വസിക്കുന്ന ഭവനത്തു വന്നു ഈ ഉണ്ടായ അവസ്ഥ ഒക്കയും ഞങ്ങളെ കെൾപ്പിച്ചു തമ്പുരാനൊടും തമ്പുരാൻെറ അമ്മമത്തമറിയം ഉമ്മായൊടും വെണ്ടുംവണ്ണം അപെക്ഷിക്കണമെന്നും പറഞ്ഞതിൻെറശെഷം ഞങ്ങൾ എല്ലാവരും ആകുംവണ്ണം എരിവൊടും ഭക്തിയൊടുംകൂടെ ഒൻപതുനാൾ നമസ്കാരം എത്തിക്കയും തമ്പുരാൻ തിരുമനസായി കാര്യം സാധിപ്പാൻ സംഗതി വരണമെ എന്നു പ്രാൎത്ഥിക്കയും ചെയ്തു.

എന്നാൽ പിറെറ ദിവസം കാലത്തു മല്പാൻ എഴുന്നെററു കുർബാന ചൊല്ലി കപ്പൽക്കാററുടെ വീട്ടിൽ പൊകുവാൻ യാത്ര പുറപ്പെട്ടപ്പൊൾ എത്രയും വലിയൊരു മഴ ആ ദിവസം ഉണ്ടായി. വഴിയിൽ ഏറിയൊരു വെള്ളവും ചെളിയും ആയിരുന്നിട്ടും ആയതൊന്നും കൂട്ടാക്കാതെ മെൽപറഞ്ഞ കപ്പൽക്കാററു പാൎക്കുന്ന ഭവനത്തുചെന്നു അവരെ കണ്ടു പറഞ്ഞാറെ മുൻപിൽ തന്നെ ഒരു



പാതിരിയെ കൊണ്ടുപൊകാമെന്നും പിന്നെ ഒരു വാലിഭക്കാരനെക്കൂടെ കൊണ്ടുപോകാമെന്നും സമ്മതിക്കയും പിന്നെയും പല പ്രകാരവും അപെക്ഷിച്ചാറെ രണ്ടു വാലിഭക്കാററെയും കൊണ്ടു പൊകാമെന്നുള്ളതു സമ്മതിക്കയും ചെയ്തു. വിശെഷിച്ചും എൻെറ കാര്യം പറഞ്ഞാറെ ഒരു പ്രകാരവും അവർക്കു സമ്മതം വന്നതുമില്ലാ.

ഇതിൻെറശെഷം എന്നെ അവിടെ വിട്ടുംവച്ചു പൊകെണ്ടി വരുമത്രെ എന്നു മല്പാൻ വിചാരിച്ചു പാരം ക്ലെശപ്പെട്ടു ഞങ്ങൾ വസിക്കുന്ന ഭവനത്തുവന്നു ഈ അവസ്ഥ ഒക്കയും ഞങ്ങളൊടു പറഞ്ഞാറെ ഞാൻ പറഞ്ഞു. നമ്മുടെ ജാതിയുടെ ഗുണത്തിന്നും ഉപകാരത്തിന്നുംവെണ്ടിയത്രെ നമ്മൾ പുറപ്പെട്ടതു. എന്നുവരുമ്പൊൾ വാച്ചപ്രകാരമായാലും തുടങ്ങിയ കാര്യത്തിന്നു മുഴപ്പു വരുത്തുവാൻ എല്ലാ പ്രകാരംകൊണ്ടും ശ്രമിച്ചെ മതിയാവു. എന്നതുകൊണ്ടു അങ്ങുതന്നെ പൊകുവാനത്രെ കപ്പൽകാററു സമ്മതിച്ചൊള്ളവെങ്കിൽ അങ്ങിന്നതന്നെ കപ്പലിൽ പൊകെവെണ്ടു. ഞാനും രണ്ടു വാലിഭക്കാററും മലയാളത്തിന്നുതന്നെ പൊയിക്കൊള്ളാം. ആയതല്ലാ അങ്ങിന്നും ഒരു വാലിഭക്കാരനും പൊകുവാൻ അവർ സമ്മതിച്ചുവെങ്കിൽ അങ്ങിന്നും മാത്തുവും പൊയാലും ഞാനും ചാക്കൊയും തിരികെ മലയാളത്തിന്നു പൊയിക്കൊള്ളാം. ആയതല്ലാ നിങ്ങൾ മൂന്നുപെൎക്കും അനുവാദം കിട്ടിയെങ്കിൽ ആയതുകൊണ്ടും ഒരു ക്ലെശം വെണ്ടാ. നിങ്ങൾ മൂന്നുപെരും പൊകെവെണ്ടു. ഞാൻ തിരികെ മലയാളത്തിന്നു പൊയ്ക്കൊള്ളാം. എന്നിങ്ങനെ ഒട്ടും ഒരു ക്ലെശംകൂടാതെ ഞാൻ പറഞ്ഞാറെ ആയതൊന്നും വെണ്ടിവരികയില്ലാ. നാം എല്ലാവരുംകൂടെ പുറപ്പെട്ടതിനാം പക്കം എല്ലാവരുംകൂടെതന്നെ പൊകുവാൻ തമ്പുരാൻ മനൊഗുണം ചെയ്യുമെന്നും ഇനി ഒന്നുകൂടെ പറഞ്ഞു നൊക്കുവാനുണ്ടെന്നും മല്പാൻ പറഞ്ഞു. അന്നു അവിടെ വസിച്ചു തമ്പുരാനൊടപെക്ഷിച്ചു. പിറെറ ദിവസം കപ്പൽകാററുടെ വീട്ടിൽചെന്നു എൻെറ കാര്യംപ്രതി അപെക്ഷിച്ചാറെ സ്വല്പം ജഡത കാട്ടി എങ്കിലും ഉടയതമ്പുരാൻെറ മനൊഗുണത്താലെ സമ്മതിക്കയും ചെയ്തു.

## ഇരുപത്തഞ്ചാംപാദം

**ഇതിൻെറശെഷം കപ്പലിൽ കരെറുവൊളം ഉണ്ടായ അവസ്ഥമെൽ**

എന്നാൽ നിങ്ങൾ ഇരപ്പിൻ നിങ്ങൾക്കു കിട്ടുമെന്നും നിങ്ങൾ അന്വെഷിപ്പിൻ നിങ്ങൾക്കു കണ്ടെത്തുമെന്നും ശുദ്ധമാന എവൻഗെലിയൊനിൽ മ്ശിഹാകർത്താവു അരുളിചെയ്തപൊലെ

www.malankaralibrary.com

ഇത്ര വലിയ സാദ്ധ്യത്തൊടും ശ്രമത്തൊടും കൂടെ അപെക്ഷിച്ചു ശ്രമിച്ചു നടന്ന കാര്യം സാധിപ്പാൻ ഉടയതമ്പുരാൻ സംഗതിവരുത്തിയതിനെക്കൊണ്ടു ഞങ്ങളൊടു ഈ ചെയ്തു വലിയ മനൊഗുണത്തെപ്രതി മുൻപിൽതന്നെ ഉടയവനൊടു നന്ദികാട്ടി തന്നെ സ്തുതിച്ചുകൊണ്ടാടിയതിന്റെ ശെഷം വാലിഭക്കാർക്കും ഞങ്ങൾക്കും കപ്പലിൽ പെരുമാററത്തിന്നു വെണ്ടുന്ന കുപ്പായങ്ങളിൽ ഏതാനും അവിടെനിന്നുതന്നെ വിദയം വരുത്തി കപ്പലിൽ ദിഷ്ടതിയില്ലാത്ത മുണ്ടുമുറികളൊക്കയും അവിടെ കണ്ട അഗതികൾക്കു ദാനധർമ്മവും കൊടുത്തശെഷം വെണ്ടുന്ന വസ്തുക്കളൊക്കയും ചിന്നപട്ടണത്തു ചെന്നതിന്റെശെഷം കൊള്ളാമെന്നുംവച്ചു ഞങ്ങൾ പാർത്തിരുന്ന ഭവനത്തുനിന്നു പുറപ്പെട്ടു മെൽപറഞ്ഞ വികാരി ജനരാളൊടും യൊഹന്നാൻ ദെ സൊസാ എന്ന മെത്രാന്റെ ചിററാഴ്മകാരൻ പാതിരിയൊടും യാത്രയും ചൊല്ലിക്കൊണ്ടു മൈലാപ്പൂരിൽനിന്നു വാങ്ങി ചിന്നപട്ടണത്തിൽ വന്നു അന്തൊണി ദെ സൊസാ എന്ന മെൽപറഞ്ഞ കച്ചവടക്കാരന്റെ വീട്ടിൽ വന്നു അന്നത്തെ ദിവസം അവന്റെ തളത്തിൽ രാ പൊറുത്തതിന്റെ ശെഷം പിറെറ ദിവസം ചിന്നപട്ടണത്തു പള്ളിക്കൽ ചെന്നു അവിടെ വസിക്കുന്ന കപ്പൂച്ചി പാതിരിമാരെ കാൺകയും ചെയ്തു.

എന്നാൽ അന്നാളുകളിൽ ചിന്നപട്ടണത്തു വസിച്ചിരുന്ന കപ്പൂച്ചി പാതിരിമാരു നാലുപെരും നാലുജാതിയിൽ ഉള്ളവരത്രെ ആയിരുന്നു. അതായതു അവരിൽ തലവനും മൂപ്പനും ആയിരുന്ന പാതിരി പ്രാസ്സാരനും മറെറാരുത്തൻ ഇത്താലിയൻകാരനും മററവൻ പറങ്കിക്കാരനും. എന്നാൽ ഇയാൾ മുൻപിൽ പൌലിസ്താക്കാരൻ ആയിരുന്നാറെ 14-ാം ക്ലെമ്മിസ എന്ന മാർപാപ്പ പൌലിസ്താക്കാറരുടെ ദർശനം ഇല്ലാതെ ആക്കിയതിന്റെ ശെഷം കപ്പൂച്ചി പാതിരിമാരുടെ കൂട്ടത്തിൽകൂടി അവിടെ പാർത്തിരുന്നു. വിശെഷിച്ചും ഇയാൾക്കു ദീനമാകകൊണ്ടും ഞങ്ങൾ പള്ളിക്കൽചെന്ന നെരം അയാൾ അവിടെ ഇല്ലാഞ്ഞുതാനും. എന്നാൽ നാലാമത്തവൻ ഒരു അർമ്മന്യക്കാരനും വിശെഷിച്ചും ഈ അർമ്മന്യക്കാരൻ പാതിരി മുൻപിൽ മല്പാൻ റൊമായിൽനിന്നു മലങ്കരക്കു വരുന്ന നെരം പ്രാസനാട്ടിൽവെച്ചുതന്നെ കണ്ടറിവും സ്നെഹവും ഉണ്ടായിരുന്നതിനെക്കൊണ്ടു ഉടൻ പാരം സന്തൊഷപ്പെട്ടു അവിടെയുള്ള വികാരിയും മൂപ്പനും ആകുന്ന പ്രാസക്കാരൻ പാതിരിയുടെ പക്കൽ ഞങ്ങളെ കൊണ്ടുപൊയാറെ മൂപ്പനും മല്പാനും പ്രാസപെച്ചു അറിഞ്ഞിരിക്കയും പ്രാസനാട്ടിൽ ചെന്നു അവിടത്തെ മര്യാദിയും ക്രമവും ബൊധിച്ചിരിക്കയും ചെയ്യുന്നതിനെക്കൊണ്ടു പാരം സന്തൊഷപ്പെട്ടു കപ്പലിൽ കരെറുവാനുള്ള വട്ടംകൂട്ടിവരുവൊളം അവിടെ പാർപ്പാനുള്ളതിന്നു അവിടെ ഒരു ഭവനവും ഒഴിച്ചുതന്നു തിന്മാനും കുടിപ്പാനും വെണ്ടു



ന്നതൊക്കെയും അവരുതന്നെ അവരുടെ മെശയിൽ ഞങ്ങൾക്കു തരുവാൻ കല്പിക്കയും ചെയ്തു. വിശെഷിച്ചും ഞങ്ങൾ അവിടെ ചെന്ന രാത്രിയിൽ അത്താഴം കഴിവാൻ സമയമായി. ഭക്ഷണത്തിന്നു വിദയം വരുത്തിയപ്പൊൾ മുൻപിൽ ആദമ്പാമലയിൽ വച്ചു ഞങ്ങൾ കണ്ട ബൊംബെയിൽ മാർഗ്ഗമറിയിപ്പാൻ പൊകുന്ന ചെരിപ്പില്ലാത്ത കർമ്മലീത്താക്കാരൻ പാതിരിയെക്കൂടെ അവിടെ കാൺകയും ചെയ്തു. ഇങ്ങനെ രാത്രിയിൽ ഭക്ഷണത്തിന്നു എല്ലാവരും വന്നു എല്ലാവരുമായി ഭക്ഷിച്ചിരിക്കുന്ന നെരത്തിൽ ഈ കർമ്മലീത്താക്കാരനും അയാടെ ചെങ്ങാതിയാകുന്ന മറെറാരു കർമ്മലീത്താക്കാരനും ചിന്നപട്ടണത്തുള്ള ഇൻഗ്ലെശന്മാരുടെ സ്ത്രീകളൊടുകൂടെ പാടുവാനും കളിപ്പാനും പൊകുന്നതു കണ്ടു അവിടത്തെ വികാരിയാകുന്ന മൂപ്പൻ പാതിരി മെൽപറഞ്ഞ കർമ്മലീത്താക്കാരനെക്കൊണ്ടു എല്ലാവരുടെയും മുഖെന ഭാഷിക്കയും ചിരിക്കയും കുററപ്പെടുത്തുകയും ചെയ്യുന്നതുകൊണ്ടു ആ കർമ്മലീത്താക്കാരനു പാരം ലജ്ജ ഉണ്ടായി താനും. ഇതിന്റെ ശെഷം ഭക്ഷണവും കഴിഞ്ഞു ഉറങ്ങുവാനായിട്ടു ഞങ്ങൾക്കു അവിടെ തന്ന ഭവനത്തൊട്ടു പൊയപ്പൊൾ ആ കർമ്മലീത്താക്കാരനെയും ആ ഭവനത്തുതന്നെ ഉറങ്ങുവാനായിട്ടു ഞങ്ങളൊടുകൂടെ അയക്കയും ആ കർമ്മലീത്താക്കാരനും ആ ഭവനത്തു വന്നതിന്റെ ശെഷം ഞങ്ങൾ റൊമായിക്കു പൊകുന്നെന്നു കെട്ടാറെ മലയാളത്തിൽനിന്നു കർമ്മലീത്താക്കാരൻ റൊമായിക്കു അയപ്പാനായിട്ടു കൊടുത്തയച്ച കുറികൾ എടുത്ത ഞങ്ങളുടെ പററിൽ തരികയും ഞങ്ങളും കുറികൾ കൈക്കൊണ്ടു ഉടൻ ഞങ്ങളൊടു മറുത്തുള്ള കടുതാശ്ശുകളാകുന്നു എന്നറിഞ്ഞെങ്കിലും വിശ്വാസത്തിന്നു ഭംഗം വരുത്താതെ റൊമായിൽ കൊണ്ടുകൊടുപ്പാനായിട്ടു ആയതു വാങ്ങി പെട്ടകത്തിൽ സംഗ്രഹിക്കയും ചെയ്തു. എന്നാൽ മുൻപിൽ ഞങ്ങൾ അഞ്ചുതെങ്ങുകൽകൂടെ കടക്കുന്നപ്പൊൾ അന്തൊണിപാതിരിയും ശെഷമുള്ളവരും ഞങ്ങൾ മൈലാപ്പൂർക്കു പൊകുന്നെന്നു കെട്ടാറെ അഞ്ചുതെങ്ങുകൽനിന്നു ചിന്നപട്ടണത്തുപൊയ പടവുകാറർക്കു ഏതാനും കുറികൾ തന്നയച്ചിട്ടുണ്ടായിരുന്നു. എന്നാൽ ഞങ്ങൾക്കു വഴി സ്വല്പം താമസമായി പൊകകൊണ്ടും മററു കുറികൾ പടവുകാററർക്കു വന്നതിൽ ഞങ്ങളുടെ പററിൽ കുറി കൊടുത്തയച്ചിട്ടുള്ള പ്രകാരം അറിഞ്ഞതിനെക്കൊണ്ടും പിറെറ ദിവസം പടവുകാററരിൽ ഒരുത്തൻ ഞങ്ങൾ പൊറുക്കുന്ന ഭവനത്തു വന്നു കുറി ചൊദിച്ചാറെ വളരെനെരം അന്വെഷിച്ചിട്ടും കുറി കാണായ്കകൊണ്ടു ആയതു പൊയ്പൊയി എന്നു വിചാരിക്കയും ചെയ്തു. വിശെഷിച്ചും പെട്ടകങ്ങൾ ഒക്കയും പിന്നെ പിടച്ചിൽ ഒന്നുംകൂടാതെ തുറന്നുനൊക്കിയപ്പൊൾ മെല്പറഞ്ഞ കുറികൾ കണ്ടെത്തിയാറെ പടവുകാറർ വസിക്കുന്ന ഭവനത്തൊട്ടു ആയതു കൊടുത്തയക്കയും ചെയ്തു.

www.malankaralibrary.com

ഇങ്ങനെ ചിന്നപട്ടണത്തു ചെന്നതിന്റെശെഷം അവിടെയുള്ള പള്ളിയിൽ ഞങ്ങൾ കുർവാന ചൊല്ലിയപ്പൊൾ സുറിയാനിക്രമത്തിലുള്ള കുർവാന അവിടെയുള്ള ജനങ്ങൾ കണ്ടിട്ടില്ലായ്കകൊണ്ടു പാരം അപൂർവപ്പെട്ടു ഏറിയ തമുഴർവിശ്വാസകാറരും പലരും അവിടെ വസിക്കുന്ന അർമ്മന്യാക്കാറരും പലരും വന്ന പള്ളി നിറച്ചു ആളുകൾ കൂടുകയും ചെയ്തു. ഇതിന്റെ ശെഷം അന്നത്തെ ദിവസം അവിടെ പാർത്ത കപ്പലിൽ കരെറിയാൽ പെരുമാറുവാനുള്ളതിന്നു വെണ്ടുന്ന കമ്പിളികളും അരചരടുകളും രണ്ടുമൂന്നു പുതപ്പുകളും ഇങ്ങനെ ചുരുക്കിവെണ്ടുന്ന വസ്തുക്കളൊക്കയുംകൊണ്ടു വിദയം വരുത്തി എങ്കിലുംവെള്ളംകുടി ആയിട്ടു തിന്മാനുള്ളതിൽ ഒന്നും കൊള്ളുവാൻ ഓർത്തതുമില്ലാ.

ഇങ്ങനെ എല്ലാ കൂട്ടവും വിദയം വരുത്തി പിറെറ ദിവസം കപ്പലിന്റെ കപ്പിത്താൻ മനുവെൽ നഷിമെന്തു ദെക്കൊസ്താ എന്നവനൊടു കപ്പലിൽ ചെന്നാൽ ഞങ്ങളെ അതിൽ കൈക്കൊള്ളുവാൻ ഉള്ള പ്രകാരത്തിന്നു കപ്പലിലുള്ള പ്രവർത്തിക്കാരന്മാർക്കു സാധനവും മെടിച്ചു കപ്പലിൽ കരെറുവാനായിട്ടു യാത്ര പുറപ്പെട്ടപ്പൊൾ മെൽപറഞ്ഞ അർമ്മന്യക്കാരൻ പപ്പൂച്ചിപാതിരിയും മററു ചില തമുഴർവിശ്വാസികളും കടൽ വാസ്തുരയൊളം ഞങ്ങൾക്കു അണിയാത്ര വരികയും ചെയ്തു.

വിശെഷിച്ചു കപ്പലിൽ കരെറുവാനായിട്ടു ഞങ്ങൾ പുറപ്പെട്ടു കടൽ വാസ്തുരക്കു വരുവാനായിട്ടു തെരുവിൽകൂടെ കടക്കുന്ന നെരത്തു ഒരു പുലിയുടെ കഴുത്തെൽ ഒരു കയറുമിട്ടു എല്ലാവരും നടക്കുന്ന വഴിയിൽ ഒരു കുററിയും നാട്ടി ഒരു പട്ടിയെ കെട്ടുന്നപൊലെ കെട്ടിക്കിടക്കുന്നതു കണ്ടാറെ പാരം അത്ഭുതം തൊന്നുകയും ചെയ്തു.

എന്നാൽ കപ്പലിന്റെ മെലാകുന്ന ഇൻഗ്ളെശകാരൻ ചിന്നപട്ടണത്തനിന്നും തന്റെ ഉടമയിലുള്ള രണ്ടു പൈതങ്ങളെ പഠിപ്പിപ്പാനായിട്ടു ഇൻഗ്ളണ്ഡിൽ തെറായിക്കു കൊണ്ടുപൊകത്തക്കവണ്ണം പറഞ്ഞൊത്തിരുന്നു. അപ്പൊഴെ ഞങ്ങൾ കപ്പൽ കരെറുവാനായിട്ടു കടൽ വാസ്തുരെ ചെന്നപ്പൊൾ ആ പൈതങ്ങൾ രണ്ടുപെരെയും കൂടെ അവിടെ കൊണ്ടുവന്നിട്ടുണ്ടായിരുന്നു. ഇതിന്റെ ശെഷം ഞങ്ങൾക്കു അണിയാത്രയായിവന്ന കപ്പൂച്ചിപാതിരിയും തമുഴർവിശ്വാസികളുമായിട്ടു പിടിച്ചുതഴുകി യാത്രയും ചൊല്ലി മെൽപറഞ്ഞ പൈതങ്ങളെ എടുത്തിരിക്കുന്നവരുംകൂടെ വള്ളത്തിൽ കരെറി കപ്പലിൻപക്കൽ ചെന്ന കപ്പലിന്റെ കപ്പിത്താൻ തന്ന സാധനം കപ്പലിന്റെ പ്രവർത്തിക്കാരനെ കാട്ടിയാറെ ഉടൻതന്നെ ഞങ്ങളെയും ഞങ്ങളുടെ മുണ്ടുമുറിയും കപ്പലിൽ കൈക്കൊള്ളുകയും ചെയ്തു. വിശെഷിച്ചും കപ്പലിന്റെ ഉടയവൻ അപ്പോൾ കപ്പലിൽ വന്നിട്ടില്ലാഞ്ഞു താനും.





# ഇരുപത്തിയാറാംപദം

## കപ്പലിൽ കരെറിയതിന്റെ ശെഷം ഉണ്ടായ അവസ്ഥമെൽ

അപ്പൊഴെ മലയാളത്തിൽനിന്നു ഞങ്ങൾ തിരിച്ച ആണ്ടിൽതന്നെ അതായതു ൧൭൭൮-ാം (1778) ആണ്ടിൽതന്നെതുലാമാസം ൧൪-ാം- (14) കപ്പൽ കരെറിയതിന്റെ ശെഷം പിന്നെയും കപ്പലിന്റെ അച്ചന്മാർക്കു അവിടെ താമസം ഉണ്ടായിരിക്കകൊണ്ടു നാലുദിവസം അവിടെതന്നെ പാത്തതിന്റെ ശെഷം അഞ്ചാംദിവസം അവിടെനിന്നു തിരിച്ചു കൂടല്ലൂർ വന്നാറെ അവിടെ കപ്പൽകാറർക്കു താമസിപ്പാൻ കാര്യമുണ്ടാകകൊണ്ടു അവിടെ ചീനി ഇട്ടതിന്റെ ശെഷം കുറെ ദിവസം കപ്പൽ അവിടെ പാർക്കകയും ആ ഇടക്കു കരയിലുള്ള പലരും പല പല തരമുള്ള പുതപ്പുകളും മെശത്തുവാലകളുംകൊണ്ടു കപ്പലിൽ വന്നാറെ പലരും പലപല വസ്തുക്കൾ കൊണ്ടപ്പൊൾ ഞങ്ങളും ഒരു മെശമെൽ വിരിപ്പാൻവെണ്ടുന്ന തുവാലകൾ വെലതാപ്പായിട്ടു കാൺകകൊണ്ടു ആയതുകൊള്ളുകയും ചെയ്തു.

എന്നാൽ ഇങ്ങനെ പലരും പലപല വസ്തുക്കൾ കൊള്ളുന്ന നെരത്തു കപ്പലിന്റെ വികാരിയാകുന്ന പാതിരി മല്പാനെ വെറെ വിളിച്ചു പറഞ്ഞു. നിങ്ങൾക്കു പരിചയമില്ലാത്ത ആളുകൾ ആകകൊണ്ടു നിങ്ങളൊടു ഞാൻ അറിയിക്കുന്നു. നിങ്ങളുടെ പററിൽ കാശൊ പണമൊ ഉണ്ടെങ്കിൽ നന്നായി സൂക്ഷിച്ചുകൊള്ളണം. ഈ സംഗതിയിൽ പലരും വന്നു വായിപ്പ ചൊദിപ്പാൻ പൊരും. എന്നാൽ കൊടുത്തെന്നു വരാതെ ഇരിക്കട്ടെ. അതെന്തെന്നാൽ കൊടുത്താൽ വീണ്ടു കിട്ടുവാൻ പരാധീനമായിരിക്കും. എന്നിങ്ങനെ പാതിരി അറിയിച്ചെങ്കിലും കപ്പലിലുള്ള മാൽവിപിടിക്കുന്നവരിൽ രണ്ടു പെർ എത്രയും സാധ്യമായിട്ടു മല്പാനൊടു അപെക്ഷിക്കകൊണ്ടു ഏതാനും പണം വായിപ്പ കൊടുത്താറെ അവരിൽ ഒരുത്തൻ പറുങ്കിനാട്ടിൽ ചെന്നപ്പൊൾ താൻ മെടിച്ച പണം കടം വീട്ടി. മററവൻ താൻ വാങ്ങിയ അഞ്ചു വിരാകൻ ഇത്രനെരവും തന്നതുമില്ലാ.

ഇതിന്റെ ശെഷം കപ്പലിനു അവിടെ കാര്യങ്ങളൊക്കയും തീർന്നു ഏഴാം ദിവസം അവിടെനിന്നു ചീനിയും നിവർത്തി ഏറൊപ്പെക്കു പൊകുവാനായിട്ടു നെരെതന്നെ പാ പിടിക്കയും ചെയ്തു.

എന്നാൽ ചിന്നപട്ടണത്തും കൂടല്ലൂരും കപ്പൽ താമസിച്ച നെരമൊക്കയും മെൽപറഞ്ഞ കൊവളത്തു വസിക്കുന്ന കർമ്മലീത്തക്കാരൻ യൊഹന്നാൻപാതിരി ഈ അവസ്ഥ കെട്ടതെങ്കിൽ വാച്ചുമുടക്കവും ഉണ്ടാക്കുവാൻ പൊരുമെന്നു വലിയ ഭയം ഞ

www.malankaralibrary.com

ങ്ങൾക്കുണ്ടായിരുന്നതുകൊണ്ടു ആയതൊന്നും വരാതെ ഇരിപ്പാൻ
നമ്മുടെ തമ്പുരാൻകർത്താവിനൊടു വെണ്ടുവൊളം അപെക്ഷിക്ക
യും ചെയ്തു.

അപ്പൊഴെ ഇങ്ങനെഎറൊപ്പെക്കു പൊകുവാൻ നെടുവഴി
ക്കു പാ പിടിച്ചതിന്റെ ശെഷം കപ്പലിലുള്ള ഉടയവർ ഞങ്ങളുടെ
മെശയിൽ തലെപ്പട്ട ഇടം ഞങ്ങൾക്കു തന്നു എങ്കിലും ഞങ്ങളു
മായിട്ടു മുൻപിൽ കണ്ടറിവില്ലായ്കകൊണ്ടും ഞങ്ങളുടെ സ്വഭാ
വം അറിയായ്കകൊണ്ടും നല്ലവണ്ണം തന്നെ ഇണക്കമില്ലാഞ്ഞു
താനും. എന്നാലും എട്ടു ദിവസം കഴിഞ്ഞപ്പൊൾ നമ്മുടെ ത
മ്പുരാൻകർത്താവു അവരുടെ ഹൃദയത്തിന്നു അലിവു വരുത്തി ഞ
ങ്ങളുടെ എളിമയും വഴക്കവും കണ്ടതിന്റെ ശെഷം ഞങ്ങളുടെ
മെൽ പാരം പ്രസാദമായി ഞങ്ങളുടെ നെരെ വളരെ സ്നെഹ
ത്തൊടും അനുഗ്രഹത്തൊടും കൂടെ പെരുമാറി ഞങ്ങൾക്കുവെണ്ടു
ന്ന വസ്തുക്കളിൽ ഒന്നിനും കുറവുവരാതെ എല്ലാംകൊണ്ടും ഞങ്ങ
ളെ സഹായിക്കയും ചെയ്തു. വിശെഷിച്ചും കപ്പലിന്റെ കപ്പി
ത്താൻ മുൻപിൽ ഗൊവായിൽ വന്നപ്പൊൾ മരിച്ചുപൊയ ഇക്ക
പ്പലിന്റെ മുൻപിലത്തെ കപ്പിത്താൻ പാർത്തിരുന്ന മുറിയും
തന്നു അവിടെ രണ്ടു കട്ടിലും വിദയം വരുത്തി ഞങ്ങളെ നാലു
പെരെയും അവിടെ ആക്കി കുറെ ദിവസം കഴിഞ്ഞാൽ അവി
ടെ ഇരിക്കുന്ന വസ്തുക്കളൊക്കയും നീക്കി മുറിക്കു എടഭാഗം വ
രുത്തി തരാമെന്നു പറഞ്ഞൊക്കയും പിന്നെ അതിൻവണ്ണംതന്നെ
ചെയ്കയും ചെയ്തു.

ഇങ്ങനെ പതിനഞ്ചു ദിവസം കഴിഞ്ഞപ്പൊൾ പാണ്ടിനാ
ട്ടിൽക്കൂടെ ഞങ്ങൾക്കു കടക്കുന്നപ്പൊൾ ഉണ്ടായ ചൂടിന്റെയും കാ
ച്ചിലിന്റെയും ദെഹദണ്ഡത്തിന്റെയും ഹെതുവാൽ കപ്പലിലു
ള്ള തണുപ്പായ യാവനകളൊക്കയും ഞങ്ങൾ തിന്നപ്പൊൾ
ഞങ്ങൾ എല്ലാവരുടെയും ദെഹത്തുമ്മെൽ എത്രയും കഠിനമായ
ചൊറിയും കുഷ്ഠംപൊലെയുള്ള ചിരങ്ങും ഉണ്ടായി. മല്പാന്റെ
കാലിന്മെലും കൈമെലും ഉള്ള ചൊറിയുടെയും ചിരങ്ങിന്റെ
യും പെരുപ്പം പറഞ്ഞാൽ ഒപ്പിച്ചു കൂടാ. രാത്രി ഒക്കയും ചൊറി
യുടെ കഠിനംകൊണ്ടു ഒരു തെല്ലുപൊലും കണ്ണുകൂട്ടാതെ കപ്പ
ലിന്റെ മീതെ ലാത്തി നടന്നു നമസ്കരിക്കുമാറായിരുന്നു.
വിശെഷിച്ചും കാലിന്റെ മുട്ടുമ്മെലുള്ള ചിരങ്ങിന്റെ പെരുപ്പ
വും പഴപ്പുംകൊണ്ടു രണ്ടു ലെസ ഒരുമിച്ചു മടക്കി മുട്ടിന്മെൽ വച്ചു
കെട്ടിയാൽ നെരം വൈകുന്നതിനിടയിൽ ആയതൊക്കയും നന
ഞ്ഞൊലിച്ചു പൊകുമാറും ആയിരുന്നതുമൊഴിയെ കയ്യിന്മെൽ
ഉണ്ടായ ചിരങ്ങിന്റെ പെരുപ്പംകൊണ്ടു രണ്ടു കയ്യും വീങ്ങി ത
ടിച്ചു ഒരുവണ്ണം പിലാവിലകിണ്ണൻകൊണ്ടു കൊരി യാവന
ഭക്ഷിക്കുമാറായിരിക്കയും അതിൻവണ്ണംതന്നെ തൊമ്മൻ കത്ത



നാരും തന്റെ ചന്തിമെലും കാലിന്മെലും ഉണ്ടായ ചിരങ്ങിന്റെ
പെരുപ്പംകൊണ്ടു ഏകദെശം രണ്ടാഴ്ചപൊലും കുർവാന കാൺമാ
നും തെ കുടിപ്പാനും എന്നിയെ പുറത്തു പുറപ്പെടാതെയും താടി
പൊലും കളയിക്കാതെയും താൻ ഉറങ്ങുന്ന കട്ടിന്മെൽ തന്നെ ഇ
രിക്കെണ്ടി വരികയും ചെയ്തു. വിശെഷിച്ചും ചാക്കൊയിക്കും
മാത്തുവിന്നും തങ്ങടെ ദെഹത്തിന്മെൽ വെണ്ടുവൊളം ചിരങ്ങു
ണ്ടായിരുന്നു. എങ്കിലും അവർ കിടാങ്ങൾ ആകകൊണ്ടും ഞങ്ങ
ളെപൊലെതന്നെ ആയതിന്റെ നൊമ്പരം അവർ ധരിച്ചതു
മില്ലാ.

ഇതുമെന്നിയെ കപ്പലിൽ തിന്നുവരുന്ന ഭക്ഷണം വെണ്ടുവൊ
ളം മതിയാകുവാൻ തക്കവണ്ണം ഉണ്ടായിരുന്നു എങ്കിലും ആ യാ
വന വെണ്ടുംവണ്ണം പിടിക്കായ്കകൊണ്ടും ചിന്നപട്ടണത്തുനി
ന്നും കപ്പൽ കരെറിയപ്പൊൾ തിന്മാനുള്ളതിൽ ഏതാനും കൊ
ള്ളുവാൻ അയത്തുപൊകകൊണ്ടും കുറെ മനസ്സുമുട്ടു ഞങ്ങൾക്കെ
ല്ലാവർക്കും ഉണ്ടായിതാനും. വിശെഷിച്ചും കപ്പലിൽ മരപ്പണി
ക്കാരു ജെമ്മാനെന്നും ക്രിസ്തൊപ്പൊറെന്നും രണ്ടു പെരുണ്ടായിരു
ന്നു. എന്നാൽ ഇവർ രണ്ടു പെരും ഞങ്ങളൊടു പാരം സ്നെഹം കാ
ട്ടുകകൊണ്ടു പലപ്പഴും അവരുടെ മുറിയിൽ ഞങ്ങൾ ചെന്നു അവ
രുമായി സംസാരിക്കയും അവരും വെള്ളംകൊണ്ടും മററും അസാര
മായ വസ്തുക്കൾകൊണ്ടും ഞങ്ങളെ സഹായിക്കയും ചെയ്തു. ഇങ്ങ
നെ ആദിത്യന്റെ വഴിയിൽ നിന്നു മുപ്പത്തഞ്ചര പദവിയിലുള്ള
കുളിരിന്റെയും തണുപ്പിന്റെയും പെരുപ്പം കൊണ്ടു ഞങ്ങളുടെ ശ
രീരത്തിന്മെലുള്ള ചിരങ്ങിന്നും ചൊറിക്കും പാരം നൊമ്പരം വ
ർദ്ധിച്ചതുമെന്നിയെ ഞങ്ങളുടെ ശരീരങ്ങളിന്മെൽ സൂശിയുടെ മുനകൊ
ണ്ടു കുത്തിയാലുള്ളപൊലെ ഒരു കൂട്ടം നൊമ്പരം ഉണ്ടാകയും ചെ
യ്തു.

എന്നാൽ ഞങ്ങൾ കപ്പൽ കരെറിയതിൽ പിന്നെ താഴത്തു
എഴുത്തുപെടുന്നപൊലെ വെൻശെല എന്ന പ്രദെശത്തു വരുവൊ
ളം ഞങ്ങളുടെ ശരീരത്തിന്മെൽ ഉണ്ടായ സങ്കടംകൊണ്ടു കപ്പ
ലിൽ ഒരു വസ്തു എടുപ്പാൻ സംഗതി വന്നില്ലാ പിന്നെയൊ ഈ
ഞെരുക്കങ്ങൾ ഒക്കയിൽനിന്നും ഞങ്ങളെ രക്ഷിച്ചു നല്ലവണ്ണം
ഞങ്ങൾ ഭാവിച്ച ഇടങ്ങളിൽ കൊണ്ടുപററിപ്പാൻ മുട്ടിപ്പായിട്ടു
തമ്പുരാനൊടു അപെക്ഷിച്ചതെ ഉള്ളു.

വിശെഷിച്ചും തൊമ്മൻകത്തനാരു പറങ്കികപ്പൽ കണ്ടെത്തി
പ്രത്തുക്കാൽ രാജ്യത്തിന്നു പൊകുവാൻ നിശ്ചയിച്ചപ്പൊഴെ മല
ങ്കരഇടവക ഒക്കയുടെയും മെത്രാപ്പൊലിത്താ ആകുന്ന കൊടുങ്ങ
ല്ലൂർ മെത്രാപ്പൊലിത്താടെ ശ്രുപതയിലുള്ള ആൾ താൻ ആയി
രിക്കകൊണ്ടും മെത്രാപ്പൊലിത്താ കാലം ചെയ്തിട്ടു രണ്ടു നാലാ
ണ്ടു കഴിഞ്ഞിട്ടും തന്റെ അനന്തരവരായിട്ടു ആരെയും പ്രത്തു

www.malankaralibrary.com

ക്കാൽ രാജാവു പെരു വിളിക്കായ്ക കൊണ്ടും അക്കാര്യത്തിന്നു കൂടെ നിവൃത്തി വരുത്തണമെന്നത്രെ തമ്പുരാന്റെ തിരുമനസായിരിക്കുമെന്നു വച്ചു ആയതിന്നുകൂടെ വാച്ച പ്രകാരത്തിലും നിവൃത്തി വരുത്തി മെൽപറഞ്ഞ മെത്രാപ്പൊലിത്താടെ ഇടവകയിലുള്ള പള്ളികളിന്മെൽ കൂടെയും അനുഗ്രഹിച്ച തലവനെ ഉണ്ടാക്കി തരുവാൻ മനൊഗുണമുണ്ടാകണമെന്നു എല്ലാ ദിവസവും പ്രത്യെകമായിട്ടു തമ്പുരാനൊടപെക്ഷിക്കയും ചെയ്തു.

ഇതുമെന്യെ കാപ്പ ദെ ബൊന എസ്പെരാൻസാ എന്നു ചൊല്ലുന്ന നല്ല ശരണത്തിന്റെ കൊടിക്കൽ കപ്പൽ അടുത്തു തുടങ്ങിയപ്പൊൾ മല്പാൻ ഈ നമ്മുടെ കാര്യം ചൊല്ലി കരയിൽ കഴിച്ച പ്രയത്നവും മനക്ലെശവുംകൊണ്ടുണ്ടായ കാച്ചിലിന്റെ പെരുപ്പംകൊണ്ടു ദെഹത്തിന്മെൽ ഉണ്ടായ ചിരങ്ങുകളൊക്കെയും കഠിനമായി ചിളുത്തു നടപ്പാൻ കൂടെയും വഹിയാ എന്നു വന്നാറെ ആയതിന്നു ചൊര കൊത്തിയാൽ നന്നായിരിക്കുമെന്നു ഭാവിച്ചു കപ്പലിൽ ഉള്ള വൈദ്യക്കാരനുമായിട്ടു പറഞ്ഞാറെ ചൊര കൊത്തിയാൽ കുരുക്കൾ ഒക്കെയും അകത്തൊട്ടു ഒതുങ്ങി ദീനം വർദ്ധിപ്പാൻ പൊരുമെന്നും ചൊല്ലി ചിരങ്ങു ഒക്കെയും പഴുപ്പിച്ചു പൊറുപ്പിപ്പാനായിട്ടു ദെഹത്തിന്മെലുള്ള കുരുവുകളിന്മെൽ പെരട്ടുവാനായിട്ടു ഒരു കൂട്ടം കൊഴമ്പു കൊടുത്താറെ ആയതു പെരട്ടിയപ്പൊൾ ദെഹത്തിന്മെലുള്ള ചിരങ്ങു ഒക്കെയും കുറെ ഒന്നു വാടി കാലിന്റെ രണ്ടു പാദത്തിന്മെലും കുറെച്ചെ നീരു കണ്ടു തുടങ്ങി. എന്നാൽ ഇങ്ങനെ രണ്ടു നാലു ദിവസം കഴിഞ്ഞപ്പൊൾ ആ നീരു പാരം വർദ്ധിച്ചു മെല്പട്ടൊട്ടു കരെറി നാഭിക്കലും കീഴവയററിന്മെലും കരെറി കാര്യമൊക്കെയും കുഴപ്പായി വരികയും ചെയ്തു.

എന്നാൽ ഇങ്ങനെ ദീനം കഠിനമായപ്പൊൾ കാൺമാനായിട്ടു കപ്പലിന്റെ അച്ചന്മാരും മെലാളാകുന്ന ഇൻഗ്ലെശക്കാരനും മററും പലരും വന്നു മല്പാനെ കാൺകയും തണുപ്പിക്കയും ചെയ്തുതാനും. ആയതൊക്കെയും കപ്പലിലുള്ള വൈദ്യൻ കണ്ടപ്പൊൾ മലയാളത്തിൽ തിന്നുവരുന്നതിൻ പ്രകാരം തിന്നായ്കകൊണ്ടായിരിക്കുമെന്നു ഭാവിച്ചു മലയാളത്തിൽ വൈക്കുന്നപ്രകാരത്തിന്നു കുറെ അരി വെപ്പിച്ചു ആയതിന്റെ കഞ്ഞി കൊണ്ടുവന്നു കുടിപ്പാൻ കൊടുത്തു. ആയതു കുടിച്ചപ്പൊൾ നീരു മുൻപിലത്തെതിൽ സൊല്പൻ വർദ്ധിച്ചു ശ്വാസംകൂടെ മുട്ടി തുടങ്ങുകയും ചെയ്തു.

ഇങ്ങനെ ദീനം കഠിനമായപ്പൊൾ ഈ ദീനത്തിന്നു മററൊരു വൈദ്യവും ഇല്ലെന്നു വൈദ്യൻ പറകകൊണ്ടു മരിക്കുമത്രെ എന്നു ഭാവിച്ച പാരം വെദനപെട്ടു. ഞാൻ മലയാളത്തിലുള്ള എന്റെ ജാതിയെ ഒക്കെയും ചതിച്ചെന്നു വരികെ ഉള്ളു. അതെന്തെ



ന്നാൽ അവരുടെ പണവും മെടിച്ചു നല്ലവണ്ണം അവരുടെ വീടുകളിൽ പാൎത്തിരുന്ന കന്നുകിടാങ്ങളെയും കുറെ ലത്തിൻ പഠിച്ചിട്ടുള്ള ആളിനെയും കൊണ്ടുവന്ന ഈ ഇടവഴിക്കാക്കി. ഇപ്പൊൾ ഞാൻ മരിച്ചുപൊയെങ്കിൽ എവ്റൊപ്പയിൽ ചെന്നാൽ പെച്ചു പൊലും തിരിയാത്ത നിങ്ങൾ എന്തൊരു വസ്തു എടുക്കും. ഇതുമെന്യെ മലങ്കരപള്ളികളുടെയും ജാതികളുടെയും ശത്രുക്കളാകുന്ന പാതിരിമാരു എന്റെ മരണം കെൾക്കുമ്പൊൾ എത ്രയും പാരം സന്തൊഷപ്പെട്ടു നമ്മുടെ ജാതികളെ ഒക്കെയും ഇത്രപ്പൊഴും കഴിച്ചുവരുന്നപൊലെ കുറച്ചു തന്നെയല്ല പിന്നെയൊ ചവുട്ടുകയും ചെയ്യുമെന്നും എന്റെ കന്യാസ്ത്രീഅമ്മെ ഇതിനൊക്കെയും ഒഴിച്ചിൽ നിങ്ങൾ വരുത്തി തരണമെ എന്നും ഇതും മററും പലതും ജാതി ഒക്കെക്കും വരുന്ന സങ്കടത്തിന്മെൽ ഞങ്ങളൊടു പറകയും കരകയും ചെയ്യുന്നതിനാൽ ഞങ്ങൾക്കും പാരം ക്ലെശമുണ്ടാകയും ഉടൻ തമ്പുരാൻ സഹായിക്കും എന്നും നമ്മുടെ ജാതികളെയും നമ്മളെയും നമ്മുടെ ജനങ്ങളെയും ഉപെക്ഷിക്കയില്ലാ എന്നും പറഞ്ഞു ഞങ്ങളാൽ ആകുന്ന പൊലെ മല്പാനെ തണുപ്പിക്കയും ചെയ്തു.

അപ്പൊഴെ വൈദ്യൻ കൈ മടക്കി എന്നും ചൊല്ലി. കാര്യം വിഷമമായി എന്നു തന്നെയല്ലാ സാധിക്കാത്ത കാര്യം ഞങ്ങളൊക്കെയും സാധിപ്പാൻ ഉടെതമ്പുരാന്റെ തൃക്കൈകളിൽ വശമുണ്ടെന്നും ഭാവിച്ചു മലങ്കരയൊക്കെയുടെയും സങ്കെതങ്ങടയനും കാൎക്കുന്നവനുമായ മാർ സെവസ്ത്യാനൊസ പുണ്യാളനു ഒരു വെള്ളിക്കാൽ നെർച്ച നെന്നതിന്റെ ശെഷം പുണ്യവാളന്റെ അപെക്ഷയാൽ ഉടെതമ്പുരാൻ പ്രത്യെകമായി മനൊഗുണം ചെയ്തു. അന്നു രാത്രിയിൽതന്നെ വെണ്ടുംവണ്ണം ഉറക്കവും വന്നു. പിറെറ ദിവസം നെരം വെളുത്തപ്പൊളത്തെക്കു നീരൊക്കെയും ദെഹത്തിന്മെൽ നിന്നിറങ്ങി മുമ്പിലത്തെപൊലെ കാലിന്റെ പാദത്തിന്മെൽ ആകയും ഉള്ളിലുള്ള വെദനകൾക്കും സങ്കടങ്ങൾക്കും സൊല്പൻ ഭെദവും കണ്ടതിനാലെ ഞങ്ങൾക്കെല്ലാവൎക്കും പാരം സന്തൊഷവും അശെക്യവും തൊന്നി. ഇച്ചെയ്ത വലിയ മനൊഗുണത്തെപ്രതി പ്രത്യെകമായിട്ടു ഉടെതമ്പുരാനെ സ്തുതിച്ചുകൊണ്ടാടുകയും മാർ സെവസ്ത്യാനൊസ പുണ്യവാളനൊടു നന്ദി കാട്ടുകയും ചെയ്തു.

ഇതിന്റെ ശെഷം പതുക്കെ പതുക്കെ ഭെദം വന്ന കാലിന്മെലുള്ള നീരൊക്കയും പൊകയും ചെയ്തു. ഈ അവസ്ഥ ഒക്കെയും കപ്പലിൽ കഴിഞ്ഞതിന്റെ ശെഷം കാപ്പ ദെ ബൊനാ എസ്പെരാൻസാ എന്നു ചൊല്ലുന്ന നല്ല ശരണത്തിന്റെ കൊടിയും കഴിഞ്ഞ ൲൭൱൯-ാം കാലം (1779) കുംഭമാസം ൰൭-ാംനു (17) ഭൂമിയുടെ ഒരു കൂറാകുന്ന ആഫ്രിക്കാനാട്ടിലുള്ള വെൻഗെല എന്ന തുറമുഖത്തു വന്നു ചീനി ഇടുകയും ചെയ്തു.

www.malankaralibrary.com

# ഇരുപത്തിയെഴാംപദം

വെൻഗെലാ എന്ന ഇടത്തിന്റെയും അവിടെ ചെന്നാറെ ഉണ്ടായ അവസ്ഥമെലും

മെൽ പറഞ്ഞ കാപ്പ ദെ ബൊനാ എസ്പെരാൻസാ എന്നു ചൊല്ലുന്ന നല്ല ശരണത്തിന്റെ കൊടിയുടെ മറുപുറത്ത ആദിത്യന്റെ വഴിയുടെ വരതൊട്ട ൧൩-ാം (13) പദവിയിൽ ഭൂമിയുടെ ഒരു കുറായ ആഫ്രിക്കാനാട്ടിൽ അത്രെ വെൻഗെലാ എന്ന ഈ എടം ആകുന്നു. എന്നാൽ ഈ ഇടം പറങ്കിമാരു കണ്ടാറെ ആഫ്രിക്കാനാട്ടിലുള്ള തങ്ങളുടെ കച്ചവടത്തിന്നു തുറസുണ്ടാകുവാനും ഇന്തിയനാട്ടിന്നും മറ്റും പല ഇടങ്ങൾക്കും പൊകുന്ന തങ്ങടെ കപ്പൽകൾക്കു ആശ്വാസം വരുത്തി വെണ്ടും വസ്തുക്കളൊക്കയും വിദയം വരുത്തുവാനും ആയിട്ട സൊൽപൻകാലം മുമ്പെ ആ നാട്ടിലുള്ള കാപ്പിരിമാരെ നീക്കി അവിടെ ഒരു കൊട്ടയും ഇട്ട ആ നാട്ട തങ്ങളുടെ കീഴ ആക്കുകയും ചെയ്തു. അപ്പൊഴൊ ഈ നാട്ടിന്റെ കാറ്റു എത്രയും ആകാത്തതും ആകുന്നതുമൊഴിയെ ആ നാടൊക്കയും വെട്ടുകല്ലുപൊലെ ഇരിക്കുന്ന ഒരു ക്രൂട്ടം ചുകന്ന മണ്ണുകൊണ്ടുള്ള തകടി ആയിരിക്കയും ആയതിന്നു മീതെ ചെറിയ പുല്ലുകൾ മുളച്ചിരിക്കയും ചെയ്യുന്നതല്ലാതെ തണൽ വരുത്തുവാൻ തക്ക വലിയ മരങ്ങളും കാടുകളും ഒന്നും ഇല്ലായ്കകൊണ്ടു അവിടെയുള്ള ഉഷ്ണം വൈലിന്റെ ചൂട എത്രയും കഠിനമായിരിക്കയും ചെയ്യുന്നു. സാമാന്യമായിട്ട അവിടെ മഴ ഉണ്ടാകുമാറില്ല. ആയതല്ലാതെ മഴ ഉണ്ടാകുന്ന കാലം വകന്ത ഉണ്ടായി പലരും മരിക്കുമാറാകുന്നു. എന്നാൽ ഈ നാട്ടിന്റെ കാറ്റിന്റെ കഠിനവും പിടിയായ്കയും കൊണ്ടു പറങ്കിനാട്ടിൽ നിന്നു തങ്ങടെ മനസാലെ അവിടെ വസിപ്പാൻ പൊകുന്ന ആളുകൾ ചുരുക്കമാകകൊണ്ടു കഠിനമായ കുററം ഏതാനും കാട്ടുന്ന ആളുകളെ ബലത്താലെ പിടിച്ചു അവിടെക്കു നാട്ട കടത്തുമാറാകുന്നു. എന്നവരുമ്പൊൾ അവിടെ പാക്കുന്ന ഏറൊപ്പക്കാററു ജനങ്ങളൊക്കയും അവിടെയുള്ള കാററിന്റെ പിടിയായ്കകൊണ്ടും ഉഷ്ണത്തിന്റെ കഠിനംകൊണ്ടും തങ്ങടെ ദെഹമൊക്കയും ചൊര ഇല്ലാത്ത ശരീരങ്ങൾ പൊലെ വെളുത്ത വെളറി നെഞ്ചിന്നു മീതെ കൈകൾ രണ്ടും കഴുത്തും തലയും മെലിഞ്ഞും വയറുന്തിയും കാലു മെലിഞ്ഞും ഇങ്ങനെ എത്രയും വിരൂപമായി ഇരിക്കയും ചെയ്യുന്നു.

എന്നാലും അവിടെയുള്ള കാളകളും പശുക്കളും കാകനികളും എത്ര വലിയതും നല്ലതുമായിരിക്കുന്നതാനും. അപ്പൊഴൊ കപ്പലിലുള്ളവരുടെ ശരീരങ്ങൾ തണുപ്പു വരുത്തുവാനും ശെഷംവഴിക്കുള്ള ഭക്ഷണത്തിന്നു വെണ്ടുന്ന വസ്തുക്കളൊക്കയും വിദയം വരുത്തുവാനും ആയിട്ട മെൽ പറഞ്ഞ ഞങ്ങളുടെ കപ്പൽ ഈ ഇടത്തിന്നു ചെന്നടുത്ത ചീനി ഇട്ടപ്പൊൾ കപ്പലിൽ മാൽവി പിടിക്കയും മററും പല ചിററാഴ്മ എടുക്കയും ചെയ്യുന്ന വാലിഭക്കാരൊക്കയും ഏറിയനാൾ മഴ കാണാഞ്ഞിട്ട ഉണങ്ങി വറുത്തിരിക്കുന്ന ഭൂമി വെള്ളത്തിനെ ദാഹിക്കുന്നപൊലെ ഏറിയ നാൾ കപ്പലിൽ ആയിരിക്കകൊണ്ടു കര കാണാഞ്ഞു ദാഹിച്ചിരുന്നതിനാംപക്കം അവിടെ ചീനി ഇട്ട ഉടൻ നാട്ടിന്റെ നന്മയും തിന്മയും കാററിന്റെ ഗുണവും ഗുണക്കെടും ഒന്നും വിചാരിക്കാതെ ഉടൻതന്നെ കരക്കുപൊയി. അവരിൽ ചിലർ കരയിൽതന്നെ അവിടെനിന്നു പൊവൊളം വസിക്കയും മററു ചിലർ ഒന്നരണ്ടു ദിവസം കരയിൽ പൊറുത്തതിന്റെ ശെഷം വീണ്ടു കപ്പലിൽ വരികയും പിന്നെയും വീണ്ടു കരക്കു പൊകയും ഇങ്ങനെ വർദ്ധനവു ഒന്നും ക്രൂടാതെ കണ്ടതൊക്കെ തിന്നുകയും കുടിക്കയും മനസിൽ ബൊധിച്ചവണ്ണം സർവ്വത്തും കാട്ടുകയുമത്രെയാകുന്നു.



വിശെഷിച്ചും ഇവരു കരക്കു പൊയ ദിവസങ്ങളിൽ എത്രയും വലുതായ ഒരു മഴ അവിടെ ഉണ്ടായി ഭൂമിക്കു കാച്ചിൽ വർദ്ധിക്കയും ചെയ്തു.

എന്നാൽ കപ്പലിന്റെ അച്ചന്മാരും കപ്പിത്താനും ദിവസംതൊറും കരക്കു പൊകുമാറുണ്ടായിരുന്നു. എങ്കിലും ഒരു ദിവസം പൊലും ഉറങ്ങുവാൻ കരയിൽ പൊറുക്കാതെ നെരം വൈകുന്ന സമയത്തിൽ കപ്പലിൽ പൊരുമാറായിരുന്നു. വിശെഷിച്ചും ഞങ്ങൾക്കു തിന്മാനുള്ള വസ്തുക്കളിൽ ഏതാനും കൊള്ളുവാൻ ദിഷ്ടതി ഉണ്ടായിരിക്കകൊണ്ടും അവിടെ അഴിയുന്ന നാണിഭം ഞങ്ങടെ പററിൽ ഇല്ലായ്കകൊണ്ടും ചിന്നപട്ടണത്തുനിന്നു ഞങ്ങൾ കൊണ്ടു പുതപ്പുകളിൽ ഏതാനും അവിടെ വിൽക്ക അല്ലാതെ വെറെ ഒരുപായം ഇല്ലെന്നുകണ്ടു ആയതിന്നു ശ്രമിച്ചുതുടങ്ങിയാറെ ഇന്ദിയായിൽനിന്നു കൊണ്ടുവരുന്ന വസ്തുക്കളൊക്കയും പ്രത്തുക്കാലിൽ ചെല്ലുന്നതിനകം ഒരിടത്തും വിററുകൂടാ എന്നു രാജവിരവധം ഉണ്ടായിരിക്കകൊണ്ടു പരഹസ്യത്താലെ ആയതു ചെയ്‌വാൻ വഹിയായ്കകൊണ്ടു മെൽപറഞ്ഞ ഞങ്ങടെ സ്നെഹകാററരാകുന്ന ജന്മാനും ക്രിസ്റ്റൊപ്പൊറുമായിട്ട പറഞ്ഞു മെൽ ചൊല്ലിയ പുതപ്പുകൾ അവരുടെ പററിൽ ഏല്പിച്ചു അവരൊടുക്രൂടെ മല്പാനുംക്രൂടെ കരക്കു പൊയി മൂന്നു ദിവസം അവിടെ പാർത്ത നല്ല ലാഭത്തിന്നു വിററു ഞങ്ങൾക്കു വെണ്ടുന്ന വസ്തുക്കളൊക്കയും അതായതു കുറെ കൊഴികളും പഞ്ചസാരയും കൊതമ്പുകൊണ്ടുള്ള ഒറൊട്ടികളും പല പലക്രൂട്ടം മധുരങ്ങളും കാകനികളും ശെഷം വെണ്ടുന്ന വസ്തുക്കളൊക്കയും കൊണ്ടുകൊണ്ടു കപ്പലിൽ വരികയും ചെയ്തു.

വിശെഷിച്ചും മല്പാൻ കരക്കു പൊയപ്പൊൾ ഞാൻ കരക്കു ചെന്ന നാട്ടിന്റെ അവസ്ഥയും പ്രകാരവും കണ്ടതിന്റെ ശെ

www.malankaralibrary.com

ഷം പിന്നെ വന്ന നിങ്ങളെ കൊണ്ടുപൊകാമെന്ന തൊമ്മൻ കത്തനാരൊടും വാലിഭക്കാററരൊടും പറകകൊണ്ടു ഇവർ കരക്ക പൊകാതെ കപ്പലിൽ തന്നെ പാൎത്തെ ഒള്ളുതാനും. ഇങ്ങനെ പതിനാലു ദിവസം അവിടെ പാൎത്തു കപ്പലിന്ന വെണ്ടുന്ന വസ്തുക്കളൊക്കയും വിദയം വരുത്തിയതിൻെറ ശെഷം അവിടെനിന്ന യാത്രപുറപ്പെടുന്നതിന്ന മുൻപിൽ കൊട്ടയിലുള്ള യജമാന്മാരു കപ്പലിൽ വന്ന വിരുന്നും കഴിഞ്ഞു യാത്ര ചൊല്ലിയതിൻെറ ശെഷം മെൽപറഞ്ഞ മാസത്തിൽതന്നെ ൧൭-നു (17) അവിടെനിന്ന പുറപ്പെട്ട പ്രത്തുക്കാലിന്ന ചെല്ലുവനായിട്ടു നെരെതന്നെ പാ പിടിക്കയും ചെയ്തു.

ഇതിൻെറ ശെഷം ഞങ്ങളുടെ ദീനങ്ങൾക്കും മററു സങ്കടങ്ങൾക്കും കുറെ ആശ്വാസം വന്നെങ്കിലും എറിയ നാൾ കരക്ക പൊകായ്കകൊണ്ടും ദെഹത്തിൻമെലുള്ള ചിരങ്ങിന്ന പതം വരായ്കകൊണ്ടും ഇതൊക്കെക്കും ഒടുക്കം വരുവാൻ ഇനി എറിയൊരു നാൾ വെണ്ടിവരികയില്ലെന്ന വിചാരിച്ചിരിക്കുന്ന നെരത്തു ഒരു പത്തു ദിവസം കഴിഞ്ഞപ്പൊൾ മെൽപറഞ്ഞ കരക്കും പൊയി സന്തൊഷിച്ച ജനങ്ങളിൽ പലൎക്കും തെക്കൻപനിയുടെ പ്രകാരത്തിൽ ഒരു കൂട്ടം വകന്ത പനി വന്ന എത്രയും പ്രമാദമായി. കപ്പലിലുള്ള മാൽവി പിടിക്കുന്നവരിലും പ്രവൎത്തിക്കാരന്മാരിലും കപ്പലിൻെറ പായിക്ക ചിററാഴ്മ ചെയ്യുന്നവരിലും മിക്കവെരും പനിപിടിച്ച വീണുപൊകകൊണ്ടും കപ്പലിൽ ചിററാഴ്മ ചെയ്‌വാൻ മാത്രം ആളുകൾ ഇല്ലായ്കകൊണ്ടും കപ്പലിൻെറ അച്ചന്മാരു തന്നെ കപ്പലിൻെറ പായുടെ കയറു ചിലപ്പൊൾ വലിക്കെണ്ടിവരികയും ചെയ്തു.

ഇങ്ങനെ കപ്പലിൽ ഉണ്ടായ വകന്തക്ക ഒട്ടും ഒരു പതം കാണാതെ ൧൫ (15) പെരു മരിക്കയും ൪൯ (49) പെർ പനിയിൽ വീഴുകയും ചെയ്തതിനാലെ പുത്തനായിട്ടു ആളുകളെ കൂട്ടാതെ പ്രത്തുക്കാലിന്ന പൊകുവാൻ വഹിയായ്കകൊണ്ടു ആയതിന്ന വെണ്ടി അമരീക്കാനാട്ടിലുള്ള ബയ്യാ എന്നൊരു തുറമുഖത്തിന്ന പായും പിടിച്ചു ൧൭൭൯-ാം കാലം (1779) മെടമാസം ൩-ാം(3)നു മെൽ പറഞ്ഞ ഇടത്തു വന്ന ചീനി ഇടുകയും ചെയ്തു.

## ഇരുപത്തിയെട്ടാംപദം

ബയ്യാ എന്ന ഇടത്തിന്മെലും അവിടെ ചെന്നാറെ ഉണ്ടായ അവസ്ഥമെലും

ശ്രുദ്ധമാകപ്പെട്ടവരൊക്കയുടെയും മടി എന്നു ചൊല്ലുന്ന ബയ്യാ എന്ന ഇടം ഭൂമിയുടെ ഉണ്ടയുടെ മറുപുറത്തുള്ള അമരിക്കാ എന്ന ചൊല്ലുന്ന ഭൂമിയുടെ ഒരു കൂറിൽ ആദിത്യൻെറ വഴിയുടെ



വരതൊട്ടു ൧൩-ാം (13) പദവിയിൽ ആകുന്നു. എന്നാൽ ഈ ഇടം പറങ്കിമാരടക്കിയപ്രകാരം ഇവിടെ എഴുതുന്നതു നമ്മുടെ വൎത്തമാനത്തിന്ന ബന്ധിക്കുന്ന കാൎയ്യമല്ലെങ്കിലും പുതുമകൾ ആഗ്രഹിക്കുന്നവരുടെ മനസ്സിന്ന സന്തൊഷം വരുത്തുവാനായിട്ടു അവിടെ വസിക്കുന്ന പറങ്കിമാരിൽ ദൃഢമുള്ളവർ പറഞ്ഞുകെട്ട പ്രകാരം ചുരുങ്ങി ഇവിടെ എഴുതുകയും ചെയ്യുന്നു. അപ്പൊഴെ ബയ്യാ എന്ന ഈ ഇടം അമരിക്കാനാട്ടിലുള്ള അഞ്ചു രാജാക്കളുടെ അരശിരിക്കസ്ഥാനമായിരിക്കയും അവിടെതൊട്ടു നാട്ടിൻെറ ഉള്ളിലൊളം എറിയ കാതം വഴി അവരിൽ ഓരൊരുത്തൻെറ രാജിതം നീളത്തിൽ പവൃത്തിരിക്കയും ചെയ്യുന്ന കാലങ്ങളിൽ ആയതിൽ ഒരു തറവാട്ടിൽ രാജാവിനുള്ള ഒരു മകളെന്യെ ആണുങ്ങളിൽ ആരും ഇല്ലായ്കകൊണ്ടു രാജാവു മരിച്ചതിൻെറ ശെഷം തനിക്കുള്ള മകൾതന്നെ രാജ്യപരിപാലനം ചെയ്തുവരുന്ന സമയത്തിൽ ഈ നാട്ടിന്ന അടുക്കെയുള്ള കടലിൽ കാററു വൎദ്ധിച്ചു ഒരു പറങ്കികപ്പൽ മുങ്ങിപൊയാറെ ആ കപ്പലിൽ ഉള്ളവരിൽ എതാനും പെരു ഒരു പലകമെൽ പിടിച്ചു ചാകാതെ രക്ഷപെട്ടതിൻെറ ശെഷം അവിടെ ഉണ്ടായ കാററിൻെറ പെരുപ്പം കൊണ്ടു ആ പലകമെലുള്ളവരെ ഓളങ്ങളിൽ എടുത്ത ഈ നാട്ടിൻെറ കരക്കകൊണ്ടു ചെൎപ്പിച്ചതിൻെറ ശെഷം അവരു ഒരു പ്രകാരം നിനച്ചിരിയാത്തവണ്ണം ഒരു നാളും കണ്ടിട്ടില്ലാത്ത ഈ നാട്ടിൻെറ കരക്ക എത്തി രക്ഷപെട്ടതിൻെറ ശെഷം അവർ കരക്ക പുറപ്പെട്ടപ്പൊൾ ഒരിക്കലും കണ്ടിട്ടില്ലാത്ത ജനങ്ങളെ കണ്ടു പാരം അപൂൎവ്വപ്പെട്ട ഈ പുതുമമെൽ എല്ലാവരും പറഞ്ഞുതുടങ്ങിയപ്പൊൾ ഈ അവസ്ഥ മെൽപറഞ്ഞ രാജസ്ത്രീ കെട്ട ഈ ആളുകളെ തൻെറ മുമ്പാകെ വരുത്തി കണ്ടാറെ ആയവരിൽ ഒരുത്തന്മെൽ മൊഹം ഉണ്ടായതിനെക്കൊണ്ടു അവനെ തൻെറ ഭാൎയ്യവാനായിട്ടു കൈക്കൊണ്ടു തൻെറ പെച്ചിൽ കറുമാറു എന്ന പെരിടുകയും ചെയ്തു.

ഇങ്ങനെ ഭൎത്താവും ഭാൎയ്യയുമായി കുറെക്കാലം അവിടെ വസിച്ചതിൻെറ ശെഷം എതുപ്രകാരമെന്നുണ്ടായില്ലാ അവിടെനിന്ന അവരു ഇരുവരുംകൂടെ പുറപ്പെട്ട പൊത്തുക്കാലിന്ന ചെന്ന രാജസ്ത്രീ മാൎഗ്ഗവും കൂടി ദൊനാകത്തറീനാ എന്ന പെരു വിളിക്കയും ചെയ്തു.

ഇതിൻെറ ശെഷം താൻ അവിടെതന്നെ മരിപ്പൊളും വസിച്ചു മരണസമയമടുത്തപ്പൊൾ തനിക്ക മക്കളില്ലായ്കകൊണ്ടു അമരിക്കായിൽ തനിക്കുണ്ടായിരുന്ന രാജ്യം പ്രത്തുക്കാൽ രാജാവിന്ന സൌജന്യമായി കൊടുത്തതിൻെറ ശെഷം രാജസ്ത്രീ മരിക്കയും ചെയ്തു. ഈ രാജസ്ത്രീയുടെ രൂപം എഴുതിയതു ഇന്നയൊളം സൂക്ഷിച്ചിരിപ്പുതുമുണ്ടു.

www.malankaralibrary.com

ഇതിന്റെ ശെഷം പറങ്കിമാരു ഈ കാരണം ചൊല്ലി നാടു പിടിച്ചു തങ്ങൾക്കു ഒതുക്കുവാനായി വന്നു. മെൽ പറഞ്ഞ രാജസ്ത്രീയുടെ നാടുതന്നെയല്ലാ പിന്നെയൊ ശെഷമുള്ള നാലു രാജാക്കളുടെ നാടുംകൂടെ ബലത്താലെ പിടിച്ചൊതുക്കി തങ്ങൾക്കാക്കിയതിന്റെ ശെഷം അവിടെ കൊട്ടയും വാടയും ശെഷം വെണ്ടുന്ന ബലങ്ങളൊക്കയും വരുത്തി അന്നുതൊട്ടിന്നയൊളം അടക്കി വാണു വരുന്നതുമൊഴിയെ ആ ഭൂമിയുടെ കെട്ടിൽ തന്നെയുള്ള റീയൊ ദെ ജെനർ എന്നും പർണ്ണമ്പൂക്ക എന്നും പെരുള്ള നഗരികളും മററും പലപല അങ്ങാടികളും കുടികളും പൊന്നും വെള്ളിയും ചെമ്പും ഇരിമ്പും എല്ലാതരമുള്ള മാണിക്കക്കല്ലുകളും വിളയുന്ന ഇടങ്ങളും ഇങ്ങനെ ആയിരം കാതത്തിൽപുറം പിടിച്ചൊതുക്കി ബ്രസീൽ എന്നു ചൊല്ലുന്ന നാടൊക്കക്കും ഉടയവനും നാഥനും പ്രത്തുക്കാൽ രാജാവാകയും ചെയ്തു.

എന്നാൽ നാട്ടിലുള്ള ഇടങ്ങളിൽനിന്നു ആണ്ടുതൊറും ഏറിയ പൊന്നും മാണിക്കക്കല്ലുകളും വൈരങ്ങളും ഏറിയ മരങ്ങളും പ്രത്തുക്കാൽ രാജ്യത്തിന്നു കൊണ്ടുപൊകുന്നുമുണ്ടു.

വിശെഷിച്ചും ബ്രസീൽ എന്ന ഈ നാട്ടിന്റെ കാററിന്റെ പതവും ഇടവിദാനത്തിന്റെ നൽപുംകൊണ്ടു പരങ്കിരാജ്യത്തുള്ളതിൽ പലരും തങ്ങളുടെ മനസാലെ തന്നെ പുറപ്പെട്ടു അവിടെ വന്നു തങ്ങളുടെ ആയുസിന്റെ കാലമൊക്കയും അവിടെ വസിക്കുമാറാകുന്നു.

എന്നാൽ ഈ നാട്ടിലുള്ള കാകനികളും വൃക്ഷഫലാദികളും സൂക്ഷിച്ചാൽ മുന്തിരിങ്ങായും പെരക്കായും ഇങ്ങനെ ഏറൊപ്പയിലുള്ള കാകനികൾ പലതും അവിടെ ഉണ്ടായിരിക്കുന്നതൊഴിയെ നമ്മുടെ നാട്ടിലുള്ള ചക്കയും മാങ്ങായും തെങ്ങയും കഴതച്ചക്കയും മററും പല ഫലങ്ങളും അവിടെ ഉണ്ടുതാനും.

വിശെഷിച്ചും ഏറൊപ്പയിൽനിന്നു വരുന്ന ജനങ്ങളല്ലാതെ അവിടെ സ്വതെയുള്ള ആളുകളുടെ നിറം ചുകന്നും പരുക്കൻ മുഖവും തലമുടി കുശിപൊലെയും എന്നാൽ ഇങ്ങനെ ഈ മനുഷർ ഈരണ്ടു വക ഉള്ളതിൽ ഒന്നു പറങ്കിമാരൊടുകൂടെയുള്ള ഇടപാടും പരിചയവുംകൊണ്ടും അവരൊടുള്ള ഒരിമ്പാടും സ്നെഹവുംകൊണ്ടും നസ്രാണികളായതിന്റെ ശെഷം പ്രത്തുക്കാൽ രാജാവു അവരുടെ ഇടത്ത പള്ളികളും പണിചെയ്തു പറങ്കിമാരിൽ ഉള്ള പട്ടക്കാറരെ അവരുടെ വികാരിമാരായി കല്പിച്ചതുമൊഴിയെ അവരുടെ നാട്ടിൽ വെറൊരു രാജാവു കൂടാതെ പറങ്കിമാർക്കുതന്നെ അവർ കീഴ്‌വഴങ്ങി ഇരിക്കകൊണ്ടു ആ നാട്ടിൽ കാര്യം വിചാരിക്കുന്ന ആളുകളൊക്കയും പറങ്കിമാരുതന്നെ ആകുന്നു. വിശെഷിച്ചും ഈ ജനങ്ങൾ ഒക്കയും പാരം മടിയന്മാരും തിരിയാത്തവരും ആകുന്നതുകൊണ്ടു ഒരുവർണ്ണം തിന്മാനുള്ളതിൽ ഏതാ



നും നട്ടുണ്ടാക്കുവാൻമാത്രം ശ്രമിക്കയും അന്നന്നു ദണ്ഡിച്ചാലുള്ള കൂലികൊണ്ടു അന്നന്നു കഴിക്കയും ചെയ്യുന്നതല്ലാതെ മുതൽ സൂക്ഷിച്ചു സമ്പത്തുണ്ടാക്കുവാൻ ക്ലെശിക്കുമാറില്ലാ. എന്നതുകൊണ്ടു അവരിൽ എളിയവനും വലിയവനും കൂടാതെയും തിന്മാനുള്ളതുമാത്രമൊഴിയെ മറെറാന്നുംകൂടാതെയും തങ്ങൾ തങ്ങൾക്കു പൊറുപ്പാനായിട്ടു കെട്ടിയുണ്ടാക്കിയ കുടിലുകളിൽ പൊറുത്തുവരുമാറുമാകുന്നു.

വിശെഷിച്ചും ഇവർ നഗരിക്കു പുറത്തു വസിച്ചിരിക്കുന്നതിനാലെ പറങ്കിമാർ വസിക്കുന്ന നഗരികളിൽ പൊകുന്ന നെരത്തു ഏകദെശം നമ്മുടെ നാട്ടിൽ കത്തനാരച്ചന്മാരുടെ ചമയം പൊലെ കാൽകുപ്പായവും കമ്മീശ്ശും ഇട്ടുകൊണ്ടു നഗരിക്കുവരുമാറാകുന്നു. എന്നാൽ മറെറ വക പറങ്കിമാരൊടും ഏറൊപ്പയിലുള്ള മററു ജാതികൾ ഒന്നിനൊടും ഒരു ഐകമത്യവും അടുപ്പവും കൂടാതെ നമ്മുടെ നാട്ടിലുള്ള വെശവന്മാരെപ്പൊലെ മലകളിൽ വസിച്ചുംകൊണ്ടു ഒരു വസ്തു ദെഹദണ്ഡിക്കാതെയും ഇട്ടുനട്ടുണ്ടാക്കാതെയും താനെ വനത്തിൽ മുളച്ചുവരുന്ന കാകനികൾ കൊണ്ടു ജീവിക്കയും എഴുത്തും വായനയും വെറെ ഒരു പഠിത്തവും കൂടാതെ തങ്ങളുടെ ആയുസ്സിന്റെ കാലമൊക്കയും വില്ലും അസ്ത്രവും കൊണ്ടു എയ്‌വാൻ മാത്രം ശ്രമിക്കുന്നതിനാലെ ഏതിന്നും മഹാവിരുതന്മാരായിരിക്കയും അവരിൽ തറവാട്ടു രാജിതമില്ലായ്‌കകൊണ്ടു അവരു എല്ലാവരിലും കരുത്തും വിലവുമുള്ള ആളിനെ തങ്ങടെ തലവനും രാജാവുമായിട്ടു കൈക്കൊള്ളുകയും ചെയ്യുമാറാകുന്നു. വിശെഷിച്ചും ഇവർ മററു ജനങ്ങളെ കണ്ടാൽ കൊന്നു തിന്നുമെന്നും പലരും പറഞ്ഞു കെട്ടെങ്കിലും കൊല്ലുകമാത്രമല്ലാതെ തിന്നുകയില്ലെന്നു ഏററം പരിചയമുള്ള മററു ചിലർ പറഞ്ഞു കെൾക്കയും ചെയ്തു. വിശെഷിച്ചും ഇങ്ങനെ കാടന്മാരായിരിക്കുന്ന ജനങ്ങൾ അവരുമായിട്ടു കണ്ടറിഞ്ഞു എണക്കം വന്നാൽ നല്ല ആളുകളാകുന്നുവെന്നും അവരിൽ ചിലർ തങ്ങടെ മനസാൽതന്നെ പറങ്കിമാരു വസിക്കുന്ന ഇടങ്ങളിൽ വന്നു മാർഗ്ഗം കൂടി എന്നും മററു ചിലർ പറഞ്ഞുകെട്ടു.

എന്നാൽ ഈ നാട്ടിൽ പ്രത്യെകമായിട്ടുള്ള കച്ചവടങ്ങൾ ആകുന്നതു പൊലെയും പഞ്ചസാരയും കുർക്കാവും കപ്പയും പൈനില്ല്യായും ഊറക്കിട്ടു തുകലും കരിമ്പും താകരവും ആയതുകൊണ്ടു ഈ വകകൾ ഒക്കയും അവിടെ നിന്നു ഏറൊപ്പാ ഒക്കയിലും കൊണ്ടുപൊയി വിൽക്കുമാറാകുന്നു. വിശെഷിച്ചും ഇക്കാര്യങ്ങളൊക്കയും ഏറെ വിസ്താരമായി പറഞ്ഞാൽ നമ്മുടെ വർത്തമാനത്തിന്നു ഏററം നീളമായി പൊകും എന്നതിനെക്കൊണ്ടു ആകമാനായിട്ടു അമെരിക്കാനാട്ടിന്മെൽ പറഞ്ഞതു മതിയാക്കിയിട്ടു ബയ്യാ എന്ന ഈ നഗരിമെൽ പ്രത്യെകമായിട്ടു ഇവിടെ എഴുതുകയും ചെയ്യുന്നു,

www.malankaralibrary.com

എന്നാൽ മെൽ ചൊല്ലിയവണ്ണം ആദിത്യന്റെ വഴിയുടെ വരതൊട്ട മൂന്നാംപദവിയിൽ നിൽക്കുന്ന ശുദ്ധമാകപ്പെട്ടവരൊക്കയുടെയും മടി എന്നു ചൊല്ലുന്ന ബയ്യാ എന്ന ഈ നഗരിയുടെ ഇരിപ്പു സൂക്ഷിച്ചാൽ കടൽ വായിക്കരെയിലും കരഭൂമിയിലും കൂടെ അത്രെ ആകുന്നു. അതെന്തെന്നാൽ തുറമുഖത്തിൽനിന്നു കരയിൽ ഇറങ്ങുവാനുള്ള ഇടം താഴനീതി ആയിരിക്കയും ആയതു കഴിഞ്ഞ ഉടൻ ഏകദെശം ആ താണനീതിയൊടൊപ്പം വലിയ കുന്നുപൊലെ പൊക്കമുള്ള ഉയരപ്പെട്ട ഇടവും ആകുന്നതിനെക്കൊണ്ടു ഈ രണ്ടു ഭാഗത്തും കൂടെ അത്രെ നഗരിയുടെ ഇരിപ്പാകുന്നു. എന്നതിനെക്കൊണ്ടു ശത്രുക്കൾ ആരാനും കടലിൽകൂടെ വന്നു വളയുന്നപക്ഷത്തിൽ കടലൊടു ചെരയുള്ള താഴനീതി ഉപെക്ഷിച്ചു കൊണ്ടു മീതെനിന്നു യുദ്ധംചെയ്താൽ നഗരി പിടിച്ചടക്കുവാൻ മഹാ വിഷമമായിരിക്കയും ചെയ്യും.

ഇതുമെന്യ നെടുനീളമുള്ള കുന്നിന്റെ ഉയരപ്പെട്ട ഗൊവർണ്ണദൊരിന്റെ ഗൊപുരം പണിചെയ്തിരിക്കയും അവിടെ എല്ലാനെരവും ഗൊപുരത്തിന്റെ അകത്തും പുറത്തും പടയാളികൾ തങ്ങളുടെ ആയുധങ്ങളൊടുകൂടെ നിന്നു കാക്കുന്നതും ആ വീട്ടിൽനിന്നു കുറെ അകന്ന ഇരിപ്പിടമായ പള്ളിയും ആ പള്ളിയൊടു ചെരെ മെത്രാപ്പൊലീത്തായുടെ വീടും മഹാ ഒണ്മയൊടുകൂടെ പണിചെയ്തിരിക്കുന്നതും വിശെഷിച്ചും ഈ പള്ളിയിൽ ദിവസംതൊറും കാനൊനിസ്താന്മാരുകൂടി നമസ്കാരവും തപസ്സുകുർബാനയും കഴിക്കുന്നതും ഇതുമെന്യ പാവപ്പെട്ട ദ്രൊഹക്കാറർക്കു പൊറുപ്പാനുള്ള വീടും പാവപ്പെട്ട പട്ടക്കാറർക്കു നിത്തലും കുർബാനക്കു ദാനധർമ്മം കൊടുപ്പാനായിട്ടു മിസരെക്കൊർദ്യാ എന്നു ചൊല്ലുന്ന അനുഗ്രഹത്തിന്റെ പള്ളിയും ഏറിയ ദർശനക്കാറരുടെയും ദർശനക്കാരത്തികളുടെയും ആശ്രമങ്ങളും പണിചെയ്തു ഒപ്പിച്ചിരിക്കുന്നതും വിശെഷിച്ചും നഗരിയുടെ താഴനീതിയായ ഇടത്തിൽ തുറമുഖത്തൊടു ചെരെ ചുങ്കപ്പുരയും കപ്പലുകളുടെ ചരക്കിറക്കുവാനുള്ള വീടും കപ്പിത്താന്മാർക്കും കപ്പൽക്കാരർക്കും വസിപ്പാനുള്ള ഭവനവും ചെർച്ചവഴി പണിചെയ്തിരിക്കുന്നതും എന്നാൽ ഈ നഗരിയിൽ പറങ്കിമാരല്ലാതെ വെറെ ഒരു ജാതിയും കച്ചവടത്തിനു ചെന്നുകൂടാ എന്നു പ്രത്തുക്കാൽ രാജാവിന്റെ മുടക്കം ഉണ്ടാകകൊണ്ടു പറങ്കിമാരൊഴിയെ പിന്നെ ഒരു ജാതിയും കച്ചവടത്തിന്നായിട്ടു അവിടെക്കു ചെല്ലുന്നുമില്ലാ.

അപ്പൊഴെ ഈ ഇടത്തിൽ ഞങ്ങളുടെ കപ്പൽ അടുത്താറെ ഇന്ത്യാനാട്ടിൽനിന്നു ചെല്ലുന്ന പറങ്കികപ്പലുകളൊക്കയും പ്രത്തുക്കാൽ രാജ്യത്തു ചെന്നു ചുങ്കം തീരുന്നതിന്നു മുമ്പിൽ ഒരിടത്തും ചരക്കു വിററുകൂടാ എന്നു രാജവിരവധം ഉണ്ടായിരിക്കകൊണ്ടു ഈ വിരവധം ഉള്ളവരിൽ ആരും കടന്നുകൂടാ. അതായത്തു കടന്നു



വാച്ചു വസ്തുവും കരെ കൊണ്ടുചെന്നു വിററാൽ ആ വില്ക്കുന്നവന്റെ തലപൊകുമെന്നു കപ്പലിന്റെ കപ്പിത്താൻ എഴുതി പാമരത്തിന്മെൽ തറച്ചതുമൊഴിയെ ഉടൻതന്നെ കരയിൽനിന്നു കാവൽക്കാററു വന്നു കപ്പലിന്റെ ചുററും നടന്നു കാക്കുകയും ചെയ്യുന്നു.

എന്നാൽ ഇതൊക്കയും കഴിയുന്ന മദ്ധ്യെ ഞങ്ങളും ഏറിയ നാൾ കരക്കു പൊകാതെ കപ്പലിൽതന്നെ വസിച്ചുവന്നതു കൊണ്ടും കരക്കു ചെന്നു വാച്ചടത്തും പാർത്തു നാലു കുളിയും കുളിച്ചാൽ ദെഹത്തിന്മെലുള്ള ചിരങ്ങിന്നു പൊറുതി വരുവാൻ പൊരും എന്നുള്ള ആഗ്രഹംകൊണ്ടും ആ കാര്യത്തിന്നു ഏതു വഴിയുള്ളുവെന്നു ആ ദിക്കിൽ പൊയി പരിചയമുള്ളവരുമായി വിചാരിച്ചാറെ ആ ഇടത്തിൽ വരത്തർക്കു വസിപ്പാനുള്ളതിന്നു പാരം വിഷമമെന്നു കെൾക്കകൊണ്ടു കപ്പലിന്റെ വികാരി ആകുന്ന പാതിരി പറങ്കിക്കാരൻ ആകകൊണ്ടും അവിടെ ഇരിക്കുന്ന മെത്രാപ്പൊലീത്തായും മററാളുകളുമായിട്ടു കണ്ടറിവും സ്നെഹവും തനിക്കുണ്ടായിരിക്കകൊണ്ടും അയാളൊടു ഈ ഞങ്ങളുടെ ആഗ്രഹം പറഞ്ഞാൽ വാച്ചു പൊംവഴിയും ഉണ്ടാകുമെന്നു ഭാവിച്ചു അയാളെ വെറെ വിളിച്ചു അവസ്ഥ കെൾപ്പിച്ചാറെ അയാൾ പറഞ്ഞു. ഇവിടെ ഇരിക്കുന്ന മെത്രാപ്പൊലീത്തായുമായിട്ടു കണ്ടറിവും സ്നെഹവും എനിക്കുണ്ടായിരിക്കകൊണ്ടു ഞാൻ അവിടെ ചെല്ലുന്ന ഉടനെ എന്നെ കൈക്കൊണ്ടു ഇനിക്കു വെണ്ടുന്നതൊക്കയും തരും. വിശെഷിച്ചും നിങ്ങടെ കാര്യത്തിന്നു ഒരുപായം ഞാൻ കാണുന്നതുമില്ലാ. എന്നിങ്ങനെ കൈ ഒഴിച്ചപ്രകാരം കാൺകകൊണ്ടു അയാളുമായിട്ടു പറഞ്ഞാൽ കാര്യം കൂടുകയില്ലെന്നും വച്ചു കപ്പലിലുള്ള മററു ചിലരുമായിട്ടു പറഞ്ഞുനൊക്കിയാറെ അവരിൽ ചിലർ പറഞ്ഞു. ഇത്താലിയായിൽനിന്നു ഇവിടെക്കു മാർഗ്ഗം അറിയിപ്പാനായിട്ടു വന്ന കപ്പൂച്ചിപാതിരിമാരു ഇവിടെ പാർപ്പുണ്ടു. അവരുടെ മൂപ്പൻ എത്രയും ഇരിപ്പും നെറിവും ഉള്ള ആളാകകൊണ്ടു നിങ്ങൾ അവിടെക്കു ചെന്നു ഈ അവസ്ഥ പറഞ്ഞാൽ നിങ്ങളെ ഉപെക്ഷിപ്പാൻ സംഗതിയില്ലാഞ്ഞു എന്നു. എന്നാൽ ഈ അവസ്ഥകൾ കെട്ടാറെ അവർ ഇത്തല്യാൻകാററാകുന്നതിനാംപക്കം മല്പാൻ റൊമായിൽനിന്നു പഠിച്ചതാകകൊണ്ടും ഇത്തല്യാൻ പെച്ച പറവാൻ അറിഞ്ഞിരിക്കകൊണ്ടും അവരുമായിട്ടു കണ്ടു പറഞ്ഞാൽ ഉപായം ഉണ്ടാകുമെന്നു ഭാവിച്ചു ആ ദിവസം കൃന്താപെരുനാൾ ആയിരുന്നതുകൊണ്ടു കപ്പലിൽതന്നെ കുർബാനയും ചൊല്ലി ഭക്ഷണവും കഴിഞ്ഞു ഞങ്ങൾ എല്ലാവരും കൂടെ കപ്പലിൽനിന്നു ഇറങ്ങി മെൽപറഞ്ഞ കപ്പൂച്ചിപാതിരിമാരുടെ ആശ്രമത്തിൽ ചെന്നു അവരുടെ മൂപ്പനാകുന്ന പാതിരിയൊടു ഞങ്ങളുടെ ആഗ്രഹം പറഞ്ഞാറെ മെത്രാപ്പൊലീത്താടെ അനുവാദം കൂടാതെ തങ്ങളുടെ ഭവനത്തു കൈക്കൊള്ളുവാൻ വഹിയായെന്നു പറഞ്ഞാറെ അവിടെ കുറെ ദിവസം വസിപ്പാൻ

www.malankaralibrary.com

ഒരിടംമാത്രം തന്നാൽ മതി. കുർവാന ചൊല്ലുവാനുള്ളതിന്നും അത്രുപിക്കടുത്ത മററു വസ്തുക്കൾ ചെയ്‌വാനുള്ളതിന്നും അല്ലാതെ ഇവിടെ പൊറുക്കുന്നതിന്നു മെത്രാപ്പൊലീത്താടെ അനുവാദം വെണമെന്നില്ലല്ലൊ. വിശെഷിച്ചു ഇവിടെ പാർക്കുന്ന നെരത്തു തിന്മാനും കുടിപ്പാനും ഉള്ളതിന്നു വെണ്ടുന്നതിൽ ഒന്നും നിങ്ങളുടെ കയ്യാൽ വെണ്ടാ. ആയതൊക്കയും ഞങ്ങൾ ഇവിടെ കൊണ്ടു കൊള്ളാമെന്നും ഞങ്ങൾ പറഞ്ഞിട്ടും മെത്രാപ്പൊലീത്താടെ അനുവാദം കൂടാതെ ഒന്നും ചെയ്തുകൂടാ എന്നും നസ്രാണിക്കടുത്ത ഉപവിയും തങ്ങളുടെ ദർശനമുറയും വിശ്വാസകാരരുടെ ദാനധർമ്മം കൊണ്ടു തങ്ങൾ കഴിഞ്ഞുവരുന്ന പ്രകാരവും ആയതിൽ ഒന്നും വിചാരിക്കാതെ ഇത്ര ഉപവികെട്ട പറകകൊണ്ടു വെറെ ഒരുപായമില്ലെന്നുംവച്ചു കപ്പലിന്നു തന്നെ വീണ്ടു തിമിക്കയും കപ്പലിൽ വികാരി പാതിരിയും ശെഷമുള്ള പ്രവൃത്തികാരന്മാരിൽ ചിലരും ആക്ഷെപംപൊലെ ഞങ്ങളെക്കൊണ്ടു ചിരിക്കയും ചെയ്തു.

ഇതിന്റെശെഷം നിങ്ങൾ രണ്ടു ദിവസം കപ്പലിൽ തന്നെ പാർക്കവെണ്ടു. ഞാൻ കരക്കു പോയി മെത്രാപ്പൊലിത്തായുമായിട്ടു പറഞ്ഞുകാണട്ടെ എന്നു പാതിരി ഞങ്ങളൊടു പറഞ്ഞാറെ പരമാർത്ഥമുള്ള മനസുകൊണ്ടു പറഞ്ഞ മൊഴി നെരന്നു തൊന്നായ്കകൊണ്ടു പിറെറ ദിവസം കാലത്തെ ഞങ്ങൾ എഴുന്നെററു മെത്രാപ്പൊലിത്താടെ അടുക്കൽതന്നെ ചെന്നുകണ്ടാൽ ഉടയതമ്പുരാൻ സഹായിച്ചു പൊംവഴി ഉണ്ടാകുവാൻ പൊരുമെന്നു ഭാവിച്ചു കപ്പലിൽനിന്നു പുറപ്പെട്ടു മെത്രാപ്പൊലിത്തായുടെ അടുക്കൽ ചെന്നു കണ്ടു പറവാൻ അപെക്ഷിച്ചാറെ ഇത്ര നെരവും ആ ദെഹത്തിന്റെ കുർവാന കഴിയായ്കകൊണ്ടു കുർവാന കഴിഞ്ഞാൽ കണ്ടു പറവാൻ കൂടുമെന്നു പറകകൊണ്ടു ഞങ്ങൾ അവിടെ താമസിക്കയും കുർവാനക്കു സമയമായപ്പൊൾ ഞങ്ങളും ചെന്നു കുർവാന കാൺകയും ചെയ്തതിന്റെ ശെഷം കുർവാന കഴിഞ്ഞു സ്വല്പൻ നെരം കഴിഞ്ഞപ്പൊൾ മെത്രാപ്പൊലിത്താ ജനങ്ങളുമായി കണ്ടുപറവാൻ മരിയാദിയായിരിക്കുന്ന ചാലയിൽ വന്നു ഞങ്ങളെ അവിടെക്കു വിളിപ്പിച്ചതിന്റെ ശെഷം ഞങ്ങളും അവിടെ ചെന്നു ഞങ്ങളുടെ അമളി പറകയും ചെയ്തതിന്റെ ശെഷം ഇടവകമെത്രാന്റെ സാധനത്തിന്മെൽ ഞങ്ങളൊടു ചൊദിച്ചാറെ വെറെ ഒരു സാക്ഷിയും ഞങ്ങൾക്കില്ലായ്കകൊണ്ടു മല്പാന്നു റൊമായിൽനിന്നു കിട്ടിയ ഗുരുസ്ഥാനം എഴുതിയിരിക്കുന്ന പുസ്തകവും[1]

1. ഡോക്ടറേററ് സർട്ടിഫിക്കററ്. മാന്നാനത്ത് കർമലീത്താശ്രമത്തിൽ സൂക്ഷിച്ചിരിക്കുന്നു. തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ഡോക്ടറേററ് നൽകുന്നതായി സർട്ടിഫിക്കററിൽ രേഖപ്പെടുത്തിയിരിക്കുന്നെങ്കിലും ദൈവശാസ്ത്രത്തിൽ ഡോക്ടറേററ് ഉണ്ടായിരുന്നെന്നേ പരക്കെ അറിയപ്പെടുന്നുള്ളു. സർട്ടിഫിക്കററിൽ കുര്യെപ്പ് കര്യാററി എന്നും അദ്ദേഹത്തെ വിളിക്കുന്നു. ജോസഫിന്റെ ഒരു മലയാള രൂപമാണല്ലോ കുര്യെപ്പ്.



തന്റെ പട്ടകടദാശ്ശും മലയാംപാഴയിൽ എഴുത്തുപെട്ട തൊമ്മൻ കത്തനാരുടെ പട്ടകടദാശ്ശും കാട്ടിയാറെ ഉടയതമ്പുരാൻ മെത്രാപ്പൊലിത്തായുടെ ഹൃദയത്തിന്നു അലിവുകൊടുത്ത ഞങ്ങളെ അവിടെ വെണ്ടുംവണ്ണം കൈക്കൊണ്ടു തന്റെ ഇടവകക്കയിലും കുർവാന ചൊല്ലുവാനുള്ളതിന്നു അനുവാദം തന്നതു മൊഴിയെ തന്റെ ഭവനത്തതന്നെ ഞങ്ങൾ പൊറുപ്പാനുള്ളതിന്നു ഒരു മുറിയും ഒഴിച്ചുതന്നു അവിടെ നിന്നു ഞങ്ങൾ പൊകുവൊളം തിന്മാനും കുടിപ്പാനും ദിഷ്ടതിയുള്ള വസ്തുക്കളൊക്കയും കല്പിച്ചു. ഇങ്ങനെതന്നെ ഞങ്ങൾ വെണ്ടുംവണ്ണം അവിടെ വസിച്ചിരിക്കുന്ന നെരം പെരുനാൾ ദിവസങ്ങൾ രണ്ടും കഴിഞ്ഞതിന്റെ ശെഷം കപ്പലിൽ വികാരിയാകുന്ന പാതിരി അവിടെ വന്നു ഞങ്ങൾ വസിച്ചിരിക്കുന്ന പ്രകാരം കണ്ടാറെ പാരം അപൂർവ്വപ്പെട്ടു തനിക്കു കൂടെ മെത്രാപ്പൊലീത്തായെ കണ്ടു പറയണമെന്നപെക്ഷിച്ചാറെ ഇപ്പൊൾ അവസരമല്ലെന്നു പറകകൊണ്ടു ക്ലെശത്തൊടുകൂടെ അവിടെനിന്നു പൊകയും ചെയ്തു. എന്നാൽ ഈ മെത്രാപ്പൊലിത്തായുടെ പെര യൊക്കിം ബൊർ ജെയ ദെവിഗാരൊവാ എന്നു ചൊല്ലുമാറാകുന്നു

# ഇരുപത്തൊമ്പതാംപാദം

മെത്രാപ്പൊലിത്താ ഞങ്ങളെ കൈക്കൊണ്ടശെഷം ഉണ്ടായ അവസ്ഥമെൽ

മെൽ ചൊല്ലിയവണ്ണം മെത്രാപ്പൊലീത്താ തന്റെ ഭവനത്തു ഞങ്ങളെ കൈക്കൊണ്ടതിന്റെ ശെഷം പിറെറദിവസം പള്ളിയിൽ ചെന്നു കുർവാന ചൊല്ലിയപ്പൊൾ ആ ദിക്കിലുള്ള ജനങ്ങൾ തങ്ങൾ ഒരു നാളും കണ്ടിട്ടില്ലാത്ത സുറിയാനിക്രമത്തിലുള്ള കുർവാന കണ്ടാറെ പാരം അപൂർവ്വപ്പെടുകയും ചെയ്തു. ഈ പുതുമ മെത്രാപ്പൊലിത്താ കെട്ടാറെ മല്പാനെ വിളിച്ചു തനിക്കു കുർവാന കാണണമെന്നും ആയതു കൊണ്ടു തന്റെ ഭവനത്തുതന്നെ പണി ചെയ്തിരിക്കുന്ന കുരിശുപെരയിൽതന്നെ കുർവാന ചൊല്ലണമെന്നും പറഞ്ഞതിന്റെ ശെഷം മല്പാൻ അവിടെക്കു ചെന്നു കുർവാന ചൊല്ലുകയും മെത്രാപ്പൊലിത്തായും വന്നു കുർവാന കാൺകയും ചെയ്തു.

വിശെഷിച്ചും കുർവാന കഴിഞ്ഞതിന്റെശെഷം മെത്രാപ്പൊലിത്താ മല്പാനെ വിളിച്ചു ഈ നിങ്ങളുടെ കുർവാനക്രമം എറൊപ്പയിൽ എങ്ങും നടന്നുവരാത്ത ക്രമമാകുന്നതിനെക്കൊണ്ടു ഇ ക്രമത്തൊടുകൂടെ നിങ്ങൾ അവിടെ ചെന്നാൽ നിങ്ങളെ ആരും കൈക്കൊള്ളുമെന്നു തൊന്നുന്നില്ലാ. എന്നതുകൊണ്ടു ഈ ക്രമം മാററുവാൻ നിങ്ങൾക്കു മനസുണ്ടെങ്കിൽ ആയതിന്നു ഞാൻ അനു

www.malankaralibrary.com

വാദവും തന്ന ലത്തീൻക്രമത്തിലുള്ള അടവ പഠിപ്പിപ്പാൻ ഒരു പട്ടക്കാരനെയും കല്പിക്കാമെന്ന പറഞ്ഞാറെ ഞങ്ങടെമെലുള്ള അങ്ങെ സ്നെഹത്തിന്നും ഞങ്ങളൊട്ട ചെയ്തുവരുന്ന മനൊഗുണത്തിന്നും ഞങ്ങൾ അങ്ങെക്ക പെരുത്ത കടമായിരിക്കുന്നു. വിശെഷിച്ചും ഞങ്ങളുടെ ക്രമം മാററുവാനുള്ളതിന്ന ഞങ്ങടെ ദിക്കിൽ ഈ ക്രമം അത്രെ നടന്നുവരുന്നതുകൊണ്ടും ഞങ്ങൾ ആയതിൽ പിറന്നതുകൊണ്ടും ഞങ്ങൾക്ക ചിതമില്ലാ എന്ന ഉത്തരിക്കയും ചെയ്തു. അപ്പൊഴൊ ഇങ്ങനെ രണ്ടുനാലു ദിവസം ഇരിപ്പിടമായ പള്ളിക്കൽ കുർവാന ചൊല്ലിയതിന്റെശെഷം മെൽപറഞ്ഞവണ്ണം അവിടെ കണ്ടിട്ടില്ലാത്ത ക്രമം ആകകൊണ്ടും വാലിഭക്കാററു കുർവാനക്ക ക്കൂട്ടമ്പൊൾ നമ്മുടെ മര്യാദിക്ക നീട്ടിചൊല്ലുകകൊണ്ടും അവിടെയുള്ള ജനങ്ങളിൽ പലരും വന്ന ഞങ്ങടെ കുർവാന കണ്ടു. അതുമ്മെൽ പുതുമയും സന്തൊഷവും തൊന്നി നഗരി ഒക്കയിലും ഇക്കാര്യത്തിന്മെൽ സംസാരമായി വരികയും ചെയ്തു.

എന്നാൽ ബയ്യാ എന്ന ഈ നഗരിയിലുള്ള കച്ചവടക്കാററിൽ പലരും സമ്പത്തുകാററായിരിക്കകൊണ്ടു എറൊപ്പാരാജ്യത്തുള്ള മര്യാദിയ്ക്കു തക്കവണ്ണം തങ്ങൾക്കും തങ്ങടെ വീട്ടിലുള്ളവർക്കും മനസുപൊലെ കുർവാന കാൺമാനുള്ളതിന്ന തങ്ങടെ വീടുകളിൽതന്നെ കുരിശുപുരയും ഉണ്ടാക്കി അവിടെ കുർവാന ചൊല്ലുവാനുള്ളതിന്ന പട്ടക്കാരനെയും വെസ്സ വരുത്തി ഞായറാഴ്ചയിലും പെരുനാളുകളിലും ശെഷമുള്ള ദിവസങ്ങളിലും പള്ളിക്കൽ പൊകാതെ അവിടെതന്നെ കുർവാന കണ്ടുവരുമാറാകുന്നതിനെക്കൊണ്ടു അവരിൽ പലരും ഈ പുത്തനായൊരവസ്ഥ കെട്ടാറെ ഞങ്ങടെ പക്കൽ ആളയച്ചു ഞങ്ങളെ അവരുടെ വീടുകളിൽ കുർവാന ചൊല്ലിക്കയും ആയതിന്ന കനപ്പെട്ട ദാനധമ്മം ഞങ്ങൾക്ക തരികയും ചെയ്തിരിക്കുന്ന മദ്ധ്യെ ഇരിപ്പിടമായ ഈ പള്ളിയിലുള്ള തപസ്സുചൊല്ലുന്നവരിൽ മുൻപൻ ബെർണദൊസ എന്ന പാതിരി ദശ്നക്കാരത്തികളുടെ ആശ്രമങ്ങളിൽ അറിവും അവിടെയുള്ള ദശ്നക്കാരത്തികളുമായിട്ട സ്നെഹവും ഉള്ള ആളായിരിക്കകൊണ്ടു ഇയാളു പല പല ഊഴവും വന്ന ഞങ്ങളെ അവരുടെ ആശ്രമങ്ങളിൽ കൊണ്ടുപൊകയും ഞങ്ങളും അവിടെചെന്ന കുർവാന ചൊല്ലുകയും കുർവാന കഴിഞ്ഞതിന്റെശെഷം വെള്ളംകുടി കഴിവാനുള്ളതിന്ന പല പല തരം മധുരങ്ങൾ തന്ന വെള്ളംകുടി കഴിഞ്ഞതിന്റെ ശെഷം തന്റെ ചില ഇടങ്ങളിൽ ഭക്ഷണം കഴിവൊളം അവിടെതന്നെ പാത്ത ദർശനക്കാരത്തികളുമായിട്ടു വർത്തമാനം പറകയും ചെയ്യുന്നതൊഴിയെ അവിടെനിന്ന യാത്ര പുറപ്പെട്ടമ്പൊൾ സാമാന്യമായിട്ടു പത്താക്കെന്ന ചൊല്ലുന്ന അവിടെയുള്ള നാണിഭത്തിൽ ഓരൊന്ന ചൊല്ലിയ കുർവാനയ്ക്കു ദാനധമ്മമായി





ഞങ്ങൾക്ക തരികയും ചെയ്യുമാറായിരുന്നു. വിശെഷിച്ചും ബെർണദൊസ എന്ന പാതിരി നല്ലവനും തമ്പുരാനെ പെടിയുള്ളവനും ആകകൊണ്ടു ഞങ്ങടെ പാവവും ദെഹത്തിന്മെലുള്ള ചിരങ്ങും കണ്ടു കുളിപ്പാനും മററും വെണ്ടുന്ന വസ്തുക്കൾക്കും ചിററാഴ്മ ചെയ്വാനുള്ളതിന്ന തന്റെ വാലിഭക്കാരനെ അയക്കുന്നതൊഴികെ ഞങ്ങൾക്ക അലക്കുവാനുള്ള വസ്ത്രങ്ങളൊക്കെയും അയാടെ വീട്ടിൽ കൊണ്ടുപൊയി ക്കൂലി ഒന്നും ക്കൂടാതെ അലക്കിച്ചുതരുമാറുമായിരുന്നു.

ഇങ്ങനെ ഞങ്ങൾ ബയ്യായിൽ പാക്കുന്ന നെരത്തു ഒരു ദിവസം മല്പാന്റെ ഇരിപ്പിടമായ ഈ പള്ളിയിൽ കുർവാന ചൊല്ലുന്ന നെരത്തു അവിടെയുള്ള വലിയ തൊക്കുകൾ നന്നാക്കുന്നവക്കു യജമാനനാകുന്ന അന്തൊണി ഓസക്കാൽ ദാസ എന്നു ചൊല്ലുന്ന എത്രയും ഭക്തിമയും തമ്പുരാനെ പെടിയും ശെഷം പുണ്യപ്രവൃത്തികളും നിറഞ്ഞിരിക്കുന്ന ഒരാൾ അവിടെ ഉണ്ടാകുന്നതിനെക്കൊണ്ടു ഈ ആൾ കുർവാന കഴിഞ്ഞതിന്റെ ശെഷം മല്പാനുമായി സംസാരിച്ചു. എവിടെനിന്ന വരുന്നെന്നും എവിടെക്കു പൊകുന്നെന്നും അറിഞ്ഞതിന്റെ ശെഷം തന്റെ വീട്ടിൽ ചെന്നതിന്റെ ശെഷം ഉടൻ പടയാളികളിൽ ഒരുത്തനെ അയച്ചു മല്പാനെ തന്റെ വീട്ടിൽ വരുത്തി വത്തമാനങ്ങൾ ഒക്കെയും വിരവിൽ ചൊദിച്ചറിഞ്ഞതിന്റെ ശെഷം തന്റെ ദെഹത്തിന്മേലും കാലിന്മെലുമുള്ള ചിരങ്ങിന്റെ പെരുപ്പം കണ്ടാറെ കുറെ വെള്ളവും കാച്ചിച്ചു തന്റെ കൈകൾകൊണ്ടുതന്നെ കാലുകളും കഴുകി ആടലോടകത്തിന്റെ എലയും വച്ചുകെട്ടി മല്പാൻ ഇട്ടിരുന്ന കാലുറ ചവുണ്ടതാകകൊണ്ടു ആയത്തു മാറി പുത്തനായിട്ടൊരുക്കൂട്ടം കാലുറ എടുത്തു കാലിന്മെൽ ഇടീക്കയും ഇതിൻവണ്ണം മററും പലയൂഴവും തന്റെ കാലുകൾ കഴുകുകയും ഇതുമെന്യെ ഈ നാട്ടിൽനിന്ന ഞങ്ങൾ യാത്ര പുറപ്പെട്ടപ്പൊൾ ആ ആളിന്റെ വീട്ടിൽ ചെന്ന യാത്ര ചൊല്ലിയാറെ ചെറുതായിട്ട ഒരു പൊൻകാശു ദാനധർമ്മമായി ഞങ്ങൾക്ക തരികയും ചെയ്തു.

എന്നാൽ ഈ ആൾ ശെഷമുള്ളവരെല്ലാവരെക്കായിലും ഉപവി കാട്ടിയതിനെക്കൊണ്ടു അയാടെ നാമം തിരിച്ചു നമ്മുടെ വർത്തമാനത്തിൽ എഴുതുകയും ചെയ്തു. ഇങ്ങനെ ഞങ്ങൾ മെത്രാപ്പൊലീത്താടെ ഗൃഹത്തിൽ വസിച്ചിരിക്കുന്നപ്പൊൾ കപ്പലിന്റെ കപ്പിത്താന്റെ ആൾ വന്ന ഞങ്ങളെ ഒരന്യായക്കാരന്റെ വീട്ടിൽ കൊണ്ടുപൊയാറെ ലിസ്ബൊ ആയിക്ക പൊകുവാൻ വഹിയാത്തവണ്ണം ദിഷ്ടതിയായി പൊകകൊണ്ടത്രെ കപ്പൽ അവിടെക്ക ചെന്നതെന്ന കപ്പൽക്കാററുടെ ഉറപ്പിന്ന സാക്ഷിയായിട്ടു ഞങ്ങടെ കയ്യൊപ്പിട്ട കടദാശുകൾ രണ്ടു പെരൊടും വെവ്വെറെ വാങ്ങുകയും ചെയ്തു.

www.malankaralibrary.com

വിശെഷിച്ചം കപ്പലിന്ന വെണ്ടുന്ന വസ്തുക്കളൊക്കെയും ആസ്ഥമാകുന്ന ഇടക്ക ഞങ്ങളും ഞങ്ങൾക്ക ദിഷ്ടതിയുള്ള വസ്തുക്കളൊക്കയും കൊണ്ട വിദയം വരുത്തിയതിന്റെ ശെഷം കപ്പൽ കരെറുവാനുള്ള നെരം അടുത്തപ്പൊൾ ഞങ്ങൾ മെത്രാപ്പൊലീത്തായൊട യാത്ര ചൊല്ലുവാൻ ചെന്നാറെ ഇനിക്കും മല്പാനും കപ്പലിൽ എങ്കിലും ലിസ്ബൊ ആയിൽ എങ്കിലും കുർവാന ചൊല്ലുവാൻ ഉള്ളതിന്ന ഏതാനും ധാനധർമ്മവും വാലിഭക്കാറക്ക രണ്ട പെർക്കും പച്ച കമ്പിളികൊണ്ട ഓരൊരൊ കാൽകുപ്പായവും കൊടുത്തതുമൊഴിയെ ഈ മെത്രാപ്പൊലീത്താ തനിക്ക ബയ്യാ എന്ന ദെശത്തുള്ള കാററു പിടിയായ്കകൊണ്ട തനിക്കൊഴിവും കല്പിച്ച തന്റെ നാടാകുന്ന ലിസ്ബൊ ആയിക്കതന്നെ വീണ്ട ചെല്ലുവാൻ അനുവാദം കൊടുക്കണമെന്ന രാജസ്ത്രീയൊട താൻ അപെക്ഷിച്ചതിനാൽ രാജസ്ത്രീ തന്റെ അപെക്ഷ കൈക്കൊണ്ട വെറെ ഒരാളിനെ ബയ്യാ എന്ന ദെശത്തിന്റെ മെത്രാപ്പോലീത്താ ആയി കല്പിച്ചതിനാംപക്കം ബയ്യായിൽനിന്ന ലിസ്ബൊ ആയിക്ക പൊകുന്ന കപ്പലുകളിൽ തന്റെ വസ്തുക്കളൊക്കയും കുറെച്ചെ കടത്തിവരികകൊണ്ട തന്റെ മുണ്ടുമുറികളിൽ ഏതാനും ഞങ്ങടെ പററിൽക്കൂടെ തന്നയക്കയും ഇതുമെന്യെ മെത്രാന്റെ മരുമകൻ പാതിരി ഏതാനും പഞ്ചസാര ഞങ്ങൾക്ക സമ്മാനവും തന്ന ഇങ്ങനെ വലിയ സ്നെഹത്തൊടുകൂടെ ഞങ്ങളെ അയക്കകയും ചെയ്തു.

അപ്പൊഴൊ ടി ആണ്ടിൽതന്നെ എടവമാസം ൧-ാംനു (1) കപ്പൽ കരെറി അവിടെനിന്ന പുറപ്പെട്ടതിന്റെ ശെഷം ഞാൻ എത്രയും വളരെ വളരെ സാദ്ധ്യത്തൊടുകൂടി ദിവസംതൊറും തമ്പുരാനൊട അപെക്ഷിച്ചിരുന്നു. കൊടുങ്ങല്ലൂർ മെത്രാപ്പൊലീത്താടെ കാര്യംകൊണ്ടും മററും പ്രത്തുക്കാൽ രാജസ്ത്രീയൊട അപെക്ഷിപ്പാനുള്ള കാര്യംകൊണ്ടും മല്പാനുമായി വിചാരിച്ചാറെ ആയതൊക്കയും അങ്ങനെതന്നെ എന്നും നിശ്ചയിച്ച ഞങ്ങടെ യൊഗമാകുന്ന മലങ്കരപള്ളിക്കാററു തങ്ങടെ പള്ളികൾക്കും ജാതിക്കും ഗുണംവരുവാൻ തക്ക കാര്യമൊക്കയും ക്ലെശിപ്പാനുള്ളതിന്ന ഞങ്ങൾക്ക തന്നിരിക്കുന്ന സർവ്വ അനുവാദത്താൽ ലിസ്ബൊ ആയിൽ ചെന്നാൽ രാജസ്ത്രീയുടെ മുമ്പാകെ വൈക്കെണ്ടുന്ന അപെക്ഷകടദാശ എഴുതി ഒപ്പിച്ച വിദയം വരുത്തി കപ്പലിൽ ഉള്ള മുതലാളികളെ വായിച്ചുകെൾപ്പിച്ചാറെ അവക്കും പാരം പ്രസാദമാകയും ചെയ്തു. എന്നാൽ ഈ അപെക്ഷകടദാശിന്റെ വാചകം താഴത്ത എഴുത്തപെടുകയും ചെയ്യും. ഇതിന്റെ ശെഷം ഉഷ്ണമായ കാററു കഴിഞ്ഞു തണുപ്പുകാററു ഏററു തുടങ്ങിയപ്പോൾ എനിക്ക എത്രയും പാരം കഠിനമായിട്ട ഒരു ചുമ ഉണ്ടായാറെ കാച്ചിയ വെള്ളവും പഞ്ചസാരയും കൂടെ കുടിപ്പാൻ കപ്പലിലുള്ള വൈദ്യൻ പറകയും ഞാനും ആയത്തു കാട്ടുകയും ചെയ്തു.



വിശെഷിച്ചം കപ്പലിന്റെ മുതലാളികൾ എന്റെ ദീനം കണ്ടാറെ വലിയ മനൊഗുണത്തൊടും കരുണയൊടുംകൂടെ പെരുമാറി. ചുമ കഠിനമായി ഉണ്ടായിരുന്ന നാളുകളിൽ കൊഴിഎറച്ചിയും ആയതിന്റെ ചാറും വെറെ ഒപ്പിച്ച തരുവാൻ കല്പിക്കകൊണ്ട ഞങ്ങൾ കൊണ്ട കൊഴിയിൽ ഒന്നും കൊല്ലെണ്ടിവന്നതും ഇല്ലാ.

ഇങ്ങനെ മെൽപറഞ്ഞ ആണ്ടിൽതന്നെ കർക്കടകമാസം ൧൮-ാംനു (18) ഉച്ചതിരിഞ്ഞു മൂന്നുമണി ആയ നെരം ലിസ്ബൊ ആയിൽ വന്നു. കുറെ കഠിനമായിരുന്ന കാററൊടുംകൂടെ തുറമുഖത്ത കടന്ന ചീനി ഇട്ടാറെ രാജാവിന്റെ ആളുകൾ വന്ന കപ്പലിൽ ശൊധന ചെയ്വൊളം ആർക്കും കപ്പലിൽ നിന്ന കരക്കിറങ്ങിക്കൂടാ എന്ന രാജപ്രമാണം ഉണ്ടായിരിക്കകൊണ്ട അന്നത്തെ ദിവസം ആരും കരക്കിറങ്ങാതെ എല്ലാവരും കപ്പലിൽ പാർത്തതെ ഉള്ളു.

വിശെഷിച്ചം അന്ന രാത്രിയിൽ ഞാൻ ബയ്യായിൽ നിന്ന പൊരുന്നപ്പൊൾ കൊണ്ട പുകലപൊടിയിൽ വളരെ ശെഷിപ്പുണ്ടായിരുന്നതു കൊണ്ട കുറെ മാത്രം വച്ചുംകൊണ്ട ശെഷമുള്ളതൊക്കയും കടലിൽ കളകയും ചെയ്തു അതെന്തെന്നാൽ ബയ്യായിൽ നിന്ന പൊകലയും പൊകലപ്പൊടിയും ലിസ്ബൊ ആയിക്ക കൊണ്ടുപൊകുന്നതു രാജകച്ചവടമത്രെ ആകുന്നു.

ഇതിന്റെ ശെഷം പിറെറ ദിവസം ശൊധനക്കാററു കപ്പലിൽ വന്നപ്പൊൾ കപ്പലിൽ വരുന്ന പണത്തിന്നും കൂടെ ൧൦൦-ക്ക (100) ചുങ്കമെടുപ്പാൻ മര്യാദിയായിരിക്കുന്നതുകൊണ്ട കപ്പലിൽ ഉള്ള ആളുകളൊക്കയും തങ്ങൾ തങ്ങൾക്കുണ്ടായിരുന്ന പണങ്ങൾ ശൊധനക്കാററുടെ കയ്യിൽ കൊടുക്കുന്നപ്പൊൾ മല്പാനും ഞങ്ങൾക്കുണ്ടായിരുന്ന പണം കൊണ്ടുചെന്ന കൊടുത്താറെ ആയത്തു ശൊധനക്കാററു മെടിച്ചതിന്റെ ശെഷം ആയതിൽ മൂന്ന പൊൻകാശു അപ്പൊളത്തെ ചിലവു വകക്ക കൊടത്തുംവച്ചു ശെഷമുള്ളതൊക്കയും ഞങ്ങൾ എടുത്തുകെട്ടി. ആയതിന്റെ എണ്ണം പുസ്തകത്തിൽ കുറിച്ചുകൊണ്ട പൊകയും ചെയ്തു.

ഇതൊക്കയും കഴിഞ്ഞതിന്റെശെഷം ഭക്ഷണം കഴിഞ്ഞ ഉടൻതന്നെ കപ്പലിൽനിന്ന പുറപ്പെട്ട നഗരിയിൽ ഇറങ്ങുകയും ചെയ്തു. വിശെഷിച്ചം ഞങ്ങടെ മുണ്ടുമുറികൾ ഒക്കയും ഈന്ദിയാവീട്ടിൽ ചെല്ലുന്നതിന്ന മുൻപിൽ കൊണ്ടുപൊകുവാൻ വഹിയായ്കകൊണ്ട കപ്പലിൽതന്നെ വച്ചെക്കയും ചെയ്തു.

എന്നാൽ ഇങ്ങനെ ഉടെതമ്പുരാൻ മനൊഗ്ഗുണം ചെയ്ത ആയുസ്സൊടും സ്വസ്ഥതയൊടുംകൂടെ ലിസ്ബൊ ആയിൽ പററിയതിന്റെ ശെഷം അവിടെ ഞങ്ങളുമായിട്ട കണ്ടറിവും സ്നെഹവുമുള്ള ആളുകൾ ആരും ഇല്ലായ്കകൊണ്ടും അവിടെയുള്ള ജനങ്ങളുടെ സ്വഭാവവും ശക്തിയും അറിയായ്കകൊണ്ടും മററിടം കാ

www.malankaralibrary.com

ണായ്കകൊണ്ടും ഉടൻതന്നെ വഴി അറിയുന്നതിൽ ഒരാളിനെ
യുംകൂട്ടി എറൊപ്പയിലുള്ള രാജ്ജിതങ്ങളും ഒക്കയിലും മര്യാദിയാ
യിരിക്കുന്നപൊലെ അവിടെയും ഉണ്ടായിരിക്കുന്ന ശുദ്ധമാന
മാർപ്പാപ്പായുടെ മനിഷ്യപം പാർത്തിരിക്കുന്ന വീട്ടിൽ ചെന്നു മ
നിഷ്യവുമായിട്ട കണ്ടുപറവാൻ കാര്യമുണ്ടെന്നു വാതിൽ കാക്കുന്ന
വാലിഭക്കാരനൊട്ട പറഞ്ഞാറെ അന്നത്തെ ദിവസം ബുധനാഴ്ച
ആകകൊണ്ടു നാട്ടമര്യാദി ആയിരിക്കുന്നപൊലെ വരുന്ന ആള
കാംക്ക അകത്തു കടപ്പാൻ അനുവാദം കൊടുക്കണ്ടാ എന്നു വാലി
ഭക്കാരനൊട്ട മനിഷ്യം കല്പിച്ചിരിക്കകൊണ്ടു കടപ്പാൻ അനുവാദ
മില്ലെന്നു വാലിഭക്കാരൻ സൊല്ലുൻ വിവാദിച്ചതിനാൽ ഒടുക്കം
പല പ്രകാരത്തിലും പറഞ്ഞതിന്റെ ശെഷം ഒടുക്കം മല്പാൻ
തന്നെ കടന്നുകൊള്ളത്തക്കവണ്ണം അനുവദിച്ചതിന്റെ ശെഷം
ഞങ്ങാം മൂവരെയും പുറത്തുനിറുത്തിയും വച്ചു മല്പാൻ താൻമാത്രം
അകത്തു കടന്ന മനിഷ്യത്തെ കണ്ടു പറഞ്ഞു ഉടൻ ആളയച്ചു പുറ
ത്തു നില്ക്കുന്ന ഞങ്ങളെയും വിളിച്ചു അകത്തു കടത്തിയതിന്റെ
ശെഷം അവിടെതന്നെ ഭക്ഷണം കഴിവാൻ മനിഷ്യം കല്പിച്ച
തിന്നു ഞങ്ങാം ഇപ്പൊം കപ്പലിൽവച്ചു ഭക്ഷിച്ചുകൊണ്ടുവന്നതു
കൊണ്ടു വിശപ്പില്ലാ എന്നും ഇത്രവലിയ ഉപവിക്കും സ്നെഹത്തി
ന്നും അങ്ങെ ഉയർച്ചക്ക പെരുത്ത ഞങ്ങാം കടമായിരിക്കുന്നു എ
ന്നും കഴിവു പറഞ്ഞതിന്റെ ശെഷം അവിടെ തന്റെ വീട്ടിൽ
കൂടെ സുറിയാനിക്കാററു രണ്ടു മാർഗ്ഗമറിയിക്കുന്നവരു പാർത്തി
രിക്കുന്നതിനാൽ അവിടെ ഞങ്ങളെ വസിപ്പിപ്പാൻ മററിടം ഇ
ല്ലായ്കകൊണ്ടു ഉടൻതന്നെ തനിക്ക ചിററാഴ്മ ചെയ്യുന്നതിൽ
ഒരു പാതിരിയെയുംകൂടെ കൂട്ടി അവിടെ തന്നെ കുറെ അകല
ത്തിൽ ഇരിക്കുന്ന മാർ ബെനെദിക്തൊസ എന്ന പുണ്യവാ
ളന്റെ ദർശനക്കാററുടെ ആശ്രമത്തിന്നു ഞങ്ങളെ അയച്ചു ഞ
ങ്ങാംക്ക വെണ്ടുന്നതൊക്കയും തരുവാൻ അവിടെയുള്ള മൂപ്പനൊ
ട കല്പിക്കയും ചെയ്തു.

എന്നാൽ ഇയാള മനിഷ്യത്തിന്റെ പ്രമാണം കെട്ട ഉടൻ
രണ്ടു മുറിയും വിദയം വരുത്തി ഞങ്ങാംക്ക തിന്മാനും കുടിപ്പാനും
വെണ്ടുന്നതൊക്കയും തന്നു ലിസ്ബൊ ആയിൽനിന്നു ഞങ്ങാം
റൊമായിക്ക പൊകുവൊളം നല്ലവണ്ണം അവിടെ ഞങ്ങളെ സ
ന്ധിക്കയും ചെയ്തു [1].

1. പോർച്ചുഗലിലെ ലിസ്ബണിൽനിന്ന് കരിയാററിൽ മല്പാൻ 1779 സെപ്ററം 25ന് സുറിയാനിയിൽ എഴുതിയ കത്ത് കേരളത്തിലെ പുരാതനശേഖരങ്ങളിൽ ഉണ്ട്. കപ്പൽയാത്ര, ഇടയ്ക്ക സംഘത്തിന് ബാധിച്ച അസുഖം, പോർച്ചുഗലിൽ എത്തിയത്, കൊടുങ്ങല്ലൂർ അതിരൂപത പുന:സ്ഥാപിക്കാൻ നടത്തുന്ന ശ്രമങ്ങൾ, യൂറോപ്പിൽ ഉണ്ടാകാവുന്ന കാലതാമസം ഇവ പരാമർശിക്കുന്ന കത്ത് ആസന്നമായിരിക്കുന്ന റോമായാത്ര ശുഭകരമാകാൻ വൈദികരുടെയും വിശ്വാസികളുടെയും പ്രാർത്ഥന അഭ്യർത്ഥിക്കുന്നു. ചെത്തിപ്പുഴ കൈയെഴുത്തുപ്രതി (1902)യിൽ ഈ കത്ത് ഉണ്ട്.



# മുപ്പതാംപദം

ലിസ്ബൊ ആ എന്ന നഗരിമെലും രാജപരിപാലനത്തിന്റെ
ക്രമത്തിന്മെലും

പ്രത്തുക്കാൽ രാജ്യത്തിന്റെ അരശിരിക്കസ്ഥാനമാകുന്ന
ലിസ്ബൊ ആ എന്ന നഗരി ആയതു അടിസ്ഥാനമിട്ട പണി
ചെയ്ത നാളകളിൽ ചെറിയ നഗരി ആയിരുന്നു. എങ്കിലും രാജ
സിംഹാസനം അവിടെ പകർത്തി വച്ചതിന്റെ ശെഷം ഇന്ന
ത്തെ ദിവസങ്ങളിൽ എറൊപ്പയിലുള്ള പെരുമപെട്ട നഗരിക
ളിൽ ഒന്നു ലിസ്ബൊ ആ ആകുന്നു എന്നുതന്നെ പറയാം.

അപ്പൊഴൊ ലിസ്ബൊ ആ എന്ന ഈ നഗരി കുറഞ്ഞാൽ
രണ്ടു കാതം വഴി നീളവും ഒന്നര കാതം വീതിയും ഉണ്ടായിരി
ക്കുന്നതും എന്നാൽ ഈ നഗരിയിലുള്ള ഗൃഹങ്ങളും ഗൊപുരങ്ങളും
ജെനവാനഗരിയിലും റൊമ്മായിലും ഉള്ളപൊലെ പൊക്കമുള്ളത
ല്ലാ എങ്കിലും രണ്ടുനാലു നിലയൊളമുള്ള പലപല വീടുകാം അ
വിടെ ഉണ്ടുതാനും. വിശെഷിച്ചും നഗരിയുടെ ഇരിപ്പു സൂക്ഷി
ച്ചാൽ മുൻപിൽ ആയതു അടിസ്ഥാനമിടുന്ന നെരത്തു ഇത്ര വ
ലിയതായി പണിവാനായിട്ടല്ലാ അടിസ്ഥാനമിട്ടതെന്നതിനെ
കൊണ്ടും രാജധാനി അവിടെ ആകയും കച്ചവടവും കാര്യവും
വർദ്ധിക്കയും ചെയ്തതിന്റെശെഷം പലപല കുടിയാന്മാരും പു
റത്തു നഗരികളിൽനിന്നു അവിടെക്ക വന്നു വസിപ്പാൻ സംഗ
തിവരികകൊണ്ടും മുൻപിൽ പണി ചെയ്തിരുന്ന നഗരിമെൽ എ
ച്ചുതുടങ്ങുകകൊണ്ടും നഗരിയുടെ ഇരിപ്പു നല്ല ക്രമത്തുംവഴി അ
ല്ലെങ്കിലും ആയതിലുള്ള പലപല ഉർവഴികളും നല്ല ക്രമത്തൊട
കൂടെ നെരെ ഒത്തിരിക്കുന്നു താനും.

എന്നാൽ ഈ നഗരിയുടെ അകത്തു പലപല ഇടവകപള്ളി
കളും ദർശനകാററുടെയും ദർശനകാരത്തികളുടെയും പലപല
ആശ്രമങ്ങളും ആയതിനൊട ചെർന്നുള്ള പള്ളികളും ഉണ്ടായിരി
ക്കകൊണ്ടു ഘൊഷവും പെരുനാളകളുമുള്ള ദിവസങ്ങളിൽ പള്ളി
കളിൽ തട്ടുന്ന വലിയ മണികളുടെ ചുറുതികൊണ്ടു നഗരി ഒക്കെ
യും മുഴങ്ങുകയും ചെയ്യും. അതിൻവണ്ണംതന്നെ നഗരിയിൽ കട
ക്കുന്ന തെരുകളുടെ മുഴക്കവും വിശെഷിച്ചും ആ നഗരിയിലുള്ള
ദർശനക്കാററുടെയും ദർശനക്കാരത്തികളുടെയും പെരുപ്പവും എ
ണ്ണവും ഭെദവും പറവാൻ വെണ്ടുംവണ്ണം ഞാൻ അറിഞ്ഞിട്ടുമില്ലാ.
നമ്മുടെ വത്തമാനത്തിന്നു കൂടുന്നൊരു കാര്യവുമല്ലാ. എങ്കിലും
ഇങ്ങനെ ഉള്ള അവസ്ഥകാം കെൾപ്പാൻ നമ്മുടെ ജനങ്ങാംക്ക
പാരം ആഗ്രഹം ഉണ്ടായിരിക്കകൊണ്ടു അറിഞ്ഞിരിക്കുന്നതിൽ
കുറെ ഇവിടെ എഴുതുകയും ചെയ്യുന്നു. എന്നു വരുമ്പൊൾ അവി

www.malankaralibrary.com

ടെയുള്ള ദർശനങ്ങളിൽ തലപ്പെട്ടതാകുന്നതു മാർ ബെനെദിക്തൊസ എന്ന പുണ്യവാളൻെറ ദർശനവും മാർ പ്രഞ്ചിസ്സൊസിൻെറ ദശ്നകാററു പലവകയും മാർ ദൊമിനീക്കൊസിൻെറ ദർശനവും മാർ യൊഹന്നാൻ ദെവൊസി എന്ന പുണ്യവാളൻെറ ദർശനവും മാർ ആഗ്ഗുസ്തിനൊസു പുണ്യവാളൻെറ ദർശനവും തനിക്കുള്ള ക്രമത്തിലുള്ള കാനൊനിസ്താൻമാരും മാർ കയെത്താനൊസു പുണ്യവാളൻെറ ദർശനവും കർമ്മലീത്താ ദർശനത്തിൽ രണ്ടു വകക്കാററും അതായതു ചെരിപ്പുള്ളവരും ചെരിപ്പില്ലാത്തവരും മാർ കമീർല്ലു എന്ന പുണ്യവാളൻെറ ദർശനവും നസ്രാ എന്നു ചൊല്ലുന്ന പ്രായശ്ചിത്തത്തിൻെറ ദർശനവും നല്ല മരണത്തിൻെറ ദർശനവും ഇതുമെന്യെ മററു പല ദർശനകാററും ഒഴിയെ ദർശനകാരത്തികളാകുന്നതു പ്രഞ്ചിസ്സാനൊസു ദർശനകാരത്തികളും ദൊമിനീക്കൊസുകാരത്തികളും ആഗ്ഗുസ്തിനൊസു കാരത്തികളും കർമ്മലീത്താക്കാരത്തികൾ രണ്ടു കൂട്ടവും സന്തക്ലാറാ എന്ന പുണ്യവാളത്തിയുടെ ദർശനകാരത്തികളും ഇതുമെന്യെ മററും പല ദർശനങ്ങൾ സത്യം ചെയ്തു കൈക്കൊണ്ടു ശുദ്ധമാന സ്ത്രീകളും ഉണ്ടായിരിക്കുന്നതും ആയതുകൂടാതെ പലപല ഭ്രാതൃസമൂഹങ്ങളും അതായതു ശുദ്ധമാന കുർവാനയുടെ ഭ്രാതൃക്കളും മത്തമറിയത്തുമ്മാടെ ഏഴു ദു:ഖത്തിൻെറ ഭ്രാതൃക്കളും റൂഹാദക്കുദശാടെ ഭ്രാതൃക്കളും ശുദ്ധമാന കൊന്തയുടെ ഭ്രാതൃക്കളും മിസെരിക്കൊർദ്യാ കൂടപ്പിറപ്പു സ്നെഹത്തിൻെറ ഭ്രാതൃക്കളും പിന്നയും മററും പല ഭ്രാതൃക്കൂട്ടങ്ങളും.

വിശെഷിച്ചും രാജചിലവാലും വമ്പന്മാരുടെ ദാനധർമ്മത്താലും പണിചെയ്തിരിക്കുന്ന പാവപ്പെട്ട ദ്രൊഹക്കാറർക്കുള്ള വീടുകളും അവിടെ ദീനമായി ചെല്ലുന്ന പാവപ്പെട്ടവർക്കും ഭ്രാന്തന്മാക്കും തീനിന്നും വൈദ്യത്തിന്നും അവക്കു ചിററാഴ്മ ചെയ്യുന്ന ആളുകൾക്കും വെണ്ടുന്ന ചിലവുവകക്കുള്ള വരവുകളും അയററപ്പുഴയായ പട്ടക്കാക്കും അന്മെനികൾക്കും കുർവാനയുടെ ദാനധർമ്മംകൊണ്ടും മററും വെണ്ടുന്ന വസ്തുക്കൾകൊണ്ടും സഹായിപ്പാൻ മീസരെക്കാർദ്യാ എന്നു ചൊല്ലുന്ന പള്ളി മഹാസമ്പത്തൊടുകൂടെ സ്ഥാപിച്ചിരിക്കുന്നതും വിശെഷിച്ചും കാരണവന്മാരറിയാതെയെങ്കിലും മററു വാച്ച പ്രകാരത്തിൽ എങ്കിലും കെട്ടാതെ ഗർഭമുണ്ടായി പെറെറന്നു വന്നാൽ ആ കൊച്ചുങ്ങളെ പല സ്ത്രീകളും തങ്ങൾക്കു ബഹുമാനക്കെടു ഉണ്ടാകാതെ ഇരിപ്പാൻ കൊല്ലുമാറാകുന്നതിനെക്കൊണ്ടു അങ്ങനെയുള്ള കുററം കാട്ടാതെ ഇരിപ്പാനായിട്ടും പാഴിൽ കൊച്ചുങ്ങളെ കൊല്ലുന്നതിനാൽ മാനുഷക്കു കുറച്ചിൽ വരാതെ ഇരിപ്പാൻ ആയിട്ടും ഇങ്ങനെ ഉണ്ടാകുന്ന കൊച്ചുങ്ങളെ വളർപ്പാൻ റൊദാ എന്നു ചൊല്ലുന്ന ഇടവും പിള്ളങ്ങൾക്കും അവരെ വളക്കുന്ന സ്ത്രീകൾക്കും വെണ്ടുന്ന വരവുകളൊടുകൂടെ ഒപ്പിച്ചിരിക്കുന്നതും ഇതുകൂടാതെ അപ്പനും അമ്മയും നഷ്ടമായി



പൊയ കൊച്ചുങ്ങളെ വളർപ്പാനുള്ള ഇടങ്ങളും അതിനുള്ള ആളുകളെയും കല്പിച്ചിരിക്കുന്നതും വിശെഷിച്ചും കാരണവന്മാക്കു ചൊല്ലുവിളി ഇല്ലാത്ത താന്തൊന്നികളെയും ഭത്താവിനു ചൊല്ലുവിളി ഇല്ലാത്ത സ്ത്രീകളെയും സ്ത്രീകളൊടു അന്യായമായി ഞെരുക്കം കാട്ടുന്ന ഭത്താക്കളെയും ശിക്ഷിച്ചു നന്നാക്കി വഴക്കം പഠിപ്പിപ്പാനുള്ള ഇടങ്ങളും ഇങ്ങനെ മാനുഷസമൂഹത്തിനു ദിഷ്ടതിയുള്ള വസ്തുക്കളൊന്നിനും വിഷമം വരാതെ അതതിന്നു വെണ്ടുംവണ്ണം ഈ മെൽ ചൊല്ലിയ വസ്തുക്കൾക്കും പിന്നെയും മററും പല ദിഷ്ടതിയുള്ള വസ്തുക്കൾക്കും വെവ്വെറെ ഇടങ്ങൾ കല്പിച്ചു അതതിന്നു വെണ്ടുന്ന വരവുകളൊടുംകൂടെ ക്രമത്തുംവഴി സ്ഥാപിച്ചിരിക്കയും ചെയ്യുന്നു. മററു ഏറൊപ്പ ഒക്കയിലും ഉള്ള മര്യാദിപൊലെ ഇതെല്ലാംകൂടാതെ നഗരിയുടെ നീളത്തിന്നു കുറെ വടക്കൊട്ടു നീളവും വീതിയും സൂക്ഷിച്ചാൽ ആയതിന്നകത്തു പലപല ചതുമുററങ്ങളുണ്ടെങ്കിലും ആയതൊക്കെയിലും വിശെഷമായിട്ടു നഗരിയുടെ നീളത്തിന്നു കുറെ വടക്കൊട്ടു നീങ്ങി ആയതിൻെറ കിഴക്കുപുറത്തുള്ള ആററിൻെറ വാസ്തുരെയൊടു ചെർത്ത പ്രാസാ ദെ ഈന്ദ്യാ എന്നു ചൊല്ലുന്ന ചതുമുററം പണിതു ഒപ്പിച്ചിരിക്കയും ചെയ്യുന്നു. അപ്പൊഴെ ചതുമുററം ഇരിക്കുന്ന നിലം എത്രയും നിരപ്പൊത്തതായിരിക്കുന്നതുമൊഴിയെ ആയതിൻെറ വടക്കുപുറത്തു ഈന്ദിയായിൽനിന്നു വരുന്ന കപ്പലുകളിലുള്ള ചരക്കു ഇറക്കുവാനായിട്ടു എത്രയും വീതിയും നീളവും പൊക്കവും ഉള്ളൊരു വലിയ വീടു പണിതിരിക്കുന്നതും ആയതിൻവണ്ണംതന്നെ മെൽ പറഞ്ഞ ചതുമുററത്തിന്നു തെക്കുഭാഗത്തു ഈ വീടൊടു സമം നീളവും വീതിയും പൊക്കവും ഉള്ളൊരു വീടു അതിൻവണ്ണംതന്നെ പണിതൊപ്പിച്ചു ആയതിൽ പല പല ഞായസ്ഥലങ്ങൾക്കു ഇടവും ആയതിനുള്ള ഞായകാററെയും കല്പിച്ചിരിക്കുന്നതും വിശെഷിച്ചു ഈ ചതുമുററത്തിന്നു പടിഞ്ഞാറെഭാഗത്തു മെൽ പറഞ്ഞ വീടുകളുടെ പൊക്കം സമമുള്ള വലുതായിട്ടൊരു രാജധാനിയും പണിചെയ്തിരിക്കുന്നതുമൊഴിയെ ഈ ചതുമുററത്തിൻെറ നടുവിൽ എത്രയും വിശെഷമായിട്ടു വെളുത്ത പാറക്കല്ലുകൊണ്ടു നാലുപുറത്തും തട്ടുകളുമായി ഒരകതറയും പണിതു ആയതിന്മെൽ ചെമ്പുകൊണ്ടു എത്രയും വിസ്മയമായിട്ടു വാത്തുണ്ടാക്കിയ കുതിരയും ആയതിൻെറ പുറത്തു ഒരുമിച്ചു അതിനൊടുകൂടെ വാത്തുണ്ടാക്കിയിരിക്കുന്ന തലക്കൊരികയും വശ്രാന്തിയും ഇട്ടുകൊണ്ടും രാജവടി കയ്യിൽ പിടിച്ചുകൊണ്ടും കടൽഭാഗത്തൊട്ടു ദർശനമായിട്ടു ഒപ്പിച്ചിരിക്കുന്ന രാജാവിൻെറ രൂപവും ആ രൂപത്തിൻെറ വലത്തുകൈപ്പുറത്തു ചെമ്പുകൊണ്ടു വാത്തുണ്ടാക്കിയ കുതിരയൊടു സമമൊപ്പിച്ചു കല്ലുകൊണ്ടുള്ള മറെറാരു കുതിരയും പടപ്പുരുഷാരവും ആയതിൻെറ ഇടത്തുകൈപ്പുറത്തു അതിൻവണ്ണംതന്നെ കല്ലുകൊണ്ടു തീത്തൊപ്പിച്ചിരിക്കുന്ന ആനയും ആയതിൻെറ മുമ്പുറത്തു

www.malankaralibrary.com

താഴെ ചെമ്പുകൊണ്ടു വാൎത്തുണ്ടാക്കിയിരിക്കുന്ന കപ്പലും ഇങ്ങനെ എത്രയും അതുല്യമായിട്ടു രാജധാരണ ഒപ്പിച്ചു ഈ തറക്കു ചുററും ഉള്ള ഒടുക്കത്തെ നടെമെൽ പൊന്നുമ്പുരാലിച്ച ഇരിമ്പഴികൾ എറിഞ്ഞിരിക്കുന്നതും വിശെഷിച്ചും ഈ ചതുമുററത്തിന്നു അടുക്കെയുള്ള ഉറുവഴികളിൽ ഉള്ള വീടുകൾ ലിസ്ബൊ ആയിൽ ഭ്രമികുലുക്കം ഉണ്ടായി അവിടെ ഉണ്ടായിരുന്ന പഴെ വീടുകളൊക്കയും വീണപൊയതിന്റെ ശെഷം പുത്തനായിട്ടു പണിതുണ്ടാക്കിയ വീടുകളാകുന്നതിനെക്കൊണ്ടു ഇത്താലിയാ രാജ്യത്തുള്ള വീടുകളുടെ മാതൃകക്കു നല്ല ക്രമത്തുംവഴി നിര ഒപ്പിച്ചു പണിതിരിക്കുന്നതുമൊഴിയെ നഗരിയിലുള്ള കച്ചവടക്കാറരിൽ വമ്പന്മാരിൽ ഏറിയക്കൂറും ഈ ഇടത്തിൽ അത്രെ വസിച്ചിരിക്കുന്നതും. ഇതുമെന്യെ ഈ നഗരിയുടെ കടൽഭാഗത്തു മൂന്നു കൊട്ടകളും നടുവിൽ ഒരു കൊട്ടയും ഉള്ളതിൽ ഈ നടുവിലുള്ള കൊട്ടയിൽ പലപല വക വെലക്കാററെ ആക്കി അവൎക്കു ചിലവിന്നും വെലക്കും വെണ്ടുന്ന വസ്തുക്കളൊക്കയും കൊടുത്തിരിക്കുന്നതും ഇതു അല്ലാതെ പലപല പണികൾ എടുക്കുന്നവരും അതായതു ആശാരിപണിക്കാററും മൂശാരിപണിക്കാററും ഇരിമ്പുപണിക്കാററും വാൎപ്പുപണിക്കാററും ശെഷമുള്ള പലപല പണിത്തരങ്ങൾ പണിയുന്ന ആളുകളും ആയുധങ്ങളും വലിയ തൊക്കുകളും സൂക്ഷിക്കുന്ന വീടുകളും നഗരിയിൽ ഉള്ള ആളുകൾക്കു പഞ്ഞം ഉള്ള നെരത്തിൽ സഹായിപ്പാൻ കൊതമ്പു സൂക്ഷിക്കുന്ന ഇടങ്ങളും മററും ദിഷ്ടതിയുള്ള പലപല വസ്തുക്കൾക്കു വെണ്ടുന്ന ഇടങ്ങളും ക്രമത്തൊടുകൂടെ പണതൊപ്പിച്ചു വിദയം വരുത്തിയിരിക്കുന്നതുമൊഴിയെ പലപല രാജധാനികളും പിമാൽ ഗൊമെരന്നു ചൊല്ലുന്ന നഗരിയിൽ പ്രധാനികളുടെ വീടുകളും ഗൊപുരങ്ങളും പണി ചെയ്തിരിക്കുന്നതുമുണ്ടു.

വിശെഷിച്ചും ഈ നഗരിയിലുള്ള പള്ളിക്കടുത്ത സ്ഥാനത്തിന്റെ പ്രകാരം പറഞ്ഞാൽ റൊമ്മായിൽ ഒഴിയെ ശെഷം എറൊപ്പയിലുള്ള ഇടങ്ങൾ ഒക്കയിൽ ഉള്ളതിനെകായിലും ഏററം മുഖ്യതയൊടും വമ്പൊടുംകൂടെ അത്രെ സ്ഥാപിച്ചിരിക്കുന്നു. അതെന്തെന്നാൽ മുൻപിലത്തെ കാലങ്ങളിൽ ലൊകരുടെ ആത്മപരിപാലനത്തിന്നു ശെഷം എറൊപ്പയിലുള്ള തലപ്പെട്ട നഗരികളിൽ ഉള്ളപൊലെ കൎദിനാൾ മെത്രാപ്പൊലീത്തായും കാനൊനിസ്താന്മാരും ഉണ്ടായിരുന്നാറെ അഞ്ചാമത്തെ ദൊംയൊവാം എന്നു ചൊല്ലുന്ന ഇപ്പൊൾ നാടു വാണവരുന്ന രാജസ്ത്രീയുടെ അവപ്പന്റെ കാലത്തിൽ പള്ളിക്കടുത്ത ക്രമങ്ങളിന്മെൽ തനിക്കുണ്ടായിരുന്ന ഭക്തിമകൊണ്ടു തമ്പുരാന്റെ സ്തുതിക്കും രാജിതത്തിന്റെ ബഹുമാനത്തിന്നും വലിപ്പത്തിന്നും ആയിട്ടു നഗരിയിലുള്ള പള്ളിക്കടുത്ത സ്ഥാനം ഉയൎത്തി. റൊമ്മായിൽ മാൎപ്പാപ്പായും തനിക്കു ചിററാഴ്മക്കാററാകുന്ന കൎദിനാളുന്മാരും ശെഷം മൊൻ-



സിഞ്ഞൊറെന്മാരും കാനൊനീസ്താന്മാരും ഉണ്ടായിരിക്കുന്നപൊലെ അതിൻവണ്ണംതന്നെ ലിസ്ബൊ ആയിലും ഉണ്ടായെ മതിയാവുവെന്നുംവച്ചു മുൻപിലുണ്ടായിരുന്ന മെത്രാപ്പൊലീത്തായുടെ സ്ഥാനം ഉയൎത്തി പാത്രിയൎക്കാ ആക്കി തനിക്കു പള്ളിക്കടുത്ത വസ്തുക്കളിൽ ചിററാഴ്മ ചെയ്വാനായിട്ടു ഇരുപത്തുനാലു പ്രിഞ്ചിപ്പാലന്മാരെയും രണ്ടു മൊൻസിഞ്ഞൊറെന്മാരെയും കാനൊനിസ്താന്മാരെയും ഇതുമെന്യെ പലപ്രകാരമുള്ള ചിററാഴ്മക്കും മററും ഏറിയ പള്ളിക്കടുത്ത വരവു പററുന്നവരെയും മഹാ വമ്പൊടും പെരിമയൊടുംകൂടെ ഉണ്ടാക്കിയിരിക്കുന്നതും അവരിൽ ഓരൊരുത്തന്നു തന്റെ അംശത്തിന്നും സ്ഥാനത്തിന്നും തക്കവണ്ണംഏറിയ വരവുകൾ സ്ഥാപിച്ചിരിക്കുന്നതും അതായതു കൎദിനാൾപാത്രിയൎക്കായിക്കു ലക്ഷം കുറുസാദ ആണ്ടുതൊറും വരവുണ്ടായിരിക്കുന്നതുമൊഴിയെ നാല്പതിനായിരം കുറുസാദ ആണ്ടുതൊറും രാജഭണ്ഡാരത്തിൽനിന്നു കൊടുത്തിരിക്കയും പ്രിഞ്ചിപ്പാലന്മാരിൽ ഓരൊരുത്തന്നു ആണ്ടുതൊറും പന്തീരായിരം കുൎസാദിന്റെ വരവു സ്ഥാപിച്ചിരിക്കുന്നതും മൊൻസിഞ്ഞൊറെന്മാരിൽ ഓരൊരുത്തന്നു ആണ്ടുതൊറും നാലായിരം കുൎസാദും കാനൊനീസ്താന്മാരിൽ ഓരോരുത്തന്നു ആണ്ടുതൊറും രണ്ടായിരത്തഞ്ഞൂറു കുൎസാദിന്റെ വരവു കല്പിച്ചിരിക്കുന്നതും എന്നാൽ കുൎസാദിന്റെ പ്രകാരമറിവാൻ ഒരു കുൎസാദിന്നു നമ്മുടെ പണം ൨൪ (24) പിടിക്കുമെന്നു അറിഞ്ഞിരിക്കയും വെണം. ഇങ്ങനെ മററും ഓരൊരുത്തന്നു തന്റെ ചിററാഴ്മക്കു തക്കവണ്ണം മതിയാകുന്ന വരവു സ്ഥാപിച്ചിരിക്കുന്നതും ഇങ്ങനെ എത്രയും മതിപൊരിക ആയിട്ടു ഒപ്പിച്ചിരിക്കുന്നതു കണ്ടാൽ എത്രയും അതുല്യമെന്നെ പറയെണ്ടു. എന്നാൽ ഈ നഗരിയിൽ പെരുമയും മതിപൊരികയുമുള്ള പണികൾ മററും പലപലതുമുണ്ടു.

വിശെഷിച്ചും നഗരിയിൽ പലപല ഇടങ്ങളിൽ രാജധാനി പണി ചെയ്തിരിക്കുന്നു എങ്കിലും നഗരിയുടെ തെക്കെ അററത്തുള്ള അയൂദാ എന്നു ചൊല്ലുന്ന കൊയിലകത്തിലത്രെ സാമാന്യമായിട്ടു രാജാവിന്റെ ഇരിപ്പാകുന്നു. എന്നാൽ നമ്മുടെ എടത്തകന്മമാരും പണിക്കന്മാരും മെനൊന്മാരും എന്നു പൊലെ എറൊപ്പയിലുള്ള പ്രധാനികളുടെ പെരാകുന്നതും തദൂക്കാ എന്നും ഏൎലും എന്നും കൊന്തികൾ എന്നും വിഷ്ക്കൊന്തികൾ എന്നും മൎക്കെസുകൾ എന്നും ആകുന്നു. വിശെഷിച്ചും ദൊം യൂസെ എന്ന രാജാവു മരിച്ചതിന്റെ ശെഷം തനിക്കു ആൺമക്കളില്ലായ്കകൊണ്ടു തന്റെ മൂത്തമകളാകുന്ന ദൊന്നാമരിയാ പ്രഞ്ചിക്കാ എന്നു ചൊല്ലുന്ന ഇപ്പൊൾ നാടുവാഴുന്ന രാജസ്ത്രീ രാജപരിപാലനം കൈക്കൊണ്ടു ഉടൻ രാജിതത്തിലുള്ള കാര്യമൊക്കയും നാലുകൂറുകളായിട്ടു പവുത്ത ആയതിന്നു നാലു പെരെ കൈയാളിക്കയും

www.malankaralibrary.com

ചെയ്തു. അതായതു ഏറൊപ്പയിൽ തനിക്കുള്ള നാട്ടിലുള്ള കാര്യം വിചാരിപ്പാൻ വിഷ്ക്കൊന്തി ദെ പൊന്ത ദലീമാ എന്നു ചൊല്ലുന്ന ആളിനെയും ഈന്ദിയായിൽനിന്നും അമെരിക്കായിൽനിന്നും കടൽക്കപ്പുറമുള്ള നാടുകളിൽ വാച്ചടത്തുനിന്നും വരുന്ന കാര്യങ്ങളൊക്കയും വിചാരിപ്പാൻ മർത്തിഞ്ഞു ദെ മെൽ എന്ന ഒരുത്തനെയും ഏറൊപ്പയിലുള്ള മററു രാജിതങ്ങളിൽനിന്നു വരുന്ന കാര്യം വിചാരിപ്പാൻ അയറ ദെസാ എന്ന ആളിനെയും തന്റെ രാജഭണ്ഡാരത്തിൽനിന്നു പുറപ്പെടുന്ന ദ്രവ്യത്തിന്റെ കൈക്കണക്കും അവസ്ഥയും വിചാരിപ്പാൻ മർക്കെസ്സു അഞ്ചെലാ എന്ന മററൊരുത്തനെയും കല്പിച്ചാക്കി. ശെഷമുള്ള ദെസംബർഗദൊരന്മാരെന്നു ചൊല്ലുന്ന വിചാരകാറരും കാര്യക്കാറന്മാരും ഞായക്കാറരും പ്രവൃത്തികാരന്മാരും ഈ നാലുപെക്കും വഴങ്ങി ഇരിക്കുന്നതാനും.

എന്നാൽ ഈ രാജിതത്തിലുള്ള ഞായം വിധികളുടെയും കല്പനകളുടെയും മുറകൾ ചൊല്ലുവാൻ നമ്മുടെ വർത്തമാനത്തിന്നു ബന്ധിക്കുന്ന കാര്യമല്ലായ്കകൊണ്ടും ആയതിന്റെ അവസ്ഥ നല്ലവണ്ണം ഞാനറിയായ്കകൊണ്ടും ആയതിവിടെ എഴുതുന്നില്ലാ. വിശെഷിച്ചും ഈ നഗരിയിൽ കുടിയിരിക്കുന്നവരു നാലു ലക്ഷം പുരുഷാരത്തിൽപുറം ഉണ്ടെന്നു പറയുന്നു. വിശെഷിച്ചും രാജസ്ത്രീയും തന്റെ ഭർത്താവു രാജാവും ശെഷം തന്റെ വീട്ടുകാറരും ആണ്ടിലുള്ള ദിവസങ്ങളിൽ ഒട്ടു അയുദാ എന്നു ചൊല്ലുന്ന ഈ നഗരിയിൽ ഉള്ള തന്റെ ഇടത്തിലും ഒട്ടു ബെലൂസ എന്നു ചൊല്ലുന്ന നഗരിക്കു പുറത്തു തെക്കു നീങ്ങിയുള്ള മററൊരിടത്തിലും ഒട്ടു സള്വത്തെറാ എന്നും സമ്മൊറാ എന്നും ചൊല്ലുന്ന ഇടങ്ങളിലും ഇങ്ങനെ ഈ അഞ്ചിടങ്ങളിലായിട്ടു ആണ്ടുതൊറുമുള്ള ദിവസങ്ങൾ കഴിച്ചുവരുമാറാകുന്നു. അപ്പൊഴൊ ഞങ്ങൾ ഈ നഗരിയിൽ ചെന്നതിന്റെശെഷം മെൽ പറഞ്ഞവണ്ണം മനിഷ്ഷം സംബെന്തു എന്ന പുണ്യവാളന്റെ ദർശനകാറരുടെ ആശ്രമത്തിൽ ഞങ്ങളെ ആക്കിയതിന്റെ ശെഷം അന്നുതന്നെ ഈ നഗരിയിൽ പാർത്തിരിക്കുന്ന കയെത്താനൊസ എന്ന ഒരു ഗൊവക്കാരൻപാതിരി ഞങ്ങളെ വന്നു കണ്ടു എവിടെനിന്നു വരുന്നെന്നും എങ്ങു പൊകുന്നു എന്നും വന്ന കാര്യം എന്താകുന്നു എന്നും മററും പല പല വസ്തുക്കളും ഞങ്ങളൊടു ചൊദിക്കയും ചെയ്തു. ഇതിന്റെ ശെഷം ഞങ്ങൾ റൊമായിക്കു ചെല്ലുവാനായിട്ടു ലിസ്ബൊ ആയിൽ വന്നിട്ടുള്ളപ്രകാരം മനിഷ്ഷവും മല്പാനും റൊമായിക്കു എഴുതി അയക്കയും ചെയ്തു. ഇതിന്റെ ശെഷം ഞങ്ങൾക്കു കുർവാന ചൊല്ലുവാനുള്ള അനുവാദത്തിന്മെൽ മനിഷ്ഷത്തൊടു പറഞ്ഞാറെ ഞാൻ ഈ ഇടക്കുപാത്രിയർക്കായെ കാണ്മാൻ പൊകുമ്പൊൾ നിങ്ങളുടെ കാര്യം അദ്ദെഹത്തിനൊടു പറയുന്നുണ്ടു. അത്രനെരവും നിങ്ങൾ ഇവിടെ വന്നു കുർവാന ചൊ



ല്ലിയാലും എന്നു പറഞ്ഞതിന്റെ ശെഷം രണ്ടു നാലു ദിവസം കഴിഞ്ഞതിന്റെ ശെഷം മനിഷ്ഷവും താൻ പറഞ്ഞപൊലെ പാത്രിയർക്കായൊടു ഞങ്ങളുടെ അവസ്ഥകൾമെൽ പറകയും ചെയ്തു. ഇതിന്റെ ശെഷം ഞങ്ങൾ ചെന്നാറെ ഇന്നു കണ്ടുപറവാൻ കൂടുകയില്ലെന്നു പാത്രിയർക്കാടെ ചിററാഴ്മക്കാറരു പറഞ്ഞതുകൊണ്ടു ഞങ്ങളും വീണ്ടു അപെക്ഷിക്കുന്നതു അകത്തു നിൽക്കുന്ന പാത്രിയർക്കാ കെട്ടതിനാലെ മനിഷ്ഷം ഞങ്ങളുടെമെൽ പറഞ്ഞതൊത്ത പാത്രിയർക്കാതന്നെ വാതുക്കലൊളം വന്നു ഞങ്ങളെ വിളിച്ചു അകത്തു കടത്തി കുർവാന ചൊല്ലുവാൻ അനുവാദം തന്നതൊഴിയെ സുറിയാനിക്രമത്തിൽ ഞങ്ങടെ കുർവാന ആകുന്നെന്നു കെട്ടാറെ അവസരമുള്ളപ്പൊൾ ഒരു ദിവസം അവിടെ ചെന്നു കുർവാന ചൊല്ലണമെന്നും കല്പിച്ചു നല്ലവണ്ണം ഞങ്ങളെ അയക്കുകയും ചെയ്തു.

## മുപ്പത്തിയൊന്നാംപദം

കയെത്താനൊസ പാതിരിമെലും ഇയാൾ ഞങ്ങളൊടു ചെയ്ത അവസ്ഥമെലും

കയെത്താനൊസ വിത്തൊറിനൊസ ദെ ഫറിയാ എന്ന ഈ പാതിരി മുൻപിൽ ഗൊവയിൽ പെണ്ണുംകെട്ടി പാർത്തിരുന്ന ആളായിരുന്നു. എന്നാൽ ഇങ്ങനെ കെട്ടിയവനും കെട്ടിയവളുമായി പല കാലം വസിച്ചു ഒന്നു രണ്ടു മക്കളുമുണ്ടായതിന്റെ ശെഷം എന്തു കാരണമെന്നുണ്ടായില്ലാ തങ്ങടെ നില ചട്ടം മാററി ഭക്തിമെക്കു ശ്രമിക്കണമെന്നും വച്ചു കെട്ടിയവളെ ദർശനക്കാരത്തികളുടെ കൂട്ടത്തിൽ കൂട്ടിയതിന്റെ ശെഷം കെട്ടിയവൻ പട്ടവുമെററ പാതിരിയായി തനിക്കു ജീവിച്ചിരിക്കുന്ന ഒരു മകനെയും കൂട്ടിക്കൊണ്ടു മുൻപിൽ പൊത്തുക്കാലിന്നു വന്നതിന്റെ ശെഷം അവിടെനിന്നും റൊമ്മായിക്കു ചെന്നു പ്രൊപ്പഗന്ദാ എന്നു ചൊല്ലുന്ന പട്ടത്തവീട്ടിൽ തന്റെ മകനെയും പഠിപ്പാനാക്കി താനും കുറെ കാലം റൊമ്മായിൽ പാർത്തു ഈന്ദിയാരാജ്യത്തുള്ള മാർഗ്ഗമറിയിക്കുന്നവരുടെയും മാർഗ്ഗമറിയിപ്പിന്റെയും കാര്യംകൊണ്ടു പലപല അപെക്ഷകൾ പാപ്പായിക്കും മാർഗ്ഗമറിയിപ്പിന്റെ കാര്യം ക്ലെശിക്കുന്ന കർദിനാളന്മാക്കും കൊടുത്താറെ ആ യാതൊന്നും സാധിക്കായ്കകൊണ്ടു വീണ്ടു പൊത്തുക്കാലിന്നുതന്നെ തിരികെ വന്നു അവിടെ പാർത്തുംകൊണ്ടു തന്റെ നാടാകുന്ന ഗൊവയുടെയും തന്റെ ജാതിയുടെയും ഗുണത്തിന്നു വെണ്ടുന്ന പല കാര്യങ്ങൾ ക്ലെശിച്ചുവരികയത്രെയാകുന്നു.

എന്നാൽ പാതിരിക്കു രാജസ്ത്രീയുടെ കെട്ടിയവൻ രാജാവുമായിട്ടും തന്റെ നാലു തലപ്പെട്ട കാര്യക്കാരന്മാരായിട്ടും ശെഷം

www.malankaralibrary.com

നഗരിയിലുള്ള വമ്പന്മാരായിട്ടും യജമാനന്മാരായിട്ടും പാരം സ്നെഹവും വെണ്ടികയും ഉണ്ടായിരിക്കുന്നതിനാൽ തന്റെ നെരം പാരം ബഹുമാനം എല്ലാവൎക്കും ഉണ്ടായിരുന്നു. എന്നുതന്നെയല്ലാ തന്റെ വചനങ്ങൾക്കു ഏറിയ ശക്തിയും മിടുക്കും വല്ലഭവും പ്രയത്നം ചെയ്‌വാൻ തന്റെ ശരീരത്തിന്നു വളരെ വളരെ ആരൊഗ്യവും ഉണ്ടായിരുന്നുതാനും.

അപ്പൊഴെ ഈ പാതിരി മെൽപറഞ്ഞ ദശ്നവീട്ടിൽവന്നു ഞങ്ങളുമായിട്ടു കണ്ടു പറഞ്ഞതിന്റെ ശെഷം പിറ്റെ ദിവസം തന്നെ ഞങ്ങളുടെ ശരീരം തണുപ്പിപ്പാനായിട്ടു ഏറൊപ്പയിൽ ചെയ്‌വാൻ മൎയ്യാദിയായിരിക്കുന്നപൊലെ നാരങ്ങനീരും പച്ചവെള്ളവും പഞ്ചസാരയുംകൂടെ കുടിപ്പാനായിട്ടു കുറെ നാരങ്ങയും പഞ്ചസാരയുംകൂടെ കൊടുത്തയച്ചതിന്റെ ശെഷം മൂന്നാം പക്കം അയാൾതന്നെ വന്നു ഞങ്ങളെയും കൂട്ടിക്കൊണ്ടു ഞങ്ങടെ മുണ്ടുമുറികൾഒക്കയും ഇരിക്കുന്ന ഈന്ത്യാവീട്ടിൽ ചെന്നപ്പൊൾ അവിടെവച്ചു ഞങ്ങളെ കൊണ്ടുവന്ന കപ്പലിന്റെ ഉടയവരെ കണ്ടാറെ ഞങ്ങളെ കൊണ്ടുവന്നതുകൊണ്ടു അവരൊടു പാരം നന്ദിയുള്ള മനസ്സും കാട്ടിയതിന്റെശെഷം അവിടെയുള്ള പ്രവൎത്തികാരന്മാരൊടു അനുവാദവും വാങ്ങി ഞങ്ങളെ മുണ്ടുമുറികൾഒക്കയും അവിടെനിന്നു എടുപ്പിച്ചു കൊണ്ടുവന്നു നിക്കൊളാവ കൊണ്ണലി എന്നു ചൊല്ലുന്ന തന്റെ സ്നെഹകാരനാകുന്ന ഒരു കച്ചവടക്കാരന്റെ വീട്ടിൽ വെച്ചു. അവിടെവച്ചു കൊടമാളുക്കാരൻ കൊച്ചുമാണിവൈദ്യനാരു ഞാൻ ഏറൊപ്പക്കു പൊകുന്ന പ്രകാരം കെട്ടാറെ ഇനിക്കു കൊടുത്തയച്ചു ഔഷധങ്ങളൊക്കയും പൊയ്‌പൊകയും ചെയ്തു.

ഇതിന്റെ ശെഷം മല്പാൻതന്നെ ശൊധനക്കാരന്റെ ഭവനത്തു ചെന്നു കപ്പലിൽനിന്നുകൊണ്ടു പൊയ പണത്തിന്നുള്ള തീൎപ്പും തീൎത്തു ആയതു മെടിച്ചുകൊണ്ടു വരികയും ചെയ്തു. ഇതിന്റെശെഷം കുറെ ദിവസം കഴിഞ്ഞപ്പൊൾ കയെത്താനൊസു പാതിരി പ്രത്തുക്കാൽ രാജ്യത്തുള്ള രാജകാൎയ്യം വിചാരിക്കുന്ന വിഷ്‌കൊന്തിയുടെ വീട്ടിൽ ഞങ്ങളെ കൊണ്ടുപൊയി ആ വീട്ടിലുള്ള കാൎയ്യശാലയിൽ ഞങ്ങളെ ഇരുത്തിയുംവച്ചു അയാൾ അകത്തുകടന്നു വിഷ്‌കൊന്തിയും തന്റെ കെട്ടിയവളും ഇരിക്കുന്നെടത്തു ചെന്നു ഞങ്ങളവിടെ ചെന്നിട്ടുള്ളപ്രകാരം അറിയിച്ചതിന്റെശെഷം സൊല്പനെരം കഴിഞ്ഞപ്പൊൾ കയെത്താനൊസപാതിരിയും വിഷ്‌കൊന്തിയുടെ കെട്ടിയവളുംകൂടെ വന്നു ഞങ്ങളെ അകത്തു മുറിയിലൊട്ടു വിളിച്ചു പാരം സന്തൊഷം കാട്ടി പല പല വൎത്തമാനങ്ങളും ചൊദിച്ചിരിക്കുന്ന നെരം വിഷ്‌കൊന്തിയും അവിടെ വന്നു ഞങ്ങളെ കണ്ടു പറകയും ചെയ്തതിന്റെ ശെഷം ഞങ്ങൾ വസിച്ചിരിക്കുന്ന ദശ്നവീട്ടിന്നു കയെത്താനൊസു പാതിരിയൊടുകൂടെതന്നെ പൊരികയും ചെയ്തു.



ഇങ്ങനെ ഇരിക്കുമ്പൊൾ ഒരു ദിവസം മനിപ്പത്തിന്റെ വീട്ടിൽ മല്പാൻ ചെന്നപ്പൊൾ നമ്മുടെ മലങ്കരെ മാൎഗ്ഗമറിയിപ്പാൻ വന്ന ബൊനവെന്തുരാ എന്ന പാതിരിയെ അവിടെവച്ചു കണ്ട ഞങ്ങൾ വന്നപ്രകാരം അറിഞ്ഞാറെ അയാളും ഞങ്ങൾ വസിച്ചിരിക്കുന്ന ദശ്നവീട്ടിൽ വന്നു മഹാ സ്നെഹവും പ്രിയവും കാട്ടി ഞങ്ങളെ തന്റെ വീട്ടിൽ കൊണ്ടുപൊയി വിരുന്നുംവച്ചു യൊഹന്നാൻ ദെസന്താമഗ്ദ്ദരീത്താ എന്ന പാതിരി മലങ്കര ഇടവകക്കു വികാരി അപ്പസ്തൊലിക്കാ ആയപ്രകാരവും പ്രത്തുക്കാൽ രാജ്യത്തു കാൎയ്യം നടത്തുന്നതു തന്റെ ദൎശനത്തിലുള്ള രാജസ്ത്രീയുടെ കുമ്പസാരിപ്പിക്കുന്ന മെത്രാപ്പൊലീത്താ ആകുന്നെന്നും ഞങ്ങളെ ബൊധിപ്പിച്ചതിന്റെ ശെഷം കയെത്താനൊസ പാതിരിയൊടുകൂടെ കൂടി എന്നു വരാതെ ഇരിക്കട്ടെ എന്നു ബുദ്ധിയും ചൊല്ലി തന്നു വീണ്ടു മലയാളത്തിന്നു ഞങ്ങൾ പൊകുമ്പൊൾ അയാളെ കൂടെ കൊണ്ടുപൊകുവാനുള്ളതിന്നു ശ്രമിക്കണമെന്നു സാദ്ധ്യമായിട്ടു ഞങ്ങളൊടു അപെക്ഷിക്കയും ചെയ്തു.

ഇതിന്റെ ശെഷം ഒരു ദിവസം കയെത്താനൊസ പാതിരി ഞങ്ങടെ പക്കൽ വന്നു ഞങ്ങളുമായിട്ടു സംസാരിച്ചിരിക്കുന്ന നെരത്തു കൊടുങ്ങല്ലൂർ മെത്രാപ്പൊലീത്താടെ കാൎയ്യത്തിന്നുകൂടെ രാജസ്ത്രീയുടെ മുമ്പാകെ അപെക്ഷക്കടുദാശു കൊടുപ്പാൻ ഞങ്ങൾക്കു ദിഷ്ടതിയുണ്ടെന്നു അയാളൊടു ഞങ്ങൾ പറഞ്ഞാറെ ആ കാൎയ്യമെല്ലാം തീൎന്നിരിക്കുന്നു. അതെന്തെന്നാൽ കൊടുങ്ങല്ലൂർ ഇടവകക്കു ഭരിപ്പാൻ ഗൊവൎണ്ണദൊരായിട്ടു ഗൊവയിൽ നിന്നുപൊയ പെത്രുവിഗെരെത്തു എന്ന പാതിരിയെതന്നെ കൊടുങ്ങല്ലൂർ ഇടവകയ്ക്കു മെത്രാപ്പൊലീത്താ ആയി രാജസ്ത്രീ പെരുവിളിച്ചുവെന്നു ഞങ്ങളൊടു ഉത്തരിക്കയും ചെയ്തു.

എന്നാൽ ഈ ഉത്തരം ഞങ്ങൾ കെട്ട ഉടൻ കയെത്താനൊസ പാതിരി പറഞ്ഞതു നെരല്ലെന്നു ഞങ്ങൾ അറിഞ്ഞു എങ്കിലും കൊടുങ്ങല്ലൂർ മെത്രാപ്പൊലീത്താ ആയിട്ടു തന്റെ ജാതിക്കാററു ഗൊവാക്കാററു പാതിരിമാരിൽ ഒരുത്തനെ ആക്കുവാനത്രെ തന്റെ മനസ്സും ശ്രമവും ആകുന്നെന്നു ഞങ്ങൾ അറികയും ചെയ്തതിനാൽ ഈ കാൎയ്യത്തിന്നു അപെക്ഷ കടുദാശു രാജസ്ത്രീയുടെ മുമ്പാകെ കൊടുത്താൽ കയെത്താനൊസപാതിരിയും രാജാവും മന്തിരിമാരും ആയിട്ടുള്ള സ്നെഹവും അറിവുംകൊണ്ടും ഞങ്ങടെ പരിചയക്കെടും അറിവില്ലായ്കയും കൊണ്ടും അയാൾ കണ്ടു കണ്ണീയിൽ കാൎയ്യം കെട്ടി ഗൊവക്കാററു കന്നട്ടിമാരിൽ ഒരുത്തനെതന്നെ മെത്രാപ്പൊലീത്താ ആക്കുവാൻ പൊരുമെന്നുള്ള സംശയംകൊണ്ടും അപെക്ഷകടുദാശു രാജസ്ത്രീയുടെ മുൻപാകെ വൈക്കുന്നതിന്മെൽ ചഞ്ചലമായി. പൊത്തുക്കാലിൽ ഏത്തും കാട്ടാതെ റൊമായിക്കു അല്ലെയൊ മുൻപിൽ പൊകെണ്ടു എന്നതിന്മെൽ വിചാരമായി കഴികയും ചെയ്തു.

www.malankaralibrary.com

# മുപ്പത്തിരണ്ടാംപദം

**ഇതിൻെറശെഷം ഉണ്ടായ അവസ്ഥമെൽ**

തൻെറ മനൊഗ്ഗുണത്തിന്നും കരുണക്കും അളവില്ലാത്ത ഉടെതമ്പുരാൻ മനക്ലെശവും സംശയവും ഉള്ള നെരത്തു ബുദ്ധിയും വിചാരവും ഇല്ലാത്ത അറിവില്ലാത്ത ആളുകളെങ്കിലും സ്നെഹവും വെണ്ടികയും ഉള്ളവരുടെ വിചാരവും ബുദ്ധിചൊല്ലും എത്ര പൊരുമെന്നും നല്ലവണ്ണം നമുക്കു കാട്ടിതരികയുംചെയ്തു. അതെന്തെന്നാൽ പ്രത്തുക്കാലിൽ ഞങ്ങടെ അപെക്ഷക്കടുദാശ്ശു കൊടുക്കെണ്ടുന്ന കാര്യത്തിന്മെൽ മെൽപറഞ്ഞവണ്ണം ഞങ്ങൾക്കു ചഞ്ചലമായി ഏകദെശം മനസ്സു മടങ്ങി ഇരിക്കുന്ന നെരത്തു ഒരു ദിവസം മല്പാൻ ഈ പുസ്തകത്തിൻെറ ൨൬-ാം (26) പദത്തിൽ ചൊല്ലിയപൊലെ കപ്പലിൽവച്ചു കണ്ടറിവും സ്നെഹവും ഉണ്ടായിരുന്ന കപ്പലിൻെറ ഒരു പണിക്കാരൻ ജർമ്മാനെന്നവൻെറ വീട്ടിൽ ചെന്നു അവനുമായി സംസാരിച്ചിരിക്കുന്നപ്പൊൾ പ്രത്തുക്കാലിൽ അപെക്ഷക്കടുദാശ്ശു കൊടുപ്പാനുള്ള കാര്യത്തിന്മെൽ ഞങ്ങൾക്കുള്ള മനമ്മടക്കം അവനൊടു പറഞ്ഞാറെ അവൻ ആയതു കെട്ട ഉടൻ മല്പാനൊടു നിങ്ങൾ ഇത്ര വളരെ ദുരിതപ്പെട്ടു ഇവിടെ കാര്യം ബൊധിപ്പിപ്പാനായിട്ടു വന്നതിനാംപക്കം ആയതു ചെയ്യാതെ ഇവിടെ നിന്നു പൊകുവാൻ ചിതമില്ലാ. വിശെഷിച്ചും നിങ്ങൾക്കു ഇവിടെ അറിവും പരിജ്ഞാനവും ഇല്ലാത്തതുകൊണ്ടു ഒട്ടും ഒരു ചഞ്ചലം വെണ്ടാ. ആയതിന്നു അറിവും നെറിവും നഗരിയിലുള്ള വമ്പന്മാരുമായിട്ടു സ്നെഹവുമുള്ള ഒരു പാതിരിയെ കാട്ടിത്തരാമെന്നും പറഞ്ഞുംകൊണ്ടു മാർ പിലിപ്പൊസനെരി എന്ന പുണ്യവാളൻെറ സമൂഹത്തിലുൾപ്പെട്ട പട്ടക്കാററു വസിക്കുന്ന നെച്ചിസ്സിത്താദെ എന്ന ഇടത്തു കൊണ്ടു ചെന്നു യൊക്കിംബൊർജ്യാ എന്നു ചൊല്ലുന്ന അറിവും നെറിവും വമ്പന്മാരുമായിട്ടു വെണ്ടികയും ഉള്ള ഒരു പാതിരിയെ കാട്ടിക്കൊടുത്തതിൻെറ ശെഷം വന്ന കാര്യമെന്തെന്നു അയാൾ ചൊദിച്ചാറെ കൊടുങ്ങല്ലൂർ മെത്രാപ്പൊലീത്താ മരിച്ചിട്ടു ആറെട്ടു കാലമായിട്ടും ഇത്ര നെരവും അവിടെയ്ക്കു മററൊരുത്തനെ പെരു വിളിച്ചതുമില്ലാ എന്നതുകൊണ്ടു ആ കാര്യത്തിന്നും മററും ദിഷ്ടതിയുള്ള ഞങ്ങടെ പള്ളിയുടെ കാര്യങ്ങൾക്കും അപെക്ഷക്കടുദാശ്ശു രാജസ്ത്രീയുടെ മുമ്പാകെ കൊടുക്കേണ്ടതിന്നത്രെ ഇവിടെക്കു വന്നതു. എന്നാൽ ഇവിടെക്കു വന്നതിൻെറ ശെഷം കയെത്താനൊസ എന്നു ചൊല്ലുന്ന ഗൊവക്കാരൻ പാതിരിയെ ഇവിടെവച്ചു കണ്ടു അയാളുമായിട്ടു ഇക്കാര്യം പറഞ്ഞാറെ മലങ്കരെ ഗൊവണ്ണദൊരായി പൊയ പെത്രുദെവിഗരെത്തു എന്ന ഗൊവക്കാരൻ പാതിരിയെതന്നെ രാജസ്ത്രീ പെരുവിളിച്ചെന്നും ഇങ്ങനെ ആ കാ



ര്യം തീർന്നിരിക്കുന്നു എന്നും ഞങ്ങളൊടു പറഞ്ഞു. എന്നു വരുമ്പൊൾ ഇക്കാര്യം ഉള്ളതല്ലെന്നു ഞങ്ങൾ അറിഞ്ഞിരിക്കുന്നു. എങ്കിലും ഞങ്ങൾ ഇപ്പൊൾ ആ കാര്യത്തിന്നു അപെക്ഷക്കടുദാശ്ശു കൊടുത്താൽ ഈ പാതിരിയുടെ വശവും മതിപൊരികയും രാജാവും മാടമ്പികളുമായിട്ടുള്ള സ്നെഹവുംകൊണ്ടു തൻെറ ജാതിക്കാററായ ഗൊവക്കാരിൽ ഒരുത്തരെതന്നെ പെരു വിളിപ്പാനുള്ളതിന്നു സംഗതി വരുത്തും. ആയതു ഞങ്ങൾക്കും ഞങ്ങളുടെ ജാതിക്കും ഒട്ടു മനസ്സുള്ള കാര്യമല്ലാ. അതെന്തെന്നാൽ പാതിരിമാരിൽ ഇരിപ്പും നെറിവും നല്ല തറവാടും ഉള്ളതിൽ ഒരു പട്ടക്കാരൻ ആയിരിക്കണമെന്നത്രെ ഞങ്ങൾക്കു മനസാകുന്നു. ആയതല്ലാതെ ഗൊവക്കാററരിൽ ഒരുത്തരെ പെരു വിളിപ്പാൻ രാജസ്ത്രീക്കു മനസാകുന്നു എങ്കിൽ ഞങ്ങടെ മലങ്കരെ മലയാളത്തിൽ മുന്നൂററിൽ ചില്വാനം പട്ടക്കാററു ഉള്ളതിൽ ഒരുത്തരെങ്കിലും ഇതിന്നു യൊഗ്യമില്ലെന്നു വരികയില്ലെല്ലൊ. ഇതും ഇങ്ങനെയുള്ള മററും പല വസ്തുക്കളും അയാളൊടു പറഞ്ഞാറെ അയാൾ ആയതൊക്കെയും കെട്ടാറെ നിങ്ങളുടെ കാര്യമെത്രയും ന്യായമുള്ളതത്രെ ആകുന്നു എന്നതുകൊണ്ടു ഒരു ദിവസം തനിക്കവസരമുള്ളപ്പൊൾ വരികെവെണ്ടു. ഞാൻകൂടെ വിഷ്കൊന്തിയുടെ അടുക്കൽ വന്നു ഈ കാര്യം പറയുന്നുണ്ടെന്നും പറഞ്ഞു മല്പാനെ അയക്കയും ചെയ്തു.

ഇങ്ങനെ രണ്ടു ദിവസം കഴിഞ്ഞതിൻെറ ശെഷം മല്പാൻ വീണ്ടു അയാടെ പക്കൽ ചെന്നാറെ അയാളും ഒന്നിച്ചു പ്രത്തുക്കാൽ നാട്ടിലുള്ള രാജകാര്യം വിചാരിക്കുന്ന കാര്യക്കാരനാകുന്ന വിഷ്കൊന്തിയുടെ വീട്ടിൽ പൊയി മെൽപറഞ്ഞ പ്രകാരമൊക്കയും വിഷ്കൊന്തിയെ കെൾപ്പിച്ചാറെ നിങ്ങടെ കാര്യമൊക്കയും ന്യായമുള്ളതത്രെ ആകുന്നു എന്നും പറഞ്ഞു പ്രത്യെകമായിട്ടുള്ള സ്നെഹത്തിൻെറയും ഈ കാര്യത്തിന്മെൽ ശ്രമിപ്പാൻ തനിക്കു മനസ്സുള്ള പ്രകാരത്തിൻെറയും അടയാളങ്ങളൊക്കയും കാട്ടുകയും ചെയ്തു.

ഇതിനെക്കൊണ്ടു കയെത്താനൊസ പാതിരിയൊടു വിഷ്കൊന്തി കാട്ടുന്ന സ്നെഹം ലൊകാചാരത്തിന്നടുത്ത സ്നെഹമത്രെ ആകുന്നു എന്നും യൊക്കിംബൊർജ്യാ എന്ന പാതിരിയുമായിട്ടുള്ള സ്നെഹം ഉൾപ്പെട്ട സ്നെഹമത്രെ ആകുന്നു എന്നും ഞങ്ങൾ അറികയും ചെയ്തു.

ഇതിൻെറ ശെഷം മല്പാനും മെൽപറഞ്ഞ പാതിരിയുമായിട്ടു നെച്ചെസ്സിത്താദെ എന്നു ചൊല്ലുന്ന പാതിരി വസിക്കുന്ന ആശ്രമത്തിൽ വന്നതാൻെറ ശെഷം ഇനി വെഗം നിങ്ങളുടെ അപെക്ഷക്കടുദാശ്ശു ഉണ്ടാക്കി രാജസ്ത്രീയുടെ പക്കൽ കൊടുപ്പാനുള്ളതിന്നു ശ്രമിക്കെ വെണ്ടു എന്നു പറഞ്ഞു മല്പാനെ അയ

www.malankaralibrary.com

ച്ചാറെ മല്പാനും സംബെന്ധു എന്നു ചൊല്ലുന്ന ഞങ്ങൾ വസി
ക്കുന്ന ആശ്രമത്തിൽവന്നു ഈ ഉണ്ടായ അവസ്ഥ ഒക്കയും എ
ന്നൊടു പറഞ്ഞതിന്റെ ശെഷം പുസ്തകത്തിൽ ഇരുപത്തിയൊ
മ്പതാം പദത്തിൽ പറഞ്ഞപൊലെ കപ്പലിൽ വച്ചു മുമ്പിൽ
എഴുതി ഉണ്ടാക്കിയ അപെക്ഷ കടദാശു എടുത്തപ്പൊൾ മല്പാ
ന്നു നല്ലവണ്ണം പറങ്കിവാക്കിൽ പകർത്തുവാൻ മെലായ്കകൊ
ണ്ടു ആ ആശ്രമത്തിലുള്ള ഞങ്ങൾക്കു സ്നെഹവും പ്രിയവും ഉള്ള
തിൽ ചില പാതിരിമാരുടെ പക്കൽ കൊടുത്താറെ അവരും ആ
യത്തു പറങ്കിവാക്കിൽ പകൎത്തിയാറെ കുറെ ഭെദാഭെദം കാൺക
കൊണ്ടു മല്പാൻ ആയതൊക്കയും തീർത്തു വെറെ ഒരു കടദാ
ശിൽ എഴുതി അപെക്ഷ കടദാശു വെണ്ടുംവണ്ണം വിദയം വരു
ത്തുകയും ചെയ്തു. അതായതു ഈ വണ്ണം.

## മുപ്പത്തിമൂന്നാംപദം

**ലൊകനാഥൻ പിറന്നിട്ടു൧൭൭൯ൻ (1779) കാലം ചിങ്ങമാസ
ത്തിൽ കരിയാറ്റിൽ ബഹുമാനപ്പെട്ട മല്പാനും പാറയാമ്മാ
ക്കൽ തൊമ്മൻ കത്തനാരും കൂടെ പ്രത്തുക്കാൽ രാജസ്ത്രീയുടെ
മുമ്പാകെ കൊടുത്ത അപെക്ഷ കടദാശിന്റെ പട്ടാങ്ങയായ വ്യാ
പകം**

### Senhora

Aos pes de trono de V. Mag de [1] de exprem humildam: o padre Jose Cariati eo Padre Thomaz Pareamachel, que sendo V. Mag de alentada das Re aes virtudes, de todos oe sous Augustissimos e gloriosos Antecessores necessaria ment ha de imitar os sous exmplos para amparar, e favorecer os Indios de Malabar, que vivendo no gremio da Sa Igreja Catholica Romana suspirao, que toda agente do mesmo Reino professem a Religiao Catholica, que gloria Sera para os Indios vendose am parados bor huma Soberana cujas virtudes sao tam celebradas nas quellas remotas terras do mundo; que Jubilo e consolacao para o Malabar quando os sous habitadores soaberem que V. Mag de sedigna accitor as suplicas monstrandose V. Mag de sua verdadeira mag, e elles filhos agredecidos a Real bondade da sua alta, epodrosa protecao. Nosta

---

Mag. de: Magnitude

www.malankaralibrary.com

confianca filial os suplicantes ouzao pedir os favoros sequentes:

1. Que V. Mag de. mande a hum ou mais commissarios com poderes para vizitar as Igrejas do Arcebispado de Cranganor, que todos os annos pelas navos de Goa, ou de Macao intimem aos Indios as Reaes intencoons, e ordens de V. Mag de que hao de ser perfeitamente observadas nas couzas espirituaes.

II. Que V. Mag de, se digne nomear a hum Portuguez Sabio, a timente a Deos por Arcebispo de Cranganor como antiguamente havia.

III. Que V. Mag de. sedigne restaurar a dignitade de Vigaro geral ontre a nossa macao como era o antigo uzo.

IV. Que V. Mag de. mande dar aos vigarios ou parochos o stipendio, que antiguamente se constumava.

V. Que V. Mag de mande novamente le vantar o semenario, que foi fundado nos tempos antigos com rendas para educas de ministros dignos da Igreja.

VI. Que V. Mag de. se digne auxilar com todos os soccorros pessiveis ao Bispo schismatico ou erege de Nernam que quar a bracar a fe Catholica com todas as pesso as da sua Piecerze, que sao quaze oitanta mi almas.

Estas sao as gracas que os sup. es em nome do seu povo pedem a V. Mag de. para honra, e gloria De Deos, que sendo o Arbitro dos suberanos, ha de perpetuar o nome Real de V. Mag de. nao so nas Indias, mas tambem em todas as partes do universe.

E. R. M.

**അപെക്ഷക്കടുദാശിന്റെ പട്ടാങ്ങയായ പെർപ്പു**

എത്രയും മതിപൊരികയും മഹിമയും ആയിട്ട അങ്ങെ മുമ്പിൽ കഴിഞ്ഞ കാരണവന്മാരുടെ രാജപുണ്യങ്ങളിൽ അങ്ങെ പെരിമസുഖവും വളർന്നതിനാലെ അവർ മുൻപിൽ കഴിച്ചുവന്നപൊലെ ശുദ്ധമാന കാതൊലിക്കാ റൊമ്മാപ്പള്ളിയുടെ മടി

www.malankaralibrary.com

യിൽ ജീവിച്ചുംകൊണ്ടു ആ രാജിതത്തിലുള്ള ജനങ്ങളൊക്കയും ശുദ്ധമാന മാർഗ്ഗം കൈക്കൊള്ളുവാനുള്ളതിന്നു സാദ്ധ്യമായിട്ടാഗ്രഹിക്കുന്നു. മലയാളക്കാരെ സഹായിക്കയും തുണക്കയും ചെയ്‌വാനുള്ളതിന്നു അവരുടെ കണ്ടുപഠിതങ്ങളെ കണ്ടു പഠിപ്പാൻ എത്രയും ന്യായമായിരിക്കും. എന്നതിനെക്കൊണ്ടു കരിയാട്ടിൽ യൌസെപ്പു പാതിരിയും പാറയാംമാക്കൽ തൊമ്മാപാതിരിയും എത്രയും എളിമയൊടുകൂടെ അങ്ങെ പെരുമയുടെ സിംഹാസനത്തിൻെറ കാൽക്കിൽ ഈ അപെക്ഷകടദാശു വൈക്കയും ചെയ്യുന്നു. ലൊകത്തിൻെറ ആ അകലപ്പെട്ട നാടുകളിൽ തൻെറ പുണ്യങ്ങൾ എത്രയും ആഘൊഷമായിരിക്കുന്ന രാജസ്ത്രീ തങ്ങളെ സഹായിക്കുന്ന പ്രകാരം കാണുമ്പൊൾ മലയാളക്കാറക്കു എന്തൊരു തെളിവുണ്ടായിരിക്കും. അങ്ങെ പെരുമ പട്ടാങ്ങയായ അമ്മയും മലങ്കരെ നസ്രാണികൾ അങ്ങെ ഉയരപ്പെട്ടതും മതിപൊരികയുള്ളതുമായിരിപ്പൊരു രാജനമ്മക്കു നന്ദിയുള്ള മക്കളും എന്നു കാട്ടികൊണ്ടു തങ്ങടെ അപെക്ഷകൾ കൈക്കൊണ്ട പ്രകാരം കെൾക്കുമ്പൊൾ അവർക്കു എത്ര തെളിവും സന്തൊഷവും ഉണ്ടായിവരും. എന്നു വരുമ്പൊൾ മക്കൾക്കടുത്ത ഈ ശരണത്തൊടുകൂടെ ഈ താഴത്ത എഴുത്തുപെടുന്ന സഹായങ്ങൾ അറപ്പുകെട്ടു അപെക്ഷിക്കയും ചെയ്യുന്നു.

൧(1)മാർഗ്ഗത്തിന്നു കൂടുന്ന കാര്യങ്ങളിൽ അങ്ങെ പെരിമയുടെ രാജമനസ്സും ചട്ടങ്ങളും മലയാളക്കാററു അറിഞ്ഞു വെണ്ടുംവണ്ണം കാർപ്പാനായിട്ടു ഗൊവക്കെങ്കിലും മക്കാവിന്നെങ്കിലും ആണ്ടുതൊറും പൊകുന്ന കപ്പലുകളിൽ കൊടുങ്ങല്ലൂർ മെത്രാപ്പൊലീത്താടെ ഇടവകയിലുള്ള എടങ്ങളെ വന്നു കാൺമാനായിട്ടു അതിന്നു വെണ്ടുന്ന മുഷ്ക്കരതത്തൊടു കൂടെ ഒരുത്തനെതാൻ ഇരുവരെതാൻ അയപ്പാൻ തിരുമനസ്സുണ്ടാകണം എന്നു.

൨(2) പണ്ടു പഴമയിലുണ്ടായിരുന്ന മര്യാദിപൊലെ അറിവും തമ്പുരാനെ പെടിയും ഉള്ള ഒരു പറങ്കിക്കാരനെ കൊടുങ്ങല്ലൂർ മെത്രാപ്പൊലീത്താ ആയിട്ടു പെരു വിളിപ്പാൻ തിരുമനസ്സുണ്ടാകണം എന്നു.

൩(3) പണ്ടു പഴമയിൽ മര്യാദി ഉണ്ടായിരുന്നപൊലെ ഞങ്ങടെ ജാതിയിലുള്ള വിഗാരിജനരാളിൻെറ സ്ഥാനം വീണ്ടു സ്ഥാപിപ്പാൻ തിരുമനസുണ്ടാകണമെന്നു.

൪(4) കീഴമര്യാദിപൊലെ വിഗാരിമാർക്കു കൊടുപ്പാൻ മര്യാദി ആയിരുന്ന മാസപ്പടി കൊടുക്കത്തക്കവെണ്ണം കല്പിച്ചയപ്പാൻ തിരുമനസുണ്ടാകണമെന്നു.

൫(5) പള്ളിയുടെ ചിററാഴ്മക്കാററെ യൊഗ്യമാകുംവണ്ണം വളത്തുവാൻ വെണ്ടുന്ന വരവുകളൊടുംകൂടെ പഴെ കാലങ്ങളിൽ സ്ഥാ



പിച്ചിരിക്കുന്ന സിമ്മനാരി വീണ്ടു പുത്തനായിട്ടു പണി ചെയ്‌വാൻ കല്പിച്ചയപ്പാൻ തിരുമനസുണ്ടാകണമെന്നു,

൬(6) നെരണത്തുകാരൻ മാർതൊമ്മാമെത്രാൻ ഏകദെശം എമ്പതിനായിരം പുരുഷാരത്തൊളമുള്ളതിൽ കീഴ്‌വഴങ്ങിയിരിക്കുന്ന ജനങ്ങൾ ഒക്കെയൊടുംകൂടെ ശുദ്ധമാന കത്തൊലിക്കാപള്ളിയുടെ വിശ്വാസം കൈക്കൊൾവാൻ മനസായിരിക്കുന്നതിനെക്കൊണ്ടു ആകുന്ന സഹായങ്ങൾ ഒക്കയും കൊണ്ടു അയാളെ സഹായിപ്പാൻ തിരുമനസുണ്ടാകണമെന്നു.

തമ്പുരാൻെറ സ്തുതിക്കും ബഹുമാനത്തിന്നുമായിട്ടു മെല്പറഞ്ഞ പട്ടക്കാററു തങ്ങടെ ലൊകരുടെ നാമത്താൽ അങ്ങെ പെരുമയൊടപെക്ഷിക്കുന്ന മനൊഗുണങ്ങൾ ഇവയെല്ലാമാകുന്നു. ആയതിന്നു രാജാക്കന്മാർ ഒക്കയുടെയും നാഥനാകുന്ന ഉടെതമ്പുരാൻ അങ്ങെ പെരുമയുടെ രാജനാമത്തിൻെറ ഓർമ്മ ഇന്ത്യാരാജ്യത്തുതന്നെയല്ലാ പിന്നെയൊ ലൊകമെങ്ങും എല്ലാപ്പൊഴും കാർത്തിരിക്കയും ചെയ്യുമെന്നു,

## മുപ്പത്തിനാലാംപദം

മെൽപറഞ്ഞ ആറു കാര്യങ്ങൾ അപെക്ഷക്കടദാശിൽ വെച്ചതിൻെറ അവകാശങ്ങൾ

എന്നാൽ നമ്മുടെ മലങ്കരെ ഇടവകയിൽ മാർതൊമ്മാശ്ലീഹാ വന്നു തമ്പുരാൻെറ പുത്രൻെറ ശുദ്ധമാന മാർഗ്ഗം അറിയിച്ചതിൻെറ ശെഷം ഉടെതമ്പുരാൻെറ മനൊഗുണത്താലെയും നന്മയാലെയും നല്ല ഒരിമ്പാടൊടും ഉപവിയൊടും കൂടെ നമ്മുടെ മലങ്കരെയുള്ള നസ്രാണികളൊക്കെയും ആയിരത്തിച്ചിൽവാനം കാലം കഴിഞ്ഞതിൻെറ ശെഷം നമ്മുടെ ഇടത്തുള്ള ഉപവിയും ഒരിമ്പാടും മാനുഷവർഗ്ഗത്തിൻെറ ശത്രുവാകുന്ന ചൈത്താൻ കണ്ടു ആയതിന്മെൽ ദെഷം പൂണ്ടു നമ്മുടെ ആത്മാവുകളായ പറമ്പിൽ വിതക്കപ്പെട്ട നല്ല കൊതമ്പായ ശുദ്ധമാന വിശ്വാസത്തിൻെറ ഇടയിൽ ഇടത്തൂടായ കളകൾ വിതച്ചതുമൊഴിയെ ശുദ്ധമാനവിശ്വാസത്തിൽ ഉൾപ്പെട്ട ജനങ്ങളുടെ ഇടത്തതന്നെയും തങ്ങൾക്കു വെണ്ടുന്ന ഉപവിക്കും ഒരിമ്പാട്ടിനും പാരം വിഘ്നം വരുത്തി ഇടയനും ആടുമാടുകളും തമ്മിൽ കലക്കം ഇട്ടതിനാൽ അവരിൽ പലരും പട്ടാങ്ങയായ തങ്ങടെ ഇടയനാകുന്ന കൊടുങ്ങല്ലൂർ മെത്രാപ്പൊലിത്തായെ ഉപെക്ഷിച്ചു നെരത്തിന്നു തക്ക മെത്രാനായ വരാപ്പുഴ മെത്രാനെ കണ്ടുവരുന്ന സമയത്തിൽ ഈ പുസ്തകത്തിൻെറ ൧൫-ാം (15) പദത്തിലും ൧൬-ാം (16) പദത്തിലും

www.malankaralibrary.com

ചൊല്ലിയപോലെ ഈ രണ്ടുപക്ഷത്തിലും ഉള്ള ആളുകൾ അതായത് കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താടെ കീഴ് ഉള്ളവരും വരാപ്പുഴ മെത്രാനെ ഇടത്തിന്റെ ആവശ്യത്തിന്നു തക്കവണ്ണം കണ്ടു ചൊല്ലുന്നവരും ഒരുമിച്ചു കൂടി രണ്ടു പക്ഷക്കാറരും പണവും എടുത്ത രണ്ടു പക്ഷത്തിലുള്ള ആളുകളെയും തിരിഞ്ഞെടുത്ത മലങ്കര ഇടവകയൊക്കയുടെയും ഗുണത്തിന്നു ശ്രമിപ്പാനായിട്ടു ഞങ്ങളെ എറൊപ്പാക്കു യാത്രയാക്കിയാറെ ഞങ്ങളും ഈ രണ്ടു പക്ഷത്തിലുള്ള പള്ളികൾക്കു വെണ്ടുന്ന ഗുണങ്ങളൊക്കയും ആകുംവണ്ണം ശ്രമിപ്പാനുള്ളതിന്നു ഞങ്ങടെ ഹൃദയത്തിങ്കലും ഉടെതമ്പുരാന്റെ തിരുമുമ്പിലും കടമായിരിക്കുന്നതിനെകൊണ്ടു ആയതിന്നുപായവും വഴിയും തരണമെന്നു രാവും പകലും ഉടെതമ്പുരാനൊടു മനസൊക്കയൊടും കൂടെ പ്രാർത്ഥിച്ചിരിക്കുന്നെ നെരത്തു തന്റെ പ്രത്യെകമുള്ള കരുണയാൽ ഒരിക്കലും നിനച്ചിരിയാത്ത വണ്ണം പറങ്കിക്കപ്പെലും കണ്ടെത്തി ആയുസ്സൊടും സ്വസ്ഥതയൊടുംകൂടെ പ്രത്തുക്കാൽ രാജാവിന്റെ അരശിരിക്കസ്ഥാനമാകുന്ന ലിസ്ബൊ ആയിൽ വന്നതിന്റെശെഷം കൊടുങ്ങല്ലൂർ മെത്രാപ്പൊലീത്തായുടെ കീഴ് ഇരിക്കുന്ന പള്ളിക്കാറരുടെ ഗുണമൊക്കെയും അവിടെ നിന്നത്രെ ആയിരിക്കുന്നു എന്നതിനെക്കൊണ്ടു ആകമാനമായി മലങ്കരഇടവക ഒക്കയുടെയും കാര്യം വിചാരിപ്പാൻ വെണ്ടുന്ന മുഷ്ക്കരെതങ്ങളൊക്കെയും ഞങ്ങടെ പള്ളിക്കാറരു ഞങ്ങൾക്കു തന്നിരിക്കുന്നതിനെക്കൊണ്ടു ഈ മുഷ്ക്കരെത്തത്തിന്റെ ശക്തിയാൽ മലങ്കര ഇടവകക്കു ഏറ്റം ദിഷ്ടതിയുള്ള മെൽപറഞ്ഞ ആറുകാര്യങ്ങളും അപെക്ഷക്കടുദാശിൽ എഴുതി രാജസ്ത്രീയുടെ മുമ്പാകെ വെക്കയും ചെയ്തതിനാൽ ആ കാര്യങ്ങളിന്മെൽ നമ്മുടെ മലങ്കര ഇടവകയിലുള്ള ദിഷ്ടതിമെലും ആർക്കും ഒരു സംശയം തൊന്നാതെ ഇരിപ്പാൻ ആ ആറു അപെക്ഷകളുടെയും അവകാശങ്ങൾ ചുരുങ്ങിയ പ്രകാരം ഇവിടെ എഴുതിക്കാട്ടിത്തരികയും ചെയ്യുന്നു.

## മുൻപിലത്തെ അപെക്ഷയുടെ അവകാശം

രാജാക്കളും യജമാനന്മാരും കീഴ്പ്പെട്ട ആളുകൾക്കു ചെയ്യുന്ന ഉപകാരങ്ങളും മനൊഗുണങ്ങളും അവരുടെ എളുമയും ചൊല്ലുവിളിയും കാണുന്നതിനാലത്രെ ആകുന്നു. എന്നതുകൊണ്ടു ശരീരത്തിന്നടുത്ത കാര്യം ബന്ധിക്കുന്ന വസ്തുക്കൾ ഒക്കെക്കും നമ്മുടെ രാജാവു നമുക്കു ഉണ്ടായിരിക്കുന്നതിനാം പക്കം ആയതിൽ ഒന്നിന്നും ചൊല്ലുവിളി പ്രത്തുക്കാൽ രാജാവിന്നു പറഞ്ഞൊത്തുകൂടാ എന്നതിനെക്കൊണ്ടു അത്രൂപിക്കടുത്ത കാര്യങ്ങൾ തനിക്കു ചൊല്ലുവിളി കെൾപ്പാൻ ആസ്ഥമായിരിക്കുന്നെന്നും ആയതിന്നു ആളുകളെ അയച്ചു രാജമനസറിയിക്കണമെന്നും മുൻപിലത്തെ അപെക്ഷയിൽ അപെക്ഷിക്കയും ചെയ്തു.



## രണ്ടാമതു

മലങ്കരെ മാർതൊമ്മാശ്ലീഹാ വന്നു മാർഗ്ഗമറിയിച്ചു നാൾ തൊട്ടു ഏറിയ കാലവും നമ്മുടെ ജാതിയിലും ക്രമത്തിലുംതന്നെ ആ ഇടവകക്കു തലവനും ഇടയനും ആകുന്ന മെത്രാപ്പൊലീത്താമാരുണ്ടായിരുന്നാറെ നമ്മുടെ പിടിയായ്കയും അറിവില്ലായ്കയും കൊണ്ടു അന്യ ജാതിയിലും ക്രമത്തിലും ഉള്ള ആളുകൾ ഈ സ്ഥാനംപിടിച്ചുപറിച്ചു എങ്കിലും വാച്ചുപ്രകാരമായിട്ടും ഈ നമ്മുടെ നാളുകളൊളും മലങ്കര ഇടവകയുടെ മഹിമയും ബഹുമാനവും ആകുന്ന ഈ സ്ഥാനം അവിടെ കാത്തുവന്നു. എന്നാൽ ഇപ്പൊൾ നമ്മുടെ ഇടത്തുള്ള കർമ്മലീത്താപാതിരിമാർ തങ്ങടെ മനസിൽ തൊന്നിയതൊക്കയും മറെറാരു സങ്കെതഇടം കൂടാതെ മലങ്കരെ നസ്രാണികളൊടു കാട്ടുവാനായിട്ടു ഈ സ്ഥാനമില്ലാതെ ആക്കുവാൻ ശക്തി ഒക്കയൊടുംകൂടെ ക്ലെശിച്ചുവരുന്ന പ്രകാരം ലെഔറെന്തിയൊസ യുസ്തിനിയാനി എന്ന മെൽവിചാരിപ്പുകാരൻ പാതിരി കരിയാട്ടിൽ ബഹുമാനപ്പെട്ട മല്പാന്നു എഴുതിയ കുറികൊണ്ടും ബൊനവെഞ്ചുറാ എന്ന പാതിരി ലിസ്ബൊ ആയിൽവച്ചു ഞങ്ങളൊടു പറഞ്ഞതുകൊണ്ടും ഞങ്ങൾ അറിഞ്ഞതിനാലെ ആ സ്ഥാനം ഇല്ലാതെ ആയാൽ പണ്ടുപണ്ടെ നമ്മുടെ ഇടവകക്കുള്ള സ്തുതിയും വളർച്ചയും പൊയ്പ്പൊകുന്നതൊഴിയെ കർമ്മലീത്താക്കാറരു ഈ ചെയ്തുവരുന്ന മെനിക്ഷയങ്ങളെക്കായിലും അധികമായതൊക്കയും കാട്ടുന്നതിന്നു സംശയമുണ്ടാകയില്ലാ എന്നു കാൺകകൊണ്ടും ആയതൊക്കെക്കും ഉപായം വരുത്തുവാനായിട്ടു മെത്രാപ്പൊലീത്തായുടെ കാര്യത്തിന്മെൽ രണ്ടാംഅപെക്ഷ കൊടുക്കെണ്ടിവന്നു. വിശെഷിച്ചും ഈ സ്ഥാനം തന്റെ ജാതിക്കാറരു കന്നട്ടിമാരിൽ ഒരുത്തർക്കു ആകുവാൻ കയെത്താനൊസുപാതിരി ശ്രമിക്കുന്ന കാരണത്താൽ പറങ്കിമാരിൽ ഒരുത്തരായിരിക്കണമെന്നു തിരിച്ചു എഴുതുകയും ചെയ്തു.

## മൂന്നാമത്തെ അപെക്ഷ

അർക്കെദെയാക്കൊന്റെ കാര്യമത്രെയാകുന്നു. എന്നാൽ ഈ കാര്യം അപെക്ഷിച്ചതിന്റെ കാരണം ഈ പുസ്തകത്തിന്റെ രണ്ടാം പദത്തിൽ പറഞ്ഞപൊലെ നമ്മുടെ ജാതിയുടെ നിലയും ഒരുമ്പാടും ഇല്ലായ്കകൊണ്ടു ഒക്കയും നമ്മുടെ ജാതിക്കു തലവൻ ഇല്ലായ്കകൊണ്ടത്രെ ആകുന്നുവെന്നു എല്ലാവർക്കും പ്രസിദ്ധമായിരിക്കുന്നതിനെക്കൊണ്ടു ഈ അപെക്ഷ കൊടുപ്പാൻ സംഗതിവരികയും ചെയ്തു.

വിശെഷിച്ചും ഈ കാര്യം നമ്മുടെ ഇടത്തും സാധിക്കുന്ന കാര്യമാകുന്നു എങ്കിലും എറൊപ്പാക്കാറരായ നമ്മുടെ തലവന്മാരൊക്കയും നമ്മുടെ ജാതിയുടെ ഒരുമ്പാടിനും ഗുണത്തിനും ഉള്ള കാര്യത്തിന്നു മറുതലയായി ഇത്രനെരവും കണ്ടുവന്നതിനകൊ

www.malankaralibrary.com

ണ്ടും ഇപ്പൊൾ അപെക്ഷിക്കുന്ന മെത്രാപ്പൊലിത്തായും പറങ്കിമാരിൽ ഒരുത്തൻ ആയി വരുവാനത്രെ അവകാശമാകുന്നു എന്നതിനെക്കൊണ്ടു അയാളും ഉണ്ടായിവന്നാൽ ശെഷമുള്ളവരെ പൊലെ ആയിരിപ്പാനത്രെ ഏറെ നിമിഷമാകുന്നു എന്നു വിചാരിക്കകൊണ്ടും ആയതിന്നു രാജസ്ത്രീയുടെ കല്പന പ്രത്യെകമായിട്ടു കൊണ്ടുപൊകാഞ്ഞാൽ പലപല മുടക്കങ്ങളും ഉണ്ടായിവരുമെന്നു കാൺകകൊണ്ടത്രെ ഈ അപെക്ഷ കൊടുക്കെണ്ടിവന്നു. ഇതിനെക്കൊണ്ടു മെത്രാപ്പൊലീത്തായുടെ സ്ഥാനം നമ്മുടെ ജാതിക്കു ആയെന്നു കണ്ടതിന്റെ ശെഷം വീണ്ടു ഈ സ്ഥാനത്തിന്മെൽ ഏതും അപെക്ഷിച്ചതുമില്ലാ.

### നാലാമത്തെ അപെക്ഷ

കീഴമര്യാദിപൊലെ വിഗാരിമാർക്കുള്ള മാസപ്പടി കൊടുക്കണമെന്നു അപെക്ഷിച്ചതിന്റെ കാരണം എന്തെന്നു നമ്മുടെ ഇടത്തുള്ള ദാരിദ്ര്യത്തിന്റെയും മനസുമുട്ടിന്റെയും അവസ്ഥ സൂക്ഷിച്ചാൽ എല്ലാവർക്കും അറിയാകുന്ന കാര്യമാകുന്നതിനെക്കൊണ്ടു ആയതിന്നു വെറെ ഒരവകാശം ഇവിടെ എഴുതണമെന്നു തൊന്നുന്നില്ലാ.

### അഞ്ചാമത്തെ അപെക്ഷ

നമ്മുടെ ഇടത്തുള്ള കലക്കമൊക്കയുടെയും മാതാവു അറിവില്ലായ്കയത്രെ ആകുന്നതിനെക്കൊണ്ടും ആയതിന്നു നമ്മുടെ മലങ്കരെയുള്ള നസ്രാണികളുടെ കിടപ്പു സൂക്ഷിച്ചാൽ ഒരു പഠിത്തവീടു പണിചെയ്വാൻ കുറെ ഞെരുക്കമുണ്ടെന്നും ഞങ്ങൾ അറിഞ്ഞിരിക്കകൊണ്ടും ഉണ്ടായിരുന്നപൊലെ സിമ്മനാരി മലയാളത്തിൽ ഉണ്ടാക്കുവാൻ മനൊഗ്ഗുണമുണ്ടാകണമെന്നു അഞ്ചാമത്തു അപെക്ഷിക്കയും ചെയ്തു.

### ആറാമത്തെ അപെക്ഷ

മാർതൊമ്മാമെത്രാന്റെ കാര്യത്തിന്നു സഹായിക്കണമെന്നപെക്ഷിച്ചതിന്റെ കാരണമാകുന്നതു. ആ കാര്യത്തിന്നു നമ്മുടെ ഇടത്തുള്ള കർമ്മലീത്താക്കാററും ഏറൊപ്പക്കാററും ഒക്കയും വിരുദ്ധമാകുന്നെന്നു ഞങ്ങൾ സൂക്ഷമായിട്ടു അറിഞ്ഞതിനെക്കൊണ്ടു റൊമായിൽതന്നെ ചെന്നാലും കാര്യം എങ്ങനെവരുമെന്നു വളരെ സംശയം ഉണ്ടാകകൊണ്ടു ആയതിന്നു ജഢതയും ഉണ്ടായെന്നുവന്നാൽ ആയതൊക്കയും തീർപ്പാൻ മതിയാകുന്ന കാര്യമായിരിക്കുന്നതിനെകൊണ്ടും അവിടെ ഇക്കാര്യത്തിന്മെൽ അപെക്ഷ കൊടുക്കാഞ്ഞാൽ ഈ കാര്യം മുടക്കുവാൻ അവിടെനിന്നുതന്നെ ശ്രമിപ്പാൻ വഴിയുണ്ടായിവരുമെന്നും കാൺകകൊണ്ടത്രെ ഇക്കാര്യത്തിന്മെൽ അപെക്ഷിക്കെണ്ടിവന്നു. എന്നു വരുമ്പൊൾ ഈ മെൽചൊല്ലിയതൊക്കയുംകൊണ്ടു നമ്മുടെ മലങ്കര



യുള്ള പള്ളികൾ എല്ലാററിന്നും നമ്മുടെ ജാതിക്കൊക്കെക്കും ആകമാനമായിട്ടു വെണ്ടുന്ന കാര്യമല്ലാതെ പ്രത്യെകമായിട്ടു ആക്കൊന്നും വെണ്ടുന്നതിൽ ഒന്നും ഞങ്ങൾ അപെക്ഷിച്ചില്ലെന്നും എല്ലാവർക്കും അറികയുമാം.

## മുപ്പത്തഞ്ചാംപദം

**അപെക്ഷക്കടദാശു വിദയം വരുത്തിയതിന്റെ ശെഷം ഉണ്ടായ അവസ്ഥമെൽ**

മെൽപറഞ്ഞവണ്ണം അപെക്ഷക്കടദാശു എഴുതി ഒപ്പിച്ചതിന്റെ ശെഷം കയെത്താനൊസുപാതിരിയെ കണ്ടാറെ ഞങ്ങൾ രാജസ്ത്രീയെ കാൺമാൻ പൊകുന്ന പ്രകാരം അയാളൊടു പറകയും ചെയ്തു. എന്നാലും ഞങ്ങൾ വിദയം വരുത്തിയ അപെക്ഷക്കടദാശു അയാളെ കാട്ടിയില്ലാതാനും.

അപ്പൊഴെ ഞങ്ങൾ രാജസ്ത്രീയെ കാൺമാൻ പൊകുന്ന പ്രകാരം അയാൾ കെട്ടാറെ അപെക്ഷക്കടദാശിന്മെൽ ഏതും ചൊദിക്കാതെ നിങ്ങൾ രാജസ്ത്രീയുടെ അടുക്കൽ പൊകുമ്പൊൾ അവിടെ അടുക്കെക്കൂടെ പാർത്തിരിക്കുന്ന ഏറൊപ്പയിൽനിന്നു വരുന്ന കാര്യങ്ങളിന്മെൽ വിചാരിക്കുന്ന അയറാദെസാ എന്നു ചൊല്ലുന്ന സർവാധികാര്യക്കാരന്റെ അടുക്കൽ ചെന്നു അയാളെക്കൂടെ കണ്ടു പറഞ്ഞുകൊണ്ടു പൊരണമെന്നും പറഞ്ഞു അയാടെ നാമധെയവും വിട്ടുപെരും ഒരു കടുദാശിൽ കുറിച്ചു ഞങ്ങടെ പററിൽ തരികയും ചെയ്തു.

ഇതിന്റെ ശെഷം രാജസ്ത്രീ അപ്പൊൾ വസിച്ചിരിക്കുന്നതു ഈ നഗരിയിൽനിന്നു ഒന്നരക്കാതം വഴി ദൂരെ ബെലൂസ എന്ന ഇടത്തിൽ ആകുന്നതിനെക്കൊണ്ടു രണ്ടു തെരും കൂലിക്കു മെടിച്ചു യാത്ര പുറപ്പെടുന്നതിന്നു മുൻപിൽ ഞങ്ങൾ എല്ലാപ്പൊഴും ചെയ്തുവരുന്ന മര്യാദിപൊലെ മാർതൊമ്മാശ്ലീഹായൊടും മാർപ്രഞ്ചിസ്കൊസ സെവ്യെർ എന്ന പുണ്യവാളനൊടും നമസ്കരിച്ചുകൊണ്ടു മെൽപറഞ്ഞ ബെലൂസ എന്ന ഇടത്തിൽ ചെന്നു രാജസ്ത്രീയുടെ കമ്പസാരിപ്പിക്കുന്ന ആളാകുന്ന മെത്രാപ്പൊലീത്തായെ കണ്ടു പറഞ്ഞാറെ രാജസ്ത്രീ ഇന്നു ആരൊടും പറകയില്ലെന്നും രാജാവു കുമ്പസാരിച്ചു ശുദ്ധമാന കുർബാന കൈക്കൊൾവാൻ ആസ്ഥമായിരിക്കുന്നതിനെക്കൊണ്ടു താമസിച്ചാൽ രാജാവുമായിട്ടു കണ്ടു പറവാൻ കൂടുമെന്നും മെത്രാപ്പൊലീത്താ പറഞ്ഞതു കെട്ടാറെ നാട്ടുകാര്യമൊക്കയും ക്ലെശിക്കുന്നതു രാജസ്ത്രീ അത്രെ ആകുന്നു എന്നും രാജാവു ഏതും ചെയ്യുന്നില്ലെന്നും ഞങ്ങൾ മുൻപിൽ കെട്ടതുകൊണ്ടു മെത്രാപ്പൊലീത്താ പറഞ്ഞതിന്മെൽ വളരെ പ്രസാദം ഞങ്ങൾ

www.malankaralibrary.com

കണ്ടായില്ലെങ്കിലും ലൊകാചാരത്തെപ്രതി കുറെ നെരം അവിടെ പാർത്തതിന്റെ ശെഷം ആരെയും കാണായ്കകൊണ്ടു ഞങ്ങൾ അവിടെനിന്നു പുറപ്പെട്ടു മെൽ ചൊല്ലിയ സർവാധികാര്യക്കാരന്റെ വീട്ടിൽ ചെന്നു അവിടെ മല്പാൻ കുർവാന ചൊല്ലുകയും സർവാധികാര്യക്കാരനും തന്റെ കെട്ടിയവളും വന്നു കുർവാന കാൺകയും ചെയ്തു.

എന്നാൽ കുർവാന കഴിഞ്ഞതിന്റെശെഷം സർവാധികാര്യക്കാരൻ തന്റെ വീട്ടിൽ ഞങ്ങൾക്കു വെള്ളം കുടിയും തന്നു എവിടെനിന്നു വരുന്നു എന്നും എവിടെക്കു പൊകുന്നു എന്നും ചൊദിച്ചാറെ ഞങ്ങൾ മലയാളത്തിൽനിന്നു വരുന്നു എന്നും ഇവിടെയും റൊമായിലും കാര്യമുണ്ടെന്നും ആയതിന്നു ഇന്നു രാജസ്ത്രീയെ കാൺമാൻ വന്നാറെ കാൺമാൻ കൂടിയില്ലെന്നും എന്നതുകൊണ്ടു അങ്ങെ പെരുമയുമായിട്ടു കണ്ടു പറവാനായിട്ടത്രെ ഇവിടെക്കു വന്നതെന്നും ഞങ്ങടെ കാര്യത്തിന്നു അങ്ങുകൂടെ മനൊഗുണമുണ്ടായിരിക്കണമെന്നും ഇങ്ങനെ മററും പലതും അയാളൊടു പറഞ്ഞതിന്റെ ശെഷം അവിടെനിന്നു പുറപ്പെട്ടു ഞങ്ങൾ വസിക്കുന്ന ആശ്രമത്തിന്നു വരുന്നനെരം രാജാവു ഞങ്ങളെ അനെ്വഷിച്ചെന്നുള്ളപ്രകാരം കെൾക്കയും ചെയ്തു.

എന്നാലും അന്നത്തെ ദിവസം വളരെ താമസിച്ചു പൊകകൊണ്ടു രാജാവിനെ കാൺമാൻ അന്നു സമയമില്ലെന്നും പിന്നെ ഒരു ദിവസം ആകട്ടെ എന്നുംവച്ചു ഇടവഴിയിൽ തീൻ വിൽക്കുന്ന ഒരു വീട്ടിൽ വന്നു ഒരു പ്രകാരത്തിൽ തീനും കഴിഞ്ഞു ഒട്ടു ഏകദെശം തിരിഞ്ഞ നാലുമണിനെരം ആയപ്പൊൾ ഞങ്ങടെ ഭവനത്തു എത്തുകയും ചെയ്തു.

ഇങ്ങനെ ഞങ്ങടെ ഭവനത്തു എത്തി കുറെനെരം കഴിഞ്ഞപ്പൊൾ മനിഷ്പം ആളയച്ചു മല്പാനെ വിളിപ്പിച്ചാറെ മല്പാനും ഞാനും കൂടെ ഒട്ടു ഏകദെശം അഞ്ചുമണിനെരത്തു മനിഷ്പത്തിന്റെ വീട്ടിൽ ചെന്നാറെ മല്പാനെ മനിഷ്പം വെറെ വിളിച്ചു ഞങ്ങടെ കാര്യംചൊല്ലി റൊമ്മായിൽ നിന്നു തനിക്കു എഴുതി വന്ന പ്രൊപ്പഗാന്ദാ എന്ന പഠിത്തവീട്ടിന്റെ യജമാനൻ കർദിനാളിന്റെ കുറി വായിപ്പിച്ചു കെൾപ്പിക്കയും ചെയ്തു.

വിശെഷിച്ചും മല്പാൻ റൊമ്മായിക്കു എഴുതി അയച്ചതിന്നു ഏതും ഉത്തരം വന്നതുമില്ലാ. ഇതിന്റെ ശെഷം മനിഷ്പത്തിന്റെ വീട്ടിൽനിന്നു ഞങ്ങടെ ഭവനത്തു വരുവാനായിട്ടു പുറപ്പെട്ടപ്പൊൾ മല്പാന്നു പാരം തെളിവും തെളിവുകൊണ്ടുള്ള കണ്ണുനീരും വരുന്നതു ഞാൻ കണ്ടാറെ പുത്തനായൊരു വല്ല നല്ല കാര്യവും ഉണ്ടു എന്നു ഞാൻ വിചാരിച്ചു. എഴുതിവന്ന കുറിയുടെ വാചകം എന്താകുന്നു എന്നു ഞാൻ മല്പാനൊടു ചൊദിച്ചാറെ മല്പാൻ പറഞ്ഞു നമ്മൾക്കു എല്ലാവൎക്കും ഉടെതമ്പുരാൻ മനൊ



ഗുണം ചെയ്യട്ടെ. നമ്മുടെ കാര്യംകൊണ്ടു മനിഷ്പം റൊമ്മായിക്കു എഴുതി അയച്ചാറെ വെണ്ടുംവണ്ണം ഉത്തരം എഴുതി വന്നതിനെക്കൊണ്ടു ആയതു വായിച്ചുകെൾപ്പിപ്പാനായിട്ടത്രെ മനിഷ്പം ഇപ്പൊൾ ആളയച്ചു നമ്മെ വിളിപ്പിച്ചതു എന്നു.

വിശെഷിച്ചു വായിച്ചുകെട്ട കുറിയുടെ വാചകം എന്തെന്നു ഞാൻ ചൊദിച്ചാറെ പറഞ്ഞു. റൊമ്മായിൽനിന്നു മനിഷ്പത്തിന്നു വന്ന കുറിയുടെ വാചകമാകുന്നതു. ഇവിടെയും പ്രത്തുക്കാലിലും കാര്യമുണ്ടാകകൊണ്ടു മലയാളത്തിൽനിന്നു എന്റെ മക്കൾ വന്നാറെ അവരെ താൻ കൈക്കൊണ്ട നല്ലതിൻവണ്ണം സന്തിച്ചതുമ്മെൽ നമുക്കു വളരെ പ്രസാദമുണ്ടു. എന്നു വരുമ്പൊൾ പ്രത്തുക്കാലിൽ ഒരു വസ്തു അവർ കാട്ടുന്നതിന്നുമുമ്പെ അവർക്കു വെണ്ടുന്നതൊക്കയും കൊടുത്തു താമസം കൂടാതെ അവരെ ഇങ്ങൊട്ടയക്കയും വെണം എന്നും എന്നാൽ ഇത്ര ഉപവിയും സ്നെഹവും നിറഞ്ഞ ഈ കുറിയുടെ വാചകം കെട്ടാറെ പ്രത്തുക്കാൽ രാജസ്ത്രീയുടെ പക്കൽ മലങ്കരെയുള്ള കാര്യത്തിന്നു അപെക്ഷ കൊടുത്തു എന്നു വന്നാൽ തന്റെ മനസ്സുപൊലെ ഏതും കാട്ടുവാൻ കൂടുകയില്ലെന്നു പ്രൊപ്പഗാന്ദായുടെ മന്ത്രിയാകുന്ന മൊൻസിഞ്ഞൊർ ബൊർജ്യാ കാൺകകൊണ്ടു ആയതു വരാതെ ഇരിപ്പാൻ തട്ടിപ്പായിട്ടു എഴുതി അയച്ച കുറി അത്രെ ആകുന്നു എന്നു അപ്പൊൾ അറിയായ്കകൊണ്ടു ഹൃദയത്തിന്നു വളരെ അലിവും പൊത്തുക്കാലിൽ അപെക്ഷക്കടദാശ്ശു കൊടുക്കെണ്ടുന്നതിന്മെൽ വളരെ സംശയവുമായി വരികയും ചെയ്തു. ഇതിന്റെശെഷം പിറെറ ദിവസം കയെത്താനൊസു പാതിരി വന്നപ്പൊൾ രാജസ്ത്രീയെ കാൺമാൻ കൂടാഞ്ഞ പ്രകാരവും റൊമ്മായിൽനിന്നു എഴുതിവന്ന അവസ്ഥയും പ്രത്തുക്കാലിൽ കാര്യം സാധിപ്പാനുള്ള വിഷമവും ആയതുകൊണ്ടു രണ്ടു തൊണിമെൽ കാലു ചവുട്ടിയാൽ എന്നപൊലെ അങ്ങും ഇങ്ങും ഇല്ലെന്നു വരാതിരിപ്പാൻ പ്രത്തുക്കാലിൽ അപെക്ഷക്കടദാശ്ശു കൊടുക്കാതെ റൊമ്മായിക്കുതന്നെ പൊക അല്ലെയൊ വെണ്ടുവെന്നും വിചാരിക്കുന്നു എന്നു അയാളൊടു പറഞ്ഞാറെ അയാളും ആയതു കെട്ട ഉടൻ വളരെ സന്തൊഷപ്പെട്ടു ആ വിചാരം ഉറപ്പിച്ചു അത്രെതന്നെ വെണ്ടുവെന്നും ആയതല്ലാ ഞാൻ അങ്ങുമിങ്ങുമില്ലെന്നു വന്നിരിക്കുമെന്നും അയാൾ പറകയും ആയതിന്നു ഞങ്ങളെ മുറുക്കുകയും ചെയ്കതിനാൽ ഞങ്ങൾ അപെക്ഷക്കടദാശ്ശു കൊടുത്താൽ തന്റെ കാര്യത്തിന്നു നഷ്ടം വരുവാൻ പൊരുമെന്നു കയത്താനൊസുപാതിരിക്കു ഭയമുള്ളപ്രകാരം ഞങ്ങൾ അറികയും ചെയ്തു.

ആയതിന്റെ ശെഷം ഈ കാര്യത്തിന്മെൽ വീണ്ടും വീണ്ടും ഞങ്ങൾ വിചാരിച്ചാറെ കാര്യം ഇത്ര ഒക്കയും ചെന്നടുത്ത അപെക്ഷയും ഉണ്ടാക്കി സർവ്വാധികാര്യക്കാരന്മാരുടെ വീടുകളിൽ ഒ

www.malankaralibrary.com

ക്കയും ചെന്നു ഞങ്ങൾക്കു അപെക്ഷക്കടദാശ്ശു ഉണ്ടെന്നുള്ളപ്രകാരം പറഞ്ഞതുമൊഴിയെ ആയത്തു രാജസ്ത്രീയുടെ മുമ്പാകെ കൊടുപ്പാനായിട്ടു രാജസ്ത്രീ ഇരിക്കുന്ന ഇടത്തു ചെന്നു പ്രകാരവും എല്ലാവൎക്കും പരഹസ്യമായിരിക്കുന്നതിനാംപക്കം ഇനി അപെക്ഷക്കടദാശ്ശു കൊടുക്കാതെ പൊയാൽ നമ്മുടെ കാൎയ്യത്തിന്നൊക്കയും വിഘ്നം വരുവാൻ ഇക്കാൎയ്യംതന്നെ മതിയായിരിക്കും എന്നു വെസ്ഥയായിട്ടു തൊന്നുകകൊണ്ടും വിശെഷിച്ചും ഞങ്ങൾ പ്രത്തുക്കാലിൽ കൊടുപ്പാൻ ആസ്ഥമാക്കിയ അപെക്ഷകളിൽ ഒന്നും പ്രൊപ്പഗാന്ദായിക്കു ബന്ധിക്കുന്നതല്ലായ്കകൊണ്ടും മനിഷ്ടത്തെക്കൂടെ മുമ്പിൽ കാട്ടി ബൊധിപ്പിച്ചിരിക്കകൊണ്ടും റൊമ്മായിക്കു മററു ജാതി ഞങ്ങടെ മെൽ തൊന്നുവാൻ സംഗതിയില്ലെന്നു കാൺകകൊണ്ടും അപെക്ഷക്കടദാശ്ശു കൊടുക്കത്തക്കവണ്ണം രണ്ടാമതു നിശ്ചയിച്ചു അയതിന്നു തെരുംകൂട്ടി കയെത്താനൊസ പാതിരിയൊടു ഈ അവസ്ഥ ഏതും അറിയിക്കാതെ ഒരു ദിവസം കാലത്തു തന്നെ രാജസ്ത്രീയുടെ ഭവനത്തുള്ള പള്ളിയിൽ ചെന്നു കുൎബാന ചൊല്ലുവാനായിട്ടും അപെക്ഷക്കടദാശ്ശു കൊടുപ്പാനായിട്ടും ഞാനും മല്പാനും ഞങ്ങടെ രണ്ടു പൈതങ്ങളും കൂടെ രാജസ്ത്രീ വസിക്കുന്ന മെൽപറഞ്ഞ ബെലൂസ എന്ന ഇടത്തിന്നു ചെല്ലുകയും ചെയ്തു.

## മുപ്പത്തിയാറാം പദം

**രാജസ്ത്രീയെ കാൺമാനായിട്ടു ബെല്ലൂസ എന്ന ഇടത്തു ചെന്നാറെ ഉണ്ടായ അവസ്ഥമെൽ**

ഇങ്ങനെ ഖല്ലൂസ എന്ന ഇടത്തു ചെന്നതിന്റെ ശെഷം അവിടെ പള്ളിയിൽ കുമ്പിട്ടു മൎയ്യാദിപൊലെ മൎത്തമറിയം അമ്മയൊടും മാർതൊമ്മാശ്ലീഹായൊടും മാർപ്രഞ്ചിസ്ക്കൊസ സെവ്യർ എന്ന പുണ്യവാളനൊടും അപെക്ഷിച്ചതിന്റെ ശെഷം രാജസ്ത്രീയുടെ കുമ്പസാരിപ്പിക്കുന്ന ആളായ മെത്രാപ്പൊലീത്താടെ ഭവനത്തു ചെന്നപ്പൊൾ മെത്രാപ്പൊലീത്തായിക്കു ചിററാഴ്മ ചെയ്യുന്ന അത്തെനി ദൎശനക്കാരൻ ഞങ്ങളെ കണ്ടാറെ നിങ്ങൾ കയെത്താനൊസ പാതിരിയുടെ ജാതിക്കാരൻ അല്ലയൊ എന്നു ഞങ്ങളൊടു ചൊദിച്ചതിന്നു ആയതല്ലാ ഞങ്ങൾ മലയാളക്കാരരത്രെ ആകുന്നുവെന്നു അയാളൊടു പറഞ്ഞതിന്റെ ശെഷം അയാളും ഞങ്ങൾ ചെന്നിട്ടുള്ളപ്രകാരം മെത്രാപ്പൊലിത്തായൊടു അറിയിച്ചാറെ മെത്രാപ്പൊലീത്താ തന്റെ മുറിയുടെ വാതുക്കലൊളം വന്നു നിങ്ങൾ ഇന്നാൾ വന്നാറെ രാജാവു നിങ്ങളെ അന്വെഷിപ്പിച്ചു നെരത്തു നിങ്ങളെ കണ്ടില്ലാ എന്നു കുററപ്പെടുത്തുംപൊലെ പറഞ്ഞതു കെട്ടതിന്നു ഞങ്ങൾ സ്വല്പൻനെരം ഇവിടെ താ



മസിച്ചാറെ ആരെയും കാണായ്കകൊണ്ടും നെരം താമസമായി പൊകകൊണ്ടും കുൎബാനചൊല്ലുവാൻ പൊകയത്രെ ചെയ്തതെന്നു കഴിവു പറഞ്ഞാറെ നിങ്ങൾക്കു കുൎബാന ചൊല്ലണമെങ്കിൽ ഇവിടെ പള്ളി ഉണ്ടായിരുന്നു എന്നു ഞങ്ങളൊടു പറകയും ചെയ്തു.

ആയതിന്റെ ശെഷം മെത്രാപ്പൊലിത്തായിക്കു ഞങ്ങടെ മെൽ ഒരു സംശയവും തൊന്നാതെ ഇരിപ്പാനും ഞങ്ങടെമെൽ നല്ലവണ്ണം രാജസ്ത്രീയെ ബൊധിപ്പിപ്പാനായിട്ടും രാജസ്ത്രീയുടെ മുൻപാകെ വെപ്പാനായിട്ടു കൊണ്ടുചെന്ന അപെക്ഷക്കടദാശ്ശു രാജസ്ത്രീയുടെ പററിൽകൊടുപ്പാനായിട്ടു മെത്രാപ്പൊലിത്താടെ പററിൽതന്നെ ഏല്പിച്ചുംവച്ചു അവിടെയുള്ള പള്ളിയിൽ കുൎബാന ചൊല്ലുവാനായിട്ടു മെത്രാപ്പൊലിത്തായൊടു അനുവാദവും വാങ്ങിക്കൊണ്ടു ഞങ്ങൾ പള്ളിക്കൽ പൊകയും ചെയ്തു.

എന്നാൽ ഞങ്ങൾ പള്ളിയിൽ ചെന്നു മല്പാൻ കുൎബാന തുടങ്ങിയപ്പൊൾ പള്ളിയിൽ ഉണ്ടായിരുന്ന ജനങ്ങളൊക്കയും ഞങ്ങൾ മുൻപിൽ ഒരു നാളും കണ്ടിട്ടില്ലാത്ത ക്രമം കാൺകകൊണ്ടും വാലിഭക്കാരൻ പാടി കുൎബാനക്കു കൂടുകകൊണ്ടും പാരം അപൂൎവ്വപ്പെട്ടിങ്ങനെ കുൎബാന പാതി ആയപ്പൊൾ രാജസ്ത്രീയും രാജാവും രാജസ്ത്രീയുടെ അനുജത്തിമാർ ഇരുവരും മക്കൾ മൂന്നുപെരും ശെഷം വീട്ടുകാററും കുൎബാന കാൺമാൻ വന്നു ഞങ്ങൾ രണ്ടുപെരുടെയും കുൎബാന കഴിവൊളും ഭക്തിമയൊടുകൂടെ മുട്ടുമ്മെൽ തന്നെ നിന്നു കാൺകയും ചെയ്തു. ഇതിന്റെ ശെഷം രാജാവിന്റെ മനസു തന്റെ തൃക്കൈകളിൽ ആയിരിക്കുന്ന ഉടെതമ്പുരാൻ നമ്മുടെ മലങ്കരെ ഇടവകയുടെ പാവവും ദീനവും കണ്ടു രാജസ്ത്രീയുടെ ഹൃദയത്തിൽ ഞങ്ങടെ മെൽ കരുണയും മനൊഗുണവും തൊന്നിച്ചതിനാൽ കുൎബാന കഴിഞ്ഞ ഉടൻ ഞങ്ങളെ ആളയച്ചു വിളിപ്പിച്ചാറെ ഞങ്ങൾ നാലുപെരും അകത്തു കടന്നു ചുകന്ന ദമാസ്സുകൊണ്ടു ഒക്കയും ചമയിച്ചിരിക്കുന്ന കാഴ്ചശാലയിൽ ചെന്നു നിന്നപ്പൊൾ രാജസ്ത്രീയും രാജാവും രാജസ്ത്രീയെ കുമ്പസാരിപ്പിക്കുന്ന മെത്രാപ്പൊലീത്തായും ഒരുമിച്ചു ഞങ്ങൾ നില്ക്കുന്ന ശാലയിൽ വന്നു. ഉടൻ അവിടത്തെ മൎയ്യാദിപൊലെ ഞങ്ങൾ നാലുപെരും മുട്ടുകുത്തി രാജസ്ത്രീയുടെയും രാജാവിന്റെയും കൈമുത്തുകയും ചെയ്തു. എന്നാൽ രാജസ്ത്രീയുടെ മുഖം വട്ടമുഖത്തിൽ ചെന്നതും സൌന്ദൎയ്യം ഉള്ളതും ശരീരം നീണ്ടതിൽ ചെന്നതും വളരെ വണ്ണംകൂടാതെ ക്രമമുള്ളതും ദൃഷ്ടി കനിവും അടക്കവും ഉള്ളതുമായിരുന്നു. അപ്പൊഴൊ അവിടത്തെ ആചാരത്തിന്നു തക്കവണ്ണം രാജാവും രാജസ്ത്രീയുമായിട്ടു പറയുമ്പൊൾ മുട്ടുമ്മെൽ നിന്നുകൊണ്ടത്രെ പറയുമാറാകുന്നു. എന്നാൽ ഞങ്ങൾ മുട്ടുകുത്തി കൈമുത്തിയ ഉടൻ രാജസ്ത്രീ എഴുന്നെല്പാൻ കൈകാട്ടിയ

www.malankaralibrary.com

തിനെക്കൊണ്ട ഉടൻ എഴുന്നെററു നിന്നാറെ രാജസ്ത്രീ കരുണയൊടുകൂടെ ഞങ്ങളെ നൊക്കി എവിടെ നിന്ന വരുന്നെന്നും വന്ന കാര്യം എന്താകുന്ന എന്നും ചൊദിച്ചാറെ ഞങ്ങൾ മലയാളത്തിൽനിന്ന വരുന്ന എന്നും ഞങ്ങടെ അപെക്ഷക്കടദാശു അങ്ങെ പെരുമസുഖത്തെ കാട്ടുവാൻ മെത്രാപ്പൊലീത്താടെ പററിൽ കൈയെൾപ്പിച്ചുവെന്നും പറഞ്ഞപ്പൊൾ അങ്ങനെതന്നെ എന്ന മെത്രാപ്പൊലീത്തായും പറകയും ചെയ്തു. ഇതിൻെറ ശെഷം വാലിഭക്കാററെ കണ്ടാറെ രാജസ്ത്രീ പാരം കൌതുകപ്പെട്ട ഇവർ എന്തിനായിട്ട വന്ന എന്ന ചൊദിച്ചാറെ അവർ പഠിപ്പാനായിട്ട റൊമായിക്ക പൊകുന്ന എന്ന ഞങ്ങൾ ഉത്തരിക്കയും ഇങ്ങനെ ഒരു മുക്കാൽമണിനെരം രാജസ്ത്രീയും രാജാവും അവിടെനിന്ന ഞങ്ങളുമായിട്ട സംസാരിച്ചതിൻെറ ശെഷം രാജസ്ത്രീ അരികെകൂടെ നിൽക്കുന്ന മെത്രാപ്പൊലീത്തായെ നൊക്കി അയാളൊട കല്പിച്ചു. അയിററപ്പിഴകൾക്ക വിശപ്പുണ്ടായിരിക്കുമെന്ന. ആയതിന്ന അവക്ക വെള്ളംകുടി ഞാൻ വിദയം വരുത്തുമെന്ന മെത്രാപ്പൊലിത്താ ഉണർത്തിക്കയും ചെയ്തു. ഇതിൻെറ ശെഷം രാജസ്ത്രീയും രാജാവും അകത്തൊട്ട കടന്നുപൊയാറെ മെത്രാപ്പൊലിത്താടെ ആൾ വന്ന ഞങ്ങളെ തൻെറ ഭവനത്തു കൂട്ടികൊണ്ടുപൊയി അഞ്ചെട്ട തരം തീനും പലപല കൂട്ടം കാകനികളും ഉള്ളൊരു പരിപൂർണ്ണമായ വെള്ളംകുടി ഞങ്ങൾക്ക തരികയും ഞങ്ങളും വെള്ളംകുടി കഴിഞ്ഞതിൻെറ ശെഷം മെത്രാപ്പൊലീത്താ അത്രനെരവും രാജസ്ത്രീയുടെ അടുക്കൽനിന്ന വരായ്കകൊണ്ട അവിടെതന്നെ പാർത്തിരിക്കയും ചെയ്തു. എന്നാൽ ഉച്ചതിരിഞ്ഞു ഒട്ട ഏകദെശം രണ്ട മണി കഴിഞ്ഞപ്പൊൾ മെത്രാപ്പൊലീത്താ അവിടെക്ക വന്നാറെ ഞങ്ങൾ തൻെറ കയ്യുംമുത്തി യാത്ര ചൊല്ലിയപ്പൊൾ ഇനി എന്ന വരെണ്ട എന്ന ചൊദിച്ചാറെ ഇനി നിങ്ങൾ ഇവിടെക്ക വരുവാൻ ദിഷ്ടതിയില്ലാ. ഈന്ദിയാടെ കര്യം വിചാരിക്കുന്ന മിനിസ്ത്രൊ ആകുന്ന മത്തിഞ്ഞുദെമെൽ ഇതിനുത്തരം തരുമെന്ന ഞങ്ങളൊട പറകയും ചെയ്തു. ഞങ്ങളും ആയതു കെട്ട ഉടൻ അവിടെനിന്ന പുറപ്പെട്ട ബെലൂസ എന്ന ആ ദിക്കിൽതന്നെ വിഷ്ക്കൊന്തി വസിക്കുന്ന വീട്ടിന്ന പൊകയും ചെയ്തു.

എന്നാൽ ഞങ്ങൾ അവിടെക്ക ചെന്ന എത്തിയപ്പൊളെത്തെക്ക അവിടെയുള്ളവർ എല്ലാവരും ഭക്ഷണം കഴിഞ്ഞുകൂടിയതിനെക്കൊണ്ട വിഷ്ക്കൊന്തിയുടെ കെട്ടിയവൾ വിഷ്ക്കൊന്തെസ്സാ ഉടൻതന്നെ ഞങ്ങൾക്ക ഭക്ഷണം ഒപ്പിച്ചു. ഞങ്ങൾ അവിടെ ഭക്ഷിച്ചിരിക്കുമ്പൊൾ ഞങ്ങടെ നെരെയുള്ള വലിയ സ്നെഹത്തിൻെറയും വെണ്ടികയുടെയും അടയാളം കാട്ടുവാനായിട്ട വിഷ്ക്കൊന്തെസ്സാതന്നെ എറച്ചി കിണ്ണത്തിൽവച്ചു ഖണ്ഡിച്ചു കീടാങ്ങൾക്ക കൊടുക്കയും ഞങ്ങൾ ഭക്ഷണം കഴിഞ്ഞു കൂടുവൊളം അവിടെ കൂടെ ഇരുന്ന ഞങ്ങളുമായി സംസാരിക്കയും ചെയ്തു.



വിശെഷിച്ചും ഞങ്ങൾ ഭക്ഷണം കഴിഞ്ഞുകൂടിയപ്പൊൾ വിഷ്ക്കൊന്തിയും വന്ന ഇത്രനെരവും എൻെറ കെട്ടിയവൾ നിങ്ങൾക്ക ചിററാഴ്മചെയ്തു. ഇനി ഞാൻകൂടെ അത്രെ ചിററാഴ്മ ചെയ്യുന്നതെന്നും പറഞ്ഞ ഞങ്ങൾക്ക താൻതന്നെ തരികയും ചെയ്തു. ഞങ്ങളും ഈ സർവ്വാധികാര്യക്കാററുടെയും തൻെറ ഭാര്യയുടെയും സ്നെഹവും എളിമയും കണ്ട പാരം അശക്യപ്പെടുകയും ചെയ്തു. അതെന്തെന്നാൽ പറങ്കിനാട്ടിൽ വമ്പന്മാരുടെ സ്ത്രീകളെ കണ്ട പറവാൻപൊലും വിഷമമായിരിക്കുമ്പൊൾ നമുക്ക ചിററാഴ്മ ചെയ്യുവാൻ വന്നതു പ്രത്യെകമുള്ള സ്നെഹത്തിൻെറയും എളിമയുടെയും പ്രവർത്തി അത്രെ ആകുന്ന.

രാജസ്ത്രീയെ കണ്ടതും ഞങ്ങടെ അപെക്ഷ കൊടുത്ത പ്രകാരവും അയാളെ കെൾപ്പിച്ചതുമൊഴിയെ ഈ അപെക്ഷതന്നെ ഉടൻ അങ്ങെ പക്കലും കൊണ്ടുവന്ന തരുവാൻ ഭാവിച്ചിരിക്കുന്ന എന്നും പറഞ്ഞു കുറെ നെരം അവിടെ ഇരുന്ന വർത്തമാനവും പറഞ്ഞതിൻെറ ശെഷം അവിടെനിന്ന പുറപ്പെട്ട ഞങ്ങൾ വസിച്ചിരിക്കുന്ന ആശ്രമത്തിൽ വന്ന ഇത്ര വലിയ മനൊഗുണമൊക്കയും ഞങ്ങളൊട ചെയ്തതിനെക്കൊണ്ട പ്രത്യെകമായിട്ട ഉടയവനെ സ്തുതിച്ചു കൊണ്ടാടുകയും ചെയ്തു.

ഇതിൻെറ ശെഷം പിറെറ ദിവസംതന്നെ മെൽ പറഞ്ഞ അപെക്ഷകൾ നാലായി പെർത്തു നാലു സർവ്വാധികാര്യക്കാരന്മാരുടെ വീട്ടിലും കൊണ്ടുചെന്ന കൊടുത്തതിൻെറ ശെഷം മനിഷ്ടത്തിൻെറ വീട്ടിൽ ചെന്ന അദ്ദെഹത്തൊടും ഈ ഉണ്ടായ വർത്തമാനങ്ങളൊക്കയും പറഞ്ഞു രാജസ്ത്രീക്കും സർവ്വാധികാര്യക്കാരന്മാർക്കും ഞങ്ങൾ കൊടുത്ത അപെക്ഷക്കടദാശും കാട്ടി. ഈ അപെക്ഷകളിൽ ഏതാനും റൊമായിക്ക സങ്കടം തൊന്നത്തക്കതുണ്ടൊ എന്ന ചൊദിച്ചാറെ ഏതുമില്ലാ എന്ന പറകയും ഞങ്ങളും റൊമായിൽനിന്ന മനിഷ്ടത്തിന്ന കടദാശു വന്നപ്പൊൾ പ്രത്തുക്കാലെിൽ അപെക്ഷക്കടദാശു കൊടുക്കുന്ന കാര്യത്തിന്മെൽ എല്ലാവരുമായിട്ട പറഞ്ഞു ഖണ്ഡിതമായി പൊയതിനാൽ കൊടുക്കാതെ റൊമായിക്ക ചെല്ലുവാൻ വഹിയായ്കകൊണ്ട അപെക്ഷകടദാശു കൊടുത്തുവെന്നും ആയതിൽ റൊമായിക്ക ബന്ധിക്കുന്ന കാര്യമൊന്നും പറഞ്ഞിട്ടില്ലാ എന്നും മനിഷ്ടത്തൊടുകൂടെ ഈ അവസ്ഥ ബൊധിപ്പിച്ചുവെന്നും ഉടൻതന്നെ റൊമായിക്ക എഴുതി അയക്കയും ചെയ്തു. [1]

---

1. ജോൺ മേരി അച്ചൻ വികാരി അപ്പസ്തോലിക്കയായി നിയമിതനായി, തുടന്ന് പ്രൊപ്പഗാന്താ തിരുസംഘം പ്രോനൻഷിയോക്ക് എഴുതിയ കത്തിൽ ജോൺ അച്ചന് എന്തു നിർദേശമാണു നൽകേണ്ടത് എന്ന് ആരാഞ്ഞു. കരിയാററിൽ മല്പാൻെറ ദൗത്യവും നിർദേശങ്ങളും ആരാഞ്ഞ് അറിയിക്കാനും അതിൽ എഴുതിയിരുന്നു. എഴുത്തു

www.malankaralibrary.com

# മുപ്പത്തിയെഴാംപദം

### അപെക്ഷക്കടദാശൊടുകൂടെ കൊടുത്ത അവകാശങ്ങളിന്മെൽ

വിശെഷിച്ചും മെൽപറഞ്ഞവണ്ണം രാജസ്ത്രീയുടെ സർവ്വാധികാര്യരന്മാർക്കു അപെക്ഷക്കടദാശു കൊടുത്തപ്പൊൾ ദർശനകാറരെയും കന്നടിമാരെയും ഞങ്ങൾക്കു മെത്രാപ്പൊലീത്താ ആയിട്ടു വെണ്ടാ അറിവും തമ്പുരാനൊടു പെടിയും നല്ല തറവാടും ഉള്ള ഒരു പറങ്കിപട്ടക്കാരനെ അത്രെ വെണ്ടുവെന്നും തിരിച്ചുതന്ന അവരൊടു എന്തുകൊണ്ടു ഞങ്ങൾ പറയുന്നു എന്നുള്ള അവകാശങ്ങൾകൂടെ നന്നായി അവിടെ ബൊധിക്കത്തക്കവണ്ണം കടദാശിൽകൂടെ എഴുതി അവരുടെ പക്കൽ കൊടുക്കുകയും ചെയ്തു.

എന്നാൽ ആ അവകാശങ്ങൾ നമ്മുടെ ജനങ്ങളുംകൂടെ അറിവാനായിട്ടു ആയതൊക്കയും ഞങ്ങൾ കൊടുത്തവണ്ണംതന്നെ ഇവിടെ എഴുതുന്നു. വിശെഷിച്ചും പറങ്കിവാക്കിലുള്ള പെർപ്പു നമ്മുടെ ജാതികൾക്കു പ്രത്യെകമായിട്ടു ഉപകാരമുള്ളതല്ലാ എന്നതിനെക്കൊണ്ടും ആയതൊക്കയും എഴുതണമെന്നു വച്ചാൽ വളരെ എഴുത്തു വെണ്ടിവരുമെന്നതുകൊണ്ടും ആയതു ഇവിടെ എഴുതുന്നുമില്ലാ. അപ്പൊഴെ എഴുതികൊടുത്ത അവകാശങ്ങളാകുന്നതു ഇവ. മെത്രാപ്പൊലീത്താ ആകുന്ന ആൾ അറിവും നെറിവും ഉള്ള ഒരു പറങ്കിക്കാരൻ ആയിരിക്കണമെന്നു ഞങ്ങൾ അപെക്ഷിച്ചതിന്റെ കാരണങ്ങൾ.

൧-ാമതു നമ്മുടെ ജാതികൾ ഇങ്ങനെ ഇവിടെ അപെക്ഷിക്കത്തക്കവണ്ണം ഞങ്ങളൊടു കല്പിച്ചയച്ചു.

൨-ാമതു മുൻപിൽ ഇങ്ങനെ ആയിരുന്നു.

൩-ാമതു ഇങ്ങനെ ആയിരുന്നാൽ മുൻപിൽ മലങ്കരെ ഉണ്ടായിരുന്ന വസ്തുക്കളൊക്കയും വീണ്ടു ഉണ്ടാകുവാൻ സംഗതി വരുമെന്നു ഞങ്ങടെ ജാതിക്കു ശരണം ഉണ്ടുഎന്നതിനെക്കൊണ്ടു.

൪-ാമതു ഇങ്ങനെ ആയിരുന്നാൽ മററാരുടെയുംകീഴായിരിക്കണമെന്നില്ലാ എന്നതിനെക്കൊണ്ടു.

൫-ാമതു പറങ്കിമാരുടെ മെൽ ഞങ്ങൾക്കുള്ള സ്നെഹത്തെപ്രതി.

കന്നടിമാരു വെണ്ടാ എന്നു ഞങ്ങൾ അപെക്ഷിക്കുന്ന അവകാശങ്ങൾ

---

കിട്ടുവാൻ വൈകിയതിനാൽ നൺഷിയോ കരിയാററിയുടെയും സംഘത്തിന്റെയും പരാതി പരിഭാഷചെയ്തു് തിരുസംഘത്തിന് അയച്ചു. കർമലീത്താ വൈദികരെക്കുറിച്ചു് അതിൽ വിപ്രതിപത്തി ധ്വനിച്ചിരുന്നു.



൧-ാമതു മററു ജാതിക്കാരു ഞങ്ങൾ ആകുന്നതിനെക്കൊണ്ടു.

൨-ാമതു ജാതിശ്രെഷ്ഠതമെലും ജാതിഹീനത്തിന്മെലും ഞങ്ങടെ ഇടത്തു വളരെ തർക്കം ഉണ്ടു എന്നതിനെക്കൊണ്ടു.

൩-ാമതു പറങ്കിമാരു വന്നതിന്റെ ശെഷം മാർഗ്ഗം കൂടിയ പുത്തൻ നസ്രാണികൾ അവർ ആകുന്നതിനെക്കൊണ്ടു.

൪-ാമതു ഞങ്ങൾ മാർതൊമ്മാശ്ലീഹായുടെ നസ്രാണികൾ ആകുന്നതുമൊഴിയെ എല്ലാപ്പൊഴും ഞങ്ങടെ ജാതിയിൽ പട്ടക്കാറരും മുമ്പിൽ മാർഗ്ഗമുള്ള രാജാവും ഇപ്പൊൾ മലയാൻ രാജാവും ഉണ്ടായിരിക്കുന്നതിനെക്കൊണ്ടു.

൫-ാമതു ഞങ്ങളുടെ ക്രമവും പെച്ചും ഭെദമുള്ളതായിരിക്കുന്നതിനെക്കൊണ്ടു. അപ്പൊഴെ എല്ലാ ജാതികൾക്കും മെത്രാന്മാരും വെദവാഴികളും തങ്ങടെ ക്രമത്തിലും മര്യാദയിലും ആയിരിക്കുന്നതിനാംപക്കം മററു ജാതിയിലും ക്രമത്തിലുമുള്ള കന്നടിമാരു മലങ്കരെ ഭരിപ്പാൻ വന്നാൽ ഏററിയ പിണക്കവും കലക്കവും അവിടെ ഉണ്ടായിവരുന്നതിനു സംശയമില്ലാ.

ദർശനകാറരെ ഞങ്ങൾക്കു മെത്രാപ്പൊലീത്താ ആയിട്ടു വെണ്ടാ എന്നു അപെക്ഷിക്കുന്ന അവകാശങ്ങൾ.

൧-ാമതു നല്ലവനും തമ്പുരാനെ പെടിയും ഉള്ള ആളിനെ ദർശനവീട്ടിൽനിന്നു ഒരിക്കലും അയക്കയില്ലാ എന്നതിനെക്കൊണ്ടു.

൨-ാമതു പലവൃഴവും ദർശനവീട്ടിലുള്ള ആളുകൾക്കു നിരപ്പും അടക്കവും ഉണ്ടാകുവാനായിട്ടു അവരിൽ കലക്കവും കുഴപ്പവും ഉണ്ടാക്കുന്ന ആളുകളെ പുറത്തൊട്ടു അയപ്പാൻ മര്യാദി ആയിരിക്കുന്നതിനെക്കൊണ്ടു.

൩-ാമതു അകലപ്പെട്ട ഇടങ്ങളിൽ പൊയി തങ്ങടെ ദുഷ്ടത മൂടുവാനും തങ്ങടെ തന്നിഷ്ടംപൊലെ ശെഷമുള്ളവരെ ഭരിപ്പാനും മനസ്സുമുള്ളവരത്രെ ദർശനവീട്ടിൽനിന്നു പുറപ്പെടുവാൻ മര്യാദിയായിരിക്കുന്നു എന്നതിനെക്കൊണ്ടു.

൪-ാമതു മെത്രാന്മാരു ദർശനക്കാറർ ആയിരുന്നാൽ അവർ മരിക്കും നെരത്തു അവക്കുള്ള വസ്തുക്കൾ ഒക്കയും നെടുവാൻ അനന്തരവരായിട്ടു അവരുടെ ദർശനക്കാറരു പുറപ്പെടുമാറാകുന്നു. വരാപ്പുഴെ നാം കണ്ടും അറിഞ്ഞും ഇരിക്കുന്നപൊലെ എന്നതിനെക്കൊണ്ടു.

൫-ാമതു ആത്മങ്ങളെ തിരിപ്പിപ്പാനും മിശിഹായുടെ എവൻഗെലിയൊൻ അറിയിപ്പാനായിട്ടും അല്ലാ പിന്നെയൊ സമ്പത്തും കൂട്ടി ആയതിനാൽ തങ്ങടെ ദർശനവീട്ടിൽ വീണ്ടു വരുമ്പൊൾ സൌഖ്യമായിട്ടു കഴിവാനും അപൂർവ്വമായ വസ്തുക്കൾ

www.malankaralibrary.com

ദൂരപ്പെട്ട നാട്ടിൽനിന്ന കൊണ്ടുവന്ന തങ്ങടെ സ്നേഹകാറക്കുകൊടുക്കുന്നതിനാൽ അവരുടെ സഹായം താൻ യൊഗ്യം ഒന്നും കൂടാതെ പള്ളിക്കടുത്ത സ്ഥാനം താൻ കൈക്കൊള്ളുവാനും ആയിട്ടത്രെ അവർ തങ്ങടെ ദർശനവീട്ടിൽനിന്ന പുറപ്പെടുമാറാകുന്ന എന്നതിനെക്കൊണ്ടു.

ദർശനക്കാററിൽ നല്ലവർ ആയിരുന്നാലും ഞങ്ങടാക്കു മെത്രാപ്പൊലീത്താ ആയിട്ടു വെണ്ടാ. അതെന്തെന്നാൽ.

൧-ാമത തങ്ങടെ ദർശനവീട്ടിൽനിന്നും ശെഷമുള്ളവരുടെ കൂട്ടം സഹായവും കൂടാതെ പുറത്തു പൊകുന്ന നെരത്തു കാണുന്ന വസ്തു ഒക്കെ തനിക്കു പുതുമയായി തൊന്നുന്നതിനാൽ കാര്യങ്ങടാം വിധിക്കുന്ന നെരത്തു പിഴ വരുവാൻ നിമിത്തമാകുന്നതിനെക്കൊണ്ടു.

൨-ാമത്തു കാര്യങ്ങടാം കെൾപ്പാനും വിധിപ്പാനും തഴക്കവും പരിചയവും തനിക്കില്ലായ്കകൊണ്ടു ആളും അവസ്ഥയും പ്രിയവും നെരവും ഇടവും അറിഞ്ഞു അതിന്ന ഒപ്പിച്ചിരിപ്പാൻ തനിക്കു അറിവാൻ വഹിയായ്കകൊണ്ടു.

൩-ാമത്തു സമുദ്രത്തിന്ന പുറത്തു മത്സ്യം എന്നപൊലെ തന്റെ മൂപ്പന്മാരുടെ കല്പന കീഴ്നിന്ന പുറത്തു തന്നെ താൻ കാണുമ്പൊഴാം കവിച്ചിലുകളിൽ അകപ്പെടുവാൻ സംഗതിവരും. ആ ദൂരപ്പെട്ട ഇടങ്ങളിൽ ദിവസം തൊറും കണ്ടുവരുന്നപൊലെ എന്നതിനെക്കൊണ്ടു.

൪-ാമത്തു പലപല കൂട്ടം സ്ഥാനങ്ങളും അനുവാദങ്ങളും തന്റെ ദർശനമുറയാൽ തനിക്കുണ്ടെന്നും ചൊല്ലി പള്ളിക്കടുത്ത ക്രമങ്ങളും കാനൊനകളും പകൎത്തുവാൻ ശ്രമിക്കുമാറാകുന്നു. എന്നാൽ ഈ അനുവാദങ്ങടാം നെരൊ ഭൊഷ്ക്കൊ എന്നു തമ്പുരാന തന്നെ അറിഞ്ഞുകൂട്ടു. വിശെഷിച്ചും തട്ടിപ്പൊന്നും കൂടാതെ അനുവാദം തനിക്കുള്ളതാകുന്ന എന്നു വരികിലും ആയതിന്ന തക്ക അവകാശമുള്ളപ്പൊഴാം മാത്രമെ ആയത്തു വാസ്തവമായിരിപ്പു.

൫-ാമത്തു തങ്ങടെ ദർശനത്തിന്റെ നല്ല ചട്ടവും കല്പനകളും തങ്ങടാം ചെയ്തു സത്യവും മറന്നു നല്ല പ്രവൎത്തികളൊന്നും കൂടാതെ വ്യാപരിക്കുമാറാകുന്നു. അതെന്തെന്നാൽ മാർഗ്ഗമറിയിക്കുന്നവരുടെയും വികാരി അപ്പൊസ്തൊലിക്കാന്മാരുടെയും ഭവനത്തുനിന്ന സുകൃതങ്ങളൊക്കയും വാങ്ങി അകന്നിരിക്കുന്നതു നാം കണ്ടുവരുന്നപൊലെ എന്നതിനെക്കൊണ്ടു ഇത്രനെരവും പറഞ്ഞതൊക്കയും സൂക്ഷിച്ചുകണ്ടാൽ അറിയാം. മെൽപറഞ്ഞ ആളുകളെ മാർഗ്ഗമറിയിപ്പാനുള്ളതിന്ന അയപ്പാൻ ശ്രമിക്കുന്ന ആളുകടാക്കു കഠിനമായ ദൊഷമുണ്ടായിരിക്കുമെന്നു. അതെന്തെന്നാൽ മാർഗ്ഗമറിയിപ്പാൻ പൊകുന്ന ആളുകളുടെ രണ്ടിപ്പിന്നും ഭാഗ്യംകെട്ട ആ നാട്ടി





ലുള്ളവരുടെ ആകമാനമായ ഉതപ്പിന്നും കാരണമാകുന്നതിനെക്കൊണ്ടു.

ഇങ്ങനെ ഈ അവകാശങ്ങടാം ഒക്കയും എഴുതി മെൽ പറഞ്ഞ അപെക്ഷക്കടുദാശ്ശു കൊടുത്തപ്പൊഴാം കൂടെനാലു സർവ്വാധികാര്യക്കാരന്മാരുടെ പററിൽ കൊടുക്കയും ചെയ്തു. വിശെഷിച്ചും രാജസ്ത്രീയുടെ കുമ്പസാരിപ്പിക്കുന്ന ആടാം മെത്രാപ്പൊലീത്താ ദർശനക്കാരൻ ആകുന്നതിനെക്കൊണ്ടു അയാടാക്കു ഈ ഞങ്ങടെ നിരൂപണ തെളിഞ്ഞു വരികയില്ലെന്നു കാൺകകൊണ്ടു രാജസ്ത്രീയുടെ പക്കൽ ഈ അവകാശങ്ങടാം കൊടുത്തതുമില്ലാ. വിശെഷിച്ചും ഈന്ദ്യാമുഖത്തെ സർവാധികാര്യക്കാരനാകുന്ന മർത്തിഞ്ഞു ദെമെലിന്റെ പററിൽ തൊമ്മാമെത്രാന്റെ വിശ്വാസസത്യം ലെത്തീനിൽ പെൎത്തുകൂടെ കൊടുക്കയും ചെയ്തു.

## മൂപ്പത്തിയെട്ടാംപാദം

ഞങ്ങൾ അപെക്ഷക്കടുദാശ്ശു കൊടുത്തപ്രകാരം കയെത്താനൊസു പാതിരിയൊടു പറഞ്ഞാറെ ഉണ്ടായ അവസ്ഥമെൽ

അപ്പൊഴെ മെൽ പറഞ്ഞ വണ്ണം ഞങ്ങടാം അപെക്ഷക്കടുദാശ്ശു രാജസ്ത്രീയുടെയും നാലു സർവാധികാര്യക്കാരന്മാരുടെയും പററിൽ കൊടുത്തതിന്റെ ശെഷം കയെത്താനൊസു പാതിരി ഞങ്ങളെ കൺമാനായിട്ടു ദർശനവീട്ടിൽ വന്നപ്പൊഴാം രാജസ്ത്രീക്കും കാര്യക്കാരന്മാക്കും അപെക്ഷക്കടുദാശ്ശു കൊടുത്തപ്രകാരം അയാളൊടു പറഞ്ഞാറെ നിങ്ങടാം കൊടുത്ത അപെക്ഷക്കടുദാശ്ശു ഞാൻ വായിച്ചുകണ്ടു എന്നും ഇതത്രെ ഞാൻ ഇത്രപ്പൊഴും മലങ്കര ഇടവകക്കുവെണ്ടി ഇവിടെ ശ്രമിച്ചുവന്നതെന്നും ഉപായമായിട്ടു ഞങ്ങളൊടു പറകയും ചെയ്തതുമെന്യെ ഒരു പറങ്കിക്കാരനെ മെത്രാപ്പൊലീത്താ ആയിട്ടു വെണമെന്നു അപെക്ഷിച്ചതു വെണ്ടിയില്ലാഞ്ഞു. അതെന്തെന്നാൽ എറൊപ്പാക്കാരൻ നമ്മുടെ ജാതികളെ ഭരിപ്പാൻ വന്നാൽ ഒരുനാളും നമ്മടാക്കു ഗുണം വന്നെന്നു വരികയില്ലാ എന്നതു കൊണ്ടു വാച്ചുപ്രകാരവും ഈ സ്ഥാനവും ഗൊവയുടെ മെത്രാപ്പൊലീത്താടെ സ്ഥാനവും നമ്മുടെ ജാതികടാക്കു ആക്കുവാൻ ശ്രമിക്ക അത്രെ വെണ്ടതെന്നും ആയതിന്നത്രെ ഞാൻ ഇവിടെ ശ്രമിച്ചു വരുന്നതെന്നും രഹസ്യമായിട്ടു ഞങ്ങളൊടു ബൊധിപ്പിച്ചതെന്നു കൂടെ ബൊധിപ്പിക്കാതെ അപെക്ഷക്കടുദാശ്ശു കൊടുത്തതിന്മെൽ വളരെ സങ്കടം പറകയുംചെയ്തു.

വിശെഷിച്ചും കയെത്താനൊസു പാതിരി മഹാ ഊടുബുദ്ധിയും കാഴ്ചയും ഉള്ള ആളാകകൊണ്ടു ഞങ്ങളൊടു അയത്ത വെറുതിരിഞ്ഞാൽ താൻ ശ്രമിച്ചുവരുന്ന കാര്യം നിഷ്ഫലമായി

www.malankaralibrary.com

വരുമെന്ന കണ്ടു താൻ മുമ്പിൽ പറഞ്ഞിരുന്ന വചനം മാററി സർവാധികാര്യക്കാരന്മാരുടെ വീടുകളിലും മററു തനിക്കറിവും സ്നെഹവും ഉള്ള മാടമ്പികളുടെ വീടുകളിലും നടന്ന കൊടുങ്ങല്ലൂർ മെത്രാപ്പൊലീത്താ ആകുവാൻ കരിയാട്ടിൽമല്പാൻ തന്നെ കൊള്ളാമെന്ന പറഞ്ഞുതുടങ്ങുകയും ചെയ്തു.

ഇതിന്റെ ശെഷം കയെത്താനൊസ്സ പാതിരി പലപ്പൊഴും വന്ന ഞങ്ങളെ കാൺകയും ഞങ്ങളും അയാൾ വസിക്കുന്ന ഭവനത്തുചെന്ന അയാളെ കാൺകയും ചെയ്യുന്നതും അയാളും പലപ്പൊഴും സർവ്വാധികാര്യക്കാരന്മാരുടെ വീടുകളിൽ ഞങ്ങളെ കൂട്ടികൊണ്ടു പൊകയും ഞങ്ങടെമെൽ നല്ലവണ്ണം അവരൊടു പറകയും ചെയ്യുന്നതുമെന്ന്യെ ഈന്ദ്യാ മുഖത്ത സർവ്വാധികാര്യക്കാരനാകുന്ന മത്തിഞ്ഞദെമെലും താനുമായിട്ടു അന്നാളുകളിൽ പാരം സ്നെഹവും വിശ്വാസവും ആയിരുന്നതിനെക്കൊണ്ടു അദ്ദെഹത്തിന്റെ വീട്ടിൽ പലപ്പൊഴും കരിയാട്ടിൽമല്പാനെ കൊണ്ടു പൊകയും മലങ്കരെയുള്ള കാര്യങ്ങളൊക്കയും വെണ്ടുംവണ്ണം വിസ്താരമായി അവരെ കെൾപ്പിക്കയും ചെയ്യുമാറായിരുന്നു. ഞങ്ങടെ കാര്യം ക്ലെശിക്കുന്നവനെപ്പൊലെ തന്നത്താൻ കാട്ടുകയും ചെയ്തു.

എന്നാൽ ഇങ്ങനെ പ്രത്തുക്കാലിൽ ഉള്ള കാര്യമൊക്കയും കഴിഞ്ഞതിന്റെശെഷം ഇനി ഒട്ടു കാലം വൈകാതെ റൊമായിൽനിന്ന മനിസ്സത്തിന്ന എഴുതിവന്നവണ്ണം റൊമായിക്ക ചെന്നെ മതിയാവൂ എന്നുംവച്ച ഈന്ദ്യാമുഖത്തെ സർവ്വാധികാര്യക്കാരനാകുന്ന മത്തിഞ്ഞു ദെമെലുമായിട്ടു ഇക്കാര്യംകൊണ്ടു പറഞ്ഞാറെ ഇക്കാര്യത്തിന്നുവെണ്ടി റൊമായിക്ക പൊകുവാൻ ദിഷ്ടതി ഇല്ലെന്നും ഇവിടെതന്നെ തീർത്തുതരുന്നുണ്ടെന്നും പറഞ്ഞു സ്വല്പൻനാൾ അനുവാദം തരാഞ്ഞതിനാൽ കപ്പൽകൂലി ഏതും കൂടാതെ ജെനവായിക്ക പൊകുവാൻ ഉണ്ടായിരുന്ന നല്ലൊരുതക്കം ഞങ്ങൾക്ക നഷ്ടമായി പൊകയും ചെയ്തു.

ഇതിന്റെ ശെഷം ഞങ്ങൾക്ക റൊമായിക്ക പൊയ്യെ മതിയാവൂ അതെന്തെന്നാൽ അവിടെ ഞങ്ങടെ വഴിയെ മാർതൊമ്മാ മെത്രാന്റെ വിശ്വാസസത്യം ഞങ്ങൾതന്നെ കൊണ്ടുചെന്ന പാപ്പാടെ പററിൽ കൊടുക്കണമെന്ന തന്റെ കല്പന ഉണ്ടെന്നും ഇങ്ങനെ മററു പല കൂട്ടവും പറഞ്ഞു മെൽപറഞ്ഞ മത്തീഞ്ഞുദെമെലിന്റെ അനുവാദം വാങ്ങിയതിന്റെശെഷം അപ്പൊൾ ജെനവായിക്ക പൊകുന്ന കപ്പൽ കാണായ്കകൊണ്ടു ഞങ്ങൾതന്നെ ഇക്കാര്യം ശ്രമിച്ചാൽ പണം ഏററം കൊടുക്കെണ്ടിവരുമെന്ന കണ്ടു ഞങ്ങടെമെൽ പാരം സ്നെഹവും വിശ്വാസവും ഉണ്ടായിരുന്ന ഞങ്ങടെയും കയെത്താനൊസ്സപാതിരിയുടെയും സ്നെഹകാരനായിരുന്ന സാമത്ഥ്യപ്പെട്ട കച്ചവടക്കാരിൽ ഒരുത്തനാകുന്ന



നിക്കാവ കൊണ്ണ്ലി എന്ന ചൊല്ലപ്പെട്ട ഒരു ഇൻഗ്ളെശകാരനൊടു ഈ ഞങ്ങടെ ദിഷ്ടതി അറിയിച്ചു. തങ്ങൾക്ക അറിവും സ്നെഹവും ഉള്ള കപ്പിത്താന്മാരിൽ ആരാനും ജനവായിക്ക പൊകുമ്പൊൾ ഞങ്ങളെക്കൂടെ കപ്പലിൽ കെററി അയപ്പാൻ ശ്രമിക്കണമെന്ന അവരൊടു അപെക്ഷിക്കയും ചെയ്താറെ ഇവൻ തന്റെ സ്നെഹകാരനായ സെവസ്യാ എന്ന നാട്ടുകാരൻ ഇസ്രായെൽ ഹെദുമാൻ എന്ന പെർപെട്ട ഒരു ഇടത്തുടുകാരൻ കപ്പിത്താൻ ജെനവായിക്ക പൊകുന്നപ്രകാരം അറിഞ്ഞാറെ അവനുമായിട്ടു പറഞ്ഞു ഞങ്ങളെക്കൂടെ കൊണ്ടുപൊകുന്നതിന്നും കപ്പൽ കൂലി കൊണ്ടു വളരെ തർക്കം ഉണ്ടായതിന്റെ ശെഷം ഒടുക്കം ഞങ്ങൾ നാലുപെൾക്കും കൂടെ ഒമ്പതു മൊനെത്താ കൂലി കൊടുക്കാമെന്നും കപ്പലിൽ ഞങ്ങൾക്ക ഭക്ഷണത്തിന്ന വെണ്ടുന്നതു ഞങ്ങൾ തന്നെ വിചാരിച്ചുകൊൾകാ എന്നും പറഞ്ഞൊത്തു വെവസ്ഥ വരുത്തുകയും ചെയ്തു. എന്നാൽ ഒരു മൊനെത്താ ഫവ്വ (18) രൂപാ പിടിക്കയും ചെയ്യും.

എന്നാൽ ഇങ്ങനെ കപ്പൽ വിദയം വരുത്തിയതിന്റെ ശെഷം ഞങ്ങൾക്ക വഴിച്ചിലവിന്ന വെണ്ടുന്ന വസ്തുക്കളൊക്കയും കൊണ്ടു വിദയം വരുത്തുവാൻ കയെത്താനൊസ്സ പാതിരിയുടെ പററിൽ പണം കൊടുത്താറെ ഇയാൾ അരിയും പയറും മൊട്ടയും കൊഴിയും തെയും ഒറൊട്ടിയും പഞ്ചസാരയും മററും വെണ്ടുന്ന വസ്തുക്കളൊക്കയും മെൽ പറഞ്ഞ കച്ചവടക്കാരൻ നിക്കാവിന്റെ വാലിഭക്കാരനെക്കൊണ്ടു കൊള്ളിച്ചു ആസ്ഥമാക്കുകയും ചെയ്തു.

ഇങ്ങനെ വട്ടംകൂട്ടിയതിന്റെശെഷം ഞങ്ങൾ മെൽ പറഞ്ഞ നാലു സർവ്വാധികാര്യക്കാരന്മാരുടെ വീടുകളിൽ ചെന്നു യാത്ര ചൊല്ലുവാൻ ചെന്നാറെ വെണ്ടുംവണ്ണം ഞങ്ങളെ ബഹുമാനിച്ചു തങ്ങടെ വീടുകളിൽ വിരുന്നും തന്നു വല്ലവണ്ണം യാത്രയും ചൊല്ലി അയച്ചതിന്റെ ശെഷം ഞങ്ങൾക്ക യാത്രക്ക വെണ്ടുന്ന അനുവാദക്കടുദാസ്സു തരുവാൻ ഏറൊപ്പയിൽ മററുള്ള നാടുകളിൽനിന്ന വരുന്ന കാര്യങ്ങൾ വിചാരിക്കുന്ന അയറാദെസാ എന്ന സർവ്വാധികാര്യക്കാരന്ന ബന്ധിക്കുന്ന കാര്യമാകുന്നതിനെക്കൊണ്ടു ബഹുമാനപ്പെട്ടവർക്ക കൊടുപ്പാൻ മര്യാദിയായിരിക്കുന്നപൊലെ പ്രത്യെകമുള്ള അനുവാദക്കടുദാസ്സു ഞങ്ങൾക്ക തരികയും ചെയ്തു.

വിശെഷിച്ചും റൊമായിൽ ഞങ്ങൾക്കുണ്ടാകുന്ന വത്തമാനം കയെത്താനൊസ്സ പാതിരി അറിയിക്കുമെന്ന അവരൊടു പറഞ്ഞു ലിസ്ബൊആയിൽ ഞങ്ങടെ കാര്യം വിചാരിപ്പാൻ കയെത്താനൊസ്സ പാതിരിയെ അവരുടെ മുന്നൽതന്നെ കല്പിക്കയും ചെയ്തു.

ഇതിന്റെ ശെഷം മനിസ്സത്തിന്റെ വീട്ടിൽ ചെന്നു ഞങ്ങൾക്ക ഇത്ര നെരവും ചെയ്ത വലിയ മനൊഗുണത്തെപ്രതി നന്ദിയ്യ

www.malankaralibrary.com

ള്ള മനസ്സ കാട്ടി തന്നൊട യാത്ര ചൊല്ലിയാറെ താനും പണത്തിന്നെങ്കിലും മററു വാച്ച വസ്തുവിന്നെങ്കിലും ഏതാനും ദിഷ്ടതിയുണ്ടൊ എന്നു ഞങ്ങളൊട ചൊദിച്ചാറെ ഞങ്ങൾ പണം മെടിച്ചാൽ ഇത്ര പാവമായിട്ട ഞങ്ങളെ അയച്ചെന്നു മനിഷ്യം വിചാരിക്കുമെന്നതിനാൽ മലങ്കരെ പള്ളി ഒക്കെക്കും പൊരായ്ക വരുമെന്നു ഭാവിച്ചു ഉടെതമ്പുരാൻെറ മനൊഗുണംകൊണ്ട ഇപ്പൊൾ വിശെഷിച്ചു ഒരു ദിഷ്ടതിയില്ലെന്നു ഞങ്ങൾ പറകകൊണ്ട ജനവായിൽ ചെല്ലുമ്പൊൾ പണം എത്തിപ്പൊയെന്നു വന്നെങ്കിൽ വെണ്ടുവൊളം പണം മെടിക്കത്തക്കവണ്ണം അവിടെയുള്ള തൻെറ കാര്യം വിചാരിക്കുന്നെ ആളിന്നു സാധനവും തന്നു നല്ലവണ്ണം ഞങ്ങളെ യാത്രയാക്കിയാറെ മിശിഹാ പിറന്നിട്ട ൧൭൭൯-ാമാണ്ട (1779) തുലാമാസം ൪-നു- (4) കപ്പൽ കരെറുകയും ചെയ്തു.

വിശെഷിച്ചും കയെത്താനൊസ്സ പാതിരി ജനവായിൽ ഉള്ള പ്രത്തുക്കാൽ രാജിതത്തിന്നു ജനവായിൽ വെണ്ടുന്ന കാര്യം വിചാരിക്കുന്ന കൊൾസലിന്നും റൊമായിൽ വസിക്കുന്ന തൻെറ സ്നെഹകാരനായ അമരിക്കാക്കാരൻ മനുവൽ മാക്കെസ ബ്രന്ദാം എന്നു ചൊല്ലുന്ന പട്ടക്കാരനും ഞങ്ങൾക്ക വെണ്ടിയുള്ള തൻെറ കുറികൾ ഞങ്ങളുടെ പററിൽ തന്നുമൊഴിയെ ഞങ്ങൾ ചെല്ലുന്ന പ്രകാരം ഞങ്ങൾ അങ്ങു പററുന്നതിന്നു മുമ്പെ അവരെ അറിയിക്കത്തക്കവണ്ണം കരവഴിക്കുക്കൂടെ മെൽപറഞ്ഞ ആളുകൾക്കും റൊമായിലുള്ള പ്രത്തുക്കാൽ രാജാവിൻെറ മനിഷ്പത്തിന്നും കുറി എഴുതി അയക്കയും ചെയ്തു.

ഇങ്ങനെ കപ്പൽ കരെറിയാറെ പിന്നെയും കപ്പലിൻെറ കപ്പിത്താന്നു ഏതാനും കാര്യം ലിസ്‌ബൊആയിൽ ഉണ്ടായിരുന്നതിനെക്കൊണ്ട രണ്ട ദിവസം കപ്പലിൽതന്നെ പാർത്തതിൻെറ ശെഷം ൫ി മാസം ആറാം ദിവസി കപ്പലിന്നു പായും കൊടുത്തു. അവിടെനിന്നു തിരിച്ചാറെ ഉടെതമ്പുരാൻെറ മനൊഗുണവും കരുണയുംകൊണ്ട ഒരു ഭയവും പെടിയും കൂടാതെ എത്രയും പ്രയാസവും യൊഗ്യവുമുള്ള ഗൊൾപ്പ ദെ ലെയൊൻ എന്നു ചൊല്ലുന്ന ഇടം കടന്നതിൻെറ ശെഷം ഇൻഗ്ലെശന്മാരു കള്ളപടവുകാററു ഞങ്ങളുടെ കപ്പലിൽ വരികയും കപ്പിത്താനും അവരെ പാരം ഭയപ്പെട്ടു അവരൊട വലിയ ആചാരവും കാട്ടി അവർ ചൊദിച്ച വസ്തു ഒക്കെയും അവർക്ക കൊടുക്കയും ചെയ്തു.

ഇതിൻെറ ശെഷം രണ്ട ദിവസം കഴിഞ്ഞതിൻെറശെഷം കസ്തുല്യന്മാർ പടയാളികൾ ശൊധന പാർപ്പാൻ കപ്പലിൽ വന്നാറെ അവരിൽ ഒരുത്തൻ വീഞ്ഞു കുടിപ്പാനായിട്ട അപെക്ഷിച്ചാറെ ആയത്തു പൊലും കൊടുത്തതുമില്ലാ. എന്നാൽ വലിയ ഈ ഭെദം ഞങ്ങൾ കണ്ട ആയതിൻെറ അവകാശം ചൊദിച്ചാറെ കപ്പലിൽ വന്ന ഇൻഗ്ലെശന്മാരു കള്ളന്മാരാകുന്നതിനെക്കൊണ്ട അവർ ചൊദിക്കുന്നതു കൊടുക്കാഞ്ഞാൽ ഉള്ളതൊക്കെയും അവർ പിടിച്ചുപറിക്കുമെന്നും കസ്തുല്യന്മാർ രാജകല്പനയാൽ വരുന്ന ആളുകളാകകൊണ്ട ചൊദിക്കുന്ന വസ്തു കൊടുക്കാഞ്ഞാൽ ആയതുകൊണ്ട ഒരു മെലെററം ചെയ്‌വാൻ അവർക്ക വഹിയാ എന്നും ഞങ്ങളൊട പറകയും ചെയ്തു.



വിശെഷിച്ചും ജെനവാടെ അടുക്കൽ ചെന്നപ്പൊൾ അവിടെ ഉണ്ടായിരുന്ന ഒരു പ്രാസകപ്പലിൻെറ കപ്പിത്താൻ ആളയച്ചു ഞങ്ങടെ കപ്പിത്താനെ വിളിച്ചാറെ കപ്പിത്താനും മല്പാനും കൂടെ പ്രാസന്മാരുടെ കപ്പൽ നിൽക്കുന്ന ഇടത്തു ചെന്നാറെ എവിടെനിന്നു വരുന്നെന്നും എവിടെക്ക പൊകുന്നു എന്നും കപ്പലിൻെറ ചരക്ക എന്തെന്നും എന്തു ജാതി എന്നും ഇങ്ങനെയുള്ള മററു വസ്തുക്കളും ചൊദിച്ചറിഞ്ഞതിൻെറ ശെഷം അയക്കയും ചെയ്തു.

എന്നാൽ ഇൻഗ്ലെശും പരന്ത്രെശും കസ്തുലിയന്മാരുമായിട്ട പടക്കാലം ആകകൊണ്ടത്രെ ഈ ശൊധനകളൊക്കയും ഉണ്ടായി വരുന്നതും. അപ്പൊഴെ ഇതെല്ലാം കഴിഞ്ഞതിൻെറ ശെഷം ലിസ്‌ബൊആയിൽനിന്നു തിരിച്ചിട്ട ൩൩ (33) ദിവസം കഴിഞ്ഞതിൻെറ ശെഷം ആയുസ്സൊടും സ്വസ്ഥതയൊടുംകൂടെ ജനവായിൽ ചെന്നു എത്തുകയും ചെയ്തു.

## മുപ്പത്തൊമ്പതാംപാദം

ഞങ്ങൾ ജെനവായിൽ ചെന്നതിൻെറ ശെഷം ഉണ്ടായ അവസ്ഥ മെൽ ഉടയവൻെറ സഹായത്താൽ

മെൽ പറഞ്ഞവണ്ണം ആയുസ്സൊടും സ്വസ്ഥതയൊടും കൂടെ ജെനവായിൽ ചെന്നതിൻെറ ശെഷം വഴിക്കുവച്ചു ഞങ്ങളുടെ കപ്പൽ ശൊധനക്കാറരു വന്നുകരെറി ശൊധന പാർത്ത ഹെതുവാൽ ആ നാട്ടിൻെറ കല്പന ചട്ടത്തിന്നു തക്കവണ്ണം വകന്തക്കെശത്തിൻെറ സംശയം ഉണ്ടായിരിക്കകൊണ്ട കാറെന്തെനാ എന്ന ദിവസങ്ങൾ കഴിയുന്നതിന്നു മുൻപിൽ ഞങ്ങടെ കപ്പലിൽ ഉള്ളവരിൽ ആർക്കും നഗരിക്ക ചെല്ലുവാൻ വഹിയായ്കകൊണ്ട കപ്പലിൻെറ കപ്പിത്താനും മല്പാനുംകൂടെ കരയിൽ കാറെന്തെനാ കഴിപ്പാൻ മനസ്സുള്ള ആളുകൾക്കുവെണ്ടി പണിയിച്ചിരിക്കുന്ന വീട്ടിലൊളം ചെന്നു കൊൻസുലിന്ന കയെത്താനൊസ്സ പാതിരി തന്നയച്ചു കടദാശു കൊടുത്തയക്കയും ചെയ്തു.

വിശെഷിച്ചും ആ വീട്ടിൽ പൊയി കാറെന്തെനാ എന്ന ദിവസങ്ങൾ കഴിവൊളം പാർത്താൽ വളരെ ചിലവായിവരും എന്നതിനെക്കൊണ്ട കപ്പലിൽതന്നെ പാർപ്പാൻ മനസായതെ

www.malankaralibrary.com

ള്ളു. എങ്കിലും കപ്പലിന്റെ കപ്പിത്താൻ ഞങ്ങളെ അയപ്പാനു
ള്ളതിന്നു വളരെ വളരെ പ്രയത്നം ചെയ്താറെ ഞങ്ങൾക്കു മനസി
ല്ലാഞ്ഞതിനെക്കൊണ്ടു ആയതു സാധിച്ചതുമില്ലാ.

അപ്പൊഴൊ കൊൻസുളിന്നു ഞങ്ങൾ കൊടുത്തയച്ച കയെ
ത്താനൊസു പാതിരി തനിക്കു എഴുതിയ കുറി വായിച്ചു കണ്ടു
ഞങ്ങൾ അവിടെക്കു എത്തിയ പ്രകാരം അറിഞ്ഞ ഉടൻ ശരീര
തണുപ്പിന്നു വെണ്ടുന്ന കുറെ പച്ചഫലങ്ങളും പച്ചഇറച്ചിയും കൊടു
ത്തു ഞങ്ങളെ വന്നു കണ്ടു വർത്തമാനം അറിവാനായിട്ടു തന്റെ
അനുജൻ പ്രഞ്ചിസ്ക്കൊസിനെ അയക്കയും പ്രഞ്ചിസ്ക്കൊസും ഞ
ങ്ങടെ കപ്പൽ നിൽക്കുന്ന ഇടത്തു വന്നാറെ കപാറെന്തെനാ എന്ന
ദിവസങ്ങൾ കഴിയാതെ കപ്പലിൽ ആർക്കും കരെറിക്കൂടാ എന്നു
മുടക്കം ഉണ്ടാകകൊണ്ടു കപ്പലിൽ കരെറാതെ ആയതിന്റെ അടു
ക്കെയൊളം വന്നു ഞങ്ങളെ കണ്ടു കൊൻസുൾ ഞങ്ങൾക്കു കൊ
ടുത്തയച്ച വസ്തുക്കളും തന്നു. കപാറെന്തെനാ എന്ന ദിവസങ്ങൾ
കഴിവൊളം കപ്പലിൽ തന്നെ പാർക്കനല്ല ആയതല്ലാഞ്ഞാൽ
വളരെ ചിലവു ചെല്ലും എന്നും ഈ ദിവസങ്ങൾ കഴിഞ്ഞാൽ
വസിപ്പാനുള്ളതിന്നു വീടു പറഞ്ഞൊപ്പിക്കാമെന്നും കൊൻസുൾ
പറഞ്ഞയച്ചപ്രകാരം ഞങ്ങളൊടു പറകയും ചെയ്തു.

വിശെഷിച്ചും കപാറെന്തെനാ എന്നു പറയുന്നതു എന്താകുന്നു
എന്നു നമ്മുടെ ജനങ്ങൾ അറിവാനായിട്ടു ആയതു ഇവിടെ തി
രിച്ചെഴുതുന്നു. അതായതു ജെനവായിലും മററു എഉറൊപ്പായിലു
ള്ള നഗരികളിലും തങ്ങടെ ജനങ്ങളുടെ ഗുണത്തിന്നും സൂക്ഷത്തി
ന്നും വെണ്ടി നഗരിക്കു പുറത്തു തുറമുഖത്തൊടുചെരെ ലാസറെത്ത
എന്നു ചൊല്ലുന്ന ഒരു വീടു തീർത്തിട്ടുണ്ടു. അപ്പൊഴൊ തുക്കിന്റെ
രാജ്യത്തുനിന്നുതാൻ വകന്തയുടെ സംശയമുള്ള മററു നാടുകളിൽ
നിന്നുതാൻ വകന്തയുടെ സംശയം തൊന്നുവാൻതക്ക മററു വാച്ച
പ്രകാരത്തിൽതാൻ വന്ന തുറമുഖത്തു ചെരുന്ന കപ്പലുകളിലുള്ള
ആളുകൾ വകന്തയുടെ സംശയത്തിന്നു തക്കവണ്ണം എറെക്കുറെ ദി
വസം കഴിയുന്നതിനു മുമ്പെ നഗരിയിൽ കടന്നുകൂടാ. പിന്നെ
ഈ ദിവസങ്ങൾ കഴിവൊളം തങ്ങടെ കപ്പലിൽ എങ്കിലും ലാ
സറെത്ത എന്ന പെർപെട്ട മെൽപറഞ്ഞ വീട്ടിൽ എങ്കിലും പാ
ൎത്ത മതിയാവൂ. വിശെഷിച്ചും വകന്തയൊടുകൂടെ വരുന്ന കപ്പ
ലുകളാകുന്നു എങ്കിൽ എണ്ണത്തിൽ ഒട്ടും കുറയാതെ നാല്പതു ദിവ
സം കഴിവൊളം തന്നെ പാൎത്ത മതിയാവൂ എന്നതുകൊണ്ടു ഈ
ദിവസങ്ങൾക്കു കപാറെന്തെനാ അതായതു നാല്പതുനാൾ എന്നു നാ
മധെയം ചൊല്ലുമാറാകുന്നു.

അപ്പൊഴൊ ഞങ്ങൾ അവിടെ ചെന്നതിന്റെ ശെഷം ഞ
ങ്ങടെ കപ്പലിൽ ശൊധനക്കാററു പടയാളികൾ വന്നു ശൊധന
പാൎത്തതിനാൽ വകന്തയുടെ സംശയംമാത്രമെ ഉണ്ടായിരുന്നൊ



ള്ളു എന്നതിനെക്കൊണ്ടു പതിമൂന്നു ദിവസം കപ്പലിൽ പാൎത്ത
തിന്റെ ശെഷം നഗരിയിൽ കടപ്പാൻ അനുവാദം കിട്ടിയാറെ
കപ്പലിൽനിന്നു കരക്കിറങ്ങി കൊൻസുൾ ഞങ്ങൾക്കുവെണ്ടി
പറഞ്ഞൊപ്പിച്ചിരുന്ന ഒസ്‌തറിയായിൽ ചെന്ന ഉടൻതന്നെ
കൊൻസുൾ താൻതന്നെ ആ വീട്ടിൽ വന്നു ഞങ്ങളെ കാൺക
യും ഞങ്ങളും അവിടെനിന്നു റൊമായിക്കു യാത്ര പുറപ്പെടുവൊ
ളം ആ വീട്ടിൽ തന്നെ വസിക്കയും ചെയ്തു. ഇതിന്റെ ശെഷം
പലവുഴവും കൊൻസുളും തന്റെ അനുജനും വന്നു ഞങ്ങളെ കാൺ
കയും ഞങ്ങളു പലയുഴവും തന്റെ വീട്ടിൽ ചെന്നു തന്നെ കാൺ
കയും ചെയ്തു.

അപ്പൊഴൊ ഒസ്തറിയാ എന്നതിന്റെ രൂപം അറിയുന്നതു
നമ്മുടെ വർത്തമാനത്തിന്റെ വെളിവിന്നു എത്രയും ദിഷ്ടതിയു
ള്ള കാര്യമാകുന്നതിനെക്കൊണ്ടു ആയതിന്റെ പ്രകാരംകൂടെ ഇ
വിടെ എഴുതുന്നു. എന്നുവരുമ്പൊൾ ജെനവായിലും മററു എഉറൊ
പ്പയിൽ പല രാജ്യങ്ങളിലും നഗരികളുടെ വലിപ്പച്ചെറുപ്പംപൊ
ലെ ഒരു വീടുതാൻ പല വീടുകൾതാൻ വരികയും പൊകയും
ചെയ്യുന്ന വഴിയാത്രക്കാററൎക്കു വസിപ്പാനായിട്ടു പണിതു ഒപ്പി
ച്ചിട്ടുണ്ടു്. എന്നാൽ ഈ വീടുകൾ എത്രയും വലിയ കൊയില
കംപൊലെ പണിതൊപ്പിച്ച ആയതിൽ മാടമ്പികൾക്കും സാ
മന്ത്യന്മാർക്കും കച്ചവടക്കാററൎക്കും നിതാനമുള്ള ജനങ്ങൾക്കും വ
സിപ്പാനുള്ളതിന്നു തങ്ങൾ തങ്ങടെ സ്ഥാനത്തിന്നും അമിശത്തി
ന്നും തക്കവണ്ണം ഭവനങ്ങളും ശാലകളും വിദയം വരുത്തി ആയ
തിന്നു വെണ്ടുന്ന ചിററാഴ്മകാററരെയും തീൻതരങ്ങൾ ചുമക്കുന്ന
വരെയും ക്രമത്തുംവഴി കല്പിച്ചിരിക്കുന്നു. എന്നതുകൊണ്ടു
വാച്ച വഴിക്കാററും ആ വീടുകളിൽ ചെല്ലുന്ന ഉടൻ അവിടെ
ഉള്ള വാലിഭക്കാരൻ ഇറങ്ങി ആളിന്റെ ബഹുമാനത്തിന്നും മന
സിന്നും തക്കവണ്ണം ഉള്ള ഭവനത്തു കൊണ്ടുചെന്നു ആക്കുകയും
തനിക്കുള്ള മുണ്ടുമുറികളിൽ ഒന്നിന്നും ഒട്ടു ചെരദം വരാതെ സൂക്ഷി
ക്കയും ചെയ്യുന്നതുമൊഴിയെ തന്റെ മനസും ഇഷ്ടവുംപൊലെ അ
വരുതന്നെ തനിക്കു ചിററാഴ്മ ചെയ്യുന്നതിനാൽ തങ്ങടെ വീ
ട്ടിൽ എന്നപൊലെ ഒരു വസ്തുവിന്നും കുറവുകൂടാതെ വഴിക്കാററു
തങ്ങടെ മനസുപൊലെ എത്ര ദിവസമെന്നാലത്രെയും പാൎത്തു
വരുമാറാകുന്നു. വിശെഷിച്ചും തങ്ങൾ അവിടെനിന്നു പൊകു
വാൻ യാത്ര പുറപ്പെടുമ്പൊൾ തങ്ങടെ മുണ്ടുമുറികളൊക്കയും
മെൽപറഞ്ഞ വാലിഭക്കാററു ഒരു കുറച്ചിൽകൂടാതെ തങ്ങളെ
കൈയെല്പിച്ചതിന്റെ ശെഷം ഒസ്തറിയായുടെ ഉടയവൻ പറ
യുംവണ്ണം ആയതിന്നു ചെന്ന ചിലവൊക്കയും കൊടുത്തുംവച്ചു
പൊകുമാറും ആകുന്നു. എന്നതിനെക്കൊണ്ടു ഈ വീടുകളെ ഒസ്ത
റിയാ അതായതു വഴിഅമ്പലം എന്നു ചൊല്ലുമാറാകുന്നു. അപ്പൊ
ഴൊ ഇങ്ങനെ ഞങ്ങൾ ജെനവായിൽ കടന്നു മെൽപറഞ്ഞ ഒസ്തറി

www.malankaralibrary.com

യായിൽ ആയതിന്റെ ശെഷം ലിസ്ബൊ ആയിൽനിന്ന ഞങ്ങൾ പൊരുന്നപ്പൊൾ ജനപായിൽ തന്റെ കാര്യം ക്ലെശിക്കുന്ന ആളിന്ന മനിഷ്ഷം തന്നയച്ച കുറി കൊടുത്തയച്ചാറെ അവനും ഈ വീട്ടിൽ വന്ന ഞങ്ങളെ കണ്ടു പണമെങ്കിലും വാച്ച വസ്തു എങ്കിലും വെണ്ടുമ്പൊൾ പറയണമെന്നും ഒക്കയും ചെയ്‌വാൻ താൻ ആസ്ഥമായിരിക്കുന്നെന്നും ഞങ്ങളൊടു പറകയും ചെയ്തു.

ഇതിന്റെ ശെഷം പിറെറ ദിവസംതന്നെ ഈ നഗരിയിലുള്ള ഇരിപ്പിടമായ പള്ളിയിൽ ചെന്ന ആ ഇടവകയുടെ വികാരി ജനറാളിനെ കണ്ടു കുർവാന ചൊല്ലുവാൻ അനുവാദവുംവാങ്ങി അവിടെ കുർവാന ചൊല്ലി തുടങ്ങിയപ്പൊൾ ആ നാട്ടുകാരരു മുൻപിൽ ഒരുനാളും കണ്ടിട്ടില്ലാത്ത പ്രകാരത്തിലുള്ള കുർവാന കണ്ടതിനാൽ പാരം അപൂർവ്വപ്പെട്ടു ഇസ്പാഞ്ഞുനാട്ടിൽനിന്ന ചില പാതിരിമാരു വന്ന അവരുടെ കുർവാന പുത്തനായൊരു ക്രമത്തിൽ ആകുന്നു എന്ന നഗരി ഒക്കയിലും പറഞ്ഞുതുടങ്ങുകയും ചെയ്തു. എന്നാൽ ഈ പുതുമ നഗരിക്കു പുറത്തു ഏകദെശം അരക്കാതം വഴി ദൂരെ മദൊനെത്തു എന്ന ചൊല്ലുന്ന ചെരിപ്പില്ലാത്ത മാർ ആഗസ്തിനൊസു പുണ്യവാളന്റെ ദർശനകാരരുടെ ആശ്രമത്തിന്ന ചെരെ വസിക്കുന്ന മർക്കെസൊ നിഗ്രൊണി എന്ന ചൊല്ലുന്ന ഒരു മാടമ്പിസ്ത്രീ കെട്ടാറെ തന്റെ വീട്ടിൽ ചിററാഴ്മ ചെയ്യുന്ന ബഹുമാനപ്പെട്ട ആളുകളിൽ ഒരുത്തനെ അയച്ച തനിക്കു ഞങ്ങടെ കുർവാന കാൺമാൻ ആഗ്രഹം ഉണ്ടെന്നും ആയതുകൊണ്ടു മദൊനെത്താ എന്ന ചൊല്ലുന്ന ദർശനകാരരുടെ പള്ളിയിൽ ചെന്ന കുർവാന ചൊല്ലണമെന്നും ഞങ്ങളൊടു അപെക്ഷിച്ചാറെ ഞങ്ങളും അപെക്ഷക്കു തക്കവണ്ണം അവിടെക്കു പൊയി കുർവാന ചൊല്ലുകയും മർക്കെസൊയും വന്ന കുർവാന കണ്ടതിന്റെ ശെഷം എവിടെനിന്ന വരുന്നെന്നും എവിടെക്കു പൊകുന്നു എന്നും മററും പല വത്ത്മാനങ്ങളും ചൊദിച്ചതിന്റെ ശെഷം പൗലീസ്താക്കാരരു ഉണ്ടായിരുന്ന നാളുകളിൽ ഈന്ത്യാനാട്ടിൽ നിന്ന എത്രയും ചെറുതായിട്ടുള്ള ഗുളികകൾ കൊണ്ടുവന്ന ഓരൊ പൊൻകാശിന്ന എട്ടു എട്ടു ഗുളികകൾ വിൽക്കുമാറായിരുന്നു. എന്നാൽ ഈ ഗുളികകൾ പലപല രൊഗങ്ങൾക്കും അപൂർവ്വമായ ശമനം വരുത്തുമാറായിരുന്നു എന്നതുകൊണ്ടു ആയതിൽ ഏതാനും നിങ്ങടെ പററിൽ ഉണ്ടെങ്കിൽ തന്നാൽ വലിയ മനൊഗുണമായിരിക്കുമെന്ന പറഞ്ഞു. നമ്മുടെ നാട്ടിലുള്ള ഗുളികകൾ അത്രെ ഇതാകുന്നു എന്ന ഞങ്ങളറിഞ്ഞതിനാലെ ഞങ്ങടെ നാട്ടിലുണ്ടാക്കുന്ന ഗുളികകളത്രെ ഇതാകുന്നു എന്നും ഞങ്ങൾക്കുണ്ടായിരുന്നതു പ്രത്തുക്കാലിൽ വച്ച കളഞ്ഞുപൊയെന്നും പറഞ്ഞതിന്റെശെഷം മല്പാൻ പ്രത്യെകമായിട്ടു സൂക്ഷിച്ചുവച്ചിരുന്ന വായുവിനുള്ള ഗുളികയിൽ ഒന്ന മർക്കെസൊയിക്കും മറെറാന്ന മെൽപറഞ്ഞ ആശ്രമത്തിൽ വായുവിന്റെ ദീനം കൊണ്ടു എത്രയും പരവശമായിരുന്ന ഒരു





പാതിരിക്കും കൊടുത്താറെ പാതിരി ഗുളിക കുടിച്ച ഉടൻ തന്റെ ദീനത്തിന്ന പാരം ശമനംകണ്ടതിനാൽ ഈ മാടമ്പിസ്ത്രീയും ഞങ്ങളുടെ മെൽ പാരം സ്നെഹപ്പെട്ടു റൊമായിൽ ഞങ്ങൾ ചെന്നതിന്റെശെഷവും നമ്മുടെ വിശെഷത്തിൽ കാണുമെന്നപൊലെ പലപ്പൊഴും ഞങ്ങൾക്കു എഴുതി അയക്കയും ചെയ്തുവരുമാറായിരുന്നു.

## നാൽപതാംപാദം

ജെനപാ എന്ന നഗരിമെലും യൊഹന്നാൻ ദെസെന്താ മർഗറീത്താ എന്ന പാതിരിയുടെ കുറി വന്നതിന്മെലും പൊയാറെ ഉണ്ടായ അവസ്ഥമെലും

എന്നാൽ ആസ്യാ എന്ന ഭൂമിയുടെ കെട്ടിൽനിന്ന പുറമെ നാം കണ്ട നഗരികൾ ഒക്കയും രൂപം ചുരുങ്ങിയ പ്രകാരത്തിൽ ഇത്ര നെരവും നമ്മുടെ ജനങ്ങൾ ബൊധിക്കത്തക്കവണ്ണവും നെരത്തിന്റെ അവസ്ഥക്കു തക്കവണ്ണവും നാം എഴുതിയതിനെക്കൊണ്ടു ഏറൊപ്പയിലുള്ള അറിയപ്പെട്ട നഗരികളിൽ ഒന്നായിരിക്കുന്ന ജെനപാനഗരിയുടെ അവസ്ഥയും ഇപ്പൊൾ ആകുംവണ്ണം ഇവിടെ എഴുതുവാൻ വെണ്ടിയിരിക്കുന്നു.

എന്ന വരുമ്പൊൾ കടൽവാകരയുള്ള ജെനപാ എന്ന നഗരി ഇത്തല്യാ രാജ്യത്തുള്ള തലപ്പെട്ട നഗരികളിൽ ഒന്നിന്ന യൊഗ്യമായിരിക്കുംവണ്ണം മഹാ വമ്പൊടും മുഖ്യത്തൊടുംകൂടെ പണിചെയ്തിരിക്കുന്നു എങ്കിലും നഗരി ഇരിക്കുന്ന ഇടം ചെറുതായിരിക്കയും കുടികൾ വളരെയുണ്ടായിരിക്കയും ചെയ്യുന്നതിനാൽ സാമാന്യമായിട്ടു ഈ നഗരിയിലുള്ള വീടുകൾ ഒക്കെയും എത്രയും ഉയർച്ചയിൽ പണി ചെയ്തു ഏഴെട്ടു നിലയൊളം പൊക്കിയിരിക്കുന്നു.

ഇതുമെന്യെ ഓരൊരൊ ഉറുവഴികളുടെ ഇടവഴികൾ ഒക്കയും എത്രയും തമ്മിൽ തമ്മിൽ ഇടുങ്ങിയിരിക്കയും ചെയ്യുന്നതിനാൽ നഗരിയിലുള്ള ചിലചില ഉറുവഴികളിൽ കടക്കുമ്പൊൾ ഉച്ചനെരംതന്നെ ആകുന്നു എങ്കിലും അസ്തമനസമയംപൊലെ തൊന്നും.

വിശെഷിച്ചും മെൽപറഞ്ഞവണ്ണം ഉറുവഴികളുടെ ഇടവഴികൾ തമ്മിൽത്തമ്മിൽ ഇടുങ്ങിയിരിക്കുന്നതിനാൽ വമ്പിച്ച ജനങ്ങൾ ഏറൊപ്പയിൽ പിന്നെ എങ്ങും ഉള്ള മര്യാദിപൊലെ തെരിന്മെൽ നടക്കുമാറില്ലാ. പിന്നെയൊ അമരീക്കായിൽ ഉള്ള മര്യാദിക്കു തക്കവണ്ണം കൊണ്ടുനടപ്പാൻ തക്ക ഒരു കൂട്ടം കസെരകളിന്മെൽ ഇരുന്ന മററാളുകൾ തങ്ങടെ ഉരത്തിന്മെൽവച്ച കൊണ്ടുപൊകുമാറാകുന്നു. നമ്മുടെ നാട്ടിൽ പല്ലക്കുംകൊണ്ടു പൊകുമാറുള്ളപൊലെ.

www.malankaralibrary.com

വിശെഷിച്ചും മാനുഷസമൂഹത്തിന്നും ദിഷ്ടതിക്കും വെണ്ടുന്ന വസ്തുക്കളൊക്കയും ഈ പുസ്തകത്തിന്റെ മുപ്പതാം പദത്തിൽ ലിസ്ബൊആയുടെ അവസ്ഥമെൽ പറഞ്ഞപ്പൊൾ ചൊല്ലിയ പൊലെ അതതിന്നു വെണ്ടുന്ന വരവുകളൊടുകൂടെ എത്രയും ഉപകാരവും ഉപവിയും ഉള്ള പ്രകാരത്തിൽ പണിതു ഒപ്പിച്ചിരിക്കുന്നതുമൊഴിയെ പ്രത്യെകമുള്ള ക്ലെശത്തൊടുകൂടെ മാനുഷരുടെ മടിയും മിനക്കെടും നീക്കുവാനുള്ള ഉപായമായിട്ടു എത്രയും വലുതായിട്ടു ഒരു വീടു പണിതിരിക്കയും ശരീരസ്വസ്ഥതയും ആരൊഗ്യവും തങ്ങൾക്കുള്ളപ്പൊൾ തങ്ങളുടെ മടികൊണ്ടെങ്കിലും ദാരിദ്ര്യംകൊണ്ടെങ്കിലും ഒരു വെലയുംകൂടാതെ പിച്ചയുംതെണ്ടി നടക്കുന്ന ജനങ്ങളെ ഒക്കയും ആയതിൽ ആക്കി തങ്ങടെ മനസും വശവുംപൊലെ പലപല വെലകൾക്കു ശ്രമിപ്പിക്കുമാറാകുന്നതിനെക്കൊണ്ടു അതതു വെലക്കു വെണ്ടുന്ന ആശാന്മാരെയും കല്പിച്ചു ഈ ആശാന്മാർക്കും വെല പഠിക്കുന്നവർക്കും ആ വെലക്കു വെണ്ടുന്ന വസ്തുക്കൾ കൊള്ളുവാനും വെണ്ടുന്ന മാസപ്പടികളും ചിലവുകളും കുറച്ചിൽ കൂടാതെ ഒപ്പിച്ചിരിക്കുന്നതും ആകുന്നു. അപ്പൊഴൊ ഈ വീട്ടിൽ വെല പഠിക്കുന്ന ആളുകൾ തങ്ങടെ പഠിത്വകാലം കഴിഞ്ഞതിന്റെ ശെഷം തങ്ങൾക്കു വെണ്ടി ചിലവു ചെന്നതിന്റെ ചെരദം പൊക്കുവാനായിട്ടു ഇത്രകാലം ആ വീട്ടിന്നുവെണ്ടി വെലചെയ്യണമെന്നുണ്ടു. ആയതു കഴിഞ്ഞതിന്റെ ശെഷം അവിടെതന്നെ പാർപ്പാൻ മനസ്സുള്ളവര ആ വീട്ടിന്നുവെണ്ടി വെലയും എടുത്തു തങ്ങടെ മരണകാലത്തൊളം അവിടെതന്നെ പാർത്തുകൊള്ളാം. ആയതല്ല പൊകുവാനത്രെ മനസാകുന്നു എങ്കിൽ അവിടെനിന്നു പൊയാൽ ചെറുതായിട്ടൊരു നില ഉണ്ടാകുവൊളം കഴിവാനായിട്ടു കുറെ അത്രമാത്രം ദ്രവ്യവും കൊടുത്ത തങ്ങൾ മനസാകുന്ന ഇടത്തു പൊയി ദണ്ഡിച്ചു കഴിവാനായിട്ടു അയക്കുമാറാകുന്നു.

ഇതുമെന്ന്യ ജെനവാനഗരിക്കാററു തങ്ങൾക്കുള്ള ഗുണവും ഭാഗ്യവും ഒക്കയും തമ്പുരാന്റെ അമ്മ മർത്തമറിയം ഉമ്മാടെ പ്രത്യെകമുള്ള സഹായവും മനൊഗുണവുംകൊണ്ടു കൈക്കൊണ്ടിരിക്കുന്നതിനാൽ ആ നഗരിയിലുള്ള ചെറിയവർക്കും വലിയവർക്കും സാമർത്ഥ്യപ്പെട്ടവർക്കും അഗതികൾക്കും വലിയ ഭക്തിമയും നന്ദിയും തന്റെമെൽ ഉണ്ടായിരിക്കകൊണ്ടു നഗരിയുടെ ചുററും വലുതായിട്ടു ഉറപ്പുള്ള ചുമരും പണിതു ആയതിന്റെ പ്രധാനമായ വാതുക്കൽ മർത്തമറിയം അമ്മെടെ രൂപവും വച്ചു ആ രൂപത്തിന്റെ താഴെ ഇതായതു നഗരി കാവലാളി ആയി എന്നെ വച്ചു എന്നു ഹെക്കെമ്സാ റബ്സാ എന്ന പുസ്തകത്തിൽ ഉള്ള വചനങ്ങൾ എഴുതി വച്ചിട്ടുമുണ്ടു. എന്നാൽ ഈ നഗരിയിൽ തലപ്പെട്ട കർത്തവ്യം രാജവാഴ്ച അല്ലാ മഹായൊഗവാഴ്ചയത്രെ ആകുന്നതിനെക്കൊണ്ടു മെൽപെട്ട പരിപാലനത്തിന്റെ വിചാരകാററിൽ തലവനെ ദൊജെ എന്നു ചൊല്ലുമാറാകുന്നു. എന്നാൽ ഈ തലവൻ അനന്തരപ്പാടല്ലാതെ കഴലപ്പാടത്രെ ആകുന്നതിനെക്കൊണ്ടു മുമ്മൂന്നു ആണ്ടു കൂടുമ്പൊൾ വിചാരകാററു എല്ലാവരുംകൂടി ദൊജെ എന്ന ഈ തലവനെ മാറിമാറി കല്പിക്കുമാറാകുന്നു. വിശെഷിച്ചും ഒരൂഴം തലവനായ ആൾ ആ മഹായൊഗവാഴ്ചയുടെ സമ്പത്തും കാര്യവും വീര്യവും ഒക്കെ അറിഞ്ഞിരിക്കുന്നതിനെക്കൊണ്ടു പിന്നെ ഒരിക്കലും ആ നഗരിക്കു പുറത്തു പൊയിക്കൂടാ. പിന്നെയൊ തന്റെ ആയുസിന്റെ കാലമൊക്കയും ആയതിന്നകത്തു പാൎത്തെ മതിയാവു. വിശെഷിച്ചും മെൽപറഞ്ഞവണ്ണം നഗരിക്കത്രെ വലിപ്പം ഇല്ലെങ്കിലും അവിടെ ഉള്ള തുറമുഖം കച്ചവടത്തിന്നു വളരെ തുറസും തരവും ഉള്ള ഇടം ആകകൊണ്ടും കച്ചവടനീതി വെണ്ടുംവണ്ണം കാക്കുന്നതിനെക്കൊണ്ടും ഏകദെശം ഇത്തല്യാ രാജ്യമൊക്കയിൽനിന്നും പറങ്കിരാജ്യത്തുനിന്നും മററും പല പല കച്ചവടക്കാററു അവിടെക്കു വരുന്നതിനാലെ മഹായൊഗവാഴ്ചക്കു ആണ്ടുതൊറും പാരം സമ്പത്തു ചുങ്കം എടുക്കുന്നവഴിക്കു വരുന്നതിനാൽ മഹായൊഗം വാഴ്ചക്കു മഹാസമ്പത്തുണ്ടാക്കിയിരിക്കുന്നതുമൊഴിയെ സാമർത്ഥ്യമുള്ള പല പല കച്ചവടക്കാററു ധനപതികൾ നഗരിയിൽ ഉണ്ടായിരിക്കയും ചെയ്യുന്നു.



അപ്പൊഴൊ മെൽപറഞ്ഞവണ്ണം ഈ നഗരിയിൽ ഞങ്ങൾ വന്നതിന്റെ ശെഷം അവിടെയുള്ള കാററു പിടിക്കായ്കകൊണ്ടും വഴിക്കുണ്ടായ അത്തൽകൊണ്ടും ഈ നാട്ടിലുള്ള കുളിരുകൊണ്ടും ഞങ്ങൾ ചെന്നനെരം വർഷകാലമാകകൊണ്ടും മല്പാനു വാതം എത്രയും കടുത്തു എഴുന്നെല്പാൻ വഹിയാത്തതിനാലെ കട്ടിന്മെൽ കിടപ്പായി. അതിന്റെശെഷം അവിടെ ഉള്ള വൈദ്യന്മാരിൽ ചിലരെ വിളിച്ചു ആയതിന്നുള്ള ഔഷധം കൈക്കൊള്ളുകയും ഇങ്ങനെ രണ്ടുനാലു ദിവസം കഴിഞ്ഞാറെ വെണ്ടുംവണ്ണം ശമനം വരികയും ചെയ്തു.

ഇതിന്റെ ശെഷം റൊമായിക്കു പൊകുവാനുള്ളതിന്നു കപ്പൽ കാണായ്കകൊണ്ടു പിന്നെയും അവിടെതന്നെ പാർത്തു വരുന്ന മദ്ധ്യെ നമ്മുടെ മലങ്കരെ മാർഗ്ഗമറിയിപ്പാൻ വന്ന യൊഹന്നാൻ അദ്രെയാ എന്നു ചൊല്ലുന്ന ജെനവാക്കാരനായ വൈദ്യക്കാരൻപാതിരി ഞങ്ങൾ അവിടെക്കു ചെന്നിട്ടുള്ള പ്രകാരം കെട്ടാറെ ഞങ്ങൾ പാക്കുന്ന വീട്ടിൽ വന്ന ഞങ്ങളെ കണ്ടു ഞങ്ങൾ വന്ന കാര്യം എന്തെന്നും മററു വഴിക്കുണ്ടായ അവസ്ഥകളും മററു പല വസ്തുക്കളും ചൊദിച്ചതിന്റെ ശെഷം യൊഹന്നാൻ ദെ സന്തമർഗറീത്താ എന്ന പാതിരി വികാരി അപ്പൊസ്തൊലിക്കാ ആയ പ്രകാരവും ഞങ്ങളൊടു പറഞ്ഞു. അയാൾ മിലാനെന്ന തന്റെ നാട്ടിൽ ഞങ്ങൾ ജെനവായിൽ വന്നപ്രകാരം കെട്ടാറെ ഞങ്ങൾക്കു എഴുതി അയച്ച കുറിയും ഞങ്ങളുടെ പററിൽ തരികയും ചെയ്തു.

www.malankaralibrary.com

# നാലപത്തിയൊന്നാംപദം

**യൊഹന്നാൻ ദെസന്ത മർഗറീത്താ എന്ന പാതിരി റൊമായിക്കു ചെന്ന വികാരി അപ്പസ്തൊലിക്കാ ആയ പ്രകാരത്തിന്മെൽ**

അപ്പൊഴൊ ഈ പുസ്തകത്തിന്റെ ഒമ്പതാംപദത്തിൽ ചൊല്ലിയപൊലെ യൊഹന്നാൻ ദെസന്ത മർഗറീത്ത എന്ന ചെരിപ്പില്ലാത്ത കർമ്മലീത്താക്കാരൻ പാതിരി മലങ്കര ഇടവകയിലുള്ള ഞാറയ്ക്കൽപള്ളിക്കൽ നിന്നു നമ്മുടെ മലങ്കരപള്ളിക്കാറരുടെ മനസ്സൊടു മറുത്ത രണ്ടു വാലിഭക്കാറരെയും കൂട്ടിക്കൊണ്ടു റൊമായിക്കു ചെന്നാറെ മുമ്പിൽതന്നെ അവിടെയുള്ള തന്റെ ദർശനത്തിന്റെ ആശ്രമത്തിൽ വസിച്ചുംകൊണ്ടു പ്രൊപ്പഗാന്താ എന്ന സമൂഹത്തിന്റെ തലവനാകുന്ന കസ്തെല്ലി എന്നു ചൊല്ലപ്പെട്ട കർദിനാളിന്റെയും അവിടത്തെ മന്ത്രിയാകുന്ന എസ്തപ്പാനൊസ ബൊർജ്യാ എന്ന മുൻസിഞ്ഞൊറിന്റെയും പക്ഷെയും മറ്റു പല വീര്യവും മതിപൊരികയും ഉള്ള കർദിനാളന്മാരുടെയും എജമാനന്മാരുടെയും പക്ഷെയും ഈ വാലിഭക്കാറരെയുംകൂടെ കൊണ്ടുചെന്നു കാട്ടി മലങ്കര ഇടവകയിൽ ഉള്ള ജനങ്ങളുടെ രക്ഷക്കുവെണ്ടി വളരെവളരെ പാടുപെട്ടു എന്നും വരാപ്പുഴെ മാർ ഫ്ലൊരെൻസിയൊസ എന്ന മെത്രാൻ കാലം ചെയ്തൊറെയും സല്ലെസമെത്രാൻ വന്നതിന്റെ ശെഷവും മലങ്കരെപള്ളിക്കാറരും പാതിരിമാരുമായിട്ടു ഏറിയ അയർച്ചയും കുഴപ്പവും ഉണ്ടായാറെ ആയതൊക്കയും തന്റെ പതവും ചിതവും ബുദ്ധികൌശലവും കൊണ്ടു ഒക്കയും നിരപ്പുവരുത്തി മാർപാപ്പായുടെയും പ്രൊപ്പഗാന്തയുടെയും കല്പനക്കു തക്കവണ്ണം സല്ലെസ മെത്രാന്റെ മനസ്സൊടു മറുത്തു ഈ രണ്ടു വാലിഭക്കാറരെയും കൊണ്ടു റൊമായ്ക്കു വന്നു എന്നും സല്ലെസമെത്രാൻ റൊമായിൽ നിന്നു തനിക്കു ചെല്ലുന്ന കല്പന ഒന്നും സമ്മതിക്കുന്നില്ലാ എന്നു തന്നെയല്ലാ പിന്നയൊ തന്റെ ദുഷ്ടസ്വഭാവവും ആകാത്ത വ്യാപാരവുംകൊണ്ടു മലങ്കരെ ഒക്കയിലും വളരെ ഉതപ്പുണ്ടാക്കുന്നു എന്നും ആയതുകൊണ്ടു വെറെ ഒരു വികാരി അപ്പസ്തൊലിക്കായെ മലങ്കരക്കു അയക്കെണം മതിയാവു എന്നും ഇതും മറ്റും പലതും മെത്രാനൊടു മറുത്തു അവർ എല്ലാവരൊടും പറഞ്ഞാറെ അവർ ആയതൊക്കെയും നെരു ബൊധിച്ചു തന്നെ പാരം ബഹുമാനിച്ചു താൻ കൊണ്ടുചെന്ന വാലിഭക്കാറരെയും പ്രൊപ്പഗാന്താ എന്ന സിമ്നാരിയിൽ കൈക്കൊണ്ടതുമെന്നിയെ യൊഹന്നാൻ പാതിരി പറഞ്ഞപൊലെ പുത്തനായിട്ടു ഒരു വികാരി അപ്പസ്തൊലിക്കായെ മലയാളത്തിന്നു അയക്കെ മതിയാവുവെന്നും വച്ചു ആയതിന്നിടയിൽ സല്ലെസ മെത്രാൻ തന്റെ ക്രമക്കെടുകൊണ്ടു മലങ്കരെ വരുന്ന ഉതപ്പു തീർക്കുവാനുള്ളതിന്നു പൊംവഴിയായിട്ടു ബൊംബായിൽ വികാരിഅപ്പസ്തൊലിക്കാ ആയിരുന്ന മാർ കാറൊസലൊസ എന്ന മെത്രാന്നു താൻ താമസംകൂടാതെ മലങ്കരെ ചെന്നു വസിച്ചുംകൊണ്ടു സല്ലെസമെത്രാനെ അവിടെനിന്നു നീക്കി ബൊംബായിക്കു അയക്കണമെന്നു സാധനം എഴുതി അയക്കയും ചെയ്തു.



ഇങ്ങനെ യൊഹന്നാൻപാതിരി തന്റെ വല്ലഭംകൊണ്ടും ഉപായംകൊണ്ടും തന്റെ ആഗ്രഹവും മനസ്സുംപൊലെ ഇത്രൊളം സാധിച്ചതിന്റെശെഷം പ്രൊപ്പഗാന്ദാടെ മന്ത്രിയാകുന്ന എസ്തപ്പാനൊസബൊർജ്യായൊടും റൊമായിൽ ഉള്ള തന്റെ ദർശനത്തിന്റെ മൂപ്പനൊടും മറ്റു അവിടെ തനിക്കുണ്ടായിരുന്ന മതിപൊരികയുള്ള സ്നെഹിതരൊടും കൂടി പുത്തനായിട്ടു വികാരി അപ്പസ്തൊലിക്കാ ആയിട്ടു കഴലപ്പെടുന്ന ആൾ താന്തന്നെ ആയിരിപ്പാനുള്ളതിന്നു വെണ്ടുന്ന ഉപദെശമൊക്കയും ഒപ്പിച്ചതിന്റെ ശെഷം പാതിരി അവിടെ നിന്നു വാങ്ങി മിലാനെന്ന തന്റെ നാട്ടിൽ ചെന്നു അവിടെ വസിക്കയും ചെയ്തു.

ഇതിന്റെ ശെഷം മുൻസിഞ്ഞൊർ എസ്തപ്പാനൊസ ബൊർജ്യായും മറ്റു റൊമായിലുള്ള തന്റെ സ്നെഹിതരും മെൽചൊല്ലിയ പ്രൊപ്പഗാന്ദാടെ എജമാനൻ കർദിനാൾ കസ്തെലിയൊടും മറ്റു ഇക്കാര്യത്തിന്നു ബന്ധിക്കുന്ന ആളുകളൊടും പറഞ്ഞ യൊഹന്നാൻപാതിരി മലങ്കരെ ഇടവകയിലെ പെച്ചറിഞ്ഞിരിക്കയും ജനങ്ങളുമായി അറിവും സ്നെഹവും ഉണ്ടായിരിക്കയും ചെയ്യുന്നതൊഴിയെ അവിടെ ഏറിയ പിണക്കങ്ങളും കുഴപ്പകളും ഉണ്ടായാറെ ആയതൊക്കയും തന്റെ വശവും ഉപായവുംകൊണ്ടു ഒതുക്കം വരുത്തിയ ആളാകകൊണ്ടു പുത്തനായിട്ടു മലങ്കരക്കു വികാരി അപ്പസ്തൊലിക്കാ ആയിട്ടു അയപ്പാൻ അയാളെത്തന്നെ കൊള്ളാമെന്നും ആയതല്ലാതെ അത്ര വകതിരിവും പരിചയവും ഉള്ള ആളിനെ കണ്ടെത്തുവാൻ വിഷമമെന്നും ഇങ്ങനെ പല ബൊധങ്ങളാലും ബൊധിപ്പിച്ചാറെ ആയതു അങ്ങനെതന്നെ എന്നു നിശ്ചയിച്ചു മിലാനെന്ന നാട്ടിൽ വസിച്ചിരിക്കുന്ന യൊഹന്നാൻ പാതിരിക്കു മെൽപറഞ്ഞ എജമാനനാകുന്ന കർദിനാൾ കുറിയും എഴുതി അയച്ചു പാതിരിയെ റൊമായിൽ വരുത്തി മലങ്കരെക്കു വികാരി അപ്പസ്തൊലിക്കാ ആയിട്ടു പൊകുവാൻ താൻതന്നെ വെണമെന്നും അല്ലാതെ അതിന്നു തക്ക ആൾ ഇല്ലെന്നും കർദിനാൾ തന്നൊടു പറഞ്ഞാറെ പാതിരി കർദിനാളിന്റെ മുമ്പാകെ എളിമയുടെ സാദൃശ്യം കാട്ടുവാനായിട്ടു ഇത്ര വലിയ സ്ഥാനം കൈക്കൊള്ളുവാൻ തനിക്കു യൊഗ്യമില്ലെന്നും ആയതു കൈക്കൊണ്ടെ മതിയാവു എന്നു കർദിനാളും ആയതിന്നു തനിക്കു യൊഗ്യമില്ലെന്നു പിന്നയും പാതിരിയും കൈക്കൊണ്ടെ മതിയാവു എന്നു കർദിനാളും ഇങ്ങനെ സൊല്ലൻ നാൾ വിവദിച്ചിരുന്നതിന്റെ ശെഷം എടക്കാരും നടുക്കാരും ഉണ്ടായി ഒരുവ

www.malankaralibrary.com

ണ്ണും ബലത്താലെ എന്നപൊലെ ഈ സ്ഥാനം താൻതന്നെ കൈക്കൊള്ളത്തക്കവണ്ണും സമ്മതിക്കയും ചെയ്തു.

### വിചാരം

ഈ മെൽപറഞ്ഞ കാര്യം കെംക്കുന്നവർക്ക എന്തു തൊന്നുന്നു. യൊഹന്നാൻപാതിരി മലങ്കരെ മാർഗ്ഗമറിയിച്ച പ്രകാരം എങ്ങനെ എന്നു നമുക്കെല്ലാവർക്കും സൂക്ഷമുണ്ടല്ലൊ. അതെന്തെന്നാൽ അയാൾ ഒരു പള്ളിയിൽ ഒരു ദിവസമെങ്കിലും പൊതുവ പടാർത്ത പറകതാൻ ഒന്നിന്റെ അർത്ഥം പഠിപ്പിക്കതാൻ നമ്മുടെ മലങ്കരെ ഇടവകയിൽ ഉള്ളതിൽ ആരാനും കെട്ടിട്ടുണ്ടെങ്കിൽ കൊള്ളായിരുന്നു. വിശെഷിച്ചും മലങ്കരെ ഇടവകയിലുള്ള കലക്കമൊക്കയും തന്റെ ഉപായവും പതപാകവുംകൊണ്ടു ശമനം വരുത്തിയതിന്റെ പരമാർത്ഥം എങ്ങനെ എന്നറിയണമെങ്കിൽ റ്റൈപ്പാരെൻസിയൊസ മെത്രാൻ കാലം ചെയ്തതിന്റെ ശെഷം മലങ്കരെ ഇടവകയിൽ വികാരിഅപ്പസ്തൊലിക്കായുടെ ഇടവക ഭരിപ്പാൻ യൊഹന്നാൻപാതിരി കണ്ടതിനാൽ തന്റെ അവിവെകവും മലങ്കരക്കാററുടെ മെലുള്ള നന്ദിയുംകൊണ്ടു പള്ളിക്കാററും പാതിരിമാരുമായിട്ടു പിണക്കവും അയർപ്പും ഉണ്ടായപ്രകാരവും സല്പെസമെത്രാൻ വന്നതിന്റെ ശെഷം പാതിരിമാരും മെത്രാനുമായിട്ടുണ്ടായ അയർച്ചയുടെ അടിസ്ഥാനക്കല്ലു താനല്ലാതെ മററാരും അല്ലെന്നുള്ളതും വിചാരിച്ചുകണ്ടാൽ വെണ്ടുംവണ്ണും അറിയാം. ഇതുമെന്യെ തനിക്ക വികാരിഅപ്പസ്തൊലിക്കാടെ സ്ഥാനം കൈക്കൊള്ളവാൻ യൊഗ്യമില്ലെന്നുപലയൂഴവും കർദിനാളിന്റെ മുൻപാകെ കാട്ടിയ എളിമ ഏതു പ്രകാരമുള്ള എളിമയാകുന്നു. പട്ടാങ്ങയായ എളിമയാകുന്നൊ ചെന്നാടെ ഹൃദയത്തൊടുകൂടെ കൂടിയ കുഞ്ഞാടിന്റെ കുപ്പായമത്രെ ആകുന്നൊ എന്നു തിരിച്ചറിയണമെങ്കിൽ മെൽപറഞ്ഞ യൊഹന്നാൻപാതിരി മലങ്കരെ നില്ക്കുന്ന നാൾ താൻതന്നെ ഇനി വികാരി അപ്പസ്തൊലിക്കാ ആകുമെന്നും തന്റെ സ്നെഹിതന്മാരൊടു പലയൂഴവും അവിടെ പറഞ്ഞതും ഈ ആഗ്രഹം ഹെതുവാൽ സല്പെസമെത്രാനും പാതിരിമാരുമായിട്ടു കുഴപ്പമുണ്ടാക്കിയതും ആയതു ഹെതുവാൽ പള്ളിക്കാററു എല്ലാവരും ആലങ്ങാട്ടു കൂടി യൊഹന്നാൻപാതിരിയും ശെഷം അയാളൊടുകൂടെ കൂടിയ പാതിരിമാരും മലങ്കരെ ഇടവകയിൽ കടന്നുകൂടാ എന്നു പടിയൊലയും എഴുതി വിരവധിച്ചതു ഒക്കയും അല്ലാതെ റൊമായിക്ക ചെന്നതിന്റെ ശെഷവും പ്രൊപ്പഗാന്താടെ മന്ത്രിയാകുന്ന മൂൻസിഞ്ഞൊർ ബൊർജ്യായൊടും മററു തന്റെ സ്നെഹിതന്മാരൊടും രഹസ്യമായി ശ്രമിച്ച പ്രകാരവും ഓത്തു വിചാരിച്ചാൽ എല്ലാവർക്കും അറികയുമാം. അപ്പൊഴൊ ഈ ഉണ്ടായ അവസ്ഥയൊക്കയും സൂക്ഷിച്ചാൽ ഏതു പ്രകാരത്തിൽ നമ്മുടെ മലങ്കരെ പാതിരിമാരു കാട്ടുന്നു എന്നും

www.malankaralibrary.com

ഏതുപ്രകാരത്തിൽ റൊമായിൽ ചെന്നു പറഞ്ഞുകൊംപ്പിക്കുന്നു
എന്നും എല്ലാവർക്കും അറികയുമാം.

മെൽ പറഞ്ഞവണ്ണം യൊഹന്നാൻ പാതിരി ബലത്താലെ
എന്നപൊലെ വികാരി അപ്പസ്തൊലിക്കാടെ സ്ഥാനം കൈ
ക്കൊള്ളത്തക്കവണ്ണം സമ്മതിച്ചശെഷം ഉടൻതന്നെ കർദിനാളും
മൻസിഞ്ഞൊർ ബൊർജ്യായും ഈ അവസ്ഥ ഒക്കയും മാർപാ
പ്പയെ ബൊധിപ്പിച്ചു മലങ്കരെ ഇടവകയിൽ വികാരി അപ്പ
സ്തൊലിക്കാ ആകുവാനുള്ളതിന്നു വെണ്ടുന്ന പിടിപാടു സാധ
നവും വാങ്ങി പാതിരിക്കു കൊടുത്തതിൻെറ ശെഷം ഒട്ടും താമ
സിയാതെ പാതിരി മലങ്കരക്കു യാത്രയാകുവാനുള്ളതിന്നു വെ
ണ്ടുന്ന വസ്തുക്കളും വട്ടംകൂട്ടുവാനായിട്ടു വീണ്ടും തൻെറ നാടാകുന്ന
മിലാനെന്ന നാട്ടിൽ ചെന്നു അവിടെ പാർത്തുവരുന്ന നാളുക
ളിൽ ഞങ്ങൾ ജെനവായിൽ ചെന്നിട്ടുള്ളപ്രകാരം കെട്ടാറെ ഞങ്ങ
ളെയുംകൂടെ തൻെറ പാട്ടിലാക്കി തൻെറ കഴലപ്പാടു ഉറപ്പിപ്പാനും
മലങ്കരെ ഉള്ള കാര്യവും ഞങ്ങളുടെ മററു കാര്യങ്ങളും അറിവാനു
മായിട്ടും എത്രയും സ്നെഹത്തൊടും ആചാരത്തൊടുംകൂടെ ലത്തീൻ
വാക്കിൽ ഒരു കുറി എഴുതി ഞങ്ങടെ പക്കൽ യാത്രയാക്കിയാറെ
മെൽപറഞ്ഞ വൈദ്യക്കാരൻ പാതിരി ഈ കുറി കൊണ്ടുവന്നു
ഞങ്ങടെ പക്കൽ തരികയും ചെയ്തു.

## നാല്പത്തിരണ്ടാംപാദം

യൊഹന്നാൻ പാതിരി ഞങ്ങൾക്കു എഴുതിയ കുറിയുടെ പെർപ്പു

Admodum Reverende Pater, amice carissime,

Pergratum mihi quam quod maxime relatum fu-
it nuntium Reverentiam Vestram sanum incolumem-
que una cum dilectissimo nostro sacerdote Thoma ac
duobus juvenibus Lysbonam advenisse eo animo Ro-
mam petendi missionis Malabaricae ac Christianor-
um negotia pertractanda quod mihi primum in causa
fuit. Deo optimo maximo iteratas gratias reddendi ac
sincere animi mei gratulationis argumenta Reveren-
tiae Vestrae exhibendi ac demum ex toto corde feli-
cem fortunatumque negotiorum exitum peroptandi
ad propterea hanc nactus occasionem epistolam hanc
qualemcunque meam tibi conscribendi pae animo ha-
bens adventus tui ad civitatem lan venssem expect-
are notitiam censui ut securius ad manus tuas epist-

www.malankaralibrary.com

ola haec mea perveniet gratulor imprimis Deo impenso longissimo itinere quod miseriis angustiisque refertum fuisse haud dubio cum in navibus Lusitanicis non tam se bene habent qui longum ad Europam iter pergunt summis animi mei votis exopto ut quantocius Romam iter teneas ad negotia signa sunt expedienda ut si saperis placebit una tecum denuo ad Indias revertere mihi datum sit ac denique ut omnia tibi in votis cedant ita ut Malabarensium Christianorum tranquillitatem pacemque ac Religionis nostrae incrementa adaugeas. Favente Deo omnia ad vota tua propitia fore spero peracto longo itinere optima semper valetudine Romam et ego quoque anno 1777 mense Maio una cum duobus pueris adveni ac nostrae missionis statum vicissitudinemque. Equa qua par est prudentia pluries exposui ut officii mei ac missionis procuratoris moremgerentem rationabilia omnia spe celsissimi patres perintelligentes perutilia nimis ac in missionis nostrae bonum cadentia summa qua praediti sunt probitate decreverant. At nescio quo fato res ad longum protractae sunt ita ut in dies nova dubia ac difficultates exortae sunt ad decretorum ab ipsis factorum plenam executionem qua retardatio fortasse in causa fuit ut non levia adhuc in missione Malabarica excitarentur dissidia quae caetum Christianorum Malabarensium promoverunt ad novas supplicationes Roman mittendas, illud unum supererat ut ad missionem pacifice habendam revocarentur tam vicarius apostolicus quam Peter Clemens a Jesu et quoque decreverant eminentissimi patres verbo habito cum summo Pontifice.

At quia vicarius apostolicus magni Mogoli renuit demandatam illi commissionem executioni mandare ea fretus ratione quod timeret ne vicarius apostolicus Malabarensis in praecipitium quod minabatur cadere, idcirco res eo lngius protractae sunt ut ultra in eam sententiam adveniat ineptam personam meam millibus vicibus reluctantem in episcopum Claudiopolitam in vicarii apostolici Malabarensis succe-

www.malankaralibrary.com

essorem deligerent ut quantocius ad demandatam provinciam devenirem.

At inurgente bello Gallorum ac Anglorum usquemodum detentus sum ac per naves Lusitanas quae primo Indias petent iter suscipere in animo habeo. Haec sunt quae tibi referre summatim censeo ne epistola haec mea in longum nimis protrahatur. Exoptarem summopere missionis nostrae praesentem statum scire ac quomodo res se habeant post discessum meum utrum omnes bene se habeant ac tranquilla omnia sint, utrum Vicarius Apostolicus adhuc reluct et ac resistat patribus omnia denique quae ad missionis nostrae tam Christianorum ac ecclesiarum presentem statum pertineat spero Reverentiam Vestram equi bonique desiderium meum habiturum fore ac me hisce omnibus quantocius certiorem facturum cum Occasio commoda tibi occurerit. Utinam antequam Romam petas Mediolanum adventares ut longa conversatione res omnes solvam. At spes mihi adhaeret non post paucos menses te esse visurum quod talis animi mei desideriis exopto. Rogo ne epistolae multiplicentur ut dilectissimo Thomae sacerdoti gratulationis meae non infirma argumenta exhibeas ac sinceri animi mei ac amoris testimonia ostendas. Reliquum est ut Romam veneris demandatorum tibi negotiorum exitum mihi communicares haud dedignaris. Si fortasse habes epsitolas mihi remittendas illas in manus patris Joannis Andreae qui epistolam hanc meam tibi condignabit tradere haud detractis. Interea personae tuae ac dilectissimo sacerdoti Thomae notitias expectaret summa affectione ambos amplectens toto veneratione sum ad mandata tua paratissimus.

Reverentiae Vestrae

Indignus ac obedientissimus famulus
T. Joannes a S Margarita
Carmelita discalceatus Episcopus electus
Claudiopolitanus

4 Septembris 1779
Mediolani

www.malankaralibrary.com

## ഈ കുറിയുടെ പട്ടാങ്ങയായ പെർപ്പു

എത്രയും ബഹുമാനപ്പെട്ട പാതിരിയും ഉപവിയാകപ്പെട്ട ചെങ്ങാതിയുമെ. മലങ്കരെ ഇടവകയിലുള്ള മാർഗ്ഗമറിയിപ്പിൻെറയും നസ്രാണികളുടെയും കാര്യങ്ങളെപ്രതി റൊമായിക്ക പൊകുവാനായിട്ട നമ്മുടെ സ്നെഹപ്പെട്ട തൊമ്മൻ കത്തനാരൊടും രണ്ട വാലിഭക്കാററൊടുംകൂടെ ഒരുമിച്ച സ്വസ്ഥതയൊടും ആരൊഗ്യത്തൊടുംകൂടെ ലിസ്ബൊആയിൽ താൻ വന്നപ്രകാരം കെട്ടാറെ നമുക്ക എത്രയും പാരം പ്രസാദമായി. ആയത്തുകൊണ്ട എത്രയും മഹിമയും നന്മയും ആയിരിക്കുന്ന ഉടെതമ്പുരാനൊട വീണ്ടും വീണ്ടും നന്ദി കാട്ടുവാനും എൻെറ മനസിൻെറ പരമാൎത്ഥമായ പ്രസാദം തന്നൊടുംകൂടെ കാട്ടുവാനും കാര്യങ്ങൾ ഒക്കയും വെണ്ടുംവണ്ണം ശുഭമായി തീർന്ന വരുവാൻ എൻെറ ഹൃദയം ഒക്കയുംകൊണ്ട ആഗ്രഹിപ്പാനും ഉള്ളതിന്ന സംഗതി വരികയും ചെയ്തു.

എന്ന വരുമ്പൊൾ തനിക്ക എഴുത്തുവാനുള്ള ഈ സംഗതിക്ക അസാരമായ ഈ എൻെറ കുറി തനിക്ക എഴുത്തുവാൻ ഭാവിച്ചതിനെക്കൊണ്ട തങ്ങൾക്ക ആയത്തു എഴുതി അയച്ചാൽ സംശയം ഒട്ടും കൂടാതെ തൻെറ പററിൽ എത്തുവാനായിട്ട ജെനവാ എന്ന നഗരിക്ക താൻ വന്ന എത്തുന്നതു ഞാൻ പാർത്തിരിക്കയും ചെയ്തു. അപ്പൊഴെ എത്രയും ദീർഘമായ വഴി കഴിച്ചതിന്മെൽ ഇനിക്ക വളരെ സന്തൊഷമാകയും ചെയ്തു.

എന്നാൽ പറങ്കികപ്പലുകളിൽ ഏറൊപ്പക്കുള്ള ഈ ദീർഘമായ വഴി കഴിക്കുന്നവർക്ക അത്രതന്നെ സൌഖ്യമുണ്ടായിരിക്ക മാറില്ലാ. എന്നതിനെക്കൊണ്ട ഈ വഴിയിൽ പാരം അലസിയും സങ്കടവും തനിക്കുണ്ടായതിന്മെൽ ഞാൻ സംശയിക്കുന്നുമില്ലാ. എന്ന വരുമ്പൊൾ തനിക്ക പ്രസാദമാകുന്ന എങ്കിൽ തന്നൊടുകൂടെ ഒരുമിച്ച വീണ്ട ഈന്ദിയായിക്ക പൊകുവാൻ ഇനിക്ക സംഗതികൂടുവാനും മലയാളക്കാററു നസ്രാണികളുടെ അടക്കത്തിന്നും നിരപ്പിന്നും നമ്മുടെ മാർഗ്ഗത്തിൻെറ വർദ്ധനവിന്നും വെണ്ടുന്ന കാര്യങ്ങളൊക്കയും തൻെറ മനസുപൊലെ സാധിപ്പാനും ആയിട്ട ഇനി ഒട്ടും താമസം കൂടാതെ താൻ റൊമായിക്ക ചെന്ന എത്തുവാനത്രെ എൻെറ മനസിൻെറ ആഗ്രഹം ആകുന്നു. ഉടെതമ്പുരാൻെറ മനൊഗുണംകൊണ്ട തൻെറ മനസുപൊലെ കാര്യമൊക്കയും സാധിക്കുമെന്ന ഞാൻ ശരണപ്പെട്ടും ഇരിക്കുന്നു. എന്നാൽ ഞാനും എല്ലായ്പ്പൊഴും നല്ല സ്വസ്ഥതയൊടുംകൂടെ ൧൭൭൭-ാം (1777) ആണ്ടിൽ എടവമാസത്തിൽ രണ്ട വാലിഭക്കാററൊടുംകൂടെ റൊമായിക്ക വന്നെത്തി നമ്മുടെ ഇടവകയുടെ കിടപ്പും പ്രകാരങ്ങളും വെണ്ടുന്ന വിവെകത്തൊടുകൂടെ പലപ്പൊഴും പറഞ്ഞു കെൾപ്പിച്ചും എൻെറ കടം തികപ്പാനായിട്ടും ഇടവകയുടെ അവസ്ഥ അറിയിപ്പാനുള്ളതിന്ന ഞാൻ റൊമായിക്ക ചെന്നതിനെക്കൊണ്ടും എന്നാൽ ഉയരപ്പെട്ട ബാവാന്മാരു കെട്ടാറെ ആയതൊക്കയും കാര്യമെന്ന ബൊധിച്ച നമ്മുടെ ഇടവകയുടെ ഗുണത്തിന്ന എത്രയും ഉപകാരമുള്ള വസ്തുക്കളൊക്കയും അവക്കുള്ള വലിയ ഗുണവധികാരംപൊലെ കുററവുത്ത കല്പിക്കയും ചെയ്തു. എന്നാൽ എന്തുകൊണ്ട കാര്യമൊക്കയും വളരെ താമസമായി. ദിവസംതൊറും പുത്തനായൊരു സംശയങ്ങളും വിഷമങ്ങളും ഉണ്ടായി അവർ നിശ്ചയിച്ച കാര്യങ്ങളൊക്കയും തികച്ചിൽ വരുത്താതെ ഇരിക്കുന്ന എന്ന ഇനിക്കുണ്ടാകുന്നുമില്ലാ. എന്നാൽ മലങ്കരെ ഇടവകയിൽ പുത്തനായിട്ട വളരെ കലക്കങ്ങളുണ്ടാകുന്നതിനാൽ വീണ്ടും പുത്തനായിട്ട അപെക്ഷകൾ അയപ്പാൻ മലങ്കരെ യൊഗം നിശ്ചയിച്ചതിന്നുള്ള കാരണം പക്ഷെ ഈ താമസംതന്നെ ആയിരിപ്പാൻ പൊരും. മലങ്കരെഇടവകയിൽ നിരപ്പ വരുവാൻ ഒരു കാര്യം മാത്രം അതായത്തു വികാരി അപ്പസ്തൊലിക്കായെയും ക്ലെമ്മിസദെയെസു എന്ന പാതിരിയെയും വീണ്ട ഏറൊപ്പക്ക വിളിപ്പാനുള്ള ഇക്കാര്യംമാത്രം ഇനിയും വെണ്ടിയിരുന്നാറെ ആയത്തും ഉയരപ്പെട്ട ബാവാന്മാരു മാർപാപ്പായെ ബൊധിപ്പിച്ചും അങ്ങനെതന്നെ എന്ന നിശ്ചയിക്കയും ചെയ്തു.



എന്നാൽ വലിയ മുഖിൽ [1] എന്ന രാജ്യത്തിൻെറ വികാരി അപ്പസ്തൊലിക്കാ മലങ്കരെ ഇടവകയിലുള്ള വികാരി അപ്പസ്തൊലിക്കായിക്ക പാരം സങ്കടം അനുഭവിക്കുമെന്ന ഭയപ്പെട്ട തന്നൊട കല്പിക്കപ്പെട്ട കാര്യം തികപ്പാൻ കൂട്ടാക്കായ്കകൊണ്ട കാര്യമൊക്കെക്കും വളരെ താമസമായി. ഒടുക്കം യൊഗ്യമില്ലാത്ത ആളായ എന്നെ വീണ്ടുംവീണ്ടും മററു ജാതി അപെക്ഷിച്ചാറെ ആയത്തു സമ്മതിക്കാതെ ക്ലൌദ്യൊപ്പൊലീസു എന്ന ഇടത്തിൻെറ മെത്രാനും മലങ്കരെ ഇടവകയിൽ വികാരി അപ്പസ്തൊലിക്കാടെ അനന്തരവനുമായിട്ട കഴലപ്പെടുത്തി കല്പിക്കയും ചെയ്തു.

എത്രയും നിമിഷം എന്നൊട കല്പിച്ച കാര്യം നിവൃത്തി വരുത്തുവാനായിട്ട പ്രാസെന്മാരും ഇൻഗ്ലെശന്മാരും തമ്മിൽ പട ആകകൊണ്ട ഇത്ര നെരം താമസിച്ചുപൊയത്തും എന്നതുകൊണ്ട മുൻപിൽ ഈന്ദിയായിക്ക പൊകുന്ന പറങ്കികപ്പലൊടുകൂടെ പൊകുവാൻ ഞാൻ ഭാവിച്ചിരിക്കുന്നു. എന്നാൽ എൻെറ കുറി പാരം നീളമായി പൊകാതെ ഇരിപ്പാൻ സംക്ഷെപമായി തന്നൊട പറവാൻ ഞാൻ നിരൂപിച്ച കാര്യങ്ങൾ ഇവയത്രെ ആകുന്നു. നമ്മുടെ ഇടവകയിൽ ഇപ്പൊൾ കഴിഞ്ഞുവരുന്ന അവസ്ഥയും ഞാൻ പൊന്നതിൻെറ ശെഷം കാര്യങ്ങൾ ഒക്കയും എങ്ങനെ ആ

1. ബോംബെ

www.malankaralibrary.com

കുന്നു എന്നും എല്ലാവരും നന്നായിരിക്കുന്നൊ എന്നും കാര്യങ്ങളൊക്കയും നല്ലവണ്ണം നിരപ്പൊടുകൂടെ നടക്കുന്നൊ എന്നും വികാരി അപ്പസ്തൊലിക്കാ ഇത്രനെരവും പാതിരിമാരൊടു മറുത്തു നിൽക്കുന്നൊ എന്നും വിശെഷിച്ചും നമ്മുടെ മാർഗ്ഗമറിയിപ്പിന്റെയും നസ്രാണികളുടെയും പള്ളികളുടെയും നിലക്കു ബന്ധിക്കുന്ന വസ്തുക്കളൊക്കയും അറിവാൻ വളരെ ഞാൻ ആഗ്രഹിച്ചിരിക്കുന്നു എന്നതുകൊണ്ടു ഈ എന്റെ ആഗ്രഹത്തെ തനിക്കു നല്ലവണ്ണം തെളിഞ്ഞു തനിക്കു അവസരമുണ്ടാകുമ്പൊൾ ആയതൊക്കയും വെഗം എന്നെ ബൊധിപ്പിക്കുമെന്നു ഞാൻ ശരണപ്പെട്ടിരിക്കുന്നു. വിശെഷിച്ചും നാം തമ്മിൽ സംസാരിച്ച കാര്യങ്ങളൊക്കയും വെണ്ടുംവണ്ണം അറിവാനായിട്ടു താൻ റൊമായിക്കു പൊകുംമുൻപിൽ മിലാനെന്ന നാട്ടിന്നു വന്നു എങ്കിൽ കൊള്ളായിരുന്നു. എന്നു വരുമ്പൊൾ എന്റെ മനസ്സു ഒക്കയുംകൊണ്ടും ഞാൻ ആഗ്രഹിച്ചിരിക്കുന്നപൊലെ കുറെ മാസത്തിന്നകത്തു തന്നെ കാണുമെന്നു ഞാൻ ശരണപ്പെട്ടിരിക്കുന്നു. എന്നാൽ കുറികൾ വദ്ധിക്കാതെ ഇരിപ്പാനായിട്ടു ഉപവിയാകപ്പെട്ട തൊമ്മൻ കത്തനാരൊടു എന്റെ നന്ദിയുടെ മഹിമപ്പെട്ട അടയാളങ്ങളും എന്റെ ആത്മത്തിന്റെയും സ്നെഹത്തിന്റെയും അടയാളങ്ങളും കാട്ടുവാൻ തന്നൊടു ഞാൻ അപെക്ഷിക്കയും ചെയ്യുന്നു. വീണ്ടും റൊമായിക്കു താൻ ചെല്ലുമ്പൊൾ തന്നൊടു കല്പിക്കുന്ന കാര്യങ്ങൾ എന്നെക്കൂടെ ബൊധിപ്പിപ്പാൻ ഉപെക്ഷ ഉണ്ടാകയും അരുതു. വിശെഷിച്ചും ഇനിക്കു കൊടുത്തയപ്പാൻ കുറികൾ ഏതാനും തന്റെ പറ്റിൽ ഉണ്ടെങ്കിൽ ഈ കുറി തനിക്കു കൊണ്ടുവന്നു തരുന്ന യൊഹന്നാൻ അദ്രിയാപാതിരിയുടെ പറ്റിൽ കൊടുപ്പാൻ മടിക്കയും അരുതു. അങ്ങെയുടെയും സ്നെഹപ്പെട്ട തൊമ്മൻകത്തനാരുടെയും വൎത്തമാനങ്ങളെ വലിയ ശ്രദ്ധയൊടുകൂടെ ആഗ്രഹിച്ചുകൊണ്ടും വലിയ ആചാരത്തൊടുകൂടെ ഇരുവരെയും പിടിച്ചുതഴുകിക്കൊണ്ടും കല്പനകൾ ഒക്കക്കും ഞാൻ ആസ്തമായിരിക്കുന്നു. തന്റെ ബഹുമാനത്തിന്റെ യൊഗ്യമില്ലാത്തവനും ചൊല്ലുവിളി ഉള്ളവനും ആയ അടിയാൻ യൊഹന്നാൻ ദെസന്ത മർഗറീത്താ എന്ന ചെരിപ്പില്ലാത്ത കർമ്മലീത്താക്കാരൻ പാതിരി ക്ലൌദ്യൊപൊലീസു എന്ന നാട്ടിന്റെ കഴലപ്പെട്ട മെത്രാൻ ൧൭൭൯-ാം (1779) ആണ്ടിൽ കന്നിമാസം ൪-ാം നു- (4) മിലാനിൽനിന്നു എഴുതിയതു.

ഇങ്ങനെ ഈ കുറി മെൽപറഞ്ഞവണ്ണം യൊഹന്നാൻ അദ്രിയാ എന്ന വൈദ്യക്കാരൻപാതിരി ഞങ്ങടെ പറ്റിൽ കൊണ്ടുവന്നു തന്നാറെ ആയതു വായിച്ചു കണ്ടതിന്റെ ശെഷം യൊഹന്നാൻ പാതിരി ഇത്ര ആചാരമായിട്ടു എഴുതിയതു ഞങ്ങൾ റൊമായിക്കു പൊകുന്ന കാര്യം എന്തെന്നറിവാനായിട്ടത്രെ ആകുന്നു എന്നു കണ്ടതിനെക്കൊണ്ടു ആയതൊന്നും ഒരു രൂപം തിരിക്കാതെ



ചെറുതായിട്ടൊരു കുറി മല്പാൻ എഴുതി ഈ വന്നതിന്നു ഉത്തരമായിട്ടു മിലാനെന്ന നാട്ടിന്നുകൊടുത്തയപ്പാനായിട്ടു ജെനുവായിൽനിന്നു ഞങ്ങൾ പൊകുന്നതിന്നു മുൻപെ ഞങ്ങൾ പാൎത്തിരുന്ന വീട്ടിൽ കൊടുക്കയും ചെയ്തു.

## നാൽപത്തിമൂന്നാംപദം

**ജെനുവായിൽനിന്നു ഞങ്ങൾ യാത്ര പുറപ്പെട്ടതിന്മെലും അവിടെനിന്നു പുറപ്പെട്ടാറെ ഉണ്ടായ അവസ്ഥമെലും**

ജെനുവായിൽ ഞങ്ങൾ ചെന്നാറെ ഉണ്ടായ കാര്യങ്ങളുടെയും യൊഹന്നാൻ പാതിരിയുടെ കുറിയുടെയും അവസ്ഥ ഒക്കയും പറഞ്ഞതിന്റെ ശെഷം അവിടെനിന്നും പുറപ്പെട്ടതിന്മെലും പുറപ്പെട്ടാറെ ഉണ്ടായ അവസ്ഥമെലും പറവാൻ വെണ്ടിയിരിക്കുന്നു. അപ്പൊഴെ ജെനുവായിൽ ഞങ്ങൾ ചെന്നതിന്റെ ശെഷം റൊമായിക്കു പൊകുവാനുള്ളതിന്നു കപ്പൽ കാണായ്കകൊണ്ടു ൩൧ (31) ദിവസം അവിടെ പാൎത്തതിന്റെ ശെഷം അന്തൊണി യൊഹന്നാൻ അൽപൊൻസ എന്ന ഒരു പടവുകാരൻ ജെനുവായിൽനിന്നു റൊമായിക്കു ഒരു ദിവസത്തെ വഴി ദൂരെ ഉള്ള ചിവിത്താവെക്ക്യാ എന്ന നഗരിക്കു പൊകുവാൻ യാത്രയായ പ്രകാരം കൊൻസുൾ അറിഞ്ഞതിന്റെ ശെഷം ഞങ്ങളൊടു ആയവസ്ഥ അറിയിച്ചു ഞങ്ങടെ മനസ്സും വാങ്ങി ആയതിൽകൂടെ മെൽ പറഞ്ഞ ചിവിത്താവെക്ക്യാ എന്ന നഗരിയിലൊളം പൊകത്തക്കവണ്ണം പറഞ്ഞു വെസ്ഥ വരുത്തുകയും ചെയ്തു.

ഇതിന്റെ ശെഷം ഞങ്ങൾ ജെനുവായിൽ ഉള്ള ഞങ്ങടെ സ്നെഹിതർ എല്ലാവരൊടും യാത്രയും ചൊല്ലി ഞങ്ങൾക്കുവെണ്ടി ചിലവുചെന്ന വകയുടെ കണക്കും പറഞ്ഞുതീൎത്തു പണവും കൊടുത്തതിന്റെ ശെഷം പടവിൽ കരെറി അവിടെനിന്നു യാത്ര പുറപ്പെട്ടതിന്റെ ശെഷം ജെനുവായിൽനിന്നു മൂന്നു കാതം വഴി ദൂരെ ഉള്ള പൊൎത്തു എന്ന തുറമുഖത്തിന്നു ചെരെ ചെല്ലുന്ന മദ്ധ്യെ എത്രയും കഠിനമായൊരു മറുതലക്കാററു പുറപ്പെട്ടതിനാൽ മുൻപൊട്ടു പൊകുവാൻ വഹിയായ്കകൊണ്ടു കാററിന്നു പതംവരുവൊളം ആ തുറമുഖത്തിൽ കരെറി പാൎക്കതന്നെ എന്നുവച്ചു അവിടെക്കു കടക്കയും ചെയ്തു.

ഇങ്ങനെ അവിടെക്കു ചെന്നതിന്റെ ശെഷം നമ്മുടെ കൂടെ പടവിൽ ഉണ്ടായിരുന്ന രണ്ടു ചെരിപ്പുള്ള കർമ്മലീത്താ പാതിരിമാരു അവിടെയുള്ള തങ്ങളുടെ ദൎശനവീട്ടിൽ പൊയതു ഞങ്ങൾ കണ്ടാറെ പടവു ചെറിയതാകകൊണ്ടു ആയതിൽ പാൎപ്പാൻ പാരം സൌഖ്യക്കെടു ഉണ്ടായിരിക്കകൊണ്ടു കരെ വാച്ച വീട്ടിലും

www.malankaralibrary.com

ഭവനവും മെടിച്ചു അവിടെ പൊയി വസിക്കതന്നെ എന്നും
വച്ചു പടവിന്റെ മുതലാളിയുമായി പറഞ്ഞാറെ ആ ഇടം എ
ത്രയും പാവപ്പെട്ടതായിരിക്കകൊണ്ടും അവിടെ ഉള്ള കുടികളൊ
ക്കയും എത്രയും പാവപ്പെട്ടവരാകകൊണ്ടും ഇടത്തിന്നുതക്കവണ്ണം
പാവപ്പെട്ട ഒരു വീടു ഞങ്ങൾക്ക അവൻ പറഞ്ഞൊപ്പിച്ചതിന്റെ
ശെഷം ഞങ്ങളും പടവിൽനിന്നിറങ്ങി ആ വീട്ടിൽ മൂന്നു ദിവ
സം പാൎത്തതിന്റെ ശെഷം കാററു മാറി വീണെന്നും ഇപ്പൊൾ
പൊകുവാൻ സമയം ഉണ്ടാകുമെന്നും പടവിന്റെ മുതലാളി പറ
കകൊണ്ടു ഞങ്ങൾ വീട്ടിൽനിന്നു പുറപ്പെട്ടു പടവിൽ വന്നപ്പൊൾ
വീണ്ടും മുൻപിലത്തെ മറുതലക്കാററുതന്നെ തിരിച്ചു വീണതി
നാൽ അപ്പൊൾ അവിടെ നിന്നു തിരിപ്പാൻ സംഗതി വന്നില്ലെ
ങ്കിലും വീണ്ടു മെൽപറഞ്ഞ വീട്ടിൽ പൊയി വസിപ്പാൻ ഞ
ങ്ങൾക്ക മനസ്സുണ്ടായതുമില്ലാ. അതെന്തെന്നാൽ അവിടെ ഉള്ള
ജനങ്ങൾ എത്രയും ദാരിദ്രിയപ്പെട്ടവരും ഹൃദയന്യായം ഇല്ലാത്ത
വരും ആകകൊണ്ടു തിന്മാനുള്ള വസ്തുക്കൾ ഒക്കയും പാവമായ
പ്രകാരത്തിൽ തന്നതിന്റെശെഷം ഞായമുള്ളതിൽ ഏററം വില
പറഞ്ഞു പണം ഏററം ഞങ്ങളൊടു പററിയതിനെക്കൊണ്ടു.

അപ്പൊഴൊ ഇങ്ങനെ ഞങ്ങൾ പടവിൽ പാൎത്തിരിക്കു
മ്പൊൾ മെൽ പറഞ്ഞവണ്ണം പാരം പാവപ്പെട്ട ദിക്കു ആക
കൊണ്ടു എറച്ചിയും തിന്മാനുള്ള മററു വസ്തുക്കളിൽ ഏതും കൊള്ള
വാൻ കിട്ടാഞ്ഞതിനാൽ പല ദിവസവും പശുവിൻപാലും അ
പ്പവും പച്ചഫലവുംകൊണ്ടു അഹസ കഴിയെണ്ടിയും വന്നു. എ
ന്നാൽ പാലു കൊള്ളുവാനുള്ളതിന്നു അവിടെ നല്ല വില ഉണ്ടാ
യിരുന്നുതാനും. ഇങ്ങനെ അവിടെ പാൎത്തിരിക്കുമ്പൊൾ നെര
വും തക്കവും ഉണ്ടായിരുന്നതിനെക്കൊണ്ടു ആ ഇടമൊക്കയും നട
ന്നു കണ്ടാറെ നമ്മുടെ മലങ്കരെ ഇടവകയിലുള്ള ജനങ്ങളുടെ മടി
മെലും ഉപെക്ഷമെലും പാരം സങ്കടവും മനക്ലെശവും തൊന്നുകയും
ചെയ്തു.

അതെന്തെന്നാൽ പൊൎത്തുവീനു എന്നു ചൊല്ലുന്ന ഇടം ഒന്നി
നും പിടിയാത്ത കുന്നുകളും പാറക്കല്ലുകൾ നിറഞ്ഞ മലകളും
ആയിരുന്നിട്ടും അവിടെ കുടിയിരിക്കുന്നവരുടെ ശ്രമവും പ്രയത്ന
വുംകൊണ്ടു ആ കല്ലുകളൊക്കയും ഇരിമ്പുപാരക്കൊലുകൾകൊണ്ടു
കുത്തിപൊടിച്ചു സൈത്തുമരങ്ങളും തെങ്ങമരങ്ങളും മധുരനാരക
ങ്ങളും മുന്തിരിങ്ങാകളും മററും വെണ്ടുന്ന വൃക്ഷഫലാദികളും നട്ടു
ണ്ടാക്കി ആയതിനിടയിൽ ഉള്ള നിലമൊക്കയും കുത്തി ഇളക്കി
വളവും ഇട്ടു ആണ്ടുതൊറും കൊതമ്പു വിതക്കുന്നതിനാൽ ഒന്നി
നും കൊള്ളരുതാത്ത അസാരമായ ഈ ഇടത്തിൽ അവിടെ കുടി
യിരിക്കുന്നവരുടെ ദിഷ്ടതിക്കു വെണ്ടുന്ന വസ്തുക്കൾ വിളയുന്നതു
തന്നെയല്ലാ പിന്നെയൊ അവിടെയുള്ളവരുടെ ചിലവുകൾ കഴി



ഞ്ഞു ശെഷിപ്പുള്ള വസ്തുക്കൾ വിൽക്കുന്നതിനാൽ വളരെ വളരെ
ലാഭിക്കയും ചെയ്യുന്നു. എന്നു വരുമ്പൊൾ നമ്മുടെ മലങ്കരെയുള്ള
ജനങ്ങൾക്ക അവർ ചെയ്യുന്നതിൽ നാലൊന്നു പ്രയത്നം ചെയ്
വാൻ മനസുണ്ടായിരുന്നു എങ്കിൽ നമ്മുടെ നാട്ടിലുള്ള പഞ്ഞവും
ഇല്ലായ്കയും തീരുന്നതുമൊഴിയെ ആണ്ടുതൊറും വളരെ വളരെ
ലാഭം ഉണ്ടായി വരികയും ചെയ്യുനെ.

വിശെഷിച്ചും ഈ ഇടത്തിൽ രണ്ടു പള്ളികളുണ്ടു. ആയതിൽ
ഒന്നു മലയുടെ അടിവാരത്തു മൎത്തമറിയം അമ്മെടെ പള്ളി. ഇട
വകപള്ളിയും വികാരി പാതിരിയുടെ ഇരിപ്പിടവും ഈ പള്ളി
ആയിരിക്കയും ചെയ്യുന്നു. മറെറതു ഈ പള്ളിയിൽനിന്നു കുറെ
തെക്കുപടിഞ്ഞാറു നീക്കി കുന്നിന്റെ മുകളിൽ മാർ ഗീവർഗീസ
സഹദായുടെ പള്ളിയും. എന്നു വരുമ്പൊൾ ഞങ്ങൾ ഈ രണ്ടു പ
ള്ളിയിലും പൊയി കുർവാനയും ചൊല്ലി നമ്മുടെ മലങ്കരെ ഇട
വകയുടെ നന്മക്കും ഗുണത്തിന്നും വെണ്ടുന്ന കാൎയ്യങ്ങൾ ഒക്കെക്കും
വെണ്ടി ഉടെതമ്പുരാനൊടു പ്രാൎത്ഥിക്കയും ചെയ്തു. എന്നാൽ ഇ
ങ്ങനെ അവിടെ വസിക്കുന്ന ആളുകളുമായിട്ടു കണ്ടറിവും സ്നെഹ
വും ഇല്ലായ്കകൊണ്ടു യാവനക്കു വെണ്ടുന്ന വസ്തുക്കൾ ഒക്കെ
ക്കും എത്രയും പാരം മനസുമട്ടൊടുംകൂടെ ഞങ്ങൾ ഈ ഇടത്തിൽ
വസിച്ചുവരുന്ന നെരത്തും ഞങ്ങടെ നെരെ ഉടെതമ്പുരാന്റെ പ്ര
ത്യെകമുള്ള മനൊഗുണവും സൂക്ഷവും നഷ്ടമായി പൊയതുമില്ലാ.
അതെന്തെന്നാൽ അവിടെ കുടിയിരിക്കുന്ന തമ്പുരാനെ പെടിയും
കൂടപ്പിറപ്പുകളെ സ്നെഹവും ഉള്ള കയെത്താനൊവെംഗാല്ലൊ എ
ന്നൊരു പാതിരി ഞങ്ങളെ കണ്ടാറെ പാരം സ്നെഹവും ഇണക്ക
വും കാട്ടി എവിടെനിന്നു വരുന്നെന്നും എവിടെക്കു പൊകുന്നു എ
ന്നും മററും പല വസ്തുക്കളും ഞങ്ങളൊടു ചൊദിച്ചറിഞ്ഞതി
ന്റെശെഷം ഞങ്ങളെ തന്റെ വീട്ടിൽ കൊണ്ടുപൊയി ഒന്നിനും
ഒരു മുട്ടുകൂടാതെ വെണ്ടുന്ന വസ്തുക്കളൊക്കയും തന്നു അവിടെ
പാൎപ്പിക്കയും മഹാ വലിയ ബഹുമാനത്തൊടുംകൂടെ തനിക്കുള്ള
പറമ്പുകളും തൊട്ടങ്ങളും ഞങ്ങളെ കൊണ്ടുപൊയി കാട്ടുകയും ചെ
യ്തു. ഇങ്ങനെ എല്ലാവരുംകൂടെ രണ്ടാഴ്ച അവിടെ പാൎത്താറെ
യും കാററു മാറി വീഴായ്കകൊണ്ടും റൊമായിക്കു ചെന്നു എത്തു
വാൻ പിടച്ചിൽ ആകകൊണ്ടും ഒട്ടെറയും ഈ പട്ടക്കാരന്റെ സ്നെ
ഹവും ആചാരവും കാണായ്കകൊണ്ടും വളരെ ദിവസം അയാ
ടെ വീട്ടിൽ പാൎത്ത അയാൾക്ക മുഷിച്ചിൽ വരുത്താതെ ഇരി
പ്പാനും ആയിട്ടു അവിടെനിന്നു വള്ളത്തിൽ കരെറി ലിബെർ
ണ്ണൊ എന്ന നഗരിയൊളും പൊകയെന്നും അവിടെ ചെന്നതി
ന്റെ ശെഷം കരവഴി റൊമായിക്കു തിരിക്കണമെന്നും നിശ്ചയി
ച്ചു മെൽപറഞ്ഞ പട്ടക്കാരനൊടു പറഞ്ഞു നല്ലെടത്തു ഒരു വള്ള
വും എട്ടു തണ്ടുകാരെയുംകൂട്ടി ഒപ്പിച്ചതിന്റെ ശെഷം ഞങ്ങടെ

www.malankaralibrary.com

പടവിന്റെ മുതലാളിയുമായിട്ടും പറഞ്ഞ ഞങ്ങടെ മുണ്ടുമുറികളിൽ ഏതാനും റൊമായിക്ക കൊണ്ടുവരത്തക്കവണ്ണം പടവിൽ തന്നെ വച്ചുംവച്ചു വള്ളംവഴി പുറപ്പെട്ടു. ൧൭൭൯-ാമത്തു (1779) ധനുവമാസം ൨൧ (21) നു-ലെ വാന്തു എന്നൊരു തുറമുഖത്തു വന്നു അവിടെയുള്ള ഒസ്തറിയായിൽ ഭക്ഷണം കഴിവാനായിട്ടു ഇറങ്ങിയാറെ അവിടെയുള്ള ജനങ്ങളിൽ ചിലർ ഞങ്ങളെ അവിടെയുള്ള പള്ളിയിൽ കൂട്ടിക്കൊണ്ടു ചെന്ന എട്ടാമത്തെ ഹെനറിക്കാ എന്ന ചൊല്ലുന്ന ഇൻഗ്ലെഗ്ഗ്രശന്മാരുടെ രാജാവു താൻ ഇടത്തൂട്ടിൽ പൊകുന്നതിന്നു മുമ്പെ മർത്തിനൊസ ലുത്തർ എന്ന ഇടത്തൂട്ടുകാരനൊടു മറുത്ത കൂദാശകളിന്മെൽ എത്രയും ശാസ്ത്രത്തൊടും പട്ടാങ്ങയുടെ കടപ്പാടുകളൊടുംകൂടെ ലത്തീൻ വകഞ്ഞ എഴുതി ഉണ്ടാക്കിയ രണ്ടു പുസ്തകങ്ങളും ഞങ്ങളെ കാട്ടുകയും ചെയ്തു. എന്നാൽ ഈ പുസ്തകങ്ങളും രണ്ടും വലിയ തൊൽകടുദാശിൽ എത്രയും വിശെഷമായ വട്ടെഴുത്തിൽ എഴുതി നല്ലവണ്ണം കുത്തിച്ചു വെള്ളികൊണ്ടു കെട്ടിച്ചു നല്ലവണ്ണം സൂക്ഷിച്ചിരിക്കുന്നതും ഇതുമെന്നിയെ അവിടെയുള്ള ഒരു വീടു പണിക്കാരൻ ഞങ്ങളെ കൊണ്ടുപൊയി താൻ പുത്തനായിട്ടു പണിതുണ്ടാക്കുന്ന ഒരു സിമ്നാരി വീടു ഞങ്ങളെ കാട്ടിയാറെ ആ വീട്ടിന്റെ പണിമെൽ പാരം ആശ്ചര്യപ്പെടുകയും ചെയ്തു അതെന്തെന്നാൽ എത്രയും ചുരുങ്ങിയിരിക്കുന്ന ആ ഇടത്തിൽ പലപല പഠിത്തക്കാറർക്കു പൊറുപ്പാൻ ഭവനങ്ങളും ഗ്രമത്തിക്കായും റെത്തൊറിക്കായും തർക്കശാസ്ത്രവും പിലസൊപ്യായും ദൈവശാസ്ത്രവും ഇങ്ങനെ അഞ്ചുശാസ്ത്രങ്ങളും പഠിപ്പിപ്പാൻ വെറെ വെറെ ശാലകളും മല്പാന്മാർക്കും മൂപ്പന്മാർക്കും വസിപ്പാൻ ഭവനങ്ങളും ഇങ്ങനെ ഒക്കെയും ക്രമത്തൊടുകൂടെ പണി ചെയ്തിരിക്കുന്നതു കണ്ടാൽ എത്രയും മനൊഹരമത്രെ ആകുന്നു.

ഇതിന്റെശെഷം അവിടെനിന്നു പുറപ്പെട്ടു ലെരിച്ചെ എന്ന മറെറാരു ചെറിയ നഗരിയിൽ വന്നു ധനുമാസം ൨൫-ാം (25) നു-നമ്മുടെ കർത്താവിന്റെ പിറവിയുടെ പെരുനാളും കഴിച്ചു അവിടെനിന്നും പുറപ്പെട്ടു ജെനവായിൽ മഹായൊഗവാഴ്ചയുടെ അറുതി കഴിഞ്ഞു. പിറെറ ദിവസം നെരം വെളുത്ത ഏഴുമണി ആയപ്പൊൾ ലിബെർണൊ എന്നു ചൊല്ലുന്ന തുപക്കാനാ എന്ന രാജിതത്തിന്റെ കർത്താവാകുന്ന ഗ്രാംദുക്കാടെ നാടാകുന്ന ലിബെർണ്ണൊയിൽ വരികയും ചെയ്തു. എന്നാൽ ഈ വഴിയിൽ രണ്ടുഴം ഞങ്ങൾ വള്ളത്തിൽനിന്നു ഇറങ്ങിയ ഉടൻ എത്രയും പാരം കഠിനമായ കാററും പെരുശും ഉണ്ടായതു കണ്ടാറെ യൊഗ്യമൊട്ടും ഇല്ലാതെ ഞങ്ങടെ മെൽ പ്രത്യെകമുള്ള ഉടെതമ്പുരാന്റെ കരുണ കണ്ടതിനാൽ ഉടയവനെ സ്തുതിച്ചു കൊണ്ടാടുകയും ചെയ്തു.





# നാല്പത്തിനാലാം പദം

ലിബെർണൊ എന്ന നഗരിയിൽ ചെന്നതിന്റെ ശെഷം ഉണ്ടായ അവസ്ഥമെൽ

എന്നാൽ മല്പാൻ പ്രൊപ്പഗാന്താ എന്ന സിമ്നാരിയിൽ പഠിച്ചിരിക്കുന്ന നാളുകളിൽ തന്നൊടുകൂടെ ഒരുമിച്ചു അവിടെ പഠിച്ചിരുന്ന തന്റെ ചെങ്ങാതിയാകുന്ന പത്രിസിയൊ എസ്തപ്പാനൊപ്പൊളി എന്നു ചൊല്ലുന്ന ഒരു യൌനായക്കാരൻ പട്ടക്കാരൻ ലിബെർണൊയിൽ പാർത്തിരിപ്പുണ്ടായിരുന്നു.

അപ്പൊഴൊ ഞങ്ങൾ ഈ നഗരിയിൽ ചെന്നാറെ അവിടെ ഉള്ള പ്രകാരങ്ങളിൽ ഒന്നിന്നും ഒട്ടും പരിചയം ഇല്ലായ്കകൊണ്ടു അവിടെ ഞങ്ങൾ ചെന്ന ഉടൻ മെൽപറഞ്ഞ പട്ടക്കാരൻ വസിക്കുന്ന വീട്ടിൽ ചെന്നപ്പൊൾ അയാൾ ഇത്രനെരവും തന്റെ കട്ടിന്മെൽനിന്നു എഴുന്നെററതുമില്ലാ. എന്നാൽ ഞങ്ങൾ അവിടെ ചെന്നു അറിയിപ്പു കൊടുത്ത ഉടൻ ഇനി ഒരുനാളും കാൺമാനുള്ള ശരണം കൂടാതെ ഇരുന്നാറെ ഒട്ടും നിനച്ചിരിയാത്ത പക്ഷത്തിൽ മല്പാൻ അവിടെക്കു ചെന്നതു കെട്ടാറെ പാരം അശക്യപ്പെട്ടു. ഉടൻതന്നെ ഞങ്ങളെ തന്റെ മുറിക്കകത്തു കടത്തി ഞങ്ങൾ ചെന്നതിന്മെൽ പാരം സന്തൊഷവും പ്രസാദവും കാട്ടിയതിന്റെ ശെഷം ഒട്ടും താമസംകൂടാതെ എഴുന്നെററു കുപ്പായവും ഇട്ടു ഞങ്ങളൊടുകൂടെ പുറപ്പെട്ടു ഞങ്ങടെ വള്ളം നിൽക്കുന്ന ഇടത്തു ചെന്നു അതിലുള്ള ഞങ്ങടെ മുണ്ടുമുറികളൊക്കയും എടുപ്പിച്ചു കൊണ്ടുവന്നു അവിടെയുള്ള ഒരു ഒസ്തറിയായിൽ ആക്കി അവിടെ ഞങ്ങൾ പാർക്കത്തക്കവണ്ണം പറഞ്ഞു ചട്ടം കെട്ടിയതിന്റെ ശെഷം വള്ളവും തണ്ടുകാരെയും കൊടുക്കെണ്ടുന്ന കൂലിയും കൊടുത്തു പിരിക്കയും ചെയ്തു.

എന്നാൽ തുപക്കാനാ എന്ന രാജ്യത്തിന്റെ നാഥനാകുന്ന ഗ്രാംദുക്കാടെ കീഴിലുള്ള ലിബെർണ്ണൊ എന്ന നഗരി നിരപ്പൊത്ത നിലത്തു പണിതിരിക്കുന്നതുമൊഴിയെ നഗരിയുടെ വീടുകൾ നിര ഒപ്പിച്ചു പണിതിരിക്കയും നഗരിയുടെ ഉറുവഴികളുടെ ഇടവഴികൾ രണ്ടു തെരു ഒരുമിച്ചു കടപ്പാൻ തക്കവണ്ണം ഇടയുണ്ടായിരിക്കയും ചെയ്യുന്നതിനാൽ എത്രയും കൺപ്രസാദമുള്ളതായിരിക്കയും ചെയ്യുന്നു. വിശെഷിച്ചും ഈ നഗരിയിലുള്ള വീടുകൾ സാമാന്യം പറഞ്ഞാൽ ജെനവായിൽ എന്ന പൊലെ ഉയർച്ചയുള്ളതല്ലെങ്കിലും കണ്ടാൽ ആശ്ചര്യവും മനൊഹരവും ഉള്ള പല പല ഗൃഹങ്ങൾ ഒപ്പിച്ചിട്ടുണ്ടു. ഇതുമെന്നിയെ അവിടെയുള്ള തുറമുഖം എത്രയും തുറസ്സും കാററുകൂടാതെ കപ്പലുകൾക്കു നില്പാൻ നല്ല ഭവനവും ഉണ്ടായിരിക്കകൊണ്ടും കച്ചവടന്യായം നല്ലവണ്ണം

www.malankaralibrary.com

കാർക്കത്തെക്കതിന്നു വെണ്ടുന്ന മാർഗ്ഗങ്ങളൊക്കയും വെണ്ടുംവണ്ണം കല്പിച്ചിരിക്കകൊണ്ടും പല പല ഇടങ്ങളിൽനിന്നു പല പല ജാതികൾ അവിടെവന്നു കച്ചവടം ചെയ്യുന്നതുമൊഴിയെ ആ നഗരിയിൽതന്നെ അർമ്മന്യാക്കാറരിലും യൗനായക്കാറരിലും യൂദന്മാരിലും പല പല കുടിയാന്മാരു വസിച്ചുവരികയും ചെയ്യുന്നു. വിശെഷിച്ചും അഗതികളുടെയും ആരുമൊരുത്തരില്ലാത്തവരുടെയും സഹായത്തിന്നും ശെഷം മാനുഷസമൂഹത്തിന്റെ ദിഷ്ടതിക്കും വെണ്ടുന്ന മനഗുണപ്രവൃത്തികളുടെ ഇടങ്ങളൊക്കയും ഏറൊപ്പയിൽ മറെറല്ലാടത്തുമുള്ള മര്യാദപൊലെ ഒട്ടും ഒരു കുറവുകൂടാതെ ഒപ്പിച്ചിട്ടുമുണ്ടു. ലിസ്ബൊ ആമെൽ പറഞ്ഞപ്പൊൾ മീതെ ചൊല്ലിയപൊലെ. അപ്പൊഴൊ മെൽപറഞ്ഞപൊലെ ഈ നഗരിയിൽ ചെന്നാറെ പത്രിസിയൊസ പാതിരി ഞങ്ങളെ കൂട്ടിക്കൊണ്ടുപൊയി ഒസ്തറിയായിൽ ഞങ്ങളെ ആക്കിയതിന്റെ ശെഷം പിറെറ ദിവസം ഈയാൾതന്നെ വന്നു കുർവാന ചൊല്ലുവാനായിട്ടു അവിടെയുള്ള അർമെന്യാക്കാറരുടെ പള്ളിയിൽ ഞങ്ങളെ കൂട്ടിക്കൊണ്ടു പൊയാറെ അവിടെയുള്ള രണ്ടു അർമെന്യാക്കാറരു പട്ടക്കാറരു വെണ്ടുംവണ്ണം ഞങ്ങളെ കൈക്കൊണ്ടതിന്റെ ശെഷം അവിടെ ഞങ്ങൾ കുർവാന ചൊല്ലിയപ്പൊൾ മുമ്പിൽ ഒരിക്കലും തങ്ങൾ കണ്ടിട്ടില്ലാത്ത കുർവാന കണ്ടതിനാൽ അവരിൽ പലരും പാരം അപൂർവ്വപ്പെടുകയും ചെയ്തു.

എന്നാൽ ഞങ്ങൾ കുർവാന ചൊല്ലുവാനായിട്ടു അവിടെക്കു ചെന്ന നാൾ പെരുനാൾ ദിവസമാകുന്നതിനെകൊണ്ടു അവരും അവിടെ തപസ്സു കുർവാന ചൊല്ലുന്നതു കണ്ടാറെ ഞങ്ങൾക്കും പാരം അപൂർവ്വം തൊന്നുകയും ചെയ്തു.

ആയതിന്റെ അവസ്ഥ അറിയുന്നതിനാൽ നമ്മുടെ ജനങ്ങൾക്കും പാരം പ്രസാദമായിരിക്കുമെന്നതിനെക്കൊണ്ടു ആയതിന്റെ പ്രകാരം കണ്ടപൊലെ ഇവിടെ എഴുതുകയും ചെയ്യുന്നു. അതായതു കുർവാനക്കു തുടങ്ങുന്നതിന്നു മുമ്പെ അവരിൽ ഒരുത്തൻ സൂർപ്പിലെസുമിട്ടുംകൊണ്ടു പള്ളിയുടെ വലിയ ത്രൊണൊസിന്റെ മുൻപിൽ വന്നു ആയതിന്റെ നടെക്കു താഴെ നിന്നുംകൊണ്ടു പൊക്കമുള്ള ഒരു കാൽവിസ്താന്തിമെൽ പുസ്തകവും വച്ചുകൊണ്ടു ഉറച്ച സ്വരത്തിൽ നമസ്കരിപ്പാൻ തുടങ്ങുകയും ശെഷം അവിടെ ഉള്ള അത്മെനികളിൽ ചിലർ ഏററു ചൊല്ലുകയും നമ്മുടെ ഇടത്തുള്ള കൂടിനമസ്കാരം എത്തിക്കുന്നപൊലെ ഇങ്ങനെ അവർ നമസ്കരിച്ചുതുടങ്ങീട്ടു ഒന്നര മണിനെരം കഴിഞ്ഞപ്പൊൾ കുർവാന ചൊല്ലുന്ന പട്ടക്കാരൻ നമ്മുടെ ഇവിടെ യാക്കൊവായക്കാറരു ബാവാന്മാരു ചെയ്യുന്നപൊലെ വെള്ളകുപ്പായവും കാപ്പയും ഇട്ടു തലയിൽ മെത്രാന്മാരുടെ മുടിപൊലെ ഒരു വട്ടമുടിയും വച്ചു ചമയപുരിയിൽനിന്നു പുറപ്പെട്ടു നമ്മുടെ മര്യാദിപൊലെ



വലിയ ത്രൊണൊസിന്റെ നടമെൽ വന്നു നിന്നു കുർവാനെക്കു തുടങ്ങുകയും ഇങ്ങനെ ത്രൊണൊസിന്മെൽ കരെറിയതിന്റെശെഷം പലയൂഴം ധൂമകുററിയുംകൊണ്ടു ത്രൊണൊസിന്റെ ചുററും നടന്നു പുകക്കയും കെൾക്കുന്നേവർക്കു എത്രയും ഇമ്പവും കർണ്ണരസവും ഉള്ള പ്രകാരത്തിൽ പാടുകയും ചെയ്യുന്നതുമൊഴിയെ ചെങ്ങലപൊലെ ചുററും ചെറുതരം മണികൾ ഉള്ള രണ്ടു താലങ്ങൾ രണ്ടു നീളമുള്ള വടികളിന്മെൽ തൂക്കി ശുദ്ധമാന കുർവാന പൊക്കുന്ന നെരത്തു രണ്ടു പുറത്തും രണ്ടു ആളുകൾ നിന്നുകൊണ്ടു ശുദ്ധമാന ഓസ്തിയുടെ രണ്ടു പുറത്തും ആയതിനൊടു ഒപ്പിച്ചു ഉയർത്തി ആയതിന്മെലുള്ള ചെറിയ മണികൾ കിലുക്കുമാറും ആകുന്നു.

എന്നാൽ പട്ടക്കാരൻ തലയിലിട്ടിരിക്കുന്ന മുടി ശുദ്ധമാന കുർവാന കൂദാശചെയ്തു അടക്കുവൊളും ഉള്ള നെരമെടുത്തതുമില്ലാ.

ഇങ്ങനെ അവരുടെ കുർവാന കഴിഞ്ഞതിന്റെ ശെഷം ഞങ്ങളുടെ ഭവനത്തിന്നു പൊകയും ചെയ്തു. ഇങ്ങനെ രണ്ടു ദിവസം അവിടെ പാർത്തതിന്റെ ശെഷം റൊമായിക്കു പൊകുവാനുള്ളതിന്നു രണ്ടു തെരും അവിടെനിന്നു തിരിക്കയും ചെയ്തു. വിശെഷിച്ചും പ്രത്തുക്കാലിൽനിന്നു ഞങ്ങൾ പൊകുന്നപ്പൊൾ പെരുമാററത്തിന്നു വെണ്ടി രണ്ടുനാലു ദൈത്ത കടുദാശ്ശും ഒന്നുരണ്ടു റാത്തൽ പുകയിലപൊടിയും കൊണ്ടുപൊയിട്ടുണ്ടായിരുന്നു. ആയതു പത്രീസിയൊസ പാതിരി കണ്ടാറെ അയതു അവിടെനിന്നു റൊമായിക്കു കൊണ്ടുപൊകുവാൻ രാജമുടക്കം ഉണ്ടെന്നു പറകകൊണ്ടു ആയതെല്ലാം അയാൾക്കു കൊടുത്തതുമൊഴിയെ ചിന്നപട്ടണത്തുനിന്നു കപ്പൽ കരെറുന്നപ്പൊൾ ഞങ്ങൾ വിലക്കു വാങ്ങി എത്രയും സൂക്ഷിച്ചുകൊണ്ടുപൊരുന്ന ഈഴപിരമ്പുകൾ കണ്ടാറെ ആയതിൽ ഒന്നു അയാൾ കാംക്ഷിച്ചു അപെക്ഷിച്ചതിനാൽ അയാടെ ആഗ്രഹംപൊലെ ആയതും അയാൾക്കു കൊടുക്കയും ചെയ്തു.

ഇങ്ങനെ മെൽപറഞ്ഞ ലിബെർണ്ണൊ എന്ന നഗരിയിൽനിന്നു പുറപ്പെട്ടു പിറെറ ദിവസം കാലത്തു പീസാ എന്ന മറെറാരു നഗരിയിൽ വന്നു. ആ നഗരി ഇരിക്കുന്ന സ്ഥലവും ആയതു പണി ചെയ്തിരിക്കുന്ന പ്രകാരവും കണ്ടാറെ പാരം മനപ്രസാദം തൊന്നുകയും ചെയ്തു. അതെന്തെന്നാൽ നല്ലവണ്ണം നിരപ്പൊത്ത നിലത്തു ഒരു നഗരിയുടെ നടുവെ ഒഴുകുന്ന ഒരാററിന്റെ രണ്ടു പുറത്തും നഗരിയുടെ തെരുവുകൾ പണിചെയ്തു നഗരി പണിതിരിക്കുന്നതും നഗരിയുടെ രണ്ടു പുറത്തുമുള്ള തെരുവുകളുടെ നടുവെ എത്രയും കൌതുകവും മനപ്രസാദവുമുള്ളപ്രകാരത്തിൽ ഒരു ആർ ഒഴുകുന്നതും എന്നെ്യ ശെഷമുള്ള നഗരികൾ ഒക്കയിലുമുള്ളപൊലെ അത്രപിക്കടെത്തതിലും ശരീരത്തിനടുത്തതിലും മാനുഷദിഷ്ടതിക്കു വെണ്ടുന്ന വസ്തുക്കളൊക്കയും കൊള്ളുവാനുണ്ടാ

www.malankaralibrary.com

യിരിക്കുന്നതും ആകുന്നു. എന്നാൽ കടൽ ഈ നഗരിയിൽനിന്നു പതിനെഴ പതിനെട്ടു കാതം വഴി അകലെ ആയിരിക്കുന്നതിനാൽ അവിടെ വരുന്ന കച്ചവട പാടുകൾ ഒക്കയും തൊണിമെൽ കൊണ്ടുവരുമാറുമാകുന്നു.

അപ്പൊഴൊ ഈ നഗരിയിൽ ഞങ്ങൾ ചെന്നതിൻെറ ശെഷം പൊകുന്ന വഴിമദ്ധ്യെ അവിടത്തെ വികാരി ജനറാൾ വസിച്ചിരിക്കകൊണ്ടു ഞങ്ങൾ ആ വീട്ടിൽ കരെറി അദ്ദെഹത്തെ കണ്ടാറെ ആ ദെഹം പാരം പ്രസാദത്തൊടുകൂടെ ഞങ്ങളെ കൈക്കൊണ്ടു നെരം കാലത്തായിരുന്നതിനാൽ ശുക്ലാത്തായും കുടിപ്പാൻ തന്നു കുളിരിന്നുവെണ്ടി തീയും ഒപ്പിച്ചു. എങ്ങീന്നു വരുന്നെന്നും എങ്ങു പൊകുന്നെന്നും ശെഷം കാര്യങ്ങളും ഞങ്ങളൊടു ചൊദിച്ചാറെ ഞങ്ങൾ മലയാളത്തിൽനിന്നു വരുന്നെന്നും എടത്തുരുത്തിൽ നിന്നു ഒരു മെത്രാൻ വലത്തുരുത്തിൽ വഴങ്ങുവാൻ മനസായിരിക്കുന്നതിനെക്കൊണ്ടു ആ കാര്യത്തിനുവെണ്ടി റൊമായിക്കു പൊകുന്നെന്നും ഞങ്ങടെ നാട്ടിലുള്ള മാർഗ്ഗമറിയിക്കുന്ന കർമ്മലെത്താക്കാറരു ഇക്കാര്യത്തിന്നു മറുതലയാകുന്നെന്നും ഇങ്ങനെയുള്ള മററു വസ്തുക്കളും അയാളൊടു പറഞ്ഞാറെ അയാളും മാർഗ്ഗമറിയിപ്പാൻ എന്നും ചൊല്ലി പൊകുന്ന പാതിരിമാരിൽ പലരും പണംതെടി അത്രെ പൊകുന്നെന്നും അവരു പൊകുന്ന ഇടങ്ങളിൽ പിണക്കങ്ങളും കലക്കങ്ങളും ഉണ്ടാക്കുവാനത്രെ അവരുടെ ശ്രമമാകുന്നു എന്നും റൊമായിൽ പ്രൊപ്പഗാന്തായുടെ മന്ത്രിയാകുന്ന എസ്തപ്പാനൊസു ബൊർജ്യാ ആയതിനുള്ള സഹായകാരനും തലവനും ആകുന്നു എന്നതിനെക്കൊണ്ടും നിങ്ങൾ ഈ പൊകുന്ന കാര്യം വെണ്ടുംവണ്ണം സാധിപ്പാൻ പാരം വിഷമം ഇനിക്കു തൊന്നുന്നു എന്നും മററു പലതും ഞങ്ങളൊടു പറഞ്ഞു. കുറെ നാളിന്നിപ്പുറം റൊമായിൽ കഴിഞ്ഞ പല കാര്യങ്ങൾകൊണ്ടു താൻ പറഞ്ഞതു ഉറപ്പു വരുത്തി ബൊധിപ്പിക്കയും ചെയ്തു.

## നാൽപത്തിയഞ്ചാംപദം

പീസാ എന്ന നഗരിയിൽനിന്നു ഞങ്ങൾ പുറപ്പെട്ടാറെ ഉണ്ടായ അവസ്ഥമെൽ

എന്നാൽ പീസാ എന്ന നഗരിയിൽനിന്നു ഞങ്ങൾ പുറപ്പെട്ടതിൻെറ ശെഷം മെൽപറഞ്ഞ. ഗ്രാംദുക്കാടെ വാഴ്ചയിൽതന്നെയുള്ള വിറെൻസാ എന്നും സീയെന്നാ എന്നും നല്ലതും വലിയതുമായ രണ്ടു നഗരികൾ കഴിഞ്ഞതിൻെറ ശെഷം പീസായിൽനിന്നു തിരിച്ചിട്ടു രണ്ടു ദിവസം മുഴവൻ കഴിഞ്ഞു. മൂന്നാംദിവസം നെരം വെളുത്തു എട്ടൊൻപതു മണിയായപ്പൊൾ ബൊ



ത്തെർബൊ എന്ന മാർപാപ്പാടെ രാജ്യത്തിൻെറ അറുതിയിലുള്ള ഒരു നഗരിയിൽ വരികയും ചെയ്തു.

എന്നാൽ ഈ നഗരിയിൽ വന്നതിൻെറ ശെഷം മര്യാദപൊലെ ഭക്ഷണം കഴിവാനായിട്ടു ഒരു ഒസ്തറിയായിൽ കരെറിയപ്പൊൾ അവിടെ നിൽക്കുന്നവരിൽ ഒരുത്തൻ ഞങ്ങടെ പക്കൽ അടുത്തു എവിടെനിന്നു വരുന്നെന്നും എവിടെക്കു പൊകുന്നെന്നും ചൊദിച്ചതിൻെറ ശെഷം ഞങ്ങളൊടു പറഞ്ഞു. നിങ്ങൾക്കു ഇവിടെയുള്ള റൊസപുണ്യവാളത്തിയുടെ ശരീരം കാൺമാൻ മനസുണ്ടൊ എന്നു. എന്നാറെ പുണ്യവാളത്തിയുടെ ശരീരം എവിടെയാകുന്നു ഞങ്ങൾക്കു കാൺമാൻ പാരം ആഗ്രഹം ഉണ്ടെന്നു അവനൊടു പറഞ്ഞാറെ ഉടൻ അവൻ ഞങ്ങളെ ഈ പുണ്യവാളത്തിയുടെ ശരീരമിരിക്കുന്ന ദർശനകാരത്തികളുടെ ആശ്രമത്തിൻെറ പള്ളിയിൽ കൂട്ടിക്കൊണ്ടു പൊയി അവിടെയുള്ള ദർശനക്കാരത്തികളൊടു ഞങ്ങൾ അവിടെ ചെന്നിട്ടുള്ള പ്രകാരവും പുണ്യവാളത്തിയുടെ ശരീരം കാൺമാൻ ഞങ്ങൾക്കു ആഗ്രഹമുള്ള പ്രകാരവും അവരൊടറിയിച്ചതിൻെറ ശെഷം അവരിൽ ഒരുത്തി വന്നു പള്ളിയിലുള്ള വലിയ ത്രൊണൊസിങ്കൽ മുഖമായി നിന്നാൽ വലത്തെ കൈ പുറത്തു മദബഹാടെ തുടക്കത്തിൽ പുറത്തൊട്ടു എത്രയും നല്ലവണ്ണം പണി ചെയ്തു മുമ്പുറത്തു സൊരാലിപ്പുള്ള അഴി ഇട്ടിരിക്കുന്ന ഒരു മുറി തുറന്നു ആയതിൽ ഇരിക്കുന്ന പുണ്യവാളത്തിയുടെ ശുദ്ധമാന ശരീരം ഞങ്ങളെ കാട്ടിയാറെ ആയതിൻെറ മുമ്പാകെ മുട്ടുകുത്തി നമ്മുടെ മലങ്കരെയുള്ള ജനങ്ങളുടെയും പള്ളികളുടെയും ഗുണത്തിന്നുവെണ്ടി നമസ്കരിക്കുന്നപ്പൊൾ ആ പുണ്യവാളത്തിയുടെ ശുദ്ധമാന ശരീരവും വടിവും ദൃഷ്ടിയും നന്നായി സൂക്ഷിച്ചു കാൺകയും ചെയ്തു.

അതായതു ഈവണ്ണം എത്രയും വിശെഷമായിട്ടു പൊൻസൊരാലിച്ചു ഉണ്ടാക്കി ഇരിക്കുന്ന പൊക്കം കുറഞ്ഞ ഒരു കട്ടിലിൻമെൽ നല്ല പട്ടുശീലകളും വിരിച്ചു ഒരു പട്ടുതലവണയും വച്ചു പുണ്യവാളത്തിയുടെ ശുദ്ധമാന ശരീരത്തിൽ തലയല്ലാത്തതൊക്കയും പൊൻസൊരാലിപ്പുള്ള എത്രയും മാണിക്കമായ കുപ്പായങ്ങളും ഇടുവിച്ചു ആ കട്ടിലിന്മെൽ കിടത്തിയിരിക്കുന്നതും ഈ ശുദ്ധമാന ശരീരത്തിൻെറ തലയിൽ നമ്മുടെ ഇവിടെ സ്ത്രീകൾ വിരിപ്പാവു ഞൊറിഞ്ഞു പുതുക്കുമ്പൊൾ തല മൂടുവാറുള്ളപൊലെ ഒരു വെള്ളത്തുണികൊണ്ടു മൂടി ഇരിക്കുന്നതും ആകുന്നു. ശരീരത്തിൽവച്ചു മുഖം മാത്രമെ കണ്ടുകൂടു. എന്നാൽ ഈ മുഖത്തിൻെറ നിറം കുറുത്തതാകുന്നു. എങ്കിലും ഒളികണ്ണിട്ടു തുറന്നിരിക്കുന്നതും കണ്ണുകൾ രണ്ടും സൂക്ഷിച്ചു കണ്ടാൽ മരിച്ചു ആളിൻെറ കണ്ണുകൾ അല്ല പിന്നെയൊ ഉയിരവരുടെ കണ്ണുകൾ എന്നു തൊന്നുകയും ചെയ്യും. അപ്പൊഴൊ ഈ പുണ്യവാളത്തിയുടെ ശരീരത്തിങ്കൽ

www.malankaralibrary.com

ഞങ്ങൾ നാലു പെരും കുമ്പിട്ടു നമസ്കരിച്ചതിന്റെ ശെഷം ഞങ്ങടെ വശവും മനസ്സുംപൊലെ ഏതാനും നെൎച്ച പുണ്യവാളത്തിയുടെ പെട്ടകത്തിൽ ഇട്ടപ്പൊൾ പുണ്യവാളത്തിയുടെ ശുദ്ധമാന ശരീരം ഇരിക്കുന്ന ഭവനത്തിന്റെ വാതിൽ ഞങ്ങൾക്കു തുറന്നുദൎശനകാരത്തിപുണ്യവാളത്തിയുടെ ശുദ്ധമാന ശരീരത്തിന്മെൽതൊടീച്ചു നാലു നൂൽ ചരടു ഞങ്ങൾ നാലു പെൎക്കും തരികയും ചെയ്തു.

അപ്പൊൾ ശുദ്ധമാന ശരീരത്തിന്റെ മുഖം ഇതിൻവണ്ണം കറുത്തിരിക്കുന്നതിന്റെ അവകാശം ചൊദിച്ചാറെ ഈ പുണ്യവാളത്തി മരിച്ചിട്ടു ഒരു യുഗത്തിൽ പുറമായത്തും എന്യെ ഒരൂഴം പള്ളിക്കു തീഭയം തട്ടി ഒക്കയും വെന്തുപൊയാറെ പുണ്യവാളത്തിയുടെ ശുദ്ധമാന ശരീരത്തിന്നു കെടു തട്ടീയില്ലാ എങ്കിലും വളരെ പുക തട്ടുവാൻ സംഗതി വന്നതുകൊണ്ടും എപ്പൊഴും മുട്ടിപ്പായിട്ടു ശുദ്ധമാന ശരീരത്തിന്റെ തലഭാഗത്തു കത്തിച്ചിരിക്കുമാറുള്ള മെഴുകുതിരിയുടെ പുക ഏൾക്കകൊണ്ടും അത്രെ ഇതിൻവണ്ണം കറുത്തിരിക്കുന്നു എന്നു ഞങ്ങളൊടു പറകയും ചെയ്തു.

ഇതിന്റെ ശെഷം മെൽപ്പറഞ്ഞ ഒസ്തേറിയായിൽ ചെന്നു ഭക്ഷണവും കഴിഞ്ഞു അവിടെ നിന്നു പുറപ്പെട്ടാറെ ഏകദെശം ഉച്ചതിരിഞ്ഞുനാലു മണി ആയപ്പൊൾ ലിബെണ്ണ്യൊ എന്ന നഗരിയിൽനിന്നു തിരിച്ചിട്ടു ഏഴാം ദിവസം ൧൭൮൦-ാം (1780) കാലം മകരമാസം ൩-ാംനു- (3) റൊമാനഗരി കാൺകയും ചെയ്തു.

വിശെഷിച്ചും ജെനവായിൽനിന്നും പുറപ്പെട്ട നെരം ഈ രാജ്യത്തിൽ വൎഷകാലവും കുളിരുള്ള നെരവും ആകകൊണ്ടു വളരെ വളരെ കുളിരും അയത്തുകൊണ്ടു കാലിന്റെ പാദം രണ്ടും തടിച്ചു വിരലുകളിൽ പലതും വിണ്ടതിനാൽ പാരം നൊമ്പരവും സഹിക്കെണ്ടിവന്നതുമൊഴിയെ ഈ വഴിയിൽ പല ഇടങ്ങളിലും മഞ്ഞുകൊണ്ടു ഒക്കയും മൂടി ഇരിക്കുന്ന മലകളും കുളിരിന്റെ ശക്തികൊണ്ടു വെള്ളംതന്നെ പെരുത്തിരിക്കുന്നതും കാൺകയും ചെയ്തു. അപ്പൊഴെ മീതെ ചൊല്ലിയവണ്ണം റൊമാ നഗരി കണ്ടു ഉടൻ ആയതിന്റെ വാതിൽ കടക്കുന്നതിന്നു മുമ്പെ നമ്മുടെ കാൎയ്യങ്ങളൊക്കയും ഉടെതമ്പുരാന്റെ മനൊഗുണംകൊണ്ടു വെണ്ടുംവണ്ണം ശുഭമായി വരുവാൻ മാർ പത്രൊസിനൊടും മാർ പൌലൊസിനൊടും നമസ്കരിച്ചു അപെക്ഷിക്കണമെന്നും വഴിക്കു ഒട്ടും ഒരു യൊഗ്യംകൂടാതെ സ്വസ്ഥതയൊടുകൂടെ പററിച്ചതിനെക്കൊണ്ടു കന്യാസ്ത്രീ അമ്മയൊടും നന്ദി കാട്ടണമെന്നും മല്പാൻ ഞങ്ങൾ എല്ലാവരൊടും പറഞ്ഞാറെ ഞങ്ങളും താൻ പറഞ്ഞപൊലെ നമസ്കരിച്ചപെക്ഷിക്കയും ചെയ്തു.

ഇതിന്റെ ശെഷം ഞങ്ങൾ നഗരിയുടെ വാതിൽ കടന്നഉടൻ ഞങ്ങടെ മുണ്ടുമുറികളൊക്കയും അവിടെ ഉള്ള ചുങ്കപ്പുരയിൽ കൊണ്ടുപൊകുവാൻ ദിഷ്ടതി ഉണ്ടായിരിക്കകൊണ്ടു എ



ന്നെയും വാലിഭക്കാറരെയും മദൊനാദെൽ പൊപ്പളൊ എന്നു ചൊല്ലുന്ന നഗരിയുടെ വാതില്ക്കു അരികെയുള്ള പള്ളിക്കൽ തെരിൽ നിന്നിറക്കി പ്രൊപ്പഗാന്ദ എന്ന പഠിത്തവീടു അവിടെ അടുക്കെ ആകുന്നതിനെക്കൊണ്ടു നിങ്ങൾ പള്ളിയിൽ കുമ്പിട്ടതിന്റെ ശെഷം പ്രൊപ്പഗാന്ദായിൽ ചെല്ലുകെ വെണ്ടു ഞാൻ നമ്മുടെ മുണ്ടുമുറികൾ ചുങ്കപ്പുരയിൽ കൊണ്ടുചെന്നു കാട്ടിയതിന്റെ ശെഷം ഉടൻ അവിടെക്കു വരുമെന്നും ഞങ്ങളൊടു പറഞ്ഞയച്ചു മല്പാൻ മുണ്ടുമുറികളുംകൊണ്ടു ചുങ്കപ്പുരക്കൽ പൊകയും ചെയ്തു.

എന്നാൽ ഞങ്ങൾ മൂവരും ഈ പള്ളിയിൽ കുമ്പിട്ടു എഴുന്നെററ ഉടൻ അവിടെ നില്ക്കുന്നതിൽ ഒരുത്തൻ ഞങ്ങളുടെ പക്കൽ അണഞ്ഞ പ്രൊപ്പഗാന്ദായിക്കു പൊകണമെങ്കിൽ ഞാൻ വഴികാട്ടിതരാമെന്നുപറഞ്ഞു ഞങ്ങളെ കൊണ്ടുചെന്നു വീട്ടിന്റെ വാതിക്കൽ ആക്കുകയും ചെയ്തു.

ഇങ്ങനെ ആ വീട്ടിന്റെ വാതിക്കൽ കുറെ നെരം പാൎത്തപ്പൊൾ മല്പാനും വന്നു അവിടെ നിന്നു പുറപ്പെട്ടു മറെറ വാതിക്കൽ കരെറി അവിടെയുള്ള വാതില്ക്കാരന്റെ മുറിയിൽ ഞങ്ങടെ മുണ്ടുമുറികളൊളൊക്കയും വൈക്കുന്ന നെരത്തു അവിടെ പഠിച്ചുനില്ക്കുന്ന രണ്ടു കൽദായസുറിയാനിക്കാററും ഞാറക്കൽക്കാരൻ കുഞ്ഞുതുപ്പുമാപ്പിളയുടെ മകൻ കുഞ്ഞിപ്പൌലൊസും താഴത്തു ഇറങ്ങിവന്നു ഞങ്ങളുടെ വരവിന്മെൽ പാരം സന്തൊഷവും പ്രസാദവും കാട്ടി പഠിപ്പാൻ വന്ന വാലിഭക്കാററു എങ്ങു എന്നും ചൊദിച്ചു അവരെ അറിഞ്ഞ ഉടൻ പിടിച്ചു തഴുകുകയും ചെയ്തു.

ഇങ്ങനെ ഞങ്ങളുടെ മുണ്ടുമുറികളൊക്കയും അവിടെ സൂക്ഷിച്ചതിന്റെ ശെഷം മീതെ കരെറുവാൻ ഭാവിച്ചപ്പൊൾ മുൻസിഞ്ഞൊർ ബൊൎജ്ജ്യായുടെ പക്കൽ ചെന്നു കണ്ടു പറഞ്ഞിട്ടു വെണം മീതെ കരെറുവാനെന്നു വാതില്ക്കാരൻ ഞങ്ങളൊടു പറഞ്ഞാറെ ഞങ്ങൾ നാലുപെരുംകൂടെ ആ ദെഹത്തിന്റെ ഭവനത്തു പൊകയും ചെയ്തു. വിശെഷിച്ചും മുൻസിഞ്ഞൊർ ബൊൎജ്ജ്യായുടെ പക്കൽ പൊകുന്നെന്നു ഞാൻ കണ്ടപ്പൊൾ ഈ പുസ്തകത്തിന്റെ ൨൫-ാം (25) പദത്തിൽ പറഞ്ഞപൊലെ ചിന്ന പട്ടണത്തുവച്ചു കൎമ്മലീത്താക്കാരൻ പാതിരി ഞങ്ങളുടെ പററിൽ തന്ന മലയാളക്കാററു പാതിരിമാരു ഞങ്ങളൊടു മറുത്ത !മുൻസിഞ്ഞൊർ ബൊൎജ്ജ്യായിക്കു എഴുതിയ കുറികൾകൂടെ കൊണ്ടുപൊകയും ചെയ്തു.

എന്നാൽ മുൻസിഞ്ഞൊർ വസിക്കുന്ന ഭവനത്തു ചെന്നാറെ ഉടൻ വാതിലു തുറന്നു ഞങ്ങളെ അകത്തു കടത്തി ആചാരമായിട്ടു രണ്ടു നാലു വാക്കു ഞങ്ങളൊടു ചൊദിച്ചാറെ ചൊദ്യത്തിന്റെ ഭാഷയും പ്രകാരവും മല്പാൻകെട്ടു ഉടൻ എന്റെ പക്കൽ തിരിഞ്ഞു എന്നൊടു പറഞ്ഞു. കാൎയ്യങ്ങൾക്കു ഒക്കെക്കും കുഴപ്പം

www.malankaralibrary.com

വരുത്തുന്നവൻ ഇയാളത്രെ ആകുന്നതുകൊണ്ടു നമ്മുടെ കാര്യമൊക്കയും വെണ്ടുംവണ്ണം സാധിപ്പാൻ പാരം വിഷമമായി വരുമെന്നത്രെ തൊന്നുന്നുള്ളു. ഇതിന്റെ ശെഷം ഞാൻ കൂടെ കൊണ്ടു പൊയിട്ടുണ്ടായിരുന്ന പാതിരിമാരുടെ കുറികൾ മുൻസിഞ്ഞൊറിന്റെ പററിൽ കൊടുത്തപ്പൊൾ ഈ കുറികൾ ഞങ്ങളൊടു മറുത്തുള്ളതാകുന്നു എന്നു വെണ്ടുംവണ്ണം ഞങ്ങൾ അറിഞ്ഞിരിക്കകൊണ്ടു കളവാനത്രെ ന്യായമായിരിക്കുന്നു എങ്കിലും വിശ്വാസഭംഗം വരുത്താതെ ഇരിപ്പാനും ഞങ്ങളുടെ നെരു കാട്ടുവാനുമായിട്ടത്രെ അങ്ങെ പററിൽ തരുവാൻ നിശ്ചയിച്ചതെന്നു മല്പാൻ അദ്ദെഹത്തൊടു പറകയും ചെയ്തു. എന്നാറെ മുൻസിഞ്ഞൊർ ഉടൻ തന്നെ കുറികളുടെ മുദ്രിക പൊളിച്ചു ആയതിൽ എതാനുമൊക്കയും വായിച്ചതിന്റെശെഷം കുറെ ഒക്കയും ഞങ്ങളുടെ വഴിയുടെ വർത്തമാനം ചൊദിച്ചതിന്റെ ശെഷം വാലിഭക്കാററു രണ്ടുപെരെയും ഇവിടെ കൈക്കൊള്ളുവാൻ മാത്രമെ കർദിനാളിന്റെ പ്രമാണമുള്ളു. നിങ്ങളെ കൈക്കൊള്ളുവാനുള്ളതിന്നു പ്രമാണമില്ല. എന്നതുകൊണ്ടു നിങ്ങൾ ഇപ്പൊൾതന്നെ കർദിനാളിന്റെ പക്കൽ ചൊല്ലുകെ വെണ്ടു എന്നും പറഞ്ഞ വാലിഭക്കാററു രണ്ടുപെരെയും പിടിച്ചു അവരുടെ തലയിൽ ഓരൊന്നു മുത്തി അവരെ അങ്ങു കൈക്കൊണ്ടുംകൊണ്ടു ഞങ്ങളെ പ്രൊപ്പഗാന്ദായുടെ കർത്തവ്യനാകുന്ന കർദിനാൾ കസ്തൊല്ലിയുടെ പക്കൽ അയച്ചതിന്റെശെഷം ഞങ്ങൾ ഈ കർദിനാളിന്റെ വീട്ടിൽ ചെന്നപ്പൊൾ നെരം അസ്തമനസമയമാകയും ചെയ്തു.

ഇതിന്റെ ശെഷം ഞങ്ങൾ ചെന്നിട്ടുള്ള പ്രകാരം കർദിനാളെ അറിയിച്ചാറെ ഉടൻ കർദിനാൾ തന്റെ മുമ്പാകെ ഞങ്ങളെ വിളിച്ചു പാരം കഠിനമായിട്ടു ഒട്ടും ഒരു കരുണ കൂടാതെ മല്പാനെ കുററപ്പെടുത്തിയതിനാൽ കർദിനാളുമായിട്ടു നമ്മുടെ ശത്രുക്കൾക്കുള്ള പിടിപാടും മതിപൊരികയും നല്ലവണ്ണം നാം ബൊധിക്കയും ചെയ്തു.

വിശെഷിച്ചും മല്പാനൊടു കർദിനാൾ കാട്ടിയ ഈ കുററപ്പാടു ഒക്കയും ഉണ്ടായപൊലെ ഇവിടെ എഴുതണമെങ്കിൽ പാരം നീളമായി വരുമെന്നതുകൊണ്ടു ആയതിൽ തലപ്പെട്ട രണ്ടുനാലു കാര്യം മാത്രമെ ഇവിടെ എഴുതുന്നതുമുള്ളു.

ഇതിൻവണ്ണം വലിയ സ്ഥാനത്തു നിൽക്കുന്ന ആളിന്നു വെണ്ടുന്ന ശമത്തും വിവെകവും കടന്നു പക്ഷവും പ്രതിഭാഗവും കാട്ടുവാൻതക്ക പലപല വചനങ്ങൾ പറഞ്ഞതുമെന്യെ മലയാളത്തിലുള്ള അറിവില്ലാത്ത നസ്രാണികളുടെ എടത്തു കലക്കമുണ്ടാക്കുന്നവൻ താനത്രെ ആകുന്നു എന്നും രാജമുഷ്ക്കരത്വം പിടിച്ചുംകൊണ്ടു നമ്മുടെ മുഷ്ക്കരത്വം ഹരം വരുത്തുവാനത്രെ തന്റെ ശ്രമമാകുന്നു എന്നും ആരുടെ കല്പ





നയാൽ താൻ ഇവിടെ പഠിപ്പിപ്പാനാക്കുവാൻ വാലിഭക്കാററരെ കൊണ്ടുവന്നു എന്നും ആയതുകൊണ്ടു പട്ടിയെപൊലെ അയക്കുന്നുണ്ടെന്നും പറഞ്ഞാറെ ആയതിന്നു ഉത്തരമായി ഞാൻ മലയാളത്തിൽ കലക്കമുണ്ടാക്കുവാനല്ലാ പിന്നെയൊ മലങ്കരെ പുത്തൻകൂററിൽ ഉള്ള മെത്രാൻ പട്ടാങ്ങയായ വിശ്വാസം കൈക്കൊണ്ടു സത്യം ചെയ്തതിനാൽ മലങ്കരെ നസ്രാണികളുടെ ഇടത്തുള്ള കലഹം തീർപ്പാനത്രെ വന്നതെന്നും വിശെഷിച്ചും രാജമുഷ്ക്കരത്വം പിടിച്ചുംകൊണ്ടു പ്രൊപ്പഗാന്ദായുടെ മുഷ്ക്കരത്വം ഹരം വരുത്തുവാൻ ഞാൻ ശ്രമിക്കുന്നു എന്നു നമ്മുടെ ശത്രുക്കൾ ഇവിടെ ബൊധിപ്പിച്ചതു ഒട്ടും നെരല്ലാ അതെന്തെന്നാൽ ഇവിടെക്കു ബന്ധിക്കുന്ന കാര്യങ്ങളിൽ ഒന്നും പ്രത്തുക്കാലിൽ ഞങ്ങൾ അപെക്ഷിച്ചിട്ടുമില്ലാ പിന്നെയൊ കെസറിന്റെതു കെസറിന്നും തമ്പുരാന്റെതു തമ്പുരാന്നും കൊടുക്കണമെന്നു ശുദ്ധമാന പുസ്തകത്തിൽ ചൊല്ലിയിരിക്കുന്നപൊലെ നടന്നുവരുന്ന മര്യാദക്കു തക്കവണ്ണം അവിടെക്കു ബന്ധിക്കുന്ന കാര്യം മാത്രമെ അവിടെ അപെക്ഷിച്ചിട്ടുള്ളു എന്നും ഇതുമെന്യെ വാലിഭക്കാററരെ കൊണ്ടുവന്നതു മലങ്കരെ യൊഗത്തിന്റെ കല്പനകൊണ്ടത്രെ ആയതിന്നു മാർപ്പാപ്പായിക്കു അവരുടെ കുറി ഉണ്ടെന്നും പറഞ്ഞാറെ മലങ്കരെ മെത്രാൻ പട്ടാങ്ങയായ വിശ്വാസം കൈക്കൊണ്ടെന്നു പറയുന്നതു ഭൊഷ്ക്കത്രെ ആകുന്നു. നമുക്കു ഒട്ടും ബൊധിച്ചുകൂടാ എന്നും നമ്മുടെ മുഷ്ക്കരത്വമൊക്കയും ലൊകമുഷ്ക്കരത്വത്താൽ ശ്രമിച്ചുംകൊണ്ടു ശുദ്ധമാന പുസ്തകത്തിന്റെ സാക്ഷിയും പറഞ്ഞു നമ്മെ പഠിപ്പിപ്പാൻ മല്പാനായി പുറപ്പെട്ടിരിക്കുന്നു എന്നും മലയാളത്തിൽനിന്നു റൊമായിൽ വന്ന വാലിഭക്കാററരെ അയക്കുന്നതു മലങ്കരയൊഗത്തിന്നു ബന്ധിക്കുന്ന കാര്യമല്ലാ മെത്രാന്നു ബന്ധിക്കുന്ന കാര്യമത്രെയാകുന്നു. ആയതുകൊണ്ടു യൊഗമയച്ചാൽ ഇവിടെ കൈക്കൊള്ളുവാൻ കടമില്ലെന്നും ഇതും മററു പലതും മഹാ കഠിനമായി രണ്ടു നാഴിക നെരം കഴിച്ചതിന്റെ ശെഷം വിളിയാതെ വന്നവർക്കു പ്രൊപ്പഗാന്ദായിൽ ഇടമില്ലാ നിങ്ങൾക്കു തെളിഞ്ഞെടത്തുപൊയി പാർക്കെവെണ്ടു എന്നും പറഞ്ഞു ആ രാത്രിയിൽ തന്നെ അവിടെ നിന്നു അയക്കയും ചെയ്തു.

## വിചാരം

എന്നാൽ ഈ കുററപ്പാട്ടിൽ കർദ്ദിനാൾ പറഞ്ഞ മൊഴികൾ സൂക്ഷിച്ചാൽ തന്റെ നിരൂപണയും മനസ്സും എന്താകുന്നു എന്നു എല്ലാവർക്കും വെളിച്ചമെതന്നെ അറികയുമാം. അതെന്തെന്നാൽ തനിക്കു വയസ്സുകാലമാകകൊണ്ടും ഉൾക്കളവു കുറഞ്ഞ ആൾ ആകകൊണ്ടും തന്റെ മനസ്സിൽ ഇരിക്കുന്ന ആഗ്രഹം തന്റെ വചനങ്ങളിൽ കാട്ടുകയും ചെയ്തു.

എന്നുവരുമ്പൊൾ തന്റെ മനസ്സിന്റെ ആഗ്രഹമൊക്കയും നമ്മുടെ മലങ്കരെ മാർഗ്ഗമറിയിക്കുന്നവരുടെ നിരൂപണയും ആ

www.malankaralibrary.com

ഗ്രഹവും പൊലെ തന്നെ മലങ്കരെ ഇടവകയിൽ പ്രൊപ്പഗാന്തായിക്കുള്ള മുഷ്ക്കരത്വം നഷ്ടമായി പൊകാതെ ഇരിപ്പാനുള്ള ഉപായമത്രെ ആകുന്നതിനെക്കൊണ്ടു അവിടെയുള്ള നസ്രാണികളുടെ ഇടത്തുള്ള കലക്കം തീർന്നു നിരപ്പു വന്നാൽ ദൈവത്തിനടുത്തതും മാനുഷനടുത്തതുമായ ഞായമൊക്കയും കൊണ്ടും പ്രൊപ്പഗാന്താടെ കീഴിലുള്ള വികാരി അപ്പസ്തൊലിക്കായിക്കു മലങ്കരെ വാണു കൂടാ എന്നതുകൊണ്ടും മാർ തൊമ്മാമെത്രാന്റെ വിശ്വാസസത്യം പട്ടാങ്ങ എന്നു വന്നാൽ ആയതു കൈക്കൊണ്ടു അദ്ദെഹത്തെ പഴെതിൽ കൂട്ടുവാൻ കടമുണ്ടായിരിക്കുന്നതു എല്ലാവർക്കും പ്രസിദ്ധമായൊരു കാര്യമാകകൊണ്ടും ആയതു ഭൊഷ്ക്കത്രെ ആകുന്നു എന്നു വരുത്തിവെച്ചു കളഞ്ഞാൽ മെൽപറഞ്ഞ പ്രൊപ്പഗാന്തായുടെ മുഷ്ക്കരത്വം അവിടെ എല്ലായ്പൊഴും നില്പാൻ സംഗതി വരുമെന്നതുകൊണ്ടുമത്രെ നമ്മുടെ ജനങ്ങൾ എത്രയും സാദ്ധ്യപ്പെട്ടു അപെക്ഷിച്ചിരിക്കുന്നതും. ഞങ്ങൾ എത്രയും ദുരിതപ്പെട്ടു റൊമായിലൊളം കൊണ്ടുവന്നിരിക്കുന്നതുമായ മാർ തൊമ്മാമെത്രാന്റെ വിശ്വാസസത്യം ഭൊഷ്ക്കത്രെ ആകുന്നു എന്നു വരുത്തുവാൻ ശക്തി ഒക്കയൊടും കൂടെ ശ്രമിക്കുന്നതു. ആയതിന്റെ പരമാർത്ഥം രാജമുഷ്ക്കരത്വം പിടിച്ചുംകൊണ്ടു പ്രൊപ്പഗാന്താടെ മുഷ്ക്കരത്വത്തിന്നു ഹരം വരുത്തുവാനത്രെ തന്റെ ശ്രമമാകുന്നു എന്നു കർദിനാൾ മല്പാനൊടു പറഞ്ഞ മൊഴികൊണ്ടറികയുമാം. അതെന്തെന്നാൽ തമ്പുരാന്റെ ന്യായത്തിന്നും ഈശൊമിശിഹായുടെ മാർഗ്ഗത്തിനും തക്കവണ്ണം വിചാരിച്ചാൽ നമ്മുടെ മാർഗ്ഗത്തിന്റെ വളർമ്മക്കും മാർപാപ്പാടെ അത്രപിക്കട്ടെത്ത മുഷ്ക്കരത്വത്തിന്നും കുറച്ചിൽ വരുത്തുവാൻ തക്കതിൽ ഒന്നും ഞങ്ങൾ പ്രത്തുക്കാലിൽ അപെക്ഷിച്ചില്ലെന്നുള്ള പ്രകാരം മുമ്പിൽ ഞങ്ങൾ എഴുതി അയച്ച കുറിയാൽ കർദിനാൾ വെണ്ടും വണ്ണം അറിഞ്ഞിരുന്നതിന്നു താഴത്തു എഴുത്തപെട്ടതു സൂക്ഷിച്ചാൽ എല്ലാവർക്കും അറികയുമാം.

അപ്പൊഴൊ മാർതൊമ്മാമെത്രാൻ വിശ്വാസസത്യം ചെയ്ത പ്രകാരം പ്രത്തുക്കാലിൽകൂടെ ഞങ്ങൾ ബൊധിപ്പിച്ചതിനാൽ പ്രൊപ്പഗാന്തായിക്കു തെളിഞ്ഞപൊലെ ആ കാര്യത്തിന്റെ പരമാർത്ഥം മൂടിക്കൂടാ എന്നു കാൺകകൊണ്ടത്രെ സഹിച്ചുകൂടാത്ത വണ്ണം ദ്വെഷത്തിന്റെ അടയാളം ഹൃദയത്തിൽനിന്നു പുറപ്പെടുന്നതു.

വിശെഷിച്ചും മലയാളത്തിൽനിന്നു വാലിഭക്കാരരെ റൊമായിക്കു പഠിപ്പാനയപ്പാൻ യൊഗത്തിന്നുള്ള കാര്യമല്ലാ മെത്രാനൊടുള്ള കാര്യമത്രെ ആകുന്നു എന്നും യൊഗമയച്ചാൽ കൈക്കൊള്ളുവാൻ കടമില്ലെന്നും പറഞ്ഞതിനാൽ നമ്മുടെ യൊഗം നിലയും ഒരിമ്പാടും ഇല്ലാത്തവരാകകൊണ്ടു ഏതു പ്രകാരമെന്നാലും



തങ്ങടെ മനസുപൊലെ വഴക്കി കൊള്ളാമെന്നും മലയാളക്കാരെ ബഹുമാനിച്ചാൽ അവർ ചൊല്ലുവിളി കെൾക്കയില്ലെന്നും ഇങ്ങനെയുള്ള മററും പലതും നമ്മുടെ യൊഗത്തെക്കൊണ്ടു റൊമായിൽ പാതിരിമാരു പറഞ്ഞു കെൾപ്പിച്ചിരിക്കുന്ന പ്രകാരം വെളിവിൽ പുറപ്പെടുകയും ചെയ്തു. അതെന്തെന്നാൽ നമ്മുടെ ആളുകൾക്കു നിലയും ഒരിമ്പാടും ഉള്ള പ്രകാരം കർദിനാൾ ബൊധിച്ചിരുന്നു എങ്കിൽ നമ്മുടെ യൊഗത്തിന്റെ മനസു കൂടാതെ മലങ്കരെയുള്ള സുറിയാനിക്കാരരിൽനിന്നു വാലിഭക്കാരരെ അയപ്പാൻ മെത്രാനാൽ സാധിക്കുന്ന കാര്യമല്ലെന്നും ആയതല്ലാതെ അയച്ചാൽ വീണ്ടു തിരികെ മലയാളത്തിന്നു അവർ വരുമ്പൊൾ നമ്മുടെ യൊഗം അവരെ കൈക്കൊണ്ടില്ലെങ്കിൽ നമ്മൊടു ഒരു ബലം എടുപ്പാൻ പ്രൊപ്പഗാന്തായിക്കു ഇല്ലെന്നു കർദിനാൾ വിചാരിക്കയും ആയതുകൊണ്ടു ഇങ്ങനെ ഉള്ള വചനങ്ങൾ പറവാൻ സംഗതിയില്ലാ എന്നുതന്നെയല്ലാ പിന്നെയൊ വാലിഭക്കാരരെ മലയാളത്തിലുള്ള യൊഗം കല്പിച്ചയച്ചതു വല്യ മനഗുണം എന്നപൊലെ കൈക്കൊണ്ടെനെ. എന്നാൽ ഇതൊക്കയും ഇങ്ങനെ ഒപ്പിച്ചതു നമ്മുടെ മാർഗ്ഗമറിയിക്കുന്നവരുടെ പ്രവൃത്തിയത്രെ ആകുന്നു.

## നാല്പത്തിയാറാം പദം

**കർദിനാളിനെ കണ്ടു പറഞ്ഞതിന്റെശെഷം ഉണ്ടായ അവസ്ഥമെൽ**

എന്നാൽ മിശിഹാകർത്താവിന്റെ ശുദ്ധമാനപിറവിയിൽ ഉദിച്ച പുത്തൻ നക്ഷത്രത്തിന്റെ അടയാളത്താൽ മ്ഗ്ഗുശരാജാക്കൾ അറിഞ്ഞു തന്നെ ആദരിപ്പാനായിട്ടു പുറപ്പെട്ടാറെ തങ്ങൾക്കു കാണപ്പെട്ട ഈ പുത്തൻ നക്ഷത്രംതന്നെ വഴിയും കാട്ടിക്കൊണ്ടു പാരം സന്തൊഷത്തൊടുകൂടെ വരുന്ന മദ്ധ്യെ മാർഗ്ഗവും നിവ്യാകുളും ഉള്ള ശുദ്ധമാന നഗരിയായ ഓറശ്ലെമ്മിന്നു അടുത്ത നെരത്തു തങ്ങൾക്കു മുൻപിൽ കാണപ്പെട്ട നക്ഷത്രം മാഞ്ഞുപൊയി എന്നപൊലെ തന്റെ അളവില്ലാത്തതും ആരാൽ അറിഞ്ഞുകൂടാത്തതുമായ ബൊധജ്ഞാനത്താലും മെൽസൂക്ഷംകൊണ്ടും സർവ്വ വസ്തുക്കളും ഭരിക്കുന്ന ഉടെതമ്പുരാൻ തന്റെ അടിയാന്മാരുടെയും തന്റെ പ്രമാണം കാക്കുന്നവരുടെയും തണുപ്പിന്നും സഹായത്തിന്നും മാർ ആഗുസ്തീനൊസു പറയുന്നപൊലെ തിന്മയിൽനിന്നു തന്നെ നന്മ വരുത്തുവാൻ വല്ലഭമുള്ള സർവ്വെശ്വരൻ മലയാളത്തിൽനിന്നു ഞങ്ങൾ തിരിച്ചതിൽ എല്ലായ്പൊഴും പ്രത്യെകമായിട്ടുള്ള തന്റെ സഹായവും കരുണയുംകൊണ്ടു എല്ലാ ഇടത്തും ഞങ്ങളെ സഹായിച്ചതിന്റെ ശെഷം നമ്മുടെ മാർഗ്ഗത്തിന്റെ തലപ്പെട്ട ദെഹമിരിക്കുന്ന ശാസ്ത്ര്വും അറിവും നിറഞ്ഞ റൊമാ

www.malankaralibrary.com

നഗരിയിൽ ചെന്നപ്പൊൾ മുമ്പിൽ കണ്ടുവന്ന പ്രത്യെകമുള്ള സഹായങ്ങളൊക്കയും മറഞ്ഞ മലയാളത്തിലുള്ള നസ്രാണികളുടെ ഗുണത്തിന്നും ഒരിമ്പാട്ടിന്നും വെണ്ടിയുള്ള ഞങ്ങളുടെ ചെലവു സ്തുതിക്കെണ്ടുന്നവർ ദുഷിക്കയും കൈക്കൊള്ളെണ്ടുന്നവരെ ഉപെക്ഷിക്കയും തുണക്കെണ്ടുന്നവർ ദീനതപെടുത്തുകയും പ്രത്തുക്കാലിൽ ഞങ്ങൾ ചെന്ന അവസ്ഥ കെട്ട ഉടൻ താമസം കൂടാതെ റൊമായിക്കു ചെല്ലണമെന്നും ആയതിനു വെണ്ടുന്നതൊക്കയും കൊടുക്കണമെന്നും പ്രത്തുക്കാലിലുള്ള മനിഷ്പത്തിനു എഴുതി അയച്ച ആളുകൾതന്നെ അവിടെക്കു ഞങ്ങൾ ചെന്ന ഉടനെ ഞങ്ങളെ പുറത്തു കളകയും ചെയ്യുന്നതു കണ്ടു പാരം സങ്കടത്തൊടും മനക്ലെശത്തൊടുംകൂടെ തന്റെ തിരുമനസിന്നു തെളിഞ്ഞവണ്ണം നമ്മുടെ പള്ളികൾക്കും ജാതികൾക്കും നല്ലതാകുന്നതൊക്കയും ചെയ്യണമെ എന്നു തന്നൊടുതന്നെ ഹൃദയംകൊണ്ടും വാകൊണ്ടും അപെക്ഷിച്ചുംകൊണ്ടു കർദിനാളിന്റെ വീട്ടിൽനിന്നിറങ്ങി പ്രൊപ്പഗാന്ദാ എന്ന സിമ്മാരിയിൽ വന്നു മീതെ കരെറിയപ്പൊൾ ആ സിമ്മാരി വീടു ഭരിക്കുന്ന മൂപ്പനാകുന്ന പാതിരിയെ കണ്ടാറെ പാരം സങ്കടത്തൊടും മനൊദു:ഖത്തൊടുംകൂടെ അയാളൊടു ഈ അവസ്ഥ ഒക്കയും പറഞ്ഞു കെൾപ്പിക്കയും അയാളും ആയതു കെട്ടതിന്റെ ശെഷം ആയതുകൊണ്ടു ഒരു സങ്കടംവെണ്ടാ ഉടെതമ്പുരാൻ സഹായിക്കുമെന്നു തണുപ്പായ വചനങ്ങൾ പറകയും ചെയ്തു. ഇതിന്റെ ശെഷം ഞങ്ങൾ താഴത്തിറങ്ങി ഞങ്ങൾ അറിയുന്ന മററു ഭവനം ഇല്ലായ്കകൊണ്ടും നെരം രാത്രി ആകകൊണ്ടും എന്തൊരു വസ്തു ഞാൻ ചെയ്യെണ്ടു എന്നു വിചാരിച്ചു നിൽക്കുന്നപ്പൊൾ മല്പാൻ മുൻപിൽ പ്രൊപ്പഗാന്ദായിൽ പഠിച്ചു നില്ക്കുന്ന നാളുകളിൽ തന്നെ കാർക്കുന്നവനും പരികർമ്മിയും ആയിരുന്ന ഈ ദിവസങ്ങളിൽ അവിടെ ഗ്രാമത്തിൽ പഠിപ്പിക്കുന്ന മല്പാനാകുന്ന തമ്പുരാനെ പെടിയും ശെഷമുള്ളവരുടെ മെൽ ഉപവിയും ഉള്ള പീലിപ്പൊസ വ്യഞ്ജ്യാളി എന്ന ഒരു പട്ടക്കാരൻ ഞങ്ങൾ അവിടെ ചെന്നിട്ടുള്ള അവസ്ഥ കെട്ടു തന്റെ ഭവനത്തിൽ നിന്നിറങ്ങി ഞങ്ങൾ നില്ക്കുന്ന ഇടത്തു വന്നു ഞങ്ങളെ കണ്ടാറെ മല്പാനെ തഴുകി മുത്തി എന്നെയും പിടിച്ചു തഴുകിയതിന്റെ ശെഷം ഈ ഉണ്ടായ അവസ്ഥ ഒക്കയും അയാളും കെട്ടു പാരം മൌനപ്പെട്ടു. നിങ്ങൾക്കു ഇന്നു രാത്രിയിൽ വസിപ്പാൻ ഭവനമില്ലായ്കകൊണ്ടു ഒരു മനസുമുട്ടും വെണ്ടാ. ഞാൻ ഒരു വീട്ടിൽ കൊണ്ടുപൊയി ആക്കുന്നുണ്ടു എന്നു പറഞ്ഞാറെ പറങ്കിമാർക്കു അവിടെയുള്ള സന്ത അന്തൊണി എന്നു ചൊല്ലുന്ന പൊറുതിസ്ഥലം അറിയുമെങ്കിൽ അവിടെ കൊണ്ടുചെന്നു ഞങ്ങളെ ആക്കിയാൽ മനൊഗുണമായിരിക്കുമെന്നു മല്പാൻ അയാളൊടു അപെക്ഷിച്ചു ഉടൻ അയാൾ തന്നെ ഞങ്ങളെ മെൽ പറഞ്ഞ ഭവനത്തു കൊണ്ടുപൊകയും ഞങ്ങളും അവിടെ ചെന്ന



തിന്റെ ശെഷം അവിടെ വസിക്കുന്ന അമെരിക്കക്കാരൻ മനുവെൽ മാർക്കെസ ബ്രന്ദാം എന്ന പട്ടക്കാരനെ കണ്ടു പ്രൊപ്പഗാന്ദായിക്കു വന്നാറെ ഉണ്ടായ അവസ്ഥകളൊക്കയും അയാളെ കെൾപ്പിക്കയും ചെയ്തു.

എന്നാൽ ഈ പുസ്തകത്തിന്റെ മുപ്പത്തെട്ടാം പദത്തിൽ ചൊല്ലിയപൊലെ ഞങ്ങൾ പ്രത്തുക്കാലിൽ നിന്നു ജെനവായിക്കു പുറപ്പെട്ട ഉടൻ തന്നെ റൊമായിക്കു ഞങ്ങടെ ചെലവിന്റെ വർത്തമാനം ബ്രന്ദാം എന്ന പട്ടക്കാരന്നും റൊമായിലുള്ള പ്രത്തുക്കാൽ രാജാവിന്റെ പ്ലെനിപൊത്തെൻസ്യാരെ്യാ അതായതു സർവ്വഅനുവാദിയെന്നു ചൊല്ലുന്ന മനിഷ്പത്തിന്നും കരവഴിക്കു കയെത്താനൊസുപാതിരി എഴുതി അയച്ചതിനാൽ ഞങ്ങൾ അവിടെ ചെല്ലുന്ന പ്രകാരം താൻ അറിഞ്ഞിരുന്നതിനാംപക്ഷം ഞങ്ങൾ അവിടെക്കു ചെന്ന ഉടൻ പാരം സന്തൊഷത്തൊടും പ്രസാദത്തൊടുംകൂടെ ഞങ്ങളെ കൈക്കൊണ്ടുവെങ്കിലും താൻ മഹാ ലൊകാചാരവും കാര്യപൊരുംഉള്ള ആളായിരിക്കകൊണ്ടു പ്രൊപ്പഗാന്ദായിൽ ഉണ്ടായ അവസ്ഥ ഒക്കയും കെട്ടാറെ ആചാരമായിട്ടു പീലിപ്പൊസ എന്നു ഞങ്ങളെ അവിടെക്കു കൂട്ടിക്കൊണ്ടു ചെന്ന പട്ടക്കാരനൊടു പറഞ്ഞു. മുൻസിഞ്ഞൊർ ബൊർജ്യായിക്കു ഇവരുടെ നെരെ മനസ്സുകെടാകുന്നു എങ്കിൽ ഇനിക്കു ഇവരെ ഇവിടെ കൈക്കൊള്ളുവാൻ ചിതമില്ലാ എന്നു. എന്നാറെ എഹെ ആയത അങ്ങനെയല്ലാ. ഇവരെ ഇവിടെ കൈക്കൊള്ളുന്നതിനാൽ മുൻസിഞ്ഞൊരിന്നു പ്രസാദമായിരിപ്പാനെ സംഗതിയുള്ളു എന്നുംമററും പീലിപ്പൊസപട്ടക്കാരൻ പറഞ്ഞു ഞങ്ങളെ അവിടെ ആക്കിയുംവച്ചു താനും വീണ്ടു പ്രൊപ്പഗാന്ദായിക്കു പൊകയും ചെയ്തു.

ഇതിന്റെ ശെഷം മനുവെൽ ബ്രന്ദാം എന്ന പട്ടക്കാരൻ അവിടെ രണ്ടു മുറിയും ഞങ്ങൾക്കു തന്നു അവിടെ പാർത്തതിന്റെ ശെഷം പിറെറ ദിവസം നെരം വെളുത്താറെ പറങ്കിമാരുടെ ഈ ഇടത്തിൽ കുർവാന ചൊല്ലുവാനുള്ളതിന്നു ലിസ്ബൊആയിൽ ഉള്ള പാത്രിയർക്കാടെ അനുവാദം ഉണ്ടായിരുന്നാൽ മതി എന്നതിനെക്കൊണ്ടു ഞങ്ങൾ അവിടെ കുർവാന ചൊല്ലിയതിന്റെ ശെഷം ബ്രന്ദാം എന്ന ഈ പാതിരി അവിടെയുള്ള സർവ്വഅനുവാദി എന്നു ചൊല്ലുന്ന പ്രത്തുക്കാൽ രാജാവിന്റെ മനിഷ്പത്തിന്റെ ഭവനത്തു കൊണ്ടുപൊയി ഞങ്ങൾ അവിടെക്കു ചെന്നിട്ടുള്ള പ്രകാരം അറിയിച്ചാറെ ഇയാളും മുൻപിൽ കയെത്താനൊസപാതിരി എഴുതി അയച്ചതിനാൽ ഞങ്ങൾക്കു പ്രത്തുക്കാലിൽനിന്നു തന്ന വഴിക്കുള്ള അനുവാദക്കടുദാശു കണ്ടു ആയതു സാമാന്യമുള്ളതല്ലാ പ്രത്യെകമുള്ളതത്രെ ആകുന്നു എന്നു അറിഞ്ഞതിനാലും ഞങ്ങളെ വെണ്ടുംവണ്ണം കൈക്കൊണ്ടു വർത്തമാനങ്ങ

www.malankaralibrary.com

ളൊക്കയും ചൊദിച്ചതിന്റെ ശെഷം വെണ്ടുംവണ്ണം ഞങ്ങളെ സ
ന്തഅന്തൊണി എന്ന വീട്ടിൽതന്നെ പാൎപ്പിച്ചു വെണ്ടുന്ന വസ്തുക്ക
ളൊക്കയും തന്നു സന്തഅന്തൊണി എന്ന ഈ എടത്തിൽതന്നെ
പാൎപ്പിക്കത്തക്കവണ്ണം ബ്രന്ദാമ്മിനൊടു മനിഷ്ഷം കല്പിക്കയും
ചെയ്തതിന്റെ ശെഷം ഞങ്ങൾ അവിടെനിന്നു പുറപ്പെട്ടു സന്തഅ
ന്തൊണി എന്ന ഭവനത്തിങ്കൽ വന്നു. പ്രൊപ്പഗാന്ദായിൽ ചെ
ന്നാറെ ഉണ്ടായ അവസ്ഥയും രാജസഹായംപ്രത്തുക്കാലിൽനിന്നു
വന്നില്ലാ എങ്കിൽ കാൎയ്യമൊന്നും വെണ്ടുംവണ്ണം വരുവാൻ പരാ
ധീനമാകുന്നതിനെക്കൊണ്ടു മാർതൊമ്മാമെത്രാന്റെ കാൎയ്യത്തി
ന്നും ശെഷം വെണ്ടുന്ന അവസ്ഥകൾക്കും രാജസഹായം എത്രയും
നിമിഷം അയപ്പാൻ ഒട്ടും ഉപെക്ഷ കൂടാതെ ശ്രമിക്കണമെന്നു
പാതിരി കയെത്താനൊസിന്നും വിഷ്ക്കൊന്തിക്കും യൊക്കിം
വെയെസ എന്ന പാതിരിക്കും അറിയത്തക്കവണ്ണം മല്പാനും ബ്ര
ന്ദാമ്മും ലിസ്ബൊആയിക്ക എഴുതി അയക്കയും ചെയ്തു.

ആയതൊക്കയും കഴിഞ്ഞതിന്റെ ശെഷം റൊമായിൽ ഉള്ള
മറ്റു പള്ളികളിലും ഞങ്ങൾ കുർവാന ചൊല്ലുവാനുള്ളതിന്നു അ
നുവാദം വാങ്ങുവാനുള്ള കാൎയ്യത്തിന്നു മുൻസിഞ്ഞൊർ ബൊർ
ജ്യായുമായിട്ടു പിറ്റെ ദിവസം ഉച്ചതിരിഞ്ഞു ഏറക്കുറെ നാലുമ
ണിനെരത്തു ഞങ്ങൾ രണ്ടുപെരും ബ്രന്ദാം എന്ന പട്ടക്കാരനുംകൂ
ടെ വീണ്ടു പ്രൊപ്പഗാന്ദായിൽ ചെന്നപ്പൊൾ ഈ പുസ്തക
ത്തിന്റെ മുപ്പത്തൊന്നാം പദത്തിൽ ചൊല്ലിയിരിക്കുന്നപൊലെ
അവിടെ പഠിപ്പിപ്പാനാക്കിയിരിക്കുന്ന കയെത്താനൊസുപാ
തിരിയുടെ മകനും ഞങ്ങളെ വന്നു കണ്ടു. തന്റെ അപ്പൻ കയെ
ത്താനൊസുപാതിരിയുടെ അവസ്ഥ ഒക്കയും ചൊദിച്ചു ഞ
ങ്ങൾ പ്രത്തുക്കാലിൽചെന്നപ്രകാരം മുൻസിഞ്ഞൊർ ബൊർജ്യ
യൊടറിയിച്ചാറെ അവനുണ്ടായ സങ്കടം ഞങ്ങളൊടു പറഞ്ഞു
കെൾപ്പിക്കയും ചെയ്തു. ഇതിന്റെശെഷം കുർവാന ചൊല്ലുവാൻ
അനുവാദം വാങ്ങുവാനുള്ള കാൎയ്യത്തിന്മെൽ മുൻസിഞ്ഞൊറുമാ
യിട്ടു പറഞ്ഞാറെ ഉടൻതന്നെ ഇദ്ദെഹം കർദിനാൾവികാരിയുടെ
പക്കൽ ആളയച്ചു അനുവാദം വാങ്ങി ഞങ്ങൾക്കു തരികയും ചെ
യ്തതിന്റെ ശെഷം അന്നെക്കു മൂന്നാംപക്കം വരുന്ന മ്ഗ്ദുശരാജാ
ക്കളുടെ പെരുനാൾക്കു കഴിഞ്ഞുവരുന്നപൊലെ പ്രൊപ്പഗാന്ദാ
യിൽ പെരുനാൾ ഘൊഷവും വരത്തരമെത്രാന്മാൎക്കു വിരുന്നും ഉ
ണ്ടായിരിക്കുന്നതൊഴിയെ അവിടെ പഠിക്കുന്ന സിമ്മാരിക്കാറരു
എല്ലാവരും തങ്ങൾ തങ്ങളുടെ പെച്ചിൽ പടാത്ത പറകയും ആ
യതു കെൾപ്പാൻ കർദിനാളന്മാരിൽ ചിലരു വരുവാൻ മൎയ്യാദി
ആയിരിക്കയും ചെയ്യുന്നതിനെക്കൊണ്ടു ആ പെരുനാൾ ഘൊഷ
ത്തിന്നവിടെ മെശ കഴിവാനായിട്ടു ഞങ്ങളുംകൂടെ അവിടെക്കു
ചെല്ലണമെന്നു മുൻസിഞ്ഞൊർ പറഞ്ഞു. ഞങ്ങളെക്കൂടെ മുൻസി
ഞ്ഞൊർ മെശക്കു വിളിച്ചാറെ ഞങ്ങളും ബ്രന്ദാമ്മും വെണ്ടുവൊ



ളും കഴിവു പറഞ്ഞാറെയും മുൻസിഞ്ഞൊർ മുട്ടിച്ചുപറകകൊണ്ടു
ഞങ്ങൾ ആയതു കൈക്കൊണ്ടെങ്കിലും പിന്നെയും ഞങ്ങൾ അ
വിടെക്കു ചെല്ലുമൊ ഇല്ലയൊ എന്നു മുൻസിഞ്ഞൊറിന്നുള്ള സം
ശയം തീരായ്കകൊണ്ടു പിറ്റെ ദിവസംതന്നെ താൻ ഞങ്ങൾ
വസിക്കുന്ന സന്തഅന്തൊണി എന്ന ഭവനത്തുകൂടെ വഴി കടക്കു
ന്നപ്പൊൾ ഞങ്ങളെ അവിടെക്കു കാണായ്കകൊണ്ടു രണ്ടു കുർ
വാനതക്സായും രണ്ടു ക്രമങ്ങളുടെ പുസ്തകവും നാലു ഓത്തിന്റെ
അൎത്ഥവും അവിടെ കൊണ്ടുവന്നു ഞങ്ങൾക്കു തരത്തക്കവണ്ണം അ
വിടെയുള്ള ആളുകളുടെ പറ്റിൽ കൊടുത്തും വച്ചു വീണ്ടും പെരു
നാളിന്നു ഞങ്ങളെ വിളിക്കയും ചെയ്തു.

എന്നാറെ ഞങ്ങളും ഇത്ര സാദ്ധ്യമായിട്ടു അപെക്ഷിച്ച കാ
ൎയ്യത്തിൽ മുൻസിഞ്ഞൊറിന്നു ക്ലെശം വരുത്താതെ ഇരിപ്പാൻ
മുൻസിഞ്ഞൊർ പറഞ്ഞപൊലെ പെരുനാൾദിവസം കാലത്തു
ഞങ്ങൾ കുർവാന ചൊല്ലുന്നതിന്നു മുൻപിൽ പ്രൊപ്പഗാന്ദായിൽ
ചെന്നാറെ നമ്മുടെ വാലിഭക്കാറരു രണ്ടു പെരെയും സിമ്മാരിക്കാ
രെപൊലെ ഉടുപ്പിച്ചതിന്റെശെഷം വെണം മല്പാൻ കുർവാന
ചൊല്ലുവാൻ എന്നു മുൻസിഞ്ഞൊർ പറഞ്ഞയച്ചതിനെക്കൊണ്ടു
മല്പാൻ കുർവാന ചൊല്ലുവാൻ താമസിച്ചതിനാംപക്കം ഈ ഇട
ക്കു ഞാൻ കുർവാനക്കു കരെറിയാറെ അവിടെ പഠിച്ചുനില്ക്കുന്ന
കൽദായക്കാറരുടെ പാത്രിയർക്കായുടെ മരുമകൻ ആഗ്ഗുസ്തിനൊ
സു വന്നു ഞാൻ ചൊല്ലിയ കുർവാന കണ്ടതിനെക്കൊണ്ടു കുർ
വാന കഴിഞ്ഞതിന്റെ ശെഷം അവരുടെ നാട്ടിൽ ചൊല്ലുന്ന കുർ
വാന ഇപ്രകാരംതന്നെ ആകുന്നൊ എന്നും ഇക്കുപ്പായങ്ങൾ ഇട്ടു
അവിടെയും ചൊല്ലുമാറാകുന്നൊ എന്നുംഅയാളൊടു ഞാൻ ചൊ
ദിച്ചാറെ കുർവാനയുടെ ക്രമങ്ങളൊക്കയും ഇപ്രകാരംതന്നെ ആകു
ന്നു. വിശെഷിച്ചും സാമാന്യമുള്ള കുർവാനയിൽ ഈ നമസ്കാര
ങ്ങളിൽ ചിലതു ഇട്ടുകളയുമാറാകുന്നു എന്നു എന്നൊടു പറകയും
ചെയ്തതുമൊഴിയെ താഴത്തു എഴുതുന്നപൊലെ നെടുനാൾ പ്രൊപ്പ
ഗാന്ദായിൽ ഞങ്ങൾ വസിക്കുന്ന നെരത്തു അയാളുടെ പറ്റിലുള്ള
നമസ്കാരപുസ്തകം കാൺകയും ഒരു ദിവസം അയാളും ഞാനുമായി
കൂടി നമസ്കരിക്കയും ചെയ്തതിനാൽ കൽദായക്കാറരു സുറിയാനി
ക്കാറരുടെ ക്രമമൊക്കയും ഒട്ടും ഒരു ഭെദം കൂടാതെ നമ്മുടെ മല
ങ്കരെ നടന്നുവരുന്ന ക്രമംതന്നെ ആകുന്നു എന്നു നല്ലവണ്ണം ഞാൻ
ബൊധിക്കയും ചെയ്തു.

ഇങ്ങനെ എന്റെ കുർവാന കഴിഞ്ഞതിന്റെ ശെഷം എട്ടു
എററിയെ ഒൻപത മണി നെരത്തു മുൻസിഞ്ഞൊർ പള്ളിയിൽ
വന്നു മൎയ്യാദയായിരിക്കുന്ന ക്രമങ്ങളൊടും നമസ്കാരങ്ങളൊടും
കൂടെ നമ്മുടെ വാലിഭക്കാറരു രണ്ടു പെരെയും അവിടെയുള്ള സി
മ്മാരിക്കാറരു ഉടുക്കുന്ന വിധത്തിൽ ഉടുപ്പിച്ചതിന്റെശെഷം മ

www.malankaralibrary.com

ല്പാൻ കുർവാനക്കു കരെറുകയും ഇവർ രണ്ടു പെരും കുർവാനക്കു കൂടുകയും ചെയ്യുന്നപ്പൊൾ മുൻസിഞ്ഞൊറും ശെഷം അവിടെ പഠിക്കുന്ന സിമ്മാരിക്കാറരും മല്പാന്റെ കുർവാന കാൺകയും ചെയ്തതിന്റെ ശെഷം ഈ പെരുനാൾക്കുകൂടെ വന്നിരുന്ന യാക്കൊവായക്കാറരു ഇതായത്തു ഉറഹായ സുറിയാനിക്കാറരു അന്നത്തെ പെരുനാൾ ദിവസത്തിൽ തപസ്സു കുർവാന ചൊല്ലുകയും ചെയ്തു.

എന്നാൽ ഇവർ നമ്മുടെ ഇവിടെ യാക്കൊവായക്കാറരു പട്ടക്കാറരെപ്പൊലെ കാപ്പയും കഴുത്തുറാലയും കൈഉറകളുമിട്ടുചൊല്ലുന്നതുമൊഴിയെ കുർവാനയുടെ അടവുകളും മൊഴികളും കുർവാന ഒക്കയും യാക്കൊവായക്കാറരുടെതു പൊലെതന്നെയാകുന്നു. ആയതിൽ ഉണ്ടായിരിക്കുന്നെ ശുദ്ധമാനവിശ്വാസത്തിന്നു വിപരീതമായ വസ്തുക്കൾമാത്രമെ മാററിയിട്ടുള്ളു. വിശെഷിച്ചും യാക്കൊവായക്കാറരായിരുന്ന തങ്ങളുടെ ക്രമത്തിലുള്ള കുർവാന പാരം നീളമുള്ളതായിരിക്കകൊണ്ടു ഞങ്ങൾ അവിടെ കണ്ട പട്ടക്കാറരു രണ്ടുപെരും സാമാന്യമായി കുർവാന ചൊല്ലുമ്പൊൾ കുർവാനക്കു പള്ളിയിൽ പുറപ്പെടുന്നതിന്നു മുൻപിൽ ചമയപ്പുരയിൽവച്ചു ചൊല്ലുവാൻ മര്യാദിയായിരിക്കുന്നെ പലപല നമസ്കാരങ്ങൾ ഇട്ടുകളഞ്ഞത്രെ ചൊല്ലുന്നതും. അപ്പൊഴൊ ഇങ്ങനെ എല്ലാവരുടെയും കുർവാന കഴിഞ്ഞതിന്റെശെഷം ഭക്ഷണത്തിന്നു കാലമായപ്പൊൾ അവിടെക്കു വിരുന്നു വിളിച്ചിട്ടുണ്ടായിരുന്ന കിഴക്കിനടുത്ത പല മെത്രാന്മാരും കൂടെ അവിടെക്കു വന്നിട്ടുണ്ടായിരുന്നു. അതായത്തു അർമ്മെന്യാക്കാറരു രണ്ടു മെത്രാന്മാരും ഇടത്തുട്ടിൽനിന്നു തിരിഞ്ഞു ശുദ്ധമാന വിശ്വാസം കൈക്കൊണ്ട മെസ്രായെക്കാറരു രണ്ടു മെത്രാന്മാരും ലെവിനാന്റെ മലയിൽനിന്നു വന്ന മാറൊനിത്താക്കാരൻ ഒരു മെത്രാനും മററു പല പട്ടക്കാറരും ഉണ്ടായിരുന്നാറെ ഭക്ഷണത്തിന്നു ആസ്ഥമായിരിക്കുന്ന ഇടത്തു ചെന്നാറെ മെത്രാന്മാരുകഴിഞ്ഞതിന്റെ ശെഷം മെശയിൽ തലപ്പെട്ട ഇടം ഞങ്ങൾക്കു തന്നു ഞങ്ങളെ ബഹുമാനിക്കയും ചെയ്തു.

ഇതിന്റെ ശെഷം നെരം വൈകുവൊളം അവിടെ എല്ലാവരുമായി സന്തൊഷിച്ചതിന്റെ ശെഷം ഞങ്ങൾ വസിക്കുന്ന പറങ്കിമാരുടെ ഭവനത്തിന്നു പൊകയും ചെയ്തു.





# നാൽപത്തിയെഴാം പദം

സന്തഅന്തൊണി എന്ന വീട്ടിൽ പാർക്കുന്ന നെരത്തു ഉണ്ടായ അവസ്ഥമെല്ലാം അവിടെനിന്നു പ്രൊപ്പഗാന്ദായിൽ വസിപ്പാൻ പൊയതിനെല്ലാം

ഇങ്ങനെ സന്ത അന്തൊണി എന്ന ഈ വീട്ടിൽ പാർത്തിരിക്കുന്നപ്പൊൾ ഏററിയ കുളിർകാലമാകകൊണ്ടും അവിടെ ഞാൻ പാർത്തിരുന്ന മുറി താഴത്തു ആയിരുന്നതിനാൽ വളരെ തണുപ്പുണ്ടായിരിക്കകൊണ്ടും മററു ചില അവകാശങ്ങൾകൊണ്ടും നല്ലവണ്ണം ശരീരസ്വസ്ഥത ഉണ്ടായിരുന്നില്ല. എങ്കിലും പ്രത്യെകമായിട്ടു ഒരു ദീനം ഉണ്ടായിരുന്നതുമില്ലാ, വിശെഷിച്ചും ഈ ദിവസങ്ങളിൽ രണ്ടുനാലു വട്ടം കർദിനാളിനെ കണ്ടു പറവാനായിട്ടു മല്പാൻ പൊയാറെ മുൻപിൽ ഉണ്ടായപൊലെതന്നെ പാരം കഠിനമായിട്ടും പതഭാഗം ഒന്നും കൂടാതയും കഠിനമുണ്ടായെങ്കിലും ഒടുക്കത്തെ ഊഴം തനിക്കുണ്ടായിരുന്ന കൊട്ടക്രൂരത്തിന്നു സൊല്പൻ പതഭാഗം കാൺകയും ചെയ്തു.

ഇങ്ങനെ പതിനൊന്നനാൾ കഴിഞ്ഞതിന്റെ ശെഷം മുൻസിഞ്ഞൊർ ബൊർജ്യാ രഹസ്യമായിട്ടു ഒരാളയച്ചു താൻ ഞങ്ങളെപ്രതി കർദിനാളിനൊടപെക്ഷിച്ചു പ്രൊപ്പഗാന്ദായിൽതന്നെ നിങ്ങളെ കൈക്കൊള്ളുവാനുള്ളതിന്നു അനുവാദം വാങ്ങി എന്നും ആയത്തുകൊണ്ടു പ്രൊപ്പഗാന്ദായിൽ പാർക്കത്തക്കവണ്ണം ചെല്ലണമെന്നും ഈ അവസ്ഥ ബ്രന്ദാമ്മിനെ ബൊധിപ്പിക്കെണ്ടാ എന്നും ഞങ്ങളൊടു പറയിച്ചാറെ മുൻപിൽ പ്രൊപ്പഗാന്ദായിൽനിന്നു ഞങ്ങളെ ഉപെക്ഷിച്ചാറെ അനുഗ്രഹത്തൊടും സ്നെഹത്തൊടുംകൂടെ ഞങ്ങളെ തന്റെ ഭവനത്തു കൈക്കൊണ്ട ബ്രന്ദാമ്മിനെ ബൊധിപ്പിക്കാതെ അവിടെനിന്നു പൊകുവാൻ തെല്ലുപൊലും ജന്മാന്തരവും നന്ദിയും ഉള്ളവരുടെ പ്രവർത്തി അല്ലെന്നു കാൺകകൊണ്ടു പ്രൊപ്പഗാന്ദായിൽ പൊയി വസിക്കത്തക്കവണ്ണം മുൻസിഞ്ഞൊർ പറഞ്ഞയച്ച പ്രകാരം അയാളൊടു പറഞ്ഞാറെ ഇയാളും മല്പാനുംകൂടെ പ്രത്തുക്കാൽ രാജാവിന്റെ മനിഷ്ടത്തെ ഈ അവസ്ഥ ബൊധിപ്പിച്ചു ഇങ്ങനെ എല്ലാവരുടെയും അനുവാദത്താലെ പ്രൊപ്പഗാന്ദായിക്കു ചെന്നതിന്റെ ശെഷം മുൻസിഞ്ഞൊർ പുറവശാൽ വളരെ പ്രസാദം കാട്ടി ഞങ്ങളെ അവിടെ കൈക്കൊണ്ടു രണ്ടു മുറിയും തന്നു ഞങ്ങൾക്കു ദിഷ്ടതിയുള്ള വസ്തുക്കൾ ഒക്കയും ഒന്നിന്നും ഒരു കുറച്ചിൽ കൂടാതെ തരത്തക്കവണ്ണം അവിടത്തെ വീട്ടധികാരിയാകുന്ന പട്ടക്കാരനൊടു കല്പിക്കയും വീട്ടധികാരി തരികയും നല്ല ഉപവിയൊടും സ്നെഹത്തൊടുംകൂടെ കല്പിച്ചത്തു തികക്കയും ചെയ്തു.

www.malankaralibrary.com

## വിചാരം

ഈ ഉണ്ടായ അവസ്ഥമെൽ വിചാരിച്ചു കണ്ടാൽ മുൻസി
ഞ്ഞൊർ ഞങ്ങളെപ്രതി കർദിനാളിനെ ബൊധിപ്പിച്ചു ഞങ്ങ
ളെ പ്രൊപ്പഗാന്ദായിൽ വരുത്തി പാർപ്പിച്ചത്തു ഞങ്ങളുടെ മെലു
ള്ള സ്നെഹവും കരുണയും കൊണ്ടു എന്നല്ലാ പിന്നെയൊ താൻ
മഹാ ഉൾക്കള്ളവും കാര്യപൊരും ഉള്ള ആളായിരിക്കുന്നതിനാൽ
ഞങ്ങളെ പ്രൊപ്പഗാന്ദായിൽ കൈക്കൊള്ളാതെ കണ്ടു പുറത്തയ
ച്ചാറെയും ഞങ്ങളെ അവിടെ കൈക്കൊണ്ടു വെണ്ടുംവണ്ണം സ
ന്ധിപ്പാൻ ആളുകളുണ്ടായതിനാൽ ഈ പ്രകാരം ഞങ്ങളെ തൊ
ല്പിപ്പാൻ വശമല്ലെന്നു കാൺകകൊണ്ടും ഞങ്ങളെ പ്രത്തുക്കാ
ലിൽനിന്നു എഴുതി അയച്ചു അവിടെ വരുത്തിയതിന്റെ ശെഷം
കാര്യമൊന്നും കെൾക്കാതെ പുറത്താക്കിയത്തു പരഹസ്യമായി
അവിടെ അറിവും ഇരിപ്പും ഉള്ള ആളുകൾ കെൾക്കുമ്പൊൾ
പ്രൊപ്പഗാന്ദായിൽ ഉള്ള തലവന്മാരുടെ അന്യായത്തിന്മെലും
അപക്രിയമെലും പൊരായ്ക പറയും എന്നു അറികകൊണ്ടും
വിശെഷിച്ചും സന്തഅന്തൊണി എന്ന ഇടത്തിൽ ഞങ്ങൾ പാ
ൎത്താൽ ഞങ്ങൾ അവിടെ ചെയ്യുന്നത്തു ഒന്നും മുൻസിഞ്ഞൊറിന്നു
അറിവാൻ കൂടുകയില്ലാ എന്നാൽ പ്രൊപ്പഗാന്ദായിൽ ഞങ്ങളെ
വരുത്തി പാർപ്പിച്ചാൽ ഞങ്ങൾ ശ്രമിക്കുന്ന വഴി ഒക്കയും അറി
ഞ്ഞു ആയതിന്നു തക്ക ഉപദെശം ചെയ്വാൻ സംഗതി കൂടുമെ
ന്നു നിനക്കകൊണ്ടുമത്രെ ആകുന്നു എന്നു തൊന്നുന്നു.

അപ്പഴെ ഇങ്ങനെ ഞങ്ങൾ പ്രൊപ്പഗാന്ദായിൽ വസിപ്പാൻ
ചെന്നാറെ പിറ്റെ ദിവസം ഈ ചെയ്ത മനൊഗുണത്തെപ്രതി
കർദിനാളിന്റെ പക്കൽ ചെന്നു നന്ദി കാട്ടണമെന്നു പറഞ്ഞാറെ
ഞങ്ങൾ രണ്ടുപെരും കർദിനാളിന്റെ പക്കൽ ചെന്നപ്പൊൾ കർ
ദിനാൾ ഞങ്ങളെ കൈക്കൊണ്ടു വാലിഭക്കാറരെ സിമ്മാരിയിൽ
കൈക്കൊണ്ടത്തു യൊഗമയച്ചത്തുകൊണ്ടല്ലൊ പിന്നെയൊ താൻ
കൊണ്ടുവരികകൊണ്ടത്രെ ആകുന്നു എന്നും ഇത്തും മററു പല തണ
പ്പായ വചനങ്ങളും പറകയും ചെയ്തു.

വിശെഷിച്ചും ഞങ്ങൾ ചെന്ന കാര്യങ്ങൾക്കു വെണ്ടുംവണ്ണ
മുള്ള മൊഴികൾ ഒന്നും പറഞ്ഞില്ലാതാനും. ഞങ്ങൾ രണ്ടുപെരും
ദിവസംതൊറും കുർവാന ചൊല്ലുന്നതിന്നു ദാനധൎമ്മംപണം മുൻ
സിഞ്ഞൊർതന്നെ പറഞ്ഞു ഒപ്പിക്കയും ചെയ്തു. ഇങ്ങനെ അ
വിടെ പാൎത്തുവരുന്നപ്പൊൾ പലയുഴവും മല്പാൻതന്നെയും ഞാ
നും മല്പാനും കൂടെയും മുൻസിഞ്ഞൊറിന്റെ പക്കൽചെന്നു മാർ
തൊമ്മാമെത്രാന്റെ വിശ്വാസസത്യത്തിന്മെലും മററു നമ്മുടെ
പള്ളികൾക്കു ദിഷ്ടതിയുള്ള വസ്തുക്കളിന്മെലും നമ്മുടെ ഇടത്തുള്ള
മാർഗ്ഗമറിയിക്കുന്നവരുടെ അവസ്ഥമെലും ബൊധിക്കത്തക്കവ
ണ്ണം എത്രയും തെളിച്ചമുള്ള അവകാശങ്ങൾ കാട്ടി പറഞ്ഞാറെ
യും ബൊധിക്കാതെ നിങ്ങൾ പറയുന്നതൊക്കയും നെരാകുന്നു



എന്നു ഞങ്ങൾക്കു ബൊധിച്ചുകൂടാ എന്നു പ്രതിജ്ഞയായിട്ടു മുൻ
സിഞ്ഞൊർ പറകകൊണ്ടു മാർഗ്ഗമറിയിപ്പാനായിട്ടു ഞങ്ങളുടെ
ഇടത്തു വന്നതിൽ നാലു പാതിരിമാർ ഇപ്പൊൾ എറൊപ്പയിൽ
നിൽക്കുന്നുണ്ടു. അതായത്തു ഒരുത്തൻ ലിസ്ബൊ ആയിലും
മററൊരുത്തൻ ജനുവായിലും മററൊരുത്തൻ മില്ലാനിലും മററൊ
രുത്തൻ അല്ലെമാഞ്ഞാ നാട്ടിലും വസിച്ചിരിക്കുന്നുണ്ടു. അവ
രിൽ ഒരുത്തരെ എഴുതിഅയച്ചു വരുത്തിയാൽ അങ്ങെ മുമ്പാ
കെ വച്ചെങ്കിലും കർദിനാളിന്റെ മുമ്പാകെ എങ്കിലും മാർപ്പാ
പ്പാടെ മുമ്പാകെ എങ്കിലും എവിടെ തെളിഞ്ഞെന്നാൽ അവിടെ
വച്ചു ഞങ്ങൾ തമ്മിൽ പറഞ്ഞു കാണാം. അപ്പൊൾ ഞങ്ങൾ പ
റയുന്ന പട്ടാങ്ങ ബൊധിപ്പാൻ സംഗതി വരുമെന്നു മുൻസി
ഞ്ഞൊറിനൊടു പറഞ്ഞാറെ ആയതിന്നു ഒരുത്തരും പറയാതെ
തന്റെ ഹൃദയത്തിൽ ഇരിക്കുന്ന പക്ഷപ്രതിക്കു ചെരുന്ന ചപ്പിടാ
ച്ചികൾ കൊണ്ടു പെരുമാറുകയും ചെയ്തു.

വിശെഷിച്ചും ഇങ്ങനെ പലയുഴവും ഉണ്ടായ തർക്കങ്ങളിൽ
മാർതൊമ്മാമെത്രാനെ പഴെതിൽ വഴക്കിയാൽ മലങ്കരെയുള്ള
കുഴപ്പം തീരും എന്നത്തുകൊണ്ടു പിന്നെ വികാരി അപ്പസ്തൊലി
ക്കായിക്കു മലയാളത്തിൽ പാർപ്പാൻ ന്യായമുള്ള അവകാശമി
ല്ലാ എന്നത്തുകൊണ്ടും പ്രൊപ്പഗാന്ദായിക്കു മലങ്കരെയുള്ള മുഷ്ക്ക
രത്വം പൊകുന്നതിനാൽ മലങ്കരക്കാററു പ്രൊപ്പഗാന്ദാടെ അടി
മയിൽനിന്നു വാങ്ങി രക്ഷപ്പെടുമെന്നുള്ള പെടികൊണ്ടുമത്രെ
ഈ കാര്യത്തിന്നു ജഡത പറയുന്നു എന്നു നന്നായി ഞങ്ങൾക്കു
അറിവാനുള്ള രെഖ ഉണ്ടായത്തുമൊഴിയെ ഒരുഴം മല്പാനുമായി
ട്ടുണ്ടായ തർക്കത്തിൽ മുൻസിഞ്ഞൊറിന്നു ഉത്തരം മുട്ടിയപ്പൊൾ
ജാതിക്കാരിൽ മെത്രാൻ മലങ്കരെ ഉണ്ടായാൽ പിന്നെ ആർക്കു
അവിടെ വാഴുവാൻ കൂടുമെന്നു തിരിച്ചുതന്നെ മല്പാനൊടു പറക
യും ചെയ്തു.

അപ്പൊഴെ മാനുഷരുടെ ആത്മരക്ഷക്കും അത്രപിക്കടെത്ത
ഗുണത്തിന്നും ഉടയതമ്പുരാന്റെപുത്രൻ താൻ തന്നെ മാനുഷ
നായി പിറന്നു ആയത്തു അറിയിക്കയും തന്റെ മാണിക്കമായ
ചൊരയാലെയും കുരിശുമരണത്താലെയും ആയത്തു ഒപ്പു കുത്തുക
യും ചെയ്ത ശുദ്ധമാനമാർഗ്ഗം ആയതിനെ കാർപ്പാനും വർദ്ധിപ്പി
പ്പാനും ലൊകമെങ്ങും അറിയിപ്പാനും കടമായിരിക്കുന്ന ആളു
കൾ മാർ പൌലൊസ പറയുന്നപൊലെ ഈശൊമിശിഹായി
കുള്ളതല്ലാതെ തങ്ങൾ തങ്ങൾക്കുള്ളത്തു അനെഷിക്കുന്നതിനാൽ
തന്നിഷ്ടവും കാര്യലാഭവും നൊക്കി ആയതിന്നു ഹരവും നഷ്ടവും
വരുത്തുവാനത്രെ ശ്രമിക്കുന്നതിനാൽ നമ്മുടെ പള്ളികളുടെയും
ജനങ്ങളുടെയും ഒരിമ്പാടിന്നും ഉടെതമ്പുരാന്റെ സ്തുതിക്കും ആയി
ട്ടു ഞങ്ങൾ ആഗ്രഹിക്കുന്ന കാര്യങ്ങൾ വെണ്ടുംവണ്ണം സാധിച്ചു

www.malankaralibrary.com

വരുവാൻ ഈ വഴിക്കു വിഷമമാകുന്നു എന്നു ഞങ്ങൾ കണ്ടു. എങ്കിലും നമ്മുടെ ലൊകരുടെ ആഗ്രഹം തികപ്പാനും മാർ തൊമ്മാമെത്രാനൊടു പറഞ്ഞൊത്തതിന്നു നീക്കം വരുത്താതെ ഇരിപ്പാനും മെൽപറഞ്ഞ പ്രൊപ്പഗാന്ദായുടെ തലവൻ ഇക്കാര്യത്തിന്നു വിപരീതമാകുന്നു എന്നുവരികിലും കാര്യങ്ങളുടെ പരമാൎത്ഥം മാർപ്പാപ്പാ ബൊധിച്ചാൽ പക്ഷെ നല്ലവണ്ണം വരുവാൻ പൊരുമെന്നുള്ള ശരണംകൊണ്ടും മാർതൊമ്മാമെത്രാൻ തന്റെ കൈയ്യൊപ്പിട്ട വിശ്വാസസത്യവും ആയത്തു ലത്തീൻവാക്കിൽ പെർത്ത പെർപ്പും മലങ്കരെ പള്ളിക്കാററു മാർപ്പാപ്പക്കു എഴുതിയ കുറി ലത്തീനിൽ പെൎത്ത പെർപ്പും ആയതല്ലാതെ ഈ കാര്യത്തിന്മെലും നമ്മുടെ പള്ളിക്കു ദിഷ്ടതിയായ വസ്തുക്കളിന്മെലും ഉള്ള മററു രണ്ടു അപെക്ഷകളും കൂടെ നല്ലവണ്ണം എഴുതി ഒപ്പിച്ചു ആയതെല്ലാം ഒരു പുസ്തകത്തിലാക്കി നല്ലവണ്ണം കുത്തിച്ചു പൊന്നും സൊരാലിച്ചു മാർപ്പാപ്പാക്കു കൊടുപ്പാൻ വിദയം വരുത്തുകയും ചെയ്തു.

എന്നാൽ മാർ തൊമ്മാമെത്രാന്റെ വിശ്വാസസത്യത്തിന്റെയും മലങ്കരെ പള്ളിക്കാററു മാർപ്പാപ്പായിക്കു എഴുതിയ കുറിയുടെയും പെർപ്പുകൾ ഈ പുസ്തകത്തിന്റെ ൧൪-ാം (14) പദത്തിലും പതിനഞ്ചാം പദത്തിലും[1] എഴുത്തു പെട്ടിരിക്കുന്നതി

1 നഷ്ടപ്പെട്ടുപോയ അദ്ധ്യായങ്ങളാണിവ. മാത്തോമ്മായുടെ വിശ്വാസപ്രഖ്യാപനവും മാർപ്പാപ്പായ്ക്കുള്ള എഴുത്തും കീഴെ ചേർക്കുന്നു. (പ്രൊപ്പഗാന്താ തിരുസംഘത്തിലെ രേഖാഭണ്ഡാഗാരത്തിൽനിന്നു പരിഭാഷപ്പെടുത്തിയതാണ്)

ഞങ്ങളുടെ അധിനാഥനായ ആറാം പീയൂസ് മാർപ്പാപ്പായ്ക്കു:

പോർത്തുഗീസുകാർ കൊച്ചിക്കോട്ട പിടിച്ചടക്കുകയും അഖിലേന്ത്യയുടെയും പൗരസ്ത്യപ്രദേശങ്ങളുടെയും അദ്ധ്യക്ഷമെത്രാപ്പോലീത്താ അലെക്സിസ് ദെ മെനെസിസ് ഉദയമ്പേരൂരു സകല വിശുദ്ധരുടെ ദൈവാലയത്തിൽ വിളിച്ചുകൂട്ടിയ പ്രസിദ്ധ സൂനഹദോസിൽവച്ചു ഇന്ത്യൻ സഭയെ കത്തോലിക്കാസഭയുടെ ശരീരത്തിൽ ഏകവിശ്വാസത്തിൽ ഐക്യപ്പെടുത്തുകയും[1] ചെയ്തതിനുശേഷം ഈ ഏപ്പാക്കി കഴപ്പങ്ങളും കലാപങ്ങളും കൂടാതെ 53 വർഷം കഴിച്ചു. അനന്തരം പോർത്തുഗീസുകാർ ഞങ്ങളുടെ ജനങ്ങളുടെ നേർക്ക് അഴിച്ചുവിട്ട ബലവത്തരമായ മർദ്ദനവും ഈശോസഭാംഗമായ മോൺ ഫ്രാൻസിസ്സ് ഗാർസിയാ ഞങ്ങളുടെ പൂർവ്വപിതാക്കന്മാരോടു പ്രദർശിപ്പിച്ച നിന്ദയും നിമിത്തം എല്ലാവരും ശക്തിമത്തായ എതിർപ്പോടുകൂടെ 1653ൽ കൊച്ചി രാജ്യത്തിലുള്ള മട്ടാഞ്ചേരിപ്പള്ളിയിൽ സമ്മേളിച്ചു പോർത്തുഗീസുവർഗ്ഗത്തോടുള്ള വിധേയത്വത്തിൽനിന്നു പിന്മാറുകയാണെന്ന് ഏകയോഗമായി ധീരതയോടെ സത്യം ചെയ്തു ഒരു സഭ മാത്രം പരിശുദ്ധമായ അനുസരണയിൽ ഉറച്ചുനിന്നു; ശേഷം പേരെല്ലാം പരിശുദ്ധസഭയിൽനിന്നു അബദ്ധത്താൽ വേർപിരിഞ്ഞു് അതിൽനിന്ന് അകന്നുപോയി. ഇതു മാത്രമല്ല, ഇന്ത്യക്കാരുടെ ഇടയിൽ വളരെ പ്രസിദ്ധനായ ഇട്ടിത്തൊമ്മൻ കത്തനാർ ഏഴാം അലക്സാൻറർ മാർപ്പാപ്പായുടെ പിൻഗാമിയുടെ നാമത്തിൽ വ്യാജമായ ഒരു കത്തെ



നെക്കൊണ്ടു ആയതിനൊട്ടുകൂടെ പുസ്തകത്തിൽ ഒപ്പിച്ച രണ്ടു അപെക്ഷകൾ മാത്രം ഇവിടെ എഴുതുവാൻവെണ്ടിയിരിക്കുന്നു എന്നതുകൊണ്ടു ആയതിന്റെ പെർപ്പുകൾ ഇവിടെ എഴുതുന്നു. അതായത്തു

## മുമ്പിലത്തെ അപെക്ഷയുടെ പെർപ്പു

Bme Padre,

Lo stato deplorabile di una parte del popolo malabarese nell 'India orientali prima ben stabilita nella vera religione poi nella meta' del precedente secolo vacillante a cagione della detestabili scissure e finalmente prevarecata affato con costitursi ancora da per se un ceceo duce, s'era reso percio all' altra porzione de fedeli non solo, ma a futta la chiesa il piu tenero ogetto dell' universale compazione, sin a tanto che venendo io espedito della Sacra Congregazione de propaganda fide per missionario apostolico in quell' afflicta regione e mia patria fussi quasi piciolo spregievole sapolino espicato dal monte santo si cui risiede la catedra di verita per distrugere il formidabile coloso, che formato di un misto di eresie ed errori riscoteva daquei miseri ingannati e venerazione ed omaggio.

ഴുതി. തോമ്മാ അർക്കദിയാക്കോനെ മെത്രാൻസ്ഥാനത്തേക്കു് ഉയർത്താൻ പന്ത്രണ്ടു പുരോഹിതരെ മാർപ്പാപ്പാ അനുവദിക്കുന്നുവെന്നതായിരുന്നു എഴുത്തിന്റെ ഉള്ളടക്കം. പ്രസിദ്ധനായ ഗീവർഗീസ് അർക്കദിയാക്കോന്റെ പിൻഗാമിയായി മലങ്കര മുഴുവന്റേയും അർക്കദിയാക്കോനായി 1654 ൽ പറമ്പിൽ മാർത്തോമ്മായെ പന്ത്രണ്ടു പുരോഹിതന്മാർ കൈവച്ചു മെത്രാൻ സ്ഥാനത്തേയ്ക്കു് ഉയർത്തി. മേല്പറഞ്ഞ എഴുത്തിന്റെ പേരിലാണ് അവർ അങ്ങനെ ചെയ്തത്. പന്ത്രണ്ടു പുരോഹിതന്മാർ കൈവച്ചു നിയമിച്ച മെത്രാനാണു വേർപിരിഞ്ഞുപോയ ജനങ്ങളെ ഇക്കാലമെല്ലാം ഭരിച്ചിരുന്നതു്. എന്റെ പിതാമഹനായ മാർത്തോമ്മായുടെ സഹോദരപുത്രനായ പറമ്പിൽ ചാണ്ടി കത്തനാരെ ഹീറോപ്പോലീസിന്റെ മെത്രാപ്പോലീത്താ പരിശുദ്ധമറിയത്തിന്റെ മാർ യൗസേപ്പു ശ്ലൈഹിക സിംഹാസനത്തിന്റെ അനുവാദത്തോടെ മെത്രാനായി വാഴിച്ചു. അങ്ങനെ ഇന്ത്യൻ ജനതയെ ഭരിച്ചിരുന്നതു രണ്ടുപേരാണ്: ശീശ്മക്കാരെ ഭരിച്ചിരുന്ന മാർത്തോമ്മായും സത്യവിശ്വാസികളെ ഭരിച്ചിരുന്ന മാർ അലെക്സാൻററും (ചാണ്ടി). അക്കാലത്താണ് ഗ്രിഗോറിയോസ്, അന്ത്രയോസ്, ബസീലിയോസ്, യോഹന്നാൻ എന്നീ യാക്കോബായരെ അന്തിയോക്യാ പാത്രിയർക്കാ അയച്ചത്. എന്റെ പിതാമഹൻ അവരുടെ വിശ്വാസ,

www.malankaralibrary.com

In fatti invigorato dalla fede, che succhia con latte, e della sana dotrina insignata mi per anni 11 in questo V. collegio Urb. ho impiegato tutti li possibili sforsi nel coltivare la vigna a me inp.. ghi affidata, e nel distendere altresi il regno del mio Signore coli.. converssione eziamdio d' alcuni personaggi assai respectabili/ .. natale e per cognizione··· quindi luogo a maggior conquiste ed ···· piu lena ad intraprendarle congrande ilarita del mio ···efidato nella destra di Dio ogni potente il quale sa ben prevalersi de debboli per abbatere tal volta iforti, accetai volo··· la commissione da me da quel vicario Apostolico d' avocarnni con Arcivescovo Nestoriano o vero Jacobita nominato Mar Thoma insigne corrifeo d' innumerabili sequaci e tutto sono adoperato con tale felicita che dopo var le con ferenze verbali edi alcune mie confutazioni per scrito viddi triomfare in esso la grazia onde potei in brieve resportare al prelato commitente la lieta notizia dell' importantissima vittoria colla supplica insieme di volerbo a mett ere come conveniva alla cattolica communione.

Questa communione pero, Sme Padre, piu e piu volte essendo stata negata per opera sol ta-

സ്വീകരിച്ചെങ്കിലും അവരിൽനിന്ന കൈവപ്പ് സ്വീകരിച്ചില്ല; പന്ത്രണ്ടു പുരോഹിതരുടെ കൈവപ്പുകൊണ്ടുതന്നെ തുടർന്നു. മരണം സമീപിക്കാറായപ്പോൾ ഒരു സഹോദരീപുത്രനെ പറമ്പിൽ മാർത്തോമ്മാ രണ്ടാമനായി തെരഞ്ഞെടുത്തു. അങ്ങനെ മെത്രാൻ ഭരണാധികാരം കൈമാറി എന്റെ അടുക്കലെത്തി. എന്റെ പിതാമഹനായ പറമ്പിൽ മാർത്തോമ്മാ മൂന്നാമൻ കൊടുങ്ങല്ലൂരു മെത്രാപ്പോലീത്താമോൺ. ആന്റണി പിമെന്റാലിനോടും ലെമിസ്സിന്റെ (ലിമീറാ) മെത്രാനും ഇന്ത്യയുടെ വികാരി അപ്പസ്തോലിക്കയുമായ മോൺ. ജോൺമേരിയോടും തന്നെ സഭയിലേക്ക സ്വീകരിക്കുവാൻ അപേക്ഷിച്ചുവെങ്കിലും അവർ അദ്ദേഹത്തെ സ്വീകരിച്ചില്ല. ഞാൻ എന്റെ പിതാമഹന്മാരുടെ സ്ഥാനത്ത് ആരോഹണം ചെയ്തപ്പോൾ ഇവിടെ വന്നിരുന്ന യാക്കോബായരിൽനിന്നും സത്യവിശ്വാസം സ്വീകരിച്ചിട്ടുള്ള പരിശുദ്ധ റോമാസഭയിലെ പുരോഹിതരിൽനിന്നും മനസ്സിലാക്കി, എനിക്ക പരിശുദ്ധമായ കൈവപ്പാകട്ടെ പൗരോഹിത്യമാകട്ടെ ഇല്ലെന്ന്, എന്റെ പുരോഗാമികളിൽനിന്ന ലഭിച്ചിട്ടുള്ള പൗരോഹിത്യം യഥാർത്ഥമല്ലെന്ന്. വിനയപൂർവ്വം ഞാൻ അവരെ വിശ്വസിച്ചു യാക്കോബായ മെത്രാപ്പോലീത്തയായ ഗ്രിഗോറിയോസിൽനിന്ന അസ്സപ്പാടു പട്ടം മുതൽ മെത്രാൻ പട്ടം വരെയുള്ള എല്ലാ പട്ടങ്ങളും വീണ്ടും

www.malankaralibrary.com

nto di quelli, che cercano da per tutto i propri vantaggi e non gli interessi di Christo e della chiesa fui constritto dall' insistenti preghiera del gia detto Mar Toma e da tutti gli capi della civili communita cattolicka di quella Diecesi ariprendere per la secunda volta si pericoloso viaggio non gia per rivendere la Romana magnificanza, ma solo per umiliare a piedi di Vna Bne la oclusa profezione di fede del primo scritta nell' iddioma caldaico col suo transunto lattino per maggior chiareza e supplemento del tradutore meno pratico eli communi voti delli secondi la di cui unanime deputazione parimente si esibiscae in due separati fogli colla traduzione dei medesimi, oltre le premurose instanze da doversi esporre all' augusta Regina Fma valevole protectrice di satta la respectiva Christianita.

Preso adunquel' oppotuno discesso del corpo superiore....missioni (giacche qualumque altro in vano sichiedeva–la raggione suddetta e fornitodi sufficiente provizione som strata dalle surriferite communita colla vendita ancora de sacri vasi, insieme col sace-

---

സ്വീകരിച്ചു. 1772 ജനുവരിയിൽ ഒരു ഞായറാഴ്ചദിവസം നിരണം പള്ളിയിൽവച്ചാണ് ഈ പട്ടങ്ങളൊക്കെ സ്വീകരിച്ചത്. ഞാൻ സ്വീകരിച്ചിട്ടുള്ള വിശ്വാസം സത്യമല്ലെന്നും വിശുദ്ധ റോമാസഭയുടെ വിശ്വാസംകൂടാതെ ആരും രക്ഷപ്പെടുകയില്ലെന്നും കത്തോലിക്കാസഭയിലെ വിജ്ഞരായ പുരോഹിതരിൽനിന്നും വിശുദ്ധഗ്രന്ഥങ്ങളിൽനിന്നും പരിശുദ്ധ സൂനഹദോസുകളിൽനിന്നും ഞാൻ മനസ്സിലാക്കി. അബദ്ധങ്ങളും മാലിന്യവും കൂടാതെ നിലനിന്നിട്ടുള്ളത് റോമാസഭയാണ്. സത്യവിശ്വാസത്തിലെ പുരോഹിതർവഴി കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താ മോൺ. സാൽവഡോർ ദോസ് റെയിസ്സിനോടും അരെയോപ്പോലീസിലെ മെത്രാനും മലങ്കരയുടെയും കൊച്ചിയുടെയും വികാരി അപ്പസ്തോലിക്കയുമായ ഈശോയുടെ ഫ്ളോറെൻസിനോടും പല പ്രാവശ്യം ഞാൻ അപേക്ഷിച്ചു. എന്റെ ജനങ്ങളോടുകൂടെ എന്നെ കത്തോലിക്കാ സഭാശരീരത്തിലേക്കു ചേർക്കാനും ഞങ്ങളുടെ പൂർവ്വപിതാക്കന്മാരുടെ കാലംമുതൽ ഞങ്ങൾക്കു വന്നുചേർന്നിട്ടുള്ള മഹറോൻ ശിക്ഷയിൽനിന്ന് എന്നെ മോചിക്കാനും. ഇതു് അവർക്ക് സാധ്യമല്ലെങ്കിൽ എന്റെ അപേക്ഷ ശ്ലൈഹികസിംഹാസനത്തിലേക്ക് അയയ്ക്കാൻ ഞാൻ ആവശ്യപ്പെട്ടു. എന്നാൽ അവർ അതിനു മനസ്സാകാതെ അകന്നുനിന്നു. ഇക്കാരണത്താൽ ഞാൻ വളരെ പ്രാർത്ഥിച്ചു ഞങ്ങളുടെ വർഗ്ഗത്തിൽപ്പെട്ട ഫാദർ ജോസഫ് കരിയാററിയെ എന്റെ അടുക്കൽ വരുത്തി. അദ്ദേഹം റോമയിലുള്ള പ്രൊപ്പഗാൻഡാകോളേജിൽ പഠിച്ച ഒരു ഇന്ത്യൻ മിഷനറിയാണ്. വളരെ കണ്ണുനീരോടും ഹൃദയവേദന

www.malankaralibrary.com

rdote Tomasso Pareamakal parroco della chiesa di Kallate ed altri due sacerdoti deputati meco al medesimo effetto, fu da noi con summa cautella intra presa si fatta commizione accompagnati da 22 persone per il lungo camino de quatre interi mesi e scandandosi cosi altro assai piu breve, ma meno sicuro per non incontrare quei pericoli, che resero altre volte frustane (Non senza scandalo ed errore) altre simili spedizioni la onde riuscendo questa colla visibile divina benedizione dal porto di Madraste in quella costa due solidi quanti furono destinati, prendemmo alla fine' I imbarcoi verso I' europa per minorare I' espere che sarebbero altriment esorbita nti, e dopo il tragitto d' altri dieci mesi giungessmio in Lisbona, ove adempiuta prosperamente una parte della nostra deputazione presso quella religiosissima subrana e in suoi Regi minestri, per quella riguarda la diocesi di Cranganor fin da tre anni vacante, e li pecuniari sussibi che nei passati tempi della stessa corona erano somministratia suoi operari evangelici e confusi noi all' estremo dagli inesplicabili contrasegni di clemenza

---

യോടുംകൂടെ എന്റെ ഹൃദയം അദ്ദേഹത്തിന്റെ മുമ്പിൽ ഞാൻ തുറന്നു വച്ചു; എന്റെ ആത്മരക്ഷ അദ്ദേഹത്തിന്റെ കരങ്ങളിൽ ഞാൻ സമർപ്പിച്ചു. എന്റെ സങ്കടം കണ്ടിട്ട് അദ്ദേഹത്തിനു ദയതോന്നി. ദൃഢമായി അദ്ദേഹം എന്നോട് ഇങ്ങനെ വാഗ്ദാനം ചെയ്തു: ''ജെർമ്മനീസിയായുടെ മെത്രാനും ഇന്ത്യയിലെ വികാരി അപ്പസ്തോലിക്കയുമായ മോൺ. സെയിൽസിനോട് അങ്ങയെ തിരുസ്സഭയിൽ സ്വീകരിക്കാനും ആത്മീയസഹായങ്ങൾ തരാനും ഞാൻ അഭ്യർത്ഥിക്കാം. അങ്ങയെ സ്വീകരിക്കാൻ അദ്ദേഹത്തിനു മനസ്സില്ലെങ്കിൽ അങ്ങയുടെ കാര്യത്തിനുവേണ്ടി ഞാൻ വീണ്ടും റോമയിലേക്കു പോകാം. മാർഗ്ഗമദ്ധ്യേ മരണം വന്നേക്കുമെന്നു ശങ്കയുണ്ടായാലും ഈ അപേക്ഷ പരിശുദ്ധ പിതാവിന്റെ മുമ്പാകെ സമർപ്പിക്കാൻ ഞാൻ പരിശ്രമിക്കുന്നതാണ്; എന്തെന്നാൽ തിരുസ്സഭ അനുതാപിയെ തിരസ്ക്കരിച്ചതായി കേട്ടിട്ടില്ല '' അനന്തരം വിശ്വാസത്തിലുള്ള എന്റെ അബദ്ധത്തെപ്പററിയും എന്റെ അനുസരണയെപ്പററിയും മെത്രാനച്ചന് എഴുതി. ഇതു കേട്ടപ്പോൾ അദ്ദേഹം പരിഭ്രാന്തനായി, കോപം ഉജ്ജ്വലിച്ചു; എന്നെ സ്വീകരിക്കാൻ സന്നദ്ധതയില്ലെന്ന് അദ്ദേഹം പരസ്യമായി പ്രസ്താവിച്ചു. അതു ഗ്രഹിച്ച ഫാദർ ജോസഫ് കരിയാററി എന്റെ വിശ്വാസവും കീഴ്‌വഴക്കവും പ്രകാശിപ്പിച്ചു റോമാമാർപ്പാപ്പാക്കു് ഒരെഴുത്ത് അയയ്ക്കാൻ എന്നോടാവശ്യപ്പെട്ടു. ഇതുകേട്ടപ്പോൾ ഞാൻ സന്തുഷ്ടനായി. വി. പത്രോസിനെ കൊർണേലിയൂസിന്റെ അടുക്കലേയ്ക്കു് അയച്ചതുപോലെ ഫാദർ കരിയാററിയെ എന്റെ അടുക്കലേയ്ക്കു് അയച്ചു തന്നതിനു ദൈവത്തെ ഞാൻ സ്തുതിച്ചു. താമസംവിനാ എന്റെ

www.malankaralibrary.com

ed urbanita con sui siamo stati accolti dalle maesta medisime, non che da tutta la corte come fu ben noto a quello nunzio apostolico un solo momento ne pure abbiamo perduto nel proseguimento del nostro viaggio sin a questa fortunata capitale del mondo cattolico, ove finalmente arrivati dopo il lungo corso di 22 mesi e piu tra mille affari di tempeste, malatie, e travagli, punto non dubbitiamo venghino con pari benignita esaudite l'umili e ferventi suppliche che ora porgiamo.

Noi pertanto figli devoti del santissimo nostro communi Padre ed operari tutto che indegni del campo evangelico come deputati, che siamo da settanta due communita e chiese de fedeli del Malabare do rito caldaico umilmente prostrati a sug. piedi di Va Bne colli piu ardenti voti e propri e di tutti gli sudetti nostri nazionali la preghiamo che per un solemne triumfo di nostra santa e ortodosa religione voglia degnarsi qual Padre amoroso, ricevere tra le sue bracia un figlio che alla fine si raviddi e cerca con vere brame d' intrase a parte della communione Cattolica, cio' e' il convinto e persuaso Mar Toma gia fi-

---

വിശ്വാസവും കീഴ്വഴക്കവും പ്രദർശിപ്പിച്ച് ഈ അപേക്ഷ ഞാൻ എഴുതി. അത് അദ്ദേഹത്തിന്റെയും വൈദികരും സത്യവിശ്വാസികളായ അൽമേനികളും ഉൾപ്പെടുന്ന എട്ടു സുറിയാനിക്കാരുടെയും കരങ്ങളിൽ ഏല്പിച്ചിരിക്കയാണ്. സുരക്ഷിതത്വവും ഉറപ്പും പ്രമാണിച്ച് ഇവരെ അദ്ദേഹത്തിന്റെകൂടെ അയയ്ക്കുന്നു. അവർ എന്റെ കാര്യം ശ്ലൈഹികസിംഹാസനത്തെ അറിയിക്കുകയും പ്രൊപ്പഗാന്താതിരുസംഘത്തെ ബോധ്യപ്പെടുത്തുകയും ചെയ്യുമല്ലോ. എന്റെ ബലഹീനത അനുവദിക്കുന്നിടത്തോളം ഞാൻ സത്യംചെയ്തു പ്രസ്താവിക്കുന്നു. പരിശുദ്ധ റോമാസഭ വിശ്വസിക്കുന്ന സമസ്തവും അവയുടെ പൂർണ്ണവ്യാപ്തിയിൽ ഞാനും എന്റെ ജനങ്ങളും ആശ്ലേഷിക്കുകയും സംശയം കൂടാതെ സർവ്വശക്തികളോടെ ആത്മാർത്ഥമായി ഞങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു. പ്രധാനസംഗതികൾ ഞാൻ ഇവിടെ രേഖപ്പെടുത്തുന്നു: ''ഏകദൈവത്തിലും മൂന്നാളുകളിലും ഞാൻ വിശ്വസിക്കുന്നു. രണ്ടാമത്തെ ആൾക്കു മനുഷ്യസ്വഭാവവും ദൈവസ്വഭാവവും എന്നിങ്ങനെ രണ്ടു സ്വഭാവങ്ങളുണ്ട്. പരിശുദ്ധാത്മാവു പിതാവിൽനിന്നും പുത്രനിൽനിന്നും ഒരു യാഥാർത്ഥ്യത്തിൽനിന്നെന്നപോലെ പുറപ്പെടുന്നു. പിതാവ് ആരുടെയും സൃഷ്ടിയല്ല; പുത്രൻ യുഗങ്ങൾക്കുമുമ്പു പിതാവിൽനിന്നു ജനിച്ചവനാണ്; യഥാകാലം കന്യകാമറിയത്തിൽനിന്നു പരിശുദ്ധാത്മാവുവഴി മനുഷ്യാവതാരംചെയ്തു'' അതിനാൽ യഥാർത്ഥ ദൈവത്തിന്റെയും യഥാർത്ഥ മനുഷ്യന്റെയും അമ്മയാണ് മറിയം. നമ്മുടെ കർത്താവീശോമിശിഹാ നമുക്കുവേണ്ടി ക്രൂശിതനാ

www.malankaralibrary.com

glio ubbediente alla chiesa nella sua prima adolescenza caduto poi nella scisma quindi fattosi eretico Nestoriano Jacobita e finalmente professore non fin to, ma sincero diquella fede, che il distintivo de giusti e giogo suave d' ogni vero credente con conservarlo inoltre nella medesima episcopale dignita della chiesa e Diocesi di Nernam in virtu del caratere che nell' anno 1772 gli fu conferito dall' Arcivescovo Gregorio parimente eretico lacobita. Tanto piu' che una tal economia portarebbe seco la general coversione d' infinita di suditi che lo riconoscono per loro capo e sono pronti a seguire il d' lui esemplo.

Ne serva d' ostacolo alla seconda nostra preghiera l' artifiziosa circonvenzione con cui l' umana debboleza d' alcuni missionari di quelle partpretesse meter indubbio l' ordinazione dell' Arcivescovo Mar Toma valida in vero ed innegabile poicche oltre d' essere facileil comprendere s' intento acui tondeano e tutta via tendono si fatte opposizione il medesimo Mar Toma uomo per alto molto illustre per Nascita ed uno de piu considerabili magnati diquel Regno nell d' espo

---

കുകയും മരിക്കുകയും ഉയിർക്കുകയും ചെയ്തുവെന്നും മനുഷ്യരക്ഷകനാണെന്നും അവരുടെ യോഗ്യതകളനുസരിച്ച് അവിടുന്ന് എല്ലാ നല്ലദാനങ്ങളും നൽകുന്നുവെന്നും പുനരുത്ഥാനത്തിനുശേഷം അവിടുന്ന് എല്ലാവരേയും വിധിക്കാൻ വരുമെന്നും ഓരോരുത്തരുടെ പ്രവൃത്തികളനുസരിച്ചു പ്രതിഫലം നൽകുമെന്നും ഞാൻ വിശ്വസിക്കുന്നു. ശുദ്ധീകരണസ്ഥലത്തിലും ഞാൻ വിശ്വസിക്കുന്നു. മരിക്കുന്നവർക്കു പാപദോഷങ്ങളും സ്വന്തം കുററംകൂടാതെ കുമ്പസാരത്തിൽ വിട്ടുകളഞ്ഞ പാപങ്ങളുംമാത്രം ഉണ്ടായിരിക്കുകയാണെങ്കിൽ അവർ ശുദ്ധീകരസ്ഥലത്തിൽ പവിത്രീകരിക്കപ്പെടുന്നു. ചാവദോഷത്തോടെ മരിക്കുന്നവർ തൽക്ഷണം നരകത്തിൽ നിപതിക്കുന്നു. പാപംകൂടാതെ മരിക്കുകയും കർത്താവിൽ വിശ്രമിക്കുകയും ചെയ്യുന്നവർ സ്വർഗ്ഗത്തിലേക്കു് എടുക്കപ്പെടുന്നു. ഇവിടെ രേഖപ്പെടുത്തിയിട്ടുള്ളതിനു പുറമേ തിരുസ്സഭ എന്തെല്ലാം പഠിപ്പിക്കുന്നുണ്ടോ അവ രഹസ്യങ്ങൾ രഹസ്യങ്ങളായും വിശദസത്യങ്ങൾ വിശദമായും ഞാൻ വിശ്വസിക്കുന്നു. തിരുസ്സഭയുടെ പരിശുദ്ധ സത്യങ്ങൾക്കു വിരുദ്ധമായവയെല്ലാം സംശയംവിനാ ഞാൻ തള്ളിപ്പറയുന്നു. ഞാൻ അവ വെറുക്കുകയും ശപിക്കുകയും ചെയ്യുന്നു. വി. പത്രോസു ഭൂമിയിൽ കർത്താവിന്റെ വികാരിയും സാർവ്വത്രികസഭയുടെ തലവനും ഭരണാധികാരിയുമാണെന്നും അദ്ദേഹത്തിനുശേഷം റോമാശ്ലൈഹികസിംഹാസനത്തിൽ ഇരുന്നിട്ടുള്ളവർക്കെല്ലാം അതേ അധികാരം യാതൊരു കുറവും കൂടാതെയുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. പത്രോസിന്റെ പിൻഗാമിയാൽ വിധിക്കപ്പെടാനും

www.malankaralibrary.com

l' ingenua sua profezione di fede si pro testa d' esser stato realmente ordinati come anche da qui quando edove e noi labbiamo sentito confermare da molti suggeli raguardevoli quali furone presenti allad lui promozione dalla prima Tonsura sino all ordine episcopale, e questi ancora viventi.

Compreso ed esposto ne due accennati punti il grande e primario agetto della nostra deputazione da Vra. Bne. Pontifice Pio, e massimo che dal lunae celeste viene opportunamente illustrato e sa' mostrassi superiore alle cabbale della vile ambizione aspetiamo udirne gli oraculi adorabili, pronti sempre a renderla pienamente soddisfata in tutto quello vorra che da noi si risponda, e pieni del piu constante filial amore, a Nome anche del ravedutosi Mar Toma edi tutti gli amantissimi Cattolici Malabaresi chiediamo la paterna benedizione di Vra. Bne e prometiamo perpetua obbedienza alla Sa madre chiesa a alla Santita vostra che di essa e' il capo visibile ed a tutti li suoi legitimi successori.

---

അദ്ദേഹത്തെ അനുസരിക്കാനും ഞാൻ സദാ സന്നദ്ധനാണ്. മാർപ്പാപ്പായോടുകൂടെ സകല പാഷണ്ഡതകളേയും പാഷണ്ഡികളേയും സകല ശീശ്മകളേയും ശീശ്മക്കാരേയും ഡിയോസ്കോറോസ്സിനേയും എവുത്തിക്കെസ്സിനേയും ഇതരപാഷണ്ഡികളേയും ഞാൻ ശപിക്കുന്നു. പരിശുദ്ധമായ ത്രെന്തോസ് സൂനഹദോസു കല്പിക്കുന്നതെല്ലാം ഞാൻ സ്വീകരിക്കുകയും മുറുകെ പിടിക്കുകയും ചെയ്യുന്നു; സദാ അവ സ്വീകരിക്കാൻ ഞാൻ തയ്യാറാണ്. തിരുസ്സഭയിൽ എന്നെ ചേർക്കണമേയെന്നു ഞാൻ പരിശുദ്ധപിതാവിനോടു യാചിക്കുകയും അപേക്ഷിക്കുകയും ചെയ്യുന്നു. അതിൽ ഒരു പുത്രനായിരിക്കാനുള്ള യോഗ്യത എനിക്കില്ല. ഒരു ഭൃത്യനും ഇസ്രായേൽ ഭവനത്തിൽനിന്നു നഷ്ടപ്പെട്ടു പോയ ഒരാടുമായിട്ടു എന്നെ സ്വീകരിക്കുക. ഈ വിശ്വാസത്തിൽ ജീവിക്കാനും വേണ്ടിവന്നാൽ രക്തം ചിന്തി അതു പഠിപ്പിക്കാനും ഞാൻ ശക്തിപ്രാപിക്കട്ടെ. ദൈവം ഇതിന് എന്നെ സഹായിക്കുമാറാകട്ടെ.

1778 മാർച്ചുമാസം 12-ാംനു-നിരണത്തുനിന്ന് എഴുതിയതു്,
ഇന്ത്യയുടെ മെത്രാപ്പോലീത്താ, മാർ ദിവിന്യാസിയോസ്
മലങ്കരസഭയുടെ എഴുത്തു് (പടിയോല)

1. മാർത്തോമ്മാക്രിസ്ത്യാനികൾ കത്തോലിക്കാസഭയുമായി ഉദയംപേരൂർ സൂനഹദോസിൽ പുനരൈക്യപ്പെട്ടു എന്നു മാർത്തോമ്മാ പറയുന്നതു് വസ്തുനിഷ്ഠമായി ശരിയല്ല എന്ന് ആധുനികപഠനങ്ങൾ വ്യക്തമാക്കുന്നു. പുനരൈക്യം ആവശ്യമാകുമാറു് കത്തോലിക്കാസഭയിൽനിന്നു തെറ്റിപ്പിരിഞ്ഞുനിന്നവരല്ലല്ലോ മാർത്തോമ്മാക്രിസ്ത്യാനികൾ,

www.malankaralibrary.com

Giuseppe Cariati Dottore in Sa Theologia e missionario Apostolico specialmente deputato.

Tomasso Pareamakal parroco delle chiesa de Kallate Diocesi di Cranganor altrosimile deputato.

## മുൻപിലത്തെ അപെക്ഷയുടെ പൊരുൾ

ഭാഗ്യപ്പെട്ട ബാവായെ

കിഴക്കെ ഹൊന്ദൊവിൽ ഉൾപ്പെട്ട മലയാളത്തിലുള്ള ലൊകരു മുൻപിൽ പട്ടാങ്ങയായ മാർഗ്ഗത്തിൽ നല്ലവണ്ണം സ്ഥാപിക്കപ്പെട്ടിരുന്നാറെ ആയതിൽ ഒരു പങ്കു കഴിഞ്ഞ യുഗത്തിൻെറ മദ്ധ്യെ നിരാസിക്കപ്പെട്ട പിണക്കങ്ങളുടെ ഹെതുവാൽ പകപ്പിൽ അകപ്പെട്ടതുമൊഴിയെ ഒട്ടക്കം കുരുടനായ ഒരു പഥപാലനെ തങ്ങൾക്കു കൽപ്പിച്ചുകൊണ്ടു എല്ലാ പ്രകാരത്താലും അരണിക്കപ്പെട്ടതിനാംപക്കം എത്രയും ദുഃഖിപ്പാൻ തക്ക ഈ അവസ്ഥ കിടപ്പു ഈ ഇടത്തിലുള്ള മററെ പങ്കിന്നുതന്നെയല്ലാ പിന്നയൊ പള്ളി ഒക്കെക്കും തന്നെ ആകമാനമായ മനക്ലെശത്തിൻെറ എത്രയും നെണ്ണൽപെട്ട സാധനം ആയി ചമഞ്ഞതിൻെറശെഷം ഈ ദുരിതപ്പെട്ട രാജ്യമാകുന്ന എൻെറ നാട്ടിൽ ശ്ലീഹായിക്കടുത്ത മാർഗ്ഗമറിയിക്കുന്നവനായിട്ടു പ്രൊപ്പഗാന്ദാ ഫീദെ എന്ന സമൂഹം എന്നെ അയച്ചാറെ ഇടത്തുട്ടുകളും പിണക്കങ്ങളും കൂടെ ഒരുമിച്ചു കലർന്ന ഈ സാധനത്തിൽ നിന്നു വാർക്കപ്പെട്ട ആ പാവപ്പെട്ട തട്ടിപ്പിൽ അകപ്പെട്ട ജനങ്ങളിൽനിന്നു വന്ദനയും ആരാധനയും കൈക്കൊണ്ടുവരുന്ന ഭയങ്കരപ്പെട്ട മല്ലനെ തകർത്തി ഹരം വരുത്തുവാൻ ആയിട്ടു പട്ടാങ്ങയുടെ സിംഹാസനം അതിന്മെലിരിക്കുന്ന ശുദ്ധമാന മലയിൽ നിന്നു അടർന്നു വീണ മെനിക്ഷയപ്പെട്ട ചെറിയ കല്ലുപോലെ ഞാൻ ആയിവരികയും ചെയ്തു.

---

അഖില ക്രിസ്തുവരുടേയും ഏകതലവനായി നിയമിതനായിരിക്കുന്ന എത്രയും പരിശുദ്ധ മാർപ്പാപ്പയുടെ അറിവിന്നായി മലങ്കരക്കാർ ഒന്നുചേർന്ന് ഏകയോഗമായി എഴുതുന്ന കത്ത്. പരിശുദ്ധ പിതാവേ, ഞങ്ങളുടെ പൂർവ്വപിതാക്കന്മാർ ദൈവാനുഗ്രഹത്താൽ പരിശുദ്ധസഭയുടെ വിശ്വാസം സ്വീകരിച്ചശേഷം പലപ്രാവശ്യം അങ്ങയുടെ സിംഹാസനത്തിലേക്കു പല ആവലാതികൾ അയച്ചിട്ടുണ്ട്. അവയൊന്നും അങ്ങേക്കു ലഭിച്ചിട്ടില്ല, കാരണം, അവയ്ക്കൊന്നിനും മറുപടി സിദ്ധിച്ചിട്ടില്ല; പെരിയ ബ. കരിയാററിൽ മല്പാനൊഴികെ അവിടേക്ക് അയയ്ക്കപ്പെട്ടവരിലാരുംതന്നെ ഇവിടെ തിരിച്ചെത്തിയിട്ടില്ല. ആകയാൽ 1773-ൽ അങ്കമാലി പള്ളിയിൽ ഞങ്ങളൊരുമിച്ചുകൂടി തിരുസിംഹാസനത്തിൻെറ കല്പനപ്രകാരം ഇവിടെ എത്തിയിരുന്ന സന്ദർശകൻെറ മുമ്പിൽ ഞങ്ങളുടെ ആവലാതികൾ ഞങ്ങൾ സമർപ്പിച്ചു. ഞങ്ങളുടെ സങ്കടങ്ങൾ തിരുസിംഹാസനത്തെ അറിയിക്കുവാൻ അദ്ദേഹത്തോടു ഞങ്ങൾ അഭ്യർത്ഥിക്കുകയുണ്ടായി.



അപ്പൊഴൊ പാലൊട്ടുകൂടെ ഞാൻ കുടിച്ച ശുദ്ധമാന വിശ്വാസത്തിലും വന്ദിപ്പാൻ തക്ക ഉറുബാനൊസിനടുത്ത ഈ ശാസ്ത്രസത്മത്തിൽ പതിനൊന്നു ആണ്ടെത്തുകാലം എന്നെ പഠിപ്പിച്ച സ്വസ്ഥതയുള്ള പഠിത്വത്താലും ഞാൻ ശക്തിപെട്ടുകൊണ്ടു എന്നെ എത്രയും വിശ്വസിച്ച എൻെറ പററിൽ ഏൾപ്പിച്ച തൊപ്പിൽ വെല ചെയ്‌വാനും എൻെറ നാഥൻെറ രാജിതം വളർത്തുവാനും അശക്തി ഒക്കയുംകൊണ്ടും ആവിടത്തൊളം ക്ലെശിച്ചു തറവാട്ടുകൊണ്ടും അറിവുകൊണ്ടും പാരം ബഹുമാനപ്പെട്ട ചില ആളുകളെതന്നെയും പട്ടാങ്ങയായ വിശ്വാസത്തിന്നു തിരിപ്പിച്ചതുമെന്യെ പിന്നയും ഉടൻതന്നെ എൻെറ ശക്തിക്കു മീതെയുള്ള വലിയ നാടു അടക്കുവാനുള്ളതിന്നും എൻെറ ഹൃദയത്തിൻെറ വലിയ തെളിവൊട്ടുകൂടെയും ബലക്ഷെയപ്പെട്ടവരെകൊണ്ടു ചിലപ്പൊൾ ബലംപെട്ടവരെ മടക്കുവാൻ നല്ലവണ്ണം അറിഞ്ഞിരിക്കുന്ന സർവ്വത്തുംവശമാകുന്ന ഉടെതമ്പുരാൻെറ വലത്തെതിൽ ശരണപ്പെട്ടുകൊണ്ടും പുറപ്പെട്ട എണ്ണമില്ലാത്ത ജനങ്ങളുടെ മതി പൊരികെയുള്ള പ്രധാനിയാകുന്ന മാർതൊമ്മായെന്നു ചൊല്ലപ്പെട്ട യാക്കൊവായക്കാരൻ മെത്രാപ്പൊലീത്തായുമായിട്ടു ചെന്നുകണ്ടു പറവാൻ വികാരി അപ്പസ്തൊലിക്കാ എന്നൊടു കല്പിച്ചാറെ ഈ കാര്യം നല്ല മനസൊട്ടുകൂടെ ഞാൻ കൈക്കൊണ്ടതിൻെറ ശെഷം ആയതൊക്കയും എത്രയും ശുഭമായിട്ടു ഞാൻ കഴിച്ചുകൂട്ടുകയും ചെയ്തു.

അതെന്തെന്നാൽ വചനത്താലെ ഞങ്ങൾ തമ്മിൽ പലയുഴവും പറകയും എഴുത്താലെ ചില ഉത്തരങ്ങൾ കൊടുക്കയും ചെ

---

ഫലം നഹി. 1778-ൽ ഞങ്ങൾ വീണ്ടും ആലങ്ങാട്ടുപള്ളിയിൽ ഒരുമിച്ചുകൂടി സെയിൽസുമെത്രാനെയും പാതിരിമാരെയും സംബന്ധിച്ചുള്ള വിവരങ്ങൾ എഴുതി അയച്ചിരുന്നു. അതേ മെത്രാനച്ചനെത്തന്നെയാണ് ഞങ്ങളുടെ എഴുത്തു ഞങ്ങൾ ഏല്പിച്ചത്. അതു് എത്രയും ശ്രദ്ധയോടും ഉത്സാഹത്തോടും കൂടെയാണ് എഴുതിയിരുന്നതെങ്കിലും ആ എഴുത്തിനും, ഞങ്ങളുടെയല്ല, മെത്രാനച്ചൻേറതിനും, മറുപടിയൊന്നും ലഭിച്ചില്ല. ഇതു ഞങ്ങളെ എത്രയുമധികം വേദനപ്പെടുത്തി; ഇതുതന്നെയാണ ഞങ്ങളെ ഭരിക്കുന്ന മെത്രാനും, പാതിരിമാരും തമ്മിലുള്ള ശണ്ഠയ്ക്കു മാർഗ്ഗംതെളിച്ചത്. ആ മെത്രാനാൽ വഞ്ചിതരായ ഞങ്ങൾ ആ എഴുത്തിൽ ചില കാര്യങ്ങൾ സൂചിപ്പിച്ചിരുന്നു. അവയുടെ സത്യാവസ്ഥ ഞങ്ങളിൽനിന്നു മറച്ചുവച്ചിരിക്കയായിരുന്നു. എല്ലാം ആരോഗ്യപരമായ ഒരു പരീക്ഷണത്തിനു വിധേയമാകാൻവേണ്ടി മേല്പറഞ്ഞ സന്ദർശകനോട് കൽദായ സുറിയാനി അറിയാവുന്ന ഒരു മെത്രാനച്ചനെ ഞങ്ങൾക്ക് അയച്ചുതരാൻ ഞങ്ങൾ നിർബ്ബന്ധപൂർവ്വം ആവശ്യപ്പെട്ടിരുന്നു. ഇതും മേൽ വിവരിക്കാൻ പോകുന്ന മററ് ആവലാതികളും അങ്ങയെ ധരിപ്പിക്കാൻവേണ്ടി പഠനമൊക്കെ കഴിഞ്ഞു് ഇങ്ങോട്ടു മടങ്ങിയെത്തിയ പെ. ബ. കരിയാററി മല്പാനെയും മൂന്നു വൈദികരെയും രണ്ടു് അൽമേനികളെയും റോമയിൽ പഠിക്കാൻ രണ്ടു് വൈദികവിദ്യാർത്ഥികളെയും ഞങ്ങൾ അയയ്ക്കുകയാണ്,

www.malankaralibrary.com

സ്സതിന്റെ ശെഷം തമ്പുരാന്റെ നന്മ ഈ ആളിൽ പ്രകാശിക്കുന്നതു കണ്ടതിനാലെ എത്രയും ശ്രദ്ധിക്കപ്പെട്ട ഈ ജയത്തിന്റെ പ്രസാദമായ അറിയിപ്പു കാതൊലിക്കാക്കട്ടെത്ത ഐകമത്യത്തിന്നു ന്യായമായിരിക്കുന്നപൊലെ അയാളെ കൈക്കൊള്ളുവാനുള്ള അപെക്ഷയൊടുംകൂടെ ഒരുമിച്ചു മെൽപറഞ്ഞ കാൎയ്യം എന്നെ കയ്യാളിച്ചു വെദവാഴിയുടെ പക്കൽ വളരെ താമസം കൂടാതെ കൊണ്ടുവരുവാൻ സംഗതി വരികയും ചെയ്തു.

എന്നു വരുമ്പൊൾ ശുദ്ധമാന ബാവായെ! ഈ ഐകമത്യം ഈശൊ മിശിഹായുടെയും ശുദ്ധമാനപള്ളിയുടെയും കാൎയ്യം ഒന്നും ക്ലെശിക്കാതെ തങ്ങൾ തങ്ങൾക്കുള്ള കാൎയ്യലാഭങ്ങൾ മാത്രം എല്ലാ പ്രകാരത്താലും അന്വെഷിക്കുന്നവരുടെ പ്രയത്നത്താൽ പല പലയുഴവും മുടങ്ങപ്പെട്ടതിനാൽ മെൽപറഞ്ഞ മാർത്തൊമ്മാടെയും ആ ഇടവകയിലുള്ള കാതൊലിക്കാസമൂഹത്തിന്റെ തലപ്പെട്ടവരൊക്കയുടെയും സാദ്ധ്യമായ അപെക്ഷകളാലെ അത്രെ എത്രയും അപജയമുള്ള വഴിയാത്ര രണ്ടാംവട്ടം കഴിപ്പാൻ ഞാൻ കയ്യെറ്റു. എന്നാൽ റൊമാനഗരത്തിലുള്ള മഹിമകളെ കാൺമാനായിട്ടല്ലാ പിന്നെയൊ മെൽപറഞ്ഞ മെത്രാപ്പൊലീത്താടെ

---

അവിടെ എത്തി വാക്കാലോ എഴുത്താലോ അവർ ഞങ്ങളുടെ പേരിൽ അങ്ങേ സിംഹാസനത്തിങ്കൽ സമർപ്പിക്കുന്ന ആവലാതികളും അപേക്ഷകളും സ്വീകരിക്കാൻ അപ്രീതി തോന്നരുതേ. ഇതിനായിട്ടാണ് അവരെ അയച്ചിട്ടുള്ളതെന്നു ഞങ്ങൾ സാക്ഷ്യപ്പെടുത്തുകയും തുറന്നു പ്രഖ്യാപിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ ദാരിദ്ര്യവും ദൌർബ്ബല്യവും യാത്രാദൈർഘ്യവും പരിഗണിച്ചു ഞങ്ങൾ ഈദൃശകൃത്യം നിർവഹിക്കുന്നതിനു് അപര്യാപ്തരാണെന്നു കരുതുന്നുണ്ടായിരിക്കും. ദൈവാനുഗ്രഹത്താലും പരിശുദ്ധപിതാവിന്റെ യോഗ്യതകളാലും ഞങ്ങൾ വിജയിക്കുമെന്നു ഞങ്ങൾക്കുറപ്പുണ്ട്. സന്ദർഭോചിതമായ ഒരു പ്രതിവിധി ഉടനടി സ്വീകരിക്കുന്നില്ലെങ്കിൽ മേൽ വിവരിച്ചിട്ടുള്ള നാശങ്ങൾ ഞങ്ങളെ നിരാശയിലമർത്തും. ഞങ്ങളുടെ മർദ്ദനങ്ങളെയും വിഷമങ്ങളെയും ലഘൂകരിക്കുന്നതിനും ഞങ്ങളുടെ ജനങ്ങളുടെ ഐക്യത്തിനും ആത്മരക്ഷയ്ക്കും ദൈവമഹത്ത്വത്തിനും പര്യാപ്തമാകാനും, അങ്ങയുടെ നാമത്തെ ഭാവിതലമുറ വാഴ്ത്തുന്നതിനും ആവശ്യമായവ ഇവർക്കു ലഭിക്കുമെന്നു ദൈവത്തിൽ ഞങ്ങൾ ദൃഢമായി ശരണപ്പെടുന്നു. ഞങ്ങളെല്ലാവരും അങ്ങയുടെ തൃപ്പാദത്തിങ്കൽ സാഷ്ടാംഗം വീണു അവയെ ചുംബിക്കുകയും തിരുമേനിയോടു ശാശ്വതമായ അനുസരണവും കീഴ്‌വഴക്കവും വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. ഈ എഴുത്തിൽ എന്തെങ്കിലും തെറ്റുകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ ഞങ്ങളോടു ദയാപൂർവ്വം ക്ഷമിക്കണമെന്നു മുട്ടിന്മേൽനിന്നു ഞങ്ങൾ യാചിക്കുന്നു. 1778 ഏപ്രിൽ 25-ാം നു- അങ്കമാലിപള്ളിയിൽവെച്ചു എഴുതിയതാണിതു്.'' വടക്കൻ പ്രദേശങ്ങളിൽനിന്നു 55 പുരോഹിതർ ഈ ലേഖനത്തിൽ ഒപ്പുവെച്ചിട്ടുണ്ട്. ഇതുപോലെയുള്ള വേറൊരു ലേഖനത്തിൽ തെക്കൻ പ്രദേശത്തുനിന്നു 36 പുരോഹിതർ ഒപ്പിട്ടിരിക്കുന്നതായി കാണുന്നു. 72 സമൂഹങ്ങളിൽനിന്നുള്ള മുതിർന്ന പ്രതിനിധികളും രാജകീയോദ്യോഗസ്ഥരിൽ നാലു പ്രമുഖരും യോഗത്തിൽ പങ്കെടുത്തു.



വിശ്വാസ സത്യവും തഴക്കവും കുറഞ്ഞ ആൾ ആയതു പെത്തതിന്നു തികച്ചിൽ വരുത്തുവാനായിട്ടു ഏറ്റം വെളിച്ചമായിട്ടു ലത്തീൻവാക്കിൽ എഴുതി ഉണ്ടാക്കിയ ആയതിന്നുള്ള പെർപ്പും മലങ്കരെപള്ളിക്കാററു ഏകമനസായിട്ടു ഞങ്ങളെ കുറ്റുറത്തു യാത്രയാക്കിയ പ്രകാരം സാക്ഷിക്കുന്ന രണ്ടു ഓലയിൽ ആയിട്ടു എഴുത്തപെട്ട മെൽചൊല്ലിയ പള്ളിക്കാററുടെ കുറിയും ആയതു ലത്തീൻവാക്കിൽ പെത്തുണ്ടാക്കിയ പെർപ്പും അങ്ങെ ഭാഗ്യസ്ഥാനത്തിന്റെ തൃപ്പാദത്തിങ്കൽ വൈപ്പാനായിട്ടത്രെ ആകുന്നു.

ഇതുമെന്യെ മെൽപറഞ്ഞ നാട്ടിലുള്ള നസ്രാണിസുഖമൊക്കയുടെയും ബലംപെട്ട സഹായകാരത്തി ആകുന്ന എത്രയും മതിപൊരികയുള്ള പ്രത്തുക്കാൽ രാജസ്ത്രീയുടെ മുമ്പാകെ വെപ്പാനായിട്ടു പ്രത്യെകദിഷ്ടതിയുള്ള മററു അപെക്ഷകൾ കൂടയും ഉണ്ടായിരുന്നു.

അപ്പൊഴെ ആ ഇടവകയിലുള്ള മാർഗ്ഗമറിയിപ്പുകളുടെ മെൽപെട്ട ആളുകളിൻപക്കൽ ന്യായമാകുംവണ്ണം യാത്രപുറപ്പെടുവാൻ നിശ്ചയിച്ചാറെ വഴിച്ചെലവിനു വെണ്ടുന്നതൊക്കയും മെൽപറഞ്ഞ സമൂഹംതന്നെ തങ്ങളുടെ പള്ളികൾക്കുള്ള ശുദ്ധമാന പാത്രങ്ങൾപൊലും വിററു തന്നതിന്റെ ശെഷം ഇക്കാൎയ്യത്തിന്നുതന്നെ എന്നൊടുകൂടെ പൊരുവാൻ യൊഗം കുറ്റുറച്ചു കല്പിച്ചു കടൽനാട്ടു പള്ളിയുടെ വികാരി പാറയാംമാക്കൽ തൊമ്മൻകത്തനാരൊടും മററു രണ്ടു പട്ടക്കാററൊടുംകൂടെ ഒരുമിച്ചു വഴിയാത്ര പുറപ്പെട്ടു ൩൨ (32) ആളുകളൊടുകൂടെ കൂട്ടം കൂടി എത്രയും പാരം സൂക്ഷത്തൊടുകൂടെ ദീർഘമായ വഴി നാലുമാസം മുഴവൻ നടക്കയും ചെയ്തു.

വിശെഷിച്ചും എത്രയും പാരം എളുപ്പമായ മററു വഴി ഉണ്ടായിരുന്നാറെ മുൻപിൽ ഇതിന്മണ്ണം യാത്രയാക്കപ്പെട്ട ആളുകൾക്കു ഉണ്ടായ ഉതെപ്പും ഭയങ്കരവും നിറഞ്ഞ അപജയങ്ങളിൽ അകപ്പെടുവാൻ പൊരുമെന്നു ഭയപ്പെട്ടു ആയതു ഉപെക്ഷിച്ചുകളകയും ചെയ്തു. ഇതിന്റെ ശെഷം തമ്പുരാന്റെ കാണപ്പെട്ട വാഴ്വൊടുംകൂടെ ഒക്കയും ശുഭമായി അനുഭവിച്ചു പാണ്ടിനാട്ടിലുള്ള ചിന്നപട്ടണത്തിന്റെ തുറമുഖത്തിൽ വച്ചു മെൽപറഞ്ഞ കുറ്റുറക്കപ്പെട്ട ആളുകളിൽ വച്ചു രണ്ടു പെരുമാത്രം വഴിച്ചിലവു ചുരുക്കുവാനായിട്ടു കപ്പൽ കരെറി ഏറൊപ്പുക്കു തിരിക്കയും ചെയ്തു.

അതെന്തെന്നാൽ മററു ജാതി ആയാൽ വളരെ വളരെ ചിലവായി വന്നെനെ. ഇങ്ങനെയും മററും പത്തു മാസം കഴിഞ്ഞതിന്റെ ശെഷം ലിസ്‌ബൊആയിൽ പററിയാറെ നമ്മുടെ യൊഗം നമ്മെ കൈയാളിച്ചിരിക്കുന്നതിൽ ഒരു പങ്കു മൂവാണ്ടെതുകാലം മെത്രാൻ നഷ്ടമായിരിക്കുന്ന കൊടുങ്ങല്ലൂർ ഇടവകയുടെ

www.malankaralibrary.com

കാര്യത്തിന്മെലും കഴിഞ്ഞ കാലങ്ങളിൽ പ്രത്തുക്കാൽ രാജാക്കൾ മലങ്കരെ മാർഗ്ഗമറിയിക്കുന്നവൎക്ക കൊടുത്തുവരുവാൻ മര്യാദി ആയിരുന്ന പണത്തിനടുത്ത സഹായങ്ങളുടെ കാര്യത്തിന്മെലും എത്രയും ഭക്തിമയുള്ള പ്രത്തുക്കാൽ രാജസ്ത്രീയുടെയും തന്റെ സൎവ്വാധികാര്യക്കാരന്മാരുടെയും പക്കൽ അറിയിച്ചിരുന്നതിനെ കൊണ്ടു ആയതൊക്കയും ഭാഗ്യമായിട്ടു കഴിച്ചുകൂട്ടിയാറെ രാജസ്ത്രീയും തന്റെ മന്ത്രിമാരു ഒക്കയും ഞങ്ങളൊടു കാട്ടിയ പറഞ്ഞൊപ്പിപ്പാൻ വശമല്ലാത്ത മനൊഗുണത്തിന്റെയും ആചാരത്തിന്റെയും അടയാളങ്ങളൊക്കയും കണ്ടാറെ എത്രയും പാരം വിസ്മയം ഞങ്ങൾക്ക തൊന്നുകയും ചെയ്തു,

എന്നാൽ ഈ അവസ്ഥ ഒക്കയും പ്രത്തുക്കാലിൽ ഉള്ള അപ്പൊസ്തൊലിക്കാമനിഷ്ഠം വെണ്ടുംവണ്ണം ബൊധിച്ചും ഇരിക്കുന്നു. ഇതിന്റെ ശെഷം ഒരു നാഴികയും പാഴിൽ കളയാതെ കാതൊലിക്കാലൊകത്തിന്റെ തലയാകുന്ന ഭാഗ്യപ്പെട്ട ഈ ഇടത്തിന്നു യാത്ര പുറപ്പെട്ടു ഏറിയ ചൊഴലിക്കാറ്റുകളൊടും ദീനങ്ങളൊടും പ്രയത്നങ്ങളൊടുംകൂടെ ഇങ്ങനെ ഇരുപത്തിരണ്ടു മാസത്തിൽ പുറം ആയതിന്റെ ശെഷം ഒടുക്കം ഒരുവണ്ണം ഇവിടെക്ക വന്നു പറ്റിയതിനാംപക്കം ഇപ്പൊൾ ഞങ്ങൾ തരുന്ന എളിമപ്പെട്ടതും എരിവുള്ളതുമായ അപെക്ഷകൾ അതിൻവണ്ണമുള്ള മനൊഗുണത്തൊടും കൂടെ അങ്ങെ ശുദ്ധത കൈക്കൊള്ളുന്നതിന്മെൽ ഒട്ടും ഞങ്ങൾ സംശയിക്കുന്നുമില്ലാ,

എന്നു വരുമ്പൊൾ നമ്മുടെ ആകമാനമായ ബാവാടെ ഭക്തിമയുള്ള മക്കളും യൊഗ്യമില്ലാത്തവരു എന്നു വരികിലും ഏവൻഗെലിക്കടുത്ത പറമ്പിന്റെ വെലക്കാറരുമാകുന്ന ഞങ്ങൾ മലങ്കരെ കൽദായസുറിയാനി ക്രമത്തിലുള്ള വിശ്വാസകാറരായ എഴുപത്തിരണ്ടു പള്ളിക്കാറരിൽ നിന്നും യാത്രയാക്കപ്പെട്ട ആളുകൾ ഞങ്ങൾ ആകുന്നതിനാംപക്കം അങ്ങെ ഭാഗ്യത്തിന്റെ തൃപ്പാദത്തിങ്കൽ എളിമയൊടുകൂടെ സാഷ്ടാംഗമായി വീണു ഞങ്ങളുടെയും മെൽപറഞ്ഞ ഞങ്ങളുടെ ജാതിക്കാറരു ഒക്കയുടെയും പാരം എരിവുള്ള അപെക്ഷകളൊടും കൂടെ ഞങ്ങൾ അപെക്ഷിക്കുന്നു. ശുദ്ധമാകപ്പെട്ടതും സ്തുതി ചൊവ്വാകപ്പെട്ടതുമായ നമ്മുടെ വിശ്വാസത്തിന്റെ അലങ്കാരമായ ജയത്തൊടുംകൂടെ ഒടുക്കം വീണ്ടു തിരിഞ്ഞു പട്ടാങ്ങയായ കാതൊലിക്കായിക്കടുത്ത ഐകമത്യത്തിൽ കൂടുവാൻ അന്വെഷിക്കുന്ന മകനെ അതായതു പട്ടാങ്ങയായ വിശ്വാസത്തിന്മെൽ പറഞ്ഞു കണ്ടു ആയതു ബൊധിച്ച മാർ തൊമാനെ അനുഗ്രഹമുള്ള ബാവായെപൊലെ തന്റെ തൃക്കൈകളിൽ കൈക്കൊള്ളണമെ എന്നു. അപ്പൊഴെ ഇയാൾ മുൻപിൽ തന്റെ വാലിഭകാലത്തിൽ പള്ളിക്ക ചൊല്ലുവിളിയുള്ള പുത്രൻ ആയിരുന്നാറെ പിന്നെ പുത്തൻകൂറ്റിൽ അകപ്പെട്ടു





അവിടെനിന്നും ഇടത്തട്ടിൽ വീണ യാക്കൊബായക്കാരൻ ആയതിന്റെ ശെഷം ഒടുക്കം നെരിവാളരുടെ അടയാളവും പട്ടാങ്ങപ്പെട്ട വിശ്വാസികൾ ഒക്കെയുടെയും കനിവുള്ള ആഭരണവും ആകുന്ന വിശ്വാസം കട്ടിപ്പായിട്ടല്ലൊ പിന്നെയൊ പരമാൎത്ഥമായിട്ടു തന്നെ പട്ടാങ്ങ പറകയുംചെയ്തു.

വിശെഷിച്ചും ഇയാൾ അതിൻവണ്ണംതന്നെ ഇടത്തട്ടുകാരനായിരുന്ന യാക്കൊവായക്കാരൻ ഗ്രിഗൊറിയൊസ മെത്രാപ്പൊലീത്തായിൽനിന്നു ൧൭൭൨-ാം (1772) ആണ്ടിൽ മെത്രാൻസ്ഥാനം കൈക്കൊണ്ടതിനെക്കൊണ്ടു ഈ സ്ഥാനത്തിന്റെ ശക്തിയാൽ നെരണമെന്ന തന്റെ ഇടവകയിൽ മെത്രാൻസ്ഥാനം തനിക്കുതന്നെ കാർക്കണമെന്നും വീണ്ടും അപെക്ഷിക്കുന്നു.

അതെന്തെന്നാൽ ഇങ്ങനെ ചെയ്താൽ തന്റെ കീഴവഴങ്ങി തങ്ങടെ തലവനായിട്ടു സമ്മതിച്ചിരിക്കുന്ന ഏറിയ ജനങ്ങൾ തന്നൊടുകൂടെ പട്ടാങ്ങയായ വിശ്വാസത്തിന്നു വരുവാൻ സംഗതി വരികയും ചെയ്യും.

എന്നാൽ ആ ഭാഗത്തിലുള്ള ചില മാർഗ്ഗമറിയിക്കുന്നവരു തങ്ങടെ കയ്പവൃക്ഷവും ദുഷ്ടതയും കൊണ്ടു പട്ടാങ്ങയായിട്ടു വാസ്തവമുള്ളതും ആൎക്കും ഉപെക്ഷിച്ചു കൂടാത്തതുമായ മാർ തൊമ്മാമെത്രാന്റെ പട്ടസുഖത്തിന്നു സംശയം വരുത്തുവാൻ ശ്രമിക്കുന്നതിനെകൊണ്ടു ആയതൊന്നും ഈ നമ്മുടെ രണ്ടാമത്തെ അപെക്ഷക്ക വിഘ്നം വരുത്തായിവാൻ അവരു ഇങ്ങനെ ശ്രമിച്ചതിന്റെയും ഇപ്പൊളും ശ്രമിക്കുന്നതിന്റെയും അവകാശം എന്തെന്നു അറിവാൻ എത്രയും എളുപ്പമായിരിക്കുന്നൊരവസ്ഥ ആയിരിക്കുന്നതുമൊഴിയെ വലിയ തറവാടിയും ആ രാജ്യത്തിലുള്ള പെരിമപ്പെട്ടവരിൽ ഒരുത്തനുമാകുന്ന മാർ തൊമ്മാതന്നെ തന്റെ പരമാൎത്ഥമായ വിശ്വാസസത്യം ചെയ്യുന്ന നെരത്തിൽ പട്ടാങ്ങയായിട്ടു താൻ പട്ടസുഖം കൈക്കൊണ്ടു എന്നുള്ളതു സാക്ഷിക്കയും ചെയ്തു.

ഇതുമല്ലാതെ ആസ്തപ്പാടുതൊട്ടു മെത്രാൻസ്ഥാനത്തൊളും താൻ കൈക്കൊള്ളുന്ന നെരത്തു അവിടെക്കൂടെ ഉണ്ടായിരുന്ന വിശ്വസിപ്പാൻ തക്ക പലപല ആളുകളിൽനിന്നും എവിടെ വച്ചെന്നും എങ്ങനെ എന്നും എപ്പൊൾ എന്നും സൂക്ഷമായിട്ടു ഞങ്ങൾ അറികയും ചെയ്തു.

എന്നാൽ ഈ ആളുകൾ ഇപ്പളൊളും ജീവിച്ചിരിക്കയും ചെയ്യുന്നു. അപ്പൊഴെ ആകാശത്തിനടുത്ത വെളിവിൽനിന്നു സംഗതിപൊലെ വെളിവെ കൈക്കൊള്ളുന്നതിനാൽ എത്രയും പിടിയാത്ത നിഗളത്തിന്റെ തട്ടിപ്പുകളൊക്കയും ജയിപ്പാനറിയാകുന്ന ഭക്തിമയുള്ള പെരുമപ്പെട്ട എല്ലായിലും വലിയ മെൽപട്ട

www.malankaralibrary.com

ക്കാരാ അങ്ങെ ഭാഗ്യസ്ഥാനത്തിൻ പക്കൽ ഞങ്ങളെ യാത്രയാക്കിയിരിക്കുന്ന വലിയതും തലപ്പെട്ടതുമായ വിഷമമായിരിക്കുന്ന മെൽപറഞ്ഞ രണ്ടു കാര്യങ്ങളും തിരിച്ചുപറഞ്ഞു അറിയിച്ചതിന്റെ ശെഷം എങ്ങനെ ഞങ്ങൾ ഉത്തരിപ്പാൻ അങ്ങു തിരുമനസ്സാകുന്നെന്നാൽ ആയതു ഒക്കെക്കും തികച്ചിലായിട്ടു ചൊല്ലുവിളി കെൾപ്പാൻ ആസ്ഥമായിക്കൊണ്ടു വന്ദിക്കെണ്ടുന്ന അങ്ങെ കല്പനകളെ കെൾപ്പാൻ പാൎത്തിരിക്കുന്നതുമൊഴിയെ എത്രയും ഉറപ്പുള്ള മക്കൾക്കടുത്ത സ്നെഹത്താൽ പൂൎണ്ണതപെട്ടുംകൊണ്ടു മാർ തൊമ്മാമെത്രാന്റെയും മലങ്കരെയുള്ള സ്നെഹപ്പെട്ട നസ്രാണികളൊക്കയുടെയും നാമത്താൽക്കൂടെയും അങ്ങെ ബാവായിക്കടുത്ത വാഴ അപെക്ഷിക്കയും ശുദ്ധമാനപള്ളിക്കു ആയതിന്റെ കാണപ്പെട്ട തലവനാകുന്ന അങ്ങെ ശുദ്ധതക്കും അങ്ങെ ന്യായമുള്ള അനന്തരവര ഒക്കെക്കും എല്ലാപ്പൊഴും ചൊല്ലുവിളി പറഞ്ഞൊക്കയും ചെയ്യുന്നു.

ശുദ്ധമാന ദൈയ്‌വശാസ്ത്രത്തിൽ മല്പാനും പ്രത്യെകമായിട്ടു കല്പിച്ചയച്ചിരിക്കുന്ന ശ്ലീഹായിക്കടുത്ത മാൎഗ്ഗമറിയിക്കുന്നവനുമായ കരിയാററിൽ യൌസെപ്പ് കൊടുങ്ങല്ലൂർ ഇടവകയിൽ കടൽ നാട്ടുപള്ളിയുടെ വികാരിയാകുന്ന അതിൻവണ്ണംതന്നെ കല്പിച്ചയച്ചിരിക്കുന്ന പാറയാംമാക്കൽ തൊമ്മാസു.

## രണ്ടാമത്തെ അപെക്ഷയുടെ പെർപ്പ്

Bme Padre,

Li duo sacerdoti deputati da settenta edue, communita e chiesa de Fedeli Malabaresi di Rito Chaldaico nell, India Orientali oratori umilissimi della sta Via dopo averle esposta la professione di Fede del convertito Arcivescovo Mar Dionisio O Mar Toma, piu volgamen te nominato sperando dalle provide determinazioni di Vra Bne quanto li desidera in seguito d' una tale riconciliazione a maggior vantaggiodi quello popolo si fanno ora a proporre per parte della communita medesimi alcuni importantissimi articoli che formano I' altro argomento deilk querelle commemorate in succincto nelle lettere de deputazione la dicui copia siannete, eche danno percio motivo ad altre tante suppliche dagne tutte dell attenzione piu seria di Vra Bne.

www.malankaralibrary.com

1. Dopo d' esser si conquiatata alla fede gran partedel Malabro mediantelo zelo e sudori della prode Nazione Portugueza e' stabilito nel concilio celebri di Udiamber quanto si dovea credere cosservare riguardo al Dogma e sagri Riti comancora alla disciplina, e buon custume le turbolenze ivi eccitate di missionarii diquel tompo congiarono ben presto il convenuto sistema quindi Venendo surrogato in multi luogli altri operari eveangelici d' instituto diverso da primi sividdero anche introdurre varie innovazioni in puntodi Riti epie costumarze contro I' uso costante diquella chiesa e tolerare insieme degli abusi connon poche superstizioni che affatto ripugnano alla di lei santita, etroppo diffusa renderebbero la presente proposizione, le tutta qui si volesse distintamento riferrire lande fa vuopo, che il Nuovo Arcivescovo de Cranganor o ad altro prelato diquella parti sidiamo le necessarie istruzioni, e facolta diconvocare un sinodo provinciale per confermare quello sia lode vole econforme al concilio udiamperitano gia citato, e motto piwalla famosa Bolla delgran Potifice Benettetto quartodecimo concernente d Riti Malabaresi e proscrivere gli errori abusivamente introdotti o tollorati.

II Per toglier anche di mezo un altra sorgente di gravissimi scandali edassai pregindi cevoli consequenze siriconosce necessariissimo che la Sta Vra sidegni esortare con particolar lettera tuto quel popolo Cattolico a considerarsi membri di un solo corpo principalmente le Nazioni Osiano caste di Vatechenpaveri e sechenpaveri, cosi l' altre differenti caste associandosi tradiloro in carita e perfecta, edeponendo ogni vanto di Nobilita o altro pregio che quella distruge, o rafreda corre ancora a trattare colla stessa uguaglianza, o piu tosto con tutta la possibile accoglienza quelli che rinunziano algentilissmo per farsi aloro fratelli in Giesu Christo e non rigestarli con dispregio, e villanie per che furono primo Idoloatri essendo certo, che si fatta condotta impedisce la con-

www.malankaralibrary.com

versone di motti, echi larichiesa esortatoria compergendo via Nome del Pontefice Romano acui professano i Malabaresi indicibile venerazione non potra fare amenodi produrre il premeditato cambiamento.

III. Perassicurar maggiormente la meglior armonia tra le Nazioni sudette, faciliter altresi la vocazione de gentili, molto gioverebbe, che ne successivi tempi si in viapero a questo collegio U. de Propaganda fede sia dieci, Fanciulli delle diverse caste dei Cattolici, e proseliti. Impercio che non si puo dubbitare, che ritornando poi ben formati in dottrina, e presta abbiamo ad epsere piu utili degli odierni missionari, iquali adire il vero e conmodestia niente cooperano alla propagazione della fede, a sonoiprimi a fomentare le memorate dispenzioni.

IV. Ma siccome il divesato numero d'operarı non sarebbe sufficiente per un campo si vasto, e che sandera vie' piu' dilatando e' pertanto ineveitabile, che nell acennato sinodo provinciale sidia meglior istabilimento al seminario di Verapoli con deputare due sacerdoti Nazionali, che invigilane sull economia del medesimo, e sceliere un altro piu'commodo sito, e salutifero, onde seviti la ridicola, e capriciosa variazione concui sie fatto un giovoco trasferir lo ora in un luogao ed ora in un altro.

V. Per uso poi de medesimo Alumni, edi tutto quel clero si bramerebbe una buona provizione de libri agri, e Briviari della versione chaldaica giacche non essendovi diquesti che assai pochi, e (totti alcuni missali solt) manuscritti sono percio i medesimi pieni dei errori, e talvolta nocivi oppure un qualche sortimento di carateri per formare la starapa.

VI In oltre si prega Vra Bne a non ricusare de fescrivere due distinte lottere a Re del Malbaro cioe aquello dicochino e all' altero di Trancor nelle quali si lodi la benignita con cui essi permettano nel loro stati il libero esercozio della Religione cattolica e caldamente si racomandi la loro parziale protezione

www.malankaralibrary.com

con esibire a medesimi de luoni uffisi occorendo presso delle Potenze Europee a prodella loro tranquella conservazione ed assicurar li nel tempo istesso. che il dovere indispensabile de veri figli della chiesa adamare non che ad ubbedire ciascuno al suo terreno Padrone.

VII. Finalmente perdecoro del divino sacerdozio una e mille volte si prega, e si escongiara la sta vostra che per il organo della Sacra Congregazione di Propaganda Fide, e similmente per quello del Rmo generale dei PP. Carmelitani scalzi fucia avertire col possibile e maggior efficacia, che li Religiosi missionarii dell' istesso ordine vivino almeno temperanti e pudici con piu' di umanita edissinteresse.

VIII. Altrimenti Ssmo Padre sequesti proseguiranno ad apporsi alle giuste di mande di quello popolo e nulla si cureranno d'obbedire ai supremi commandi di Vra Bne li divoti oratori fino d'adesso tremanti, ed affliti per lo spavento, e cordaglio vorrebbero non essere costreti aespiegare quelle assai notabili parole, ehe si legono nell' annese lettere di deputazione ivi: supra relatis omnibus si opportunum remedium non responderit desperata nobis res deinceps erit. Quei Principi medesimi, che sono volevoli a proteger in la chiesa edi suoi ministri vedendo cosi vilipesi gli ordine del Padre commun de fedeli, e deluse le prolungate speranze de propri subditi potranno col istessa attivita prender sene vendette. Onde sepranno essistrapare fin dalle radici gli Alberi autunali, che nulla produ cono di frutto o pervanno piu' sosto di nuomento, egestarle tutte ignominiosamente sul altro suolo.

Per ovviar adumque a tanti mali, erendere i Malabaresi vie piu' convinti del paterno amore di Vra Bne genuflesi ne chiedono gli oratori li menzionati provedimenti che della grazia etc.

Giuseppe Cariati Dottore in Sacra Theologia e missionario Apostolico specialmente deputato

www.malankaralibrary.com

## Tomaso Paremakel Parroco della Chiesa de Kallate Diocesi di Cranganor altro simile deputato

### രണ്ടാമത്തെഅപെക്ഷയുടെ പട്ടാങ്ങയായ പൊരുൾ

ഭാഗ്യപ്പെട്ട ബാവായെ! കിഴക്കെ ഈന്ത്യയായിൽ മലങ്കരദെശത്തു കൽദായ സുറിയാനി ക്രമത്തിലുള്ള വിശ്വാസകാററു എഴുപത്തിരണ്ടു പള്ളിക്കാററുകൂടി അങ്ങെ ശുദ്ധതയുടെ അടുക്കൽ തങ്ങടെ മെലാളുകളായിട്ടു യാത്രാക്കിയ രണ്ടു പട്ടക്കാററു സാമാന്യമായിട്ടു മാർതൊമ്മാ എന്നചൊല്ലുന്ന മാർ ദ്യൊനീസിയൊസ മെത്രാപ്പൊലിത്താടെ വിശ്വാസസത്യം അങ്ങെ മുമ്പാകെ വച്ചതിൻെറശെഷം ആ ലൊകരുടെ വലിയ ഗുണത്തിന്നു തക്കവണ്ണം ഈ ഒരിമ്പാടിന്നു വെണ്ടുന്ന അങ്ങെ ശുദ്ധതയുടെ ശുഭമായ കല്പനകളെ ശരണപ്പെട്ടുംകൊണ്ടു ഈ പള്ളിക്കാററുടെ അപെക്ഷയാൽ തന്നെ എത്രയും ആവശ്യമുള്ള മററു ചില സങ്കടപ്രകാരങ്ങൾ ഇപ്പൊൾ അങ്ങെ മുമ്പാകെ വൈക്കയും ചെയ്യുന്നു. എന്നാൽ മെൽ പറഞ്ഞ പള്ളിക്കാററു അങ്ങെ ശുദ്ധതയുടെ അടുക്കൽ ഞങ്ങളെ അയച്ചിരിക്കുന്ന പ്രകാരത്തിന്നു എഴുതിയ കുറിയിൽ ഈ കാര്യങ്ങളൊക്കയും ചുരുക്കി അടക്കിയിരിക്കുന്നതിനെക്കൊണ്ടു ആ കുറിയുടെ പെർപ്പു ഇവിടെക്കൂടെ ചെത്തുംകൊണ്ടു കാര്യങ്ങളൊക്കയും തിരിച്ചു വെളിവായിട്ടു ഇവിടെ എഴുതുന്നതിനാംപക്കം ഈ അപെക്ഷകളൊക്കയും നന്നായി സൂക്ഷിപ്പാൻ മനൊഗുണമുണ്ടാകണമെന്നു അങ്ങെ ശുദ്ധതയൊടു ഞങ്ങൾ അപെക്ഷിക്കയും ചെയ്യുന്നു.

൧. ഗുണമുള്ള പറങ്കിജാതിയുടെ എരിവും വിയർപ്പുകളും കൊണ്ടു മലങ്കരെയുള്ള ജാതികൾ ഏറിയകൂറും വിശ്വാസത്തിന്നു തിരിഞ്ഞു ശുദ്ധമാനവിശ്വാസത്തിന്നും പള്ളിക്കടുത്ത ക്രിയകൾക്കും നല്ല മര്യാദകൾക്കും വെണ്ടുന്നതൊക്കയും കെളിപെട്ട ഉദയമ്പെരൂർ സൂനഹദൊസിൽ കല്പിച്ചു സ്ഥാപിച്ചതിൻെറ ശെഷം ആ കാലത്തിൽ ഉണ്ടായിരുന്ന മാർഗ്ഗമറിയിക്കുന്നവർ അവിടെ കാട്ടിയ ചില അപക്രീയകൾ ഒക്കെക്കും എത്രയും നിമിഷം മാററം വരുത്തിയതുമൊഴിയെ മുമ്പിൽഉണ്ടായിരുന്നവരെകായിൽ മര്യാദകെട സൊല്ലുൻ ഭെദമുള്ള മററു മാർഗ്ഗമറിയിക്കുന്നവർ പലപല ഇടങ്ങളിലും ആയതിനെക്കൊണ്ടു എല്ലാപ്പൊഴും പെരുമാറിയിരുന്ന ശുദ്ധമാന ക്രമങ്ങളൊടും ഭക്തിമയുള്ള മര്യാദികളൊടും മറുത്ത പല പ്രകാരമുള്ള പുതുമകളും കാട്ടുന്നതുമെന്ന്യെ ആയതിൻെറ ശുദ്ധതകെട എല്ലാ പ്രകാരംകൊണ്ടും വിപരീതമാകുന്ന അപമര്യാദകളും പലപല എടത്തുട പ്രവൃത്തികളും ക്ഷമിപ്പാൻ തന്നെയും സംഗതിവന്നു. എന്നാൽ ആയതൊക്കയും തിരിച്ചു തിരിച്ചു ഇ



വിടെ എഴുതുവാൻ ഭാവിച്ചാൽ പാരം വിസ്ഥാരമായിവരികയും ചെയ്യും. എന്നതുകൊണ്ടു മെൽ പറഞ്ഞ ഉദയമ്പെരൂർ സൂനഹദൊസിന്നും ഒട്ടെറയും മലങ്കരെയുള്ള ക്രമങ്ങളിന്മെൽ നാലാമത്തു ബെനദിക്തൊസു എന്ന വലിയ മെൽപട്ടക്കാരൻെറ കെളിപെട്ട സാധനത്തിന്നും തക്കവണ്ണം സ്തുതിക്കപ്പെട്ട മര്യാദകളെ ഉറപ്പിപ്പാനും അപമര്യാദികളെ നീക്കം ചെയ്‌വാനും ആയിട്ടു പ്രദെശത്തിനടുത്ത ഒരു സൂനഹദൊസു കൂട്ടുവാനുള്ള അനുവാദവും ആയതിന്നു വെണ്ടുന്ന ചട്ടക്രമങ്ങളും കൊടുങ്ങല്ലൂർ മെത്രാപ്പൊലിത്തായിക്കു എങ്കിലും ആ ഭാഗങ്ങളിലുള്ള മററു വാച്ച വെദവാഴിക്കു എങ്കിലും കൊടുപ്പാൻ വെണ്ടിയിരിക്കയും ചെയ്യുന്നു.

൨. അതിൻവണ്ണംതന്നെ വലിയ ഉതപ്പുകളുടെയും വളരെ കാര്യദൊഷങ്ങളുടെയും അവകാശമാകുന്ന മറെറാരു ക്രമക്കെടിനെ നടത്തിയും വന്ന അപക്രിയകളൊക്കയും ഹരം വരുത്തുവാനും ആ ഇടത്തുള്ള നസ്രാണികളൊക്കയും വടക്കുംഭാഗരായാലും തെക്കുംഭാഗരായാലും ഇതിൻവണ്ണമുള്ള മററു കൂററുകാരായാലും ശ്രെഷ്ഠതയുടെയും നസ്രാണിക്കടുത്ത ഒരിമ്പാട്ടിന്നും ഏകമനസിന്നും നഷ്ടംവരുത്തുവാൻ തക്ക മാററു വാച്ച വസ്തുവിൻെറയും പിണക്കമൊക്കയും തമ്മിൽ തമ്മിൽ തികയപ്പെട്ട ഉപവിയൊടുംകൂടെ ഏകശരീരത്തിൻെറ സന്ധുക്കൾ അത്രെ ആകുന്നു എന്നു വിചാരിച്ചു നടപ്പാനും ഒരു ഭെദാഭെദംകൂടാതെ പെരുമാറുവാനും കാവ്യതപത്തിൽനിന്നു നസ്രാണിമാർഗ്ഗത്തിൽ കൂടുന്നവർ തങ്ങൾ മുമ്പിൽ ബിംബങ്ങളെ കുമ്പിട്ടു ആചരിച്ചിരുന്നു എന്നുള്ള കുറവു ഒന്നും പറയാതെയും നിരാസവും നിഷെധവും അവരൊടു കാട്ടാതെയും ആകുന്നപൊലെ കരുണയൊടുകൂടെ അവരെ കൈക്കൊണ്ടു ഈശൊമിശിഹായിൽ തങ്ങടെ കൂടപ്പുറപ്പുകൾ എന്നപൊലെ അവരൊടുകൂടെ പെരുമാറുവാനും ഉള്ളതിന്നു അവിടെയുള്ള നസ്രാണികൾ ഒക്കെയെയും പ്രത്യെകമായിട്ടുള്ള എഴുത്താൽ ബൊധിപ്പിപ്പാൻ വെണ്ടിയിരിക്കയും ചെയ്തു. അതെന്തെന്നാൽ റൊമായിൽ മാർപ്പാപ്പാടെ നാമത്താൽ കുറി അവിടെ കാണുമ്പൊൾ ഈ നാമത്തിന്നു വലിയ ഭക്തിമയും ആശ്രുണയും അവിടെ ഉണ്ടായിരിക്കുന്നതിനെക്കൊണ്ടു നിരൂപിച്ചിരിക്കുന്ന ഒരിമ്പാടു അനുഭവിക്കുന്നതിന്നു സംശയം ഉണ്ടാകയുമില്ലാ.

൩. മെൽപറഞ്ഞ ജാതികളുടെ ഇടത്തു വലിയ ഒരിമ്പാടു ഉണ്ടാക്കുവാനും മാർഗ്ഗമില്ലാത്തവർ ശുദ്ധമാന മാർഗ്ഗത്തിന്നു തിരിവാനുള്ളതിന്നു നിമഷത വരുത്തുവാനും മെല്പെട്ട കാലങ്ങളിൽ പല ജാതിയിലുള്ള നസ്രാണികളുടെയും മാർഗ്ഗം കൂടുന്നവരുടെയും പത്തു കിടാങ്ങളെ പ്രൊപ്പഗാന്ദാ ഫിദെ എന്ന ഉറുബാനൊസിനടുത്ത ഈ പഠിത്ത വീട്ടിൽ വരുത്തി പഠിപ്പിച്ചെങ്കിൽ പാരം സഹായമായിരിക്കയും ചെയ്യും. അതെന്തെന്നാൽ ഈ കിടാ

www.malankaralibrary.com

ങ്ങൾ പിന്നെ പഠിത്വത്തിലും ഭക്തിമയിലും വളൎന്ന തങ്ങടെ നാട്ടിന്നു തിരിയുമ്പൊൾ ഇപ്പൊഴുള്ള മാൎഗ്ഗമറിയിക്കുന്നവരെക്കാളിൽ ഏറ്റം ഫലം വരുത്തുന്നതിന്നു സംശയവുമില്ലാ. അതെന്തെന്നാൽ ഇപ്പഴത്തെ മാൎഗ്ഗമറിയിക്കുന്നവരു വിശ്വാസം വളൎത്തുവാൻ ഒട്ടും പ്രയത്നം ചെയ്യുന്നില്ലാ. എന്നുതന്നെയല്ലാ മെൽ പറഞ്ഞ അയൎപ്പുകളൊക്കയും വൎദ്ധിപ്പിപ്പാൻ ശ്രമിക്കുന്നതെയുള്ളു.

൪. വിശെഷിച്ചും മലങ്കരെ ഇടവകയിലുള്ള ഏവൻഗെലിക്കടുത്ത ഈ പറമ്പു എത്രയും വിരിവും വിസ്ഥാരവും ഉള്ളതായിരിക്കുന്നതുമൊഴിയെ ഇനിയും പാരം വിസ്ഥാരം വരുവാൻ സംഗതി വരും എന്നതിനെക്കൊണ്ടു മെൽപറയപ്പെട്ട വെലക്കാരുടെ എണ്ണം മതിയായി വരികയില്ലാ. എന്നതിനെക്കൊണ്ടു മെൽ പറഞ്ഞ പ്രദെശത്തിനടുത്ത സുനഹദൊസു കൂടുമ്പൊൾ വരാപ്പുഴെ ഉള്ള സിമ്പ്ലാരിക്കു നല്ല അടിസ്ഥാനം കൊടുത്തു. ഈ സിമ്പ്ലാരിയുടെ കൈകാൎയ്യം ചെയ്‌വാൻ മലയാൻജാതിയിലുള്ള രണ്ടു പട്ടക്കാരെയും കല്പിച്ചു ഏറ്റം സൌഖ്യത്തിന്നു കാറ്റും വെള്ളവും നല്ല സ്വസ്ഥതയുമുള്ള ഒരിടം തിരിഞ്ഞെടുത്തു അവിടെ സിമ്പ്ലാരിയും പണി ചെയ്തു ഒട്ടും ഒരു നിലയും ഉറെപ്പുംകൂടാതെ ഇപ്പൊൾ ഇവിടെയും അപ്പൊൾ അവിടെയും ഇങ്ങനെ എത്രയും ഉൾക്കളെവും ഭാഷിതവുമായിട്ടു ഇത്രപ്പൊഴും പകൎന്നിവരുന്ന പകൎച്ചകളൊക്കയും നീക്കുവാൻ എത്രയും വെണ്ടിയിരിക്കുന്ന കാൎയ്യമത്രെയാകുന്നു.

൫. ഇതുമെന്നിയ ഈ സിമ്പ്ലാരിക്കാറരുടെയും ആ ഇടവകയിലുള്ള മറ്റു പട്ടക്കാരരുടെയും പെരുമാററത്തിന്നു കൽദായ പെൎപ്പിലുള്ള ശുദ്ധമാന പുസ്തകങ്ങളും നമസ്കാരപുസ്തകങ്ങളും മതിയാകുംവണ്ണം തന്നയപ്പാനെങ്കിലും ആയതല്ലെങ്കിൽ അവിടെതന്നെ അച്ചടി ഉണ്ടാകുവാനായിട്ടു ആയതിന്നു വെണ്ടുന്ന എഴുത്തുകളുടെ പ്രകൃതി മനൊഗുണമുണ്ടായിട്ടു കല്പിച്ചു തരുവാനെങ്കിലും വെണ്ടിയിരിക്കുന്നു. അതെന്തെന്നാൽ കുറെ കുൎവാനതക്‌സാകൾ ഒഴിയെ ശെഷം അവിടെയുള്ള പുസ്തകങ്ങൾ ഒക്കയും എഴുത്തായിരിക്കുന്നതിനാംപക്കം വളരെ വളരെ പിണക്കങ്ങൾ നിറഞ്ഞിരിക്കുന്നതിനെക്കൊണ്ടു പെരുമാറുവാൻ കൊള്ളരുതാത്തതത്രെയാകുന്നു.

൬. ഈ മെൽ പറഞ്ഞ വസ്തുക്കൾകൂടാതെ വീണ്ടും അങ്ങെ ഭാഗ്യസ്ഥാനത്തിൽനിന്നു അപെക്ഷിക്കുന്നതാകുന്നതു മലങ്കരെയുള്ള രണ്ടു രാജാക്കൾക്കു അതായതു കൊച്ചിൻ രാജാവിന്നും തിരുവാൻകൊട്ടു രാജാവിന്നും വെവ്വെറെ രണ്ടു സാധനം എഴുതി അയക്കണമെന്നു. എന്നാൽ ഈ സാധനങ്ങളിൽ ഇവർ തങ്ങടെ നാടുകളിൽ മുടക്കു ഒന്നുംകൂടാതെ മാൎഗ്ഗമറിയിപ്പാൻ മനൊഗുണമായിട്ടു സമ്മതിക്കുന്നതിനെക്കൊണ്ടു അവരെ പാരം സ്തുതിക്കുന്നതുമെന്നിയ അവരുടെ അടക്കമായ പരിപാലനത്തിന്നും രാജവാ





ഴ്ചക്കും ഏറൊപ്പയിലുള്ള രാജാക്കളിൻപക്കൽ വെണ്ടുന്നതൊക്കയും ശ്രമിക്കാമെന്നുള്ള നല്ല മനസു അവരൊടു അറിയിച്ചുകൊണ്ടും ശുദ്ധമാനപള്ളിയുടെ മക്കൾക്കുള്ള കടം നീക്കിക്കൂടാത്ത തങ്ങൾ തങ്ങളുടെ രാജാക്കളെ സ്നെഹിപ്പാൻ എന്നുതന്നെയല്ലാ പിന്നെയൊ എല്ലാംകൊണ്ടും അവൎക്കു ചൊല്പവിളി കെൾപ്പാൻ കടമായിരിക്കുന്നു എന്നു അവൎക്കു വെസ്ഥ വരുത്തിക്കൊണ്ടും അവിടെയുള്ള നസ്രാണികളെ പ്രത്യെകമായിട്ടുള്ള അവരുടെ സഹായത്തിന്നു കൈയെല്പിക്കയും വെണം.

൭. ഒടുക്കം ദൈവത്തിനടുത്ത പട്ടസുഖത്തിന്റെ ബഹുമാനത്തെപ്രതി ഒന്നുപൊലെ ആയിരംവട്ടം അങ്ങെ ശുദ്ധതയൊടു സത്യംചെയ്തു അപെക്ഷിക്കുന്നു. മലങ്കരെ ചെരിപ്പില്ലാത്ത കൎമ്മലെത്താദൎശനത്തിൽ ഉൾപ്പെട്ട മാൎഗ്ഗമറിയിക്കുന്ന പാതിരിമാൎക്കു മറെറതുമല്ലെങ്കിൽ ആചാരത്തൊടുകൂടെയും തന്നിഷ്ടം കാട്ടാതെയും അടക്കത്തൊടും വെടിപ്പൊടുംകൂടെ വ്യാപരിപ്പാനുള്ളതിന്നു പ്രൊപ്പഗാന്ദാ ഫിദെ എന്ന ശുദ്ധമാന സമൂഹത്തെക്കൊണ്ടും അവരുടെ ദൎശനത്തിന്റെ ആകമാനമായ മൂപ്പനാകുന്ന ബഹുമാനപ്പെട്ട പാതിരിയെക്കൊണ്ടും ആവെടത്തൊളും ശക്തിയൊടുകൂടെ അവരെ അറിയിക്കണമെന്നു.

൮. ആയതല്ലാതെ ശുദ്ധമാന ബാവായെ! ആ ലൊകരുടെ ന്യായമുള്ള കാൎയ്യങ്ങൾക്കും ഏറിയ അപെക്ഷകൾക്കും മറുതലയായി തുടങ്ങുകയും അങ്ങെ ഭാഗ്യസ്ഥാനത്തിന്റെ എത്രയും ഉയരപ്പെട്ട കല്പനകൾക്കു ചൊല്പവിളികൂടാതെ തന്നിഷ്ടം കാട്ടിവരുകയും ചെയ്താൽ ഇത്രനെരവും പെടിയും നൊമ്പരവുംകൊണ്ടു ഞെരുപ്പെട്ടും സങ്കടപ്പെട്ടും ഇരിക്കുന്ന ഭക്തിമയുള്ള ആവലാധിക്കാറരു ഇനിയും ഞങ്ങളുടെ സങ്കടങ്ങൾക്കു ഒതുക്കം വന്നില്ലെങ്കിൽ പിന്നെ ഇതിൻവണ്ണം ആളുകൾ അവിടെ വന്നു ബൊധിപ്പിപ്പാനുള്ളതിന്നു സംഗതി വരുമെന്നുള്ള ശരണം ഞങ്ങൾക്കു തൊന്നുന്നമില്ലാ എന്നു അങ്ങെ ശുദ്ധതയുടെ പക്കൽ ഞങ്ങളെ അയച്ച പ്രകാരത്തിന്നു എഴുതി അയച്ച കുറിയിൽ എഴുത്തുപെട്ട വചനങ്ങൾ തിരിച്ചു പറവാൻ ശക്തിയാൽ സംഗതി വരാതെ ഇരുന്നെങ്കിൽ നന്നായിരുന്നു. അതെന്തെന്നാൽ ശുദ്ധമാനപള്ളിയെയും അതിന്റെ ചിററാഴ്മ്മക്കാറരെയും തുണപ്പാനും സഹായിപ്പാനും മതിയാകുന്ന മനസും ആഗ്രഹവും വിശ്വാസകാറരുടെ ആകമാനത്തിനടുത്ത കല്പനകളെ നിരസിക്കയും തങ്ങൾക്കു കീഴ്വഴങ്ങപ്പെട്ടിരിക്കുന്നവരുടെ ദീൎഘമായ ശരണങ്ങളെ തട്ടിക്കയും ചെയ്യുന്നതു കാണുമ്പൊൾ മറുപാടുതിരിഞ്ഞു ഇങ്ങനെ ഉള്ള അതിക്രമങ്ങൾക്കു പകരം വീഴ്ച അന്വെഷിക്കയും കഴിക്കയും ചെയ്യുന്നു വരുമ്പൊൾ ഫലം ഒന്നും കായിക്കാതെ ഉപദ്രവം വരുത്തുവാനല്ലാതെ മറെറാന്നിനും കൊള്ളരുതാത്ത ഒണക്കമരങ്ങളെ ച

www.malankaralibrary.com

വടെ വെട്ടി എത്രയും പാരം മെനിക്ഷയത്തൊടക്കൂടെ പറത്ത കളവാനുള്ളതിന്നുവെണ്ടുന്ന ഉപായങ്ങളെ അവർ അറിഞ്ഞിരിക്കയും ചെയ്യുന്നു.

അപ്പൊഴൊ ഇത്ര വലിയ സങ്കടങ്ങളെ അകത്തുവാനും അങ്ങെ ഭാഗ്യസ്ഥാനത്തിൻെറ സ്നെഹത്താൽ മലങ്കരക്കാററെ നന്നായി ജയിപ്പാനും ഉള്ളതിന്നു ആവലാധിക്കാററു മുട്ടുംകുത്തി മെൽപറഞ്ഞ അപെക്ഷകൾക്ക ഗുണമുള്ള ഉത്തരങ്ങളെ അപെക്ഷിക്കുന്നു. ആയതൊക്കെയും അങ്ങെ മനൊഗ്ഗുണത്താൽ ശെഷവും പ്രത്യെകമായിട്ടു കല്പിച്ചയച്ചിരിക്കുന്ന ശുദ്ധമാന ദൈയ്‌വശാസ്ത്രത്തിൽ മല്പാനും ശ്ലീഹായിക്കടുത്ത മാഗ്ഗമറിയിക്കുന്നവനുമായ കരിയാട്ടിൽ യൌസെപ്പ.

അതിൻവണ്ണം തന്നെ കല്പിച്ചയച്ചിരിക്കുന്ന കൊടുങ്ങല്ലൂർ ഇടവകയിലുള്ള കടൽനാട്ടു പള്ളിയുടെ വികാരി പാറയാംമാക്കൽ തൊമ്മാസ്സ,

## വിചാരം

മാർ തൊമ്മാമെത്രാൻെറ കാര്യത്തിന്നുവെണ്ടി മുമ്പിലത്തെ അപെക്ഷ എഴുതി ഒപ്പിച്ചതിൻെറ ശെഷം മലങ്കരെ ഇടവകയിലുള്ള പള്ളികൾക്ക ഏററം ദിഷ്ടതിയുള്ള കാര്യങ്ങൾ ആകുന്നെന്നു കാൺകകൊണ്ടു ആയതൊക്കയും എഴുതി ഒപ്പിക്കയും ചെയ്തു.

വിശെഷിച്ചും ഈ അപെക്ഷകളിൽ പലതും മാർപ്പാപ്പാടെ ഒരു അനുവാദവും കൂടാതെ മെത്രാന്മാരുടെ മനസ്സും മുഷ്ക്കരത്വവും മാത്രം മതിയാകുന്നു എന്നു വരുമ്പൊൾ ആയതിന്നു മാർപ്പാപ്പാടെ കല്പനയും മനസ്സും അപെക്ഷിച്ചതുകൊണ്ടു ആക്കും ഒരു അപൂർവം തൊന്നണ്ടാ. അതെന്തെന്നാൽ ഈ അപെക്ഷകൾ മാർപ്പാപ്പായിക്ക കൊടുത്ത നാളുകളിലുള്ള കാര്യകിടപ്പുകളൊക്കയും വിചാരിച്ചു കണ്ടാറെ നമ്മുടെ ജാതിയിൽ ഒരുത്തനെങ്കിലും മററു വാച്ച സുറിയാനിക്കാരൻ എങ്കിലും നമ്മുടെ നാട്ടിൽ മെത്രാനാകുവാനുള്ള ശരണം ഒട്ടും തൊന്നിയില്ലാ എന്നതുകൊണ്ടു ലത്തീൻകാരൻ മെത്രാനായി വന്നാൽ പുണ്യവാളൻതന്നെ ആയിരുന്നാലും ജാതിക്ക ബലവും അറിവും ഉണ്ടായാൽ തങ്ങൾക്ക അവിടെയുള്ള മുഷ്ക്കരത്വം പൊയ്‌പൊകുമെന്നു ഭയപ്പെട്ടു നമ്മുടെ പള്ളികൾക്ക ഗുണവും മെന്മയും വരുന്ന കാര്യങ്ങൾ ഒന്നും തൻെറ മനസ്സാലെ ചെയ്‌വാൻ പാരം പരാധീനമുണ്ടു എന്നതുകൊണ്ടു മാർപ്പാപ്പാടെ പ്രമാണവും കല്പനയും ഉണ്ടായാൽ ആയതൊക്കയും ചെയ്‌വാൻ പൊരുമെന്നു കാൺകകൊണ്ടത്രെ മെൽപറഞ്ഞ കാര്യങ്ങളൊക്കയും മാർപ്പാപ്പായൊടു അപെക്ഷിക്കെണ്ടി വന്നതു.



# നാൽപ്പത്തിയെട്ടാം പദം

മാർപ്പാപ്പായിക്ക കൊടുപ്പാനുള്ള അപെക്ഷകളൊക്കയും എഴുതി ഉണ്ടാക്കിയതിൻെറ ശെഷം ഉണ്ടായ അവസ്ഥമെൽ

എന്നാൽ മാർതൊമ്മാമെത്രാൻെറ കാര്യത്തിന്നും നമ്മുടെ പള്ളികൾക്ക ദിഷ്ടതിയായ കാര്യങ്ങൾക്കും വെണ്ടി മെൽ എഴുതപ്പെട്ട രണ്ടപെക്ഷകൾ നല്ലവണ്ണം എഴുതി ഒപ്പിച്ച മീതെ ചൊല്ലിയവണ്ണം മാർതൊമ്മാമെത്രാൻെറ വിശ്വാസസത്യത്തൊടും[1] മലങ്കരെ പള്ളിക്കാററു മാർപ്പാപ്പായിക്ക എഴുതിയ കുറിയൊടും ഒരുമിച്ചു പൊന്നുകൊണ്ടു സൂരാലിച്ചു എത്രയും കൌസുഖമായി ഒപ്പിച്ചതിൻെറ ശെഷം മാർപ്പാപ്പായെ കണ്ടുപറവാൻ കാര്യമുണ്ടെന്നും ആയതുകൊണ്ടു അദ്ദെഹം മാർപ്പാപ്പാടെ പക്കൽ പൊകുമ്പൊൾ ഞങ്ങളെ കൂടെ കൊണ്ടുപൊകണമെന്നും മുൻസിഞ്ഞൊർ ബൊർജ്യായൊടു ഞങ്ങൾ അപെക്ഷിച്ചാറെ മുൻസിഞ്ഞൊറും അതിൻവണ്ണം തന്നെ സമ്മതിച്ചു മര്യാദപോലെ ഒരു

---

1. ഇവിടത്തെ സാഹചര്യങ്ങളെപ്പററി കരിയാററിലും പാറേമാക്കലും നൽകിയ ഒരു റിപ്പോർട്ട് പ്രൊപ്പഗാന്താ പുരാവസ്തുശേഖരത്തിലുണ്ട്. കത്തോലിക്കാസഭയിലേക്ക പുനരൈക്യപ്പെടാൻ മാർതോമ്മാ നടത്തിയ ഉദ്യമങ്ങൾ അതിൽ പരാമർശിക്കുന്നു: 'കൊടുങ്ങല്ലൂർ ആർച്ചുബിഷപ്പ്', വികാരി അപ്പസ്തോലിക്കാ, സാലസ് മെത്രാൻ ഇവരോടെല്ലാം നടത്തിയ അഭ്യർത്ഥന വനരോദനമായി പരിണമിച്ചു. റോമിലേക്ക ദൂതസംഘത്തെ അയക്കുന്നതിനെക്കുറിച്ച് അദ്ദേഹം ചിന്തിച്ചു. അങ്ങനെ അയക്കപ്പെട്ട ആദ്യസംഘത്തിനു് യൂറോപ്യൻ മിഷണറിമാരുടെ സമ്മർദ്ദംമൂലം യാത്ര തുടരാനായില്ല. അതിനാൽ ഞങ്ങളുടെ സംഘം പാത മാറിയാണ് ഇവിടെ വന്നത്.

മാർതോമ്മായെ മെത്രാനായഭിഷേചിച്ച മാർ ഗ്രിഗറിയെ കമ്മലീത്തർ തടവിൽ പാർപ്പിക്കയും അഭിഷേകം നടത്താൻ തനിക്ക് ഉദ്ദേശ്യമില്ലായിരുന്നു എന്ന് ബലപ്രയോഗത്താൽ പറയിക്കയും ചെയ്തു. എന്നാൽ സ്വതന്ത്രനാക്കപ്പെട്ട ഉടൻ മാർ ഗ്രിഗറി ഇതു തിരുത്തിപ്പറഞ്ഞു. മാർതോമ്മായുടെ അഭിഷേകം സാധുവാണ്, സന്ദേഹമില്ല. മാർതോമ്മാ പുരോഹിതനാണ്, മെത്രാനുമാണ്. കത്തോലിക്കനാവാൻ അദ്ദേഹം തൻെറ നാടും പദവിയും ത്യജിക്കണമെന്നുണ്ടോ? പുനരൈക്യം സാധിക്കാത്തതിനാൽ ക്ലേശിക്കുന്ന ആത്മാക്കളെക്കുറിച്ച് ആരും വേദിക്കുന്നില്ലേ? മതപ്രചരണാർത്ഥമല്ലേ മിഷണറിമാർ വന്നതു്? ഞങ്ങളെ ഈ ദൌത്യത്തിന് അയക്കാൻ ഞങ്ങളുടെ പള്ളികൾക്ക വസ്തുവകകൾ വില്ക്കേണ്ടിവന്നു. ഞങ്ങളുടെ വിശ്വാസികൾ ഈ ലക്ഷ്യത്തിനായി നിരന്തരം പ്രാർത്ഥിക്കയും ഉപവസിക്കയും ചെയ്യുന്നു. ഇതിലേക്ക് അവർ അയച്ചിരിക്കുന്ന ഈ രണ്ടു വൈദികരും രോഗികളും ദരിദ്രരുമാണെങ്കിലും പ്രാതികൂല്യങ്ങൾക്ക മുമ്പിൽ പതറുകയില്ല.

പോർച്ചുഗൽ രാജ്ഞിക്കും പുനരൈക്യം ഹിതകരമാണ്. കൊടുങ്ങല്ലൂരിനു് രാജ്ഞി ഒരു മെത്രാനെ ഉടൻ നിയമിച്ചേക്കും. അദ്ദേഹത്തെ

www.malankaralibrary.com

ശനിയാഴ്ചനാൾ സന്ധികസമയം കഴിഞ്ഞതിന്റെ ശെഷം താൻ മാർപ്പാപ്പായുടെ പക്കൽ പൊകുന്നപ്പോൾ ഞങ്ങളെ രണ്ടുപെരെയും കൂടെ തന്റെ തെരിൽ കരെററി പത്രൊസിന്റെ പള്ളിയൊടു ചെരെയുള്ള മാർപ്പാപ്പായിരിക്കുന്ന കൊയിലകത്ത് കൊണ്ടുചെന്നാറെ അവിടെവച്ചു പട്ടുകൊണ്ട് ഒക്കെയും ചമയിച്ചു നടുവിൽ ഒരു വിളക്കു തൂക്കിയിരിക്കുന്ന മുറിയിൽ സമചതിരമുള്ള ഒരു ശാലയിൽ കടത്തിയതിന്റെ ശെഷം അവിടെയിരിക്കുന്ന മെശകളിൽ ഒന്നിന്മെൽ ഞങ്ങടെ തൊപ്പിയും കാപ്പയും വെപ്പിച്ചതിന്റെ ശെഷം ഞങ്ങളെ അവിടെ നിർത്തിയും വച്ചു മുൻസിഞ്ഞോർ ആയതിനു മുമ്പാകെയുള്ള മററു മുറികളിൽ കടന്ന് അകത്തൊട്ടു പൊകയും ചെയ്തു.

ഇങ്ങനെ കാൽ മണി നെരം ഈ മുറിയിൽതന്നെ ഞങ്ങൾ നില്ക്കുന്നപ്പൊൾ അകത്തുനിന്ന നല്ല കുപ്പായങ്ങൾ ഇട്ടിരിക്കുന്ന ഒരു വാലിഭക്കാരൻ വന്നു ഞങ്ങളൊടു ആചാരവും ചെയ്തു ഞങ്ങൾ നിന്നിരുന്ന ശാലയുടെ മുമ്പുറത്തുള്ള അതിൻവണ്ണംതന്നെ മുഴുപ്പുള്ള മറെറാരു ശാലയിൽ കടത്തി അവിടെ നിർത്തിയതിന്റെ ശെഷം അവനും മററു മുറികളിൽ കടന്നു പൊകയും ചെയ്തു.

എന്നാൽ ഈ ശാല ചുവന്ന ദമാസ്കകൊണ്ട് ഒക്കെയും ചമയിച്ചിരിക്കുന്നതുമൊഴിയെ ആയതിന്റെ നടുവിൽ എത്രയും കൗസ്ഥമുള്ളൊരു പളുങ്കുകൊണ്ടുള്ള വിളക്കും തൂക്കീട്ടുമുണ്ടു. വിശെഷിച്ചും ഈ ശാലകളിൽ ഒന്നിലും കസെരകൾ ഒന്നും വൈക്കാതെ ചെറുതായിട്ടുള്ള വങ്ക മാത്രമെ വെച്ചിട്ടുള്ളതാനും. എന്നാൽ ഈ ശാലയിൽ കുറഞ്ഞൊരുനെരം ഞങ്ങൾ നിന്നപ്പൊൾ നല്ല

---

പുനരൈക്യം സുസാധ്യമാക്കാൻ അനുവദിക്കണം. തന്റെ രൂപതാഭരണം തുടരാൻ മാർതോമ്മായെ അനുവദിക്കയും ചെയ്യണം. അഥവാ അദ്ദേഹത്തിന്റെ മെത്രാഭിഷേകം അസാധുവാണെങ്കിൽ, അദ്ദേഹത്തെ പുനരഭിഷേകം ചെയ്യാൻ സൗമനസ്യം കാട്ടണം. മാർതോമ്മായുടെ തിരിച്ചുവരവ് ഒട്ടേറെ ആത്മാക്കളുടെ രക്ഷക്കും ഉതപ്പുകൾ ഒഴിവാക്കാനും സഹായകമാകും.'

മാർതോമ്മായുടെ പ്രശ്നത്തെക്കുറിച്ച് റോമിനുണ്ടായിരുന്ന നിലപാട് കരിയാററിലിനും പാറേമാക്കലിനും അജ്ഞാതമായിരുന്നുവെന്നു വ്യക്തമാണ്. മാർതോമ്മായെ ഭരണത്തിൽ തുടരാൻ അനുവദിക്കാൻ റോം ഇച്ഛിച്ചിരുന്നില്ല. അൽമായനായി കഴിയാൻ തയ്യാറായി പുനരൈക്യപ്പെട്ടാൽ വല്യ മാടമ്പിസ്ഥാനവും നൽകുന്നതിനും വാർഷികാനുകൂല്യങ്ങൾ നൽകുന്നതിനും റോം തയാറാകുമായിരുന്നു, അത്രമാത്രം. മാർതോമ്മായെയോ ഏതെങ്കിലും മാർതോമ്മാ ക്രിസ്ത്യാനിയെയോ മെത്രാനാക്കിയാൽ ഇവിടുത്തെ കത്തോലിക്കർ വരാപ്പുഴയിലെ വികാരി അപ്പസ്തോലിക്കയിൽനിന്നു സ്വതന്ത്രരാകുമെന്ന് അവർ ഭയന്നു.



വണ്ണം ഉടുത്തിരിക്കുന്ന മറെറാരു വാലിഭക്കാരൻ അകത്തെ ഭവനത്തുനിന്നു കടന്നു ഞങ്ങൾ നിൽക്കുന്നെടത്തു വന്നു ഞങ്ങളൊടു ആചാരവും ചെയ്തു ആയതിന്റെ മുൻഭാഗത്തു അതിൻവണ്ണം തന്നെ വീതിനീളത്തിൽ പണുതിരിക്കുന്ന മറെറാരു ശാലയിൽ കടത്തി. ഈ ശാല ഒക്കെയും ചുവന്ന വില്ലൂസകൊണ്ട് എത്രയും ചിത്രമുള്ള പ്രകാരത്തിൽ ചമയിച്ചു ആയതിന്റെ നടുവിൽ പല പല ദീപങ്ങൾ ഉള്ള പളുങ്കുകൊണ്ടു എത്രയും മനൊഹരമായി ഉണ്ടാക്കിയിരിക്കുന്ന ഒരു വിളക്കു തൂക്കീട്ടുമുണ്ടായിരുന്നു. വിശെഷിച്ചും ഈ ശാലയിൽ ഞങ്ങൾ കടന്നപ്പൊൾ മാർപ്പാപ്പാടെ വീട്ടധികാരിയാകുന്ന കർദിനാളിനെ അവിടെവച്ചു കാൺകയും ചെയ്തു.

ഇങ്ങനെ ഒരു തെല്ലുനെരം ആ ശാലയിൽ ഞങ്ങൾ നിന്നപ്പൊൾ മെൽപറഞ്ഞ വാലിഭക്കാരൻ ഞങ്ങളെ വെറെ ഒരു മുറിക്കകത്തൊട്ടു വിളിച്ചാറെ ഞങ്ങൾ അകത്തു കടപ്പാനായിട്ടു മുറിയുടെ വാതുക്കൽ ചെന്നപ്പൊൾ മുൻസിഞ്ഞോർ അകത്തുനിന്നു പുറപ്പെട്ടു ഞങ്ങളെ കൈക്കൊണ്ടകത്തു കടത്തിയപ്പൊൾ ഈ മുറി ഒക്കെയും വീരപാളിപട്ടുകൊണ്ടു ചമയിച്ചിരിക്കുന്നതും ഈ മുറിയുടെ വാതിൽപുറത്തുള്ള കസെരമെൽ മാർപ്പാപ്പാ ഇരിക്കുന്നതും തന്റെ മുന്നെയുള്ള മെശമെൽ വെള്ളികൊണ്ടുള്ള രണ്ടു മെഴുകുതിരിക്കാലുകളിന്മെൽ രണ്ടു മെഴുകുതിരി കത്തിച്ചു വച്ചിരിക്കുന്നതും കാൺകയും ചെയ്തു. എന്നാൽ മാർപ്പാപ്പാ തന്റെ ശരീരം നെടിയതിൽ ചെർന്നതും വണ്ണമുള്ളതും തന്റെ മുഖം ശൊഭയുള്ളതും തലമുടി നല്ലവണ്ണം കൊന്തി ഒപ്പിച്ചു അററമൊക്കെയും ചെർച്ചയായിട്ടു മൊതിരംപൊലെ വളച്ചു വച്ചിരിക്കുന്നതും ആകുന്നു. അപ്പൊഴെ മുറിക്കകത്തു കടന്ന മാർപ്പാപ്പായെ കണ്ടു ഉടൻ മാർപ്പാപ്പായെ കണ്ടാലുള്ള മര്യാദിക്കു തക്കവണ്ണം നമ്മുടെ പള്ളികളിൽ ദുഃഖവെള്ളിയാഴ്ചനാൾ തുങ്ങപ്പെട്ടു രൂപത്തിന്റെ മുമ്പാകെ കുമ്പിടുമാറാകുന്നപൊലെ മൂന്നുഴം മുട്ടുകുത്തി ആചരിച്ചു മാർപ്പാപ്പാടെ കാൽ മുത്തിയതിന്റെ ശെഷം മെൽപറഞ്ഞ മാർ തൊമ്മാമെത്രാന്റെ വിശ്വാസസത്യവും അപെക്ഷകളും ഉള്ള പുസ്തകം മല്പാൻ എടുത്തു മാർപ്പാപ്പാടെ കൈയിൽ കൊടുത്തപ്പൊൾ പറഞ്ഞതു. ഞങ്ങൾ ൨൨ (22) മാസത്തെക്കുകാലം വളരെ വളരെ ദുരിതപ്പെട്ടു മലങ്കരെയുള്ള പള്ളിക്കാററു ഒക്കെടെയും അപെക്ഷയാലെ ഇത്രത്തൊളം വന്നതു ഈ പുസ്തകത്തിൽ എഴുത്തപെട്ടിരിക്കുന്ന മാർ തൊമ്മാമെത്രാന്റെ വിശ്വാസസത്യവും മലങ്കരെ എഴുപത്തിരണ്ടു പള്ളിക്കാററുടെ അപെക്ഷകളും അങ്ങെ ശുദ്ധതയുടെ മുമ്പാകെ വൈക്കെണ്ടീട്ടത്രെ ആകുന്നു. എന്നതുകൊണ്ടു ഉടെതമ്പുരാന്റെ മനൊഗുണത്താൽ ആയതിന്നു ഇപ്പൊൾ സംഗതി വന്നു. എന്നു വരുമ്പൊൾ ആയതൊക്കയും അങ്ങെ ശുദ്ധത നല്ലവണ്ണം സൂക്ഷത്തൊടുകൂടെ വായിച്ചുകണ്ടു

www.malankaralibrary.com

തിന്റെ ശെഷം വെണ്ടുന്ന കല്പനകളൊടുകൂടെ പ്രൊപ്പഗാന്ദാഎന്ന ശുദ്ധമാനയൊഗത്തിന്റെ പററിൽ ഏല്പിക്കണമെന്ന ഞങ്ങൾ അപെക്ഷിക്കുന്നു. എന്ന ഇങ്ങനെ പറഞ്ഞുകൊണ്ടു മാർപ്പാപ്പാടെ കയ്യിൽ പുസ്തകം മല്പാൻ കൊടുത്ത ഉടൻ രണ്ടു ഓലയിലായിട്ട എഴുതപ്പെട്ട മലങ്കരെ പള്ളിക്കാറരുടെ കുറി ഞാനും മാർപ്പാപ്പാടെ പററിൽ കൊടുക്കയും മലങ്കരെ പള്ളിക്കാറരു അങ്ങെ ശുദ്ധതക്കു എഴുതിയ കുറി അത്രെ ഇതാകുന്നയെന്നും ആയതിന്റെ ലത്തീൻവാക്കിലുള്ള പെർപ്പു മുമ്പിൽ കൊടുത്ത പുസ്തകത്തിൽ കൂടെ ഉണ്ടെന്നും അപ്പൊൾ മല്പാൻ തിരിച്ചു പറയുകയും ചെയ്തു.

അപ്പൊഴെ ഇതെല്ലാം നല്ല മനസൊടുകൂടെ മാർപ്പാപ്പാ കൈക്കൊണ്ടതിന്റെ ശെഷം ഞങ്ങൾ രണ്ടുപെരുടെയുംഅവസ്ഥമെൽ മുൻസിഞ്ഞൊർ ബൊർജ്യായൊടു ചൊദിച്ചാറെ മല്പാൻ റൊമായിൽ പ്രൊപ്പഗാന്ദാ എന്ന സിമ്മാരിയിൽ പഠിച്ച ആളാകുന്നു എന്നും മലങ്കരെയുള്ള ഒരു പള്ളിയുടെ വികാരി ആകുന്നു എന്നും മലങ്കരെ പുത്തൻകൂററംപുറത്തുള്ള ഒരു മെത്രാൻ പട്ടാങ്ങയായ വിശ്വാസം കൈക്കൊണ്ടു പട്ടാങ്ങ പറഞ്ഞ ഹെതുവാൽ ആയവസ്ഥ ഇവിടെ ബൊധിപ്പിപ്പാനായിട്ട മലങ്കരെ പള്ളിക്കാറരു അവരെ അയച്ചതിനെക്കൊണ്ടത്രെ ഇവിടെക്കു വന്നതെന്നും ഇങ്ങനെ ചുരുക്കിയ മൊഴികളിൽ മനസല്ലാമനസൊടുകൂടെ ഞങ്ങൾ ചെന്ന കാര്യം മുൻസിഞ്ഞൊർ പറഞ്ഞ മാർപ്പാപ്പായെ കെൾപ്പിച്ചതിന്റെശെഷം മാർപ്പാപ്പാ പാരം പ്രസാദം കാട്ടി മലങ്കരെ നാടു വാഴുന്ന രാജാവു ഏതാകുന്നു എന്നും വിശ്വാസകാറരൊടു ഏതാനും ഞെരുക്കം കാട്ടുന്നുണ്ടൊഎന്നും നാട്ടിന്റെ കാററു നല്ലതാകുന്നൊ എന്നും നല്ല മീനുണ്ടൊ എന്നും ഇങ്ങനെ മററു ചിലകൂട്ടം വത്തമാനമൊക്കയും ചൊദിച്ചാറെ ഞങ്ങടെ നാട്ടിൽ വാഴുന്നതു തിരുവാൻകൊട്ട രാജാവാകുന്നു എന്നും നസ്രാണികളൊടു പ്രത്യെകമായിട്ട ഒരു ഞെരുക്കവും ചെയ്യുന്നില്ലാ എന്നു തന്നെയല്ലാ മാർഗ്ഗമറിയിപ്പാനുള്ളതിന്ന ഒരു മുടക്കവും കാട്ടുന്നില്ലാ എന്നും ഇങ്ങനെ ഓരൊരൊ ചൊദ്യങ്ങൾക്കു നെരായ ഉത്തരമൊക്കയും പറഞ്ഞതിന്റെ ശെഷം ഓലയിൽ എഴുതപ്പെട്ട യൊഗത്തിന്റെ അപെക്ഷ മടക്കു വിടുത്തു ആയതിന്റെ എഴുത്തും ആയതിലുള്ള കൈഒപ്പുകളും കണ്ടു ആയതു എഴുതുന്നതു എങ്ങനെ ആകുന്നു എന്നും ഏതു പ്രകാരത്തിൽ വായിക്കുന്നു എന്നും ചൊദിച്ചാറെ ആയതിന്റെ പ്രകാരമൊക്കയും മല്പാൻ തിരിച്ചുപറഞ്ഞു കെൾപ്പിക്കയും ചെയ്തു.

ഇങ്ങനെ ഒക്കയും പറഞ്ഞതിന്റെ ശെഷം വീണ്ടും കാലും മുത്തി മെൽപറഞ്ഞപൊലെയുള്ള ആചാരവും വീണ്ടും കാട്ടി പുറത്തു കടപ്പാൻ തുടങ്ങുന്നപ്പൊൾ ഞങ്ങടെ ഗുണമൊക്കയും അങ്ങെ ശുദ്ധതയുടെ പററിൽ അത്രെ ആകുന്നു എന്ന ഞാൻ മാർ



പ്പാപ്പായൊടു പറകയും അങ്ങനെതന്നെ മാർപ്പാപ്പാ നെഞ്ഞത്തടിച്ചു ഉത്തരിക്കയും ചെയ്തു.

ഇതിന്റെ ശെഷം ഞങ്ങൾ പുറത്തെ ശാലയിൽ ഇറങ്ങി അവിടെ തീയും കാഞ്ഞിരിക്കുന്ന കർദിനാലുമായിട്ട സംസാരിച്ചു നിന്നു ഒരു കാൽ മണി നെരം കഴിഞ്ഞപ്പൊൾ ഞങ്ങൾ മാർപ്പാപ്പാടെ പററിൽ കൊടുത്ത പുസ്തകവും കുറിയും എല്ലാം മുൻസിഞ്ഞൊർ മെടിച്ചുംകൊണ്ടു പുറത്തിറങ്ങി നിങ്ങൾ ഇത്ര നെരവും രഹസ്യമായിട്ട വച്ചിരുന്ന മലങ്കര പള്ളിക്കാറരുടെ സമ്പത്തൊക്കയും ഇതല്ലൊ ആകുന്നു എന്നു ആക്ഷെപമായി ചിരിച്ചുംകൊണ്ടു വന്നു പുസ്തകവും കുറികളും പ്രൊപ്പഗാന്ദായിൽ ചെല്ലുവൊളം പിടിപ്പാനായിട്ട ഞങ്ങടെ പററിൽ തന്നപ്പൊൾ ഇതു നല്ല ചിതമായിപൊയി എന്ന മല്പാൻ പറഞ്ഞതിന്ന നാലു ദിവസമെങ്കിലും ലൊകത്തിൽ ജീവിക്കണമെങ്കിൽ ഇങ്ങനെ വെണമെന്ന മുൻസിഞ്ഞൊർ ഉത്തരിക്കയും ഇതിന്റെ ശെഷം ഞങ്ങളെ പ്രൊപ്പഗാന്ദായിൽ കൊണ്ടുവന്നു ആക്കുകയും ചെയ്തു.

## വിചാരം

ഉണ്ടായ അവസ്ഥമെൽ കെൾക്കുന്നവൎക്കു എന്തു തൊന്നുന്നു. മലങ്കരെ പള്ളിക്കാറരു തമ്പുരാന്റെ പള്ളിയുടെ കാണപ്പെട്ട തലവനാകുന്ന മാർപ്പാപ്പാടെ മുമ്പാകെ തങ്ങടെ സങ്കടങ്ങൾ ബൊധിപ്പിച്ചാൽ പക്ഷഭെദം ഒന്നും കൂടാതെ തങ്ങടെ പള്ളികളുടെയും നസ്രാണിസുഖത്തിന്റെയും നിരപ്പിന്നും ഒരിമ്പാട്ടിന്നുംവെണ്ടുന്ന കാര്യങ്ങളൊക്കയും ന്യായമാകുംവണ്ണം വിധിക്കുമെന്ന ഭാവിച്ചു തങ്ങൾ പാവപ്പെട്ടവരാകുന്നു എന്നതുകൊണ്ടു പാരം മനസുമുട്ടോടും കാര്യക്ഷയത്തൊടുംകൂടെ പള്ളികളുടെ മുണ്ടുമുറികൾപൊലും വിററും പണയംവച്ചുംആയതിനുവെണ്ടുന്ന വഴിചിലവിന്ന ദ്രവ്യം തന്നു ഞങ്ങളെ അയച്ചാറെ ഞങ്ങൾ ദീർഘപ്പെട്ട കാലം പാരം ദുരിതവും സങ്കടങ്ങളും അനുഭവിച്ചതിന്റെ ശെഷം റൊമായിക്കു എത്തി മലങ്കര ഇടവകയുടെ ഒരിമ്പാടിന്നും ഗുണത്തിന്നും പ്രത്യെകം വെണ്ടുന്ന അപെക്ഷകളും മാർ തൊമ്മാമെത്രാന്റെ വിശ്വാസസത്യവും എത്രയും നല്ലവണ്ണം വെളിച്ചമായ എഴുത്തിൽ എഴുതി വെണ്ടുംവണ്ണം മതിപൊരികയായി കുത്തിച്ചു പുസ്തകമാക്കി മാർപ്പാപ്പാടെ കൈയിൽതന്നെ കൊടുപ്പാനും ആയതു താൻതന്നെ വായിച്ചുകണ്ടു ചെരുന്ന ഉത്തരം കല്പിക്കണമെന്ന അപെക്ഷിപ്പാൻ ഉടെതമ്പുരാന്റെ മനൊഗുണത്താൽ സംഗതി വന്നതിന്റെ ശെഷം ഒരു കാൽമണി നെരം ഉണ്ടായ മന്ത്രത്തിന്റെ ശക്തിയാൽ ആയതൊന്നും മാർപ്പാപ്പാ വായിച്ചറിയാതെയും പുസ്തകം തുറക്കപൊലും ചെയ്യാതെയും നമ്മുടെ കാര്യമൊക്കെക്കും വിപരീതകാരനായ മുൻസിഞ്ഞൊർ ബൊർജ്യാടെ പററിൽ കൊടുത്തതു വിചാരിച്ചാൽ ആറാമതു പീയൂസ് എന്ന ഈ മാർപ്പാപ്പാക്കു തമ്പു

www.malankaralibrary.com

രാന്റെ പള്ളിമെൽ എത്ര ക്ലെശമുണ്ടെന്നും നമ്മുടെ പ്രതിഭാവികൾക്ക മാർപ്പാപ്പാടെ പക്കൽ എത്ര ശക്തി ഉണ്ടായിരുന്ന എന്നും എല്ലാവക്കും നന്നായി അറിയാമെന്നുതന്നെയല്ലൊ ഇതൊക്കയും ഇങ്ങനെ ആയിരിക്കുന്ന എങ്കിലും ആയതൊന്നും നമ്മുടെ കാര്യത്തിന്നു ഒരു തെല്ലപൊലും വിഘ്നംവരുത്താതെ നാം വിചാരിച്ചിരുന്നതിനെകായിൽ നല്ലവണ്ണം കാര്യം തീർന്നതു ഓർത്തു കണ്ടാൽ പ്രത്യെകമായ ഉടെതമ്പുരാന്റെ ശക്തിയും മനൊഗുണവുമത്രെ ആകുന്ന എന്നു ഒരു പിള്ളക്കപൊലും പ്രസിദ്ധമായൊരു കാര്യമത്രെ ആകുന്നു.[2]

ഇതിന്റെശെഷം മുൻസിഞ്ഞോർ ബൊർജ്യാ പിറെറ ദിവസം യൊഗത്തിന്റെ കുറിയിലുള്ള കൈയൊപ്പുകൾ പൊരുൾ തിരിപ്പാനായിട്ടു കുറി എഴുത്തുപെട്ട രണ്ടു ഓലയും കൊടുത്തയച്ചാറെ ആയതിലുള്ള പട്ടക്കാററുടെ പെരുകൾ പൊരുൾ തിരിക്കുന്നനെരത്തു ഈ കുറിയുടെ പെർപ്പു എടുപ്പാൻ ഞങ്ങൾക്കും സംഗതിവരികയും ചെയ്തു.

## നാല്പത്തിയൊമ്പതാം പദം

**ഞങ്ങൾക്ക റൊമായിൽ ഉണ്ടായ അവസ്ഥ കെട്ടാറെ പ്രത്തുക്കാലിൽനിന്നു എഴുതിവന്നതിന്മെൽ**

റൊമായിൽ ഞങ്ങൾക്കുണ്ടായ അവസ്ഥ പ്രത്തുക്കാലിൽ കെട്ടാറെ അവിടെനിന്നു ഞങ്ങൾക്കുണ്ടായ സഹായത്തിന്റെ അവസ്ഥ വെണ്ടുംവണ്ണം അറിയാനുള്ളതിന്നു നമ്മുടെ വത്തമാനം കുറെ പുറകൊട്ടു നടപ്പാൻ വെണ്ടിയിരിക്കുന്നു.

അപ്പൊഴൊ ഈ പുസ്തകത്തിന്റെ നാല്പത്തിയാറാം പദത്തിൽ ചൊല്ലിയപൊലെ ഞങ്ങൾ റൊമായിൽ ചെന്നതിന്റെ ശെഷം പ്രൊപ്പഗാന്താ എന്ന ഭവനത്തു ഞങ്ങളെ കൈക്കൊള്ളായ്കകൊണ്ടു സന്ത അന്തൊണി എന്നു ചൊല്ലുന്ന പറങ്കിമാരുടെ ഭവനത്തു ചെന്നു വസിച്ചതിന്റെ ശെഷം റൊമായിൽ ഞങ്ങൾ ചെന്നതിന്റെ ശെഷം ഞങ്ങളൊടുണ്ടായ അവസ്ഥയും രാജസഹായം കൂടാതെ കാര്യം വെണ്ടുംവണ്ണം വരുവാൻ പരാധീനമാകുന്നതിനെക്കൊണ്ടും മാർ തൊമ്മാമെത്രാന്റെ കാര്യത്തിന്നും ശെഷം വെണ്ടുന്ന കാര്യങ്ങൾക്കും ഒട്ടുംതാമസം വരാതെ രാജസഹാ

2. മാർപ്പാപ്പാക്ക നേരിട്ടുകൊടുക്കുന്ന ഹർജികൾ കീഴുള്ളവർ പഠിച്ചതിനു ശേഷമാണു മാർപ്പാപ്പാ മറുപടി നല്കുക. അതിനാൽ ഗുബർണർദോരുടെ ക്ഷോഭം നീതീകരിക്കാവുന്നതല്ല. മോൺ. ബോർജ്യായുടെ അവിവേകമാണ് ഗുബർണർദോരെ ക്ഷോഭിപ്പിച്ചിട്ടുള്ളത്. മാർപ്പാപ്പായുടെ അവസാന തീരുമാനം അപേക്ഷകൾക്ക് അനുസൃതമായിരുന്നല്ലൊ.





യം അയപ്പാൻ ശ്രമിക്കണമെന്നു പാതിരി കയെത്താനൊസും വിഷ്ക്കൊന്തിയും യൊക്കിംവെയെസ എന്ന പട്ടക്കാരനും അറിയത്തക്കവെണ്ണം ഞങ്ങളും ബ്രന്ദാമ്മും എഴുതി അയച്ച കുറികൾ പ്രത്തുക്കാലിൽ എത്തിയാറെ ഉടൻതന്നെ പാതിരി കയെത്താനൊസ നല്ല വിശ്വാസവും മലങ്കരെക്കാററുടെ നെരെ പാരം വെണ്ടികയും തമ്പുരാന്റെ സ്തുതിക്ക കൂടുന്ന കാര്യത്തിന്നു പ്രത്യെകം എരിവും ഉള്ള വീട്ടധികാരിയെപൊലെ അപ്പൊൾ രാജാവു വസിച്ചിരിക്കുന്ന സള്വെത്തെറാ എന്നുചൊല്ലുന്ന ഇടത്തുചെന്നു റൊമായിൽ ചെന്നാറെ ഞങ്ങൾക്കുണ്ടായ സങ്കടങ്ങളെ വഴിയാകുംവണ്ണം ബൊധിപ്പിച്ചു ഞങ്ങൾ എഴുതി അയച്ച കുറിയും രാജാവിനെ കാട്ടിയതിന്റെ ശെഷംരാജാവു ഇന്ത്യാ ഒക്കയിലുള്ള വിശ്വാസകാററെ തുണക്കുന്നവനും സഹായിക്കുന്നവനും താനത്രെ ആകുന്നു എന്നു കാട്ടി ഉടെതമ്പുരാന്റെ സ്തുതിക്കും മലങ്കരെ പള്ളികളുടെ ഒരിമ്പാട്ടിന്നും പ്രത്യെകം കൂടുന്ന ഈ കാര്യങ്ങൾക്ക സഹായവും തുണയും ചെയ്വാനുള്ളതിന്നു മടിച്ചതുമില്ലാ.

അതെന്തെന്നാൽ ഉടൻതന്നെ എറൊപ്പയിലുള്ള മററു നാടുകളിൽനിന്നു വരുന്ന കാര്യങ്ങളിന്മെൽ വിചാരിക്കുന്ന സർവ്വാധികാര്യക്കാരനെ വിളിപ്പിച്ചു ഞങ്ങളെ വെണ്ടുംവണ്ണം എല്ലാംകൊണ്ടും സഹായിക്കണമെന്നും മാർ തൊമ്മാമെത്രാന്റെ കാര്യമൊക്കയും ഗൊവയിൽ മെത്രാപ്പൊലീത്തായെ കയ്യെല്പിപ്പാനുള്ളതിന്നും മലങ്കരെ ഇടവക പ്രത്തുക്കാൽ രാജിതത്തിന്നു ബന്ധിക്കുന്ന നാടാകുന്നതിനെക്കൊണ്ടു പ്രൊപ്പഗാന്താ അവിടെക്ക ആരെയും മാർഗ്ഗമറിയിപ്പാൻ അയച്ചുകൂടാ എന്നും ഇതുമെന്യെ മലങ്കരെ പ്രൊപ്പഗാന്താടെ വകയായിട്ടുള്ള മാർഗ്ഗമറിയിക്കുന്നവരെ ഒക്കയും എറൊപ്പെക്ക തന്നെ വിളിക്കണമെന്നും ആയതിന്നു വെണ്ടുന്നതൊക്കയും മാർപ്പാപ്പായുമായിട്ടു പറയത്തക്കവെണ്ണവും വളരെവളരെ ദു:ഖത്തൊടും എരിവൊടുംകൂടെ റൊമായിലുള്ള തന്റെ മനിഷ്യത്തിന്നു ഒട്ടും താമസം കൂടാതെ എഴുതി അയക്കണമെന്നു കല്പിക്കയും സർവ്വാധികാര്യക്കാററും ആയതൊക്കയും ഒട്ടു ഒരു എറക്കുറവു കൂടാതെ എഴുതി അയക്കയും ചെയ്തു.

ഇതുമെന്യെ കരിയാട്ടിൽ പാതിരിയെ കൊടുങ്ങല്ലൂർ മെത്രാപ്പൊലീത്താ ആക്കുവാൻ രാജാവു നിശ്ചയിച്ചിരിക്കുന്നു എന്നു റൊമായിലുള്ള മനിഷ്യത്തിന്നും തണുപ്പായ കുറികൾ ഞങ്ങൾക്കും കയെത്താനൊസപാതിരിയും എഴുതി അയക്കയും എന്നാൽ ഈ രാജസാധനങ്ങളും കുറികളും റൊമായിലുള്ള തന്റെ മനിഷ്യത്തിൻ പക്കൽ വന്നതിന്റെ ശെഷം താൻ ആയതൊക്കെയും ഞങ്ങളെ വായിച്ചു കെൾപ്പിച്ചതുമെന്യെ അവിടെനിന്നു നാലാംദിവസം കഴിഞ്ഞപ്പൊൾ മലങ്കരെ ഇടവകക്ക ബന്ധിക്കുന്ന കാര്യങ്ങളൊന്നും രാജസ്ത്രീയെക്കൂടെ ബൊധിപ്പിക്കാതെ തീത്തുകൂടായെ

www.malankaralibrary.com

ന്നും പ്രൊപ്പഗാന്താ എങ്കിലും മാർപ്പാപ്പാ എങ്കിലും വാച്ച സ്ഥാനമാനമെങ്കിലും ബഹുമാനമെങ്കിലും കൊടുത്തെന്നു വന്നാൽ രാജസ്ത്രീയെക്കൂടെ അറിയിക്കാതെ ആയത്തു കൈക്കൊണ്ടുകൂടായെന്നു മല്പാനും മനിസ്ത്രത്തിന്റെ എഴുത്തു വരികയും ചെയ്തു.

## വിചാരം

മാർ തൊമ്മാമെത്രാന്റെ കാര്യം ഗൊവായിൽ മെത്രാപ്പൊലിത്തായെ കെൾപ്പിക്കണമെന്നു എഴുതി വന്നതു ഓത്തു കണ്ടാൽ പാതിരി കയെത്താനൊസിന്റെ വിചാരമെന്നെ തൊന്നുന്നുള്ളു.

ഇതിന്റെ ശെഷം റൊമായിൽ ഞങ്ങൾക്കുണ്ടാകുന്ന വത്തമാനങ്ങൾ കൂടക്കൂടെ കയെത്താനൊസുപാതിരിക്കു എഴുതി അയക്കയും കയെത്താനൊസു പാതിരിയും തണുപ്പായ പലപല കുറികൾ ഞങ്ങൾക്കും എഴുതി അയക്കയും ചെയ്തു.

ഇങ്ങനെ ഒക്കെയും ഞങ്ങടെ കാര്യത്തിന്നു ഉറപ്പു വന്നുവെങ്കിലും റൊമയിലുള്ള പ്രത്തുക്കാൽ രാജാവിന്റെ മനിസ്ത്രത്തിന്നുള്ള നയനവും പദവുംകൊണ്ടും നമ്മുടെ മറുതലക്കാറരുടെ ഉപായവും തട്ടിപ്പുംകൊണ്ടും നമ്മുടെ ജാതിയുടെ ഗ്ഗുണത്തിന്നും ഉടെതമ്പുരാന്റെ സ്തുതിക്കും പ്രത്യെകം വെണ്ടുന്ന ഇക്കാര്യങ്ങൾക്കു അന്തരം വരുവാൻ പൊരുമെന്നു തൊന്നുകകൊണ്ടു ആയത്തു നമ്മുടെ മടിയും ശ്രമമില്ലായ്കയും കൊണ്ടുവരാതെ ഇരിപ്പാൻ ഈ പുസ്തകത്തിന്റെ നാല്പത്തിയാറാംപദത്തിൽ ചെല്ലിയ ഞങ്ങളുടെ നെരെ പാരം സ്നെഹവും ഇണക്കവും ഉള്ള പീലിപ്പൊസ വ്യജ്യൊളി എന്ന പട്ടക്കാരനെയും കൂടെ കൂട്ടിക്കൊണ്ടു പ്രൊപ്പഗാന്താ എന്ന സമൂഹത്തിന്നു ബന്ധിക്കുന്ന കർദിനാളന്മാരിൽ പലരുടെ പക്കൽ ചെന്നു ഞങ്ങൾ ഇന്നിന്ന കാര്യങ്ങളെ കുറിച്ചു മലങ്കരെ പള്ളിക്കാറരു ഇവിടെക്കു അയച്ചതിനെക്കൊണ്ടത്രെ വന്നിരിക്കുന്നു. ആയതൊക്കെക്കും ഉള്ള അപെക്ഷകളൊക്കെയും മാർപ്പാപ്പാടെ പററിൽ കൊടുത്താറെ മാർപ്പാപ്പാ ആയത്തു ഒക്കെക്കും പ്രൊപ്പഗാന്താ എന്ന സമൂഹം വിചാരിച്ചു നിശ്ചയിപ്പാനായിട്ടു മുൻസിഞ്ഞൊർ ബൊർജ്ജ്യാടെ പററിൽ കൊടുത്തിരിക്കുന്നു എന്നും വിശെഷിച്ചും കർദിനാൾ കസ്തെലിയും മുൻസിഞ്ഞൊർ ബൊർജ്യായും മലങ്കരെയുള്ള മാർഗ്ഗമറിയിക്കുന്നവരുടെ തട്ടിപ്പിൽ അകപ്പെട്ടിരിക്കുന്നതിനാൽ ഈ കാര്യങ്ങൾക്കു ഒക്കെക്കും മറുതലയാകുന്നു എന്നതിനെകൊണ്ടു തങ്ങൾ ഒക്കെയും ഉടെതമ്പുരാനെപ്രതി മലങ്കരെ പള്ളിക്കാറരുടെ മുട്ടദിഷ്ടതിയും ഇനി ഒരിക്കൽ ഇത്രൊളം ആളുകളെ അയപ്പാൻ മതിയാകുന്ന ആളുകളല്ലെന്നും ഓത്ത ഉടെതമ്പുരാന്റെ തിരുമുന്നൽ ന്യായമാകുംവണ്ണം കാര്യം തീർക്കണമെന്നും ഇങ്ങനെ മററും പല ആവലാതികളും പ്രതി പ്രതി അവരിൽ ഓരൊരുത്തന്റെ വീടുകളിൽ



ചെന്നു പറഞ്ഞാറെ അവരെല്ലാവരും കാര്യത്തിന്റെ പട്ടാങ്ങയും പരമാർത്ഥവും വഴിയാകുംവണ്ണം ബൊധിച്ചെങ്കിലും പണ്ടൊരിക്കൽ ദാവീദു എന്ന വാലിഭൻ ഗൊല്യാദെന്ന മല്ലനെ കൊന്നു ഇസ്രായെലിൽനിന്നു ഏറ്റം നിന്ദയും നീക്കിയപ്പൊൾ തങ്ങൾക്കുണ്ടായ സന്തൊഷത്തിന്റെയും ജയത്തിന്റെയും അടയാളം കാട്ടുവാൻ ഇസ്രായെലിലുള്ള സ്ത്രീകൾ മഹാ സന്തൊഷത്തൊടുകൂടെ പുറപ്പെട്ടു പലപല വാദ്യഘൊഷത്തൊടുകൂടെ ചാവൊൽ ആയിരം പെരെ കൊന്നു ദാവീദു പതിനായിരം പെരെ കൊന്നു എന്നു പാടി ചൊല്ലുന്നതു ചാവൊൽ രാജാവു കെട്ടാറെ തന്റെ കാലം കഴിഞ്ഞാൽ പക്ഷെ രാജിതം തന്റെ തറവാട്ടിൽനിന്നു നീങ്ങി ദാവീദിന്നായി വരുമെന്നു ഭയപ്പെട്ടു ഈ വീര്യപ്രവൃത്തി ചെയ്തു തന്നെ ജയിപ്പിച്ചതിനെക്കൊണ്ടു ദാവീദിനെ സ്നെഹിക്കെണ്ടുന്നതിന്നു പകരം എത്രയും നന്ദികെട്ട പ്രകാരത്തിൽ ദാവീദുംമെൽ പാരം ദ്വെഷം പൂണ്ടു തന്റെ മരണകാലത്തൊളം ദാവീദിനെ കൊല്ലുവാൻ ആകുംവണ്ണം ശ്രമിച്ചപൊലെ ഞങ്ങൾ ഇത്ര ദൂരിതപ്പെട്ടു അവിടെ ചെന്നു പറയുന്ന കാര്യങ്ങൾ ഒക്കെയും പരമാർത്ഥവും നെരുമാകുന്നെന്നു എത്രയും ഉറപ്പും ബൊധിപ്പുമുള്ള പലപല അവകാശങ്ങൾകൊണ്ടു അവരെല്ലാവരും മറുതല പറഞ്ഞുകൂടാത്തവണ്ണം തീൎന്ന മലങ്കരെയുള്ള കലക്കം ഒഴിഞ്ഞാൽ മലങ്കരെയുള്ള തങ്ങടെ വാഴ്ച പൊയ്പ്പൊകുമെന്നു ഭയപ്പെട്ടു കാര്യത്തിന്നു ചെരുംവണ്ണം ഒന്നും പറയാതെ ഒഴക്കനായ മാർഗ്ഗത്തിൽ ഞങ്ങളാലാകുംവണ്ണം ശ്രമിക്കാമെന്നും മലങ്കരെയുള്ള കാര്യത്തിന്നു വെണ്ടുന്ന തീരുമാനം തരുന്നതു ഞങ്ങൾ അല്ലാ കർദിനാൾ കസ്തെലി അത്രെയാകുന്നു എന്നും ഒന്നുംഒന്നും തിരിക്കാത്ത വചനങ്ങളാൽ കാര്യമൊന്നും തങ്ങടെ മെക്ക തൊടാതെ പറഞ്ഞതെയുള്ളു.

എന്നാൽ പ്രൊപ്പഗാന്തായിക്കു ബന്ധിക്കുന്ന കർദിനാളന്മാരിൽ മിക്കവരും തങ്ങൾ കണ്ടു പരമാർത്ഥവും പട്ടാങ്ങയും തിരിച്ചു പറയാതെ ഉൾക്കളവും ഉപായവുംവച്ചു പറഞ്ഞെങ്കിലും എല്ലാവരുമൊക്കെ തങ്ങൾ കണ്ടു നെരുംപരമാർത്ഥവും മൂടിയത്തുമില്ലാ. അതെന്തെന്നാൽ ഒരു ദിവസം ഞാനും മല്പാനുംകൂടെ മഹാ അറിവും നെറിവും ഉള്ള മാറെപൊഷ്ക്കി എന്നൊരു കർദിനാളിന്റെ ഭവനത്തു ചെന്നു അദ്ദെഹത്തെ കണ്ടാറെ അദ്ദെഹം മുൻപിൽ മല്പാൻ റൊമായിൽ പഠിച്ചു നില്ക്കുന്നപ്പൊൾ ഇന്നു മുൻസിഞ്ഞൊർ ബൊർജ്യായിക്കുള്ള സ്ഥാനത്തിൽ പ്രൊപ്പഗാന്താ സമൂഹത്തിന്റെ മന്തിരി ആയിരുന്നതിനാംപക്കം പ്രൊപ്പഗാന്താടെ ശാസ്ത്രസൽമത്തിൽനിന്നു പഠിച്ചുവരുന്ന നാളുകളിൽ ഉള്ള മല്പാന്റെ വ്യാപാരവും പഠിത്വവും ചൊല്ലുവിളിയും വഴക്കവും ശെഷമുള്ള പ്രകൃതികളൊക്കെയും വെണ്ടുംവണ്ണം അറിഞ്ഞിരിക്കകൊണ്ടു ഞങ്ങളുടെ നെരെ പാരം പ്രസാദവും ബഹുമാനവും

www.malankaralibrary.com

കാട്ടി ഞങ്ങൾക്കു ഇരിപ്പാൻ കസെരയുംതന്നു ഞങ്ങളെ ഇരുത്തിയതിന്റെ ശെഷം എപ്പൊൾ ഇവിടെക്കു വന്നുവെന്നും വന്ന കാര്യമെന്താകുന്നു എന്നും ഞങ്ങളോടു ചൊദിച്ചതിന്റെ ശെഷം മെൽ പറംഞ്ഞ സങ്കടപ്രകാരങ്ങളൊക്കയും പ്രൊപ്പഗാന്ദായിൽ വന്നാറെ ഉണ്ടായ അവസ്ഥയും മാർ തൊമ്മാമെത്രാൻ ചെയ്ത വിശ്വാസസത്യവും നെരല്ലാ എന്നു പറയുന്നു എന്നു ഞങ്ങൾ അദ്ദെഹത്തെ കെൾപ്പിച്ചാറെ ആയതൊക്കയും സൂക്ഷത്തൊടു കൂടെ കെട്ടതിന്റെ ശെഷം അപ്പൊൾ തന്റെ അടുക്കൽ കൂടെ ഉണ്ടായിരുന്ന ഒരു മെത്രാനൊടും ശാസ്ത്രവും അറിവുമുള്ള മറ്റു റൊമായിൽ ബഹുമാനവും കീർത്തിയുമുള്ള ചില ദർശനക്കാറരൊടും മല്പാനെ കാട്ടി പറഞ്ഞു. ഇയാളിനെ നിങ്ങൾ ആരും അറികയില്ലെല്ലൊ. എന്നാൽ ഞാൻ പ്രൊപ്പഗാന്ദായിൽ മന്തിരിയായി നില്ക്കുന്ന നാളുകളിലത്രെ ഇയാൾ അവിടെനിന്നു പഠിച്ചതു. എന്നതിനെക്കൊണ്ടു ഇയാടെ പഠിത്വവും അറിവും ചെ`ല്പുവിളിയും ജന്മാന്തിരവും ദെയ്‌വികവും പരമാർത്ഥവും ഞാൻ വെണ്ടുംവണ്ണം അറിഞ്ഞിരിക്കുന്നു. എന്നു വരുമ്പൊൾ ഇയാളും അയാടെ കൂട്ടരും ഭൊഷ്ക്കാകുന്ന ഒരു കാര്യത്തെച്ചൊല്ലി ഇത്ര ദൂരപ്പെട്ട നാട്ടിൽനിന്നു ഏറിയ അല്ലലും തെല്ലയും കഴിച്ചു ഇവിടെ വന്നെന്നു പറഞ്ഞാൽ ആർക്കു ബൊധിക്കുന്നൊരു കാര്യമാകുന്നു. എന്നിങ്ങനെ അവരൊടുപറഞ്ഞതിന്റെശെഷംമുൻസിഞ്ഞൊർ ബൊർജ്യായെ തന്റെ പ്രത്യെകമുള്ള പ്രയത്നംകൊണ്ടും ക്ലെശംകൊണ്ടും താൻ അത്രെ പ്രൊപ്പഗാന്ദാടെ മന്ത്രിയാക്കിയെന്നും ആയതിന്റെ ശെഷം തന്റെ നെരെ പാരം നന്ദികെടു കാട്ടിയതുമൊഴിയെ ഇന്നയൊളും ഇയാടെ ബുദ്ധികെടും ഉൾക്കള്ളവും കൊണ്ടു പ്രൊപ്പഗാന്ദായിലുള്ള കാര്യങ്ങളൊക്കയും താറുമാറായി പൊകുന്നതുകൊണ്ടു തനിക്കു പാരം ക്ലെശവും സങ്കടവുമായി വന്നുവെന്നും കർദിനാൾ കസ്തെലി കാര്യങ്ങളുടെ നെരും പരമാർത്ഥവും അറിയാതെ പ്രതിജ്ഞയായി സിദ്ധാന്തം പിടിപ്പാൻ മര്യാദയാകുന്നു എന്നും ഇങ്ങനെ അവരു ഇരുവരെക്കൊണ്ടും പാരം സങ്കടം പറകയും ചെയ്തു.

ഇതു കഴിഞ്ഞതിന്റെ ശെഷം ഈ കാര്യങ്ങൾക്കു വെണ്ടി അങ്ങിന്നു കൂടെ പ്രൊപ്പഗാന്ദാ എന്ന സമൂഹത്തൊടും മാർപ്പാപ്പായൊടും പറയണമെന്നു മല്പാൻ തന്നൊടു അപെക്ഷിച്ചാറെ പ്രൊപ്പഗാന്ദായിൽ ഇപ്പൊൾ നടന്നുവരുന്ന കാര്യങ്ങളൊക്കയും മെൽകീഴായിട്ടത്രെ നടന്നുവരുന്നു. എന്നതിനെക്കൊണ്ടു താൻ പ്രൊപ്പഗാന്ദായെന്ന സമൂഹത്തിന്നു പൊകുമാറില്ലെന്നും വിശെഷിച്ചും മാർപ്പാപ്പായൊടു താൻ പറയുന്നുണ്ടെന്നും പറകയും ചെയ്തു. ഇതുമെന്ന്യെ കർദിനാൾ താൻ ഞങ്ങളൊടു പറഞ്ഞൊത്തവണ്ണം ഞങ്ങടെ കാര്യം ചൊല്ലി മാർപ്പാപ്പായുമായിട്ടു പറഞ്ഞെങ്കിലും ൧൪-ാമതു(14)ക്ലെമ്മിസെന്ന ശുദ്ധമാന മാർപ്പാപ്പാടെ കാലത്തിൽ



ഈ കർദിനാളിന്നു പാരം സെവയും വെലയും ഉണ്ടായിരുന്നതും ഒഴിയെ ഈ കർദിനാളിന്റെ ബുദ്ധിചൊല്ലും വിചാരവും കൂടാതെ ആ മാർപ്പാപ്പാ ഒരു കാര്യവും ചെയ്യുമാറില്ലാഞ്ഞു. എന്നതിനെക്കൊണ്ടു തന്റെ കാലം കഴിഞ്ഞു ആറാമതു പീയൂസ എന്ന ഈ മാർപ്പാപ്പാ ആയതിന്റെശെഷം പുത്തനായ രാജാക്കൾ പുത്തനായ മന്ത്രിമാരെ ഉണ്ടാക്കുവാൻ സാമാന്യം മര്യാദിയായിരിക്കുന്നപൊലെ പുത്തനായൊരു വിചാരക്കാറരുടെ വിചാരവും ബുദ്ധിചൊല്ലും ഈ മാർപ്പാപ്പാ ഏററം സമ്മതിക്കകൊണ്ടു കാര്യമൊന്നും വെണ്ടുംവണ്ണം ഉണ്ടായതുമില്ലാ. വിശെഷിച്ചും ഈ കർദിനാൾ പുണ്യവാളന്മാരുടെ കാര്യം കെട്ടു വിധിച്ചു പരഹസ്യമായ അവർക്കുള്ള വന്ദനമെൽ കുററത്ത നിവൃത്തി വരുത്തുന്ന സമൂഹത്തിന്റെ തലവനാകുന്നതിനെക്കൊണ്ടു ഞങ്ങൾക്കു റൊമായിൽ ഉണ്ടായിരുന്ന കാലതാമസത്തിൽ നമ്മുടെ ദൈവസഹായപിള്ളയുടെ [1] വർത്തമാനമൊക്കയും ലത്തീൻവാക്കിൽ പാരം ചിതമായിട്ടു മല്പാൻ എഴുതി ഉണ്ടാക്കി ആയതിനൊടുകൂടെ കർദിനാളിന്നു ഒരു അപെക്ഷയും എഴുതി ഇദ്ദെഹത്തിന്റെ പക്കൽ കൊടുത്തു മലങ്കരെ പള്ളിക്കാറരുടെ പാവവും ദരിദ്രിയവും ബൊധിപ്പിച്ചു പണം കൊടുപ്പാൻ പള്ളിക്കാറർക്കു വകയില്ലാ എന്നും ചൊല്ലി ഈ സഹദാടെ കാര്യം കെട്ടു വിധിപ്പാനുള്ളതിന്നു ഉപെക്ഷ വരുത്തെന്നു കർദിനാളിനൊടു പാരം അപെക്ഷിക്കയും ചെയ്തു. എന്നാൽ ഈ വർത്തമാനത്തിന്റെ പെർപ്പ് ഞങ്ങളുടെ പററിൽ ഇരുന്നാറെ പ്രത്തുക്കാൽ വന്നതിന്റെശെഷം യുസെകയെത്താനൊസ മെസ്സിത്തയെന്ന ഞങ്ങളുടെ സ്നെഹകാരനായ ഒരു പട്ടക്കാരൻ വായിപ്പാനായിട്ടു മെടിച്ചാറെ ആയതു അയാടെ പററിൽനിന്നു കളഞ്ഞുപൊകയും ചെയ്തു.

ഇതുമെന്ന്യെ മുൻസിഞ്ഞൊർ യൊർദനാ എന്ന റൊമായിൽ വികാരി ജനരാലിന്റെ സ്ഥാനം ഭരിക്കുന്ന മെത്രാൻ ഞങ്ങളെ കണ്ടു ഞങ്ങൾ റൊമായിക്കു ചെന്ന കാര്യം കെട്ടാറെ പാരം സന്തൊഷപ്പെട്ടു എത്രയും എരിവുള്ള ഒരു പടാത് പറഞ്ഞു. നിങ്ങൾ വന്ന കാര്യം എത്രയും വലിയതും തമ്പുരാന്നു തെളിഞ്ഞതുമാകുന്നതിനെക്കൊണ്ടു ഉടെതമ്പുരാൻ മനൊഗുണം ചെയ്യുമെന്നും

1. തെക്കൻ തിരുവിതാംകൂറിൽ നേമം എന്ന സ്ഥലത്തു മിഷ്യനറിയായിരുന്ന ഫാദർ ബുട്ടാരി എസ്. ജെ. കൊട്ടാരസേവകരിലൊരാളായ നീലകണ്ഠപ്പിള്ളയെ 1745-ൽ ജ്ഞാനസ്നാനപ്പെടുത്തി. തിരുവിതാംകൂർ സേനാനായകനായിരുന്ന ഡിലനോയിയുമായുണ്ടായിരുന്ന സമ്പർക്കത്തിന്റെ ഫലമായിരുന്നു ഈ മാനസാന്തരം. അന്നു 32 വയസ്സുണ്ടായിരുന്നു നീലകണ്ഠപ്പിള്ളയ്ക്കു്. അദ്ദേഹം ദൈവസഹായം പിള്ള എന്ന പേർ സ്വീകരിച്ചു. മതംമാററം മൂലം നാലുകൊല്ലം ദൈവസഹായംപിള്ള ജയിലിൽ കിടന്നു. 1752-ൽ രാജകല്പനപ്രകാരം അദ്ദേഹത്തെ വധിക്കയും ശവം കുററിക്കാട്ടിൽ ഉപേക്ഷിക്കുകയും ചെയ്തു. ക്രിസ്ത്യാനികൾ അതു കണ്ടെടുത്തു സംസ്കരിച്ചു.

www.malankaralibrary.com

ആയത്തുകൊണ്ടു നിഗളമൊന്നും ഭാവിക്കരുതെന്നും ഉണ്ടാകുന്ന മറുതലകളും പിശാചുകളുടെ ഉപദ്രവങ്ങളും ക്ഷമയൊടുകൂടെ ക്ഷമിക്കണമെന്നും ഞങ്ങളെ ബൊധിപ്പിച്ചു. താൻ പറഞ്ഞതൊക്കെയും ശ്ലീഹന്മാരുടെയും കന്തീശങ്ങളുടെയും പ്രവൎത്തികളും കണ്ടുപഠിത്വങ്ങളുംകൊണ്ടു ഉറപ്പിച്ചതുമൊഴിയെ മററു പല കാനൊനീസ്സാന്മാരും അറിവും ഇരിപ്പും ഉള്ള പട്ടക്കാററും ഞങ്ങൾ ചെന്ന കാൎയ്യം കെട്ടാറെ ഞങ്ങടെ കാൎയ്യത്തിന്റെ നെറിവും മുൻസിഞ്ഞൊർ ബൊൎജ്യാടെയും കസ്തെലികൎദിനാലിന്റെയും അന്യായവും വെളിച്ചമെതന്നെ പട്ടാങ്ങ പറകയും ചെയ്തു. അപ്പൊഴൊ എത്രയും ദരിദ്രിയപ്പെട്ട പ്രകാരത്തിൽ വെസലഹം എന്ന ഇടത്തു ഉണ്ണിമിശിഹാ പിറന്നാറെ രാജാക്കളിൽവച്ചു മ്ഗൂശന്മാരും പാവപ്പെട്ടവരിൽവച്ചു ഇടയന്മാരും ശാസ്ത്രകാററിൽവെച്ചു ശെമൊൻ എന്ന ക്ഷപന്നും വിധവസ്ത്രീകളിൽവച്ചു ഹന്നായെന്ന ക്ഷപിയും ഇങ്ങനെ എല്ലാജാതിമാനുഷരിൽനിന്നു പരഹസ്യമായിട്ടുതന്നെ വന്ദിപ്പാൻ ആളുകളുണ്ടായപൊലെ ഞങ്ങടെ കാൎയ്യത്തിന്റെ പരമാൎത്ഥവും മറുതലക്കാററുടെ അന്യായവും പരഹസ്യമായിട്ടു തന്നെ പട്ടാങ്ങ പറവാൻ മെൽപറഞ്ഞവണ്ണം കൎദിനാലന്മാരിൽവച്ചും മെത്രാന്മാരിൽവച്ചും പട്ടക്കാററിൽവച്ചും പലപല ആളുകൾ ഉണ്ടാകയും ചെയ്തു.

വിശെഷിച്ചും ഈ പുസ്തകത്തിന്റെ മുപ്പത്തൊമ്പതാം പദത്തിന്റെ ഒടുക്കത്തിൽ ചൊല്ലിയിരിക്കുന്നപൊലെ ജനുവാ എന്ന നാട്ടിൽ ഞങ്ങൾക്കു എത്രയും സ്നെഹപ്പെട്ട മൎക്കെസൊനി ഗ്രൊണി എന്ന മാടമ്പിസ്ത്രീ റൊമായിൽ ഞങ്ങൾ ചെന്നതിന്റെ ശെഷം പലയുഴവും ഞങ്ങൾക്കു എഴുതി അയച്ചു വൎത്തമാനമൊക്കെയും വെണ്ടുംവണ്ണം അറിഞ്ഞതിനാൽ ഈ അമളിയിൽ തന്നാൽ ആകുംവണ്ണം ഞങ്ങളെ സഹായിക്കണമെന്നുംവച്ചു റൊമായിലുള്ള ഇസ്പാഞ്ഞരാജാവിന്റെ മനിഷ്ടും തന്റെ അടുത്ത ഉടമയിലുള്ള ആങ്ങളയായിരിക്കുന്നതിനെക്കൊണ്ടും ഈ മനിഷ്ടത്തിന്നു റൊമായിൽപാരം കരുത്തുണ്ടായിരിക്കകൊണ്ടും എത്രയും ബലപ്പെട്ട ഒരു കുറി ഞങ്ങളുടെ കാൎയ്യം ചൊല്ലി ഈ മനിഷ്ടത്തിന്നു എഴുതി ആയത്തു കൊണ്ടുചെന്നു മനിഷ്ടത്തിന്റെ പററിൽ കൊടുത്തു പറഞ്ഞാൽ നിങ്ങളുടെ കാൎയ്യത്തിന്നു ഒരു പാങ്ങുണ്ടെങ്കിൽ ഉപെക്ഷ ഉണ്ടാകയില്ലെന്നു ഞങ്ങൾക്കും കുറി എഴുതി ഞങ്ങടെ പക്കൽ കൊടുത്തയച്ചാറെ ഞങ്ങൾ ഈ കാൎയ്യത്തിന്മെൽ പറഞ്ഞു ഞങ്ങളുടെ സ്നെഹകാരൻ ബ്രന്ദാമ്മുമായിട്ടു വിചാരിച്ചുകണ്ടതിന്റെ ശെഷം ഈ കാൎയ്യം ചൊല്ലി ഇസ്പാഞ്ഞരാജാവിന്റെ മനിഷ്ടപവുമായി പറഞ്ഞാൽ പ്രത്തുക്കാൽ രാജാവിന്നും തന്റെ മനിഷ്ടത്തിന്നും പ്രസാദമായി വരികയില്ലാ എന്നു തന്നെയല്ലാ തുടങ്ങിയപ്രകാരം വച്ചെച്ചു മറുപാടു തിരിവാൻ പൊരുമെന്നു കാൺകകൊണ്ടു ആയത്തു ഇസ്പാഞ്ഞരാജാവിന്റെ മനിഷ്ടത്തിന്റെ



പക്കൽ കൊണ്ടുചെന്നു കൊടുത്ത കാൎയ്യം പറവാൻ കൂട്ടാക്കിയതുമില്ലാ.

ഇതൊക്കെയും കഴിയുന്ന ഇടയിൽ ചെരിപ്പില്ലാത്ത കൎമ്മലിത്താകാററുടെ മാൎഗ്ഗമറിയിക്കുന്നവരെല്ലാവരുടെയും തലവനാകുന്ന പീയൂസ എന്ന പാതിരി പലയുഴവും മല്പാനെ ആളയച്ചു വിളിപ്പിച്ചാറെയും പൊകാഞ്ഞിട്ടു പിന്നെയും ആളയക്കകൊണ്ടു ഒടുക്കം മല്പാൻ ഈ അവസ്ഥ ഒക്കെയും ബ്രന്ദാം എന്ന പട്ടക്കാരനൊടു പറഞ്ഞാറെ ബ്രന്ദാം അവരുടെ സ്വഭാവം വെണ്ടുംവണ്ണം അറിഞ്ഞിരിക്കകൊണ്ടു ഒരു തെല്ലു പൊകലപൊടിപൊലും അവരു തന്നാൽ മെടിക്കരുതെന്നും മല്പാനൊടു പറഞ്ഞു താനുംകൂടെ മല്പാനു കൂട്ടുകൂടി ഈ പാതിരി വസിക്കുന്ന ഭവനത്തു ചെന്നു ബ്രന്ദാം താഴെ നിന്നുംകൊണ്ടു മല്പാൻ മീതെ കരെറി പാതിരിയുമായിട്ടു കണ്ടാറെ പാതിരിക്കു ദീനം ഭാവിച്ചു കട്ടിലിന്മെൽ കിടക്ക ആയിരുന്നു എങ്കിലും മല്പാനെ പാരം ബഹുമാനിച്ചു ഞങ്ങൾ റൊമായിക്കു ചെന്ന കാൎയ്യം അറിവാൻ പല പ്രകാരത്തിലും ചൊദിച്ചാറെ മല്പാൻ ഒന്നുമൊന്നും തിരിച്ചു പറയാതെ പൊരികയും ചെയ്തു.

ഇങ്ങനെ ഒക്കെയും ഇരിക്കുന്ന മദ്ധ്യെ പ്രൊപ്പഗാന്താടെ എജമാനനാകുന്ന കൎദിനാൾ കസ്തെലി മരിച്ചു തന്റെ സ്ഥാനത്തിൽ കൎദിനാൾ അന്തൊനെല്ലി ആകയും ചെയ്തതിന്റെ ശെഷം ഈ പുത്തനായൊരു തലവനെ കണ്ടു വഴക്കം ചെയ്തതനിക്കു ചൊമ്മൊത്തു ചൊല്ലുവാൻ പ്രൊപ്പഗാന്താ എന്ന പഠിത്വസ്ഥലത്തിൽ ഉള്ളവരൊക്കെയും പൊകുന്ന നെരത്തിൽ ഞങ്ങളുംകൂടെ തന്നെ കാൺമാനായിട്ടു ചെന്നാറെ ഞങ്ങളെ കണ്ടു ഉടൻ നിങ്ങടെ കാൎയ്യമൊക്കെയും വെണ്ടുംവണ്ണം വിചാരിച്ചു തീൎക്കത്തക്കവണ്ണം മാൎപ്പാപ്പാ എന്നൊടു കല്പിക്കകൊണ്ടു ഞാൻ സൂക്ഷിച്ചു നിങ്ങടെ അപെക്ഷകളെ ഒക്കെയും വായിച്ചു കാണുന്നുണ്ടെന്നും ഏതു പ്രകാരമായാലും പ്രത്തുക്കാൽ രാജാവുകൂടെ ഇക്കാൎയ്യത്തിന്നു കടക്കകൊണ്ടു ഞങ്ങളുടെ കൈകൾ കെട്ടിയിരിക്കുന്നു. ഞങ്ങൾക്കു ഒത്തവണ്ണം ഈ കാൎയ്യത്തിന്മെൽ ഒരു വസ്തുവും ചെയ്തുകൂടായെന്നു സങ്കടംപൊലെ കൎദിനാൾ ഞങ്ങളൊടു പറഞ്ഞതിന്നു പ്രത്തുക്കാൽ രാജാവു ഇക്കാൎയ്യത്തിൽ കടന്നെങ്കിലും ഇക്കാൎയ്യത്തിന്നു ന്യായമാകുംവണ്ണം വിധിക്കുന്നതിന്നു കുറവു ഉണ്ടാകുവാൻ സംഗതി ഇല്ലെല്ലൊ. അതെന്തെന്നാൽ ആയത്തു ഇവിടത്തെ കടമല്ലൊ ആകുന്നു എന്നു ഞങ്ങളും ഉത്തരിച്ചു. അവിടെനിന്നു പൊന്നതിന്റെ ശെഷം കാൎയ്യത്തിന്നു പുത്തനായിട്ടു ഓൎമ്മ വരുത്തുവാനും ഞങ്ങൾക്കു ഉടെതമ്പുരാന്റെ തിരുമുമ്പിൽ ചുമതലകൂടാതെ ഇരിപ്പാനുമായിട്ടു നമ്മുടെ പള്ളിക്കു ദിഷ്ടതിയുള്ള വസ്തുക്കളിന്മെലുള്ള മെൽ പറഞ്ഞ രണ്ടാം അപെക്ഷ വീണ്ടു ഒരു

www.malankaralibrary.com

കടദാശിൽ എഴുതി കർദിനാലിന്റെ പക്കൽ കൊണ്ടുപൊയി കൊടുക്കയും ചെയ്തു.

വിശെഷിച്ചും കർദിനാൾ കസ്തെലി മരിക്കുന്നതിന്നു കുറെ മുമ്പിൽ ഞങ്ങൾ ഏതും അറിയാതെ മലങ്കരക്കു വികാരി അപ്പസ്തൊലിക്കാ ആയി കഴലപ്പെട്ട മെൽ പറഞ്ഞ യൊഹന്നാൻ ദസന്തമർഗരീത്താ എന്ന പാതിരി മലയാളത്തിന്നു വരുവാനായിട്ടു മില്ലാനെന്ന തന്റെ നാട്ടിൽനിന്നു പുറപ്പെട്ടു ജെനവായിൽ ചെന്നു പാർത്തുവരികയും ചെയ്യുന്നു.

## അമ്പതാം പദം

യൊഹന്നാൻ ദസന്ത മർഗരീത്താ എന്ന പാതിരി ജനവായിൽ ചെന്നാറെ ഉണ്ടായ അവസ്ഥമെല്ലാം മലങ്കരക്കുള്ള തന്റെ യാത്രക്കു എങ്ങനെ മുടക്കം ഉണ്ടായി എന്നതിന്മെലും

യൊഹന്നാൻ ദെസന്ത മർഗരീത്താ എന്ന ഈ ചെരിപ്പില്ലാത്ത കർമ്മെലത്താക്കാരൻ പാതിരി മെൽപറഞ്ഞവണ്ണം തന്റെ ഉപായവും ഉൾക്കളവുംകൊണ്ടു കൌദ്യൊപ്പൊലീസ എന്ന നാട്ടിന്റെ മെത്രാനും മലങ്കരെ ഇടവകക്കു വികാരി അപ്പസ്തൊലിക്കായും ആയിട്ടു കഴലപ്പെട്ടിരിക്കുന്ന സമയത്തിൽ ഞങ്ങൾ ജനവായിൽ ചെന്നതിന്റെ ശെഷം എത്രയും ഉപായസ്നെഹവും ഉൾക്കളവും നിറഞ്ഞ ഈ പുസ്തകത്തിന്റെ നാല്പത്തിരണ്ടാം പദത്തിൽ എഴുത്തപെട്ട കുറി ഞങ്ങൾക്കും എഴുതി അയച്ചു ഞങ്ങൾ റൊമായിക്കുപൊകുന്നതിന്നുമുമ്പിൽ തന്റെ നാടു മില്ലാനിൽക്കൂടെ ചെന്നുകണ്ടു പറഞ്ഞുകൊണ്ടു പൊകണമെന്നു ഞങ്ങളൊടു അപെക്ഷിച്ചാറെ ഞങ്ങൾ ആയിടത്തിൽ ചെല്ലായ്കകൊണ്ടും തനിക്കുണ്ടായ ഈ ഭാഗ്യത്തുമ്മെൽ പ്രസാദമായ ഒരു ഉത്തരംപൊലും കൊടുക്കായ്കകൊണ്ടും ഞങ്ങൾ തന്റെ കാര്യത്തിന്നു വിപരീതമാകുന്നു എന്നു അറിഞ്ഞതിനാൽ തന്റെ നാട്ടിൽ വളരെ താമസിച്ചാൽ മലങ്കരക്കുള്ള തന്റെ യാത്രക്കു വാച്ചു മുടക്കവും ഉണ്ടാകുവാൻ പൊരുമെന്നു ഭാവിച്ചു രഹസ്യമായിട്ടു കസ്തെലി കർദിനാളിന്നു കുറി എഴുതി അയച്ചു അനുവാദവും വാങ്ങി പ്രാസെന്മാരും ഇൻഗ്ളെശന്മാരുമായിട്ടുള്ള പടയുടെ ഹെതുവാൽ പ്രാസനാട്ടിൽക്കൂടെ പൊകുവാൻ തക്കം ഇല്ലായ്കകൊണ്ടു പ്രത്തുക്കാലിന്നു ചെന്നു അവിടെനിന്നു ഇന്ദ്യായിക്കു കപ്പൽ കരെറുക എന്നും നിശ്ചയിച്ചു ആയതിന്നു വെണ്ടുന്നതൊക്കയും പ്രത്തുക്കാലിൽ വസിച്ചിരിക്കുന്ന തന്റെ ദർശനകാരനും ചെങ്ങാതിയുമാകുന്ന ബൊനവെന്തുരാ എന്ന പാതിരിക്കു കുറി എഴുതി ഒപ്പിച്ചുംകൊണ്ടു മെത്രാന്റെ സ്ഥാനത്തിന്നുള്ള വാഴ്ച കഴിയുന്നതിന്നു മുമ്പിൽതന്നെ മില്ലാനെന്ന തന്റെ നാട്ടിൽ





നിന്നു പുറപ്പെട്ടു പ്രത്തുക്കാൽരാജ്യത്തിന്നു പൊകുവാനായിട്ടു ജെനവാ എന്ന നാട്ടിൽ ചെല്ലുകയും ചെയ്തു.

എന്നാൽ പാതിരി ജെനവായിൽ ചെന്നതിന്റെ ശെഷം തന്റെ സ്ഥാനവും അംശവും പരഹസ്യപ്പെടുത്തിയാൽ താൻ അവിടെ ശ്രമിച്ചു വരുന്ന കാര്യങ്ങളൊക്കയും സാധിപ്പാൻ പാരം എളുപ്പമുണ്ടു എന്നതിനെക്കൊണ്ടും അവിടെവച്ചു മെത്രാൻ വാഴ്ച കൈക്കൊള്ളുവാൻ ഭാവിച്ചിരിക്കകൊണ്ടും ഇത്താലിയാരാജ്യത്തുള്ള മര്യാദിക്കു തക്കവണ്ണം വാഴ്ച കഴിയുന്നതിന്നു മുമ്പിൽതന്നെ തന്റെ ദർശനത്തിന്റെ കമ്പിളികുപ്പായവും മാററി മെത്രാന്മാരു ഇടുവാൻ മര്യാദിയായിരിക്കുന്ന കുപ്പായങ്ങളും ഇട്ടു ഇവിടെയുള്ള തന്റെ സ്നെഹകാരരുടെയും ചങ്ങാതിമാരുടെയും ഭവനങ്ങളിൽ ചെന്നു അവരൊടുകൂടെ സന്തൊഷപ്പെട്ടിരിക്കുന്ന മദ്ധ്യെ ജെനവായിൽനിന്നു പ്രത്തുക്കാലിന്നു പൊകുവാനുള്ള സമയം അടുത്തപ്പൊൾ മലങ്കരെക്കു പൊകുന്ന വികാരി അപ്പസ്തൊലിക്കാമാൎക്കു വഴിച്ചിലവിന്നായിട്ടു പ്രൊപ്പഗാന്ദാ എന്ന സമൂഹം കൊടുപ്പാൻ മര്യാദിയായിരിക്കുന്ന പണം വാങ്ങി കൊടുത്തയക്കണമെന്നു റൊമായിലുള്ള മെൽ ചൊല്ലിയ മാർഗ്ഗമറിയിക്കുന്നവരുടെ തലവനു എഴുതി അയച്ചാറെ ഈ പാതിരി മററു രണ്ടു പാതിരിമാരെ മൻസിഞ്ഞൊർ ബൊർജ്യാടെ പക്കൽ അയച്ചു പണം വാങ്ങി കൊണ്ടുപൊയ പ്രകാരം ഞങ്ങൾക്കു എത്രയും സ്നെഹപ്പെട്ടും പ്രിയപ്പെട്ടും ഇരിക്കുന്ന പ്രൊപ്പഗാന്ദാടെ വീട്ടധികാരിയാകുന്ന പട്ടക്കാരൻ അറിഞ്ഞതിനാലെ അയാൾ ഇക്കാര്യം ഞങ്ങളൊടു പറഞ്ഞതിനാംപക്കം ആയതിന്റെ പരമാൎത്ഥം വെണ്ടുംവണ്ണം തിരക്കി അറിയണമെന്നു വീണ്ടും അയാളൊടു പറഞ്ഞാറെ ആയതിന്നു ഒട്ടും ഏറക്കുറവു വരുത്താതെ തിരക്കി അറികയും മല്ലാനും വെറെ വഴിക്കു തിരക്കി ൮൦൦ (800) സ്കുതി വഴിച്ചിലവിനായിട്ടു കൊടുത്തയച്ചപ്രകാരം പരമാൎത്ഥമായി ബൊധിക്കയും ചെയ്തതിന്റെ ശെഷം ഈ പുസ്തകത്തിന്റെ ൯-ാം (9) പദത്തിൽ ചൊല്ലിയിരിക്കുന്നപൊലെ ൧൭൭൬-ാം (1776) കാലം മലങ്കരെ യൊഗമെല്ലാവരും ആലങ്ങാട്ടുകൂടി എഴുതിവച്ചു പടിയൊലയൊടു മറുത്തും പ്രത്തുക്കാലിൽനിന്നു വന്ന രാജതിരുവെഴുത്തൊടു മറുത്തും മലങ്കരെ യൊഗത്തിന്റെ ആവലാതി കെൾക്കാതെയും തങ്ങടെ പള്ളികളുടെ ഒരിമ്പാടിന്നു വെണ്ടുന്ന കാര്യങ്ങളിന്മെൽ ഒട്ടും കൂട്ടാക്കാതെയും വഴക്കവും ചൊല്ലുവിളിയും ഇല്ലാത്തവനെന്നു വച്ചു തങ്ങളുടെ പള്ളികളിൽ എങ്ങും ചെന്നുകൂടാ എന്നു വിരവധിച്ചു പാതിരിയെതന്നെ തങ്ങൾക്കു വികാരി അപ്പസ്തൊലിക്കാ ആയിട്ടു കല്പിച്ചയക്കുന്നതിന്മെൽ മല്ലാൻ പാരം സങ്കടപ്പെട്ടു. ഏതുപ്രകാരമായാലും മലങ്കരെയൊഗത്തിന്റെ ബഹുമാനം തന്നാൽ ആകുംവണ്ണം വരുത്തിയെ മതിയാവൂ എന്നു നിശ്ചയിച്ചു ഉടൻതന്നെ മെൽപറഞ്ഞ പടിയൊ

www.malankaralibrary.com

ലയുടെ പെർപ്പും എടുത്തുംകൊണ്ടു മുൻസിഞ്ഞോർ ബൊർജ്യായുടെ പക്കൽ ചെന്നു യൊഹന്നാൻ ദസന്ത മർഗറീത്താ എന്ന പാതിരിയെ മലങ്കരക്കു വികാരി അപ്പസ്തൊലിക്കാ ആയിട്ടു കല്പിച്ചുതുമൊഴിയെ ഒട്ടും താമസം കൂടാതെ മലങ്കരക്കു പൊകുവാനുള്ളതിന്നു കല്പനയും വഴിച്ചിലവും പ്രൊപ്പഗാന്ദാ കൊടുത്തയച്ചെന്നുള്ള പ്രകാരം സൂക്ഷമായിട്ടു ഞങ്ങൾ കെട്ടു. ആയതു നന്നായി വരുവാൻ തക്ക കാര്യമല്ലാ. അതെന്തന്നാൽ മലങ്കരയുണ്ടായ പിണക്കങ്ങളുടെയും കലക്കങ്ങളുടെയും തലവൻ ഈ പാതിരി അത്രെ ആയിരിക്കകൊണ്ടു തന്റെ എജമാനനാകുന്ന മെത്രാന്നു വഴക്കവും ചൊല്ലുവിളിയും ഇല്ലാത്തവനും ആകുന്നു എന്നും ആ ഹെതുവാൽ മലങ്കരെയൊഗം എല്ലാവരും ആലങ്ങാട്ടുകൂടി പടിയൊല എഴുതിവച്ചു എന്നും ആയതുകൊണ്ടു ഈ പാതിരിതന്നെ മെൽസ്ഥാനവുംകൊണ്ടു അവിടെക്കു ചെല്ലുമ്പൊൾ ഏറിയ കഴപ്പുകളും കലക്കങ്ങളും വീണ്ടും അവിടെ ഉണ്ടായി വരുവാനുള്ളൊരു അവകാശമായിരിക്കുമെന്നും പറഞ്ഞു മലങ്കരെയൊഗം സൊരുമിച്ചു എഴുതിവച്ച പടിയൊലയുടെ പെർപ്പു മുൻസിഞ്ഞോറിനെ കാട്ടിയാറെ ആ പെർപ്പു മുൻസിഞ്ഞോർ കണ്ടാറെ തന്റെ ഹൃദയകള്ളവും ഉപായവുംകൊണ്ടു ഇവിടെ കാര്യമൊന്നും വിചാരിക്കുന്നതു ഞാനല്ല, കണ്ടു ഞായം മാത്രം പറവാനെ ഇനിക്കു കടമുള്ളു, എന്നതുകൊണ്ടു ഈ പടിയൊലയുടെ വാചകം എന്റെ പക്കൽ തന്നാലും ഞാൻ ആയതു കൊണ്ടു ചെന്നു കാട്ടി ഇപ്പൊൾതന്നെ കർദിനാളിനൊടു പറയുന്നുണ്ടെന്നും പാതിരിയെ അയക്കുന്ന കാര്യംകൊണ്ടു ഇനിക്കു ഒരററകുററം കൂടാതെ. ഇപ്പൊൾതന്നെ എന്റെ കൈ ഞാൻ കഴുകി എന്നും ഇങ്ങനെ മൈഒഴിച്ചു മുൻസിഞ്ഞോർ പറയുന്നതു കെട്ടാറെ ഈശൊമിശിഹായെ വിധിക്കുന്ന നെരത്തു പീലാത്തൊസു കൈ കഴുകിയ പൊലെ അത്രെ അങ്ങിന്നിപ്പൊൾ കൈ കഴുകുന്നതു എന്നു മല്പാനും പറഞ്ഞു മുൻസിഞ്ഞോർ ചൊദിച്ചവണ്ണം പടിയൊലയുടെ ഒരു പെർപ്പു തനിക്കു കൊടുക്കയും ചെയ്തു.

വിശെഷിച്ചും മുൻസിഞ്ഞോർ പറഞ്ഞ വാക്കും മൊഴിയും കെട്ടാറെ കാര്യം ഇതൊന്നു കൊണ്ടും നില്ക്കയില്ലാ എന്നു കണ്ടു അന്നുതന്നെ പടിയൊലയുടെ പെർപ്പുംകൊണ്ടു ബ്രന്ദാമെന്ന പട്ടക്കാരന്റെ പക്കൽ ചെന്നു തന്നൊടും ഈയവസ്ഥയൊക്കയും പറഞ്ഞു കെൾപ്പിച്ചതിന്റെ ശെഷം ഉടൻതന്നെ ബ്രന്ദാമ്മും മല്പാനും കൂടെ മനിഷ്ടത്തിന്റെ വീട്ടിൽ ചെന്നു ഈ ഉണ്ടായ അവസ്ഥ ഒക്കയും മനിഷ്ടത്തെ കെൾപ്പിച്ചുംകൊണ്ടു പ്രത്തുക്കാൽ രാജസ്ത്രീയുടെ ബഹുമാനത്തെ പ്രതിയും മലങ്കരെ പള്ളിക്കാറരുടെ സഹായത്തെപ്രതിയും ഏതാനും ചെയ്‌വാൻ അങ്ങിന്നു ഭാവിച്ചിട്ടുണ്ടെങ്കിൽ ആയതിന്നുള്ള സമയം ഇപ്പൊളത്രെ ആകുന്നു എന്നു മല്പാൻ പറഞ്ഞാറെ ഇക്കാര്യത്തിന്നു എന്തു വെണ്ടു എന്നു പറഞ്ഞാൽ



ആയതൊക്കക്കും ഞാൻ ആസ്ഥമായിരിക്കുന്നു എന്ന മനിഷ്ടം പറഞ്ഞാറെ അങ്ങിന്നു മറെറാരു വസ്തു ചെയ്യെണ്ടാ മലങ്കരെ പള്ളിക്കാറരുടെ ഈ പടിയൊലയും പ്രത്തുക്കാൽ രാജസ്ത്രീയുടെ തിരുവെഴുത്തുംകൊണ്ടു ചെന്ന മാർപ്പാപ്പായെ കാട്ടി ഇങ്ങനെ ഒക്കയും ഇരിക്കുമ്പൊൾ മലങ്കരെ പള്ളിക്കാറരു വഴക്കവും ചൊല്ലുവിളിയും ഇല്ലാത്തവനെന്നുവച്ചു പുറത്താക്കിയ പാതിരിയെതന്നെ മലങ്കരക്കു വികാരി അപ്പസ്തൊലിക്കാ ആയിട്ടു അയപ്പാൻ എങ്ങനെ പ്രൊപ്പഗാന്ദാ കല്പിച്ചു വഴിയാത്രക്കു പണവും കൊടുത്തയച്ചു എന്നതുകൊണ്ടു ഈ കാര്യം മലങ്കരെയൊഗത്തിന്റെ കുററപ്പൊടും പ്രത്തുക്കാൽ രാജസ്ത്രീയുടെ കല്പനയൊടും മറുത്ത അത്രെ ആകുന്നു എന്നുള്ളതു അറിച്ചാൽ മതിയെന്നു മല്പാനും പറഞ്ഞു. ആയതു അങ്ങനെ തന്നെ എന്നു മനിഷ്ടം പറഞ്ഞു. മനിഷ്‌പം കയ്യെററതിന്റെ ശെഷം വീട്ടിൽ വന്നു ഈ ഉണ്ടായ അവസ്ഥയും മലങ്കരെയൊഗത്തിന്റെ പടിയൊലയൊട മറുത്തും പ്രത്തുക്കാൽ രാജസ്ത്രീയുടെ കല്‌പനയൊടു മറുത്തുംമലങ്കരെ ഉണ്ടായ പിണക്കങ്ങളുടെയും അടിസ്ഥാനക്കല്ലായ പാതിരിയെത്തന്നെ മലങ്കരെ വികാരി അപ്പസ്തൊലിക്കാ ആയിട്ടു അയപ്പാൻ എങ്ങനെ പ്രൊപ്പഗാന്ദാ കല്പിച്ചെന്നു കയത്താനൊസ പാതിരിയും വിഷ്‌ക്കൊന്തിയും അറിയത്തക്കവണ്ണം പ്രത്തുക്കാലിന്നു എഴുതി അയക്കയും ചെയ്തു.

അപ്പൊഴെ മനിഷ്ടം മെൽ ചൊല്ലിയവണ്ണം കാര്യം കൈയെററതിന്റെ ശെഷം ഒട്ടുംഉപെക്ഷ കൂടാതെ അന്നുതന്നെ സന്തികസമയം കഴിഞ്ഞതിന്റെ ശെഷം മാർപ്പാപ്പാടെ അടുക്കൽ ചെന്നു മലങ്കരെ യൊഗത്തിന്റെ പടിയൊലയും രാജസ്ത്രീയുടെ തിരുവെഴുത്തും മാർപ്പാപ്പായെ കാട്ടി മെൽപറഞ്ഞവണ്ണമൊക്കയും തന്നെ ബൊധിപ്പിച്ചതിന്റെ ശെഷം ഈ കാര്യമൊന്നും താനറിഞ്ഞിരുന്നില്ലാ എന്നും പ്രൊപ്പഗാന്ദാടെ തലവനാകുന്ന കർദിനാളും മുൻസിഞ്ഞോർ ബൊർജ്യായും തന്നെ തട്ടിച്ചു എന്നും ഉടൻതന്നെ ഇതിനൊക്കക്കും പൊംവഴി വിചാരിക്കുന്നുണ്ടെന്നും പറഞ്ഞ മനിഷ്ടത്തിനെ അയച്ചതിന്റെ ശെഷം പിറെറ ദിവസം തന്നെ മാർപ്പാപ്പാ പ്രൊപ്പഗാന്ദാടെ പുത്തൻ തലവനായ അന്തൊനെല്ലി കർദിനാളിനെയും മുൻസിഞ്ഞോർ ബൊർജ്യായെയും തന്റെ പക്കൽ വരുത്തി കാര്യത്തിന്റെ വിവരമൊന്നും തന്നെ അറിയിക്കാതെകണ്ടു തട്ടിപ്പു പറഞ്ഞു മെൽപറഞ്ഞ പാതിരിക്കു മലങ്കരെ വികാരി അപ്പസ്തൊലിക്കാടെ സ്ഥാനത്തിന്നു പിടിപാടുസാധനം വാങ്ങിയതിന്മെൽ അവരെ പാരം കുററപ്പെടുത്തി ഒട്ടും താമസംകൂടാതെ പാതിരിക്കു കൊടുത്ത പിടിപാടുസാധനം വാങ്ങിയെ മതിയാവു എന്നു കുററുത്ത അവരൊടു കല്‌പിച്ചയക്കയും ചെയ്തു.

ഇതിന്റെ ശെഷം അന്തൊനെല്ലി കർദിനാളും മുൻസിഞ്ഞോർ ബൊർജ്യായും മാർപ്പാപ്പാടെ തീരുമാനമായ കല്പന

www.malankaralibrary.com

കൊൾക്കകൊണ്ടു വെറെ ഒരുപായവും കാണാഞ്ഞതിനാൽ പാതിരിക്കു കൊടുത്ത വികാരി അപ്പസ്തൊലിക്കാടെ സ്ഥാനത്തിന്നുള്ള പിടിപാടുസാധനം വീണ്ടു വാങ്ങുവാനുള്ള അവസ്ഥമെൽ വിചാരിച്ചാറെ ഈ പിടിപാടുസാധനം കൊടുത്തയക്കണമെന്നു നെരെതന്നെ പാതിരിക്കു എഴുതി അയച്ചാൽ പാതിരി ആയതുകൊടുത്തയക്കുന്നതിന്നു പകരം വാച്ച ഇടത്തുനിന്നു വാഴ്ചയും കൈക്കൊണ്ടുംകൊണ്ടു ഒളിച്ചു മലയാളത്തിന്നു പൊകുമത്രെ എന്നു കാൺകകൊണ്ടു ഉപദേശംകൊണ്ടു പെരുമാറിയെ മതിയാവു എന്നും വച്ചു ഈ പാതിരിയെ തന്റെ മുമ്പാകെ വരുത്തി ഉപായത്താൽ ഇയാടെ പററിലുള്ള മാർപ്പാപ്പാടെ പിടിപാടുസാധനം വാങ്ങി ഒട്ടും ഉപെക്ഷകൂടാതെ റൊമായിക്കു കൊടുത്തയക്കണമെന്നു ജെനപായിലുള്ള മെത്രാപ്പൊലീത്തായിക്കു എഴുതി അയക്കയും മെത്രാപ്പൊലീത്തായും ഈ സാധനം കൈക്കൊണ്ടതിന്റെ ശെഷം മെത്രാപ്പൊലീത്തായും താനുമായിട്ടു കണ്ടറിവും സ്നെഹവും ഉണ്ടായിരിക്കകൊണ്ടു മര്യാദിയായിരിക്കുന്നപൊലെ ഒരു ദിവസം പാതിരി മെത്രാപ്പൊലീത്തായെ കാണ്മാൻ വന്നു തങ്ങളിൽ സംസാരിച്ചിരിക്കുന്നപ്പൊൾ മെത്രാപ്പൊലീത്താ ഏതും ഒരു വസ്തു അറിഞ്ഞിട്ടില്ലാത്തപൊലെ വികാരി അപ്പസ്തൊലിക്കാമാൎക്കു ശുദ്ധമാന മാർപ്പാപ്പാ കൊടുക്കുമാറുള്ള പിടിപാടു സാധനത്തിന്റെ വാചകം ഏതുപ്രകാരമാകുന്നു എന്നു പാതിരിയൊടു ചൊദിച്ചാറെ പാതിരി താൻ അറിഞ്ഞിരിക്കുന്നപൊലെ വാചകം അപ്പൊൾ പറഞ്ഞുകെൾപ്പിച്ചതിന്റെ ശെഷം ഈ വാചകങ്ങളുടെ പ്രകാരമൊക്കയും വെണ്ടുംവണ്ണം അറിവാൻ ഇനിക്കു തന്നിരിക്കുന്ന സാധനം ഞാൻ കൊണ്ടുവന്നു കാട്ടുന്നുണ്ടെന്നു പാതിരി പറഞ്ഞാറെ ആയതു അങ്ങെക്കു മുഷിച്ചിലായിരിക്കുമെന്നിങ്ങനെ ഒഴിവായിട്ടു മെത്രാപ്പൊലീത്താ പറഞ്ഞതിന്റെ ശെഷം പാതിരി മുട്ടിച്ചു പറഞ്ഞപ്പൊൾ എല്ലാംകൊണ്ടും നാളെ മെശ കഴിവാനായിട്ടു അങ്ങിന്നു വരണം അപ്പൊൾ സാധനം വായിച്ചു കാൺകയുംശെഷംകാര്യങ്ങൾ പറഞ്ഞുകൊൾകയുമാകാമെന്നു പാതിരിയൊടു മെത്രാപ്പൊലീത്താ പറഞ്ഞാറെ പാതിരിയും അങ്ങനെതന്നെ ആകട്ടെ എന്നു പറഞ്ഞു അവിടെനിന്നു തന്റെ ഭവനത്തു ചെന്നതിന്റെ ശെഷം തന്റെ പിടിപാടുസാധനവും എടുത്തുകൊണ്ടു മെത്രാപ്പൊലീത്താടെ വീട്ടിൽവന്നു തന്നെ കണ്ടു പറഞ്ഞ സാധനം തന്റെ പററിൽ കൊടുത്താറെ മെത്രാപ്പൊലീത്തായും ആ സാധനം വിടുത്തു കണ്ടതിന്റെ ശെഷം ഇതിന്നു പാരം നീളമുണ്ടു എന്നതുകൊണ്ടു ഇപ്പൊൾ വായിപ്പാൻ കൂടുകയില്ലാ പിന്നെ വായിച്ചു കാണാം, ഇപ്പൊൾ നമുക്കു കുറെ സംസാരിക്കാം എന്നും പറഞ്ഞു സാധനം തന്റെ ചാക്കിൽ ഇട്ടതിന്റെ ശെഷം പാതിരിയുമായിട്ടു മററുകാര്യങ്ങളിന്മെൽ സംസാരിച്ചിരുന്നു മെശക്കു സമയമായപ്പൊൾ മെശയും കഴിഞ്ഞതിന്റെശെഷം സാധനത്തിന്റെ കാര്യം വീണ്ടും ഒരു വസ്തു പറയാതെ കുറെ ഉറങ്ങുവാൻ തനിക്കു മനസ്സുള്ളപൊലെ മെത്രാപ്പൊലീത്താ കാട്ടി പാതിരിയൊടു പറഞ്ഞു. അങ്ങെ മര്യാദി എങ്ങനെ ആകുന്നു. ഉറങ്ങുവാൻ മര്യാദി ഉണ്ടെങ്കിൽ ഇവിടെതന്നെ കട്ടിൽ വിദയം വരുത്തുവാനുള്ളതിന്നു ഞാൻ പറയുന്നുണ്ടു. ആയതല്ലാ അങ്ങെ ഭവനത്തുതന്നെ പൊയി ഉറങ്ങുവാൻ മനസ്സുണ്ടാകുന്നു എങ്കിൽ ആയതിന്നു വെണ്ടുവതില്ലാ. എനിക്കു പാരം അരുതായ്ക തൊന്നുകകൊണ്ടു കുറെ നടവു നിവൃത്തെ മതിയാവൂ എന്നു. • എന്നാൽ പാതിരി ഇതു കെട്ടതിന്റെ ശെഷം ഇനിക്കു ഏതുപ്രകാരമായാലും വെണ്ടുവതില്ലാ. വിശെഷിച്ചും അങ്ങെക്കു കുറെ ഉറങ്ങണമെങ്കിൽ ആയതു കഴിക്കെ വെണ്ടു. ഞാൻ എന്റെ ഭവനത്തിന്നുതന്നെ പൊകട്ടെ. പിന്നെ ഒരു നെരത്തു ഇങ്ങൊട്ടു വരാമെന്നും പറഞ്ഞാറെ ആയതു അങ്ങനെതന്നെ ആകട്ടെ എന്നു മെത്രാപ്പൊലീത്തായും പറഞ്ഞു. പാതിരി തന്റെ ഭവനത്തു വന്നതിന്റെ ശെഷം ഏകദെശം ഏറെക്കുറെ മൂന്നുമണി ആയപ്പൊൾ ഒട്ടും താമസം കൂടാതെ മില്ലാനെന്ന തന്റെ നാട്ടിലുള്ള ദർശനവീട്ടിന്നു പൊകണമെന്നത്രെ ശുദ്ധമാന മാർപ്പാപ്പാടെ കല്പനയാകുന്നു എന്നു മെത്രാപ്പൊലീത്താ പാതിരിക്കു എഴുതി അയക്കയും ചെയ്തു.



അപ്പൊഴെ പാതിരിയൊ മെത്രാപ്പൊലീത്താ തനിക്കു എഴുതി അയച്ച കടുദാശു വായിച്ചു കണ്ടു ഉടൻ അയ്യയ്യാ എന്തു പറയാവതു. അണ്ടി കളഞ്ഞ അണ്ണാന്റെ കൂട്ടു എന്നുള്ള പഴംചൊല്ലുപൊലെ തനിക്കുണ്ടായ ഈ കാലക്കെട്ടിന്മെൽ പാരം സങ്കടപ്പെട്ടുംകൊണ്ടു ഉടൻതന്നെ മില്ലാനെന്ന തന്റെ നാട്ടിന്നു തിരിക്കയും മെത്രാപ്പൊലീത്തായും പിടിപാടുസാധനം റൊമായിക്കു കൊടുത്തയക്കയും ചെയ്തു.

എന്നാൽ ജെനപായിൽ മെത്രാപ്പൊലീത്തായും പാതിരിയുമായിട്ടുണ്ടായ ഈ അവസ്ഥ ഒക്കയും അവിടെ ഉള്ള ഞങ്ങടെ സ്നെഹപ്പെട്ട മർക്കെസൊ നിഗ്രൊണി എന്ന മാടമ്പി സ്ത്രീ റൊമായിക്കു ഞങ്ങൾ അറിയത്തക്കവണ്ണം എഴുതി അയച്ചതുമെന്ന്യ വീണ്ടു ഞങ്ങൾ റൊമായിൽനിന്നു ജെനപായിൽ വന്നപ്പൊൾ വിവരം തിരിച്ചുണ്ടായ വർത്തമാനമൊക്കയും ഞങ്ങളെ പറഞ്ഞുകെൾപ്പിക്കയും ചെയ്തു[1]

---

1. മലബാർ വികാരി അപ്പസ്തോലിക്കയായിരുന്ന മോൺ. ഫ്രാൻസീസ് സാലസിനെ സഹായിക്കാൻ പിൻതുടർച്ചാവകാശമോടെ ജോൺ അച്ചനെ പ്രൊപ്പഗാന്താ തിരുസംഘം നിർദേശിച്ചു. ഉർബൻ കോളജിൽ ചേർത്തു പഠിപ്പിക്കാൻ തന്നോടൊപ്പം കൊണ്ടുവന്ന വൈദികവിദ്യാർത്ഥികളെ അവിടെയാക്കിയശേഷം ജോൺ അച്ചൻ മലബാറിലെ സ്ഥിതിഗതികൾ ഉൾക്കൊള്ളുന്ന ഒരു റിപ്പോർട്ട് തിരുസംഘത്തിനു നൽകി. മലബാറിലേക്കു തിരികെ പോകാൻ കാലമായെങ്കിലും പല ഒഴിവുകഴിവുകൾ പറഞ്ഞ് അദ്ദേഹം അതു പലവുരു

www.malankaralibrary.com

## അമ്പത്തൊന്നാം പദം

**കർദിനാൾ അന്തൊനെല്ലി എന്ന പ്രൊപ്പഗാന്ദാടെ പുത്തൻതലവൻ എങ്ങനെ നമ്മുടെ കാര്യം തീർത്തു എന്നതിന്മെൽ**

ഒരു കാലം മഴയില്ലായ്കകൊണ്ടു തന്റെ വിത്തും കൂലിയും നഷ്ടമായി പൊയ കൃഷിക്കാരൻ പിറെറ കാലം കാലവൎത്തമാനം നന്നായി തനിക്കു വന്ന കെടുകാര്യമൊക്കയും തീരുവാൻ സംഗതി വരുമെന്നു ശരണപ്പെട്ടിരിക്കുന്നപൊലെ മരിച്ചു പൊയ കർദിനാൾ കസ്സെല്ലി വയസനാകകൊണ്ടും പട്ടാങ്ങയും ദൊഷ്ക്കം തിരിച്ചറിവാൻ ബൊധംമയങ്ങി പൊകകൊണ്ടും അത്രെ ഞങ്ങൾ പറഞ്ഞ നെരും പരമാർത്ഥവും ബൊധിരാതെ തങ്ങളുടെ കാര്യലാഭം മാത്രം വിചാരിക്കുന്ന സിദ്ധാന്തികളുടെ പക്ഷത്തിൽ ആയിരുന്നതും. എന്നാലിപ്പൊൾ ബൊധവും ദൃഢവും ഉള്ള മറെറാരു തലവൻ ഉണ്ടായതിനാൽ ഉടെതമ്പുരാന്റെ സ്തുതിക്കും മലങ്കരെ പള്ളികളുടെ നിരപ്പിന്നും വെണ്ടുന്ന കാര്യങ്ങൾ ഒക്കയും ഒരു കുറച്ചിൽ കൂടാതെ വിചാരിക്കുമെന്നു ഞങ്ങൾ ശരണപ്പെട്ടിരിക്കുമ്പൊൾ പ്രത്യെകമുള്ള പക്ഷപ്രതിയുടെയും പ്രതിഭാഗത്തിന്റെയും അടയാളവും കാര്യലാഭത്തിന്റെ ആഗ്രഹവും ഇയാളിൽ കാൺകയും ചെയ്തു.

അതെന്തെന്നാൽ ഒരു ദിവസം തന്നെ കാൺമാനായിട്ടും നമ്മുടെ കാര്യത്തിന്റെ തീരുമാനം എങ്ങനെ ആകുന്നു എന്നറിവാനായിട്ടും തന്റെപക്കൽ ഞങ്ങൾചെന്നപ്പൊൾ മുൻപിൽ ഞങ്ങൾ കൊടുത്ത മാർതൊമ്മാമെത്രാന്റെ വിശ്വാസസത്യത്തിന്റെ പരമാർത്ഥം വിചാരിക്കാതെ ആയതിൽ പുച്ഛംപിടിച്ചു ഞങ്ങടെ മൊഴി മുട്ടിക്കണമെന്നു വച്ചു മാർതൊമ്മാമെത്രാൻ കൈയൊപ്പിട്ട വിശ്വാസസത്യം തികയപ്പെട്ടതല്ലെന്നും ആയതുകൊണ്ടു ഇടത്തുട്ടിൽനിന്നു ശുദ്ധമാനപള്ളിക്കു തിരിയുന്ന കിഴക്കിനടുത്ത മെത്രാന്മാൎക്കുവെണ്ടി എട്ടാമത്തു ഉർബാനൊസെന്ന മാർപ്പാപ്പാടെ കല്പനയാൽ എഴുത്തുപെട്ട വിശ്വാസസത്യത്തിന്റെ വാക്യത്തിന്നു വീണ്ടു തന്റെ കൈയൊപ്പിട്ടെ മതിയാവൂ എന്നും ഞങ്ങളൊടു പറഞ്ഞാറെ ഈ വിശ്വാസസത്യത്തിന്നുള്ള കുറവു എന്തെന്നു ഞങ്ങൾ ചൊദിച്ചതിന്നു മാർതൊമ്മാ യാക്കൊബായക്കാരൻ ആയിരിക്കുന്നതിനാംപക്കം അയാളുടെ വിശ്വാസസത്യത്തിൽ മൊനെത്തെല്ലിത്താക്കാരരൊടു അതായതു യാക്കൊബായക്കാരരൊടു മറുത്തുള്ള കൽകിദൊന സൂനഹദൊസിന്റെയും കുസ്തന്തിനൊപ്പൊലി

മാററിവച്ചു. അവസാനം മലബാറിലെ സ്ഥിതിഗതികൾ കൂടുതൽ രൂക്ഷമാവുകയാണെന്നു ഗ്രഹിച്ച തിരുസംഘം ജോണച്ചൻ അങ്ങോട്ടു ചെന്നാലുണ്ടാകാവുന്ന ഭവിഷ്യത്തു പരിഗണിച്ചു നിയമനം പിൻവലിച്ചു.



സിന്റെ പാത്രിയർക്കാ ആയിരുന്ന ശുദ്ധമാന പ്ലൌവ്യാനൊസിന്നു മാർ ലെയൊനൊന്ന ശുദ്ധമാനമാർപ്പാപ്പാ എഴുതിഅയച്ച കുറിയുടെയും ഓർമ്മകൂടെ ഉണ്ടായിരിപ്പാൻ വെണ്ടുവൊളം ദിഷ്ടി ഉണ്ടായിരുന്നു എന്നു വരുമ്പൊൾ ആയതു രണ്ടു കൂട്ടം കാര്യവും ആയതിൽ എഴുത്തപെട്ടിട്ടില്ലാ എന്നതിനെക്കൊണ്ടു തികയപ്പെട്ടിരിക്കുന്നതുമില്ലാ എന്നു കർദിനാൾ ഉത്തരിച്ചാറെ കൽകിദൊനാ സൂനഹദൊസു കൂടിയതും മാർ പ്ലൌവ്യാനൊസിന്നു മാർ ലെയൊൻപാപ്പാ എഴുതി അയച്ചതും എവുത്തിക്കൊസിന്റെയും ദിയൊസ്സൊറൊസിന്റെയും ഇടത്തുടിന്റെ ഹെതുവാലത്രെ ആകുന്നു എന്നു വരുമ്പൊൾ പെരു തിരിച്ചുതന്നെ ദീയൊസ്സൊറൊസിനെയും എവുത്തിക്കൊസിനെയും അശെഷം അവരൊടുകൂടെ കൂടിയവരെയും അവരു പഠിച്ചതും പഠിക്കുന്നതുമായ ഇടത്തുടായ പഠിതം ആസകലവും മാർ തൊമ്മാ കൈയൊപ്പിട്ട വിശ്വാസസത്യത്തിൽ അടച്ചു മഹറൊൻ ചൊല്ലിയിരിക്കുന്നതിനെക്കൊണ്ടു മെൽ പറഞ്ഞ സൂനഹദൊസിന്റെയും കുറിയുടെയും ഓർമ്മ ആയതിൽ ഇല്ലെന്നും ചൊല്ലി തികയപെട്ടതല്ലെന്നു പറഞ്ഞുകൂടാ എന്നു ഞങ്ങളും പറഞ്ഞതുമെന്യെ ഇനിയും എട്ടാമത്തു ഉർബ്ബാനൊസ എന്ന മാർപ്പാപ്പാ കല്പിച്ചു എഴുത്തപെട്ട വിശ്വാസവാക്യത്തിന്നു ഒപ്പുകുത്തണമെങ്കിൽ ആയതിന്നു മാർതൊമ്മാമെത്രാൻ ആസ്ഥമായിരിക്കുന്നു എന്നുള്ളതിനെ കർദിനാളിനൊടു തികച്ചതിന്റെ ശെഷം രണ്ടു ദിവസം കഴിഞ്ഞിട്ടു ഇവിടെ വരു നിങ്ങളുടെ കാര്യത്തിന്റെ തീർച്ച എങ്ങനെ എന്നു നിങ്ങളെ അറിയിക്കുന്നുണ്ടെന്നും പറഞ്ഞു ഞങ്ങളെ അയക്കയും ചെയ്തു.

ഇതിന്റെ ശെഷം കർദിനാൾ പറഞ്ഞയച്ചപൊലെ രണ്ടു ദിവസം കഴിഞ്ഞതിന്റെ ശെഷം കാര്യത്തിന്റെ തീരുമാനം കെൾപ്പാനായിട്ടു കർദിനാളിന്റെ വീട്ടിൽ ഞങ്ങൾ ചെന്നപ്പൊൾ താൻ മുമ്പിൽ പറഞ്ഞപൊലെ മാർ തൊമ്മാമെത്രാന്റെ കാര്യത്തിന്നുള്ള ഒരു തീർച്ച കൂടാത്ത തീരുമാനം വായിപ്പാനായിട്ടു മല്പാന്റെ പററിൽ കൊടുക്കയും മല്പാനും ആയതു വായിച്ചു എന്നെ കെൾപ്പിക്കയും ചെയ്തു. വിശെഷിച്ചും ഈ തീരുമാനമായ വിധിയുടെ പെർപ്പു എടുപ്പാനുള്ള സമയം ഒരു പ്രകാരവും ഞങ്ങൾക്കു കൂടായ്കകൊണ്ടു ആയതു മൊഴിക്കുമൊഴി ഇവിടെ എഴുതി കാട്ടുവാൻ വഹിയാ. എങ്കിലും ആയതിന്റെ കാതൽ വായിച്ചു കാൺകയും കെൾക്കയും ചെയ്ത പ്രകാരം ഇവിടെ എഴുതുകയും ചെയ്യുന്നു. അതായതു ഈവണ്ണം മലങ്കരെ കൊടുങ്ങല്ലൂർ മെത്രാപ്പൊലീത്തായുടെ ഇടവകയിൽ മെത്രാനെ പ്രതിജ്ഞ പിടിച്ചിരിക്കുന്ന മാർതൊമ്മാ പട്ടാങ്ങയായ വിശ്വാസം കൈക്കൊണ്ടു ആയതിന്നു കയ്യൊപ്പിട്ടെന്നും ചൊല്ലി മലങ്കരെ ഇടവകയിലുള്ള രണ്ടു പട്ടക്കാററു ഇവിടെവന്നു ഏതാനും വിശ്വാസസത്യത്തിന്റെ വാക്യവും ആയതിന്മെൽ ഇട്ടിരിക്കുന്ന മെൽ

www.malankaralibrary.com

പറഞ്ഞ മാർതൊമ്മായുടെ കയ്യൊപ്പും ഇവിടെ കാട്ടിയതു ഒഴിയെ അയാൾ മാർ ഗ്രിഗൊറിയൊസെന്ന പെരുള്ള വാസ്തവമായ യാക്കൊബായക്കാരൻ മെത്രാനിൽനിന്ന പട്ടാങ്ങയായിട്ട വാഴ്ച കൈക്കൊണ്ട എന്നും ആയതുകൊണ്ട ഇയാൾ വാസ്തവമായൊരു മെത്രാൻതന്നെ ആകുന്ന എന്നും ഇക്കാര്യം ശുദ്ധമാന മാർപ്പാപ്പായെ ബൊധിപ്പിക്കത്തക്കവണ്ണം മലങ്കരെ പള്ളിക്കാററു തങ്ങളെ അയക്കകൊണ്ട ഇവിടെക്ക വന്നിരിക്കുന്ന എന്നും അവർ അവിടെ പറഞ്ഞു മലങ്കരെ പള്ളിക്കാററുടെ കുറിയും ഇവിടെ കാട്ടി.

വിശെഷിച്ചും ഈ മെൽപറഞ്ഞ മാർ തൊമ്മായിക്ക വാഴ്ച കൊടുത്ത ഗ്രിഗൊറിയൊസ എന്ന യാക്കൊബായക്കാരൻ മെത്രാനല്ലാ ദർശനക്കാരൻ മാത്രം അത്രെ ആകുന്ന എന്ന മററു ചിലരും ഇവിടെക്ക എഴുതി അയച്ചു എന്നതുകൊണ്ട മാർതൊമ്മാ വിശ്വാസസത്യം ചെയ്കയും താൻ ഗ്രിഗൊറിയൊസെന്ന പെർപെട്ട യാക്കൊബായക്കാരൻ മെത്രാനൊട പട്ടം കൈക്കൊണ്ടതും നെരു തന്നെ ആകുന്നൊ എന്നും നെരാകുന്ന എന്ന വരികിൽ ഈ വാഴ്ച യാക്കൊബായക്കാരൻ മെത്രാൻതന്നെയൊ ദർശനക്കാരൻ മാത്രം അത്രെ ആകുന്നൊ എന്നും ഇക്കാര്യം ചൊല്ലി ഇവിടെക്ക വന്നിരിക്കുന്ന പട്ടക്കാററു മലങ്കരെ പള്ളിക്കാററു അയച്ചിട്ട വന്നിരിക്കുന്നൊ എന്നും മലങ്കരെ യൊഗത്തിന്റെ നാമത്താൽ അവർ ഇവിടെ കാട്ടിയ കുറിക്ക പള്ളിക്കാററു ഒക്കയും ഒപ്പു കുത്തിയിരിക്കുന്നൊ എന്നും ഇവ ഒക്കയുടെയും നെരും പരമാർത്ഥവും തിരക്കി അറിഞ്ഞു എഴുതി അയക്കണമെന്നും അപ്പൊൾ ഗൊവായിൽ ഗൊവർണ്ണദൊരായിരിക്കുന്ന കൊച്ചിയിൽ മെത്രാന്ന മാർപ്പാപ്പാ കല്പിച്ചപ്രകാരം അന്തൊനെല്ലി കർദിനാൾ എഴുതി അയക്കയത്രെ ആകുന്ന.

അപ്പൊഴെ ഈ സാധനം ഞങ്ങളെ കാട്ടി നിങ്ങൾ വന്ന കാര്യത്തിന്റെ ഒടുക്കത്തെ തീർച്ച ഇതാകുന്ന എന്ന കർദിനാൾ ഞങ്ങളൊട പറഞ്ഞാറെ ആയതു വായിച്ചു കണ്ടതിന്റെ ശെഷം മാർ തൊമ്മാമെത്രാന്റെ കാര്യം ഗൊവയുടെ മെത്രാപ്പൊലീത്താക്ക കൈയാളിക്കണമെന്ന പ്രത്തുക്കാലിൽ നിന്ന എഴുതി വന്നിരിക്കലെ എന്തുകൊണ്ട ഇക്കാര്യം കൊച്ചിയിൽ മെത്രാന്ന എഴുതി പൊകുന്ന എന്ന കർദിനാളിനൊട മല്പാൻ ചൊദിച്ചാറെ ഗൊവയുടെ മെത്രാപ്പൊലീത്താ ഏറൊപ്പെക്ക പൊരികയും തന്റെ സ്ഥാനം ഭരിപ്പാൻ കൊച്ചിയിൽ മെത്രാൻ ഗൊവയിൽ പാത്തുവരികയും ചെയ്യുന്നതുകൊണ്ടത്രെ ഈകാര്യം മെൽപറഞ്ഞ മെത്രാപ്പൊലീത്തായിക്ക എഴുതി അയക്കാതെ കൊച്ചിയിൽ മെത്രാന്ന എഴുതി അയപ്പാൻ ബന്ധമെന്ന കർദിനാൾ ഉത്തരിക്കയും ചെയ്തു.





## വിചാരം

മെൽ എഴുത്തുപെട്ട നമ്മുടെ കാര്യത്തിന്ന തീരുമാനമായി കൊച്ചിയിൽ മെത്രാന്ന എഴുതി അയച്ച കുറി വായിച്ചു കണ്ടാൽ നമ്മുടെ മറുതലക്കാററുടെ ഉൾക്കളവും ഉപായവും എത്ര പൊരുമെന്ന വിചാരമുള്ളവർക്കൊക്കെക്കും അറിയാം. അതെന്തെന്നാൽ ഞങ്ങൾ റൊമായിൽ പറഞ്ഞതൊക്കയും മെൽ സംശയമാകുന്ന എന്നും ആയതുകൊണ്ട ആ കാര്യമൊന്നുമെല്ലും വെറെ വഴിക്ക പരമാർത്ഥമറിയാതെ വിധിച്ചുകൂടാ എന്നും അത്രെ ആയതിന്റെ കടശീയാകുന്നതു. അപ്പൊഴൊ ഇതു എന്തുകൊണ്ട. പക്ഷെ ഞങ്ങൾ പറഞ്ഞതൊക്കയും മെൽ പട്ടാങ്ങയാകുംവണ്ണം സംശയം ഉണ്ടാകകൊണ്ടൊ ആയതല്ലാ. അതെന്തു കരിയാട്ടിൽ മല്പാൻ തന്റെ പൈതൽ പ്രായം തുടങ്ങിതന്നെ അവിടെനിന്ന പഠിച്ച ആളാകകൊണ്ട സ്വഭാവവും വിധവും പരമാത്ഥവും നെരും ഏതു പ്രകാരമായിരുന്ന എന്ന അവിടെ എഴുത്തുപെട്ടിരിക്കയും താൻ മലങ്കരെ വന്നതിന്റെശെഷം ഏതുപ്രകാരമൊക്കയും തന്റെ കടങ്ങൾ തികച്ചുവന്നിരുന്ന എന്നും അവിടെയുള്ള തലവന്മാരൊക്കയും അറിഞ്ഞിരിക്കയും ചെയ്യുന്നതുമെന്യെ ഞങ്ങൾ ഇത്ര ദൂരപ്പെട്ട നാട്ടിൽനിന്ന റൊമായിലൊളം ചെന്ന മലങ്കരെ യൊഗമെല്ലാവരും കൂടെ സ്വരൂപിച്ച എഴുതിയകുറിയും മാർ തൊമ്മാ മെത്രാൻ ചെയ്ത വിശ്വാസസത്യവും മാർപ്പാപ്പാടെ പററിൽ കൊടുക്കയും മററും ഇക്കാര്യത്തിന്ന ബന്ധിക്കുന്ന ആളുകളുടെ പക്കൽ പ്രതിപ്രതി ചെന്ന പറഞ്ഞും അപെക്ഷിച്ചും വെളിച്ചമായ അവകാശങ്ങളാൽ ഞങ്ങൾ പറയുന്നതൊക്കയും പരമാത്ഥമാകുന്ന എന്ന കാട്ടിയും വരികകൊണ്ട ഞങ്ങൾ പറയുന്നതൊക്കയും പരമാർത്ഥമാകുന്ന എന്ന നല്ലവണ്ണം അവരെല്ലാവരും ബൊധിച്ചിരിക്കുന്ന. എങ്കിലും ആയതുപരമാത്ഥമെന്നുവച്ചാൽ മാർ തൊമ്മാ മെത്രാനെ കൈക്കൊള്ളുവാൻ കടമുണ്ടായിരിക്കയും ഇങ്ങനെ മലങ്കരെയുള്ള തങ്ങടെ മുഷ്ക്കരത്വം നഷ്ടമായി പൊകയും ആയതല്ലാതെ അദ്ദെഹത്തെ കൈക്കൊള്ളാഞ്ഞാൽ തങ്ങളുടെ മനൊദുഷ്ടത എല്ലാവർക്കും പരഹസ്യമായി വരികയും ചെയ്യുമെന്ന കാൺകകൊണ്ട ഞങ്ങൾ പറയുന്ന കാര്യങ്ങൾ ഒക്കെക്കും സംശയം വരുത്തിവച്ചാൽ ഇക്കററമൊന്നും തങ്ങൾക്ക കൂടാതെ കുറഞ്ഞാൽ മാർ തൊമ്മാമെത്രാന്റെ കാര്യത്തിന്ന ദീർഘം വരുത്തി ആയതു മുടക്കുവാനുള്ള ഉപായം ഈ കാലതാമസത്തിൽ വിചാരിച്ചുകൊള്ളാമെന്ന നിരൂപിക്കകൊണ്ടും ഒട്ടെറെയും അന്ന ഗൊവയിൽ ഗൊവർണ്ണദൊരും ഇന്ന ഗൊവായുടെ മെത്രാപ്പൊലീത്തായും ആകുന്ന കൊച്ചിയിൽ മെത്രാൻ ചെരിപ്പില്ലാത്ത കർമ്മലീത്താദർശനത്തിലുള്ള ആളും പ്രൊപ്പഗാന്ദായുമായിട്ട സ്നെഹം ഉള്ളവനുമാകകൊണ്ട ഇദ്ദെഹവും ശെഷമുള്ള കർമ്മലീത്താക്കാരരൊടുകൂടെ കൂടി ഇക്കാര്യത്തിന്ന തടവുവരുത്തുവാനുള്ള ഉപായം

www.malankaralibrary.com

വിചാരിക്കുമെന്നു വളരെ വളരെ ശരണമുണ്ടായിരിക്കകൊണ്ടു
മത്രെ മെൽ പറഞ്ഞവണ്ണം കൊച്ചിയിൽ മെത്രാന്നു എഴുതി അയ
ച്ചുതെന്നും തൊന്നുന്നു. ഇതുകൊണ്ടറിയാം നഞ്ചിൽ പാലു കലർ
ത്തി ആയതിന്നുള്ള വിഷത്തിൻെറ രസവും നിറവും കെടുക്കു
ന്നപൊലെ നല്ല വചനങ്ങളുടെയും പ്രവൃത്തികളുടെയും ഉപായ
ത്താൽ തങ്ങളുടെ ഉള്ളിലിരിക്കുന്ന ദുഷ്ടത എത്ര പ്രകാരത്തിൽ
റൊമായിലുള്ള തലവർ മൂടുന്നുഎന്നു. അതെന്തെന്നാൽ ഇക്കാര്യം
തീർത്തതു കാണുന്നവർ എന്തു പറയും. റൊമായിലുള്ള തലവർ
ക്കു കുററമുണ്ടെന്നു പറയുമൊ. ആയതില്ലാ പിന്നെയൊ. മലങ്കരെ
ഇടവകയിൽനിന്നു ചില പട്ടക്കാററ വന്നു ചിലകൂട്ടം കാര്യങ്ങൾ
പറഞ്ഞിട്ടു ആയതിൻെറ നെരുപൊളി സൂക്ഷമായി അറിവാനു
ള്ളതിന്നു ക്ലെശിക്കുന്നു എന്നും ഇങ്ങനെ പ്രൊപ്പഗാന്താ എത്രയും
സൂക്ഷത്തൊടുകൂടെ തൻെറ കടം തികക്കുന്നു എന്നും അത്രെ പറ
വൂ. എന്നു വരുമ്പൊൾ ഇങ്ങനെ മെയ്ക്കു കുററം ഒന്നും ചെർക്കാ
തെ ഉപായംകൊണ്ടു കഷായം വൈപ്പാനത്രെ നൊക്കിയതും.
ഇതുതന്നെയും മാർത്തൊമ്മാമെത്രാൻെറ കാര്യമൊക്കയും ഗൊവ
യുടെ മെത്രാപ്പൊലീത്തായെ എല്പിക്കണമെന്നു പ്രത്തുക്കാ
ലിൽനിന്നു എഴുതി വന്ന ഹെതുവാൽ വെറെ ഒരു പതവും കാ
ണായ്കകൊണ്ടത്രെ ചെയ്തതും. ആയതില്ലാഞ്ഞെങ്കിൽ ഞങ്ങൾ
പറഞ്ഞതൊക്കയും ഭൊഷ്കെന്നുവച്ചു അവിടെക്കു ചെന്നപൊ
ലെതന്നെ ഞങ്ങളെ ഇങ്ങൊട്ടു അയച്ചെനെ.

എന്നുവരുമ്പൊൾ മെൽപറഞ്ഞ കർദിനാളിൻെറ ഉത്തരം
കെട്ടതിൻെറ ശെഷം ആ കാര്യത്തിന്മെൽ പിന്നെ എത്തും ചൊ
ദിക്കാതെ ഇതു കൊള്ളാം മാർ തൊമ്മാമെത്രാൻെറ കാര്യത്തിന്നു
ഇതിൻവണ്ണം തീർച്ച ഉണ്ടായതിനാം പക്കം ശെഷമുള്ള മലങ്കരെ
പള്ളിക്കാററുടെ നാമത്താൽ ഞങ്ങൾ തന്ന അപെക്ഷകൾക്കു
തീർമാനം എങ്ങനെ എന്നു മല്പാൻ ചൊദിച്ചാറെ ആയതൊക്ക
യും ചെയ്വാൻ പരാധീനമത്രെയാകുന്നു എന്നുള്ളതു തിരിച്ചു
തന്നെ കർദിനാൾ പറകയും ചെയ്തു.

## വിചാരം

ഇപ്പൊൾ കെട്ട കർദിനാളിൻെറ ഉത്തരം വിചാരിച്ചാൽ
പ്രത്തുക്കാലിൽ നിന്നു രാജസാധനം വരിക കൊണ്ടത്രെ മാർ
തൊമ്മാമെത്രാൻെറ കാര്യം ഇതിൻവണ്ണം എങ്കിലും തീർച്ച ഉണ്ടാ
യതു. ആയതല്ലാഞ്ഞെങ്കിൽ ഞങ്ങൾ അവിടെക്കു ചെന്നപൊ
ലെതന്നെ വീണ്ടും തിരികെ ഇങ്ങൊട്ടു അയച്ചെനെ എന്നു മെൽ
എഴുത്തുപെട്ട വിചാരത്തിൻെറ ഒടുക്കത്തിൽ ഞാൻ പറഞ്ഞ
തിൻെറ പരമാർത്ഥമറിയാം. അതെന്തെന്നാൽ മലങ്കരെ യൊഗ
ത്തിൻെറ നെരെയുള്ള സ്നെഹത്തെപ്രതിയും വെണ്ടികയെപ്രതി
യും ആയിരുന്നു എങ്കിൽ യൊഗത്തിൻെറ നാമത്താൽ ഞങ്ങൾ



അപെക്ഷിച്ച കാര്യങ്ങളിൽ ഒന്നെങ്കിലുംകൂടെ അനുസരിപ്പാൻ
സംഗതി ഉണ്ടായിരുന്നു. ആയതുകൂടാതെ മാർതൊമ്മാമെത്രാൻെറ
കാര്യത്തിന്നുമാത്രം മെൽ പറഞ്ഞ ഉപായമായ തീർച്ച തന്നതി
നാൽ പ്രത്തുക്കാൽ രാജാവു എഴുതി അയച്ചതിന്നു ഉത്തരം കൊ
ടുക്കാതെ ഇരുന്നുകൂടാ എന്നതുകൊണ്ടത്രെ ഇതിൻവണ്ണം ചെയ്ത
തെന്നും അല്ലാതെ മലങ്കരപള്ളിക്കാററുടെ നെരെ ബഹുമാനവും
സ്നെഹവും ഉണ്ടാകകൊണ്ടല്ലാ എന്നും എല്ലാവക്കും അറിക
യുമാം.

ഇതിൻെറ ശെഷം ഞങ്ങൾ വളരെവളരെ സങ്കടപ്പെട്ടു മല
യാളത്തിൽ നിന്നു ഇത്രത്തൊളം വന്നു അഞ്ചരമാസം മുഴുവൻ
പാത്ത പ്രതിപ്രതി നിങ്ങൾ എല്ലാവരുടെയും വീടുകളിൽ നടന്ന
പരമാർത്ഥമൊക്കയും ബൊധിപ്പിച്ചാറെ ആയതു വിശ്വസിക്ക
ണമെന്നു നിങ്ങൾക്കുണ്ടായില്ലല്ലൊ. എന്നാൽ ഇക്കാര്യം ഞങ്ങൾ
പറയുംവണ്ണം നിങ്ങൾ വിശ്വസിച്ചാൽ തമ്പുരാൻെറയും മാനു
ഷരുടെയും മുൻപാകെ നിങ്ങൾക്കു ഒരു കുററംവരുവാൻ സംഗ
തിയില്ലല്ലൊ. അതെന്തെന്നാൽ ഞങ്ങൾ പാവപ്പെട്ട രണ്ടു പട്ട
ക്കാററാകുന്നതു നെരുതന്നെയെങ്കിലും ഞങ്ങൾ പറയുന്ന കാര്യ
ങ്ങൾ ഞങ്ങളുടെ നാമത്താലല്ലല്ലൊ മലങ്കരെ എഴുപത്തിരണ്ടു
പള്ളിക്കാററുടെ നാമത്താലെല്ലൊ പറയുന്നതു ആകുന്നു. എന്നതു
കൊണ്ടു ആയതു നിങ്ങൾ വിശ്വസിച്ചാൽ തട്ടിപ്പുതന്നെ ആയി
വന്നു എങ്കിലും ഇരുവരുമൂവർ സാക്ഷികാററുടെ വാമെൽ വച
നമൊക്കെയും നിൽക്കണമെന്നു ശുദ്ധമാന എവൻഗെലിയൊ
നിൽ ചൊല്ലിയിരിക്കുന്നപൊലെ മലങ്കരെ പള്ളിക്കാററു
എല്ലാവരുംകൂടി എഴുതി അയക്കകൊണ്ടു ഞങ്ങൾ ആയതു ബൊ
ധിപ്പിച്ചു എന്നു ഉടെതമ്പുരാൻെറയും മാനുഷരുടെയും മുൻപാകെ
പറവാൻ വെണ്ടുവൊളം മൊഴി നിങ്ങൾക്കുണ്ടായിരുന്നല്ലൊ
എന്നും ഇങ്ങനെ മററും പല സങ്കടങ്ങളും പാരം സങ്കടത്തൊടു
കൂടെ മല്പാൻ പറഞ്ഞാറെ എന്തൊരു കാര്യത്തിൽ നിങ്ങളെ
ഞങ്ങൾ വിശ്വസിക്കായ്കകൊണ്ടു ഇതിൻവണ്ണം സങ്കടം പറ
യുന്നു എന്നു കർദിനാൾ ചൊദിച്ചതിന്നു ഇങ്ങനെയുള്ള വിശ്വാ
സം മതിയെങ്കിൽ നരകത്തിൽകൂടെയും ആയതു കണ്ടെത്തും.
അതെന്തെന്നാൽ ചെയിത്താന്മാരുകൂടെയും വിശ്വസിക്കയും ഭയ
പ്പെടുകയും ചെയ്യുന്നു എന്നു മാർ യാക്കൊ ചൊല്ലിയിരിക്കുന്നു.
ഇതുമെന്യെ പ്രവൃത്തികൂടാത്ത വിശ്വാസം ചത്തതാകുന്നു എന്നു
ശുദ്ധമാനപുസ്തകത്തിൽ എഴുത്തപെട്ടിരിക്കുന്നപൊലെ ഞങ്ങളുടെ
അപെക്ഷകളൊന്നും ന്യായമാകുംവണ്ണം തീർപ്പാനുള്ള മനസ്സുകൂടാ
തെ ആയതിന്നു വിഘ്നം വരുവാൻ തക്കപ്രകാരമൊക്കയും ക്ലെ
ശിച്ചുംകൊണ്ടു ഞങ്ങളെ വിശ്വസിക്കുന്നതിനാൽ ഈ വിശ്വാസം
കൊണ്ടു ഒരു ഫലവും ഞങ്ങൾക്കും ഞങ്ങളുടെ പള്ളികൾക്കും വരു
വാനില്ലാ എന്നുവരുമ്പൊൾ ഞാൻതന്നെ വന്നു നിങ്ങളൊടു പറ

www.malankaralibrary.com

യാഞ്ഞെങ്കിൽ നിങ്ങളുടെ ദൊഷത്തിന്മെൽ കഴിവു നിങ്ങൾക്കുണ്ടായിരുന്നു. എന്നാൽ ഇപ്പൊൾ ഞാൻതന്നെ വന്നു നിങ്ങളൊടു പറകയും ചെയ്തു.

എന്നതുകൊണ്ടു നിങ്ങളുടെ ദൊഷത്തിന്നു ഒരു കഴിവും ഇല്ലാ എന്നു പണ്ടൊരിക്കൽ യൂദന്മാരൊടു മിശിഹാകർത്താവു പറഞ്ഞ പൊലെ ഇന്നു ഞാനും നിങ്ങളൊടു പറയുന്നു. എന്നു വരുമ്പൊൾ രണ്ടു പെർ ഇവിടെ വന്നു മലങ്കരെയുള്ള കുറിയും കാട്ടി വെളിച്ചമായ അവകാശങ്ങളാൽ ഞങ്ങൾ പറഞ്ഞ കാര്യമൊക്കെയുടെയും പട്ടാങ്ങ ബൊധിപ്പിച്ചതിന്റെശെഷം വിശ്വസിക്കാത്തതു നിങ്ങളുടെ മനൊദൊഷമാകുന്നു എന്നും ആയതുകൊണ്ടു നിങ്ങളുടെ ദൊഷത്തിന്നു ഇനി ഒരു കഴിവും ഉണ്ടായിരിക്കയില്ലാ എന്നും ഇങ്ങനെ ഒടുക്കത്തെ തീർമാനമായ മൊഴികൾ മല്പാൻ പറഞ്ഞപ്പൊൾ കർദിനാൾ ഒരുത്തരവും പറയാതെ തന്റെമുന്നിൽ ഉണ്ടായിരുന്ന മെശമെൽ കത്തുകയ്യുംകുത്തി തലക്കു കയ്യുംകൊടുത്തു ഇരിക്കുന്നപ്പൊൾ ഒരു തെല്ലുനെരം കഴിഞ്ഞു മെത്രാന്നു എഴുതിയ മാർ തൊമ്മാടെ കാര്യത്തിന്നുള്ള മെൽചൊല്ലിയ തീർമാനക്കടുദാശു ഞങ്ങടെ പററിൽ തന്നയപ്പാനൊ വെറെ വഴിക്കു അയപ്പാനൊ മനസ്സാകുന്നു എന്നു ചൊദിച്ചതിന്നു മാർ തൊമ്മാടെ കാര്യത്തിന്നു പ്രത്തുക്കാലിൽനിന്നു എഴുതി വന്നതുകൊണ്ടത്രെ ഇങ്ങനെ തീർത്തു എന്നതുകൊണ്ടു നിങ്ങടെ പക്കൽ ആയതു തന്നയക്കുന്നില്ലാ വെറെ വഴിക്കു പ്രത്തുക്കാലിന്നു അയക്കുന്നതെയുള്ളു എന്നു കർദിനാൾ പറഞ്ഞതിന്നു എന്നാൽ ഞങ്ങൾ ഉടൻതന്നെ ഇവിടെനിന്നു പൊകുവാൻ ശ്രമിക്കട്ടെ എന്നു അനുവാദം ചൊദിക്കുന്ന പൊലെ മല്പാൻ ചൊദിച്ചാറെ നിങ്ങളെ ഞങ്ങൾ ഇവിടെനിന്നു പറത്തുകളയുന്നില്ലാ എന്നതുകൊണ്ടു ഇപ്പൊൾ തന്നെ നിങ്ങൾ പൊയെ മതിയാവു എന്നില്ല പതപാകത്തിന്നു വെണ്ടുന്നതൊക്കയും വിദയംവരുത്തിക്കൊണ്ടു പൊയാൽ മതി എന്ന ഉത്തരം പറഞ്ഞതിന്റെ ശെഷം മല്പാനെ നൊക്കി പറഞ്ഞു. കരിയാട്ടി എന്തുകൊണ്ടു പരിഭവം ഭാവിക്കുന്നു. ആയതൊന്നും കൂടാതെ കുർബാനക്കു വെണ്ടുന്ന മുണ്ടു മുറികളെങ്കിലും പുസ്തകങ്ങളെങ്കിലും ഇങ്ങനെ ഏതാനും വെണമെന്നു നിങ്ങൾക്കു ആഗ്രഹമുണ്ടെങ്കിൽ അപെക്ഷക്കടുദാശു ഉണ്ടാക്കുകെ വെണ്ടുവെന്നു.എന്നിങ്ങനെ കർദിനാൾ പറഞ്ഞതിന്നു മലങ്കരെ പള്ളിക്കാററു ഒക്കയുടെയും നാമത്താൽ ഞങ്ങൾ അപെക്ഷിച്ചതിൽ ഒന്നെങ്കിലും തരണമെന്നു തൊന്നിയില്ലാ. എന്നു വരുമ്പൊൾ ഇനിയും അപെക്ഷിച്ചു നാണംകെടുവാൻ ഇനിക്കു സാദ്ധ്യമല്ലാ എന്നു മല്പാൻ പറഞ്ഞാറെ അയ്യൊ ഇങ്ങനെ തന്റെ ഹൃദയത്തിൽ ആയിപ്പൊയൊ. താൻ പ്രൊപ്പഗാന്ദാടെ മകനല്ലൊ ആകുന്നു. എന്നുവരുമ്പൊൾ താൻ തന്റെ മാതാവായിരിക്കുന്ന പ്രൊപ്പഗാന്ദായൊടു വാച്ചതും അപെക്ഷിച്ചാൽ ആയതു തന്നില്ലെങ്കിൽതന്നെയും തനിക്കു ഒരു പൊരായ്ക



വരുവാനില്ലായെല്ലൊഎന്നതുകൊണ്ടു മനൊദുഃഖമൊന്നുംകൂടാതെ മനസ്സാകുന്ന വസ്തു അപെക്ഷിക്കെവെണ്ടു. പ്രൊപ്പഗാന്ദാ മനൊഗുണമായിരിക്കുമെന്നു പറഞ്ഞു ഞങ്ങളെ അയക്കയും ചെയ്തു.

## വിചാരം

വാച്ചവസ്തുവും പ്രൊപ്പഗാന്ദായൊടു ഞങ്ങൾ അപെക്ഷിപ്പാനുള്ളതിന്നു തനിക്കു മനസ്സുണ്ടെന്നു കർദിനാൾ കാട്ടിയതിന്റെ അവകാശം വിചാരിച്ചാൽ നമ്മുടെ കാര്യത്തിന്നു തന്ന തീർച്ച ന്യായമുള്ളതല്ലാ എന്നു താൻ വെണ്ടുംവണ്ണം അറിഞ്ഞിരിക്കുന്നതിനാൽ ആയതുകൊണ്ടു ഞങ്ങൾക്കുള്ള മനൊദുഃഖം ഇപ്രകാരത്തിൽ തീർത്ത നിരപ്പു വരുത്താമെന്നു കാൺകകൊണ്ടത്രെ ഈ ഉപായകൌശലം എടുപ്പാൻ മനസ്സായതെന്നു തൊന്നുന്നു [1].

---

1. ഇത്ര ഗൗരവതരമായ ഒരു വിഷയത്തിന്മേൽ പരിശുദ്ധ സിംഹാസനത്തിന് ദ്രുതഗതിയിൽ നിശ്ചയമെടുക്കാൻ ആവില്ലായിരുന്നു. തന്നെയുമല്ല കരിയാററിയും പാറേമാക്കലിനും അവരുടെ ദൗത്യത്തിനും എതിരായി വരാപ്പുഴയിലെ വികാരി അപ്പസ്തോലിക്കാ സാലസ് റിപ്പോർട്ടുകൾ റോമിലെത്തിച്ചിരുന്നു. മാർതോമ്മായെ പുനരൈക്യപ്പെടുത്താനുള്ള ഇവരുടെ ഈ യാത്ര അധികാരികളുടെ അനുവാദത്തോടെയല്ല എന്ന് ഫ്രാൻസിസ് സാലസ് റോമിലേക്ക് എഴുതി.

ഈ സാഹചര്യത്തിൽ പരി. സിംഹാസനം ആവശ്യമായ അന്വേഷണങ്ങൾ നടത്തി. പൗരോഹിത്യവൃത്തികൾ അനുഷ്ഠിക്കാൻ അനുവദിച്ചുകൊണ്ട് മാർതോമ്മായെ സ്വീകരിക്കാൻ കൊച്ചി മെത്രാനെ റോം ഭരമേല്പിച്ചു. മെത്രാൻ സ്ഥാനവും ഭരണാധികാരവും ഔദ്യോഗികമായി നൽകേണ്ടതു പരി. സിംഹാസനമാണെന്നും നിശ്ചയിച്ചിരുന്നു.

മാർതോമ്മായുടെ മെത്രാൻപട്ടം അസാധുവാണെങ്കിൽ വീണ്ടും പട്ടം നൽകിയാൽ അദ്ദേഹം യാക്കോബായസഭയിലേക്കു തിരികെപ്പോകാനുള്ള സാധ്യതയുണ്ടോ, ഒരിന്ത്യക്കാരനെ മെത്രാനാക്കുന്നതു യുക്തമാണോ, നാട്ടുമെത്രാന്റെ കീഴിലായാൽ സുറിയാനിക്കാർ വല്ല പാഷണ്ഡതയിലോ ശീശ്മയിലോ നിപതിക്കാൻ ഇടയുണ്ടോ ഇത്യാദി കാര്യങ്ങൾ അന്വേഷിക്കാനും മെത്രാനെ ചുമതലപ്പെടുത്തി.

കരിയാററിലും പാറേമാക്കലും വിചാരിച്ചിടത്തോളം അന്യായമായി പ്രൊപ്പഗാന്ത പെരുമാറിയെന്നു പറയാനാവില്ല. തങ്ങളുടെ ലക്ഷ്യം എളുപ്പം നിർവഹിക്കാമെന്ന പ്രതീക്ഷയിൽ അതിദീർഘമായ ഒരു യാത്ര നടത്തിയ അവർക്ക് അങ്ങനെ അനുഭവപ്പെട്ടുവെങ്കിൽ അത്ഭുതമില്ല. കൊച്ചി മെത്രാനു കൊടുത്ത ചുമതലകൾ ദൂതസംഘം നൽകിയതായി മുൻ സൂചിപ്പിച്ച കുറിപ്പിലെ ആവശ്യങ്ങളുമായി സാജാത്യം പുലർത്തുന്നു. കൂരിയയിലെ ഔദ്യോഗികരഹസ്യമെന്ന നിലയിൽ ഈ തീരുമാനങ്ങൾ കരിയാററിക്കും പാറേമാക്കലിനും വെളിപ്പെടുത്തപ്പെട്ടിരുന്നില്ല എന്നതിനാലാവണം പാറേമാക്കൽ ഇത്ര അമർഷം കൊള്ളുന്നത്.

www.malankaralibrary.com

# അമ്പത്തിരണ്ടാം പാദം

**നമ്മുടെ കാര്യത്തിന്നു ഒക്കാത്ത തീരുമാനം കർദിനാൾ തന്നതിന്റെ ശെഷം ഉണ്ടായ അവസ്ഥമെൽ**

മെൽ പറഞ്ഞവണ്ണം മാർതൊമ്മാമെത്രാന്റെ കാര്യത്തിന്നു മാത്രം തീർച്ച കൂടാത്ത തീർമാനമായിട്ടു പ്രത്തക്കാൽ രാജസ്ത്രീയുടെ തിരുവെഴുത്തിന്റെ ശക്തിയാൽ ഗൊവയുടെ ഇടവക ഭരിക്കുന്ന കൊച്ചിയിൽ മെത്രാന്നു എഴുതിപൊകുന്ന സാധനം ഞങ്ങൾ വായിച്ചു കണ്ടതിന്റെ ശെഷം നമ്മുടെ മലങ്കരെ ഇടവകയിലുള്ള പള്ളികളുടെ കുഴപ്പു തീരുവതിന്നുള്ളൊരു വെറെ വഴി കാണായ്കകൊണ്ടും ഒട്ടെറെയും നമ്മുടെ മലങ്കരെ ഇടവകയിൽ ഉണ്ടാകുന്ന കുഴപ്പുകൾക്കും കലക്കങ്ങൾക്കും പൊംവഴി ഉണ്ടാകാത്തതു നമ്മുടെ ഇടത്തുള്ള മാർഗ്ഗമറിയിക്കുന്നവരുടെ പക്ഷപ്രതിയും മനൊദൊഷവും കൊണ്ടത്രെ ആകുന്നതിനെക്കൊണ്ടും റൊമായിലൊളം ചെന്നു മാർപ്പാപ്പായെ ബൊധിപ്പിച്ചാൽ കാര്യങ്ങൾക്കു ഒക്കെക്കും വെണ്ടുംവണ്ണം തീരുമാനം ഉണ്ടാകുമെന്നു നമ്മുടെ ജാതികൾക്കുള്ള ശരണം നിഷ്ഫലമായി പൊയെന്നു കാൺകകൊണ്ടും ഞങ്ങൾ രണ്ടു പെരും നമ്മുടെ കാര്യത്തിന്നുണ്ടായ ഉപായതീർച്ചമെൽ പറഞ്ഞൊപ്പിപ്പാൻ വശമല്ലാത്ത മനക്ലെശത്തൊടു കൂടെ തന്റെ തിരുനാമത്തിന്റെ സ്തുതിക്കും തന്റെ പള്ളികളുടെ ഉപകാരത്തിന്നും വെണ്ടുംവണ്ണമുള്ള തീർച്ച തരണമെന്നു തമ്പുരാനൊടു അപെക്ഷിച്ചുംകൊണ്ടു കർദിനാളും ഞങ്ങളുമായിട്ടു ഉണ്ടായ അവസ്ഥ ഒക്കെയും മെൽപറഞ്ഞ ഞങ്ങളുടെയും മനിഷ്യത്തിന്റെയും സ്നെഹകാരനാകുന്ന ബ്രന്ദാമെന്ന പാതിരിയെ കെൾപ്പിച്ചു. ഇങ്ങനെ കർദിനാൾ കൊടുപ്പാൻ നിശ്ചയിച്ച മാർതൊമ്മാടെ കാര്യത്തിന്നുള്ള ഈ തീർച്ച കാര്യത്തിന്നു മുടക്കം വരുത്തുവാനെന്ന്യെ ആയതിന്നു നടപ്പു വരുത്തുവാൻ കൊള്ളരുതെന്നും മാർതൊമ്മാടെ കാര്യമൊക്കയും ഗൊവായുടെ മെത്രാപ്പൊലീത്തായെ കയ്യെൾപ്പിക്കണമെന്നു പ്രത്തുക്കാലിലെ കല്പന വന്നാറെ കാര്യത്തിന്റെ തീരുമാനമൊന്നും മെത്രാപ്പൊലീത്തായിക്കു കയ്യാളിക്കാതെ കാര്യത്തിന്റെ നെരു അറിയണമെന്നു മാത്രമെ മെൽപറഞ്ഞ മെത്രാപ്പൊലീത്തായിക്കു എഴുതി അയക്കുന്നുള്ളു എന്നും ആയതുകൊണ്ടു ഇക്കാര്യത്തിന്നു മനിഷ്യത്തിന്റെ മനസ്സു എങ്ങനെ ആകുന്നു എന്നു നല്ലവണ്ണം തിരക്കി അറിയണമെന്നും അയാളൊടു പറഞ്ഞതിന്റെ ശെഷം ഇയാളും ആയതു തിരക്കി പ്രത്തുക്കാലിൽനിന്നു വെറെ കല്പന വരുവൊളം ഇക്കാര്യത്തിന്മെൽ വീണ്ടു ഒരു വസ്തു പറവാൻ മനിഷ്യത്തിന്നു മനസ്സില്ലെന്നുമുള്ളതു കണ്ടു ആയവസ്ഥ ഞങ്ങളൊടറിയിച്ചാറെ ഇനി പ്രത്തുക്കാലിൽനിന്നു വെറെ എഴുതി വന്നു തീർമാനമുണ്ടാക്കിക്കൊണ്ടു പൊരുവാനുള്ളതിനായിട്ടു അവിടെ



പാർത്താൽ വളരെവളരെ താമസമായിവരുമെന്നതന്നെയല്ല വെഗം പ്രത്തക്കാലിന്നു എത്താഞ്ഞാൽ അവിടെയും വല്ല ശത്രുക്കളും ഉണ്ടായി വരുമെന്നതുകൊണ്ടു വെഗം റൊമായിൽനിന്നു പ്രത്തുക്കാലിന്നു പെല്ലുക അത്രെ വെണ്ടിയിരിക്കുന്നതു എന്നു ഞങ്ങൾ നിശ്ചയിക്കയും കാര്യമൊക്കയും മാർ ആഗ്ഗുസ്തിനൊസു പറയുന്നപൊലെ തിന്മയിൽനിന്നു നന്മവരുത്തുവാൻ വശമാകുന്ന തമ്പുരാന്റെ തിരുമനസ്സിന്നു കയ്യാളിക്കയും ചെയ്തു.

### വിചാരം

മാർതൊമ്മാടെ കാര്യത്തിന്നു ഇതിൻവണ്ണം ഒഴക്കനായ തീർമാനം ഉണ്ടായാൽ പൊരാ. തികച്ചിലായ തീർമാനം അതായതു ഇക്കാര്യത്തിന്നുള്ള പട്ടാങ്ങ ഒക്കെയും തിരക്കി അറിഞ്ഞതിന്റെ ശെഷം നെരത്രെ ആകുന്നെന്നു കണ്ടാൽ മാർതൊമ്മായെ ശുദ്ധമാന പള്ളിയിൽ കൂട്ടുവാനുള്ള കല്പന ഗൊവയുടെ ഇടവക ഭരിക്കുന്ന കൊച്ചിയിൽ മെത്രാന്നു കൊടുത്തെ മതിയാവു എന്നു മനിഷ്യം കുററത്ത പറവാനുള്ളതിന്നു പ്രത്തക്കാലിൽനിന്നു ഇക്കാര്യത്തിന്നു എഴുതിവന്ന സാധനം വെണ്ടുവൊളം മതിയായിരുന്നു എന്നു തന്നെയല്ലാ ഈ സാധനത്തിന്റെ പട്ടാങ്ങയായ കുറിമാനം ഇതത്രെ ആയിരുന്നതു. അതെന്തെന്നാൽ ചൊല്ലാളിനെപൊലെ കാര്യത്തിന്റെ നെരുപൊളി തിരക്കി അറിവാനുള്ളതിന്നല്ലാ. പിന്നെയൊ എജമാനനെപൊലെ കാര്യംകെട്ടു തീർച്ച വരുത്തുവാനുള്ളതിന്നു തീർമാനമായ കല്പന ഗൊവയുടെ മെത്രാപ്പൊലീത്തായിക്കു വാങ്ങുവാനുള്ളതിന്നു ശ്രമിക്കണമെന്നത്രെ പ്രത്തുക്കാലിൽനിന്നു എഴുതിവന്നത. എന്നാൽ മനിഷ്യം താനും അന്തൊനെല്ലി കർദിനാളുമായിട്ടു പാരം സ്നെഹമായിരിക്കകൊണ്ടും പ്രത്തുക്കാൽ രാജസ്ത്രീയുടെ കുമ്പസാരിപ്പിക്കുന്നവൻ കർമ്മലീത്താക്കാരൻ മെത്രാപ്പൊലീത്താ ആകകൊണ്ടും തന്റെ ദർശനക്കാറരൊടു മറുത്തുള്ള പിണക്കത്തിൽ അത്ര നെറിവായിട്ടു തുടങ്ങിയാൽ മെൽപറഞ്ഞ മെത്രാപ്പൊലീത്തായിക്കു നല്ലവണ്ണം തെളിവായി വരികയില്ലെന്നും ഇങ്ങനെ തനിക്കു ഏതാനും കുറച്ചിൽ രാജസ്ത്രീയുടെ മുമ്പാകെ ഉണ്ടാകുമെന്നും വിചാരിക്കകൊണ്ടും തമ്പുരാന്റെ സ്തുതിയെക്കായിൽ ലൊകസ്തുതി ആഗ്രഹിച്ചത്രെ നമ്മുടെ കാര്യത്തിന്നുണ്ടായ ഒഴക്കനായ തീർച്ചമെൽ വെറെ ഒരു വസ്തു മനിഷ്പം പറയാതെ മിണ്ടടങ്ങിയതും. ഇതിന്റെശെഷം നമ്മുടെ പള്ളികളുടെയും നസ്രാണി സുഖത്തിന്റെയും ഗുണത്തിന്നായി വെണ്ടുന്ന കാര്യങ്ങളൊക്കയും ഞങ്ങളാലാകുംവണ്ണം ക്ലെശിക്കണമെന്നു വച്ചു ഉടെതമ്പുരാന്റെ തിരുമനസ്സുപൊലെ നമ്മുടെ ഇടത്തുള്ള അറിവില്ലായ്ക നീക്കി നമ്മുടെ ജനങ്ങളുടെ കണ്ണുകൾ തുറപ്പാനുള്ളതിന്നു സംഗതി വന്നു എങ്കിൽ ആയതിന്നു വെണ്ടുന്നതൊന്നും

www.malankaralibrary.com

കറഞ്ഞുപൊകാതെയിരിപ്പാനായിട്ടു ആയതിന്നുവെണ്ടുന്ന പുസ്തകങ്ങളൊക്കെയും ഞങ്ങടെ പററിൽ ഉണ്ടായിരുന്ന ദ്രവ്യത്തിന്നു തക്കവണ്ണംകൊണ്ടു ഉണ്ടാക്കുന്ന നെരത്തിൽ സുറിയാനിപുസ്തകങ്ങൾ ഏതാനും നമുക്കു ഉപകാരമുള്ളതു കൊള്ളുവാനുണ്ടൊ എന്നു ക്ലെശിക്കുന്ന നെരത്തു മാർ അപ്രെംമല്പാൻ എഴുതി ഉണ്ടാക്കിയ പുസ്തകങ്ങളുടെ പലപല അച്ചടി പെർപ്പുകൾ വത്തിക്കാനാ എന്ന മാർപ്പാപ്പാടെ പുസ്തകവീട്ടിൽ ഉണ്ടെന്നും മനസ്സുള്ളവർ അവിടെനിന്നു കൊള്ളുകയും പലക്കും മാർപ്പാപ്പാ തന്റെ മനസ്സു പൊലെ സമ്മാനംകൊടുക്കയും ചെയ്യുവരുന്നെന്നും കെൾക്കകൊണ്ടു ആയതു കൊള്ളുകതന്നെ എന്നും പണത്തിന്റെ ചുരുക്കംകൊണ്ടു ആയതിപ്പൊൾ പരാധീനമെന്നും ഇങ്ങനെ സംശയമായിരിക്കുന്ന നെരത്തു ഞങ്ങടെ സ്നെഹകാരനാകുന്ന ഈ പുസ്തകത്തിൽ പലടത്തും പറഞ്ഞ പീലിപ്പൊസ വ്യജെള്യാളി എന്ന പട്ടക്കാരൻ ഇക്കാര്യത്തിന്ന മാർപ്പാപ്പായിക്കു നിങ്ങൾ ഒരപെക്ഷ ഉണ്ടാക്കി കൊണ്ടുചെന്നു കൊടുത്താൽപണംകൂടാതെനിങ്ങൾക്കു ആയതിൽ ഓരൊ പെർപ്പു തരുവാൻ പൊരുമെന്നു പറകകൊണ്ടു ആയതു കൊള്ളാമെന്നുംവച്ചു ഞങ്ങൾ രണ്ടു പെരുടെയും പെർക്കു മാർപ്പാപ്പായിക്കു ഒരപെക്ഷ ഉണ്ടാക്കി മാർപ്പാപ്പായൊടുള്ള അപെക്ഷകൾ കൈക്കൊള്ളുന്ന കർദിനാളിന്റെ പററിൽ കൊണ്ടുചെന്നു കൊടുക്കയും ചെയ്തു. അതായതു ഈവണ്ണം എത്രയും ഭാഗ്യപ്പെട്ട ബാവായെ കീഴക്കെ ഹെന്തൊയിലുള്ള പ്രൊപ്പഗാന്താ ഫിദെടെ മാർഗ്ഗമറിയിക്കുന്നവനാകുന്ന കരിയാട്ടിൽ യൌസെപ്പും കടൽനാട്ടുപള്ളിയുടെ വികാരിയാകുന്ന പാറയാംമാക്കൽ തൊമ്മാസും എന്ന കൽദായസുറിയാനിക്രമത്തിലുള്ള രണ്ടു പട്ടക്കാററു എളുമയൊടുകൂടെ അങ്ങെ ശുദ്ധതയുടെ തൃക്കാലുകളുംപക്കൽ സാഷ്ടാംഗമായി വീണു അപെക്ഷിക്കുന്നു. വത്തിക്കാനാ എന്ന പുസ്തകവീട്ടിൽ അച്ചടിച്ച മാർ അപ്രെമെന്ന ഞങ്ങടെ ശുദ്ധമാനബാവാടെ പുസ്തകങ്ങളുടെ ഓരൊ പെർപ്പു മനൊഗുണമായിട്ടും സ്നെഹത്തിന്റെ അടയാളമായിട്ടും ഞങ്ങൾക്കു കൊടുപ്പാൻ മനൊഗുണമുണ്ടാകണമെന്നു. എന്നാൽ മലങ്കരെ രാജ്യത്തുള്ള കൽദായസുറിയാനിജാതി ഒക്കെക്കും ഈ പുസ്തകങ്ങൾ ഇല്ലായ്കകൊണ്ടത്രെ ഇതിൻവണ്ണം അപെക്ഷിക്കുന്നതു. എന്നു വരുമ്പൊൾ ആയതു മനൊഗുണമായിട്ടു ശെഷവും.

അപ്പൊഴൊ ഇങ്ങനെ അപെക്ഷകൾ ഉണ്ടാക്കി മെൽ പറഞ്ഞ മാർപ്പാപ്പായിക്കു ചെല്ലുന്ന അപെക്ഷകളെ കൈക്കൊള്ളുന്ന കർദിനാളിന്റെ പക്കൽ കൊണ്ടുചെന്നാറെ കർദിനാളിന്റെ പററിൽ ആയതു കൊടുക്കുന്ന നെരത്തു മലങ്കരെ ഇടവകയിലുള്ള പള്ളികളൊക്കെയും കൽദായസുറിയാനിക്രമത്തിലുള്ളതാകകൊണ്ടും ഞങ്ങൾക്കു എത്രയും ആവശ്യവും ഉപകാരവും ഉള്ള പുസ്തകങ്ങളുടെ പെർപ്പു ഒന്നും അവിടെ ഇല്ലായ്കകൊണ്ടത്രെ ഇതിൻ





വണ്ണം അപെക്ഷിക്കുന്നു എന്നും എന്നതുകൊണ്ടു മാർപ്പാപ്പായൊടു ഈ കാര്യത്തിന്മെൽ അങ്ങിന്നുകൂടെ വെണ്ടുംവണ്ണം പറയണമെന്നും കർദിനാളിനൊടും പ്രത്യെകമായി അപെക്ഷിച്ചാറെ കർദിനാളും പാരം സന്തൊഷത്തൊടുകൂടെ ഞങ്ങളുടെ അപെക്ഷക്കടദാശു കൈക്കൊണ്ടു ഞാൻ കൂടെ ഈ കാര്യത്തിന്നു വെണ്ടുംവണ്ണം മാർപ്പാപ്പായുമായിട്ടു പറഞ്ഞ ഒരു വശമുണ്ടെങ്കിൽ നിങ്ങളുടെ ആഗ്രഹം സാധിപ്പിക്കുന്നുണ്ടെന്നും പറഞ്ഞു വീണ്ടും ഈ കാര്യത്തിന്നു അവിടെക്കു ചെല്ലുവാനുള്ള ദിവസവും കുറിച്ചു ഞങ്ങളെ അയക്കുകയും ചെയ്തു.

ഇതിന്റെ ശെഷം കുറച്ചു ദിവസത്തിൽ ഞങ്ങൾ ചെന്നാറെ കർദിനാൾ അവിടെ ഇല്ലായ്കകൊണ്ടു വീണ്ടും മറെറാരു ദിവസം ചെന്നപ്പൊൾ അന്നും കർദിനാൾ അവിടെ ഇല്ലാഞ്ഞതിനാൽ അദ്ദെഹം വരുവൊളം അവിടെ പാർത്തിരുന്നുംകൊണ്ടു താൻ വന്നെന്നു കെട്ടതിന്റെ ശെഷം ഞങ്ങൾ അവിടെക്കു ചെന്നിട്ടുള്ള പ്രകാരം അറിയിച്ചാറെ നിങ്ങളുടെ അപെക്ഷകൾ സമ്മതിപ്പാൻ മാർപ്പാപ്പായിക്കു മനസ്സില്ലെന്നുള്ളപ്രകാരം തന്റെ വാലിഭക്കാരനൊടു ചൊല്ലി അയച്ചാറെ വാലിഭക്കാരനുംവന്നു ഞങ്ങളൊടു ഈ അവസ്ഥ അറിയിക്കുന്നപ്പൊൾ ഈ കാര്യം ചൊല്ലി കർദിനാളിനു പാരം ലജ്ജ ഉണ്ടാകകൊണ്ടത്രെ നിങ്ങളെ കണ്ടുപറവാൻ മനസ്സില്ലാത്തതു എന്നു ഞങ്ങളൊടു പറകയും ചെയ്തു.

## വിചാരം

ഈ അസാരമായതും കുറവുള്ളതുമായ കാര്യം ഇത്ര സൂക്ഷമായിട്ടും നൊനിഭമായിട്ടും എഴുതുന്നതുകൊണ്ടു ആർക്കും ഒരപൂർവം തൊന്നുണ്ടൊ. ആയതുകൊണ്ടു തമ്പുരാന്റെ പള്ളി ഒക്കെയുടെയും തലവനാകുന്ന മാർപ്പാപ്പായൊടു മററുജാതി ഏതാനും ഉണ്ടായിട്ടു പറയുന്നെന്നു വിചാരിക്കെണ്ടാ. അതെന്തെന്നാൽ അസാരമായൊരു കാര്യമത്രെ ഇതാകുന്നു എങ്കിലും മാർപ്പാപ്പായുമായിട്ടു ഉണ്ടായ കാര്യമാകകൊണ്ടു ആയതിന്റെ ഉള്ളഴിമ ഒക്കെയുടെയും ഏറക്കുറവു ഒന്നുംകൂടാതെ നമ്മുടെ യൊഗത്തെ ബൊധിപ്പിപ്പാനും ഇനിമെലിൽ ഞങ്ങൾക്കുണ്ടായ ഭൊഷത്വം നമ്മുടെ ജനങ്ങളിൽ ആർക്കും ഉണ്ടാകാതെ ഇരിപ്പാനും നമ്മുടെ ജാതിക്കു അവിടെയുള്ള ബഹുമാനം എത്ര പൊരുമെന്നറിഞ്ഞ അവസ്ഥ ഒക്കെയും വെണ്ടുംവണ്ണം എല്ലാവരും അറിവാനും ആയിട്ടത്രെ ഈ കാര്യം ഇവിടെ എഴുതിയതും.

വിശെഷിച്ചും ഞങ്ങടെ കാര്യമൊക്കെയും തീരുന്നതിന്നു മുൻപെ കാര്യം തീരുവാനുള്ളതിന്നു ഏതാനും താമസം ചെല്ലുമെന്നറികകൊണ്ടു ആയതിനിടയിൽ നമ്മുടെ ജനങ്ങൾക്കു ദിഷ്ടതിയും ഉപകാരവും ഉള്ള വസ്തു ഏതാനും ഒപ്പിപ്പാൻ ശ്രമിക്ക

www.malankaralibrary.com

എന്നും നിശ്ചയിച്ചു മത്തമറിയംഅമ്മയുടെ പ്രാത്ഥനയും കാലത്തു എഴുന്നെല്ക്കുമ്പൊൾ ഉള്ള നമസ്കാരവും രാത്രിയിൽ ഉറങ്ങുന്നതിന്നു മുമ്പിൽ ഉള്ള നമസ്കാരവും ഇതെല്ലാം കൂടെ ചെറുതായിട്ടുള്ള പുസ്തകമായിട്ടു അടിച്ചു ആയതിൽ പല പെർപ്പു കൊണ്ടുവന്നാൽ നമ്മുടെ ജനങ്ങൾ എല്ലാവർക്കും ഓരൊരൊ പുസ്തകം കൊടുക്കാമെന്നുംവച്ചു കർദിനാളുമായിട്ടു പറഞ്ഞു അനുവാദവും വാങ്ങി പുസ്തകം പെർപ്പാൻ തുടങ്ങി. ഒരു ക്രാസു പെത്ത ആയത്തു അടിപ്പാനായിട്ടു കർദിനാളുമായിട്ടു പറഞ്ഞു പ്രൊപ്പഗാന്ദായിൽ പുസ്തകമടിക്കുന്ന ഇടത്തിൽ കൊണ്ടുചെന്നപ്പൊൾ മുൻസിഞ്ഞോർ ബൊർജ്യാ അറിഞ്ഞ ഉടൻ താൻ പൊയി കർദിനാളുമായിട്ടു പറഞ്ഞു മുടക്കുകയും ചെയ്തു. ഇതൊക്കയും കഴിഞ്ഞതിൻെറ ശെഷം നമ്മുടെ പള്ളികളിൽ തലപ്പെട്ട ഇടങ്ങൾ ഒക്കയിലും അതതു പള്ളികളിൽ തലപ്പെട്ട ഇടങ്ങൾ ഒക്കയിലും അതതു പള്ളികളിൽ ഘൊഷിച്ചുവരുന്ന പെരുനാൾദിവസങ്ങളിൽ എന്നന്നെക്കും നില്ക്കത്തക്കവണ്ണമുള്ള മുഴുവൻ ദൊഷപൊറുതികളും പലപല ഭക്തിമയായ വസ്തുക്കളെ നമ്മുടെ ഇടത്തുണ്ടാക്കുവാൻ വെണ്ടുന്ന പുസ്തകങ്ങളും ആയതിന്നു വെണ്ടുന്ന അനുവാദങ്ങളും മെടിച്ചതിൻെറ ശെഷം മെൽ പറഞ്ഞവണ്ണം കർദിനാൾ മുറിച്ചു പറകകൊണ്ടു കുർവാനക്കു വെണ്ടുന്ന വസ്തുക്കൾക്കും ശുദ്ധമാനപുസ്തകത്തിന്നും ദെയ്വശാസ്ത്രത്തിൻെറ പുസ്തകങ്ങൾക്കും അപെക്ഷകൾ ഉണ്ടാക്കി കർദിനാളിൻെറ പററിൽ കൊടുത്താറെ കർദിനാൾ ആയതൊക്കയും ഞങ്ങൾക്കു തരത്തക്കവണ്ണം പ്രൊപ്പഗാന്ദാടെ കാര്യം വിചാരിക്കുന്ന ആളിനൊടു കല്പിക്കയും ഇയാളും ആയതൊക്കയും ഞങ്ങൾക്കു തരികയും ചെയ്തു.

## അൻപത്തിമൂന്നാം പദം

### പ്രൊപ്പഗാന്ദാ എന്ന ഇടത്തിന്മെൽ

റൊമായിൽ നമ്മുടെ കാര്യമൊക്കയും എങ്ങനെ കഴിഞ്ഞു എന്നറിയിച്ചതിൻെറ ശെഷം റൊമായിൽനിന്നു പൊരുന്നതിന്നു മുമ്പെ ശെഷമുള്ള നാടുകളിന്മെൽ ഞാൻ ചെയ്തപൊലെ റൊമാനഗരിമെലും ആയതിൻെറ പെരിമകളിന്മെലും വിസ്താരമായി പറവാൻ എത്രയും ചെർച്ചയുള്ള കാര്യമായിതീർന്നു.

അപ്പൊഴെ റൊമാനഗരിയും ആയത്തു എങ്ങനെ വട്ടത്തിൽ പണിതിരിക്കുന്നു എന്നും ആയതിരിക്കുന്ന നിലം എങ്ങനെ നിരപ്പു ഒത്തതാകുന്നു ചുററും ചുമരു പണിചെയ്തു വാതിലുകൾ എങ്ങനെ ഒപ്പിച്ചിരിക്കുന്നു ഉറവകൾ എങ്ങനെ നെരെ ഒപ്പിച്ചിരിക്കുന്നു എന്നും ആയതിലുള്ള വീടുകളുടെയും കൊയിലകങ്ങളുടെയും മുഴപ്പും പ്രഭയും മാർ പത്രൊസിൻെറ പള്ളിയും ആയതിൻെറ



പൊക്കവും നീളവും എത്ര പൊരുമെന്നും ആയതിലുള്ള മാർ പത്രൊസിൻെറ കൌറിടവും കൌറിടത്തിന്നു മീതെ എങ്ങനെ മൂന്നു നെര ത്രൊണൊസ എത്രയും ശിക്ഷയാകുംവണ്ണം പണിചെയ്തിരിക്കുന്നു എന്നും ആയതിൽ ഉള്ളതിലും താഴെ മാർ പത്രൊസിൻെറ കൌറിടത്തിന്നു ചെരെയുള്ള ത്രൊണൊസിന്മെൽ എങ്ങനെ ഞങ്ങൾ ചെന്ന കുർവാനയും ചൊല്ലി നമ്മുടെ പള്ളികളുടെയും ലൊകരുടെയും ഗുണത്തിനു വെണ്ടി നമസ്കരിച്ചു എന്നും വിശെഷിച്ചും ഉടെതമ്പുരാനൊടും മാർ പത്രൊസിനൊടും ഞങ്ങൾ അപെക്ഷിച്ചു എന്നും ഈ മെൽപറഞ്ഞ ത്രൊണൊസുകളിൽ ഉള്ളതിലും മീതെയുള്ള ത്രൊണൊസിന്മെൽ അമ്പൊന്നുകൊണ്ടു എത്രയും വലിയ നാലുകളും കരടുതാങ്ങിയും ഒപ്പിച്ചിരിക്കുന്ന പ്രകാരവും ആയതിന്നു മുൻപറഞ്ഞ ചുമരൊട ചെരെ പൊന്നുകൊണ്ടു സുരാലിച്ചു ഒപ്പിച്ചിരിക്കുന്ന ഒരു വലിയൊരു കസെറയിൽ മാർ പത്രൊസ്ശ്ലീഹാ ഇരുന്ന കസെറാ എത്ര ബഹുമാനത്തൊടുകൂടെ ശരസിച്ചിരിക്കുന്നു എന്നും വിശെഷിച്ചും ഈ പള്ളിയിലുള്ള ത്രൊണൊസുകളുടെ പെരുപ്പവും ഒരു നാളും ലയമില്ലാത്ത മൂസായിക്കൊ എന്ന ഒരു കൂട്ടം വാർപ്പുകല്ലുകൊണ്ടു എത്രയും മെച്ചമായി ഒപ്പിച്ചിരിക്കുന്ന രൂപങ്ങളുടെ പ്രകാശവും ഹൈക്കലൊടെ മുഴപ്പും ആയതിൽ പലപല പ്രധാനപ്പെട്ടവരുടെ കൌറിടങ്ങൾ എത്ര പൊക്കി മഹാ മുഖ്യതയൊടുകൂടെ പണിതിരിക്കുന്നു എന്നും പള്ളിയുടെ മദബഹായും ഹൈക്കലായും ഒക്കയും വെഴമാടം വളച്ചു ഈ വളഴിന്മെൽ എങ്ങനെ പലപല ചിത്രങ്ങളും രൂപങ്ങളും എഴുതിയിരിക്കുന്നു എന്നും പള്ളിയുടെ ഹൈക്കലായിൽ ചെമ്പുകൊണ്ടു പാരം വലുതായി വാത്തു ഉണ്ടാക്കിയിരിക്കുന്ന മാർ പത്രൊസിൻെറ രൂപം എങ്ങനെ ഉയർച്ചയിൽ വച്ചിരിക്കയും പള്ളിയിൽ കടക്കുന്നവർ എങ്ങനെ ഈ രൂപത്തിൻെറ കാൽ മുത്തുന്നു എന്നും പള്ളിയുടെ മീതെയുള്ള കുടം എത്ര വലിയതാകുന്നു എന്നുംആയത്തു താഴെ നിന്നു നൊക്കുമ്പൊൾ പള്ളിയുടെ ഉയർച്ചയുടെ പെരുപ്പംകൊണ്ടു എത്ര ചെറുതായി തൊന്നുന്നു എന്നും വിശെഷിച്ചും പള്ളിയുടെ മുഖവാരത്തിൽ പുറത്ത എങ്ങനെ ഏകദെശം വില്ലുപൊലെ വലുതായിട്ടു ചുമരു പണിതിരിക്കുന്നു എന്നും ഈ ചുമരിൻെറ അകത്തുഭാഗത്തു എങ്ങനെ നാലു നിര എത്രയും ക്രമമായിട്ടു തൂണുകൾ നിറുത്തിയിരിക്കുന്നു എന്നും ഈ തൂണുകളൊടു ഒപ്പിച്ചു മീതെയുള്ള ബറാന്തലിന്മെൽ പന്ത്രണ്ടു ശ്ലീഹാന്മാരുടെയും മല്പാൻമാരുടെയും രൂപങ്ങൾ എത്ര ചെർച്ചവഴി വച്ചിരിക്കുന്നു എന്നും ഈ ചുമരിന്നകത്തു പള്ളിയുടെ മുഖപ്പിന്നു ഇടത്തും വലത്തും എത്രയും മനൊഹരമായി പണിതിരിക്കുന്ന ഒലിഉറവകൾ സദാകാലവും പൂക്കുററിപൊലെ എങ്ങനെ വെള്ളം വീഴത്തുന്നു എന്നും ആയതിൻെറ പുറകെ രൂശിപ്രമാണത്തിൽ എത്രയും വലിയ പൊക്കമായിട്ടു കല്ലുകൊണ്ടു ഒപ്പിച്ചിരി

www.malankaralibrary.com

ക്കുന്ന ഒരു തൂൺ എങ്ങനെ പള്ളിയുടെ നടുക്കു നെരെ നിവർ
ത്തിയിരിക്കുന്നു എന്നും പള്ളിയിലുള്ള കാനൊനീസ്താന്മാ
രും പട്ടക്കാറരും എത്ര ചിതവും ക്രമവും ഉള്ള പ്രകാരത്തിൽ തങ്ങ
ളുടെ കടങ്ങൾ തികച്ചുവരുന്നു എന്നും ഈ പള്ളിയിൽ മാർപ്പാപ്പാ
പരഹസ്യമായിട്ടു ഇറങ്ങി കുർവാന കാണുന്ന നെരത്തിൽ മെ
ത്രാന്മാരും കർദിനാളന്മാരും എങ്ങനെ ആഘൊഷത്തിന്നു കൂടെ
നില്ക്കുന്നു എന്നും അവർ മാർപ്പാപ്പാടെ മുൻപാകെ എങ്ങനെ ഇരി
പ്പാൻ മര്യാദിയാകുന്നു എന്നും റൊമായിലുള്ള മാടമ്പികൾ അ
പ്പൊൾ അടുത്തുനിന്നു ചിററാഴ്മ ചെയ്യുന്ന പ്രകാരം എങ്ങനെ
ആകുന്നു എന്നും വത്തിക്കാനൊ എന്നു ചൊല്ലുന്ന ഈ പള്ളിയുടെ
ചെത്തുള്ള മാർപ്പാപ്പാടെ കൊയിലകവും ആയതിന്റെ മുഴപ്പും
അവിടെ പടയാളികൾ നിന്നു കാർക്കുന്ന പ്രകാരവും ഈ പള്ളി
യുടെ മുഴപ്പിന്നു ചെരുന്ന ഒരു ചമയപ്പുര എങ്ങനെ ആറാമത്തെ
പീയൂസ എന്ന ഈ മാർപ്പാപ്പാ പണിചെയ്യിപ്പിച്ചിരിക്കുന്നു
എന്നും ഈ ചമയപ്പുരയുടെ മുഴപ്പും മഞ്ഞുമെൽ എന്നു ചൊല്ലുന്ന
സന്ത മറിയ മയ്യൊർ എന്ന പള്ളിയും ആയതിലുള്ള ത്രൊണൊസു
കളും കാനൊനിസ്താന്മാരും ഇതുമെന്യെ മാർ യൊഹന്നാൻ ലത്രാ
നെൻസെൻ എന്നു ചൊല്ലുന്ന ആദിമുൻപിൽ റൊമയിൽ ഉണ്ടായ
പള്ളിയും ആയതിന്റെ മഹിമയും ആ പള്ളിയുടെ അരികെ
വെറെ ഒരിടത്തിൽ നമ്മുടെ കർത്താവു മിശിഹാ പീലാത്തൊ
സിന്റെ മാളികപുറത്തു ചെല്ലുന്നപ്പൊൾ കരെറിയ കൊവണി
എങ്ങനെ ബഹുമാനത്തൊടുകൂടെ വച്ചിരിക്കുന്നു എന്നും ആയ
തൊക്കയും വെറെ മരം കൊണ്ടു പുറമെ പൊതിഞ്ഞ കർത്താ
വിന്റെ ശുദ്ധമാന തിരുചൊര വീണ ഇടങ്ങളിൽ എങ്ങനെ
അടയാളം ഉണ്ടായിരിക്കുന്നു എന്നും ഞങ്ങൾ എങ്ങനെ ഈ കൊ
വണി മുട്ടുമെൽ കരെറി നമ്മുടെ ലൊകരുടെ ഗുണത്തിന്നു
വെണ്ടി കർത്താവിനൊടപെക്ഷിച്ചു എന്നും കന്സെല്ലൊ ദെസ
ഞ്ചെലൊ എന്നുചൊല്ലുന്ന വട്ടക്കൊട്ടയും ആയതിന്മെൽ മിഖാ
യെൽ റെശമാലാഖായുടെ രൂപം എങ്ങനെ വച്ചിരിക്കുന്നു എന്നും
മൊന്തക്കവാലൊ എന്നു ചൊല്ലുന്ന മാർപ്പാപ്പാടെ കൊയിലക
വും ആയതിന്റെ നീളവും ആയതിന്നു ചെരെ ഉള്ള കൊത്തളവും
ആയതിന്റെ ചുററുമുള്ള പടയാളികളുടെ വീടും റൊത്തുന്ദാ എന്നു
ചൊല്ലുന്ന വട്ടപ്പള്ളിയും ആയതിന്റെ മുഴപ്പും പ്രകാരവും ആയതു
മുമ്പിൽ കാവ്യരുടെ കാലത്തിൽ പിശാചുക്കൾക്കു ഒക്കെക്കും
ഉള്ള മുക്കാൽവട്ടം ആയിരുന്നാറെ ഇപ്പൊൾ എങ്ങനെ ശുദ്ധമാ
കപ്പെട്ടവർ ഒക്കെക്കും ഉള്ള പള്ളി ആക്കിയിരിക്കുന്നു എന്നും കൊ
ള്ളൊസെയൊ എന്നു ചൊല്ലുന്ന കാവ്യരുടെ കാലത്തിൽ ആര
വാരമായിരുന്ന ഇടവും ആയതിൽ ഇപ്പൊൾ എങ്ങനെ വ്യാക്രൂ
ശിസ ഇതായതു കുരിശിന്റെ സൽവഴി എന്നു ചൊല്ലുന്ന ഭക്തിമ
കഴിച്ചു വരുന്നു എന്നും കമ്പിദൊല്യൊ എന്ന ഇടവും അവിടെ



എങ്ങനെ കെസറിന്റെ രൂപവും നഗരിക്കു പുറത്തുള്ള മാർ പൌ
ലൊസശ്ലീഹായുടെ തലവെട്ടിയ ഇടത്തുള്ള പള്ളിയും ആയതി
ലുള്ള മൂന്നു ഒലിഉറവകളും ഈ പള്ളിയിൽ എങ്ങനെ ഞങ്ങൾ
ചെന്നു കുമ്പിട്ടു അപെക്ഷിച്ചു എന്നും വിശെഷിച്ചും നഗരിക്ക
കത്തുള്ള മാർ പത്രൊസിനെയും മാർ പൌലൊസിനെയും വില
ങ്ങിൽ ഇട്ടിരുന്ന ഇടവും ഈ ഇടത്തിൽ എങ്ങനെ ഞങ്ങൾ ചെന്നു
ആദരിച്ചു എന്നും വിശെഷിച്ചും മാർ പത്രൊസിന്റെ പള്ളി
യിലും പിന്നയും മററും പല പള്ളികളിലും ഘൊഷമുള്ള പെരു
നാളുകളിൽ നമ്മുടെ കർത്താവിന്റെ മുള്ളുമുടിയും പുണ്യവാള
ന്മാരുടെ ശുദ്ധമാന അസ്ഥികളും എങ്ങനെ ലൊകരെ കാട്ടുന്നു
എന്നും വിശെഷിച്ചും ഈ നഗരിയിലുള്ള ദർശനക്കാറരുടെയും
ദർശനകാരത്തികളുടെയും പെരുപ്പവും അവരുടെ വകഭെദങ്ങളും
അവരുടെ ആശ്രമങ്ങളുടെ വലിപ്പവും പൊരികയും ഭ്രാതൃസമൂഹ
ങ്ങളുടെ പലപല വകയും ഈ നഗരിയിലുള്ള പൊരുൾപടാത്ത
ക്കാറരുടെയും ശാസ്ത്രകാറരുടെയും പെരുപ്പവും മിടുക്കും പഠിത്വ
വീടുകളുടെ സുലഭവും ആയതിലുള്ള ക്രമങ്ങളും സവ്യൻസ്യാ
എന്നു ചൊല്ലുന്ന എല്ലാവക ശാസ്ത്രത്തിന്നായിട്ടുള്ള ശാസ്ത്രസത്മ
വും അതിലുള്ള മല്പാന്മാരുടെ അറിവും ബൊധവും എത്ര തിക
ച്ചിലൊടും ഭക്തിമയൊടുംകൂടെ അരൂപിക്കടുത്ത വസ്തുക്കളൊക്ക
യും കഴിച്ചുവരുന്നു എന്നും പാറെന്തൊറാ എന്നു ചൊല്ലുന്ന നാല്പതു
മണിനമസ്കാരത്തിന്നു ശുദ്ധമാനകുർവാന പരഹസ്യമായിട്ടു
വൈക്കുമ്പൊളുള്ള ആശ്രൂണയും ഭക്തിമയും അവിടെക്കു എത്തുന്ന
ജനങ്ങളുടെ പെരുപ്പവും കൂടപ്പിറപ്പുകളുടെ അരൂപിക്കടുത്ത സഹാ
യത്തിന്നു വെണ്ടുന്ന വസ്തുക്കൾ അതായതു പാവപ്പെട്ട ദ്രൊഹ
കാറർക്കു പൊറുപ്പാനുള്ള ദീനപ്പുരകൾ എത്ര നല്ലവണ്ണം പണിത
ആയതിന്നു വെണ്ടുന്ന ചിലവുകൾക്കു വക എങ്ങനെ ഒപ്പിച്ചി
രിക്കുന്നു എന്നും വരത്തരായ ജനങ്ങൾക്കു തങ്ങൾക്കു വെറെ ഭവ
നം വിചാരിച്ചു ഒപ്പിപ്പൊളും വസിപ്പാൻ എങ്ങനെ വീടു തീർത്ത
ആയതിനുള്ള ചിലവു വകക്കു വരവും വച്ചിരിക്കുന്നു എന്നും
ആരുമൊരുമില്ലാത്ത കിടാങ്ങളെ വളർപ്പാൻ ഏതു പ്രകാര
ത്തിൽ വീടു പണിചെയ്തു ആയതിന്നു വെണ്ടുന്ന ചിലവുകൾ
ക്കു വരവു സ്ഥാപിച്ചിരിക്കുന്നു എന്നും ഇങ്ങനെ മാനുഷർക്കു ദി
ഷ്ടതിയുള്ള മററു വെണ്ടുന്ന വസ്തുക്കൾക്കു ഒക്കെക്കും എത്രപ്രകാര
ത്തിൽ ഉപായം നൊക്കിയിരിക്കുന്നു എന്നും ഈ നഗരിയിലുള്ള
ജനങ്ങളുടെ ആഘൊഷവും കച്ചവടതരങ്ങളുടെ പെരുപ്പവും
പണിക്കാറരുടെ കൌശലങ്ങളും വകഭെദങ്ങളും മനൊദുഃഖമെതാ
നും ഉണ്ടെങ്കിൽ ആയതു നീക്കി സന്തൊഷം വരുത്തുവാനുള്ളതി
ന്നുള്ള പലപല വസ്തുക്കളും അപൂർവമുള്ള തൊപ്പുകളും മാനു
ഷർക്കു സന്തൊഷം വരുത്തുവാനും ഇങ്ങനെ തങ്ങടെ ആയുസ്സു
കഴിച്ചുകൂട്ടുവാനും പുറപ്പെടുന്ന ഗൊഷ്ടിക്കാറരുടെ പെരുപ്പവും

www.malankaralibrary.com

അവരുടെ മഹാ പല്യസമായ വചനങ്ങളും അവർ പുറപ്പെടുമ്പൊൾ കൂടുന്ന ജനങ്ങളുടെ പെരുപ്പവും വിശെഷിച്ചും റൊമായിലുള്ള മാടമ്പികളുടെ ഓജസ്സും ബഹുമാനവും കർദിനാളന്മാരുടെ ചമയവും വമ്പും അവരുടെ കൊയിലകങ്ങളുടെ പൊരികയും മുഴുപ്പും അവരുടെ തൊപ്പുകളുടെ വിസ്മയവും പ്രകാശവും നഗരിയുടെ ഉറുവഴികൾ ഒക്കയിലും സദാ നെരവും എങ്ങനെ കർദിനാളന്മാരുടെയും മാടമ്പികളുടെയും മെത്രാന്മാരുടെയും മുൻസിഞ്ഞൊറന്മാരുടെയും മററു പല പ്രധാനികളുടെയും തെരുകൾ ഓടുന്നു എന്നും ലൊകർക്കു എത്രയും സൌഖ്യവും അനുകൂലവും ഉള്ള മാർപ്പാപ്പായുടെ നാട്ടിലുള്ള കല്പനകളും ക്രമങ്ങളും ആയതിന്നു സ്ഥാപിച്ചിരിക്കുന്ന ഞായസ്ഥലങ്ങളും അരൂപിക്കടുത്ത കാര്യങ്ങൾക്കു തന്നെയുള്ള മററും പല ന്യായസ്ഥലങ്ങളും പല കാര്യങ്ങൾക്കായിട്ടു അവിടെക്കു വരുന്ന വരത്തരുടെ പെരുപ്പവും ശുദ്ധമാന കുർബാനയുടെ പെരുനാൾക്കു ആണ്ടുതൊറും മാർപ്പാപ്പാ എങ്ങനെ ശുദ്ധമാന കുർബാനയൊടും കൂടെ പൊകുന്നു എന്നും എങ്ങനെ കൊടയും സ്ലീവായും എടുക്കുന്നു എന്നും അപ്പൊൾ കർദിനാളന്മാരും മെത്രാന്മാരും ദർശനക്കാറരും എങ്ങനെ തനിക്കു അണിയാത്ര പൊകുന്നു എന്നും ആണ്ടുതൊറും എങ്ങനെ മഹാ ഘൊഷത്തൊടുകൂടെ മാർ ദൊമ്മനിക്കൊസിന്റെ ദർശനകാറരുടെ ആശ്രമത്തിൽ എങ്ങനെ മാർപ്പാപ്പാ പൊകുന്നു എന്നും അപ്പൊൾ റൊമായിലുള്ള മാടമ്പികളും കർദിനാളന്മാരും എങ്ങനെ തനിക്കു അണിയാത്ര പൊകുന്നു എന്നും ഇതൊക്കയും മററും പല വസ്തുക്കളും തിരിച്ചു തിരിച്ചു ആയതിൽ ഓരൊന്നിന്റെ അവസ്ഥകൊണ്ടു ഇവിടെ എഴുതുവാൻ ഭാവിച്ചാൽ പാരപ്പായി വരുമെന്നതിനെക്കൊണ്ടും ആയതിന്നു നെരവും സമയവും ഇപ്പൊൾ ഇല്ലായ്കകൊണ്ടും ആയതൊക്കയും മററു നെരത്തിന്നു വച്ചെക്കയും ചെയ്യുന്നു.

വിശെഷിച്ചും പ്രൊപ്പഗാന്താ എന്ന ഈ സമൂഹം നമ്മുടെ പുസ്തകത്തിൽ പലടത്തും വരുന്നതിനെക്കൊണ്ടു ആയതിന്റെ രൂപം തിരിച്ചു നമ്മുടെ ജനങ്ങളെ ബൊധിപ്പിപ്പാൻ നമ്മുടെ വിശെഷത്തിന്റെ വെളിച്ചത്തിന്നു വെണ്ടിയിരിക്കുന്നു എന്നതുകൊണ്ടു ആയതിന്റെ പ്രകാരം മാത്രം തിരിച്ചു ഇവിടെ എഴുതുകയും ചെയ്യുന്നു.

അപ്പൊഴെ റൊമായിൽ ഉണ്ടായിരുന്ന പലപല പുണ്യവാന്മാരു പലപല ഭക്തിമകൾ വിചാരിച്ചും നടത്തിയും വരുന്ന നാളുകളിൽ കപ്പുച്ചിപാതിരിമാരിൽ ഒരുത്തൻ തനിക്കുണ്ടായിരുന്ന ഭക്തിമയും തമ്പുരാന്റെ സ്തുതിക്കുള്ള എരിവും കൊണ്ടു പുറത്തുള്ള മാർഗ്ഗമില്ലാത്തവരുടെയും ഇടത്തുട്ടുകാററുടെയും നാടുകളിൽനിന്നു വരുന്ന വരത്തരിൽ ബുദ്ധിയുള്ള വാലിഭക്കാരരെ



പഠിപ്പിച്ചു പട്ടവും ഏൾപ്പിച്ചു തങ്ങൾ തങ്ങളുടെ നാടുകളിൽ മാർഗ്ഗമറിയിപ്പാനായിട്ടു അയക്കത്തക്കവണ്ണം ഭാവിച്ചു ആയതിന്നു ഒരു വീടും വിദയം വരുത്തി തുടങ്ങിയാറെ ഈ പ്രവൃത്തി ഉടെതമ്പുരാന്റെ സ്തുതിക്കു എത്രയും നല്ലകാര്യമാകുന്നെന്നു കണ്ടു പലപല വമ്പന്മാരും കൂടെ ഈ കാര്യത്തിന്നു പാതിരിയെ തുണപ്പാൻ കൂടുകയും ചെയ്തു.

എന്നാൽ വമ്പന്മാരിൽ ഒരുത്തൻ അന്നു കർദിനാൾ പിന്നെ എട്ടാമത്തു ഉർബ്ബാനൊസുപാപ്പാ ആയിരുന്നതിനെക്കൊണ്ടു താൻ പിന്നെ മാർപ്പാപ്പാ ആയതിന്റെ ശെഷം മെൽ പറഞ്ഞ ഈ പാതിരി അടിസ്ഥാനം വച്ചുതുടങ്ങിയ ഇടത്തുതന്നെ വലുതായിട്ടുള്ള വീടും പഠിത്വശാലകളും പണിചെയ്തു പലവഴിയും ശ്രമിച്ചു അമ്പതുഅറുപതു വാലിഭക്കാരരെ പഠിപ്പിപ്പാനുള്ളതിന്നു അവരെ ഭരിക്കയും പഠിപ്പിക്കയും ചെയ്യുന്ന മൂപ്പന്മാർക്കും മല്പാന്മാർക്കും മാസപ്പടി കൊടുപ്പാനുള്ളതിന്നു വരവും സ്ഥാപിച്ചതുമെന്യെ ഈ കാര്യത്തിന്മെൽ വിചാരിപ്പാനും പഠിപ്പിക്കുന്ന കിടാങ്ങളെ തങ്ങടെ പഠിത്വം കഴിഞ്ഞാൽ തങ്ങളുടെ നാട്ടിന്നു ദിഷ്ടതിയായ വസ്തുക്കളും വെണ്ടുംവണ്ണമുള്ള മുഷ്ക്കരത്വങ്ങളും കൊടുത്തയപ്പാനും ഉള്ളതിന്നു വിചാരിപ്പാൻ കർദിനാളന്മാരുടെ ഒരു സമൂഹവും കല്പിച്ചു ഈ സമൂഹത്തിന്നു കൊൻഗ്രെഗാസ്യൊ പ്രൊപ്പഗാന്ദെ ഫിദെ ഇതായതു വിശ്വാസം വളത്തിപ്പാനുള്ള സമൂഹമെന്ന പെർ വിളിക്കയും ചെയ്തു. എന്നതുകൊണ്ടു അന്നുതൊട്ടു ഇന്നയൊളം മാർഗ്ഗമില്ലാത്തവരുടെയും ഇടത്തുട്ടുകാരുടെയും നാട്ടിൽ നിന്നു പലപല പൈതങ്ങളെയും അവിടെ വരുത്തി പഠിപ്പിക്കയും അവരുടെ പഠിത്വം കഴിഞ്ഞതിന്റെ ശെഷം വീണ്ടും തങ്ങളുടെ നാട്ടിന്നു അവരെ അയക്കയും അവരുടെ പ്രയത്നത്താലും ശ്രമത്താലും മാർഗ്ഗമില്ലാത്ത പലരും മാഗ്ഗം കൂടുകയും ഇടത്തുട്ടിൽ നിന്നു വലത്തുട്ടിൽ തിരികയും ചെയ്യുമാറാകുന്നു. ഇതുമെന്യെ പുറമെയുള്ള നാടുകളിൽനിന്നു മാർഗ്ഗമിടപെട്ട ചെല്ലുന്ന കാര്യങ്ങളൊക്കയും ആയതിന്മെൽ വിചാരിച്ചു വെണ്ടുംവണ്ണം കുററുപ്പാനായിട്ടു ഈ കർദിനാളന്മാരുടെ സമൂഹത്തിന്നു മാർപ്പാപ്പാ കയ്യാളിക്കയും അവരും ആയതൊക്കക്കും തീർമാനം കൊടുക്കയും ചെയ്യുമാറാകുന്നു. എന്നതിനെക്കൊണ്ടു പുറമെയുള്ള നാടുകളിൽ വികാരി അപ്പസ്തൊലിക്കാമാരെയും മാർഗ്ഗമറിയിക്കുന്നവരെയും ആക്കുവാനുള്ളതിന്നു ആളുകളെ കുററുപ്പാനും അയപ്പാനും ഈ സമൂഹത്തിന്നു ബന്ധിക്കുന്നൊരു കാര്യമത്രെ ആകുന്നതും. വിശെഷിച്ചും ഇതൊക്കക്കും ചുവടും അടിസ്ഥാനവും വളർമ്മയും ഒപ്പിച്ചതു വ്വ- (8)ാമതു ഉർബാനൊസ എന്ന മാർപ്പാപ്പാ അത്രെ ആകുന്നതിനെക്കൊണ്ടു ഉർബാനൊസിനടുത്ത പ്രൊപ്പഗാന്ദാ ഫിദെ എന്ന ശാസ്ത്രസത്മം എന്നു പഠിത്വവീട്ടിനെ ചൊല്ലുമാറാകുന്നു.

www.malankaralibrary.com

വിശെഷിച്ചും മാർഗ്ഗമില്ലാത്തവരുടെയും ഇടത്തുട്ടകാററുടെയും നാട്ടിലുള്ള കിടാങ്ങൾക്ക എന്യെ റൊമാക്കാറർക്കും മററും വിശ്വാസകാററു രാജാക്കളുടെ നാട്ടിലുള്ളവർക്കും ഈ പഠിത്ത വീട്ടിൽ ഇടവുമില്ലാ. വിശെഷിച്ച ഇന്ദിയാക്കാറർ ൬ (6) പെൎക്ക ഇടം ഉണ്ടുതാനും. എന്ന വരുമ്പൊൾ മലങ്കരെ ഇടവകയിൽനിന്ന മാർഗ്ഗകാര്യം ചൊല്ലി ഞങ്ങൾ ചെന്നാറെ മാർപ്പാപ്പാ ഈ സമൂഹത്തിന്ന കാര്യം കയ്യാളിക്കയും ഈ സമൂഹവും തങ്ങടെ കാര്യലാഭവും വമ്പും നടത്തുവാനുള്ള ആഗ്രഹംകൊണ്ടു തമ്പുരാന്റെ സ്തുതിയും ന്യായവും വിട്ടു മെൽ പറഞ്ഞവണ്ണമൊക്കയും കാര്യം വിധിക്കയും ചെയ്തു.

### വിചാരം

മെൽ ചൊല്ലിയ പ്രൊപ്പഗാന്ദാ ഉണ്ടായ വൎത്തമാനം വിചാരിച്ചാൽ അറിയാം ഉടെതമ്പുരാന്റെ സ്തുതിക്കും കൂടപ്പിറപ്പുകളുടെ ഉപകാരത്തിന്നും കൂടുന്ന പ്രവൎത്തികൾ ഒക്കെക്കും വളർച്ചയും മുഴപ്പും എങ്ങനെ എവ്റൊപ്പയിൽ ഉണ്ടാകുന്നു എന്നു. അതെന്തെന്നാൽ മെൽ പറഞ്ഞവണ്ണം മാർഗ്ഗമില്ലാത്തവരുടെയും ഇടത്തുട്ടകാററുടെയും നാടുകളിൽനിന്ന വരുന്ന കിടാങ്ങളെ പഠിപ്പിച്ചു തങ്ങൾ തങ്ങളുടെ നാടുകളിൽ മാർഗ്ഗമറിയിപ്പാനായിട്ടു അയപ്പാൻ കപ്പൂച്ചി തുടങ്ങിയ ഉടൻ ഈ പ്രവൎത്തിയാൽ ഉണ്ടാവുന്ന ഉടെതമ്പുരാന്റെ സ്തുതിയും തങ്ങളുടെ ബഹുമാനവും പലരും സൂക്ഷിച്ചുകണ്ടു ഈ പ്രവൎത്തിക്ക ബലംപെട്ട സഹായക്കാററും ഉണ്ടായതിനാൽ ഈ പുണ്യപ്രവൎത്തി വളർന്നു ലൊകമെങ്ങും ആയതിന്റെ കാൽ ഉറച്ചു എന്നുതന്നെ പറയാം. എന്നപൊലെ നമ്മുടെ നാടുകളിലും ചെയ്‌വാൻ ജനങ്ങൾക്ക ബുദ്ധിയും വിചാരവും ഉണ്ടായിരുന്നു എങ്കിൽ ഇതിൻവണ്ണമുള്ള ഗുണപ്രവൎത്തികൾ പലതും കാൺമാനുള്ള ഭാഗ്യം നമുക്കും കൂടിയെനെ.

## അമ്പത്തിനാലാം പദം

**അന്തൊനെല്ലി കർദിനാളിനൊടും മാർപ്പാപ്പായൊടും ശെഷം വെണ്ടത്തക്കവരൊടും യാത്ര ചൊല്ലി എങ്ങനെ റൊമായിൽ നിന്ന ഞങ്ങൾ പുറപ്പെട്ടു എന്നതിന്മെൽ**

മെൽ പറഞ്ഞവണ്ണം നമ്മുടെ പള്ളിക്കും ലൊകൎക്കും റൊമായിൽനിന്ന വെണ്ടുന്ന വസ്തുക്കളൊക്കയും ഞങ്ങളുടെ വശവട്ടം കൂട്ടിയതിന്റെ ശെഷം പ്രൊപ്പഗാന്ദാ എന്ന സമൂഹത്തിന്റെ തലവനാകുന്ന മെൽ പറഞ്ഞ അന്തൊനെല്ലി കർദിനാളുമായിട്ടു യാത്ര ചൊല്ലുവാനായിട്ടു ഞങ്ങൾ ചെന്നു താനുമായി യാത്ര ചൊല്ലുന്ന നെരത്തിൽ ഞങ്ങളെ മലങ്കരെയുള്ള പള്ളിക്കാററു റൊമായിക്ക അയച്ചിരിക്കുന്ന പ്രകാരത്തിന്നു മെൽപ്പടി പള്ളിക്കാററുടെ കുറി





കൊണ്ടുവന്നു മാർപ്പാപ്പായിക്ക കൊടുത്തതിനാംപക്കം ആയതിന്നു ചെറുതായിട്ടു ഒരുത്തരമെങ്കിലും തന്നെ മതിയാവു. ആയതല്ലാഞ്ഞാൽ പള്ളിക്കാറൎക്ക പ്രസാദമായി വരികയില്ലാ എന്നുപാരം സാദ്ധ്യമായിട്ടു ഞങ്ങൾ അപെക്ഷിച്ചാറെ മെത്രാൻ കൂടാതെ മാർപ്പാപ്പാക്ക പള്ളിക്കാററു കുറി എഴുതിയാൽ മാർപ്പാപ്പാ ഒരുത്തരവും കൊടുപ്പാറില്ലെന്നുള്ള ഉത്തരം കെൾക്കയും ചെയ്തു.

### വിചാരം

കർദിനാൾ ഞങ്ങളൊടു പറഞ്ഞ ഉത്തരം നെരായ ഉത്തരമല്ലാ. നമ്മുടെ ജനങ്ങളുടെ നിലയില്ലായ്കയും പിടിയായ്കയും പാതിരിമാരു അവിടെ പറഞ്ഞിരിക്കുന്നപ്രകാരം സൂക്ഷിച്ചു കാൺകകൊണ്ടുള്ള ഉത്തരമത്രെ ആകുന്നു എന്നു ഇനിയും നമ്മുടെ പുസ്തകത്തിൽ മീതെ എഴുതുന്ന പല കാര്യങ്ങൾകൊണ്ടും അറിവാൻ സംഗതിവരുമെങ്കിലും തങ്ങളുടെ തലവനാകുന്ന മെത്രാൻ കൂടാതെ പുറമെയുള്ള ജാതികളിൻപക്കലും മാർപ്പാപ്പായുടെയും ശെഷം മാർഗ്ഗമുള്ള രാജാക്കളുടെയും മുൻപാകെ നമ്മുടെ പള്ളിക്കാററു എത്ര പൊരുമെന്നു ഈ ഉത്തരത്താൽ ഉടെതമ്പുരാൻ നല്ലവണ്ണം നമുക്ക കാട്ടിത്തന്നതിന്റെ ശെഷം ഈ സ്ഥാനം നമുക്ക തന്നെ ആക്കിതന്നതിനാൽ എത്രയും സൂക്ഷത്തൊടും ഉത്സാഹത്തൊടുംകൂടെ എന്നന്നെക്കും ഒരു ലയം കൂടാതെ നമ്മുടെ ജാതിക്ക തന്നെ നിറുത്തുവാനുള്ളതിന്നു നമ്മുടെ പള്ളിക്കാറൎക്ക ദിഷ്ടതിയുണ്ടെന്നു ഇവിടെ ഞാൻ എഴുതി കാട്ടിയിട്ടു അറിയെണ്ടുന്ന കാര്യം ആയിരിക്കുന്നുമില്ലാ. ഇതിന്റെശെഷം കർദിനാളുമായിട്ടു യാത്ര ചൊല്ലി പിരിയുന്നപ്പൊൾ റൊമായിൽനിന്നു പ്രത്തുക്കാലിന്നൊളമുള്ള ചിലവു വകക്ക ൧൦ സ്കുതി ആയതു ൩൫ പൊൻകാശു മെടിച്ചു കൊള്ളത്തക്കവണ്ണം പ്രൊപ്പഗാന്ദാടെ കാര്യം വിചാരിക്കുന്ന ആളിനു ചീട്ടും തന്നു ഞങ്ങളെ അയക്കയും ഞങ്ങളും പ്രൊപ്പഗാന്ദായിൽ വന്നു മെൽപറഞ്ഞ ആളിന്നു ചീട്ടും കൊടുത്തു ഈ ദ്രവ്യം വാങ്ങുകയും ചെയ്തു. ആയതു കഴിഞ്ഞതിന്റെ ശെഷം മാർപ്പാപ്പായുമായിട്ടു യാത്രചൊല്ലുവാനുള്ള അവസ്ഥ മുൻസിഞ്ഞൊറുമായിട്ടു പറഞ്ഞാറെ ഞങ്ങൾ റൊമായിൽനിന്നു പുറപ്പെടുന്നതിനു മുമ്പിലുള്ള ശനിയാഴ്ച താൻ മര്യാദിയായിരിക്കുന്ന പൊലെ മാർപ്പാപ്പാടെ പക്കൽ പൊയപ്പൊൾ ഞങ്ങളെക്കൂടെ തന്റെ തെരിൽ കൊണ്ടുപൊയി മാർ പത്രൊസിന്റെ പള്ളിക്കൽ വത്തിക്കാനാ എന്നു ചൊല്ലുന്ന മാർപ്പാപ്പ ഇരിക്കുന്ന കൊയിലകത്തിൽ ചെന്നതിന്റെ ശെഷം ഈ പുസ്തകത്തിന്റെ നാല്പത്തിയെട്ടാം പദത്തിൽ മീതെ ചൊല്ലിയവണ്ണമുള്ള ആചാരങ്ങളൊടുകൂടെ ചെന്നു മാർപ്പാപ്പാടെ കാൽമുത്തി യാത്രചൊല്ലുന്ന നെരത്തിൽ നിങ്ങൾ എന്തു ക്രമത്തിൽ കുർബാന ചൊല്ലുന്നെന്നും എവിടെക്ക പൊകുന്നെന്നും ഇങ്ങനെ മററും ചില കൂട്ടമൊക്കയും

www.malankaralibrary.com

ചൊദിച്ചതിന്ന ചെരുന്ന ഉത്തരം മല്പാൻ പറഞ്ഞതിൻെറ ശെഷം ഇനി നിങ്ങൾക്ക എന്തൊരു വസ്തു വെണ്ടുവെന്ന മാർപ്പാപ്പാ ചൊദിച്ചാറെ ഞങ്ങൾക്കും ഞങ്ങളുടെ പള്ളികൾക്കും അങ്ങെ ശുദ്ധമാന വാഴ്വ അല്ലാതെ വെറൊരു വസ്തുവും ഞങ്ങൾക്ക ദിഷ്ടതിയില്ലെന്ന ഞങ്ങൾ ഉത്തരിച്ചതിൻെറ ശെഷം മാർപ്പാപ്പാ ഞങ്ങളുടെ മെൽ റുശ്മാചെയ്താറെ ഇനി ഞങ്ങളുടെ പട്ടക്കാറർക്കും ലൊകൎക്കും കൂടെ ഇതുതന്നെ ഞങ്ങൾ അപെക്ഷിക്കുന്ന എന്ന വീണ്ടും ഞങ്ങൾ അപെക്ഷിച്ചതിൻെറ ശെഷം എത്ര പള്ളിയുണ്ടെന്നും പട്ടക്കാററു എത്ര കാണുമെന്നും ഞങ്ങളൊടു ചൊദിച്ചതിന്ന ഏകദെശം ഇത്ര ഇത്ര കാണുമെന്ന ഞങ്ങൾ പറഞ്ഞതിൻെറ ശെഷം മാർപ്പാപ്പാ തൻെറ കൈ നിവൎത്തി നമ്മുടെ പട്ടക്കാറർക്കും ലൊകർക്കും വാഴ്വ തരികയും ചെയ്തു.

ഇതിൻെറ ശെഷം ഞങ്ങൾ വീണ്ടും കാലു മുത്തിക്കൊണ്ടു മുൻസിഞ്ഞൊറുമൊന്നിച്ചു പ്രൊപ്പഗാന്ദായിൽ വന്നതിൻെറ ശെഷം പിറെറ ദിവസം മുൻസിഞ്ഞൊറിൻെറ പക്കൽ തന്നൊടു യാത്ര ചൊല്ലുവാനായിട്ടു ഞങ്ങൾ ചെന്നപ്പൊൾ ഇന്നലെ മാർപ്പാപ്പാടെ പക്കൽ ചെന്നപ്പൊൾ എന്തുവെണ്ടു എന്ന മാർപ്പാപ്പാ ചൊദിച്ചപ്പൊൾ എന്തുകൊണ്ടു താൻ ഏതും അപെക്ഷിക്കാഞ്ഞു. മാർഗ്ഗമറിയിക്കുന്നവരൊടു മാർപ്പാപ്പാ ഇങ്ങനെ ചൊദിച്ചാൽ വാച്ച ഭക്തിമയുള്ള വസ്തുക്കളും അപെക്ഷിക്കാറുണ്ടെന്ന മുൻസിഞ്ഞൊർ മല്പാനൊടു പറഞ്ഞാറെ ഇനിക്ക വെണ്ടുന്നതൊക്കെയും വെണ്ടുംപൊലെ ഇവിടെ കിട്ടിയിരിക്കുന്ന ഇനി വിശെഷിച്ചൊരു ദിഷ്ടതിയുമില്ലെന്ന പരിഭവമായിട്ടു മല്പാൻ പറഞ്ഞതിന്ന എന്തെ കരിയാട്ടി താൻ പരിഭവിക്കുന്നു. തൻെറ കാര്യത്തിന്ന വെണ്ടുംവണ്ണമൊക്കെയും ഞങ്ങൾ ഇരുന്നതിനെക്കൊണ്ടു പരിഭവമൊന്നും ഞങ്ങളൊടു വെണ്ടാ എന്ന മുൻസിഞ്ഞൊർ പറഞ്ഞാറെ ഇനിക്ക ഒരു പരിഭവവുമില്ലാ വിശെഷിച്ചു കാര്യം നിങ്ങൾ വെണ്ടുംവണ്ണം തീൎത്തതൊക്കെയും ഉടെതമ്പുരാൻ നല്ലവണ്ണം അറിഞ്ഞിരിക്കുന്ന എന്ന മല്പാൻ പറഞ്ഞതിൻെറ ശെഷം പിന്നെയും മാർപ്പാപ്പായൊടു ഏതാനും അപെക്ഷിപ്പാൻ മനസ്സുണ്ടെങ്കിൽ ഇനിയും വശമുണ്ടെന്ന മുൻസിഞ്ഞൊറും ഞങ്ങൾക്കുവെണ്ടി ഒരു വസ്തു അപെക്ഷിക്കെണ്ടാ എന്ന മല്പാനും ഇങ്ങനെ കുറെ നെരം വിവദിച്ചാറെ നിങ്ങൾക്കുവെണ്ടി കുറെ ആഞ്ഞൂസ ദെയി എന്ന ചൊല്ലുന്ന മെഴുകുരൂപം മാർപ്പാപ്പായൊടു അപെക്ഷിക്കുമെന്ന മല്പാനൊടു മുൻസിഞ്ഞൊർ പറകയും മല്പാനും മുൻസിഞ്ഞൊറിൻെറ മുഖം വാട്ടാതെ ഇരിപ്പാൻ ഞങ്ങൾക്കുവെണ്ടി അപെക്ഷിപ്പാൻ മനസ്സുണ്ടെങ്കിൽ ആയതു മെടിച്ചതിൻെറ ശെഷം ജെനപായിക്ക കൊടുത്തയച്ചാലും ആയതുചൊല്ലി ഇവിടെ താമസിപ്പാൻ കൂടുകയില്ലെന്നും പറഞ്ഞാറെ അങ്ങനെതന്നെ ആകട്ടെ എന്ന മുൻസിഞ്ഞൊറും പറകയുംചെയ്തു.



ഇങ്ങനെ ഈ തർക്കമൊക്കെയും കഴിഞ്ഞതിൻെറ ശെഷം ഏതു വഴിക്ക പ്രത്തുക്കാലിന്ന പൊകുന്ന എന്ന മുൻസിഞ്ഞൊർ മല്പാനൊടു ചൊദിച്ചതിൻെറ ശെഷം ഞങ്ങൾ ഇവിടെനിന്ന നെരെ തന്നെ ലൊറെത്തിന്ന പൊകുന്ന എന്ന മല്പാൻ ഉത്തരിച്ചതിന്ന വഴിച്ചിലവിന്ന പണം ചുരുക്കമായിരിക്കുന്ന നെരത്തു എന്തിന്ന ഇത്ര ചിലവുമിട്ടു ലൊറെത്തിന്ന പൊകുന്നു. ഇവിടെനിന്ന നെരെ തന്നെ ചീവിത്തവെക്ക്യാ എന്ന ചൊല്ലുന്ന നഗരിക്ക പൊകെ വെണ്ടു. അവിടെ ചെന്നാൽ ഉടൻ ജെനപായിക്ക കപ്പൽ കരെറുവാൻ സംഗതികൂടുമെന്ന മുൻസിഞ്ഞൊർ തങ്ങൾക്ക ബുദ്ധി ചൊല്ലിയാറെ ഞങ്ങൾക്ക ലൊറെത്തിന്ന ചെന്ന അവിടെ കുർവാന ചൊല്ലുവാൻ നെർച്ച ഉണ്ടായിരിക്കകൊണ്ടു അവിടെക്ക പൊയെ മതിയാവൂ. വിശെഷിച്ചും പണമില്ലാത്തതിന്ന ഉടെതമ്പുരാൻ സഹായിക്കുമെന്നും മല്പാൻ പറകയും മുൻസിഞ്ഞൊറും നിങ്ങൾ നെർച്ച ഉണ്ടെങ്കിൽ ആയതിന്ന പകരം മററു വാച്ച ചെറിയൊരു പുണ്യവൃത്തി കഴിച്ചാൽ മതിയെന്നുള്ള അനുവാദം വാങ്ങി തരാമെന്നും ദിഷ്ടതി കൂടാതെ ഇങ്ങനെ അനുവാദം വാങ്ങുന്നതു ന്യായമായിരിക്കയില്ലെന്ന മല്പാനും ഇങ്ങനെ സൊല്പൻ നെരം വിവദിച്ചതിൻെറ ശെഷം ഒടുക്കം ലൊറെത്തിന്ന ഞങ്ങൾ പൊകുന്നതു മുടക്കുവാൻ വശമല്ലെന്ന കണ്ടു കുറെ കാശുരൂപങ്ങളും തൻെറ പടവും തൻെറ ചിററപ്പനായിരുന്ന മരിച്ചുപൊയ മെത്രാൻെറ വടിവും ഉള്ള പലപല കടദാശുരൂപങ്ങളും മററും ചില ചെറിയ പുസ്തകങ്ങളും സമ്മാനവും തന്ന ഞങ്ങളെ അയച്ചതിൻെറ ശെഷം പ്രത്തുക്കാൽ രാജാവിൻെറ മനിസ്തുവുമായിട്ടു യാത്ര ചൊല്ലുവാൻ ചെന്നപ്പൊൾ കർദിനാളും മാർപ്പാപ്പയും മുൻസിഞ്ഞൊറും ആയിട്ടുണ്ടായ അവസ്ഥകളൊക്കെയും തന്നെ കെൾപ്പിച്ചതിൻെറ ശെഷം ജെനപായിൽ ചെന്നാൽ പണത്തിന്ന ദിഷ്ടതി വന്ന എങ്കിൽ ആയതു കുറച്ചിൽകൂടാതെ തങ്ങൾക്ക തരത്തക്കവണ്ണം ജെനപായിലുള്ള പ്രത്തുക്കാൽ രാജാവിൻെറ കൊൻസുളിന്ന സാധനവും തന്ന വെണ്ടുംവണ്ണം യാത്രയും ചൊല്ലി ഞങ്ങളെ അയക്കയും ചെയ്തു.

വിശെഷിച്ചും ഞങ്ങൾ പൊരുവാൻ യാത്രയായെന്ന മുൻസിഞ്ഞൊർ കെട്ടപ്പൊൾ അഞ്ചുതെങ്ങുകൽക്കാരൻ റൊദ്രിഗെ എന്ന വല്യതുപ്പായിക്കും അവൻെറ മകളെ കെട്ടിയവൻ മനുവെൽതുപ്പായിക്കും ബഹുമാനമായിട്ടു വമ്പന്മാരുടെ അടയാളമാകുന്ന ഓരൊ പൊൻകുരിശും ഇവർ രണ്ടുപെർക്കും പാരം സ്തുതിയായിട്ടു മാർപ്പാപ്പാടെ സാധനവും അവർക്ക കൊടുക്കത്തക്കവണ്ണം മല്പാൻെറ പക്കൽ കൊടുത്തയക്കയും ചെയ്തു. അപ്പൊഴെ യൊഹന്നാൻ ദെ സന്തമർഗ്ഗറീത്താ എന്ന പാതിരിയുടെ അപെക്ഷക്ക മനൊഗുണമായിട്ടു മാർപ്പാപ്പാ അനുവദിച്ചതും എന്നാൽ

www.malankaralibrary.com

ഇയാടെ മലയാളത്തിനുള്ള യാത്ര മെൽപറഞ്ഞവണ്ണം മൊടങ്ങിപൊകകൊണ്ടു മല്പാന്റെ പററിൽ ആയത്തു ഒകൊടുത്തയക്കത്തെക്കവെണ്ണം മൂൻസിഞ്ഞൊർ നിശ്ചയിക്കയും ചെയ്തു.

### വിചാരം

മലങ്കരെ ൭൨ (72) പള്ളിക്കാററും‌കൂടി എഴുതി അയച്ചതിന്നു മുൻപിൽ തങ്ങൾ എഴുതി അയച്ച കുറിക്കു ഉത്തരം വരായ്കകൊണ്ടു സങ്കടം കാട്ടി എഴുതി അയച്ചിട്ടും ഒരുത്തരം തരണമെന്നു തൊന്നിയില്ലാ. എന്നാൽ രണ്ടു കുപ്പായക്കാറർക്കു വെണ്ടി ഒരു പാതിരി അപെക്ഷിച്ചാറെ ആ അപെക്ഷ കൈക്കൊണ്ടു അവർക്കു ബഹുമാനത്തിന്റെ അടയാളവും മാർപ്പാപ്പാടെ സാധനവും കൊടുത്തയച്ചതു വിചാരിച്ചുകണ്ടാലറിയാം മുൻപിലത്തെ വിചാരത്തിൽ ഞാൻ പറഞ്ഞപൊലെ കർദിനാൾ പറഞ്ഞതു നെരല്ല എന്നും നമ്മുടെ യൊഗത്തിന്റെ പിടിയായ്കകൊണ്ടത്രെ യൊഗത്തിന്റെ കുറിക്കു മറുപടി തരാഞ്ഞതെന്നും. അതെന്തെന്നാൽ രണ്ടു പ്രത്യെകമുള്ള മാർപ്പാപ്പാ എഴുതുമാറുണ്ടെങ്കിൽ എത്ര ഏററം ഒരു ദെശത്തെ പള്ളിക്കാറർക്കു എഴുതുന്നതു ന്യായമായിരിക്കും. വിശെഷിച്ചും പാതിരിയും മലങ്കരെയുള്ള മാർ തൊമ്മാ നസ്രാണികളിൽ ഒരുത്തർക്കുവെണ്ടി ഒരു വസ്തുവും അപെക്ഷിച്ചില്ലാ പിന്നെയൊ മെൽപറഞ്ഞവർക്കു അത്രെ. ഇതെല്ലാം കഴിഞ്ഞാറെ റൊമായിൽനിന്നു പ്രത്തുക്കാലിന്നു ഞങ്ങളെ യാത്രതിരിക്കുന്ന പ്രകാരത്തിന്നു പ്രത്തുക്കാലിൽ കയെത്താനൊസ പാതിരിയും വിഷ്ക്കൊന്തിയും അറിയത്തക്കവണ്ണം എഴുതി അയച്ചുംകൊണ്ടു ഞങ്ങൾക്കു എത്രയും സ്നെഹപ്പെട്ട ബ്രന്ദാമുമായിട്ടും പീലിപ്പൊസ വ്യജ്യൊളി എന്ന പട്ടക്കാരനുമായിട്ടും പ്രൊപ്പഗാന്ദാടെ വീട്ടധികാരിയാകുന്ന പട്ടക്കാരനൊടും പഠിത്വസ്ഥലത്തിന്റെ മൂപ്പനാകുന്ന പാതിരിയൊടും കുമ്പസാരിപ്പിക്കുന്നവനൊടും നമ്മുടെ കിടാങ്ങളൊടും മററും അവിടെ വെണ്ടുന്ന ജനങ്ങളൊടു യാത്രയും ചൊല്ലി മിശിഹാ പിറന്നിട്ടു ൧൭൮൦-ാം(1780) കാലം മിഥുനമാസം ൨൦-നു (20) റൊമായിൽനിന്നു തെരിൽ യാത്ര പുറപ്പെടുകയും ചെയ്തു.

വിശെഷിച്ചും നമ്മുടെ വാലിഭക്കാററൊടു യാത്ര ചൊല്ലിയപ്പൊൾ നീണ്ടൂർ ഇട്ടിക്കുരുവിള തരകൻ ചാക്കൊയിക്കു കൊടുക്കത്തക്കവണ്ണം ഞങ്ങളെ ഏല്പിച്ച ൩൩. പൊൻകാശു അവന്നു കൊടുത്തതിന്റെ ശെഷം മാത്തുവിന്നു കൊടുക്കത്തക്കവണ്ണം ആരും ഏതും ഞങ്ങളുടെ പററിൽ തന്നിരുന്നില്ലാ എങ്കിലും അപ്പൊൾ ഉണ്ടായിരുന്ന ഞങ്ങടെ വശവും വകയുംപൊലെ ഞങ്ങളുടെ വഴിചിലവിന്നു പണം പൊരാഞ്ഞതിനാൽ പണം കൊടുപ്പാൻ ഇല്ലായ്കകൊണ്ടു ഞങ്ങൾ മുൻപിൽ കൂടല്ലൂരിൽനിന്നു കൊണ്ടു മെശപ്പുറവാലകളും പുതപ്പുകളും ഇങ്ങനെ പത്തു



പൊൻകാശിന്റെ വക മാത്തുവിന്റെ പെർക്കു പ്രൊപ്പഗാന്ദാടെ വീട്ടധികാരിയാകുന്ന പട്ടക്കാരന്റെ പററിൽ ഏല്പിച്ചു അവനൊടും പഠിത്വവീട്ടിൽ മൂപ്പനാകുന്ന പാതിരിയൊടും അറിയിച്ചു വീട്ടധികാരിയുമായിട്ടു കൂടി ഒപ്പിച്ചുവെച്ചു പൊരികയും ചെയ്തു.

## അൻപത്തഞ്ചാം പദം

### റൊമായിൽനിന്നു പുറപ്പെട്ടതിന്റെശെഷം ഉണ്ടായ അവസ്ഥമെൽ

ഞങ്ങൾ റൊമായിൽനിന്നു യാത്ര പുറപ്പെടുന്ന ഈ സമയത്തിൽ തങ്ങളുടെ പഠിത്വം കഴിഞ്ഞു പ്രൊപ്പഗാന്ദാ എന്ന ഈ പഠിത്വസത്മത്തിൽനിന്നു തങ്ങളുടെ വീടുകളിൽ പൊകുന്ന സിമ്നാരിക്കാററു ഉണ്ടായിരുന്നു. എന്നാൽ അവരിൽ ഒരുത്തൻ കയെത്താനൊസ പാതിരിയുടെ മകൻ യൗസെപ്പു ഫറിയാ ആയിരുന്നതിനെക്കൊണ്ടു ഇയാളും ഞങ്ങളും ഒരുമിച്ചു റൊമായിൽനിന്നു ലിസ്ബൊ ആയിട്ടു ചെല്ലത്തക്കവണ്ണം കയെത്താനൊസ പാതിരിയുടെ എഴുത്തു ഇയാൾക്കും ഞങ്ങൾക്കും വന്നിട്ടുണ്ടായിരുന്നു. വിശെഷിച്ചും യൗസെപ്പു ഫറിയാ ഈ ആണ്ടിൽ ഇന്ത്യയായിക്കു പൊകുവാനായിട്ടു പ്രൊപ്പഗാന്ദായിൽ നിന്നു പുറപ്പെടുന്ന പ്രകാരം ഇത്താല്യാരാജ്യത്തു മാർപ്പാപ്പാടെ കല്പനക്കീഴുള്ള മാർക്കാദ അങ്കൊണാ എന്ന പ്രദേശത്തു തൊലെന്തിനൊ എന്ന നഗരിയിൽ കുടിയിരിക്കുന്ന യൗസെപ്പു അങ്കൊണിയൊ മർക്കെസ കുസ്തന്തിനി എന്ന ഒരു പ്രധാനപ്പെട്ട ആൾ കെട്ടാറെ താനും കയെത്താനൊസപാതിരിയുമായിട്ടു കണ്ടറിവും സ്നെഹവും ഉണ്ടായിരുന്നതിനെക്കൊണ്ടും ഇന്ത്യയായിക്കു പൊകുവാൻ തനിക്കു വളരെ ആഗ്രഹം ഉണ്ടായിരുന്നതിനെക്കൊണ്ടും ഈ സമയം തനിക്കുള്ള ആഗ്രഹത്തിന്നു തികച്ചിൽ വരുത്തുവാൻ നല്ലൊരു നെരമെന്നും കണ്ടു തനിക്കും കൂടെ ഇന്ത്യയായിക്കു പൊകുവാൻ മനസ്സുണ്ടെന്നും ആയതുകൊണ്ടു ഒരുമിച്ചു പൊകണമെന്നും ഈ പ്രധാനി യൗസെപ്പു ഫറിയായായിക്കു മുൻപിൽ എഴുതി അയച്ചിട്ടുണ്ടായിരുന്നു. വിശെഷിച്ചും യൗസെപ്പു ഫറിയാ പട്ടമെററ മല്പസുഖത്തിന്റെ സ്ഥാനവും കൈക്കൊണ്ടു യാത്ര പുറപ്പെടുവാൻ ഒരുങ്ങിയ നെരത്തിൽ ഞങ്ങൾക്കു റൊമായിൽ പിന്നെയും കുറെ താമസം ഉണ്ടായിരിക്കകൊണ്ടു ഈ മെൽ പറഞ്ഞ പ്രധാനിയെ യാത്ര മുറുക്കുവാനും വെനെസ്യാ എന്ന നഗരിയിൽ ചെന്നു ആയതിന്റെ അതുല്യമായ പണി കാൺമാനായിട്ടും ഞങ്ങൾ തിരിക്കുന്നതിന്നു എട്ടു ദിവസം മുമ്പെ ഇയാൾ റൊമായിൽ നിന്നു പുറപ്പെടുകയും ചെയ്തു.

www.malankaralibrary.com

വിശെഷിച്ചും താൻ റൊമായിൽനിന്ന പുറപ്പെടുന്നപ്പൊൾ മുൻപിൽ കയെത്താനൊസപാതിരി എഴുതി അയച്ചവണ്ണം ഞങ്ങളും ഒരുമിച്ച ലിസ്ബൊ ആയിക്ക പൊകുവാനുള്ളതിന്ന ഞങ്ങൾ ലൊറെത്തിന്ന എത്തുമ്പൊൾ ഈ ആളും അവിടെ വരത്തക്കവണ്ണം പറഞ്ഞുംകൊണ്ടു പൊകയും ചെയ്തു.

അപ്പൊഴെ മെൽപറഞ്ഞവണ്ണം ഞങ്ങൾ റൊമായിൽനിന്ന പുറപ്പെട്ടതിന്റെ ശെഷം ആക്കപൊപെൻഞെന്തെ എന്നും നാൎണ്ണി എന്നും തെൎണ്ണി എന്നും സ്പൊലെത്തെ എന്നും ഫൊലീഞ്ഞു എന്നും ഇങ്ങനെ ഈ നഗരികൾ കഴിഞ്ഞതിന്റെശെഷം റൊമായിൽനിന്ന തിരിച്ചിട്ട അഞ്ചാം ദിവസം കാലത്തു ഏകദെശം പത്തു മണി ആയപ്പൊൾ തൊലീന്തിനൊ എന്ന നഗരിയിൽ വന്നതിന്റെ ശെഷം ഈ ദിവസം പെരുനാൾ ദിവസമാകകൊണ്ടു കുർവാന കാൺമാനായിട്ട അവിടെയുള്ള പള്ളിയിൽ കരെറിയപ്പൊൾ യൗസെപ്പ ഫറിയാ എന്ന പാതിരിയും മർക്കെസ കുസ്തന്തിനി എന്ന മെൽപറഞ്ഞ പ്രധാനിയും അവിടെ ഉണ്ടായിരുന്നു.

എന്നാൽ മർക്കെസ കുസ്തന്തിനി ഞങ്ങളുടെ അവസ്ഥ യൌസെപ്പ പാതിരി പറഞ്ഞു കെട്ടറിഞ്ഞിരിക്കുന്നതിനെക്കൊണ്ടും യൗസെപ്പ പാതിരി അവിടെയുള്ള ചമയപ്പുരയിൽ കുമ്പസാരിപ്പിച്ചിരിക്കുന്നതിനാൽ ഞങ്ങളെ കാണായ്കകൊണ്ടും മെൽപറഞ്ഞ മർക്കെസ കുസ്തന്തിനി ഞങ്ങൾ പള്ളിയിൽ കുമ്പിട്ട എഴുന്നെററ ഉടൻ വന്ന ഞങ്ങളൊട ആചാരവും ചെയ്തു വത്തമാനങ്ങൾ ചൊദിച്ചു നില്ക്കുന്ന നെരത്തു കുർവാനക്ക പുറപ്പെടുകയും ഞങ്ങളും കുർവാന കാണുകയും ചെയ്തു. ഇങ്ങനെ കുർവാന കഴിഞ്ഞതിന്റെ ശെഷം ഉടൻ യൗസെപ്പുപാതിരിയുമായിട്ടും കണ്ടു പറഞ്ഞതിന്റെ ശെഷം താൻ ഇത്ര നെരവും കുർവാന ചൊല്ലിയില്ലാ എന്നതിനെക്കൊണ്ടും കുർവാന ചൊല്ലുവാനുള്ള മനസ്സുണ്ടായിരിക്കകൊണ്ടും തന്നെ പള്ളിയിൽതന്നെ നിറുത്തിയും വച്ചെച്ചു മർക്കെസ കുസ്തന്തിനി ഞങ്ങളെയും ഞങ്ങളുടെ മുണ്ടുമുറികളും തന്റെ വീട്ടിൽ കൊണ്ടുപൊയി വെള്ളംകുടിയും തന്നു ഭക്ഷണം കഴിവാനും ഉറങ്ങുവാനും താൻ അവിടെ തന്നെ വട്ടം കൂട്ടുമെന്ന ഞങ്ങളൊട പറഞ്ഞു അവിടെ പാർപ്പിച്ചതിന്റെ ശെഷം ഈ മർക്കെസിന്റെ ചെട്ടൻ കാനൊനീസ്താ ആകുന്ന പാതിരിയും തനിക്കുള്ള അനുജനും ശെഷം വീട്ടിലുള്ളവരൊക്കയും പാരം പ്രസാദവും സ്നെഹവും ഞങ്ങളൊട കാട്ടുകയും ചെയ്തു.

ഇതിന്റെ ശെഷം യൗസെപ്പുപാതിരിയും കുർവാന കഴിഞ്ഞു വന്നതിന്റെ ശെഷം എല്ലാവരുമായിട്ട ഭക്ഷണവും കഴിഞ്ഞു മർക്കെസ കുസ്തന്തിനി എത്രയും ഗുണവും ഭക്തിമയും ഉള്ള ആളായിരുന്നതിനെക്കൊണ്ടു ഒട്ടു ഏകദെശം നാലുമണി ആയപ്പൊൾ



ഞങ്ങളെ പള്ളിക്കൽ കൂട്ടിക്കൊണ്ടുപൊയി അവിടെയുള്ള പാതിരിയൊടപേക്ഷിച്ചു മാർ നിക്കലാവൊസു പുണ്യവാളന്റെ മീൻ കയ്യും ആയതിന്മെൽ അശക്യമായിട്ട രണ്ടുമൂന്ന കുരു മുളച്ചിരിക്കുന്ന പ്രകാരവും ഞങ്ങളെ കാട്ടി ഈ പുണ്യവാളന്റെ വർത്തമാനവും താൻ കാട്ടിവരുന്ന പ്രത്യക്ഷങ്ങളും ഞങ്ങളെ കെൾപ്പിക്കയും ചെയ്തു.

അപ്പൊഴെ ഈ മീൻകൈ വെള്ളികൊണ്ടു കെട്ടി കൈയുടെ പത്തി മുഴുവൻ വെള്ളികൊണ്ടു ഉണ്ടാക്കി നാലുപുറത്തും കണ്ണാടി വച്ചിരിക്കുന്നതിനെക്കൊണ്ടു കണ്ണാടിക്കകത്തുള്ള മീൻകയ്യും ആയതിന്മെൽ ഉണ്ടായിരിക്കുന്ന കുരുക്കളും നന്നായി കാണുന്ന വക്ക തിരിച്ചറികയുമാം.

ഇതിന്റെ ശെഷം പിറെറ ദിവസം അവിടെനിന്ന ലൊറെത്തിന്ന ഞങ്ങൾ പുറപ്പെട്ടപ്പൊൾ മർക്കെസ കുസ്തന്തീനിയും യൗസെപ്പുപാതിരിയുംകൂടെ ഞങ്ങളുമായി ഒരുമിച്ചു ലൊറെത്തിന്ന വന്ന അവിടെയുള്ള ദൊമിനീക്കൊസു പാതിരിമാരുടെ ഭവനത്തിൽ ഞങ്ങളെ കൊണ്ടുചെന്ന അവിടെ വസിക്കുന്ന ദൊമിനീക്കൊസു പാതിരിയുമായിട്ട പറഞ്ഞാറെ ഈ ദൊമിനീക്കൊസു പാതിരി മെൽപറഞ്ഞ മർക്കെസും കയെത്താനൊസു പാതിരിയുമായിട്ട പാരം വെണ്ടികയും സ്നെഹവും ആയിരിക്കകൊണ്ടു എത്രയും വളരെ പ്രസാദത്തൊടും ബഹുമാനത്തൊടുംകൂടെ ഞങ്ങളെ ഈ വീട്ടിൽ കൈക്കൊള്ളുകയും ചെയ്തു.

ഇതിന്റെ ശെഷം മർക്കെസും യൗസെപ്പുപാതിരിയും തൊളൊനിലുള്ള മർക്കെസിന്റെ വീട്ടിന്നുതന്നെ എല്ലാവരുമായിട്ടു യാത്രചൊല്ലുവാനായിട്ട തിരിഞ്ഞുപൊകയും ചെയ്തു.

ഇതിന്റെ ശെഷം പിറെറ ദിവസം ലൊറെത്തു എന്ന ഈ ഇടത്തിൽ മത്തമറിയ അമ്മെടെ വീടിരിക്കുന്ന പള്ളിക്കൽ ചെന്ന ആ വീട്ടിൽ കുർവാന ചൊല്ലുവാൻ ഞങ്ങൾക്ക നെർച്ചയുള്ള പ്രകാരം അറിയിച്ചാറെ ഈ വീട്ടിൽ നിത്യവും ഒരു മുടക്കംകൂടാതെ കുർവാന ചൊല്ലുവാനുള്ളതിന്ന വലിയ ദാനധർമ്മം ഉണ്ടായിരിക്കകൊണ്ടും ഈ ശുദ്ധമാനവീട്ടിന്ന ചെതം വരാതെയിരിപ്പാൻ അവിടെ ചെന്ന തങ്ങളുടെ മനസ്സുപൊലെ നെർച്ചകുർവാന ചൊല്ലുന്ന ആളുകളൊക്കയും ഒരു സ്തുതി സാമാന്യമായി വീട്ടിന്ന കൊടുത്തെ മതിയാവു. വിശെഷിച്ചും വീട്ടിന്റെ അധികാരികളുടെ മനസുപൊലെ ഇതായത്തു വീട്ടിന്റെ ദാനധർമ്മത്തിന്ന കല്പിച്ചിരിക്കുന്ന നിരുപണപൊലെ കുർവാന ചൊല്ലുവാൻ മനസ്സുള്ളവർ തങ്ങളുടെ മനസുപൊലെ എത്ര കുർവാന എന്നാൽ അത്രയും ചൊല്ലുകയും ആം. എന്നതിനെക്കൊണ്ടു ഈ അവസ്ഥ വീട്ടധികാരികൾ ഞങ്ങളൊട പറഞ്ഞ

www.malankaralibrary.com

തിന്റെ ശേഷം ഞങ്ങൾ ആയതിന്നു കൊടുക്കേണ്ടുന്ന പണവും കൊടുത്തു നമ്മുടെ ലോകരുടെയും പള്ളികളുടെയും ഗുണത്തിന്നു വേണ്ടി ഓരോ കുർബാന ഞങ്ങൾ രണ്ടുപേരും ചൊല്ലി തമ്പുരാനോടും കന്യാസ്ത്രീ അമ്മയോടും അപേക്ഷിച്ചതിന്റെ ശേഷം പിന്നെയും ഈ രണ്ടു കുർബാന ആ വീട്ടിന്റെ ദാനധർമ്മത്തിന്നു ചെയ്തിരിക്കുന്ന നിരൂപണകൾ തക്കവണ്ണം ചൊല്ലുകയും ചെയ്തു.

വിശേഷിച്ചും ലൊറെത്തു എന്ന ഈ ഇടം പെരുമപെട്ട ഭക്തിയുള്ള ഇടങ്ങളിൽ ഈ ഇടം ആയിരിക്കുന്നതിനെക്കൊണ്ടു ഈ ഇടത്തിന്റെ അവസ്ഥ അറിവാൻ നമ്മുടെ ജനങ്ങൾക്കും ആഗ്രഹം ഉണ്ടായിരിക്കുമെന്നതിനെക്കൊണ്ടു ആയതിന്റെ പ്രകാരം ചുരുക്കി ഇവിടെ എഴുതുന്നു. എന്നാൽ തമ്പുരാന്റെ അമ്മ മർത്തമറിയം ഉമ്മാടെ എത്രയും ആദരിക്കപ്പെട്ട വീടു നസറസു എന്ന നഗരിയിൽനിന്നു മാലാഖമാരു എടുത്തു ഇത്താല്യാ രാജ്യത്തു കൊണ്ടുവന്നാറെ ലൊറെത്ത എന്ന ഈ ഇടത്തിൽ കൊണ്ടുവരുന്നതിന്നുമുമ്പിൽ ദൽമസ്യായും അൽസാന്യായും എന്ന മററു രണ്ടിടത്തിൽ കൊണ്ടുവന്നുവച്ചു കുറെനാൾ അവിടെ കഴിഞ്ഞതിന്റെ ശേഷം ഒടുക്കം ലൊറെത്ത എന്നു ചൊല്ലുന്ന വനപ്രദെശമായ ഈ ഇടത്തിൽ വന്നിരിക്കയും ചെയ്തു.

അപ്പൊഴൊ ഈ ശുദ്ധമാനവീടു ഈ ഇടത്തിൽ വന്നതിന്റെ ശേഷം ഒരുനാൾ ഇടയന്മാർ തങ്ങളുടെ ആടുമാടുകളെ മെയിപ്പാനായിട്ടുചെന്നു അവിടെ വസിക്കുന്നപ്പൊൾ രാത്രിയിൽ എത്രയും വലിയൊരു പ്രകാശം ഈ വീടിരിക്കുന്നിടത്തു കണ്ടാറെ ആയതു എന്തെന്നറിവാനായിട്ടു അവിടെക്കു അടുത്തപ്പൊൾ ഈ ശുദ്ധമാന വീടും അതിലുള്ള പാരം അതികുസുകപ്പെട്ടു മുണ്ടുമുറികളുമെന്യെ മറെറാരു വസ്തു കാണായ്കകൊണ്ടും ഈ വീടു മുൻപിൽ ആ സ്ഥലത്തിൽ ഇല്ലാഞ്ഞതിനാൽ അപൂർവമായിട്ടു അവിടെക്കു വന്ന വീടത്രെ ആകുന്നു എന്നും ഇതുമൊഴിയെ ദിവ്യത്വമുള്ള വീടാകുന്നു എന്നും ബൊധിച്ച് ആ ഇടത്തിലുള്ള ജനങ്ങളൊടറിയിച്ചതിന്റെ ശേഷം ജനങ്ങളും മെത്രാനൊടു അറിയിക്കയും ചെയ്തു.

വിശേഷിച്ചും മെത്രാൻ ഈ അവസ്ഥ കെട്ടതിന്റെ ശേഷം ഇടയന്മാരു പറയുന്ന ഈ അശകൃത്തിന്റെ പരമാത്ഥമറിവാൻ ശ്രമിച്ചു. ആയതു നെരുതന്നെ ആകുന്നു എന്നറിഞ്ഞതിന്റെ ശേഷം ഈ വീട്ടിന്റെ അവസ്ഥകൊണ്ടു വിചാരിച്ചാറെ തമ്പുരാന്റെ അമ്മ മർത്തമറിയം ഉമ്മാടെ വീടല്ലാതെ മറെറാരു വസ്തു അല്ലെന്നു നിശ്ചയിക്കയും ചെയ്തു.

വിശേഷിച്ചും ഈ കാര്യത്തിന്റെ പരമാർത്ഥം അറിവാൻ നസറസു എന്ന നഗരിക്ക് ആളയച്ചു ക്ലെശിച്ചാറെ തമ്പുരാന്റെ





അമ്മയും ശുദ്ധമാന യൌസെപ്പും പൊറുത്തിരുന്ന വീടു അവിടെ കണ്ടില്ലാ. ആ വീടിരുന്ന ഭൂമിയും ആയതു അവിടെനിന്നു അടത്തി എടുത്തിരിക്കുന്നപ്രകാരവും കണ്ടു എന്നും ഇതുതന്നെ അവിടെ ഉള്ള ജനങ്ങൾ സാക്ഷിച്ചു എന്നും പറയുന്നു.

ആയതുകൊണ്ടു അന്നുതൊട്ടു ഇന്നയൊളും മാർഗ്ഗമുള്ള രാജാക്കളും എജമാനന്മാരും മാർഗ്ഗവാസികളൊക്കയും ഈ വീട്ടിന്മെൽ തങ്ങൾക്കുള്ള ഭക്തിമയും ബഹുമാനവുംകൊണ്ടു ഏറിയ സാമത്ഥ്യമായ സൌജന്യങ്ങളും മാണിക്കകല്ലുകളും പൊന്നും വെള്ളിയും കൊണ്ടുള്ള പാത്രങ്ങളും കൊടുത്തു വരുന്നതിനാംപക്കം ഈ വീടു പാരം സാമർത്ഥ്യവും സമ്പത്തും ഉള്ളതായിരിക്കുന്നതുമൊഴിയെ സിസ്തു എന്ന മാർപ്പാപ്പാടെ കാലത്തിൽ താൻ ആ നാട്ടിൽ പിറന്ന ആളായിരിക്കകൊണ്ടും ഈ വീടിന്മെൽ തനിക്കു വളരെ ഭക്തിമ ഉണ്ടായിരിക്കകൊണ്ടും ഈ വീട്ടിന്നു ചുററും എത്രയും വലുതായിട്ടും അലങ്കാരമായിട്ടും ഒരു പള്ളിയും പണിചെയ്തു ആയതിൽ പല പല ത്രൊണൊസുകളും ആയതിന്നു വെണ്ടുന്ന വസ്തുക്കളും ഒപ്പിച്ചതിന്റെ ശേഷം ഈ വിടു ഒക്കയും പുറമെ എത്രയും വെണ്മയുള്ള വെള്ളാരൻപാറകൊണ്ടു പാരം മനോഹരമായിട്ടു ചുററും പണിചെയ്തതുമൊഴിയെ മാലാഖാ വന്നു കന്യാസ്ത്രീ അമ്മയൊടു വചനിച്ച കിളിവാതിലും ആയതിന്നു മുമ്പിലുള്ള ത്രൊണൊസും പുറമെ വെള്ളികൊണ്ടു ഒക്കെയും മൂടി പൊതികയും ചെയ്തു.

വിശേഷിച്ചും വീട്ടിന്നു അകമെ ഒക്കയും വെള്ളികൊണ്ടു മൂടി പണിവാൻ മനസ്സായാറെ വെള്ളിതകിടു ആയതിന്മെൽ പതിപ്പാൻ പണിക്കാററു ആകുന്നതു ശ്രമിച്ചാറെ ഒരു പുറം ചൊമരിന്മെൽ പിടിപ്പിക്കുമ്പൊൾ മറെറാരു പുറം വിട്ടുവരുന്നതു പലയുഴവും കണ്ടാറെ ആയതു സാധിക്കുന്നൊരു കാര്യമല്ലെന്നും ദൈവമാതാവിന്റെ തിരുമനസ്സു ഇതിൻവണ്ണം ദരിദ്രിയപ്പെട്ട പാഴയിൽ തന്റെ വീടു ഇരിപ്പാനത്രെ ആകുന്നെന്നും വച്ചു അടങ്ങി എന്നു പറയുന്നു.

വിശേഷിച്ചും ഈ വീട്ടിനകത്തു ഒരു ത്രൊണൊസും ആയതിന്റെ മീതെ ചുമരൊടു കുറെ പൊക്കി ഉണ്ണിയെ എടുത്തിരിക്കുന്ന മർത്തമറിയം അമ്മെടെ ഒരു രൂപവും ഉണ്ടാക്കിയിരിക്കയും ചെയ്യുന്നു.

എന്നാൽ ഈ അമ്മെടെയും ഉണ്ണിയുടെയും രൂപത്തിന്റെ നിറം കറുത്തിരിക്കുന്നതിനെക്കൊണ്ടു ഇതു എന്തു ഇങ്ങനെ കറുത്തിരിക്കുന്നു എന്നു ഞാൻ ചൊദിച്ചാറെ ഈ വീടു കണ്ടെത്തിയപ്പൊൾ ഈ രൂപവുംകൂടെ അതിൽ ഉണ്ടായിരുന്നു എന്നതുകൊണ്ടു ഇത്താല്യാരാജ്യത്തു തീർത്തതല്ലാ എന്നും ഇതുമെന്യെ ഈ വീട്ടി

www.malankaralibrary.com

ലുള്ള ത്രൊണൊസിന്റെ ഇടത്തു ഭാഗത്തു രണ്ടു മൂന്നു കൊച്ചു കലങ്ങളും മരതപ്പികളും ഇരിക്കുന്നതു കണ്ടാറെ ആയതിന്റെ അവസ്ഥമെൽ ചൊദിച്ചിട്ടു തമ്പുരാന്റെ അമ്മ പെരുമാറിയ മുണ്ടു മുറികളത്രെ ആകുന്നു എന്നു പറകയും ചെയ്തു.

വിശെഷിച്ചും ഈ വീട്ടിന്റെ അകം അടിച്ചുവാരുന്ന പൊടിയും ആയതിൽ ഉരുകുന്ന മെഴുകും ഒരു തെല്ലുപൊലും പല പല രൊഗങ്ങൾക്കു എത്രയും അപൂർവമായ ശമനങ്ങൾ വരുത്തുന്നതിനാൽ ഈ വീടു അടിക്കുന്ന പ്രഞ്ചിസ്ക്കാനൊസക്കാറരു പാതിരിമാരു ഈ പൊടി കൊണ്ടുപൊയി എത്രയും ചിതമായിട്ടു കടുദാശിൽ പൊതിഞ്ഞു പൊന്നും സുരാലിച്ചു മുദ്രികയും കുത്തി വിശ്വാസികൾക്കു കൊടുക്കയും മെഴുകുകൊണ്ടു പലപല ചെറു മെഴുകുതിരികൾ ഉണ്ടാക്കി ആയതു വിശ്വാസികൾക്കു കൊടുക്കയും ഈ മെഴുകുതിരി ഇടികളൊടും ചുഴലികാററൊടും മററു പിശാചും തങ്ങളൊടു മറുത്തു എത്രയും അധികമായ ഫലം കാട്ടി വരികയും ചെയ്യുന്നു.

ഇതുമെന്യെ ഈ വീടു നിലം തൊടാതെ ഭൂമിയിൽനിന്നു നാൽ വിരൽ പൊങ്ങിയിരിക്കുന്നു എന്നും പറയുന്നു. വിശെഷിച്ചും ഈ വീട്ടിന്നു ചുററും മെൽപറഞ്ഞവണ്ണം വെള്ളാരൻ പാറകൊണ്ടു ആയതിന്റെ പുറമൊക്കയും മൂടി പണി ചെയ്തിരിക്കുന്നതിനാംപക്കം കാണുന്നവൎക്കു ആയതിന്റെ പരമാർത്ഥം അറിഞ്ഞുകൂടാതാനും. എന്നാൽ ഈ വീടു ഇരിക്കുന്ന എടം മുമ്പിൽ വനപ്രദെശമായിരുന്നു. എങ്കിലും ഈ ശുദ്ധമാന വീടു അവിടെ വന്നതിന്റെ ശെഷം ഈ വീട്ടിന്മെലുള്ള ഭക്തികൊണ്ടു പലപല കുടിയാന്മാരു അവിടെ വന്നു കുടിയിരിക്കയും ചെയ്തു.

ഇങ്ങനെ ഒരു ചെറിയ നഗരിപൊലെ ആയിവന്നതുമെന്യെ ഈ വീടിരിക്കുന്ന പ്രദെശത്തുള്ള നിലത്തിന്റെ നൽപുകൊണ്ടു മാനുഷജീവിതത്തിന്നു വെണ്ടുന്ന വസ്തുക്കളൊക്കയും കൊള്ളുവാൻ നല്ല വിലപാങ്ങും പതപാകവും ഉണ്ടായിരിക്കയും ചെയ്യുന്നു.

ഇതൊക്കയുംകൂടാതെ മെൽപറഞ്ഞവണ്ണം അഞ്ചാമത്തു സിസ്തു എന്ന മാർപ്പാപ്പാ പള്ളിയും പണിചെയ്തു വീടൊക്കയും എത്രയും വെണ്മയുള്ള ഒരു വെള്ളാരൻ പാറകൊണ്ടു ചുററും പൊതിഞ്ഞു പണിചെയ്തതുമെന്യെ ഈ വീട്ടിന്റെ ബഹുമാനത്തെപ്രതി അവിടെക്കു മെത്രാനെയും സിമ്നാരിയും അവിടെ പഠിക്കുന്ന സിമ്നാരിക്കാൎക്കും പഠിപ്പിക്കുന്ന മല്പാന്മാൎക്കും ഭരിക്കുന്ന മൂപ്പന്മാൎക്കും ചിലവു വഹകളും മാസപ്പടികളും വെണ്ടുന്ന വക ഒക്കയും ഒരു കുറച്ചിൽകൂടാതെ ഒപ്പിച്ചയക്കയും ചെയ്തു.

എന്നാൽ ഈ ബഹുമാനവും മനഗുണവും ഒക്കയും ഈ ശുദ്ധമാന വീട്ടിന്നു മെൽ പറഞ്ഞ മാർപ്പാപ്പാ ചെയ്തതിനെക്കൊണ്ടും



ഈ മനൊഗുണത്തിന്നു നന്ദി കാട്ടുവാനായിട്ടു തന്റെ ഓർമ്മ എന്നന്നെക്കും നിറുത്തണമെന്നു കല്പിച്ചു തന്റെ രൂപം ചെമ്പുകൊണ്ടു എത്രയും വലുതായി വാൎത്തുണ്ടാക്കി പള്ളിയുടെ മുഖവാരത്തിന്നു ഇടത്തുഭാഗത്തു നിറുത്തീട്ടുമുണ്ടു.

അപ്പൊഴെ ഈ വീട്ടിൽ ഞങ്ങൾ വന്നു കുർബാന ചൊല്ലി മെൽപറഞ്ഞ ദൊമ്നിക്കൊസക്കാറരു ദർശനക്കാറരുടെ വീട്ടിൽ വസിക്കുന്നപ്പൊൾ ആ വീട്ടിന്റെ മുതലാളിയാകുന്ന ദൊമ്നിക്കൊസ്സാരൻ പാതിരി അവിടെ എത്രയും ഇരിപ്പും പുണ്യവ്യാപാരവും ആയിട്ടു ജീവിച്ചിരുന്ന കുറെ നാൾ മുമ്പെ മരിച്ചുപൊയ ഒരു പുണ്യപ്പെട്ട സ്ത്രീയുടെ കുമ്പസാരിപ്പിക്കുന്നവൻ ആയിരുന്നതുകൊണ്ടു ഈ മഹാത്മാവു ജീവിച്ചപ്രകാരവും താൻ കാട്ടിവന്ന പുണ്യവ്യാപാരങ്ങളും ഉടെതമ്പുരാനെയുള്ള സ്നെഹത്തെപ്രതി താൻ എടുത്ത പ്രായശ്ചിത്തങ്ങളും ഇതെല്ലാം ഞങ്ങളൊടു പറഞ്ഞു കെൾപ്പിച്ചതിന്റെ ശെഷം താൻ പ്രായശ്ചിത്തം എടുത്തുവരുന്ന കരുവികൾ അതായതു തന്റെ നെഞ്ചിന്മെൽ വെപ്പാനുള്ള മുള്ളുകളും തന്റെ തലമെൽ വച്ചുവരുന്ന മുള്ളുമുടിയും മററും പല കരുവികളും ഞങ്ങളെ കാട്ടിയതൊഴിയെ പലപ്പൊഴും ഈ മഹാത്മാവൊടുകൂടെ പറവാൻ മര്യാദിയുള്ള ഒരു തുങ്ങപ്പെട്ടരൂപവും താൻ പ്രായശ്ചിത്തം ചെയ്വാൻ മര്യാദി ആയിരിക്കുന്ന ഇടവും അവിടെയുള്ള ചുമരിന്മെൽ എങ്ങനെ തന്റെ ചൊര തളിച്ചിരിക്കുന്നു എന്നും ഞങ്ങളെ കാട്ടുകയും ചെയ്തു. എന്നാൽ ഇതെല്ലാം കഴിഞ്ഞതിന്റെ ശെഷം മൎക്കൊസും യൗസെപ്പുപാതിരിയും യാത്രചൊല്ലി അവിടെക്കു വന്നാറെ ശുദ്ധമാന വീട്ടിലുള്ള പട്ടക്കാറരും വീട്ടധികാരികളും മർക്കൊസുമായിട്ടു പാരം സ്നെഹവും വെണ്ടികയും ഉണ്ടായിരിക്കകൊണ്ടു താൻ ഞങ്ങളെ കൂട്ടി ശുദ്ധമാനവീട്ടിൽ കൊണ്ടുചെന്നു അവിടെയുള്ള വീട്ടധികാരികളൊടു അപെക്ഷിച്ചു ഈ ശുദ്ധമാന വീട്ടിന്റെ നിക്ഷെപവും തുറന്നു അവിടെയുള്ള മാണിക്കക്കല്ലുകളും പൊന്നും വെള്ളിയുംകൊണ്ടുള്ള പാത്രങ്ങളും ശെഷം മനൊഹരവും സാമൎത്ഥ്യവും ഉള്ള വസ്തുക്കളും ഞങ്ങളെ കാട്ടുകയും ചെയ്തു.

ഇങ്ങനെ അവിടെ ഞങ്ങൾക്കുള്ള കാര്യമൊക്കയും കഴിഞ്ഞതിന്റെ ശെഷം ഈ ശുദ്ധമാന വീട്ടിന്റെ മുഴപ്പു ഒപ്പിച്ചു ഒരു പള്ളി മലങ്കരെ ഉണ്ടാക്കുവാനുള്ള നെർച്ച ഞങ്ങൾക്കു ഉണ്ടായിരുന്നതിനെക്കൊണ്ടു ഈ ശുദ്ധമാനവീട്ടിന്റെ നീളവും വീതിയും വൎത്തമാനമൊക്കയും എഴുത്തപെട്ട ചെറിയൊരു പുസ്തകവും മെടിച്ചതിന്റെശെഷം മെൽപറഞ്ഞ ദൊമ്നിക്കൊസ്സാരൻ പാതിരിയുമായിട്ടു കണക്കും പറഞ്ഞു ഞങ്ങൾക്കുവെണ്ടി അവിടെ ചിലവുവന്ന വകക്കുള്ള പണവും കൊടുത്തു മർക്കൊസും

www.malankaralibrary.com

യൗസെപ്പുപാതിരിയും ഞാനും മല്പാനുംകൂടെ അവിടെനിന്നു പുറപ്പെട്ട പിറ്റെ ദിവസം അങ്കൊണാ എന്നൊരു നഗരിയിൽ ചെന്നപ്പോൾ ഈനഗരിയിൽആ ആണ്ടിൽതന്നെ പ്രൊപ്പഗാന്താ യിൽനിന്നു പുറപ്പെട്ട ചില സിമ്ശ്നാരിക്കാരരെ അവിടെ കാൺകയും ചെയ്തു.

ഇതിന്റെ ശെഷം ഞങ്ങൾ നാലു പെരുംകൂടെ അന്നത്തെ അവിടെ പാർത്തതിന്റെശെഷം മർക്കൊസും യൌസെപ്പുപാതിരിയും വെനെസ്യായിക്ക പൊകുവാൻ മനസ്സായിരുന്നതിനെ കൊണ്ടു ജെനവായിൽ വന്നു ഞങ്ങളുമായി ഒന്നിച്ചു കൊള്ളത്തക്കവണ്ണം പറഞ്ഞു അവർ വെനെസ്യായിക്കും ഞങ്ങൾ ജെനവായിക്കും യാത്ര പുറപ്പെടുകയും ചെയ്തു. എന്നാൽ അങ്കൊണാ എന്ന മാർപ്പാപ്പാടെ കീഴുള്ള ഈ നഗരിയിൽ ഞങ്ങൾ ചെന്നാറെ വളരെ അവിടെ താമസിപ്പാൻ സംഗതി വന്നില്ലാ എന്നതുകൊണ്ടു ഈ നഗരിയുടെ പ്രകാരം വെണ്ടുംവണ്ണം എഴുതുവാൻ മനൊധാരണ ഇല്ലാ. എന്നതുകൊണ്ടു ഈ നഗരി ഇത്താല്യാരാജ്യത്തുള്ള വലിയതും നല്ലതുമായ നഗരികളിൽ ഒന്നായിരിക്കുന്നതുമൊഴിയെ കടലൊടു ചെർന്നിരിക്കയും നല്ല തുറമുഖം ഉണ്ടായിരിക്കയും ഈ മാർപ്പാപ്പാ ആയിട്ടു ആയതു ഏറ്റം നന്നാക്കുകയും ചെയ്തതുകൊണ്ടു പലപല രാജ്യങ്ങളിൽനിന്നും തുർക്കിന്റെ നാട്ടിൽനിന്നും പലപല ജാതികളും കച്ചവടത്തിന്നു അവിടെ വരുന്നതിനാൽ വരത്തരുടെ പെരുപ്പവും എല്ലാവക കച്ചവടങ്ങളും ഈ നഗരിയിൽ ഉണ്ടായിരിക്കയും ചെയ്യുന്നു.

വിശെഷിച്ചും ഞങ്ങൾ അവിടെ ചെന്നപ്പൊൾ യൌസെപ്പുപാതിരിയുമായിട്ടു അറിവുള്ള പ്രൊപ്പഗാന്താടെ ഒരു സിമ്ശ്നാരിക്കാരൻ തന്റെ നാട്ടിൽനിന്നു കപാറെന്തെനാ എന്നു ചൊല്ലുന്ന നാല്പതുനാൾ കഴിച്ചു അവിടെയുള്ള ലാസറെത്ത എന്നു ചൊല്ലുന്ന ഇടത്തു പാർക്കുംപ്രകാരം ഞങ്ങൾ അറിഞ്ഞാറെ അവനെ ചെന്നു കാൺമാനായിട്ടു അവിടെക്കു ചെന്നപ്പൊൾ ആ വീട്ടിന്റെയും തുറമുഖത്തിന്റെയും നന്മ കാൺകയും ചെയ്തു.

## അമ്പത്തിയാറാം പദം

**അങ്കൊണാ എന്ന നഗരിയിൽ നിന്നു പുറപ്പെട്ടതിന്റെ ശെഷം ജെനവായിൽ ചെന്നതിന്മെലും അവിടെ ചെന്നാറെ ഉണ്ടായ അവസ്ഥമെലും**

മെൽ പറഞ്ഞവണ്ണം ജെനവായിൽവന്നു ഒന്നിച്ചു കൊള്ളത്തക്കവണ്ണം പറഞ്ഞു നിശ്ചയിച്ചതിന്റെ ശെഷം ഞാനും മല്പാനും അങ്കൊണാ നഗരിയിൽനിന്നു പുറപ്പെട്ട ഫാണ്ണൊ എന്നും അപസറെ എന്നും ചെസെന്നാ എന്നും ബൊളൊഞ്ഞാ എന്നും പാമാ എന്നും പ്യാച്ചെൻസാ എന്നും ഇങ്ങനെ ഈ നഗരികളും കടന്നു റൊമായിൽനിന്നു പുറപ്പെട്ട ആണ്ടിൽതന്നെ ഇതായതു൧൭൮൦ (1780)-ാം ആണ്ടിൽതന്നെ കർക്കടകമാസം ൩-(3)-ാംനു ജെനവായിൽ എത്തുകയും ചെയ്തു.



വിശെഷിച്ചും ഈ നഗരികളൊക്കയിലും വഴിയാത്രയായിട്ടു കടന്നതല്ലാതെ വെറൊരു താമസവും ഉണ്ടാകുവാൻ സംഗതി വന്നില്ലാ. എന്നതുകൊണ്ടു ആയതിന്റെ അവസ്ഥ ഏതും ഇവിടെ എഴുതുന്നതുമില്ലാ. അപ്പൊഴൊ ഞങ്ങൾ ജെനവായിൽ വന്നതിന്റെശെഷം അവിടെയുള്ള നമ്മുടെ സ്നെഹകാരനായ പ്രത്തുക്കാൽ രാജാവിന്റെ കൊൻസുളുമായിട്ടു കണ്ടു പറഞ്ഞു റൊമായിൽനിന്നു മനിസ്സും തന്നയച്ചു കുറികളും കൊടുത്താറെ ഇയാൾ വെണ്ടുംവണ്ണം ഞങ്ങളെ കൈക്കൊണ്ടു മുൻപിൽ ജെനവായിൽ ഞങ്ങൾ വന്നപ്പൊൾ വസിച്ചിരുന്ന ഒസ്ശ്തറിയായിൽ ഇടം ഇല്ലായ്ശകകൊണ്ടു വെറെ ഒരു ഒസ്ശ്തറിയായിൽ ഞങ്ങളെ ആക്കുകയും ചെയ്തു.

ഇങ്ങനെ ഈ ഒസ്ശ്തറിയായിൽ ഞങ്ങൾ പാർത്തുവരുമ്പൊൾ അവിടെ ഞങ്ങളെ സ്നെഹവും കൂറുമുള്ള ചില ആളുകൾ വന്നു ഞങ്ങളെ കൂട്ടിക്കൊണ്ടുപൊയി അവിടെയുള്ള സന്ത കത്തറിനാ എന്ന പുണ്യവാളത്തിയുടെ ശുദ്ധമാന ശരീരവും പാവപ്പെട്ട രൊഗികൾക്കുവെണ്ടി പണിചെയ്തിരിക്കുന്ന ദീനപ്പുരയും ഞങ്ങളെ കാട്ടുകയും ചെയ്തു.വിശെഷിച്ചും ദീനപ്പുരയിൽ ഞങ്ങൾ ചെന്നപ്പൊൾ പലപല അപൂർവങ്ങൾ കണ്ടതിൽ ഒരുമിച്ചു പുറന്ന രണ്ടു കുഞ്ഞിപിള്ളകളുടെ ശരീരം പളുങ്കിന്നകത്തു ഇട്ടു പാരം അപൂർവമായി വച്ചിരിക്കുന്നതും കണ്ടു. എന്നാൽ ഈ പിള്ളങ്ങൾ തമ്മിൽ തമ്മിൽ പിടിച്ചു തഴുകികൊണ്ടും ഒന്നൊടൊന്നു മുഖം തിരിച്ചു തമ്മിൽ തമ്മിൽ പറയുന്നപൊലെയും ചിരിക്കുന്നപൊലെയും ഉള്ള ഭാവന കാട്ടിക്കൊണ്ടും നില്ക്കുന്നതും എന്നാൽ ഈ ശരീരങ്ങളുടെ അംഗങ്ങളൊക്കയും രണ്ടു ഉണ്ണികൾക്കും വെവ്വെറെ ആകുന്നു എങ്കിലും ആയതു രണ്ടിന്നും ഉള്ള വയറു ഒരുമിച്ചുകൂടിയിരിക്കുന്നതാകുന്നു.

ഇതുമെന്യെ ഈ സ്ത്രീതന്നെ ഒരു സീമ്ശ്നാരിയും പണിചെയ്യിപ്പിച്ചു അവിടെ വസിക്കുന്നവൾക്കു ചിലവിനുള്ള വകക്കു കാണമിട്ടിട്ടുണ്ടെന്നും ഇതുമെന്യെ മറ്റൊരു സ്ത്രീ പെററ ഒരു ഞണ്ടും മറ്റും പലപല അപൂർവവും അശ്രുതവുമായ വസ്തുക്കളും അവിടെ കണ്ടതുമല്ലാതെ അവിടെയുള്ള ദീനക്കാരരെയും അവരുടെമെൽ ക്ലെശിക്കുന്ന കമില്ലൊസ്സാറരു പാതിരിമാരെയും മറ്റു ചിററാഴ്ശമക്കാരരെയും അവരുടെ ക്ലെശവും ഉത്സാഹവും അവരു ചെയ്യുന്ന ചിററാഴ്ശമയുടെ തികച്ചിലും വെടിപ്പും കാൺകയും ചെയ്തു.

www.malankaralibrary.com

ഇതുകൂടാതെ വെറെ ഒരു പള്ളിക്കൽ ഞങ്ങളെ കൊണ്ടു പൊയി ആ പള്ളിയുടെ മുഴപ്പും പണിയുടെ പെരുമയും തൊറയുടെ പൊക്കവും ഈ പള്ളിയുടെ വെള്ളിയും പൊന്നുംകൊണ്ടുള്ള മുണ്ടുമുറികളും ഞങ്ങളെ കാട്ടി. ഈ പള്ളി പണി ചെയ്യിപ്പിച്ചതും അവിടെയുള്ള പൊന്നും വെള്ളിയും കൊണ്ടുള്ള മുണ്ടുമുറികൾ കൊടുത്തതും അവിടെ പന്തിരണ്ടു കാനൊനീസ്താന്മാർക്കുള്ള മാസപ്പടി വകകൾ കാണമിട്ടതും ബഹുമാനപ്പെട്ട ഒരു സ്ത്രീ അത്രെ ആകുന്നു എന്നും ഞങ്ങളൊടു പറകയും ചെയ്തു.

വിശെഷിച്ചും ഇങ്ങനെ ഞങ്ങൾ മെൽപറഞ്ഞ ഒസ്തറിയായിൽ പാർത്തു വരുന്നപ്പൊൾ മുമ്പിൽ മല്പാൻ റൊമായിൽനിന്നു പഠിക്കുന്ന നാളുകളിൽ അവിടെവച്ചു താനുമായിട്ടു കണ്ടറിവും സ്നെഹവും ഉള്ള മർച്ചെല്ലൊ അബാത്തെ ദെൽമാരെ എന്നു ചൊല്ലുന്ന ഒരു പട്ടക്കാരൻ ഈ ഒസ്തറിയായിൽ വന്നു ഞങ്ങളെ കണ്ടതിന്റെ ശെഷം ഞങ്ങളുടെമെൽ പാരം പ്രസാദം കാട്ടി ഞങ്ങളെ താൻ വസിക്കുന്ന ഭവനത്തു കൂട്ടിക്കൊണ്ടു പൊയി വിരുന്നും തന്നു റൊമായിൽ ഞങ്ങൾക്കുണ്ടായ വർത്തമാനമൊക്കയും ചൊദിച്ചറിഞ്ഞതിന്റെ ശെഷം റൊമായിൽ കാട്ടിവരുന്ന അന്യായത്തിന്മെൽ ഇയാളും പാരം സങ്കടപ്പെട്ടു താൻ അറിഞ്ഞിരിക്കുന്ന ഒന്നുരണ്ടുകൂട്ടം കാര്യം ഞങ്ങളൊടു പറഞ്ഞു കെൾപ്പിക്കയും ചെയ്തു. ആയതിന്റെ പരമാർത്ഥം കാട്ടുവാൻ ഒരു ചെറിയ പുസ്തകവും തന്നു റൊമാ കാട്ടുന്ന അന്യായത്തിന്നു ഇങ്ങനെ കാട്ടിയെ മതിയാവൂ എന്നു ഞങ്ങളൊടു പറകയും ചെയ്തു.

വിശെഷിച്ചും ഇയാൾ വസിക്കുന്ന വീട്ടിൽ ഞങ്ങൾ ചെന്നപ്പൊൾ പട്ടുനൂൽ ഉണ്ടാക്കുന്ന പുഴുവിനെ അവിടെ കണ്ടാറെ ആയതിന്റെ പ്രകാരവും നന്നായി സൂക്ഷിച്ചു കണ്ടു ആയതിനെ വളൎക്കുന്ന പ്രകാരവും പുത്തനായിട്ടു ജനിച്ചു ഉണ്ടാകുവാൻ വെണ്ടുന്ന പ്രകാരവും ആയതിന്നു തീൻ കൊടുക്കുന്ന പ്രകാരവും ഒക്കയും നന്നായി ഞങ്ങൾ ചൊദിച്ചറികയും ചെയ്തു.

എന്നാൽ ഈ പുഴു നമ്മുടെ നാട്ടിൽ പുഴുക്കൂടു ഉണ്ടാകുന്ന പുഴു തന്നെ ആകുന്നു താനും. ഇതുമെന്യെ ഈ പട്ടക്കാരൻ അറിവും ഉത്സാഹവും ഉള്ള പട്ടക്കാരനാകുന്നതിനെക്കൊണ്ടു ഇത്തല്യാൻ വാക്കിൽ പലപല പുസ്തകങ്ങളും വകഞ്ഞുണ്ടാക്കി അച്ചടിപ്പിച്ചു വരുന്നതിനാംപക്കം ഞങ്ങൾ തന്റെ പക്കൽനിന്നു യാത്ര പൊരുന്നപ്പൊൾ താൻ വകഞ്ഞുണ്ടാക്കി അച്ചടിപ്പിച്ച നാലു പുസ്തകമായിട്ടു ഒപ്പിച്ചിരിക്കുന്ന ഒരു വല്യ ഓത്തിന്റെ അർത്ഥം മല്പാന്നു സൌജന്യമായി കൊടുക്കയും ചെയ്തു.

അപ്പൊഴൊ ഇങ്ങനെ നാലാറു ദിവസം മെൽപറഞ്ഞ ഒസ്തറിയായിൽ പാർത്തതിന്റെ ശെഷം ജെനവായിൽ നിന്നു



ലിസ്ബൊആയിക്കു പൊരുവാനുള്ളതിന്നു കപ്പൽ കണ്ടു എത്തുവാനും മർക്കെസും യെൌസെപ്പു പാതിരിയും അവിടെക്കു വന്നെത്തുവാനും വളരെ താമസമുണ്ടായിരിക്കകൊണ്ടു അവിടെതന്നെ പാൎത്തു വന്നാൽ വളരെ ചിലവായി വരുമെന്നതുകൊണ്ടു ഈ പുസ്തകത്തിൽ പലടത്തും പറഞ്ഞപൊലെ ഞങ്ങടെ പ്രിയപ്പെട്ട ആളാകുന്ന മർക്കെസൊ നിറ്റ്ഗ്രാണി എന്ന മാടമ്പിസ്ത്രീയുമായിട്ടു പറഞ്ഞാറെ തന്റെ ഉത്സാഹത്താലെയും ശ്രമത്താലെയും ഞങ്ങളെ ഈ ഒസ്തറിയായിൽനിന്നു നീക്കി നഗരിക്കു പുറത്തു ഏകദെശം ഒരു വിളിപ്പാടുവഴി ദൂരത്തിൽ ഉള്ള തനിക്കു എത്രയും സ്നെഹവും വിശ്വാസവുമായിരിക്കുന്ന മാർ ആഗുസ്തിനൊസിന്റെ ചെരിപ്പില്ലാത്ത ദർശനക്കാറരുടെ മദൊനെത്താ എന്നു ചൊല്ലുന്ന ആശ്രമത്തിൽ ഞങ്ങളെ ആക്കുകയും ചെയ്തതിന്റെ ശെഷം ഈ ആശ്രമത്തിന്റെ മൂപ്പൻ പാതിരിയുമായിട്ടു പറഞ്ഞ ഞങ്ങൾക്കു ദിവസവും അവിടെയുള്ള ചിലവു വഹകൾ ഇത്ര പണം ചെല്ലുമെന്നു നിശ്ചയിച്ചതിൽ സഹായം ചെയ്‌വാനായിട്ടു നിച്ചലും ഞങ്ങൾചൊല്ലുന്ന കുർവാനകളുടെ കൂട്ടുകയുംചെയ്തു.

എന്നാൽ മദൊനെത്ത എന്ന ഈ ആശ്രമം പണുതിരിക്കുന്ന പണിയുടെ പ്രകാരം കണ്ടാൽ എത്രയും മനൊഹരമത്രെ ആകുന്നു. അതെന്തെന്നാൽ ഈ ആശ്രമം ഇരിക്കുന്ന ഇടം എത്രയും ചെറിയ നിരപ്പു ഒട്ടുമില്ലാത്ത ഒരു ചെറിയൊരു മലപുറമായിരുന്നാറെ ആയതൊക്കയും ഏറിയ പ്രയത്നം കഴിച്ചു കിളച്ചുനിരപ്പവരുത്തി ആയതിന്റെ മുതൽപെട്ട സ്ഥലത്തു പള്ളിയും പണിചെയ്തു ഈ പള്ളിയിൽ മൂന്നുനില ത്രൊണൊസും എത്രയും കൌസുഖമായിട്ടു പണിതു ഒപ്പിച്ചിരിക്കുന്നു.

അപ്പൊഴൊ ഈ ത്രൊണൊസുകളിൽ ഉള്ള വിശെഷമായ റത്താവിന്മെൽ മാർ ആഗുസ്തീനൊസപുണ്യവാളന്റെ രൂപവും നിറുത്തി ഈ രൂപത്തിന്റെ മുൻപുറത്തു ത്രൊണൊസും ആയതിന്റെ പുറകുപുറത്തു പാതിരിമാൎക്കു നമസ്കരിപ്പാനുള്ള ഇടവും ആയതിൻവണ്ണംതന്നെ ഈ മീതെയുള്ള ത്രൊണൊസിന്റെ നെരെതന്നെ കീഴെ മറെറാരു ത്രൊണൊസും ആയതിന്റെ മീതെ മുൻപിലത്തതിനെക്കായിൽ എത്രയും മനൊഹരമായ റത്താവും ത്രൊണൊസിന്റെ പുറകെ പാതിരിമാൎക്കു നമസ്കരിപ്പാനുള്ള ഇടവും പണിചെയ്തു ത്രൊണൊസിന്മെൽ എല്ലാപ്പൊഴും പാരം ബഹുമാനത്തൊടുകൂടെ ശുദ്ധമാനകുർവാന സംഗ്രഹിച്ചിരിക്കുന്നതും. എന്നാൽ ഉള്ളതിലും താഴെയുള്ള മൂന്നാമത്തെ ത്രൊണൊസുമീതെയുള്ള ത്രൊണൊസുകളുടെ നിരപ്പു ഒപ്പിച്ചല്ലാ പിന്നെയൊ കുറെ മുമ്പുറത്തൊട്ടു നീക്കി അത്രെ പണുതിരിക്കുന്നതും. വിശെഷിച്ചും ഈ ത്രൊണൊസിന്മെൽ മിശിഹാകർത്താവിനെ കുരിശിന്മെൽനിന്നു ഇറക്കി മർത്തമറിയംഅമ്മെടെ മടിയിൽ വച്ച പ്രകാരത്തിൽ ഉള്ള കുത്തുരൂപം വച്ചിരിക്കുന്നതും.

www.malankaralibrary.com

എന്നാൽ ഈ ത്രൊണൊസിന്മെൽ ചൊല്ലുന്ന കുർവാനമീതെ പള്ളിയുടെ ഹൈക്കലായിൽ നില്ക്കുന്നവർക്ക കാൺമാൻ തക്കവണ്ണം എത്രയും ചിത്രമുള്ള പ്രകാരത്തിൽ ചെമ്പുകൊണ്ടു ഒപ്പിച്ചിരിക്കുന്ന അഴിവട്ടമായിട്ടു പള്ളിയുടെ ഹൈക്കലായിക്കുള്ള നിലത്തു വച്ചു ഉറപ്പിച്ചിരിക്കുന്നതും ഇങ്ങനെ പള്ളിയുടെ ത്രൊണൊസുകളുടെമെൽഭാഗത്തിന്റെയും കീഴ്ഭാഗത്തിന്റെയും നടുവെ മുമ്പാകത്തൊട്ടു പണിചെയ്തിരിക്കുന്ന പള്ളിയുടെ ഹൈക്കലായിൽ നിന്നാൽ ആയതിന്റെ ഒടുക്കത്തെ അറുതിയിലുള്ള മൂന്നു ത്രൊണൊസുകളിന്മെലും ചൊല്ലുന്ന കുർവാനകൾ ഒട്ടും ഒരു വിഷമം കൂടാതെ കാൺകയുമാം.

ഇതുമെന്യെ ഈ ത്രൊണൊസുകളിൽ നടുപെട്ട ത്രൊണൊസിന്റെ ഇടത്തുഭാഗത്തു ചമയപുരയും ഈ ചമയപുരയൊടു ചെരെ ആശ്രമവും ആയതിന്നു പലപല നിരമുറികൾ പണിതിരിക്കുന്നതും മുറികളുടെ വെടിപ്പും പെരുപ്പവും ഈ മുറികളിലും ചമയപുരയിലും പാതിരിമാരു ഭക്ഷിക്കുന്ന ഇടത്തും തീൻവയ്ക്കുന്ന ഇടത്തും മറ്റും പല ഇടങ്ങളിലും വെണ്ടുന്ന വെള്ളത്തിന്നു ഒരിക്കലും പറ്റി പൊകാത്ത ഒലിഉറവകളിലുള്ള വെള്ളം കുഴൽ വച്ചു വരുത്തി അതതു മുറികളിലുള്ള ചുമരിൻമെൽക്കൂടെ ഒലിഉറവപൊലെ വരുത്തിയിട്ടുമുണ്ടു. ഇതൊക്കയും കൂടാതെ അവിടെയുള്ള തൊപ്പും ആയതിൽ പണിതൊപ്പിച്ചിരിക്കുന്ന ഒലിഉറവകളും ഇതൊക്കയും അതിന്റെ ഇരിപ്പുപ്രകാരവും ചെർച്ചയും സൂക്ഷിച്ചുകണ്ടാൽ ആശ്രമം ചെറിയതാകുന്നു എങ്കിലും കാണുന്നവർക്ക പാരം അപൂർവവും കൌസുഖവും തൊന്നുകയും ചെയ്യുന്നു.

അപ്പൊഴൊ ഈത്താല്യാരാജ്യത്തുള്ള ജനങ്ങൾതന്നെയും ചെറിയൊരിടത്തിൽ ഈ വസ്തുക്കളൊക്കയും അടക്കി പണിചെയ്ത ആളിന്റെ ബുദ്ധികൌശലത്തിന്മെൽ പാരം സമ്മതം കാട്ടിവരുന്നതിനെക്കൊണ്ടു ഈ ക്രമത്തിന്നു അടിസ്ഥാനമിട്ട പാതിരിയുടെ രൂപം ബഹുമാനമായിട്ടു അവിടെ എഴുതി വച്ചിട്ടുമുള്ളതെന്യെ ഈ പാതിരിയുടെ അവസ്ഥ പറയുമ്പോൾ എത്രയും പാരം ബഹുമാനമായിട്ടും ആചാരമായിട്ടും എല്ലാവരും പറയുമാറാകുന്നു.

### വിചാരം

എറൊപ്പായിൽ ഉള്ള മര്യാദിയാകുന്നതു ശെഷമുള്ളവരെകായിൽ വാച്ച കാര്യത്തിലും ഏറ്റം മിടുക്ക വാച്ചവനും കാട്ടിയാൽ ഇയാൾ ജീവിച്ചിരിക്കുന്ന നാളുകളിൽ ആയവനെ പാരം സമ്മതിക്കയും ബഹുമാനിക്കയും ചെയ്തുവരുന്നതൊഴിയെ ഈയാൾ മരിച്ചാൽ തന്റെ ഓർമ്മ എന്നെന്നേക്കും നില്പാനായിട്ടു തന്റെ സാദൃശം എഴുതി എങ്കിലും കുത്തി എങ്കിലും ഉണ്ടാക്കി നിറുത്തു



കയും തന്റെ ജീവിതവും താൻ ചെയ്ത വീര്യങ്ങളൊക്കയും പുസ്തകത്തിൽ എഴുതി ഉണ്ടാക്കി എല്ലാവർക്കും പരഹസ്യമാക്കുകയും ചെയ്യുന്നതു. എന്നുവരുമ്പൊൾ ഇങ്ങനെ ഉള്ള സ്തുതി ശെഷമുള്ളവരും കണ്ടു അതിൻവണ്ണം തങ്ങടെ ഓർമ്മയും നിറുത്തണമെന്നു മനസ്സും ശ്രമവും ഉള്ള പലരും തുനിഞ്ഞ പുറപ്പെടുകയും ഏറിയ പ്രയത്നം കഴിച്ചു തങ്ങൾ നിരൂപിച്ച കാര്യം സാധിക്കയും ചെയ്തുവരുന്നു.

അപ്പൊഴൊ ഈ മെൽപറഞ്ഞ ആശ്രമത്തിൽ ഞങ്ങൾ ചെന്നതിന്റെ ശെഷം അവിടെയുള്ള മൂപ്പനാകുന്ന പാതിരിയും ശെഷം പാതിരിമാരും പാരം പ്രസാദത്തൊടും ബഹുമാനത്തൊടുംകൂടെ ഞങ്ങളെ കൈക്കൊണ്ടു ഞങ്ങൾക്ക വെണ്ടുന്നതൊക്കയും പാരം ഉപവിയൊടും പ്രസാദത്തൊടും കൂടെ തരികയും ചെയ്തു.

വിശെഷിച്ചും മെൽ ചൊല്ലിയ മർക്കെസാ നിഗ്രൊണി എന്ന മാടമ്പിസ്ത്രീ വസിക്കുന്ന ഭവനം ഈ ആശ്രമത്തിന്നു അടുക്കെ ആകുന്നതിനെക്കൊണ്ടു ഞങ്ങൾ അവിടെ വസിക്കുന്ന നാളുകളിൽ പലപ്പൊഴും താൻ വസിക്കുന്ന ഭവനത്തു ചെന്നു തന്നെ കാൺകയും പറകയും ചെയ്കയും ഈ സ്ത്രീയും ഞങ്ങളൊടു നെരെ ഉള്ള സ്നെഹവും കനിവുംകൊണ്ടു ഞാൻ ദിവസംതൊറും കാലത്തു വെള്ളംകുടി കഴിവാനുള്ളതിന്നു ചുക്കാത്താ എന്നൊരു വസ്തു കൊടുത്തയക്കയും ഒന്നു രണ്ടുഴം ആശ്രമത്തിന്റെ പള്ളിയിൽ വന്നു ഞങ്ങളെ കണ്ടു പറകയും ചെയ്തു.

ഇതുമെന്യെ ഞങ്ങൾ അവിടെ പൊറുത്തിരിക്കുന്ന നാളുകളിൽ നമ്മുടെ സ്നെഹകാരനാകുന്ന കൊൻസൂൾ തന്റെ അനുജനും പലപ്പുഴം അവിടെ വന്നു ഞങ്ങളെ കാൺകയും ഞങ്ങളും തന്റെ വീട്ടിൽ ചെന്നു പലയുഴവും തന്നെയും തന്റെ കെട്ടിയവളെയും കണ്ടു വർത്തമാനങ്ങൾ പറകയും ഇവരും ഞങ്ങളെ വെണ്ടുംവണ്ണം കൈക്കൊണ്ടു ഏതാനും ദിഷ്ടതി ഉണ്ടെങ്കിൽ ആയതൊക്കയും പറയണമെന്നു ഞങ്ങളൊടു പറയുമാറുമായിരുന്നു.

## അൻപത്തിയേഴാം പദം

**മദൊനെത്താ എന്ന ഈ ഇടത്തിൽ ചെന്നതിന്റെ ശെഷവും ജെനവായിൽ നിന്നു കപ്പൽ കരെറി കാർദിച്ചെയിൽ വന്നതിന്റെ ശെഷവും ഉണ്ടായ അവസ്ഥമെൽ**

ഇങ്ങനെ ഞങ്ങൾ മദൊനെത്താ എന്ന ഈ ഇടത്തിൽ വസിച്ചു വരുന്നപ്പൊൾ ഞങ്ങൾക്കും തന്റെ മകൻ യൌസെപ്പുപാതിരിക്കും ദിഷ്ടതിയുള്ള വസ്തുക്കളൊക്കയും തന്നു വെഗം പ്രത്തുക്കാലിന്നയക്കണമെന്നു രാജാവു കല്പിച്ച പ്രകാരത്തിന്നു

www.malankaralibrary.com

കൊൺസൂളിന്നും വെണ്ടുന്ന വസ്തുക്കളൊക്കയും കൊൺസൂളിനൊടു മെടിച്ചു കൊള്ളത്തക്കവണ്ണം ഞങ്ങൾക്കു കയെത്താനൊസ പാതിരിയുടെ എഴുത്തു വരികയും ചെയ്തു.

എന്നാൽ ഈ എഴുത്തുവന്നതിൽ റൊമായിൽനിന്നു പ്രബന്ദാം ഞങ്ങൾക്കു എഴുതി അയച്ചു മററു കുറികളിലും നമ്മുടെ കാൎയ്യത്തിന്നു ബന്ധിക്കുന്ന അവസ്ഥ ഏതുമില്ലായ്കകൊണ്ടു മുൻപിൽ പലപ്പൊഴും റൊമായിൽനിന്നു കയെത്താനൊസപാതിരി എഴുതി അയച്ചപൊലെ കൊടുങ്ങല്ലൂർ മെത്രാപ്പൊലീത്താ ആകുവാനുള്ള ആളിനെ വെസ്ഥവരുത്തി താമസംകൂടാതെ പെർ വിളിച്ചുവരുവാനുള്ളതിന്നു ശ്രമിക്കണമെന്നു കയെത്താനൊസ പാതിരിക്കും അറിവും നെറിവും നല്ല തറവാടും ഉള്ള ഒരു പറങ്കിക്കാരനെ വെഗം കൊടുങ്ങല്ലൂർ മെത്രാപ്പൊലീത്താടെ സ്ഥാനത്തിന്നു പെർ വിളിപ്പാൻ മനൊഗുണമുണ്ടാകണമെന്നു വിഷ്ക്കൊന്തിക്കും കുറി എഴുതി അയക്കയും ചെയ്തു.

വിശെഷിച്ചും മദൊനെത്താ എന്ന ദർശനവീട്ടിൽ ഞങ്ങൾ വസിച്ചു വരുന്ന നാളുകളിൽ ഇന്ദ്യാനാട്ടിൽ എങ്ങാനും മാർഗ്ഗമറിയിപ്പിനുള്ള ഒരിടം തങ്ങളുടെ ദർശനക്കാറർക്കു വിചാരിച്ചുണ്ടാക്കി കൊടുത്തെങ്കിൽ വലിയൊരു മനൊഗുണമായിരിക്കുമെന്നു അവിടെയുള്ള പാതിരിമാരിൽ ചിലർ പലപ്പോഴും ഞങ്ങളൊടപെക്ഷിച്ചാറെ ഞങ്ങൾ ആയതിന്നു ഉറപ്പായിട്ടൊരുത്തരം പറയാതെ ആയതു ക്ലെശിക്കാമെന്നുള്ളതു ഒഴക്കനായ ഒരു പ്രകാരത്തിൽ പറകയും ചെയ്തു.

## വിചാരം

മാർഗ്ഗമറിയിപ്പാനായിട്ടു നമ്മുടെ ഇടത്തുവരുന്ന ദർശനകാറരത്രെ അപെക്ഷയൊടും സാദ്ധ്യത്തൊടുംകൂടെ ഇവിടെക്കു വരുന്നു എന്നും ആയതുകൊണ്ടു തങ്ങൾക്കുംതങ്ങടെ ദശനത്തിന്നുംഉള്ള കാൎയ്യലാഭമല്ലാതെ ഈശൊമിശിഹാടെ കാൎയ്യം അന്വെഷിപ്പാനല്ല ഇവിടെക്കു വരുന്നതെന്നും ഈ മെൽ പറഞ്ഞകാൎയ്യം കൊണ്ടറികയുമാം. അതെന്തെന്നാൽ തമ്പുരാനെപ്രതി അത്രെ മാൎഗ്ഗമറിയിപ്പാനുള്ള തങ്ങടെ മനസ്സാകുന്നു എങ്കിൽ തങ്ങടെ ദർശനകാറർക്കു മാത്രം വെണ്ടി ആയതു അപെക്ഷിക്കണമെന്നില്ലല്ലൊ.

അപ്പൊഴൊ തങ്ങടെ ദർശനക്കാറർക്കു മാത്രം വെണ്ടി ആയതു അപെക്ഷിച്ചതിനാംപക്ഷം തങ്ങളുടെ കാൎയ്യലാഭത്തിന്നു വെണ്ടി അത്രെ അപെക്ഷിച്ചതെന്നും എല്ലാവൎക്കുമറിയാവുന്നപൊലെ ഇതിൻവണ്ണമത്രെ സൊല്ലുൻകാലം മുൻപെ തുടങ്ങി ഇന്നയൊളം നമ്മുടെ ഇടത്തു കർമ്മലെത്തക്കാററു കാട്ടിവരുന്നു എന്നു പ്രസിദ്ധമായിരിക്കയും ചെയ്യുന്നു.

ഇങ്ങനെ ഒരു മാസത്തെയിടപൊലും ഞങ്ങൾ ഈ ആശ്രമത്തിൽ വസിച്ചുവരുന്ന ഇടക്കു ഞങ്ങൾക്കു വെണ്ടുന്ന കുപ്പായ



ങ്ങളും മററും ചില പുസ്തകങ്ങളുംകൊണ്ടു വിദയം വരുത്തിയിരിക്കുന്ന മദ്ധ്യെ മർക്കൊസ കുസ്തന്തിനിയും കയെത്താനൊസ പാതിരിയുടെ മകൻ യൌസെപ്പുപാതിരിയും ഞങ്ങൾ തമ്മിൽ അങ്കൊണാ എന്ന നഗരിയിൽ നിന്നു വെറുതിരിയുന്നപ്പൊൾ പറഞ്ഞൊത്തിരുന്നപൊലെ ജെനവായിൽ വന്നു എത്തുകയും ചെയ്തു.

അപ്പൊഴൊ ഇവർ അവിടെ വന്നതിൻെറശെഷം അവിടെനിന്നു പുറപ്പെടുവാനുള്ള കപ്പൽ കണ്ടെത്തുപെടായ്കകൊണ്ടു ഈ ആശ്രമത്തിൽ തന്നെ പിന്നയും ഞങ്ങൾ പാൎത്തിരിക്കുന്നപ്പൊൾ കുസ്തന്തിനിയും യൌസെപ്പുപാതിരിയും പലപ്പൊഴും അവിടെവന്നു ഞങ്ങളെ കാൺകയും പറകയും ചെയ്തു. എങ്കിലും അവൎക്കുകൂടെ വസിപ്പാൻ അവിടെ ഇടം ഇല്ലായ്കകൊണ്ടു അവർ മുമ്പിൽ ഞങ്ങൾ പ്രത്തുക്കാലിൽ നിന്നു ജെനവായിൽ ചെന്നപ്പൊൾ പാൎത്തുവന്ന ഒസ്തറിയായിൽ വസിച്ചതെയുള്ളതാനും.

ഇതിൻെറശെഷം ജെനവായിൽനിന്നു കാർദിച്ചെ എന്നു ചൊല്ലുന്ന ഇസ്പാഞ്ഞുരാജിതത്തിങ്കീഴുള്ള നഗരിക്കു പൊകുന്ന കപ്പൽ കണ്ടെത്തുകകൊണ്ടു ആയതിൽകൂടെ ഞങ്ങളെ കൊണ്ടുപൊയി കാർദിച്ചെ എന്ന നഗരിയിലൊട്ടു ആക്കത്തക്കവണ്ണം പറഞ്ഞൊപ്പിക്കാമെന്നു കൊൻസൂൾ ഞങ്ങളൊടു പറഞ്ഞാറെ ആയതു അങ്ങനെതന്നെ എന്നു ഞങ്ങളും സമ്മതിച്ചതിൻെറശെഷം ആയതു പറഞ്ഞ വെസ്ഥ വരുത്തിയപ്രകാരം കൊൻസൂൾ ഞങ്ങളെ അറിയിച്ചതിൻെറ ശെഷം ഞങ്ങളും മെൽപറഞ്ഞ മർക്കൊസൊ നിഗ്രൊണി എന്ന മാടമ്പിസ്ത്രീയൊടും പാതിരിമാരൊടും ശെഷം ഞങ്ങൾക്കു വെണ്ടുന്ന ആളുകളൊടും യാത്രയും ചൊല്ലി അവിടെനിന്നു നഗരിക്കു വന്നാറെ പിന്നയും രണ്ടു നാലു ദിവസത്തെ താമസം കപ്പലിന്നു ഉണ്ടായിരിക്കകൊണ്ടു മർക്കൊസും യൌസെപ്പുപാതിരിയും വസിച്ചുവരുന്ന ഒസ്തറിയായിൽകൂടെ ഞങ്ങളും ചെന്നു അവിടെ അവരൊടുകൂടെ ഒരുമിച്ചു വസിക്കയും ചെയ്തു.

അപ്പൊൾ അവിടെയുള്ള രണ്ടു കർമ്മലെത്താപാതിരിമാരു വന്നു യൊഹന്നാൻ ദെ സന്തമർഗറീത്ത എന്ന പാതിരിയുടെ കാൎയ്യത്തിന്മെൽ ഞങ്ങളൊടു ചൊദിച്ചാറെ ഞങ്ങൾ ഏതും അറിഞ്ഞില്ലാ എന്നും പറഞ്ഞ അവരെ അയക്കയും ചെയ്തു.

വിശെഷിച്ചും മദൊനെത്താ എന്ന ദശനവീട്ടിൽ ഞങ്ങൾക്കു വെണ്ടി ചെന്ന ചിലവുവകക്കു ഞങ്ങൾ അവിടെ ചൊല്ലിവന്ന കുർവാന കഴിഞ്ഞു കൊടുക്കെണ്ടുന്ന പണം കൊൻസൂൾ മൂപ്പൻ പാതിരിയുടെ പററിൽ കൊടുക്കയും ചെയ്തു.

www.malankaralibrary.com

എന്നാൽ ഇങ്ങനെ ഈ ഒസ്ത്തറിയായിൽ പാർത്തുവരുന്നപ്പൊൾ ഞങ്ങൾ റൊമായിൽ നില്ക്കുന്ന നാളുകളിൽ കണ്ടറിവുണ്ടായിരുന്ന മുമ്പിലത്തെ ശ്ലീഷായാകുന്ന മാർ പൌലൊസിന്റെ ദർശനത്തിൽ ഉൾപ്പെട്ട പീലിപ്പൊസ എന്ന പെർപെട്ട ഒരു പറങ്കിക്കാരൻ ഞങ്ങളൊടുകൂടെ ഒരുമിച്ചു ജെനപായിൽനിന്നു ലിസ്ബൊആയിക്കു കപ്പൽ കരെറത്തക്കവണ്ണം നിശ്ചയിച്ചു ആ കാര്യത്തിനു ഞങ്ങൾക്കും കൊൻസൂളിന്നും എഴുത്തപെട്ട ബ്രന്ദാമ്മിന്റെ കുറിയുംകൊണ്ടു അവിടെ വന്ന ഞങ്ങളുമായി ഒരുമിക്കയും ചെയ്തു.

വിശെഷിച്ചും ഈ പുസ്തകത്തിന്റെ അമ്പത്തിനാലാം പദത്തിൽ താഴത്തു എഴുത്തപെട്ടപൊലെ മുൻസിഞ്ഞൊർ ബൊർജ്യാ ഞങ്ങളൊടു പറഞ്ഞവണ്ണം താൻ മാർപ്പാപ്പായൊടു ഞങ്ങളെപ്രതി അപെക്ഷിച്ചാറെ മാർപ്പാപ്പായും രണ്ടായിരം മെഴുകുത്രൂപങ്ങൾ കൊടുത്താറെ മുൻസിഞ്ഞൊർ ആയതു ഞങ്ങൾക്കു കെട്ടത്തയപ്പാനായിട്ടു ബ്രന്ദാമ്മിന്റെ പററിൽ എല്പ്പിക്കയും ബ്രന്ദാമും ആയതു ഈ പാതിരി വരുന്നപ്പൊൾ കൂടെ കൊടുത്തയക്കയും എന്നാൽ ഈ പാതിരി ആയതു കൊണ്ടുവരുന്നപ്പൊൾ ആയതിൽ പാതിപൊലും അതായതു ആയതിൽ നല്ലതും വലിയതുമായ ത്രൂപങ്ങളൊക്കയും കട്ടുപൊകയും ശെഷം ഞങ്ങളുടെ പററിൽ എത്തുകയും ചെയ്തു.

ഇതിന്റെ ശെഷം കപ്പൽ യാത്ര ഒക്കയും മുറുക്കി അവിടെ നിന്നു പുറപ്പെടുന്ന ദിവസം അടുത്തപ്പൊൾ കൊൻസൂൾ തന്റെ കെട്ടിയവളുമായിട്ടു വീണ്ടും ജെനപായിൽ ഞങ്ങൾക്കുണ്ടായിരുന്ന വെണ്ടത്തക്കവർ എല്ലാവരുമായിട്ടു യാത്രയും ചൊല്ലി ജെനപായിൽ ചെന്ന നാൾതൊട്ടു അന്നെവരക്കും ൫൬ (56) ദിവസം കഴിഞ്ഞതിന്റെ ശെഷം മല്പാനും ഞാനും യൌസെപ്പുപാതിരിയും മർക്കൊസു കുസ്തന്തീനിയും പീലിപ്പൊസപാതിരിയും ഇങ്ങനെ ഞങ്ങൾ അഞ്ചുപെരുംകൂടെ യൊഹന്നാൻ വപ്തിങ്കമാസ്സാ എന്നു ചൊല്ലുന്ന ജെനപാക്കാരൻ കപ്പിത്താന്റെ കപ്പലിൽ കരെറി കാർദിച്ചെയിക്കു തിരിക്കയും ചെയ്തു.

വിശെഷിച്ചും കാർദിച്ചെയിൽ ചെന്നാൽ പ്രത്തുക്കാലിന്നു എത്തുവാനുള്ളതിന്നു വെണ്ടുന്ന ദ്രവ്യം മെടിച്ചുകൊള്ളത്തക്കവണ്ണം കടുദാശ്ശു ഞങ്ങൾക്കു തന്നതുമെന്യെ ൧൩൦ (130) സ്കൂതി ഞങ്ങളുടെ പററിൽതന്നെ കൊൻസൂൾ തരികയും ചെയ്തു.

എന്നാൽ ഈ കപ്പിത്താൻ പാവപ്പെട്ട ആളും നല്ല നിദാനവും ഉപവിയും ഉള്ള ആളുമാകകൊണ്ടും ജെനപായിൽ നിന്നു കൊൻസൂൾ പ്രത്യെകമായിട്ടു ഞങ്ങളെ വെണ്ടുംവണ്ണം സന്ധിച്ചുകൊണ്ടുപൊയി ആക്കണമെന്നു പ്രമാണിക്കകൊണ്ടും കപ്പിത്താൻ വെണ്ടുംവണ്ണം ഞങ്ങളെ ബഹുമാനിച്ചു ആകുന്നപൊലെ



ഒരു കുറച്ചിൽകൂടാതെ വെണ്ടുന്ന വസ്തുക്കളൊക്കയും തന്നു ഞങ്ങളെ കൊണ്ടുപൊകയും ഞങ്ങൾക്കും ഈ കപ്പിത്താനെ പാരം പ്രസാദിക്കയും ചെയ്തു. പൊകുന്ന മദ്ധ്യെ ഒരു ദിവസം രാത്രിയിൽഏകദെശം ൩ (3) മണിനെരത്തു ഗൊൽപ്പു ദെ ലെയൊനെന്ന പ്രയാസമുള്ള ഇടം കടക്കുന്നപ്പൊൾ കഠിനമായ കാററും കടൽമെട്ടം ഉണ്ടായതെന്യെ ആനയുടെ തുമ്പിക്കൈപൊലെയുള്ള ചുഴലിക്കാററു ഞങ്ങളുടെ കപ്പലിൽ മുൻപുറത്തും പിൻപുറത്തും കണ്ടതിനാൽ ഞങ്ങൾ എല്ലാവരും പാരം ഭയപ്പെട്ടു ഉടെതമ്പുരാനൊടും തമ്പുരാന്റെ അമ്മ മർത്തമറിയം അമ്മയൊടും നമസ്കരിക്കയും ശുദ്ധമാന മെഴുകുത്രൂപം കടലിൽ ഇടുകയും ചെയ്തതിന്റെശെഷം ഈ ഉണ്ടായ അമളിയിൽനിന്നു രക്ഷപ്പെട്ടു. പിന്നെ ഒരു യൊഗ്യവും അല്പലും കൂടാതെ പാരം അപജയമായ ഈ ഇടവും കടന്നു ആയുസ്സൊടും സ്വസ്ഥതയൊടും ഭാഗ്യമായ വഴിയൊടുംകൂടെ മെൽപറഞ്ഞ ആണ്ടിൽതന്നെ കന്നിമാസം ൨൮-ാം (28) നു- കാർദിച്ചെയിൽ എത്തുകയും ചെയ്തു.

എന്നാൽ കാർദിച്ചെ എന്ന ഈ നഗരി എറൊപ്പായിലുള്ള ചെറിയ നഗരികളിൽ ഒന്നാകുന്നു എങ്കിലും ഈ നഗരിയുടെ തുറമുഖം ഇസ്പാന്യാരാജ്യത്തുള്ള തുറസും നല്ലതുമായ തുറമുഖത്തിൽ ഒന്നായിരിക്കകൊണ്ടു എറൊപ്പാരാജ്യങ്ങൾ ഒക്കയിൽനിന്നും ആസ്യാരാജ്യത്തനിന്നും മററു പല ദെശങ്ങളിൽനിന്നും പലപല കപ്പലുകളും കച്ചവടപ്പാടുകളും അവിടെ വരുന്നതിനെക്കൊണ്ടു എറൊപ്പാരാജ്യത്തെ കച്ചവടപാടും ജനങ്ങളുടെ വരവും പൊക്കുമുള്ള നഗരികളിൽ ഒന്നു ഇതായിരിക്കയും ചെയ്യുന്നു. ഇതുമെന്യെ ഈ നഗരി ഇരിക്കുന്ന ഇടം നിരപ്പു ഒത്ത നിലമായിരിക്കയും ഉറവകളൊക്കയും നിര ഒപ്പിച്ചു പണിതിരിക്കയും ചെയ്യുന്നതുമൊഴിയെ ഈ നഗരിയിലുള്ള വീടുകളൊക്കയും പാരം വലിയതും പലപല നിലയിലുള്ളതുമല്ല എങ്കിലും കണ്ടാൽ നല്ലതും എജസ്സുള്ളതുമായ പല വീടുകൾ അവിടെ പണിചെയ്തു ഒപ്പിച്ചിട്ടുമുണ്ടു.

എന്നുതന്നെയല്ലാ ഈ നഗരിയുടെ ചുററും ബലംപെട്ട ചുമരും പണിതു ചുമരിന്മെൽ വലിയ തൊക്കുകൾ കരെററി തുറമുഖത്തിന്നു നെരെ രണ്ടു വാതിലുകളും ഈ വാതിലുകളിൽ കടക്കുന്നവർ രാജവിരവധത്തൊടു മറുത്തുള്ള കച്ചവടങ്ങളിൽ ഒന്നും നഗരിയിൽ കടത്താതെ ഇരിപ്പാൻ നഗരിയിൽ പൂകുന്ന വസ്തുക്കളൊക്കയും ശൊധന പാർപ്പാൻ കാവൽകാററു നിൽക്കുന്നതുമുണ്ടു.

എന്നാൽ അസ്തമനം കഴിഞ്ഞനെരം എറക്കുറെ എട്ടൊൻപതുമണി ആകുന്ന നെരത്തു ഈ വാതിലുകൾ രണ്ടും അടച്ചുപൂട്ടുകയും ചെയ്യും. എന്നതുകൊണ്ടു നഗരിക്കു പാരം അടവും ബലവും ഉണ്ടായിരിക്കുന്നതൊഴിയെ രാജകല്പനയാൽ വിരവധിച്ചിരിക്കുന്ന വസ്തുക്കളിൽ ഒന്നുംനഗരിക്കകത്തു കടത്തുവാനും വഹിയാ.

www.malankaralibrary.com

അപ്പോഴൊ ഈ നഗരിയിൽ ഞങ്ങൾ ചെന്നതിന്റെ ശെഷം അവിടെ ഒരു ഒസ്തറിയായിൽ പാർക്കത്തക്കവണ്ണം പറഞ്ഞു നിശ്ചയിച്ചതിന്റെ ശെഷം ഞങ്ങടെ കപ്പലിന്റെ കപ്പിത്താന്റെ പററിൽ ജെനുവായിലുള്ള നമ്മുടെ സ്നെഹകാരൻ കൊൻസൂളിന്നു ഞങ്ങൾ കാർദിച്ചെയിൽ വന്നു എത്തിയ പ്രകാരത്തിന്നു കുറിയും കൊടുത്ത നല്ലവണ്ണം പറഞ്ഞ കപ്പിത്താനെ അയക്കയും ഞങ്ങളും കൊൻസൂൾ തന്നയച്ച കടുദാശ്ശു തന്റെ സ്നെഹകാരനായ അവിടെ കുടിയിരിക്കുന്ന ഒരു കച്ചവടക്കാരനു കൊടുത്തു അവിടെനിന്നു പ്രത്തുക്കാലിന്നു എത്തുവാൻ വെണ്ടുന്ന വഴിച്ചിലവിനുള്ളതിന്നു ൩൩ (33) സ്കൂതി മെടിക്കയും ചെയ്തു.

ഇതിന്റെശെഷം പിറെറ ദിവസം ശനിയാഴ്ച ദിവസമാകകൊണ്ടു ഞങ്ങൾ അവിടെയുള്ള ഒരു പള്ളിക്കൽ കുർബാന കാൺമാനായിട്ടു ചെന്നാറെ ഇത്രനെരവും ഞങ്ങൾക്കു ആ ഇടത്തിന്റെ മെത്രാനുമായിട്ടു കണ്ടു പറഞ്ഞു അനുവാദം വാങ്ങുവാൻ കൂടായ്കകൊണ്ടു ഞങ്ങൾ നാലുപെരും കുർബാന ചൊല്ലിയതുമില്ലാ.

വിശെഷിച്ചും പീലിപ്പൊസ പാതിരി അവിടെ കണ്ടറിവുള്ള ആളാകകൊണ്ടു കുർബാന ചൊല്ലുകയും ചെയ്തു.

ഇങ്ങനെ ഞങ്ങൾ എല്ലാവരും കുർബാന കണ്ടതിന്റെ ശെഷം ഈ നഗരിയിലുള്ള ഗൊവർണ്ണദൊരിനെ കാൺമാനായിട്ടു താൻ വസിക്കുന്ന കൊയിലകത്തു ചെന്നപ്പൊൾ പന്തിരണ്ടു വയസ്സുള്ള ചെറിയ ഒരു വാലിഭക്കാരൻ ഇറങ്ങി ലത്തീൻ ഭാഷയിൽ ഞങ്ങളൊടു സംസാരിപ്പാൻ തുടങ്ങി. എവിടെനിന്നു വരുന്നെന്നും എവിടെക്കു പൊകുന്നെന്നും ഇങ്ങനെ മററും പല വൎത്തമാനങ്ങളും ഞങ്ങളൊടു ചൊദിച്ചു. ഞങ്ങളും ഈ വാലിഭക്കാരന്റെ സംസാരത്തിന്മെലും ബുദ്ധിയുടെ ഉണർച്ചമെലും പാരം അപൂർവ്വപ്പെട്ടു അവനൊടു ഉത്തരം പറഞ്ഞു നില്ക്കുന്ന നെരത്തിൽ ഗൊവർണ്ണദൊരിനെ കാൺമാൻ അവിടെക്കു വന്നു താനുമായി സംസാരിച്ചിരുന്ന ഈ നഗരിയുടെ മെത്രാൻ യാത്ര ചൊല്ലി പുറത്തിറങ്ങുകയും ഗൊവർണ്ണദൊരും ഞങ്ങളെ വിളിപ്പിച്ചു എവിടെനിന്നു വരുന്നെന്നും എവിടെക്കു പൊകുന്നെന്നും മററും ചില വസ്തുക്കളും ചൊദിച്ചു ഞങ്ങൾ അപെക്ഷിച്ചഅനുവാദകടുദാശ്ശും തന്നു ഞങ്ങളെ അയക്കയും ചെയ്തു.

ഇതു കഴിഞ്ഞാറെ അവിടെനിന്നു പൊരുവാനുള്ളതിന്നു തക്കം കണ്ടെത്തുവാൻ ഇനിയും രണ്ടുനാലുദിവസത്തെ താമസം വെണ്ടിവരുമെന്നു കാൺകകൊണ്ടു ആ ഇടക്കു അവിടെ കുർബാന ചൊല്ലുവാനുള്ളതിന്നു അനുവാദം വാങ്ങുവാനായിട്ടു അവിടത്തെ മെത്രാനിരിക്കുന്ന കൊയിലകത്തു ഞങ്ങൾ ചെന്നാറെ മെത്രാൻ ഞങ്ങളെ വെണ്ടുംവണ്ണം കൈക്കൊണ്ടു പലകൂട്ടം വൎത്തമാനങ്ങളും ചൊദിച്ചു അനുവാദവും തന്നു ഞങ്ങളെ അയക്കയും ചെയ്തു.



ഇതിന്റെശെഷം ഞങ്ങൾ വസിക്കുന്ന ഒസ്തറിയായിൽവന്നു ഭക്ഷണം കഴിഞ്ഞതിന്റെ ശെഷം അവിടെനിന്നു പ്രത്തുക്കാലിന്നു പൊരുവാനുള്ള കാര്യത്തിന്മെൽ പീലിപ്പൊസുപാതിരി വിചാരിച്ചാറെ പ്രത്തുക്കാൽ രാജിതത്തിൻ കീഴുള്ള തവിരാ എന്നു പെർപെട്ട തെരുവിൽ നിന്നു പാവപ്പെട്ട ഏതാനും കച്ചവടക്കാറർ അവിടെ വന്നിട്ടുള്ള പ്രകാരം അറിഞ്ഞു അവർ വസിക്കുന്ന ഇടത്തുചെന്നു അവരുമായിട്ടു കണ്ടു പറഞ്ഞ അവരൊടുകൂടെ തവിരാ എന്ന തെരുവിൽ എന്നാളും വരുന്നതിന്മെൽ പറഞ്ഞു വെവസ്ഥ വരുത്തുകയും ചെയ്തു.

എന്നാൽ ഈ കച്ചവടക്കാറർക്കു പിന്നയും ഒന്നുരണ്ടു ദിവസത്തെ താമസം അവിടെ ഉണ്ടായിരിക്കകൊണ്ടു പിറെറ ദിവസം ഞങ്ങൾ മെൽ പറഞ്ഞ പള്ളിയിൽചെന്നു കുർബാന ചൊല്ലിയപ്പൊൾ പുത്തനായിട്ടുള്ളൊരു കുർബാനക്രമം കണ്ടതിന്മെൽഅവിടെയുള്ള ജനങ്ങൾ അപൂർവ്വപ്പെട്ടു ഈ അവസ്ഥമെൽ നഗരിയിൽ പലെടത്തും ശ്രുതി ആയി വരികയും ചെയ്തു.

എന്നുവരുമ്പൊൾ ഈ നഗരിയിലുള്ള പ്രധാനികളിൽ ഒരുത്തൻ ഈ അവസ്ഥ കെട്ടാറെ തന്റെ വീട്ടിൽ കുർബാന ചൊല്ലിവരുന്ന ദൊമ്മിനീക്കൊസ സഭക്കാരൻ പാതിരിയെ ഞങ്ങടെ പക്കൽ അയച്ചു ഞങ്ങൾ ചെന്നു തന്റെ വീട്ടിൽ കുർബാന ചൊല്ലണമെന്നപെക്ഷിച്ചാറെ ഈ അറീപ്പു വന്ന ദിവസത്തിൽ തന്നെ ഞങ്ങൾ അവിടെനിന്നു യാത്ര പുറപ്പെട്ടതിനെക്കൊണ്ടു അവിടെചെന്നു കുർബാന ചൊല്ലുവാൻ കൂടിയില്ലാ എങ്കിലും ഞങ്ങളും അവിടെചെന്നു തന്നെ കാൺകയും പറകയും ഈപ്രധാനിയും വെണ്ടുംവണ്ണം ചൊദിച്ചു കൽദായക്രമത്തിലുള്ളവർ ഞങ്ങളാകുന്നു എന്നു അറിഞ്ഞതിന്റെശെഷം കൽദായക്കാററുടെ പാത്രിയക്കാ മാർ യൌസെപ്പു തന്റെ വീട്ടിൽചെന്നു കുർബാന ചൊല്ലിയപ്രകാരവും മററും പാത്രിയർക്കാടെ പുണ്യവും ഗുണവും ഞങ്ങളൊടു അറിയിക്കയും ചെയ്തു.

# അമ്പത്തിയെട്ടാം പദം

കാർദിച്ചെയിൽനിന്നു തവിരായിക്കും തവിരായിൽനിന്നു ലിസ്ബൊ ആയിക്കും വന്നു എന്നതിന്മെൽ

മെൽപറഞ്ഞ കച്ചവടക്കാറർക്കു കാർദിച്ചെയിലുള്ള കാര്യങ്ങളൊക്കയും കഴിഞ്ഞതിന്റെ ശെഷം അവിടെനിന്നു തങ്ങടെ നാടു തവിരായിക്കു പൊകുവാൻ യാത്ര പുറപ്പെട്ടപ്പൊൾ ഞങ്ങളും ഞങ്ങളുടെ മണ്ടുമുറികളൊടുംകൂടെ ഈ പാവപ്പെട്ട കച്ചവടക്കാററുടെ വഞ്ചിയിൽ കരെറി തിരിച്ചാറെ അന്നെദിവസം രാത്രി

www.malankaralibrary.com

ഒക്കയും വഞ്ചിയിൽ നടന്ന പിറെറ ദിവസം വഞ്ചിയിൽ തണ
ലിന്ന ഒരിടവും കൂടാരവും ഒന്നും ഒപ്പിച്ചിട്ടില്ലാഞ്ഞതുകൊണ്ടു
ഈ ദിവസത്തിന്റെ വെയിലും സഹിച്ചു ഭക്ഷണം കഴിയുന്നതി
നായിട്ട കരക്ക ചെരുവാൻ മററിടം ഇല്ലായ്കകൊണ്ടും ആ ദിവ
സത്തിൽ ഉണ്ടായ വെയില ഒക്കയും ഒരു എളവും കൂടാതെ നടന്ന
ഏകദെശം നാലു നാഴിക ഇരുട്ടിയപ്പൊൾ തവിരാ എന്ന തെരു
വിൽ ചെന്ന എത്തുകയും ചെയ്തു. തവിരാ എന്ന ഈ എടത്തിൽ
പീലിപ്പൊസുപാതിരി തന്റെ ദർശനക്കാറരുടെ ഒരു ദർശനവീടു
ഉണ്ടായിരുന്നു. എന്ന വരുമ്പൊൾ ഞങ്ങൾ ഈ എടത്തിൽ വന്ന
തിന്റെ ശെഷം ആ ദർശനവീട്ടിൽ ചെന്ന അവിടെ വസിപ്പാ
നുള്ളതിന ശ്രമിച്ചാറെ ഞങ്ങളെക്കൂടെ ഈ വീട്ടിന കൈക്കൊള്ളു
വാൻ അവിടെയുള്ള ദർശനക്കാറക്ക മനസ്സില്ലാഞ്ഞ ഹെതുവാൽ
പീലിപ്പൊസു പാതിരിയും അവിടെ വസിപ്പാൻ മനസ്സായതും
ഇല്ല. ഇങ്ങിനെ ഞങ്ങൾ ൫(5) പെരുംകൂടെ ഞങ്ങളെ കൊണ്ടുവന്ന
വഞ്ചിയുടെ മുതലാളിയുടെ വീട്ടിൽ ചെന്ന വസിപ്പാനായി
പൊകുന്നപ്പൊൾ ഈ തെരുവിന്റെ വിചാരിപ്പുകാരൻ വസി
ക്കുന്ന ഭവനത്തുകൂടെ ഞങ്ങളുടെവഴി ആയിരുന്നതിനെക്കൊണ്ടും
ഈ വിചാരിപ്പുകാരന്റെ പഠിത്വനാളിൽ പീലിപ്പൊസുപാതി
രിയുടെ ചെങ്ങാതി ആയിരുന്നതുകൊണ്ടും മെൽ പറഞ്ഞ പാതി
രിയുടെ വീട്ടിൽ പൊകുന്നവഴിക്ക വിചാരിപ്പുകാരന്റെ ഭവനത്തു
കരെറി തന്നെ കാൺകയും താനും ഞങ്ങളെ വെണ്ടുംവണ്ണം കൈ
ക്കൊണ്ടു വൎത്തമാനങ്ങളും ചൊദിച്ചു അറിഞ്ഞതിന്റെ ശെഷം
മുതലാളിയുടെ വീട്ടിൽചെന്ന തവിരായിൽനിന്ന ഞങ്ങൾ യാത്ര
പുറപ്പെടുന്നതുവരെ ആ വീട്ടിൽതന്നെ വസിക്കയും. ഈ മുതലാ
ളിയും തന്റെ വീട്ടിലുള്ള ജനങ്ങളും പാവപ്പെട്ട ജനങ്ങളാകുന്നു
വെങ്കിലും നല്ല മനസ്സൊടും പ്രസാദത്തൊടുംകൂടെ ഞങ്ങളെ
അവിടെ കൈക്കൊണ്ടു തങ്ങളാൽ ആകുന്ന ബഹുമാനത്തൊടു
കൂടെ ഞങ്ങളെ അവിടെ സന്ധിക്കയും ചെയ്തു. എന്നാൽ തവിരാ
എന്ന ഈ എടം എത്രയും ചെറിയ ഒരു തെരുവു ആകകൊണ്ടും
ഈ തെരുവിൽ കുടിയിരിക്കുന്നവർ ഏറിയകൂറും പാവപ്പെട്ട ജന
ങ്ങളാകുന്നതിനെക്കൊണ്ടും വെണ്ടുംവണ്ണം മാംസവും മററു ഭക്ഷണ
ത്തിന്ന വെണ്ടുന്ന വസ്തുക്കളും കൊള്ളുവാൻ അരുപമാകുന്നുവെ
ങ്കിലും ഈ തെരുവു ഇരിക്കുന്ന ഇടം കടലൊരമാകകൊണ്ടു എല്ലാ
വക മീൻതരങ്ങളും കൊള്ളുവാൻ ഉണ്ടുതാനും.

അപ്പൊഴൊ ഈ തെരുവിൽ യൂസെ കയത്താനൊസു എന്ന
ഒരു ബഹുമാനപ്പെട്ട ആൾ വസിച്ചിരിപ്പുണ്ടായിരുന്നു. എന്നാൽ
ഈ ആളും കയത്താനൊസു പാതിരിയും തമ്മിൽ പാരം സ്നെഹ
വും വിശ്വാസവും ഉണ്ടായിരുന്നതിനെക്കൊണ്ടു കയത്താനൊസു
പാതിരിയുടെ മകൻ യൌസെപ്പുപാതിരിയും ഞങ്ങളും അവിടെ
ചെന്നിട്ടുള്ളപ്രകാരം കെട്ടാറെ കയത്താനൊസുപാതിരിയും





താനും ആയിട്ടുള്ള സ്നെഹത്തെയും വിശ്വാസത്തെയുംപ്രതി
തന്റെ മകനെയും തനിക്കുള്ള കൂട്ടരെയും ബഹുമാനിക്കണം എന്ന
വച്ചു പിറെറ ദിവസം ഞങ്ങളെ തന്റെ വീട്ടിൽ വിരുന്നിന
വിളിക്കത്തക്കവണ്ണം കല്പിച്ചു തന്റെ മകനെ ഞങ്ങളുടെ പക്കൽ
അയക്കയും ഇങ്ങിനെ ഞങ്ങൾ ഈ എടത്തിൽ ചെന്നതിന്റെ
പിറെറ ദിവസം അവിടെ ഒരു വെളിൻപറമ്പിൽ ഉണ്ടായിരുന്ന
ഏരികച്ചവടം കാൺമാനായിട്ട ഏരിയിൽ ചെന്ന അവിടെ
കൂടിയ ആളുകളുടെയും കച്ചവടപാടുകളുടെയും പെരുപ്പവും വക
ഭെദങ്ങളും കണ്ടു നില്ക്കുന്നപ്പൊൾ അവിടെ വന്ന ഞങ്ങളെ കണ്ടു
വൎത്തമാനങ്ങളും ചൊദിച്ചു പിറെറ ദിവസം ഞങ്ങളെ തന്റെ
വീട്ടിൽ വിരുന്നിന വിളിക്കത്തക്കവണ്ണം തന്റെ അപ്പൻ കല്പിച്ച
പ്രകാരം ഞങ്ങളെ ആദരിച്ചു അവന്റെ വിരുന്ന വിളിക്കയും
ചെയ്തു. ഇതിന്റെശെഷം പിറെറ ദിവസം ഞങ്ങൾ ൫ (5)
പെരും മെല്പറഞ്ഞ യൂസെ കയത്താനൊസിന്റെ വീട്ടിൽചെന്ന
അവിടെ ഭക്ഷണം കഴിഞ്ഞു ഞങ്ങളുടെ വഴിക്കുണ്ടായ വെസ്ഥ
കളും വൎത്തമാനങ്ങളും ചൊദിക്കയും ഞങ്ങളുംആയതിന്ന വെണ്ടും
വണ്ണം ഉത്തരിക്കയും ചെയ്തതിന്റെ ശെഷം അവിടെനിന്നും
ലിസ്ബൊ ആയിക്ക വരുവാനുള്ള കാര്യത്തിന്മെൽ ഈ
ആളുമായി വിചാരിച്ചാറെ അവിടെനിന്നും അപ്പൊൾ ലിസ്
ബൊ ആയിക്ക വരുന്ന ഉരുവ ഒന്നും ഇല്ലായ്കകൊണ്ടും ആയതു
കണ്ടെത്തുവൊളം അവിടെ പാർപ്പാനുള്ളതിന്ന നല്ല സ്ഥലവും
ഇടവും ഇല്ലാഴികകൊണ്ടും ഒട്ടെറെയും അവിടെനിന്ന ലിസ്
ബൊആയിക്ക കടലിൽകൂടി വരുന്നവഴി കുറെ പ്രയാസമുള്ള
താകുന്നു എന്ന കെൾക്കകൊണ്ടും ഞങ്ങളുടെ മുണ്ടുമുറികൾ ഒക്കയും
ആ ആളിന്റെ വീട്ടിൽ വെച്ചെച്ചു വഴിക്ക വെണ്ടുന്ന വസ്തുക്കളെ
വിദയംവരുത്തി കരവഴിക്കതന്നെ ലിസ്ബൊആയിക്ക തിരി
ക്ക എന്ന നിശ്ചയിച്ചു ഞങ്ങൾ അഞ്ചു പെർക്കും വെണ്ടി ൫ (5)
കുതിരയും ആയതിനെ ഭരിപ്പാനുള്ളതിന്ന ആളുകളെയും കൂലിക്ക
കൂട്ടിക്കൊണ്ടു പിറെറ ദിവസംതന്നെ അവിടെനിന്നും യാത്ര പുറ
പ്പെടുകയും യൂസെകയെത്താനൊസ തന്റെ വീട്ടിൽ ഞങ്ങൾവെ
ച്ചെച്ചുപൊന്ന മുണ്ടുമുറികൾഒക്കയുംഒന്നിനും ഒരു കുറച്ചിൽ കൂടാതെ
ലിസ്ബൊആയിൽ ഞങ്ങൾ ചെന്നതിന്റെ ശെഷം കടലിൽ
കൂടെ കൊടുത്തയച്ചു ഞങ്ങളുടെ പററിന ഏല്പിക്കയും ചെയ്തു.
ഇങ്ങിനെ തവിര എന്ന എടത്തിൽനിന്നും കുതിരമെൽ ഞങ്ങൾ
യാത്ര പുറപ്പെട്ടാറെ ലിസ്ബൊആയിൽ വന്നെത്തുവൊളം ഏഴ
ദിവസം മുഴുവൻ പാരം ഞെരുക്കവും ഘനവും ആയ വഴി കഴി
കയും ചെയ്തു. അതെന്തെന്നാൽ തവിരാ എന്ന ഈ എട
ത്തിൽനിന്നും ലിസ്ബൊആയിക്ക വരുന്ന വഴിയിൽ അല്പ
മാഞ്ഞിയ എന്നു പറയുന്ന പ്രദെശത്തു പലയിടത്തും നമ്മുടെ കട
നാട്ടിൽനിന്നും കിഴക്ക മുട്ടത്തിന്ന പന്നികുന്ന കെറിപൊകുന്ന

www.malankaralibrary.com

വഴിക്കു ഉള്ള മലകളും തടങ്ങളും താഴ്ചകളും എന്നപൊലെ വലിയൊരു മലകളും ആയതിന്നു കൂടെ എത്രയും ഭയങ്കരമായ പാരം താഴ്ചയുള്ള തടങ്ങളും ആയിരിക്കുന്നതുമെന്നിയെ ഈ മലയുടെ വിളിമ്പത്തു കൂടെ പലപ്പൊഴും വഴി ആകുന്നതിനെകൊണ്ടു കുതിരയുടെ കാൽ ഒന്നു പിഴച്ചുപൊകുമെങ്കിൽ സംശയം കൂടാതെ എത്രയും ആഴപ്പെട്ട താഴ്ചയിൽ വീഴുവാൻ സംഗതി കൂടുമെന്നതിനെകൊണ്ടു ഈ തടങ്ങൾ കാണുന്ന മദ്ധ്യെ പാരം സൂക്ഷത്തൊടും ഭയത്തൊടുംകൂടെ കടക്കെണ്ടിവന്നു. ഇതുമെന്നിയെ ഈ വഴിയിൽ പലയിടത്തും മാനുഷർ കുടിയിരിക്കുന്ന എടം എത്രയും അകലപ്പെട്ടിരിക്കുന്നതിനെകൊണ്ടു ഒരു വീട്ടിൽ നിന്നും തിരിച്ചാൽ രാ പൊറുപ്പാനുള്ളതിന്നു മറ്റൊരു വീടു കണ്ടെത്തണമെങ്കിൽ ദിവസം മുഴുവൻ ഒരു ഇളവുകൂടാതെ നടപ്പാൻവെണ്ടി ഇരിക്കയും ചെയ്യുന്നു. വിശെഷിച്ചും ഇങ്ങിനെ വഴിക്കു കണ്ടെത്തുന്ന വീടുകൾതന്നെയും പാവപ്പെട്ട ജനങ്ങളുടെ വീടുകൾ ആകുന്നതിനെകൊണ്ടും അവിടെ കാറ്റും കൊളും കഴിപ്പാനുള്ളതിന്നു വസ്തുക്കൾ ദൂരത്തിൽനിന്നും കൊണ്ടുവരുവാനുള്ളതിനെകൊണ്ടും പാവപ്പെട്ട വിധത്തിൽ അല്ലാതെ വെണ്ടുംവണ്ണം ഭക്ഷണം കഴിവാൻ വെണ്ടുന്ന വസ്തുക്കൾ ഒന്നും അവിടെ ഇല്ലാ എങ്കിലും അവിടങ്ങളിൽ ഉള്ള പാവപ്പെട്ട ജനങ്ങൾ വെണ്ടുംവണ്ണം ഞങ്ങളെ കൈക്കൊണ്ടു തങ്ങളാൽ ആകുംവണ്ണം ഞങ്ങൾക്കു ചിറ്റാഴ്മചെയ്യുകയും ഞങ്ങളും ആയത്തു കണ്ടു ദ്രവ്യം അവർക്കു കൊടുക്കയും ചെയ്തു.

വിശെഷിച്ചും ഒരു ഭവനത്തുനിന്നും തിരിച്ചാൽ പിന്ന ഒരു ഭവനം കണ്ടെത്തുവാനുള്ള ദൂരം ഞങ്ങൾ കൂട്ടിയ കുതിര ഭരിക്കുന്നവൻ വെണ്ടുംവണ്ണം അറിഞ്ഞിരിക്കുന്നതിനെക്കൊണ്ടു ഇവരും വഴിയുടെ ദൂരങ്ങളെ ഞങ്ങളൊടു പറയുകയും ഞങ്ങളും ആ ഭവനത്തിന്നു ചെന്നെത്തുവാൻ തക്കവണ്ണം പതമായിട്ടു എങ്കിലും തെരുന്നനെ എങ്കിലും ദൂരത്തിന്റെ ഭെദാഭെദംപൊലെ നടന്നുവരികയും ചെയ്തു.

ഇങ്ങനെ ൬(6)ദിവസം മുഴുവൻ നടന്നതിന്റെശെഷം ൭-ാം (7) ദിവസം ഏകദെശം നെരം ഉച്ചയായപ്പൊൾ ഒരു വീട്ടിൽ വന്നു അവിടെ കൂടിയ പ്രകാരത്തിൽ ഭക്ഷണവും കഴിഞ്ഞു. അവിടെനിന്നും തിരിച്ചാറെ നെരം ൮(8)നാഴിക ഇരുണ്ടപ്പൊൾ വഴിക്കു കണ്ടെത്തിയ ഒരു വീട്ടിൽ കെറി ചൊദിച്ചാറെ താകരവും ഉണക്കമുന്തിരിങ്ങാപഴവും പഴെ അപ്പവും മാത്രം എന്നിയെ തിന്നുവാനുള്ള മറ്റു ഒരു വസ്തുവും ഇല്ലായ്കകൊണ്ടു മനസ്സുള്ളവർ ഒക്കെയും ആയത്തു മെടിച്ചു തിന്നുംകൊണ്ടു രാത്രി മുഴുവനും ഒരു തെല്ലുപൊലും ഉറങ്ങാതെ നടന്നു. പിറ്റെ ദിവസം വെള്ളപ്പറമായപ്പൊൾ ലിസ്ബൊആ നഗരിക്കു കിഴക്കുപുറത്തുള്ള ആറ്റു



ങ്കൽ വന്നെത്തുകയും ചെയ്തു. ആയതിന്റെ ശെഷം നമ്മുടെ കുതിരകൾക്കും കൂട്ടുകാർക്കും കൊടുക്കെണ്ടുന്ന കൂലിയും കൊടുത്തു അവരെ പിരിക്കയും ചെയ്തു.

വിശെഷിച്ചും ഈ ആറുകടന്നു ലിസ്ബൊആയിൽ എത്തുവാൻ ഏകദെശം ഒരു മൂന്നര കാതം ദൂരം ഉണ്ടായിരിക്കകൊണ്ടും ഈ ആർ കടത്തുവാൻ മര്യാദി ആയിരിക്കുന്ന ആളുകൾ നെരം ആറുമണി ആകുമ്പൊൾ തന്നെ വലിയ വള്ളവുമായി അവിടെക്കു വന്നു അവിടെ കണ്ടെത്തുന്ന ആളുകളെ ഒക്കെയും മറുകര കടത്തിവരികകൊണ്ടും മറുകരക്കു കടക്കുവാൻ മനസ്സുള്ളവർ ഒക്കെയും നെരം വെളുത്തു ൬ (6) മണി ആകുമ്പഴെക്കും മര്യാദി ആകുന്ന കടവിൽ എത്തുമാറാകുന്നു.

എന്നു വരുമ്പൊൾ ഞങ്ങളും ൫ (5) മണി നെരത്തെക്കു അവിടെ ചെന്നെത്തുവാനായിട്ടു മെൽപറഞ്ഞവണ്ണം രാത്രി ഒക്കെയും നടന്നു ഈ കടവിൽ ചെന്നെത്തിയ ശെഷം വളരെ താമസംകൂടാതെ കടത്തുകാരൻ വലിയ വഞ്ചിയുമായി അവിടെക്കു വന്നു അവിടെ കൂടിയ ആളുകൾ ഒക്കെയൊടും കടത്തുകൂലി ആയി മെടിപ്പാൻ മര്യാദി ആയിരിക്കുന്ന പണവും മെടിച്ചു തങ്ങളുടെ വഞ്ചിമെൽ കരെറുന്ന നെരത്തു ഞങ്ങൾ കൊടുക്കെണ്ടുന്ന കൂലിയും കൊടുത്തു വഞ്ചിമെൽ കരെറി തിരിച്ചു ഏകദെശം ലിസ്ബൊആയിൽ ചെന്നെത്തുവാറായ മദ്ധ്യെ കയെത്താനൊസു പാതിരിയും ലൂവിസഅന്തൊനിയൊ ദെ ലെറൊസ എന്ന ഒരുത്തനും കൂടെ വള്ളത്തിൽ വരുന്നപ്പൊൾ ലിസ്ബൊആയിക്കു കടക്കുന്ന ഞങ്ങളെ കണ്ടെത്തിയ ഉടൻ ഞങ്ങളെ വിളിച്ചു പീലിപ്പൊസ പാതിരിയെ ഒഴിച്ചു ശെഷമുള്ള ഞങ്ങൾ നാലു പെരെയും തങ്ങൾ പൊകുന്ന വള്ളത്തിൽ കൂടെ കെറ്റുകയും ചെയ്തു. എന്നാൽ ഈ ഉണ്ടായ അവസ്ഥയുടെയും ഇനിയും പറവാനിരിക്കുന്ന കാര്യങ്ങളുടെയും തെളിവിന്നു ലൂവീസ അന്തൊനി ആരെന്നും അവനും കയെത്താനൊസുപാതിരിയും തമ്മിലുള്ള സ്നെഹത്തിന്റെ അവസ്ഥയും അറിവാൻ ദിഷ്ടതിയുണ്ടു. എന്നതിനെകൊണ്ടു ആയതിന്റെ പ്രകാരം തിരിച്ചു ഇവിടെ എഴുതുന്നു. അപ്പൊഴെ ലൂവീസ അന്തൊനി ദെലെറൊസ എന്ന ഈ ആൾ ദൊം യൂസ്സെ എന്നു പെർപെട്ടു ഇപ്പൊൾ വാഴുന്ന രാജസ്ത്രീയുടെ അപ്പന്റെ കാലത്തിൽതന്നെ കപ്പൽ പണിയുടെ കാര്യം വിചാരിപ്പാൻ വന്ന കടൽവാക്കരെയുള്ള രാജവീട്ടിന്റെ പ്രവൃത്തികാരരിൽ ഒരുത്തൻ ആയിരുന്നു. വിശെഷിച്ചും ഈ രാജാവിന്റെ കാലത്തിൽ ലൂവിസ അന്തൊനിയൊ എന്ന ഇവൻ ചെയ്ത പല കാര്യങ്ങൾ ഇടപെട്ടു ഈ രാജിതത്തിലുള്ള പ്രധാനികൾ പലർക്കും അവനൊടു ദ്വെഷവും വൈരാഗ്യവും ഉണ്ടായിരുന്നതുകൊണ്ടു ദൊം യൂസ്സെ എന്ന രാജാവിന്റെ കാലം കഴിഞ്ഞ

www.malankaralibrary.com

ഈ രാജസ്ത്രീ നാട്ട വാഴുവാൻ തുടങ്ങിയപ്പൊൾ മെൽപറഞ്ഞ പ്രധാനികൾ മുമ്പിൽ ഇവൻ ചെയ്ത കാര്യങ്ങൾക്ക പകരം വീട്ടുവാനായിട്ട തുനിഞ്ഞു തുടങ്ങിയാറെ കയത്താനൊസ്സ പാതിരി തനിക്ക ഈ രാജസ്ത്രീയുടെ ഭർത്താവുമായിട്ടും മെൽപറഞ്ഞ പ്രധാനികളുമായിട്ടും ഉള്ള സ്നെഹവും വെണ്ടികയുംകൊണ്ട അവർ എല്ലാവരുടെ വീടുകളിലും നടന്ന മെൽപറഞ്ഞ ലൂവീസ അന്തൊനിയുടെമെൽ വെണ്ടുംവണ്ണം പറഞ്ഞ അവർ എല്ലാവരുമായിട്ട നിരപ്പും ഒരുമ്പാടും വരുത്തുകയും ചെയ്തു. എന്നതുകൊണ്ട ആയത്തു ഒക്കയും കഴിഞ്ഞതിൽ പിന്നെ ലൂവീസ അന്തൊനിയും താനുമായിട്ടുള്ള സ്നെഹവും വെണ്ടികയും ഉണ്ടായിരുന്നു എന്നു തന്നെയല്ല ഈ ലൂവിസ അന്തൊനിമെലും തനിക്കുള്ള വസ്തുക്കൾ ഒക്കയുംമെലും കല്പിക്കുന്നതു കയത്താനൊസ്സപാതിരിതന്നെ എന്നു പറയാം. എന്നാൽ ഈ ലൂവീസ അന്തൊനി മെൽപറഞ്ഞവണ്ണം കടൽവാകരെയുള്ള കപ്പൽ പണികാര്യത്തിന്ന കല്പിച്ചിരിക്കുന്നതായ വീട്ടിന്റെ തലപ്പെട്ട പ്രവൃത്തികാരന്മാരിൽ ഒരുത്തനാകുന്നതിനെക്കൊണ്ടും ദിവസംതൊറും രാവിലെ എഴുന്നെറ്റുഏകദെശം ൭ (7)മണിക്ക തനിക്കുള്ള ഈ വീട്ടിൽനിന്നും കപ്പൽപണിക്കുള്ളതായ വീട്ടിന്ന വള്ളത്തെൽ പൊകുമാറായിരുന്നതിനെക്കൊണ്ടും പലപ്പൊഴും കയത്താനൊസ്സപാതിരി തന്നൊടുകൂടി ഒരുമിച്ച ഈ വീട്ടിന്ന പൊകുവാൻ മര്യാദി ഉണ്ടായിരുന്നതിനെകുറിച്ചും മര്യാദിപൊലെ ഞങ്ങൾ ഇരുവരുംകൂടെ ലൂവിസ അന്തൊനിയുടെ വീട്ടിൽനിന്ന കപ്പൽപണിക്കുള്ള വീട്ടിന്ന പൊകുന്ന നെരത്തു വഴിമദ്ധ്യെവച്ച ഞങ്ങളെ കണ്ടെത്തി മെൽപറഞ്ഞവണ്ണം ഞങ്ങൾ പൊകുന്ന വള്ളത്തിൽ ഞങ്ങളെക്കൂടെ കരെറ്റുക അത്രെ ചെയ്തതു. എന്നു വരുമ്പൊൾ ഇതിൻവണ്ണം ഞങ്ങളെ ഞങ്ങൾ പൊകുന്ന വള്ളത്തിൽ കെറ്റിയതിന്റെ ശെഷം കയത്താനൊസ്സ പാതിരി പാരം സന്തൊഷവും പ്രസാദവും കാട്ടി. എല്ലാവരെയും പ്രതിപ്രതി പിടിച്ചുതഴുകി വർത്തമാനങ്ങളും ചൊദിച്ചതിന്റെ ശെഷം ഞങ്ങൾ പൊകുന്ന കപ്പൽപണിക്കുള്ള വീട്ടിന്ന ഞങ്ങളെക്കൂടെ കൊണ്ടു പൊകയും ചെയ്തു.

## അൻപത്തിയൊമ്പതാം പദം

അർസെനാൻ എന്നു ചൊല്ലപ്പെടുന്ന കപ്പൽപണിക്കുള്ള വീട്ടിൽ ഞങ്ങൾ ചെന്നതിന്റെശെഷം ഉണ്ടായ അവസ്ഥമെൽ

എന്നാൽ ഞങ്ങൾ റൊമായിൽനിന്നും തിരിച്ച ലിസ്ബൊആയിൽ വരുന്നതിന്ന മുമ്പെ ഞങ്ങൾ അവിടെ എത്തിയാൽ



അവിടെനിന്നും കാര്യവും തീൎന്ന ഈന്ദിയായായിക്ക വരുവാനുള്ള സമയത്തൊളം ലിസ്ബൊ ആയിൽ പ്രധാനപ്പെട്ട രണ്ട സീഞ്ഞൊരന്മാരുടെ വീട്ടിൽ ഇരുവരായി ഞങ്ങൾ നാലുപെരും വസിക്കത്തക്കവണ്ണം കയത്താനൊസ്സപാതിരി പറഞ്ഞു ഉറപ്പിച്ചിട്ടുണ്ടായിരുന്നു. എന്നു വരുമ്പൊൾ മെൽചൊല്ലിയവണ്ണം ലൂവീസ അന്തൊനിയൊടും കയത്താനൊസ്സപാതിരിയൊടുംകൂടെ കപ്പൽപണിക്കുള്ള വീട്ടിൽ ഞങ്ങൾ ചെന്നതിന്റെശെഷം ഇങ്ങിനെ ഞങ്ങൾക്ക വസിപ്പാൻ രണ്ട വീട താൻ പറഞ്ഞു ഒപ്പിച്ചിട്ടുണ്ടെന്ന കയത്താനൊസ്സപാതിരി ഞങ്ങളൊട പറഞ്ഞാറെ പ്രധാനപ്പെട്ട ജനങ്ങളുടെ വീട്ടിൽ പൊയി വസിപ്പാൻ വളരെ വളരെ ആചാരവും ക്രമവും സത്യവും കാർപ്പാൻ വെണ്ടിയിരിക്കുന്നതിനെകൊണ്ടും സംബെന്തു എന്ന ദർശനക്കാറരുടെ ആശ്രമത്തിൽ റൊമ്മായിക്ക പൊകുന്നതിന്ന മുമ്പിൽ ഞങ്ങൾ വസിച്ചാറെ അവിടെയുള്ള പാതിരിമാർ വെണ്ടുംവണ്ണം ഞങ്ങളെ സന്ധിച്ചതിനെകൊണ്ടും ഈ മെൽചൊല്ലിയ പ്രധാനികളുടെ വീട്ടിൽ വസിക്കുന്നതിനെക്കായിൽ സംബെന്തു എന്ന ആശ്രമത്തിൽ വസിപ്പാൻ കൂടുമെങ്കിൽ ആയത്തു അത്രെ ഏറ്റം നന്നായിരിക്കുന്നതു എന്നു കയത്താനൊസ്സപാതിരിയൊട മല്പാൻ പറഞ്ഞു. അതിന്റെ അവകാശങ്ങളും കാട്ടിയാറെ ആയത്തു നെരത്രെ എന്നു കയെത്താനൊസ്സ പാതിരിയും ബൊധിച്ച ഉടൻതന്നെ സംബെന്തു എന്ന ആശ്രമത്തിലുള്ള ദർശനക്കാററുടെ കാര്യം വിചാരിക്കുന്ന പാതിരിക്ക ഞങ്ങൾക്ക അവിടെ വസിപ്പാനുള്ള അവസ്ഥമെൽ കുറി എഴുതി അയക്കയും വിചാരിപ്പുകാരൻപാതിരിയും ഈ കാര്യത്തിന്റെ അവസ്ഥ വിചാരിച്ച പറയാമെന്നുള്ള മറുപടി കൊടുത്തയക്കയും ചെയ്തു. ഇതിന്റെ ശെഷം ലൂവീസ അന്തൊനിയൊ കല്പിച്ച അവിടെതന്നെ ഞങ്ങൾക്ക ഭക്ഷണവും വിദയം വരുത്തി, ഞങ്ങൾ ഭക്ഷണം കഴിഞ്ഞതിന്റെ ശെഷം കയത്താനൊസ്സപാതിരിയും തന്റെ മകൻ യൌസെപ്പ പാതിരിയും മല്പാനുംകൂടെ വിഷ്ക്കൊന്തിയെ കണ്ടു പറവാനായിട്ട തന്റെ ഭവനത്തെക്ക പൊകയും ഞാനും മർക്കൊസ്സും കയത്താനൊസ്സ പാതിരിയുടെ പ്രമാണത്താൽ ഈ കപ്പൽപണിക്കുള്ള വീട്ടിൽതന്നെ പാർത്തിരിക്കയും ചെയ്തു. നെരം വൈകാറായപ്പൊൾ കയത്താനൊസ്സപാതിരിയും ശെഷമുള്ളവരും വിഷ്ക്കൊന്തിയുടെ വീട്ടിൽനിന്ന വന്നതിന്റെ ശെഷം ഞങ്ങൾ എല്ലാവരും രാ പൊറുപ്പാനായിട്ട ലൂവീസ അന്തൊനിയുടെ വീട്ടിൽ ചെല്ലുകയും ലൂവീസ അന്തൊനിയും തന്റെ വീട്ടുകാരെല്ലാവരും പാരം പ്രസാദത്തൊടും ബഹുമാനത്തൊടുംകൂടെ ഞങ്ങളെ അവിടെ കൈക്കൊണ്ടു ഞങ്ങൾ നാലു പെർക്കും വസിപ്പാനായിട്ട തന്റെ വീട്ടിന്റെ മാളികയിൽ സ്ഥലവും കട്ടിലുകളും ഒപ്പിക്കയും ഞങ്ങൾക്ക ഭക്ഷണത്തിന്ന

www.malankaralibrary.com

വെണ്ടുന്ന ചിലവുകളും ഒക്കെയും തന്റെ കയ്യാൽതന്നെ അവിടെ ഞങ്ങൾ പാർത്തുവന്ന നാൾ ഒക്കെയും തരികയും ചെയ്തു.

ഇങ്ങനെ അന്നത്തെ ദിവസം കഴിഞ്ഞാറെ പിറ്റെ ദിവസം രാജസ്ത്രീയെയും രാജാവിനെയും കാൺമാനായിട്ടു അന്നു ഞങ്ങൾ വസിച്ചിരിക്കുന്ന ലിസ്ബൊആയുടെ കിഴക്കുപുറത്തുള്ള ചതുമിറ്റത്തിന്നു അടുക്കയുള്ള രാജധാനിക്കൽ ചെന്നപ്പൊൾ രാജാവും രാജസ്ത്രീയും കുളികഴിവാനായിട്ടു ഒരുമിച്ചു പുറപ്പെട്ടു നെരത്തു, ഞങ്ങൾ എല്ലാവരും ചെന്നു രാജാവിന്റെയും രാജസ്ത്രീയുടെയും കൈ മുത്തുകയും രാജസ്ത്രീയും ഞാനും മല്പാനുംകൂടെ കൈമുത്തിയ നെരത്തു ഇവർ റൊമായിക്കു പൊയിട്ടു എത്തും കിട്ടിയില്ലെന്നു അരുളിചെയ്തതിന്നു അങ്ങെ പെരുമസുഖത്തിന്റെ സഹായത്താൽ എല്ലാം കിട്ടുവാൻ സംഗതി വരുമെന്നു കയെത്താനൊസുപാതിരി ഉണർത്തിക്കയും ചെയ്തു. ഇങ്ങിനെ രാജാവിന്റെയും രാജസ്ത്രീയുടെയും കൈ മുത്തിയതിന്റെ ശെഷം മെൽപറഞ്ഞ ലൂലിസ അന്തൊനിയുടെ വീട്ടിൽ വന്നു ഭക്ഷണവും കഴിഞ്ഞു അവിടെതന്നെ വസിക്കയും അവിടെ വസിക്കുന്ന നാളുകളിൽ മർക്കെസ അൻജെജ എന്ന രാജഭണ്ഡാരത്തിന്മെലുള്ള സൎവ്വാധികാര്യക്കാരന്റെയും ഇന്ത്യയാക്കുള്ള സർവാധികാര്യക്കാരന്റെയും മറ്റു വാച്ചു എടത്തുനിന്നുള്ള കാര്യങ്ങളുടെ സർവാധികാര്യക്കാരനായ മർത്തിഞ്ഞു ദെമെലിന്റെയും മറ്റു ചില പ്രധാനികളുടെയും വീടുകളിൽ ചെന്നു അവരെ ഒക്കെയും കണ്ടു പറഞ്ഞു ഞങ്ങൾ വന്നിട്ടുള്ള പ്രകാരം അറീക്കയും ഇവരും ഞങ്ങളെ വെണ്ടുംവണ്ണം കൈക്കൊണ്ടു നല്ലവണ്ണം പറഞ്ഞയക്കയും ഈ മന്ത്രികളുടെ വീടുകളിൽ പിന്നെയും ചില പ്പൊൾ കയെത്താനൊസുപാതിരി ഞങ്ങളെ കൂട്ടികൊണ്ടുപൊയി അവരുമായി കണ്ടു പറയുകയും ചെയ്തുവരിക മര്യാദി ആയിരുന്നു. ഇങ്ങിനെ വ (8) ദിവസം ഞങ്ങൾ എല്ലാവരുംകൂടെ മെൽപറഞ്ഞ ലൂവീസ അന്തൊനിയുടെ വീട്ടിൽ വസിച്ചതിന്റെ ശെഷം സംബന്തു എന്ന ദർശന ആശ്രമത്തിന്റെ വിചാരിപ്പുകാരൻ പാതിരി മെൽചൊല്ലിയവണ്ണം പാതിരി കയെത്താനൊസു എഴുതി അയച്ച കുറിക്കു വിചാരിച്ചു ഉത്തരം പറയാമെന്നും മറ്റും മറുപടി എഴുതി അയച്ചിരിക്കുന്നതിനെകൊണ്ടു ആ കാര്യത്തിന്റെ തീർച്ച പറവാനായിട്ടു ലൂവിസ അന്തൊനിയുടെ വീട്ടിൽ ഞങ്ങളെ കാൺമാനായിട്ടു വന്നു രണ്ടുപെൎക്കു ഇടം സംബന്തു എന്ന ആശ്രമത്തിൽ ഒപ്പിച്ചിരിക്കുന്നു എന്നും മറ്റു രണ്ടുപെൎക്കും രാജകല്പന അവിടെക്കു ചെല്ലുന്ന ഉടൻ ഒപ്പിപ്പാൻ നിശ്ചയിച്ചിരിക്കുന്നു എന്നും പറഞ്ഞാറെ ഉടൻ തന്നെ കയെത്താനൊസുപാതിരി മല്പാനെയും തന്റെ മകൻ യൌസെപ്പുപാതിരിയെയും സംബന്തു എന്ന ആശ്രമത്തിൽ വസി



പ്പാൻ ആക്കുകയും ഞാനും മർക്കൊസും ലൂവീസ അന്തൊനിയുടെ വീട്ടിൽതന്നെ പിന്നെയും വസിച്ചുവരികയും ചെയ്തു. എന്നാൽ റൊമായിൽനിന്നും വന്ന കാർല്ലൊസു പാതിരി എന്ന ഒരു നാലാംപട്ടക്കാരനെയും തർസീസ എന്ന ഒരു വാലിഭക്കാരനെയും കയത്താനൊസപാതിരി രാജാവുമായി ശ്രമിച്ചു രാജചിലവു അവക്കു വാങ്ങി റെല്യംഘെലാലീസ എന്നു ചൊല്ലുന്ന വിജൊസ ദെ പൌല എന്ന പുണ്യവാളന്റെ ദർശനസഭക്കാരുടെ പഠിത്വ വീട്ടിൽ പഠിപ്പാൻ ആക്കീട്ടുണ്ടായിരുന്നു. എന്നു വരുമ്പൊൾ കയത്താനൊസുപാതിരിയുടെ മകൻ യൌസെപ്പുപാതിരിയും മല്പാനും സംബന്തു എന്ന ആശ്രമത്തിൽ വസിച്ചുവരികയും ഞാനും മർക്കസും പുറകെ അവിടെ ചെല്ലുവാൻ ഭാവിച്ചിരിക്കുന്നതിനെക്കൊണ്ടും ഈ രണ്ടു പെരെയുംകൂടെ അവിടെ വരുത്തി തന്റെ മകൻ യൌസെപ്പുപാതിരിയൊടുകൂടെ പാർപ്പാനാക്കിയാൽ തന്റെ മകന്റെ കീൎത്തിയും ബഹുമാനവും വളരുവാൻ നന്നായിരിക്കുമെന്നു കയത്താനൊസുപാതിരി കണ്ടു ഈ കാര്യത്തിന്മെൽ രാജാവുമായി പറഞ്ഞ മെൽപറഞ്ഞ പഠിത്വവീട്ടിൽ ഇവർക്കു രണ്ടുപെർക്കും കൊടുത്തുവരുന്ന ചിലവു ദ്രവ്യം സംബന്തു എന്ന ആശ്രമത്തിൽ കൊടുക്കതക്കവണ്ണം രാജാവിന്റെ കൽപനയും വാങ്ങി മെൽപറഞ്ഞ രണ്ടുപെരെയും തന്റെ മകൻ യൌസെപ്പുപാതിരിയൊടുകൂടെ അവിടെ വസിപ്പാനായിട്ടും കൂട്ടായിട്ടും സംബന്തു എന്ന ആശ്രമത്തിൽ കൊണ്ടുവന്നു ആക്കുകയും ചെയ്തു.

ഇങ്ങനെ ഇവർ നാലു പെരും മെൽ പറഞ്ഞ ആശ്രമത്തിലും ഞാനും മർക്കെസും ലൂവീസ അന്തൊനിയുടെ വീട്ടിലും വസിച്ചുവരുന്ന മദ്ധ്യെ ചിലകൂട്ടം കാര്യങ്ങൾ ഇടപെട്ടു കയത്താനൊസുപാതിരിയും ലൂവീസ അന്തൊനിയും തമ്മിൽ സ്നെഹവും വിശ്വാസവും വിട്ടു പാരം അയർപ്പായി വന്നതിനെകൊണ്ടു ഈ അയപ്പു തീൎത്തു മുമ്പിലത്തെപൊലെ നിരപ്പും സ്നെഹവും വരുത്തുവാൻ മല്പാനും മർക്കെസു കസ്തന്തീനിയും പാരം ക്ലെശവും പ്രയത്നവും കഴിച്ചിട്ടു തങ്ങൾ ആഗ്രഹിച്ചു ശ്രമിച്ച കാര്യം സാധിച്ചില്ല എന്നുതന്നെയും അല്ല മർക്കെസും കയത്താനൊസുപാതിരിയും തന്നെ ആയിട്ടും കാലക്രമെണ വിപരീതമായി വരികയും ചെയ്തു. അതെന്തെന്നാൽ ഈ പുസ്തകത്തിന്റെ അമ്പത്തഞ്ചാം പദത്തിൽ പറഞ്ഞപൊലെ മർക്കെസു കസ്തന്തീനി എത്രയും ഭക്തിമയും പുണ്യവും ഉള്ള ആളായിരുന്നതിനെക്കൊണ്ടു പല പല പുണ്യങ്ങളുടെ നിഷ്ഠകളും സുകൃതങ്ങളും പ്രവൃത്തിച്ചുവരുമാറുള്ളതിൽ ഒന്നു അതാതു പുണ്യവാളന്മാരുടെ പെരുനാൾ ദിവസങ്ങളിൽ താൻ വസിക്കുന്ന നഗരിയിൽ എങ്ങും പെരുനാൾ ദിവസത്തിന്റെ ഉടയവനായ പുണ്യവാളന്റെ പള്ളി ഉണ്ടെന്നു വരി

www.malankaralibrary.com

കിൽ ഈ പള്ളിയിൽ ചെന്നു കുമ്പീട്ടു ഉടയതമ്പുരാനൊടും അപെക്ഷിച്ചുവരുവാൻ മര്യാദി ഉണ്ടായിരുന്നതുകൊണ്ടു ഈ തന്റെ നിഷ്ഠക്കു ഒത്തപൊലെ ലിസ്ബൊആയിൽ കഴിച്ചുവരുന്നതിന്റെ ശെഷവും കഴിപ്പാനുള്ളതിന്നു മർക്കൊസു തുടങ്ങിയാറെ പല അവകാശങ്ങൾകൊണ്ടും കയത്താനൊസുപാതിരി ഈ വ്രതം മുടക്കുകയും മർക്കൊസു അവന്റെ മുടക്കു സമ്മതിക്കാതെ തന്റെ നിഷ്ഠ കഴിക്കയും ചെയ്തുവന്നതിനെകൊണ്ടു ഇവർ തമ്മിലും പാരം വിപരീതം ആയി കഴിക്കയും ചെയ്തു. മെൽ പറഞ്ഞവണ്ണം കയെത്താനൊസു പാതിരിയും ലൂവീസ അന്തൊനിയും ആയിട്ടു വിപരീതം ആയിവന്നു എങ്കിലും തന്റെ വീട്ടിൽ വസിച്ചുവരുന്ന ഞങ്ങളുടെ നെരെ ഒട്ടും ഒരു കറപ്പു കാട്ടാതെ മുമ്പിലത്തെപ്പൊലെയുള്ള സ്നെഹത്തൊടും ബഹുമാനത്തൊടുംകൂടെ ഞങ്ങളൊടു പെരുമാറി വന്നുതാനും. ഇങ്ങിനെ ഏറക്കുറെ മൂന്നു മാസം ഇട ലൂവീസ അന്തൊനിയുടെ വീട്ടിൽ ഞങ്ങൾ താമസിച്ചു വരുമ്പൊൾ കയെത്താനൊസു പാതിരി രാജാവുമായിട്ടു ശ്രമിച്ചു ഞങ്ങൾ മൂന്നു പെരെയും അതായതു കയെത്താനൊസു പാതിരിയുടെ മകൻ യൌസെപ്പുപാതിരിയെയും മല്പാനെയും എന്നെയും സംബന്തു എന്ന ദർശനവീട്ടിൽ കൈക്കൊണ്ടു വെണ്ടുന്നതു ഒക്കയും തന്നു അവിടെ രക്ഷിക്കത്തക്കവണ്ണം ആയതിന്നു ചെല്ലുന്ന ചെലവു രാജഭണ്ഡാരത്തിൽനിന്നു മെടിച്ചുകൊള്ളത്തക്കവണ്ണവും സംബന്തു എന്ന ദർശനവീട്ടിന്റെ മൂപ്പനാകുന്ന പാതിരിക്കു രാജാവിന്റെ അറീപ്പു കയെത്താനൊസു പാതിരി മെടിക്കയും ചെയ്തു. മർക്കൊസിന്നു വെണ്ടിയും ഇതിൻവണ്ണം ഉള്ള അറീപ്പു മെടിപ്പാൻ കയെത്താനൊസു പാതിരി ശ്രമിച്ചാറെ മർക്കൊസെ കുസ്തന്തീനി പട്ടക്കാരൻ അല്ലായ്കകൊണ്ടു ആയതു സാധിച്ചതും ഇല്ല. എങ്കിലും ഞങ്ങൾക്കുള്ള ഭക്ഷണംകൊണ്ടു അയാൾക്കും കൂടെ കഴിവാൻ വെണ്ടുവൊളം മതി ആയിരിക്കും എന്നതിനെകൊണ്ടു അയാളുംകൂടെ ആശ്രമത്തിന്നു വരത്തക്കവണ്ണം നിശ്ചയിക്കയും ചെയ്തു.

അപ്പൊഴെ ഇങ്ങനെ രാജകല്പന വാങ്ങിയ ദിവസം പിറവിയുടെ പെരുന്നാളിന്റെ തലെത്തലെദിവസം ആകുന്നതിനെക്കൊണ്ടു അപ്പൊൾതന്നെ ഞങ്ങൾ രണ്ടുപെരും അവിടെനിന്നും മെൽപറഞ്ഞ ആശ്രമത്തിന്നു പൊകുവാൻ പാതിരി കയത്താനൊസിന്റെ മനസ്സായിരുന്നു എങ്കിലും പെരുനാൾ ദിവസം മൂന്നും കഴിവൊളം അവിടെനിന്നും പൊകുവാൻ ലൂവീസ അന്തൊണി സമ്മതിച്ചതും ഇല്ലാ. വിശെഷിച്ചും പെരുനാൾദിവസം കഴിഞ്ഞു അവിടെനിന്നും ഞങ്ങൾ പൊകുന്നപ്പൊൾ ഞങ്ങൾ രണ്ടുപെൎക്കും അവിടെ ചെന്ന ചിലവിനുള്ള പണം കയത്താനൊസു പാതിരി കൊടുത്താറെ ലൂവീസ അന്തൊനി അത് മെടിപ്പാൻ മനസ്സായതും





യതും ഇല്ല. എന്നു വരുമ്പൊൾ ലൂവീസ അന്തൊനിയുടെ വീട്ടിൽനിന്നും ഞങ്ങൾ രണ്ടുപെരും കൂടെ സംബന്തു എന്ന ആശ്രമത്തിൽ വന്നു ശെഷമുള്ളവരൊടുകൂടെ അവിടെ വസിച്ചതിന്റെശെഷം മല്പാനൊടും എന്നൊടും കയെത്താനൊസുപാതിരി പറഞ്ഞു. നിങ്ങൾക്കു ഇവിടെയുള്ള നാട്ടുമര്യാദിമെലും ക്രമങ്ങളിന്മെലും പരിചയം ഇല്ലായ്കകൊണ്ടു നിങ്ങൾ ഈ കാര്യത്തിന്നു ശ്രമിപ്പാനായിട്ടു നടന്നാൽ പക്ഷെ കാര്യമൊക്കെ ശുഭമായി വരെണ്ടതിന്നു പകരം മററുജാതി വന്നുകൂടുവാൻ പൊരും എന്നതുകൊണ്ടു എന്നൊടു വിചാരിക്കാതെയും ഞാൻ പറയാതെയും നിങ്ങൾ പ്രധാനികളുടെയും സർവാധികാര്യക്കാരന്മാരുടെയും വീടുകളിൽ ചെന്നു അവരുമായിട്ടു നിങ്ങളുടെ കാര്യത്തിന്മെൽ പറഞ്ഞെന്നു വരാതിരിക്കട്ടെ.

വിശെഷിച്ചും നിങ്ങളുടെ കാര്യമൊന്നിനും ഒരു ലയം വരാതെ വെഗം സാധിക്കത്തക്കവണ്ണം ഉള്ള വഴിക്കു ഞാൻ ശ്രമിച്ചു നിങ്ങൾ വിചാരിക്കുന്നതിൽ നല്ലവണ്ണം സാധിപ്പിച്ചു തരുന്നു എന്നു പറഞ്ഞ തന്റെ അനുവാദം കൂടാതെ പ്രധാനികളുടെ വീടുകളിൽ ചെന്നു അവരുമായിട്ടു കണ്ടുപറവാനുള്ളതിന്നു വിരൊധിക്കയും ഞങ്ങളും ഞങ്ങളുടെ പരിചയമില്ലാഴികയും വാക്കുപൊരായ്കയും അറിഞ്ഞു തന്റെ കല്പനയ്ക്കു തക്കവണ്ണം കാത്തുവരികയും ചെയ്തു.

## വിചാരം

കയെത്താനൊസുപാതിരി ഞങ്ങളൊടു പ്രമാണിച്ച മെൽപറഞ്ഞ പ്രമാണം താൻ ഞങ്ങളൊടു പറഞ്ഞപൊലെ ഞങ്ങളുടെ പരിചയം ഇല്ലാഴികയും വാക്കുപൊരാഴികയുംകൊണ്ടു ഞങ്ങളുടെ കാര്യത്തിന്നു അന്തരം വരും എന്നു കാൺകകൊണ്ടല്ലാ. പിന്നെയൊ ഞങ്ങൾകൂടെ നടന്നു ശ്രമിച്ചാൽ താൻ കണ്ട കടവിൽ കാര്യം കെട്ടുവാൻ സംഗതി വരിക ഇല്ലെന്നുള്ള ഭയംകൊണ്ടത്രെ എന്നു പിന്നെയുണ്ടായ അവസ്ഥകൊണ്ടു ഞങ്ങൾ അറിഞ്ഞപൊലെ ശെഷം വരുന്ന വൎത്തമാനം വായിച്ചുകാണുന്ന എല്ലാവൎക്കും അറികയുമാം. അപ്പൊഴെ ഇങ്ങനെ മെൽപറഞ്ഞ ഗൊവയിൽനിന്നു വന്ന രണ്ടു പഠിക്കുന്നവരും ഞങ്ങൾ രണ്ടുപെരും മല്പാനും യൌസെപ്പുപാതിരിയും എല്ലാവരും ഈ ആശ്രമത്തിൽ ആയതിന്റെ ശെഷം (ഇതുമെന്യെ) നിക്ലാവു കുസ്തന്തീനി എന്നു മെൽപറഞ്ഞ സ്നെഹകാരന്റെ വീട്ടിൽ ഒരുത്തന്നു കുർവാനക്കു പണം താൻതന്നെ വിചാരിക്കയും ഞങ്ങളിൽ ഒരുത്തന്നു കയെത്താനൊസുപാതിരിയും തന്നു. ഞാനും ഇനിക്കു ദീനം വരുവൊളം മുടക്കംകൂടാതെ നിത്യവും അവിടെ പൊയി കുർവാന ചൊല്ലുകയും ചെയ്തു. പാതിരി കയെത്താനൊസു പകലുള്ള നെരം ഞങ്ങളൊടുകൂടെ ഒരുമിച്ചു ഭക്ഷണം കഴിക്കയും പലകൂട്ടം

www.malankaralibrary.com

പൊരുൾപടാർത്ഥകളും നല്ല ബുദ്ധികളും ഞങ്ങളൊടു പറയുകയും
ചെയ്യുമാറായിരുന്നതു ഒഴിയെ ഗൊവയിൽ മുമ്പിൽ ഭരിച്ചിരുന്ന
മെത്രാപ്പൊലീത്തായൊടു മറുത്തും ഇപ്പൊൾ ഭരിച്ചുവരുന്ന മെത്രാ
പ്പൊലീത്തായൊടു മറുത്തും ഗൊവയിൽതന്നെ നിൽക്കുന്ന പല
രാജ്യക്കാറരു ദർശനക്കാറരൊടു മറുത്തും പലപല കടുദാശ്രുകളും
സങ്കടങ്ങളും എഴുതി രാജാവിന്റെ മുമ്പാകെ കൊടുക്കയും ഇതൊ
ക്കയും കൂടാതെ ഒരുഴം ഞങ്ങൾ മൂവരെയും അതായതു മല്പാനെ
യും എന്നെയും തന്റെ മകൻ യൌസെപ്പുപാതിരിയെയും രാജാ
വിന്റെ തിരുമുമ്പാകെ കൂട്ടികൊണ്ടുപൊയി രാജാവിന്റെ
കയ്യും മുത്തി മല്പാനെ കാട്ടി ഇതാ മലങ്കരെയുള്ള പള്ളികളുടെ
ഒരിമ്പാടിന്നും നസ്രാണിസുഖത്തിന്റെ നിരപ്പിന്നും വെണ്ടി വ
ന്നിരിക്കുന്ന കരിയാറ്റി. ഇതാ ഇവിടെ ഇയാളെ കൊടുങ്ങല്ലൂർ
മെത്രാപ്പൊലീത്താ ആക്കിയെ അവിടെ ശുഭം വരുവൊള്ളു.
എന്നു വരുമ്പൊൾ ഇതു ഒക്കെയും അങ്ങെ പെരുമ സുഖം സൂക്ഷി
ച്ചു മനൊഗുണം ഉണ്ടായി ഗൊവയുടെ മെത്രാപ്പൊലീത്തായുടെ
കാര്യം തീർത്താൽ ശെഷമൊക്കയും തീരുവാൻ പാരം എളുപ്പവും
ഗുണവും ഉണ്ടായിവരുന്നതിനെകൊണ്ടു ആയതിന്നു തിരുമനസ്സു
ണ്ടായി വെഗം തീർപ്പാൻ മനൊഗുണമുണ്ടാകണമെന്നു വളരെ
വളരെ രാജാവിനൊടു അപെക്ഷിച്ചതിന്റെ ശെഷം ആയതു
ഒക്കെയും വിചാരിച്ചു നിശ്ചയിക്കാമെന്നു രാജാവു കല്പിക്കയും
ആയതിന്റെ ശെഷം ഞങ്ങൾ ഞങ്ങളുടെ ഭവനത്തെക്കു പൊരു
കയും ഇതു കഴിഞ്ഞതിന്റെ ശെഷം പലപ്പൊഴും ഞങ്ങളെ കൂടാതെ
തന്റെ മകനെതന്നെ കൂട്ടിക്കൊണ്ടുപൊയി രാജാവിനെ കാട്ടി
പലകൂട്ടം ആവലാധികളും സങ്കടങ്ങളും ബൊധിപ്പിക്ക മര്യാദി
ആയിരുന്നു. എന്നാൽ ഗൊവയുടെ മെത്രാപ്പൊലീത്ത കിഴക്കെ
ദിക്കു ഒക്കെക്കും തലവനും മുമ്പനും ആകുന്നെന്നു പ്രതിജ്ഞ ആകു
ന്നതിനെക്കൊണ്ടു ഈ സ്ഥാനം തനിക്കു കിട്ടുമെന്നു കയത്താ
നൊസുപാതിരിക്കു വെണ്ടുവൊളം ശരണം ഉണ്ടായിരിക്കകൊ
ണ്ടും ഈ സ്ഥാനം തനിക്കു വന്നതിന്റെ ശെഷം താൻ വെണം
ഈന്ദ്യാനാട്ടിൽ മാർഗ്ഗത്തിന്നു ബന്ധിക്കുന്ന കാര്യങ്ങൾ ഒക്ക
യും ചെയ്യാനെന്നു തന്റെ നിനവാകകൊണ്ടും കൊടുങ്ങല്ലൂർ ഇട
വകയുടെയും ശെഷം ഈന്ദിയായിലുള്ള മറ്റു എടവകകളുടെ
യും കാര്യം രാജാവിനെ ബൊധിപ്പിക്കുന്നുണ്ടെങ്കിലും ഗൊവ
യുടെ മെത്രാപ്പൊലീത്തായുടെ കാര്യത്തിനത്രെ ഉറ്റിട്ടുള്ള തന്റെ
ശ്രമം ആകുന്നു എന്നു മീതെ ചൊല്ലിയ രാജാവിന്റെ മുമ്പാകെ
പറഞ്ഞ മൊഴികൾകൊണ്ടും മറ്റും പല അവകാശങ്ങൾകൊ
ണ്ടും ഞങ്ങൾ നല്ലവണ്ണം അറിഞ്ഞു എങ്കിലും രാജാവുമായിട്ടും
മന്ത്രിമാരായിട്ടും കയത്താനൊസുപാതിരിക്കുള്ള സ്നെഹവും
ശക്തിയും അറികകൊണ്ടും ഞങ്ങളുടെ പരിചയം ഇല്ലാഴികയും
വാക്കിന്റെ കുറവും വിചാരിക്കകൊണ്ടും ഒട്ടെറെയും റൊമായു



ടെയും ശെഷം ഈന്ദിയാരാജ്യത്തുള്ള നാടുകളുടെയും കാര്യങ്ങൾ
വളരെ താമസംകൂടാതെ തീരുവാൻ സംഗതി വരുമെന്നു ഭാവി
ച്ചിരിക്കകൊണ്ടും കയത്താനൊസുപാതിരി പറയുന്ന പ്രകാര
ത്തിൽ എല്ലാംകൊണ്ടും ഇത്രനെരവും ഞങ്ങൾ അയാൾക്കു ചൊ
ല്ലുവിളികെട്ടു നിന്നതെ ഉള്ളുതാനും. വിശെഷിച്ചും ഇങ്ങനെ ഒക്ക
യും ഇരിക്കുന്ന എടയിൽ താൻ വിചാരിച്ചുവന്നപൊലെ ഈന്ദി
യായിക്കു പൊകുവാൻ കൂടുക ഇല്ലാ എന്നു കാൺകകൊണ്ടും കയ
ത്താനൊസുപാതിരിയും ആയിട്ടു ദിനംദിനം അയർച്ചു വരിക
കൊണ്ടും മർക്കൊസ് കുസ്തന്തീനി തന്റെ നാടായ കൊളെന്തി
നായിക്കുതന്നെ തിരികെപൊകയും ചെയ്തു. വിശെഷിച്ചും താൻ
ലിസ്ബൊ ആയിൽനിന്നും പൊകുന്നപ്പൊൾ ഏതാനും കമ്മീ
ശ്രുകളും വെള്ളുറുവാലകളും വിരിപ്പാവുകളും ഇനിക്കു തരത്തക്ക
വണ്ണം മെൽപറഞ്ഞ ലൂവീസ അന്തൊനിയുടെ വീട്ടിൽ വെച്ചെ
ച്ചുപൊകയും ലൂവീസ അന്തൊനി ഞങ്ങൾ പിന്നെ ലിസ്ബൊ
ആയിൽനിന്നും ഈന്ദിയായിക്കു തിരിക്കുന്ന സമയം ആയതു
ഒക്കെയും ഇനിക്കു കൊടുത്തയക്കയും ചെയ്തു.

# അറുപതാം പദം

മെൽചൊല്ലിയതു ഒക്കെയും കഴിഞ്ഞതിന്റെശെഷം കയത്താ
നൊസുപാതിരി ചെയ്ത അവസ്ഥമെൽ

എന്നാൽ കയത്താനൊസുപാതിരി താൻ വിചാരിച്ചും
ആഗ്രഹിച്ചും ഇരിക്കുന്നപൊലെ ഗൊവയുടെ മെത്രാപ്പൊലീത്താ
യുടെ കാര്യം വെഗം തീരുവാനുള്ളതിന്നു ആകുന്ന ശ്രമം ഒക്കെയും
താൻ കഴിച്ചു വരുന്നു എങ്കിലും ആയതു തീരുവാനുള്ളതിനു പി
ന്നെയും ദീർഘമായി വരുന്നതു താൻ കണ്ടാറെ ഈ കാര്യം
തീർന്നുവരുന്ന എടയിൽ ശെഷം ഗൊവയിൽ വെണ്ടുന്ന കാര്യ
ങ്ങൾ തീർപ്പാനുള്ളതിന്നു ശ്രമിക്കതന്നെ എന്നും വച്ചു ആയതിന്നു
ശ്രമിച്ചു തുടങ്ങുകയും ചെയ്തു. അപ്പൊഴെ മുമ്പിൽ കയത്താ
നൊസു പാതിരി രാജാവുമായിട്ടു പറഞ്ഞു ഗൊവയിൽ പുത്തനാ
യിട്ടു ഒരു ദർശനം ഉണ്ടാക്കുവാനായിട്ടു മാർ വിഞ്ചൻസിയൂസ
ദെ പൌലൊ എന്ന ദർശനത്തിൽ ഉള്ള രണ്ടു പാതിരിമാരെ
ലിസ്ബൊ ആയിൽനിന്നും ഗൊവക്കു അയച്ചിട്ടുണ്ടായിരുന്നു.
എന്നു വരുമ്പൊൾ ആയതിന്നു തികച്ചിൽ വരുത്തി ഗൊവയിൽ
പുത്തനായിട്ടുള്ള ഈ ദർശനത്തിനു അടിസ്ഥാനമിടുവാനായിട്ടു
ഇത്താല്യാരാജ്യത്തുള്ളതിൽ ഈ ദർശനത്തിൽതന്നെയുള്ള എട്ടു
പാതിരിമാരെ കൂടെ വരുത്തി ഗൊവക്കു അയക്കണമെന്നു വച്ചു
ഈ കാര്യം രാജാവുമായിട്ടു പറഞ്ഞു അനുവാദവും റൊമ്മായില്

www.malankaralibrary.com

ള്ള മനിഷ്പത്തിന്നു രാജസാധനവും വാങ്ങി മെൽപറഞ്ഞ എട്ടു പാതിരിമാരെ ക്ലെശിച്ച അയക്കത്തക്കവണ്ണം റൊമ്മായിൽ തന്റെ കാര്യം വിചാരിക്കുന്ന ബ്രന്ദാമ്മിന്നും പിന്നെയും മറ്റു ചിലർക്കും എഴുതി അയക്കയും ഈ എഴുത്തുകൾ അങ്ങുചെന്നു രാജമനസ്സു മെൽപറഞ്ഞ ദർശനക്കാർ അറിഞ്ഞ ഉടൻ എട്ടു പെരിൽ നാലു പെരു ഈന്ദിയായിക്കു പൊകത്തക്കവണ്ണം യാത്ര പുറപ്പെട്ടു ലിസ്ബൊ ആയിൽ വന്നു എത്തുകയും ചെയ്തു. എന്നാൽ ഇവർ വന്നെത്തിയതിന്റെ ശെഷം കയത്താനൊസുപാതിരി രാജാവുമായിട്ടു പറഞ്ഞു വെണ്ടുന്ന അനുവാദവും വാങ്ങി ആ ആണ്ടിൽതന്നെ ഈന്ദിയായിക്കു പൊയ രാജകപ്പലിൽ തന്നെ ഗൊവക്കു അയക്കയും ചെയ്തു.

വിശെഷിച്ചും ഈ ദർശനക്കാറർ ലിസ്ബൊ ആയിൽ നിന്നു പൊകുന്നപ്പൊൾ അവരിൽ ഓരൊരുത്തന്നു അമ്പതീതെ മൊനെത്താ കപ്പൽക്കൂലി ആയി കൊടുത്തതെന്യെ അമ്പതീതെ മൊനെത്താ തങ്ങൾക്കു വെണ്ടുന്ന വസ്തുക്കൾ ഒപ്പിപ്പാനായിട്ടു അവരിൽ ഓരൊരുത്തന്നു രാജസ്ത്രീ കല്പിച്ചുകൊടുക്കയും ചെയ്തു (ഒരു മൊനെത്തായിക്കു മൂന്നു പൊൻകാശു വിലവരും.)എന്നാൽ ഈ ദർശനക്കാർ പൊകുന്നപ്പൊൾ തന്റെ മകൻ യൌസെപ്പുപാതിരിയെക്കൂടെ ഗൊവക്കു അയപ്പാൻ ശ്രമിച്ചാറെ താൻ വിചാരിച്ച ദ്രവ്യം രാജാവു കൊടുക്കായ്കകൊണ്ടു അവരുടെക്കൂടെ അയച്ചതുമില്ല. അപ്പൊഴെ ഇങ്ങനെ ഇത്താല്യാക്കാർ പാതിരിമാരെ കയെത്താനൊസുപാതിരി ശ്രമിച്ചു വരുത്തിയാറെ അവരെ ഗൊവക്കു അയക്കുന്നതിന്മെൽ രാജാവും രാജസ്ത്രീയും ഒരു മുടക്കം കാട്ടി ഇല്ലാ എങ്കിലും പറുങ്കിനാട്ടിൽ ഈ ദർശനത്തിൽ ഉററ അറിവും ഇരിപ്പും ഉള്ള പാതിരിമാരു ഉണ്ടായിരിക്കുമ്പൊൾ അവരിൽ ആരും ഒരു വിലപിടിപ്പില്ലാത്തവരെപൊലെ ഇത്താലിയാക്കാററരെ എഴുതിവരുത്തി ഗൊവക്കു അയച്ചതിന്മെൽ പ്രത്തുക്കാൽരാജ്യത്തുള്ള പലരും കയെത്താനൊസുപാതിരിയുടെമെൽ സങ്കടംപറഞ്ഞു തുടങ്ങുകയും ഈന്ദിയാമുഖത്തെ സർവ്വാധികാര്യക്കാരനാകുന്ന മർത്തീഞ്ഞ ദ മെലിന്റെമെലും ഇവർ സങ്കടം പറയുന്നതു ഞായമത്രെ ആകുന്നു എന്നും അടുത്തു കൂടിക്കൊണ്ടു തട്ടിപ്പാനത്രെ കയെത്താനൊസുപാതിരി തുടങ്ങുന്നു എന്നും തന്റെ മനസ്സിൽ ആയിക്കൂടുകയും ചെയ്തു. ഇങ്ങിനെ ഒക്കെയും ഇരിക്കുന്ന മദ്ധ്യെ കൊച്ചിയിൽ വികാരിജനരാളായി കൊച്ചി ഇടവക ഭരിച്ചുവന്ന ഗൊവക്കാരൻ പ്രംസിസ്ക്കൊസ കയെത്താനൊസുകൊയിത്തു എന്ന പാതിരി ഗൊവയിൽനിന്നു ലിസ്ബൊ ആയിക്കു വന്നു എത്തുകയും ഇയാൾ വന്ന ഉടൻ അവിടെയുള്ള ഒരു പ്രധാനപ്പെട്ട സ്ത്രീയുടെ വീട്ടിൽ കൊണ്ടുചെന്നു ആക്കിയാറെ ഞങ്ങളും ഒരുമിച്ചു ഈന്ദിയായിക്കു പിന്തിരിയുന്ന ദിവസത്തൊളം അവിടെതന്നെ വസിക്കയും ചെയ്തു.



അപ്പൊഴെ കയത്താനൊസുപാതിരി ഗൊവയുടെ മെത്രാപ്പൊലീത്തായുടെ സ്ഥാനം തനിക്കു വരുമെന്നും എന്നാൽ ഈ മെത്രാപ്പൊലീത്താ ഈന്ദിയ ഒക്കയുടെയും തലവനാകുന്നു എന്നും പറയുന്നതിനെകൊണ്ടും ഈന്ദിയായിൽ മാർഗ്ഗം എടപെട്ടുള്ള കാര്യം ഒക്കയും തനിക്കു ബന്ധിക്കുന്നു എന്നുള്ള മദം തന്റെ ശിരസ്സിൽ കടന്നിരിക്കുന്നതിനെകൊണ്ടും ഗൊവ എന്ന തന്റെ നാട്ടിന്മെൽ തന്നെയല്ലാ പിന്നെയൊ ഈന്ദിയായിലുള്ള മെത്രാന്മാർ എല്ലാവരുടെമെലും ഇടവകകളിന്മെലുംകൂടി ഭരിച്ചെ മതിയാവൂ എന്നു വച്ചു കൊടുങ്ങല്ലൂർ ഇടവകക്കു മെത്രാപ്പൊലീത്താ ആകെണ്ടുന്ന ആൾ മല്പാനത്രെ ആകുന്നു എന്നുവെച്ചതു കൂടാതെ കൊച്ചിയിൽ മെത്രാനാകുന്നത മെൽ പറഞ്ഞകൊച്ചിയിൽ ഗൊവണ്ണദൊരായിരുന്ന പ്രംസിസ്ക്കൊസ കയത്താനൊസപാതിരിയെയും മലാക്ക എന്ന ദെശത്തിന്റെ മെത്രാനാകുവാൻ മാർ പ്രംസിസ്ക്കൊസിന്റെ ദർശനത്തിലുള്ള ഒരു പറുങ്കികാരൻ പാതിരിയെയും മൈലാപ്പൂരിന്നു മെത്രാൻ കാലംചെയ്ത വർത്തമാനം കെട്ടപ്പൊൾ ആ എടവകക്കു മെത്രാനാകുവാൻ റൊമ്മായിൽ തന്റെ കാര്യം വിചാരിച്ചുവരുന്ന ബ്രന്ദാമ്മിനെയും (എന്നാൽ താഴത്തു എഴുതുന്നതുപൊലെ യൌസെപ്പു അന്തൊനി എന്ന ഗൊവക്കാരൻ പാതിരി ലിസ്ബൊ ആയിൽ വന്നെത്തിയശെഷം ഇയാളെ മൈലാപ്പൂരിന്നും ബ്രന്ദാമ്മിനെ മക്കാവിന്നും പാതിരി കയത്താനൊസ തന്നെ മാററിവെക്കയും ചെയ്തു.) കല്പിച്ചു ആയത്തു അങ്ങിനെ കല്പിച്ചെ മതിയാവൂ എന്നു രാജാവിനെ ആകമാനമായിട്ടു ബൊധിപ്പിച്ചതുമെന്യെ മലാക്കാമെത്രാനാകുവാൻ താൻ കല്പിച്ച അലെക്കസെന്ത്രയൊസ എന്ന ഒരു പ്രംസിസ്ക്കൊസകാരൻ പാതിരിയെ മെൽപറഞ്ഞ നാട്ടിന്റെ മെത്രാനെന്നു പെർവിളിക്കെണ്ടുതിന്മെൽ മുട്ടിച്ചുതന്നെ രാജാവിനൊടു അപെക്ഷിച്ചുതുടങ്ങുകയും ചെയ്തു.

എന്നാൽ പ്രത്തുക്കാൽരാജിതത്തിലുള്ള കല്പനക്കു തക്കവണ്ണം മെത്രാന്മാരാകുവാനുള്ളതിനു ആളുകളെ വിധിക്കുന്നതും രാജാവിന്റെ നാമത്താൽ അറിപ്പു യാത്രയാക്കുന്നതും പ്രത്തുക്കാൽ രാജ്യത്തുള്ള കാര്യം വിചാരിക്കുന്ന സർവാധികാര്യക്കാരനാകുന്ന വിഷ്ക്കൊന്തിക്കുള്ള കാര്യമാകുന്നതിനാംപക്കം കയത്താനൊസുപാതിരി വിധിച്ചു രാജാവിനൊടു അപെക്ഷിച്ചുവരുന്ന പ്രംസിസ്ക്കൊസകാരൻ പാതിരിയെ പെരുവിളിച്ചു അറിപ്പുയാത്ര ആക്കുവാൻ തനിക്കു ഒരു പ്രകാരത്തിലും മനസ്സില്ലാത്ത പ്രകാരം രാജാവു ബൊധിച്ചതിനെകൊണ്ടു കയത്താനൊസപാതിരി അപെക്ഷിക്കുന്ന ഈ കാര്യത്തിന്നു സ്വല്പം ഒഴിവുംകഴിവും പറഞ്ഞെങ്കിലും ഒടുക്കം കയത്താനൊസുപാതിരി മുട്ടിച്ചു അപെക്ഷിച്ചു തുടങ്ങിയാറെ രാജാവും തന്റെ അപെക്ഷ സമ്മതിച്ചു മെൽപറഞ്ഞ പ്രംസിസ്ക്കൊസപാതിരിക്കു മലാക്ക എന്ന ദിക്കി

www.malankaralibrary.com

ൻെറ മെത്രാൻ എന്നുള്ള പെരും അറീപ്പും യാത്ര ആക്കിയെ മതി
യാവൂ എന്ന തീരുമാനമായിട്ട വിഷ്ക്കൊന്തിയൊട്ട് രാജാവു
കല്പിക്കയും ചെയ്തു. വിഷ്ക്കൊന്തിയും തൻെറ മനസ്സിനൊട
മറുത്തുള്ള അറീപ്പു യാത്ര ആക്കെണ്ടിവരികയും ചെയ്തു. എന്നാൽ
ഈ ഉണ്ടായ അവസ്ഥകൊണ്ട കയത്താനൊസുപാതിരിയുടെ
നെരെ പാരം സങ്കടം വിഷ്ക്കൊന്തിക്ക തൊന്നി എങ്കിലും
വിഷ്ക്കൊന്തി നല്ല പതപാകവും തമ്പുരാനെ പെടിയും ഉള്ള
ആളാകകൊണ്ടും കയത്താനൊസുപാതിരിയുടെമെൽ പാരം സ്നെ
ഹം രാജാവിന്ന ഉണ്ടായിരിക്കകൊണ്ടും ആയത്തു പുറത്തു കാട്ടാതെ
ഉള്ളിൽതന്നെ അടക്കിവെച്ചതെ ഉള്ളു. അപ്പഴൊ ഇങ്ങിനെ കയ
ത്താനൊസു പാതിരി എല്ലാവരൊടും ജയംകൊണ്ടും താൻ ശ്രമി
ക്കുന്ന കാര്യങ്ങളിൽ മിക്കതും സാധിച്ചും വരുന്ന നാളുകളിൽ
യൌസെപ്പു അന്തൊനിയൊ കൊൻസാലെസ എന്ന എത്രയും
പതവും ചിതവും അറിവും ഉള്ള ഒരു പാതിരിയും തന്നൊടുകൂടെ
റൊമ്മായിൽ ഉള്ള ഈനാസിയൊസു പിന്തു എന്ന ഒരു സാമർ
ത്ഥ്യൻെറ മകൻ യൌസെപ്പു അന്തൊനി പിന്തു എന്ന ഒരു വാലി
ഭക്കാരനും ഗൊവയിൽനിന്നും ലിസ്ബൊ ആയിക്ക വന്നെത്തു
കയും ഇവർ അവിടെ വന്നെത്തിയശെഷം മെൽപറഞ്ഞവണ്ണം
മൈലാപ്പൂരിന്ന മെത്രാനാകുവാൻ കയത്താനൊസുപാതിരി കൽ
പ്പിച്ച ബ്രന്ദാമ്മിനെ മാററി മൈലാപ്പൂരിൻെറ മെത്രാനാകുവാൻ
യൌസെപ്പു അന്തൊനിയൊ എന്ന ഈ പാതിരിയെ കയത്താ
നൊസു പാതിരി കല്പിക്കകൊണ്ട കാനൊനാകളുടെ കല്പ
നകൾക്ക തക്കവണ്ണം സ്ഥാനത്തിന്ന വെണ്ടുന്ന യാതൊന്നും അ
യാൾക്ക കുറഞ്ഞുപൊകാതിരിപ്പാൻ മല്പസുഖത്തിൻെറ സ്ഥാ
നം കൈകൊള്ളുവാനായിട്ട പല പലവക പണികളുടെ ശാസ്ത്ര
ങ്ങൾ പഠിപ്പാനായിട്ട കയത്താനൊസ അന്തൊനി എന്ന വാലി
ഭക്കാരനെ റൊമ്മായിക്ക അയക്കയും ചെയ്തു.

## വിചാരം

മെൽപറഞ്ഞ പാതിരിയെ കയത്താനൊസുപാതിരി റൊ
മ്മായിക്ക മൽപസുഖത്തിൻെറ സ്ഥാനം മെടിപ്പാനുള്ള മുറക്ക പറ
ഞ്ഞയച്ചതു മല്പസുഖത്തിൻെറ സ്ഥാനം മെടിക്കുന്നതിന്നല്ല. പി
ന്നെയൊ ഈ പാതിരി വളരെ വളരെ വശവും ബുദ്ധിവിസ്താ
രവും ഉള്ള ആളാകകൊണ്ടും താൻ വിചാരിച്ചും ശ്രമിച്ചുവരുന്ന
കാര്യത്തിന്ന മറുതല ആയി എതാനും ചെയ്വാൻ പൊരുന്നവ
നാകുന്ന എന്ന കാൺകകൊണ്ടുമത്രെ കയത്താനൊസുപാതിരി
ഇപ്രകാരം ചെയ്തതു.

എന്നാൽ ഇവർ റൊമ്മായിൽ പൊയതിൻെറശെഷം ഇത്താ
ലിയായിൽനിന്നും കയത്താനൊസുപാതിരി എട്ടു പാതിരി
മാർക്കവെണ്ടി മുമ്പിൽ എഴുതി അയച്ചുവണ്ണം മാർ വിഞ്ചെൻ



സിയൊസ ദെ പൌലെ എന്ന പുണ്യവാളൻെറ ദർശനത്തിൽ
നിന്ന പിന്നെയും വരുവാനുള്ള പാതിരിമാരു ഇത്താലിയായിൽ
നിന്നും ലിസ്ബൊ ആയിക്ക വന്നു ചെരുകയും ചെയ്തു. അവ
രിൽ ർ (4) പെർ മുമ്പിൽ ലിസ്ബൊ ആയിക്ക വന്നാറെ
അവരെ ഗൊവക്ക അയച്ചപ്രകാരം മുമ്പിൽ എഴുതിട്ടുണ്ട.
അപ്പൊഴൊ ഇങ്ങിനെ ഈ നാലു പാതിരിമാരും ലിസ്ബൊ
ആയിൽ വന്ന എത്തിയതിൻെറശെഷം കയത്താനൊസുപാതിരി
രാജാവുമായി പറഞ്ഞ അവരെ ഗൊവക്ക അയപ്പാനുള്ളതിന്ന
കല്പന വെസ്ഥവരുത്തി ആയതിന്ന വെണ്ടുന്ന വസ്തുക്കൾ ഒക്കയും
വിദയം വരുത്തിയതിൻെറ ശെഷം ഈന്ദിയാമുഖത്തെ സർവ്വാ
ധികാര്യക്കാരനാകുന്ന മർത്തീഞ്ഞു ദെ മെലിന്ന ഇത്താലിയാ
ക്കാററെ ഗൊവക്ക അയപ്പാൻ മനസ്സില്ലാഴികകൊണ്ട ഈന്ദിയാ
യിക്ക രാജകല്പനയാൽ കൊടുപ്പാൻ മര്യാദി ആയിരുന്ന കടുദാശു
കൊടുപ്പാനുള്ളതിന്ന ഝടത കാട്ടുകകൊണ്ട ആവലാധി പറയു
കയും രാജാവും മർത്തീഞ്ഞ ദെ മെലിന വിളിച്ച പാരം കുററപ്പെ
ടുത്തി അനുവാദകടുദാശു കൊടുപ്പാനുള്ളതിന്ന കഠിനമായികല്പിച്ച
ബലത്താലെ എന്ന പൊലെ അനുവാദകടുദാശു കൊടുപ്പിക്കയും
ചെയ്തു. ഇങ്ങിനെ ഈ കാര്യംചൊല്ലി മെല്പറഞ്ഞ സർവ്വാധികാര്യ
ക്കാരൻ കയത്താനൊസു പാതിരിയുടെ നെരെയുള്ള സ്നെഹമൊ
ക്കയും വെർവിട്ടു പാരം ദൊഷമായി വന്നു എങ്കിലും രാജാവിന്ന
കയത്താനൊസു പാതിരിയുടെ നെരെ പാരം സ്നെഹം ഉണ്ടായി
രിക്കകൊണ്ടും രാജസ്ത്രീയും തൻെറ ചിററപ്പനും ഭാര്യവാനുമാ
കുന്ന രാജാവിൻെറ മനസ്സിനൊട മറുത്ത ഒരു വസ്തുവും കാട്ടുക
ഇല്ല എന്നതിനെകൊണ്ടും ഈ കിടപ്പിൽ കയത്താനൊസുപാതി
രിയൊട എതും കാട്ടുവാൻ തനിക്ക വശമില്ലാഴികകൊണ്ടും രാജാ
വിന്ന തിരുവുള്ളക്കെട വരുവാൻ തക്ക വാച്ച കാര്യവും കയത്താ
നൊസുപാതിരിയുടെ പക്കൽ കണ്ടെത്തുവാൻ പാർത്തു ഇരിക്കു
ന്നതും ഇതുമെന്നിയെ പറങ്കിമാരെ അല്ലാതെ ഇത്താലിയാൻകാരെ
വരുത്തി ഗൊവക്ക അയക്കുന്നതുകൊണ്ടും രാജമന്ത്രിമാരൊട മറുത്തു
അവരൊടുതന്നെയും പലകൂട്ടം കാര്യങ്ങൾ ജയിക്കുന്നതുകൊണ്ടും
ഈന്ദിയാകാരനാകുന്ന കയത്താനൊസുപാതിരി ലിസ്ബൊ
ആയിൽ കല്പിപ്പാൻ തുടങ്ങുന്ന എന്നും രാജാവിനെയും പറങ്കിമാ
രെയും തട്ടിപ്പാനാകുന്ന തൻെറ മനസ്സാകുന്നതു എന്ന പലരും
സങ്കടം പറയുകയും ഇങ്ങിനെ തനിക്ക ശത്രുക്കൾ വർദ്ധിക്കയും
ചെയ്തു. എന്നാലും മെൽപറഞ്ഞവണ്ണം ഈ കിടപ്പിൽ കയത്താ
നൊസുപാതിരിയൊട മറുത്ത ഒരു വസ്തുവും ചെയ്വാൻ പാടി
ല്ലാഴികകൊണ്ട എല്ലാവരും ഇത്രനെരവും അടങ്ങി ഇരുന്നതെ
ഉള്ളതാനും. വിശെഷിച്ചും മെൽപറഞ്ഞവണ്ണം ബലത്താലെ
എന്നവണ്ണം മർത്തീഞ്ഞു ദെ മെല്ലിനൊട അനുവാദം വാങ്ങിയ
തിൻെറശെഷം ഈ പാതിരിമാർ ഈന്ദിയായിക്ക യാത്ര പുറപ്പെ

www.malankaralibrary.com

ടുകയും ചെയ്തപ്പൊൾ മുമ്പിൽപൊയ പാതിരിമാൎക്കു കൊടുത്തത്തു പൊലെ അമ്പതീതെ മൊനെത്ത കപ്പൽക്കൂലി ആയിട്ടും മററു അമ്പതീതെ മൊനെത്ത തങ്ങളുടെ കൈയിലും രാജസ്ത്രീ കല്പിച്ചു കൊടുത്താറെ കയത്താനൊസുപാതിരി തന്റെ കൌശലവും ഉപായവുംകൊണ്ടു മെൽപറഞ്ഞ പാതിരിമാരുടെ കൈയിൽ കൊടുത്ത അമ്പതീതെ മൊനെത്തായിക്കു അവരിൽ ഓരൊരുത്തനെ കൊണ്ടു പുസ്തകം കൊള്ളിക്കകൊണ്ടു പാതിരിമാരു സങ്കടത്തൊടു കൂടിയത്രെ ലിസ്ബൊ ആയിൽനിന്നും ഗൊവക്കു പൊയത്തു.

എന്നാൽ കയത്താനൊസുപാതിരി രാജാവിന്നു തന്റെ നെരെയുള്ള സ്നെഹത്തിന്മെൽ ഏററം ശരണപ്പെട്ടുകൊണ്ടും മന്ത്രിമാൎക്കു തന്റെ നെരെയുള്ള സങ്കടവും ശത്രുക്കളുടെ പെരുപ്പവും ഒന്നും കൂട്ടാക്കാതെ ഇനിയും ഈ നെരത്തിൽതന്നെ പലകൂട്ടം കാൎയ്യങ്ങൾ സാധിച്ചെ മതിയാവൂ എന്നുംവച്ചു മെൽപറഞ്ഞ മാർ വിഞ്ചൻസിയൂസിന്റെ ദൎശനക്കാറരെ ഇത്താലിയായിക്കു എഴുതി അയച്ചുവരുത്തി മെൽപറഞ്ഞവണ്ണം ഈന്ദിയായിക്കു അയച്ചതിന്റെശെഷം പിന്നെയും മാർ കമ്മീല്ലൊസ പുണ്യവാളന്റെ ദൎശനത്തിൽനിന്നും ൧൦ (10) പാതിരിമാരെ ഇത്താലിയായിൽനിന്നും വരുത്തി ഗൊവക്കു അയക്കണമെന്നും ഇതുമെന്യെ പല പല എഴുത്തിലും പെച്ചിലും ഉള്ള അച്ചടികളും അച്ചടിക്കുന്നവരെയും കൂടെ വരുത്തി ഗൊവക്കു അയച്ചെ മതിയാവു എന്നും ഭാവിച്ചു ഈ രണ്ടുകൂട്ടം കാൎയ്യത്തിന്മെലും പലപല പ്രകാരത്തിൽ രാജാവിനൊടു മുട്ടിച്ചു അപെക്ഷിച്ചതിന്റെശെഷം ഒടുക്കം രാജാവു തന്റെ അപെക്ഷക്കു തക്കവണ്ണം അനുസരിച്ചു റൊമ്മായിൽ ഉള്ള തന്റെ മനിഷ്യത്തിന്നു ഈ കാൎയ്യത്തിന്മെൽ തന്റെ തിരു എഴുത്തു രാജാവു കൊടുത്തതിന്റെശെഷം കയത്താനൊസു പാതിരിയും മെൽപറഞ്ഞ പാതിരിമാരെ ക്ലെശിച്ചു അയക്കത്തക്കവണ്ണം ലത്തീൻ എഴുത്തിലും എവ്രായ എഴുത്തിലും സുറിയാനി എഴുത്തിലും കൽദായ എഴുത്തിലും യൌനായ എഴുത്തിലും മലയാനെഴുത്തിലും കൊങ്ങിണി എഴുത്തിലും അച്ചടിയും വാൎത്ത ഒപ്പിച്ചു ആയത്തും നാലു അച്ചടിക്കുന്നവരെയും താമസം കൂടാതെ ലിസ്ബൊ ആയിക്കു അയക്കണമെന്നു റൊമ്മായിൽ തന്റെ കാൎയ്യം വിചാരിക്കുന്ന ബ്രന്ദാമ്മിന്നു എഴുതി അയച്ചതുമെന്യെ അച്ചടിയുടെ കാൎയ്യത്തിന്നു മല്പാനെകൊണ്ടുകൂടെ മെൽപറഞ്ഞ ബ്രന്ദാമ്മിനു എഴുതി അയക്കയും ചെയ്തു. അപ്പൊഴെ രാജതിരു എഴുത്തും കയത്താനൊസു പാതിരിയുടെ കുറിയും ബ്രന്ദാമ്മു കൈക്കൊണ്ടതിന്റെശെഷം രാജമനിഷ്പത്തിന്നു എഴുതി അയച്ചു തിരുസാധനത്തിൽ ആകമാനമായിട്ടു എഴുതി അയച്ചതെ ഉള്ളു എന്നതിനെകൊണ്ടു കയത്താനൊസുപാതിരി എഴുതി അയച്ചതിന്മണ്ണം ഒക്കെയും ശ്രമിച്ചുവെന്നു ഒപ്പിക്കത്തക്ക





വണ്ണം മനിഷ്പം ബ്രന്ദാമ്മിനൊടു കല്പിക്കയും ബ്രന്ദാമ്മു ക്ലെശിച്ചു ആയത്തു ഒക്കെയും ആവെടത്തൊളം നിമിഷത്തിൽ ഒപ്പിക്കയും ചെയ്തു.

വിശെഷിച്ചും മലയാനെഴുത്ത ഉണ്ടാക്കുവാനറിയുന്ന പണിക്കാറർ ചുരുക്കമാകകൊണ്ടു പ്രൊപ്പഗാന്തായിൽ വെല എടുത്തു വരുന്ന പണിക്കാരൻ വെണ്ടുംവണ്ണം ആ വക ഉണ്ടാക്കുവാൻ അറിഞ്ഞിരിക്കുന്നതുകൊണ്ടു ഈ പണിക്കാരനുമായിട്ടു ബ്രന്ദാം പറഞ്ഞാറെ പ്രൊപ്പഗാന്തായുടെ മന്ത്രി ആകുന്ന മൊൻസിഞ്ഞൊർ ബൊർജ്യാ സമ്മതിക്കായ്കകൊണ്ടു ശെഷമുള്ള അച്ചടികൾ ഉണ്ടാക്കിച്ചു മില്പാനിൽതന്നെ ക്ലെശിച്ചു പ്രൊപ്പഗാന്ദയിൽ ഉള്ളതിനെക്കായിൽ എത്രയും മെച്ചമായിട്ടു മലയാൻ എഴുത്തുകളുടെഅടിപ്പു ഉണ്ടാക്കിയാറെ കയത്താനൊസുപാതിരി എഴുതി അയച്ചതിനൊടു മറ്റത്തു വളരെ വളരെ എഴുത്തുകളുടെ എണ്ണം വൎദ്ധിപ്പിച്ചു ഉണ്ടാക്കിയതിനെകൊണ്ടു കയത്താനൊസുപാതിരിയും രാജാവും വിചാരിച്ചിരുന്നതിൽ ഏററം അധികം പണം ചിലവാകയും ചെയ്തു. എന്നു വരുമ്പൊൾ മെൽചൊല്ലിയ അച്ചടികൾ ഒക്കെയും വിദയം വരുത്തിയശെഷം മീതെ എഴുത്തപെട്ടു മാർ കമ്മീല്ലൊസു പുണ്യവാളന്റെ ദൎശനത്തിൽ ഉള്ള ൧൨ (12) പാതിരിമാരെയും ൪ (4) അച്ചടിക്കാറരെയും മെൽപറഞ്ഞ എഴുത്തുകളിലുള്ള അച്ചടികളും ഉടൻതന്നെ ലിസ്ബൊ ആയിക്കു അയക്കയും ഇവർ ലിസ്ബൊ ആയിൽ എത്തി അച്ചടികൾ ഉണ്ടാക്കിച്ചതിന്നുള്ള ചിലവായ ദ്രവ്യം കണക്കുകൂട്ടി താൻ വിചാരിച്ചിരുന്നതിൽ സ്വല്പം പണം ചിലവുചെന്നു എന്നു കണ്ടാറെ കയത്താനൊസു പാതിരിയുടെ നെരെ രാജാവിന്നു കുറെ സങ്കടം തൊന്നുകയും ചെയ്തു. എന്നാലും കയത്താനൊസു പാതിരിക്കു ഈ കാൎയ്യത്തിൽ കുററമില്ലാ എന്നുള്ളപ്രകാരംരാജാവു അറിഞ്ഞതിനെകൊണ്ടു തന്റെ നെരെയുള്ള സ്നെഹത്തിന്നും വെണ്ടികക്കും ഇത്ര നെരവും കുറവു വന്നത്തും ഇല്ലാ.

എന്നാൽ ഇത്തു കഴിഞ്ഞതിന്റെ ശെഷം സ്വല്പം നാൾ ഈ നിലയിൽ കയെത്താനൊസുപാതിരി നിന്നതുമില്ല. അതെന്തെന്നാൽ കയത്താനൊസുപാതിരിയുടെ ഹെതുവാൽ വളരെ വളരെ പണം ചിലവു ചെന്നതിന്മെൽ രാജാവിന്നു കുറെ ക്ലെശം തൊന്നിയത്തു മന്ത്രിമാർ അറിഞ്ഞതിന്റെ ശെഷം ഇത്തു നല്ല തക്കം എന്നും കണ്ടു ഇത്ര വളരെ പണം ചെലവു ചെന്നതിന്മെലും കയെത്താനൊസുപാതിരി തട്ടിപ്പാനത്രെ അങ്ങെ പെരുമസുഖത്തിൻപക്കൽ അടുത്തുകൂടിയിരിക്കുന്നത്തു എന്നും ഇങ്ങിനെ അവരുടെ വശംപൊലെ പലപ്രകാരത്തിലും പലപ്പൊഴും രാജാവിനൊടു പറഞ്ഞാറെയുംകയെത്താനൊസുപാതിരിയുടെ നെരെയുള്ള രാജാവിന്റെ സ്നെഹത്തിന്റെ ശക്തി കെടുപ്പാൻ മതി ആയില്ലാ

www.malankaralibrary.com

എങ്കിലും രാജാവിന്റെ മനസ്സിൽ ഇവർ പറയുന്ന കാര്യത്തിന്മെൽ പ്രബലമായി വരികയും ചെയ്തു. ഇങ്ങിനെ ഇരിക്കുന്ന മദ്ധ്യെ കയെത്താനൊസുപാതിരി തന്റെ മനക്കരുത്തും അഹമ്മതിയുംകൊണ്ടു മെൽ പറഞ്ഞവണ്ണം രാജാവിന്നു തന്റെ നെരെയുള്ള സ്നെഹവുംകൊണ്ടു പിന്നെയും മുമ്പൊട്ടു നടന്നു ഗൊവയുടെ മെത്രാപ്പൊലീത്താ ആകുവാനുള്ള ആൾ താൻ അത്രെ ആകുന്നു എന്നും മററു ആരാനും ഈ സ്ഥാനം ഏററാൽ കണക്കായി വരികയില്ലാ എന്നും പരഹസ്യമായി പറഞ്ഞു തുടങ്ങുകയും ഇങ്ങിനെ കയെത്താനൊസുപാതിരി പറഞ്ഞു തുടങ്ങിയപ്പൊൾ ഈ സ്ഥാനം തനിക്കു വരുത്തെണ്ടിട്ടത്രെ മെൽ പറഞ്ഞ കാര്യങ്ങൾ ഒക്കെയും പാതിരി കയെത്താനൊസു ക്ലെശിച്ചു എന്നും ആയത്തുകൊണ്ടു മന്ത്രിമാർ പറയുന്നത്തു നെരുതന്നെ ആകുന്നു എന്നു രാജാവിന്റെ മനസ്സിൽ ആയി കയെത്താനൊസുപാതിരിയുടെ നെരെ തനിക്കുള്ള സ്നെഹത്തിന്റെ ശക്തി കെട്ടുപൊകയും ചെയ്തു. എന്നാലും കയെത്താനൊസുപാതിരി രാജാവിനെ കാണ്മാനായി ചെല്ലുമ്പൊൾ രാജാവു കാൺകയും പറകയും ചെയ്യുന്നതിന്നു കുറവു വന്നത്തുമില്ലാ. വിശെഷിച്ചും കയെത്താനൊസുപാതിരിയുടെ നെരെയുള്ള രാജാവിന്റെ സ്നെഹത്തിന്നു കുറവു വന്നു എന്നു മന്ത്രിമാർ കണ്ടപ്പൊൾ കയെത്താനൊസുപാതിരി ക്ലെശിച്ചു ഇത്താലിയായിൽനിന്നും വരുത്തിയ പാതിരിമാരെയും അച്ചടിക്കാററരെയും അച്ചടികളും ഒന്നും ഈന്ദിയായിക്കു അയക്കാതെ അവിടെ തന്നെ മുടക്കിനിറുത്തുകയും ചെയ്തു. ആയതിന്റെ ശെഷം ഇത്താലിയായിക്കുതന്നെ വീണ്ടും അയക്കയും ചെയ്തു. അവരിൽ ചിലരെ അയക്കയും ചിലർ ഇന്നയൊളം ലിസ്ബൊ ആയിൽ താമസിക്കയും ചെയ്യുന്നു.

## അറുപത്തിയൊന്നാം പദം

മെൽചൊല്ലിയ കാര്യങ്ങൾ നടക്കുന്ന എടയിൽ നമ്മുടെ കാര്യത്തിന്നുണ്ടായ അവസ്ഥമെൽ

ഇത്ര നെരവും കയെത്താനൊസുപാതിരി മെൽപറഞ്ഞതിന്റെ ശെഷം ഇനി നമ്മുടെ കാര്യത്തിന്മെൽ പറവാൻ വെണ്ടിയിരിക്കുന്നു. അപ്പൊഴെ മെൽചൊല്ലിയത്തു ഒക്കെയും കഴിയുന്ന ദീർഘമായ ഇടയിൽ പലയുഴവും നമ്മുടെ കാര്യത്തിന്മെൽ കയെത്താനൊസുപാതിരിയൊടു പറയുകയും കയെത്താനൊസുപാതിരിയും പലപല ഉപായങ്ങളും കൌശലങ്ങളും പൊരുൾ പടാർത്തകളും പറഞ്ഞു ഞങ്ങളെ അടക്കിനിറുത്തുകയും ചെയ്തു വരുന്ന മദ്ധ്യെ റൊമായിൽനിന്നും ഞങ്ങൾ പൊരുന്നപ്പൊൾ കർദിനാൾ ഞങ്ങളൊടു പറഞ്ഞു ഒത്തപൊലെ പ്രൊപ്പഗാന്ദായുടെതാകയാൽ മുമ്പിൽ ലിസ്ബൊ ആയിൽ കൊണ്ടുവന്നു



വച്ചിരുന്ന മലയാഴ്മയിൽ അടിച്ചുണ്ടാക്കിയ ഓത്തിന്റെ അത്ഥങ്ങളുടെ മൂന്നു പെട്ടകങ്ങൾ ഞങ്ങൾക്കു തരത്തക്കവണ്ണം ലിസ്ബൊ ആയിൽ ഉള്ള ശ്രു. മാർപ്പാപ്പായുടെ മനിഷ്പത്തിന്നു എഴുതി അയച്ചത്തു ഒഴിയെ മററു നാലു പെട്ടകങ്ങൾ റൊമായിൽനിന്നും തന്നെ പുത്തനായിട്ടു കൊടുത്തയച്ചു. ഇങ്ങനെ കുർവാന തക്സാകളുടെയും ഓത്തിന്റെ അർത്ഥങ്ങളുടെയും ഏഴു പെട്ടകങ്ങളും ഞങ്ങളുടെ പക്കൽ ആക്കുകയും ഞങ്ങളും ചെയ്ത ഈ മനൊഗുണത്തിന്നു നന്ദികാട്ടി കർദിനാളിന്നു കുറി എഴുതി അയച്ചു ആയത്തു ഞങ്ങൾക്കു കിട്ടിയപ്രകാരം അറീക്കയും ചെയ്തു.

ഇതുമെന്ന്യെ ദൊംയൂസെപ്പ എന്ന ഇപ്പൊൾ വാഴുന്ന രാജസ്ത്രീയുടെ അപ്പൻ നാടുവാഴുന്ന നാളുകളിൽ റൊമായിൽനിന്നും മലയാളത്തിന്നു അയപ്പാനായിട്ടു ഏതാനും വസ്തുക്കൾ പ്രത്തുക്കാലിന്നു കൊടുത്തയച്ചാറെ ഈ വസ്തുക്കൾ ഒക്കെയും അവിടെ തടഞ്ഞുവെച്ചത്തുകൊണ്ടു ഈ രാജാവു കാലംചെയ്തു ഇപ്പൊൾ വാഴുന്ന രാജസ്ത്രീ നാടുവാഴുവാൻ തുടങ്ങിയപ്പൊൾ രാജാവിന്റെ പാണ്ടകശാലയിൽ ഉള്ള വസ്തുക്കൾ ഒക്കെയും ശൊധനചെയ്തു രാജവസ്തുക്കൾ ഒഴികെ അവിടെ കണ്ടെത്തുന്ന മററു വസ്തുക്കൾ ഒക്കെയും ഇതിന്റെ ഉടയവരെ അറിവാൻ യത്നമുണ്ടെങ്കിൽ ആയവരെ തിരിഞ്ഞറിഞ്ഞു ആയവൎക്കു അതിനെ കൊടുക്കണമെന്നും വിശെഷിച്ചും ഉടയവരെ കണ്ടെത്താത്ത വസ്തുക്കൾ ഒക്കെയും വിററു ആയതിന്റെ വില സംഗ്രഹിക്കണമെന്നും രാജസ്ത്രീ കൽപിച്ചതിനാംപക്കം ഞങ്ങൾ ലിസ്ബൊ ആയിൽ പാർത്തുവരുന്ന ഈ നാളുകളിൽ ഈ വസ്തുക്കൾ ഒക്കെയും കണ്ടു ശൊധന പാർക്കുന്നപ്പൊൾ മലയാള എഴുത്തിലുള്ള പുസ്തകങ്ങളുടെ ഒരു പെട്ടകം കണ്ടെത്തിയാറെ ഈ എഴുത്തു ഏതു നാട്ടിൽ നടന്നുവരുന്ന എഴുത്താകുന്നു എന്നു അവിടെയുള്ള ആളുകൾ ആരും അറിയായ്കകൊണ്ടും ഈ പെട്ടകത്തിന്റെ മുതലാളി ആരെന്നു അറിയായ്കകൊണ്ടും ആയത്തു വില്ക്കത്തക്കവണ്ണം നിശ്ചയിച്ചിരിക്കുന്നു എന്നു നെരത്തു ഈ ശൊധനക്കാററരിൽ ഒരുത്തൻ മെൽപറഞ്ഞ ലൂവീസ അന്തൊനി ആകുന്നതിനെകൊണ്ടു ഒരു ദിവസം വർത്തമാനമായിട്ടു ഇങ്ങിനെ ഒരു പെട്ടകം കണ്ടെത്തി എന്നും ആയത്തു എന്തൊരു എഴുത്തു എന്നും മുതലാളി ആരെന്നും അറിയായ്കകൊണ്ടു വിൽപ്പാൻ ഭാവിച്ചിരിക്കുന്നു എന്നു ഞങ്ങളൊടു പറഞ്ഞുകെൾപ്പിച്ചാറെ പക്ഷെ ഞങ്ങളുടെ എഴുത്തിലുള്ള പുസ്തകങ്ങൾ ആയിരിക്കുമെന്നു മൽപ്പാൻ പറഞ്ഞ ഒട്ടും താമസംകൂടാതെ പിറെറദിവസം തന്നെ ലൂവീസ അന്തൊനിയൊടുകൂടെ മൽപാൻതന്നെ പൊയി പുസ്തകങ്ങൾ കണ്ടപ്പൊൾ മലയാൻ എഴുത്തിലുള്ള ഓത്തിന്റെ അത്ഥങ്ങൾ ആകുന്നു എന്നും പ്രൊപ്പഗാന്ദായിൽനിന്നും വന്നതാകുന്നു എന്നറികയും ചെയ്തശെഷം ഈ അവസ്ഥ മനിഷ്പത്തൊടറിയിക്കയും മനിഷ്പവും ഉടൻതന്നെ ശ്രമിച്ചു പെട്ടകം

www.malankaralibrary.com

മെടിച്ചുംകൊണ്ടു ഈ പെട്ടകത്തിന്റെ അവസ്ഥമെൽ താനും മൽപാനും റൊമായിക്ക അറീച്ചാറെ ഈ പുസ്തകങ്ങളുംകൂടെ ഞങ്ങളുടെ പക്കൽ ഏല്പിക്കത്തക്കവണ്ണം കർദിനാളിന്റെ സാധനം വരികയും മനിസ്സവും കൽപനക്ക തക്കവണ്ണം ഞങ്ങളെ ഏല്പിക്കയും ചെയ്താറെ ആയതിന്നും നന്ദി കാട്ടി ഞങ്ങളും റൊമായിക്ക എഴുതി അയക്കയും ചെയ്തു. ഇങ്ങനെ പ്രൊപ്പഗാന്ദായുടെ കൽപനയാൽ ഞങ്ങൾക്ക കിട്ടിയ പുസ്തകങ്ങളുടെ പെട്ടകങ്ങൾ എട്ടും ലിസ്ബൊ ആയിൽനിന്നും ഈന്ദിയാസ്സു യാത്ര പുറപ്പെടുവൊളും നിക്കാവു കൊർണ്ണെലി എന്ന കയെത്താനൊസുപാതിരിയുടെയും ഞങ്ങളുടെയും സ്നെഹക്കാരനായ കച്ചവടക്കാരന്റെ ഇംഗ്ലീഷ് വീട്ടിൽ സംഗ്രഹിക്കയും ചെയ്തു. വിശെഷിച്ചും ഞങ്ങൾ റൊമായിൽനിന്നും ലിസ്ബൊ ആയിക്ക എത്തി അവിടെ കയെത്താനൊസുപാതിരിയുടെ കല്പനകീഴ ദീർഘമായ നാൾ അവിടെ പാൎത്തുവരുന്ന നെരത്തിൽ മല്പാനും മനിസ്സവും ആയിട്ടു പാരം സ്നെഹവും വിശ്വാസവും ഉണ്ടായിരിക്കകൊണ്ടു ഏകദെശം ആഴ്ചവട്ടത്തിൽ ഒരുഴം താനും കയെത്താനൊസുപാതിരിയുടെ മകൻ യൌസെപ്പുപാതിരിയും കൂടെ മനിസ്സത്തിന്റെ വീട്ടിൽ ചെന്നു തന്നെ കണ്ടുപറഞ്ഞു തന്നൊടുകൂടെ ഒന്നു ഭക്ഷണംകഴിപ്പാൻ മര്യാദി ഉണ്ടായിരുന്നു. എന്നു വരുമ്പൊൾ ഒരുഴം മര്യാദിപൊലെ മനിസ്സത്തെ കാണ്മാനായി അവിടെചെന്നപ്പൊൾ യൌസെപ്പുപാതിരികൂടാതെ മല്പാനെ വെറെ മനിസ്സം വിളിച്ചു കയെത്താനൊസുപാതിരിയുടെ കീഴ കിടക്കകൊണ്ടു അത്രെ നിങ്ങളുടെ കാര്യത്തിന്നു ഒരു തീർച്ച വരാത്തതു. ആയതുകൊണ്ടു അയാളിൽ നിന്നു വെർതിരിവാൻ നൊക്കണം എന്നു ഗുണദൊഷം പൊലെ പറകയും ചെയ്തു. ഇതുതന്നെ അറിവും വിചാരവും ഉള്ള മറ്റു പാതിരിമാരും സ്നെഹിതരും ഞങ്ങളൊടു പറഞ്ഞാറെയും കയെത്താനൊസുപാതിരിയുടെ വല്ലഭവും വാക്കവൈഭവവും വിചാരിക്കകൊണ്ടും ഞങ്ങളുടെ പിടിയാഴികയും വാക്കിന്റെ ചുരുക്കവും ഓൎത്ത കാൺകകൊണ്ടും ഒട്ടെറയും കയെത്താനൊസുപാതിരിയെ വിട്ടെച്ചു ഞങ്ങൾ തന്നെ ശ്രമിപ്പാൻ തുടങ്ങുമ്പൊൾ കയെത്താനൊസുപാതിരി ഞങ്ങളൊടു മറുതലയായി പുറപ്പെടുമെന്നു അറിഞ്ഞിരിക്കകൊണ്ടും ആയതു ചെയ്വാൻ ഇത്ര നെരവും മടിച്ചുനില്ക്ക അത്രെ ചെയ്യുന്നതു. ഇങ്ങിനെ ഇരിക്കുമ്പൊൾ ഒരുദിവസം വിഷ്ക്കൊന്തിയുടെ വീട്ടിൽ മല്പാനും കയെത്താനൊസുപാതിരിയുടെ മകൻ യൌസെപ്പുപാതിരിയുംകൂടെ ചെന്നപ്പൊൾ (അതെന്തെന്നാൽ താനെങ്കിലും തന്റെ മകൻ എങ്കിലും കൂടാതെ പ്രധാനപ്പെട്ട ജനങ്ങളുടെ വീടുകളിൽ ചെല്ലുവാനുള്ളതിന്നു കയെത്താനൊസുപാതിരി ഞങ്ങൾക്ക വിരൊധിച്ചിട്ടുണ്ടായിരുന്നു.) മല്പാനെ വിഷ്ക്കൊന്തി നൊക്കി ഒരു പ്രസാദവും അനുഗ്രഹവുംകൂടാതെ ആക്ഷെപംപൊലെ പുഞ്ചിരിച്ചുകൊണ്ടു ഈ



വണ്ണം പറഞ്ഞു. കരിയാട്ടി താൻ വെണ്ടുംവണ്ണം മെഴുത്തിരിക്കുന്നു എന്നതുകൊണ്ടു എല്ലായ്പ്പൊഴും പ്രത്തുക്കാലിൽ തന്നെ പാൎത്തുകൊള്ളാമെന്നു. ഈ വചനങ്ങൾ കെട്ടപ്പൊൾ മല്പാന്നു കുറെ ക്ലെശം തൊന്നിയെങ്കിലും വിഷ്ക്കൊന്തിക്ക ഞങ്ങളുടെ നെരെ സ്നെഹമില്ലായ്കകൊണ്ടല്ലൊ ഞങ്ങളുടെ കാര്യം ഞങ്ങൾതന്നെ ക്ലെശിക്കാതെ കയെത്താനൊസുപാതിരിയുടെ കീഴ ഞങ്ങൾ കിടക്കുന്നതുകൊണ്ടത്രെ ഇതിൻവണ്ണം പറഞ്ഞു എന്നുപിന്നെ ഞങ്ങൾ അറികയും ചെയ്തു. ഇങ്ങിനെ ഒക്കയും ഇരിക്കുന്ന മദ്ധ്യെ മനിസ്സം കാലം ചെയ്കയും പിന്നെ ഒരു മനിസ്സം വരുവൊളും തന്റെ സ്ഥാനം ഭരിപ്പാൻ തന്റെ അവുദീത്തൊർ ആയിരുന്ന അന്തൊനി ബാത്തെ എന്ന ഒരു പട്ടക്കാരനെ എടമനിഷ്പം എന്നു പെരായി റൊമായിൽനിന്നും ആക്കുകയും ചെയ്തു. അപ്പൊഴെ ഇതെല്ലാം കഴിഞ്ഞതിന്റെ ശെഷം സ്വല്പംനാൾ കയെത്താനൊസുപാതിരിയുടെ കീഴ ഞങ്ങൾ പാൎത്താറെയും കാര്യത്തിന്ന് ഒരു തീർച്ച കാണായ്കകൊണ്ടും കയത്താനൊസുപാതിരി പറയുന്ന വചനങ്ങൾക്ക് ഒന്നിനും ഒരു വെസ്ഥ തൊന്നായ്ക കൊണ്ടും ഇതുമെന്യെ കയത്താനൊസുപാതിരിയുടെ കീഴ കിടന്നാൽ ഒരുനാളും കാര്യത്തിന്നു തീർച്ച വന്നെന്നും കണ്ടെന്നും വരികയില്ലാ എന്ന ബുദ്ധിയും വിചാരവും ഉള്ളവരിൽ ചിലർ ഞങ്ങളൊടു പറകകൊണ്ടും ഇതിൻവണ്ണം കയത്താനൊസു പാതിരിയുടെ കല്പനകീഴ പാക്കുന്നതുകൊണ്ടു മതിആയില്ല. ഏത്രയും എളച്ച മലങ്കരെയുള്ള നമ്മുടെ യൊഗത്തിന്റെമുമ്പാകെ ഞങ്ങൾക്ക് ഒരു കുററംകൂടാതെ ഇരിപ്പാനായിട്ടു ആറുമാസം കയത്താനൊസു പാതിരിയെകൂടാതെ തങ്ങളാൽതന്നെ കാര്യത്തിന്നു ശ്രമിക്ക എന്നും ഈ എടക്കു് കാര്യത്തിന്നു് ഒരു തീർച്ച കണ്ടില്ലെങ്കിൽ വാച്ചപ്രകാരം ധർമ്മംതെണ്ടീട്ടെങ്കിലും തുക്കിന്റെ രാജ്യത്തിൽ ന്യ പെർക്കിം എന്ന കൽദായകാററുടെ പാത്രിയർക്കാ മാർ യൌസെപ്പ് ഇരിക്കുന്നെടത്തൊളും ചെന്നു വാച്ച മെത്രാന്മാരെയും നമ്മുടെ നാട്ടിൽ കൊണ്ടുവന്നുകൊണ്ടു് ഈ അന്യജനങ്ങളുടെ അടിമയിൽനിന്നും (1) നിഷെധത്തിൽനിന്നും രക്ഷപെ

1. 1599 വരെ കേരള സുറിയാനിസഭ കൽദായ പാത്രിയർക്കീസിന്റെ അധികാരത്തിൻ കീഴിലായിരുന്നു. കൽദായരെ വിദേശീയരായി കരുതിയിരുന്നില്ല. കൽദായ പാത്രിയർക്കീസായിരുന്ന ജോൺ സുലാക്കയും അദ്ദേഹത്തിന്റെ പിൻഗാമികളും മാർപ്പാപ്പയോട് വിധേയത്വം പുലർത്തിയിരുന്നു. പില്ക്കാലത്ത് ഇവരുടെ പിൻഗാമികൾ നെസ്തോറിയൻ വിശ്വാസത്തിലായി. എന്നാൽ ഇവരോട് വിഘടിച്ചുനിന്നവർ പിന്നീട് കത്തോലിക്കാവിശ്വാസം ഏററു പറഞ്ഞു. ഇവിടെ പരാമൃഷ്ടനായ മാർ ജോസഫ് ഈ വംശത്തിൽ പ്പെടുന്നു. ഈ വ്യത്യാസങ്ങളൊന്നും ഇവിടുത്തെ സുറിയാനിക്കാർക്ക് സുജ്ഞാതമായിരുന്നില്ല. കൽദായമെത്രാൻമാരുടെ കാലത്ത് ആർച്ചുഡീക്കനും പള്ളിയോഗവും സ്വയംനിർണയനാധികാരം പുലർത്തി,

www.malankaralibrary.com

ടുവാനുള്ളതിന്നു ശ്രമിച്ചെ മതിയാവു എന്നും ഞങ്ങൾ തമ്മിൽ പറഞ്ഞു നിശ്ചയിക്കയും ചെയ്തതിന്റെശെഷം ഈ അവസ്ഥ മെൽ ഞങ്ങളുടെമെൽ സ്നെഹവും വിശ്വാസവും അറിവും വിവെകവും ഉള്ള ചിലരൊടും ഒട്ടെറെയും വിഷ്കൊന്തിയുടെ വിചാരക്കാരനായ പ്രിൻസിപ്പാ മഷ്ക്കറെഞ്ഞ എന്ന പ്രധാനപ്പെട്ട ആളിനൊടും വിചാരിച്ചാറെ അവർ ഒക്കയും അങ്ങിനെ തന്നെ ചെയ്യണം എങ്കിലെ കാര്യം നടന്നു എന്നു വരികയുള്ളു എന്നുപറഞ്ഞുതരികയും ചെയ്തു. എന്നാൽ ഈ അവസ്ഥമെൽ കയത്താനൊസു പാതിരി ഏതും അറിഞ്ഞതും ഇല്ല. എന്നു വരുമ്പൊൾ കയെത്താനൊസുപാതിരിയുടെ കീഴ ഞങ്ങൾ പാൎത്തിരുന്ന ദീർഘമായ ഇടയിൽ മലങ്കരരാജ്യത്തു മാർ തൊമ്മാശ്ലീഹാ വന്നു മാൎഗ്ഗമറിയിച്ച നാൾ തുടങ്ങി ഈ നമ്മുടെ കാലത്തൊളം മാൎഗ്ഗം ഇടപെട്ടു അവിടെ ഉണ്ടായ അവസ്ഥകൾ ഒക്കയും പെറുലീസ്ത്താക്കാർ എങ്ങിനെ അവിടെ മാൎഗ്ഗം അറിയിപ്പാൻ തുടങ്ങി എന്നും അവർ കാട്ടിവന്ന അവസ്ഥകളും ഇങ്ങിനെ ഏറിയകാലം കഴിഞ്ഞതിന്റെശെഷം കർമ്മലീത്താക്കാർ എങ്ങിനെ അവിടെ കടന്നു എന്നും ഇവർ മുമ്പിൽ കാട്ടിയതും ഇപ്പൊൾ കാട്ടിവരുന്നതും ഞങ്ങൾ ഏതുപ്രകാരത്തിൽ മലങ്കരയൊഗത്തിന്റെ കല്പനയാൽ മലയാളത്തിൽനിന്നും പുറപ്പെട്ടു എന്നും റൊമ്മായിക്കു ചെന്നാറെ ഉണ്ടായ അവസ്ഥമെലും ഇതെല്ലാം എത്രയും ചുരുക്കി ക്രമത്തിലും ചിതത്തിലും പറങ്കിഭാഷയിൽ മല്പാൻ എഴുതിഉണ്ടാക്കീട്ടുണ്ടായിരുന്നു. എന്നാൽ ഈ വിശെഷം കാൺമാൻ ആഗ്രഹമുള്ളവർക്കുവെണ്ടി ഈ പുസ്തകത്തിന്റെ ഒടുവിൽ എഴുതുവാൻ കല്പിക്കയും ചെയ്തു(2).

കൽദായരോട് ആഭിമുഖ്യം പുലർത്താൻ ഈ സ്വാതന്ത്ര്യം വഴിതെളിച്ചു. കൽദായമെത്രാന്മാർ വന്നാൽ തങ്ങൾ അനുഭവിച്ചിരുന്ന സ്വാതന്ത്ര്യം പുന:സ്ഥാപിക്കാനാവുമെന്ന് അവർ വിശ്വസിച്ചു. കൽദായ ആരാധനക്രമത്തോടുള്ള ആഭിമുഖ്യവും ലത്തീൻ അധികാരത്തോടുള്ള വിപ്രതിപത്തിയും കൽദായനേതൃത്വത്തോടുള്ള മമത വർധിപ്പിച്ചു. മാർപ്പാപ്പായുടെ കല്പന ധിക്കരിച്ച് തോമസ് റോക്കോസ്, ഏലിയാസ് മേലൂസ് എന്നിവർ (യഥാക്രമം 1861 ലും 1874 ലും) ഇവിടെ എത്തിയത് ഈ മമത കുറയാൻ കാരണമായി. സ്വദേശീയ മെത്രാന്മാരെ കിട്ടിയതോടെ ഈ അടുപ്പം ക്രമേണ കുറഞ്ഞുവന്നു.

2. ലിസ്ബണിലെ നാഷണൽ ലൈബ്രറിയിൽ കാണുന്ന Noticias do Reigno do Malabar' എന്ന രേഖയാണോ ഇവിടെ സൂചിപ്പിച്ചിരിക്കുന്നത് എന്നു സംശയമുണ്ട്. കേരളത്തിന്റെ ഭൂമിശാസ്ത്രവും പ്രകൃതിഭംഗിയും വർണിച്ചശേഷം, അപൂർണതകളോടെയാണെങ്കിലും സുറിയാനിക്രിസ്ത്യാനികളുടെ ചരിത്രം സംക്ഷിപ്തമായി നൽകുന്നു. മാർ അബ്രാഹമിന്റെ മരണം, കൂനൻകുരിശുസത്യം ഇവയും പരാമർശിക്കുന്നു. ആറാം മാർതോമ്മായുടെ പ്രശ്നവും കരിയാറ്റിയുടെയും പാറേമാക്കലിന്റെയും റോമായാത്രയും വിശകലനം ചെയ്തശേഷം മാർതോമ്മാക്രിസ്ത്യാനികളോട് നീതികാട്ടണമെന്ന് അപേ



അപ്പൊഴൊ നമ്മുടെ കാര്യം കയെത്താനൊസുപാതിരിയെ കൂടാതെ ഞങ്ങൾതന്നെ ക്ലെശിക്കത്തക്കവണ്ണം നിശ്ചയിച്ചതിന്റെ ശെഷം മല്പാൻ താൻ എഴുതി ഉണ്ടാക്കിയ മെൽപറഞ്ഞ മലങ്കരഇടവകയുടെ വിശെഷവും എഴുത്തുംകൊണ്ടു മുമ്പിൽ താനുമായിട്ടു കണ്ടറിവും സ്നെഹവും ഉണ്ടായിരുന്ന വിഷ്കൊന്തിയുടെ പള്ളിക്കൽ വികാരിത്വം ഭരിച്ചുവരുന്ന അറിവും ഇരിപ്പും ഉള്ള യുസ്സെ കയെത്താനൊസു മെഷ്ക്കീത്ത എന്ന പാതിരിയുടെ വീട്ടിൽ ചെന്നു അയാളെ കണ്ടു അയാളൊടു ഞങ്ങളുടെ കാര്യത്തിന്റെ അവസ്ഥയും ദീർഘപ്പെട്ട നാൾ ഈ കാര്യം ചൊല്ലി കയെത്താനൊസുപാതിരിയുടെ കീഴ പാൎത്തു വരുന്നപ്രകാരവും ആയതുകൊണ്ടു ഞങ്ങൾക്കും ഈ മലങ്കരപള്ളികൾക്കുംഉണ്ടാകുന്ന കാര്യദൊഷവും സങ്കടവും ഇതു ഒക്കയും അയാളെ കെൾപ്പിച്ചു. ഈ കാര്യത്തെപ്രതി അയാൾക്കു നല്ല മനസ്സും കരുണയും ഉണ്ടായി വിഷ്കൊന്തിയൊടു പറവാനുള്ളതിന്നു പാരംപാരം അയാളൊടു അപെക്ഷിച്ചാറെ ഇയാൾ ഈ അപെക്ഷ വെണ്ടുംവണ്ണം കൈക്കൊണ്ടു വിഷ്കൊന്തിയൊടു പറയത്തക്കവണ്ണം കൈയെററതിന്റെ ശെഷം ഈ കാര്യങ്ങളുടെ അവസ്ഥ ഒക്കയും വെണ്ടുംവണ്ണം തിരിച്ചറിവാനായിട്ടു മെൽപറഞ്ഞ വിശെഷം അയാളുടെ പക്കൽ കൊടുത്തെച്ചു പൊരികയും ചെയ്തു. ഇതിന്റെ ശെഷം രണ്ടു ദിവസം കഴിഞ്ഞു അതിന്റെ അവസ്ഥ അറിവാനായിട്ടു മെൽപറഞ്ഞ വിഷ്കൊന്തിയുടെ വീട്ടിൽ ചെന്നു അയാളുമായിട്ടു കണ്ടപ്പൊൾ താൻ ഈ അവസ്ഥമെൽ വിഷ്കൊന്തിയുമായിട്ടു പറഞ്ഞാറെ മലങ്കരെയുള്ള പള്ളികളുടെ അവസ്ഥ കൊണ്ടു കരിയാട്ടി വന്നിരിക്കുന്ന് എന്നുള്ളതു ഒഴിയെ എന്തു കാര്യം ചൊല്ലി വന്നു എന്നും ഏതു പ്രകാരത്തിൽ വന്നു എന്നും താനറിഞ്ഞില്ലാ എന്നും ഈ കാര്യത്തിന്മെൽ ഏതും ഇത്രനെരവും തന്നൊടു പറഞ്ഞില്ലാ എന്നും ഇപ്പൊൾ എന്നൊടു പറവാനുള്ള കാര്യം അല്ലായിരിക്കും എന്നും ഇങ്ങിനെ വിഷ്കൊന്തി ഒന്നും അറിഞ്ഞിട്ടില്ലാത്തതുപൊലെ പറഞ്ഞുഎന്നു മെഷ്ക്കീത്ത മല്പാനൊടു പറഞ്ഞതിന്നു ഇങ്ങനെ ആകുന്നു എങ്കിൽ ഈ കാര്യം സംബന്ധമായി വിഷ്കൊന്തിയും താനുമായി പറയാനുള്ളതിന്നു എന്തൊരു ബന്ധമുള്ള എന്നു മല്പാൻ ചൊദിച്ചാറെ ആയതിന്നുള്ള വഴി ഞാൻ ഒപ്പിക്കുന്നുണ്ടു. ഇന്നെക്കു മൂന്നാംദിവസം താൻ വിഷ്കൊന്തിയുടെ വീട്ടിൽ വരുഎന്നു മല്പനൊടു പറഞ്ഞയക്കയും ചെയ്തു.

എന്നാൽ മലങ്കരെയുള്ള കാര്യത്തിന്നു രാജാവുമായിട്ടും വിഷ്കൊന്തിയുമായിട്ടും മററു സൎവ്വാധികാര്യക്കാരൻമാരും ആയി

ക്ഷിക്കുന്നു. ഈശോസഭക്കാരോടും കർമലീത്താക്കാരോടും വിമുഖത പുലത്തുന്ന പ്രബന്ധം പോർച്ചുഗീസുകാരോട് വിപ്രതിപത്തി പുലത്തുന്നില്ല. ഈ പ്രബന്ധം കരിയാററിയുടേതാണെന്നു കരുതാം.

www.malankaralibrary.com

ട്ടം പറഞ്ഞൊക്കയും വെസ്ഥവരുത്തി ഇരിക്കുന്നുഎന്നു കയെത്താനൊസ്സപാതിരി ഞങ്ങളൊട്ട പറഞ്ഞുവരുമാറുള്ളത്തു നെരായ വചനങ്ങൾ അല്ലാ എന്നു മെൽപറഞ്ഞ വിഷ്ക്കൊന്തിയുടെ വചനങ്ങളാൽ ഞങ്ങൾ അറിയുകയും ചെയ്തു.

## അറുപത്തിരണ്ടാം പാദം

വിഷ്ക്കൊന്തിയും മല്പാനും ആയിട്ട കണ്ട പറഞ്ഞതിന്റെ ലും അതിൽ പിന്നെ ഉണ്ടായ അവസ്ഥമെലും

മെൽ പറഞ്ഞവണ്ണം മെഷ്ക്കീത്തപാതിരി അവധികുറിച്ച മല്പാനെ അയച്ചതിന്റെ ശെഷം കുറിച്ച ദിവസത്തിൽ വിഷ്ക്കൊന്തിയെ തന്റെ വീട്ടിൽ മെഷ്ക്കീത്ത പറഞ്ഞു നിറുത്തിയിരുന്നു. ഒരിക്കലും ഒരു പിറവി കൂടാതെ മുട്ടിക്കപ്പെട്ട മഴ ആയിരുന്നതുകൊണ്ട പറഞ്ഞയച്ചവണ്ണം മല്പാനു അവിടെക്ക ചെല്ലുവാൻ കൂടിയതും ഇല്ല. ഇതിന്റെ ശെഷം പിറെറ ദിവസം തന്നെ മെഷ്ക്കീത്തായുടെ വീട്ടിൽ ചെന്നു മഴ ആയതുകൊണ്ട അത്രെ വരാഞ്ഞതു എന്നുള്ള ഒഴിവുകൊടുത്താറെ ആ ദിവസത്തിൽ വിഷ്ക്കൊന്തി വീട്ടിൽ ഇല്ലാഴികകൊണ്ട പിന്നെ ഒരു ദിവസം ചെല്ലുത്തക്കവണ്ണം മെഷ്ക്കീത്താ കുറിച്ചയക്കയും മല്പാനും കുറിച്ച അവധിക്ക മെഷ്ക്കീത്തായുടെ വീട്ടിൽ ചെന്നു അയാളുമൊന്നിച്ച വിഷ്ക്കൊന്തിയുടെ വീട്ടിൽ ചെല്ലുകയും ചെയ്തു. എന്നാൽ വിഷ്ക്കൊന്തിയും തന്റെ വീട്ടുകാരർ എല്ലാവരും മല്പാനെ കണ്ടപ്പൊൾ പാരം പ്രസാദവും മുമ്പിൽ ചെയ്വാൻ മര്യാദി ആയിരുന്നതിൽ എററം ബഹുമാനവും കാട്ടി. അവിടെതന്നെ പ്രാതൽ കഴിക്കയും ചെയ്തതിന്റെശെഷം വിഷ്ക്കൊന്തി മല്പാനെ വെറെ വിളിച്ച അകത്തെ മുറിയിൽ കടത്തി എന്നൊട്ട പറവാനുള്ള കാര്യം എന്തെന്നു ചൊദിച്ചാറെ മലങ്കരെ ഇടവകയിൽ ഉള്ള പള്ളികളുടെ കാര്യംകൊണ്ട മലങ്കരപള്ളിക്കാറർ അയച്ചുകൊണ്ട അത്രെ ഇവിടെക്ക വന്നിരിക്കുന്നതും. എന്നാൽ ഞങ്ങൾ അപെക്ഷിക്കുന്ന കാര്യങ്ങൾ ഒക്കയും ഞങ്ങൾ റൊമ്മായിക്ക പൊകുന്നതിനുമുമ്പെ അപെക്ഷ കട്ടദാശ്ശ രാജസ്ത്രീയുടെ മുമ്പാകെ കൊടുത്തിട്ടുമുണ്ട. വിശെഷിച്ചും ഈ കാര്യം ഒക്കയുംമെൽ നിങ്ങൾ എല്ലാവരൊടും പറഞ്ഞു നിവൃത്തി ഒക്കയും വരുത്തിയിരിക്കുന്നു എന്നു കയെത്താനൊസ്സപാതിരി പറയുകകൊണ്ടും അത്രെ ഇത്രനാളും അങ്ങെ ഉയർച്ചയൊട്ട ഏതും പറയാതെ ഞങ്ങൾ പാർത്തതും. ഇതും മററും ഇതിൻവണ്ണം ഉള്ള വചനങ്ങളും വിഷ്ക്കൊന്തിയൊട്ട മല്പാൻ പറയുന്നപ്പൊൾ താൻ അതൊക്കയും സൂക്ഷിച്ചുകെട്ടതിന്റെ ശെഷം മല്പാനൊട്ട പറഞ്ഞു. മലങ്കരെ ഇടവകയിൽ ഉള്ള കാര്യത്തിനു

www.malankaralibrary.com

വെണ്ടിയല്ലൊ നിങ്ങൾ വന്നിരിക്കുന്നത്. എന്നു വരുമ്പൊൾ നിങ്ങളുടെ അപെക്ഷകൾ എന്തെന്നാൽ ആയത്തു എല്ലാം എഴുതി കൊണ്ടുവന്നു എന്റെ പക്കൽ തരു. ആയതിന്നുത്തരം ഞാൻ പറയുന്നുണ്ടെന്നു ഇങ്ങിനെ പറഞ്ഞു മല്പാനെ അയക്കയും ചെയ്തു. ഇതിന്റെ ശെഷം മല്പാന്റെ വീട്ടിൽ വന്നു ഈ പുസ്തകത്തിന്റെ ൩൩-ാം(33)പദത്തിൽ ചൊല്ലിയിരിക്കുന്നപൊലെ രാജസ്ത്രീയുടെ മുമ്പാകെ കൊടുത്ത അപെക്ഷകൾ ആറുംതന്നെ വെണ്ടുംവണ്ണം എഴുതി ഉണ്ടാക്കുകയും ചെയ്തു. വിശെഷിച്ചും അപെക്ഷകൾ മെൽചൊല്ലിയത്തുതന്നെ ആകുന്നു എങ്കിലും മുമ്പിൽ ഉണ്ടാക്കിയതിൽ കുറെ ഭെദമായിട്ടും എറ്റം ശക്തിയായിട്ടുംഅത്രെ എഴുതി ഉണ്ടാക്കിയത്. ആയത്തുകാൺമാൻ ആഗ്രഹമുള്ളവൎക്കവെണ്ടി ആയത്തു ഇവിടെ എഴുത്തുകയും ചെയ്യുന്നു.

Senhora,

Favorecer aos necessitados, em todo attempo foi caracter proprio de grandes sobre todos as grandes das nacoens de Europa este adoptarao as Augustissimos Antepados monarcas deste Reino. Este por horanca sempiterna passou em natureca aesta coroa. Este Crilhou sempre naquettis tam remotissimas partes de mundo. Este captivou as coracpers dos Indias· Mas este caracter com infinitas outras dotes em grao eminente reside, e de tal sorte resplandece em Vossa Magde que em todos os Lugares se falla com summo gosto de Va Magde os vassalos ficao admirendo as virtudes, e contemplando o modo comque pudessem mais agradar a huma soberana tam pia e santa esta fama de tam singulares virtudes de V· Magde foi aquella fortunada estrella, que accordou do profundo somno das suas apressoens aos Malabares para tomar esta tam perigosa resalucao esta osquio entre tantos naturalmente insuperaveis traballos.Com esta elles chegarao aos pes de Va Made para implorar a clemenca innata paraque sedigne de restabelecer huma vez para sempre aquella antiga Pretecao desta monachia a derelicta nazao malabaresa segundo o costume· Os ficis daquella lgrejas olhando V. Magde para dignissima herdeira dos piissimos Avos (que todos forao protectores, e deffensores delles) nao duvidarao de nos mandar ao Alto Trono de Va Mde em nome de todos elles para

www.malankaralibrary.com

pedirlhe o soccorro que era substancia consiste em O pontos seguintes·

1a Que Va Mde sedigne de dar hum sacerdote Portuguez do uto etemente de Deos por A rcebispode Cranganor. Porqueos ficis dequelle· Bispado estao privos do seu Pastor, e padecem porisso muitos incomodos.

2a Que em cada anno Va Made sedigne be mandar humo pessoa para odito Arcibispado com titulo de vistador, paraque tome comto dequella Arcibispado eos sacerdotes viverem como convemas seu character etc.

3a Que Va Magde sedigne de tomar de mandar que se restitua a nazao Malabaresa a dignitade do Arcediago, que os missionariios ad estr virao por em veja·

4a Que Va Made sedigne mandar, que se pague aos vigarios das lgrejas costumado congrua de 36 cruzados annuos etc·

5a Que Va Made sedigne de mandar, que se restabelaca o seminario de chenote com asrendas costumad as como aliguamente·

6a Que Va Magde sedigne de tomar abaixo da sua Protecao a Bispo Mar Thoma de Nernam huma vez scismatico agara arrependido dos erros pede com toda efficacia deser da Protgcao de Va Made, e assim com todos os mais da sua Nazao possa ficar ne sejo da lgreja Catholica etc.

Ora todas estas causas nomesmo tempo, que sao justas, sao tambem muito facila Va Magde emquedrendo socorrera afflicta Nazao de Malabar, aqual todo tempo reconhece esta corra por sua bempatriz, e protetora Favore cando Vossa Madge Como se espara, nao ha duvida, que sera huma grande esmola a Nazao grande honra, e gloria a Deos, e immortal valor da Nazao Portugueza e nos todos pedire mos a Deos por Voassa Magde e por Real Sua Familia etc.

www.malankaralibrary.com

P. Jos Cariati, Missionario
Apostolico Malabare, e Deutor
na Sa Theologia deputato de Nazao
Malbaresa e de Bispo Mar Thoma

P Thomas Pareamakel vigario
de Kallate, mestre da lingua
Siro-Caldaica outro Deputado da
Nazao Malabaresa, e do Bispo Mar Thoma

Os deputatos de todas Igrejas de
Malabar pedem Vossa Madge, que se
digne de accectar os Malabares como
antiguamente, ede favorecer lhes
como se pede na exposta supplica

ഈ അപെക്ഷക്കടുദാശിൽ അടങ്ങിയിരിക്കുന്ന കാര്യങ്ങളും ഈ പുസ്തകത്തിന്റെ ൩൩(33)-ാം പദത്തിൽ ചൊല്ലിയ അപെക്ഷക്കടുദാശിൽ അടങ്ങിയ ആറു കാര്യങ്ങളുംതന്നെ ആകകൊണ്ടും നമ്മുടെ പുസ്തകത്തിന്ന ഏററം നീളമായി പൊകുമെന്നു കാൺകകൊണ്ടും ഇതിന്റെ പൊരുളും ഇവിടെ എഴുതുന്നില്ല. അപ്പൊഴൊ ഇങ്ങിനെ ഈ അപെക്ഷക്കടുദാശു എഴുതി ഒപ്പിച്ചതിന്റെ ശെഷം വിഷ്ക്കൊന്തി തന്നൊടു പറഞ്ഞയച്ചിരിക്കുന്നപൊലെ തന്റെ വീട്ടിൽ കൊണ്ടുചെന്നാറെ വിഷ്ക്കൊന്തി മല്പാനെ വെറെ വിളിച്ചു താൻ കൊണ്ടുചെന്ന അപെക്ഷക്കടുദാശു മെടിച്ചു വായിച്ചു കണ്ടപ്പൊൾ ഇതിൽ ഏതാനും പൊന്നു പൊരാഴിക ഉണ്ടെങ്കിൽ ആയതു അറിച്ചാൽ വെറെഎഴുതി ഉണ്ടാക്കാമെന്നു മല്പാൻ പറഞ്ഞതിന്നു ഇതിന്നു കുറച്ചിൽ ഏതും ഇല്ലാ എന്നതിനെക്കൊണ്ടു വീണ്ടും എഴുതി ഉണ്ടാക്കുന്നതിന്ന ആവശ്യം ഇല്ലാ എന്നും ഈ അപെക്ഷയുടെ അവസ്ഥ രാജസ്ത്രീയെ ബൊധിപ്പിച്ചു ഇതിന്നുത്തരം ഞാൻ പറയുന്നുണ്ടെന്നും പറഞ്ഞു അപെക്ഷക്കടുദാശു അങ്ങു കൈയെറ്റുക്കയും ചെയ്തു. ഇങ്ങിനെ അപെക്ഷക്കടുദാശു കൈയ്യെററതിന്റെശെഷം വിഷ്ക്കൊന്തിയൊടു മല്പാൻ പറഞ്ഞു. ഈ അപെക്ഷക്കടുദാശിൽ എഴുതപ്പെട്ട അപെക്ഷകളുടെ വെളിവിന്നും അറിവിന്നും മലങ്കരെ ഇടവകയിൽ മാർഗ്ഗം ഇടപെട്ടുണ്ടായ അവസ്ഥകൾ അങ്ങെ ഉയർച്ച അറിയുന്നതു ഏററം നന്നായിരിക്കും. എന്നതുകൊണ്ടു മലങ്കര ഇടവകയിൽ മാർ തൊമ്മാശ്ളീഹാ വന്നുമാർഗ്ഗം ഇടപെട്ടുണ്ടായ വർത്തമാനം ഒക്കയും പറുങ്കിഭാഷയിൽ ഞാൻ എഴുതി ഉണ്ടാക്കീട്ടുണ്ടു. ആയതുകൂടെയും അങ്ങെ ഉയർച്ചയുടെ പക്കൽ കൊണ്ടുവന്നു തരുന്നുണ്ടെന്നു പറഞ്ഞാറെ അങ്ങിനെ ആകട്ടെ എന്നു പറഞ്ഞു

www.malankaralibrary.com

മല്പാനെ അയച്ചതിന്റെ ശെഷം പിന്നെ ഒരു ദിവസം വി
ഷ്ക്കൊന്തിയുടെ വീട്ടിൽ പൊയപ്പൊൾ മുമ്പിൽ മെഷ്ക്കീ
ത്ത എന്ന പാതിരിയുടെ പക്കൽ കൊടുത്ത വർത്തമാനം ത
ന്നെവിഷ്ക്കൊന്തിയടെ പക്കലും വായിപ്പാനായി കൊണ്ടുചെ
ന്നുകൊടുക്കയും ചെയ്തു. ഇങ്ങിനെ ഒക്കയും വിഷ്ക്കൊന്തി
യൊടു പറഞ്ഞതിന്റെ ശെഷം ആ ആഴ്ചയിൽതന്നെ ഞാനും
മല്പാനും കൂടെ മർക്കെസ അഞ്ചെലാ എന്ന രാജഭണ്ഡാര
ത്തിന്മെലുള്ള സർവ്വാധികാര്യക്കാരന്റെ വീട്ടിലും ചെന്നു
തന്നെ കണ്ടു മലങ്കരപ്പള്ളികളുടെ കാര്യങ്ങൾക്കുവെണ്ടി ലിസ്
ബൊ ആയിൽ വന്നാറെ ഇത്രപ്പൊഴും കാര്യംകൊണ്ടു ഒക്കയും
വെണ്ടുംവണ്ണം തങ്ങൾ എല്ലാവരുമായി പറഞ്ഞു ഒപ്പിച്ചിരി
ക്കുന്നു എന്നു കയെത്താനൊസുപാതിരി പറയുകകൊണ്ടത്രെ ഇത്ര
നെരവും ഞങ്ങൾ അടങ്ങി പാർത്തിരുന്നതു. എന്നാൽ ഇപ്പൊൾ
കയെത്താനൊസുപാതിരി പറയുന്നത ഒക്കയും നെരായ ഒരു കാ
ര്യമല്ല ഉപായമത്രെ എന്നു കാണുകകൊണ്ടു ഇപ്പൊൾ ഞങ്ങൾ
തന്നെ കാര്യത്തിന്നു ശ്രമിപ്പാൻ തുടങ്ങി. ഞങ്ങളുടെ അപെക്ഷ
ഒക്കയും വിഷ്ക്കൊന്തിയുടെ അടുക്കൽ കൊണ്ടുചെന്നു കൊടുത്തി
രിക്കുന്നു എന്നും ആയതിന്നു അങ്ങെ ഉയർച്ചക്കുംകൂടെ മനഗുണമു
ണ്ടായി ഞങ്ങളുടെ അപെക്ഷയും തീർത്ത ഞങ്ങളെ അയപ്പാനുള്ള
തിന്നു ശ്രമിക്കണമെന്നും ഇങ്ങനെ മററു പലതും കയത്താനൊസു
പാതിരി ഇത്രനെരവും പറഞ്ഞിരുന്ന ഉപായങ്ങളും തന്നെ കെൾ
പ്പിച്ച തന്നൊടും നമ്മുടെ കാര്യങ്ങൾ ചൊല്ലി പാരംപാരം അ
പെക്ഷിച്ചാറെ മർക്കെസും ഈ അവസ്ഥ ഒക്കയും കെട്ടപ്പൊൾ
താനും കയത്താനൊസുപാതിരിയും ആയിട്ടു പുറമെയുള്ള ആചാ
രങ്ങൾ ഒഴിയെ ഉള്ള ഏതും ചെർച്ച ഇല്ലാഴികകൊണ്ടു ഞങ്ങൾ
കയത്താനൊസു പാതിരിയിൽനിന്നും വെറുതിരിഞ്ഞു എന്നു ക
ണ്ടപ്പൊൾ പാരം പ്രസാദിച്ച നല്ലവണ്ണം ഒക്കയും പറഞ്ഞു ഞങ്ങ
ളെ അയക്കയുംചെയ്തു. ഇതു ഒക്കയും കഴിഞ്ഞതിന്റെശെഷം കാ
ര്യത്തിന്നു തീർച്ച വരുവൊളം വിഷ്ക്കൊന്തിയുടെയും മെഷ്
ക്കിത്തായുടെയും വീട്ടിൽ മല്പാൻതന്നെയും മർക്കെസ അഞ്ചെലാ
യുടെവീട്ടിൽ മല്പാനും ഞാനുംകൂടെയും ആഴ്ചവട്ടത്തിൽ ഒരു ഊഴം
ചെന്നു ഞങ്ങളുടെ സങ്കടം പറയുമാറായിരുന്നതും ഒഴിയെ പല
പ്പൊഴും മെൽപറഞ്ഞ വിഷ്ക്കൊന്തിയുടെയും മെഷ്ക്കിത്താ
യുടെയും വീട്ടിൽ ഭക്ഷണവും കഴിഞ്ഞു പക്കത്തൊടും വിവെക
ത്തൊടും കൂടെ മലങ്കര ഇടവകയിലെ ദിഷ്ടതികളും അവസ്ഥ
കളും ഒക്കയും അവരെ കെൾപ്പിക്കുമാറായിരുന്നു. ഇങ്ങിനെ ചെ
ന്നുവരുന്ന മദ്ധ്യെ മലങ്കര ഇടവകയിൽ ജാതിക്കാരൻ മെത്രാനാ
യാൽ വരുന്ന ഗുണവും ദൊഷവും പറങ്കികാരൻ മെത്രാനായാൽ
വരുന്ന ഗുണവും ദൊഷവും ഒക്കയും ഉടയതമ്പുരാന്റെ തിരുമു
മ്പിൽ ന്യായമാകുംവണ്ണം ഒരു കണ്ടപത്രംപൊലെ ഞാൻ എഴു



തി ഉണ്ടാക്കിയാറെ ആയതു മല്പാൻ വായിച്ചു കെട്ടു കുറെഒക്കെ
നീക്കിപൊക്കിഏററംനല്ലവണ്ണവും വെളിവായിട്ടും എഴുതി ഉണ്ടാ
ക്കി ആയതു രണ്ടുപ്രകാരം ആയാലും ഞങ്ങൾക്കും ഞങ്ങളുടെ
യൊഗത്തിന്നും സമ്മതം എന്നും ആയതുകൊണ്ടു ഏതുപ്രകാരം
ആയാലും വെഗം തീർത്തുതരണം എന്നുംകൂടെ ആ കണ്ടപത്രത്തിൽ
എഴുതി വിഷ്ക്കൊന്തിയെ കെൾപ്പിക്കത്തക്കവെണ്ണം മെഷ്ക്കീ
ത്താപാതിരിയുടെ പക്കൽ കൊണ്ടുചെന്നു കൊടുക്കയും ചെയ്തു.
എന്നാൽ ഈ കണ്ടപത്രത്തിന്റെ വാചകം താഴത്തു എഴുത്തപെടു
കയും ചെയ്യും. ഇതുമെന്യെ വിഷ്ക്കൊന്തിയുടെ വിചാരക്കാര
നായ പ്രധാനപ്പെട്ട ആളിന്റെ വീട്ടിൽ പലയൂഴവും ചെന്നു ത
ന്നൊടും ഈ കാര്യത്തിന്മെൽ അപെക്ഷിച്ചതുമെന്യെ അന്നു കൊ
ന്തി ദെ ഹല്യത്താ എന്ന ഉയരപെട്ട മർക്കെസ ദെ കസ്തർമെലി
യൊർ (അതെന്തെന്നാൽ ഈ പ്രധാനിയുടെ യോഗ്യതയും ഗുണ
വും കണ്ടു പിന്നെ മർക്കെസിന്റെ സ്ഥാനം രാജസ്ത്രീ കൊടുത്തു)
എന്നു ചൊല്ലുന്ന നല്ല നെറിവും നീതിയും ഉള്ള വിഷ്ക്കൊന്തി
യുടെ ചാർച്ചയിൽ ഉള്ള മരുമകനാകുന്ന ലിസ്ബൊ ആയിൽ
ഉള്ള പ്രധാനികളിൽ ഒരുത്തന്റെ ഭവനത്തു ചെന്നു തന്നൊടും
ഞങ്ങളുടെ ഈ കാര്യങ്ങൾ ഒക്കയും പറഞ്ഞാറെ താനും വെണ്ടും
വണ്ണം ഒക്കയും മല്പാനെ കൈക്കൊണ്ടു പാരം സ്നെഹവുംകാട്ടി
ഈ കാര്യങ്ങൾക്കു തന്നാൽ ആകുംവണ്ണം ശ്രമിക്കാമെന്നു പറ
ഞ്ഞൊക്കയും പറഞ്ഞൊത്തവണ്ണം ഒട്ടും ഒരു ഈഷൽ കൂടാതെ
ശ്രമിക്കയും ചെയ്തു.എന്നാൽ ഈ പ്രധാനി ലിസ്ബൊആയിൽ
നിന്നും ഞങ്ങൾ പൊരുവൊളും ഒട്ടും ഒരു പകർച്ചകൂടാതെ ഞങ്ങ
ളുടെ നെരെ പാരം പ്രസാദം ആയിരിക്കയും ചെയ്തു.

## അറുപത്തിമൂന്നാം പദം

ഞങ്ങൾ തന്നെ ഞങ്ങളുടെ കാര്യം ക്ലെശിക്കുന്നപ്രകാരം കയെത്താ
നൊസുപാതിരി കെട്ടാറെ ഉണ്ടായ അവസ്ഥമെലും ഞങ്ങളുടെ
കാര്യത്തിന്നു ഉണ്ടായ അവസ്ഥമെലും

എന്നാൽ ഈ പുസ്തകത്തിന്റെ അമ്പത്തൊമ്പതാംപദത്തിൽ
മീതെ ചൊല്ലിയിരിക്കുന്നപൊലെ ഞങ്ങൾ സംബന്തു എന്ന ആ
ശ്രമത്തിൽ ചെന്നതിന്റെശെഷം മിക്കപ്പൊഴും കയെത്താനൊസു
പാതിരികൂടെ അവിടെ വന്നു ഞങ്ങളൊടുകൂടെ ഒരുമിച്ചുഭക്ഷണം
കഴിഞ്ഞ ഒട്ടു തന്റെ മെന്മകൾ പറഞ്ഞും ഒട്ടു ഞങ്ങൾക്കു അറിവു
ചൊല്ലിത്തന്നും ഒട്ടു ഞങ്ങളെ കുററപ്പെടുത്തിയും ഒട്ടു ഗൊവയിൽ
ഉള്ള മെത്രാപ്പൊലീത്തായൊടു മററും പാതിരിമാരൊടു മററും
ആവലാധികൾ എഴുതി ഉണ്ടാക്കിയും വന്നിരുന്നാറെ ഇങ്ങിനെ
കുറെ നാൾ കഴിഞ്ഞപ്പൊൾ ഏതാനും ഒരു കാര്യം ഇടപെട്ടു സം

www.malankaralibrary.com

ബന്ത എന്ന ആശ്രമത്തിൻെറ മൂപ്പനാകുന്ന പാതിരിയും താനുമായിട്ട അയർച്ച ആയിപൊകകൊണ്ട മുമ്പിലത്തെപ്പൊലെ ഈ ആശ്രമത്തിൽ വരവും പൊക്കും ഇല്ലാതിരിക്കുന്ന നാളുകളിൽ താൻ മുമ്പിൽ ഞങ്ങളൊട പ്രമാണിച്ചിരുന്ന കല്പനകൾകടന്ന വിഷ്ക്കൊന്തിയുടെയും മർക്കൊസിൻെറയും വീടുകളിൽ പലപ്പൊഴും പൊകുന്നതുകൊണ്ടും ഒട്ടെറെയും മെൽപറഞ്ഞ മെഷ്കീത്ത എന്ന പാതിരി മല്പാനെ കാൺമാനായിട്ട ഒരു ദിവസം സംബന്ത എന്ന ആശ്രമത്തിൽ വന്നതുകൊണ്ടും തന്നെ കൂടാതെ ഞങ്ങളുടെ കാര്യം ക്ലെശിക്ക അത്രെ ചെയ്യുന്ന എന്നറിഞ്ഞു താനും മകൻ യൌസെപ്പുപാതിരിയും ഞങ്ങളൊട പാരം കൊപിക്കയും കരിയാട്ടിയുടെ കാര്യമൊക്കയും ഞാൻ പറഞ്ഞു വെണ്ടുംവണ്ണം ഒക്കയും തീർച്ച വരുത്തിയിരിക്കുന്നു. ആയതു വല്ലാതെ ആകുവാനായിട്ടത്രെ അയാൾ ഇപ്പൊൾ നടന്നു്ശ്രമിക്കുന്നതു എന്നു തൻെറ മകൻ യൌസെപ്പുപാതിരിയൊട കയത്താനൊസുപാതിരി വീണ്ടും വീണ്ടും ഞങ്ങളൊട പറയത്തക്കവണ്ണം പറഞ്ഞയച്ചു ഞങ്ങളൊട പറയിച്ചാറെ ആയതു ഒന്നും ഞങ്ങൾ സമ്മതിക്കാതെ തുടങ്ങിയ കാര്യത്തിന്നു അന്തരം വരാതെ മെൽപറഞ്ഞ സർവ്വാധികാര്യക്കാരന്മാരുടെയും പ്രധാനികളുടെയും വീടുകളിൽ കൂടെകൂടെ ചെന്നു പറയുകകൊണ്ടും കയത്താനൊസുപാതിരിക്കു ഞങ്ങളൊട പാരം മനക്കുറുപ്പായിരിക്കുന്ന മദ്ധ്യെ ഒരു ദിവസം തനിക്കു കാലിന്നു ദീനമായി കിടപ്പായിരിക്കുന്നു എന്നു ഞങ്ങൾ കെട്ടാറെ നല്ല ആചാരത്തിൽ ഏതും ഞങ്ങളുടെ പക്കൽ കുറഞ്ഞു പൊകാതിരിപ്പാൻ തന്നെ കാണ്മാനായിട്ട തൻെറ വീട്ടിൽ ഞാൻ ചെന്നു തന്നെ കണ്ടപ്പൊൾ കരിയാട്ടി ഇപ്പൊൾ എന്തുകൊണ്ട കൂടെക്കൂടെ വിഷ്ക്കൊന്തിയുടെ വീട്ടിലും മർക്കൊസിൻെറ വീട്ടിലും നടക്കുന്നു. നിങ്ങളുടെ കാര്യത്തിന്നു വെണ്ടുന്ന മാർഗ്ഗമൊക്കയും ഞാൻ എല്ലാവരുമായിട്ട പറഞ്ഞു വെസ്ഥ വരുത്തിയിരിക്കുന്നതിനെക്കൊണ്ട ആയതിന്നു വിഘ്നം വരുത്തുവാനത്രെ ഇപ്പൊൾ കരിയാട്ടി നടക്കുന്നതു. എന്നാൽ മെഷ്ക്കീത്താ എന്ന ഈ പട്ടക്കാരൻ എത്രയും പരമാർത്ഥി ആകുന്നതുകൊണ്ട അയാളാൽ കാര്യം സാധിക്കുമെന്നു വിചാരിക്കുന്നതു എത്രയും ഭൊഷത്വമത്രെ ആകുന്നു. ഇതുമെന്യെ കരിയാട്ടി വിശ്വസിപ്പാൻ വഹിയാത്ത ആളാകുന്നു എന്നു ഞാൻ മുമ്പിലെ അറിഞ്ഞിരിക്കുന്നു എന്നും മററു പല കുററപ്പാടുകളും എന്നൊട പറയുകയും ഞാനും ആയതു ഒക്കയും ഏറക്കുറവു കൂടാതെ മല്പാനൊട പറകയും ചെയ്തു. എന്നാൽ മല്പാൻ കയെത്താനൊസുപാതിരിയുടെ മൊഴികൾ കെട്ടശെഷം ആയതിന്മെൽ ഏതും കൂട്ടാക്കാതെ മുമ്പിൽ ക്ലെശിച്ചു തുടങ്ങിയതിന്നു കുറവു വരാതെ വിഷ്ക്കൊന്തിയുടെയും മററു വെണ്ടത്തക്കവരുടെയും വീടുകളിൽ ചെല്ലുകയും പറയുകയും ചെയ്തുവരുന്നതു കയെത്താനൊസു പാതിരി അറിഞ്ഞാറെ



ഞങ്ങളുടെ മെൽ പാരം കൊപിച്ചു മുമ്പിൽ ഞങ്ങളെകൊണ്ട താൻ പറഞ്ഞുവന്ന ഗുണമായ വസ്തുക്കളിന്മെൽ ഒക്കയും വിപരീതം ആയി ഈ മലയാംകാററു പാവപ്പെട്ട ജനങ്ങൾ ഇവിടെ വന്നാറെ അവരുടെ പാവവും മുട്ടും കണ്ട വെണ്ടുന്ന വസ്തുക്കൾ ഒക്കയും കൊടുത്തു അവരെ സഹായിച്ചു വന്നതിനാംപക്കം അവർ ഞാൻ ചെയ്ത ഈ മനഗുണപ്രവർത്തികൾ ഒക്കയും ഓർക്കാതെയും ആയതിന്നു ഒട്ടും ഒരു നന്ദി കാട്ടാതെയും ഞാൻ അവരൊട പറഞ്ഞിരുന്ന വചനങ്ങളൊട മറുത്തും ഞാൻ ബൊധിക്കാതെയും അവരുടെ കാര്യം അവർതന്നെ വിചാരിച്ചുകൊള്ളാമെന്നു ഭാവിച്ചു തുടങ്ങുന്നതിനെക്കൊണ്ട എത്രയും നന്ദികെട്ടവരും അഹമ്മതികളും അത്രെ ആകുന്നു എന്നും അപ്രകാരം രാജാവും എന്നൊട പറഞ്ഞു എന്നും ഞാൻ അവരുടെ കാര്യങ്ങൾ ഒക്കയും വെണ്ടുംവണ്ണം തീർച്ച വരുത്തിവെച്ചിരിക്കുന്നതു നഷ്ടം വരുത്തുവാനത്രെ അവർ നടക്കുന്നതു എന്നും വിശെഷിച്ചും ഇവർ അന്യരാജാവിൻെറ ആളുകളാകുന്നതിനെകൊണ്ട ഇവിടെ വന്ന ഈ മനഗുണങ്ങൾ അപെക്ഷിപ്പാൻ ഏതൊരവകാശമെന്നും വരുമ്പൊൾ അവർ അപെക്ഷിക്കുന്ന കാര്യങ്ങൾ കെട്ടനുസരിച്ചു ആയതിന്നു ഒത്തവണ്ണം ഇരിപ്പാൻ രാജസ്രീക്കു ഒരു കടവും ഇല്ല. ഇതും ഇങ്ങിനെയുള്ള മററു പല കൂട്ടങ്ങളും പുറമെയുള്ള ആളുകളൊടും താൻ ചൊല്ലുവാൻ മര്യാദി ആയിരിക്കുന്ന പ്രധാനികളുടെ വീടുകളിലും കയെത്താനൊസുപാതിരി പറഞ്ഞു തുടങ്ങുകയും ചെയ്തു.

അപ്പൊഴെ ഇങ്ങിനെ കയെത്താനൊസുപാതിരി പുറമെ പറഞ്ഞു നടത്തിവരുന്നതും ഒഴിയെ നമ്മുടെ കാര്യത്തിന്നു വെണ്ടി മററെല്ലാവരെക്കായിലും വിഷ്ക്കൊന്തിയൊട മല്പാൻ അപെക്ഷിക്കയും ശെഷമുള്ളവരെക്കായിൽ ഏററം വിഷ്ക്കൊന്തി ഈ കാര്യത്തിന്മെൽ പിടിച്ചിരിക്കയും ചെയ്തു. ഇതറിഞ്ഞ ഈ കെട്ടപാടിന്നു വിഘ്നം വരുത്തുവാനായിട്ട ഈ മലയാൻകാററു തങ്ങളുടെ കാര്യത്തിന്നു വിഷ്ക്കൊന്തി വെണ്ടുംവണ്ണം സഹായിക്കുമെന്നും ഭാവിച്ചു വിഷ്ക്കൊന്തിയുടെ വീട്ടിൽ പലപ്പൊഴും ചെന്നും പറഞ്ഞും വരുന്നു. എന്നാൽ വിഷ്ക്കൊന്തി എത്രയും കള്ളനും ചതിയനും ആകുന്നതിനെകൊണ്ട കണ്ട കണ്ണിയിൽകെട്ടും. അവരുടെ കാര്യം കൊള്ളിക്ക ഇല്ലാ എന്നും അവരുടെ കാര്യത്തിന്നു എല്ലാവരെക്കായിലും ശത്രു വിഷ്ക്കൊന്തി അത്രെ ആകുന്നു എന്നും ഇങ്ങിനെ വിഷ്ക്കൊന്തി ചതിയനത്രെ എന്നു വരുത്തുവാനായിട്ട മററും പല വസ്തുക്കളും പലയുഴവും ഞങ്ങളെ അറിയിപ്പാനായിട്ട തൻെറ മകൻ യൌസെപ്പുപാതിരിയെ പറഞ്ഞയച്ചത് ഒഴിയെ ഒരുഴം താൻതന്നെ സംബന്ത എന്ന ആശ്രമത്തിൽ വന്നു പാരം കൊടുരപ്പെട്ട മുഖത്തൊടുകൂടെ താൻതന്നെ ഞങ്ങളൊട പറയുകയും ചെയ്തു.

www.malankaralibrary.com

## വിചാരം

കയത്താനൊസു പാതിരി മുമ്പിൽ ഞങ്ങളുടെ കാര്യമൊക്കയും ക്ലെശിക്കാമെന്ന പറഞ്ഞ ഞങ്ങളെ തന്റെ കീഴ പാർപ്പിച്ചതു ഉടയതമ്പുരാനെപ്രതിയും മലങ്കരപള്ളികാംക്ക ഗുണം വരുത്തണം എന്ന കരുതിയും അല്ലാ, തന്റെ കാര്യത്തെപ്രതിയും തനിക്ക കുട്ടർ ഉണ്ടാക്കുവാനുമായിട്ടത്രെ എന്ന ഈ മെൽപറഞ്ഞ അവസ്ഥകൊണ്ട പ്രസിദ്ധമായി വരികയും ചെയ്തു. അതെന്തെന്നാൽ ഉടയതമ്പുരാനെപ്രതിയും പള്ളികളുടെ ഗുണത്തെപ്രതിയും ആയിരുന്ന എങ്കിൽ ഞങ്ങാംതന്നെ കാര്യം ക്ലെശിക്കുന്നതിമെൽ ക്ലെശവും സങ്കടവും തൊന്നി ആയതിന്ന വിഘ്നം വരുവാൻ തക്ക വസ്തുക്കാം പറയാഞ്ഞെനെ. എന്നാൽ ആയതുകൂടാതെ ഞങ്ങളുടെ കാര്യത്തിന്ന വിഘ്നം വരുവാനും വിഷ്ക്കൊന്തിയുമായിട്ട പിണക്കം വരുത്തുവാനും തക്ക വസ്തുക്കാം പറഞ്ഞു വരുന്നതിനാൽ മുമ്പിൽ ഞങ്ങാംക്കവെണ്ടി പറഞ്ഞത് ഒക്കയും തന്റെ കാര്യത്തിന്റെ ഹെതുവാലത്രെ പറഞ്ഞത എന്ന വെളിവായി വരികയും ചെയ്തു. എന്ന വരുമ്പൊാം ഞങ്ങാം കയെത്താനൊസുപാതിരി പുറമെ ഞങ്ങളെകൊണ്ട പറഞ്ഞുവരുന്നതും തന്റെ മകനും താനും വിഷ്ക്കൊന്തിയെക്കൊണ്ട ഞങ്ങളൊട പറഞ്ഞതും കെട്ടാറെ ഇപ്പൊാം വിഷ്ക്കൊന്തിക്ക ഞങ്ങളുടെ നെരെ സ്നെഹമാകുന്ന എങ്കിലും ഈ സ്നെഹമൊക്കയും മാററി അപ്രിയം വരുത്തുവാൻ കയെത്താനൊസുപാതിരിയുടെ ഉാംക്കളെവും പൊരും മതിയായി വരുവാൻ പൊരുമെന്ന ഭയപ്പെട്ട ഉടൻ തന്നെ മല്പാൻ പൊയി മെൽപറഞ്ഞ ഞങ്ങളുടെ സ്നെഹിതൻ മാർ മെഷ്ക്കീത്തായൊട ഇങ്ങിനെ കയെത്താനൊസുപാതിരി പുറത്തും അകത്തും പറഞ്ഞു നടത്തിവരുന്ന എന്നപ്രകാരം പറഞ്ഞാറെ ആയതുകൊണ്ട ഒട്ടും ശങ്കിക്കെണ്ട. കയെത്താനൊസു പാതിരി ശ്രമിച്ചാൽ നിങ്ങളൊട ഒരു വസ്തുവും കാട്ടുവാൻ കൂടുകയില്ല എന്ന പല അവകാശങ്ങാംകൊണ്ടും ഉറപ്പുകാംകൊണ്ടും മെഷ്ക്കീത്താ പറഞ്ഞു ഉറപ്പിച്ചു മല്പാനെ അയക്കയും ചെയ്തു. എന്നാൽ ഇങ്ങിനെ മെഷ്ക്കീത്താ വെണ്ടുംവണ്ണം പറഞ്ഞു ഉറപ്പു വരുത്തി മല്പാനെ അയച്ചു എങ്കിലും കയെത്താനൊസുപാതിരിയുടെ ഉാംക്കളെവും വാക്കുവൈഭവും തന്റെ സ്വഭാവത്തിന്റെ പ്രകൃതിയും നാവിന്റെ എല്ലില്ലാഴികയും ഒട്ടെറെയും കൂടെക്കൂടെ താൻ രാജാവിരിക്കുന്നെടത്തു ചെന്ന രാജാവായിട്ട കണ്ട പറഞ്ഞു വരുന്നതുകൊണ്ടും ഞങ്ങാം പാരം ഭയപ്പെട്ട അഹിതൊപ്പെലിന്റെ ചൊല്ലിൽനിന്ന കർത്താവെ എന്നെ രക്ഷിച്ചുകൊാംക എന്ന പണ്ടൊരിക്കൽ ദാവീദ അപെക്ഷിച്ചിരുന്നപൊലെ ദിവസത്തിൽ പലുയുഴവും കയെത്താനൊസുപാതിരിയുടെ നഷ്ടംവരുത്തുന്ന വചനങ്ങളിൽനിന്നുംവിചാരങ്ങളിൽനിന്നും രക്ഷിച്ചു കൊള്ളണമെ എന്ന തമ്പുരാനൊട അപെക്ഷിക്കയും ചെയ്തു





വന്നത എന്നിയെ ഈ ദിവസങ്ങളിൽ ഉണ്ടായ ഭയവും ഉാംക്ലെശവും കൊണ്ട ദിവസംതൊറും ഒരു മുഴവൻ കൊന്തതന്നെ നമസ്കരിച്ചു ഈ അമളിയിൽനിന്നും രക്ഷിച്ചു നമ്മുടെ കാര്യത്തിന്ന വെഗം നല്ല തീർച്ച ഉണ്ടാക്കി തരുവാൻ മനഗുണമുണ്ടാകണമെന്ന കന്യാസ്ത്രീ അമ്മയൊട ഞാൻ പ്രത്യെകമായിട്ട അപെക്ഷിച്ചു വരികയും ചെയ്തു.

ഇതിന്റെ ശെഷം ഒരു ദിവസം ഞാനും മല്പാനുംകൂടെ വിഷ്ക്കൊന്തിയുടെ വീട്ടിൽ ചെന്നാറെ അവരു ഭക്ഷണം കഴിക്കുന്നമുറിയിൽ ഞങ്ങളും കൂടെ ചെന്നിരുന്നപ്പൊാം മല്പാന്റെ മുഖം പാരം വാട്ടമായി ക്ലെശത്തൊടുകൂടെ ഇരിക്കുന്നതു വിഷ്ക്കൊന്തിയുടെ ഭാര്യ വിഷ്ക്കൊന്തെസ്സാ കണ്ടതിനാൽ വിഷ്ക്കൊന്തിയുടെ ചെവുട്ടിൽ മഹാ രഹസ്യമായി ഏതാണ്ട പറഞ്ഞതിന്റെ ശെഷം ഒരു തെല്ലനെരം കഴിഞ്ഞപ്പൊാം വിഷ്ക്കൊന്തി മല്പാനെ നൊക്കി കര്യാട്ടി താൻ എന്തിന്യെ ക്ലെശത്തൊടുകൂടെ ഇരിക്കുന്നു. ക്ലെശം വെണ്ട നല്ല മനസ്സുറപ്പൊടുകൂടെയും ഹൃദയതെളിവൊടുകൂടെയും ഇരുന്ന ഉടയതമ്പുരാനൊട അപെക്ഷിക്ക വെണ്ടു. കാര്യങ്ങാം നിങ്ങാം വിചാരിച്ചിരിക്കുന്നെതിൽ നിമിഷവും നിങ്ങാം നിരൂപിക്കുന്നതിൽ നല്ലവണ്ണവും തീന്നുവരുമെന്ന പറഞ്ഞതിന്ന ഇനിക്ക ഒരു ക്ലെശവും ഇല്ല. അങ്ങെ കല്പനക്ക ഒക്കെക്കും ആസ്ഥമായിരിക്കുന്നു. എന്നിങ്ങനെ ആചാരമായിട്ട മല്പാൻ ഉണർത്തിച്ചു ഉടനെ അവിടെകൂടി ഭക്ഷണം കഴിഞ്ഞിരുന്ന വിഷ്ക്കൊന്തിയുടെ പെണ്ങാം വിഷ്ക്കൊന്തി പറഞ്ഞ വചനത്തിന്മെൽ പാരം സന്തൊഷവും പ്രസാദവും കാട്ടി കാര്യം നിമിഷം തീരുവാൻ സംഗതി വരുമെന്ന പറഞ്ഞ മല്പാനെ മനസ്സുറപ്പിച്ചു നെരത്ത ഞങ്ങാംക്ക കയത്താനൊസുപാതിരിയുടെ കൂട്ടജാതിക്കാരൻ മെത്രാനായെ പൊവു എന്നില്ലാ. നല്ല ഇരിപ്പും പതവും ഉള്ള ഒരു പറങ്കികാരൻആയിരുന്നാലും മതിഎന്ന ഞാൻ പറയുകയിൽ മെശയിൽ ഇരിക്കുന്നവക്ക ഒക്കെക്കും പാരം പ്രസാദം ആയി വരികയും ചെയ്തു.വിശെഷിച്ചും മെൽചൊല്ലിയ പൊലെ ആഴ്ചവട്ടത്തിൽ ഒരുഴം മർക്കെസിന്റെ വീട്ടിൽ ചെന്നാൽ ചിലപ്പൊാം ഞങ്ങളെ താൻതന്നെ കണ്ടുപറയുകയും കണ്ട പറവാൻ വഹിയാത്ത പക്ഷത്തിൽ നിങ്ങളുടെ കാര്യമൊക്കയും ഞാൻ വെണ്ടുംവണ്ണം ഓത്തിരിക്കുന്ന എന്നും ആയതു ഒക്കയും സാധിപ്പാൻ സംഗതി വരുമെന്നും തന്റെ വാലിഭക്കാരനൊട പറഞ്ഞയച്ചു ഞങ്ങളെ അറീക്കയും ചെയ്യുമാറായിരുന്നു. എന്നാലും മർക്കെസിന്റെ ഭാര്യ മർക്കെസ്സായും കയത്താനൊസുപാതിരിയും ആയിട്ട പാരം സ്നെഹം ആയിരിക്കകൊണ്ടും ഞങ്ങളെക്കൊണ്ട കയത്താനൊസുപാതിരി പലകൂട്ടം വസ്തുക്കാം പറഞ്ഞിരിക്കകൊണ്ടും ഈനാളുകളിൽ ഞങ്ങളുടെനെരെ നല്ല പ്രസാദം ഇല്ലാഞ്ഞുതാനും. ഇങ്ങിനെ ഒക്കയും ശ്രുരിക്കുന്ന മദ്ധ്യെ നാവി

www.malankaralibrary.com

ന്മേൽ എല്ല ഇല്ലാത്തവണ്ണം നാലുപാടും പറയുന്ന കയത്താനൊസുപാതിരി താൻ ഞങ്ങളെക്കൊണ്ടു പുറമെ പറഞ്ഞു നടക്കുന്ന ദൂഷണങ്ങൾ മൂടുവാനും വിഷ്ക്കൊന്തിയുടെ വീട്ടിൽ ഞങ്ങൾ പൊകുന്നതു മുടക്കുവാനും ഉള്ള ഉപായം വിചാരിച്ചു കൊടുങ്ങല്ലൂർ മെത്രാപ്പൊലീത്ത ആകുവാൻ ആ ഇടവകയിൽ വികാരിജനറാളായിരിക്കുന്ന പൌലീസ്താക്കാരൻ പാതിരിയെതന്നെ വെണം എന്ന വിഷ്ക്കൊന്തി രാജാവിനൊടു മുട്ടിച്ചു എന്നും ആയതു സമ്മതിക്ക ഇല്ല കരിയാട്ടിയെതന്നെ കൂടിയെ മതിയാവു എന്നു താൻ തികച്ചിലായി രാജാവിനൊടു പറയുകകൊണ്ടു താൻ പിടിച്ച ഈ കാര്യം വിഷ്ക്കൊന്തി സാധിച്ചില്ലാ എന്നും ഇങ്ങിനെ ഇരിക്കുമ്പൊൾ വിഷ്ക്കൊന്തി തങ്ങടെ വെണ്ടതക്കവൻ എന്ന ഈ മലയാൻകാറർ വിചാരിക്കുന്നതു എത്രയും ഭൊഷത്വമത്രെ ആകുന്നു എന്നും ഞങ്ങൾ അറിവാനായിട്ടു തന്റെ മകൻ യൌസെപ്പുപാതിരിയൊടു കയത്താനൊസുപാതിരി പറഞ്ഞയച്ചാറെ ഈ അവസ്ഥ ഞങ്ങൾ അറിഞ്ഞതിന്റെ ശെഷം ആയതിന്റെ പരമാൎത്ഥം അറിവാൻ മെഷ്ക്കീത്ത എന്ന ഞങ്ങളുടെ സ്നെഹകാരൻ പാതിരിയൊടു പറകയും ഇയാൾ ഈ അവസ്ഥ വിഷ്ക്കൊന്തിയൊടു തന്നെ ചൊദിക്കയും വിഷ്ക്കൊന്തി ഞാൻ സ്വപ്നത്തിൽകൂടെ നിനച്ച കാര്യം അല്ലെന്നു പരമാർത്ഥമായി അയാളൊടു പറയുകയും ചെയ്തു.

## അറുപത്തിനാലാം പദം

മല്പാന്റെ മെത്രാപ്പൊലീത്തായുടെ പെരു വന്നതിന്മെലും അയതിന്റെ ശെഷം ഉണ്ടായ അവസ്ഥമെലും

ഈ കാര്യം ഒക്കെയുംകൊണ്ടു കയത്താനൊസുപാതിരിയും തന്റെ മകനും ഞങ്ങളൊടു ഉരിയാട്ടംകൂടി മുട്ടി ഇരിക്കുന്നതിനെക്കൊണ്ടു വാച്ച കലക്കവും നമ്മുടെ കാര്യത്തിന്നു ഉണ്ടാക്കുവാൻ പൊരുമെന്നു ഭയപ്പെട്ടു രായും പകലും മുട്ടിപ്പാലെ ഉടയതമ്പുരാനൊടും മൎത്തമറിയത്തുമ്മായൊടും ഹൃദയം ഒക്കെകൊണ്ടും പ്രാർത്ഥിച്ചുവരുന്ന മദ്ധ്യെ ഒരു ദിവസം നമ്മുടെകാര്യത്തിന്റെ അവസ്ഥ അറിവാനായിട്ടു വിഷ്ക്കൊന്തിയുടെ വീട്ടിൽ ചെന്നു അയാളെ കണ്ടാറെ മല്പാനൊടു പറഞ്ഞു നിങ്ങളുടെ കാര്യം ഞാൻ കണ്ടു ഇരുന്നതിൽ ഏറ്റം ദൂരെ ആയിരിക്കുന്നു എന്നും എന്നാൽ ഈ വചനം കെട്ടപ്പൊൾ കാര്യമൊക്കെയും എത്രയും വിഷമമായി വരുമെന്നു കണ്ടു പക്ഷെ വിഷ്ക്കൊന്തി പറഞ്ഞ മൊഴികൾ തിരിയാഴിക അല്ലയൊ എന്നുവച്ചു രണ്ടാംവട്ടവും എന്തു പറഞ്ഞു എന്നു മല്പാൻ ചൊദിച്ചാറെ വിഷ്ക്കൊന്തി മുമ്പിൽ പറഞ്ഞതു തന്നെ വീണ്ടും പറഞ്ഞുംവച്ചു അകത്തു കടന്നു പൊയതിന്റെ



ശെഷം ക്ലെശമൊക്കെയും നിഷ്ഫലമായി വരുമത്രെ എന്നു മല്പാൻ പാരം ഭയപ്പെട്ടു ആ വഴിക്കു തന്നെ മെഷ്കീത്താപാതിരിയുടെ വീട്ടിൽ വന്നു ഇങ്ങനെ വിഷ്ക്കൊന്തി പറഞ്ഞു എന്നു അയാളെ കെൾപ്പിച്ചാറെ മെഷ്ക്കീത്താ വിഷ്ക്കൊന്തി പറഞ്ഞ ഈ വചനങ്ങൾ കെട്ട പാരം സന്തൊഷപ്പെട്ടു കാര്യം ഒക്കെയും ഒത്തിരിക്കുന്നു. നിങ്ങളുടെ കാര്യങ്ങൾ ഒക്കെയും സന്തൊഷമായിട്ടു തീൎന്നു എന്നും മററും പലപല വചനങ്ങളാൽ മല്പാനെ പറഞ്ഞു തണുപ്പിച്ചു അയക്കയും ചെയ്തു. വിശെഷിച്ചും മെഷ്ക്കീത്ത പല വിധത്തിലും മല്പാന്നു തണുപ്പു വരുത്തി എങ്കിലും മെൽപറഞ്ഞ വിഷ്ക്കൊന്തിയുടെ വചനങ്ങൾ സൂക്ഷിച്ചാൽ ഒരു പ്രകാരത്തിലും മെഷ്ക്കീത്ത പറഞ്ഞവണ്ണം ഒക്കായ്ക കൊണ്ടു വിഷ്ക്കൊന്തി പറഞ്ഞ ഈ മൊഴികളുടെ പൊരുൾ വെണ്ടുംവണ്ണം അറിയുന്നതിന്നും എന്തു നിരുപിച്ചു വിഷ്ക്കൊന്തി ഇതു പറഞ്ഞു എന്നു അറിയുന്നതിന്നും പലരെയും ഈ വചനങ്ങൾ കെൾപ്പിച്ചാറെ മല്പാന്നു തിരിഞ്ഞവണ്ണം തന്നെ ശെഷം പെരും പറയുകകൊണ്ടു കയത്താനൊസുപാതിരി പിന്നെയും പിന്നെയും കഷ്ടമായി ഞങ്ങളൊടു മറുത്തു പുറപ്പെടുകകൊണ്ടും ഞങ്ങൾക്കു മററു സഹായക്കാററു ആരും ഇല്ലാഴികകൊണ്ടും നിസ്സാരമായ കാര്യങ്ങൾക്കു കൂടെയും ലിസ്ബൊആയിൽ ഉണ്ടായി വരുന്ന ദീർഘമായ താമസം പലരും പറഞ്ഞുകെൾക്കകൊണ്ടും കാര്യമൊക്കെയും നഷ്ടമായി പൊയെന്നു വരുമെന്നു പാരം സംശയിച്ചും സങ്കടപ്പെട്ടും ഇരിക്കുന്ന നെരത്തിൽ ഇതാ മനസ്സു തകരപ്പെട്ടവരെ പൊറുപ്പിക്കയും തന്റെ അടിയാരെ തണുപ്പിക്കയും ചെയ്യുന്ന ഉടയതമ്പുരാന്നു തിരുമനസ്സുണ്ടായി കർക്കടകമാസം ൧൭ (17)-ാംനു- ബുധനാഴ്ച അല്ലെശപുണ്യവാളന്റെ പെരുനാൾദിവസത്തിൽ മെല്പറഞ്ഞ വചനങ്ങൾ വിഷ്ക്കൊന്തി പറഞ്ഞ മൂന്നാംദിവസം കൊടുങ്ങല്ലൂർ മെത്രാപ്പൊലീത്ത എന്നുള്ള കഴലപ്പാട്ടിന്മെലും പെരിന്മെലും രാജസ്ത്രീയുടെ കല്പനയാൽ മല്പാന്നു അറിയിപ്പുസാധനം വിഷ്ക്കൊന്തി കൊടുത്തയക്കയും ചെയ്തു.

അപ്പൊഴെ മല്പാന്നു വന്ന സാധനത്തിന്റെ വാചകം ഈ വണ്ണം അത്രെ ആകുന്നു.

Sua Magestade fan do consideracao ad virtutes Litras····e maisquale dades recomendaveis na pessor de V. M······fssuve per bem nomeallo Arcebo de Cranganor o que particopo V· M. paraque passa mandar tradar. Ides sues Rebili Ledrano e expeidcao de sua Bulla confirmatoria for a esta Secretariael stado dos e Vegocsos do Reino Seme mesmo Senhora

www.malankaralibrary.com

fito expedira carta Regia de Apprementacao na forma de essando·

Deos- gdea V· Me Palacio de queleizem
16 de jullio de 1782
Visconde de Villanova Cde Careira
Sub ascrito
Ao Sr Jose Cariati
Logo Logo

ഈ കടദാശിന്റെ പൊരുൾ

തന്നിലുള്ള പുണ്യങ്ങളും എഴുത്തുകളും മററു സ്തുതിക്കടുത്ത തരങ്ങളും തന്റെ പെരുമസുഖം വിചാരിച്ചു കണ്ടാറെ കൊടുങ്ങല്ലൂർ മെത്രാപ്പൊലീത്താ ആയിട്ടു തന്നെ പെരുവിളിപ്പാൻ തനിക്കു പ്രസാദിക്കയും ചെയ്തു. എന്നാൽ ആയ്തിന്നു തനിക്കു വെണ്ടുന്ന പ്രാപ്തികളിന്മെലും ഉറപ്പിപ്പിന്നടുത്ത തന്റെ പിടിപാടുസാധനത്തിന്നു വെണ്ടുന്ന വസ്തുക്കളുടെ യാത്രയാക്കിപ്പിന്മെലും ക്ലെശിപ്പാൻ വശമാകുവാൻ ഈ അവസ്ഥ തന്നൊടു ഞാൻ അറീക്കയും ചെയ്യുന്നു. എന്നു രാജിതത്തിന്റെ കാര്യങ്ങളിന്മെലുള്ള രാജസിക്രത്താരിയായിൽ നിന്നു ൧൭൮൦(1780)-ാം കാലം കർക്കടകമാസം ൧൬(16)-ാം നു-

എന്നാൽ ഇങ്ങിനെ വിഷ്ക്കൊന്തിയുടെ അറിയിപ്പുസാധനം വന്നപ്പൊൾ ഞങ്ങൾ എല്ലാവരും ഒന്നിച്ചു ഇരിക്കുന്ന നെരമാകകൊണ്ടു സാധനം വായിച്ചു കണ്ടു ഉടൻ കയത്താനൊസുപാതിരിയുടെ മകൻ ഏകദെശം അര നാഴിക നെരം ക്ളെശംകൊണ്ടു ഉരിയാടാതെ ഇരിക്കയും ചെയ്തു. വിശെഷിച്ചും മാലാകാമാർക്കു കൂടെയും പരിഭ്രമം തൊന്നിക്കത്തക്ക ഇത്ര വലിയ സ്ഥാനത്തിന്നു വെണ്ടുന്ന അറിവും ഇരിപ്പും മററു പുണ്യങ്ങളും തനിക്കു ഇല്ലാ എന്നു വിചാരിച്ചു ആയതു കൈക്കൊള്ളുവാൻ ഹൃദയത്തിങ്കൽ ചഞ്ചലം തൊന്നി എങ്കിലും ഉടയതമ്പുരാന്റെ തിരുമനസ്സും നമ്മുടെ പള്ളികളുടെ അവസ്ഥയും ഇപ്പൊൾ വന്നിരിക്കുന്ന മുട്ടും വിചാരിച്ചു ഈ സ്ഥാനം ഏല്ക്കത്തക്കവണ്ണം മനസ്സുറപ്പിച്ചു സാധനം കൊണ്ടുവന്ന ആളിന്നു ഒരു മൊനെത്തായും കൊടുത്തു അയക്കയും ചെയ്തു.

## വിചാരം

മെൽപറഞ്ഞ വിളിപ്പിന്റെ സാധനം വന്നതിനാൽ എത്രയും ഞെരുങ്ങപ്പെട്ടിരിക്കുന്ന നമ്മുടെ പള്ളികളുടെ നെരെ ഉടയതമ്പുരാന്റെ പ്രത്യെകമുള്ള കടാക്ഷവും രക്ഷയുടെ അടയാളവും പ്രസിദ്ധമായി വരികയും ചെയ്തു. അതെന്തെന്നാൽ നമ്മുടെ കാര്യത്തിന്നു ശത്രുക്കളാകുന്ന ചെരിപ്പില്ലാത്ത കർമ്മലീത്താ



ദർശനക്കാരൻ മെത്രാൻ രാജസ്ത്രീയുടെ കുമ്പസാരക്കാരൻ ആകുന്നതിനെക്കൊണ്ടു ഈ ദർശനക്കാർക്കു രാജസ്ത്രീയുടെ മുമ്പാകെയുള്ള ശക്തിയും ബലവും നമ്മുടെ (പ്രത്യെകശത്രുവാകുന്ന ബൊനാവെന്തുരാ എന്ന പാതിരിയും ഈ മെത്രാനും തമ്മിൽ സ്നേഹമായിരുന്നു) റൊമ്മാ നമ്മുടെ കാര്യത്തിന്നു മറുതലയാകുന്നപ്രകാരവും കയത്താനൊസുപാതിരിയും പലക്കൂട്ടം കാര്യങ്ങൾ നമ്മളൊടു മറുത്തു പറഞ്ഞു നടക്കുന്ന അവസ്ഥയും ഒട്ടെറെയും ഇങ്ങിനെയുള്ള സ്ഥാനം ഏതാനും മലയാൻകാർക്കു കൊടുക്കുമെന്നും അപ്പൊൾ തങ്ങൾക്കുകൂടെ ആയതു ഏകദെശം ബലത്താലെ എന്നപൊലെ അപെക്ഷിപ്പാൻ സംഗതിവരുമെന്നു കണ്ടു കയത്താനൊസുപാതിരിയും ശെഷം ഗൊവാക്കാരും പാർത്തുകൊണ്ടു ഇരിക്കുന്നതും (എന്നാൽ ഈഅപെക്ഷ കയത്താനൊസുപാതിരി ഗൊവക്കാർ എല്ലാവരുടെയും നാമത്താൽ കഴിക്കയും ചെയ്തപ്രകാരം ശെഷം വർത്തമാനത്തിൽനിന്നു അറിയുകയും ആം) ഇങ്ങിനെയുള്ള അവകാശങ്ങൾ ഒക്കയും വിഷമങ്ങളും ഓർത്തു വിചാരിച്ചാൽ അന്യജാതികൾക്കു ആർക്കും ഈ സ്ഥാനം കൊടുക്കണ്ടാ പറങ്കി മാത്രം വെണ്ടു എന്നു വച്ചു പറങ്കി ജാതിയിൽ ഉള്ള ഒരുത്തനെ വിളിച്ചു പെരു വിളിപ്പാനത്രെ വളരെ വളരെ എളുപ്പവും നിമിഷവും ആയിരുന്നതു, എന്നു വരുമ്പൊൾ ഇങ്ങിനെയുള്ള വലിയ മുടക്കങ്ങൾ ഒക്കയും ഇരിക്കെ ആയതു ഒന്നും വിചാരിക്കാതെ അന്യജാതിയിലും രാജിതത്തിലും ക്രമത്തിലും ഉള്ളനമ്മുടെ ജാതിക്കാരൻ കരിയാട്ടിൽ മല്പാനതന്നെ ഈ സ്ഥാനം അയക്കണമെന്നു ഉറപ്പായി രാജസ്ത്രീക്കും ശെഷം മന്ത്രിമാർക്കും ഒരു മനസ്സായി തൊന്നിയതു നമ്മുടെ ജാതിയുടെയും പള്ളികളുടെയും നെരെയുള്ള തമ്പുരാന്റെ പ്രത്യെകമുള്ള മനഗുണം ആകുന്നു എന്നും ആയതുകൊണ്ടു പ്രത്യെകമായി ഈ മനഗുണത്തെ കുറിച്ചു തന്നൊടു നന്ദി കാട്ടുവൻ നമ്മുടെ ജാതി ഒക്കയും കടമായിരിക്കുന്നു എന്നും വിചാരമുള്ള എല്ലാവർക്കും അറിയാവുന്ന കാര്യമത്രെ ആകുന്നു.

അപ്പൊഴെ മെൽപറഞ്ഞവണ്ണം അറീപ്പുസാധനം വന്നു വായിച്ചുകണ്ടതിന്റെ ശെഷം മറെറാന്നും വിചാരിക്കാതെ കയത്താനൊസുപാതിരി ഇപ്പൊൾ നമ്മളൊടു മറുതല ആകുന്നു എങ്കിലും ഈ കാര്യത്തിന്നു അടിസ്ഥാനമായി തുടങ്ങിയതു അയാളാകുന്നതിനെക്കൊണ്ടു ഈ സമയത്തിൽ തന്റെ പക്കൽ ചെന്നു താൻ ഞങ്ങൾക്കുവെണ്ടി ചെയ്ത പ്രയത്നത്തിന്നു നന്ദി കാട്ടിയാൽ ഉടയതമ്പുരാന്നു എത്രയും പ്രസാദിക്കുന്ന ഒരു കാര്യമായിരിക്കുന്നതുമെന്നെ്യ കയത്താനൊസുപാതിരിയും ഞങ്ങളുടെ മനസ്സിന്റെ പരമാൎത്ഥവും നന്ദിയും അറിഞ്ഞു ഞങ്ങളെക്കൊണ്ടു താൻ പറഞ്ഞു നടത്തുന്ന ദൂഷണങ്ങളിന്മെൽ തനിക്കു ലജ്ജ വരുവാൻ സംഗതി വരുമെന്നു മാത്രം വിചാരിച്ചു കയത്താനൊസുപാതിരിയുടെ പക്കൽ പൊകാം എന്നു ഉടൻതന്നെ ഞാനും

www.malankaralibrary.com

പറഞ്ഞതിന്നു ആയതിന്മെൽ വെണ്ടുംവണ്ണം വിചാരിപ്പാൻ എടയില്ലാഴികകൊണ്ടു അങ്ങിനെതന്നെ എന്നു മെത്രാപ്പൊലീത്തായും കല്പിച്ചു ഞങ്ങളും രണ്ടു പെരുംകൂടെ ഉടൻ കാൽനടക്കുതന്നെ പുറപ്പെട്ടു കയത്താനൊസുപാതിരി വസിക്കുന്ന വീട്ടിൽ ചെല്ലുകയും ചെയ്തു.

### വിചാരം

കയത്താനൊസുപാതിരിയുടെ വീട്ടിൽ പൊയ ഈ പ്രവർത്തി വിചാരിച്ചു കണ്ടാൽ ഇപ്പൊഴും കൂടെയും ഭയം തൊന്നുന്നു. എത്രയും അബദ്ധമായ പ്രവർത്തി അത്രെ ആകുന്നു. വിശെഷിച്ചും മെൽപറഞ്ഞവണ്ണം നല്ല മനസ്സൊടും നിരൂപണയൊടുംകൂടെ ആയതു ചെയ്കതിനാൽ ഉടയതമ്പുരാന്റെ തിരുമനസ്സുണ്ടായി ഈ അബദ്ധത്തിൽനിന്നും ശെഷം മടക്കങ്ങൾ ഒക്കയിൽനിന്നും ഞങ്ങളെ രക്ഷിച്ചു കാര്യം ഒക്കയും ശുഭം വരുത്തി തരികയും ചെയ്തു. ആയതിന്റെ അവസ്ഥ ഇതിന്റെ ശെഷം വരുന്നതു വായിച്ചു കണ്ടാൽ നല്ലതിന്മണ്ണം അറിയുകയും ആം.

അപ്പൊഴൊ കയത്താനൊസുപാതിരി ഒട്ടും നിരൂപിക്കാത്തവണ്ണം പൊടുക്കനെ തന്റെ വീട്ടിൽ ചെന്ന ഞങ്ങളെ കണ്ടപ്പൊൾ അറീപ്പുസാധനത്തിന്റെ അവസ്ഥ ഒരു രെഖപൊലും താൻ അറിഞ്ഞിട്ടില്ലാഴികകൊണ്ടും എന്തുകൊണ്ടു ഞങ്ങൾ അവിടെക്കു ചെന്നു എന്നു അറിയാഴികകൊണ്ടും വിഷമതപ്പെട്ടിരിക്കുന്ന നെരത്തു മെത്രാപ്പൊലീത്താ കയത്താനൊസുപാതിരിയുടെ അടുക്കൽ അണഞ്ഞു ആചാരവും ചെയ്തു ഞാൻ വിശ്വസിപ്പാൻ വഹിയാത്ത ആളത്രെ ആകുന്നു എന്നു താൻ പറഞ്ഞയച്ച പ്രകാരം ഞാൻ കെട്ടു. ആയതങ്ങിനെ എന്റെ മെൽ താൻ ഭാവിക്കണ്ടാ. എന്നൊടു മനഗുണം ചെയ്തവരൊടു നന്ദിയും അവരുടെമെൽ സ്നെഹവും എല്ലായ്പഴും ഞാൻ ചെയ്തുവരുന്നു എന്നും പറഞ്ഞു തനിക്കു വന്ന അറീപ്പുസാധനം കയെത്താനൊസുപാതിരിയുടെ പക്കൽ കൊടുത്താറെ ആയതു വായിച്ചു കണ്ടിട്ടു പാരം അപൂർവ്വപ്പെട്ടു ഏകദെശം അര നാഴികനെരം ഉരിയാട്ടം കൂടാതെ അടങ്ങി ഇരുന്നതിന്റെ ശെഷം തന്റെ പ്രയത്നവും ശ്രമവും കൊണ്ടത്രെ ഇത്രത്തൊളം കാര്യം ചെന്നു പറ്റിയതു എന്നു ഞങ്ങൾ വിചാരിക്കകൊണ്ടു അത്രെ തന്റെ പക്കൽ ഞങ്ങൾ ചെന്നതു എന്നു നിനച്ചു തന്നെത്താൻ ബലവും വരുത്തി മനൊവെഷവും പകർന്നു ഈ പെർ വന്നതിന്മെൽ പാരം പ്രസാദവും കാട്ടി പാരം നിഗളഭാവത്തൊടെ ഞങ്ങളൊടു പറഞ്ഞു. ഗൊവയുടെ മെത്രാപ്പൊലീത്തായും രാജാവിൻപക്കൽ ദൈവത്തിന്റെ മനിഷ്ടവും താൻ ആകുന്നതിനെകൊണ്ടു ഈ കാര്യത്തിന്മെലും മാർഗ്ഗം ഇടപെട്ടു ഈന്ത്യായിൽ ഉണ്ടാകുന്ന മറ്റു കാര്യങ്ങളിൻമെലും ക്ലെശിപ്പാൻ തനിക്കത്രെ ബന്ധിക്കുന്നു എന്നും ഈ കാര്യം



താൻ അത്ര ശ്രമിച്ചു ഇതിന്മണ്ണം വരുത്തിയതു എന്നും വിഷ്ക്കൊന്തി തുടക്കംമുതൽ ഒടുക്കത്തൊളം നിങ്ങളുടെ കാര്യത്തിന്നു മറുതല ആയിരുന്നു എന്നും ഇതും ഇങ്ങിനെ മറ്റും പല ചപ്പടാച്ചിയും കുറെ നെരം പറഞ്ഞതിന്റെ ശെഷം ഉടൻതന്നെ ആളയച്ചു ഈ പുസ്തകത്തിന്റെ ൫൮ (58)-ാം പദത്തിൽ ചൊല്ലിയിരിക്കുന്നവണ്ണം അവിടെ അടുക്കെ ഒരു പ്രധാനപ്പെട്ട സ്ത്രീയുടെ വീട്ടിൽ പാർത്തിരിക്കുന്ന കൊച്ചി ഇടവകയിൽ ഗൊവണ്ണദൊരായിരുന്ന പ്രംസീസ്സൊസ കയത്താനൊസു കൊയിത്തു എന്ന പാതിരിയെയും തനിക്കു സ്നെഹക്കാരനായിരുന്ന മറെറാരു പറങ്കികാരനെയും വരുത്തി മെത്രാപ്പൊലീത്തായിക്കു വന്ന അറീപ്പുസാധനവും അവരെ കാട്ടി താൻ ചെയ്ത പലപല മിടുക്കുകളും കാട്ടിവരുന്ന വീര്യങ്ങളും അവരൊടു പറഞ്ഞു ആയതു ഒക്കെക്കും സാക്ഷി ആയിട്ടു മെത്രാപ്പൊലീത്താക്കു വന്ന അറീപ്പുസാധനം അവരെ കാട്ടി തന്റെ പ്രയത്നത്താലത്രെ ഇത്ര വലിയ കാര്യം സാധിച്ചതു എന്നു പല ഉപായത്തിലും അവരെ പറഞ്ഞു ബൊധിപ്പിക്കയും ചെയ്തു.

ഇതിന്റെ ശെഷം മെത്രാൻ എന്നുള്ള അറീപ്പു വന്നാൽ രാജസ്ത്രീയുടെയും മന്ത്രിമാരുടെയും വീട്ടിൽ ചെന്നു നന്ദികാട്ടുന്നതിന്നു മുമ്പിൽ ഒരിടത്തും പൊകുവാൻ ചിതമില്ലാ എന്നും ആയതുകൊണ്ടു ഇനി മറ്റു ഒരിടത്തു പൊകാതെ സംബന്തു എന്ന ആശ്രമത്തിൽതന്നെ ചെന്നു ഇരിക്കെ വെണ്ടു എന്നും വിശെഷിച്ചും രാജസ്ത്രീയുടെയും മന്ത്രിമാരുടെയും അടുക്കൽ ചെല്ലുവാനുള്ളതിന്നു നാളത്തെ ദിവസം വ്യാഴാഴ്ച ആകകൊണ്ടു നാളെതന്നെ കൊള്ളാമെന്നും ആയതിന്റെ അവസ്ഥക്കു എങ്ങിനെ വെണമെന്നും ഉടനെ ഞാൻ അറീക്കുന്നുണ്ടെന്നും ഇങ്ങിനെ എല്ലാം കയത്താനൊസുപാതിരി മെത്രാപ്പൊലീത്തായൊടു പറഞ്ഞു ഞങ്ങളെ സംബന്തു എന്ന ഞങ്ങളുടെ ഭവനത്തിന്നു അയക്കയും ചെയ്തു.

ഇങ്ങിനെ ഞങ്ങൾ സംബന്തു എന്ന ആശ്രമത്തിന്നു വന്ന ഉടൻ മെത്രാപ്പൊലീത്ത എന്ന അറീപ്പു വന്നപ്രകാരം പാതിരിമാർ എല്ലാവരും അറിഞ്ഞ ആ ആശ്രമത്തിൽ മൂപ്പനാകുന്ന പാതിരിയും ശെഷം പാതിരിമാർ എല്ലാവരും വന്ന മെത്രാപ്പൊലീത്തായെ കണ്ടു ഈ പെരു തനിക്കു വന്നതിന്മെൽ പാരം പ്രസാദവും കാട്ടി ചെമ്മൂത്തും ചൊല്ലി പിരിഞ്ഞ ഉടൻ ലിസ്ബൊആയിൽ മര്യാദി ആയിരിക്കുന്നപൊലെ ആശ്രമത്തിന്റെ പള്ളിയിൽ കൂട്ടമണി കൊട്ടുകയും രാത്രിനെരമായപ്പൊൾ സന്തൊഷത്തിന്റെ അടയാളമായിട്ടു ആശ്രമത്തിന്റെ മുറികൾ ഒക്കയിലും വിളക്കു വെക്കയും ചെയ്തു. വിശെഷിച്ചും കയത്താനൊസുപാതിരിയുടെ വീട്ടിൽനിന്നും മെൽപറഞ്ഞവണ്ണം ഞങ്ങൾ പൊന്നതിന്റെശെഷം തെയും കാപ്പിയും കുടിപ്പാനുള്ളതിന്നു നല്ല ആറു കുപ്പി

www.malankaralibrary.com

വീണ്ടു ഞങ്ങൾക്കു കൊടുത്തയച്ചതു ഒഴിയെ താനും പ്രംസീസ്സൊസ കയത്താനൊസുപാതിരിയുംകൂടെ സംബന്തു എന്ന ആശ്രമത്തിന്നു വന്ന മെത്രാപ്പൊലീത്ത കുർവാന ചൊല്ലുന്നതിന്മെലും കുർവാനക്കു കൂടുന്നവന്നു എന്തെല്ലാം വെണം എന്നും ഇങ്ങിനെ ചില ചട്ടങ്ങൾ ഒക്കയും കല്പിച്ച ശെഷം രാജസ്ത്രീയെ കാൺമാനുള്ളതിന്നു പൊകുവാൻ നാളെതന്നെ കൊള്ളാമെന്നും ആയതിന്നു ഞാൻ കൂടെ പൊരാഞ്ഞാൽ രാജാവിന്നു പ്രസാദമായെന്നു വരികയില്ല എന്നതുകൊണ്ടു നാളെ രാവിലെ തെരും കൂട്ടി എട്ടു മണി ആകുമ്പൊഴെക്കും എൻെറ വീട്ടിൽ വരികെ വെണ്ടു. ഞാൻ കൂടെ തന്നെ പൊരുന്നു എന്നും ഞങ്ങളൊടു പറഞ്ഞെച്ചു തൻെറ ഭവനത്തിന്നു പൊകയും ചെയ്തു.

## അറുപത്തിയഞ്ചാം പദം

**രാജസ്ത്രീയുടെയും രാജാവിൻെറയും മന്ത്രിമാരുടെയും മുമ്പിൽ മെത്രാപ്പൊലീത്ത ചെന്നു നന്ദികാട്ടിയ പ്രകാരത്തിന്മെൽ**

മെൽചൊല്ലിയവണ്ണമൊക്കയും പറഞ്ഞുംവച്ചു കയത്താനൊസുപാതിരി പൊയതിൻെറ ശെഷം താൻ ഞങ്ങളൊടുകൂടെ രാജസ്ത്രീയുടെയും ശെഷം മന്ത്രിമാരുടെയും മുമ്പാകെ പൊരുന്നതിന്മെലും ഞങ്ങൾക്കു വളരെ പ്രസാദം ഇല്ലാഞ്ഞു എന്നും കയത്താനൊസുപാതിരിക്കു പുത്തനായിട്ടു ഒരു ഉതപ്പിൻെറ അവകാശം കൊടുക്കായ്‌വാനും വിഷ്‌ക്കൊന്തി തന്നെയും ഉള്ളുകൊണ്ടു അയാളൊടു ചെർച്ച ഇല്ലെങ്കിലും കയത്താനൊസുപാതിരിയൊടു ലൊകാചാരമായി പല ബഹുമാനവും കാട്ടിവരുന്നപൊലെ ഞങ്ങളും ഈ ബഹുമാനം അയാൾക്കു കാട്ടി. അയാളും ഒന്നിച്ചു ചെല്ലുന്നതുകൊണ്ടു രാജസ്ത്രീക്കും മന്ത്രിമാർക്കും ഞങ്ങളുടെ മെൽ ഉതപ്പു തൊന്നുക ഇല്ലെന്നു വിചാരിക്കകൊണ്ടും ഒട്ടെറെയും രാജാവിൻെറയും രാജസ്ത്രീയുടെയും അടുക്കൽ ചെന്ന ഞങ്ങൾക്കു ഒരു പരിചയം ഇല്ലാഴികകൊണ്ടും കയത്താനൊസുപാതിരികൂടെ പൊന്നാൽ അവിടെ ചെന്നാൽ വെണ്ടുന്നതിൽ ഒന്നിനും ഒരു കുറവുകൂടാതെ കഴിച്ചുകൂട്ടുവാൻ സംഗതിവരുമെന്നും നിരൂപിക്കകൊണ്ടും കയത്താനൊസുപാതിരി പറഞ്ഞെച്ചു പൊയവണ്ണം തന്നെ ആകാം എന്നുവെച്ചു പിറെറ ദിവസം കാലത്തെ തന്നെ തെരു കൂട്ടി എട്ടു മണിക്കു തൻെറ വീട്ടിൽ എത്തുകയും ചെയ്തു.

വിശെഷിച്ചും സംബന്തു എന്ന ഞങ്ങൾ പാക്കുന്ന ഭവനത്തുനിന്നു ഞങ്ങൾ പുറപ്പെട്ടപ്പൊൾ ഇങ്ങിനെ മെത്രാപ്പൊലീത്താടെ നാമധെയം വന്നപ്രകാരം ഞങ്ങളുടെ സ്നെഹകാരനാകുന്ന മെഷ്‌ക്കീത്ത എന്ന പാതിരിയൊടും മക്കെസ്സെ മെലിയൊർ





എന്ന പ്രധാനിയൊടും അറിയിക്കത്തക്കവണ്ണം ഈ പുസ്തകത്തിൻെറ ൫൯(59)-ാം പദത്തിൽ പറഞ്ഞിരിക്കുന്നതു ഞങ്ങളൊടുകൂടെ ഒന്നിച്ചു പാർത്തിരിക്കുന്ന കർല്ലൊസ എന്ന ഗൊവക്കാരൻ പാതിരിയൊടു പറഞ്ഞെച്ചു പൊകയും ചെയ്തു. ഇയാളും ഞങ്ങൾ പറഞ്ഞയച്ച ഉടൻ മർക്കെസ്സും മക്കെസ്സായും മെത്രാപ്പൊലീത്തായെ കണ്ടു പെമ്മൂത്ത കൊടുപ്പാൻ സംബന്തു എന്ന ആശ്രമത്തിൽ വന്നാറെ മെത്രാപ്പൊലീത്തായെ അവിടെ കാണാഴികകൊണ്ടു താൻ ആയതിന്നായിട്ടു അവിടെ വന്നപ്രകാരം മെത്രാപ്പൊലീത്തായൊടു അറീക്കത്തക്കവണ്ണം പറഞ്ഞെച്ചു പൊകയുംചെയ്‌തു.

അപ്പൊഴെ മെൽപറഞ്ഞവണ്ണം കയത്താനൊസുപാതിരിയുടെ ഭവനത്തു ഞങ്ങൾ ചെന്നശെഷം ഉടൻതന്നെ കാലത്തു കഴിവാൻ മര്യാദി ആയിരിക്കുന്ന വെള്ളംകുടിയും കഴിഞ്ഞു കയത്താനൊസുപാതിരിയും ആയി ഒരുമിച്ചു പുറപ്പെട്ടു രാജാവും രാജസ്ത്രീയും അപ്പൊൾ വസിച്ചുവരുന്ന ബെലൂസ എന്ന ഇടത്തു ചെന്നു ഞങ്ങൾ ചെന്നിട്ടുള്ള പ്രകാരത്തിന്നു അറീപ്പു കൊടുത്താറെ ഒരു തെല്ലുനെരം കഴിഞ്ഞപ്പൊൾ രാജസ്ത്രീ പുറത്തൊട്ടു ഇറങ്ങി ഞങ്ങൾ നില്ക്കുന്ന ശാലയുടെ മുമ്പാകത്തുള്ള ശാലയിൽ വന്ന ഉടൻ മെത്രാപ്പൊലീത്തായും ഞാനും ഞങ്ങൾ രണ്ടുപെരും അകത്തു കടന്നു മെത്രാപ്പൊലീത്താ മുട്ടുകുത്തി രാജസ്ത്രീയുടെ കൈയുംമുത്തി യൊഗ്യത ഇല്ലാത്തവൻ ഞാൻ എങ്കിലും ഇനിക്കും എൻെറ ജാതിക്കും അങ്ങെ പെരുമസുഖം ചെയ്തു ഈ വലിയ സ്ഥാനത്തെയും ബഹുമാനത്തെയും പ്രതി വളരെവളരെ അങ്ങെ പെരുമസുഖത്തിന്നു നന്ദി കാട്ടുന്നു. അങ്ങെ പെരുമസുഖത്തിന്നും വീട്ടിലുള്ള എല്ലാവർക്കും ശുഭമായ വസ്തുക്കൾ ഒക്കയും അനുഭവിപ്പാൻ ഉടയതമ്പുരാനൊടു അപെക്ഷിക്കയും ചെയ്യുന്നതും എന്ന്യ ഈ വലിയ സ്ഥാനത്തിന്നു വെണ്ടുന്ന പുണ്യങ്ങൾ ഒക്കയും ഇനിക്കു തരുവാൻ ഉടയതമ്പുരാനൊടു വെണ്ടുവൊളം ഞാൻ അപെക്ഷിക്കയും ചെയ്യുമെന്നു മെത്രാപ്പൊലീത്താ പറഞ്ഞതിന്നു ഈ സ്ഥാനത്തിന്നു വെണ്ടുന്ന പുണ്യങ്ങളും ബോധവും തരുവാൻ ഉടയതമ്പുരാനൊടു അപെക്ഷിക്ക അത്രെ വെണ്ടിയിരിക്കുന്നു എന്നു രാജസ്ത്രീ ഉത്തരിച്ചു ഉടൻ ഞാനും രാജസ്ത്രീയുടെ കൈ മുത്തുകയും ചെയ്‌തു.

അപ്പൊൾ കയെത്താനൊസുപാതിരി രാജസ്ത്രീയെ നൊക്കി അങ്ങെ പെരുമസുഖത്തിൽ മുമ്പിലുള്ള രാജാക്കൾ നാടുകൾ പിടിച്ചടക്കുവാനുള്ള വഴി വാൾവച്ചു അത്രെ ആകുന്നു. എന്നു വിചാരിച്ചു ഈന്ദിയായിൽ പലപല നാടുകളും പടവെട്ടി പിടിച്ചു അടക്കുക അത്രെ ചെയ്തതു. എന്നാൽ അങ്ങെ പെരുമസുഖം അവർ എല്ലാവരെക്കായിലും ഏററം വിശെഷമായി നാടുകൾ അടക്കുവാനുള്ള ഉപായം മാർഗ്ഗം അറീപ്പു അത്രെ ആകുന്നു

www.malankaralibrary.com

എന്നു കണ്ടത്തു എത്രയും നല്ലതും ഉടയതമ്പുരാന്നു പ്രസാദിക്കത്തക്കതും ആയ കാര്യമത്രെ ആകുന്നു. എന്നാൽ അങ്ങെ മുമ്പിൽ ഉള്ളവർ ഇതിന്മണ്ണം പെരുമാറി ഇരുന്നു എങ്കിൽ ഈന്ദിയ ഒക്കയും പണ്ടപണ്ടെ അങ്ങെ പെരുമനസുഖത്തിൻകീഴ ഇരിപ്പാൻ സംഗതി വന്നെനെ. അപ്പൊഴൊ ഈ ചെയ്ത മനഗുണത്തെപ്രതി അങ്ങെ പെരുമനസുഖത്തിന്റെ കൈ അല്ല പിന്നെയൊ കാലത്രെ ഞാൻ മുത്തുന്നു എന്നു പറഞ്ഞു രാജസ്ത്രീയുടെ കാലു മുത്തുവാനായിട്ടു സാഷ്ടാംഗമായി വീണാറെ കയത്താനൊസുപാതിരി ഇതു ചെയ്യണ്ട എന്ന രാജസ്ത്രീ പറഞ്ഞ കാലു വലിച്ചതിന്റെ ശെഷം വിശെഷിച്ചു മറെറാന്നും പറയാതെ അകത്തു കടന്നു പൊകയും ചെയ്തു.

എന്നാൽ ഇങ്ങിനെ രാജസ്ത്രീ അകത്തു കടന്നു പൊയ ഉടൻ രാജാവു പുറത്തുവന്നു ആ ശാലയിൽ ഉള്ള ഒരു കസെരമെൽ ഇരുന്നപ്പൊൾ മെത്രാപ്പൊലീത്തായും കയത്താനൊസുപാതിരിയും ഞാനുംകൂടെ ഒരുമിച്ചു രാജാവിന്റെ മുമ്പാകെ മുട്ടുകുത്തി തന്റെ കൈ മുത്തിയതിന്റെ ശെഷം മെൽപറഞ്ഞവണ്ണം മെത്രാപ്പൊലീത്താ നന്ദി കാട്ടി രാജാവിനൊടു പറഞ്ഞാറെ രാജാവു എത്രയും പ്രസാദത്തൊടുകൂടെ ആയതു കെട്ടതിന്റെ ശെഷം ഈ നല്ല മനസ്സിന്നും നിരൂപണക്കും കുറവു വരാതെ ഉടയതമ്പുരാനൊടു വെണ്ടുംവണ്ണം എല്ലാായ്പൊഴും അപെക്ഷിച്ചുകൊള്ളണമെന്നു ഉത്തരിച്ച ഉടൻ കയത്താനൊസുപാതിരി ഈന്ദിയായുടെ കാര്യത്തിന്മെൽ അങ്ങെ പെരുമസുഖം എന്നൊടു കൽപിച്ചിരുന്നതിന്നു ചെയിത്താൻ വരുത്തിയ മുടക്കങ്ങൾ ഒക്കയും ഉടയതമ്പുരാന്റെ ശക്തിയാലെയും തൊന്നിപ്പാലെയും അങ്ങെ പെരുമസുഖം ജയിച്ചു ആയതിൽ കൊടുങ്ങല്ലൂർ രൂപതയുടെ മെത്രാപ്പൊലീത്തായുടെ ഈ ഒരു കാര്യത്തിന്നു തീർച്ച വരുത്തി എന്നതിനെകൊണ്ടു അങ്ങെ പെരുമസുഖത്തിന്നു ഞാൻ പാരം നന്ദി കാട്ടുന്നതു കൂടാതെ ശെഷമുള്ള കാര്യങ്ങളും ആയതിൻവണ്ണംതന്നെ തീർച്ച വരുത്തുമെന്നു ഉടയതമ്പുരാനിലും അങ്ങെ പെരുമസുഖത്തിന്റെ നല്ല മനസ്സിലും ഞാൻ ശരണപ്പെട്ടിരിക്കുന്നു എന്നും ഇങ്ങിനെ മററും ചില വചനങ്ങളും പറഞ്ഞ ഉടൻ അങ്ങെ പെരുമസുഖം മലങ്കര ഒക്കെക്കും വെണ്ടി ചെയ്ത വലിയ മനൊഗുണത്തെപ്രതി ഞാനും മലങ്കരെ ഉള്ള എന്റെ ജാതി ഒക്കയും വളരെ വളരെ നന്ദി കാട്ടുന്നു എന്നും ഇങ്ങിനെ മററും ചില വചനങ്ങൾ ഞാൻ പറഞ്ഞപ്പൊൾ രാജാവു ആയതു ഒക്കയും നല്ല അനുസരണയൊടുകൂടെയും പ്രസാദത്തൊടുകൂടെയും കെട്ടതിന്റെ ശെഷം ഇയാൾ ഏതെന്നു കയത്താനൊസുപാതിരിയൊടു ചൊദിച്ചാറെ മലങ്കരയിടവകയിൽ ഉള്ള കാര്യത്തിന്നുവെണ്ടി അങ്ങെ പെരുമസുഖത്തിൻപക്കൽ മലങ്കരപള്ളിക്കാർ എല്ലാവരുംകൂടെ അയച്ചിരിക്കുന്ന ആൾ അത്രെ ഇയാൾ ആകുന്നു എന്നു അയാൾ ഉത്തരിക്കയും ചെയ്തു.



ഇങ്ങിനെ രാജാവിനൊടു നന്ദികാട്ടി പിരിഞ്ഞ ഉടൻ അവിടെ അടുക്കൽ കൂടെ ഉണ്ടായിരുന്ന രാജസ്ത്രീയുടെ കുമ്പസാരക്കാരൻ മെത്രാപ്പൊലീത്തായുടെ അടുക്കൽ ചെന്നു അയാളുടെയും കൈയും മുത്തി അയാളൊടും നന്ദികാട്ടിയതിന്റെശെഷം കുറെ താമസിച്ചപ്പൊൾ രാജാവിന്റെ മക്കൾ പ്രീൻസിപ്പായും തന്റെ അനുജൻ ഇമ്പാന്തയും പ്രീൻസിപ്പായുടെ ഭാര്യ പ്രീൻസിസ്സായും രാജാവിന്റെ മകൾ ഇമ്പാന്തയും വെളിയിൽ വരികയും അവരുടെയും കൈകളും മുത്തി അവർ എല്ലാവരൊടും ചുരുങ്ങിയ വചനങ്ങളാൽ നന്ദികാട്ടുകയും ചെയ്തു.

അപ്പൊഴൊ ഇത്ര നെരവും പറഞ്ഞപൊലെ രാജാവിനൊടും രാജസ്ത്രീയൊടും തന്റെ മക്കൾ എല്ലാവരൊടും നന്ദി കാട്ടിയതിന്റെശെഷം അവിടെനിന്നും പുറപ്പെട്ടു ബെലൂസിന്റെ സമീപത്തുള്ള ഇമ്പെല്ലെ എന്ന ഇടത്തു അപ്പൊൾ വസിച്ചുവരുന്ന എറൊപ്പയിൽ മററു നാടുകളിൽ നിന്നും വരുന്ന കാര്യങ്ങളിന്മെൽ കല്പിച്ചിരിക്കുന്ന സർവ്വാധികാര്യക്കാരനാകുന്ന ആയെർദെസാ എന്നു ചൊല്ലുന്ന മന്ത്രിയുടെ വീട്ടിൽ ചെന്നു അയാളെ കണ്ടു അയാളൊടു നന്ദി കാട്ടിയതിന്റെ ശെഷം ഒട്ടും താമസം കൂടാതെ അവിടെനിന്നു പുറപ്പെട്ടു നെരെ തന്നെ വിഷ്ക്കൊന്തിയുടെ വീട്ടിൽ വരികയും ചെയ്തു. എന്നാൽ ഇങ്ങിനെ വിഷ്ക്കൊന്തിയുടെ വീട്ടിൽ വന്നതിന്റെ ശെഷം വിഷ്ക്കൊന്തി ഇരിക്കുന്ന മുറിയിൽ ചെന്നപ്പൊൾ വിഷ്ക്കൊന്തി എഴുന്നെററു പാരം പ്രസാദത്തൊടെ ഞങ്ങളെ കൈക്കൊള്ളുന്ന നെരത്തു നല്ല വചനങ്ങളാൽ പാരംപാരം ഞങ്ങൾ അയാളൊടു നന്ദികാട്ടിയപ്പൊൾ ആയതു ഒക്കയും താൻ കെട്ടതിന്റെശെഷം വിഷ്ക്കൊന്തി മെത്രാപ്പൊലീത്തായെ നൊക്കി എന്നാലിനി രാജസ്ത്രീയുടെ മുമ്പാകെ ചെന്നു കൈമുത്തുക അല്ലെ എന്നു ചൊദിച്ചതിന്നു രാജസ്ത്രീയുടെ അടുക്കൽചെന്നു കൈമുത്തി വരുന്ന വഴി അത്രെ എന്നു കയത്താനൊസുപാതിരി ഉത്തരിക്കയും എന്നു വരുമ്പൊൾ ഇനി അങ്ങെക്കു വെണ്ടുന്ന കാര്യങ്ങൾ ഒക്കയും അങ്ങെ ഉയർച്ച പൊലെ ശ്രമിച്ചുകൊള്ളാമെന്നു മര്യാദിപൊലെ വിഷ്ക്കൊന്തി പറഞ്ഞ ഉയർച്ച എന്ന ഈ വലിപ്പം രാജസ്ത്രീയുടെ നാമത്താൽ മെത്രാപ്പൊലീത്തായിക്കു വിഷ്ക്കൊന്തി കൊടുക്കയും ചെയ്തു.

വിശെഷിച്ചും രാജസ്ത്രീയുടെ പക്കൽ ചെന്നു കൈമുത്തി വരുന്നു എന്നു കയത്താനൊസുപാതിരി പറഞ്ഞതു വിഷ്ക്കൊന്തി കെട്ടപ്പൊൾ വിശെഷിച്ചു ഏതും പറഞ്ഞില്ല എങ്കിലും നല്ല പ്രസാദം ആയതിന്മെൽ കാട്ടിയില്ല. എന്നതിനെക്കൊണ്ടു വിഷ്ക്കൊന്തിക്കുതന്നെ രാജസ്ത്രീയുടെ പക്കൽ ഞങ്ങളെ കൊണ്ടുപൊയി കൈമുത്തിപ്പാൻ അത്രെ തന്റെ മനസ്സായിരുന്നു എന്നു ഞങ്ങൾ അറികയും ചെയ്തു.

www.malankaralibrary.com

ഇങ്ങിനെ ഒരു തെല്ലു നെരം കഴിഞ്ഞപ്പൊൾ വിഷ്ക്കൊ
ന്തിയുടെ ഭാൎയ്യ വിഷ്ക്കൊന്തെസ്സാ ആ മുറിയിൽ കടന്നപ്പൊൾ
ഞങ്ങൾ എല്ലാവരും എഴുന്നെറ്റു അവരൊടു നന്ദികാട്ടുന്ന നെരത്തു
വിഷ്ക്കൊന്തെസ്സാ പുഞ്ചിരിക്കൊണ്ടു കയത്താനൊസുപാതിരി
കൂടെ പക്കത്തിൽ വരുമെന്നു ഞാൻ ഇവിടെ മുമ്പിലെ പറ
ഞ്ഞു എന്നു പറയുകയും ചെയ്തു അവിടെക്കൂടെ ഇരുന്നു കുറെ നെരം
സംസാരിച്ചതിന്റെശെഷം ഭക്ഷണത്തിന്നു നെരമാകയും ഞ
ങ്ങൾ എല്ലാവരുംകൂടെ എഴുന്നെറ്റു ഭക്ഷണം കഴിപ്പാൻ പൊക
യും ചെയ്തു. എന്നാൽ കയത്താനൊസുപാതിരിയുടെമെൽ വി
ഷ്ക്കൊന്തിക്കും വിഷ്ക്കൊന്തെസ്സായിക്കും ഉള്ളകൊണ്ടു ചെ‍ച്ച്
ഇല്ലാ എങ്കിലും പുറമെ ആചാരവും സ്നെഹവും കാട്ടുന്നതിനു കുറ
വു ഇല്ലാഞ്ഞുതാനും. ഇങ്ങിനെ മെശമുറിയിൽ ചെന്നു ഭക്ഷണം
കഴിഞ്ഞിരിക്കുമ്പൊൾ ഞങ്ങളുടെമെൽ പറവാൻ കയത്താ
നൊസുപാതിരി തുടങ്ങി. ഈ കിടാങ്ങൾ തങ്ങളുടെ കാൎയ്യത്തി
ന്മെൽ ഞാൻ വെണ്ടുംവണ്ണം വിചാരിക്കുന്നില്ല എന്നു തൊന്നുക
കൊണ്ടു കുറെനാൾ എന്റെ വീട്ടിൽ അവർ വരാതെ അപ്രിയം
ഭാവിച്ചിരുന്നാറെ ഇപ്പൊൾ അവരുടെ കാൎയ്യത്തിന്നു തീൎച്ച
വന്ന ഉടൻ അവൎക്കുവെണ്ടി ഞാൻ ചെയ്ത പ്രയത്നം അറി
ഞ്ഞ ഉടൻതന്നെ എന്റെ പക്കൽ വന്ന തങ്ങൾക്കു എന്റെമെൽ
ഉണ്ടായ ഉതപ്പിന്മെൽ കണ്ണുനീരൊടു കൂടെ കഴിവു പറഞ്ഞു എന്നും
ഇങ്ങിനെ അവരും ഈന്ദിയാക്കാർ ആകുന്നതിനെകൊണ്ടു വാച്ചു
വരും വാച്ചപ്രകാരത്തിലും അവരൊടു പറഞ്ഞാലും അടുത്തു കൂടു
മ്പൊൾ എന്നെ വിട്ടെച്ചു പൊക ഇല്ലെന്നും ഈ കാൎയ്യത്തിന്നു
പല ശത്രുക്കൾ ഉണ്ടായിരുന്നാറെയും ആയതു ഒക്കെയും തന്റെ വി
വെകവും മനസ്സുറപ്പുംകൊണ്ടു ജയിച്ചു എന്നും ഇതിന്മണ്ണം തന്നെ
ഇനിയും ശെഷമുള്ള കാൎയ്യങ്ങൾ ഒക്കെയും സാധിപ്പെക്കുന്നുണ്ടെ
ന്നും ഇങ്ങിനെ വിഷ്ക്കൊന്തിക്കും വിഷ്ക്കൊന്തെസ്സായിക്കും
ഞങ്ങളുടെമെൽ ഉതപ്പും ചതിവും തൊന്നുവാൻ തക്ക മറ്റു പല
വചനങ്ങളും പറയുന്ന നെരത്തു ഞങ്ങൾക്കു പാരം ലജ്ജയും ഇ
യാളൊടുകൂടെ പൊന്നതു വെണ്ടി ഇല്ലാഞ്ഞു എന്നുള്ള നിരുപണ
യും തൊന്നി. എങ്കിലും അവിടെവച്ചു ക്രമക്കെടു ഒന്നും ഉണ്ടാ
കാതിരിപ്പാൻ കയത്താനൊസുപാതിരി പറഞ്ഞതിൽ ഒന്നി
ന്മെലും ഞങ്ങൾ ഏതും പറഞ്ഞതും ഇല്ല.

വിശെഷിച്ചും ഇങ്ങിനെ ഈ വചനങ്ങൾ ഒക്കെയും കയ
ത്താനൊസുപാതിരി പറയുന്ന ഇടയിൽ വിഷ്ക്കൊന്തെസ്സാ
തന്റെ ഭാവവും പകൎന്നു കുറുകുറെ പലപ്പൊഴും മെത്രാപ്പൊലീ
ത്തായെ നൊക്കിയാറെ ഇവർ കയത്താനൊസുപാതിരിയുടെ
കൂടെ അല്ലാ എന്നു പറഞ്ഞുനിന്നാറെ അവരുടെ കാൎയ്യത്തിന്നു
ഒരു പ്രകാരം നിവൃത്തി കണ്ടു ഉടൻ കയത്താനൊസുപാതിരി
യൊടുകൂടെക്കൂടി എന്നതുകൊണ്ടു ചതിയന്മാരും കള്ളന്മാരും



ആയതു ഇവരാകുന്നു എന്ന നിരുപണ വിഷ്ക്കൊന്തിയുടെ മന
സ്സിലായി എന്നും കണ്ടാറെ അപ്പൊൾ പാരം ഉൾക്ലെശം ഞങ്ങൾ
ക്കു തൊന്നി എങ്കിലും പിന്നെ ഇതിന്നുള്ള ഉപായം ശ്രമിച്ചെ
മതിയാവു എന്നു മനസ്സിൽ നിശ്ചയിക്കയും ചെയ്തു. ഇതെല്ലാം
കഴിഞ്ഞതിന്റെശെഷം അവിടെനിന്നും പുറപ്പെട്ടു ലിസ്ബൊ
ആയിക്കു എത്തുന്ന വഴിയിൽവച്ചു ഗൊവയുടെ മെത്രാപ്പൊലീത്ത
ഞാൻ അത്രെ ആകുന്നതുകൊണ്ടു അങ്ങെ ഉയൎച്ചക്കു വെണ്ടുന്ന
സ്ഥാനമാനങ്ങൾക്കു റൊമായിൽ അപെക്ഷിപ്പാൻ ദിഷ്ടതി ഇല്ല.
ഞാൻ അങ്ങെക്കു തന്നാൽ വെണ്ടുവൊളം മതി ആയിരിക്കുന്നു
എന്നും ഇനിക്കും കൂടെ നാമധയത്തിന്റെ അറീപ്പുവന്ന വാഴ്ചയും
കൈക്കൊണ്ടതിന്റെശെഷം നമുക്കു എല്ലാവൎക്കും ഒരുമിച്ചു ഗൊ
വക്കുചെന്ന അവിടെ ഒരു ദെശത്തിനടുത്ത സുന്നഹദൊസും കൂട്ടി
വെണ്ടുന്ന കല്പനകൾ ഒക്കെയും കല്പിക്കണമെന്നും ഇങ്ങി
നെ മറ്റും പല ക്രമചട്ടങ്ങളിന്മെലും പറഞ്ഞ നെരം ഏകദെശം
൫(5)മണി ആയപ്പൊൾ മൎത്തീഞ്ഞു ദെമെൽ എന്ന സൎവ്വാധികാ
ൎയ്യക്കാരൻ വസിക്കുന്ന വീട്ടിൽവന്നു അവിടെ തന്നെ അനപഷി
ച്ചാറെ അപ്പൊൾ താൻ വീട്ടിൽ ഇല്ലാഴികകൊണ്ടു പിന്നെ ഒരു
സമയം വരാമെന്നുവച്ചു ഒരു താമസംകൂടാതെ അവിടെനിന്നു
വളരെ ദൂരത്തിൽ അല്ലാത്ത മൎക്കെസ അഞ്ചെജാ വസിക്കുന്ന
ഭവനത്തു വന്നു അറീപ്പുകൊടുത്തതിന്റെശെഷം ഉടൻ മൎക്കെസൊ
താൻ ഇരിക്കുന്ന മുറിയിലൊട്ടു ഞങ്ങളെ വിളിപ്പിക്കയും ഞങ്ങളും
അവിടെ ചെന്നു തനിക്കും നന്ദികാട്ടുകയും ചെയ്തു. നിങ്ങളുടെ
കാൎയ്യം ഒക്കെയുംസാധിക്കുമെന്നു മുമ്പിലെ ഞാൻ പറഞ്ഞയപ്പാൻ
ഉള്ളതു ഇതത്രെ ആകുന്നു എന്നു മൎക്കെസൊ ഞങ്ങളൊടു പറയുകയും
ചെയ്തു. എന്നാൽ മൎക്കെസൊ അഞ്ചെജായുടെ വീട്ടിൽ മുമ്പിൽ
ഞങ്ങൾ ചെന്നിരുന്ന നാളുകളിൽ ഞങ്ങൾക്കു രണ്ടുപെൎക്കും കു
പ്പായം ഉണ്ടാക്കുവാനുള്ളതിന്നു രാജസ്ത്രീയൊടു അപെക്ഷിച്ചു
മനൊഗുണമായി ആയതിനു ദ്രവ്യം വാങ്ങിതരണമെന്നു മുമ്പിൽ
ഞങ്ങൾ മൎക്കെസിനൊടു അപെക്ഷിച്ചിട്ടുണ്ടായിരുന്നു. അപ്പൊ
ഴൊ മൎക്കെസ അഞ്ചെജാ ഉൾക്കളവും കപടവും ഉള്ള ആൾ ആ
കുന്നതിനെക്കൊണ്ടും കയത്താനൊസുപാതിരിയുടെകൂടെ ഞങ്ങ
ളെ കാണുന്നെങ്കിലും കാൎയ്യംകൊണ്ടു അയാളിൽനിന്നും വെൎതിരി
ഞ്ഞിരിക്കുന്നു എന്നു നല്ലവണ്ണം അറിഞ്ഞിരിക്കകൊണ്ടും അയാ
ളൊടുകൂടെ ഒരുമിച്ചു ചെന്നതിന്മെൽ ഏതും ഒരു ഉതപ്പു ഞങ്ങളുടെ
മെൽ തനിക്കുണ്ടാകാതെ ഞങ്ങൾക്കു രണ്ടുപെൎക്കും കുപ്പായങ്ങൾ
തെപ്പിപ്പാനുള്ള അവസ്ഥമെൽ കയത്താനൊസുപാതിരിയൊടു
തന്നെ മൎക്കെസു കല്പിക്കയും ചെയ്തു.

ഈ വകക്കു ൫൦ (50)മൊനെത്ത തരത്തക്കവണ്ണം രാജസ്ത്രീ
കല്പിച്ചാറെ കയത്താനൊസുപാതിരിയുടെ പക്കൽ അതു

www.malankaralibrary.com

കൊടുക്കാതെ ഞങ്ങളുടെ പററിൽതന്നെ കുറെനാൾ കഴിഞ്ഞപ്പൊൾ മർക്കെസു തരികയും ചെയ്തു.

ഇങ്ങിനെ ഒക്കയും അവിടെ കണ്ടുപറഞ്ഞ ശെഷം അവിടെനിന്നും പുറപ്പെട്ടു മൊൻസിഞ്ഞൊർ മെഷ്ക്കറെത്ത എന്നു ചൊല്ലുന്ന ഒരു ബഹുമാനപ്പെട്ട പട്ടക്കാരൻ വസിക്കുന്ന ഭവനത്തു വന്നാറെ അപ്പൊൾ കയത്താനൊസുപാതിരിയും ഈ പട്ടക്കാരനും ആയിട്ടു സ്നെഹമായിരിക്കകൊണ്ടും തന്റെ മതിപൊരികയും ഏററിയ മറുതല ഉണ്ടായാറെയും താൻ കാര്യം ജയിച്ചു എന്നു കാട്ടുവാനും ആയിട്ടു അവിടെ കരെറി അയാളുമായിട്ടു കണ്ടുപറഞ്ഞു. അപ്പൊഴെ മൊൻസിഞ്ഞൊർ മെഷ്ക്കറെത്താ എന്ന ഈ പ്രധാനപ്പെട്ട പട്ടക്കാരൻ മുമ്പിൽ ഞങ്ങൾ റൊമ്മായിൽനിന്നും വന്ന ഉടൻ കയത്താനൊസുപാതിരിയും ഞങ്ങളും ആയിട്ടും പാരം പ്രിയവും സ്നെഹവും ആയിരിക്കയും ഞങ്ങളും പലപ്പൊഴും തന്റെ വീട്ടിൽ ചെന്നു തന്നെ കണ്ടും പറഞ്ഞും ഇരിക്കയും ചെയ്തു വന്നാറെ കയത്താനൊസുപാതിരിയുടെ വാക്കിന്റെ ഭെദപ്രകാരംകൊണ്ടും തന്നൊടും അതിനൊടുകൂടെ ഞങ്ങളൊടും ഉണ്ടായിരുന്ന അനുസാരവും സ്നെഹവും വിട്ടു അയർപ്പു ആയി വരികകൊണ്ടും തന്റെ വീട്ടിൽ ഞങ്ങൾക്കുണ്ടായിരുന്ന വരവും പൊക്കും മുടങ്ങിയിരിക്കുന്ന മദ്ധ്യെ കയത്താനൊസുപാതിരിയിൽനിന്നും ഞങ്ങളും പിന്നെ വെറുതിരിഞ്ഞതിന്റെശെഷം ഈ പട്ടക്കാരനും ലിസ്ബൊആയിൽ പ്രധാനപ്പെട്ടവരും ആയിട്ടു പാരം വെണ്ടികയും സ്നെഹവും ആയിരുന്നതിനെകൊണ്ടു ഇയാളുമായിട്ടുകണ്ടു നമ്മുടെ കാര്യത്തിന്മെൽ പറവാനായിട്ടു മല്പാൻതന്നെയും മല്പാനും ഞാനുംകൂടെയും തന്റെ ഭവനത്തു രണ്ടുമൂന്നു വട്ടം ചെന്നാറെ തന്റെമെൽ ഞങ്ങൾ നിരൂപിച്ചിരുന്ന അറിവിന്നും ഇരിപ്പിന്നും അടാത്തവണ്ണം ഉള്ള മററു കുറവുകൾ ഞങ്ങളൊടു കാട്ടുകകൊണ്ടും ഞങ്ങളും പിന്നെ അവിടെക്കു ചെല്ലാതെയും പറയാതെയും ഇരിക്കയും ചെയ്തു.

വിശെഷിച്ചും മെത്രാപ്പൊലീത്തായുടെ നാമധെയം വന്നാറെ ഈ ദിവസങ്ങളിൽ കയത്താനൊസുപാതിരിയും താനുമായിട്ടു ഏതാനും കാര്യം ഇടപെട്ടു സ്നെഹമായിരിക്കകൊണ്ടും അയാളുടെ ഭവനം ഞങ്ങൾ വരുന്ന വഴിയിൽതന്നെ ആയിരിക്കകൊണ്ടും അവിടെക്കൂടെ ഞങ്ങൾ കടക്കുന്നപ്പൊൾ അവിടെ കൂടി കെറി തന്നെ കണ്ടുപറവാൻ കയത്താനൊസുപാതിരി മനസ്സാകയും ചെയ്തു.

അപ്പൊഴെ ഈ പട്ടക്കാരന്റെ ഭവനത്തു കരെറി തന്നെ കണ്ടു പറഞ്ഞതിന്റെശെഷം അവിടെനിന്നും പുറപ്പെട്ടു കെദെ ദൊബെീത്തൊസ എന്നു ചൊല്ലുന്ന കയത്താനൊസുപാതിരിക്കും ഞങ്ങൾക്കും സ്നെഹമുള്ള ഒരു പ്രധാനിയുടെ വീട്ടിൽ വന്നാറെ



അവിടെ അപ്പൊൾ പല പ്രധാനപ്പെട്ട സിഞ്ഞൊരന്മാർ കൂടിയിരിക്കുന്നതിനാംപക്കം അവർ എല്ലാവരും പാരം പ്രസാദവും സന്തൊഷവും കാട്ടി മെത്രാപ്പൊലീത്തായിക്കു ചെമ്മൂർത്തം കൊടുക്കയും ചെയ്തു.

വിശെഷിച്ചും മർക്കെസ ദെ കസ്തെല്ലി മെലിയൊർ എന്ന ഞങ്ങൾക്കു വെണ്ടത്തക്ക പ്രധാനിയുടെ ഭാര്യ മക്കെസ്സായെ അവിടെവച്ചു കാണുകയും അവരും പാരം സന്തൊഷപ്പെട്ടു ഞാനും എന്റെ ഭർത്താവുംകൂടെ ഈ കാര്യത്തിന്നു പ്രയത്നം ചെയ്തു എന്നും ആയത്തുകൊണ്ടു മെത്രാപ്പൊലീത്താ എന്ന നാമധെയം വന്നു എന്നു കെട്ടു ഉടൻ ഞങ്ങൾ രണ്ടുപെരും സംബെന്തു എന്ന ആശ്രമത്തിന്നു വന്നാറെ അവിടെ മെത്രാപ്പൊലീത്തായെ കാണാഴികകൊണ്ടു ഞങ്ങൾ അവിടെ പറഞ്ഞെച്ചു പൊന്നു എന്നും അവർ ഞങ്ങളൊടു പറഞ്ഞു. അവരൊടും ഞങ്ങൾ പ്രത്യെകമായി നന്ദി കാട്ടുകയും ചെയ്തു. ഇതെല്ലാം കഴിഞ്ഞതിന്റെശെഷം ഏകദെശം ഏഴു എട്ടുമണി രാത്രി ആയപ്പൊൾ സംബെന്തു എന്ന ഞങ്ങളുടെ ഭവനത്തു വന്നു അവിടെ വസിക്കയും ചെയ്തു.

## അറുപത്തിയാറാം പദം

**പിറെറദിവസം മെഷ്ക്കീത്ത എന്ന ഞങ്ങളുടെ സ്നെഹക്കാരൻ പാതിരി മെത്രാപ്പൊലീത്തായെ കാൺമാൻവന്നാറെ താനുംഒരുമിച്ചു രണ്ടാംവട്ടം മെത്രാപ്പൊലീത്താ വിഷ്ക്കൊന്തിയുടെ വീട്ടിൽചെന്നു കയത്താനൊസുപാതിരി വരുത്തിയ വിഘ്നം തീർത്തതിന്മെലും ഇതിന്റെശെഷം ഉണ്ടായ അവസ്ഥമെലും**

മെൽപറഞ്ഞവണ്ണം കയത്താനൊസുപാതിരിയൊടുകൂടെ പൊയാറെ വിഷ്ക്കൊന്തിയുടെ വീട്ടിൽ ഞങ്ങൾക്കു ഉണ്ടായ കുറച്ചിൽ പൊകുവാൻ എന്തൊരുപായം ഉണ്ടെന്നു വിചാരിച്ചിരിക്കുന്നപ്പൊൾ ഉടയതമ്പുരാൻ മനഗുണം ചെയ്തു പിറെറ ദിവസം തന്നൊടുകൂടെ സ്നെഹക്കാരൻ ആകുന്ന മെഷ്ക്കീത്തപാതിരി മെത്രാപ്പൊലീത്തായെ കണ്ടു ചെമ്മൂർത്തം ചൊല്ലുവാനായിട്ടു സംബെന്തു എന്ന ആശ്രമത്തു വന്നു ഞങ്ങളെ കണ്ടപ്പൊൾ നാമധെയത്തിന്റെ അറിപ്പു വന്ന ഉടൻതന്നെ അറിക്കാഴികകൊണ്ടു വളരെ വളരെ സങ്കടം പറഞ്ഞാറെ ആയതിന്നു മെത്രാപ്പൊലീത്താ കഴിവും കൊടുത്തു താൻ ഞങ്ങൾക്കുവെണ്ടി ചെയ്ത പ്രയത്നത്തിന്നു വളരെ വളരെ ഇയാളൊടു നന്ദി കാട്ടിയതിന്റെശെഷം കയത്താനൊസുപാതിരിയുടെക്കൂടെ വിഷ്ക്കൊന്തിയുടെ വീട്ടിൽ പൊയത്മതിആയില്ല. നമ്മൾ രണ്ടുപെരും ഒരുമിച്ചു ഇനി ഒരിക്കൽ പൊയെ കണക്കാവു എന്ന അയാളൊടു പറഞ്ഞതിന്നു ഇങ്ങിനെ എങ്കിൽ നാളെതന്നെ ആകട്ടെ എന്ന മെത്രാപ്പൊലീ

www.malankaralibrary.com

ത്തായൊടു ഇയാറം പറയുകയും മെത്രാപ്പൊലീത്തായും അങ്ങിനെ ആകട്ടെ എന്നു സമ്മതിക്കയും ചെയ്തു.

ഇതിൻെറശെഷം ഇയാറം തൻെറ ഭവനത്തിന്നു പൊകയും ചെയ്തു. ഇതിൻെറശെഷം താൻപറഞ്ഞെച്ചപൊയപൊലെപിറെറ ദിവസം കാലത്തുതന്നെ മെഷ്ക്കീത്തപാതിരി വിഷ്ക്കൊന്തിയുടെ വീട്ടിൽ പൊകുവാൻ യാത്രപുറപ്പെട്ട തെരുമായി ഞങ്ങറം വസിക്കുന്ന ആശ്രമത്തിന്നു വരികയും മെത്രാപ്പൊലീത്തായും ഒട്ടും താമസംകൂടാതെ പുറപ്പെട്ട ഇയാളൊടുകൂടെ ഒരുമിച്ചു വിഷ്ക്കൊന്തിയുടെ വീട്ടിന്നു പൊകയും ചെയ്തു. എന്നാൽ മെത്രാപ്പൊലീത്താ അവിടെനിന്നും പൊയിട്ടു ഏകദെശം അര നാഴിക കഴിഞ്ഞപ്പൊറം കയത്താനൊസുപാതിരി അവിടെക്കു വന്നാറെ മെത്രാപ്പൊലീത്താ വിഷ്ക്കൊന്തിയുടെ വീട്ടിൽ പൊയെന്നു കെട്ടപ്പൊറം ഒട്ടും പ്രസാദംകൂടാതെ തൻെറ വീട്ടിന്നു തിരികെ പൊകയും ചെയ്തു.

അപ്പൊഴെ മെഷ്ക്കീത്തായും മെത്രാപ്പൊലീത്തായുംകൂടെ വഴിക്കു പുറപ്പെട്ടതിൻെറശെഷം വിഷ്ക്കൊന്തിയുടെ വീട്ടിൽ ചെന്നു എത്തുന്ന ഇടക്കു കയത്താനൊസുപാതിരിയും ഒന്നിച്ചു പൊകുവാനുള്ള അവകാശവും പൊയാറെ ഉണ്ടായ അവസ്ഥയും. വിഷ്ക്കൊന്തിയുടെ വീട്ടിൽ കയത്താനൊസുപാതിരി പറഞ്ഞ വചനങ്ങളും ഒക്കയും വിസ്താരമായിട്ടും ഉണ്ടായ പ്രകാരത്തിലും അയാളൊടു പറഞ്ഞു കെറംപ്പിക്കയും ചെയ്തു. വിശെഷിച്ചും സുറിയാനിക്രമത്തിലുള്ള കുർവാന വിഷ്ക്കൊന്തിയുടെ വീട്ടിലുള്ളവർ കണ്ടിട്ടില്ലാത്തതുകൊണ്ടു ആയതു കണ്ടെങ്കിൽ കൊള്ളായിരുന്നു എന്നുള്ള മനസ്സ വിഷ്ക്കൊന്തിയുടെ ഭാര്യ വിഷ്ക്കൊന്തെസ്സാ മുമ്പിൽ ഞങ്ങറം അവിടെ ചെന്നപ്പൊറം കാട്ടുകകൊണ്ടു മെത്രാപ്പൊലീത്താ സംബന്തു എന്ന ആശ്രമത്തിൽനിന്നു മെഷ്ക്കീത്തായും ഒരുമിച്ചു പുറപ്പെട്ടപ്പൊറം വിഷ്ക്കൊന്തിയുടെ വീട്ടിൽ ചെന്നാൽ അവിടെ കുർവാന ചൊല്ലുവാനായിട്ടു കുർവാന തക്ക്സാകൂടെ തന്നൊടുകൂടെ കൊണ്ടുപൊകയും ചെയ്തു.

എന്നാൽ വിഷ്ക്കൊന്തിയുടെ വീട്ടിൽ ചെന്നതിൻെറ ശെഷം മെത്രാപ്പൊലീത്തായെ പുറത്തെ ശാലയിൽ ഇരുത്തിയും വച്ചു മെഷ്ക്കീത്ത അകത്തു കടന്നുപൊയി. ഒരു തെല്ലുനെരം കഴിഞ്ഞപ്പൊറം വിഷ്ക്കൊന്തെസ്സാ മെത്രാപ്പൊലീത്താ ഇരിക്കുന്ന എടത്തു വന്നാറെ മെത്രാപ്പൊലീത്താ അവരെ കണ്ടു ഉടൻ മര്യാദിപൊലെ എഴുന്നെററു ആചാരം ചെയ്തപ്പൊറം വിഷ്ക്കൊന്തെസ്സാ പരിഭവഭാവത്തൊടെ മെത്രാപ്പൊലീത്തായെ നൊക്കി അങ്ങെ ഉയർച്ച കുർവാന ചൊല്ലുവാനായിട്ടല്ലൊ ഇവിടെക്കു വന്നതു എന്നു വരുമ്പൊറം കുറെ താമസിച്ചാലും എന്നു പറഞ്ഞും





വച്ചു അകത്തു കടന്നുപൊയി മെഷ്ക്കീത്താപാതിരിയുമായിട്ടു സ്വല്പനെരം പറഞ്ഞു താമസിക്കയും ചെയ്തു.

ഇതിൻെറശെഷം വിഷ്ക്കൊന്തി രാജസ്ത്രീയുടെ അടുക്കൽ ചെല്ലുകയും വിഷ്ക്കൊന്തെസ്സാ കുർവാനക്കു വെണ്ടുന്ന വസ്തുക്കറം ഒക്കയും വിദയം വരുത്തി കുർവാന ചൊല്ലുവാൻ മെത്രാപ്പൊലീത്തായെ വിളിക്കയും ചെയ്തു. ഇങ്ങിനെ മെത്രാപ്പൊലീത്താ കുർവാന ചൊല്ലുകയും വിഷ്ക്കൊന്തെസ്സായും വന്നു കുർവാന കാൺകയും ചെയ്തതിൻെറ ശെഷം വിഷ്ക്കൊന്തെസ്സാ മെത്രാപ്പൊലീത്തായ്ക്കു വെള്ളം കുടിയും കൊടുത്ത കുറെ അവിടെ ഇരുന്ന സംസാരിച്ചതിൻെറ ശെഷം അകത്തു കടന്നു പിന്നയും സ്വല്പംനെരം മെഷ്ക്കീത്താപാതിരിയുമായി സംസാരിച്ചു ഇരിക്കയും ചെയ്തു.

ഇങ്ങിനെ ഇരിക്കുമ്പൊറം വിഷ്ക്കൊന്തിയും വന്നു ഭക്ഷണത്തിന്നു സമയം ആകയും ചെയ്തശെഷം ഭക്ഷണത്തിന്നു എല്ലാവരും മെശക്കു വന്നപ്പൊറം കയത്താനൊസുപാതിരിയൊടുകൂടെ കൂടുവാനുള്ള അവകാശവും ഉണ്ടായ കാര്യങ്ങറം ഒക്കയും മെത്രാപ്പൊലീത്താ പറഞ്ഞു കെറംപ്പിക്കയും വിഷ്ക്കൊന്തിയും ആയതു ഒക്കയും കെട്ടതിൻെറ ശെഷം ഇങ്ങിനെ ചെയ്തതു നന്നായിപൊയിഎന്നും ഇങ്ങിനെയുള്ള സമയത്തിൽ ഇതിൻവണ്ണം പ്രവൎത്തിക്കണം എന്നും മെത്രാപ്പൊലീത്തായൊടു പറകയും ചെയ്തു.

എന്നാൽ ഭക്ഷണം കഴിഞ്ഞതിൻെറശെഷം വിഷ്ക്കൊന്തെസ്സാ വെണ്ടുംവണ്ണം മനസ്സിറങ്ങി നിങ്ങറം കയത്താനൊസുപാതിരിയുടെ കീഴല്ലൊ നമ്മുടെ കീഴത്രെ ആകുന്നു. എന്നു വരുമ്പൊറം അയാളുടെമെൽ അത്ര ഭയം നിങ്ങറംക്കു വെണ്ട. അതെന്തെന്നാൽ ഒന്നുകൊണ്ടും നിങ്ങളൊടു ഒരു അതിക്രമം ചെയ്‌വാൻ കയത്താനൊസുപാതിരിക്കു വഹിയ. വിശെഷിച്ചും നിങ്ങറംക്കു നാലു പണത്തിന്നു മുട്ടുണ്ടെങ്കിൽ ആയ്തുകൊണ്ടു കയത്താനൊസുപാതിരിയുടെ പക്കൽ ചെല്ലുവാൻ ദിഷ്ടതിയില്ല. ആയതു രാജസ്ത്രീ കല്പിച്ചുതരും, എന്ന ഇങ്ങനെയുള്ള വചനങ്ങറം പറഞ്ഞതു ഒഴിയെ ഈ മാസം അതായതു കൎക്കടകമാസം ൨൫ (25)-ാംനു- പ്രീൻസിപ്പയുടെ ഭാര്യ പ്രിഞ്ചെസ്സായുടെ പിറന്നാറം ആകകൊണ്ടു മര്യാദിപൊലെ രാജസ്ത്രീയുടെ ഭവനത്തു ചെന്നു കൈമുത്തണമെന്നും ആയതല്ലാഞ്ഞാൽ രാജസ്ത്രീ സൂക്ഷിക്കുമെന്നും ഇതുമെന്നിയെ വളരെ താമസിയാതെ എടമനിഷ്പത്തിൻെറ വീട്ടിൽ ചെന്നു മെത്രാനടുത്ത സ്ഥാനത്തിന്നു അവിടെ വെണ്ടുന്ന ശൊധനകറം ഒക്കയും കഴിക്കണമെന്നും ആയതിന്നു വെണ്ടുന്ന കല്പനകറം ഒക്കയും സിക്രത്താരിയായിൽനിന്നു പൊയിട്ടുണ്ടെന്നും ഈ കാര്യങ്ങറം ഒക്കയും തന്നത്താൻ ക്ലെശിക്കാതെ കയത്താനൊസുപാതിരിയുടെമെൽ ശരണപ്പെട്ടിരുന്നാൽ നിങ്ങറംക്കു ഇവിടെ

www.malankaralibrary.com

നിന്നും പൊകാൻ സംഗതി വരികയില്ലെന്നും ഇങ്ങിനെ ഒക്കെ മെത്രാപ്പൊലീത്തായൊടു പറകയും ഇതിന്റെ ശെഷം മെത്രാപ്പൊലീത്തായും മെഷ്ക്കീത്തായും ഒരുമിച്ചു സംബന്ധു എന്ന ആശ്രമത്തിന്നു പൊരുകയും ചെയ്തു.

ഇതിന്റെശെഷം കയത്താനൊസുപാതിരി വന്നു. കഴിഞ്ഞ പദത്തിൽ ചൊല്ലിയിരിക്കുന്ന പൊലെ മർക്കെസ അഞ്ചെലാതന്നൊടു കല്പിച്ചിരിക്കുംവണ്ണം ഞങ്ങൾ രണ്ടുപെൎക്കും കുപ്പായം കുത്തിപ്പാനുള്ളതിന്നു ചിലവും കൊണ്ടുവന്നു വെണ്ടുന്ന കുപ്പായങ്ങൾക്കുള്ള ശീലകൾ വാങ്ങുവാൻ തുശിപണിക്കാരനൊടു പറയുകയും ചെയ്തപ്പൊൾ വിഷ്ക്കൊന്തെസ്സാ പറഞ്ഞവണ്ണം ഈ മാസം ൨൫ (25)-ാംനു- രാജസ്ത്രീയുടെ പക്കൽ പൊകുവാനുള്ളതിന്നു ൨൫(25)-ാം ദിവസം വരുന്ന ഇടക്കു കുപ്പായം തീൎക്കണമെന്നു തുശിപണിക്കാരനൊടു മെത്രാപ്പൊലീത്താ കല്പിക്കയും. തുശിപണിക്കാരൻ ൨൫ (25)-ാംനു- അകം തലപ്പെട്ട കുപ്പായങ്ങൾ പണിചെയ്തു എത്തുകയും ചെയ്തു.

ഇതെല്ലാം കഴിഞ്ഞതിന്റെശെഷം ഇങ്ങിനെ മെത്രാപ്പൊലീത്തായുടെ നാമധയം തനിക്കു വന്നപ്രകാരം റൊമ്മായിൽ പ്രൊപ്പഗാന്ദായുടെ തലവനാകുന്ന അന്തൊനെല്ലികർദ്ദിനാളിന്നും മൊൻസിഞ്ഞൊർ ബൊർജ്യാക്കും അവിടെയുള്ള മററു നമ്മുടെ സ്നെഹക്കാറൎക്കും നമ്മുടെ കിടാങ്ങൾക്കും എഴുതി അയക്കയും ഇവർ എല്ലാവരും ആയതു അറിഞ്ഞാറെ പാരം സന്തൊഷം കാട്ടി മറുപടി മെത്രാപ്പൊലീത്തായിക്കു അയക്കയും ചെയ്തു. ഇതുമെന്ന്യെ മൎക്കെസ ദെ കസ്തെമെലിയൊരിന്റെ വീട്ടിൽ പൊയി അവർ എല്ലാവരൊടും നന്ദി കാട്ടുകയും ചെയ്തു.

അപ്പൊഴെ കയത്താനൊസുപാതിരിയുമായിട്ടു നിരപ്പും ഐകമത്യവും കാൎപ്പാൻവെണ്ടി ഞങ്ങൾ ചെയ്ത പ്രയത്നമൊക്കയും വളരെ താമസിയാതെ നിഷ്ഫലമായി പൊകയും ചെയ്തു.

അതെന്തെന്നാൽ ഈമാസത്തിൽതന്നെ ൨൫(25)-ാംനു- പ്രിഞ്ചെസ്സായുടെ പിറന്നാൾദിവസം വന്നടുത്താറെ കയത്താനൊസുപാതിരിക്കു ഞങ്ങളുടെ നെരെ മനൊഭാവം വരുത്താതെ ഇരിപ്പാനായിട്ടു ഞങ്ങൾ രാജസ്ത്രീയുടെ പക്കൽ കൈ മുത്തുവാനായിട്ടു പൊകുവാനിരിക്കുന്നപ്രകാരം തന്നെ അറിയിച്ചാറെ പൊയ്ക്കൂടാ എന്നു ഉത്തരം പറഞ്ഞയക്കയും ചെയ്തു. എന്നാൽ ഈ വന്നിരിക്കുന്ന സംഗതിക്കു ഒട്ടും അടാത്ത കയത്താനൊസുപാതിരി പറഞ്ഞയച്ച ഉത്തരം ഞങ്ങൾ കെട്ടതിന്റെ ശെഷം വാച്ചപ്രകാരത്തിലും ഒരുദിവസം ഇയാളുമായിട്ടു നിരപ്പൊടുകൂടെ ചെല്ലുവാൻ കൂടുമെങ്കിൽ ആയത അത്രെ വെണ്ടു എന്നും വിചാരിച്ചു കയത്താനൊസുപാതിരിയുടെ മകൻ യൌസെപ്പുപാതിരിയെ മെത്രാപ്പൊലീത്താ വെറെ വിളിച്ചു ഈ ദിവസം രാജസ്ത്രീയുടെ മുമ്പാ



കെ ചെന്നു കൈമുത്തിയെ മതിയാവു എന്ന ഈ ആശ്രമത്തിൽ ഉള്ള പാതിരിമാർ ഒക്കയും പറയുന്നതൊഴിയെ ഈ ദിവസത്തിൽ ചെന്നു രാജസ്ത്രീയുടെ കൈ മുത്തിയെ മതിയാവു എന്നും അല്ലാഞ്ഞാൽ രാജസ്ത്രീ അതു സൂക്ഷിക്കുമെന്നും വിഷ്ക്കൊന്തെസ്സായും മർക്കെസ ദെ കസ്തെമെലിയൊരും പ്രത്യെകമായി പറഞ്ഞു അയച്ചിരിക്കുന്നു എന്നു വരുംമ്പൊൾ ആയതു അറിയാഴികകൊണ്ടത്രെ പറഞ്ഞയച്ചതു്. ആയതുകൊണ്ടു താൻതന്നെ ചെന്നു തന്റെ അപ്പൻ കയത്താനൊസുപാതിരിയെ കണ്ടു അവസ്ഥ ഒക്കയുംതന്നെ അറിയിച്ചു ആയതിന്നു ചെരുന്ന ഉത്തരം കെട്ടുംകൊണ്ടു വരണമെന്നും പറഞ്ഞു ഇയാളെ കയത്താനൊസുപാതിരിയുടെ പക്കൽ അയക്കയും ചെയ്തു.

എന്നാൽ യൌസെപ്പുപാതിരി തന്റെ അപ്പൻ കയത്താനൊസുപാതിരിയുടെ പക്കൽചെന്നു മെത്രാപ്പൊലീത്താ തന്നൊടു പറഞ്ഞയച്ച അവസ്ഥ ഒക്കയും പറഞ്ഞാറെ തന്റെ സ്നെഹക്കാറരാകുന്ന എല്ലാവരെയും വരുത്തി അവർ എല്ലാവരുമായി ഈ കാര്യം വെണ്ടുവൊളം വിചാരിച്ചശെഷം ഒരു ജാതിയും പൊയ്ക്കൂടാ എന്ന കല്പന ആയി ഉത്തരം പറഞ്ഞയക്കയും ചെയ്തു.

## വിചാരം

കയത്താനൊസുപാതിരി ഞങ്ങളുടെ കാര്യംവിചാരിക്കുന്ന നെരത്തു കൊടുങ്ങല്ലൂർ മെത്രാപ്പൊലീത്താ ആകുവാൻ കരിയാട്ടി തന്നെ വെണമെന്നു പറഞ്ഞു വന്നത ഒഴിയെ പിന്നെയും മററു ചില ഗൊവാക്കാറരെയും തന്നെതന്നെയും മെൽപറഞ്ഞവണ്ണം ഈന്ദിയായയിലുള്ള മററു ഇടങ്ങളുടെ മെത്രാന്മാരാകുവാൻ കല്പിച്ചിരുന്നു. ആയതിന്മെൽ കൂടെയും എല്ലാവരൊടും പറഞ്ഞിരുന്നു എന്നതുകൊണ്ടു ഒന്നുകിൽ താൻ കല്പിച്ച ഈ ആളുകൾ ഒക്കയും മെത്രാന്മാർ ആകണം. അല്ലെങ്കിൽ അവരിൽ ആരും വെണ്ടാ എന്നു കണ്ടത്രെ താൻ ശ്രമിച്ചുവന്നതു്. അപ്പൊഴെ തനിക്കുള്ള നിരൂപണക്കും ശ്രമത്തിന്നും മറുത്ത അവരിൽ ആൎക്കും മെത്രാന്റെ പെർ വരാതെ നമ്മുടെ മെത്രാപ്പൊലീത്താക്കു മാത്രം ഈ ബഹുമാനവും സ്ഥാനവും വന്നതിനെകൊണ്ടു അവൎക്കുംകൂടെ ഈ സ്ഥാനം വരുവൊളം ഈ വന്ന സ്ഥാനത്തിന്നു വെണ്ടുന്ന ഉറപ്പു ഒന്നും വരുത്തരുതെന്നും ഇങ്ങിനെ എന്നാൽ അവൎക്കുകൂടെ ഈ സ്ഥാനം വരുവാൻ എടവരും അല്ലെങ്കിൽ ഈ വന്നതു നഷ്ടമായി പൊകും എന്നു കയത്താനൊസുപാതിരിയും ശെഷം തന്റെ സ്നെഹക്കാറരുമായി വിചാരിച്ചു നിശ്ചയിക്കകൊണ്ടു അത്രെ ഈ ദിവസത്തിൽ രാജസ്ത്രീയുടെ കൈമുത്തുവാൻ പൊയ്ക്കൂടാ എന്നു കയത്താനൊസുപാതിരി പറഞ്ഞയച്ചതു എന്നു ഈ വിചാരത്തിൽ കൂടിയിരുന്നവരിൽ ചിലർതന്നെ പറഞ്ഞു അറിയുകയും ചെയ്തു.

www.malankaralibrary.com

അപ്പൊഴൊ മെൽചൊല്ലിയവണ്ണം ഒരു ജാതിയും പൊയ്ക്കൂടാ എന്നു കല്പന ആയിട്ടു കയത്താനൊസുപാതിരി പറഞ്ഞയച്ച ഈ വചനങ്ങൾ ഞങ്ങൾ കെട്ടതിന്റെ ശെഷം കയത്താനൊസുപാതിരിയുമായിട്ടു നിരപ്പൊടുകൂടെ ചെല്ലുവാൻ കഴിക്കുന്ന പ്രയത്നമൊക്കയും പാഴിൽ അത്രെ ആകുന്നു എന്നും നമുക്കു ഗുണം വരുത്തുവാനല്ല മുടിപ്പാനത്രെ തന്റെ ശ്രമം ആകുന്നതിനെക്കൊണ്ടു മുമ്പിൽ പല ഊഴവും ചെയ്തതുപൊലെ ഇനിയും പലപ്പൊഴും ചതിപ്പാനുള്ളതിന്നു ശ്രമിക്കുമെന്നും ഇതുമെന്നിയെ ഈ സ്ഥാനം നമ്മുടെ ജാതിക്കു വരുവാൻ ഇയാൾ കാരണമായതു ഒക്കയും മിശിഹാകർത്താവു ഇഹലൊകത്തുങ്കൽ പിറപ്പാൻ ആദത്തിന്റെ ദൊഷം കാരണമായപൊലെ അത്രെ. ആയ്തിനെക്കൊണ്ടു തനിക്കുതന്നെ വെണ്ടി അല്ലാതെ നമുക്കു വെണ്ടി അല്ല.ആയതുതാൻ ശ്രമിച്ചതിനെക്കൊണ്ടും ആയതിന്നു നന്ദികാട്ടുവാനും അയാടെ കല്പനക്കീഴ പാർപ്പാനും ദിഷ്ടതി ഇല്ലെന്നും നിശ്ചയിച്ചു കയത്താനൊസുപാതിരി പറഞ്ഞയച്ചതിന്മെൽ ഏതും കൂട്ടാക്കാതെ ഞങ്ങൾ ഇരുവരും രാജസ്ത്രീയുടെ കൈമുത്തുവാനായിട്ടു പൊകയും ചെയ്തു.

എന്നാൽ രാജതറവാട്ടിലുള്ള ആളുകളുടെ പിറന്നാൾ ദിവസങ്ങളിൽ രാജാവിന്റെ മുമ്പാകെ ചെന്നു കൈ മുത്തുന്നതു രാജധാനിയിൽ ഉള്ള രഹസ്യമായ ആഘൊഷങ്ങളിൽ ഒന്നായിരിക്കുന്നതിനെക്കൊണ്ടു ആയതിന്റെ പ്രകാരം ലിസ്ബൊആയിൽ കണ്ടതുപൊലെ നമ്മുടെ ജനങ്ങളുടെ അറിവിനായിട്ടു ഇവിടെ എഴുതുകയും ചെയ്യുന്നു. അപ്പൊഴൊ ഈ ദിവസങ്ങളിൽ രാജധാനിയായ നഗരിയിലുള്ള പ്രധാനപ്പെട്ടവർ മാടമ്പികൾ മെത്രാന്മാർ മററും വാച്ചപ്രകാരത്തിലും കർത്തവ്യമുള്ളവർ ഒക്കയും രാജസ്ത്രീ വസിക്കുന്ന ഭവനത്തു ചെല്ലുന്നു. അവിടെ വെണ്ടുംവണ്ണം പല പ്രകാരമായ എഴുത്തുരൂപങ്ങളും ചിത്രങ്ങൾ ഉള്ള ശീലകൊണ്ടും ചമയിച്ചിരിക്കുന്നു. ഇരിപ്പാൻ കസെര ഒന്നും ഇല്ല. ഈ ശാലയിൽ ചെന്നു രാജാവും രാജസ്ത്രീയും ആസ്തമായിവരുവൊളം അവിടെ തമ്മിൽ തമ്മിൽ സംസാരിച്ചും പറഞ്ഞും നിൽക്കുമാറാകുന്നു. ഇങ്ങനെ എല്ലാവരും അവിടെ പാർത്തിരുന്ന നെരത്തിൽ ഈ ശാലക്കകത്തു ദമാസ്കുകൊണ്ടു ചുവരു ഒക്കയും മൂടി ചമയിച്ചിരിക്കുന്ന മറെറാരു ശാലയിൽ രാജസ്ത്രീയും തന്റെ അനുജത്തിമാരും തന്റെ മകളും വിശെഷമായ കുപ്പായങ്ങളൊടും ചമയങ്ങളൊടുംകൂടെ വന്ന ക്രമമാകുംവണ്ണം നിര ഒപ്പിച്ച കസെരകളുമിട്ടു എല്ലായിലും വലത്തുഭാഗത്തു രാജസ്ത്രീയും ആയതിന്റെ ശെഷം പ്രിഞ്ചെസ്സായും മകളും രാജസ്ത്രീയുടെ അനുജത്തിമാരും ഇരിക്കയും മെൽപറഞ്ഞ നാലു സർവാധികാര്യക്കാരന്മാരും രാജസ്ത്രീക്കു ചിററാഴ്മ ചെയ്യുന്ന മററു പ്രധാനപ്പെട്ട ആളുകളും ഈ ഇരിക്കുന്ന രാജസ്ത്രീകളുടെ വലത്തുഭാഗത്തു തങ്ങൾ തങ്ങളുടെ സ്ഥാനത്തി



ന്നും വലിപ്പത്തിന്നും തക്കവണ്ണം നിരയും ക്രമവും ഒപ്പിച്ച നില്ക്കയും ഇതുമെന്നിയെ രാജ ആളുകളുടെ ഇടത്തുഭാഗത്തു എത്രയും മനൊഹരമായി ചമഞ്ഞിരിക്കുന്ന പ്രധാനപ്പെട്ട നാലു സിഞ്ഞൊരന്മാരും ക്രമമാകുംവണ്ണം നിരയൊപ്പിച്ച നില്ക്കയും അതിൻവണ്ണം തന്നെ മെൽ ചൊല്ലിയവണ്ണം ചുമരു ഒക്കയും ദമാസ്കുകൊണ്ടു ചമയിച്ചിരിക്കുന്ന മറെറാരു ശാലയിൽ ക്രമമായിട്ടു നിരയൊപ്പിച്ച വിദയം വരുത്തിയിരിക്കുന്ന കസെരമെൽ രാജാവും തന്റെ മകൻ പ്രിഞ്ചെപ്പയും ഇമ്പാന്തയും വന്നിരിക്കയും തങ്ങൾക്കു ചിററാഴ്മ ചെയ്തുവരുന്ന പ്രധാനികളൊക്കയും ക്രമമാകുംവണ്ണം തങ്ങളുടെ വലത്തും ഇടത്തും നിൽക്കയും ഇങ്ങനെ ഒക്കയും ആസ്തമായതിന്റെ ശെഷം ഈ ശാലകൾ രണ്ടിന്റെയും വാതൽ തുറക്കുമ്പൊൾ മുമ്പിലത്തെ ശാലയിൽ നിൽക്കുന്ന പ്രധാനികളിൽ ഓരൊരുത്തർ മുമ്പിൽതന്നെ രാജസ്ത്രീയും ശെഷമുള്ളവരും ഇരിക്കുന്ന ശാലയിൽ തിക്കൽ കൂടാതെയും അനക്കംകൂടാതെയും ക്രമമാകുംവണ്ണം കടന്നു രാജസ്ത്രീയുടെയും ശെഷമുള്ള രാജആളുകളുടെയും വലത്തുഭാഗത്തു ചെന്നു അവിടെ നില്ക്കുന്ന പ്രധാനപ്പെട്ടവർക്കും നാലുസർവ്വാധികാര്യക്കാരന്മാർക്കും തലയും ചായിച്ച ഏതും പറയാതെ ആചാരവുംചെയ്ത രാജസ്ത്രീയുടെ മുമ്പാകെ ചെന്ന തലയും ചായിച്ച മുട്ടുകുത്തുമ്പൊൾ രാജസ്ത്രീ ആചാരത്തൊടുകൂടെ തന്റെ കൈ നീട്ടുകയും തന്റെ മുമ്പിൽ മുട്ടുകുത്തിയിരിക്കുന്നയാൾ അതിനെ മുത്തുകയും ചെയ്തതിന്റെ ശെഷം അവിടെനിന്നു എഴുന്നെററു തലയും ചായിച്ച ആചാരവും ചെയ്തശെഷം ഈ ക്രമത്തിൽതന്നെ ശെഷം കൂടെയിരിക്കുന്ന രാജആളുകളുടെ കൈ മുത്തുകയും ഇങ്ങനെ എല്ലാവരുടെയും കൈ മുത്തിയതിന്റെ ശെഷം ഇടത്തുഭാഗത്തു നില്ക്കുന്ന സിഞ്ഞൊരൻമാരൊടു പ്രതിപ്രതി ആചാരം ചെയ്തുകഴിഞ്ഞ കുറഞ്ഞൊന്നകന്നു രാജസ്ത്രീയും മററു ആളുകളും ഇരിക്കുന്ന നെരെ തിരിഞ്ഞ തലയും ചായിച്ച ആചാരവും ചെയ്തതിന്റെ ശെഷം മുമ്പെപ്പട്ട തിരിഞ്ഞു നടന്ന ശാലക്കു പുറത്തു കടക്കുകയും ഇങ്ങനെ രാജസ്ത്രീയുടെ കൈ മുത്തി വരുന്ന ആളുകൾ ഉടൻതന്നെ രാജാവും തന്റെ മക്കളുമിരിക്കുന്ന ശാലയിൽ കടന്നു മീതെ ചൊല്ലിയവണ്ണം രാജാവിന്റെയും തന്റെ മക്കളുടെയും വലത്തുഭാഗത്തുകൂടെ കടന്നു അവിടെ നില്ക്കുന്ന പ്രധാനികളൊടു ആചാരം ചെയ്തതിന്റെശെഷം മുട്ടുംകുത്തി രാജാവിന്റെയും ശെഷമുള്ളവരുടെയും കൈ മുത്തുകയും ഇതിന്റെ ശെഷം ഇടത്തുഭാഗത്തുള്ളവരൊടും ആചാരവും ചെയ്തതിന്റെശെഷം പ്രധാനികൾ നില്ക്കുന്ന ഇടം കഴിഞ്ഞിട്ടു കുറെ അകലുമ്പൊൾ മുമ്പിൽ രാജസ്ത്രീയൊടു കാട്ടിയപൊലെ രാജാവും ശെഷമുള്ളവരും ഇരിക്കുന്ന ഭാഗത്തു എത്തുമ്പൊൾ തലയും ചായിച്ചതിന്റെശെഷം മുമ്പിൽ തങ്ങൾ നിന്നിരുന്ന ശാലയിലൊട്ടു ഇറങ്ങി പൊരുകയും ചെയ്യും. ഇങ്ങ

www.malankaralibrary.com

നെ എല്ലാവരും കൈമുത്തി കഴിഞ്ഞതിന്റെശെഷം എല്ലാവരും തങ്ങളുടെ വീടുകളിലെക്ക പൊകയും ചെയ്യുമാറാകുന്നു. ഇങ്ങിനെ ശെഷമുള്ളവർ കൈ മുത്തിയപ്പൊൾ ഞങ്ങളുംകൂടെ ചെന്നു രാജആളുകളുടെ കൈമുത്തുകയും ചെയ്തു.

ഇങ്ങിനെ പിന്നെ ഉണ്ടായ കൈമുത്തലിന്റെ നാളുകളിലും ഒരു മുടക്കം വരുത്താതെ ഞങ്ങൾ ചെന്നു കൈ മുത്തുകയും ചെയ്തു വന്നു. എന്നാൽ ഞങ്ങൾ കൈ മുത്തുവാനായിട്ടു അവിടെ ചെന്നപ്പൊൾ ഇന്ദിയാമുഖത്തു സർവാധികാര്യക്കാരനെ അവിടെവച്ചു കണ്ടപ്പൊൾ തനിക്ക നന്ദി കാട്ടുവാനായിട്ടു തന്റെ വീട്ടിൽ ചെന്നാറെ തന്നെ കാണാഴികകൊണ്ടു അതു ചെയ്‌വാൻ കൂടിയില്ല എന്നും എന്നതുകൊണ്ടു വളരെ താമസം കൂടാതെ ഇനി അവിടെക്ക ചെല്ലുമെന്നും മെത്രാപ്പൊലീത്ത ഈ ദെഹത്തൊടു പറകയും പറഞ്ഞവണ്ണംതന്നെ വളരെ താമസം കൂടാതെ ഒരു ദിവസം തന്റെ ഭവനത്തു ചെന്നു തന്നൊടു നന്ദി കാട്ടുകയും ചെയ്തു. ഇതുമെന്യെ ഈ പുസ്തകത്തിന്റെ ൨൮ (28)-ാം പദത്തിന്റെ ഒടുക്കം ചൊല്ലിയിരിക്കുന്ന മാർ യൊക്കിംബൊർജെയ വിഗെയിരാ എന്ന ബയ്യായിൽ ഞങ്ങൾ വന്നപ്പൊൾ അവിടെ വെദവാഴി ആയിരുന്ന മെത്രാപ്പൊലീത്താക്കുടെ കൈ മുത്തുവാൻ അവിടെ വന്നിട്ടുണ്ടായിരുന്നു. അപ്പൊഴെ ഈ മെത്രാപ്പൊലീത്താ ഞങ്ങളെ അവിടെവച്ചു കണ്ടാറെ ഇത്ര നാളും ഞങ്ങൾ ലിസ്ബൊആയിൽ പാർത്തിരുന്നാറെയും ഒരുഴം എങ്കിലും തന്റെ ഭവനത്തു ചെന്നു തന്നെ കാണാഴികകൊണ്ടു പാരം സങ്കടം പറഞ്ഞുമെന്യെ ഇനി ഒട്ടും താമസിയാതെ പിറെറ ദിവസംതന്നെ തന്റെ വീട്ടിൽ ചെല്ലണം എന്നും ഞങ്ങളൊടു പറവാൻ പല വസ്തുക്കൾ തനിക്കുണ്ടെന്നും ആയതിന്നു തന്റെ തെരു വെണമെങ്കിൽ കൊടുത്തയക്കാം എന്നും പറഞ്ഞതിന്നു മെത്രാപ്പൊലീത്താ പാരം നന്ദി കാട്ടി കൊടുത്തയക്കണ്ടാ എന്നും പിറെറ ദിവസം തന്നെ തന്റെ ഭവനത്തു ചെല്ലുന്നുണ്ടെന്നും പറഞ്ഞൊക്കയും ചെയ്തു.

ഇങ്ങിനെ അവിടെനിന്നും പുറപ്പെട്ടതിന്റെ ശെഷം ഈ പുസ്തകത്തിൽ പല ഇടത്തും പറഞ്ഞിരിക്കുന്ന ലൂവിസ അന്തൊനിദെ ലെറൊസ എന്നവന്റെ വീട്ടിൽ വന്നു ഭക്ഷണവും കഴിഞ്ഞ ഞങ്ങൾ വസിക്കുന്ന ആശ്രമത്തിന്നുപൊരികയും ചെയ്തു. ഇതിന്റെ ശെഷം യൊക്കീം ബൊർജെയ എന്ന മെത്രാപ്പൊലീത്തായും ആയി പറഞ്ഞൊത്തിരുന്നപൊലെ പിറെറ ദിവസം തന്നെ തന്റെ വീട്ടിൽ ഞങ്ങൾ ചെന്നാറെ ഞങ്ങളെ വെണ്ടുംവണ്ണം കൈക്കൊണ്ടു അവിടെതന്നെ തന്നൊടുക്കൂടെ ഭക്ഷണവും കഴിഞ്ഞു. പലകൂട്ടം വർത്തമാനങ്ങളും ഞങ്ങളൊടു ചൊദിക്കയും പറകയും ചെയ്ത വൈകുന്നവരെ അവിടെ താമസിച്ചതി



ന്റെശെഷം നെരം വൈകുന്നപാടു അവിടെനിന്നും ഞങ്ങൾ പാക്കുന്ന ആശ്രമത്തിന്നു വരുന്നപ്പൊൾ ഞങ്ങൾ കടക്കുന്ന വഴിയിൽ എടമനിഷ്ഷം വസിക്കുന്ന വീടാകകൊണ്ടു ആ വീട്ടിന്റെ സമീപം വന്നപ്പൊൾ മെത്രാപ്പൊലീത്തായുടെ സ്ഥാനത്തിന്നു അവിടെ കഴിക്കെണ്ടുന്ന ശൊധനമെൽ തന്നൊടു പറവാനായിട്ടു ഈ വീട്ടിൽ തന്നെ അന്വെഷിച്ചാറെ അപ്പൊൾ താൻ അവിടെ ഇല്ലാഴികകൊണ്ടു കണ്ടുപറവാൻ കൂടാതെ ഞങ്ങൾ ആശ്രമത്തിന്നു പൊരികയും ചെയ്തു.

ഇതു ഒക്കയും കഴിയുന്ന ഇടയിൽ കയത്താനൊസുപാതിരി തന്നിൽ നിന്നും എല്ലാപ്രകാരംകൊണ്ടും ഞങ്ങൾ വെർതിരിഞ്ഞു എന്നു കണ്ടു യൂറൊപ്പിലുള്ള ഗൊവക്കാർ എല്ലാവരും സൊരുമിച്ചു തങ്ങൾക്ക വാച്ച സ്ഥാനമൊ മാനമൊ കിട്ടുമൊ എന്നുള്ളതു ആവൊടത്തൊളം ശ്രമിച്ചെ മതിയാവു എന്നുംവച്ചു ഈ പുസ്തകത്തിന്റെ ൬൦(60)-ാംപദത്തിൽ ചൊല്ലിയിരിക്കുന്നപൊലെ മല്ലസുഖം മെടിപ്പാൻ റൊമ്മായിക്ക പൊയിരിക്കുന്ന യുസ്സെ അന്തൊനിയൊ ഗൊൻസാലെസ എന്ന ഗൊവക്കാരൻ പാതിരി ആകുന്നൊടത്തൊളം നിമിഷം ലിസ്ബൊആയിക്ക വരണമെന്നു എഴുതി അയക്കയും ഇയാളും കയത്താനൊസു പാതിരി എഴുതി അയച്ചവണ്ണം വെഗം റൊമായിൽനിന്നും പുറപ്പെട്ടു ലിസ്ബൊആയിൽ വരികയും ചെയ്തു.

## അറുപത്തിയേഴാം പദം

**എടമനിഷ്പത്തിന്റെ ഭവനത്തു മെത്രാപ്പൊലിത്താ ചെന്നു അവിടെ വെണ്ടുന്ന ശൊധന കഴിച്ച പ്രകാരത്തിന്മെലും ഇതിന്റെ ശെഷം ഉണ്ടായ അവസ്ഥയും**

കഴിഞ്ഞ പദത്തിൽ പറഞ്ഞിരിക്കുന്നപൊലെ എടമനിഷ്ഷത്തിന്റെ വീട്ടിൽ വളരെ താമസിക്കാതെ ചെന്നു അവിടെ വെണ്ടുന്ന ശൊധനകൾ ഒക്കയും കഴിക്കണമെന്നും ആയതിന്നു വെണ്ടുന്ന അറീപ്പു സെക്രത്താരിയായിൽനിന്നും പൊയിട്ടുണ്ടെന്നും വിഷ്ക്കൊന്തെസ്സാ മെത്രാപ്പൊലീത്തായൊടു പറഞ്ഞയച്ചതിനെക്കൊണ്ടു ഇനി ഒട്ടും കാലം വൈകാതെ ആയതിന്നു ശ്രമിക്കതന്നെ എന്നുംവച്ചു മെൽപറഞ്ഞവണ്ണം യൊആക്കീം ബൊർജെയ എന്ന മെത്രാപ്പൊലീത്തായുടെ വീട്ടിൽ പൊയി വന്നതിന്റെ പിറെറ ദിവസംതന്നെ എടമനിഷ്പത്തിനെ കണ്ടു ഈ കാര്യത്തിന്മെൽ പറഞ്ഞു ആയതിന്നു എന്തെല്ലാം വെണമെന്നും ഏതു ദിവസം തനിക്ക അവസരം ഉണ്ടെന്നും അറിവാനായിട്ടു തന്റെ ഭവനത്തു ഞാൻ ചെന്നാറെ ഈ എടമനിഷ്ഷം ഞങ്ങളുടെ സ്നെഹക്കാരനായിരിക്കകൊണ്ടു ഞങ്ങളുടെ കാര്യത്തിന്നു താനുംകൂടെ

www.malankaralibrary.com

തന്റെ സ്നെഹക്കാറരായ പ്രധാനപ്പെട്ടവരുടെ പക്കൽ വചനത്താൽ ഞങ്ങളെ സഹായിച്ചതുകൊണ്ടും ഞാൻ അവിടെ ചെന്നിട്ടുള്ളപ്രകാരം അറിഞ്ഞപ്പൊൾ ഉടൻ താനിരിക്കുന്ന മുറിയിൽ എന്നെ വിളിപ്പിച്ചു ഇരിപ്പാൻ പറഞ്ഞതിന്റെശെഷം സ്നെഹവും മനൊരഞ്ജനയും കാട്ടി വന്ന കാര്യമെന്തെന്നു ചൊദിച്ചാറെ കരിയാട്ടിമല്ലാന്നു കൊടുങ്ങല്ലൂർ രൂപതയുടെ മെത്രാപ്പൊലീത്താ എന്ന നാമധെയം വന്നപ്രകാരം അങ്ങിന്നു അറിഞ്ഞല്ലൊ ഇരിക്കുന്നു. എന്നാൽ ഈ കാര്യത്തിന്നു ഇവിടെ വെണ്ടുന്ന ശൊധനകൾ ഒക്കെയും നിമിഷം കഴിക്കണം എന്നും ആസ്ഥിന്നു വെണ്ടുന്ന അറിയിപ്പു സിക്രത്താരിയായിൽനിന്നും അങ്ങെക്കു വന്നിട്ടുണ്ടെന്നും വിഷ്ഫൊന്തെസ്സാ പറഞ്ഞു എന്നതിനെകൊണ്ടു ആസ്ഥിന്നു എന്തെല്ലാം വെണ്ടു എന്നും ഏതു ദിവസം വെണ്ടു എന്നും അങ്ങുമായിട്ടു കണ്ടുപറഞ്ഞു അറിവാനായിട്ടു മെത്രാപ്പൊലീത്താ എന്നെ അയച്ചിരിക്കുന്നു എന്നും ഇന്നലെ ഈ കാര്യത്തിന്നു അങ്ങുമായിട്ടു കണ്ടു പറവാനായിട്ടു മെത്രാപ്പൊലീത്തായും ഞാനും ഒന്നിച്ചു ഇവിടെ വന്നാറെ അങ്ങെ കാണാഴികകൊണ്ടു പറവാൻ കൂടിയില്ലാ എന്നും ഇങ്ങിനെ ഞാൻ പറഞ്ഞതിന്നു ഇവിടെയുള്ള ശൊധന കഴിപ്പാൻ മെത്രാപ്പൊലീത്താക്കുള്ള പട്ടകടുദാശ്ശും തനിക്കു മല്പസുഖം കിട്ടിയ പ്രകാരത്തിനുള്ള പുസ്തകവും കൂടാതെ തന്റെ വ്യാപാരത്തിന്മെലും മര്യാദികളിന്മെലും സാക്ഷിപ്പാനുള്ളതിന്നു രണ്ടുപെരും കൊടുങ്ങല്ലൂർ ഇടവകയുടെ അവസ്ഥമെൽ സാക്ഷിപ്പാൻ ഈ ദെശത്തിന്റെ അറിവുള്ള മറ്റു രണ്ടുപെരും ഇങ്ങിനെ നാലു സാക്ഷിക്കാററു വെണം എന്നതിനെക്കൊണ്ടു വ്യാപാരത്തിന്മെലും മര്യാദികളിൻമെലും സാക്ഷിപ്പാൻ സംബന്തു എന്ന ആശ്രമത്തിലുള്ള രണ്ടു പാതിരിമാർ വന്നാൽ മതി. വിശെഷിച്ചും കൊടുങ്ങല്ലൂർ ഇടവകമെൽ സാക്ഷിപ്പാൻ രണ്ടു സാക്ഷിക്കാർ വെണ്ടുന്നതിന്നു ഒന്നു താൻതന്നെ കൊള്ളാം എന്നതുകൊണ്ടു ആ നാട്ടിന്റെ അറിവുള്ള മറെറാരുത്തനെ മാത്രം അനെഷിപ്പാൻ ദിഷ്ടതി ഒള്ളു. എന്നുവരുമ്പൊൾ ആസ്ഥു അനെഷിച്ചു ഉണ്ടായികൊണ്ടു നാളെ കഴിഞ്ഞുതന്നെ വന്നാൽ ഇവിടെയുള്ള കാര്യം ഒക്കെയും കഴിച്ചുകൊള്ളാം എന്നു ഉത്തരം പറഞ്ഞതിന്റെ ശെഷം കയത്താനൊസു പാതിരിയുടെ അവസ്ഥകൊണ്ടും മററും പല വർത്തമാനങ്ങൾകൊണ്ടും കുറെ നെരം അവിടെ ഇരുന്നു താനുമായി സംസാരിച്ചതിന്റെ ശെഷം വീട്ടിൽവന്നു ഇങ്ങിനെ എടമനിഷ്ടം പറഞ്ഞയച്ചുവെന്നു മെത്രാപ്പൊലീത്തായൊടു ഞാൻ അറീക്കയും ചെയ്തു.

എന്നാൽ ഈ അവസ്ഥ മെത്രാപ്പൊലീത്താ കെട്ടാറെ സംബന്തു എന്ന ആശ്രമത്തിന്റെ മൂപ്പൻപാതിരിയുടെ പക്കൽ ചെന്നു മെൽ ചൊല്ലിയപൊലെ എടമനിഷ്ഫം പറഞ്ഞയച്ചതു ഒക്കെയും തന്നെ കെൾപ്പിച്ചു. ആയതിന്നു വ്യാപാരത്തിന്റെയും





മര്യാദികളുടെയും അവസ്ഥമെൽ സാക്ഷികൊടുപ്പാൻ ഈ ദർശനവീട്ടിലുള്ളതിൽ രണ്ടു പാതിരിമാരെ അയച്ചെങ്കിൽ കൊള്ളായിരുന്നു എന്നു മെത്രാപ്പൊലീത്താ പറഞ്ഞതിന്നു വിചാരിച്ചിട്ടു അങ്ങിനെതന്നെ ആയികൊള്ളാമെന്നു മൂപ്പൻപാതിരി ഉത്തരവും പറഞ്ഞുംകൊണ്ടു ഈ കാര്യത്തിന്മെൽ സത്യം ചെയ്തു ഉറപ്പു വരുത്തണം എന്നതിന്മെൽ വിചാരിക്കകൊണ്ടു തന്റെ ഹൃദയത്തിങ്കൽ ഒട്ടും ഒരടക്കം ഉണ്ടാകുവാനും ഉറപ്പുള്ള മനസ്സൊടും നല്ല നിരുപണയൊടുംകൂടെ ഈ കാര്യം സത്യം ചെയ്തു ഉറപ്പു വരുത്തുവാനുമായിട്ടു ആ ആശ്രമത്തിലുള്ള പാതിരിമാരെ ഒക്കെയും ചെറിയവനെ തൊട്ടു വലിയവൻ ഓളം സമൂഹമായി കൂട്ടി നമ്മുടെ മെത്രാപ്പൊലീത്തായുടെ വ്യാപാരത്തിന്മെലും മര്യാദികളിന്മെലും അവർ എല്ലാവരൊടും പ്രതിപ്രതി ചൊദിച്ചാറെ എല്ലാവരും വെണ്ടുംവണ്ണം പറഞ്ഞതു എന്നെ്യ തങ്ങൾ പറഞ്ഞതു സത്യത്താൽ ഉറപ്പിക്കയും ചെയ്തശെഷം മൂപ്പൻ പാതിരിതന്നെയും ആകമാനത്തിന്നടുത്ത പൊരുൾപടാർത്തക്കാരനാകുന്ന മററു ഒരു പാതിരിയുംകൂടെ എടമനിഷ്ഫത്തിന്റെ ഭവനത്തുചെന്നു സാക്ഷി കൊടുക്കത്തക്കവണ്ണം നിശ്ചയിക്കയും ചെയ്തു. ഇങ്ങിനെ വ്യാപാരത്തിന്മെലും മര്യാദികളിന്മെലും സാക്ഷി കൊടുപ്പാൻ സംബന്തു എന്ന ആശ്രമത്തിൽനിന്നു മെൽപറഞ്ഞവണ്ണം രണ്ടു പെരു പൊകത്തക്കവണ്ണം നിശ്ചയിച്ചതിന്റെശെഷം കൊടുങ്ങല്ലൂർ ഇടവകമെൽ സാക്ഷി കൊടുപ്പാനുള്ളതിന്നു എന്നെ കൂടാതെ ആ നാട്ടിന്റെ അറിവുള്ള മററു ഒരാൾ വെണ്ടിയിരിക്കുന്നതിനെ കൊണ്ടു ആയതിന്നു ആരു വെണ്ടു എന്നു വിചാരിച്ചു തുടങ്ങിയാറെ എന്തു പറയാവത നമ്മുടെ കാലക്കെടു എന്നെ വെണ്ടു. മലങ്കരഇടവകയിൽവന്നു അവിടത്തെ കാര്യങ്ങൾ അറിഞ്ഞിട്ടുള്ള പല പാതിരിമാർ ലിസ്ബൊ ആയിൽ ഉണ്ടായിരുന്നാറെ അവർ ആരെയും ഈ കാര്യത്തിന്നു വിളിപ്പാൻ തൊന്നാതെ വളരെ പ്രയത്നവും ക്ലെശവും കൂടാതെ കാര്യങ്ങൾ കഴിഞ്ഞു കൂടുവാനായിട്ടു മെൽപറഞ്ഞവണ്ണം അവിടെ ഒരു പ്രധാനപ്പെട്ട സ്ത്രീയുടെ വീട്ടിൽ വസിച്ചുവരുന്ന കൊച്ചിയിൽ ഇടവകയിൽ ഗൊവർണ്ണദൊരിന്റെ സ്ഥാനം ഭരിച്ചുവന്ന പ്രംസീസ്ക്കൊസ കയത്താനൊസു എന്ന ഗൊവക്കാരൻ പാതിരി മലങ്കരഇടവകയിൽ വന്നു അവിടെയുള്ള അവസ്ഥ അറിഞ്ഞിരിക്കുന്നതിനെക്കൊണ്ടു അയാളെതന്നെ ഈ കാര്യത്തിന്നു വിളിക്കുന്നതിന്നു ഭാവിച്ചു ഇയാൾ വസിച്ചുവരുന്ന വീട്ടിൽ ഞാൻ ചെന്നു അയാളൊടു ഈ കാര്യം പറഞ്ഞാറെ ഇയാൾ അതു കെട്ട ഉടൻ ഇത്ര പിടച്ചിലായിട്ടു ഇതു കഴിച്ചുകൂട്ടുവാനൊ ഭാവിച്ചിരിക്കുന്നതു. കൊച്ചി ഇടവകക്കുകൂടെ മെത്രാനെ പെരു വിളിച്ചതിന്റെ ശെഷം അല്ലയൊ എന്നു ചൊദിച്ചതിന്നു ഇതു മുമ്പിൽ കഴിവാനും പിന്നെ കൊച്ചി ഇടവകക്കു പെരു വരുമ്പൊൾ ആയതും നമുക്കു കഴിക്കാമെന്നും

www.malankaralibrary.com

ഞാൻ പറഞ്ഞതിന്ന ഇങ്ങിനെ എങ്കിൽ തെരു കൊടുത്തയച്ചാൽ താൻകൂടെ എടമനിഷ്പത്തിൻെറ വീട്ടിൽവന്ന സാക്ഷി കൊടുക്കാമെന്ന പറഞ്ഞൊക്കയും ചെയ്തു.

ഇങ്ങിനെ ഒരു ദിവസത്തെ എടകൊണ്ടു കാര്യമൊക്കക്കെം വെസ്ഥ വരുത്തിയതിൻെറ ശെഷം പിറെറ ദിവസം മര്യാദിക്കതക്കവണ്ണം മെത്രാപ്പൊലീത്താ എടമനിഷ്പത്തിൻെറ വീട്ടിൽ ചെല്ലുന്നതിന്ന മുമ്പ മൂപ്പൻ പാതിരിയും പൊരുംപടാത്തക്കാരൻ പാതിരിയും പുറപ്പെട്ടു എടമനിഷ്പത്തിൻെറ വീട്ടിൽ ചെന്ന മെത്രാപ്പൊലീത്തായുടെ വ്യാപാരത്തിന്മെലും മര്യാദികളിന്മെലും സാക്ഷിയും കൊടുത്ത സത്യത്താൽ ഉറപ്പിച്ചതിൻെറ ശെഷം അവർ അവിടെനിന്നും പിരിയുന്ന ഇടയിൽ ഞാനും ഈ എടമനിഷ്പത്തിൻെറ ഭവനത്തു ചെന്നുകൊണ്ടു മെൽപറഞ്ഞ പ്രംസീസ്സൊസ കയത്താനൊസു കൊയിത്ത എന്ന പാതിരിയെ കൊണ്ടുവരുവാൻ തെരും കൊടുത്ത അയച്ചാറെ ഉടൻതന്നെ ഇയാളും അവിടെക്ക എത്തുകയും ചെയ്തു.

എന്നാൽ മെൽചൊല്ലിയവണ്ണം പാതിരിമാരു രണ്ടുപെരും സാക്ഷികൊടുത്ത പുറപ്പെട്ടപ്പൊൾ ഞങ്ങൾ രണ്ടുപെരും അകത്തു കടന്ന അവിടെ ഇട്ടിരിക്കുന്ന കസെരമെൽ ഇരുന്നതിൻെറശെഷം കൊടുങ്ങല്ലൂർ എന്ന ഈ ഇടം എത്ര വലിയതാണെന്നും അവിടെ നസ്രാണികൾ എത്ര കുടിയാന്മാർ ഉണ്ടായിരിക്കുമെന്നും രാജ്യക്കാരൻ ആരാൻെറ കൊട്ട ഉണ്ടൊ എന്നും പള്ളി ഉണ്ടൊ എന്നും ഇങ്ങിനെ ഈ നാട്ടിൻെറമെൽ വെണ്ടുന്നതു ഒക്കയും ചൊദിക്കയും ആയതിന്ന ഏകദെശം കണ്ടപൊലെ ചെരുന്ന ഉത്തരമൊക്കയും പറയുകയും ചെയ്തശെഷം ഈ മെത്രാപ്പൊലീത്വത്തിൻെറ അവസ്ഥമെൽ ചൊദിപ്പാൻ തുടങ്ങി. ഈ മെത്രാപ്പൊലീത്വത്തിൻെറ പഴമയും തുടക്കവും എങ്ങിനെ ആകുന്ന എന്നും ഇങ്ങിനെ മററും ചില കൂട്ടമൊക്കയും ചൊദിക്കയും ആയതിന്ന ചെരുന്ന ഉത്തരമൊക്കയും അറിഞ്ഞിരിക്കുന്നപൊലെ പറഞ്ഞുവരികയും ചെയ്യുന്ന ഇടയിൽ ഈ മെത്രാപ്പൊലീത്ത ഗൊവയുടെ മെത്രാപ്പൊലീത്തായിക്ക കീഴുള്ള മെത്രാനാകുന്നൊ എന്ന എടമനിഷ്പം ചൊദിച്ചതിന്ന ഗൊവയുടെ മെത്രാപ്പൊലീത്തായുടെ കീഴുള്ള മെത്രാനല്ല. വിശെഷിച്ച ഗൊവയിൽ മെത്രാപ്പൊലീത്താ ഉണ്ടാകുന്നതിന്ന സ്വല്പം മുമ്പു അങ്കമാലിയുടെ മെത്രാപ്പൊലീത്താ[1] എന്ന ചൊല്ലുമാറായിരുന്നതു ഒഴിയെ സെക്കാതൊറെ

1. 'അങ്കമാലി മെത്രാപ്പോലീത്ത' എന്ന ഔപചാരികസംജ്ഞ 1567-ൽ പ്രാബല്യത്തിൽ വന്നു. ഗോവാ അതിരൂപത 1558-ൽ സ്ഥാപിതമായിരുന്നു. സെക്കാതൊറെ, മാൻസീനാ എന്നീ രൂപതകളിലെ മെത്രാന്മാർ മാർതോമ്മാ ക്രിസ്ത്യാനികളുടെ മെത്രാപ്പോലീത്താക്ക വിധേയരായിരുന്നു എന്ന പറയുക വഴി പാറേമാക്കൽ അങ്കമാലിയുടെ പൗ



എന്ന തുരുത്തിലും മാൻസീനാ എന്ന മററ ഒരു തുരുത്തിലും തൻെറ കീഴ രണ്ടു മെത്രാന്മാർ ഉണ്ടായിരുന്നു എന്ന പഴെ വർത്തമാനത്തിൽ വായിപ്പാനും ഉണ്ടു. വിശെഷിച്ചും പറങ്കിമാർ വന്നതിൻെറ ശെഷം പുത്തനായിട്ടു ഇടവകക്ക പവൃതി ഉണ്ടാക്കി തൻെറ കീഴുള്ള മെത്രാനെ നഷ്ടം വരുത്തി എങ്കിലും തനിക്കുള്ള മെത്രാപ്പൊലീത്വത്തിൻെറ സ്ഥാനവും മുഷ്ക്കരത്വവും ഇത്ര നെരവും ആരും നീക്കീട്ടില്ലാ എന്നും നീക്കുവാൻ ശ്രമിച്ചാറെ മലങ്കര പള്ളിക്കാർ ആയതു സമ്മതിക്കാഴികകൊണ്ടു ആയതു സാധിച്ചില്ലാ എന്നും എന്നതുകൊണ്ടു ഗൊവയുടെ കീഴുള്ള മെത്രാനല്ല പിന്നെയൊ ഗൊവ എന്ന പ്രദെശത്തിന്ന ഗൊവയുടെ മെത്രാപ്പൊലീത്ത ആയിരിക്കുന്നപൊലെ മലങ്കരപ്രദെശത്തിന്ന മുഷ്ക്കരത്വത്തൊടും സ്ഥാനത്തൊടും കൂടെ നമ്മുടെ മെത്രാപ്പൊലീത്തായും ആയിരിക്കുന്നു എന്ന ഞാൻ പറഞ്ഞതിന്ന പറഞ്ഞതു ഒന്നും അങ്ങിനെ അല്ല. മലങ്കരയുള്ള മെത്രാപ്പൊലീത്തായിക്ക മെത്രാപ്പൊലീത്തായുടെ നാമധയംമാത്രം ഒഴിയെ മെത്രാപ്പൊലീത്തായിക്കടുത്ത മറെറാരു മുഷ്ക്കരത്വം ഇല്ലാ എന്നും ആയതുകൊണ്ടു ഗൊവയുടെ മെത്രാപ്പൊലീത്തായുടെ കീഴുള്ള മെത്രാനാകുന്ന എന്നും ഇതുമെന്നിയ്യ മെത്രാപ്പൊലീത്താ എന്ന ബഹുമാനത്തിനടുത്ത ഈ നാമധയംതന്നെയും എട്ടാമത്തു ക്ലെമെന്ത എന്ന മാപ്പാപ്പായായിട്ടത്രെ കൊടുത്തത്[2] എന്നും ആയതിന്ന മുമ്പിൽ നാമത്തിലും കാര്യത്തിലും മെത്രാന്മാർ അത്രെ ആയിരുന്നു എന്നും ആയതുകൊണ്ടു ഗൊവയുടെ മെത്രാപ്പൊലീത്തായുടെ കീഴുള്ള ശെഷം മെത്രാന്മാരെപ്പൊലെ ഒട്ടും ഒരു ഭെദംകൂടാതെ ഇയാളും ഗൊ

രാണികത്വം ഉയർത്തിക്കാട്ടാൻ ശ്രമിക്കുന്നു. ഈ അതിമെത്രാസനമാണ് പിന്നീട് 'അങ്കമാലി അതിമെത്രാസനം' എന്ന വിളിക്കപ്പെട്ടത്. മാർതോമ്മാക്രിസ്ത്യാനികളുടെ മെത്രാപ്പോലീത്താ 'ഇന്ത്യയൊക്കെയുടെയും മെത്രാപ്പോലീത്തായും വാതിലും' എന്ന് അറിയപ്പെട്ടിരുന്നു. ഏതെങ്കിലും നഗരത്തോട് ബന്ധിപ്പിച്ചല്ല ഇത് അറിയപ്പെട്ടിരുന്നത്.

2. മാർതോമ്മാക്രിസ്ത്യാനികൾക്കായി നിയമിതനായ പ്രഥമലത്തീൻ മെത്രാൻ റോസ് S. J,ആയിരുന്നു. അങ്കമാലിയിലെ അവസാനകൽദായ മെത്രാപ്പോലീത്താ ആയിരുന്ന മാർ അബ്രാഹമിൻെറ പിൻഗാമിയായി അദ്ദേഹം സാരഥ്യമേററു. റോസിൻെറ നിയമനത്തോടെ അങ്കമാലി ഗോവാമെത്രാപ്പോലീത്തായുടെ സാമന്തരൂപതയായി തരംതാഴ്ത്തപ്പെട്ടു. എട്ടാം ക്ലെമൻറ് മാർപ്പാപ്പായുടെ കാലത്താണ് ഈ തീരുമാനം ഉണ്ടായത്. ഇതറിഞ്ഞ ജനങ്ങൾ പ്രതിഷേധിച്ചു. പോർച്ചുഗലിൽ ഈശോസഭാ ജനറലിൻെറ സഹായിയായിരുന്ന ഫാ. അൽവാരസിന് റോസ്മെത്രാൻ ഇപ്രകാരം എഴുതി: 'ഞാൻ ഇക്കാര്യം അവരെ അറിയിച്ചപ്പോൾ അവരുടെ മുഖഭാവം മാറി. പുതിയൊരു പ്രതിസന്ധി നാം അഭിമുഖീകരിക്കാൻ പോകയാണെന്നു ഞാൻ കരുതി.
ഞങ്ങളുടെ സഭക്ക എന്നും ഉണ്ടായിരുന്ന സംജ്ഞ പരിശുദ്ധപിതാവ് എടുത്തുകളയാൻ ഞങ്ങൾ എന്തു തിന്മയാണ ചെയ്തത്?' അവർ ചോ

www.malankaralibrary.com

വക്ക കീഴവഴങ്ങപ്പെട്ട മെത്രാനാകുന്നു എന്നും ഇങ്ങിനെ പ്രംസീസ്കൊസ കയത്താനൊസ്സുപാതിരി പറയുകയും ആയത അങ്ങിനെ അല്ല എന്നു ഞാനും ഇങ്ങിനെ ഈ കാര്യത്തിന്മെൽ ഞങ്ങൾ രണ്ടുപെരും തമ്മിൽ വിവാദമായി വരികയും ചെയ്തു. അപ്പൊഴെ ഇങ്ങിനെ വിവാദമായി വന്നതിൻെറ ശെഷം ഞാൻ പറയുന്ന വചനങ്ങൾക്ക എടമനിഷ്പത്തിന്നു ചായൽ ഉണ്ടായിരുന്നു എങ്കിലും ഒന്നും ഒന്നും തിരിച്ചു വെസ്ഥ വരുത്താതെ മെത്രാപ്പൊലീത്താ വന്നതിൻെറ ശെഷം തന്നൊടുകൂടെ ഈ കാര്യത്തിന്മെൽ ചൊദിച്ചിട്ടു നിശ്ചയിച്ചുകൊള്ളാമെന്നും പറഞ്ഞു ഗൊവയുടെ മെത്രാപ്പൊലീത്തായിക്കുള്ള മുമ്പു സ്ഥാനത്തിന്മെൽ ഈ മെത്രാപ്പൊലീത്താ സമ്മതിച്ചൊ ഇരിക്കുന്നു എന്നു ചൊദിച്ചതിന്നു ഗൊവയുടെ മെത്രാപ്പൊലീത്തായെ തൻെറ മെത്രാപ്പൊലീത്താ ആയിട്ടു നമ്മുടെ വെദവാഴി സമ്മതിച്ചില്ല എങ്കിലും റൊമ്മായിൽ മാർപ്പാപ്പായും പ്രത്തുക്കാൽ രാജാവും സമ്മതിച്ചിരിക്കുന്നപൊലെ ഈ ഈന്ദിയ ഒക്കെക്കും മുമ്പൻ ഗൊവ മെത്രാപ്പൊലീത്താ ആകുന്നു എന്നു താനും സമ്മതിച്ചിരിക്കുന്നു എന്നു ഞാൻ പറയുകയും എടമനിഷ്ഷം അതിന്മണ്ണം കടുദാശിൽ എഴുതുകയും ചെയ്തു ഉടൻ മെത്രാപ്പൊലീത്താ അവിടെക്കു വന്നു എത്തുകയും ചെയ്തു.

എന്നാൽ മെത്രാപ്പൊലീത്താ വന്നതിൻെറ ശെഷം കൊടുങ്ങല്ലൂർ മെത്രാപ്പൊലീത്താ ഗൊവയുടെ മെത്രാപ്പൊലീത്തായുടെ കീഴുള്ളവനാകുന്നു എന്നും അല്ലാ എന്നും ഞാനും പ്രംസീസ്ക്കൊസ കയത്താനൊസ്സുപാതിരിയും തമ്മിൽ തർക്കമായിരുന്നപ്രകാരം എടമനിഷ്ഷം മെത്രാപ്പൊലീത്തായെ കെൾപ്പിച്ചു ഈ കാര്യത്തിന്മെൽ താൻ അറിഞ്ഞിരിക്കുന്ന പ്രകാരം എങ്ങനെ ആകുന്നു

---

ദിക്കുന്നു 'പരിശുദ്ധസിംഹാസനത്തോട്‌ ഞങ്ങൾ വിധേയത്വം പുലർത്തുന്നതിനാലാണോ? ഞങ്ങളുടെ സഭ ഒരു അപ്പസ്തോലനാൽ സ്ഥാപിതമല്ലേ? ഇന്ത്യയിലെ അതിപ്രാക്തന സഭയല്ലേ ഇത്? റോമാസഭ ഈ സംജ്ഞ എടുത്തുമാററാൻ എന്തേ കാരണം? ഞങ്ങൾക്കറിയാം, ഇതു ഗോവാമെത്രാപ്പോലീത്തായുടെ ചെയ്തിയാണ്. ഞങ്ങളുടെ സഭ കൂടുതൽ പുരാതനമാകുമ്പോൾ അദ്ദേഹത്തിന് ഒന്നാമൻ ആകാൻ കഴിയുകയില്ല എന്നതിനാലാണ് ഈ പ്രവൃത്തി.'

പരിശുദ്ധപിതാവിനെ തെററു ധരിപ്പിച്ചതാണെന്നും സംഭവിച്ചതു ഗ്രഹിക്കുമ്പോൾ അദ്ദേഹം അവരെ സംതൃപ്തരാക്കും എന്നു പറഞ്ഞ് അവരെ സാന്ത്വനപ്പെടുത്താനേ എനിക്കു കഴിയുമായിരുന്നുള്ളു. അവർ ഇപ്പോൾ ശാന്തരായിരിക്കുന്നു.'

പിൻവലിച്ച പദവി തിരികെ നല്കാനുള്ള ശ്രമങ്ങളുടെ ഫലമായി അഞ്ചാം പൗലോസ് മാർപ്പാപ്പാ അങ്കമാലിയുടെ സ്ഥാനം അംഗീകരിക്കുകയും സാമന്തസ്ഥാനത്തുനിന്നു മോചിപ്പിച്ചു പഴയ മഹിമകൾ പുനർനിർണയിക്കയും ചെയ്തു.

1600 ആഗ. 4 ന് അങ്കമാലി പോർച്ചുഗൽ രാജാവിൻെറ കീഴിൽ പദ്രുവാദോഭരണത്തിലായി. 1609 ഡിസംബർ 3 ന് ആസ്ഥാനം അങ്കമാലിയിൽനിന്നു കൊടുങ്ങല്ലൂർക്കു മാററിയപ്പോഴും ഇതു തുടർന്നു.



എന്നു ചൊദിച്ചതിന്നു കൊടുങ്ങല്ലൂർ മെത്രാപ്പൊലീത്താ ഗൊവാമെത്രാപ്പൊലീത്തായുടെ കീഴുള്ള മെത്രാപ്പൊലീത്താ ആയിരിക്കുന്നപ്രകാരം കെട്ടിട്ടില്ലാ എന്നു മെത്രാപ്പൊലീത്താ പറഞ്ഞതിൻെറശെഷം ഗൊവയുടെ മെത്രാപ്പൊലീത്തായിക്കു ഈന്ദിയ ഒക്കെക്കും ഉള്ള മുമ്പുസ്ഥാനം സമ്മതിച്ചിരിക്കുന്നൊ എന്നു എടമനിഷ്പം ചൊദിച്ചതിന്നു ഗൊവയുടെ മെത്രാപ്പൊലീത്തായെ തൻെറ മെത്രാപ്പൊലീത്താ ആയിട്ടു കൊടുങ്ങല്ലൂർ മെത്രാപ്പൊലീത്താ സമ്മതിച്ചിട്ടില്ലാ എങ്കിലും ഈന്ദിയ ഒക്കെക്കും മുമ്പനാകുന്നു എന്നുള്ളതു സമ്മതിച്ചിരിക്കുന്നു എന്നു ഞാൻ പറഞ്ഞതുപൊലെ മെത്രാപ്പൊലീത്തായും പറയുകയും ചെയ്തു.

ഇങ്ങിനെ മെത്രാപ്പൊലീത്താ പറഞ്ഞാറെ പ്രംസീസ്ക്കൊസ കയത്താനൊസ്സുപാതിരി പാരം കൊടുക്കൂരത്തൊടുകൂടെ തർക്കിച്ചുനില്ക്കുന്നതു കണ്ടാറെ ഈ കാര്യത്തിനും ഇങ്ങിന തർക്കമായിരിക്കുന്നപ്രകാരം റൊമ്മായിൽ അറിയിക്കെ വെണ്ടു എന്നാൽ റൊമ്മായിൽ ഈ കാര്യത്തിൻെറ വിവരമൊക്കയും അറിഞ്ഞിരിക്കുന്നതിനെക്കൊണ്ടു ന്യായം പൊലെ നിശ്ചയിക്കുമെന്നു മെത്രാപ്പൊലീത്തായും ഞാനും എടമനിഷ്പത്തൊടു പറയുകയും ഇയാള അങ്ങിനെ ആകട്ടെ എന്നു സമ്മതിക്കയും ചെയ്തതിൻെറശെഷം മെത്രാപ്പൊലീത്തായുടെ പട്ടകടുദാശ്ശും തനിക്കുള്ള മല്പസുഖത്തിൻെറ പുസ്തകവും എടമനിഷ്പത്തിന്നു കൊടുത്തതിൻെറ ശെഷം അവിടെ ഇട്ടിരിക്കുന്ന പട്ടുതലയിണമെൽ മെത്രാപ്പൊലീത്താ മുട്ടുകുത്തി വിശ്വാസസത്യം ചെയ്യുകയും എടമനിഷ്ഷവും ആയതു കൈക്കൊള്ളുകയും ചെയ്തു.

ഇതിൻെറ ശെഷം എല്ലാവരും തങ്ങൾ തങ്ങടെ വീടുകളിൽ പൊകയും ചെയ്തു. വിശെഷിച്ചും എടമനിഷ്ഷം മെടിച്ച മെത്രാപ്പൊലീത്തായുടെ പട്ടകടുദാശു വീണ്ടു മെത്രാപ്പൊലീത്തായിക്കു കൊടുത്തതും ഇല്ല. അതെന്തെന്നാൽ മെത്രാനാകുന്നവരുടെ മര്യാദി ഈവണ്ണമത്രെ ആകുന്നു. ഇതിൻെറ ശെഷം ഈ പ്രംസീസ്ക്കൊസപാതിരിയുമായിട്ടു ഉണ്ടായ തർക്കത്തിൻെറ അവസ്ഥ വിചാരിച്ചാറെ ഇനിയും ഈ കാര്യത്തിന്മെൽ ശത്രുക്കൾ ഉണ്ടായിവരുമെന്നു കാൺകകൊണ്ടു കൊടുങ്ങല്ലൂർ മെത്രാപ്പൊലീത്തായുടെ അവസ്ഥകൊണ്ടു ഇങ്ങിനെ തർക്കം ആയിരിക്കുന്നു എന്നും ഈ സ്ഥാനം തനിക്കുള്ള സ്ഥാനം അല്ല മലങ്കരപള്ളി ഒക്കയുടെയും സ്ഥാനമത്രെ ആകുന്നു എന്നും അവരുടെ സമ്മതവും അനുവാദവും കൂടാതെ തനിക്കു ഒത്തവണ്ണം സ്ഥാനത്തിന്മെൽ ഏറ്റും ഏററുവാനും കുറക്കുവാനും വഹിയ എന്നതുകൊണ്ടു മുമ്പിലുള്ള മെത്രാപ്പൊലീത്താന്മാർക്കു കൊടുപ്പാൻ മര്യാദി ആയിരിക്കുന്നപൊലെ ഏറ്റും ഏററാതെയും കുറക്കാതെയും പിടിപാടുസാധനം കൊടുത്തയക്കണം എന്നു കർദിനാളിന്നും മൻസിഞ്ഞൊർ ബൊർജ്യായി

www.malankaralibrary.com

ക്കും എടമനിഷ്പത്തിന്റെ വഴിയാൽ മെത്രാപ്പൊലീത്താ റൊമായിക്ക എഴുതി അയക്കയും ചെയ്തു.

## അറുപത്തിയെട്ടാം പദം

എടമനിഷ്പത്തിന്റെ ഭവനത്തുള്ള ശൊധന കഴിഞ്ഞതിന്റെ ശെഷം ഉണ്ടായ അവസ്ഥമെൽ

മെൽചൊല്ലിയവണ്ണം എടമനിഷ്പത്തിന്റെ ഭവനത്തു വെച്ചു ഞാൻ പ്രംസീസ്കൊസ കയത്താനൊസുപാതിരിയുമായിട്ടു കൊടുങ്ങല്ലൂർ ഇടവകയുടെ വെദവാഴിയുടെ സ്ഥാനത്തിന്മെൽ ഉണ്ടായ തർക്കം കയത്താനൊസുപാതിരി കെട്ടപ്പൊൾ മൊങ്ങുവാൻ നിന്ന നായുടെ തലയിൽ തെങ്ങാ വീണു എന്നുള്ള പഴഞ്ചൊൽ പൊലെ നമ്മൊടു മറുത്തു പറവാനുള്ളതിന്നു അവകാശം അന്വെഷിച്ചു നടക്കുന്ന തനിക്ക മനസ്സിന്നു തെളിഞ്ഞ അവകാശം കണ്ടെത്തിയിട്ടിനാംപക്കം ഈ തർക്കത്തിൽ വാശികയറുവാൻ ഒട്ടും മടിച്ചതുമില്ലാ. അതെന്തെന്നാൽ ഈ അവസ്ഥ കെട്ട ഉടൻ തന്നെ താൻ പലപ്പൊഴും പൊകുവാൻ മര്യാദിയായിരിക്കുന്ന സർവ്വാധികാര്യക്കാരൻമാരുടെയും പ്രധാനപ്പെട്ട ജനങ്ങളുടെയും വീടുകളിൽ ചെന്നു ഈ മലയാൻകാക്ക ഈ പ്രത്തുക്കാൽ രാജാവിന്റെ അടിമത്വം ഇല്ലെങ്കിലും അവർക്ക മനഗുണം ചെയ്യെണമെന്നു വച്ചു എന്റെ ശ്രമത്താലും പ്രയത്നത്താലും രാജാവിന്നു തിരുമനസ്സുണ്ടായി കൊടുങ്ങല്ലൂർ മെത്രാപ്പൊലീത്താ സ്ഥാനത്തിന്നു അറിയിപ്പു കരിയാററിക്ക കൊടുത്തയച്ചാറെ ഈ ചെയ്ത വലിയ മനഗുണത്തിന്നു നന്ദികാട്ടി രാജകല്പനയും ക്രമമര്യാദിയും സമ്മതിച്ചു വഴങ്ങെണ്ടുന്നതിന്നു പകരം പണ്ടുപണ്ടെയുള്ള പള്ളിയുടെ കാനൊനാകളൊടു മറുത്തും മാർപ്പാപ്പാമാരുടെ സാധനങ്ങളൊടു മറുത്തും പ്രത്തുക്കാൽ രാജിതത്തുങ്കൽനിന്നും ഈന്ദിയ പിടിച്ചടക്കിയ കാലംതൊട്ടു ഇന്നയൊളം നടന്നു വന്ന ക്രമപ്പട്ടത്തൊടു മറുത്തും ഗൊവയുടെ മെത്രാപ്പൊലീത്തായിക്ക കൊടുങ്ങല്ലൂർ വെദവാഴികൾ എല്ലാവരും കാട്ടിവന്ന കീഴവഴക്കവും ചൊല്ലുവിളിയും ഉപെക്ഷിച്ചു ആയ്തു നഷ്ടം വരുത്തുവാനത്രെ ഈ മലയാൻകാർ തുടങ്ങിയിരിക്കുന്നു എന്നും ഇത്ര നന്ദികെടും നിഷെധവും ഇവർക്കുള്ളപ്രകാരം ഞാൻ അറിഞ്ഞിരുന്നു എങ്കിൽ ഇവർക്കവെണ്ടി ഞാൻ ശ്രമിക്കാഞ്ഞെനെ എന്നും എന്നാൽ ഇപ്പൊൾ ഇതു ഒക്കയും ഞാൻ അറിഞ്ഞതിനെക്കൊണ്ടു അവർക്കവെണ്ടി ഞാൻ ശ്രമിച്ചുപൊയതു ഒക്കയും മെലും പാരം തെററു ഉണ്ടെന്നും ഇതും ഇങ്ങിനെയുള്ള മററു പല വചനങ്ങളും താൻ പറഞ്ഞുതുടങ്ങുകയും അതിൻവണ്ണംതന്നെ തന്റെ മകൻ യൌസെപ്പുപാതിരിയും തനിക്ക അറിവും സ്നെഹവും ഉള്ള പ്രധാനപ്പെട്ടവരുടെ വീടുകളിലും ഈ കാര്യത്തിന്മെൽ തർക്കം ഉണർത്തിത്തുട



ങ്ങുകയും ചെയ്തു. ഇതുമെന്ന്യെ മെത്രാപ്പൊലീത്താക്ക വരുന്ന പിടിപാടു സാധനത്തിൽ ഈ അവസ്ഥമെൽ തിരിച്ചു എഴുതിപ്പാനുള്ളതിന്നു ബ്രന്ദാം എന്ന തന്റെ സ്നെഹക്കാരന്നു എഴുതി അയക്കയും ചെയ്തു.

എന്നാൽ പറുങ്കിമാക്ക ഹൃദയത്തുങ്കൽ തട്ടുവാൻ തക്ക ഇങ്ങിനെയുള്ള വചനങ്ങൾ കയത്താനൊസുപാതിരിയും തന്റെ മകനും പറഞ്ഞു ലിസ്ബൊആ ഒക്കയിലും പരസ്യമാക്കി വരുന്ന വചനങ്ങൾ കെട്ടാറെ പാരം സങ്കടവും മനക്ലെശവും തൊന്നി എങ്കിലും കാര്യത്തിന്റെ പട്ടാങ്ങയും പരമാർത്ഥവും ഉപെക്ഷിപ്പാൻ വശമല്ലായ്കകൊണ്ടും കൊടുങ്ങല്ലൂർ മെത്രാപ്പൊലീത്തായുടെ മെൽ സ്ഥാനവും മെത്രാപ്പൊലീത്വവും നീക്കി ഗൊവയുടെ കീഴുള്ള മെത്രാനാകുവാൻ പ്രത്തുക്കാൽ രാജാവും എട്ടാമത്തു ക്ലെമെന്തമാർപ്പാപ്പായും മനസ്സായി ശ്രമിച്ചാറെ ധാരണ ഇല്ലാത്ത കാലം തൊട്ടുതന്നെ തങ്ങളുടെ പള്ളിക്കുള്ള സ്ഥാനമാനം നീക്കുന്നതിന്നു മലങ്കര പള്ളിക്കാർക്ക മനസ്സില്ലായ്കകൊണ്ടു ആയതിന്നു ഞങ്ങൾക്ക മനസ്സില്ലെന്നു പള്ളിക്കാർ പറയുന്നതു ന്യായവും നെറിവും ആകുന്നതിനെക്കൊണ്ടു ആയതിന്മെൽ ഒരു മാററവും വരുത്താതെ ഈന്ദിയ ഒക്കെക്കും മുമ്പൻ എന്നുള്ള സ്ഥാനപ്പെരു മാത്രം ഗൊവയുടെ മെത്രാപ്പൊലീത്തായിക്ക കൊടുത്തതെ ഉള്ളു. എന്നു വരുമ്പൊൾ ഈ സ്ഥാനം ഗൊവയുടെ മെത്രാപ്പൊലീത്തായിക്കുള്ളപ്രകാരം കൊടുങ്ങല്ലൂർ വെദവാഴിയും തന്റെ പള്ളിക്കാററും സമ്മതിച്ചിരിക്കുന്നു എന്നും ഞങ്ങളും ഞങ്ങൾക്ക അറിവും സ്നെഹവും ഉള്ള ജനങ്ങളൊടു പതുക്കെ പതുക്കെ പറഞ്ഞുവരികയും ചെയ്തു. ഇങ്ങിനെ ഇരിക്കുന്ന മദ്ധ്യെ വിഷ്ക്കൊന്തിയും വിഷ്ക്കൊന്തെസ്സായും ബെലൂസായിൽനിന്നും ലിസ്ബൊ ആയിക്ക വന്നതിന്റെ ശെഷം ഞാനും മെത്രാപ്പൊലീത്തായുംകൂടെ വിഷ്ക്കൊന്തിയുടെ വീട്ടിൽ ചെന്നു കാൺമാനായിട്ടു അവിടെക്ക ചെന്നാറെ വിഷ്ക്കൊന്തിയുടെ എഴുത്തുകാരിൽ ഒരുവൻ യൊഹന്നാൻ ക്രിസൊസ്തൊമ്മൊസു കൊടുങ്ങല്ലൂർ മെത്രാപ്പൊലീത്തായുടെ കാര്യംകൊണ്ടു എന്നൊടു സംസാരിച്ചുവരുന്ന നെരത്തു ഈ മെത്രാപ്പൊലീത്താ പണ്ടെ കാലങ്ങളിൽ മലങ്കര ഉണ്ടായിരുന്ന മാർ അബ്രാഹം മെത്രാപ്പൊലീത്തായുടെ അനന്തിരവർ അല്ലയൊ എന്നു ചൊദിച്ചാറെ ആയതു അങ്ങിനെ തന്നെ എന്നു ഞാനും ഉത്തരം പറഞ്ഞപ്പൊൾ യൊഹന്നാൻ ക്രിസൊസ്തൊമ്മൊസു പള്ളിക്കടുത്ത വിശെഷത്തിൽ പരിചയം ഉള്ളവനാകകൊണ്ടു ഇങ്ങിനെ എങ്കിൽ ഈ മെത്രാപ്പൊലീത്തായിക്ക പാലിയൊ എന്ന ചമയം ഉള്ളതിന്നു ഒട്ടും സംശയം ഇല്ല. എന്നതിനെക്കൊണ്ടു അപെക്ഷ കൊടുപ്പാനുള്ളതിന്നു വെള്ളകടുദാശിന്മെൽമെത്രാപ്പൊലീത്താ കൈഒപ്പിട്ടു തരെണ്ടിയിരിക്കുന്നു എന്നു അവനും പറഞ്ഞതിന്റെ ശെഷം മെത്രാപ്പൊലീത്തായൊടുതന്നെ പറയാമല്ലൊ

www.malankaralibrary.com

എന്നു ഞാനും പറഞ്ഞു. വിഷ്കൊന്തിയും വിഷ്കൊന്തെസ്സായും മെത്രാപ്പൊലീത്തായും കൂടെ സംസാരിച്ചുകൊണ്ടിരിക്കുമ്പൊൾ ഞങ്ങൾ രണ്ടു പെരും കൂടെ കടക്കയും യൊഹന്നാൻ ക്രിസൊസ്തൊമൊസു മെൽപറഞ്ഞ അവസ്ഥ മെത്രാപ്പൊലീത്തായൊടു പറയുകയും പിറ്റെ ദിവസം തന്നെ താൻ പറഞ്ഞവണ്ണം കടദാശു ഒപ്പിട്ടു കൊടുക്കയും ചെയ്തു. അപ്പൊഴെ കയത്താനൊസുപാതിരി മെൽ പറഞ്ഞവണ്ണം ഞങ്ങളെക്കൊണ്ടു പറഞ്ഞു നടത്തിവരുന്ന വചനങ്ങൾ നമ്മുടെ കാര്യത്തിന്നു എത്രമാത്രം വിഘ്നവും രാജസ്ത്രീക്കും മന്ത്രിമാർക്കും ആയതിന്മെൽ വിചാരവും വരുത്തുവാനുള്ളതിന്നു കാരണമായി വരുവാൻ കുറഞ്ഞുപൊയതുമില്ല. അതെന്തെന്നാൽ ഗൊവയുടെയും കൊടുങ്ങല്ലൂരിന്റെയും വെദവാഴികളുടെ കാര്യത്തിന്മെൽ ലിസ്ബൊ ആയിൽ പ്രധാനപ്പെട്ടവരുടെ വീടുകളിൽ തർക്കമായി വന്നതിനെക്കൊണ്ടും ഈ തർക്കം രാജാവിന്റെയും രാജസ്ത്രീയുടെയും ചെവിട്ടിൽ എത്തിയതിന്റെ ശെഷം ഈ കാര്യത്തിന്മെൽ അതായതു കൊടുങ്ങല്ലൂർ മെത്രാപ്പൊലീത്തായെ പറ്റി ഏതാനും തടവും പഴെകാലങ്ങളിൽ ഉണ്ടായിരുന്നെങ്കിൽ ആയതു ഒക്കെയും തീർത്തു ഗൊവയുടെ കീഴിലുള്ള മെത്രാനാക്കിയെ മതിയാവു എന്നു നിശ്ചയിച്ചു മെത്രാപ്പൊലീത്താക്കു റൊമായിൽനിന്നും മെടിപ്പാനുള്ള പിടിപാടുസാധനത്തിന്നു മര്യാദിപൊലെ എഴുതി അയപ്പാൻ കൽപിച്ചപ്പൊൾ ഈ കാര്യത്തിന്മെൽ പ്രത്യെകമായിട്ടു റൊമ്മായിലുള്ള തന്റെ മനിഷ്ടത്തിന്നു എഴുതി അയക്കയും ചെയ്തു.

എന്നാൽ ഈ രാജസാധനങ്ങൾ റൊമായിൽ ചെന്നതിന്റെ ശെഷം റൊമായിൽ ഉള്ള രാജമനിഷ്ടം മാർപ്പാപ്പായുടെ പക്കൽ ചെന്നു രാജസ്ത്രീയുടെ തിരുമനസ്സു ഇങ്ങിനെ ആകുന്നതിനെക്കൊണ്ടു കൊടുങ്ങല്ലൂർ മെത്രാപ്പൊലീത്താക്കു പിടിപാടുസാധനം എഴുതി അയപ്പിക്കുമ്പൊൾ മെത്രാപ്പൊലീത്താ എന്നുള്ള നാമധയം ബഹുമാനത്തിന്നു മാത്രം ഉള്ളതെന്നും മുഷ്ക്കരത്വത്തിന്നു അടുത്തതല്ലാ എന്നും ആയതു കൊണ്ടു ഈ നാമധയം തനിക്കുണ്ടെങ്കിലും ആയതിന്നു യാതൊരു വീഴ്ചയും വരുത്താതെ ഗൊവയുടെ കീഴുള്ള മെത്രാനാകുന്നു എന്നു തിരിച്ചു ഈ പിടിപാടു സാധനത്തിൽ കൂടെ എഴുതിക്കണം എന്നും മാർപ്പാപ്പായൊടു പറഞ്ഞൊക്കയും ചെയ്തു. അപ്പൊഴെ മാർപ്പാപ്പാ ഈ കാര്യത്തിന്മെൽ തിരക്കി ക്ലെശിച്ചപ്പൊൾ കഴിഞ്ഞ പദത്തിൽ ചൊല്ലിയിരിക്കുന്നപൊലെ കർദിനാളിന്നും മൊൻസിഞ്ഞൊർ ബൊർജ്യാക്കും മെത്രാപ്പൊലീത്താ എഴുതി അയച്ച സാധനനവും അറിവാൻ സംഗതി വന്നതിനെക്കൊണ്ടു ഇങ്ങിനെ തർക്കമായിരിക്കുന്ന കാര്യം വെണ്ടുംവണ്ണം ശൊധന ചെയ്തെ മതിയാവു എന്നുംവച്ചു കൊടുങ്ങല്ലൂർ മെത്രാപ്പൊലീത്താമാർക്കുള്ള സ്ഥാനമാനം എഴുതിയിരിക്കുന്ന പുസ്തകത്തിൽ സൂക്ഷിച്ചാറെ മുമ്പിൽ





അങ്കമാലീൽ എന്നും ഈ കൊടുങ്ങല്ലൂർ എന്നും ചൊല്ലുന്ന ഇടവകയുടെ മെത്രാപ്പൊലീത്താ മലങ്കരെ ഇടവക ഒക്കെയുടെയും മെത്രാപ്പൊലീത്തായും വെദവാഴിയും ആകുന്നു എന്നുള്ളതെന്യെ ഗൊവയുടെ മെത്രാപ്പൊലീത്താക്കു തനിക്കുള്ള കീഴ്വഴക്കത്തിന്മെൽ ഏതും ഒരു വചനംപൊലും കാണാഴികകൊണ്ടു പണ്ടുപണ്ടെ ഉള്ള ഈ സ്ഥാനത്തിന്മെൽ ഏതും ഏറ്റുകയും കുറക്കയും വഹിയ എന്നുവച്ചു പണ്ടു കഴിഞ്ഞ കൊടുങ്ങല്ലൂർ മെത്രാപ്പൊലീത്തന്മാർക്കു കൊടുത്തയപ്പാൻ മര്യാദി ആയിരിക്കുന്നപൊലെ ഗൊവയുടെ മെത്രാപ്പൊലീത്താക്കുള്ള കീഴ്വഴക്കംകൂടാതെയും കൊടുങ്ങല്ലൂർ വെദവാഴികൾക്കു മെത്രാപ്പൊലീത്താ എന്ന ഈ നാമം ബഹുമാനത്തിന്നു അടുത്തതു മാത്രമല്ല എന്നും സ്ഥാനത്തിന്നു അടുത്തതു അല്ലാ എന്നും തിരിച്ചു എഴുതാതെയും പിടിപാടുസാധനം എഴുതുവാൻ മാർപ്പാപ്പാ കല്പിക്കയും എഴുത്തുകാരും അതിന്മണ്ണം തന്നെ എഴുതി ഒപ്പിക്കയും ചെയ്തതിന്റെ ശെഷം ഈ പിടിപാടുസാധനം രാജമനിഷ്ടം കണ്ടാറെ രാജസ്ത്രീയുടെ നാമത്താൽ താൻ മുമ്പിൽ മാർപ്പാപ്പായൊടു അപെക്ഷിച്ച കാര്യം ഈ പിടിപാടു സാധനത്തിൽ കാണാഴികകൊണ്ടു ആയതു തിരിച്ചു എഴുതിയെ മതിയാവു എന്നു രാജമനിഷ്ടവും ആയതു വഹിയാ എന്നു മാർപ്പാപ്പായും ആയതു കൂടാതെ പിടിപാടുസാധനം വെണ്ടാ എന്നു മനിഷ്പവും ഇങ്ങിനെ മാർപ്പാപ്പായും രാജമനിഷ്ടവും ആയിട്ടു സൊല്പംനെരം വിവാദമായി വരികകൊണ്ടു ഒടുക്കം മെൽപറഞ്ഞ കാര്യം കൂടാതെ പിടിപാടുസാധനം കൈക്കൊള്ളുവാൻ ഒരു പ്രകാരത്തിലും മനിഷ്ടത്തിന്നു മനസ്സില്ലാ എന്നു കാണുകകൊണ്ടു പിടിപാടുസാധനത്തിന്നു ഏതും ഏറാതെയും കുറക്കാതെയും കൊടുങ്ങല്ലൂർ വെദവാഴിക്കു മെത്രാപ്പൊലീത്തായുടെ നാമധയം ഉണ്ടെങ്കിലും ആയതു ബഹുമാനത്തിന്നടുത്തതാകുന്നു എന്നതിനെക്കൊണ്ടു ഗൊവയുടെ മെത്രാപ്പൊലീത്തായുടെ കീഴുള്ള വെദവാഴി ആകുന്നു എന്നു പുത്തനായിട്ടു മാർപ്പാപ്പാ പരസ്യപ്പെടുത്തുന്ന പ്രകാരം ഒരു ചെറുസാധനം പൊലെയും നന്നായിട്ടു ഒരു കടദാശിൽ എഴുതി രാജമനിഷ്പത്തിന്നു കൊടുത്തു തന്റെ അപെക്ഷക്കു ഒത്തുക്കം വരുത്തുകയും ചെയ്തു. എന്നാൽ റൊമായിൽനിന്നു കയത്താനൊസുപാതിരിയുടെ കാര്യം അനുഷ്ഠിച്ചിരുന്ന ബ്രന്ദാം എന്ന പട്ടക്കാരൻ ലിസ്ബൊ ആയിൽ വന്നപ്പൊൾ രഹസ്യമായി ഇങ്ങിനെ ഈ കാര്യത്തിന്മെൽ തർക്കം ഉണ്ടായി എന്നു താൻ പറഞ്ഞപ്രകാരം ഞങ്ങൾ കെൾക്കയും ചെയ്തു.

വിശെഷിച്ചും താഴെ എഴുത്തപ്പെടുന്നപൊലെ പിടിപാടു സാധനവും പാലിയൊ എന്ന ശുദ്ധമാന ചമയവും രാജസ്ത്രീ മെത്രാപ്പൊലീത്താക്കു കൊടുത്തപ്പൊൾ രാജമനിഷ്പത്തിന്റെ അപെക്ഷക്കു ഒത്തുക്കം വരുത്തുവാൻ മാർപ്പാപ്പാ കൊടുത്ത മെൽ

www.malankaralibrary.com

പറഞ്ഞ ചെറുസാധനം കൊടുത്തയച്ചതുമില്ല. എന്നാൽ നമ്മുടെ കാര്യത്തിൻെറ മുഴപ്പിന്നു താമസവും വിഘ്നവും വരുത്തുവാൻ താൻ പറഞ്ഞു നടന്നത ഒക്കയും നിഷ്ഫലമായി മെത്രാപ്പൊലീത്താക്ക പിടിപാടുസാധനം വരുത്തുവാനായിട്ടു സെക്രത്താരിയായിൽനിന്നും മര്യാദിപൊലെയുള്ള എഴുത്തു റൊമ്മായിക്ക പൊയെന്നു കയത്താനൊസുപാതിരി കണ്ടപ്പൊൾ കരിയാട്ടിക്ക പിടിപാടുസാധനം വരുത്തുവാൻ സെക്രത്താരിയായിൽനിന്നും എഴുതിപൊയിട്ടുണ്ടെന്നും വിശെഷിച്ചും കരിയാട്ടിയെ മെത്രാപ്പൊലീത്താ എന്നു പെരു വിളിച്ചതിന്മെൽ മർക്കെസ അൻജെജായിക്ക ഒട്ടും പ്രസാദം ആയില്ല. ആയതുകൊണ്ടു പിടിപാടു സാധനം വന്നാൽ കരിയാട്ടിക്ക കൊടുക്കരുത എന്നു താൻ രാജാവുമായിട്ടു പറഞ്ഞു വെസ്ഥ വരുത്തിയിരിക്കുന്നു എന്നു പല ഇടത്തും പറഞ്ഞു നടന്നുവന്നത ഒഴിയെ കരിയാട്ടിക്ക പിടിപാടുസാധനം വന്നാൽ അയാൾക്കു കൊടുത്തുകൂടാ എന്നു മർക്കെസ അൻജെ ജാ തന്നൊടു പറഞ്ഞപ്രകാരം രാജാവു എന്നൊട പറഞ്ഞാറെ ആയത്തു ഒരു നാളും വഹിയ എന്നു ഞാൻ രാജാവിനൊടു പറഞ്ഞു എന്നു കയത്താനൊസുപാതിരിതന്നെ ഞങ്ങളൊടു പറയുകയും ചെയ്തു.

## വിചാരം

കയത്താനൊസുപാതിരി ഏതാനും ഒരു കാര്യം മനസ്സാകുമ്പൊൾ ഈ കാര്യം ബഹുമാനം കുറഞ്ഞ കാര്യമാകുന്നു എങ്കിൽ മററു വാച്ചവരുടെയും നാമത്താൽ ആ കാര്യം പറഞ്ഞു പരസ്യപ്പെടുത്തുവാൻ അത്രെ തൻെറ മര്യാദി ആകുന്നത എന്നു വരുമ്പൊൾ കന്നഅടിമാക്കുടെ മെത്രാൻെറ സ്ഥാനം വരുവൊളം നമ്മുടെ മെത്രാപ്പൊലീത്തായിക്ക വരുന്ന പിടിപാടുസാധനം കൊടുക്കാതെ താമസിപ്പിപ്പാനുള്ളതിന്നു പക്ഷെ ഈപ്രകാരം പറഞ്ഞാൽ സംഗതിവരും. ആയതല്ലെങ്കിൽ ഇപ്രകാരം ഞങ്ങൾ കെൾക്കുമ്പൊൾ ഞങ്ങൾ ഭയപ്പെട്ട തൻെറ വിചാരം ഞങ്ങൾ കൈക്കൊള്ളുകയും ഇങ്ങിനെ പിടിപാടുസാധനം കൈക്കൊള്ളുന്നതിന്നു താമസം വരുത്തുകയും ചെയ്യാമെന്നും കയത്താനൊസുപാതിരി വിചാരിക്കകൊണ്ടു അത്രെ മക്കെസ അഞ്ചെജായുടെ നാമത്താൽ ഈ കാര്യം ഇങ്ങിനെ താൻ പറഞ്ഞു നടത്തിവന്നിരുന്നത എന്നു തൊന്നുന്നു. അപ്പൊഴെ ഇങ്ങനെ കയത്താനൊസുപാതിരി പറഞ്ഞു നടത്തിവരുന്നപ്രകാരം വിഷ്ക്കൊന്തി കെട്ടാറെ ആയതുകൊണ്ടു ഞങ്ങൾക്ക ഏതാനും ചഞ്ചലം തൊന്നുവാൻ പൊരുമെന്നു കണ്ടു അതിന്മെൽ ഏതും പറയാതെ സെക്രത്താരിയായിൽനിന്നും പിടിപാടുസാധനത്തിന്നു എഴുത്തുപൊയാറെ ഇന്നഇന്ന ദിവസം ഈ കാര്യത്തിന്മെൽക്കൂടി വിചാരം ഉണ്ടായെ



ന്നും എന്നതുകൊണ്ടു വളരെ താമസംകൂടാതെ പിടിപാടുസാധനം ഇങ്ങു വന്ന എത്തുമെന്നുംകൂടെ ഞങ്ങളൊടു പറഞ്ഞ ഞങ്ങളുടെ മനസ്സു ഉറപ്പിക്കമാററായിരുന്നു താനും.

# അറുപത്തൊമ്പതാം പദം

ഇതിൻെറശെഷം പിടിപാടു സാധനം റൊമ്മായിൽനിന്നും വരുവൊളം ഉണ്ടായ അവസ്ഥയും വന്നതിൻെറശെഷം ആയത്തു മെത്രാപ്പൊലീത്തായിക്ക അയച്ചപ്രകാരവും

എന്നാൽ മെത്രാന്മാരെ പെരു വിളിച്ചു പിടിപാടുസാധനം വരുത്തുവാൻ രാജസെക്രത്താരിയായിൽനിന്നും റൊമായിക്ക എഴുതിപൊയതിൻെറ ശെഷം പിടിപാടു സാധനം വരുന്നതിന്നു മുമ്പിൽ മെത്രാന്മാർ എന്നു കല്പിക്കപ്പെട്ട ആളുകൾ അപെക്ഷക്കടുദാശു ഉണ്ടാക്കി തങ്ങൾ തങ്ങളുടെ ഇടവകക്ക സംബന്ധിക്കുന്ന സർവാധികാര്യക്കാരന്മാരുടെ പക്കൽ കൊടുക്കയും ഈ കാര്യക്കാരന്മാരു രാജസ്ത്രീയെ ബൊധിപ്പിച്ചു പിടിപാടുസാധനം വന്നാലുടൻ വാഴ്ചകഴിപ്പാനുള്ളതിന്നു വെണ്ടുന്ന വസ്തുക്കൾ വിദയം വരുത്തുവാൻ നാലായിരം കർസാദ രാജഭണ്ഡാരത്തിൽ നിന്നും മെടിച്ചു കൊള്ളുവാൻ രാജസ്ത്രീയുടെ തിരുഎഴുത്തു മെടിച്ചു കൊടുക്കയും ചെയ്യുമാറാകുന്നു.

എന്നതുകൊണ്ടു നമ്മുടെ മെത്രാപ്പൊലീത്തായിക്ക പിടിപാടുസാധനം വരുത്തുവാൻ സെക്രത്താരിയായിൽനിന്നും എഴുത്തു പൊയതിൻെറ ശെഷം ഈ അവസ്ഥ വിഷ്ക്കൊന്തിയും മററു ഞങ്ങൾക്ക വെണ്ടതക്കവരും ഞങ്ങളെ അറീച്ചതിനെക്കൊണ്ടു മെത്രാപ്പൊലീത്തായും ഈ കാര്യത്തിന്നു അപെക്ഷക്കടുദാശു എഴുതി ഈന്ദിയാമുഖത്തെ സർവ്വാധികാര്യക്കാരനാകുന്ന മത്തീഞ്ഞ ദെ മെല്ലിൻെറ പററിൽ കൊണ്ടുചെന്നു കൊടുത്തു തന്നൊടു ഈ കാര്യത്തിന്മെൽ അപെക്ഷിക്കയും ചെയ്തു.

അപ്പൊഴെ ഇങ്ങിനെ അപെക്ഷക്കടുദാശു ഉണ്ടാക്കി മെൽ പറഞ്ഞ സർവാധികാര്യക്കാരൻെറ പക്കൽ ഞങ്ങൾ കൊടുത്ത പ്രകാരം കയത്താനൊസുപാതിരി അറിഞ്ഞാറെ ഈന്ദിയാമുഖത്തെ സർവ്വാധികാര്യക്കാരനാകുന്ന മത്തീഞ്ഞു ദെ മെല്ലിന കരിയാട്ടിയെ പെരുവിളിപ്പാൻ മനസ്സില്ലാഞ്ഞു എന്നും എന്നാൽ തൻെറ മനസ്സിനൊടു മറുത്തു പെരുവിളിച്ചതിനാം പക്ഷം വാഴ്ചകഴിവാനുള്ളതിന്നു കൊടുപ്പാൻ മര്യാദി ആയിരിക്കുന്ന ദ്രവ്യം കൊടുക്കാതെആയത്തു മുടക്കുവാനത്രെ തൻെറ മനസ്സു എന്നുംതൻെറ സ്നെഹക്കാരരെല്ലാവരൊടും പറഞ്ഞു നടത്തുകയും ചെയ്തു.

ഇതിൻെറ ശെഷം രണ്ടുഴം ഈ സർവ്വാധികാര്യക്കാരൻെറ പക്കൽ ചെന്നാറെയും മെത്രാപ്പൊലീത്തായുടെ അപെക്ഷക്ക

www.malankaralibrary.com

ഉത്തരം തരാഴികകൊണ്ടു കയത്താനൊസ്സപാതിരിയും തന്റെ വകക്കാരും ഞങ്ങളുടെ മെൽ പാരം ഭാഷിതവും ചിരിയും ആയിരിക്കുന്ന മദ്ധ്യെ കന്നഅടിമാരിൽ ശെഷമുള്ളവർ തങ്ങളൊടു മറുത്തു ആയിരുന്നു എങ്കിലും അവരിൽ ഒരുത്തൻ ഈ പുസ്തകത്തിന്റെ മീതെ ചൊല്ലപ്പെട്ട യൌസെപ്പു അന്തൊനിയൊ എന്ന പാതിരി ഞങ്ങളുടെ നെരെ സ്നെഹവും പ്രിയവും ആയിരുന്നതു കൊണ്ടു ഒരു ദിവസം തന്നെ കാൺമാനായിട്ടു താൻ ചെന്നപ്പൊൾ മത്തീഞ്ഞു ദെ മെൽ എന്ന സർവ്വാധികാര്യക്കാരൻ പക്കൽ ഞങ്ങൾ പൊയാറെ ഉണ്ടായ വർത്തമാനങ്ങളും ചൊദിച്ചതിന്നു അപെക്ഷക്കു ഉത്തരം ഇത്രനെരവും ഈ സർവ്വാധികാര്യക്കാരൻ തന്നില്ലാ എന്നും ഞാൻ ഉത്തരിച്ചാറെ മെത്രാപ്പൊലീത്തായിക്കു ദ്രവ്യം ഇല്ലാ എങ്കിൽ എന്റെ പക്കൽ കുറെ ദ്രവ്യം ഉണ്ടു. ആയതിന്നു ഇപ്പൊൾ ഇനിക്കു ഒരു ചിലവും ഇല്ലാ. എന്നതിനെക്കൊണ്ടു ആയതിൽ എത്താനും ഞാൻ വായിപ്പു തരാമെന്നും പറഞ്ഞതിന്നു കുറെ ദ്രവ്യം ഇത്രയും ഞങ്ങളുടെ പററിൽ ഉണ്ടു എന്നതിനെ കൊണ്ടു ഇപ്പൊൾ പണത്തിന്നു ദിഷ്ടതി ഇല്ല എന്നു ഞാൻ പറഞ്ഞിട്ടു ആയതു സമ്മതിക്കാതെ രണ്ടു മൊനെത്താ എന്റെ പററിൽ തന്നയക്കയും ഞാനും അതു കൊണ്ടുപൊകയും ചെയ്തപ്രകാരം കയത്താനൊസ്സപാതിരി അറിഞ്ഞാറെ യൌസെപ്പു അന്തൊനിപാതിരിയൊടു പാരം കൊപിച്ചു താൻ ഈ ദ്രവ്യം കൊടുത്തയച്ചില്ലാ എങ്കിൽ കരിയാട്ടി എന്റെ കാക്കൽ ഉടൻതന്നെ വരുവാൻ സംഗതി വന്നെനെ എന്നും പറഞ്ഞു പാരം തന്നെ കുററപ്പെടുത്തുകയും ചെയ്തു.

എന്നാൽ കയത്താനൊസ്സപാതിരിക്കും തന്റെ കൂട്ടർക്കും ഞങ്ങളുടെമെലുള്ള പരിഹാസത്തിന്നും ആക്ഷെപത്തിന്നും ദീഘം വരുത്തുവാൻ തമ്പുരാൻ തിരുമനസ്സായതും ഇല്ലാ. അതെന്തെന്നാൽ മൂന്നാമത്തെ ഊഴം മെല്പറഞ്ഞ സവ്വാധികാര്യക്കാരന്റെ വീട്ടിൽ ചെന്നു ഞങ്ങൾ അവിടെക്കു ചെന്നിട്ടുള്ള പ്രകാരം അറീപ്പു കൊടുത്ത ഉടൻ പാത്തിയൊ എന്നു ചൊല്ലുന്ന അവിടെ അടുക്കെയുള്ള തന്റെ സെക്രത്താരിയായിൽ ചെന്നാൽ അവിടെയുള്ള പ്രവൃത്തിക്കാരൻ ഉത്തരം തരുമെന്നു ചൊല്ലി അയക്കയും ഞങ്ങളും ഒട്ടും താമസിക്കാതെ ഈ സിക്രത്താരിയായിൽ ചെന്നു അവിടെയുള്ള പ്രവൃത്തിക്കാരനെ കണ്ടു പറയുകയും ചെയ്താറെ ഈ പ്രവൃത്തിക്കാരൻ മെത്രാപ്പൊലീത്തായൊടു പാരം ആചാരവും കാട്ടി അങ്ങെ ഉയർച്ചയുടെ കാര്യത്തിന്നു രാജസ്ത്രീയുടെ തിരുഎഴുത്തു തീർന്നിരിക്കുന്നു. ഇനി രാജസ്ത്രീ ഒപ്പു കുത്തുവാൻമാത്രമെ ഉള്ളു. എന്നതുകൊണ്ടു കല്പിച്ചാൽ ഉടൻതന്നെ സംബന്തു എന്ന ആശ്രമത്തിന്നു കൊടുത്തയക്കുന്നുണ്ടെന്നും പറഞ്ഞു ഞങ്ങളെ അയക്കയും ഞങ്ങളും തന്റെ വലിയ മനഗുണത്തെ എല്ലായ്പഴം എല്ലാ



അമളികളിൽനിന്നും ഞങ്ങളെ രക്ഷിച്ചു കൊണ്ടുപൊരുന്ന ഉടയ തമ്പുരാന്റെയും തമ്പുരാൻ പുത്രന്റെ അമ്മ മർത്തമറിയം ഉമ്മായൊടു വളരെ വളരെ നന്ദി കാട്ടിക്കൊണ്ടു വീട്ടിൽ പൊരികയും ചെയ്തു.

ഇതിന്റെ ശെഷം മെൽപറഞ്ഞ പ്രവത്തികാരൻ താൻ പറഞ്ഞയച്ചതുപൊലെ രാജസ്ത്രീയുടെ ഒപ്പും ഇടീച്ചു ൪000 (4000) കുർസാദ രാജഭണ്ഡാരത്തിൽനിന്നും മെടിച്ചുകൊള്ളത്തക്കവണ്ണം സാധനം കൊടുത്തയച്ചാറെ ഞങ്ങളും ഈ സാധനം കൈക്കൊണ്ടതിന്റെ പിറെറ ദിവസം മെൽപറഞ്ഞ മർത്തീഞ്ഞു ദെ മെല്ലിന്റെ വീട്ടിൽചെന്നു തന്നൊടു നന്ദി കാട്ടിയതുമൊഴിയെ മെൽ ചൊല്ലിയിരിക്കുന്ന രാജഭണ്ഡാരത്തിന്മെലുള്ള സർവ്വാധികാര്യക്കാരനാകുന്ന മർക്കെസ അഞ്ചെജായുടെ ഭവനത്തു ചെന്നു ഈ സാധനം കാട്ടിയാറെ മര്യാദിപൊലെ മക്കെസും ആയതിന്മെൽ തന്റെ കൈയൊപ്പിട്ടതിന്റെ ശെഷം ഭണ്ഡാരപുരയിൽ ചെന്നു പണം വാങ്ങുവാനുള്ളതിന്നു മെത്രാപ്പൊലീത്തായിക്കു പരിചയം ഇല്ലാഴികകൊണ്ടു സംബന്തു എന്ന ആശ്രമത്തിലുള്ള തൊമ്മാ പാതിരി എന്നു ചൊല്ലുന്ന ഞങ്ങളൊടു സ്നെഹവും വെണ്ടികയും ഉള്ള ഒരു പാതിരിയെ സാധനവും കൊടുത്തയച്ചാറെ ഈ പാതിരി രാജഭണ്ഡാരപുരക്കൽചെന്നു അവിടെയുള്ള പ്രവർത്തികാരന്റെ പററിൽ തിരുഎഴുത്തും കൊടുത്തു മെൽ പറഞ്ഞ ൪000 (4000) കുർസാദ പററുകയും ഇതിന്റെ ശെഷം രാജസ്ത്രീയുടെ മുമ്പാകെ ഞാനും മെത്രാപ്പൊലീത്തായുംകൂടെ ചെന്നു കൈമുത്തി ഈ ചെയ്ത മനഗുണത്തെപ്രതി നന്ദികാട്ടുകയും ചെയ്തു.

ഇങ്ങിനെ ഈ ദ്രവ്യം വാങ്ങിയതിന്റെ ശെഷം ആ ആണ്ടിൽ തന്നെ മലയാളത്തിന്നു പൊരുവാൻ കൂടും എന്നും വിചാരിച്ചു നമ്മുടെ ഇടവകയിൽ വെണ്ടുന്ന പുസ്തകങ്ങളും കൊണ്ടു ഒപ്പിച്ചു വരുന്ന നെരത്തു കുറെ നാൾ കഴിഞ്ഞതിന്റെ ശെഷം റൊമായിൽനിന്നും മെത്രാപ്പൊലീത്താക്കുള്ള പിടിപാടുസാധനം വന്നെത്തുകയും ആയതു വന്നെത്തിയതിന്റെ ശെഷം ഇങ്ങനെ പിടിപാടുസാധനം വന്നെത്തിയപ്രകാരം മെത്രാപ്പൊലീത്തായെ അറീക്കത്തക്കവണ്ണം കയെത്താനൊസ്സ പാതിരിയുടെ മകൻ യൌസെപ്പുപാതിരിയെൊടുതന്നെ വിഷ്ക്കൊന്തി പറഞ്ഞയക്കുകയും യൌസെപ്പുപാതിരി ഈ അവസ്ഥ മെത്രാപ്പൊലീത്തായൊടു അറിയിക്കയും ചെയ്തു.

വിശെഷിച്ചും പിടിപാടുസാധനം വന്ന നാളുകളിൽ രാജാവും രാജസ്ത്രീയും സാംവത്തെറായിക്കു പൊകുവാൻ യാത്ര ഒരുങ്ങിയിരുന്നതിനെകൊണ്ടു ലിസ്ബൊആയിൽനിന്നും സാംവത്തെറായിൽ പൊകുവാനായി പുറപ്പെട്ടു സമ്പൊറാ എന്ന ഇടത്തു ചെന്നപ്പൊൾ അവിടെനിന്നും കുംഭമാസം ൬ (6)-ാംതീയതി

www.malankaralibrary.com

പിടിപാടുസാധനവും പാലിയൊ എന്ന ശുദ്ധവസ്ത്രവും അതിനൊടുകൂടെ റൊമ്മായിൽനിന്നും മെത്രാപ്പൊലീത്താക്ക വന്ന പല സ്ഥാനമാനങ്ങളും രാജസ്ത്രീയുടെ തിരുവെഴുത്തും മര്യാദിപൊലെ മെത്രാപ്പൊലീത്താക്ക കൊടുത്തയക്കകയും ചെയ്തു. എന്നാലിതൊക്കയും പൊരുംപെടുത്തി ഈ പുസ്തകത്തിൻെറ ഒടുക്കത്തിൽ എഴുതുകയും ചെയ്തു.

എന്നാൽ ഇങ്ങനെ പിടിപാടുസാധനവും രാജസ്ത്രീയുടെ തിരുവെഴുത്തും മെത്രാപ്പൊലീത്താ കൈക്കൊണ്ടതിൻെറ ശെഷം പിറെറ ദിവസംതന്നെ വിഷ്ക്കൊന്തിയുടെ വീട്ടിൽ ചെന്നു ഈ മനഗുണമൊക്കെപ്രതിയും തന്നൊടു പാരം നന്ദിയും കാട്ടി രാജസ്ത്രീയുടെ പക്കൽ സാംവത്തെറായിൽ ചെന്നു കൈ മുത്തി നന്ദി കാട്ടുവാൻ ഉള്ളതിന്മെൽ വിഷ്ക്കൊന്തിയൊടു ചൊദിച്ചാറെ സാംവത്തെറായിക്ക പൊകുവാൻ ഞാൻ യാത്രയായിരിക്കുന്നു എന്നതുകൊണ്ടു ഞാൻ അവിടെ ചെല്ലുമ്പൊറം അങ്ങെ ഉയർച്ചയുടെ അവസ്ഥകൂടെ പറയുന്നുണ്ട്. എന്നതുകൊണ്ടു പാരം അസാദ്ധ്യപ്പെട്ടു ചെലവു ഒഴിച്ചു അങ്ങെ ഉയർച്ച അവിടെക്ക ചെന്നെ മതിയാവു എന്നില്ല എന്നു വിഷ്ക്കൊന്തി മെത്രാപ്പൊലീത്തായൊടു ഉച്ചരിച്ചതിൻെറ ശെഷം ഇനി വാഴ്ചയുടെ അവസ്ഥമെൽ എങ്ങനെവെണ്ടു എന്നു മെത്രാപ്പൊലീത്താ വിഷ്ക്കൊന്തിയൊടു ചൊദിക്കയും വിഷ്ക്കൊന്തിയും ആയതിൻെറ അവസ്ഥമെൽ രാജസ്ത്രീയൊടു ചൊദിച്ചിട്ടു ഉത്തരം പറയാമെന്നു പറഞ്ഞു പാരം പ്രസാദവും സന്തൊഷവും ഞങ്ങളുടെ നെരെ കാട്ടി ഞങ്ങളെ അയക്കയും വിഷ്ക്കൊന്തിയും തൻെറ വീട്ടുകാററും പിറെറ ദിവസം തന്നെ പുറപ്പെട്ടു രാജസ്ത്രീ സാംവത്തെറായിൽ എത്തുന്നതിനു മുമ്പിൽ താൻ അവിടെ എത്തുവാനായിട്ടു പൊകയും ചെയ്തു. അപ്പൊഴെ നമ്മുടെ മെത്രാപ്പൊലീത്തായുടെ പിടിപാടുസാധനം താമസിപ്പിപ്പാൻ താൻ ചെയ്ത പ്രയത്നം ഒക്കയും നിഷ്ഫലമായി കാര്യമൊക്കയും ഇത്രത്തൊളം ചെന്നു പററിയതു കയെത്താനൊസുപാതിരി കണ്ടതിൻെറശെഷം ഒട്ടും താമസിയാതെ വാഴ്ച കഴിയുന്നതിനു മുമ്പെ ശക്തി ഒക്കയൊടുംകൂടെ ഉള്ളതിലും ഒടുക്കത്തെ കയ്യായിട്ടു ഒന്നു നൊക്കിയെ മതിയാവു എന്നുവച്ചു ഉടൻ തന്നെ ലിസ്ബൊആയിൽനിന്നും പുറപ്പെട്ടു രാജാവിനെ കണ്ടു പറവാനായിട്ടു സാംവത്തെറായിക്ക പൊകയും ചെയ്തു. എന്നാൽ കയത്താനൊസുപാതിരിയുടെ ആചാരവും ആവലാതിയും എന്താകുന്നു എന്നു മെൽപറഞ്ഞ ഞങ്ങളുടെ സ്നെഹക്കാരനാകുന്ന ഗൊവക്കാരൻ യൌസെപ്പു അന്തൊനിയൊ എന്ന പാതിരി അറിഞ്ഞിരിക്കകൊണ്ടു കയത്താനൊസുപാതിരി സാംവത്തെറായിക്ക പൊയ ഉടൻ താൻ ഞങ്ങളുടെ പക്കൽ വന്നു മെത്രാപ്പൊലീത്തായുമായി കണ്ടു കയത്താനൊസുപാതിരിയുടെ രഹസ്യമായ നിരൂപണയിൽ ഏത്തും പരസ്യപ്പെടുത്താതെ കയത്താനൊസുപാതിരി



സാംവത്തെറായിക്ക പൊയിട്ടുണ്ടെന്നും എന്നതുകൊണ്ടു തെരുന്നനെ വാഴ്ച കഴിച്ചുകൂട്ടുവാനുള്ളതിനു ശ്രമിക്കണമെന്നും അല്ലാഞ്ഞാൽ കയത്താനൊസുപിതിരി രാജാവിൻെറ അടുക്കൽചെന്നു തൻെറ സങ്കടം പറയുമ്പൊറം വാഴ്ച ജടതയും വരുവാൻ പൊരുമെന്നിങ്ങനെ ആകമാനമായി ഗുണദൊഷം പറഞ്ഞാറെ കാര്യമൊക്കയും ഇത്രത്തൊളം ആയതിൻെറ ശെഷം ഉടയതമ്പുരാൻ അങ്ങനെ വരുത്തുകയില്ല എന്നു ശരണപ്പെട്ടു ഈ പറഞ്ഞതിന്മെൽ അപ്പൊറം അത്ര വിശ്വസിച്ചതുമില്ല. എങ്കിലും കയത്താനൊസുപാതിരിയുടെ ആവലാതി ഞങ്ങളുടെ കാര്യത്തിന്നു വിഘ്നം വരുത്തുവാൻ തക്കതാകുന്നു എന്നറികയും ചെയ്തു. എന്നു വരുമ്പൊറം മെൽചൊല്ലിയവണ്ണം കയത്താനൊസുപാതിരി പൊയാറെ താൻ അവിടെക്ക ചെന്നെത്തുന്നതിനു മുമ്പിൽ ഗൊവയുടെ മെത്രാപ്പൊലീത്തായെയും കൊച്ചി മെത്രാനെയും മൈലാപ്പൂർമെത്രാനെയും പെരുവിളിച്ചു കഴിഞ്ഞതിനെക്കൊണ്ടു കയത്താനൊസുപാതിരി അവിടെക്ക ചെന്നെത്തിയപ്പൊറം ഗൊവയുടെ മെത്രാപ്പൊലീത്താ താനാകുന്നു എന്നു പരസ്യമായിട്ടു എല്ലാടത്തും പറഞ്ഞു കയത്താനൊസുപാതിരി നടന്നതിനെകൊണ്ടു തന്നെ നാണിപ്പിപ്പാനായിട്ടു കയത്താനൊസുപാതിരി കാലത്തു വന്നെത്തിയതിനാംപക്കം ഗൊവയുടെ മെത്രാപ്പൊലീത്താക്ക ചെമ്മൂത്തം കൊടുക്കയത്രെ വെണ്ടിയിരിക്കുന്നു എന്നു മന്ത്രിമാരിൽ ചിലർ പറഞ്ഞു ചിരിക്കയും ചെയ്തതിൻെറശെഷം മെൽപറഞ്ഞ ഗൊവക്കും കൊച്ചീക്കും മൈലാപ്പൂരിന്നും പെരുവിളിച്ചു മെത്രാന്മാരിൽ ആരും കയത്താനൊസുപാതിരി ആഗ്രഹിക്കയും പറഞ്ഞു നടക്കയും ചെയ്തപൊലെ ഗൊവക്കാററിൽ ആരും അല്ലാഴികകൊണ്ടു ഉടൻതന്നെ താൻ സങ്കടത്തൊടുകൂടെ രാജാവിൻെറ പക്കൽചെന്നു ഈ മലയാൻകാററു പ്രത്തുക്കാൽ രാജാക്കന്മാരുടെ അടിയാരും കീഴവഴങ്ങപ്പെട്ടവരും അല്ലാതെയും രാജാവിന്നു ഒരു നാളും മില്ലാവെലയും ചെയ്യാതെയും അങ്കച്ചുങ്കം തരാതെയും ഇരിക്കുന്നതുമെന്നിയ്യ അന്യ രാജാവിൻെറ അടിയാരായിരിക്കയും ചെയ്യുന്നപ്പൊറം രാജാവിന്നും രാജസ്ത്രീക്കും തിരുമനസ്സും മനഗുണവും ഉണ്ടായി അവരിൽ ഒരുത്തന്നു മെത്രാൻെറ സ്ഥാനം കൊടുത്തല്ലൊ. ഞങ്ങറം ഗൊവക്കാർ പലർ ഇവിടെ ഉണ്ടായിരുന്നാറെയും പ്രത്തുക്കാൽ രാജാവിന്നു അടിയാരുതന്നെ ആയിരിക്കയും തനിക്ക മില്ലാവെലയും ചെയ്തു അങ്കച്ചുങ്കം കൊടുത്തും ഇരുന്നാറെയും അവരിൽ അറിവുള്ള പട്ടക്കാററിൽ പലരും ഇവിടെ ഉണ്ടായിരുന്നിട്ടും അവരിൽ ആക്കും ഈ സ്ഥാനം കൊടുപ്പാൻ മനഗുണം ഉണ്ടായതുമില്ല. എന്നു വരുമ്പൊറം ഇങ്ങിനെ മലയാൻകാററെ ബഹുമാനിക്കയും ഗൊവക്കാററെ കുറക്കയും ചെയ്ത പ്രകാരം ഗൊവയിൽ കെറക്കുമ്പൊറം ഏററിയ പിണക്കവും കലക്കവും ഉണ്ടായിവരുന്നതിന്നു സംശയം ഇല്ല. എന്നതി

www.malankaralibrary.com

നെക്കൊണ്ടു ആയത്തു വരാതിരിപ്പാൻ വെണ്ടുന്ന ഉപായം അങ്ങെ
പെരുമസുഖം വിചാരിച്ചുകൊള്ളുവാൻ മനഗ്ഗുണമുണ്ടാകണം.
എന്നിങ്ങനെ ഒടുക്കത്തെ തന്റെ ആവലാധി എഴുതി രാജാവി
ന്റെ മുമ്പാകെ വെക്കയും ചെയ്തു.

എന്നാൽ രാജബഹുമാനത്തിന്നും ഏകവാഴ്ചക്കും അടാത്ത
കയത്താനൊസുപാതിരിയുടെ ഈ ആവലാധി രാജാവുകെട്ടാറെ
ആയതിന്മെൽ ഒട്ടും രാജാവിന്നു പ്രസാദിച്ചില്ല. എന്നതിനെ
ക്കൊണ്ടു ഈ ആവലാധിക്കു ഉത്തരം കെൾപ്പാൻ പിന്നെ എട്ടുദി
വസം കയത്താനൊസുപാതിരി സമ്പത്തെറായിൽതന്നെ പാർ
ത്താറെയും തന്റെ മുമ്പാകെ ഈ ആൾ ചെല്ലുവാനും പറവാനും
രാജാവു സമ്മതിച്ചതും ഇല്ല. വിശെഷിച്ചും വിഷ്കൊന്തി നല്ല
സ്വഭാവവും ഉടയതമ്പുരാനെ പെടിയും ഉള്ള ആൾ ആകകൊണ്ടു
കയത്താനൊസുപാതിരി തന്നൊടു മറുത്തു പറഞ്ഞുനടക്കുന്നതു
ഒന്നും കൂട്ടാക്കാതെ സമ്പത്തെറായിൽ താൻ വസിച്ചുവരുന്ന
വീട്ടിൽ തന്നെ കൈക്കൊണ്ടു വെണ്ടുന്നതു ഒക്കയും കൊടുത്തു അ
വിടെ പാർപ്പിക്കയും ചെയ്തു.

വിശെഷിച്ചും ഇങ്ങിനെ വിഷ്കൊന്തിയുടെ വീട്ടിൽ കയ
ത്താനൊസുപാതിരി വസിച്ചുവരുന്നപ്പൊൾ ജാതിയിൽ വാഴ്ച
കഴിയത്തക്കവണ്ണം മെത്രാപ്പൊലീത്തായൊടു അറിയിപ്പാൻ കയ
ത്താനൊസുപാതിരിയൊടു വിഷ്കൊന്തിപറയുകയും കയത്താ
നൊസുപാതിരിയും തന്റെ മകനു എഴുതി അയച്ചു ഞങ്ങളെ അ
റീക്കയും ചെയ്തു.

### വിചാരം

മെൽ എഴുത്തുപെട്ടവണ്ണം പിടിപാടുസാധനം റൊമായിൽ
നിന്നും വന്ന ഉടൻ ഈ അവസ്ഥ കയത്താനൊസുപാതിരിയുടെ
മകൻ യൌസെപ്പു പാതിരിയെകൊണ്ടും വാഴ്ച കഴിവാനുള്ളതി
ന്നു കയത്താനൊസുപാതിരിയെക്കൊണ്ടും വിഷ്കൊന്തി ഞ
ങ്ങളെ അറീച്ചത ഒരു താല്പര്യം കൂടാതെ എന്നു വിചാരിക്കണ്ട.
അതെന്തെന്നാൽ മെത്രാപ്പൊലീത്തായിക്കു കൊടുക്കാതെയും ഇ
ങ്ങിനെ വാഴ്ച കഴിക്കാതെയും ഇരിപ്പാനുള്ളതിന്നു ആകുന്ന പ്രയ
ത്നംഒക്കയും കയത്താനൊസുപാതിരി ചെയ്യുകയും യൌസെപ്പു
പാതിരിയും തന്നാൽ ആകുംവണ്ണം പല ഇടത്തും ഇതിന്മണ്ണം
പറഞ്ഞു നടക്കയും ചെയ്തു വന്നതിനെക്കൊണ്ടു ഇങ്ങനെ ക്ലെ
ശിച്ചും പറഞ്ഞും വന്ന ആളുകളെക്കൊണ്ടുതന്നെ തങ്ങൾ പറഞ്ഞു
നടന്നതിനൊടു മറുത്ത അറിയിപ്പു കൊടുപ്പാൻ വിഷ്കൊന്തി
വിചാരിക്കകൊണ്ടത്രെ പിടിപാടുസാധനം വന്നാറെ യൌസെ
പ്പുപാതിരിയെക്കൊണ്ടും വാഴ്ച കഴിപ്പാനുള്ളതിന്നു കയത്താ
നൊസുപാതിരിയെക്കൊണ്ടുംതന്നെ ഞങ്ങളൊടു അറിയിപ്പാൻ
നിശ്ചയിച്ചത എന്നു തൊന്നുന്നു. ഇങ്ങിനെ എട്ടു ദിവസം





കയത്താനൊസുപാതിരി അവിടെ പാർത്തു ക്ലെശിച്ചാറെ രാജാ
വിനെ കാണ്മാനും പറവാനും സംഗതിവരാതെ ഇരിക്കകൊണ്ടു
താൻ പൊയ കാര്യം ഒന്നും സാധിച്ചില്ല. തന്റെ ഉൾക്കളവും
ചതിവും ഏററമെററം പറങ്കിമാൎക്കു പരഹസ്യമായി വരുവാനെ
ന്ന്യെ മററു ഒരു ഫലം ഇല്ല എന്നു കണ്ടു ഈ മലയാംകാററുടെ
കൂടെ കൂടുക അത്രെ നല്ലത് എന്നു താൻ നെരിട്ടു ഞങ്ങളൊടു പറ
ഞ്ഞാൽ ഞങ്ങൾ വിശ്വസിക്ക ഇല്ലെന്നു കണ്ടു ഉടൻതന്നെ സമ്പ
ത്തെറായിൽനിന്നും പുറപ്പെട്ടു മെൽപറഞ്ഞ പ്രംസീസ്കൊസ
കയത്താനൊസു കൊയിത്തു എന്ന പാതിരി വസിച്ചുവരുന്ന
ദൊന്നാറൊസാ എന്ന ബഹുമാനപ്പെട്ട സ്ത്രീയുടെ വീട്ടിൽ വന്നു
ഈ സ്ത്രീയും മകനും ഈന്ദിയായിക്കു പൊകുവാനത്രെ ഭാവിച്ചി
രിക്കുന്നു എന്നും ഈ അവസ്ഥ രാജാവിനെ ബൊധിപ്പിച്ചു ഉത്ത
രം പറയണം എന്നും പറഞ്ഞാറെ ഈ കാര്യം രാജാവിനെ ബൊ
ധിപ്പിക്കയും രാജാവും അവരെ ആരും പിടിക്കാതെ ഇരിപ്പാൻ
പിടിപാടു കൊടുക്കയും ചെയ്തശെഷം ഞങ്ങളും ആയിട്ടും സ്നെഹ
വും വെണ്ടികയും ആയിരിക്കുന്നതിനെക്കൊണ്ടു കൊടുങ്ങല്ലൂർ
മെത്രാപ്പൊലീത്തായിക്കു വെണമെങ്കിൽ ഒട്ടും താമസംകൂടാതെ
ആരും അറിയാതെ രഹസ്യമായി വാഴ്ച കഴിച്ചുകൂട്ടുവാൻ പറ
ഞ്ഞയക്കണം അല്ലാഞ്ഞാൽ വാച്ചു മുടക്കവും വന്നുകൂടുമെന്നും ഈ
സ്ത്രീയൊടു പറകയും ഈ സ്ത്രീയും ആയത കെട്ട ഉടൻ ഈ അവ
സ്ഥ മെത്രാപ്പൊലീത്തായൊടു അറീപ്പാൻ തന്റെ വാലിഭക്കാര
നെ ഞങ്ങൾ വസിക്കുന്ന ആശ്രമത്തിന്നു അയക്കയും ചെയ്താറെ
വാലിഭക്കാരൻ വന്നപ്പൊൾ ഞങ്ങൾ അവിടെ ഇല്ലാഴികകൊണ്ടു ഞങ്ങൾ വരുവൊളും അവൻ അവിടെ താമസിച്ചു
ഞങ്ങൾ വന്നതിന്റെശെഷം ഇങ്ങിനെ ദൊന്നാറൊസാ പറ
ഞ്ഞയക്കയും ചെയ്തു എന്നു ഞങ്ങളൊടു പറയുകയും
ചെയ്തു.

അപ്പൊഴെ ഈ അവസ്ഥ ഞങ്ങൾ കെട്ടാറെ ആസ്ഥ വിശ്വ
സിച്ചില്ലാ എങ്കിലും കയത്താനൊസുപാതിരിയുടെ ഉൾക്കളവി
ന്മെലും എത്ര കൌശലത്തിന്മെലും എല്ലാപ്പൊഴും ഞങ്ങൾക്കു സംശ
യം ഉണ്ടായിരുന്നതുകൊണ്ടു പിറെറ ദിവസംതന്നെ ഞാൻ ചെന്നു
ഞങ്ങളുടെ സ്നെഹക്കാരനാകുന്ന മർക്കെസ ദെ കസ്റ്റെൽ
മെലിയൊർ എന്ന പ്രധാനിയൊടും മെഷ്ക്കീത്ത എന്ന പട്ട
ക്കാരനൊടും ഈ അവസ്ഥ പറഞ്ഞാറെ ഇതൊക്കയും ഭൊ
ഷ്കും പമ്മാട്ടും അത്രെ ആകുന്നു എന്നും അതെന്തെന്നാൽ രാജ
സ്ത്രീ അത്ര പിടിയാത്ത ബൊധമില്ലാത്ത മരവും മററും അല്ല
എന്നതുകൊണ്ടു ഇത്ര ഭയപ്പെടുവാൻ ദിഷ്ടതി ഇല്ലാ എന്നും
എന്നു വരുമ്പൊൾ രഹസ്യമായിട്ടു ഒളിച്ചു വാഴ്ചകഴിപ്പാനല്ല
പിന്നെയൊ വെണ്ടുംവണ്ണം വെണ്ടുന്നവരെ ഒക്കയും വിളിച്ചു

www.malankaralibrary.com

ആഘോഷമായി കഴിപ്പാനത്രെ വെണ്ടി ഇരിക്കുന്നു എന്നു പറഞ്ഞയക്കയും ചെയ്തു.[1]

## എഴുപതാം പദം

നമ്മുടെ മെത്രാപ്പൊലീത്തായുടെ വാഴ്ച കഴിഞ്ഞതിന്മെലും അതിന്റെശെഷം ഉണ്ടായ അവസ്ഥമെലും

മെൽപറഞ്ഞവണ്ണം മർക്കൊസെ ദെ കസ്തെൽ മെലിയൊരും മെഷ്ക്കീത്താ പാതിരിയും വെണ്ടുംവണ്ണം പറഞ്ഞു ഞങ്ങളുടെ മനസ്സു ഉറപ്പിച്ചു എങ്കിലും യൊഗ്യത്തിൽ ഭാഗ്യം പരീക്ഷിക്കെണ്ട എന്നു വച്ചു ഉടൻതന്നെ വാഴ്ച കഴിപ്പാനുള്ളതിന്മെൽ വിചാരിച്ചു തുടങ്ങുകയും ചെയ്തു.

എന്നാൽ ലിസ്ബൊആയിൽ ഉള്ള ഞങ്ങളുടെ പരിചയം പൊരാഴികയും വാക്കുവൈഭവത്തിന്റെയും ബുദ്ധികൌശലത്തിന്റെയും കുറച്ചിലും കയത്താനൊസുപാതിരിയും തന്റെ കൂട്ടരും അറിഞ്ഞിരിക്കുന്നതിനെക്കൊണ്ടു മുമ്പിൽ ഉണ്ടായ കാരണങ്ങൾ ഒക്കയും തങ്ങളുടെ സഹായവും കരുണയുംകൂടാതെ ഒരുവണ്ണം കഴിഞ്ഞുകൂടി എങ്കിലും വാഴ്ച കഴിപ്പാനുള്ള ഈ കാര്യത്തിനു ഞങ്ങളാൽ വശമില്ലാതെ തങ്ങളുടെ പക്കൽ ചെന്നു വഴങ്ങുമെന്നു വിചാരിച്ചിരിക്കുമ്പൊൾ അഗതികളെ സഹായിക്കുന്നവനും തന്നിൽ ശരണപ്പെടുന്നവരെ നാണിപ്പിക്കാത്തവനും ആയ ഉടെതമ്പുരാൻ ഞങ്ങളുടെ വല്ലഭമില്ലാഴികയും പീടിയാഴികയും കണ്ടു അനുഗ്രഹത്തിന്റെ തൃക്കണ്ണുകൾ ഞങ്ങളുടെ മെൽതുറന്നു കയത്താനൊസുപാതിരിയുടെയും തന്റെ കൂട്ടരുടെ ഒക്കയും നിരൂപണം ഒക്കയും നിഷ്ഫലമാക്കി സംബന്തു എന്ന ഈ ആശ്രമത്തിലുള്ള എല്ലാവരുടെയും മനസ്സിൽ എരിവും മുറുക്കവും തൊന്നിച്ചതിനാൽ ആകുംവണ്ണം ഘൊഷത്തൊടുകൂടെ തങ്ങളുടെ പള്ളിയിൽതന്നെ വച്ചു ഈ ക്രിയ കഴിച്ചെ മതിയാവു എന്നു വച്ചു ആയതിന്നു തന്നാൽ ആകുംവണ്ണം എല്ലാവരും ശ്രമിച്ചെ മതിയാവു എന്നു നിശ്ചയിക്കയും ചെയ്തു.

ഇതിന്റെ ശെഷം മെൽപറഞ്ഞ ദർശനവീട്ടിന്റെ കാര്യം വിചാരിക്കുന്ന തൊമ്മാ പാതിരി പാത്രിയർക്കാൻ എന്ന പള്ളിക്കൽനിന്നു പള്ളിക്കടുത്ത ക്രിയകളിന്മെൽ പരിചയവും അറിവും ഉള്ള യൊആക്കീം എന്നു പെരുപെട്ട ഒരുത്തനെ വരുത്തി വാഴ്ചക്കു വെണ്ടുന്ന കുപ്പായങ്ങളും ചമയങ്ങളും ഒപ്പിക്കത്തക്ക

1. മെത്രാപ്പോലീത്തായ്ക്കുംമുമ്പ് ജോസഫ് കരിയാററിയെ ലത്തീൻ റീത്തിലേക്കു പ്രവേശിപ്പിച്ചു. സുറിയാനിസഭയിലേക്ക് തിരികെ പോകരുതെന്ന് അദ്ദേഹത്തോടു നിഷ്കർഷിച്ചിരുന്നു. 1782 ഡിസമ്പർ 16 ന് അദ്ദേഹത്തിന് പാലിയം നല്കി.



വണ്ണം പറഞ്ഞു വെസ്ഥ വരുത്തുകയും ഇവനും ആകുംവണ്ണം നിമിഷത്തിലും ചെർച്ചയായിട്ടും ആയതു ഒക്കയും വിദയം വരുത്തുകയും ചെയ്തു.

ഇങ്ങിനെ ഒക്കയും വിദയം വരുത്തിയതിന്റെ ശെഷം വാഴ്ച കഴിപ്പാനുള്ള ആൾ ആരു വെണ്ടു എന്നും ഏതു ദിവസം വെണ്ടു എന്നും ബുദ്ധിയും വിചാരവും ഉള്ള ഈ ദർശനവീട്ടിന്റെ മൂപ്പൻപാതിരിയും ആയിട്ടു വിചാരിച്ചാറെ പല അവകാശങ്ങൾകൊണ്ടും ഒട്ടെറെയും ഗൊവയുടെ മെത്രാപ്പൊലീത്തായുടെ തലസ്ഥാനം സമ്മതിപ്പാൻ ഈ മലയാൻകാക്കു മനസ്സില്ലാ എന്നു കയത്താനൊസുപാതിരിയും കൂട്ടരും പറഞ്ഞു നടത്തുന്ന വിവരം ഹരം വരുത്തുവാനായിട്ടു ഈ വാഴ്ച കഴിപ്പാനുള്ളതിന്നു മുമ്പിൽ ഗൊവയുടെ മെത്രാപ്പൊലീത്താ ആയിരിക്കയും പിന്നെ ഈ സ്ഥാനം ഉപെക്ഷിച്ചു ഈ ദിവസങ്ങളിൽ ലിസ്ബൊ ആയിൽ പാത്തുവരികയും ചെയ്യുന്ന ദൊ പ്രംസിസ്കൊസ ദെ അബസൂദാ എന്ന ഗൊവയുടെ പഴയ മെത്രാപ്പൊലീത്താതന്നെ കൂടിയെ മതിയാവു എന്നും ബഹദുമ്പുശമ്പാ ശവീനായ അതായതു എഴുപതാമത്തെ ഞായറാഴ്ച എന്നു ചൊല്ലുന്ന ഞായറാഴ്ച കഴിച്ചുകൊള്ളുക എന്നും നിശ്ചയിച്ചതിന്റെ ശെഷം നമ്മുടെ മെത്രാപ്പൊലീത്താ പുറപ്പെട്ടു മെൽപറഞ്ഞ പഴെ ഗൊവയുടെ ഭവനത്തുചെന്നു സംബന്തു എന്ന പള്ളിക്കൽ വന്നു തന്നൊടു വാഴ്ച കഴിപ്പാനുള്ളതിന്നു അപെക്ഷിക്കയും ഇദ്ദെഹവും ഈ അപെക്ഷ കൈക്കൊണ്ടു വരത്തക്കവണ്ണം പറഞ്ഞൊക്കയും ആയതിന്റെ ശെഷം മയ്യാ എന്ന നാട്ടിന്റെയും മക്കാ എന്ന നാട്ടിന്റെയും മെത്രാന്മാരുടെ പക്കൽ ചെന്നു ഈ വാഴ്ചക്കു കൂടെ നില്പാനുള്ളതിന്നു വരണമെന്നു അവരൊടും അപെക്ഷിക്കയും ഇവർ രണ്ടു പെരും ഈ അപെക്ഷ കൈക്കൊണ്ടു അങ്ങിനെതന്നെ എന്നു തങ്ങളും സമ്മതിക്കയും ചെയ്തു. ഇതിന്റെ ശെഷം നാലു സർവാധികാര്യക്കാരന്മാരുടെയും പക്കലും മർക്കൊസെ ദെ കസ്തെല്ലു മെലിയൊർ എന്ന പ്രധാനപ്പെട്ട ആളിന്റെയും ഭവനങ്ങളിലും മററു നമുക്കു സ്നെഹവും വെണ്ടികയും ഉള്ള മററു പലരുടെ വീടുകളിലും മെഷ്ക്കീത്താ പാതിരിയുടെ ഭവനത്തും ചെന്നു അവരെ എല്ലാവരൊടും വാഴ്ച കഴിപ്പാനുള്ളതിന്നു നിശ്ചയിച്ചിരിക്കുന്ന ദിവസവും പറയുകയും ഈ ഘൊഷത്തിന്നു തങ്ങൾ എല്ലാവരും വരണമെന്നു വിളിച്ചതുമെന്നിയെ കയത്താനൊസുപാതിരിയെയും ശെഷം ലിസ്ബൊ ആയിൽ ഉള്ള ഗൊവക്കാർ എല്ലാവരെയും ഈ ഘൊഷത്തിന്നു വിളിക്കയും ചെയ്തു.

വിശെഷിച്ചും വിഷ്ക്കൊന്തി ഇത്ര നെർവും സർവത്തിറായിൽ നിന്നും ലിസ്ബൊ ആയ്ക്കു വന്നില്ല എന്നതിനെക്കൊണ്ടു ഇന്ന ദിവസം വാഴ്ച കഴിക്കുന്നു എന്നും വാഴിക്കുന്ന മെത്രാ

www.malankaralibrary.com

പ്പൊലീത്താ ഇന്നാരാകുന്നു എന്നും മെത്രാപ്പൊലീത്താ എഴുന്നുയച്ചു വിഷ്ക്കൊന്തിയെയും വിഷ്ക്കൊന്തെസ്സായെയും അറിക്കയും ചെയ്തു. ഇങ്ങിനെ ഒക്കെയും ക്രമം വരുത്തിയതിന്റെ ശെഷം മെൽപറഞ്ഞ ഞായറാഴ്ചനാൾ പള്ളിയിൽ വെണ്ടുന്നതു ഒക്കെയും വിദയം വരുത്തുകയും പാത്രിയർക്കാൻ എന്ന പള്ളിക്കൽനിന്നും ക്രമങ്ങളുടെ മല്പാന്മാരും ശ്ലീഹായ്ക്കടുത്ത എഴുത്തുകാരനും അവിടെക്കു എത്തുകയും ചെയ്തു.

പിന്നെ ദൊം പ്രംസീസ്ക്കൊസ എന്ന മെത്രാപ്പൊലീത്തായും മയ്ല്യായുടെയും മക്കാവിന്റെയും മെത്രാന്മാരും തങ്ങളുടെ സ്ഥാനത്തിന്നും അന്തസ്സിന്നും തക്കവണ്ണം ക്രമത്തൊടുകൂടെ ഏകദെശം പത്തു മണിക്കു സംബന്തു എന്ന പള്ളിയിൽ എത്തുകയും അവർ അവിടെ എത്തിയപ്പൊൾ മര്യാദിപൊലെ പള്ളിയിൽ മണിയും തട്ടി ഘൊഷത്തൊടുകൂടെ അവരെ കൈക്കൊള്ളുകയും ചെയ്തു ശെഷം ദർശനക്കാറരുടെ മൂപ്പനും ശെഷമുള്ള പാതിരിമാരും മഹാ സന്തൊഷത്തൊടും പ്രസാദത്തൊടുംകൂടെ വാഴ്ച നെരത്തു വെണ്ടുന്ന പാട്ടുകളും ധ്വനികളും നടത്തി മഹാ ആഘൊഷത്തൊടും കൊലാഹലത്തൊടുംകൂടെ വാഴ്ച കഴിക്കയും ചെയ്തു. ഈ ആഘൊഷത്തിന്നു കൂടിയ മെത്രാന്മാർ എല്ലാവരെക്കായിൽ മഹിമ ആയിട്ടു റൊമ്മായിൽ മെൽപട്ടക്കാറരുടെ തക്സായിൽ എഴുതപ്പെട്ട ക്രമത്തിന്നു തക്കവണ്ണം മിശിഹാ പിറന്നിട്ടു ൧൭൮൩ (1783)-ാം കാലം കുംഭമാസം ൧൭(17)-ാംനു- എഴുപതാംഞായറാഴ്ച എന്നു ചൊല്ലപ്പെടുന്ന നൊയമ്പിന്റെ പെത്രാത്ത ഞായറാഴ്ചയുടെ തലെത്തലെ ഞായറാഴ്ചനാൾ ലിസ്ബൊ ആയിൽ മാർ ബെനദീക്തൊസ പുണ്യവാളന്റെ ദർശനക്കാറരുടെ സംബന്തു എന്ന ആശ്രമ ദെവാലയത്തിൽ വച്ചു മാർ പ്രംസിസ്ക്കൊസ ദെ അബ്രെസൂദാ എന്ന ഗൊവയുടെ പഴെ മെത്രാപ്പൊലീത്തായിൽ നിന്നു മയ്ല്യാ എന്ന ദെശത്തിന്റെ മെത്രാൻ മാർ വർത്തുൽമയും മക്കാ എന്ന ദെശത്തിന്റെ മെത്രാൻമാർ ആലെക്സന്ത്രയൊസും നിന്ന സഹായിക്കുന്നപ്പൊൾ **മാർ യൗസെപ്പ് കരിയാട്ടി** മുമ്പിൽ അങ്കമാലി എന്നും ഇന്നു കൊടുങ്ങല്ലൂർ എന്നും ചൊല്ലപ്പെട്ട മലങ്കര ഇടവക ഒക്കെയുടെയും മെത്രാപ്പൊലീത്താ വാഴ്ച കൈക്കൊള്ളുകയും ചെയ്തു. അപ്പൊഴെ സ്വല്പംകാലം മുമ്പെ നമ്മുടെ പഴെ കാരണവന്മാരിൽ പലരും കാൺമാനാഗ്രഹിച്ചും ശ്രദ്ധിച്ചും ഇരുന്ന കാര്യം നമ്മുടെ ഈ കാലങ്ങളിൽ നമ്മുടെ കണ്ണുകൾകൊണ്ടു കാൺമാൻ അറുതിയില്ലാത്ത തന്റെ മനഗുണത്താൽ ഉടയതമ്പുരാൻ തിരുമനസ്സായതിനെക്കൊണ്ടു നാമെല്ലാവരും പ്രത്യെകമായി തന്നെ സ്തുതിച്ചുകൊണ്ടാടുവാനും ഇനിയും തന്റെ അളവില്ലാത്ത കരുണയാൽ നമ്മുടെ ജനങ്ങളുടെ അമളിയും ഞെരുക്കവും തീർത്തുരക്ഷിപ്പാനുള്ളതിന്നും മനസ്സുഒക്കെയൊടുംകൂടെ മുട്ടിപ്പാലെ തന്നൊടു അപെക്ഷിപ്പാനും കടമായിരിക്കുന്നു. എന്നാൽ



ഈ ആഘൊഷത്തിന്നു ആണുങ്ങളും പെണ്ണുങ്ങളും വയസ്സന്മാരും വാലിഭക്കാറരും പൈതങ്ങളും കിടാങ്ങളും ബഹുമാനപ്പെട്ടവരും വെലക്കാറരും ഇങ്ങിനെ സംബന്തു എന്ന ദർശന വീട്ടിന്റെ പള്ളി തിക്കിതിക്കി നിറച്ചു തമ്മിൽതമ്മിൽ നിൽക്കത്തക്ക വണ്ണം ആളുകൾ ഉണ്ടായിരുന്നതുകൊണ്ടു മർക്കെസ ദെ കമ്പൊല്ല മെലിയൊർ എന്ന പ്രധാനിയും മർക്കെസ അജെജായുടെ മകൻ ദൊ കയത്താനൊസും പിന്നെയും ഞങ്ങളെ സ്നെഹവും കൂറുമുള്ള മറ്റും ചില ബഹമാനപ്പെട്ടവരുംകൂടെ വന്ന ഈ ഘൊഷം അഴകാക്കുകയും ചെയ്തു.

ഇതുകൂടാതെ കയത്താനൊസുപാതിരിയും ലിസ്ബൊ ആയിൽ ഉണ്ടായിരുന്ന മറ്റു ഗൊവക്കാർ പാതിരിമാർക്കും മറ്റു ഞങ്ങളെ പ്രിയവും വെണ്ടികയും ഉള്ള പല ജനങ്ങളും കൂടെ വന്നിട്ടും ഉണ്ടായിരുന്നു. വിശെഷിച്ചും കയത്താനൊസുപാതിരിയുടെ മകൻ യൌസെപ്പുപാതിരി നമ്മുടെ മെത്രാപ്പൊലീത്തായുടെ സ്തുതി ആയി ഒരു പടാത്ത എഴുതി ഉണ്ടാക്കി പറവാൻ ആസ്ഥമായാറെ ആശ്രമത്തിലുള്ള പാതിരിമാർക്കു മനസ്സില്ലാഴികകൊണ്ടു പറവാൻ കൂടിയതുമില്ല. എന്നാൽ ആശ്രമത്തിന്റെ മൂപ്പൻപാതിരി വാഴ്ചകഴിപ്പാൻ വന്ന മെത്രാന്മാർക്കു എത്രയും മഹിമയും പ്രകാശവുംഉള്ള ഒരു പ്രാതൽ വിദയം വരുത്തീട്ടുണ്ടായിരുന്നു. അപ്പൊഴെ വാഴ്ച കഴിഞ്ഞ ഗൊവയുടെ പഴെ മെത്രാപ്പൊലീത്താ തന്നെയും ഈ ക്രിയക്കു തന്നെ വിളിപ്പാനായിട്ടു തന്റെ വീട്ടിൽ നമ്മുടെ മെത്രാപ്പൊലീത്താ ചെന്നപ്പൊൾ വാഴ്ച കഴിപ്പാൻ വരണമെന്നല്ലാതെ പ്രാതൽ കഴിപ്പാൻകൂടെ വരണമെന്നു തിരിച്ചു പറയാഴികകൊണ്ടു അവിടെ പ്രാതൽ കഴിവാൻ ഖെറെ മടികാട്ടി എങ്കിലും ഒടുക്കം നമ്മുടെ മെത്രാപ്പൊലീത്തായും ആശ്രമത്തിന്റെ മൂപ്പൻപാതിരിയും മുട്ടിച്ചു അപെക്ഷിച്ചതുകൊണ്ടും താനും വാഴ്ചക്കു തുണക്കുന്നവർ ആയിരുന്ന മയ്ല്യായുടെയും മക്കാവിന്റെയും മെത്രാന്മാരും അവിടെ പാർത്ത പ്രാതലും കഴിഞ്ഞ ഏകദെശം ൫ (5) മണിനെരമായപ്പൊൾ അവർ എല്ലാവരും തങ്ങൾ തങ്ങളുടെ ഭവനങ്ങൾക്കു പൊകുവാൻപുറപ്പെടുകയും നമ്മുടെ മെത്രാപ്പൊലീത്തായും ദർശനത്തിന്റെ മൂപ്പനും ശെഷം പാതിരിമാരും ദർശനവീട്ടിന്റെ വാതുക്കൽ ഓളം അണിയാത്രപൊയി അവരെ അയക്കയും ചെയ്തു.

എന്നാൽ നമ്മുടെ മെത്രാപ്പൊലീത്തായുടെ വാഴ്ച കഴിയുന്നതിന്നു മുമ്പിൽ താനും കയത്താനൊസുപാതിരിയുടെ മകൻ യൌസെപ്പുപാതിരിയും ഒരുമിച്ചു ഒരു മുറിയിൽതന്നെ പാർത്തുവരുന്നതു ഹെതുവാൽ ഇയാൾ വാലിഭക്കാരനാകകൊണ്ടും ഞങ്ങളുമായി അയർപ്പു ആയിരിക്കകൊണ്ടും പലപല മെനിക്ഷയങ്ങളും കുറവും പല സംഗതികളും നമ്മുടെ മെത്രാപ്പൊലീത്തായൊടു കാ

www.malankaralibrary.com

ട്ടുന്നതിനാൽ ക്ഷമിപ്പാൻ വഹിയാഴികകൊണ്ടു വാഴ്ച കഴി
ഞ്ഞാൽ വെറെ ഒരു മുറി കൊടുക്കണമെന്നു ദർശനത്തിന്റെ മൂപ്പ
നാകുന്ന പാതിരിയൊടു മെത്രാപ്പൊലീത്താ മുമ്പിൽ അപെക്ഷി
ക്കയും മൂപ്പനും ആയത അങ്ങിനെ തന്നെ എന്നു പറഞ്ഞൊക്കയും
വാഴ്ചക്കു ൧൫ (15) ദിവസം മുമ്പെ മീതെ നിലയിൽ ഉള്ള മുറി
കളിൽ ഒന്നു മെത്രാപ്പൊലീത്താക്കു വസിപ്പാനായിട്ടു ഒഴിച്ചുകൊ
ടുക്കയും മെത്രാപ്പൊലീത്തായും ലിസ്ബൊആയിൽനിന്നും ഈ
ന്ദിയായിക്കു പൊരുവൊളം ഈ മുറിയിൽതന്നെ വസിച്ചുവരി
കയും ചെയ്തു.

ഇതിന്റെശെഷം പിറെറ ദിവസംതന്നെ മെത്രാപ്പൊലീത്ത
പുറപ്പെട്ടു തന്റെ വാഴ്ചക്കുകൂടിവന്ന പ്രധാനപ്പെട്ടവരുടെ വീടുക
ളിൽ ചെന്നു തങ്ങളുംകൂടി വന്ന ഘൊഷം അഴകതാക്കിയതിനെ
ക്കൊണ്ടു അവർ എല്ലാവരൊടും നന്ദികാട്ടുകയും ചെയ്തു. ഇങ്ങിനെ
വാഴ്ച കഴിഞ്ഞതിന്റെശെഷം ഇപ്പൊൾ നടന്നുവരുന്ന റൊമ്മാ
യിക്കടുത്ത പഠിതപത്തിന്നു തക്കവണ്ണം മെത്രാപ്പൊലീത്തായിക്ക
ടുത്ത സ്ഥാനത്തിന്റെ തികച്ചിലായ പാലിയൊ എന്ന ശ്രു.
ചമയം നമ്മുടെ മെത്രാപ്പൊലീത്തായിക്കു കൊടുപ്പാനുള്ളതിനു
കൊച്ചിയിൽ മെത്രാനെങ്കിലും മലാക്കായുടെ മെത്രാൻ എങ്കിലും
കൊടുക്കത്തക്കവണ്ണം റൊമ്മായിൽനിന്നും കല്പന വന്നതിനെ
ക്കൊണ്ടും അവിടെനിന്നും കുറെനാൾ കഴിഞ്ഞപ്പൊൾ മലാക്കാ
യുടെ മെത്രാൻ അലെക്കസെയന്ത്രയൊസും തന്റെ വാഴ്ച കഴിഞ്ഞ
തിന്റെ ശെഷം നമ്മുടെ മെത്രാപ്പൊലീത്ത താൻ വസിക്കുന്ന
ഭവനത്തു ചെന്നു ഈ കാര്യത്തിന്മെൽ തന്നൊടു അപെക്ഷിച്ചാറെ
ഇദ്ദെഹവും സംബന്ധു എന്ന ആശ്രമപള്ളിക്കൽ വന്നു മെൽചൊ
ല്ലിയ ആണ്ടിൽതന്നെ മീനമാസം ൧൭ (17)-ാംനു- പാലിയൊ
എന്ന ശ്രു. ചമയം നമ്മുടെ മെത്രാപ്പൊലീത്തായിക്കു കൊടുക്കു
കയും ചെയ്തു.

ഇതിന്റെ ശെഷം കുറെനാൾ കഴിഞ്ഞപ്പൊൾ വിഷ്ക്കൊ
ന്തെസ്സാ സൾവത്തെറായിൽനിന്നും ലിസ്ബൊആയിൽ വന്നാ
റെ ഞാനും മെത്രാപ്പൊലീത്തായുംകൂടെ തന്റെ ഭവനത്തു ചെന്ന
പ്പൊൾ മെത്രാപ്പൊലീത്തായെ വിഷ്ക്കൊന്തി കണ്ടു ഉടൻ പാരം
ആചാരവും ചെയ്തു തന്റെ കൈയും മുത്തി തന്റെ കഴുത്തെൽ
ഉള്ള കുരിശു കൈയിൽ പിടിച്ചുകൊണ്ടു പറഞ്ഞു. ഇനി ഒരു
ഭയം വെണ്ട. ഈ കുരിശു കഴുത്തിന്മെൽനിന്നും നീക്കുവാൻ
ആരാലും സാദ്ധ്യമല്ലഎന്നു. എന്നാൽ ഈ വചനങ്ങൾ വിഷ്
ക്കൊന്തി പറഞ്ഞതിനാൽ കയത്താനൊസുപാതിരി ഞങ്ങളെ
ക്കൊണ്ടു പറഞ്ഞു നടന്നത ഒക്കയും ആയതുകൊണ്ടു ഞങ്ങൾക്കു
ഭയം ഉണ്ടായ പ്രകാരവും താൻ നല്ലവണ്ണം അറിഞ്ഞു എന്നു
ഞങ്ങൾക്കു പ്രസിദ്ധമാകയും ചെയ്തു.



ഇതിന്റെ ശെഷം മലങ്കരമെത്രാന്മാരു മലങ്കരക്കാററുതന്നെ
വെണമെന്നു ഞങ്ങൾ എല്ലാവരുമായി നിശ്ചയിച്ചു എന്നതിനെ
ക്കൊണ്ടു മലങ്കര ചെന്നാലുടൻ ഇത്രപ്പൊഴും ഉണ്ടായതുപൊലെ
മലങ്കരഇടവകയിൽ മെത്രാന്മാർ നഷ്ടമായി പൊകാതിരിപ്പാൻ
അനന്തിരവര ആരു എന്നു വിചാരിച്ചുകൊള്ളണമെന്നു രഹസ്യ
മായിട്ടു ഞങ്ങളൊടു പറയുകയും ചെയ്തു. ഇതിന്റെശെഷം ഒരു
ദിവസം മത്തീഞ്ഞു ദെമെൽ എന്ന ഈന്ദിയാമുഖത്തെ സർവ്വാധി
കാര്യക്കാരന്റെ പക്കൽ ഞങ്ങൾ ചെന്നപ്പൊൾ വാഴ്ച കഴിഞ്ഞ
ല്ലൊ. ഇനി ചെന്നു യാത്രപുറപ്പെടുവാൻ ശ്രമിക്കെ വെണ്ടു. കപ്പൽ
ആസ്ഥമായിരിക്കുന്നു എന്ന മെത്രാപ്പൊലീത്തായൊടു പറഞ്ഞാ
റെ ഇനിയും ചില കാര്യങ്ങൾ തീരുവാനുണ്ടെന്നു മെത്രാപ്പൊലീ
ത്ത ഉത്തരിച്ചതിന്നു എന്നാൽ ആയതു കാണാമെന്നു ഈ കാര്യ
ക്കാരൻ പറഞ്ഞ ഞങ്ങളെ അയക്കയും ചെയ്തതിന്റെ ശെഷം
വിഷ്ക്കൊന്തിയുടെ വീട്ടിൽ ഞങ്ങൾ ചെന്നപ്പൊൾ ഈന്ദിയാ
മുഖത്തെ സർവ്വാധികാര്യക്കാരൻ ഞങ്ങളെ ഈന്ദിയായിക്കു വെ
ഗം വിടുവാനുള്ളതിന്നു പാരം മുറുക്കമൊണെന്നു വിഷ്ക്കൊന്തി
യൊടു ഞങ്ങൾ പറയുകയും വിഷ്ക്കൊന്തി ആയതു കെട്ടാറെ
അങ്ങെ ഉയർച്ചക്കു ഏതാനും അപെക്ഷ രാജസ്ത്രീയൊടു അപെ
ക്ഷിപ്പാനുണ്ടെങ്കിൽ ആയത എഴുതി കൊണ്ടുവന്നു എന്റെ പ
ക്കൽ തന്നാൽ ഞാൻ രാജസ്ത്രീയെ ബൊധിപ്പിക്കാമെന്നു മെത്രാ
പ്പൊലീത്തായൊടു പറഞ്ഞു ഒട്ടും താമസിയാതെ പിറെറ ദിവ
സംതന്നെ മാർ തൊമ്മാമെത്രാന്റെ കാര്യത്തിന്നും മെത്രാപ്പൊ
ലീത്താക്കു ആണ്ടുതൊറും കൊടുപ്പാൻ മര്യാദി ആയിരിക്കുന്ന മാ
സപടിയുടെ കാര്യത്തിന്നും മലങ്കരസിമ്മനാരി പണിചെയ്വാ
നുള്ള കാര്യത്തിന്നും പുസ്തകങ്ങൾ കൊള്ളുവാനുള്ളതിന്നും ആയിട്ടു
മാർ സൾവദൊർ ദൊസറെയീസ എന്ന കാലം ചെയ്ത കൊടു
ങ്ങല്ലൂർ മെത്രാപ്പൊലീത്താ ജീവിച്ചിരുന്ന നാളുകളിലും താൻ
കാലം ചെയ്തതിന്റെ ശെഷവും വീണുപൊയ മാസപടി തരു
വാൻ മനഗുണമുണ്ടാകണമെന്നും രാജചിലവാൽ ഞങ്ങളെ മല
ങ്കരക്കു അയപ്പാൻ മനഗുണമുണ്ടാകണമെന്നും ഇങ്ങിനെ ഈ കാ
ര്യങ്ങൾ ഒക്കെക്കും രാജസ്ത്രീയൊടു അപെക്ഷിപ്പാൻ അപെക്ഷകൾ
ഉണ്ടാക്കി നാലു കടുദാശിൽ എഴുതി വിഷ്ക്കൊന്തിയുടെ പക്കൽ
കൊടുക്കയും വിഷ്ക്കൊന്തിയും മെത്രാപ്പൊലീത്തായൊടു പറ
ഞ്ഞു ഒത്തവണ്ണം രാജസ്ത്രീയെ കെൾപ്പിക്കയും ചെയ്താറെ രാജ
സ്ത്രീയും അപെക്ഷകൾ കെട്ടാറെ ഈ കാര്യങ്ങൾ ഒക്കയും ഈന്ദി
യായെ ബന്ധിക്കുന്ന കാര്യങ്ങൾ ആകകൊണ്ടു ഈന്ദിയാമുഖത്തു
സർവ്വാധികാര്യക്കാരനാകുന്ന മത്തീഞ്ഞു ദെമെല്ലിന്റെ പക്കൽ
കൊടുത്തയക്കത്തക്കവണ്ണം രാജസ്ത്രീ കല്പിക്കയും രാജസ്ത്രീ കൽ
പിച്ചവണ്ണം മെൽപറഞ്ഞ അപെക്ഷകൾ ഒക്കയും മെൽപറഞ്ഞ
സർവ്വാധികാര്യക്കാരന്റെ പക്കൽ വിഷ്ക്കൊന്തി കൊടുത്തയ

www.malankaralibrary.com

ക്കയും ചെയ്തതിന്റെ ശെഷം ഈ അവസ്ഥകൾ ഒക്കയും ഞങ്ങളൊടു അറിക്കയും ചെയ്തു. എന്നാൽ ഈ അപെക്ഷകൾ ഒക്കയുടെയും വാചകങ്ങളും ആയതിന്റെ പൊരുളും ഈ പുസ്തകത്തിന്റെ ഒടുക്കത്തിൽ എഴുതുകയും ചെയ്യും.

അപ്പൊഴൊ മത്തീഞ്ഞു ദെമെൽ എന്ന ഈന്ദിയാമുഖത്തെ സർവ്വാധികാര്യക്കാരൻ മെത്രാപ്പൊലീത്തായുടെ ഈ അപെക്ഷകൾ കണ്ടതിന്റെ ശെഷം പലടത്തും ഉള്ള മര്യാദിപൊലെ ഒരുത്തനെ ഏററം പ്രിയപ്പെട്ടും വിശ്വസിച്ചും വരുന്നതു മററവനു കണ്ടുകൂടാ എന്ന എത്രയും വിഷമുള്ള പാമ്പുപൊലെ ഇരിക്കുന്ന ദ്വെഷം മെൽപറഞ്ഞ മത്തീഞ്ഞു ദെമെല്ലിന്റെ ഹൃദയത്തിൽ പൂണ്ടതിനാൽ വിഷ്ക്കൊന്തിയൊടു ഏറെ സ്നെഹവും സമ്മതവും ഞങ്ങൾക്കു ഉണ്ടെന്നു കാൺകയാൽ ഈ ആണ്ടിൽ ഞങ്ങളെ അയപ്പാനുള്ളതിന്നു ഉപെക്ഷ കാട്ടുകയും ചെയ്തു.

എന്നാൽ ഞങ്ങളും ഈ ആണ്ടിൽ പൊരുവാൻ കൂടുക ഇല്ലാ എന്നു കണ്ടതിന്റെ ശെഷം ലിസ്ബൊ ആയിൽനിന്നും മലങ്കരക്കു ആ ആണ്ടിൽ തന്നെ പൊരുന്ന മയ്യയിൽ ഉള്ള ഒരു വാലിഭക്കാരന്റെ പററിൽ നമ്മുടെ മെത്രാപ്പൊലീത്തായുടെ വാഴ്ച, കഴിഞ്ഞപ്രകാരം മലങ്കരയുള്ള നമ്മുടെ യൊഗം ബൊധിക്കത്തക്കവണ്ണം എഴുതി അയക്കയും[1] ചെയ്തു.

---

1. വത്തമാനപ്പുസ്തകത്തിന്റെ ചെത്തിപ്പുഴ കയ്യെഴുത്തുപ്രതിയിൽ 1784 ഏപ്രിൽ 10–ന പാറേമാക്കൽ അയച്ച കത്തിന്റെ പകർപ്പ കാണാം. '1783 മാർച്ചിൽ അയച്ച കത്തിൽ കരിയാററി മല്പാന്റെ നാമനിർദേശവും അഭിഷേകവും നിങ്ങളെ അറിയിച്ചിരുന്നു. നമ്മുടെ സഭയുടെ ആവശ്യങ്ങൾക്കായും മാർതോമ്മായുടെപുനരൈക്യത്തിനായും ഞങ്ങൾ നിരന്തരം യത്നിക്കുന്നു. കഴിവതും വേഗം അവിടെയെത്താൻ ഞങ്ങൾ അഭിലഷിക്കുന്നു. ഇവിടെയുള്ള പാതിരിമാർ ഞങ്ങളുടെ യത്നങ്ങൾക്കു വിഘാതം സൃഷ്ടിക്കയാലാണ് ഈ കാലതാമസം. ഞങ്ങളുടെ ഉദ്ദേശ്യം ഇത്രയും ഭംഗിയായതിൽ അവർക്ക് അമർഷം ഉണ്ട്. ഞങ്ങൾ മടങ്ങിയെത്താതിരിക്കാൻ അവർ എന്തും ചെയ്യാൻ മടിക്കില്ല. ഞങ്ങൾക്കുവേണ്ടി നിങ്ങൾ ചെയ്യുന്ന കാര്യങ്ങൾ തുടരുക. കാഞ്ഞിരപ്പള്ളിക്കാരൻ ചാണ്ടിക്കത്തനാർ അയച്ച കത്ത കിട്ടി...'
കത്ത കിട്ടിയ സുറിയാനി ക്രിസ്ത്യാനികൾ തങ്ങളുടെ പ്രതിനിധികളെ ഉടൻ തിരിച്ചയക്കാൻ വേണ്ടതു ചെയ്യണമെന്ന് മാർപ്പാപ്പക്കും പോർച്ചുഗീസ് രാജ്ഞിക്കും കത്തെഴുതി. തങ്ങളുടെ പ്രതിനിധികളെ പ്രൊപ്പഗാന്താ തിരുസംഘം സംശയിച്ചുവെന്ന് മാർപ്പാപ്പക്ക് അവർ എഴുതി. മലബാറിലെ പ്രശ്നങ്ങളുടെ നിജസ്ഥിതി പഠിച്ച് അറിയാൻ രണ്ടുപേരെ അയക്കാൻ മാർപ്പാപ്പയോടും രാജ്ഞിയോടും ആവശ്യപ്പെട്ടു.
പാറേമാക്കലിന്റെ കത്തു കിട്ടിയതറിഞ്ഞ ഉടൻ ലാററിൻ മിഷണറിമാർക്കെതിരേയുള്ള ആരോപണങ്ങൾ കഴമ്പില്ലാത്ത കേവലം അപവാദങ്ങളാണെന്ന് വികാരി ജനറാളായിരുന്ന പൗളിനോസ്പാതിരി പ്രൊപ്പഗാന്താ തിരുസംഘത്തിന് എഴുതി.





ഇതിന്റെ ശെഷം കുറെ ദിവസം കഴിഞ്ഞപ്പൊൾ കൊച്ചിയിൽനിന്നും കാഞ്ഞിരപ്പിള്ളിക്കാരൻ ചാണ്ടികത്തനാരു ഞങ്ങൾക്കു എഴുതി അയച്ച കുറി ഞങ്ങളുടെ പക്കൽ എത്തുകയും ഇങ്ങിനെ മലങ്കരനിന്നും ഞങ്ങൾ പൊന്നതിന്റെ ശെഷം ഉണ്ടായ അവസ്ഥമെൽ അത്രമാത്രം ഞങ്ങൾ ബൊധിക്കയും ചെയ്തു. ഇങ്ങിനെ ഒക്കയും ഇരിക്കുന്ന മദ്ധ്യെ മററു മനിഷ്പം റൊമായിൽനിന്നു വരികയും ചെയ്തു. വിശെഷിച്ചും മെൽപറഞ്ഞ മത്തീഞ്ഞു ദെമെൽ എന്ന കാര്യക്കാരൻ ഞങ്ങളുടെ നെരെ തനിക്കുള്ള ദ്വെഷംകൊണ്ടു ഞങ്ങളെ താമസിപ്പിച്ചു എങ്കിലും ഈ ഹെതുവാൽ രണ്ടര ആണ്ടത്തെ കാലം പിന്നീടും ഞങ്ങൾ ലിസ്ബൊ ആയിൽ പാൎത്തുവന്ന ഇടയിൽ നമ്മുടെ ലൊകർക്കും ഇടവകകൾക്കും അറിവാൻ ദിഷ്ടതിയുള്ള പല പല കാര്യങ്ങളും ഞങ്ങൾക്കു അറിവാൻ സംഗതി വന്നതിനെക്കൊണ്ടും മാർ തൊമ്മാമെത്രാന്റെ കാര്യം ശുഭമായി തീർന്നു വരുവാൻ ഇട ഉണ്ടായി എന്നതിനെക്കൊണ്ടും ഉടയതമ്പുരാന്റെ പ്രത്യെകമുള്ള മനഗ്ഗുണംകൊണ്ടു അത്രെ ഇങ്ങിനെ ഭവിച്ചതു എന്നു അറിഞ്ഞു എല്ലായ്പ്പൊഴും തന്നൊടു നന്ദി കാട്ടുകയും ചെയ്തു.

## എഴുപത്തിയൊന്നാം പദം

മെൽപറഞ്ഞ കാര്യക്കാരന്റെ ദ്വെഷം ഹെതുവാൽ ഞങ്ങൾ ലിസ്ബൊ ആയിൽ പാർത്തുവരുന്ന നാളുകളിൽ ഉണ്ടായ അവസ്ഥമെൽ

മെൽചൊല്ലിയവണ്ണം ഈന്ദിയാമുഖത്തെ സർവ്വാധികാര്യക്കാരനാകുന്ന മത്തീഞ്ഞു ദെ മെല്ലിന്റെ ദ്വെഷംകാരണമായി ഞങ്ങൾ മലങ്കരക്കു പുറപ്പെടുവാൻ സാധിക്കാതെ ലിസ്ബൊ ആയിൽതന്നെ താമസിച്ചുവരുന്ന നാളുകളിൽ നിരപ്പിന്റെയും ഒരുമ്പാട്ടിന്റെയും ശത്രു ആകുന്ന പിശാചു ഞങ്ങളെ കലക്കുവാനും സങ്കടപ്പെടുത്തുവാനും ഒട്ടും മടിച്ചതും ഇല്ല. അതെന്തെന്നാൽ സ്വല്പകാലംമുമ്പെ തുടങ്ങി മലങ്കരയുള്ള നമ്മുടെ ലൊകരെ പിടിച്ചു തകർത്ത പൊളിച്ചു ചൊരയും കുടിച്ചു ചൊരയുടെ ഉഗ്രവും മത്തുംകൊണ്ടു ഉല്ലാസിച്ചു മദിച്ചു ബൊധവുംകെട്ടു രസിച്ചും മന്ദിച്ചും ഇരുന്ന എത്രയും ക്രൂരപ്പെട്ട വ്യാഘ്റം തന്റെ തലയെ തകൎത്തുവാൻ തക്ക എത്രയും മൂർച്ച ഉള്ള ഒരു ചവളം തന്റെ തല

---

1785 മാർച്ചിൽ കരിയാററി പ്രൊപ്പഗാന്താ തിരുസംഘത്തിന് എഴുതി: 'എനിക്കും എന്റെ ജനത്തിനും എതിരേ അയച്ചിട്ടുള്ള കത്തുകൾ എല്ലാം പോർച്ചുഗീസ് ഭാഷയിൽനിന്ന് ഇററാലിയനിലേക്കു പരിഭാഷ ചെയ്യാനുള്ള സാവകാശം ഇപ്പോഴില്ല. സമയം കിട്ടിയാലുടൻ അവയും തർജമ ചെയ്ത് ഞാൻ അയക്കാം. ഞങ്ങളുടെ ശത്രുക്കളുടെ മനസ്സ് നിങ്ങൾക്കു ഗ്രഹിക്കാനാകുമല്ലോ.'

www.malankaralibrary.com

യുടെ നടുവെ തറക്കപ്പെട്ട എന്നു കണ്ടപ്പൊൾ പാരം പരിഭ്രമിച്ചു ആയതു തന്റെ തലയിൽനിന്നും നീക്കുവാൻ തന്റെ ശക്തി ഒക്കെയൊടുംകൂടെ പൊരാടുകയും ചെയ്തു.

എന്നു വരുമ്പൊൾ മുമ്പിൽ പഴെ കാലങ്ങളിൽ യൌസെപ്പ എന്ന പാത്രിയർക്കായുടെ നെരെയുള്ള സ്നെഹവും ബഹുമാനവുംകൊണ്ടു പാരം സ്നെഹത്തൊടും കരുണയൊടുംകൂടെ പൊറുത്തു പൊകെ ഇസ്രായെൽമക്കളെ മെസ്രെനിൽ വരുത്തിയതിന്റെശെഷം കാലക്രമെണ ഈ സ്നെഹവും ബഹുമാനവുംഒക്കയും ദ്വെഷമായിതിരിഞ്ഞ പറഞ്ഞൊപ്പിപ്പാൻ വശമല്ലാത്തവണ്ണംഅവരെ അക്രമപ്പെടുത്തിയും ഞെരുക്കിയുംവരുന്ന ദിവസങ്ങളിൽഉയരപ്പെട്ടവന്റെ മനൊഗുണത്താലെ അവരെ രക്ഷിപ്പാൻ മൂശ എന്ന നിവ്യാ പുറപ്പെട്ടപ്പൊൾ ഇസ്രായെൽക്കാറരെ തന്റെ അടിമയിൽനിന്നും നീക്കാതെ ഇരിപ്പാനും മൂശയെ നശിപ്പിപ്പാനും ദുഷ്ടനായ പെറഓൻ രാജാവു ആകുന്ന പ്രയത്നമൊക്കയും ചെയ്തു എന്നപൊലെ മലങ്കര ഇടവകയിൽ തുടക്കത്തിൽ പാരം എളിമയൊടും വഴക്കത്തൊടുംകൂടെ പുക്ക ഇന്ന ബലത്തൊടും മുഷ്ക്കരത്വത്തൊടുംകൂടെ അവിടെയുള്ള ജനങ്ങളെ തങ്ങളുടെ അടിമയിൽ പിടിച്ചും ഞെരുക്കിയും വരുന്ന നാളുകളിൽ തങ്ങളുടെ അടിമയിൽനിന്നും മലങ്കരെയുള്ള ജനങ്ങളെ രക്ഷിപ്പാൻ മലങ്കരെയുള്ള മാർ തൊമ്മാനസ്രാണികളുടെ ജാതിയിൽനിന്നും കുലത്തിൽനിന്നും തന്നെ ഈ ജാതിക്കു വെറുവാഴ്ച ഉണ്ടായ പ്രകാരം കണ്ടപ്പൊൾ താൻ അവിടെ ചെല്ലുമ്പൊൾ അവിടെയുള്ള തങ്ങളുടെ വാഴ്ചക്കു നഷ്ടം വരുമെന്നു വിചാരിച്ചുതന്നെ മലങ്കരക്കു അയക്കാതെ ലിസ്ബൊ ആയിൽ തന്നെ പാർപ്പിക്കുന്നതിന്നു ശക്തി ഒക്കെയൊടുംകൂടെ ശ്രമിപ്പാൻ ഉപെക്ഷിച്ചതും ഇല്ല. എന്നാൽ മെൽചൊല്ലിയവണ്ണം ഈന്ദിയാമുഖത്തെ സർവ്വാധികാര്യക്കാരൻ മത്തീഞ്ഞു ദെ റെമല്ലിന ഞങ്ങളുടെ നെരെ നല്ല രസം ഇല്ലെന്നു കണ്ട ഉടൻ നമ്മുടെ ശത്രുക്കൾ ആകുന്ന പാതിരിമാരും മററും ഈന്ദിയായിൽനിന്നും വന്ന ഈ പാവപ്പെട്ട അന്യക്രമത്തിലുള്ള പട്ടക്കാരനെ കൊടുങ്ങല്ലൂർ മെത്രാപ്പൊലീത്താ ആയിട്ടു കല്പിച്ചതു ഈ രാജിതത്തിന്റെ ക്രമചട്ടത്തൊടു മറുത്തുള്ളതും പറങ്കിജാതിക്കും മററു എറൊപ്പയിൽ ഉള്ള ജനങ്ങൾക്കും ഈന്ദിയായിൽ ഉള്ള ബഹുമാനത്തിന്നും മുഷ്ക്കരത്വത്തിന്നും കുറച്ചിലും നഷ്ടവും വരുത്തുവാൻ തക്കതുമായ ദൊഷത്വമായ ഒരു പ്രവത്തി അത്രെ ആകുന്നതു. അതെന്തെന്നാൽ പ്രത്തുക്കാൽ രാജാവു മെത്രാനായി പെരു വിളിക്കുന്നതു പറങ്കിജാതിയിൽ ഉള്ളവർ ആയിരിക്കണമെന്നു രാജിതത്തിന്റെ ക്രമചട്ടങ്ങളുടെ പുസ്തകത്തിൽ കല്പിച്ചിരിക്കുന്നതു എത്രയും ബുദ്ധിയൊടും വിചാരത്തൊടുംകൂടെ കല്പിച്ചിരിക്കുന്ന കല്പന അത്രെ ആകുന്നു. അതെന്തെന്നാൽ അന്യ ജാതിയായി വന്നാൽ പ്രത്തുക്കാൽ രാ-



ജാവിനൊടു വെണ്ടുന്ന വിശ്വാസവും ചൊല്ലുവിളിയും കാത്തു വരികയില്ല. എന്നു വരുമ്പൊൾ കൊടുങ്ങല്ലൂർ മെത്രാനായിട്ടു രാജസ്രീ കഴലപ്പെടുത്തി വാഴ്ചയും കൊടുത്ത ഈ കരിയാട്ടി മലങ്കരെ ചെന്ന ഉടൻ അവിടെയുള്ള മലയാൻകാററു പറങ്കിമാരെയും ശെഷമുള്ള എറൊപ്പക്കാറരെയും ഉപെക്ഷിച്ച ഈ മെത്രാപ്പൊലീത്തായുടെ കീഴിലായതിന്റെ ശെഷം ഈന്ദിയ ഒക്കയും പിന്നെ ശെഷം മെത്രാന്മാരെ അവർതന്നെ കഴലപ്പെടുത്തിവാഴിക്കയും ചെയ്യും. എന്നു തന്നെ അല്ല ഈന്ദിയായിൽ ഉള്ള മററു ജാതികൾക്കും തങ്ങൾ തങ്ങൾക്കു തങ്ങൾ തങ്ങളുടെ ജാതിയിൽ തന്നെ മെത്രാന്മാരെ ഉണ്ടാക്കുവാൻ ഇതുതന്നെ അവകാശവും വഴിയും ആയി വരുമെന്നതുകൊണ്ടു ഈന്ദിയാരാജ്യത്തു നമ്മുടെ രാജാവിന്നുള്ള മുഷ്ക്കരത്വവും എറൊപ്പക്കാററുടെ ബഹുമാനവും രാജസ്രീ കാട്ടിയ ഈ ഒരു പ്രവൃത്തിയാലെ നഷ്ടമായിരിക്കുന്നു എന്നും ഇങ്ങിനെ ചൂടും എരിവും തൊന്നത്തക്ക മററു വചനങ്ങളും മഹാ ശക്തിയൊടും സങ്കടത്തൊടുംകൂടെ പറഞ്ഞു തുടങ്ങുകയും ഈ സർവ്വാധികാര്യക്കാരനു മുമ്പിൽതന്നെ ഞങ്ങളൊടു നല്ല രസമില്ലാത്ത ഹെതുവാൽ ഞങ്ങളൊടു മറുത്തു പറയുന്ന വചനങ്ങൾ ഒക്കയും നല്ലതിന്മണ്ണം ചെവി കൊടുത്തു വരികയും ചെയ്യുന്നതു ഒഴിയെ ആയതുകൊണ്ടുതന്നെ മതിയാക ഇല്ലെന്നു കണ്ടു വിഷ്ക്കൊന്തിയുടെ വീട്ടിലും മർക്കെസ അൻജെ ജായുടെ വീട്ടിലും മററും ഞങ്ങളൊടു കുറും സ്നെഹവും ഉള്ള പല പ്രധാനികളുടെ ഭവനങ്ങളിലും പ്രത്തുക്കാലിൽ അറിവും ഇരിപ്പും ഉണ്ടെന്നു പ്രസിദ്ധമായിരിക്കുന്ന മല്പാന്മാരായ പാതിരിമാരുതന്നെ ചെന്നു പത്തുക്കെ പത്തുക്കെ ഞങ്ങളൊടു മറുത്തു പറഞ്ഞു തുടങ്ങുകയും ചെയ്തു.

ഇങ്ങിനെ ഇരിക്കുന്ന മദ്ധ്യെ നമ്മുടെ സ്നെഹകാരനാകുന്ന മെഷ്ക്കീത്താപാതിരി തന്റെ മരുമകനു നാലുപട്ടം കൊടുക്കണമെന്നു നമ്മുടെ മെത്രാപ്പൊലീത്തായൊടു അപെക്ഷിച്ചാറെ പാത്രിയർക്കായുടെ അനുവാദം മെടിച്ചാൽ തന്റെ അപെക്ഷപൊലെ കൊടുക്കാമെന്നു പറയുകകൊണ്ടു മെഷ്ക്കീത്താപാതിരിയും പാത്രിയർക്കയൊടു അപെക്ഷിക്കയും പാത്രിയർക്കായും ആയതു കൊടുക്കയും ചെയ്തതിന്റെ ശെഷം തന്റെ മരുമകനെ മെത്രാപ്പൊലീത്തായുടെ അടുക്കൽ അയക്കയും മെത്രാപ്പൊലീത്തായും ലത്തീനിൽനിന്നും പെത്തുണ്ടാക്കിയ സുറിയാനിക്രമത്തിൽ [1] അവനു പട്ടം കൊടുക്കയും ചെയ്തു.

---

1. മാർദിനിലെ കൽദായ ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്ന 39-ാം നമ്പർ കൈയെഴുത്തുപ്രതി ലത്തീൻ മെത്രാഭിഷേക കർമ്മത്തിന്റെ പൗരസ്ത്യസുറിയാനി തർജമയാണ്. മാർത്തോമ്മാ ക്രിസ്ത്യാനികളെ നയിച്ച കൽദായ മെത്രാന്മാരിൽ അവസാനത്തേതിനു മുമ്പുള്ളയാളായ മാർ ജോസഫ് പോർച്ചുഗീസുകാരുടെ സമ്മർദഫലമായി ചെ

www.malankaralibrary.com

ആയതിന്റെ ശെഷം കുറെനാൾ കഴിഞ്ഞപ്പൊൾ ലിസ്ബൊആയിൽ പുത്തനായി മെത്രാന്മാർ വാഴ്ച കഴിഞ്ഞാൽ മുമ്പിലത്തെ ഉപ്രശ്രുമ ലൊകൎക്കു കൊടുപ്പാൻ മര്യാദി ഉണ്ടായിരുന്നതിനാംപക്കം ഈ മര്യാദിക്കു തക്കവണ്ണം മുമ്പിലത്തെ ഉപ്രശ്രുമ കൊടുക്കണമെന്നും ആയതിന്നു തന്റെ ആശ്രമത്തിന്റെ പള്ളിയിൽ വെണ്ടുന്നതു ഒക്കയും താൻ വിദയം വരുത്താമെന്നും മുമ്പിൽ സംബന്തു എന്ന ആശ്രമത്തിന്റെ കാര്യം വിചാരിക്കുന്നവനും പിന്നെ എമ്പ്രുല്പ എന്ന ദർശനവീട്ടിന്റെ മൂപ്പനും ആകുന്ന നമ്മുടെ സ്നെഹിതൻ തൊമ്മാപാതിരി നമ്മുടെ മെത്രാപ്പൊലീത്തായൊടു അപെക്ഷിക്കകൊണ്ടു മെത്രാപ്പൊലീത്തായും പാത്രിയർക്കായുടെ അനുവാദവും വാങ്ങിക്കൊണ്ടു എമ്പ്രുല്പ എന്ന ദർശനത്തിന്റെ പള്ളിയിൽചെന്നു മുമ്പിലത്തെ ഉപ്രശ്രുമ കൊടുക്കാനിരിക്കുന്ന വിവരം കെട്ടു ഈ പള്ളി നിറച്ചു ആളുകൾ ഈ കുദാശ കൈക്കൊള്ളുവാനായിട്ടു അവിടെക്കു എത്തുകയും മെത്രാപ്പൊലീത്തായും മെൽപട്ടസുഖത്തിന്റെ ചമയങ്ങൾ ഒക്കയും ഇട്ടതിന്റെ ശെഷം ഈ കുദാശയുടെ പെരുമമെലും അതിനെ കൈക്കൊള്ളുന്നവൎക്കു വെണ്ടിയ ആസ്ഥപ്പാടിന്മെലും അരമണിക്കൂറു നെരത്തെക്കു ഒരു ചെറിയ പൊരുൾപടാത്തയും പറഞ്ഞ ആ കൂടിയ ആളുകൾ എല്ലാവൎക്കും മുമ്പിലത്തെ ഉപ്രശ്രുമ കൊടുക്കയും സംബന്തു എന്ന ആശ്രമത്തിലുള്ള പാതിരിമാരു അടുത്തുനിന്നു ചിററാഴ്മ ചെയ്യുകയും ചെയ്തു.

വിശെഷിച്ചും സുറിയാനിപെച്ചിൽ ഈ മുമ്പിലത്തെ ഉപ്രശ്രുമ കൊടുപ്പാൻ ഭാവിച്ചാറെ ഈ പെച്ചു കെട്ടിട്ടില്ലാത്ത നാട്ടിൽ ഉതപ്പിന്നു കാരണമായിതീരുമെന്നു ക്രമങ്ങളുടെ മല്പാനും മററും പറഞ്ഞതുകൊണ്ടു ലത്തീൻഭാഷയിൽതന്നെ കൊടുക്കയും ചെയ്തു. എന്നാൽ ഉച്ചതിരിഞ്ഞു രണ്ടുമണിക്കു ഈ ക്രിയ തുടങ്ങിയാറെ ആയതിനെ കൈക്കൊണ്ട ആളുകളുടെ പെരുപ്പംകൊണ്ടു അഞ്ചര മണിയൊളം താമസിക്കെണ്ടി വരികയും ചെയ്തു. അപ്പൊഴെ ഇങ്ങിനെ മെഷ്ക്കീത്തായുടെ മരുമകനു നമ്മുടെ മെത്രാപ്പൊലീത്ത പട്ടം കൊടുത്തതും എമ്പ്രുല്പാ എന്ന പള്ളിയിൽ ചെന്നു മുമ്പിലത്തെ ഉപ്രശ്രുമ കൊടുത്തപ്രകാരവും നമ്മുടെ ശത്രുക്കൾ കെട്ടപ്പൊൾ മുമ്പിൽ നമ്മുടെ മെത്രാപ്പൊലീത്തായെക്കൊണ്ടു പറഞ്ഞതു ഒന്നും മതിയാകാതെ മെത്രാപ്പൊലീത്താ പള്ളി

---

യ്ത തർജമ പാറേമാക്കൽ ചിട്ടപ്പെടുത്തിയതാണ് ഈ പ്രതി. താൻ റീത്തുമാററത്തെ അനുകൂലിക്കുന്നില്ലെന്നും അത്യാവശ്യം ഹേതുവായാണ് ഇതു നിർവഹിക്കുന്നതെന്നും പാറേമാക്കൽ ആമുഖക്കുറിപ്പായി എഴുതിയിരിക്കുന്നു. കൽദായ ചൈതന്യം അതിന്റെ തനിമയിൽ പുലർത്താൻ കരിയാററിലിനോടും പിൻഗാമികളോടും അദ്ദേഹം അഭ്യർത്ഥിക്കുന്നുമുണ്ട്.



ക്കടുത്ത കാനൊനാകൾ അറിഞ്ഞിട്ടില്ലാ എന്നും താൻ സുറിയാനിക്കാരൻ ആയിരിക്കുമ്പൊൾ പള്ളിയുടെ കാനൊനായൊടു മറുത്തും പണ്ടുപണ്ടെയുള്ള വഴക്ക സുഖത്തൊടു മറുത്തും ലത്തീൻകാരനു പട്ടംകൊടുത്തു എന്നും തന്റെ ക്രമത്തിൽ അല്ലാതെ ലത്തീൻഭാഷയിൽ മുമ്പിലത്തെ ഉപ്രശ്രുമ കൊടുത്തു എന്നും ഇതുകൊണ്ടു ഇടവക ഭരിപ്പാൻ പ്രാപ്തി ഉള്ളവൻ അല്ലാ എന്നും പറയുകയും ഇങ്ങിനെ പറഞ്ഞു നടത്തുകയും ചെയ്തു.

## വിചാരം

നമ്മുടെ മെത്രാപ്പൊലീത്താ സുറിയാനിക്രമത്തിൽ ലത്തീൻകാരനു പട്ടം കൊടുത്തതിന്മെൽ പാതിരിമാർ സംസാരം ഉണ്ടാക്കി ആയതു ന്യായം അല്ലെന്നു പരബൊധം വരുത്തുകയും നമ്മുടെ മലങ്കരെ അവർതന്നെ സുറിയാനിക്കാരായ നമുക്കു ലത്തീൻ ക്രമത്തിൽ പട്ടം തന്നതിന്നു കുററം ഇല്ലെന്നും ഇങ്ങിനെ ഈ പക്ഷപ്രതിയായ ന്യായംവിധി ഓൎത്തു കാണുമ്പൊൾ ഇനിക്കു പാരം ചിരി തൊന്നുന്നുമുണ്ടു.

എന്നാൽ മെൽപറഞ്ഞ രണ്ടു കാര്യങ്ങൾകൊണ്ടും നമ്മുടെ ശത്രുക്കൾ പറഞ്ഞു നടന്നതു ഒക്കയും എത്രയും പക്ഷപ്രതിയുംദ്വെഷവും ആകുന്നു എന്നു ബുദ്ധിയുള്ള ആളുകൾ ഒക്കെക്കും അറിയാവുന്ന കാര്യമായിരിക്കുന്നു. എങ്കിലും അറിവില്ലാത്ത ജനങ്ങൾക്കു ഉതപ്പു വരുവാൻ പൊരുമെന്നതുകൊണ്ടും ഇങ്ങിനെ നമ്മുടെ മെത്രാപ്പൊലീത്താ കാട്ടിയതിന്റെ അവകാശം എന്തെന്നു നമ്മെ സ്നെഹമുള്ള ചില പ്രധാനപ്പെട്ടവർ നമ്മൊടു ചൊദിക്കകൊണ്ടു നിങ്ങളൊടു ചൊദിക്കുന്നവർ ഒക്കയൊടും കഴിവു പറവാൻ ആസ്ഥമായിരിക്കുന്നവർ നിങ്ങൾ ആകുവിൻ എന്നു മാർ പത്രൊസ ശ്ലീഹാ പറയുന്നപൊലെ ഇങ്ങിനെ മെത്രാപ്പൊലീത്താ ചെയ്ത മെൽപറഞ്ഞ രണ്ടു പ്രവൃത്തികളുടെ അവകാശവും ന്യായവും ദിഷ്ടതിയും ദൈവശാസ്ത്രക്കാറരുടെ വിധിക്കുതക്കവണ്ണം ഒരു പടാർത്ത ആയി ലത്തീൻഭാഷയിൽ ഞാൻ എഴുതി ഉണ്ടാക്കിയതിന്റെ ശെഷം ആയതു ഞാൻ യുസ്സെ യൊആക്കീം എന്ന നമ്മുടെ സ്നെഹക്കാരൻ പറുങ്കിക്കാരനെക്കൊണ്ടു പറുങ്കിഭാഷയിൽ പകൎത്തി ഈ കാര്യത്തിന്മെൽ നമ്മൊടു ചൊദിച്ചവരുടെ പററിൽ കൊടുക്കയും ചെയ്തു. ഇതുമെന്യെ നമ്മുടെ ശത്രുക്കൾ പറയുന്ന വചനങ്ങൾക്കു ഉത്തരംകൊടുത്ത നമ്മുടെ ന്യായവും ബഹുമാനവും കാർപ്പാൻ വർഗ്ഗന്യായത്താൽതന്നെ കടം ഉണ്ടായിരിക്കുന്നതിനെക്കൊണ്ടു വളരെ താമസിയാതെ മെത്രാപ്പൊലീത്തായും ലത്തീൻഭാഷയിൽ വളരെ ചെർച്ചയും ചിതവും ഉള്ളപ്രകാരത്തിൽ നമ്മുടെ ശു. വിശ്വാസത്തിന്റെ കാതലുകൾ ഒക്കയുംഅടങ്ങിയിരിക്കുന്ന ഒരു എടവകസ്സൂടുത്ത സാധനം എഴുതിഉണ്ടാക്കി ആയതു മലയാൻ വാക്കിൽ പകൎത്തി ഇങ്ങിനെ ഒരു ഭാഗത്ത ലത്തീനി

www.malankaralibrary.com

ലും അതിനൊടു നെരെ മറെറ ഭാഗത്ത മലയാഴ്മയിലും എഴുതി ഉണ്ടാക്കി രണ്ടു പുസ്തകം ഒപ്പിച്ചു എത്രയും അഴകും ചെർച്ചയും ഉള്ള പ്രകാരത്തിൽ കുത്തിച്ചു പൊന്നു സുരാലിച്ചു ആയതിൽ ഒന്നു രാജാവിന്നു കാഴ്ചയും വെച്ചു മറെറതു വിഷ്ക്കൊന്തിക്കും കൊടുത്തു. ഇങ്ങിനെ നമ്മുടെ മെത്രാപ്പൊലീത്ത അറിവില്ലാത്തവനാകുന്നു എന്നു പറഞ്ഞുനടന്ന ദുഷ്ടന്മാരെ നാണിപ്പിക്കയും ചെയ്തു.

ഈ ഇടവകക്കു അടുത്ത സാധനം അറിവും പഠിത്വവും ഉള്ള ആളുകൾ ഒക്കെയും സമ്മതിക്കയും ചെയ്തു. വിശെഷിച്ചും ഞാൻ ഉണ്ടാക്കിയ പടാത്തയുടെയും മെത്രാപ്പൊലീത്തായുടെ ഇടവകക്കടുത്ത സാധനത്തിൻെറയും പകർപ്പു ഈ പുസ്തകത്തിൻെറ ഒടുക്കത്തിൽ എഴുതി കാട്ടിതരികയും ചെയ്യും.

ഇങ്ങിനെ ഇരിക്കുന്ന മദ്ധ്യെ മെത്രാപ്പൊലീത്തായിക്കു ആ ആണ്ടിൽ കൊടുപ്പാനുള്ള മാസപ്പടി ഇത്ര നെരവും കൊടുത്തതും ഇല്ല എന്നു വിഷ്ക്കൊന്തിയുടെ മകൾ കൊന്തെസ്സ ദെഒബെീത്തുർസ കെട്ടാറെ തനിക്കു ഞങ്ങളുടെ മെൽ കരുണയും സ്നെഹവും തൊന്നി മര്യാദിപൊലെമെത്രാപ്പൊലീത്തായുടെ പിടിപാടുസാധനവും പറങ്കിഭാഷയിൽപകർത്തിച്ചു അപെക്ഷയും ഉണ്ടാക്കിച്ചു രാജഭണ്ഡാരപുരയിൽ കൊടുത്ത മര്യാദിപൊലെയുള്ള ആ ആണ്ടത്തെ മാസപ്പടി വാങ്ങി തന്നതുമൊഴിയെ ലിസ്ബൊആയിൽ മെത്രാപ്പൊലീത്താ പാർത്തിരുന്ന നാളുകൾ ഒക്കെയിലും ഈ സ്ത്രീ തന്നെ ശ്രമിച്ചു മാസപ്പടി വാങ്ങിതരികയും ചെയ്തിരുന്നു. ഇതെല്ലാം കഴിയുന്ന ഇടയിൽ ഇനിക്കു വസൂരി ഉണ്ടായാറെ ആയതിന്നു ഭെദം വന്നപ്പൊൾ മെത്രാപ്പൊലീത്തായ്ക്കു വസൂരി തുടങ്ങുകയും ചെയ്തു. വിശെഷിച്ചും മെത്രാപ്പൊലീത്തായിക്കു ഉണ്ടായ ദീനത്തിനു വൈദ്യം ചെയ്യാൻ വന്ന ബർബ്രൊസാ എന്ന വൈദ്യനാരും അന്തൊനിദെസ്സാ എന്ന ചൊരകൊത്തിയും പറഞ്ഞവണ്ണം ആ ആണ്ടിൽ ലിസ്ബൊആയിൽ ഉണ്ടായതു ഒക്കെക്കായിലും പാരം കഠിനവും മരണലക്ഷണവും ഉള്ള ദീനമായിരിക്കകൊണ്ടു ഈ ദീനത്താൽ തങ്ങളുടെ അപെക്ഷ സാധിച്ചു തങ്ങളുടെ സങ്കടത്തിന്നു പതം വരുമെന്നു നമ്മുടെ ശത്രുക്കൾ ഒക്കെയും സന്തൊഷപ്പെട്ടും നിനച്ചും ഇരിക്കുമ്പൊൾ അളവില്ലാത്ത മനൊഗുണവും നന്മയും ഉള്ള ഉടയതമ്പുരാൻ നമ്മുടെ ശത്രുക്കളുടെ പരിഹാസത്തിന്നു എട ആക്കാതെ അററമില്ലാത്ത തൻെറ മനൊഗുണത്തിൻെറ മഹത്വം കാട്ടി നമ്മുടെ മറുതലക്കാററായ ശത്രുക്കളുടെ നിരൂപണയും നാണിപ്പിച്ചു വളരെനാൾ കഴിയുന്നതിന്നുമുമ്പിൽ ദീനത്തിൻെറ ഉഗ്രമത്തിൽനിന്നും മരണയൊഗ്യത്തിൽനിന്നും രക്ഷിച്ചു ദീനത്തിന്നു ശമനംവരികയും ചെയ്തു.

വിശെഷിച്ചും കയത്താനൊസുപാതിരിയും ശെഷം ഗൊവക്കാരും ഈ ദീനത്തിൻെറ നെരത്തു പലപ്പൊഴും വന്നു കാൺകയും ചെയ്തു.



ഇങ്ങിനെ ദീനത്തിന്നു ശമനം വന്നതിൻെറ ശെഷം ഈന്ദിയായിക്കു പൊരുവാൻ കപ്പൽ ആസ്ഥമായിരിക്കുന്ന സമയം ആകകൊണ്ടു ഞങ്ങളെ കൂടെ ഈ ആണ്ടിൽ ഈന്ദിയായിക്കു അയപ്പാനുള്ളതിന്മെൽ ഈന്ദിയാ മുഖത്തെ സർവാധികാര്യക്കാരനുമായിട്ടു മെത്രാപ്പൊലീത്താ ശ്രമിച്ചു കണ്ടാറെ ആയതു കണക്കാകുക ഇല്ലെന്നു കാൺകകൊണ്ടു ഈ ആണ്ടുകൂടെ ലിസ്ബൊആയിൽ താമസിക്കെണ്ടിവരികയും ഈ എടയിൽ നമ്മൊടു മറുത്തു അന്നു പാതിരിയും ഇന്നു കൊച്ചിയിൽ മെത്രാനുമാകുന്ന യൗസ്സെ ദെ സൊല്ലിദാരെ എന്ന കർമ്മലീത്താപാതിരിയും നമ്മുടെ മലങ്കരെ മാർഗ്ഗം അറീക്കുന്നവരും ഞങ്ങളൊടു മറുത്തു എഴുതി അയച്ചു സാധനങ്ങളും കുറികളും ലിസ്ബൊആയിലും റൊമ്മായിലും വന്നെത്തുകയും ചെയ്തു [1].

## എഴുപത്തിരണ്ടാംപദം

പാതിരി യൗസെപ്പു ദെ സൊല്ലിദാരെ എന്ന കൊച്ചിയിൽ മെത്രാനും നമ്മുടെ മലങ്കരെയുള്ള മാർഗം അറീക്കുന്നവരും നമ്മുടെ കാര്യത്തിന്മെൽ എഴുതി അയച്ചതിന്മെൽ

ഈ പുസ്തകത്തിൻെറ ൫൧ (51)-ാം പദത്തിൽ ചൊല്ലിയിരിക്കുന്നപൊലെ മാർതൊമ്മാമെത്രാൻെറ കാര്യത്തിന്നു മാർപാപ്പായുടെ നാമത്താൽ അന്നു കൊച്ചിയുടെ മെത്രാനും ഇന്നു ഗൊവയുടെ മെത്രാപ്പൊലീത്തായും ആകുന്ന ബഹുമാനപ്പെട്ട അച്ചന്നു കർദ്ദിനാൾ അന്തൊനെല്ലി എഴുതിയ സാധനത്തിന്നു മറുപടി ആയിട്ടു ഇന്നു കൊച്ചിയിൽ മെത്രാനാകുന്ന യൗസെപ്പു ദെ സൊല്ലിദാരെ എന്ന പാതിരി ഒട്ടു നല്ലവണ്ണവും ഒട്ടു ആകുന്ന വണ്ണവും ഒട്ടു നമ്മൊടു സഹായമായിട്ടും ഒട്ടു നമ്മൊടു വിരൊധമായിട്ടും നെരായിട്ടും ഭൊഷ്ക്കായിട്ടും എഴുതി അയച്ചതിൻെറ പകർപ്പു

---

1. ഗോവാ അഡ്മിനിസ്ട്രേറ്റർ കൊച്ചി മെത്രാനായിരിക്കുമ്പോൾ മാർത്തോമ്മായെപ്പററി അന്വേഷണങ്ങൾ നടത്താൻ ഉത്തരവിട്ടു. ഫാദർ ജോസ് ദെ. സൊലെദാദ് ഒ സി. ഡി. യാണ് അന്വേഷണം നടത്തിയത്. പിന്നീട് അദ്ദേഹം കൊച്ചി മെത്രാനായി. ബോംബെയുടെയും മലബാറിൻെറയും വികാരി അപ്പസ്തോലിക്കയായിരുന്ന മോൺ. കരോൾ ഒ. സി. ഡി. യും അന്വേഷണം നടത്തി. മാർത്തോമ്മായുടെ മെത്രാഭിഷേകം സാധുവല്ലെന്നും തൻെറ പിൻഗാമികൾ തൻെറ കുടുംബത്തിൽനിന്നുതന്നെ ആയിരിക്കണമെന്നു മാർത്തോമ്മാ ആവശ്യപ്പെട്ടിരുന്നുവെന്നും അദ്ദേഹം സൈമണിയെന്ന കുററം ചെയ്തിരുന്നുവെന്നുമായിരുന്നു മോൺ. കരോളിൻെറ കണ്ടുപിടുത്തം. അദ്ദേഹത്തിൻെറ റിപ്പോർട്ട് 1781 ഏപ്രിൽ 26-നാണ് പ്രൊപ്പഗാന്തായ്ക്കു് അയച്ചുകൊടുത്തത്. മാർത്തോമ്മായെ സ്വീകരിക്കുവാൻ കൊച്ചി മെത്രാനു കൊടുത്തിരുന്ന അധികാരങ്ങൾ ഡോ. കരിയാററിക്കും കൊടുത്തിരുന്നു.

www.malankaralibrary.com

പാരം നീളമുള്ള ഒരു വസ്തു ആകുന്നതിനെകൊണ്ടു ഇപ്പൊഠ ഇവിടെ എഴുതിയാൽ നമ്മുടെ വിശെഷത്തിന്നു കലക്കം വരുത്തുവാൻ പൊരുമെന്നു വിചാരിക്കകൊണ്ടു ഈ നമ്മുടെ പുസ്തകത്തിന്റെ ഒടുക്കത്തിന്നു സംഗ്രഹിക്കയും ചെയ്യുന്നു.

വിശെഷിച്ചും നമ്മുടെ മാഗ്ഗം അറിയിക്കുന്നവർ ആയ നമ്മുടെ എജമാനൻമാർ നമ്മുടെ കാര്യത്തിന്നു എഴുതി അയച്ച അവസ്ഥ കെഠപ്പാൻ നമ്മുടെ ജനങ്ങഠക്ക പാരം ആഗ്രഹവും മനസ്സും ഉണ്ടായിരിക്കും എന്നതിനെക്കൊണ്ടും നാം പാരം ബഹുമാനിക്കയും ആചരിക്കയും ചെയ്യുന്ന നമ്മുടെ എജമാനന്മാർ പുറമെയുള്ള നാടുകളിൽ നമ്മെ സ്നെഹിച്ചു വരുന്ന പ്രകാരം അറിവാനായിട്ടും അവർ നമ്മെ കുറിച്ചു എഴുതി അയച്ച കുറിയിൽ അടങ്ങിയിരിക്കുന്ന സ്വല്പം കാര്യങ്ങളിൽ ചിലതു ചുരുക്കത്തിൽ ഇവിടെ എഴുതുകയു ചെയ്യുന്നു, അതായതു[2]

൧. കരിയാട്ടിൽ യൌസെപ്പു പാതിരിയെയും തന്റെ കൂട്ടുകാരനെയും പ്രത്തുക്കാലിന്നു അല്ല പിന്നയൊ റൊമ്മായിക്കുമാത്രമത്രെ യാത്രയാക്കിയിരിക്കുന്നതു.

൨. ഒരു സുറിയാനിക്കാരൻ മെത്രാന്റെയും രണ്ടു സുറിയാനിക്കാററു മല്പാൻമാരുടെയും പത്തു മാർഗ്ഗമറിയിക്കുന്നവരുടെയും ജാതിക്കാരിൽ ൩൨ പഠിതക്കാക്ക വെണ്ടി ഒരു പഠിതവീട്ടിന്റെയും കാര്യം ക്ലെശിപ്പാനത്രെ അവരെ അയച്ചിരിക്കുന്നതു.

൩. കരിയാട്ടിയും ശെഷം തന്റെ കൂട്ടരും പുറപ്പെട്ടതു ലൊകകാര്യങ്ങളെകുറിച്ചല്ലാതെ മററു ഒരു കാര്യങ്ങളെ കുറിച്ചും അല്ല.

൪. മലയാളത്തിൽനിന്നും കരിയാട്ടി പുറപ്പെട്ടതിന്മെൽ തിരുവാൻകൊട്ടു രാജാവിന്നു വളരെ ക്ലെശം ഉണ്ടായി എന്നു.

൫. ഇയാഠ ഇനി ഇവിടെക്ക വന്നാൽ ഈ നാട്ടിൽ മുമ്പിൽ ഉണ്ടായിരുന്നതു ഒക്കെക്കായിൽ ഏററം വലുതായിട്ടുള്ള വാശിയും കഷ്ടമായ കലക്കവും ഉണ്ടാകുമെന്നതിന്നു കുറവു വരികയില്ല.

൬. ഏററം കുലശ്രെഷ്ഠതയുള്ള തന്റെ ജാതിക്കാററുതന്നെയും തങ്ങളുടെ മെത്രാനായിട്ടു കരിയാട്ടിയെ കൈക്കൊള്ളുകയില്ല എന്നു.

൭. മലങ്കരെയുള്ള ജനങ്ങഠക്ക ഭരിപ്പാൻ അറിവില്ല. എന്നു തന്നെ അല്ലാ മലങ്കരെ ഉള്ള ജനങ്ങഠ ജാതിക്കാററ മെത്രാന്മാക്കു കീഴവഴങ്ങുകയും ഇല്ലാ.

2. 1784 ജനുവരി 14-ാം തീയതി ഒരു കർമ്മലീത്താ മിഷനറിയായ പൗലീനോസ് ലിസ്ബണിലെ പേപ്പൽ നൺഷിയോയ്ക്കു അയച്ച കത്തിലും ഈ കുററാരോപണങ്ങഠ കാണുന്നുണ്ട്.





നിനക്ക ഒന്നും തൊന്നുകയും വെണ്ട. അതെന്തെന്നാൽ തന്റെ ജാതിക്ക അടക്കി വരുന്ന മെനിക്ഷയം ആകുംവണ്ണം ശ്രമിച്ചു ഒഴിപ്പാൻ എല്ലാവക്കുമുള്ള കടമത്രെ ആകുന്നു. അപ്പൊഴെ കരിയാട്ടിൽ യൌസെപ്പു പാതിരിയെയും തന്റെ കൂട്ടരെയും പ്രത്തുക്കാലിന്നു അല്ല പിന്നയൊ റൊമ്മായിക്ക മാത്രമത്രെ യാത്രു ആക്കിയതു എന്നു മുമ്പിൽതന്നെ നീ പറഞ്ഞതു ഓത്തുകണ്ടാൽ കണ്ടൻ കാലെന്നും ചൊല്ലി കഴുതക്കാലിന്മെൽ പിടിച്ചു എന്നുള്ള കിടാങ്ങളുടെ കഥപൊലെ ഇരിക്കുന്നു. എന്നു വരുമ്പൊഠ ഞങ്ങഠ മലങ്കരനിന്നും പുറപ്പെട്ട അവസ്ഥമെൽ ഇത്രയൊക്കയും നീ അറിഞ്ഞതിനാംപക്കം തങ്ങടെ ജാതിക്കും പള്ളികഠക്കും ഉപകാരവും ഗുണവും വരുന്ന വസ്തുക്കഠ ഒക്കയും ഞങ്ങഠ ശ്രമിപ്പാനുള്ളതിന്നു എഴുത്താലെയും വചനത്താലെയും ഞങ്ങളുടെ യൊഗം ഞങ്ങഠക്ക തന്നിരിക്കുന്ന സവ്വഅനുവാദം നീ അറിയാഞ്ഞതിന്മെൽ ഇനിക്ക പാരം അപൂർവ്വം തൊന്നുന്നുമുണ്ടു. എന്നു വരുമ്പൊഠ ഈ കാര്യത്തിന്മെൽ വിചാരിച്ചാൽ ഏലിശാ നിവ്യായെ പിടിപ്പാൻ സുറിയായുടെ രാജാവു അയച്ച ആളുകഠക്ക അനുഭവിച്ചതുപൊലെ നിനക്കും അനുഭവിച്ചു എന്നെ പറയെണ്ടു. അപ്പൊഴെ ഇസ്രായെലിന്റെ രാജാവിനൊടു മറുത്ത സുറിയായുടെ രാജാവു പട എടുത്താറെ ഈ സുറിയായുടെ രാജാവു ഇസ്രായെൽക്കാററൊടു ചെയ്യാനായിട്ടു പലപല പതിയിരിപ്പുകളും ചതിവുകളും ക്രമപ്പെടുത്തിയാറെ ആയതു ഒക്കയും ഏലിശാനിവ്യാ തന്റെ ദിവ്യസുഖത്തിനാൽ കണ്ടു ഇസ്രായെലിന്റെ രാജാവിനൊടു അറീക്കയും ഇസ്രായെലിന്റെ രാജാവും ആയതു അറിഞ്ഞു അതൊക്കയിൽനിന്നും രക്ഷപെടുകയും ചെയ്യുന്നപ്രകാരം സുറിയായുടെ രാജാവു അറിഞ്ഞതിന്റെ ശെഷം ഏലീശയെ പിടിപ്പാനായിട്ടു താൻ ഇരിക്കുന്ന കർമ്മല എന്ന മലയ്ക്കു സുറിയായുടെ രാജാവു ഏറിയ കുതിരക്കൂട്ടങ്ങളെയും പടപുരുഷാരത്തെയും അയച്ചാറെ ഇവർ ചെന്ന കർമ്മലമല ചുററി വളഞ്ഞതു നിവ്യായുടെ ചെറുക്കൻ കണ്ടു പരിഭ്രമിച്ചു ഈ അവസ്ഥ നിവ്യായൊടു അറിയിച്ചാറെ നിവ്യാ അവനൊടു പറഞ്ഞു നിനക്ക ഒരു ഭയവും വെണ്ട ഈ ആളുകളെക്കായിൽ ഏററം പുരുഷാരം ഉണ്ടെന്നും പറഞ്ഞ വാലിഭക്കാരന്റെ കണ്ണു തുറപ്പാൻ നിവ്യാ തമ്പുരാനൊടു അപെക്ഷിക്കയും തമ്പുരാൻ അവന്റെ കണ്ണു തുറന്നു തങ്ങളുടെ ചുററും തങ്ങളുടെ സഹായമായിട്ടു നില്ക്കുന്ന ഏറിയ പുരുഷാരത്തെ കാട്ടുകയും ചെയ്തതിന്റെ ശെഷം ഒരു ശംക കൂടാതെ നിവ്യാതന്നെ പുറപ്പെട്ടു ആരെ അനെഷിച്ചു വരുന്നു എന്നു തന്നെ പിടിപ്പാൻ വന്നവരൊടു ചൊദിച്ചതിന്റെ ശെഷം നിങ്ങഠ അനെഷിച്ചു വരുന്ന ആഠ ഇവിടെ ഇല്ല എന്റെകൂടെ പൊന്നാൽ ഞാൻ കാട്ടിത്തരാമെന്നു പറഞ്ഞു തങ്ങളുടെ ശത്രു ആകുന്ന ഇസ്രായെലിന്റെ രാജാവു ഇരിക്കുന്ന ശമറെൻ എന്ന നഗരിയിലൊളം

www.malankaralibrary.com

കൊണ്ടുപൊകയും ഇവർ നിവ്യ്യായുടെ നമസ്കാരത്താലെ ഉടയതമ്പുരാൻ തങ്ങളുടെ കണ്ണുകൾ കെട്ടുകകൊണ്ടു എവിടെക്കു പൊകുന്നു എന്നറിയാതെ തങ്ങളുടെ ശത്രുവിൻെറ മുമ്പിൽ ചെല്ലുകയും ചെയ്തപൊലെ നെറിവുള്ള ന്യായക്കാരനായഉടയതമ്പുരാൻ നിൻെറ കണ്ണുകൾ കെട്ടുകകൊണ്ടു അത്രെ ഇതിൻവണ്ണം ഭവിച്ചതു എന്നു തൊന്നുന്നു. അതെന്തെന്നാൽ പറുങ്കിക്കപ്പൽ ഞങ്ങൾ കണ്ടെത്തി എന്നും ആയതിൽ കരെറി പറങ്കിനാട്ടിന്നു ഞങ്ങൾ പൊകുന്നു എന്നും നീ കെട്ടശെഷം കൊടുങ്ങല്ലൂർ മെത്രാപ്പൊലീത്താ കാലം ചെയ്തിരിക്കുന്ന പ്രകാരവും ഇവിടെ മെത്രാപ്പൊലീത്തായെ പെരു വിളിക്കുന്നതു പ്രത്തുക്കാൽ രാജാവത്രെ ആകുന്നു എന്നും നീ അറിഞ്ഞിരിക്കുന്നതിനാൽ ഞങ്ങൾ പ്രത്തുക്കാലിൽ ചെന്നാൽ പക്ഷെ ഈ കാര്യത്തിന്മെൽ പറവാൻ പൊരുമെന്നു ഞങ്ങളെ സംശയിപ്പാൻ വെണ്ടുവൊളും കാരണം ഉണ്ടായിരുന്നു. എന്നിരിക്കുമ്പൊൾ ആയതു ഒന്നും കൂടാതെ റൊമ്മായിക്കു മാത്രമെ ഇവരെ അയച്ചിട്ടുള്ളു എന്ന ഈ നിൻെറ നിരുപണ നിന്നെ തട്ടിച്ചതു നമ്മുടെ പള്ളികളിലെ നമസ്കാരത്താലെ ഉടയതമ്പുരാൻ നിൻെറ കണ്ണുകെട്ടുകകൊണ്ടത്രെ ആകുന്നു. ആയതല്ലെങ്കിൽ റൊമ്മായിക്കുള്ള ഞങ്ങളുടെ ചെലവു അറിഞ്ഞു അവിടെയുള്ള കാര്യക്കാരന്മാരെയും മലങ്കരയുള്ള യൊഗത്തിൻെറ അപെക്ഷക്കു മറുതല ആക്കി ചമച്ചപൊലെ പ്രത്തുക്കാലിൽ ഉള്ളവരെയും മയക്കുവാൻ നിൻെറ ശക്തി ഒക്കെയൊടും കൂടെ ശ്രമിക്കുന്നതിന്നു സംശയം ഒട്ടും ഉണ്ടായിരുന്നില്ല. നീ പറയുന്ന ഒരു സുറിയാനിക്കാരൻ മെത്രാൻെറയും രണ്ടു സുറിയാനിക്കാരു മല്പാന്മാരുടെയും പത്തു മാർഗ്ഗം അറീക്കുന്നവരുടെയും ജാതിക്കാരിൽ ൩൨ (32) പഠിത്വക്കാർക്കു വെണ്ടി ഒരു പഠിത്വശാലയുടെയും കാര്യം ക്ലെശിപ്പാനായിട്ടത്രെ അവരെ അയച്ചിരിക്കുന്നു എന്ന ഇതുകൊള്ളാം. നല്ല കാര്യം. നീ തന്നെ നിന്നൊടു മറുതല പറഞ്ഞില്ലാ എങ്കിൽ ഈ നിൻെറ വചനങ്ങൾ ബൊധിക്കുന്നവർ പലരും ഉണ്ടായിരുന്നെനെ.

വിശെഷിച്ചും നിൻെറ വചനങ്ങൾക്കു ഒരു കെട്ടുപാടും ഒരിമ്പാടും കൂടാതെ നിന്നൊടുതന്നെ മറുതലയായി നീ പറയുന്നതു എല്ലാവർക്കും അറിവാൻ തക്ക കാര്യമാകുന്നതുകൊണ്ടു ഭൊഷന്മാരുമാത്രമല്ലാതെ ബുദ്ധിയുള്ളവരിൽ ആരും ഈ നിൻെറ വചനങ്ങൾ ബൊധിക്കയും ഇല്ല.

അതെന്തെന്നാൽ കരിയാട്ടിൽ പാതിരിയെയും തൻെറ കൂട്ടരെയും റൊമ്മായിക്കത്രെ അയച്ചിരിക്കുന്നു എന്നു മുമ്പിൽ നീ പറയുന്നു.

ഇതിൻെറ ശെഷം സുറിയാനിക്കാരൻമെത്രാനെയും സുറിയാനിക്കാർ മല്പാന്മാരെയും കൊണ്ടുവരുവാനത്രെ അവരെ അയ



൮. മാർഗ്ഗം അറീക്കുന്നവർ മലങ്കരെ കൂടാതെ ഇരുന്നാൽ കാവ്യർ മാർഗ്ഗം കൂടുകയില്ല എന്നതുകൊണ്ടു മലങ്കര പിന്നെ വിശ്വാസം ഇല്ലാത്തവർ മാർഗം കൂടുന്ന കാര്യത്തിന്മെൽ ഏതും വിചാരിപ്പാൻ ഇല്ല.

൯. മാർഗ്ഗം അറീക്കുന്നവർ ഇപ്പൊൾ പലപല സങ്കടങ്ങൾ അനുഭവിച്ചു വരുന്നതുമെന്ന്യെ ഇതിനൊക്കെക്കൊയിൽ വലിയ വസ്തുക്കൾ പാടുപെടുവാൻ സംഗതി വന്നാലുംതന്നെ പ്രത്യേകം റൊമ്മായിൽനിന്നുള്ള കല്പന കൂടാതെ ഇപ്പോൾ തങ്ങൾക്കുള്ള ലത്തീൻ പള്ളികളും സുറിയാനിപള്ളികളും കൈവിടുക ഇല്ല എന്നു.

൧൦. മാർതൊമ്മാ മെത്രാൻെറ മെൽ എഴുതി അയച്ചതു മാർതൊമ്മായുടെ കാര്യത്തിന്മെൽ ഇയ്യാൾ കത്തൊലിക്കാക്കാരനാകുവാൻ മനസ്സാകുന്നതു നെരുതന്നെ. എന്നാൽ അതു അയാളുടെ മനസ്സിന്നു തക്കവണ്ണം അത്രെ ആകുന്നു. അതായതു ഉദയംപെരൂർ സൂന്നഹദൊസു കൈക്കൊള്ളുവാൻ മനസ്സാകുന്നില്ല. അയാൾ ഇത്രപ്പൊഴും മുമ്പിൽ ചെയ്തുവന്ന കാര്യങ്ങൾ ചെയ്തുകൊണ്ടത്രെ വരുന്നതു. അതായ്തു പള്ളിക്കടുത്ത കാര്യങ്ങൾ ഒക്കയിലും സീമ്മൊനിയാ കാട്ടിക്കൊണ്ടത്രെ വരുന്നതു. ലൊകകാര്യത്തെ കുറിച്ചത്രെ അയാൾ കത്തൊലിക്കായിക്കടുത്ത വിശ്വാസം കൈക്കൊള്ളുവാൻ മനസ്സാകുന്നതു. എല്ലാംകൊണ്ടും മാർതൊമ്മാ പട്ടാങ്ങയായ വിശ്വാസം കൈക്കൊണ്ടെന്നു വന്നാൽ ഉടൻതന്നെ തൻെറ ജനങ്ങൾ തന്നെ ഉപെക്ഷിച്ചു അരണിക്കപ്പെട്ട ഇടത്തുടുകാരനായ കൂരില്ലൊസിനെ വരുത്തി തങ്ങളുടെ മെത്രാനായിട്ടു കൈക്കൊള്ളുമെന്നും ഇങ്ങിനെ നമ്മുടെ കാര്യത്തിന്മെൽ എഴുതി അയച്ചതിൻെറ ശെഷം രണ്ടു കാര്യം തങ്ങടെ കാര്യത്തിന്നു എഴുതി അയക്കയും ചെയ്തു.

അതായതു യൊഹന്നാൻ മറിയം എന്ന പാതിരി വികാരി അപ്പസ്തൊലിക്കാ ആയി എന്നും യൌസെപ്പു മറിയം എന്ന പാതിരി ചിന്നപട്ടണത്തിൽ വച്ചു മരിച്ചു എന്നും. എന്നാൽ മലങ്കരെയുള്ള മാഗ്ഗം അറീക്കുന്നവർ നമ്മുടെ കാര്യത്തിൻമെൽ ഈ മെൽ എഴുത്തപെട്ടതല്ലാതെ മററും പല കുറികൾ മാർഗ്ഗം അറീക്കുന്നവർ എഴുതി അയച്ചിട്ടുണ്ടായിരുന്നു. എങ്കിലും ലിസ്‌ബൊആയിൽ ഉള്ള മാർപ്പാപ്പയുടെ മനിഷ്പത്തിന്നു എഴുതി അയച്ച ഈ കുറിയുടെ വാചകം മാത്രമെ നമുക്കു സൂക്ഷമായിട്ടു അറിവാൻ സംഗതി വന്നൊള്ളു എന്നതിനെക്കൊണ്ടു ആയതു ഇവിടെ എഴുതുകയും ചെയ്യുന്നു.

അപ്പൊഴെ ഉടയതമ്പുരാൻെറ ശു. മാഗ്ഗവും തൻെറ തിരുമനസ്സിന്നു തെളിയുന്ന നന്മപ്രവൃത്തികളും നമ്മെ പഠിപ്പിപ്പാനായിട്ടു ദൂരപ്പെട്ട നാടായ ഏറൊപ്പയിൽനിന്നും പാരം അത്തൽപ്പെ

www.malankaralibrary.com

ട്ടും പാട്ടുപെട്ടും നമ്മുടെ ഇടത്ത വരികയും തമ്പുരാന്റെ മാലാഖാമാരെപ്പൊലെയും ദൈവവാക്യങ്ങൾപൊലെയും അവരെ മലങ്കരെയുള്ള നാം ബഹുമാനിച്ചും അവർ പറയുന്ന വസ്തുക്കൾ ഒക്കെക്കും ചൊല്ലുവിളികെട്ടും ഇരിക്കുന്ന നമ്മുടെ എടവകയിൽ മാർഗ്ഗം അറീക്കുന്ന അടക്കവും ഇരിപ്പും ഉള്ള പാതിരിമാർക്കു അടാത്ത വസ്തുക്കൾ അത്രെ മെൽചൊല്ലിയ കുറികൾ ആകുന്നു. എന്നും വാച്ചവനായാലും സാമാന്യമുള്ള ആളിനൊടു പറയുന്ന ഭാഷയിൽ ഈ മെൽപറഞ്ഞ കുറി എഴുതി അയച്ച ആളിനൊടു ഞാൻ ചൊദിക്കുന്നു.

കരിയാട്ടിൽപാതിരിയും തന്റെ കൂട്ടരും മലങ്കര ഇടവകയിൽനിന്നു എവ്റൊപ്പുക്കു പുറപ്പെട്ട കാര്യം എന്തെന്നുള്ള പരമാൎത്ഥം നീ അറിഞ്ഞിട്ടു ഇതിന്മണ്ണം എഴുതി അയച്ചൊ. അതൊ നിന്റെ ഹൃദയത്തിൽ ഉള്ള ദുഷ്ടമനസ്സും ദ്വെഷവും പരഹസ്യപ്പെടുവാനായിട്ടും ശെഷം എവ്റൊപ്പയിൽ ഉള്ള ജനങ്ങളെ തട്ടിപ്പാനായിട്ടും ഇതിന്മണ്ണം എഴുതി അയച്ചൊ. എന്നാൽ ഞങ്ങൾ പുറപ്പെട്ട കാര്യം നീ അറിഞ്ഞില്ലാ എന്നു നിന്റെ ഹൃദയംതന്നെ നിന്നൊടു സാക്ഷിപ്പാൻ ദിഷ്ടതി ഉണ്ടു. അതെന്തെന്നാൽ ഞങ്ങളുടെ കാര്യത്തിന്മെൽ നീ എഴുതി അയച്ചതു ഒക്കെയും വഴിയെ സൂക്ഷിച്ചാൽ എത്രയും വെളുസമായ തട്ടിപ്പത്രെ ആകുന്നു എന്നു ശെഷമുള്ളവർ കൂടെയും പരഹസ്യമായിട്ടു അറിവാൻ തക്ക കാര്യമത്രെ ആകുന്നു. അതെന്തെന്നാൽ ഞങ്ങളുടെ യൊഗം ഞങ്ങളെ അയച്ചിരിക്കുന്ന കാര്യങ്ങൾ വചനത്താൽതന്നെ അല്ല പിന്നെയൊ എഴുത്താലെയും ഞങ്ങൾക്കു തന്നിട്ടുമുണ്ടു. എന്നതിനെക്കൊണ്ടു ഞങ്ങളുടെ യാത്രമെൽ സംശയം ആർക്കാനും ഉണ്ടെങ്കിൽ ഞങ്ങളുടെ പക്കൽ ഉള്ള മലങ്കരയൊഗത്തിന്റെ എഴുത്തും സാക്ഷിയും കാണുമ്പൊൾ ആയതിന്റെ പരമാൎത്ഥം അറിയുകയും ആം. എന്നു വരുമ്പൊൾ നിന്റെ ഹൃദയത്തിങ്കൽ ഉള്ള ദുഷ്ടമനസ്സും ദ്വെഷവും എല്ലാവൎക്കും പ്രസിദ്ധം വരുവാൻ നീ എഴുതി അയച്ച കുറിതന്നെ കാരണമായി വരികയും ചെയ്തു.

എന്നാൽ ഈ കാര്യത്തിന്മെൽ നിനക്കു എതാനും സംശയം ഉണ്ടെങ്കിൽ നീ എഴുതി അയച്ച അറീച്ച കാര്യങ്ങൾ ഓരൊന്നിന്മെൽ നിന്നെ തൎക്കിച്ചു കാട്ടി ഞാൻ പറഞ്ഞതിന്റെ പരമാൎത്ഥം നിന്നെ ബൊധിപ്പിപ്പാൻ തുടങ്ങുന്നു.

എന്നാൽ നീ മെൽപറഞ്ഞ കുറിയിൽ എഴുതി അയച്ച കാര്യങ്ങളിൽ ചിലകൂട്ടം വസ്തുക്കൾ ഞങ്ങളുടെ മെൽ തന്നെയല്ല പിന്നെയൊ മലങ്കരയുള്ള ഞങ്ങളുടെ ജാതിക്കാർ എല്ലാവരെ കുറിച്ചും കുറച്ചിലും പൊരാഴികയും ശെഷിക്കുന്ന കാര്യങ്ങൾ ആകുന്നതുകൊണ്ടു കുറെ എറിവൊടുകൂടെ നിന്നൊടു ഉത്തരിപ്പാൻ ഇനിക്കു മനസ്സു വരുത്തുന്നു. വൎഗ്ഗത്തിന്നടുത്ത ഈ എറിവിന്മെൽ



സ്ഥാനവും കൂടാതെ പിള്ളങ്ങൾക്കു പഠിപ്പാൻ നമ്മുടെ മുമ്പിൽ എഴുതിയുണ്ടാക്കിയിരിക്കുന്ന ഓത്തിന്റെ അൎത്ഥവും നാലുമൊഴി കുദാശയെന്നു ചൊല്ലുന്ന പടാവഞ്ചനയും അത്രെ ആകുന്നു. എന്നാൽ മലയാൻവാക്കിൽ എഴുത്തപെട്ട ഈ പടാവഞ്ചനങ്ങൾ പഠിപ്പാൻ പഠിത്വവീടു കൂടിയെ മതിയാവു എന്നില്ല. വാച്ച എഴുത്താശാൻമാൎക്കും ആകുന്ന ഒരു പ്രവൃത്തി ആകുന്നതിനെക്കൊണ്ടു ഒരു എഴുത്തുപള്ളി ഉണ്ടെന്നാലും മതിയായിരുന്നു. അപ്പൊഴെ സിമ്നാരിയുണ്ടാക്കിയതും ആയതിനു റൊമായിൽനിന്നും ചിലവു പററുന്നതും എന്തിനു. നിനക്കു ചിററാഴ്മ ചെയ്വാൻ ആളുകൾ എററം ഉണ്ടാകുവാനും നിന്റെ കൊരികയും യശസ്സും എല്ലാവരെയും കാട്ടുവാനും. എറെ ഞെരുക്കവും സങ്കടവും ഞങ്ങളുടെ ജാതിക്കു ഒക്കെക്കും ഉണ്ടായിട്ടും ഉടയതമ്പുരാന്റെ മനഗുണംകൊണ്ടു ഇത്രപ്പൊഴും നമ്മുടെ കാരണവൻമാരു നിക്ഷെപംപൊലെ നമുക്കു കയ്യാളിച്ചിരിക്കുന്ന ശുദ്ധപുസ്തകങ്ങളുടെ അറിവുപൊലും നമുക്കുള്ളതു മലയാൻവാക്കിൽ എഴുത്തപെട്ട മെൽപറഞ്ഞ പടാവഞ്ചനങ്ങൾകൊണ്ടു മാററി ഇങ്ങനെ മലങ്കരെയുള്ള ജനങ്ങളെ ഒരു ഭാഷയും പെച്ചും ശുദ്ധപുസ്തകംപൊലും അറിവാൻ വഹിയാത്ത മൂഢന്മാരാക്കി നീ ചൊല്ലുന്നതൊക്കെക്കും അവരെ വഴക്കുവാനമായിട്ടത്രെയാകുന്നു. എന്നാൽ ഈ നിന്റെ ചതിവും ദുഷ്ടമനസ്സും ൧൯൭൩ (1773)ാംകാലം മാർ പ്പൊരെസിയൊസെന്നമെത്രാന്റെ കവറടക്കം ഹെതുവാൽ നമ്മുടെ പള്ളിക്കാറർ എല്ലാവരും അങ്കമാലിക്കൽ കൂടിയപ്പൊൾ നിന്റെ ഇരിപ്പിടമായ വരാപ്പുഴയല്ലാതെ ആലങ്ങാട്ട് സെമനാരി ആയിരിക്കണമെന്നു തീരുമാനമായി നിന്നൊടു കല്പിച്ചാറെയും പിന്നെയും നിന്റെ ഉപായകള്ളംകൊണ്ടും നമ്മുടെ ജനങ്ങളുടെ പിടിയാഴികയും അല്പലുംകൊണ്ടും നിന്റെ ഇരിപ്പിടമായ വരാപ്പുഴെ തന്നെ സെമ്നാരിയുടെ ഇടം നീ ആക്കി വച്ചു നിന്റെ മനസ്സുപൊലെ നിന്റെ ചിററാഴ്മക്കു ഞങ്ങളുടെ ശെമ്മാച്ചൻമാരെ ആസ്ഥിൽ നീ കൈക്കൊൾകയും ചെയ്തു [1].

എന്നു വരുമ്പൊൾ ഇങ്ങനെ ഒക്കെയും നമ്മുടെ ജനങ്ങളുടെ ബഹുമാനവും അവർ പണ്ടുപണ്ടെ കാത്തുവരുന്ന ക്രമങ്ങളും മര്യാദികളും നഷ്ടമാകുവാൻ എല്ലാംകൊണ്ടും നീ ശ്രമിക്കുന്നതു മലങ്കരക്കാൎക്കു ഒട്ടും തെളിഞ്ഞില്ല എന്നു നീ തന്നെ നല്ലവണ്ണം അറിഞ്ഞിരിക്കുന്നതിനാംപക്കം ഈ ദൂരപ്പെട്ട നാട്ടിനു ഞങ്ങളുടെ യൊഗം ഞങ്ങളെ അയച്ചു എന്നു നീ കെട്ടപ്പൊൾ സുറിയാനിക്കാരൻ മെത്രാനെയും മല്പാന്മാരെയും കൊണ്ടുവരുവാനായിട്ടത്രെ അയച്ചതെന്നു നിനക്കു സംശയിപ്പാൻ വെണ്ടുവൊളും അവകാശമുണ്ടു.

1. ഇവിടെ പ്രതിപാദിച്ചിരിക്കുന്ന വരാപ്പുഴ സെമ്മിനാരി 1866-ൽ പുത്തൻപള്ളിക്കും 1932-ൽ ആലുവാസ്സും മാററി.

www.malankaralibrary.com

വിശെഷിച്ചും മുമ്പിൽ ചൊല്ലിയവണ്ണം നീന്നൊട മറുത്ത നീ തന്നെ പറഞ്ഞതിനാൽ ഏറ്റൊപ്പയിൽ ആരും ബൊധിച്ചതുമില്ല.

ന--(3)ാമത്തു നീ പറയുന്നു. കരിയാട്ടീയും തന്റെ കൂട്ടരും പുറപ്പെട്ടത്തു ലൊകകാര്യങ്ങളെക്കുറിച്ചെന്യെ മറെറാ വസ്തുവെക്കുറിച്ചല്ലാ എന്നു.

ഈ മൂന്നാമത്തു നീ പറഞ്ഞ വചനങ്ങളിന്മെൽ വിചാരിക്കുമ്പൊറം ഇനിക്കുണ്ടാകുന്ന ഫലിതം പറഞ്ഞൊപ്പിച്ചുകൂടാ. അപ്പൊഴൊ ഒന്നുകിൽ പഠിച്ചിരിക്കണം അല്ലെങ്കിൽ കുടിച്ചിരിക്കണമെന്ന മലങ്കരെ പറയുന്ന ഭാഷിതംപൊലെ നീ ഈ കുറി എഴുതി അയച്ച നെരം പഠിച്ചിരിക്കയില്ല. കുടിച്ചിരിക്കയത്രെ ചെയ്തത്തു എന്നിനിക്കു തൊന്നുന്നു. അതെന്തെന്നാൽ മാനുഷരുടെ ബൊധിപ്പിന്നും വിശ്വാസത്തിനും അന്തരം വരുത്തുവാൻ വാച്ചവനും താൻ തന്നൊട മറുതല പറയുന്നതിനെക്കായിൽ കഷ്ടമായ ഒരു വസ്തു ഇല്ല. എന്നു വരുമ്പൊറം സുറിയാനിക്കാരൻ മെത്രാന്റെയും മല്പാന്മാരുടെയുംപത്തു മാർഗമറിയിക്കുന്നവരുടെയും ജാതിക്കാറരു പഠിതക്കാർക്കുവെണ്ടി സെമിനാരിയുടെയും കാര്യം അന്വഷിപ്പാനായിട്ടത്രെ കരിയാട്ടിപാതിരിയെയും തന്റെ കൂട്ടരെയും അയച്ചിരിക്കുന്നു എന്ന രണ്ടാംനിറുത്തിൽ നീ പറഞ്ഞതിന്റെശെഷം ലൊകകാര്യങ്ങളെക്കുറിച്ചത്രെ അവർ പുറപ്പെട്ടതു എന്ന മൂന്നാം നിറുത്തിലും നീ പറയുന്നു. എന്നതുകൊണ്ടു നിന്നൊട ഞാൻ ചൊദിക്കുന്നു. നീ തന്നെ എന്നൊട ചൊല്ലി മെത്രാനെയും ജ്ഞാനം പഠിപ്പിപ്പാൻ മല്പാന്മാരെയും ജാതിക്കാരെ അറിവും പട്ടാങ്ങയായ വന്ദനയും പഠിപ്പിപ്പാൻ സെമിനാരിയും അന്വെഷിക്കുന്നതു ലൊകകാര്യമൊദൈവകാര്യമൊആകുന്നു. എന്നാലിതുലൊകകാര്യമാകുന്നെങ്കിൽ മാനുഷരെ അറിവും പട്ടാങ്ങയായവന്ദനയും പഠിപ്പിപ്പാൻ മിശിഹാകർത്താവും തന്റെ ശ്ലീഹന്മാരുംശെഷം ശുദ്ധ പള്ളിയുടെമല്പാന്മാരും പഠിപ്പിച്ചുവരുന്നതും ശ്രമിച്ചുവരുന്നതും ഒക്കയും ദൈവകാര്യത്തെക്കുറിച്ചല്ല. പിന്നെയൊ ലൊകകാര്യത്തെക്കുറിച്ചത്രെ ആകുന്നു. ഇതു ആരും സമ്മതിക്കയില്ല എന്നുതന്നെയല്ല നീ തന്നെയും പറകയില്ല. എന്നു വരുമ്പൊറം കരിയാട്ടിയെയും തന്റെ കൂട്ടരെയും സുറിയാനിക്കാരൻ മെത്രാന്റെയും മല്പാന്മാരുടെയും സിമ്നാരിയുടെയും കാര്യത്തിന്നു അയച്ചിരിക്കുന്നു എന്ന നീ പറഞ്ഞതിനാംപക്കം അത്രുപിക്കടുത്ത കാര്യത്തെക്കുറിച്ചത്രെ ലൊകകാര്യത്തെക്കുറിച്ചല്ല അവർ പുറപ്പെട്ടിരിക്കുന്നുഎന്ന നീ പട്ടാങ്ങ പറവാൻ വെണ്ടുവൊളം ന്യായമുണ്ടായിരുന്നു. ആയതു മററു ജാതി അത്രെ നീ പറയുന്നതു. എന്നുവരുമ്പൊറം ഇതിന്നുഎന്തൊരുത്തരം നിന്നൊട ഞാൻ പറയെണ്ടു. കുറന്തൊസുകാററൊട മാർ പൌലൊസു





ച്ചിരിക്കുന്നതു എന്നു രണ്ടാമത്തു നീ പറയുന്നു. എന്നു വരുമ്പൊറം ഞാൻ നിന്നൊട ചൊദിക്കുന്നു. സുറിയാനിക്കാരൻ മെത്രാനെയും മല്പാന്മാരെയും കൊണ്ടുവരുവാനുള്ളതിന്നു ലത്തീൻകാർ ഒഴിയെ വെണ്ടുംവണ്ണം സുറിയാനി അറിഞ്ഞിരിക്കുന്ന ഒരുവനെങ്കിലും കണ്ടെത്താത്ത റൊമ്മായിക്കു അയച്ചു എന്നു പറഞ്ഞാൽ ആരു ബൊധിക്കുന്ന കാര്യമായിരിക്കും. അതെന്തെന്നാൽ സുറിയാനിക്കാരൻ മെത്രാനെയും മല്പാന്മാരെയും കൊണ്ടുവരുവാൻ ഞങ്ങളുടെ യൊഗം ഞങ്ങളെ അയച്ചു എങ്കിൽ സുറിയാനിക്കാററുടെ നാടായ ബാവെലിന്നു എങ്കിലും ന്യബക്കിരിനെങ്കിലും മുസീലിനു എങ്കിലും ഇങ്ങിനെ സുറിയാനിപെച്ചിന്റെ പഠിത്വവും അറിവും ഉള്ള നാടുകളിൽ ഞങ്ങളെ അയക്കെണ്ടിയിരുന്നു. ആയതൊ അതല്ലല്ലൊ. റൊമ്മായിക്കു അത്രെ അയച്ചിരിക്കുന്നു എന്നു മുമ്പിൽ പട്ടാങ്ങ നീ പറഞ്ഞല്ലൊ. എന്നു വരുമ്പൊറം സുറിയാനിക്കാററെ കൊണ്ടുവരുവാൻ അത്രെ അയച്ചിരിക്കുന്നു എന്നു രണ്ടാം നിറുത്തിൽ പറഞ്ഞുബൊധിപ്പിപ്പാൻ നിശ്ചയിച്ച നിന്റെ അഹമ്മതിയിന്മെൽ ഇനിക്കു അപൂർവ്വം തൊന്നുന്നു. വിശെഷിച്ചു കരിയാട്ടിൽ പാതിരി റൊമ്മായിലുള്ള അവസ്ഥ മുമ്പിൽകൂട്ടി അറിഞ്ഞില്ലാ എങ്കിൽ കെറംക്കുന്നവർ ബൊധിപ്പാൻ സംഗതി ഉണ്ടായിരുന്നു. ആയതു അങ്ങിനെ അല്ല. റൊമ്മായിലുള്ള സുറിയാനിക്കാററുടെ ചുരുക്കം മുമ്പിൽ നീ അറിഞ്ഞിരുന്ന ആളാകകൊണ്ടു സുറിയാനിക്കാററെ കൊണ്ടുവരുവാൻ റൊമ്മായിക്കു അയച്ചിരിക്കുന്നു എന്നു നീ പറഞ്ഞാൽ ബുദ്ധിയുള്ളവർ ആരും അതു വിശ്വസിക്ക ഇല്ല.

വിശെഷിച്ചും നീ ഇങ്ങിനെ ഞങ്ങളുടെമെൽ സംശയിപ്പാനും പറവാനും വെണ്ടുവൊളം സംഗതി ഉണ്ടു. അതെന്തെന്നാൽ ഞങ്ങറം സുറിയാനിക്കാർ ആകുന്നതും മാർ തൊമ്മാശ്ലീഹാ ഞങ്ങളുടെ ഇടത്തു മാർഗ്ഗം എന്ന ശ്രു. നിക്ഷെപം ഞങ്ങറംക്കു തന്ന കാലംതൊട്ടു ഇന്നെയൊളം ഒരു മുടക്കംകൂടാതെ സുറിയാനി ക്രമത്തിൽ ഞങ്ങളുടെ പള്ളിക്കടുത്ത ക്രമങ്ങളും ക്രിയകളും കഴിച്ചുവരുന്നതും നിന്റെ കാരണവന്മാർ കണ്ടു ഞങ്ങളുടെ പള്ളികളുടെ ഈ പഴെ ക്രമം മാററുവാൻ ആകുന്നതു ശ്രമിച്ചുനൊക്കിയാറെ സാധിക്കയില്ല എന്നു കണ്ടു വെച്ചെച്ചാറെ ഈ കാര്യത്തിന്മെൽ ഇന്നു നിന്റെ ശ്രമം എന്താകുന്നു. പക്ഷെ നിന്റെ കാരണവന്മാരുടെ പ്രവൃത്തിയെക്കായിൽ ഏററം നല്ലതാകുന്നൊ. അല്ലല്ല ഏററം കഷ്ടമുള്ളതത്രെ ആകുന്നു. അതെന്തെന്നാൽ നിന്റെ നിരൂപണയും പ്രവൃത്തിയും സൂക്ഷിച്ചാൽ ഭക്തിമയുടെ പെരുപ്പത്തിന്റെ കാട്ടപ്പാടാൽ ഒരു വലിയ മണി വാർപ്പിച്ചു പള്ളിയിൽ തൂക്കുവാൻ തനിക്കു മാസപ്പടി വന്ന ദ്രവ്യം ചിലവഴിച്ച പിശാചിന്റെ പ്രവൃത്തിപൊലെ ഇരിക്കുന്നു. അപ്പൊഴൊ ഈ ചെയ്തൊൻ കാട്ടിയ പ്രവൃത്തിയുടെ അവസ്ഥ വിചാരിച്ചാൽ കുർവാന

www.malankaralibrary.com

യുടെ നെരം ലൊകരെ അറീപ്പാൻ പള്ളിയിൽ വലിയ മണി
വാർപ്പിച്ച തൂക്കിച്ചതിനാൽ ലൊകരുടെ മുമ്പെന നല്ല പ്രവൃത്തി
അത്രെ കാട്ടിയതു. എന്നാൽ അവന്റെ നിരൂപണ വിചാരി
ച്ചാൽ എത്രയും കഷ്ടമായ പ്രവൃത്തി അത്രെ ആകുന്നു. അതെന്തെ
ന്നാൽ കുർബാനയുടെ നെരം ലൊകരെ അറിയിപ്പാനായിട്ട അല്ല
മണി ഉണ്ടാക്കിച്ചതു. പിന്നെയൊ മണി ഇല്ലാത്ത ഹെതുവാൽ
കുർബാനയുടെ നെരം അറിവാൻ വഹിയായ്കകൊണ്ടു കുർബാ
നക്ക സ്വല്പംമുമ്പെ പള്ളിയിൽ ലൊകർകൂടി കുർബാനക്ക നെരം
വരുവൊളം അവിടെ നമസ്കരിക്കമാറായിരുന്നു. എന്നു വരു
മ്പൊൾ ഈ വിശ്വാസം കണ്ടു സഹിച്ചുകൂടാഴികകൊണ്ടു കുർബാ
നയുടെ നെരം അറീപ്പാനായിട്ട വലിയ മണി ഉണ്ടാക്കുവാൻ
ചെയിത്താൻ മനസ്സാകയും ചെയ്തു. എന്നപൊലെ നീ ഏറിയ
നാൾ റൊമ്മായിൽ അപെക്ഷിച്ച മലങ്കര പഠിത്വവീട ഉണ്ടാ
ക്കിച്ചും നമ്മുടെ ജാതികളിൽ ആറു പെക്ക പ്രൊപ്പഗാന്താ ദെ
ഫീദെ എന്ന പഠിത്വസംഘത്തിൽ ഇടമുണ്ടായിരുന്നാറെ ആയ
തിൽ നാലുപെരുടെ ചിലവും നീ വാങ്ങി മലങ്കരയുള്ള നിന്റെ
ഭവനത്തുള്ള പഠിത്വഇടത്തിൽ ആക്കിവച്ചു. അപ്പൊഴൊ നീ ഈ
കാട്ടിയ പ്രവൃത്തി ലൊകരുടെ മുമ്പെന എത്രയും നല്ലൊരു പ്രവൃ
ത്തിയത്രെആകുന്നതു. അതെന്തെന്നാൽ പാവപ്പെട്ടും ഞെരുങ്ങപ്പെ
ട്ടും ഇരിക്കുന്ന മലയാങ്കാററുടെ നെരെ കരുണയും അനുഗ്രഹവും
തൊന്നിഅവരുടെ അറിവില്ലായ്കയും കുരുടത്വവും നീക്കിജ്ഞാ
നത്തിൽ അവരെ വളമ്മിപ്പാൻ റൊമ്മായിൽ സാദ്ധ്യമായി അ
പെക്ഷിച്ച മലങ്കരെ പഠിത്വവീട ഉണ്ടാക്കിച്ചു എന്ന ഒരു നൊ
ക്കാൽ കാണുന്നവർ എല്ലാവക്കും തൊന്നും. വിശെഷിച്ചും കള്ള
മ്ശിഹാമാരും കപടത്തിന്റെ നിവ്യാമാരും ആരെന്നുള്ള അവരു
ടെ പ്രവൃത്തികൊണ്ടു വെണം അറിവാനെന്ന ശുദ്ധപുസ്തകത്തിൽ
ചൊല്ലിയിരിക്കുന്നപൊലെ നിന്റെ നിരൂപണ എന്തെന്നുള്ളതു
നീ കാട്ടിവരുന്ന പ്രവൃത്തി സൂക്ഷിച്ചാൽ ബുദ്ധിയുള്ളവർ ഒക്കെക്കും
അറികയും ആം. അതെന്തെന്നാൽ ഈ നിന്റെ സെമ്നാരിയിൽ
നിന്നു പഠിച്ചു പുറപ്പെടുന്ന ആളുകൾ എന്തൊരു വസ്തു അറിഞ്ഞി
ട്ടു അവിടെനിന്നു പുറപ്പെടുന്നു. പക്ഷെ ലത്തീൻഭാഷയൊ അതൊ
എഴുത്തുപൊലും അറിവാൻ അവർക്ക വഹിയാ എന്നു മലങ്കരെ
യുള്ള എല്ലാവർക്കും പ്രസിദ്ധമായിരിക്കുന്നു. എന്നു വരുമ്പൊൾ
സുറിയാനിഭാഷയൊ അതൊ അവർ നമസ്കരിക്കയും കുർബാന
ചൊല്ലുകയും ചെയ്യുന്ന മൊഴികളുടെ പൊരുൾതന്നെയും അറിയു
ന്നവർ എത്രയും ചുരുക്കം. ഇതുതന്നെയുംനിന്റെ ശ്രമംകൊണ്ടല്ല.
അവരുടെ ഉത്സാഹം കൊണ്ടത്രെ എന്നു മലങ്കരെ സുറിയാനി ക്കാ
റിഞ്ഞിരിക്കുന്നവർ ഒക്കയും അറിഞ്ഞിരിക്കയും ചെയ്യുന്നു. എ
ന്നിരിക്കുമ്പൊൾ അവർ അവിടെ പഠിക്കുന്ന വസ്തു എന്താകുന്നു.
നിനക്കുള്ള ചിററാഴ്മയും മലയാഴ്മയിൽ ഒരു ചുവടും അടി



ശ്ലീഹാ പറഞ്ഞതുപൊലെ അല്ലാതെ മറെറാന്നും പറവാൻ ഇ
നിക്ക തൊന്നുന്നതുമില്ല. മിശിഹായെപ്രതി ഭൊഷർ ഞങ്ങൾ
എന്നാൽ മിശിഹായിൽ ബൊധജ്ഞാനപ്പെട്ടവർ നിങ്ങളും.
ശ്രെഷ്ഠതപ്പെട്ടവർ നിങ്ങളും. മെനിക്ഷയപ്പെട്ടവർ ഞങ്ങളും. നി
ങ്ങൾ ചെയ്യുന്നതൊക്കയും ഉടയതമ്പുരാനെപ്രതിയും ഞങ്ങൾ
ചെയ്യുന്നതൊക്കയും ലൊകകാര്യങ്ങളെക്കുറിച്ചും. പണ്ടു നമ്മുടെ
കാരണവന്മാരുടെ കാലത്തിൽ സുറിയാനിക്കാരൻമാർ ശെമഓൻ
മെത്രാൻ മലങ്കരെ വന്നാറെ ചതിവാലെ അഞ്ചെലൊസ എന്ന
മെത്രാനെ വാഴിച്ചുംകൊണ്ടു അദ്ധരാത്രിയിൽ ആരും അറിയാതെ
മെൽപറഞ്ഞ ശെമഓൻ മെത്രാനെ പിടിച്ചു പുതുച്ചെരിൽ കൊ
ണ്ടുപൊയി അവിടെ ഒരു മുറിയിൽ പിടിച്ചു പൂട്ടി കൊന്നതും [1]
മാർ ഗെവറിയെൽ മെത്രാപ്പൊലീത്താ മലങ്കരെ വന്നു തന്റെ
വിശ്വാസം ശുദ്ധ മാർപ്പാപ്പയുടെ വിശ്വാസംപൊലെ ആകുന്നെ
ന്നു പരസ്യമായി പറഞ്ഞറിവിച്ചും ഇരിക്കെ അദ്ദെഹത്തെകൊ
ണ്ടു റൊമ്മായിൽ നുണ പറഞ്ഞ എടത്തുട്ടകാരനും തട്ടിക്കുന്നവ
നും അത്രെ മെൽപറഞ്ഞ ഗെവറിയെൽ മെത്രാപ്പൊലീത്താ ആകു
ന്നു എന്നു റൊമായിൽ നിന്നു സാധനം വരുത്തിയതും നമ്മുടെ
ഈ കാലങ്ങളിൽ ഇടപ്പള്ളിക്കാരൻ ചാക്കൊകത്തനാരെ കാര്യ
ത്തിന്റെ നെരും പരമാർത്ഥവും അറിയാതെയും മരണസമയത്തു
കുമ്പസാരം അപെക്ഷിച്ചാറെ ആസ്തുപൊലും സമ്മതിക്കാതെയും
ഒരു മുറിയിലിട്ട കൊന്നതിന്റെ ശെഷം പട്ടിയെപൊലെ ഒരു
പായിൽ പൊതിഞ്ഞു കെട്ടി കുളത്തിന്റെ മട്ടയ്ക്കു അദ്ധരാത്രി
യിൽ കുഴിച്ചിടിയിച്ചതും നാലു പള്ളിക്കാററ കെട്ടു വിധിക്കുന്ന
തിനു മുമ്പിൽ ശിക്ഷയൊന്നും ചെയ്കയില്ലെന്നു നിങ്ങൾതന്നെ
൧൭൭൩ (1773)-ാമാണ്ടു അങ്കമാലിക്കൽ എഴുതിതന്നിരിക്കെ
നമ്മുടെ ജനങ്ങളുടെ ശക്തിക്ഷയവും പാത്രഭാഗവും കണ്ടു എഴുതി
തന്നതിന്മെൽ ഏതും കൂട്ടാക്കാതെ മലയാററൂർമലങ്കരപള്ളിക്കാർ
ഒക്കയും പുതുഞായറാഴ്ച കൂടിയിരിക്കുന്ന സമയത്തിൽ കുററം
ഒന്നും പറയാതെയും പള്ളിക്കാററു കെട്ടു വിധിക്കാതെയും പന
ച്ചിക്കൽ വറുഗീസ കത്തനാരെ പിടിച്ചു കഴുത്തിനു തുടലും ഇട്ടു

1. കത്തോലിക്കാ പാത്രിയർക്കീസിന്റെ നിർദ്ദേശാനുസാരമാണ് മാർ ശെമയോൻ കേരളത്തിലെത്തിയത്. ആഞ്ജലൂസ് ഫ്രാൻസിസിന്റെ മെത്രാഭിഷേകം നടത്തിയശേഷം മിഷണറിമാർ മാർ ശെമയോനെ പോണ്ടിച്ചേരിയിലേക്ക് കടത്തി. മലബാറിലേക്ക് പ്രവേശിക്കാനാവാത്തവിധം 20 വർഷം അദ്ദേഹം പോണ്ടിച്ചേരിയിൽ കഴിച്ചുകൂട്ടി. ആറോ ഏഴോ വയസ്സു പ്രായമുള്ള ഒരു ബാലനാണ് അദ്ദേഹത്തെ അവസാനനാളുകളിൽ സഹായിച്ചിരുന്നത്. പോണ്ടിച്ചേരി പള്ളിയിലെ രജിസ്ററർ പ്രകാരം 1720 ആഗസ്ററ് 16-ന് രാവിലെ വെള്ളം കോരവെ കിണററിൽ വഴുതിവീണ് മാർ ശെമയോൻ മൃതിയടഞ്ഞു. (നാഗമയ്യ ട്രാവൻകൂർ സ്റ്റേററ് മാനുവൽ II p. 190)

www.malankaralibrary.com

വരാപ്പുഴെ കൊണ്ടുചെന്ന കട്ടിലിന്മെൽ കമുത്തി കിടത്തി കെട്ടി വടുകരുടെകൈയാൽ തല്ലിച്ചതും ഞങ്ങളുടെ എടവകയിൽ ഘൊഷമുള്ള പള്ളികളിൽ ആണ്ടുതൊറും പെരുനാൾ ആഘൊഷത്തിന്നുവന്ന അവിടെ ഉണ്ടാകുന്ന നെർച്ചപണം കൊണ്ടുപൊയി നിങ്ങളുടെ മനസുപൊലെ ചിലവിടീക്കുന്നതും ഇതു ഒക്കയും ഉടയതമ്പുരാനെ കുറിച്ചും ഞങ്ങൾ ദൂരപ്പെട്ട ദിക്കിൽനിന്നും ഞങ്ങളുടെ പള്ളിക്കാറരുടെ കല്പനയാൽ പുറപ്പെട്ടത ലൊകകാര്യത്തെ കുറിച്ചും. ഇങ്ങിനെ പറയുന്നതും കൊള്ളാം. ശെഷം ആൎക്കും ബുദ്ധിയും വിദ്യയും ഇല്ലാത്ത മൃഗങ്ങൾ ആണെങ്കിൽ കൊള്ളാം.

വിശെഷിച്ചു ശെഷമുള്ളവൎക്കും നിന്നെപ്പൊലെ ബൊധവും ദൃഢവും ഉണ്ടായിരിക്കകൊണ്ടു നീ പറഞ്ഞതു ഏറൊപ്പയിൽ ആരും ബൊധിച്ചതും ഇല്ല. ആയതിനെ വിശ്വസിക്കാൻ തക്ക ആളുകളെ കണ്ടെത്തി കൊൾവാൻ പരാധീനമത്രെ ആകുന്നതു. എന്നാലും പട്ടാങ്ങയൊടും നെറിവൊടും മറുത്തു ഇങ്ങിനെയുള്ളതു പറഞ്ഞു ശെഷമുള്ളവരെ ബൊധിപ്പിപ്പാൻ തുടങ്ങുന്നതിനെക്കൊണ്ടു പണ്ടൊരിക്കൽ സർശിയൊസ പൌലൊസ എന്ന ന്യായക്കാരനെ പട്ടാങ്ങയിൽനിന്നും അരണിപ്പിപ്പാൻ ശ്രമിച്ചു എല്ലുമൊസെന്ന കള്ളനിവ്യായെ മാർ പൌലൊസിന്റെ വചനത്താൽ ഉടയതമ്പുരാൻ ശിക്ഷിച്ചതുപൊലെ നിനക്കും ഉടയതമ്പുരാന്റെ ശിക്ഷ വന്നു ഭവിക്കാതിരിപ്പാൻ ഉടയതമ്പുരാനൊടു അപെക്ഷിച്ചുകൊള്ളുകയും വെണം.

മലയാളത്തിൽനിന്നും കരിയാട്ടി പുറപ്പെട്ടതിന്മെൽ തിരുവാൻകൊട്ടു രാജാവിന്നു അന്വെഷണം ഉണ്ടായി എന്നു.

ഇതു എന്തു ബന്ധം. പക്ഷെ അന്യനാടുകളിൽ പൊകുവാൻ മലങ്കരെനിന്നും പുറപ്പെടുന്ന ആളുകളിന്മെൽ ഞങ്ങളുടെ രാജാവു അന്വെഷിക്കുമാറുണ്ടൊ. ആണ്ടുതൊറും മലങ്കരനിന്നും ആളുകൾ പുറപ്പെട്ടു മൈലാപ്പൂരിന്നും ഗൊവക്കും പലരും പൊകുമാറുണ്ടു. എന്നു വരുമ്പൊൾ ആയവർ ഒക്കയും മെൽ ഞങ്ങളുടെ രാജാവു അന്വെഷിക്കുമാറുണ്ടൊ. പല പല ഊഴവും മലങ്കരയുള്ള നിന്റെ കൂട്ടർ ഏറൊപ്പക്കു വരുമാറാകുന്നു. പക്ഷെ അവരുടെ മെൽ ഞങ്ങളുടെ രാജാവു അന്വെഷിക്കുമാറുണ്ടൊ. ആയതിൽ ഒന്നും ഇത്രനെരവും കെട്ടിട്ടില്ല. എന്നു വരുമ്പൊൾ കരിയാട്ടി പുറപ്പെട്ടതിന്മെൽ തന്നെ ഇത്ര അന്വെഷം ഞങ്ങളുടെ രാജാവിന്നു വരുവാനുള്ള കാരണം എന്തു. പക്ഷെ കരിയാട്ടി തന്റെ രാജാവിനൊടു മറുത്തു ഏതാനും ശ്രമിപ്പാൻ പുറപ്പെട്ടൊ. തന്നെക്കൊണ്ടു ദൂഷണം പറവാനും തന്റെ നാടു ഒറുവാനും പുറപ്പെട്ടൊ. ആയതിന്റെ അവസ്ഥ ഞങ്ങളുടെ വചനംകൊണ്ടു ഏറൊപ്പയിൽ ഉള്ള ജനങ്ങൾ എല്ലാവൎക്കും വെണ്ടുംവണ്ണം അറിയാം. ഞങ്ങൾ എങ്ങിനെ ഞങ്ങളുടെ നാഥനെകൊണ്ടു പറഞ്ഞിരിക്കുന്നു എന്നും തന്റെ രാജി



ത്തിന്റെ ഉറപ്പും പടപുരുഷാരത്തിന്റെ പെരുപ്പവും കൊട്ടകളുടെ ഉറപ്പും പടക്കൊപ്പുകളുടെ ബഹുവിധവും എങ്ങിനെ പ്രത്തുക്കാൽ രാജാവിന്റെയും റൊമായിൽ മാർപ്പാപ്പായുടെയുംമുമ്പിൽ തന്നെ കെൾവിപ്പെടുത്തിയിരിക്കുന്നു എന്നും ഇങ്ങിനെ ഇരിക്കുമ്പൊൾ ഞങ്ങളുടെ രാജാവിന്നു ഞങ്ങൾ പുറപ്പെട്ടതിന്മെൽ ഏതാനും അന്വെഷം ഉണ്ടായി എങ്കിൽ നിന്റെ നുണയും ഏഷണിയും കൊണ്ടത്രെ ഉണ്ടായതു. അതെന്തെന്നാൽ ഞങ്ങൾ എന്തു പ്രീതിയൊടുകൂടെ രാജാവിനെ ബഹുമാനിച്ചും സമ്മതിച്ചും ഇരിക്കുമ്പൊൾ നീ കാട്ടിവരുന്ന മര്യാദിപൊലെ ഗുണം ചെയ്യുന്നവരൊടു ദൊഷം പകരം വീട്ടി നീ ചെല്ലുന്ന നാടുകൾ ഒക്കയിലും ഞങ്ങളുടെ രാജാവിനെക്കൊണ്ടു കുറച്ചിലും മെനിക്ഷയവുമായി എല്ലാവരൊടും പറവാൻ മര്യാദി ആയിരിക്കുന്നതുപൊലെ ഞങ്ങളും ഞങ്ങളുടെ രാജാവിനൊടു മറുത്തു പറയുമെന്നു ഭാവിച്ചു ഞങ്ങളുടെ നെരെ നിനക്കുള്ള ദ്വെഷംകൊണ്ടു വെണ്ടാധീനമായ വസ്തുക്കൾ ഞങ്ങളുടെമെൽ ഞങ്ങളുടെ രാജാവിനൊടു നീ പറഞ്ഞു കെൾപ്പിക്കയും രാജാവും നിന്റെ വചനങ്ങൾ കെട്ടു ഞങ്ങൾ പുറപ്പെട്ട കാര്യത്തിന്മെൽ തിരക്കുകയും അത്രെ ചെയ്തതു. എന്നു വരുമ്പൊൾ ഇങ്ങിനെയുള്ള ഏഷണിക്കു കാര്യത്തിന്റെ പരമാർത്ഥം തെളിയുമ്പൊൾ എന്തു നിനക്കു അനുഭവിക്കാമെന്നു നീ അറിഞ്ഞൊ ഇരിക്കുന്നു. ഇത്ര നെരവും ആയതിനെ നീ അറിഞ്ഞില്ല എങ്കിൽ ഇപ്പൊൾ ആയതിനെ ഞാൻ അറീക്കുന്നു. എസ്തെറിന്റെ പുസ്തകത്തിൽ ചൊല്ലിയിരിക്കുന്നതുപൊലെ അമദത്തായുടെ മകൻ ഹാമ്മാനു ഭവിച്ചപൊലെ നീയും അനുഭവിച്ചു എന്നു വരും. അപ്പൊഴൊ അസുവെരുസ രാജാവിന്റെ ദളവാ ആയിരുന്ന ഹാമാൻ എന്ന ഇവൻ യൂദനായ മർദ്ദക്കെ എന്നവന്റെ നെരെയുള്ള ദ്വെഷംകൊണ്ടു യൂദന്മാരെക്കൊണ്ടു വെണ്ടാധീനം പറഞ്ഞ യൂദന്മാർ എല്ലാവരെയും നശിപ്പിക്കത്തക്കവണ്ണം മഹാരാജാവിന്റെ കല്പന വാങ്ങിയതിന്റെ ശെഷം ഉടയതമ്പുരാന്റെ മനഗുണംകൊണ്ടു എസ്തെർ എന്ന രാജസ്ത്രീയുടെ അപെക്ഷയാൽ കാര്യത്തിന്റെ നെരും പരമാർത്ഥവും ഹാമ്മാൻ എന്നവന്റെ ദുഷ്ടതയും ചതിവും ആ രാജാവു അറിഞ്ഞു ഇസ്രായെൽക്കാറരെ രക്ഷിക്കയും ഹാമ്മാനെയും തന്റെ മക്കൾ എട്ടുപെരെയും തന്റെ ഉടയവർ കൂററർ എല്ലാവരെയും ഹരം വരുത്തുകയും ചെയ്തതുപൊലെ ഉടയതമ്പുരാൻ മനഗുണം ചെയ്ത കാര്യത്തിന്റെ നെരും പരമാർത്ഥവും നീ ഞങ്ങളൊടും ഞങ്ങളുടെ രാജാവിനൊടും കാട്ടുന്ന ചതിവും തട്ടിപ്പും പരഹസ്യപ്പെടുമ്പൊൾ ഞങ്ങൾ രക്ഷപെടുവാനും നീയും നിന്റെ വകക്കാറരും മുടിവാനും പൊരും. എന്നു വരുമ്പൊൾ ഇങ്ങിനെയുള്ളതു ഒന്നും വന്നുകൂടാതിരിപ്പാൻ ഉടയതമ്പുരാനൊടു നമസ്കരിച്ചു അപെക്ഷിക്ക അത്രെ വെണ്ടിയിരിക്കുന്നതു.

www.malankaralibrary.com

ഇയാൾ അതായതു കരിയാട്ടി ഇനി ഇവിടെ വന്നാൽ ഈ നാട്ടിൽ മുമ്പിൽ ഉണ്ടായിട്ടുള്ളതു ഒക്കെക്കായിലും ഏററം വലുതായിട്ടുള്ള പവുതിയും കഷ്ടമായകലക്കവും ഉണ്ടായിവരുമെന്നതിന്നു കുറവു വരികയില്ല എന്നു.

ഇത്രനെരവും നീ പറഞ്ഞതു കഴിഞ്ഞ കാര്യത്തെപററി ആയിരുന്നു. എന്നാൽ ഇപ്പൊൾ നീ പറഞ്ഞതു വരുവാനിരിക്കുന്ന കാര്യത്തെപററി അത്രെ ആകുന്നു. എന്നു വരുമ്പൊൾ നിന്റെ മനൊദുഷ്ടത ഇനിക്കു പ്രസിദ്ധമായിതീരുന്നൊരു വസ്തു അല്ലാഞ്ഞെങ്കിൽ ബലആമ്മിനെപ്പൊലെയും കയ്യാപ്പായെപ്പൊലെയും നീയും നിവ്യസുഖം പറഞ്ഞു എന്നു ഞാൻ വിശ്വസിച്ചെനെ. എന്നാൽ നിന്റെ മനൊദുഷ്ടതയും തണ്യഹൃദയവും അറിഞ്ഞിരിക്കുന്നതിനാംപക്കം നിന്റെ ഹൃദയത്തിന്റെ ദുഷ്ടത നീ ഛർദ്ദിച്ചു എന്നല്ലാതെ നിവ്യസുഖം പറഞ്ഞു എന്നു ഇനിക്കു പറഞ്ഞുകൂടാ താനും. എന്നു വരുമ്പൊൾ ഞാൻ നിന്നൊടു ചൊദിക്കുന്നു. കരിയാട്ടി വരുന്നതുകൊണ്ടു ഉണ്ടാകുന്ന മുമ്പിൽ ഒരുനാളും ഉണ്ടായിട്ടില്ലാത്ത പവുതിയും കഷ്ടമായ കലക്കവും എന്തൊരു വസ്തു ആകുന്നു. പക്ഷെ പടകൊണ്ടൊ കരിയാട്ടി വരുന്നതു. ആയതല്ല. പിന്നെയൊ മലങ്കര നീയും നിന്റെ കാരണവന്മാരും ഞങ്ങളുടെ ഇടത്ത ഉണ്ടാക്കിയ കലക്കം തീർത്ത മലങ്കര ഒക്കയും നിരപ്പും ഒരിമ്പാടും വരുത്തുവാനത്രെ ഞങ്ങൾ മലങ്കര നിന്നും പുറപ്പെട്ടതു എന്നും ആയതിന്നു വെണ്ടി അത്രെ ഞങ്ങൾ ഇത്രനാളും ദുരിതപ്പെട്ടു ഏറൊപ്പയിൽ പാർത്തത എന്നും ഏറൊപ്പയിൽ ഉള്ള പലരും മലങ്കരയുള്ളവരും അറിഞ്ഞിരിക്കുന്നു. എന്നു വരുമ്പൊൾ നീ അറിവു പറയുന്ന ഈ വലിയ കലക്കം എന്തു. ആയതു ഉണ്ടാകുന്നതു ആർ. ഈ വലിയ കലക്കം നമ്മുടെ പള്ളികളുടെ വലിയ കുഴപ്പമല്ലാതെ മറെറാരു വസ്തുവും അല്ല. ആയതു ഉണ്ടാക്കുന്നതിന്നു കാരണം നീ അല്ലാതെ മററു ആരും അല്ലതാനും. എന്നു വരുമ്പൊൾ ഒരുത്തന്റെ കൈപിടിച്ചു മററവനെ അടിക്കയും അവന്റെ കൈപിടിച്ചു ഇവനെ അടിക്കയും ഇങ്ങിനെ ചെയ്തു ഈ മലയാളത്തിൽ വാഴുവാൻ കൂടാ. അതെന്തെന്നാൽ ഈ നാട്ടിലുള്ള നസ്രാണികളുടെ നിലയും മനസ്സും സൂക്ഷിച്ചു കണ്ടാൽ ഇവിടെ ഭരിപ്പാൻ ഇവർ ഒരു ജാതിക്കാരല്ലാതെ പിന്നെ ആക്കും സാധിക്കുന്ന കാര്യമല്ല. അതെന്തെന്നാൽ ഇങ്ങിനെ ചെയ്താൽ തങ്ങളിൽ കടിപിടികൂട്ടി തങ്ങളുടെ കാൽകീഴ കിടന്നുകൊള്ളും എന്നു കണ്ടത്രെ ഇങ്ങിനെ ചെയ്യുന്നതു. അല്ലാഞ്ഞാൽ അവരുടെ അടിമയിൽനിന്നു നിന്നൊടു മറുത്ത വാച്ചതും വിചാരിപ്പാൻ പൊരുമെന്നു നീയും നിന്റെ കൂട്ടരും മുമ്പിൽ ഒരിക്കൽ നിനക്കു വിശ്വാസവും സ്നെഹവും ഉണ്ടായിരുന്ന ഞങ്ങളിൽ ചിലരൊടു പറഞ്ഞതുപൊലെ നിന്റെ തട്ടിപ്പും ഉപായകൌശലവുംകൊണ്ടു പള്ളിക്കാറർ തമ്മിൽ പിണക്കം ഉണർത്തി ഇങ്ങിനെ വലിയ കലക്കം



നമ്മുടെ മെത്രാപ്പൊലീത്താ മലങ്കര വരുമ്പൊൾ ഉണ്ടാക്കാമെന്നു നീ ഭാവിച്ചിരിക്കുന്നു എന്നതിനെക്കൊണ്ടത്രെ ഈവണ്ണം നീ എഴുതി അയച്ചതു. എന്നാൽ ഈ എഴുതിയതിന്മണ്ണം ഒപ്പിപ്പാൻ നീ ശ്രമിക്കുമെന്നും ഞാൻ അറിഞ്ഞിരിക്കുന്നു. അപ്പൊഴൊ ഈ നിന്റെ നിരുപണയും എന്തു വരുമെന്നു നീ അറിഞ്ഞൊ ആയതു നീ അറിഞ്ഞില്ലാ എങ്കിൽ നിനക്കു ഞാൻ ചൊല്ലിത്തരാം. ഉടയതമ്പുരാൻ മനഗ്ഗുണം ചെയ്ത ഞങ്ങളുടെ ജാതിയുടെ കണ്ണുതുറക്കുമ്പൊൾ പണ്ടൊരിക്കൽ അത്തല്യാ എന്ന ദുഷ്ടസ്ത്രീക്കു അനുഭവിച്ചപൊലെ നിനക്കും വന്നു സംഭവിപ്പാൻ പൊരും. അതെന്തെന്നാൽ ഈ ദുഷ്ടസ്ത്രീ തന്റെ മകനായ ഒക്കൊസ്യാ എന്ന യൂദായുടെ രാജാവു മരിച്ചു എന്നു കെട്ടപ്പൊൾ തന്റെ മകനൊടു ദുഷ്ടത പരഹസ്യമായി കാട്ടി രാജതറവാട്ടിലുള്ള ആളുകളെ ഒക്കയും കൊന്നു രാജിതം തനിക്കു ഒതുക്കുകയും ചെയ്തു.

എന്നാലും തന്റെ തിരുമനസ്സിന്നു ഒത്തവണ്ണംജീവിച്ച ദാവീദിനെ പ്രതി യൂദായുടെ തറവാട്ടിലുള്ള ഉടയതമ്പുരാന്റെ മനഗ്ഗുണം ഇത്ര നെരവും കെട്ടുപൊയതും ഇല്ല.

അതെന്തെന്നാൽ മെൽപറഞ്ഞ ദുഷ്ടസ്ത്രീ രാജമക്കളെ ഒക്കയും കൊല്ലുന്ന നെരത്തിൽ ഒക്കൊസ്യായുടെ പെങ്ങളായ യൊറാം എന്ന രാജാവിന്റെ മകൾ യൊസബായ ഒക്കൊസിയായുടെ മകൻ യൊആക്കീമിനെ കട്ടു എടുത്തു തമ്പുരാന്റെ പള്ളിയിൽ വലിയ മെൽപട്ടക്കാരൻ ആയ യൊയാദായുടെ പക്കൽ കയ്യാളിക്കയും യൊയാദായും ഒളിച്ചു പള്ളിയിൽ തന്നെ ആരും അറിയാതെ ഈ രാജകുമാരനെ വളർക്കയും ചെയ്തു.

ഇങ്ങനെ ആറാണ്ടുകാലം കഴിഞ്ഞതിന്റെശെഷം പടത്തലവനെയും പുരുഷാരത്തെയും യൊയാദ എന്ന മെൽപട്ടക്കാരൻ പള്ളിയിൽ വരുത്തി ഇങ്ങിനെ രാജമകൻ ജീവിച്ചിരിക്കുന്ന പ്രകാരം അവരെ കേൾപ്പിച്ചു ഉടൻ എത്രയും പാരം പ്രസാദത്തൊടും സന്തൊഷത്തൊടും കൂടി യൊയാദിനെ സമ്മതിക്കയും അത്തല്യാം എന്ന ദുഷ്ടസ്ത്രീയെ പിടിച്ചുകൊല്ലുകയും ചെയ്തു.

എന്നിരിക്കുമ്പൊൾ ഏറിയനാൾ നിന്റെ തട്ടിപ്പും ഉപായവും കൊണ്ടും നമ്മുടെ ജാതിയുടെ സ്ഥാനമാനങ്ങളും പിടിച്ചുപറിച്ചു നിന്റെ അടിമയിലാക്കി പഴെ ഞങ്ങളുടെ പള്ളിയുടെ ക്രമങ്ങളും ക്രിയകളും അശെഷം ഹരം വരുത്തുവാൻ ഇപ്പളൊളവും നിന്റെ ശക്തി ഒക്കയൊടുംകൂടെ നീ ശ്രമിച്ചുവരുന്നതു ഞങ്ങളുടെ ജനങ്ങളുടെ കണ്ണു തുറക്കപ്പെട്ടു കാണുമ്പൊൾ മെൽപറഞ്ഞ ദുഷ്ടസ്ത്രീക്കു അനുഭവിച്ചപൊലെ നിനക്കുംവന്നു ഭവിപ്പാൻ സംഗതിവരുവാൻ പൊരും.

www.malankaralibrary.com

എന്നാൽ ഈ കാര്യത്തിന്മെൽ നിനക്കു സംശയമുണ്ടൊ. ആയതുണ്ടെങ്കിൽ പഴയകാലങ്ങളിൽ ഞങ്ങളുടെ കാരണവന്മാരു ചെയ്ത പ്രവൃത്തിയെ തിരഞ്ഞു കണ്ടാൽ ആയതു തീരുകയും ചെയ്യും. അതെന്തെന്നാൽ പറങ്കിമാരു തങ്ങടെ വമ്പൊടും മുഷ്ക്കൊടും കൂടെ കൊച്ചിയിൽ വാണിരിക്കുന്ന നാളുകളിൽ മലങ്കരക്കു വന്ന ഒരു സുറിയാനിക്കാരൻ മെത്രാനെ പൌലിസ്താക്കാരുടെ ബൊധിപ്പിപ്പാൻ പറങ്കിമാർ കടലിൽ കെട്ടി താഴ്ത്തി എന്ന ഒരു ശ്രുതി മലങ്കരെ കെട്ടതിനാൽ മലങ്കരെയുള്ള നസ്രാണികൾ ഒക്കെയും ഒരു ശങ്കകൂടാതെ കൊച്ചികൊട്ടയുടെ വാതുക്കൽ ഉള്ള മട്ടാഞ്ചെരിപള്ളിക്കൽ ചെന്നു പൌലിസ്താക്കാറരെ കണ്ടു വഴങ്ങുക ഇല്ലെന്നു സത്യം ചെയ്തു എന്നു വരികിൽ പറങ്കിമാരെപൊലെ അത്ര ബലവും ഉറപ്പും ഇല്ലാത്ത നിന്നൊടും അതിന്മണ്ണം കാട്ടുവാൻ അവരുടെ മക്കളായ ഞങ്ങൾക്കും ഇന്നു വശമില്ലാഴിക ഇല്ല. വിശെഷിച്ചും ഈ കാലങ്ങളിൽ ഞങ്ങളുടെ ജാതിക്കുള്ള ഞെരുക്കവും ഒരിമ്പാടില്ലാഴികയുംകൊണ്ടു ഇന്നു അങ്ങിനെയുള്ളതു വരുവാൻ പരാധീനമായിരിക്കുന്നു എന്നു നീ വിചാരിക്കുന്നു. വെണ്ടാ വെണ്ടാ. ആയതു ഭാവിക്കെണ്ടാ. ഉടയതമ്പുരാൻ ഞങ്ങളുടെ ജനങ്ങളുടെ ഹൃദയം തന്റെ മനഗുണത്താൽ ഇളക്കുന്ന നെരത്ത ആയതു ഒക്കെയും വന്നു കൂടുവാൻ എത്രയും അല്പ നെരം മതി. എന്നാൽ ദുഷ്ടനായ ആഹാവ എന്ന ഇസ്രായെലിന്റെ രാജാവിന്റെ തറവാട്ടിന്നു ഹരം വരുത്തുവാൻ ഉടയതമ്പുരാൻ തിരുമനസ്സായ നെരത്തു നിവ്യാന്മാരുടെ മക്കളിൽ ഒരുത്തനെ രഹസ്യത്തിൽ ഏലിശനിവ്യാ വിളിച്ചു നാംമ്സിയായുടെ മകനായ യൊസാപ്പത്തിന്റെ മകൻ യെഹു എന്ന പടത്തലവനെ ഇസ്രായെലിന്റെ രാജാവായിട്ടു പൂശുവാനായിട്ടു പറഞ്ഞയച്ചാറെ ഇവൻ പടപുരുഷാരത്തൊടുകൂടെ ഏഹു എന്നവൻ ഇരിക്കുന്നിടത്തു ചെന്നു അവനെ വെറെ വിളിച്ചു ഒരു മുറിയിൽ കിടത്തി വാതിലും അടച്ചു ഇസ്രായെലിന്റെ രാജാവു അവൻ അത്രെ ആകുന്നു എന്നും ദുഷ്ടു ആഹാവിന്റെ തറവാടു ഒക്കെയും ഹരം വരുത്തുവാൻ അത്രെ ഉടയതമ്പുരാന്റെ കല്പന ആകുന്നു എന്നും അവനൊടു പറഞ്ഞെച്ചു വാതിലും തുറന്നു ഓടിപൊകയും ചെയ്തു.

അതിന്റെശെഷം ഏഹു എന്നവൻ തന്റെ പടപുരുഷാരം ഇരിക്കുന്ന എടത്തു ചെന്നപ്പൊൾ ആ ഭ്രാന്തൻ ഇത്ര രഹസ്യമായിട്ടു പറഞ്ഞതു എന്തൊരു വസ്തു ആകുന്നു എന്നു തന്റെ കീഴുള്ള പടപുരുഷാരം ചൊദിച്ചതിന്നു ഈ മാനുഷൻ ആരെന്നും തന്റെ വചനങ്ങൾ എങ്ങിനെ ആയിരിക്കുന്നു എന്നും നിങ്ങൾ നല്ലവണ്ണം അറിഞ്ഞല്ലൊ ഇരിക്കുന്നു എന്നു ഏഹു ഉത്തരിച്ചാറെ അവൻ പറഞ്ഞതു ഭൊഷ്ക്കത്രെ ആകുന്നതു. എന്നാലും നീ ഞങ്ങളൊടു പറഞ്ഞാലും എന്നു പടപുരുഷാരം പറയുകയും ഏഹുവും ഇസ്രായെലിന്റെ രാജാവായിട്ടു നിന്നെ ഞാൻ പൂശി ഇരി



ക്കുന്നു എന്നു കർത്താവു അരുളിച്ചെയ്തിരിക്കുന്നു എന്നു എന്നൊടു പറഞ്ഞുപൊയി എന്നിങ്ങനെ ഫലിതമായി അവരൊടു പറഞ്ഞു കെൾപ്പിക്കയും ചെയ്താറെ ആയതു കെട്ടു ഉടൻ പടയാളികളുടെ ഹൃദയത്തിൽ ഉടയതമ്പുരാൻ എരുവു തൊന്നിച്ചതിനാൽ പടയാളികൾ ഓരൊരുത്തൻ ഒട്ടും താമസിയാതെ തങ്ങൾ തങ്ങളുടെ കുപ്പായം നിലത്തുവച്ചു ഒരു സിംഹാസനംപൊലെ ഉണ്ടാക്കി ആയതിന്മെൽ ഏഹുവെ കരെററി ഇരുത്തി തങ്ങളുടെ രാജാവായിട്ടു കൈക്കൊൾകയും ഉടൻതന്നെ യെഹു പുറപ്പെട്ടു ദുഷ്ടു ആഹാവിന്റെ തറവാടു ഒക്കെയും ഹരം വരുത്തുകയും ചെയ്തു.

ആയതിന്റെ സമ്മാനമായിട്ടു നാലുകരിന്തലയൊളം ഇസ്രായെലിന്റെ രാജിതം തന്റെ തറവാട്ടിൽതന്നെ ദൈവം കൊടുക്കയും ചെയ്തു.

അതുപൊലെ നമ്മുടെ ജനങ്ങളുടെയും ഹൃദയത്തിന്നു ഇളക്കം വരുത്തുവാൻ ഉടയതമ്പുരാൻ തിരുമനസ്സാകുന്നു എന്നു വരുകിൽ ദൃഢമില്ലാത്ത ഒരു കുഞ്ഞുപൈതൽ പറഞ്ഞാലും മതി ഉടൻതന്നെ ആ വചനത്തിന്നു എല്ലാവരും ഒരിമ്പെടും. എത്രയും ചുരുങ്ങിയ നെരംകൊണ്ടു നിന്റെ നിഷെധവും അഹങ്കാരവും നഷ്ടമായി വരികയും ചെയ്യും. വിശെഷിച്ചും നമ്മുടെ മെത്രാപ്പൊലീത്താ മലങ്കരക്കു വന്നാൽ ഇങ്ങിനെയുള്ള നിന്റെ ചതിവും തട്ടിപ്പും പരഹസ്യമായി വരുമെന്നു നീ അറിഞ്ഞിരിക്കുന്നതിനാൽ അത്രെ മലങ്കരക്കു വരുന്നതിന്മെൽ നീ ഇത്ര ഭയപ്പെടുന്നതു. ഇതുകൊണ്ടു അല്ലെ ഇതിന്മണ്ണം ഉള്ള ഉപായതന്ത്രങ്ങൾ എഴുതി അയച്ചതു എന്നു ഇനിക്കു തൊന്നുന്നു. എന്നാൽ പുറമെയുള്ള ജാതികളുടെ പക്കൽ നീ വരുത്തിയ കലക്കം ഒക്കെയിൽനിന്നും രക്ഷിച്ചു തമ്പുരാൻ ഞങ്ങളുടെ ജാതിയുടെ പക്കലും ഞങ്ങളെ രക്ഷിക്കുമെന്നു ശരണപ്പെട്ടിരിക്കുന്നു.

നീ പറയുന്ന ഏററം കുലശ്രെഷ്ഠതയുള്ള ജനങ്ങൾ തന്റെ ജാതിക്കാറരുതന്നെയും തങ്ങളുടെ മെത്രാനായിട്ടു കരിയാട്ടിയെ കൈക്കൊള്ളുക ഇല്ലെന്നു.

എന്നാൽ തന്റെ ജാതിക്കാർതന്നെയും എന്നു നീ പറഞ്ഞതു നമ്മുടെ മെത്രാപ്പൊലീത്തായുടെ ജാതിക്കാറരു മാർ തൊമ്മാ നസ്രാണികളെ കുറിച്ചു അത്രെ നീ പറഞ്ഞു എന്നു എല്ലാവക്കും അറിയാം. എന്നു വരുമ്പൊൾ ഏററം കുലശ്രെഷ്ഠതയുള്ളവർ എന്നു പറഞ്ഞതു ആരുടെമെൽ എന്നത്രെ ഇവിടെ വിചാരിക്കെണ്ടതു. അപ്പൊഴൊ ഏററം കുലശ്രെഷ്ഠതയുള്ളവർ എന്നു നിന്റെ തൊലി വെളുത്ത ഏറൊപ്പക്കാറരെ കുറിച്ചു എന്നു ഇനിക്കു തൊന്നുന്നു. എന്നതുകൊണ്ടു ഞാൻ നിന്നൊടു ചൊദിക്കുന്നു നീ എന്തു നിരൂപിക്കുന്നു. തൊലിയുടെ കറുപ്പിലും വെളുപ്പിലും കുലശ്രെ

www.malankaralibrary.com

ഷ്ഠത ആയിരിക്കുന്നു എന്നൊ. അല്ല, അല്ല, ഇത്തു എത്രയും ദൊഷതമമായ നിരൂപണ ആകുന്നു. ആയത്തു ഭൂമിയിൽ ഉള്ളവർ ആരും സമ്മതിക്കയില്ല. അതെന്തെന്നാൽ തറവാടുകളുടെ പഴമയിലും തങ്ങൾ തങ്ങളുടെ രാജാവിൽനിന്നും കൈക്കൊള്ളുന്ന സ്ഥാനംപൊലെയും തങ്ങളുടെ ലൊകർ ഒക്കെക്കൊയിലും ഏറ്റമായി തങ്ങൾക്കു കിട്ടുന്ന ബഹുമാനംപൊലെയും അത്രെ കുലശ്രെഷ്ഠത ആകുന്നു എന്ന എല്ലാ നാട്ടിലും പ്രസിദ്ധമാകുന്നു. എന്നു വരുമ്പൊൾ നീയും മലങ്കരയുള്ള നിന്റെ കൂട്ടരും ആരെന്നും മാർതൊമ്മാ നസ്രാണികൾ ആരെന്നും അത്രെ വിചാരിക്കെണ്ടത്തു. അപ്പൊൾ ഇവരിൽ ആരു ഏറ്റം കുലശ്രെഷ്ഠത ഉള്ളവർ എന്നു എല്ലാവക്കും അറിയാറുമാകും. അപ്പൊഴെ നിന്റെയും നിന്റെ കൂട്ടരുടെയും ഉള്ളാഴ്മ ഞാൻ അറിഞ്ഞിരിക്കുന്നപൊലെ പറയുന്നതിന്നു എന്നൊടു നിനക്കു ഒരു പരിഭവവും വെണ്ട.

വിശെഷിച്ചും മലങ്കരെയുള്ള മാർതൊമ്മാ നസ്രാണികളുടെ അവസ്ഥ വിചാരിച്ചാൽ അങ്ങനെ അല്ല. പിന്നെയൊ തങ്ങളുടെ നസ്രാണി സുഖത്തിന്റെ പഴമയും സ്ഥാനമാനത്തിന്റെ അവസ്ഥയും സൂക്ഷിച്ചാൽ ചെരമാൻ പെരുമാളെന്ന മഹാരാജാവിന്റെ കാലത്തിൽ ഈ രാജാവു മാർതൊമ്മാ നസ്രാണികളുടെ ജാതി ഒക്കെക്കും ശെഷമുള്ള ജാതികളൊക്കെക്കൊയിൽ ഏറിയ സ്ഥാനമാനങ്ങളും ബഹുമാനങ്ങളും കൊടുത്തതൊഴിയെ മഹാപിള്ളമാർ എന്നു അതായത്തു രാജമക്കൾ എന്നുള്ള നാമധെയം കൊടുക്കയും ഈ നസ്രാണികളും അന്നു തുടങ്ങി ഇന്നെവരെക്കും മലങ്കരയുണ്ടായ രാജാക്കൾ ഒക്കയുടെയും അനുവാദത്തൊടും സമ്മതത്തൊടുംകൂടെ ആയതിന്നു ഒരു മുടക്കംകൂടാതെ കാത്തുവരുന്ന പ്രകാരവും നിന്റെ കാരണവന്മാർ തന്നെ അവർ എഴുതിയ പുസ്തകങ്ങളിൽ നിന്നെ അറിയിച്ചിട്ടുള്ളത്തു എന്നിയ്യ ഇന്നു നീയും നിന്റെ കണ്ണുകൾകൊണ്ടുതന്നെ ആയത്തു ഒക്കയും കണ്ടു സൂക്ഷിച്ചുവരികയും ചെയ്യുന്നു. എന്നു വരുമ്പൊൾ ഈ രണ്ടുകൂട്ടം സംഗതികളുടെയും ഉള്ളാഴ്മ വെണ്ടുംവണ്ണം സൂക്ഷിച്ചാൽ അറിയാം, നമ്മളിൽ ആരാകുന്നു കുലശ്രെഷ്ഠതയുള്ളവർ എന്നു. അപ്പൊഴെ നീയും നിന്റെ കൂട്ടരും അത്രെ എത്രയും കുലശ്രെഷ്ഠതയുള്ളവർ എന്നു നീ വിചാരിക്കയും പറയുകയും ചെയ്യുന്നത്തു പക്ഷെ ഒരു അടിസ്ഥാനംകൂടാതെ ആകുന്നൊ. അല്ല. അല്ലാ. ഏതാനും അടിസ്ഥാനം കാൺകകൊണ്ടു ആയത്തു ഒന്നിന്നു ഒന്നായി നീ വിചാരിച്ചു തട്ടിപ്പിൽ അകപ്പെട്ടിരിക്കുന്നു. അതെന്തെന്നാൽ ഞങ്ങളുടെ പള്ളികളിൽ നീ വരുമ്പൊൾ നിന്റെ മുമ്പിൽ വലിയ ആചാരവും ഭക്തിമയും കാണിച്ചു ഞങ്ങൾ നില്ക്കുന്നതും നിന്നെ ബഹുമാനിക്കുന്നതും നിനക്കു ചൊൽവിളി കെൾക്കുന്നതും നിന്നെ കസെരമെലും പല്ലക്കിന്മെലും കൊണ്ടുനടക്കുന്നതും പട്ടക്കാറരും ലൊകരും ഘൊഷത്തൊടുകൂടെ നിനക്കു അണിയാത്ര പൊകുന്നത്തും ഇങ്ങിനെ ഞങ്ങൾ നിന്നൊടു കാണിക്കുന്ന ബഹുമാനങ്ങൾ ഒക്കയും നീ കാണുന്നത്തുകൊണ്ടു നീ കുലശ്രെഷ്ഠതയുള്ളവൻ ആകുന്നത്തുകൊണ്ടു ഈ ബഹുമാനമൊക്കയും നിനക്കും നിന്റെ കൂട്ടർക്കും ചെയ്‌വാൻ മലങ്കരയുള്ള നസ്രാണികൾ ഒക്കയും കടമായിരിക്കുന്നു എന്നും ഞങ്ങൾ നിന്നെക്കായിൽ കുലശ്രെഷ്ഠത കുറഞ്ഞവരായിട്ടത്രെ ആയത്തു കാട്ടുന്നു എന്നും വിചാരിക്കയും പറയുകയും ചെയ്യുന്നത്തുമൊഴിയെ പ്രവൃത്തിയാൽകൂടയും നീ കാട്ടുകയും ചെയ്യുന്നു.





അതെന്തെന്നാൽ തൊലിവെളുത്തിട്ടുള്ള ഒരു ചെരിപ്പുകുത്തി വന്നാൽ ഉടൻ അവന്നു കസെരയും കൊടുത്തു അവനെ ഇരുത്തുകയും ഞങ്ങളുടെ ജാതിയിൽ പ്രധാനപ്പെട്ട തരകന്മാരും പട്ടക്കാറരും വന്നാൽ നിന്റെ മുന്നൽ എല്ലായിപ്പൊഴും കാലിന്മെൽതന്നെ നില്ക്കണമെന്നത്തും എന്നിയ്യ അവരിൽ ആരാനും വാച്ചു അരുതായ്കയുംകൊണ്ടു നിന്റെ മുന്നൽ ഇരുന്നു എന്നുവരികിൽ ഉടൻ തന്നെ നിന്റെ മുഖം വാടുകയും ചെയ്യും. എന്നുവരുമ്പൊൾ ഞാൻ നിന്നൊടു പറയുന്നു, നിന്റെ നിഗളം നിന്നെ തട്ടിക്ക ഹെത്തുവാൽ നീ തട്ടിപ്പിൽ അകപ്പെട്ടിരിക്കുന്നു, അതെന്തെന്നാൽ മെൽപറഞ്ഞ ബഹുമാനങ്ങൾ ഒക്കയും ഞങ്ങൾ നിന്നൊടു കാട്ടിവരുന്നത്തു നിന്റെ ജാതിശ്രെഷ്ഠതകൊണ്ടും നമ്മുടെ കുലകുറവുകൊണ്ടും അല്ല. തമ്പുരാനും കാരണവന്മാർക്കും മല്പാന്മാർക്കും ബഹുമാനം കാട്ടണമെന്നു പണ്ടുപണ്ടെ നമ്മുടെ കാരണവന്മാർ ഞങ്ങളെ പഠിപ്പിക്കയും മലങ്കരെയുള്ള നസ്രാണികളായ ഞങ്ങളും ഈ ശ്രു. പഠിതപത്തിന്നു ഏറക്കുറവു ഒന്നും വരുത്താതെ പഴെ കാലങ്ങൾതൊട്ടു ഇന്നു വരെയും കാർത്തുവരികയും ചെയ്യുന്നതിനാം പക്കം ഞങ്ങളുടെ ഗുരുവായി നമ്മുടെ വെദത്തിലുള്ള ജ്ഞാനങ്ങൾ നമ്മെ പഠിപ്പിപ്പാൻ വരുന്നവരൊടു ഉടയതമ്പുരാനെപ്രതി ഈ ബഹുമാനങ്ങൾ ഒക്കയും ഞങ്ങൾ കാട്ടിവരികയും നീയും നിന്റെ കുലശ്രെഷ്ഠതകൊണ്ടും ഞങ്ങളുടെ കുലഹീനതകൊണ്ടും അത്രെ നിന്നൊടു ഞങ്ങൾ ഇതൊക്കയും കാട്ടുന്നു എന്നു വിചാരിച്ചു നന്മക്കു പകരം വീട്ടി ഞങ്ങളെകൊണ്ടു പൊരാഴികയും കുറച്ചിലും പുറമെയുള്ളവരൊടു പറയുകയും പുറമെഉള്ള നാടുകളിൽ എഴുതി അയക്കയും അത്രെ ആകുന്നു.

വിശെഷിച്ചും തന്റെ ജാതിക്കാർതന്നെയും കരിയാട്ടിയെ തങ്ങളുടെ മെത്രാനായിട്ടു കൈക്കൊള്ളുക ഇല്ലാ എന്നു നീ പറയുന്നതിന്മെൽ ഇനിക്കു പാരം അപൂർവ്വം തൊന്നുന്നുമുണ്ടു. ആയത്തു ഭൊഷ്ക്കത്രെ ആകുന്നു എന്നു കെൾക്കുന്ന ജനങ്ങൾ എല്ലാവക്കും ആരും പറയാതെ അറിയാവുന്ന കാര്യമത്രെ ആകുന്നു. ആയതിന്നു ഉത്തരം പറയണം എന്നില്ല. എങ്കിലും നിന്റെ അഹമ്മതി എത്ര വലുതായിരിക്കുന്നു എന്നു നിന്നെ കാട്ടുവാനായിട്ടു ചുരുങ്ങിയ

www.malankaralibrary.com

വചനങ്ങളിൽ ഉത്തരീക്കയും ചെയ്യുന്നു. എന്നു വരുമ്പൊൾ കരിയാട്ടിയെ തങ്ങളുടെ ജാതിക്കാററു തങ്ങളുടെ മെത്രാനായിട്ടു കൈക്കൊള്ളുക ഇല്ലാ എങ്കിൽ പിന്നെ ആരെ കൈക്കൊള്ളും. നിന്നെ കൈക്കൊള്ളുമെന്നു ഉടൻതന്നെ എന്നൊടു നീ ഉത്തരം പറയും. ആയതു കൊള്ളാം. കരിയാട്ടിയെക്കായിൽ ഏററം നിന്നെ ഞങ്ങളുടെ യജമാനനായിട്ടു കൈക്കൊള്ളുവാൻ കരിയാട്ടിയുടെ ജാതിക്കാർക്കു ഏററം മനസ്സുണ്ടായിവരും.

അതെന്തെന്നാൽ നീ വിലങ്ങുകൊണ്ടും തല്ലുകൾകൊണ്ടും മെനിക്ഷയങ്ങൾകൊണ്ടും കുറച്ചിലുകൾകൊണ്ടും ദിവസംതൊറും ഒട്ടും കുററം കൂടാതെ നിന്റെ വടുകരെപൊലെ അവരെ ബഹുമാനിച്ചു വരുന്നു. ഇതിങ്ങിനെ പറഞ്ഞ ശെഷമുള്ളവരെ സമ്മതിപ്പിച്ചുകൊള്ളാമെന്നു നിനക്കു തൊന്നിയതിന്മെൽ അത്രെ ഇവിടെ അതിശയിക്കെണ്ടതു. വിശെഷിച്ചും മലങ്കരയുള്ള നസ്രാണികളുടെ കലക്കം ഒഴിവാനും ശുദ്ധ പള്ളിയുമായി നിരപ്പു വരുവാനുമായിട്ടു തന്നെക്കൂടെ റൊമ്മാപ്പള്ളിക്കു വഴക്കണമെന്നു ഞങ്ങളുടെ ജാതിക്കാരൻ മാർതൊമ്മാമെത്രാൻ നിന്നൊടും നിന്റെ കാരണവന്മാരൊടും സാദ്ധ്യമായിട്ടു അപെക്ഷിച്ചാറെ ആയതിന്മെൽ ഒരു കുറിപൊലും വെണ്ടുംവണ്ണം നീ എഴുതി അയച്ചില്ല. മലങ്കരെയുള്ള തന്റെ ജാതികളുടെമെലും പള്ളികളുടെമെലും ഉള്ള സ്നെഹവും എരിവുംകൊണ്ടു അവരുടെ ഇടത്തുള്ള കലക്കം തീർത്തെ മതിയാവു എന്നുംവച്ചു തന്റെ ആയുസ്സും ഉപെക്ഷിച്ചു കരിയാട്ടി പുറപ്പെട്ടാറെ ആ കാര്യത്തിന്നു വിഘ്നം വരുത്തുവാൻ നിന്നാൽ ആകുംവണ്ണം നീ ശ്രമിച്ചതിനാംപക്കം ഇത്ര വലിയ മനഗുണം മലങ്കരക്കാററരൊടു ചെയ്തു നിന്നെ തങ്ങളുടെ മെത്രാനായിട്ടു കൈക്കൊള്ളുവാനും തങ്ങളൊടും തങ്ങളുടെ പള്ളിയൊടും അതിക്രമം കാട്ടിയ കരിയാട്ടിയെ കൈക്കൊള്ളാതെ ഇരിപ്പാനും മലങ്കരെക്കാർക്കു നല്ല ന്യായമുണ്ടായിരിക്കും. എന്നാൽ നന്മ ചെയ്യുന്നവരൊടു തിന്മ കാട്ടുന്നതിന്റെ മര്യാദിപൊലെ മലങ്കരക്കാററ വിചാരിക്കുന്നതു വെണ്ട, വെണ്ട, ഇതുകൂട്ടു പൂക്കാണ്ടി സംസാരം പറയണ്ട. അതെന്തെന്നാൽ കരിയാട്ടി സാമാന്യമുള്ള ഒരു പട്ടക്കാരനായിരിക്കുമ്പൊൾതന്നെയും നിന്നെക്കായിലെററം ബഹുമാനമായിട്ടും ആഘൊഷത്തൊടുംകൂടെയും മലങ്കരെയുള്ള നസ്രാണികൾ തന്നെ കൈക്കൊണ്ടിരുന്നപ്രകാരംമലങ്കരെ എല്ലാവർക്കും സൂക്ഷമുണ്ടു. എന്നാൽ ഏററം കുലശ്രെഷ്ഠതയുള്ളവരും തങ്ങളുടെ മെത്രാനായിട്ടു കരിയാട്ടിയെ കൈക്കൊള്ളുകയില്ലെന്നു നീ പറഞ്ഞതിനാംപക്കം നീയും നിന്റെ കൂട്ടരുംകൂടെ ഈ കുലശ്രെഷ്ഠതയുള്ളവരിൽ കൂടിയിരിക്കുന്നു എന്നിനിക്കു തൊന്നുന്നു. എന്നു വരുമ്പൊൾ ഏററം കുലശ്രെഷ്ഠതയുള്ള ജനങ്ങൾ തങ്ങളുടെ മെത്രാനായിട്ടു കരിയാട്ടിയെ കൈക്കൊള്ളുകയില്ല എന്നു നീ പറഞ്ഞ ഈ മൊഴിയാലെ നിന്റെ മെത്രാനായി കരിയാട്ടിയെ കൈ



ക്കൊള്ളുകയില്ല എന്നത്രെ നീ പറഞ്ഞതു. എന്നാൽ മെത്രാന്മാരു തമ്മിൽ പൊതികളും കുറുമുണ്ടാക്കുന്നതു പൊക്കരുതാത്ത ദൊഷമാകുന്നു എന്നു നീ ഞങ്ങളെ പഠിപ്പിച്ചുവരുന്നു. ഉടയതമ്പുരാൻ നിന്റെയും മലങ്കരക്കാററുടെയും മെത്രാനായിട്ടു കല്പിച്ച കരിയാട്ടിയെ നീ മെത്രാനായിട്ടു കൈക്കൊള്ളുകയില്ല എന്നു നീതന്നെ പറയുകയും ചെയ്യുന്നു. എന്നു വരുമ്പൊൾ നിന്നൊടു ഞാൻ ചൊദിക്കുന്നു. പക്ഷെ മലങ്കരക്കാർക്കും ഏറൊപ്പയിലുള്ളവർക്കും എത്തിയാൽ ദൊഷത്തിന്നു ഏതാനും ഭെദമുണ്ടൊ. പക്ഷെ മലയാങ്കാററരിൽ കുററമാകുന്ന വസ്തു ഏറൊപ്പകാററരിൽ കുററമല്ലയൊ. എന്നൊടു നീ ചൊല്ലു ഏതു ഏററം കുററമുള്ളതാകുന്നു. മെത്രാന്മാരു തമ്മിൽ പൊതികളും കുറുമുണ്ടാക്കുന്നതൊ ഉടയതമ്പുരാൻ തങ്ങളുടെ തലമെൽ യജമാനനായിട്ടു കല്പിച്ച മെത്രാനെ കൈക്കൊള്ളാത്തതൊ. എന്നാൽ ആയതു പൊക്കിക്കൂടാത്ത ദൊഷമെന്നു നീ പഠിപ്പിക്കുന്നു. ഇതു നീതന്നെ ചെയ്‌വാനിരിക്കുന്നു എന്നു കാട്ടി കുററമില്ലാത്ത കാര്യമാകുന്നു എന്നു നീ വിധിക്കയും ചെയ്യുന്നു. ഇതു എന്തുകൊണ്ടു. പക്ഷെ നിന്റെ കാരണവന്മാരു ചതിവായിട്ടും ന്യായമൊക്കയൊടു മറുത്തും മാർ ശെമഓൻ എന്ന സുറിയാനിക്കാരൻ മെത്രാനെക്കൊണ്ടു ബലത്താലെ മാർ ആഞ്ചലൊസുമെത്രാനെ വാഴിപ്പിച്ചതുപൊലെ തട്ടിപ്പും ഉപായവുംകൊണ്ടു കരിയാട്ടി മെത്രാപ്പൊലീത്തായുടെ സ്ഥാനം കൈക്കൊണ്ടു എന്നു നീ നിരൂപിക്കുന്നൊ. ആയതു നീ ഭാവിക്കണ്ട. അതെന്തെന്നാൽ ഇപ്പൊൾ നടന്നുവരുന്ന ശുദ്ധ പള്ളിയുടെ കല്പനക്കു മുടക്കം ഒന്നിനും ഒട്ടും ഏറക്കുറവു കൂടാതെ പ്രത്തുക്കാൽ രാജാവു കഴലപ്പെടുത്തുകയും മാർപ്പാപ്പായും നല്ല മനസ്സൊടും സമ്മതത്തൊടുംകൂടെ തനിക്കു പിടിപാടുസാധനം കൊടുക്കയും ഇങ്ങനെ ന്യായമൊക്കയൊടുംകൂടെ മലങ്കര ഇടവക ഒക്കയുടെയും മെത്രാപ്പൊലീത്താ ആയിട്ടു വാഴ്ച കഴിക്കയുമത്രെ ചെയ്തതു എന്നു വരുമ്പൊൾ നിന്നൊടു ഞാൻ ചൊദിക്കുന്നു. നിന്റെ മെത്രാനായിട്ടു കരിയാട്ടിയെ നീ കൈക്കൊള്ളാത്തതു ആരെയാണു. കരിയാട്ടിയെയൊ. അല്ല. അല്ല. കരിയാട്ടിയെ മെത്രാനായിട്ടു കല്പിച്ച മിശിഹായെയും തന്റെ ബാവായെയും അത്രെ നീ കൈക്കൊള്ളാത്തതു. എന്നാൽ ആയതിന്നു നിനക്കു സംശയവും ഉണ്ടെങ്കിൽ ശു. ഏവൻഗെലിയൊനിൽ ശ്ലീഹന്മാരൊടും തന്റെ അനന്തിരവർ ആയ മെത്രാന്മാരൊടും മിശിഹാകർത്താവു അരുളിച്ചെയ്യുന്ന തിരുവചനങ്ങൾ നീ കെൾക്ക. നിങ്ങളെ കൈക്കൊള്ളുന്നവർ എന്നെ കൈക്കൊള്ളുന്നു. എന്നെ കൈക്കൊള്ളുന്നവൻ എന്നെ യാത്രയാക്കിയ പിതാവിനെ കൈക്കൊള്ളുന്നു. നിങ്ങളൊടു അതിക്രമം കാട്ടുന്നവർ എന്നൊടുതന്നെ അതിക്രമം കാട്ടുന്നു എന്നും എന്നൊടു അതിക്രമം കാട്ടുന്നവർ എന്നെയാക്കിയ ആളിനൊടു അതിക്രമം കാട്ടുന്നു എന്നും വെള്ളി

www.malankaralibrary.com

ച്ചമെ തന്നെ ശ്രു. ഏവൻഗെലിയൊനിൽ മിശിഹാകർത്താവു അരുളിച്ചെയ്തിരിക്കുന്നു. എന്നിരിക്കുമ്പൊൾ നിന്റെ മെത്രാനായിട്ടു കരിയാട്ടിയെ നീ കൈക്കൊള്ളുക ഇല്ല എന്നു പറഞ്ഞതിനാലെ കരിയാട്ടിയെ കൈക്കൊള്ളുക ഇല്ലെന്നല്ല നീ പറഞ്ഞതു. പിന്നെയൊ കരിയാട്ടിയെ മെത്രാനായിട്ടു കല്പിച്ച മിശിഹാകർത്താവിനെയും തന്റെ ബാവായെയും കൈക്കൊള്ളുക ഇല്ല എന്നത്രെ നീ പറഞ്ഞതു. എന്നാൽ ഇത്ര വലിയ അഹമ്മതി നിന്റെ വായിൽനിന്നും പുറപ്പെട്ടതിനാംപക്കം പണ്ടു തന്റെ പടത്തലവൻ റബ്ശാക്കായെക്കൊണ്ടു തമ്പുരാനെ ദൂഷണം പറയിച്ച അസ്സൊറായക്കാററുടെ രാജാവു സെന്നഹരിമിനൊടു ഏശയ്യാനിവ്യായുടെ വായാലെ ഉടയതമ്പുരാൻ അരുളിച്ചെയ്തപൊലെ പക്ഷെ നിന്നൊടും അരുളിച്ചെയ്വാൻ പൊരും. അതായതു ഈവണ്ണം ആരെ നീ നിന്ദിച്ചു. ആരെ നീ ദൂഷണം പറഞ്ഞു. ആരൊടു മറുത്ത നിന്റെ സ്വരം ഉയർത്തി. ഉയരത്തിന്നു നിന്റെ കണ്ണുകളെ നീ പൊക്കി.

നിന്റെ ഇരിപ്പും നിന്റെ പുറപ്പാടും നിന്റെ പൂകിപ്പും നിന്റെ വഴിയും എന്നൊടു മറുത്തുള്ള നിന്റെ അരിശവും ഞാൻ മുന്നമെ അറിഞ്ഞു. എന്നൊടു മറുത്ത നീ അതിക്രമം പറഞ്ഞു. നിന്റെ നിഗളം എന്റെ ചെവിട്ടിൽ കരെറി. ഇതിനെക്കൊണ്ടു നിന്റെ മൂക്കിൽ വളയവും തള്ളി നിന്റെ വായിൽ കട്ടിയാണിയും തള്ളി നീ വന്ന വഴിക്കു നിന്നെ ഞാൻ തിരിപ്പിക്കുമെന്നു. അപ്പൊഴെ ഇങ്ങനെയുള്ള ഉടയതമ്പുരാന്റെ കുറപ്പാടു നീ കെൾക്കാതിരിപ്പാൻ നീ പറഞ്ഞ ഈ വലിയ ദൊഷത്തിന്മെൽ തെറിക്കൊള്ളുകയും വെണം. മലങ്കരയുള്ള ജനങ്ങൾക്കു ഭരിപ്പാൻ അറിവില്ല എന്നു തന്നെയുമല്ല മലങ്കരയുള്ള ജനങ്ങൾ ജാതിക്കാരൻ മെത്രാന്നു കീഴവഴങ്ങുകയും ഇല്ല എന്നു നീ പറയുന്നു. അപ്പൊഴെ ഈ നിന്റെ വചനങ്ങൾ ഓത്തുകണ്ടാൽ രണ്ടുകാര്യങ്ങൾ അതിൽ അടങ്ങിയിരിക്കുന്നു. അതായതു മലങ്കരയുള്ള ജനങ്ങൾക്കു ഭരിപ്പാൻ അറിവില്ലെന്നും മലങ്കരക്കാർ ജാതിക്കാരൻ മെത്രാന്നു കീഴവഴങ്ങുക ഇല്ലെന്നും. എന്നു വരുമ്പൊൾ ഈ രണ്ടു കാര്യങ്ങൾക്കും തിരിച്ചു തിരിച്ചു നിന്നൊടു ഉത്തരം പറവാൻ ഞാൻ തുടങ്ങുന്നു. എന്നു വരുമ്പൊൾ മലങ്കരക്കാർക്കു ഭരിപ്പാൻ അറിവില്ലെന്നു നീ പറഞ്ഞതു കുറെ കഠിനമായി എന്നു ഇനിക്കു തൊന്നുന്നു. ആയതു ഞങ്ങളുടെ മഹാരാജാവു കെട്ടാൽ തന്നെയും തെളിവു വരുന്ന കാര്യമല്ല. അതെന്തെന്നാൽ ഈ രാജാവും മലയാൻകാരനായിരിക്കുന്നു. എങ്കിലും എത്രയും ബുദ്ധിയൊടും കല്പനമുഷ്ക്കൊടുംകൂടെ ഭരിപ്പാൻ കൊള്ളാവുന്നവരാകുന്നു എന്നു ഈ മലയാൻകാററു തന്നെയല്ല പിന്നെയൊ നീയും യൂറൊപ്പിൽ ഉള്ള ശെഷമുള്ളവരും അറിഞ്ഞിരിക്കുന്ന കാര്യമത്രെ ആകുന്നു. എന്നാൽ ഞാൻ ലൊകവാഴ്ചമെൽ അല്ല പള്ളിക്കടുത്ത വാഴ്ചമെൽ അത്രെ പറഞ്ഞ



തു എന്നു ഉടനെ എന്നൊടു നീ ഉത്തരംപറയും. എന്നാൽ കരിയാട്ടി മല്പാനല്ലാതെ പിന്നെ മലങ്കരെയുള്ള സുറിയാനിക്കാററിൽ ആരാനും മെത്രാപ്പൊലീത്തായുടെ സ്ഥാനം ഏററു എന്നു വരികിൽ ഏതുമിളച്ച ഏറൊപ്പയിൽ ഉള്ള നിന്റെ ജാതിക്കാററെ പറഞ്ഞു ബൊധിപ്പിപ്പാൻ ഈ മൊഴി കൊള്ളായിരുന്നു. അതെന്തെന്നാൽ നിന്നെക്കായിൽ പതിനായിരം ഊഴം നല്ലവണ്ണം ഭരിക്കുന്ന പട്ടക്കാററു ഞങ്ങളുടെ പള്ളിയിൽ ഉണ്ടെന്നു മലങ്കരയുള്ളവർ എല്ലാവരും അറിഞ്ഞിരിക്കുന്നു. എന്നാൽ കരിയാട്ടി ൧൧ (11) വർഷം നമ്മുടെ വെദത്തിന്റെ തലയും ശാസ്ത്രത്തിന്റെ മുഴപ്പുമാകുന്ന റൊമ്മായിൽ വസിച്ചു നിന്നെപ്പൊലെ എന്നല്ല നിന്നെക്കായിൽ ഏററം മെച്ചമായിട്ടു എല്ലാവക ശാസ്ത്രങ്ങളും മതിയാകുംവണ്ണം പഠിച്ച മല്പസുഖത്തിന്റെ പുസ്തകവും കൈക്കൊണ്ടിരിക്കുന്ന ആളാകകൊണ്ടു നീ പറഞ്ഞ ഈ വചനങ്ങൾ ഏറൊപ്പയിൽ ആരും വിശ്വസിച്ചില്ല എന്നു തന്നെയല്ല ലത്തീൻഭാഷയും നമ്മുടെ മാർഗ്ഗത്തിലുള്ള ശാസ്ത്രങ്ങൾ എല്ലാത്തരങ്ങളും മലയാൻവാക്കും മലങ്കരയുള്ള നസ്രാണികളുടെ ക്രമങ്ങളും മര്യാദിയും അറിഞ്ഞിരിക്കുന്ന കരിയാട്ടിയെക്കായിൽ മലയാൻപെച്ചുപൊലും അറിഞ്ഞുകൂടാത്ത നിനക്കു ഏററം ഭരിപ്പാൻ അറിയാമെന്നു പറഞ്ഞതിനാം പക്കം നിന്റെ നിഗളത്തിന്റെ ഉഗ്രത്തിന്മെൽ എല്ലാവർക്കുംപാരം അപൂർവ്വം തൊന്നുകയും ചെയ്തു.

വിശെഷിച്ചും മലങ്കരെയുള്ള ഞങ്ങളുടെ അവസ്ഥമെൽ പറയെണ്ടു.

അതെന്തെന്നാൽ നീ ഞങ്ങളുടെ മലങ്കര ഭരിക്കുന്ന പ്രകാരം എങ്ങിനെ എന്നു ഞങ്ങൾ എല്ലാവരും ദിനംദിനം ഞങ്ങളുടെ കണ്ണുകൾ കൊണ്ടുതന്നെ ഞങ്ങൾ കണ്ടിരിക്കയും ചെയ്യുന്ന ഈ കാര്യത്തിന്നു ഈ ഉത്തരം മതി ആയിരിക്കും. അതെന്തെന്നാൽ എല്ലാവരും പരഹസ്യമായി അറിഞ്ഞിരിക്കുന്ന കാര്യമാകുന്നു. രണ്ടാമതു നീ പറയുന്ന മലങ്കരെയുള്ള ജനങ്ങൾ ജാതിക്കാററു മെത്രാന്മാർക്കു കീഴവഴങ്ങുക ഇല്ലാ എന്നും എന്നാൽ ഇതു മലങ്കരയുള്ള ജനങ്ങൾ കെട്ടാൽ എത്രയും പ്രസാദിക്കുന്ന കാര്യം ആകുന്നു എന്നു ഇനിക്കു തൊന്നുന്നു.

അതെന്തെന്നാൽ അപ്പന്റെ ബഹുമാനവും സമ്പത്തും മക്കൾക്കായിരിക്കുന്നപൊലെ ജാതിക്കാററിൽ ഒരുത്തനുള്ള സ്ഥാനമാനങ്ങളും യശസ്സും ജാതിക്കു ഒക്കെക്കും കൂടെ ആകുന്നു എന്ന ഈ മാർഗ്ഗത്തിന്നടുത്ത മനസ്സും ആഗ്രഹവും മലങ്കരക്കാർക്കു ഇല്ലാത്തപൊലെ ഇത്ര പിടിയാത്തവരും ദുഷ്ടരും മലങ്കരയുള്ള ജനങ്ങൾ ആകുന്നു എന്ന. ഇങ്ങിനെ മലങ്കരക്കാററുടെ ബഹുമാന

www.malankaralibrary.com

വും കീൎത്തിയും ഏറൊപ്പയിൽ ഉള്ള ജനങ്ങളെ അറീക്കയത്രെ ആകുന്നു. എന്നു വരുമ്പൊൾ ഞാൻ നിന്നൊടു ചൊദിക്കുന്നു. എന്നൊടു നീ പറയുക. കദിയാൽ ഹെനറീക്ക എന്ന പ്രത്തുക്കാൽ രാജാവു മരിച്ചതിന്റെശെഷം കസ്സെൽരാജാവു അനന്തിരപ്പാടുമ്പൊവകാശം പറഞ്ഞു പ്രത്തുക്കാൽ രാജിതം അടക്കി ൫൦ (50) കാലം ഭരിച്ചുവന്നതിന്റെ ശെഷം ഇങ്ങിനെ തങ്ങടെ രാജിതവും നഷ്ടമായി കസ്തെല്ലിയാൻമാരുടെ അടിമകീഴായി. പറങ്കിമാരു തങ്ങൾക്കു വന്നുഭവിച്ച മെനിക്ഷയത്തിൻമെലും സങ്കടത്തിന്മെലും ക്ലെശപ്പെട്ടു ഒരു ദിവസം അവരിൽ പ്രധാനപ്പെട്ടവർ എല്ലാവരുംകൂടി പറഞ്ഞൊത്ത ഏകമനസ്സായിക്കൊണ്ടു ശെഷമുള്ള തങ്ങളുടെ ജാതിക്കാറരെയും കൂട്ടിക്കൊണ്ടു നാലുമണി നെരംകൊണ്ടു കസ്സെല്ലിയാൻമാരെ ഒക്കയും തല്ലി പുറത്തു കളഞ്ഞതും ജമ്മാ എന്ന മഹായൊഗവാഴ്ച അൽമാഞ്ഞിയാക്കാറരു വന്നു പിടിച്ചടക്കിയതുവരെ പലപല കാലം വാണുവന്നതിന്റെ ശെഷം ജമ്മാക്കാരർ എല്ലാവരുംകൂടി ഒരു രാത്രിയിൽ തങ്ങളുടെ നാടുവാണു വന്നിരുന്ന അൽമാഞ്ഞിയക്കാറരെ ഒക്കയും പുറത്തു കളഞ്ഞതും മുമ്പിൽ ഉള്ള മാർപ്പാപ്പാമാർ റൊമ്മായിൽനിന്നു തങ്ങളുടെ ഇരിപ്പിടം മാററി പ്രാൻസനാട്ടിൽ അവിഞ്ഞൊൻ എന്ന ഇടത്തിൽ പല കാലം (അവിടെ ഉണ്ടാകുന്ന മാർപ്പാപ്പാമാർ പ്രാസന്മാരിൽനിന്നു ആയിരുന്നു) വസിച്ചു വന്നതിന്റെ ശെഷം അവിടെ നിന്നും വീണ്ടും റൊമ്മായിക്കു ചെന്നു കീഴമര്യാദിപൊലെ അവിടെ തന്റെ ഇരിപ്പിടമാക്കിയ പതിനൊന്നാമത്തെ ഗ്രീഗൊരിയൊസു മാർപ്പാപ്പാ കാലം ചെയ്തതിന്റെ ശെഷം തന്റെ അനന്തിരവനെ കഴലപ്പെടുത്തുവാൻ മര്യാദിപൊലെ കർദിനാളന്മാർ അടവിൽ പുക്കപ്പൊൾ റൊമ്മാകാററ പടകൊപ്പുകളൊടുകൂടെ കർദിനാളന്മാരുടെ അടവി വളഞ്ഞതിന്റെ ശെഷം നിങ്ങൾ കഴലപ്പെടുത്തുന്ന പാപ്പാ റൊമ്മാക്കാരൻ അല്ലെങ്കിൽ കുറഞ്ഞാൽ ഇത്താല്യാക്കാരൻ എങ്കിലും ആയിരിക്കണം. ആയതല്ലാത്ത മററു ജാതിയിൽ വല്ലവരെയും കഴലപ്പെടുത്തിയാൽ അടവിയിൽ പുക്ക കർദിനാളന്മാരിൽ ഒരുത്തനെ എങ്കിലും ജീവനൊടു അയക്കുക ഇല്ല എന്നു പറഞ്ഞു കർദിനാളന്മാരെ ഭയപ്പെടുത്തി ബലത്താലെ എന്നപൊലെ റൊമ്മാക്കാരനാകുന്ന ആറാമത്തെ ഉറുബാനൊസു മാർപ്പാപ്പായെ കഴലപ്പെടുത്തിയതും ഇതൊക്കയും എന്തുകൊണ്ടാകുന്നു. എന്തിന്നു പഴമയിൽ ഉള്ള കാൎയ്യങ്ങൾ ഞാൻ പറയുന്നു. ഇന്നു നടന്നുകൊണ്ടുവരുന്ന മര്യാദികൊണ്ടുതന്നെ നാം തമ്മിൽ പറഞ്ഞു കാണാം. എന്തു നിനക്കു തൊന്നുന്നു. ഇത്താലിയാൻകാർ പ്രത്തുക്കാലിലും പ്രത്തുക്കാൽക്കാരൻ ഇത്താലിയായിലും പ്രാൻസകാരൻ അൽമാഞ്ഞിയായിലും അൽമാഞ്ഞിയാക്കാരൻ പ്രാൻസിലും ഭരിപ്പാൻ വന്നാൽ ഈ ജാതികൾ ഒക്കെക്കും പ്രസാദമായി വരുമൊ. ആയതില്ല. തങ്ങൾ ത



ങ്ങൾക്കു തങ്ങളുടെ ജാതിക്കാരനെയെ പ്രസാദമായി വരുവൊള്ളു എന്നു നീ തന്നെ എന്നൊടു ഉത്തരം പറയും. ഇതു എന്തുകൊണ്ടു.

മെൽപറഞ്ഞവണ്ണം അപ്പന്റെ ബഹുമാനവും സമ്പത്തും മക്കൾക്കു ആയിരിക്കുന്നതുപൊലെ ജാതിയിൽ ഒരുത്തനുള്ള ബഹുമാനവും യശസ്സും ജാതിക്കാരർ എല്ലാവർക്കും കൂടെയുള്ള കാൎയ്യമാകുന്നു എന്ന ഈ ജാതിക്കാരായ എല്ലാവരും അറിഞ്ഞിരിക്കുന്നു. എന്നു തന്നെയല്ല അതാതു ജാതിയെ ഭരിക്കുന്നവർ അതാതു ജാതിയിൽനിന്നുതന്നെ ആയിരുന്നെ ജാതിയുടെ സ്ഥാനമാനങ്ങളും യശസ്സുകളും ഒരിമ്പാടും ഐകമത്യവും ഒരു ലയം കൂടാതെ കാത്തു എന്നു വരു എന്ന വർഗ്ഗന്യായത്താൽതന്നെ എല്ലാവൎക്കും പ്രസിദ്ധമായ കാൎയ്യമാകുന്നു. എന്നതിനെക്കൊണ്ടു മാനുഷവർഗ്ഗത്തിന്നുള്ള ഈ മനസ്സും ആഗ്രഹവും നല്ലതെന്നു ഉടയതമ്പുരാനും സാക്ഷിച്ചു ഉറപ്പിക്കയും ചെയ്തു.

അതെന്തെന്നാൽ മെസ്രെനിൽ അടിമപ്പെട്ടിരുന്ന ഇസ്രായെൽമക്കളെ രക്ഷിപ്പാൻ തങ്ങളുടെ ജാതിയിൽനിന്നുള്ള മൂശയെ അല്ലാതെ മററു ജാതിയിൽനിന്നും ആരെയും ഉടയവൻ യാത്രയാക്കിയതും ഇല്ല. അതിന്മണ്ണം മിശിഹാകൎത്താവും തന്റെ ശ്രു. വെദം ലൊകമെങ്ങും അറിയിപ്പാൻ ശ്ലീഹന്മാരെ കഴലപ്പെടുത്തിയപ്പൊൾ ഈ അറിയിപ്പു കൈക്കൊള്ളുന്നവരിൽ തലപ്പെട്ട ജാതിയിൽ തലപ്പെട്ട ജാതിയായ യൂദന്മാരിൽ നിന്നുതന്നെ ശ്ലീഹന്മാരെ തിരിഞ്ഞെടുത്തതിന്റെ ശെഷം ഇവരും അവരൊടു താൻ പ്രമാണിച്ച കല്പനക്കു തക്കവണ്ണം അതാതു ദെശങ്ങളിൽ മാർഗ്ഗം അറിയിപ്പാൻ ചെന്നു ശ്രു. വിശ്വാസത്തിൽ അവിടെയുള്ള ജനങ്ങളെ കൂട്ടിയതിന്റെ ശെഷം ആ ജാതിയിൽതന്നെ യൊഗ്യതയുള്ള ആളുകളെ തിരഞ്ഞെടുത്ത ഈ ജനങ്ങളെ ശ്രു. മാർഗ്ഗത്തിൽ ഭരിപ്പാൻ വെദവഴികളായി കല്പിക്കുമാറായിരുന്നു. ഈ വഴിതന്നെ ശ്രു. പള്ളിയും ചെന്നുകൊണ്ടു അതാതു പള്ളിയിൽ മെത്രാന്മാരാകുന്ന ജനങ്ങൾ ഈ പള്ളിയിൽ ഉള്ള പട്ടക്കാറരിൽ നിന്നു തന്നെ ആയിരിക്കണമെന്നു ആകമാനത്തിന്നടുത്ത പല സൂനഹദൊസുകളിൽ കല്പിക്കയും ഏറൊപ്പയിൽ ഒക്കയും ആസ്യകെട്ടിൽ പല ഇടത്തിലും കാത്തുവരുന്നതും ഒഴിയെ റൊമ്മായൊടടുത്ത മെൽപട്ടക്കാറരുടെ ക്രമങ്ങളുടെ പുസ്തകത്തിൽ എഴുത്തപ്പെട്ടിരിക്കുന്നപൊലെ മെത്രാന്മാരെ വാഴിക്കുന്ന നെരത്തു പ്രത്യെകമായിട്ടു ഈ കാൎയ്യത്തിന്മെൽ ചൊദ്യവും ഉണ്ടു. അപ്പൊഴൊ ഇതു ഒക്കയും ഇങ്ങിനെ ആയിരിക്കുമ്പൊൾ ഈ വൎഗ്ഗത്തിനടുത്ത ആഗ്രഹത്തിന്നും മനസ്സിന്നും മറുതലയായിട്ടു മലങ്കരജാതിക്കാറരു മെത്രാന്മാൎക്കു കീഴവഴങ്ങുക ഇല്ലെന്നു നീ പറയുന്നതു എങ്ങിനെ. നീ തന്നെ വിചാരിച്ചു ഈവണ്ണം പറയുകയൊ. അതൊ നിനക്കു ആരാനും പറഞ്ഞുതന്നിട്ടു പറയുന്നതൊ. എന്നാൽ നീ തന്നെ

www.malankaralibrary.com

വിചാരിച്ചിട്ട പറഞ്ഞു എങ്കിൽ നിന്നൊട ഞാൻ പറയുന്നു നിന്റെ ഈ വിചാരം എത്രയും ഭൊഷത്വമാകുന്നു എന്നു. വിശെഷിച്ചും നിന്നൊട ആരാനും പറഞ്ഞിട്ട നീ പറയുന്നു എങ്കിൽ മലങ്കരക്കാറരു ഒക്കെയുടെയും ഹൃദയം തപ്പി അറിഞ്ഞ ഈ വിദ്വാനെ എന്നെ കാണിക്കെണ്ടിയിരിക്കുന്നു. നിനക്ക എന്തു തൊന്നുന്നു. മലങ്കരെയുള്ള നമ്മുടെ ജെഷ്ഠാനുജന്മാരായ പുത്തൻകൂറ്റുകാരു എന്തുകൊണ്ട ഞങ്ങളുടെകൂടെ ഒരിമ്പാടുകൂടാതെ മറുതലയായി നില്ക്കുന്നു. പക്ഷെ ശുദ്ധ പള്ളിയൊടും ശുദ്ധവിശ്വാസത്തൊടും മറുത്തു ഏതാനും അവർ കാണിക്കുന്നതിന്നൊ, അല്ല അല്ല. അന്ത്യനിറത്തിലും ക്രമത്തിലും വന്നു നമ്മുടെ കാരണവന്മാരുടെ ക്രമങ്ങൾക്കും ക്രിയകൾക്കും ഹരം വരുത്തുവാൻ ശ്രമിക്കുന്ന നിനക്ക കീഴവഴങ്ങുക ഇല്ലെന്നു അവക്കുള്ള പ്രതിജ്ഞകൊണ്ടത്രെ ആകുന്നു. ജാതിക്കാറരു മെത്രാന്മാൎക്ക മലങ്കരക്കാർ വഴങ്ങുക ഇല്ലെന്നു പറയുന്നതു ഭൊഷ്ക്കാകുന്നു. അതെന്ത്യെ നമ്മുടെ ജാതിക്കാരൻ മാർ ആലെക്സന്ത്രയൊസമെത്രാൻ കഴിഞ്ഞ കാര്യം വിചാരിച്ചാൽ അറിയാം. വിശെഷിച്ചും മലങ്കരയുള്ള ജനങ്ങൾ പാവപ്പെട്ടവർ ആകുന്നതിനെക്കൊണ്ട ജാതിക്കാരർ മെത്രാന്മാർ ഉണ്ടായാൽ ദിഷ്ടതിയായ വസ്തുക്കൾ ഒക്കയും കൊടുത്ത രക്ഷിപ്പാൻ പരാധീനമായി വരുമെന്നതിനെക്കൊണ്ട ജാതിക്കാരർ മെത്രാന്മാരെ മലയാൻകാൎക്ക മനസ്സാകയില്ല എന്നു എന്നൊട നീ പറയും. എന്നാൽ ഇതിന്നു ഞാൻ ഉത്തരം പറയുന്നു. ഇതിന്മണ്ണം ഉള്ള നിന്റെ നിരുപണ അത്രെ നമ്മുടെ ജാതിയെ ഇത്ര നിന്ദിപ്പാൻ കാരണമാകുന്നതു. അതെന്തെന്നാൽ മലങ്കരെയുള്ള പള്ളികളെപ്രതി റൊമ്മായിൽനിന്നും നീ ഇരന്നു മെടിച്ച നമ്മുടെ വികാരിമാൎക്കും പട്ടക്കാൎക്കും നീ കൊടുത്തവരുന്ന രണ്ടു കുപ്പി വീഞ്ഞും മൂന്നാഴി കൊതമ്പും വിചാരിച്ച മലങ്കരയുള്ള പട്ടക്കാരർ ഒക്കയും * * * * നിന്റെ കീഴ കിടക്കുമെന്നു നീ വിചാരിക്കുന്നു. ഇല്ല. ഇല്ല. ഈ നിന്റെ നിരുപണ എത്രയും ഭൊഷത്വം ആകുന്നു. അതെന്തെന്നാൽ ഞങ്ങൾക്ക തിന്മാനും കുടിപ്പാനും ശെഷം വസ്തുക്കൾക്കും ഞങ്ങളുടെ പ്രയത്നം മതിയായി വരുന്നു എങ്കിൽ ഞങ്ങളുടെ പള്ളികളിൽ ശു. പൂജ കഴിപ്പാനും വെണ്ടുന്ന വീഞ്ഞും കൊതമ്പും കൊള്ളുവാൻ വെണ്ടുവൊളം മതി ആയി വരുമെന്നു നീ ബൊധിച്ചിരിക്കണം. വിശെഷിച്ചും ജാതിക്കാരൻ മതി ആകയില്ലെന്നു നീ പറയുന്നു എങ്കിൽ നിന്നൊട ഞാൻ ചൊദിക്കുന്നു. നീയും നിന്റെ കാരണവന്മാരും മലങ്കര വരുന്നതിന്നു സ്വല്പം മുമ്പു മലങ്കരയുണ്ടായിരുന്ന മെത്രാന്മാരെയും റമ്പാന്മാരെയും പട്ടക്കാറരെയും ആരു രക്ഷിച്ചിരുന്നു. അവക്ക ദിഷ്ടതി ആയ വസ്തുക്കൾ ആരു കൊടുത്തിരുന്നു. പക്ഷെ നീയും നിന്റെ കാരണവന്മാരും അവൎക്ക മാസപ്പടി കൊടുത്തയച്ചവരുന്നൊ. അല്ല. അല്ല. അവർ മലങ്കരയുള്ള വിശ്വാസക്കാറരുടെ





ദാനംകൊണ്ട എത്രയും മതിപൊരികയൊടും ബഹുമാനത്തൊടുംകൂടെ കഴിഞ്ഞിരുന്ന പ്രകാരം മലങ്കരയുള്ള ഞങ്ങൾ എല്ലാവൎക്കും കെട്ടുകെൾവി ഉണ്ട എന്നു തന്നെയല്ല ആയതിന്റെ കാണത്തക്ക സാക്ഷികൾ എല്ലാവൎക്കും അറിയത്തക്കവണ്ണം ഇന്നയൊളവും മലയാളത്തിൽ നില്ക്കുന്നതുമുണ്ട. അവിടെയുള്ള ജാതി എജമാനന്മാരെ രക്ഷിച്ച എന്നുതന്നെയല്ല മലങ്കരയുള്ള വിശ്വാസികളുടെ ദാനധൎമ്മങ്ങൾ വഗദാദിൽ ഉള്ള തങ്ങളുടെ പാത്രിയൎക്കായിക്കും കൊടുത്തയപ്പാറുണ്ടായിരുന്നു എന്നു നിന്റെ കാരണവന്മാർ എഴുതിയ പുസ്തകത്തിൽത്തന്നെ വായിച്ചാൽ കാണാം,

എന്നാൽ ഈ ദിവസങ്ങളിൽ നീ പറയുന്നതുപൊലെ മലങ്കരയുള്ള ജനങ്ങൾ പാവപ്പെട്ടവർ ആകുന്നു എന്നു നീ പറയുന്നതു നെരുതന്നെ ആകുന്നു. എങ്കിലും നിന്റെ നാട്ടിൽ നിന്റെ ജാതിക്കാർ കാട്ടിവരുന്നപൊലെ കെട്ടിയവളെയും മക്കളെയും ഉപെക്ഷിച്ചുംവച്ച മറുനാട്ടിൽ പൊകുന്നവരെയും തിന്മാനില്ലായ്കകൊണ്ട തങ്ങളുടെ മക്കളെ കുലിക്കുകൊടുക്കുന്നവരെയും ഇങ്ങിനെയുള്ള മററു ദൂഷിക്കപ്പെട്ട മററു പ്രവൎത്തികൾ ചെയ്യുന്നവരെയും നമ്മുടെ മലങ്കര സൂക്ഷിച്ചാൽ നീ കണ്ടെത്തുകയും ഇല്ല. പിന്നെയൊ എല്ലാവരും തങ്ങൾ തങ്ങൾക്കുള്ള ഞെരുക്കങ്ങൾകൊണ്ടും തങ്ങളുടെ സ്ത്രീകളെയും മക്കളെയും പൊറുപ്പിച്ചുംഅത്രെ വരുന്നതു, എന്നു വരുമ്പൊൾ അത്രപിക്കപ്പെടാത്ത വസ്തുക്കളിൽ തങ്ങൾക്ക ചിററാഴ്മ ചെയ്യുന്ന തങ്ങളുടെ ജാതി എജമാനന്മാൎക്കും പട്ടക്കാൎക്കും ദിഷ്ടതി ആയി വരുന്ന നെരത്തിൽ അവരെ രക്ഷിക്കണമെന്നുള്ള ദൈവത്തിന്റെ കല്പന അറിഞ്ഞു തങ്ങളാൽ ആകുംവണ്ണം അവരെ സഹായിപ്പാനുള്ളതിന്നു മലങ്കരയുള്ള ജനങ്ങൾ ഒരു നാളും കുറവു വരുത്തിയതും ഇല്ല ഇനി ഒരു നാളും കുറവു വരുത്തുകയും ഇല്ല. എന്നു നീ അറിഞ്ഞിരിക്കട്ടെ. ആയതിനെകൊണ്ട ഏതാനും നിനക്ക സംശയം ഉണ്ടെങ്കിൽ പുത്തൻകൂറ്റുകാരായ ഞങ്ങളുടെ ജെഷ്ഠാനുജന്മാർ ചെയ്തുവരുന്ന അവസ്ഥ സൂക്ഷിച്ചാൽ ആയതിന്റെ പരമാൎത്ഥം അറിയുകയും ആം. അതെന്തെന്നാൽ മാർ പൌലൊസ പറയുന്നതുപൊലെ അത്രപിക്കപ്പെടാത്ത വസ്തുക്കളിൽ തങ്ങളെ തുണക്കുന്ന ജനങ്ങൾക്ക ശരീരത്തിന്നടുത്തതു ചിററാഴ്മ ചെയ്യുന്നതു വലിയ കാര്യമല്ല എന്നു അറിഞ്ഞുകൊണ്ട അവക്ക ദിഷ്ടതി ആയ വസ്തുക്കളിൽ തുണക്കുന്നതുകൊണ്ട ഒരു ദാരിദ്ര്യവും പഞ്ഞവും വൎദ്ധിക്ക അല്ല. പിന്നെയൊ സംപത്തുകൾ ഒക്കെയുടെയും ഉടയവനായ തമ്പുരാൻ തന്നെപ്രതി ചെയ്ത ഈ നന്മപ്രവൃത്തി കണ്ട തന്റെ ദിവ്യവാഴവും ചെമ്മൂൎത്തവും വൎദ്ധിപ്പിക്കയും ആയതുകൊണ്ട സംപത്തും ബഹുമാനവും വളരുകയും ചെയ്യുന്ന പ്രകാരം എല്ലാവൎക്കും പരഹസ്യമായ കാര്യമാകുന്നു. ആയതിന്നു ആൎക്കാനും സംശയം ഉണ്ടെങ്കിൽ മലങ്കര

www.malankaralibrary.com

തന്നെ ഉണ്ടായ പഴെകാലങ്ങൾ സൂക്ഷിച്ചാൽ എല്ലാവൎക്കും അറിയുകയും ആം.

വ്യ-(8) മറ്റു നീ പറയുന്ന മാൎഗ്ഗമറിയിക്കുന്നവർ മലങ്കരയില്ലാതിരുന്നാൽ കാവ്യരു മാൎഗ്ഗം കൂടുക ഇല്ലെന്നതുകൊണ്ടു മലങ്കരെ പിന്നെ വിശ്വാസമില്ലാത്തവർ മാൎഗ്ഗംകൂടുന്ന കാൎയ്യത്തിന്മെൽ ഏറ്റം വിചാരിക്കെണ്ടതില്ലെന്നു.

അപ്പൊഴെ ഈ നിന്റെ വചനങ്ങൾ കെൾക്കുന്നവൎക്കു നിന്റെ ബുദ്ധിയുടെ വിചാരമില്ലാഴികയും അവിവെകവും പരഹസ്യമായിരിക്കയും ചെയ്യുന്നു. അതെന്തെന്നാൽ ഇങ്ങിനെ നീ പറയുന്നതിനാൽ നീയും നിന്റെ കാരണവന്മാരും മലങ്കര വരുന്നതിന്നു മുമ്പു അവിടെ നസ്രാണികൾ ആരും കൂടാതെ എല്ലാവരും കാവ്യരായിരുന്നു എന്നത്രെ നീ വിചാരിക്കുന്നു എന്നു കെൾക്കുന്നവർ എല്ലാവൎക്കും തിരിയും. എന്നാൽ ഞാൻ നിന്നൊടു പറയുന്നു. ആയതു നീ വിചാരിക്കുന്നപൊലെ അല്ല. പിന്നെയൊ നീയും നിന്റെ ജാതി ഒക്കെയും മാൎഗ്ഗം എന്നും ഈശൊമിശിഹാ എന്നും ഉള്ള കെൾവി കെൾക്കുന്നതിന്നു മുമ്പിൽ മലങ്കര വിശ്വാസികളും പട്ടക്കാററും മെത്രാന്മാരും ഉണ്ടായിരുന്നു എന്നതിന്നു സംശയം ഇല്ല. അതിന്റെ പരമാൎത്ഥം നമ്മുടെ മലങ്കര ഇടവകയിൽ ഉള്ള പള്ളികളുടെ അവസ്ഥ സൂക്ഷിച്ചാൽ അറിയാം. അതെന്തെന്നാൽ നമ്മുടെ എടത്തുള്ള പള്ളികളിൽ ഏറിയക്കുറും ആയതിൽ വലിയ ഇടവക പള്ളികളും നിനക്കും നിന്റെ കാരണവൻമാൎക്കും മലങ്കര എന്നുള്ള കെട്ടുകെൾവി ഉണ്ടാകുന്നതിന്നു മുമ്പിൽ പണി ചെയ്യിരിക്കുന്നതത്രെ ആകുന്നു എന്നു നമ്മുടെ മലങ്കരെയുള്ളവർ എല്ലാവൎക്കും നിനക്കുതന്നെയും പ്രസിദ്ധമായിരിക്കുന്ന കാൎയ്യമത്രെ ആകുന്നു. എന്നാൽ ആയതിൻമെൽ നിനക്കു സംശയം ഉണ്ടെങ്കിൽ പറുങ്കിമാരു ഈന്ദിയായിൽ വന്ന വൎത്തമാനം എഴുതിയ യൊഹന്നാനെ പെരെറ പറയുന്നതു കെൾ. എന്നാൽ ഇയാൾ തന്റെ വിശെഷങ്ങളുടെ മൂന്നാം പുസ്തകത്തിൽ ൧൧ (11)-ാം സഹായിൽ മലങ്കരയുള്ള നസ്രാണികളുടെ അവസ്ഥമെൽ എഴുതുമ്പൊൾ ഈ വണ്ണം പറയുന്നു. നാം അതായതു പറുങ്കിമാർ ഈന്ദിയായിൽ ചെല്ലുന്നതിന്നു കുറെനാൾ മുമ്പു അൎമ്മെന്യാക്കാരൻ അതായതു കൽദായക്കാരൻ പാത്രിയൎക്കായിക്കു ഏറിയ നസ്രാണികൾ അവിടെ ഉണ്ടായിരുന്നതുകൊണ്ടു ആ എടവക പവുത്തു ഭരിപ്പാനായിട്ടു നാലു മെത്രാന്മാരെ യാത്രയാക്കിയാറെ അവരിൽ രണ്ടു പെരു അവിടെ ചെന്ന ഉടൻ മരിച്ചുപൊകകൊണ്ടു ജീവിച്ചു മററവർ രണ്ടു പെരും രണ്ടു ഭാഗങ്ങളായി പവുത്താറെ കന്യാകുമാരിക്കു നെരെ താഴയൊട്ടു ആയതിൽ ഇളയവനും മൂത്തവൻ കൊടുങ്ങല്ലൂരും തന്റെ ഇരിപ്പിടം ആയിരുന്നു. ഇതുകൂടാതെ മലങ്കരയു



ള്ള നസ്രാണികളുടെ പഴമമെലും വളൎച്ചമെലും കൊദീച്ചെഹ്രീദരൃൻസെ എന്ന പുസ്തകത്തിൽനിന്നു അസ്സെമ്മാനും തന്റെ കിഴക്കിന്നടുത്ത പുസ്തകത്തിൽനിന്നും കാട്ടുകയും ചെയ്യുന്നുമുണ്ടു. എന്നാൽ എന്തു നിനക്കു തൊന്നുന്നു. നീയും നിന്റെ അയ്യൻമാരും മലങ്കര വരുന്നതിന്നു മുമ്പിൽ മലങ്കര മാൎഗ്ഗം ഉണ്ടായിരുന്നൊ ഇല്ലയൊ വിശെഷിച്ചും ഈ നസ്രാണികൾ ഒക്കയും ആ കാലങ്ങളിൽ എങ്ങിനെ ജീവിച്ചിരുന്നു എന്നു നീ അറിയുന്നൊ. ആയതു നീ അറിഞ്ഞിട്ടില്ലാ എങ്കിൽ കെട്ടുകൊൾക. നല്ല ഒരിമ്പാടൊടും നിരപ്പൊടും ഐക്യമത്യത്തൊടും കൂടെ ഒരു നിരൂപണയാലെയും ഒരു വായാലെയും ഒരു ക്രമത്താലെയും ഒരു വിശ്വാസത്താലെയും ഉടയതമ്പുരാനെ സ്തുതിച്ചും ജാതിയുടെ ഒരുമ്പാടും ഗുണവും ശ്രമിച്ചുവരുന്നു. (എന്നാൽ ഞങ്ങൾ മലങ്കര വരുന്നതിന്നു മുമ്പിൽ മലങ്കരയുള്ള ജനങ്ങൾ നെസ്തൊറീസിന്റെ ഇടത്തൂട്ടിൽ ആയിരുന്നു എന്നും ശ്രു. പള്ളിക്കു വഴക്കം ചെയ്യുമാറില്ലാഞ്ഞു എന്നു ഹമീറാകൊണ്ടു കുൎവാന ചൊല്ലിയിരുന്നു എന്നും പട്ടക്കാററർ ഒക്കയും പെണ്ണുകെട്ടിയവർ ആയിരുന്നു എന്നും ശ്രു. കൂദാശകൾ എന്തെന്നു അവർ അറിഞ്ഞിട്ടില്ലാഞ്ഞു എന്നും എന്നൊടു നീ പറയും. ആയത്തിന്നു ഓരൊന്നിനുംചെരുന്ന ഉത്തരം നിന്നെ എഴുതി കാട്ടുവാൻ ഞാൻ ഭാവിച്ചാൽ ഈ നമ്മുടെ പുസ്തകത്തിന്നു സൊല്പം നീളമായി വരും. എന്നതുകൊണ്ടു ഉടയതമ്പുരാൻ മനഗുണം ചെയ്തു ആയുസ്സും സ്വസ്ഥതയും തരുമെങ്കിൽ ഞാൻ നിരൂപിച്ചിരിക്കുന്നതുപൊലെ മലങ്കരെ നിന്റെ കാരണവന്മാരും നീയും വന്നു വാണുതുടങ്ങിയ കാൎയ്യത്തിന്മെൽ ഞാൻ എഴുതുമ്പൊൾ നീ പറയുന്ന കാൎയ്യങ്ങൾക്കു ന്യായമുള്ള ഉത്തരം ഞാൻ തരികയും ചെയ്യും). അപ്പൊഴെ നീയും നിന്റെ കാരണവന്മാരും മലങ്കര വന്നതിൽ പിന്നെ എന്തു. എന്തെന്നൊ. മെൽപറഞ്ഞ ഒരിമ്പാടും നിരപ്പും ഒക്കയും പൊയതുമാത്രമല്ല ആരാലും തീൎത്തു കൊൾവാൻ വഹിയാത്ത കലക്കങ്ങൾ ഒക്കയും നമ്മുടെ നസ്രാണികളുടെ ഇടത്തു ഉണ്ടായതു ഒഴിയെ പുറമെയുള്ള ജനങ്ങളുടെ ഇടത്ത നമ്മുടെ നസ്രാണിവംശത്തിന്റെ ബഹുമാനത്തിന്നും വമ്പിന്നും പാരം കുറച്ചിൽവന്നിരിക്കുന്നപ്രകാരം എല്ലാവൎക്കും പരബൊധമായിരിക്കയും ചെയ്യുന്നു. വിശെഷിച്ചും മാൎഗ്ഗംകൂടുന്നവരുടെ അവസ്ഥമെൽ വിചാരിച്ചാൽ എന്തു പറയെണ്ടു. എങ്ങിനെ നിനക്കു തൊന്നുന്നു. നിന്റെ കാരണവന്മാർ മലങ്കര വന്നപ്പൊൾ അവിടെ കണ്ടെത്തിയ നസ്രാണികൾ ഒക്കയും നിന്റെ നാടായ എറൊപ്പയിൽനിന്നും വന്നവരാണെന്നു നീ വിചാരിച്ചൊ. അല്ല അല്ല. ശ്രു. വിശ്വാസം കൈക്കൊണ്ട മലങ്കരയുള്ള ജനങ്ങൾ അത്രെ അവർ ആയിരുന്നു എന്നു ആരും പറയാതെ എല്ലാവൎക്കും അറിയാം. അപ്പൊഴെ നിന്റെ അയ്യന്മാരും നീയും മലങ്കര വരുന്നതിന്നു മുമ്പിൽ മലങ്കര മാൎഗ്ഗം അറിക്കുന്ന

www.malankaralibrary.com

വരും ഉണ്ടായിരുന്ന എന്ന വെസ്ഥ അത്രെ ആകുന്നു. എന്നു വരുമ്പൊൾ ഈ പഴയകാലങ്ങളിലും ഈ കാലങ്ങളിലും ശ്രു. മാർഗ്ഗം കൈക്കൊള്ളുന്ന ജനങ്ങൾ കാട്ടിവരുന്ന ഭെദാഭെദമത്രെ വിചാരിക്കെണ്ടതു. എന്നാൽ ആ പഴയകാലങ്ങളിൽ മലങ്കരെയുള്ള കുലങ്ങളിലും ഗ്രഹങ്ങളിലും ജാതികളിലും ഉള്ള ജനങ്ങൾ ഒക്കയും ശ്രു. വിശ്വാസത്തിന്മെൽ ഒരു അറെപ്പും നിന്ദയും കൂടാതെ ബഹുമാനപ്പെട്ടവരും പ്രധാനികളും പാവപ്പെട്ടവരും എല്ലാവരും ആകമാനമായിട്ട ശ്രു.വിശ്വാസം കൈക്കൊള്ളുകയും ഈ ശ്രു. വിശ്വാസം കൈക്കൊള്ളുന്നവർ ഒക്കയും ഈ ശ്രു. വിശ്വാസത്തിൽ ഒരപ്പന്റെ മക്കൾ അത്രെ ആകുന്നു എന്ന അറിഞ്ഞു നസ്രാണികൾക്കടുത്ത ഒരിമ്പാടൊടും ഐകമത്യത്തൊടുംകൂടെ ഒരു പിണക്കവും അയർച്ചയും കൂടാതെ തങ്ങളുടെ ആത്മത്തിനും ശരീരത്തിനും ജാതി ഒക്കെക്കും ഉപകാരമായ വസ്തുക്കൾ ശ്രമിച്ചുവരികയത്രെ ചെയ്തിരുന്നതു.

വിശെഷിച്ചും നിന്റെയും നിന്റെ കാരണവന്മാരുടെയും കാലു മലങ്കര കുത്തിയതിന്റെശെഷം നിന്റെ ദുഷ്ടവ്യാപാരംകൊണ്ടും വല്ലാത്ത പെരുമാററംകൊണ്ടും ശ്രു. വിശ്വാസത്തിനു കൂടെയും പുറമെയുള്ള ജാതികളിൻപക്കൽ കീൎത്തിഹീനവുംമെനിക്ഷയവും വരുത്തുകകൊണ്ടു മലങ്കരയുള്ള ജനങ്ങൾ വിശ്വാസമില്ലാത്ത ജനങ്ങൾ തിന്മാനും കുടിപ്പാനും ഇല്ലാഴികകൊണ്ടു തൊട്ടു തിന്നതിനാലൊ തങ്ങളുടെ മാർഗ്ഗത്തിനു അടാത്ത മററു വാച്ചു പ്രവൎത്തികൾ ചെയ്തതിനാലൊ തങ്ങളുടെ മാർഗ്ഗത്തിൽ നില്പാൻ പാടില്ലാതെ വല്ല പാവപ്പെട്ട ജനങ്ങൾ എന്യെ പ്രധാനപ്പെട്ടവരിൽ ആരും മാർഗ്ഗം കൂടിയതും ഇല്ലാ എന്നതു എല്ലാവരും അറിഞ്ഞിരിക്കുന്നതും എന്യെ മെൽപറഞ്ഞവണ്ണം ജാതിഹീനം വന്നതുകൊണ്ടു മാർഗ്ഗം കൂടുന്ന ജനങ്ങളെതന്നെയും മലങ്കരെയുള്ള നസ്രാണികളുടെ ബലവും ഒരിമ്പാടും കുറപ്പാൻ നിന്റെ കള്ളവും ഉപായവുംകൊണ്ടു പല ചിന്നങ്ങളാക്കി അവരിൽ ചിലരെ മുണ്ടുകാരെന്നും ചിലരെ മാർഗ്ഗക്കാരെന്നും മററു ചിലരെ കുപ്പായക്കാരെന്നും വിളിച്ചു വെറെക്രിയകളിലും ക്രമത്തിലും ആക്കി ഒരു ചൊരയും ഒരു മാംസവും ആയ മലങ്കരയുള്ള ജനങ്ങൾ തമ്മിൽ ആരാലും നീക്കികൊള്ളുവാൻ പാടില്ലാത്ത പിണക്കവും കലക്കവും ഉണ്ടാക്കയെത്രെ ആകുന്നു. എന്നാൽ മലങ്കരയുള്ള പഴെ നസ്രാണികൾ ശെഷമുള്ള ജാതിക്കാറരെക്കായിൽ നിഗളവും. *

മലങ്കരയുള്ള ഞങ്ങളുടെ പള്ളിക്കാററരെ വിടുവാൻ മനസ്സില്ലാത്തതു എന്നു എന്നൊടു നീ ഉത്തരം പറയും. ആയതിനു നിന്നൊടു ഞാൻ ചൊദിക്കുന്നു. ഈശൊമിശിഹായെപ്രതി പാടുപെടുവാൻ ആ നിനക്കു മനസ്സുണ്ടെങ്കിൽ ചീനത്തൊ ഇപ്പൊലയുള്ള മററു നാട്ടിലൊ എന്ത്യെ നീ പൊകാത്തു. അവിടെ ചെന്നാൽ

* ഇവിടെ കുറെ ഭാഗം മൂലത്തിൽനിന്നു നഷ്ടപ്പെട്ടുപോയിരിക്കുന്നു.



ഒട്ടും സംശയംകൂടാതെ തല്ലുകൊള്ളുമെന്നു നല്ലവണ്ണം നീ ബൊധിച്ചിരിക്കുന്നതുകൊണ്ടു. അതെന്തെന്നാൽ ചല്ലുമെന്ന തുരുത്തിൽ ഈ ശ്രു. മാൎഗ്ഗത്തിന്റെ ഹെതുവാൽ നിന്റെ ജാതിക്കാറർ അവിടെ ചെന്നാറെ ഈ തുരുത്തിലുള്ള രാജാവും ജനങ്ങളും നല്ല ശീലവും ബൊധഅറിവും ഉള്ള ജനങ്ങൾ ആകകൊണ്ടു നല്ല അനുസരണയൊടും ഉപവിയൊടുംകൂടെ നിങ്ങളെ അവിടെ കൈക്കൊണ്ടുപാരം ബഹുമാനവും സ്നെഹവുംകാട്ടി എല്ലാ ഇടത്തും ചെല്ലുവാനും എല്ലാവരെയും മാർഗത്തിൽ കൂട്ടുവാനുംഉള്ള സ്വധൎമ്മവും അനുവാദവും തന്നാറെ ഈ നമ്മുടെ മലങ്കര ഇപ്പൊൾ നീ വിചാരിച്ചുവരുന്നപൊലെ നിന്റെ ജാതിയുടെ നിഗളവും അഹംഭാവവുംകൊണ്ടു മെൽനാട്ടിന്റെ രാജാവിന്റെയും ജനങ്ങളുടെയും ദയവും കരുണയും മറന്നു അവർ അവിടെ നിന്നൊടു കാട്ടിവന്ന എളിമയും സ്നെഹവും നിന്നെ ഭയപ്പെട്ടിട്ടത്രെ കാട്ടിവരുന്നതു എന്നു ഭാവിച്ചു ശ്രു. മാർഗ്ഗത്തിൽ അവിടെ നിന്റെ കീഴ് ഉണ്ടായിരുന്ന ആളുകൾ ഒക്കയുംകൂടി ആ നാട്ടിന്റെ രാജാവിനെ മറുത്ത പട തുടങ്ങിയാറെ രാജാവു വളരെ വളരെ വിഷമിച്ചെങ്കിലും ഒടുക്കം നിന്നെ ജയിച്ചതുമൊഴിയെ നിന്റെ ജാതി ഒക്കെയെയും അവിടെനിന്നും ഹരംവരുത്തി നമ്മുടെ കൎത്താവീശൊമിശിഹാ കുരിശിന്മെൽ പതിക്കപ്പെട്ട രൂപം തന്റെ നാട്ടിൽ കടപ്പാനുള്ള പാലമായി ഇട്ടു കുരിശിന്മെൽ തൂങ്ങപ്പെട്ടവന്റെ മാർഗ്ഗക്കാററു സ്വാമിദ്രൊഹികൾ ആകകൊണ്ടു തന്റെനാട്ടിൽ കടന്നുകൂടാ എന്നുള്ള പ്രമാണവും വച്ചു. ഇങ്ങിനെ നിന്റെ ജാതിക്കാററുടെ അഹമ്മതിയുടെയും സ്വാമിദ്രൊഹത്തിന്റെയും ഫലം ഈശൊമിശിഹായ്ക്കും തന്റെ ശ്രു. മാർഗ്ഗത്തിന്നും വന്നു ഭവിച്ച പ്രകാരവും അതിന്മണ്ണംതന്നെ ചീനത്തുരാജാവും നിന്റെ ഉൾക്കളെവും ദുഷ്ടതയുംകൊണ്ടു ചീനത്തുനാട്ടിൽ പലപല കലക്കങ്ങളും ഉണ്ടാകകൊണ്ടു തന്റെ നാട്ടിൽ നീയും നിന്റെ ജാതിക്കാററും കടന്നുകൂടാ എന്നു പ്രമാണം കല്പിച്ചിരിക്കുന്ന പ്രകാരവും വഴിയാകുംവണ്ണം നീ അറിഞ്ഞിരിക്കകൊണ്ടു അവിടെ മിശിഹായെപ്രതി പാടുപെടുവാൻ ചെന്നാൽ അനുഭവിക്കുന്ന സങ്കടങ്ങൾ നമ്മുടെ മലങ്കരെ ഇപ്പൊൾ അനുഭവിച്ചുവരുന്ന സങ്കടങ്ങളെക്കായിൽ വെറെ ഒരുതരം സങ്കടം ആയിവരുമെന്നു ഭയപ്പെട്ടു അവിടെ മിശിഹായെപ്രതി പാടുപെടുവാൻ പൊകുന്നതിനെക്കായിൽ നമ്മുടെ മലങ്കരെ മിശിഹായെ പ്രതി പാടുപെടുകയത്രെ നല്ലതെന്നു നിന്റെ മനസ്സിൽ നിശ്ചയിച്ചതും. എന്നു വരുമ്പൊൾ നമ്മുടെ നാട്ടിൽ നീ അനുഭവിച്ചുവരുന്ന സങ്കടങ്ങൾ എന്തെന്നും ആയതു ചെയ്യുന്നതു ആരെന്നും വിചാരിപ്പാൻ നമുക്കു എത്രയും ദിഷ്ടതി ആയിരിക്കയും ചെയ്യുന്നു. എന്നു വരുമ്പൊൾ ഞാൻ നിന്നൊടു ചൊദിക്കുന്നു. നമ്മുടെ മലങ്കര ഇത്ര സങ്കടങ്ങൾ നിന്നൊടു ചെയ്യുന്നതു ആരാകുന്നു. പക്ഷെ ഞങ്ങളുടെ രാജാവൊ. അതൊ ഞ

www.malankaralibrary.com

ങ്ങൾ തന്നെയൊ. എന്നാൽ ഞങ്ങളുടെ രാജാവിന്റെ അവസ്ഥ പറഞ്ഞാൽ മലങ്കരയുള്ള മാർതൊമ്മാനസ്രാണികളായ ഞങ്ങൾ നിന്നെ ബഹുമാനിക്കയും ഞങ്ങളുടെ വെദഗുരുക്കളും എജമാനന്മാരും നിങ്ങളാകുന്നു എന്നു എല്ലാവരൊടും പറയുകയും ചെയ്യുന്ന ഹെതുവാൽ ഞങ്ങളുടെ രാജാവും പുറമെയുള്ള ജാതികൾ ഒക്കയും എങ്ങിനെ നിന്നെ ബഹുമാനിച്ചും സമ്മതിച്ചും ഇരിക്കുന്നു. അതും വച്ചു നിന്റെ അവിവെകംകൊണ്ടും ഭൊഷത്വംകൊണ്ടും രാജകല്പനയൊടും വഴക്കത്തൊടും മറ്റു എതാനും കാട്ടി എന്നു വന്നാൽ ആയതുകൊണ്ടു സങ്കടം അനുഭവിക്കയും പ്രാശ്ചിത്തം ചെയ്യുകയും ചെയ്യുന്നതു നീഅല്ല ഞങ്ങളുടെ പള്ളിക്കാറർ അത്രെ ആകുന്നു എന്നു എല്ലാവൎക്കും പരബൊധമായിരിക്കുന്നു. എന്തു നീ നിരുപിക്കുന്നു, ഞാൻ പറയുന്നതു ഭൊഷ്ക്കെന്നൊ. അല്ല അല്ല. ആയതിന്നു എതാനും സംശയം ഉണ്ടെങ്കിൽ പഴയകാലങ്ങളിൽ ഉണ്ടായതു ഒന്നും പറയാതെ ഈ നമ്മുടെ കാലങ്ങളിൽ ഉണ്ടായ അവസ്ഥകൊണ്ടുതന്നെ ബൊധിപ്പിക്കകയും ആം. മലയാറ്റൂർ പുതുഞായറാഴ്ചനാൾ സ്വരൂപംകല്പിച്ചു ഒരു കള്ളനെ അവിടെ പിടിച്ചു കെട്ടിച്ചിരുന്നാറെ ക്ലെമ്മീസ പാതിരി തന്റെ നിഗളംകൊണ്ടു സ്വരൂപത്തിന്റെ കല്പന കൂട്ടാക്കാതെ അവനെ കെട്ടിയിരുന്ന കെട്ടും ചെത്തി വിട്ടതുകൊണ്ടു ആരു പ്രാശ്ചിത്തം ചെയ്തു. പാതിരിയൊ. മലയാറ്റൂർ പള്ളിക്കാറരൊ. പാതിരി അല്ല. പള്ളിക്കാറർ അത്രെ ആകുന്നു എന്നു എല്ലാവരും അറിഞ്ഞിരിക്കുന്നു. അതിന്മണ്ണം ഈ പള്ളിക്കൽ വച്ചുതന്നെ പിന്നെ മെത്രാനായ സല്ലെസ്സുപാതിരി പള്ളിയുടെ കണക്കു കെൾക്കുന്ന നെരത്തു കാരണം കൂടാതെ അവിടെയുള്ള യൊഗത്തിൽ ഒരുത്തൻ കൂനൻവർക്കിക്കിട്ടു ഒരു ചവിട്ടുകൊടുത്ത ഹെതുവാൽ പാതിരി കാട്ടിയ ഈ അന്യായത്തിന്മെൽ സ്വരൂപം ചൊദിച്ചാറെ തെറ്റു അനുസരിച്ചതും പ്രാശ്ചിത്തം ചെയ്തതും ആർ. പാതിരി അല്ല. പള്ളിക്കാറർ അത്രെ ആകുന്നു. ഒടുക്കം സല്ലെസ്സുമെത്രാൻ പണ്ടുപണ്ടെയുള്ള മാർ തൊമ്മാനസ്രാണികളുടെ സ്ഥാനമാനത്തിന്നു വിഘ്നം വരുത്തുവാനായിട്ടു കീഴമര്യാദി ഇല്ലാത്തപൊലെ രാജഅനുവാദം വാങ്ങുകകൊണ്ടു സ്വരൂപം മൊഴി എടുത്ത മുമ്പിൽ പറഞ്ഞു ഒതുക്കം വരുത്തിയിരുന്ന കാര്യം വീണ്ടും ഉണർത്തി. കുറ്റം ചുമത്തിയാറെ മെത്രാൻ കാട്ടിയ ഈ അബദ്ധത്തിന്നു പാടുപെട്ടതും പണംകൊടുത്തതും ആരു മെത്രാനല്ല. ഞങ്ങളുടെ പള്ളിക്കാറരത്രെ എന്നു ഇനിക്കു തൊന്നുന്നു. ഇതിന്മണ്ണം ഇനിയും മറ്റു പലപല കാര്യങ്ങളും ഉണ്ടു. ഇങ്ങിനെ ഒക്കയും ഇരിക്കുമ്പൊൾ ഞങ്ങളുടെ രാജാവും നിങ്ങളെ സങ്കടപ്പെടുത്തുന്നു എന്നു പറഞ്ഞാൽ ഇനിക്കു തൊന്നുന്നൊരു കാര്യമല്ല എന്നു ആൎക്കും ബൊധിക്കയില്ല. വിശെഷിച്ചും നിങ്ങൾക്കു സങ്കടം വരുത്തുന്നതു രാജാവല്ല മലങ്കരയുള്ള നസ്രാണികൾ അത്രെ ആകുന്നു



എന്നു നീ പറഞ്ഞാൽ ആയതു പരമാർത്ഥമൊ ഭൊഷ്ക്കൊ എന്നു മലങ്കരയുള്ളവർ എല്ലാവർക്കും പരഹസ്യമായ കാര്യമായിരിക്കുന്നു. അതെന്തെന്നാൽ നിങ്ങൾ ഞങ്ങളുടെ പള്ളികളിൽ വരുമ്പൊൾ എത്ര ബഹുമാനത്തൊടും ആചാരത്തൊടും കൂടെ ഞങ്ങളുടെ യൊഗവും പട്ടക്കാറരും കൈക്കൊണ്ടു വരുന്നു എന്നും നിങ്ങൾക്കു വെണ്ടുന്ന വസ്തുക്കൾ ഒക്കയും ഒന്നിനും ഒരു കുറവുകൂടാതെ എത്രയും വലിയ സൂക്ഷത്തൊടും ക്ലെശത്തൊടും കൂടെ തന്നിരിക്കുന്നതുമെന്യെ നിങ്ങൾ ഞങ്ങളുടെ ജനങ്ങളൊടു കാട്ടുന്ന എറ്റങ്ങളും അക്രമങ്ങളും തല്ലുകളും വിലങ്ങുകളും മരണം തന്നെയും ഒക്കയും മറ്റു ഒരിടത്ത ഒരു ആവലാധിയും സങ്കടവും പറയാതെ ഉടെതമ്പുരാനെപ്രതി ക്ഷമിച്ചുകൊണ്ടിരിക്കുന്ന പ്രകാരം എല്ലാവൎക്കും സൂക്ഷമുള്ളൊരു അവസ്ഥ അത്രെ ആകുന്നു.

ഇങ്ങിനെ ഒക്കയും ഇരിക്കുമ്പൊൾ മലങ്കര നീ പലപല സങ്കടങ്ങൾ അനുഭവിച്ചു വരുന്നെന്നു പുറമെയുള്ള നാടുകളിൽ എഴുതി അറിക്കുന്നതുവിചാരിച്ചാൽ മലങ്കര നീ പാടുപെടുന്ന സങ്കടങ്ങൾ ആകമാനമായിട്ടു മനുഷ്യർക്കുള്ള സങ്കടങ്ങളിൽ ഭെദമുള്ള വെറൊരു സങ്കടം ആയിരിക്കയും ആയതിനു കാരണം മലങ്കരയുള്ള ഞങ്ങൾ തന്നെയായിരിക്കയും ചെയ്യുന്നു എന്നത്രെ പറയെണ്ടു. അപ്പൊഴെ ഈ സങ്കടങ്ങൾ എന്തു. ആയതിന്നു എങ്ങിനെ ഞങ്ങൾ കാരണമാകുന്നു. എന്നാൽ ഈ സങ്കടങ്ങൾ നല്ല തീപൊലെയിരിക്കുന്ന താകരവും പൊർക്കിറച്ചിയും കൊഴിയും മൊട്ടയും മറ്റു പലപല തീൻതരങ്ങളും കുടികളും അല്ലാതെ മറ്റു ഒരു വസ്തു അല്ല. എന്നതിനെക്കൊണ്ടു ആയതു തിന്നുകയും കുടിക്കയും പുളക്കയും ചെയ്യുന്നതത്രെ മലങ്കര ഇടവകയിൽ നീ പാടുപെടുന്നതാകുന്നു എന്നു വരുമ്പൊൾ ഞങ്ങളുടെ ഘൊഷവും വരവും ഉള്ള പള്ളികളിൽ ആണ്ടുതൊറും നീയും നിന്റെ കൂട്ടരും വന്നു അവിടെ ഉണ്ടാകുന്ന നെർച്ചപണമൊക്കയും വാരികെട്ടി മെൽപറഞ്ഞ സങ്കടങ്ങൾക്കു ചിലവു ചെയ്യുന്നതിന്നായിട്ടു നിന്റെ ഭവനത്തെക്കു കൊണ്ടുപൊകുന്ന ഞങ്ങളുടെ ഭൊഷത്വവും പരമാൎത്ഥവുംകൊണ്ടു ഞങ്ങൾ അനുസരിക്കുന്നതിനെക്കൊണ്ടു മെൽപറഞ്ഞ മലങ്കര നീ പാടുപെട്ടുവരുന്ന സങ്കടങ്ങൾക്കു ഞങ്ങൾതന്നെ കാരണമായിരിക്കുന്നു എന്നു പറയാം. ഇതിനെക്കൊണ്ടത്രെ മലങ്കരെ മിശിഹായെപ്രതി പാടുപെടുവാൻ നീ മനസ്സാകുന്നതും. മെൽചൊല്ലിയ ചല്ലനാട്ടിലും ചീനത്തും മറ്റു നാടുകളിലും പൊയി മിശിഹായെപ്രതി പാടുപെടുവാൻ നിനക്കും നിന്റെ കൂട്ടർക്കും മനസ്സില്ലാത്തതു.

വിശെഷിച്ചും ഇനി ഇത ഒക്കെക്കായിൽ വലിയ വസ്തു പാടുപെടുവാൻ സംഗതിവന്നാൽതന്നെയും പ്രത്യെകം റൊമ്മായിൽനിന്നും ഉള്ള കല്പന കൂടാതെ ഇപ്പൊൾ തങ്ങൾക്കുള്ള

www.malankaralibrary.com

ലത്തീൻപള്ളികളും സുറിയാനിപള്ളികളും മാർഗ്ഗം അറിയിക്കുന്നവർ കൈവിടുക ഇല്ല എന്നു ഈ ഒടുക്കത്തെ നിറുത്തിൽ നീ പറയുന്നു. എന്നാൽ മലങ്കരെ നീയും നിന്റെ കൂട്ടരും വന്നിട്ടു പല കാലങ്ങൾ കഴിഞ്ഞിട്ടും ഇത്ര നെരവും ഒരു സമയത്തും നീ പറയാത്ത വചനങ്ങൾ ഇപ്പൊൾ നീ പറവാൻ എന്തു ബന്ധം. ആയതു മറെറാരു വസ്തു അല്ലാ. ഇപ്പൊൾ മലങ്കര ഇടവകയിൽ ജാതിക്കാരൻ മെത്രാപ്പൊലീത്താ ഉണ്ടായ ഹെതുവാൽ ഈ മെത്രാപ്പൊലീത്തായെ ജാതിക്കാർ കൈക്കൊള്ളുകയും മാർഗ്ഗം അറിയിക്കുന്നവരെ ഉപെക്ഷിക്കയും ചെയ്യുമെന്നു പാരം സംശയം നിനക്കുണ്ടു. എന്നതിനെക്കൊണ്ടു മാർഗ്ഗം അറീക്കുന്നവരുടെ കള്ളഉള്ള തങ്ങളുടെ പള്ളിക്കാററെ കൈവിടാതിരിപ്പാൻ ആകുന്ന പ്രയത്നം ചെയ്യണമെന്നു നിന്റെ നാട്ടുകാററെ അറീക്കുന്നത്രെ ആകുന്നു. എന്നാലും മെൽപറഞ്ഞവണ്ണം നീ പറയുന്ന വചനങ്ങൾ കെൾക്കുന്നവർക്കു എന്തു തൊന്നും. സംശയംകൂടാതെ മലങ്കരയുള്ള പള്ളികൾ മാർഗമറിയിക്കുന്നവരുടെ കാരണവന്മാർപണിച്ചതാകുന്നു എന്നും മലങ്കരെയുള്ള ജനങ്ങൾ തങ്ങളുടെ വടുകരും പെലകൊള്ളികളും ആകുന്നു എന്നും മാർഗ്ഗം അറീക്കുന്നവരുടെ അനുവാദംകൂടാതെ പള്ളിക്കാർക്കു ഏതും കാട്ടുവാൻ വശമാക ഇല്ലെന്നും തൊന്നും. എന്നാൽ ഞാൻ നിന്നൊടു പറയുന്നു ഒന്നും നീ ബൊധിച്ചിരിക്കണ്ടാ. നിന്റെ ഉപായവും തട്ടിപ്പുംകൊണ്ടു മലങ്കരെയുള്ള ഞങ്ങളുടെ പള്ളിക്കാററിൽ ചിലർ നിന്നെ കണ്ടും നിനക്കു കീഴ്വഴങ്ങിയും ചെല്ലുന്നതല്ലാതെ ഞങ്ങളുടെ പള്ളികൾ നീയും നിന്റെ കാരണവന്മാരും പണിച്ചതും അല്ല. ഞങ്ങളെയും ഞങ്ങളുടെ പള്ളിക്കാററെയും ആരും നിനക്കു വിററിട്ടും ഇല്ല. ഞങ്ങളുടെ യൊഗത്തിന്നു നിന്നെ കൈക്കൊള്ളുവാൻ മനസ്സുണ്ടെങ്കിൽ കൈക്കൊള്ളും. കൈക്കൊള്ളുവാൻ മനസ്സില്ലാ എങ്കിൽ ബലം ചെയ്തു നിന്നെ കൈക്കൊള്ളിപ്പാൻ നിന്നാൽ സാദ്ധ്യമല്ലെന്നു കണ്ടു അഹമ്മതി ആയ വചനങ്ങൾ ഇനി ആരൊടും പറഞ്ഞു എന്നു വരാതിരിക്കട്ടെ. വിശെഷിച്ചും നിന്റെ കീഴുള്ള പള്ളിക്കാററെ കൈവിടുവാനുള്ള കാര്യത്തിന്മെൽ ന്യായങ്ങൾ നീ അന്വെഷിക്കുന്നെങ്കിൽ ഞാൻ നിന്നൊടു ചൊദിക്കുന്നു. എന്തൊരു ന്യായമാകുന്നു നീ അന്വെഷിക്കുന്നതു. ദൈവകല്പനയൊ മാർപ്പാപ്പായുടെ കല്പനയൊ. എന്നാൽ ദൈവകല്പന നീ അന്വെഷിക്കുന്നു എങ്കിൽ മലങ്കര ഒക്കയുടെയും മെത്രാപ്പൊലീത്തായായിട്ടു തിരഞ്ഞെടുത്തു വാഴ്ച കഴിച്ചു നാഴികയിൽ നമ്മുടെ മാർഗ്ഗത്തിന്നും നസ്രാണികളുടെ രക്ഷക്കും ദിഷ്ടതി ആയ വസ്തുക്കൾ ഒക്കെക്കും അടച്ചു അരൂപിക്കടുത്ത മുഷ്ക്കരത്വം ഉടയതമ്പുരാൻതന്നെ നമ്മുടെ മെത്രാപ്പൊലീത്തായിക്കു കൊടുത്തിരിക്കുന്നു എന്നും തന്റെ അനുവാദവും സമ്മതവും കൂടാതെ ആ എടവകയിൽ അരൂപിക്കടുത്ത വസ്തുക്കളിൽ ഏതും ആക്കം ചെയ്തുകൂടാ





എന്നും ദൈവശാസ്ത്രത്തിൽ ശ്രെഷ്ഠന്മാരുടെ വിധി ആകുന്നു എന്നു നീതന്നെ അറിഞ്ഞിരിപ്പാൻ പൊരും. വിശെഷിച്ചു മാർപ്പാപ്പായുടെ കല്പന നീ ചൊദിക്കുന്നെങ്കിൽ ഇപ്പൊൾ നടന്നുവരുന്ന റൊമ്മാപള്ളിയുടെ മര്യാദിക്കു തക്കവണ്ണം നമ്മുടെ മെത്രാപ്പൊലീത്തായുടെ കഴലപ്പാടു ശ്രു. മാർപ്പാപ്പാ ഉറപ്പിച്ചു തനിക്കു യാത്രയാക്കിയ പിടിപാടുസാധനത്തിൽ മലങ്കരഇടവക ഒക്കയിൽ അരൂപിക്കടുത്ത വസ്തുക്കൾ ഒക്കെക്കും ആയതിന്നു കൂടുന്ന ശരീരത്തിന്നടുത്ത വസ്തുക്കൾ ഒക്കെക്കും അടച്ചു മുഷ്ക്കരത്വം കൊടുത്തിരിക്കുന്ന പ്രകാരം ഈ പിടിപാടുസാധനം വായിക്കുന്നവർ എല്ലാവർക്കും അറിയുകയുമാം. എന്നു വരുമ്പൊൾ റൊമ്മായിൽനിന്നും പ്രത്യെകമുള്ള കല്പനകൂടാതെ പള്ളിക്കാററെ കൈവിടുക ഇല്ലാ എന്നു നീ പറയുന്നതു റൊമ്മായിൽനിന്നു പ്രത്യെകമുള്ള കല്പന വന്നാലും പള്ളിക്കാററെ കൈവിടുക ഇല്ലാ എന്നത്രെ ആസ്ഥിന്റെ പൊരുളായതു എന്നതുകൊണ്ടു ഉടയതമ്പുരാൻ മനഗുണം ചെയ്തു നമ്മുടെ ഇടത്തുള്ള കലക്കം ഒഴിഞ്ഞു നിരപ്പു വന്നതിന്റെ ശെഷം പിന്നെ മലങ്കര നില്പാൻ നീയും നിന്റെ കൂട്ടരും ശ്രമിക്കും എങ്കിൽ വർഗ്ഗത്തിന്നടുത്തതും ദൈവത്തിന്നടുത്തതും മാനുഷന്നു അടുത്തതും ഇങ്ങിനെയുള്ള ന്യായങ്ങൾ ഒക്കെയൊടും മറുത്ത അത്രെ നീ ശ്രമിക്കുന്നു. എന്നതിനെക്കൊണ്ടു നീ മിശിഹായുടെ മാർഗം അറീക്കുന്നവർ എല്ലാവർക്കും നീ സഹായിക്കയും തുണക്കയും ചെയ്യുന്നവർ ഒക്കയും കഠിനമായ ദൊഷം കാട്ടുന്നു എന്നും മററു ജാതി ആരാന്റെ ഇടസ്ഥു പിടിച്ചുപറിക്കുവാൻ ശ്രമിക്കുന്ന നിന്നെയും നിന്റെ കൂട്ടരെയും അവിടെനിന്നും കളവാൻ ശ്രമിക്കുന്നവർ ഒക്കയും ഉടയതമ്പുരാന്റെ തിരുമനസ്സും മലങ്കര പള്ളിക്കാററുടെ ഗുണവും ജാതിയും ഒരിമ്പാടും അത്രെ ശ്രമിക്കുന്നു എന്നും പരഹസ്യമായ കാര്യമായിരിക്കുന്നു.

ഇങ്ങിനെ നമ്മുടെ മെത്രാപ്പൊലീത്തായുടെ കാര്യത്തിന്മെലും മലങ്കരെയുള്ള ജനങ്ങളുടെ അവസ്ഥമെലും നീ എഴുതി അയച്ചതിനു ഉത്തരം ചുരുക്കത്തിൽ പറഞ്ഞതിന്റെ ശെഷം മാർ തൊമ്മാമെത്രാന്റെ കാര്യംകൊണ്ടു നമ്മെക്കായിൽ ഏററം നല്ലവണ്ണം നീ തിരഞ്ഞു അറിഞ്ഞു ഏറൊപ്പയിൽ ഉള്ള നിന്റെ ജാതിക്കാററ് അറിയത്തക്കവണ്ണം നീ എഴുതി അയച്ചു മെൽപറഞ്ഞ അവകാശങ്ങളെപററി മെൽപറഞ്ഞ മാർതൊമ്മായുടെ ശ്രു. വിശ്വാസത്തിന്നുള്ള തിരിവിനു വിഘ്നം വരുത്തുവാൻ നീ എഴുതി അയച്ച കാര്യങ്ങൾ മതിയൊ ഇല്ലയൊ എന്നുള്ളതു ചുരുങ്ങിയപ്രകാരത്തിൽ കാട്ടുവാൻ തുടങ്ങുന്നു. മുമ്പിൽതന്നെ നീ പറയുന്നു. ഇയാൾ കത്തൊലിക്കാകാരൻ ആകുവാൻ മനസ്സാകുന്നതു നെരുതന്നെ. എന്നാൽ അയാളുടെ മനസ്സുപൊലെ അത്രെ ആകുന്നു. അതായതു ഉദയംപെരൂർ സൂന്നഹദൊസു കൈക്കൊള്ളുവാൻ അയാൾക്കു മനസ്സില്ലെന്നു, ഉടയതമ്പുരാൻ മനഗുണം

www.malankaralibrary.com

ചെയ്തു മാർ തൊമ്മാ കത്തൊലിക്കാകാരനാകുവാൻ മനസ്സാകുന്നതു നെരുതന്നെ ആകുന്നു എന്നു നീ തന്നെ പറയുന്നു. ഉടയതമ്പുരാൻ നിന്നെക്കൊണ്ടു പട്ടാങ്ങ പറയിക്കയും ചെയ്തു. വിശെഷിച്ചും ആയതിന്നു അയാംക്കു ആസ്ഥപ്പാടിന്റെ കുറച്ചിലായിട്ടു നീ പറയുന്നതു ഇതു. അതായതു അയാളുടെ മനസ്സുപൊലെ എന്നു. എന്നാൽ അയാടെ മനസ്സ എന്തു. ഉദയംപെരൂർ സൂന്നഹദൊസു കൈക്കൊള്ളുവാൻ അയാംക്കു മനസ്സില്ല എന്നതിനെക്കൊണ്ടു നിന്നൊടു ഞാൻ ചൊദിക്കുന്നു. മാർ തൊമ്മാമെത്രാന്നു ഉദയംപെരൂർ സൂന്നഹദൊസു കൈക്കൊള്ളുവാൻ മനസ്സില്ലാ എന്നു എങ്ങിനെ നീ അറിഞ്ഞു. പക്ഷെ ആ ദെഹം നിന്നൊടു പറഞ്ഞൊ. അതു ഒവ്വാ എന്നു ഇനിക്കു തൊന്നുന്നില്ല. വിശെഷിച്ചു നീ തന്നെ വിചാരിച്ചിട്ടു ഇങ്ങിനെ പറയുന്നെങ്കിൽ മററു ജാതി പറവാൻ അത്രെ എല്ലാ പ്രകാരത്താലും നിനക്കു ന്യായമായിരുന്നു. അതെന്തെന്നാൽ നീ തന്നെ പട്ടാങ്ങ പറയുന്നതിനാൽ കത്തൊലിക്കാകാരൻ ആകുവാനും ഇതിനെക്കൊണ്ടു ശ്ലൂ. പള്ളിയുടെ പഠിതവും ശ്ലൂ. പള്ളി കൈക്കൊണ്ടിരിക്കുന്ന സൂന്നഹദൊസുകളും ഒക്കയും ഒരു ഈഷൽ കൂടാതെ കൈക്കൊള്ളുവാനും താൻ മനസ്സായിരിക്കുന്നപൊലെ നമ്മുടെ മലങ്കര ഇടവകയിൽ ഏകദെശം ആകമാനമായിട്ടുകൈക്കൊണ്ടിരിക്കുന്ന ഉദയംപെരൂർ സൂന്നഹദൊസും ആ ദെഹത്തിന്നു കൈക്കൊള്ളുവാൻ മനസ്സുണ്ടായിരിക്കുമെന്നത്രെ നീ വിചാരിപ്പാൻ ന്യായമായിരുന്നു. ആയതു അങ്ങിനെ അല്ല. നീ പറഞ്ഞവണ്ണംതന്നെ ആകുന്നു. ഉദയംപെരൂർ സൂന്നഹദൊസു കൈക്കൊള്ളുവാൻ അയാംക്കു മനസ്സില്ലാ എങ്കിൽ എന്തു. പക്ഷെ ഇതെക്കുറിച്ചു തന്നെ ശ്ലൂ. വിശ്വാസത്തിൽ കൈക്കൊള്ളാതെ ഇരിക്കാമൊ. മെല. മെല. അതെന്തെന്നാൽ ഉദയംപെരൂർ സൂന്നഹദൊസു വിശ്വാസത്തിന്റെ വകുപ്പു ആകുന്നു എന്നു മിശിഹായും ശ്ലീഹന്മാരും പഠിപ്പിച്ചുമില്ല. ശ്ലൂ. പള്ളി ഇത്രപ്പൊഴും പരഹസ്യപ്പെടുത്തിയതുമില്ല. പലപല നാടുകളിൽ ഉദയംപെരൂർ സൂന്നഹദൊസു എന്ന നാമംപൊലും കെട്ടിട്ടില്ലാത്ത ഏറിയ വിശ്വാസികൾ ഉണ്ടു. എന്നു തന്നെ അല്ല നമ്മുടെ മലങ്കരതന്നെയുള്ളതിൽ വടക്കുപുറത്തുള്ള പള്ളിക്കാറർ മെൽപറഞ്ഞ സൂന്നഹദൊസു ഉണ്ടായ നാളുകളിൽ തന്നെ ആയതു കൈക്കൊണ്ടതുമില്ല. ഇതിന്മണ്ണം ഈ സൂന്നഹദൊസു കൈക്കൊള്ളാത്ത നാടുകൾ പലതുണ്ടു. എന്നു വരുമ്പൊൾ അവർ ഒക്കയും ഇടത്തുട്ടുകാററൊ. അല്ല. കത്തൊലിക്കാകാരൻ ആകുന്നു എന്നു നീതന്നെ പട്ടാങ്ങ പറയുന്നു.

അപ്പൊഴെ എന്തുകൊണ്ടു മാർ തൊമ്മാ മെത്രാൻമെൽ പ്രത്തുക്കാലിൽ അറിയത്തക്കവണ്ണം മെൽപറഞ്ഞ പ്രകാരം നീ എഴുതി അയച്ചു. പക്ഷെ ഉദയംപെരൂർ സൂന്നഹദൊസു വിശ്വാസ



ത്തിന്റെ കാതലായ വസ്തുക്കളിൽ ഒന്നും ആയ്തു കൈക്കൊള്ളാതെ ശ്ലൂ. പള്ളിയിൽ കൂടുവാൻ വഹിയാ എന്നും നീ വിചാരിക്കകൊണ്ടൊ. ആയ്തല്ലാ. പിന്നെയൊ ഉദയംപെരൂർ സൂന്നഹദൊസു മലങ്കരെ കൂടുവാൻ രാജാവു അത്രെ മുമ്പിട്ടു ശ്രമിച്ചതു. എന്നു വരുമ്പൊൾ ആയ്തു കൈക്കൊള്ളുവാൻ മാർ തൊമ്മായിക്കു മനസ്സില്ലെന്നു കെട്ടാൽ പ്രത്തുക്കാൽ രാജസ്ത്രീക്കു പ്രസാദമായി വരിക ഇല്ലെന്നും എന്നതുകൊണ്ടു മാർ തൊമ്മായുടെ കാര്യത്തിന്മെൽ അവിടെ കൂട്ടാക്കി എന്നു വരിക ഇല്ലെന്നും നിന്റെ ഉൾക്കളെവാൽ നീ വിചാരിക്കകൊണ്ടത്രെ ഈവണ്ണം പ്രത്തുക്കാലിൽ ഉള്ള മനിഷ്പത്തിനു നീ എഴുതി അയച്ചതു.

നീ പറയുന്ന അയാൾ ഇത്രപ്പൊഴും മുമ്പു ചെയ്തു വന്ന കാര്യങ്ങൾ ചെയ്തു കൊണ്ടത്രെ വരുന്നതു. അതായതു പള്ളിക്കടുത്ത കാര്യങ്ങൾ ഒക്കെക്കും സിമ്മൊനിയാ കാട്ടിക്കൊണ്ടത്രെ വരുന്നതു എന്നു. എന്നാൽ സിമ്മൊനിയായുടെ കാര്യം കൊണ്ടു നാം തമ്മിൽ ഇവിടെ പറവാൻ തുടങ്ങുന്നു എന്നു വരികിൽ ഏറിയ കാലതാമസം വരുമെന്നതു എന്നിയെ ഒരു നാളും മലങ്കരെ കെട്ടിട്ടില്ലാത്ത വസ്തുക്കൾ കെൾക്കുമ്പൊൾ നമ്മുടെ ജനങ്ങൾ എല്ലാവക്കും പാരം ഉൽപ്പം ആയി വരും. അതെന്തെന്നാൽ നീയും നിന്റെ കൂട്ടരും എല്ലാ ഇടത്തും ചെയ്തുവരുന്ന അവസ്ഥ വെണ്ടുംവണ്ണം ഞാൻ അറിഞ്ഞിരിക്കുന്നു. എന്നതുകൊണ്ടു ആയതിന്മെൽ പറയാതെ മാർ തൊമ്മാമെത്രാൻ ചെയ്തു വരുന്ന അവസ്ഥ കൊണ്ടു പറയുക അത്രെ വെണ്ടിയിരിക്കുന്നു. എന്നാൽ നമ്മുടെ മലങ്കരെ ഏറൊപ്പയിൽ എല്ലാ ഇടത്തും ഉള്ളപൊലെ പള്ളിക്കടുത്ത പതാരം ആരും കൊടുത്തുവരുന്നില്ല എന്നു നീ തന്നെയും നല്ലവണ്ണം അറിഞ്ഞിരിക്കുന്നതെന്നിയെ നമ്മുടെ മാർ തൊമ്മാമെത്രാന്നു റൊമ്മായിൽനിന്നും മററുഇടങ്ങളിൽനിന്നും മാസപ്പടി ആരും കൊടുക്കുന്നില്ലാ എന്നും കച്ചവടം തനിക്കു ചെയ്വാൻ മെലാ എന്നും ഏറൊപ്പ ഒക്കയിലും മററു പല രാജ്യങ്ങളിലും നീയും നിന്റെ കൂട്ടരും ചെയ്തുവരുന്നപൊലെ കുടിതൊറും നടന്നു തെണ്ടുവാൻ തനിക്കു ചിതമില്ലാ എന്നും നീ തന്നെ ബൊധിച്ചിരിക്കയും ചെയ്യുന്നു. എന്നു വരുമ്പൊൾ നിന്നൊടു ഞാൻ ചൊദിക്കുന്നു. ഇയാൾ മാനുഷനായിരിക്കയും വിശപ്പിന്നും ദാഹത്തിന്നും ശെഷമുള്ള ദിഷ്ടതികൾക്കും താൻ കീഴവഴങ്ങിയിരിക്കയും ചെയ്യുന്നതിനാംപക്കം എന്തുകൊണ്ടു താൻ കഴിയെണ്ടു. എന്നാൽ ത്രൊണൊസിന്നു ചിററാഴ്മ ചെയ്യുന്നവൻ ത്രൊണൊസിൽനിന്നും വ്യാപിക്കപ്പെടുന്നതും മദബഹായിൽ വെലചെയ്യുന്നവൻ മദബഹായിൽനിന്നും യാവന കൈക്കൊള്ളുന്നതും ദൈവകല്പന അത്രെ ആകുന്നു. എന്നു വരുമ്പൊൾ അത്രുപിക്കടുത്തതു ചെയ്യുന്നവർ യാവനക്കും ഉടുപ്പിന്നും ദിഷ്ടതി ആയ വസ്തുക്കൾ ലൊകരിൽനിന്നും കൈക്കൊള്ളുന്നതു നല്ല ന്യായമാകുന്നെന്നു ദൈവശാസ്ത്ര

www.malankaralibrary.com

ത്തിൽ കുറെ പരിചയം ഉള്ളവർ ഒക്കെയും പറയും. എന്നു വരുമ്പൊൾ നമ്മുടെ കർത്താവിന്റെ ശ്ലീഹന്മാരും പഴെ കാലങ്ങളിൽ ഉണ്ടായ ശ്രു. മെത്രാൻമാരും ലൊകരുടെ കാഴ്ച കൈക്കൊള്ളുവാനും ആയതുകൊണ്ടു ജീവിപ്പാനും മര്യാദി ആയിരുന്നപൊലെ നമ്മുടെ മാർ തൊമ്മാമെത്രാനും മനസ്സാലെ തന്റെ ലൊകർ തനിക്കു കൊടുത്തുവരുന്ന കാഴ്ചകൾകൊണ്ടു കഴിഞ്ഞുവരുന്നതു മല്ലാതെ അരൂപിക്കടുത്ത വസ്തുക്കൾക്കു വെണ്ടി ബലത്താലെ തന്റെ ലൊകരൊടു ഒരു വസ്തു പററുന്നതുമില്ലാ.

വിശെഷിച്ചും ഇപ്രകാരം മനസ്സാലെ ലൊകർ തരുന്നതു പററുന്നതു സിമ്മൊനിയാ ആകുന്നെങ്കിൽ നാമെല്ലാവരുംതന്നെ സിമ്മൊനിയാ കാട്ടിവരികയും ചെയ്യുന്നു.

അതെന്തെന്നാൽ കുർവാന ചൊല്ലുകയും പെണ്ണുകെട്ടിക്കയും വീടു റശ്ശൂമ ചെയ്യുകയും മരിച്ചവർക്കു വെണ്ടി അനീദാ ചൊല്ലുകയും ഇങ്ങിനെ മററും പല അരൂപിക്കടുത്ത വസ്തുക്കൾ ലൊകക്കു ചീററാഴ്മ ചെയ്യുന്നതിന്നു നീയും ഞാനും ശെഷം ഏറൊപ്പയിലും മലങ്കരെ എല്ലാ നാട്ടിലും ഉള്ള പട്ടക്കാററ് ഒക്കെയും മനസ്സാലെ ലൊകർ തരുന്ന വസ്തുക്കൾ കൈക്കൊണ്ടത്രെ വരുന്നതു. ലൊകകാര്യത്തെ കുറിച്ചത്രെ അയാൾ കത്തൊലിക്കായിക്കടുത്ത വിശ്വാസം കൈക്കൊള്ളുവാൻ മനസ്സാകുന്നതു എന്നു. ഇതു എങ്ങിനെ നീ അറിഞ്ഞു. പക്ഷെ ആ ദെഹം ഇങ്ങിനെ നിന്നൊടു പറഞ്ഞൊ. അതൊ ആ ദെഹം ഇങ്ങിനെ പറയുന്നതു കെട്ടവരിൽ ആരാനും നിന്നൊടു പറഞ്ഞിട്ടൊ ഇങ്ങിനെ നീ പറയുന്നതു. അതെന്തെന്നാൽ മാനുഷന്റെ ഹൃദയത്തിൽ ഉള്ളതു ഈ മാനുഷൻ അല്ലാതെ മററു ആർക്കും അറിഞ്ഞുകൂടാ എന്നു മാർ പൌലൊസു പറയുകയും നാമെല്ലാവരും ഇതു പരീക്ഷിച്ചു അറിഞ്ഞുവരികയും ചെയ്യുന്നു. വിശെഷിച്ചും ആരും എന്നൊടു പറഞ്ഞിട്ടില്ല. പിന്നെയൊ അവസ്ഥ ഒക്കെയും വിചാരിച്ചു സൂക്ഷിച്ചാറെ ഇനിക്കു അതിൻമണ്ണം തൊന്നുകകൊണ്ടത്രെ ഞാൻ ഈവണ്ണം പറഞ്ഞതു എന്നു എന്നൊടു നീ പറയും. എന്നു വരുമ്പൊൾ അതിന്മണ്ണംതന്നെ അവസ്ഥ ഒക്കെയും ഞാൻ വെണ്ടുംവണ്ണം സൂക്ഷിച്ചു വിചാരിച്ചാറെ മാർ തൊമ്മായുടെ കാര്യത്തിന്നു ഇതിൻമണ്ണം നീ എഴുതി അയച്ചതു മാഗ്ഗത്തെപ്രതി നിനക്കുള്ള എരിവുകൊണ്ടും പട്ടാങ്ങ പറയണമെന്നുള്ള മനസ്സുകൊണ്ടും അല്ല. മാർതൊമ്മാ ശ്രു. പള്ളിയിൽ കൂടിയാൽ പിന്നെ നിനക്കും നിന്റെ കൂട്ടർക്കും മലങ്കര നില്പാൻ വഴി ഉണ്ടായിവരിക ഇല്ലെന്നുള്ള പെടികൊണ്ടും മലങ്കരെയുള്ള ജനങ്ങളെ അടിമയിൽനിന്നും നീക്കുവാനുള്ളതിന്നു നിനക്കു മനസ്സില്ലാഴികകൊണ്ടും അത്രെ എന്നു ഇനിക്കു തൊന്നുന്നു എന്നു ആരാനും നിന്നൊടു പറഞ്ഞെങ്കിൽ ആയതിന്നു ചെരുന്ന ഉത്തരം പറവാൻ മൊഴി നിനക്കുണ്ടായിരിക്കു



മെന്നു ഇനിക്കു തൊന്നുന്നില്ല. എന്നാൽ നീ ഒന്നു ബൊധിച്ചിരിക്കണം. വലിയ സ്ഥാനങ്ങളിൽ ഒരു കാര്യത്തിന്റെ അവസ്ഥ എഴുതി അറിയിപ്പാൻ ഈ കാര്യത്തിൻമെൽ സംശയവും ഊഹവും ഉണ്ടായാൽ പൊരാ വെസ്ഥതന്നെ അറിഞ്ഞിട്ടു വെണം. അല്ലാഞ്ഞാൽ ഒടുക്കം നൊണയനും കള്ളനും നീ ആകുന്നു എന്നുള്ള പൊരാഴിക നിനക്കുതന്നെ ശെഷിക്കയും ചെയ്യും. ഇപ്പൊൾ ഏറൊപ്പ ഒക്കയിലും നിനക്കു വന്നിരിക്കുന്നതുപൊലെ. എന്നാൽ നമ്മുടെ മാർ തൊമ്മാമെത്രാന്റെ അവസ്ഥമെൽ മുന്നാമതു നീ എഴുതി അയച്ചതു വിചാരിച്ചാൽ അയാളെ ശ്രു. പള്ളിയിൽ കൈക്കൊള്ളാതെ ഇരിപ്പാൻ നീ എഴുതി അയച്ചതു മതി ആയി വരിക ഇല്ല.

അതെന്തെന്നാൽ നീ ഈ എഴുതി അയച്ചതു നിന്റെ മനസ്സിന്റെ വിചാരവും ഊഹവും അത്രെ ആകുന്നു. വിശെഷിച്ചും മാർ തൊമ്മ പറയുന്ന വചനങ്ങളിലും എഴുതിയ എഴുത്തുകളിലും ബുദ്ധിയുള്ളവരുടെ വിചാരത്തിലും (അതെന്തെന്നാൽ ലൊകകാര്യങ്ങളിൽ ഒന്നിനും മാർ തൊമ്മായിക്കു ഒരു കുറച്ചിൽ ഇല്ലെന്നു എല്ലാവരും അറിഞ്ഞിരിക്കുന്നു.) തന്റെ ആത്മരക്ഷക്കുവെണ്ടി അത്രെ ശ്രു. പള്ളിയിൽ കൂടുവാൻ മനസ്സാകുന്നതു എന്ന എല്ലാവക്കും കാണത്തക്ക കാര്യമായിരിക്കുന്നു. എന്നു വരുമ്പൊൾ ശാസ്ത്രക്കാററുടെ വിധിപൊലെ പരഹസ്യപ്പെടുകയും നെരു എന്നു കാട്ടപ്പെടുകയും ചെയ്യുന്നതിന്നു തക്കവണ്ണം വിധിപ്പാനത്രെ ശ്രു. പള്ളിക്കു കടമായിരിക്കുന്നതു. നിന്റെ തലതരിപ്പുപൊലെയും സംശയം പൊലെയും അല്ല. എല്ലാംകൊണ്ടും മാർ തൊമ്മാ പട്ടാങ്ങയായ വിശ്വാസം കൈക്കൊണ്ടു എന്നു വന്നാൽ ഉടൻതന്നെ തന്റെ ജനങ്ങൾ തന്നെ ഉപെക്ഷിച്ചു അരണിക്കപ്പെട്ട ഇടത്തുട്ടകാരനായ കൂറില്ലൊസിനെ വരുത്തി തങ്ങളുടെ മെത്രാനായിട്ടു കൈക്കൊള്ളുമെന്നു. ഇങ്ങിനെ നീ എഴുതി അയപ്പാനുള്ള അവകാശം എന്താകുന്നു. ആയതു മററാക്കും അറിഞ്ഞു കൂടാ എന്നു നീ വിചാരിക്കണ്ടു അപ്പൊഴെ നമ്മുടെ മാർതൊമ്മാമെത്രാന്റെ കാര്യത്തിന്നു മുടക്കം വരുത്തുവാൻ നിന്നാൽ ആകുന്ന ഉപായങ്ങൾ ഒക്കെയും മുമ്പിൽ നീ റൊമ്മായിൽ നൊക്കിയിട്ടുണ്ടായിരുന്നു. എങ്കിലും തനിക്കു കീഴവഴങ്ങിയിരിക്കുന്ന ഏറിയ ആത്മങ്ങളെ പ്രതി മാർതൊമ്മായെ വിശ്വാസത്തിൽ കൈക്കൊള്ളുവാനുള്ളതിനു റൊമ്മായിലും പ്രത്തുക്കാലിലും മനസ്സുണ്ടാകുവാൻ പൊരുമെന്നു നിനക്കു സംശയം തൊന്നുകൊണ്ടു ഈ നിന്റെ ഹൃദയത്തിന്നു പതം വരുത്തുവാനായിട്ടു അത്രെ ഈ കാര്യം ഈ വണ്ണം നീ എഴുതി അയച്ചതു. എന്നാൽ നീ ഒന്നു ബൊധിച്ചിരിക്കണം. തമ്പുരാന്റെ ശ്രു. പള്ളിക്കു പക്ഷപ്രതിപക്ഷവും മുഖസ്തുതിയും കാട്ടികൂടാഴികകൊണ്ടും പട്ടാങ്ങയായ വിശ്വാസം ആഗ്രഹിച്ചു ചൊദിക്കുന്നവനിൽ ആരെയും ഉപെക്ഷിച്ചുകൂടാഴികകൊണ്ടും തന്റെ

www.malankaralibrary.com

കീഴുള്ളതിൽ ആരും കൂടാതെ ശ്രു. വിശ്വാസം വെണ്ടുന്ന ആസ്ഥപ്പാടൊടുകൂടെ നമ്മടെ മാർതൊമ്മാ അപെക്ഷിച്ചാൽ ശ്രു. പള്ളിക്കും തന്നെ ഉപെക്ഷിച്ചുകൂടാ പിന്നെയൊ ശ്രു. പള്ളിയിൽതന്നെ കൈക്കൊള്ളുകയും മെത്രാനായിട്ടു തന്നെ അറിയുകയും ചെയ്കെ മതിയാവു. അതെന്തെന്നാൽ ഇതത്രെ ശ്രു. എവൻഗെലിയൊൻ വഴിയായിട്ടു മിശിഹാകർത്താവു പഠിപ്പിച്ചിരിക്കുന്നതു. വിശെഷിച്ചും നമ്മുടെ മാർതൊമ്മാമെത്രാൻ ശ്രു. പള്ളിയിൽ കൂടിയാൽ ഉടൻതന്നെ തന്റെ ജനങ്ങൾ തന്നെ ഉപെക്ഷിച്ചെച്ചു അരണിക്കപ്പെട്ടു ഇടത്തുട്ടുകാരനായ കുറില്ലൊസിനെ വരുത്തി അയാളെ തങ്ങളുടെ മെത്രാനായിട്ടു കൈക്കൊള്ളുമെന്നു നീ എഴുതി അയച്ചതു ആ മലങ്കരയുള്ളതിൽ ആരും പറഞ്ഞുകെട്ടിട്ടു എന്നു ഇനിക്കതൊന്നുന്നില്ല. പിന്നെയൊ അപ്പനെ മകനും മകനെ അപ്പനും ചതിക്കയും ഒററുകയും ചെയ്യുന്ന നിന്റെ നാട്ടിന്റെ മര്യാദി അത്രെ പറഞ്ഞതു. എന്നാൽ നമ്മുടെ മലങ്കരയുള്ള ജനങ്ങളുടെ സ്വഭാവം സ്വല്പംഭെദം ഉണ്ടു. അതെന്തെന്നാൽ തങ്ങളുടെ കാരണവന്മാരെയും ന്യായമായ വെദവാഴികളെയും തങ്ങൾക്ക വിശ്വാസമുള്ള ജനങ്ങളെയും ഒരുനാളും ഉപെക്ഷിക്കയും നിന്ദിക്കയും ചെയ്യുമാറില്ല. ഒട്ടെറെയും നമ്മുടെ മെത്രാപ്പൊലീത്തായൊടു മറുത്ത നീ എഴുതി അയച്ച രണ്ടാംകാര്യത്തിന്റെ ഉത്തരത്തിൽ ഞാൻ പറഞ്ഞപൊലെ പുത്തൻകൂറുകാർ എന്നു ചൊല്ലുന്ന നമ്മുടെ ജെഷ്ഠാനുജന്മാർ അന്യ കുലത്തിലും ക്രമത്തിലും വന്ന നിനക്ക കീഴവഴങ്ങുക ഇല്ലഎന്നുള്ള പ്രതിജ്ഞ എന്യെ ശ്രു. പള്ളിയൊടും വിശ്വാസത്തൊടും മറുത്ത ഏതു ഒരു വസ്തു അവർക്കില്ല. എന്നതുകൊണ്ടും തങ്ങളുടെ വെദവാഴിയാകുന്ന മാർ തൊമ്മാ മെത്രാൻ ശ്രു. വിശ്വാസം കൈക്കൊള്ളുമ്പൊൾ ശെഷം തന്റെ കീഴുള്ള പള്ളിക്കാറർ ഒക്കയും ശ്രു.വിശ്വാസം കൈക്കൊള്ളുവാനത്രെ സംഗതിയും ന്യായവും ആകുന്നു. എന്നാൽ ഇങ്ങിനെ നിന്നാൽ ആകുന്നതു ഒക്കയും കടലിലും കരയിലും നീ ശ്രമിച്ചു എന്നിട്ടും ഒടുക്കം നീ തന്നെ ശെഷിക്കയും ചെയ്തു. അതെന്തിയെ ശ്രു. പള്ളിയിൽ ചെയ്യാവുന്നതൊക്കയും ചെയ്തു. ഞങ്ങളെ അയച്ചിരിക്കുന്നു.

## എഴുപത്തിമൂന്നാം പദം

**മെൽപറഞ്ഞവണ്ണം കൊച്ചിയിൽമെത്രാന്റെയും മാർഗ്ഗം അറീക്കുന്നവരുടെയും ഞങ്ങളൊടു മറുത്തുള്ള സാധനത്തിന്റെ ശെഷം നമ്മുടെ കാര്യത്തിന്നുണ്ടായ അവസ്ഥമെൽ**

മീതെ ചൊല്ലിയവണ്ണം ലിസ്ബൊആയിൽ തന്നെ നമ്മൊടു മറുത്തു പറവാൻ പല ശത്രുക്കളും പുറപ്പെടുകയും അവർ നമ്മൊടു മറുത്തു പറയുന്ന വസ്തുക്കളുടെ ഒപ്പും മുദ്രികയും ആയിട്ടു



കൊച്ചിയിൽ മെത്രാന്റെയും മാർഗ്ഗമറിയിക്കുന്നവരുടെയും കുറികൾ വന്നെത്തുകയും ചെയ്തതിന്റെ ശെഷം പരമാർത്ഥമൊ ഭൊഷ്കൊ എന്നുണ്ടായില്ല ജാതിക്കാരൻ മെത്രാനെ ഉണ്ടാക്കിയതിന്മെൽ രാജസ്ത്രീക്ക ക്ലെശമായി കഴിഞ്ഞെന്നും എന്നതുകൊണ്ടു നമ്മുടെ മെത്രാപ്പൊലീത്തായെ മലയാളത്തിന്നു അയക്കാതെ ലിസ്ബൊആയിൽതന്നെ പാർപ്പിക്കാനത്രെ മനസ്സാകുന്നു എന്നും ഉള്ള ഒരു ശ്രുതി ലിസ്ബൊആയിൽ പലെടത്തും പാതിരിമാരു പറഞ്ഞു നടത്തി ഞങ്ങളുടെ ചെവീട്ടിൽ കൂടെയും എത്തുകയും ചെയ്തു. എന്നാൽ നമ്മുടെ മെത്രാപ്പൊലീത്താ തനിക്ക മര്യാദി ആയിരുന്നപൊലെ ആ രണ്ടു ആണ്ടത്തെതുകാലം ആഴ്ചവട്ടത്തിൽ ഒരുഴം മെൽപറഞ്ഞ മത്തീഞ്ഞു ദെമെൽ എന്ന ഈന്ദിയാമുഖത്തെ സർവ്വാധികാര്യക്കാരന്റെ വീട്ടിൽ പൊകയും പലപ്പൊഴും അയാളുമായിട്ടു കണ്ടു സ്വല്പംനെരം പറയുകയും ചെയ്തിട്ടും ഈന്ദിയായിക്കുള്ള നമ്മുടെ യാത്രമെൽ ഏതും വെണ്ടുംവണ്ണം പറയാഴികകൊണ്ടും വിഷ്കൊന്തിയുടെ വീട്ടിൽ തന്നെയും മുമ്പിൽ ഞങ്ങളൊടു ചെയ്തിരുന്ന ആചാരത്തിന്നും സ്നെഹത്തിന്നും കുറെ ഏറക്കുറവു കാണുകകൊണ്ടും മെൽപ്പറഞ്ഞ ഞങ്ങൾ കെട്ടവരുന്ന ശ്രുതി നെരായിരിക്കുമെന്ന് വിചാരിച്ചു ലിസ്ബൊആയിൽ ഞങ്ങൾക്ക സ്നെഹമുള്ള പലരൊടും പ്രത്യെകം ഗൊവായുടെ പഴെ മെത്രാപ്പൊലീത്തായൊടും ഇങ്ങിനെ കെൾക്കുന്നു എന്നു, ആയതിന്നു എന്തു ബന്ധമെന്നുണ്ടായില്ല എന്നും ഞങ്ങളിൽ ആരും ഇത്ര നെരവും ഒരു കുററവും കാട്ടിയില്ല എന്നും സങ്കടംപൊലെ നമ്മുടെ മെത്രാപ്പൊലീത്താ പറയുകയും ചെയ്തതു് ഏതുവിധം എന്നറിഞ്ഞില്ല. മത്തീഞ്ഞു ദെമെൽ എന്ന സർവ്വാധികാര്യക്കാരൻ കെട്ടു എന്നെതൊന്നുന്നുള്ളു. അതെന്തെന്നാൽ പിറെറ ആഴ്ചയിൽ മര്യാദിപൊലെ നമ്മുടെ മെത്രാപ്പൊലീത്താ തന്റെ വീട്ടിൽ ചെന്നു താനുമായിട്ടു കണ്ടു പറഞ്ഞപ്പൊൾ നാളത്തെകഴിഞ്ഞു വരു. അങ്ങെ ഉയർച്ചയുടെ കാര്യത്തിന്നു തീർച്ച തരുന്നുണ്ടെന്നു പറഞ്ഞ മെത്രാപ്പൊലീത്തായെ അയച്ചതിന്റെശെഷം അവർ പറഞ്ഞയച്ചതുപൊലെ മൂന്നാം ദിവസം ചെന്നാറെ അങ്ങെ കാര്യം ഞാൻ രാജസ്ത്രീയെ ബൊധിപ്പിച്ചാറെ ഇവിടെനിന്നും അങ്ങെ ഇടവകയിൽ ചെന്നുപററുവൊളം ഉള്ള വഴിച്ചിലവു എണ്ണായിരം രുപാ പൊകുന്നതിന്നുമുമ്പിൽ അങ്ങെ കയ്യിലും തരത്തക്കവണ്ണം രാജസ്ത്രീ എന്നൊടു കല്പിച്ചു എന്നതിനെക്കൊണ്ടു ഇവിടെനിന്നു നെരെ ഗൊവക്ക പൊകുന്ന കപ്പൽ കണ്ടെത്തിയാലുടൻ നിങ്ങളെ അയപ്പാൻ ഭാവിച്ചിരിക്കുന്നു. ആയതിന്നു ഒരു സംശയവുമില്ല. അതെന്തെന്നാൽ ഞങ്ങളും നസ്രാണികൾ ആകുന്നു. ഞങ്ങൾക്കും മൊക്ഷത്തിൽ പൊകുവാൻ ആഗ്രഹം ഉണ്ടു. എന്നു വരുമ്പൊൾ അങ്ങെ ഉയർച്ചതന്നെ കപ്പലിന്റെ

www.malankaralibrary.com

അവസ്ഥ വിചാരിക്കെവെണ്ടു. ഈ എടക്കുതന്നെ ഗൊവാക്കു പൊകുന്ന കപ്പൽ കണ്ടെത്തുമെങ്കിൽ ഉടൻതന്നെ വെണ്ടുന്ന കല്പനകൾ ഒക്കെയും തരുന്നുണ്ടു. ഇങ്ങിനെ സർവ്വാധികാര്യക്കാരൻ മെത്രാപ്പൊലീത്തായൊടു പറഞ്ഞാറെ മെത്രാപ്പൊലീത്തായും അങ്ങെ ഉയർച്ച പറഞ്ഞതു ഒക്കെയും അങ്ങിനെതന്നെ. വിശെഷിച്ചും ഇത്രനാളും ഞങ്ങൾ ഇവിടെ പാർത്തുവന്നതിന്റെ പ്രത്യെകമുള്ള കാര്യം മാർതൊമ്മാ മെത്രാന്റെ കാര്യമത്രെ ആകുന്നു എന്ന അങ്ങെ ഉയർച്ച അറിഞ്ഞല്ലൊ ഇരിക്കുന്നു. എന്നതുകൊണ്ടു ആ കാര്യത്തിന്നു മനസ്സുണ്ടായി രാജസ്ത്രീയെ ബൊധിപ്പിച്ചു ഏത്രയും ഇളച്ചു ഗൊവയുടെ മെത്രാപ്പൊലീത്തായെക്കൂടെ മലങ്കരക്കു അയച്ചു ഈ മെത്രാന്റെ വിശ്വാസസത്യത്തിന്റെ സാക്ഷി വരുത്തിക്കൊള്ളത്തക്കവണ്ണം രാജകല്പന ഗൊവയിലെ മെത്രാപ്പൊലീത്തായിക്കു തന്നയച്ചെങ്കിൽ വലിയ മനഗുണം ആയിരിക്കുമെന്നു അയാളൊടു പറയുകയും ഇയാളും കള്ളഉപായത്താൽ മാർ തൊമ്മായുടെ കാര്യം ഇവിടെക്കു ബന്ധിക്കുന്നൊരു കാര്യമല്ല. റൊമ്മായിക്കു ബന്ധിക്കുന്ന കാര്യമത്രെ ആകുന്നു. എന്നാലും ഈ കാര്യത്തിന്മെൽ മലങ്കരയുണ്ടായ അവസ്ഥ ഒക്കെയും എഴുതിക്കൊണ്ടു വരു. ആയതിന്മെൽ ഞാൻ ഒന്നും വിചാരിച്ചു കാണാം എന്നു പറഞ്ഞ മെത്രാപ്പൊലീത്തായെ അയക്കയും ചെയ്തു.

ഇതിന്റെ ശെഷം മെത്രാപ്പൊലീത്താ വീട്ടിൽ വന്നു മാർ തൊമ്മാമെത്രാന്റെ കാര്യത്തിന്മെൽ ഉണ്ടായ അവസ്ഥ ഒക്കെയും അടിതുടയാകും വണ്ണം എഴുതി ഈ സർവ്വാധികാര്യക്കാരന്റെ പററിൽ കൊണ്ടുചെന്നു കൊടുക്കയും ചെയ്തു.

വിശെഷിച്ചും ഈ സർവ്വാധികാര്യക്കാരൻ പറഞ്ഞപൊലെ കപ്പലിന്റെ അവസ്ഥമെൽ വിചാരിച്ചാറെ യൊക്കീം പെദ്രൊലൊ എന്നു പെർപെട്ട കച്ചവടക്കാരൻ തന്റെ കപ്പൽ ഈന്ദിയായിക്കു അയപ്പാനിരിക്കുന്നു എന്നുള്ള അവസ്ഥ കെട്ടാറെ മെത്രാപ്പൊലീത്താ ഈ കച്ചവടക്കാരന്റെ വീട്ടിൽ ചെന്നു അവനുമായിട്ടു കണ്ടു പറഞ്ഞാറെ അവന്റെ കപ്പൽ എത്രയും ചെറിയതു ആയിരിക്കകൊണ്ടും ഒട്ടും ഇട കൂടാതെ കപ്പലിൽ ചരക്കു കെററുകകൊണ്ടും ആയതിൽ പൊരുവാൻ സാദ്ധ്യമല്ലെന്നു കണ്ടു പിന്നെയും അന്വെഷിച്ചാറെ അന്തൊനിനൊ പൊയിര മെഷ്ക്കീത്ത എന്ന മററു ഒരു കച്ചവടക്കാരൻ തന്റെ കപ്പൽ ഈന്ദിയായിക്കു അയപ്പാനിരിക്കുന്നു എന്നു കെൾക്കകൊണ്ടു അവന്റെ വീട്ടിൽ മെത്രാപ്പൊലീത്താ ചെന്നു അവനുമായിട്ടു കണ്ടു പറഞ്ഞാറെ തന്റെ കപ്പൽ ഈന്ദിയായിക്കു അയപ്പാനിരിക്കുന്നതു നെരു തന്നെ ആകുന്നു ആയതുകൊണ്ടു അതിൽകൂടെ മെത്രാപ്പൊലീത്തായെ അയപ്പാൻ തനിക്കു ആഗ്രഹവും ഉണ്ടു. വിശെഷിച്ചും





നെരെതന്നെ ഗൊവക്കു അയപ്പാനുള്ളതിന്നു മർത്തീഞ്ഞു ദെമെൽ എന്ന ഈന്ദിയാമുഖത്തു സർവ്വാധികാര്യക്കാരനൊടു താൻ ഒരു കാര്യം അപെക്ഷിപ്പാനിരിക്കുന്നു എന്നു വരുമ്പൊൾ ആയതു സർവ്വാധികാര്യക്കാരൻ തനിക്കു അനുവദിച്ചു കൊടുക്കുന്നു എന്നു വരികിൽ നെരെ തന്നെ ഗൊവക്കു അയക്കുന്നതിന്നു സംശയം ഇല്ലാ എന്നു പറഞ്ഞ മെത്രാപ്പൊലീത്തായെ അയക്കയും മെത്രാപ്പൊലീത്തായും മെൽപറഞ്ഞ മർത്തീഞ്ഞു ദെമെല്ലിനൊടും വിഷ്കൊന്തിയൊടും ഇങ്ങിനെ മെഷ്ക്കീത്താ എന്ന കപ്പൽക്കാരൻ പറഞ്ഞു എന്നും എന്നതുകൊണ്ടു അവൻ അപെക്ഷിക്കുന്ന കാര്യം അവന്നു അനുവദിച്ചുകൊടുപ്പാൻ മനഗുണം ഉണ്ടാകുമെങ്കിൽ ഈ കപ്പലിൽതന്നെ ഗൊവക്കു പൊകുവാൻ സംഗതി വരുമെന്നും പറയുകയും ചെയ്തു.

ഇതിന്റെശെഷം ഈ വരുന്ന കന്നിമാസത്തിലെ തക്കത്തിന്നു പൊരുവാൻ കൂടുമെന്നു വിചാരിച്ചിരുന്നാറെ ആയതു കൂടാഴികകൊണ്ടും കപ്പലിന്റെ അവസ്ഥമെലും മററു കാര്യങ്ങളിന്മെലും പിന്നെ മർത്തീഞ്ഞു ദെമെലും വിഷ്കൊന്തിയും ഏത്രയും പറയാഴികകൊണ്ടും മുമ്പിലത്തെ കെൾവിയുടെ സംശയങ്ങൾതന്നെ വീണ്ടും ഞങ്ങളുടെ ഹൃദയത്തിൽ പുക്കു എല്ലാ ഞെരുക്കങ്ങളിലും നിന്നു ഞങ്ങളെ രക്ഷിച്ചു ഞങ്ങളുടെ നാട്ടിനു ഞങ്ങളെ കൊണ്ടു ചെന്നു എത്തിപ്പാനായിട്ടു രാവും പകലും ഉടയതമ്പുരാനൊടും തന്റെ അമ്മ കന്യാസ്ത്രീമർത്തമറിയത്തമ്മായൊടും അപെക്ഷിച്ചു ലിസ്‌ബൊ ആയിൽ ഞങ്ങളെ അറിവും സ്നെഹവും ഉള്ള പ്രധാനികളൊടു ഞങ്ങളുടെ കാര്യത്തിന്മെൽ പറഞ്ഞുവരുന്ന മദ്ധ്യെ ഒരു ദിവസം രാജസ്ഥലത്തിൽ കൈമുത്തൽ ഉള്ള ദിവസം ആകകൊണ്ടു മര്യാദിപൊലെ കൈമുത്തുവാനായിട്ടും മെത്രാപ്പൊലീത്താ ചെന്നപ്പൊൾ അവിടെവച്ചു അറിവും ഉടയതമ്പുരാനെ പെടിയും ഉള്ള ആളും രാജാവും ലിസ്‌ബൊ ആയിൽ പ്രധാനപ്പെട്ട ആളുകളുമായിട്ടും മെൽപറഞ്ഞ ഈന്ദിയാമുഖത്തെ സർവ്വാധികാര്യക്കാരനാകുന്ന മർത്തീഞ്ഞു ദെമെല്ലുമായിട്ടും സ്നെഹവും വെണ്ടികയും ഉള്ള ഇരിപ്പിടമായ പള്ളിയുടെ കാനൊനീസ്തനും ആയ മനുവെൽ യൊആക്കീം എന്നു പെരുള്ള ഒരു പട്ടക്കാരൻ മെത്രാപ്പൊലീത്തായെ കണ്ടു സംസാരിച്ചു നില്ക്കുമ്പൊൾ അങ്ങെ ഉയർച്ചയുടെ വാഴ്ച കഴിഞ്ഞിട്ടു സ്വല്പം നാളായല്ലൊ. എന്തുകൊണ്ടു അങ്ങെ ഇടവകക്കു പൊകാതെ ഇവിടെതന്നെ ഇത്ര നെരവും പാർത്തുവരുന്നതു എന്നു മെത്രാപ്പൊലീത്തായൊടു ഈ പട്ടക്കാരൻ ചൊദിച്ചാറെ ഇനിക്കുവെണ്ടി ക്ലെശിപ്പാൻ മനസ്സുള്ളവർ ഇല്ലാഴികകൊണ്ടത്രെ ഞാൻ ഇവിടെതന്നെ പാർത്തു വരുന്നു എന്നിങ്ങനെ സങ്കടം പൊലെ അയാളൊടു മെത്രാപ്പൊലീത്താ പറയുകയും ഇയാളും ആയതു കെട്ടതിന്റെ ശെഷം കൊള്ളാം ഞാൻ

www.malankaralibrary.com

ഒന്നു ക്ലെശിച്ചു നൊക്കട്ടെ എന്നു മെത്രാപ്പൊലീത്തായൊടു പറയുകയും ചെയ്തു.

ഇതിന്റെ ശെഷം ഈ കാനൊനീസ്താക്കാരൻ മെത്രാപ്പൊലീത്തായൊടു പറഞ്ഞൊത്തപൊലെ നമ്മുടെ കാര്യത്തിന്മെൽ ശ്രമിപ്പാൻ തുടങ്ങി. മർത്തീഞ്ഞു ദെമെൽ എന്ന ഈന്ദിയാമുഖത്തെ സർവ്വാധികാര്യക്കാരനുമായിട്ടു ഈ കാര്യംകൊണ്ടു പറവാൻ തുടങ്ങുകയും ചെയ്തു. ഇതൊക്കെയും ഉണ്ടായതിൽ പിന്നെത്തെ ആഴ്ച മര്യാദിപൊലെ മെത്രാപ്പൊലീത്താ മെൽപറഞ്ഞ സർവ്വാധികാര്യക്കാരന്റെ ഭവനത്തു ചെന്നു അയാളുമായിട്ടു കണ്ടു പറഞ്ഞാറെ മനുവെൽ യൊആക്കീം എന്ന ഇരിപ്പിടമായ പള്ളിയുടെ കാനൊനീസ്താക്കാരനെ അറിയുമൊ എന്നു മെത്രാപ്പൊലീത്തായൊടു ചൊദിക്കയും ഉവ്വാ എന്നു മെത്രാപ്പൊലീത്തായും ഉത്തരിക്കയും ചെയ്തശെഷം ഈ കാനൊനീസ്താക്കാരൻ അറിവും പള്ളിക്കടുത്ത കാര്യങ്ങളിൽ പരിചയവും ഉള്ള ആളാകകൊണ്ടു അയാളുടെ അടുക്കൽ ചെന്നു അയാളുമായിട്ടു പറയുകെ വെണ്ടു. അയാൾ ആയതു ഒക്കെയും തിരിച്ചറിഞ്ഞ ന്യായംപൊലെ പറയുമെന്നു പറഞ്ഞു ഈ കാനൊനീസ്താക്കാരന്റെ പക്കൽ അയക്കയും ചെയ്തു.

### വിചാരം

മെത്രാപ്പൊലീത്തായും കാനൊനീസ്താക്കാരനുമെത്തിയാൽ വലിയ ആൾ മെത്രാപ്പൊലീത്താ ആകുന്നതിനെക്കൊണ്ടു മെത്രാപ്പൊലീത്തായുടെ അടുക്കൽ ഇയാളെ അയക്കാതെ മെത്രാപ്പൊലീത്തായെ ഇയാളുടെ അടുക്കൽ അയച്ചതു ഈ സർവ്വാധികാര്യക്കാരനു ഞങ്ങളുടെ മെൽ ഉള്ള നിന്ദയും ദ്വെഷവും കൊണ്ടത്രെ ആകുന്നു. എന്നാൽ ഈ കാനൊനീസ്തന്റെ ഭവനം സംബന്തു എന്ന ആശ്രമവീട്ടിന്റെ അടുക്കൽ ആകുന്നതിനെക്കൊണ്ടു മെൽപറഞ്ഞ സർവ്വാധികാര്യക്കാരന്റെ വീട്ടിൽനിന്നും വരുന്ന വഴിക്കുതന്നെ അവിടെ കരെറി അയാളെ അന്വെഷിച്ചു കാണാഴികകൊണ്ടു അന്നു വീട്ടിൽ പൊരികയും പിറെറ ദിവസം ഞാൻ അവിടെക്കു ചെന്നു കാനൊനീസ്താക്കാരനുമായിട്ടു കണ്ടു പറഞ്ഞ മർത്തീഞ്ഞു ദെ മെൽ എന്ന സർവ്വാധികാര്യക്കാരനുമായിട്ടു കണ്ടു പറഞ്ഞാറെ ഇങ്ങിനെ അവൻ മെത്രാപ്പൊലീത്തായൊടു പറഞ്ഞു എന്നും ആയതുകൊണ്ടു ഇന്നലെതന്നെ ഇവിടെ വന്നു അങ്ങെ അന്വെഷിച്ചാറെ കാണാഴികകൊണ്ടു അങ്ങുമായിട്ടു കണ്ടു പറവാൻ ഇപ്പൊൾ എന്നെ അയച്ചിരിക്കുന്നു എന്നും അയാളൊടു പറഞ്ഞാറെ ആയതു കെട്ടതിന്റെശെഷം ഞാൻ ഇന്നുതന്നെ ആശ്രമത്തിന്നു വന്നു മെത്രാപ്പൊലീത്തായും ആയിട്ടു കണ്ടു പറയുന്നുണ്ടെന്നു പറഞ്ഞു എന്നെ അയക്കയും ഞാനും ഇപ്രകാരം മെത്രാപ്പൊലീത്തായൊടു പറയുകയും ചെയ്തു.



എന്നാൽ ഈ കാനൊനീസ്താക്കാരൻ ലിസ്ബൊ ആയിൽ ഉണ്ടാകുന്ന കാര്യങ്ങളുടെ തിരക്കും അറിവും ഉള്ളവനാകുന്നതിനാം പക്കം ഭ്രാതന്മാരും ഈന്ദിയായിൽ ചെന്നു ഭരിക്കുന്ന ഏറൊപ്പക്കാററും ഏറിയ കൂറും ഞങ്ങളൊടു മറുത്തു ആകുന്നു എന്നു താൻ അറിഞ്ഞിരിക്കുന്നതിനാൽ ഈ ആളുകൾ ഒക്കെയും തന്നൊടു പരിഭവിച്ചു എന്നു വരാതിരിക്കുവാൻ പരഹസ്യമായിട്ടു ഞങ്ങളുടെ കാര്യത്തിന്നു വെണ്ടി പ്രയത്നിപ്പാൻ തനിക്കു മനസ്സില്ലാഴികകൊണ്ടു അന്നു രാത്രിയിൽ പുറപ്പെട്ടു ഞങ്ങൾ വസിക്കുന്ന ആശ്രമത്തിൽ വന്നു മെത്രാപ്പൊലീത്തായും ആയി കണ്ടു പറഞ്ഞ മെത്രാപ്പൊലീത്തായുടെ പിടിപാടുസാധനവും പാലിയൊ എന്ന മെത്രാപ്പൊലീത്താക്കടുത്ത ചമയത്തിനുള്ള സാധനവും മെടിച്ചുംകൊണ്ടു പൊകയും ചെയ്തു.

എന്നാൽ ഈ സാധനങ്ങൾ മെടിച്ചുംകൊണ്ടു പൊകുന്ന നെരത്തു തനിക്കു കാൺമാനായിട്ടു എന്നല്ലാതെ പിന്നെ ഒരു വസ്തുവും പറഞ്ഞില്ലാ. ഇതു മർത്തീഞ്ഞു ദെമെൽ എന്ന സർവ്വാധികാര്യക്കാരൻ പറഞ്ഞിട്ടാകുന്നു എന്നു അപ്പൊൾ ഞങ്ങൾ ഊഹിക്കയും പിന്നെ ആയതിന്റെ ശെഷം അറിയുകയും ചെയ്തു.

ഇങ്ങനെ ഈ കാനൊനീസ്താക്കാരൻ ഞങ്ങൾക്കു വെണ്ടി ശ്രമിച്ചു തുടങ്ങിയാറെ തനിക്കു ഏറിയ ഈടുപാടും എല്ലാവരും ആയി സ്നെഹവും ഉള്ള ആളായിരിക്കകൊണ്ടു ഞങ്ങളൊടു മറുത്തുള്ള കടുദാശ്ശുകൾ ഒക്കെയും ഞങ്ങൾ എഴുതി പ്രത്തുക്കാലിൽ കൊടുത്ത അപെക്ഷകൾ ഒക്കെയും തന്റെ പക്കൽ വരികയും താൻ ആയ്ത ഒക്കെയും വായിച്ചു കണ്ടതിന്റെ ശെഷം നിങ്ങളുടെ കാര്യം ചൊല്ലി നിങ്ങളൊടു മറുത്തു വന്ന കടുദാശ്ശുകളും നിങ്ങളുടെ അപെക്ഷകൾ ഒക്കെയും ഒരു പക്ഷാഭെദം കൂടാതെ ഞാൻ വായിച്ചു കണ്ടാറെ നിങ്ങളുടെ പക്കൽ അത്രെ പട്ടാങ്ങയും നെരുമാകുന്നു എന്നു ഞാൻ കണ്ടു എന്നു ഞങ്ങളൊടു പറയുകയും ചെയ്തു. ഇതുമെന്ന്യ ഈ കാനൊനീസ്താക്കാരൻ പലയുഴവും നമ്മുടെ മെത്രാപ്പൊലീത്തായൊടും മർത്തീഞ്ഞു ദെമെൽ എന്ന സർവ്വാധികാര്യക്കാരനൊടും നമ്മുടെ കാര്യത്തിന്മെൽ പറഞ്ഞുകണ്ടതിന്റെ ശെഷം കാര്യത്തിന്റെ കടശി ഒക്കെയും മുമ്പിൽ ഈ സർവാധികാര്യക്കാരൻ പറഞ്ഞതുപൊലെതന്നെ ഞങ്ങളെ വെസ്ഥ വരുത്തിയതിന്റെ ശെഷം ഇതുകൂടാതെ മർത്തീഞ്ഞു ദെമെൽ എന്ന സർവ്വാധികാര്യക്കാരനു നമ്മുടെ മെത്രാപ്പൊലീത്തായുടെമെലുള്ള ചില സംശയങ്ങൾ രഹസ്യമായിട്ടു മെത്രാപ്പൊലീത്തായൊടു പറയുകയും ചെയ്തു. എന്നാൽ ഈ സംശയങ്ങൾ മെത്രാപ്പൊലീത്തായൊടു പറയത്തക്കവണ്ണം മെൽപറഞ്ഞ സർവാധികാര്യക്കാരൻ തന്നൊടു ചൊല്ലി അയച്ചു എന്നുള്ളതു പറഞ്ഞില്ലാ. എങ്കിലും ഈ അവസ്ഥ ഞങ്ങളൊടു പറഞ്ഞതു സർവ്വാധികാര്യക്കാ

www.malankaralibrary.com

രന്റെ മനസ്സുകൂടാതെ അല്ലെന്നുള്ളതു ഞങ്ങാക്കു തൊന്നുകയും ചെയ്തു.

അപ്പൊഴൊ ഈ സംശയങ്ങൾ ആകുന്നതു. ൧-ാമത്തു മലങ്കരയുള്ള ജനങ്ങൾ തങ്ങളുടെ ജാതിയിലും ക്രമത്തിലും ഉള്ള മെത്രാന്മാരു എടത്തുട്ടുകാററു ആകകൊണ്ടത്രെ അവിടെ ഏറൊപ്പക്കാരു മെത്രാന്മാരെ സമ്മതിച്ചുകൊണ്ടുവരുന്നു എന്നും നമ്മുടെ മെത്രാപ്പൊലീത്താ ഈന്ദിയായയിൽ ചെല്ലുമ്പൊൾ അവിടെ മാഗ്ഗം അറിയിക്കുന്ന ഇത്താല്യാക്കാർതന്നെ അല്ല പറങ്കിമാരും മററു എറൊപ്പകാറർ ഒക്കയും പുറത്തു പൊകുവാൻ സംഗതി വരുമെന്നു. ൨-ാമത്തു നമ്മുടെ മെത്രാപ്പൊലീത്തായുടെ വചനവും സ്വഭാവവും അവർ സൂക്ഷിച്ചതിനാൽ ഈ മെത്രാപ്പൊലീത്താ മലങ്കരെ ചെന്നു പററിയാൽ പുത്തനായിട്ടുള്ള ഒരു ക്രമം ഉണ്ടാക്കി റൊമ്മായിൽ മാർപ്പാപ്പയുടെയും പ്രത്തുക്കാൽ രാജസ്സ്രീയുടെയും മനസ്സില്ലെങ്കിൽതന്നെയും മലങ്കരയുള്ള ജനങ്ങളെതന്നെ മെത്രാന്മാരാക്കുകയും ഇങ്ങിനെ മലങ്കരകാറർ അന്യരാജാക്കന്മാരുടെ അടിമയിൽനിന്നും നീങ്ങുകയും ചെയ്യുമെന്നു.

എന്നാൽ ഇങ്ങിനെ തനിക്കുള്ള സംശയത്തിന്നു ഹീനം വരുത്തുവാൻ ആകുന്ന ഉപായങ്ങൾ ഒക്കയും ഈ പട്ടക്കാരനൊടു ഞങ്ങൾ പറഞ്ഞു. എങ്കിലും തങ്ങളുടെ ലൊകക്കും ജാതിക്കും ഭാഗ്യവും ഗുണവും വരുത്തുവാനുള്ള ആഗ്രഹം മാനുഷർ എല്ലാവക്കും സ്വഭാവത്താലെ ഉള്ള കാര്യമാകുന്നതിനെക്കൊണ്ടു അവനുള്ള സംശയങ്ങൾ തീർപ്പാൻ ഞങ്ങൾ പറഞ്ഞ അവകാശങ്ങളിൽ ഒന്നും മതിയായതുമില്ല. വിശെഷിച്ചും ഇങ്ങിനെ ഒക്കയും ഉണ്ടാകുന്ന ഇടയിൽ നമ്മുടെ മാർതൊമ്മാമെത്രാന്റെ കാര്യത്തിന്നു പലയൂഴവും കാനൊനീസ്താക്കാരനൊടു പറഞ്ഞുകണ്ടാറെ ഇയാൾ ഈ കാര്യത്തിന്നു മെൽപറഞ്ഞ സർവ്വാധികാര്യക്കാരനൊടു പറഞ്ഞാറെ കണക്കല്ലെന്നും എന്നതുകൊണ്ടു റൊമായിൽചെന്നു അവിടെയുള്ള മെത്രാപ്പൊലീത്തായൊടു ഈ കാര്യത്തിന്മെൽ പറയുക അത്രെ വെണ്ടിയിരിക്കുന്നു. അല്ലാതെ ഇവിടെ ഇതിന്നു ഉപായം ഇല്ലെന്നും പറയുകകൊണ്ടു ആ കാര്യം വെണ്ടുംവണ്ണം സാധിപ്പാൻ പരാധീനം ആകുന്നു എന്നു കണ്ടു ഈ കാര്യം ഉടയതമ്പുരാനെ കൈയാളിക്കയും ചെയ്തു. എന്നാലും ഉടയതമ്പുരാൻ മനഗ്ഗുണം ചെയ്ത കാതലായ വസ്തു അതായതു മെൽപട്ടസുഖം നമ്മുടെ പററിൽ ഉണ്ടായിരിക്കകൊണ്ടു ഈ കാര്യത്തിന്മെൽ വളരെ മനൊചഞ്ചലം ഉണ്ടായതുമില്ല.



# എഴുപത്തിനാലാം പദം

ഇതിന്റെ ശെഷം മാർ തൊമ്മാമെത്രാന്റെ കാര്യത്തിന്മെൽ ഉണ്ടായ അവസ്ഥമെൽ

എന്നാൽ മെൽചൊല്ലിയവണ്ണം മാർ തൊമ്മാമെത്രാന്റെ കാര്യം കൊണ്ടു ചൊല്ലി ഇത്രപ്പൊഴും താമസിച്ചിട്ടും റൊമ്മായിലും പ്രത്തുക്കാലിലും ഈ കാര്യത്തിന്നു നിരപ്പുവരുത്തി കാര്യം തീത്തുകൊണ്ടുപൊരുവാനുള്ളതിനു വഴി കാണാഴികകൊണ്ടു ഞങ്ങാക്കു പാരം മനക്ലെശമായി വരികയും ചെയ്തു. അതെന്തെന്നാൽ ശു. പള്ളിയിൽ പണ്ടുപണ്ടെ കാത്തുവരുന്ന ശു. പഠിത്വം പൊലെയും പള്ളിക്കടുത്ത കാര്യത്തിന്മെലുള്ള ശാസ്ത്രക്കാററുടെ വിധിക്കു തക്കവണ്ണവും പഴമയിൽ ഉള്ള ശു. ബാവാന്മാരുടെ പെരുമാററത്തിന്നു തക്കവണ്ണവും ഒരു മെത്രാനെ ശു. പള്ളിയിൽ കൂട്ടുവാനും തന്റെ വിശ്വാസസത്യം കൈക്കൊണ്ടു ആയതിന്മെൽ വിധിപ്പാനും മററു ആരുടെയും അനുവാദവും കല്പനയും കൂടാതെ ശു. പള്ളിയിൽ ഉൾപ്പെട്ട മറെറാരു മെത്രാൻ വശമാകുന്നു എന്നതു പട്ടാങ്ങയാകുന്നു. എന്നതുകൊണ്ടു നമ്മുടെ മെത്രാപ്പൊലീത്താ മലങ്കര വന്നതിന്റെ ശെഷം പിന്നെ ആരുടെയും അനുവാദം കൂടാതെ തന്റെ മുഷ്ക്കരത്വത്താൽതന്നെ മാർ തൊമ്മാമെത്രാനെ ശു. പള്ളിയിൽ കൈക്കൊള്ളുന്നതിന്നു കുററവും കുറവും ഇല്ലാ. എങ്കിലും നമ്മുടെ മലങ്കരെ നമ്മുടെ ഇടത്തുള്ള ഒരിമ്പാട്ടിന്നു വളരെ ശത്രുക്കൾ ഉണ്ടായിരിക്കകൊണ്ടും നമ്മുടെ ജനങ്ങളുടെ അറിവുകുറച്ചിൽകൊണ്ടും ആയതിന്റെ അവസ്ഥ അറിയാതെ ഒന്നിനു ഒന്നായി ഉതപ്പുവരുവാൻ പൊരുമെന്നുള്ള ഭയംകൊണ്ടും വളരെനാൾ ഈകാര്യത്തിന്നു തിരുമനസ്സുണ്ടാകുവാൻ ഉടയതമ്പുരാനൊടു വളരെവളരെ അപെക്ഷിച്ചതിന്റെശെഷം നമ്മുടെ മലങ്കരെ വന്നു എത്തുവാൻ നമുക്കു സംഗതികൂടുമെങ്കിൽ ഈ കാര്യത്തിന്റെ പരമാത്ഥവും ന്യായവും ഒക്കയും പതുക്കെ പതുക്കെ നമ്മുടെ ലൊകരെ എല്ലാവരെയും പറഞ്ഞു ബൊധിപ്പിച്ചുകൊണ്ടു ശു. വിശ്വാസം കൈക്കൊള്ളുവാൻ വെണ്ടുന്ന ആസ്ഥപ്പാടു ഒക്കയും മാർ തൊമ്മാമെത്രാന്റെ പക്കൽ കണ്ടെത്തുന്നപക്ഷം ആ ദെഹത്തെ ശു. പള്ളിയിൽ കൈക്കൊള്ളുന്നതിന്നു നിശ്ചയിച്ചുകൊണ്ടു പിന്നെയും ഈ കാര്യത്തിന്മെൽ ഉടയതമ്പുരാനൊടു അപെക്ഷിക്കുന്നതിന്നും പ്രാർത്ഥിക്കുന്നതിന്നും കുറവു വരുത്തിയതും ഇല്ല. ഇങ്ങിനെ ഒക്കയും ഇരിക്കുന്ന മദ്ധ്യെ ഈ പുസ്തകത്തിന്റെ നാല്പത്തെഴാം പദത്തിൽ ചൊല്ലിയിരിക്കുന്നപൊലെ മാർ തൊമ്മാമെത്രാന്റെ കാര്യത്തിന്മെലും ഞങ്ങൾ റൊമ്മായിക്കു ചെന്ന അവസ്ഥമെലും അന്നു കൊച്ചിയുടെ മെത്രാനും ഇന്നു ഗൊവയുടെ മെത്രാപ്പൊലീത്തായും ആകുന്ന മാർ മനുവെൽ എന്ന വെദവാഴിക്കു മാർ പാപ്പായുടെ നാമത്താൽ പ്രൊപ്പഗാന്താ എന്ന സമൂഹത്തിന്റെ

www.malankaralibrary.com

എജമാനൻ ആകുന്ന അന്തൊനെല്ലി എഴുതി അയച്ചതിന്നു തക്കവണ്ണം ഈ വെദവാഴി അന്നു കൊച്ചിയുടെ വികാരിജനരാളും ഇന്നു കൊച്ചിയുടെ മെത്രാനും ആകുന്ന മാർ യൌസെപ്പു ദെസൊല്പിദാരെ എന്ന പാതിരിയെ മാർ തൊമ്മാമെത്രാന്റെ കാര്യവും ഞങ്ങൾ മലങ്കരനിന്നും റൊമായിക്കു ചെന്ന അവസ്ഥയും ഒക്കെയും തിരക്കി അറിവാനായിട്ടു മലങ്കരക്കു യാത്ര ആക്കിയാറെ ഇയാൾ അതൊക്കെയും തിരക്കി അറിഞ്ഞു ഗൊവയുടെ മെത്രാപ്പൊലീത്തായിക്കു കാര്യങ്ങൾ ഒക്കെയുടെയും അവസ്ഥമെൽ കൊച്ചിയിൽനിന്നും എഴുതി അയച്ച കുറിതന്നെ ഗൊവയുടെ മെത്രാപ്പൊലീത്താ മാർ മനുവെൽ റൊമ്മായിക്കു അയച്ചതിനാംപക്കം ഈ കുറി റൊമ്മായിൽ ചെന്നു വായിച്ചുകണ്ടപ്പൊൾ (എന്നാൽ ഈ കുറിമെൽ ഈ പുസ്തകത്തിന്റെ ൭൨ (72)-ാം പദത്തിന്റെ ഒടുക്കത്തിൽ ഞാൻ പറഞ്ഞിട്ടുണ്ടു.) മലങ്കരെയുള്ള ജനങ്ങളെക്കൊണ്ടും ഞങ്ങളെക്കൊണ്ടും മാർ തൊമ്മാമെത്രാനെക്കൊണ്ടും അയാളുടെ മനസ്സുപൊലെ നെരു കുറഞ്ഞ പലപല വസ്തുക്കൾ അതിൽ പറഞ്ഞിട്ടുണ്ടായിരുന്നു. എങ്കിലും മാർതൊമ്മായുടെ കാര്യത്തിന്നും മറ്റും ഞങ്ങളുടെ യാത്രയാക്കിപ്പിന്റെ കാര്യത്തിന്മെലും പ്രത്തുക്കാലിലും റൊമ്മായിലും ഞങ്ങൾ പറഞ്ഞ പരമാർത്ഥം ഒക്കെയും അയാളുടെ വായാൽതന്നെ ഉടയതമ്പുരാൻ പട്ടാങ്ങ പറയിക്കകൊണ്ടും ഏതുപ്രകാരം ആയാലും മലങ്കര ജാതിക്കാരൻ ആയ മെത്രാപ്പൊലീത്ത ഉണ്ടായി കഴിഞ്ഞു എന്നതുകൊണ്ടു ഈ മെത്രാപ്പൊലീത്താ ആ മലങ്കരെ എത്തിയാൽ ന്യായങ്ങൾ ഒക്കെയും അനുവദിക്കുന്നതുപൊലെ പള്ളിയിൽ കൈക്കൊണ്ടു എന്നു വരികിൽ എന്തുകൊണ്ടു ഇങ്ങിനെ ചെയ്തു എന്നു ചൊദിപ്പാൻ മെലാഴിക ഇല്ലെന്നു പ്രൊപ്പഗാന്ദാ കാണുകകൊണ്ടും മാർ തൊമ്മായുടെ കാര്യത്തിന്നു വെണ്ടുന്നതു ഒക്കെയും നമ്മുടെ മെത്രാപ്പൊലീത്തായെ തന്നെ ഏല്പിക്കതക്കവണ്ണം റൊമ്മായിൽ നിശ്ചയിക്കയും ചെയ്തു.

എന്നാൽ ഇങ്ങിനെ വിചാരിച്ചു റൊമ്മായിൽ എല്ലാവരും നിശ്ചയിച്ചപ്രകാരം മെൽപറഞ്ഞ ബ്രന്ദാം എന്ന റൊമായിലുള്ള നമ്മുടെ സ്നെഹക്കാരൻ അറിഞ്ഞതിനെക്കൊണ്ടു രഹസ്യമായിട്ടു ഈ അവസ്ഥ പ്രത്തുക്കാലിൽ നമ്മുടെ മെത്രാപ്പൊലീത്താ അറിയത്തക്കവണ്ണം എഴുതി അയക്കയും ചെയ്തു.

ഈ അവസ്ഥയുടെ അറിവു നമ്മുടെ മെത്രാപ്പൊലീത്തായിക്കു എത്തിയതിന്റെ ശെഷം കാര്യം രഹസ്യമാകുന്നു എങ്കിലും വിഷ്ക്കൊന്തിയും മത്തീഞ്ഞു ദെമെൽ എന്ന ഇൗന്ദിയാമുഖത്തു സർവാധികാര്യക്കാരനും അറിഞ്ഞാൽ പ്രസാദിക്കുമെന്നു വിചാരിച്ചു വിഷ്ക്കൊന്തിയൊടും സർവാധിക്കാര്യക്കാരനൊടും പറവാനായിട്ടു മനുവെൽ യൊആക്കീം എന്ന നമ്മുടെ കാര്യ



ത്തിന്മെൽ ശ്രമിക്കുന്ന കാനൊനീസ്താക്കാരനൊടു അല്ലാതെ ഞങ്ങൾക്കു സ്നെഹപ്പെട്ട ലിസ്ബൊ ആയിൽ ഉള്ള ഒരു പ്രധാനപ്പെട്ട സ്ത്രീയൊടും ഇങ്ങിനെ റൊമ്മായിൽ വിചാരിച്ചു നിശ്ചയിച്ച പ്രകാരത്തിന്നു തനിക്കു എഴുതി വന്നിട്ടുണ്ടെന്നു രഹസ്യമായി മെൽപറഞ്ഞ മൂന്നു പെരൊടും പറഞ്ഞതു എന്നിയ്യ ഈ കുറി റൊമ്മായിൽനിന്നു വന്ന നെരത്തു ഞാൻ വെറെ ഒരു ഇടത്തിൽ കുളിപ്പാനായിട്ടു ചെന്നു അവിടെ പാർത്തിരിക്കകൊണ്ടു ഈ കുറിയുടെ വാചകംതന്നെ ഞാൻ അറിവാനായിട്ടു മെത്രാപ്പൊലീത്താ പെത്തു ഞാൻ വസിച്ചിരിക്കുന്ന ഇടത്തിൽ കൊടുത്തയക്കയും ചെയ്തു.

എന്നാൽ ഈ അവസ്ഥ ഞാൻ അറിഞ്ഞതിന്റെശെഷം പക്ഷെ ഈ കാര്യത്തിന്മെൽ മെത്രാപ്പൊലീത്തായിക്കു വിചാരിപ്പാൻ ഏതാനും ഉണ്ടായിരിക്കുമെന്നു വിചാരിച്ചു വളരെ താമസിയാതെ അവിടെനിന്നും പുറപ്പെട്ടു സംബന്തു എന്ന ആശ്രമത്തിൽ വന്നതിന്റെശെഷം മാർ തൊമ്മായുടെ കാര്യത്തിന്മെൽ ബ്രന്ദാമ്മിന്റെ കുറി വന്നാറെ ഉണ്ടായ അവസ്ഥയും എന്നൊടു മെത്രാപ്പൊലീത്താ പറഞ്ഞതിന്റെ ശെഷം ഈ കാര്യത്തിന്മെൽ ഞങ്ങൾ തമ്മിൽ വിചാരിച്ചുകണ്ടാറെ ഈ കാര്യം പ്രത്തുക്കാലിൽ വന്നു എത്തുന്നതിനുമുമ്പു മത്തീഞ്ഞു ദെമെൽ എന്ന ഇൗന്ദിയാമുഖത്തെ സവ്വാധികാര്യക്കാരൻ ഈ കാര്യം കെട്ടാൽ നല്ല പ്രസാദമായി വരികയില്ലാ എന്നുതന്നെ അല്ല ആയതിന്നു വിഘ്നം വരുത്തുവാനുള്ള വഴി ശ്രമിച്ചു എന്നുവരുവാൻ പൊരുമെന്നുകണ്ടു അന്നുതന്നെ മനുവെൽ എന്ന കാനൊനീസ്താക്കാരന്റെ ഭവനത്തുചെന്നു ഈ കാര്യംചൊല്ലി എന്നല്ലാതെ തന്നെ ചെന്നു കാണ്മാൻ എന്നപൊലെ ഞാൻ ചെന്നു അയാളുമായിട്ടു കണ്ടു പറഞ്ഞിരിക്കുന്ന നെരത്തു ഈ കാര്യത്തിന്മെൽ കൂടെ സംഗതിയാലെ പറഞ്ഞു തുടങ്ങിയ നെരത്തിൽ ഈ അവസ്ഥ മർത്തീഞ്ഞു ദെമെലിനെ അറിച്ചൊ എന്നു ചൊദിച്ചാറെ ആയത ഇത്രപ്പൊഴും അവനൊടു പറവാൻ കൂടിയില്ലാ എന്നു എന്നൊടു പറയുകയും അപ്പൊൾ ഞാൻ പല അവകാശങ്ങളും പറഞ്ഞ ഈ അവസ്ഥ അത്ര വെസ്ഥ ഉള്ളതല്ലാ എന്നു കാട്ടി ആയതുകൊണ്ടു അങ്ങിനെ മർത്തീഞ്ഞു ദെമെലിനൊടു പറവാൻ ദിഷ്ടതി ഇല്ലാ എന്നു ഈ കാനൊനീസ്താക്കാരനൊടു പറയുകയും ചെയ്തു.

ഇങ്ങിനെ ഒക്കെയും ഈ കാര്യത്തിന്നു സൂക്ഷം വരുത്തി എങ്കിലും എങ്ങിനെ എന്നു അറിഞ്ഞില്ലാ മത്തീഞ്ഞു ദെമെൽ എന്ന സർവ്വാധികാര്യക്കാരന്റെ ചെവിട്ടിൽ ഈ കാര്യം എത്തി. അവൻ ഇതുകെട്ടു ഉടൻ മാർ തൊമ്മാമെത്രാന്റെ കാര്യത്തിന്മെൽ പ്രത്തുക്കാൽ രാജസ്ത്രീയെ ബൊധിപ്പിക്കാതെ ഏതും നിശ്ചയിച്ചുകൂടാ. ആയതല്ലാതെ ഏതും നിശ്ചയിച്ചു പൊയി എങ്കിൽ ആയതു

www.malankaralibrary.com

ഏതു പ്രകാരമെന്നുള്ളതു അറിയിച്ചെ മതിയാവു എന്ന രാജസെക്രത്താരിയായിൽനിന്ന രാജസ്ത്രീയുടെ നാമത്താൽ സാധനം അയപ്പിക്കയും ചെയ്തു.

### വിചാരം

മെൽ എഴുത്തപ്പെട്ടതുകൊണ്ടറിയാം മാർ തൊമ്മാമെത്രാൻെറ കാര്യം രാജസ്ത്രീക്ക ബൊധിക്കുന്ന കാര്യം അല്ലാ. റൊമ്മായിൽ ബന്ധിക്കുന്ന കാര്യമത്രെ ആകുന്നു. എന്നതുകൊണ്ടു രാജസ്ത്രീക്ക ഈ കാര്യത്തിന്മെൽ ക്ലെശിപ്പാൻ ദിഷ്ടതി ഇല്ലാ എന്നു ഈ സർവ്വാധികാര്യക്കാരൻ മുമ്പിൽ പറഞ്ഞുനിന്നതു മലയാളത്തിൽ ജാതിക്കാരൻ മെത്രാനെ ഉണ്ടാക്കിയതിനാൽ മലങ്കരെയുള്ള ജനങ്ങൾ ഏറൊപ്പക്കാററുടെ അടിമയിൽനിന്നും സുധർമ്മപ്പെടുവാൻ സംഗതി ആയി എന്നു തനിക്ക തൊന്നുന്നു എങ്കിലും നമ്മുടെ മെത്രാപ്പൊലീത്തായെ പ്രത്തുക്കാൽ രാജസ്ത്രീ മുതലായി ക്ലെശിച്ച വാഴു കൊടുത്തതിനാൽ രാജസ്ത്രീയുടെ സമ്മതംകൂടാതെ മലങ്കരെ ഇടവകയിൽ പുത്തനായിട്ടു ഒന്നും ചെയ്വാൻ മെത്രാപ്പൊലീത്താ അറപ്പുകെടുക ഇല്ലെന്നും ആയ്തല്ലാതെ അറപ്പുകെട്ടു ഏതാനും കാട്ടി എന്നു വന്നാൽ ആയതിന്നു ഉത്തരം തന്നൊടു ചൊദിപ്പാൻ രാജസ്ത്രീക്ക മുഷ്ക്കരത്വം ഉണ്ടെന്നും വിശെഷിച്ചും മാർ തൊമ്മായുടെ കാര്യം വെണ്ടുംവണ്ണം ആയിവന്നാൽ മലങ്കരെയുള്ള ജാതിക്ക ഏററം ബലമുണ്ടായിവരുന്നതു എന്നെ്യ മാർ തൊമ്മായൊടു വഴക്കം ചൊദിപ്പാൻ ഒരു ബലം പ്രത്തുക്കാൽ സ്വത്രപത്തിന്നു ഉണ്ടായി വരിക ഇല്ലെന്നു കാൺകകൊണ്ടത്രെ ആകുന്നു എന്നു അതിനാൽ ഉപായമായിട്ടു ഈവണ്ണം പറയുക അത്രെ. മാർ തൊമ്മായുടെ കാര്യം അല്ലെന്നു പറഞ്ഞതു പരമാൎത്ഥം ആയി പറഞ്ഞതു അത്രെ ആയിരുന്നു എങ്കിൽ റൊമ്മായിൽ നിശ്ചയിച്ച പ്രകാരം കെട്ടപ്പൊൾ ആയ്തിന്മെൽ ഒരു അനെ്വഷണം കൂടാതെ റൊമ്മായിൽ തെളിഞ്ഞവണ്ണം ചെയ്യട്ടെ എന്നു വെച്ചെനെ. ആയതു കൂടാതെ റൊമ്മായിൽ നിശ്ചയിച്ച പ്രകാരം കെട്ടപ്പൊൾ ആ കാര്യത്തിന്മെൽ ചാടി വീണതിനാൽ മെൽപറഞ്ഞ മൊഴി നെരായൊരു മൊഴി അല്ല പിന്നെയൊ മലങ്കരെയുള്ള ലൊകക്ക ശക്തിമെൽ ശക്തി ഏറാതെ ഇരിപ്പാനായിട്ടു അത്രെ ഈ വണ്ണം പറഞ്ഞതു എന്നു എല്ലാവക്കും അറിയാം.

അപ്പൊഴൊ ഈ രാജസാധനം രാജസെക്രത്താരിയായുടെ അഞ്ചൽ വഴി റൊമ്മായിൽ ചെന്നു എത്തിയപ്പൊഴെക്ക പ്രത്തക്കാലിലുള്ള മാർപ്പാപ്പായുടെ മനിഷ്ടത്തിൻെറ അഞ്ചലു മെൽ ചൊല്ലിയവണ്ണം മാർ തൊമ്മാമെത്രാൻെറ കാര്യത്തിന്മെൽ നമ്മുടെ മെത്രാപ്പൊലീത്തായിക്കുള്ള ശ്രു. മാർപ്പാപ്പായുടെ കൈയാളിപ്പും അതിനൊടുകൂടെ പ്രൊപ്പഗാന്ദായുടെ കുറിയും ആയി മനി





ഷ്ടത്തിൻെറ പക്കൽ വന്നെത്തുകയും റൊമ്മായിൽനിന്നും പ്രത്യെകമായിട്ടു വന്ന കല്പനപൊലെ മുമ്പിൽ എടമനിഷ്ടം ആയിരുന്ന ഔദിത്തൊരു തന്നെ സംബന്തു എന്ന ആശ്രമത്തിൽ വന്ന മെത്രാപ്പൊലീത്തായുടെ കൈയിൽ തന്നെ ഇതു കയ്യാളിച്ചുകൊടുക്കയും മെത്രാപ്പൊലീത്തായും ശെഷമുള്ളവരൊടു പറയുകയും ചെയ്തു.[1]

### വിചാരം

നമ്മുടെ കാര്യത്തിന്നു പ്രത്യെകമുള്ള തമ്പുരാൻെറ സഹായമത്രെ ഇവിടെ സൂക്ഷിക്കെണ്ടതു. അതെന്തെന്നാൽ രാജസെക്രത്താരിയായിൽനിന്നും എഴുത്തു റൊമ്മായിൽ എത്തിയപ്പഴത്തെക്ക മാർപ്പാപ്പായുടെ കൈയാളിപ്പു റൊമ്മായിൽനിന്നും പുറപ്പെട്ടില്ലാഞ്ഞു എങ്കിൽ കാര്യം ഒക്കെക്കും പിന്നെയും കുഴപ്പം ഉണ്ടായെനെ, വിശെഷിച്ചും ഈ രാജസാധനം റൊമായിൽ ചെന്നു എത്തിയപ്പഴെക്കും മാർപ്പാപ്പായുടെ കുററ റുപ്പ പ്രത്തുക്കാലിൽ എത്തുവാൻ ഉടയതമ്പുരാൻ മനഗ്ഗുണം ചെയ്തതിനെക്കൊണ്ടു മെൽപറഞ്ഞ സർവ്വാധികാര്യക്കാരൻ വിചാരിച്ചപൊലെ നമ്മുടെ കാര്യത്തിന്നു കുഴപ്പം വരുത്തുവാൻ കൂടിയതുമില്ല. ആയതിൻെറ പരമാൎത്ഥം പുറകെ വരുന്ന വിശെഷത്തിൽനിന്നും അറിയുകയും ആം,

വിശെഷിച്ചും മെൽപറഞ്ഞവണ്ണം സെക്രത്താരിയായിൽനിന്നും പൊയ സാധനം റൊമ്മായിൽ ചെന്ന എത്തിയപ്പഴത്തെക്കും മാർ തൊമ്മായുടെ കാര്യത്തിന്നുള്ള കൈയാളിപ്പു ലിസ്

1. മാർതോമായെ സഭയിലേക്ക തിരികെ സ്വീകരിക്കാൻ കരിയാററിലിന്ന് അധികാരം നൽകുകയും കൈക്കൊള്ളേണ്ട മാനദണ്ഡങ്ങൾ വ്യക്തമാക്കുകയുമാണ് ഈ കത്തിലൂടെ. മാർതോമായുടെ പട്ടം സാധുവാണോ? അദ്ദേഹത്തെ അഭിഷേചിച്ച മാർ ഗ്രിഗറി യഥാൎത്ഥ മെത്രാനായിരുന്നോ? നെസ്തോറിയൻ ശീശ്മക്കെതിരേ സഭയുടെ ഔദ്യോഗിക പ്രബോധനം മാർതോമാ സ്വീകരിക്കുന്നുണ്ടോ? നെസ്തോറിയസ്, എവുത്തിക്കസ്, ഡിയാസ്കോറസ് എന്നിവരെ തള്ളിപ്പറയുകയും എഫേസൂസ്, കാൽസിഡൺ സൂനഹദോസുകളെ അംഗീകരിക്കുകയും ചെയ്യുന്നുണ്ടോ?കത്തോലിക്കാസഭയിൽ ചേരാനുള്ള ആഗ്രഹം തീവ്രവും യഥാൎത്ഥവുമാണോ ഇവ പരിശോധനാവിഷയമാക്കണം. അദ്ദേഹത്തിൻെറ മാനസാന്തരം ആത്മാൎത്ഥമാണെങ്കിൽ മുടക്കുകളിൽ എന്നു വിമോചിച്ച് കത്തോലിക്കാസഭയിലേക്ക് അദ്ദേഹത്തെ സ്വീകരിക്കാം. അദ്ദേഹത്തിൻെറ പൗരോഹിത്യം സാധുവായിക്കണ്ടാൽ അതുവിനിയോഗിക്കാൻ അനുവദിക്കാം. എന്നാൽ തിരുസിംഹാസനം ഔദ്യോഗികമായി പ്രഖ്യാപിക്കുംവരെ മെത്രാനടുത്ത ധർമ്മങ്ങൾ നിർവഹിക്കാൻ അനുവദിക്കേണ്ടതില്ല. മാർതോമ്മാ ഭരണം നടത്തുന്നിരണം രൂപതയുടെ അധിപനായി തുടരാൻ അദ്ദേഹത്തെ അനുവദിക്കണമോ അതോ പിന്തുടർച്ചാവകാശമോടെ കരിയാററിയുടെ സഹായമെത്രാനായി നിയമിക്കണമോ എന്നീ കാര്യങ്ങൾ കൊച്ചി മെത്രാനോടുകൂടെ ആലോചിച്ച് യോജിച്ച തീരുമാനത്തിലെത്തണം. ഇങ്ങനെ പല നിർദ്ദേശങ്ങളും പ്രസ്തുത കത്തിൽ കാണാം.

www.malankaralibrary.com

ബൊ ആയിലൊട്ട പുറപ്പെട്ടു പൊയതിനെക്കൊണ്ട റൊമ്മായിൽ ഉള്ള പ്രത്ത്രുക്കാൽ രാജാവിന്റെ മനിഷ്പം ആ അവസ്ഥ അറിഞ്ഞതിന്റെശെഷം ഈ കാര്യത്തിന്നുള്ള കയ്യാളിപ്പിന്റെയും അതിനൊട്ട കൂടെയുള്ള പ്രൊപ്പഗാന്ദായുടെ കുറിയുടെയും പെർപ്പു മെടിച്ചു മെൽപറഞ്ഞ സർവാധികാര്യക്കാരന്ന കൊടുത്തയക്കയും ചെയ്തു.

അപ്പൊഴെ ഈ സർവ്വാധികാര്യക്കാരൻ റൊമായിൽനിന്നുള്ള പെർപ്പു കണ്ടതെന്യെ മാർ തൊമ്മായുടെ കാര്യത്തിന്ന ഇങ്ങിനെ മാർപ്പാപ്പായുടെ കയ്യാളിപ്പു തനിക്ക വന്നിട്ടുണ്ട എന്ന മെത്രാപ്പൊലീത്താ തന്നെ ഇയാളൊട്ട പറയുകകൊണ്ടും ഈ അവസ്ഥ അറിഞ്ഞതിന്റെ ശെഷം ഈ കയ്യാളിപ്പു നമ്മുടെ മെത്രാപ്പൊലീത്തായിക്ക അല്ല ഗൊവയുടെ മെത്രാപ്പൊലീത്തായിക്ക അത്രെ വെണ്ടിയിരുന്നു. അത്തു എന്തെന്നാൽ നമ്മുടെ മെത്രാപ്പൊലീത്താ മാർ തൊമ്മായുടെ പക്ഷക്കാരൻ ആകകൊണ്ട വാച്ചുപ്രകാരം ആയാലും മാർതൊമ്മായെ കൈക്കൊള്ളുവാൻ പൊരുമെന്നതുകൊണ്ട ഈ കാര്യം തിരിച്ചു ഗൊവയുടെ മെത്രാപ്പൊലീത്തായിക്ക വരുത്തിയെ മതിയാവു എന്ന പറഞ്ഞുതുടങ്ങിയാറെ ഈ അവന്റെ വിചാരം ഭൊഷത്വമായൊരു കാര്യമാകുന്നു എന്നും പറുങ്കിമാരുടെ അറിവില്ലാഴിക പരഹസ്യപ്പെടുത്തുവാൻ അല്ലാതെ പിന്നെ ഒരു താല്പര്യവും ആയത്തുകൊണ്ട ഉണ്ടാകയില്ലെന്നും പല പ്രകാരത്തിലും മെൽപറഞ്ഞ കാനൊനീസ്താക്കാരനൊട്ട മെത്രാപ്പൊലീത്താ കാട്ടുകകൊണ്ടും കാനൊനീസ്താക്കാരൻ ഈ അവസ്ഥ ഒക്കയും അവനൊട്ട പറയുകകൊണ്ടും മാർ തൊമ്മായുടെ കൈക്കൊള്ളപ്പാടിന്ന കൂടെനില്ലാൻ ഗൊവയുടെ മെത്രാപ്പൊലീത്തായെക്കൂടെ അയക്കുന്നതു മതി ആയിരിക്കുമെന്നും വച്ചു അടങ്ങുകയും ചെയ്തു.

### വിചാരം

നമ്മുടെ മെത്രാപ്പൊലീത്താ തൊമ്മായുടെ പക്ഷക്കാരൻ ആകുന്നു എന്നു ആയത്തുകൊണ്ട മാർ തൊമ്മായുടെ കൈയാളിപ്പു തനിക്ക ആയിരിക്കുന്നതു നന്നല്ലെന്നും എന്നതുകൊണ്ട ഗൊവയുടെ മെത്രാപ്പൊലീത്തായിക്ക ആക്കണമെന്നും മെൽപറഞ്ഞ സർവ്വാധികാര്യക്കാരന്ന ഉള്ള വിചാരത്തിന്മെൽ ഞാൻ ചൊദിക്കുന്നു. നമ്മുടെ മെത്രാപ്പൊലീത്താ മാർ തൊമ്മാ മെത്രാന്റെ പക്ഷക്കാരൻ ആകുന്നു എന്നു അവന്നു സംശയം ഉണ്ടെങ്കിൽ അതിന്മണ്ണം ഗൊവയുടെ മെത്രാപ്പൊലീത്താ മാർ തൊമ്മായുടെ ശത്രു ആകുന്നു എന്ന എന്ത്യെ പിന്നെയുള്ളവർക്ക സംശയിച്ചുകൂടാഞ്ഞു. എന്നു വരുമ്പൊൾ ന്യായത്താൽ വെണ്ടുന്ന വസ്തുക്കൾ ഒക്കയും കൂടാതെ മാർ തൊമ്മായെ കൈക്കൊള്ളുവാൻ നമ്മുടെ മെത്രാപ്പൊലീത്താക്ക മനസ്സുണ്ടായിരിക്കുമെങ്കിൽ ന്യായത്താൽ വെണ്ടുന്നതു



ഒക്കയും ഉണ്ടായിരുന്നാലും തട്ടിപ്പായ വാച്ചു ഉപായവും പറഞ്ഞ അയാളെ കൈക്കൊള്ളാതെ ഇരിപ്പാനുള്ള വഴി ഗൊവയുടെ മെത്രാപ്പൊലീത്താ നൊക്കുക ഇല്ലെന്നു വെസ്ഥ എന്താകുന്നു.

അതെന്തെന്നാൽ മലങ്കരയുള്ള ജനങ്ങൾക്ക സുധർമ്മ ഉണ്ടായെങ്കിൽ കൊള്ളായിരുന്നു എന്നുള്ള ആഗ്രഹം മലങ്കരയുള്ള ജനങ്ങൾ എല്ലാവർക്കും ആകമാനമായിട്ടുള്ള ആഗ്രഹവും മനസ്സും ആകുന്നപൊലെ മലങ്കരയുള്ള ജനങ്ങളെ തങ്ങളുടെ കീഴവഴക്കത്തിൽനിന്നും അടിമയിൽനിന്നും നീക്കരുതെന്നുള്ള ആഗ്രഹവും മനസ്സും എറൊപ്പക്കാറർ എല്ലാവർക്കും ആകമാനമായിരിക്കുന്നു എന്നു അറിയപ്പെട്ട കാര്യമായിരിക്കയും ചെയ്യുന്നു.

## എഴുപത്തിയഞ്ചാം പദം

ഇതിന്റെ ശെഷം മെൽപറഞ്ഞ സർവാധികാര്യക്കാരൻ
ചെയ്ത അവസ്ഥമെലും ശെഷം ഉണ്ടായ കാര്യത്തിന്മെലും

മെൽചൊല്ലിയവണ്ണം മർത്തീഞ്ഞു ദെമെൽ എന്ന സർവ്വാധികാര്യക്കാരൻ നമ്മുടെ മെത്രാപ്പൊലീത്തായിക്ക മാർ തൊമ്മായുടെ കാര്യത്തിന്ന വന്ന ശ്രു. മാർപ്പാപ്പായുടെ കൈയാളിപ്പു തിരിച്ചു ഗൊവയുടെ മെത്രാപ്പൊലീത്തായിക്ക വരുത്തിയെ കഴിയൂ എന്നുള്ള പ്രതിജ്ഞയിൽനിന്ന അടങ്ങി എങ്കിലും നമ്മുടെ നെരെയുള്ള തന്റെ ദ്വെഷം പുറമെ കാട്ടുവാനുള്ളതിന്ന താൻ അടങ്ങിയത്തും ഇല്ല. അതെന്തെന്നാൽ ഈ ദിവസങ്ങളിൽ ഒരു ദിവസം ഈ സർവ്വാധികാര്യക്കാരൻ പ്രത്ത്രുക്കാലിൽ ഉള്ള ശ്രു. മാർപ്പാപ്പായുടെ മനിഷ്പത്തിന്റെ ഭവനത്തു തന്നെ കാൺമാനായിട്ടു ചെന്നപ്പൊൾ കൊടുങ്ങല്ലൂർ മെത്രാപ്പൊലീത്തായുടെ നിരുപണയും ക്ളെശവും ഒക്കെ മലങ്കരനിന്നും പ്രൊപ്പഗാന്ദായുടെ മാർഗ്ഗം അറീക്കുന്നവരെ കളവാൻ അത്രെ ആകുന്നു എന്നു തന്റെ വിശ്വാസത്തിന്നും ചിററാഴ്മക്കും അടാത്തവണ്ണം മനിഷ്പത്തിനൊട്ട പറയുകയും ചെയ്തു. എന്നാൽ മനിഷ്പം ഈ അവസ്ഥ കെട്ടതിന്റെ ശെഷം നമ്മുടെ മെത്രാപ്പൊലീത്തായെ കണ്ടു പറവാൻ തനിക്കു ആഗ്രഹം ഉള്ള പ്രകാരം സംബന്ത്രു എന്ന ഞങ്ങൾ വസിക്കുന്ന ഭവനത്തു അറിയിച്ചാറെ ഒരു ദിവസം മെത്രാപ്പൊലീത്താ മനിഷ്പത്തിന്റെ ഭവനത്തു ചെന്നു താനുമായിട്ടു കണ്ടു പറഞ്ഞപ്പൊൾ ഇങ്ങിനെ മർത്തീഞ്ഞു ദെമെൽ എന്ന സർവ്വാധികാര്യക്കാരൻ തന്നൊട്ട പറഞ്ഞു എന്നതിനെക്കൊണ്ട ആയത്തു എങ്ങിനെ ഉള്ള എന്നു നമ്മുടെ മെത്രാപ്പൊലീത്തായൊട്ട മനിഷ്പം ചൊദിച്ചാറെ ഒരു ദിവസം മർത്തീഞ്ഞു ദെമെൽ എന്ന ഈ സർവ്വാധികാര്യക്കാരന്റെ വീട്ടിൽ ചെന്നു താനുമായിട്ടു കണ്ടു പല കാര്യങ്ങൾ പറഞ്ഞിരിക്കുന്ന മദ്ധ്യെ മലങ്കരയുള്ള

www.malankaralibrary.com

മാർഗ്ഗം അറിയിക്കുന്നവരൊടു മറുത്തു പാരം കഠിനമായിട്ടു പറയുന്ന നെരത്തു എന്തുകൊണ്ടു ഇത്ര കഠിനമായി പറയുന്നു. എന്നാൽ ഇതിൽ ഒന്നിന്നും ദിഷ്ടതിയില്ല. മലങ്കര ഇടവകയിൽ മാർഗ്ഗം അറീക്കുന്നവർ വെണമൊ വെണ്ടയൊ എന്ന ഈ രണ്ടിൽ ഒന്നു പറഞ്ഞാൽ മതി. അതെന്തന്നാൽ മാർഗ്ഗം അറീക്കുന്നവരെ അവിടെ വെണമെന്നുണ്ടെങ്കിൽ ഈ കഠിനമൊക്കയും നിഷ്ഫലമായ വസ്തു ആകുന്നു. വിശെഷിച്ച അവർ അവിടെ വെണ്ടാ എന്നത്രെ മനസ്സാകുന്നെങ്കിൽ രാജസ്ത്രീയുടെ നാമത്താൽ ഒരു എഴുത്ത ഇനിക്ക തന്നാൽ ആയതിന്നു തക്കവണ്ണം ഞാൻ ശ്രമിക്കുന്നുണ്ടു എന്നു നമ്മുടെ മെത്രാപ്പൊലീത്താ അവനൊടു പറഞ്ഞതെന്യെ മറെറാന്നും അവനൊടു ഈ കാര്യത്തിന്മെൽ പറഞ്ഞിട്ടില്ല എന്നു കാര്യം ഉണ്ടായപൊലെ നമ്മുടെ മെത്രാപ്പൊലീത്താ മനിഷ്പത്തൊടു പറയുകയും ചെയ്തു. മനിഷ്പവും ഇതു കെട്ടപ്പൊൾ കാര്യത്തിൻെറ പരമാർത്ഥവും ഉറപ്പും ബൊധിച്ച അങ്ങെ ഉയർച്ച പറഞ്ഞത ന്യായമാകുന്നു എന്നും ഇതിൽ വച്ച നെരിവായ ഒരു വസ്തു പറഞ്ഞുകൂടാ എന്നു പറയുകയും ചെയ്തു.

## വിചാരം

വിശ്വാസവും നെറിവും കൂടാതെ മെൽപറഞ്ഞ സർവ്വാധികാര്യക്കാരൻ നമ്മുടെ മെത്രാപ്പൊലീത്തായെക്കൊണ്ടു മനിഷ്പത്തൊടു പറഞ്ഞു കെൾപ്പിച്ച അവസ്ഥ മലങ്കരെ മാർഗ്ഗം അറീക്കുന്ന പ്രൊപ്പഗാന്ദായുടെ മാർഗ്ഗം അറീക്കുന്നവരുടെമെൽ അവന്നു സ്നെഹം ഉണ്ടായിട്ടു എന്നു ആരും വിചാരിക്കെണ്ട. അതെന്തെന്നാൽ ഈ മാർഗ്ഗം അറീക്കുന്നവർ മലങ്കരയുള്ള ഞങ്ങളുടെ മുഷ്ക്കരത്വം പഠിക്കുന്നു എന്നു പറങ്കിമാർക്കു എല്ലാവക്കും പ്രത്യെകമായിട്ടു ഈന്ദിയാമുഖത്തെ സർവ്വാധികാര്യക്കാരനാകുന്ന മത്തീഞ്ഞുദെമല്ലിന്നും മഹാ ദ്വെഷവും വൈരാഗ്യവുമായിരിക്കുന്നു എന്നു എല്ലാവർക്കും പരഹസ്യമായ കാര്യമായിരിക്കുന്നതുമെന്യെ മലങ്കരനിന്നും മാർഗ്ഗം അറീക്കുന്നവരുടെ വെരുകൂടെ മാന്തുവാനായിട്ടത്രെ നമ്മുടെ മെത്രാപ്പൊലീത്തായെ മെത്രാനായി വാഴിച്ചതും. എന്നാൽ ഇങ്ങിനെ ഒക്കയും ചെയ്തതിൻെറ ശെഷം ലിസ്ബൊ ആയിൽ ഉള്ള ഈന്ദിയായിൽ ചെന്നു ഭരിച്ച പല എഉറൊപ്പക്കാറർ പറയുകകൊണ്ടും ഈന്ദിയായിൽനിന്നു നമ്മുടെ മാർഗ്ഗം അറീക്കുന്നവരുടെയും മററു പറങ്കിമാരുപാതിരിമാരുടെയും കുറികൾ ഏക മനസ്സായി നമ്മൊടു മറുത്ത വരികകൊണ്ടും മാർഗ്ഗം അറീക്കുന്നവരെ മലങ്കരനിന്നും പറിപ്പാനായിട്ടു തങ്ങൾ ചെയ്ത ഈ ഒരു പ്രവൃത്തിയാലെ എഉറൊപ്പരാജ്യക്കാറർഒക്കെയും അവിടെനിന്നും പറിവാൻ സംഗതിവരുമെന്നും കണ്ടു തങ്ങൾ ചെയ്തതു വെണ്ടിയില്ലാഞ്ഞു എന്നു മെൽപറഞ്ഞ സർവ്വാധികാര്യക്കാരന്നും ലിസ്ബൊ ആയിൽ പ്രധാനപ്പെട്ട ആളുകളിൽ പലക്കും



ക്ലെശമായിരിക്കുകയും ഇനി മെത്രാപ്പൊലീത്തായെ മലങ്കരക്കു അയക്കാതെ ലിസ്ബൊ ആയിൽ പാർപ്പിച്ചുകൊണ്ടാൽ തങ്ങൾക്കു പാരം പൊരാഴികയും കീർത്തിഹീനവും ശെഷിക്കുമെന്നു കണ്ടു എല്ലാപ്രകാരംകൊണ്ടും മലങ്കരക്കു അയപ്പാൻ എല്ലാവരുമായി വിചാരിച്ച നിശ്ചയിക്കയും ചെയ്യുന്ന പക്ഷത്തിൽ തങ്ങൾ വിചാരിച്ചിരുന്നതിനൊടു മറുത്ത തങ്ങൾ ആരും അപെക്ഷിക്കാതെ മാർ തൊമ്മായുടെ കാര്യത്തിൻെറ കയ്യാളിപ്പു ശ്രു. മാർപ്പാപ്പായും പ്രൊപ്പഗാന്ദായും മററു ആക്കുംകൂടാതെ നമ്മുടെ മെത്രാപ്പൊലീത്തായിക്കു അയച്ചതു മെൽപറഞ്ഞ സർവ്വാധികാര്യക്കാരൻ കണ്ടാറെ പക്ഷെ മാർപ്പാപ്പായും പ്രൊപ്പഗാന്ദായും നമ്മുടെ മെത്രാപ്പൊലീത്തായൊടു സ്നെഹവും വെണ്ടികയും ആയിരിക്കുമെന്നു വിചാരിച്ച ആയതു അങ്ങിനെ ആകുന്നെങ്കിൽ ആയതിന്നു വിഘ്നം വരുത്തുവാനുള്ളതിന്നു വഴി ഉണ്ടാകുവാനത്രെ മെൽപറഞ്ഞ വചനങ്ങൾ സർവ്വാധികാര്യക്കാരൻ മനിഷ്പത്തൊടു പറഞ്ഞതു. അപ്പൊഴൊ ഈ കാര്യം വിചാരിച്ചാൽ രണ്ടു കൂട്ടം കാര്യം നമുക്കു പ്രത്യെകമായി വരികയും ചെയ്തു.

അതായതു നമ്മുടെയും നമ്മുടെ ലൊകരുടെയും നെരെ ഉടയതമ്പുരാന്നുള്ള പ്രത്യെകമായ കരുണയും പറങ്കിമാരുടെ മനൊദുഷ്ടതയും — അതെന്തെന്നാൽ നമ്മുടെ മെത്രാപ്പൊലീത്തായുടെ വാഴ്ച കഴിഞ്ഞതിൽ പിന്നെ അവരുടെ തലയിൽ ഉണ്ടായ വിചാരം മാർപ്പാപ്പാക്കു മുമ്പിൽ ഉണ്ടായി എങ്കിൽ ഒരു നാളും വാഴിച്ച കഴിവാൻ എട വരാഞ്ഞെനെ—എന്നു വരുമ്പൊൾ നമ്മുടെ മെത്രാപ്പൊലീത്തായിക്കു മെത്രാപ്പൊലീത്താ എന്ന നാമധെയം വന്നതിൽ ആറു മാസത്തെ എടക്കു ഇതിന്മണ്ണം ഉള്ള വിചാരം മെൽപറഞ്ഞതിൽ ആക്കും ഉണ്ടാകാഞ്ഞതു നമ്മുടെ ജനങ്ങളുടെ രക്ഷക്കും നമ്മുടെ മെത്രാപ്പൊലീത്തായുടെ ബാല്യപ്രായത്തിൽ താൻ റൊമ്മായിൽനിന്നു പഠിക്കുന്ന നാളിൽ അറാച്ചെല്ലി എന്ന ദർശനവീട്ടിൽ ആഞ്ചലൊസ് എന്ന ഇരിപ്പും പുണ്യവുമുള്ള പ്രംസീസ്ക്കൊസസഭക്കാരൻ പാതിരിയുടെ വായാലെ താൻ അരുളിച്ചെയ്ത നിവ്യസുഖം തികപ്പാനായിട്ടും ഉടയതമ്പുരാൻ അവരുടെ വിചാരങ്ങൾ കെട്ടിക്കൊണ്ടതിനെക്കൊണ്ടത്രെ ആകുന്നു. എന്നു വരുമ്പൊൾ നമ്മുടെ ജനങ്ങളുടെ നെരെയുള്ള പ്രത്യെകമുള്ള തൻെറ കരുണ കാട്ടുകയും ചെയ്തു.

വിശെഷിച്ചും പറങ്കിമാരുടെ മനൊദുഷ്ടതയും ഇതിനാൽ പരഹസ്യപ്പെട്ടു എന്നു ഞാൻ പറഞ്ഞതിൻെറ അവകാശമായതു തങ്ങൾ ഈ ചെയ്തകാര്യം ഉടയതമ്പുരാൻെറ ന്യായത്തെപ്രതിയും മലങ്കരയുള്ള ജനങ്ങളുടെ രക്ഷയെപ്രതിയും ആകുന്നു എങ്കിൽ പക്ഷെ തങ്ങടെ ജനങ്ങൾക്കു ഈന്ദിയായിൽ കുറച്ചിൽ വരുവാൻ

www.malankaralibrary.com

കാരണമായിവരുവാൻ പൊരുമെന്നുള്ള സംശയംകൊണ്ടു ഒരു ക്ലെശവും ഉണ്ടാകാഞ്ഞെനെ. അതുംവച്ചു തങ്ങളുടെ ജനങ്ങളുടെ നാ റച്ചിൽ വരുവാൻ കാരണം ഈ പ്രവൃത്തി ആയി വരുമെന്നു സംശയം ഉണ്ടായപ്പൊൾ തങ്ങൾ ആയതു ചെയ്യതിന്മെൽ കുറ്റമുണ്ടായപ്പൊൾ ഉടയതമ്പുരാന്റെ സ്തുതിക്കും മലങ്കരയുള്ള ജനങ്ങളുടെ നെരെയുള്ള സ്നെഹത്തെപ്രതിയും അല്ല. പിന്നെയൊ തങ്ങളുടെയും തങ്ങളുടെ ജാതിയുടെയും കാര്യലാഭത്തിന്നു വെണ്ടി അത്രെ ഇതു ചെയ്തതു എന്നു എല്ലാവൎക്കും അറിയുകയും ആം. എന്തുകൊണ്ടെന്നാൽ സമയംഉള്ളപ്പൊൾ സമ്പത്തുകൂട്ടാഞ്ഞാൽ നാശകാലത്തിൽ കെട്ടെന്നു വരുമെന്നുള്ള പഴംചൊല്ലുപൊലെ സമയം നമുക്കുണ്ടായ ഈ നെരത്തു നമ്മുടെ ജാതിയുടെ നന്മക്കും ഗുണത്തിന്നും വെണ്ടുന്ന വസ്തു നൊക്കി വരത്തരുടെ അടിമയിൽനിന്നും നീങ്ങുവാനുള്ള വഴി കാണാഞ്ഞാൽ ഇനി ഇതിന്മണ്ണം ഉള്ള വഴിയും സമയവും കൂടുവാൻ പരാധീനമായിരിക്കും. നമ്മുടെ ജനങ്ങൾ കണ്ടവരുടെ തല്ലിനു ആയിരിക്കുമെന്നത്രെ ഇനിക്കു തൊന്നുന്നതു. എന്നതിനെക്കൊണ്ടു ഇത്രനെരവും വന്നുഅനുഭവിച്ചപൊലെ എന്നെക്കുംവരാതിരിപ്പാനുള്ളതിന്നു ശ്രമിക്കണമത്രെ നമ്മുടെ ജനങ്ങൾക്കു വെണ്ടിയിരിക്കുന്നു. എന്നാൽ ഇതിന്നു ആൎക്കും ഒരു മനൊവിഷാദം തൊന്നുകയും വെണ്ട. അതെന്തെന്നാൽ തങ്ങളുടെ ജാതിയുടെയും തങ്ങളുടെയും കാര്യലാഭത്തിന്നും ബഹുമാനത്തിന്നും വെണ്ടി ഉടയതമ്പുരാന്റെ കല്പനയൊടു മറുത്ത അന്യായമായ വസ്തു കാട്ടുന്നു എങ്കിൽ ഉടയതമ്പുരാന്റെ സ്തുതിക്കും നമ്മുടെ ജാതിയുടെ ഗുണത്തിന്നും വെണ്ടി ശു. എവൻഗെലിയൊന്റെ പഠിതത്തിന്നും ശു. പള്ളിയുടെ വഴക്കത്തിന്നും തക്കവണ്ണം ഉള്ള കാര്യം ചെയ്യാൻ ഒരു തെല്ലുപൊലും സംശയം ആൎക്കും ഉണ്ടാകുവാൻ ന്യായം ഇല്ല. ഇങ്ങിനെ ഇരിക്കുന്ന സമയത്തിൽ ഈ പുസ്തകത്തിന്റെ ൬൰(60)-ാംപദത്തിൽ ചൊല്ലിയിരിക്കുന്നതുപൊലെ കയത്താനൊസുപാതിരിയുടെ അപെക്ഷയാൽ ഇത്താലിയായിൽ നിന്നും വരുത്തിയ അച്ചടികളിന്മെലും അച്ചടിക്കാറരുടെമെലും ഗൊവക്കു അയക്കണംഎന്നും വെണ്ടാ എന്നും തൎക്കം ആയിവരികകൊണ്ടു ആയതിന്മെൽ രാജാവിന്നു സംശയം ആയി കഴിഞ്ഞതിനാൽ മായിനിഎന്ന പാതിരിയെ സംബന്ധു എന്ന ഞങ്ങൾ വസിക്കുന്ന ഭവനത്തു അയക്കയും ഈ പാതിരിയും അവിടെവന്നു ഈ കാര്യത്തിന്നു എങ്ങിനെ വെണ്ടു എന്നു താൻ വിചാരിക്കുന്നപ്രകാരം എഴുതികൊടുക്കണമെന്നു രാജാവു കല്പിച്ചയച്ചപ്രകാരം നമ്മുടെ മെത്രാപ്പൊലീത്തായൊടു പറയുകയും ചെയ്തതിന്റെ ശെഷം കയത്താനൊസുപാതിരി അപെക്ഷിക്കുന്നതുപൊലെ സൎവ്വശാസ്ത്രസത്രം എന്ന വലിയ പഠിതവീടു ഗൊവയിൽ ഉണ്ടാകുവാൻ രാജാവിന്നു മനസ്സുണ്ടെങ്കിൽ ആ അച്ചടികൾ ഒന്നും വെറുതിരിക്കാതെ ഗൊവക്കുതന്നെ അയക്കെ



വെണ്ടു എന്നും എന്നാൽ ആയത മനസ്സില്ലാ എങ്കിൽ ഗൊവയിൽ ലത്തീൻക്രമം ആകകൊണ്ടു ലത്തീനിലുള്ള അച്ചടി ഗൊവക്കു അയച്ചാൽ മതി എന്നും വിശെഷിച്ചും സുറിയാനിപെച്ചിലും കൽദായപെച്ചിലും ഉള്ള അച്ചടികൾ പ്രത്തുക്കാലിലും ഗൊവയിലും ആയതുകൊണ്ടു ഒരു ഉപകാരം ഇല്ലായ്കകൊണ്ടും മലയാളത്തിൽ കൽദായസുറിയാനിക്രമം ആകകൊണ്ടും മലങ്കരക്കു അയച്ചാൽ വലിയ മനഗുണവും അവിടെയുള്ള പുസ്തകങ്ങൾ ഒക്കയും കയ്യെഴുത്തു ആയിരിക്കുന്നതിനാൽ വളരെ പിഴകളും പിണക്കങ്ങളും ഉണ്ടായിരിക്കുന്നതിനെക്കൊണ്ടും അവിടെയുള്ള ജനങ്ങൾക്കു വളരെ ഉപകാരവും ആയിരിക്കുമെന്നും ഇങ്ങിനെ ഈ കാര്യത്തിന്മെൽ താൻ കണ്ട വിധി എഴുതി രാജാവു അറിയത്തക്കവണ്ണം മെൽപറഞ്ഞ മായിനി എന്ന പാതിരിയുടെ പററിൽ കൊടുക്കയും ചെയ്തു. ഇങ്ങിനെ ഒക്കയും ഇരിക്കുന്ന മദ്ധ്യെ പ്രബന്ദാം എന്ന റൊമ്മായിൽ കയത്താനൊസുപാതിരിയുടെ കാര്യം വിചാരിക്കുന്ന പട്ടക്കാരൻ റൊമ്മായിൽനിന്നും ലിസ്ബൊആയിൽ വരികയും ചെയ്തു. മാർതൊമ്മാമെത്രാന്റെ മെൽ അവിടെ ഉണ്ടായ അവസ്ഥയും ആയതിന്നു വെണ്ടി താൻ ചെയ്ത പ്രയത്നവും ഒക്കയും ഞങ്ങളൊടു പറഞ്ഞു കെൾപ്പിക്കയും മെത്രാപ്പൊലീത്തായും ആയതു കെട്ടതിന്റെ ശെഷം അയാളൊടു പാരം നന്ദിയും ബഹുമാനവും കാട്ടി സമ്മാനിച്ചതും എന്നിയെ ഞങ്ങൾക്കു സ്നെഹമുള്ള പ്രധാനപ്പെട്ട ആളുകളിൽ ചിലരുടെ വീടുകളിൽ കൊണ്ടുപൊയി വെണ്ടുംവണ്ണം ഒക്കയും അയാളെക്കൊണ്ടു പറയുകയും ചെയ്തു.

ഇതു ഒക്കയും കഴിയുന്ന ഇടയിൽ ഈ പുസ്തകത്തിന്റെ ൭൧(71)-ാം പദത്തിൽചൊല്ലിയിരിക്കുന്ന അന്തൊനിയൊപെരയിരാ മെഷ്ക്കീത്താ എന്ന കച്ചവടക്കാരൻ നമ്മുടെ മെത്രാപ്പൊലീത്തായൊടു പറഞ്ഞപൊലെ മൎത്തീഞ്ഞു ദെമെൽ എന്ന ഈന്ദിയാമുഖത്തെ സൎവ്വാധികാര്യക്കാരനുമായിട്ടു ക്ലെശിക്കകൊണ്ടും ഈ കാര്യത്തിന്മെൽ സൎവ്വാധികാര്യക്കാരനൊടും വിഷ്ക്കൊന്തിയൊടും നമ്മുടെ മെത്രാപ്പൊലീത്താ കൂടെ പറയുകകൊണ്ടും കുററക്കാററെയും പടക്കൊപ്പുകളും കരെററി ആണ്ടുതൊറും ഗൊവക്കു അയപ്പാൻ മൎയ്യാദി ആയിരിക്കുന്ന വഴിയുടെ കപ്പൽ ഈ ആണ്ടിൽ ഈ കച്ചവടക്കാരന്റെ കപ്പൽതന്നെ ആകുന്നു എന്നു നിശ്ചയിച്ചു ആയതിന്നു വെണ്ടുന്ന കല്പനകൾ ഒക്കയും മെൽപറഞ്ഞ സൎവ്വാധികാര്യക്കാരൻ കൊടുക്കയും ഇവനും ആയതിന്നു വെണ്ടുന്ന വസ്തുക്കളൊക്കയും വട്ടം കൂട്ടുകയും ചെയ്തു.

അപ്പൊഴെ മിക്കതും നമ്മുടെ വൎത്തമാനത്തിൽ ചൊല്ലിയിരിക്കുന്ന പൊലെ കയത്താനൊസുപാതിരിയും ശെഷമുള്ള ഗൊവക്കാററും വാഴ്ച കഴിയുന്നതിന്നു മുമ്പിൽ നമ്മൊടു മറുത്ത ആയി

www.malankaralibrary.com

രുന്നു എങ്കിലും വാഴ്ചകഴിഞ്ഞതിന്റെ ശെഷം തങ്ങളുടെ ശ്രമം ഒക്കെയും നിഷ്ഫലം ആയെന്നു കണ്ടു രണ്ടുമല്ലാത്ത വിധത്തിൽ ഞങ്ങളൊടുകൂടെ പെരുമാറിവരികയും ചെയ്തു.

എന്നാൽ ഇങ്ങനെ ഗൊവക്കാററിൽ ശെഷമുള്ളവർ നമ്മൊടു കൂടെ പെരുമാറിവന്നിരുന്നു എങ്കിലും അവരിൽ ഒരുത്തൻ യൌസെപ്പു അന്തൊന്യാ എന്ന പാതിരി ശെഷമുള്ളവരെക്കാളിൽ ബുദ്ധിയും വിചാരവും ഉള്ള ആളാകകൊണ്ടും എല്ലായ്പൊഴും നമ്മൊടു സ്നെഹവും വെണ്ടികയും ആയിരുന്നതിനെക്കൊണ്ടും പലപ്പൊഴും ഞങ്ങളെ വന്നുകാണുകയും പറകയും ഉണ്ടായിരുന്നതും എന്യെ ലിസ്ബൊആയിൽ താമസിക്കെണ്ടുന്ന ഇടയിൽ കൽദായസുറിയാനി എഴുത്തിലും മലയാൻ എഴുത്തിലും ഉള്ള അച്ചടി ഉണ്ടാക്കുവാനുള്ള അച്ചുകളുടെ കാതലായഭാഷകൾ നമ്മുടെ നാമം അറിയിക്കാതെ ഇയാളെക്കൊണ്ടു റൊമ്മായിൽനിന്നും വരുത്തുകയും ചെയ്തു. എന്നു വരുമ്പൊൾ ഇങ്ങിനെ രണ്ടു ആണ്ടെത്തു കാലം ലിസ്ബൊആയിൽ പാൎത്തുവന്ന നാളുകളിൽ നമ്മുടെ ജാതിക്കും നമുക്കും ഉടെതമ്പുരാന്റെ മനഗുണത്താൽ കിട്ടിയ ബഹുമാനംപൊലെ തങ്ങൾക്കും തങ്ങളുടെ ജാതിക്കും കൂടുവാനുള്ളതു ഈരണ്ടു ആണ്ടെത്തുകാലം ആകുന്ന പ്രയത്നം ഒക്കെയും ലിസ്ബൊആയിൽ ഉള്ള ഗൊവക്കാർ എല്ലാവരുംകൂടെ ആകുന്നതു പ്രയത്നം ചെയ്തു നൊക്കിയാറെ സാധിക്കുന്ന കാര്യമല്ലെന്നു കാൺകകൊണ്ടു യൌസെപ്പു അന്തൊന്യാ എന്ന പാതിരി നമ്മൊടുകൂടെ തന്നെ ഈന്ദിയായിക്കു പൊരുവാൻ നിശ്ചയിച്ചു മെല്പറഞ്ഞ അന്തൊന്യാ പെരയിരാ എന്ന കച്ചവടക്കാരനുമായി പറഞ്ഞ ഞങ്ങൾ പൊരുവാനിരിക്കുന്ന കപ്പലിന്റെ വികാരിപാതിരി ആയിട്ടു പൊരത്തക്കവണ്ണം നിശ്ചയിക്കയും ചെയ്തു.

അപ്പൊഴെ ഈ പാതിരി ഞങ്ങളൊടുകൂടെ ഒരുമിച്ചു പൊരത്തക്കവണ്ണം നിശ്ചയിച്ചതിന്റെശെഷം മെത്രാപ്പൊലീത്തായിക്കുതന്നെ ക്ലെശിപ്പാൻ ചിതമില്ലാഴികകൊണ്ടും ഇനിക്കു ലിസ്ബൊആയിൽ വസിച്ചുവരുന്ന നാളുകളിൽ മുട്ടിപ്പാലെ ദീനമായി പൊകകൊണ്ടും പരിചയം ഇല്ലാഴികകൊണ്ടും ഞങ്ങൾക്കു വഴിക്കു വെണ്ടുന്ന വസ്തുക്കൾ ഒക്കെയും ഒന്നിനും ഒരു കുറവുംകൂടാതെ വിദയം വരുത്തിക്കൊണ്ടു ആയതു ഒക്കെയും പെട്ടകങ്ങളിലും വീപ്പകളിലും ആക്കി പെട്ടകങ്ങളുടെയും വീപ്പകളുടെയും കണക്കു മെൽപറഞ്ഞ മത്തീഞ്ഞു ദെമെൽ എന്ന സൎവ്വാധികാര്യക്കാരനെ കാട്ടി കപ്പലിൽ കെററുവാനുള്ളതിന്നു തന്റെ കൈഒപ്പും കല്പനയും വാങ്ങുകയും ചെയ്തു.





# എഴുപത്തിയാറാം പദം

ഇങ്ങിനെ ഒക്കെയും ക്രമം വരുത്തിയതിന്റെ ശെഷം രാജസ്ത്രീയൊടും ശെഷം പെരൊടും ഞങ്ങൾ യാത്ര പറഞ്ഞതിന്മെലും അതിന്റെ ശെഷം ഉണ്ടായ അവസ്ഥമെലും

ഇങ്ങിനെ ഒക്കെയും വിദയം വരുത്തി യാത്രക്കു ഒരുങ്ങുന്ന മദ്ധ്യെ കൊച്ചി ഇടവകയിൽ വികാരിജനറാളായിരുന്ന മെൽപറഞ്ഞ പ്രംസീസ്ക്കൊസ കയത്താനൊസുപാതിരിയും താൻ ഈന്ദിയായിൽനിന്നും വിചാരിച്ചു പുറപ്പെട്ടുവണ്ണം കൊച്ചി ഇടവകക്കു താൻ ഈന്ദിയായിൽ മററു ഇടവകക്കു താൻ മെത്രാനാകുവാനുള്ള ശരണം ഒക്കെയും ഖണ്ഡിച്ചിരിക്കുന്നു എന്നു കാൺകയാൽ ഇയാളും ഞങ്ങൾ പൊരുന്ന കപ്പലിൽതന്നെ പൊരുന്നതിന്നു നിശ്ചയിച്ചു മെഷ്ക്കീത്ത എന്ന മെൽപറഞ്ഞ ഈ കപ്പലിന്റെ ഉടമസ്ഥൻകച്ചവടക്കാരനും ആയി കണ്ടു പറഞ്ഞാറെ ഈ കപ്പലിൽ കപ്പളൊനാകുന്നതിന്നു നിശ്ചയിക്കയും ഇങ്ങിനെ ഈ കപ്പലിൽ മര്യാദിക്കു ഒത്തപൊലെ യാത്രക്കുവെണ്ടുന്നതു ഒക്കെയും വിദയം വരുത്തുകയും മെൽപറഞ്ഞ പാതിരിമാരു രണ്ടു പെരുംതന്നെ വികാരിയും കപ്പളൊനും ആകയും ചെയ്തു.

അപ്പൊഴെ വഴിയാത്രക്കു വെണ്ടുന്നതു ഒക്കെയും വിദയം വരുത്തിയതിന്റെ ശെഷം മെത്രാപ്പൊലീത്തായും ഞാനും കൂടെ രാജസ്ത്രീയുടെ കൊവിലകത്തു ചെന്നു രാജസ്ത്രീയൊടും രാജാവിനൊടും രാജമകൻ പ്രിൻസിപ്പായൊടും ഇമ്പാന്തയൊടും കൈയും മുത്തി യാത്ര ചൊല്ലിയാറെ എല്ലാവരും നല്ല അനുസാരത്തൊടു കൂടെ പറഞ്ഞ ഞങ്ങളെ അയക്കയും ചെയ്തു.

വിശെഷിച്ചും പ്രിൻസിപ്പായുടെ ഭാര്യ പ്രിൻചെസ്സായെ കണ്ടു യാത്ര ചൊല്ലുവാൻ ശ്രമിച്ചാറെ തനിക്കു ദീനമാകകൊണ്ടു കണ്ടുപറവാൻ സംഗതിവരാഞ്ഞ ഹെതുവാൽ തന്റെ ചിററാഴ്മയിൽ ഉള്ള പ്രധാനപ്പെട്ട ആളിനൊടു ഇങ്ങിനെ യാത്രചൊല്ലുവാനായിട്ടു ഞങ്ങൾ ശ്രമിച്ചപ്രകാരം പ്രിൻചെസ്സായൊടു ബൊധിപ്പിക്കതക്കവണ്ണം പറഞ്ഞുകൊണ്ടു പൊരികയും ചെയ്തു. എന്നാൽ ഞങ്ങൾ യാത്രചൊല്ലുവാനായിട്ടു രാജസ്ത്രീയുടെ കൊവിലകത്തു പൊകുന്ന ദിവസം ഞങ്ങളിൽ യൌസെപ്പു അന്തൊന്യാ എന്ന ഗൊവക്കാരൻ പാതിരി അറിഞ്ഞിരിക്കകൊണ്ടു ഞങ്ങൾ രാജസ്ത്രീയുടെ കൊവിലകത്തു ചെന്നു യാത്ര ചൊല്ലിയ ദിവസം ഇയാളും പ്രൻഞ്ചിസ്ക്കൊസ കയത്താനൊസു എന്ന പാതിരിയും അവിടെചെന്നു രാജസ്ത്രീയൊടും രാജാവിനൊടും യാത്ര ചൊല്ലുകയും ചെയ്തു.

www.malankaralibrary.com

## വിചാരം

രാജസ്ത്രീയൊടും രാജാവിനൊടും ഞങ്ങൾ യാത്രചൊല്ലിയ ദിവസംതന്നെ ഈ ഗൊവക്കാരനും വികാരിജനരാളും വന്നു ഒരു കാര്യം കൂടാതെ എന്നു ആരും വിചാരിക്കണ്ട. അതെന്തെന്നാൽ മെൽ എഴുത്തപ്പെട്ട കയത്താനൊസ്സുപാതിരിയുടെയും ശെഷം ഗൊവക്കാറരുടെയും ആവലാധിക്കു തക്കവണ്ണം മലങ്കരക്കാറർ പ്രത്തുക്കാൽ രാജാവിന്റെ അടിയാരു അല്ലാഞ്ഞിട്ടു അവരെ ബഹുമാനിക്കയും അവരിൽ മെത്രാപ്പൊലീത്താക്കു വാഴ്ചയും സ്ഥാനമാനങ്ങളും കൊടുക്കയും ചെയ്തല്ലൊ. എന്നാൽ ഈ പ്രത്തുക്കാൽ രാജാവിന്റെ അടിയാരാകയും ഇത്രനാളും അവിടെ കിടന്നു ആവലാധി പറയുകയും ചെയ്തിട്ടു അവരിൽ ഒരുത്തനും കൊടുപ്പാൻ മനഗുണം ഉണ്ടായതുമില്ല. എന്നതുകൊണ്ടു ഞങ്ങൾ കൊവിലകത്തു ചെന്നു യാത്രചൊല്ലുന്ന ദിവസത്തിൽ തങ്ങൾ കൂടെ അവിടെ എത്തിയാൽ മെത്രാപ്പൊലീത്താ പൊകുമ്പൊൾ കാര്യങ്ങൾ ഒക്കെയും പറയാം അപ്പൊൾ ഓർമ്മ പുത്തനാക്കുവാൻ സംഗതി വരുമെന്നതിനെക്കൊണ്ടു തങ്ങളുടെ അപെക്ഷക്കു മനഗുണമായി കല്പന ഏതാനും കൊടുപ്പാൻ കൂടുമെന്നു വിചാരിക്കകൊണ്ടത്രെ ഞങ്ങൾ ചെന്നു യാത്രചൊല്ലിയ ദിവസത്തിൽ ഇവരുംകൂടെ അവിടെ വന്നു എന്നു തൊന്നുന്നു. അങ്ങിനെ ആകുന്നു എങ്കിൽ തങ്ങൾ വിചാരിച്ചതുപൊലെ കൂടിയതുമില്ല. അപ്പൊഴൊ ഞങ്ങൾക്കു വഴിക്കു വെണ്ടതൊക്കയും ഒരുക്കുകയും അന്തൊനി പെരയിരാ മെഷ്ക്കീത്ത എന്ന കച്ചവടക്കാരൻ കപ്പലിന്നു വെണ്ടുന്നതു ഒക്കയും വിദയം വരുത്തുകയും ചെയ്തു. എങ്കിലും പ്രത്തുക്കാൽ രാജാവിന്റെ മകളെ കസ്റ്റെൽ രാജാവിന്റെ മകനും കസ്റ്റെൽ രാജാവിന്റെ മകളെ പ്രിഞ്ചെപ്പായുടെ മകനും ആയിട്ടുള്ള കല്യാണം ഹെതുവാൽ രാജിതത്തുങ്കൽ ഉള്ള സർവ്വാധികാര്യക്കാരന്മാർ ഒക്കെയ്ക്കും പാരം ശ്രമവും ക്ലെശവും ആകകൊണ്ടു മെത്രാപ്പൊലീത്തായുടെ കാര്യങ്ങൾക്കും ഈന്ദിയായിൽ വെണ്ടിയ മററു കാര്യങ്ങൾക്കും ഒടുക്കത്തെ തീർമ്മാനം കൊടുപ്പാൻ സമയം ഇല്ലാത്തതിനാൽ പിന്നെയും കുറെനാൾ കപ്പലിന്റെ പുറപ്പാടിന്നു മുടക്കം വരികയും ചെയ്തു.

എന്നാൽ നമ്മുടെ മെത്രാപ്പൊലീത്താക്കു തന്റെ കാര്യങ്ങളുടെ ഒടുക്കത്തെ തീരുമാനം മെൽപറഞ്ഞ സർവ്വാധികാര്യക്കാരൻ ഇത്ര നെരവും കൊടുത്തില്ല എങ്കിലും ഈ പുസ്തകത്തിന്റെ ൭൩ (73)-ാം പദത്തിൽ ചൊല്ലിയപൊലെയും മുമ്പു താൻ പറഞ്ഞൊത്തപൊലെയും ൮൦൦൦ (8000) രൂപാ മെത്രാപ്പൊലീത്തായിക്കു കൊടുക്കയും ചെയ്തു. അപ്പൊഴൊ മെൽപറഞ്ഞ കല്യാണം കഴിയുന്നയിടയിൽ ഞങ്ങളുടെ മുണ്ടുമുറികളും പെട്ടകങ്ങളൊക്കയും കപ്പലിൽ കെററിയതെന്യെ വിഷ്ക്കൊന്തിയുടെ വീട്ടിലും



മററു ഞങ്ങളുടെമെൽ സ്നെഹവും കൂറുമുള്ള പ്രധാനികൾ എല്ലാവരുടെ വീടുകളിലും ചെന്നു അവരെല്ലാവരൊടും യാത്രയും ചൊല്ലി കപ്പൽ കയറുവാനാസ്ഥമാകയും ചെയ്തു.

വിശെഷിച്ചും മർക്കെസ ദെ കസ്തെൽ മെലിയൊരെന്ന പ്രധാനി എല്ലാവരെക്കായിലും ഏററം സ്നെഹവും പ്രസാദവും എല്ലായ്പ്പൊഴും ഒരു പകർച്ച കൂടാതെ ഞങ്ങളുടെ മെൽ കാട്ടിവന്നതിനെക്കൊണ്ടു തന്റെ വീട്ടിൽ യാത്ര ചൊല്ലുവാനായിട്ടു ചെല്ലുകയും മർക്കെസ്സും പാരം ഭക്തിയും തമ്പുരാനെ പെടിയുമുള്ള ആളാകകൊണ്ടു താൻ അന്നു കുമ്പസാരിച്ചു മെത്രാപ്പൊലീത്തായുടെ കൈയാൽ ശു. കർവാനയും കൈക്കൊള്ളുകയും ചെയ്തു.

ഇതിന്റെശെഷം അവിടെ ഞങ്ങൾ ഭക്ഷണവും കഴിഞ്ഞു യാത്ര ചൊല്ലി പിരിയുന്നപ്പൊൾ മാർ ബത്തലൂമ്മെദൊസ മർത്തീരെസ എന്ന ആ നഗരിയുടെ മെത്രാപ്പൊലീത്താ വകഞ്ഞുണ്ടാക്കിയ പടാത്തകളും നന്മ പ്രവർത്തിയുള്ള വിവെകങ്ങളും മററും താൻ വകഞ്ഞുണ്ടാക്കിയ വസ്തുക്കളൊക്കയും അടങ്ങിയിരിക്കുന്ന ഒരു പുസ്തകം മെത്രാപ്പൊലീത്തായ്ക്കു കൊടുക്കയും ചെയ്തു.

ഇങ്ങനെ എല്ലാവരൊടും യാത്രചൊല്ലി വന്നയിടക്കു കല്യാണ ആഘൊഷവും കഴിഞ്ഞ ശെഷം നമ്മുടെ കാര്യങ്ങളുടെ ഒടുക്കത്തെ തീരുമാനം എന്തെന്നറിവാനും ഈ സർവ്വാധികാര്യക്കാരനൊടു യാത്ര ചൊല്ലുവാനും ആയിട്ടു മത്തീഞ്ഞു ദെമെൽ എന്ന സർവ്വാധികാര്യക്കാരന്റെ വീട്ടിൽ മെത്രാപ്പൊലീത്താ ചെന്നാറെ മാർ തൊമ്മാമെത്രാന്റെ കാര്യം ശൊധന ചെയ്‌വാൻ ഗൊവയിൽ മെത്രാപ്പൊലീത്തായെ കൂടെ അയക്കണമെന്നു ഈ മെത്രാപ്പൊലീത്തായിക്കു പൊകുന്ന രാജസ്ത്രീയുടെ തിരുവെഴുത്തും മലങ്കരെയുള്ള മാർഗ്ഗമറിയിക്കുന്നവരൊക്കയും നമ്മുടെ മെത്രാപ്പൊലീത്തായിക്കു കീഴ്‌വഴങ്ങണമെന്നും ആയതല്ലാതെ കീഴവഴങ്ങാത്തപക്ഷത്തിൽ നമ്മുടെ മെത്രാപ്പൊലീത്താ ആയതിനു വെണ്ടി ഏതാനും സഹായം അപെക്ഷിച്ചാൽ മുടക്കം കൂടാതെ കൊടുക്കണമെന്നും ഗൊവയിലുള്ള യജമാനന്മാൎക്കു പൊകുന്ന തിരുഎഴുത്തും വായിച്ചു നമ്മുടെ മെത്രാപ്പൊലീത്തായെ കെൾപ്പിച്ചു ആയതു ഒക്കയും താൻ വായിച്ചു കെട്ട പ്രകാരവും സമ്മതിച്ച പ്രകാരവും തന്നൊടു കൈഎഴുത്തു വാങ്ങിയശെഷം പിടിച്ചു തഴുകി നല്ലവണ്ണം യത്രയും ചൊല്ലി വാതുക്കൽഓളം അണിയാത്ര വന്നു മെത്രാപ്പൊലീത്തായെ അയക്കയും ചെയ്തു. ഇങ്ങനെ ഒക്കയും ആസ്ഥമായ ശെഷം സംബെന്തു എന്ന ആശ്രമത്തിലെ പാതിരിമാർ എല്ലാവരൊടും യാത്രയും ചൊല്ലി ഈ ആശ്രമത്തിൽനിന്നു പുറപ്പെട്ടപ്പൊൾ ആശ്രമത്തിന്റെ തലവനാകുന്ന പാതിരിയും മററു ലിസ്‌ബൊ ആയിൽ ഞങ്ങളെ സ്നെഹമുള്ള

www.malankaralibrary.com

വരിൽ ചിലരും കപ്പലിലൊളം ഞങ്ങൾക്ക അണിയാത്ര വരുവാനായിട്ട ഞങ്ങളൊടുക്കൂടെ പുറപ്പെടുകയും ചെയ്തു.

ഇങ്ങനെ മെത്രാപ്പൊലീത്തായും ഞാനും മെൽപറഞ്ഞ ഗൊവക്കാററു രണ്ടു പാതിരിമാരും ശെഷം ഞങ്ങൾക്ക അണിയാത്ര വന്ന മൂപ്പൻ പാതിരിയും മററു ജനങ്ങളും ഒരുമിച്ചു കപ്പൽ കെറുവാനായിട്ട കടവിൽ വന്നപ്പൊൾ മര്യാദിപൊലെ പത്രാമ്മൊറെന്നു ചെല്ലുന്ന രാജവള്ളങ്ങളിൽ വിചാരിക്കുന്നവൻ വിദയം വരുത്തിയ വള്ളങ്ങളിന്മെൽ ഞങ്ങൾ എല്ലാവരും കരെറി ഇങ്ങിനെ മിശിഹാ പിറന്നിട്ട ൧൭൮൫ (1785)-ാം ആണ്ടിൽ മെടമാസം പുത്തൻകണക്കിൽ ൨൦ (20)-ാംനു- കപ്പൽ കരെറുകയും ചെയ്തു.

കപ്പലിങ്കൽ വന്നപ്പൊൾ യൊആക്കീം എന്ന കപ്പലിന്റെ കപ്പിത്താൻ വന്ന ബഹുമാനത്തൊടുക്കൂടെ മെത്രാപ്പൊലീത്തായെ കൈക്കൊണ്ടു തനിക്ക ആസ്ഥാനമാക്കിയിരിക്കുന്ന മുറിയിൽ കൈക്കൊള്ളുകയും ചെയ്തു.

ഇതിന്റെ ശെഷം മൂപ്പൻപാതിരിയും ശെഷം ഞങ്ങൾക്ക അണിയാത്ര വന്ന ജനങ്ങളും പിടിച്ചുതഴകി യാത്രയും ചൊല്ലി തങ്ങളുടെ വീടുകളിലെക്ക പിന്തിരിയുകയും ചെയ്തു.

വിശെഷിച്ചും കപ്പലിൽ മെത്രാപ്പൊലീത്തായിക്ക ചിററാഴ്മ ചെയ്യ്വാനായിട്ട നാലു പെരെ കൊണ്ടുപൊരുവാനുള്ള അനുവാദം കിട്ടിയാറെ ഞങ്ങളൊടുക്കൂടെ പൊരുവാൻ ആസ്ഥമായിരുന്ന ചിററാഴ്മക്കാററരിൽ രണ്ടു പെർ ഒളിച്ചു പൊകകൊണ്ടു യൌസെപ്പു അന്തൊനി എന്ന ഗൊവക്കാരൻ പാതിരിയുടെ അപെക്ഷകൊണ്ടു ലിസ്ബൊ ആയിൽ കണ്ടെത്തിയ ഗൊവക്കാറർ രണ്ടു മൂപ്പന്മാരെ മനഗുണമായിട്ട ഗൊവയിലൊളം കൊണ്ടുപൊരുവാൻ തക്കവണ്ണം മെത്രാപ്പൊലീത്താ കൈക്കൊള്ളുകയും ചെയ്യുതിനാൽ അവരും ഞങ്ങളൊടുക്കൂടെ കപ്പൽ കരെറുകയും ചെയ്തു.

എന്നാൽ ഞങ്ങൾ കപ്പൽ കരെറി രണ്ടു നാഴിക കഴിഞ്ഞപ്പൊൾ മർക്കൊസു ദെകസ്തെൽ മെലിയൊർ എന്ന ഞങ്ങളുടെ സ്നെഹപ്പെട്ട പ്രധാനിയുടെ ചിററാഴ്മക്കാററരിൽ തലവൻ കപ്പലിൽവന്ന ബയ്യാനഗരിയുടെ ഗൊവർണ്ണദൊരിന്നും ഗൊവയുടെ ഗൊവർണ്ണദൊരിന്നും ഞങ്ങൾക്ക സഹായമായി എഴുതി പൊകുന്ന മെൽപറഞ്ഞ മർക്കൊസിന്റെ കുറികൾ മെത്രാപ്പൊലീത്തായുടെ പക്കൽ കൊടുക്കയും മെത്രാപ്പൊലീത്തായും ഈ ചെയ്ത മനഗുണത്തെക്കുറിച്ചു നന്ദിയായ വചനങ്ങൾ മർക്കൊസിന്നു ചൊല്ലി അയക്കയും ചെയ്തു.



അപ്പൊഴൊ ഇങ്ങിനെ മിശിഹാ പിറന്നിട്ട ൧൭൮൫(1785)-ാം കാലം മെടമാസം ൨൦(20) -ാംനു- ഞങ്ങൾ എല്ലാവരും കുററക്കാറർ മുന്നൂറുപെരും ശെഷം കപ്പലിൽ വെണ്ടുന്ന മാൽവിക്കാററും പ്രവൃത്തിക്കാററും ആയത്തു കൂടാതുള്ള വഴിയാത്രക്കാററും രാജകല്പനയാൽ മൂസംബിക്ക പൊകുന്ന ദെസംബർഗദൊരന്മാരും അതായത്തു ഒരുത്തൻ ശൊധനക്കാരനും മററവൻ ചന്ത്രക്കാരനും ഇങ്ങിനെ എല്ലാവരും ആസ്ഥമായി കപ്പൽ കരെറി എങ്കിലും തുറമുഖത്തുനിന്നും പുറപ്പെടുവാൻ കാററു തക്കം ഇല്ലാഴികകൊണ്ടു ൨൩(23)-ാം തീയതിയൊളം അവിടെതന്നെ പാർക്കെണ്ടി വരികയും ചെയ്തു.

എന്നാൽ ഈ ഇടയിൽ കുററക്കാററരിൽ ആരും ഒളിച്ചുപൊകാതിരിപ്പാൻവെണ്ടി പടയാളികൾ വള്ളങ്ങളിൽ കപ്പലിന്നു ചുററും സൂക്ഷിക്കയും ചെയ്തു.

വിശെഷിച്ചും സംബന്ധു എന്ന ദർശനവീട്ടിൽ ഞങ്ങളെ സ്നെഹവും കുറുമുള്ള പാതിരിമാരിൽ ചിലർ കപ്പലിൽ വന്നു ഞങ്ങളെ കണ്ടു പറയുകയും ചെയ്തു.

ഇങ്ങനെ കാററില്ലാഴികകൊണ്ടു വലിയ ഞെരുക്കത്തൊടും സങ്കടത്തൊടുംക്കൂടെ ഉടയതമ്പുരാനൊടു അപെക്ഷിച്ചും ഇരന്നും ഇരിക്കുന്ന മദ്ധ്യെ ൨൩(23)-ാംനു- കാലത്ത തക്കമൊയ കാററു ഊതിയതിനാൽ ചീനിയും പൊക്കി നല്ലവണ്ണം ഒരിളക്കവും കലക്കവും ഒന്നുംക്കൂടാതെ തുറമുഖത്തിന്നു പുറത്തു പുറപ്പെടുകയും ആയതിനിടയിൽ കപ്പലിന്റെ ഉടയവനായ അന്തൊനി പെരയിരാമെഷ്ക്കീത്താ എന്നവൻ കപ്പലിൽ വന്നു മെത്രാപ്പൊലീത്തായുമായി കണ്ടു പറഞ്ഞു ഞങ്ങളുടെ വകയായി കപ്പൽകാറർ ഏററിയ വസ്തുക്കൾ ഒക്കെക്കും മത്തീഞ്ഞു ദെമെൽ എന്ന ഈന്ദിയാമുഖത്തെ സർവ്വാധികാര്യക്കാരൻ തന്ന അനുവാദക്കടുദാശ്ശു മെടിച്ചു കണ്ടു അതിന്റെ ഒരു പെർപ്പു താനുംവച്ചു ഈ കടുദാശ്ശു അവൻ കൊണ്ടുപൊകയും ചെയ്തു.

എന്നാൽ ആയത്തു കാട്ടി കപ്പലിൽ ഉള്ള മെത്രാപ്പൊലീത്തായുടെ വസ്തുക്കൾ ഒക്കെയും എവിടെ തെളിഞ്ഞാൽ അവിടെ ഇറക്കി കൊടുക്കത്തക്കവണ്ണം കപ്പലിന്റെ കപ്പിത്താനൊടു പറഞ്ഞെച്ചു പൊകയും ചെയ്തു. വിശെഷിച്ചും കപ്പലിൽ മെത്രാപ്പൊലീത്തായുടെ വക ആയി പൊകുന്ന വസ്തുക്കൾ ഒക്കെക്കും ഉള്ള കപ്പൽക്കൂലി ഈ കടുദാശു കാട്ടി രാജാവിനൊടു മെടിപ്പാനായിട്ട അത്രെ മെൽപറഞ്ഞ കടുദാശു ഈ കച്ചവടക്കാരൻ കൊണ്ടുപൊയത്തു. അപ്പൊഴൊ ഇങ്ങിനെ തുറമുഖത്തിന്റെ പുറത്തു കടന്നതിന്റെ ശെഷം മെൽപറഞ്ഞ ഗൊവക്കാറർ പാതിരിമാരു രണ്ടുപെക്കും കപ്പലിൽ മുറി കൊടുത്തിട്ടില്ലാഴികകൊണ്ടു അവർക്ക ആസ്ഥമാ

www.malankaralibrary.com

ക്കിയിരിക്കുന്ന ഇടം കപ്പലിന്റെ താഴത്തെ നിലയിൽ ആയി
രിക്കയും അവിടെ അടുക്കെതന്നെ ദീനക്കാർക്ക ദീനമുറിആസ്ഥമാ
ക്കിയിരിക്കകൊണ്ടും അവിടെവസിച്ചാൽ പാരം സങ്കടം ആയി
വരുമെന്നു കണ്ടു മീതെ കപ്പലിന്റെ കൂടാരത്തിൽ ആസ്ഥമായി
രിക്കുന്ന മുറിയിൽ കൂടെവസിപ്പാനുള്ളതിനു യൌസെപ്പു അന്തൊ
നി പാതിരി മെത്രാപ്പൊലീത്തായൊടു അപെക്ഷിക്കകൊണ്ടു
മെത്രാപ്പൊലീത്തായും ഈ പാതിരിയുടെ മെലുള്ള സ്നേഹം
കൊണ്ടും ഉടയതമ്പുരാനെപ്രതി അവക്കു ഗുണം ചെയ്‌വാനുള്ള
മനസ്സുകൊണ്ടും ഞങ്ങൾക്ക പാരം ഞെരുക്കമുള്ളൊരു കാര്യം ആ
യിരുന്നു എങ്കിലും ആയതിന്മണ്ണം തന്നെ സമ്മതിക്കയും അവ
രും ഞങ്ങളുടെ ഭവനത്തുതന്നെ വസിച്ചു എന്യെ ഞങ്ങൾക്കുള്ള
വസ്തുക്കൾ കൊണ്ടു തങ്ങൾക്കുള്ളതുപൊലെ പെരുമാറുകയും
ചെയ്തതല്ലാതെ കപ്പലിന്റെ കപ്പിത്താനും അവരുടെ നെരെ
നമ്മുടെ മെത്രാപ്പൊലീത്തായിക്കുള്ള സ്നെഹവും കരുണയും
കാൺകകൊണ്ടും മെത്രാപ്പൊലീത്തായൊടുകൂടെ പാരം ആചാര
ത്തൊടും സ്നെഹത്തൊടുംകൂടെ പെരുമാറുകകൊണ്ടും ആയതു മെത്ര
പ്പൊലീത്തായിക്ക പ്രസാദിക്കുമെന്നു കാൺകകൊണ്ടും ഞങ്ങ
ളുടെ മേശയിൽ അവരുടെകൂടെ ഭക്ഷണം കഴിക്കത്തക്കവണ്ണം
നിശ്ചയിക്കയും ചെയ്തു.

## എഴുപത്തിയേഴാം പദം

ലിസ്‌ബൊ ആയിൽനിന്നും കപ്പൽ കരെറി തിരിച്ചതിന്റെ
ശെഷം ഉണ്ടായ അവസ്ഥമെൽ

അപ്പൊഴൊ മെൽപറഞ്ഞവണ്ണം ലിസ്‌ബൊ ആയിൽ
നിന്നും പുറപ്പെട്ടതിന്റെശെഷം നല്ല കാററൊടും തക്കത്തൊടും
കൂടെ വരുന്ന മദ്ധ്യെ മിഥുനമാസം ൰൩(13)-ാം ൹ മാർ അ
ന്തൊനീസു പുണ്യവാളന്റെ പെരുനാൾ ദിവസത്തിൽ ഞങ്ങൾ
എല്ലാവരും ഭക്ഷണം കഴിഞ്ഞശെഷം കപ്പലിൽ അപ്പൊൾ കാ
ത്തിരുന്ന മാൽവിക്കാരൻ കാററിന്റെ ഓരം സൂക്ഷിക്കാതെ
പാകൾ എററം പിടിക്കകൊണ്ടു കപ്പൽ ഒരു ഭാഗത്തൊട്ടു എററം
ചാഞ്ഞു ഓളങ്ങൾ കപ്പലിൽ കടക്കയും ഇങ്ങിനെ പൊടുക്കനെ
ഒരു കലക്കം കപ്പലിൽ ആയി വരികയും ചെയ്തതിന്റെ
ശെഷം കപ്പലിന്റെ കപ്പിത്താൻ ഈ മാൽവിക്കാരൻ ഇരിക്കുന്ന
കപ്പലിന്റെ കൂടാരത്തിന്നു അരികെ ചെന്നു അവനെ കുററപ്പെ
ടുത്തി തിരകൾ ചുരുക്കുവാൻ കല്പിക്കയും ആയതു ചുരുക്കിയ
ഉടൻ കലക്കം ഒക്കയും അടങ്ങുകയും ചെയ്തു.

ഇതിന്റെ ശെഷം നല്ല കാററൊടും സന്തൊഷത്തൊടുംകൂടി
കപ്പലിൽ ഒരു ദീനവും കെടും കൂടാതെ ലിസ്‌ബൊആയിൽ



നിന്നും ഒളിച്ചു കപ്പലിൽ കരെറിയ ഒരു വാലിഭക്കാരനെന്യെ
ആരും മരിക്കാതെയും നല്ല കാററൊടും തക്കത്തൊടുംകൂടെ വരുന്ന
മദ്ധ്യെ മിഥുനമാസം ൨൰൩ (23)-ാം൹ മാർ യൊഹന്നാൻ മാമ്മ
ദാനായുടെ പിറവിതിരുനാൾക്ക തലെ ദിവസം അമെരിക്ക
എന്ന ഭൂമിയുടെ കെട്ടിലുള്ള ബയ്യാ എന്ന നഗരിക്ക വന്നു അടു
ത്ത സമയത്തിൽ നിനച്ചറിയാത്തവണ്ണം പാതിരാ നെരത്തു ഒരു
പെരുംകാററു പൊടുക്കനെ ഉണ്ടായി. ആ പെരുംകാററു ഹെതു
വാൽ കപ്പിത്താന്നു കുറെ പ്രയാസം കാൺകകൊണ്ടു കപ്പലിന്റെ
പാകൾ ചുരുക്കുവാനായി കപ്പലിലുള്ള വെലക്കാററരിൽ പലരും
പാമരത്തിന്മെൽ കരെറിയപ്പൊൾ പാമരത്തിന്റെ മുകളിൽ നി
ല്ക്കുന്ന ഒരു വെലക്കാരൻ അവിടെനിന്നും കാലുതെററി അവന്റെ
താഴെ നില്ക്കുന്നവന്റെ മെൽ വീഴുകയും ഇങ്ങിനെ അവർ രണ്ടു
പെരുംകൂടെ കടലിൽ വീഴുകയും പിന്നെ അവരെ കാണാൻ കൂടി
യതും ഇല്ലാ. ആയതു ഉണ്ടായതിന്റെ ശെഷവും കാററിനും മഴ
ക്കും ഒരു പതം കൂടാതെ എററം എററം കൊടുക്കൂരമായി വരുന്നതു
കണ്ടതിനാംപക്കം ഈ കാററു ഞങ്ങൾക്ക സഹായമായ കാററാ
യിരുന്നു എങ്കിലും പാരം ഓരാത്തതായിരിക്കകൊണ്ടും ഭൂമി കര
യൊടടുത്ത സമയമാകകൊണ്ടും ആ കരയുടെ പ്രകൃതി സൂക്ഷി
ച്ചാൽ കപ്പൽ ചെന്നു കരയൊടു മുട്ടി വെളിക്ക പൊകുവാൻ എളു
പ്പം ഉണ്ടെന്നു കാൺകകൊണ്ടും കപ്പലിൽ ഉള്ള ജനങ്ങൾ എല്ലാ
വക്കും ഉണ്ടായ പരിഭ്രമവും വെദനയും എന്തു പറയാവതു. കപ്പ
ലിന്റെ കപ്പിത്താൻ പരിഭ്രമിച്ചു കപ്പലിൽ ഒക്കയും നടക്കുന്ന
തും മാൽവിക്കാറർ ഒക്കയും വിറച്ചുനില്ക്കുന്നതും ശെഷം കപ്പലി
ലുള്ള ജനങ്ങളിൽ ചിലർ ചൊരകൂടാതെ ചത്തവണ്ണം ഇരിക്കുന്ന
തും ചിലർ ഭയംകൊണ്ടു കരയുന്നതും മററു ചിലർ ക്രൂശാരൂപപ്പെട്ട
രൂപം കയ്യിൽ പിടിച്ചുകൊണ്ടു പാരം പരിഭ്രമിച്ചു വെദന കാട്ടി
ക്കൊണ്ടു തങ്ങൾ ചെയ്ത ദൊഷങ്ങളിന്മെൽ തെററത്തൊടുകൂടെ
തമ്പുരാനൊടു അപെക്ഷിക്കുന്നതും മററു ചിലർ ഉച്ചസ്വരത്തിൽ
നിലവിളിച്ചു ഉടയതമ്പുരാനൊടു മനഗുണം അപെക്ഷിക്കുന്നതും
മററു ചിലർ വെദനയുടെ പെരുപ്പംകൊണ്ടു ഒരു അടക്കം കൂടാതെ
എല്ലായ്പൊഴും ഓടി നടക്കുന്നതും യൌസെപ്പു അന്തൊനി എന്ന
ഗൊവക്കാരൻ പാതിരി പുറപ്പെട്ടു എല്ലാവരെയും ഗുനസുരെ കഴി
പ്പിച്ചു തങ്ങൾ ചെയ്ത ദൊഷങ്ങളിന്മെൽ തെറി മനഗുണം അ
പെക്ഷിപ്പാൻ എല്ലാവരെയും പറഞ്ഞു ബൊധിപ്പിച്ചു നടക്കുന്ന
തും മെത്രാപ്പൊലീത്താ വെദനപ്പെട്ടു കപ്പലിന്റെ കൂടാരത്തുള്ള
പിൻകെട്ടിൽ നൊക്കി ഇരുന്നുംകൊണ്ടു ഇടവിടാതെ ഉടയതമ്പു
രാനൊടു നമസ്കരിച്ചു അപെക്ഷിച്ചുംകൊണ്ടു കടലിൽ ദുശ്ശുമാ ചെ
യ്യുന്നതും കയത്താനൊസു പ്രംസീസ്‌കൊസ എന്ന ഗൊവക്കാ
രൻ പാതിരിയും ഞാനും ശെഷം മററു പലരും മുട്ടുകുത്തി പുണ്യ
വാളന്മാരുടെ ലുത്തിനിയാ ചൊല്ലി ഈ അമളിയിൽനിന്നും

www.malankaralibrary.com

രക്ഷിച്ചുകൊള്ളെണമെന്നു പാരം മനക്ലെശത്തൊടുകൂടെ തമ്പുരാനൊടു അപെക്ഷിക്കുന്നതും ഇങ്ങിനെ രഹസ്യമായ അമളിയും അപജയവും കാൺകകൊണ്ടു കപ്പലിൽ ഉണ്ടായ വെദനയും കലക്കവും പറഞ്ഞൊപ്പിച്ചുകൂടാത്തതാകുന്നു.

അപ്പൊഴൊ ഇങ്ങിനെ കപ്പലിൽ കലക്കവും അമളിയും ആയി വന്നതിന്റെ ശെഷം മുമ്പൊട്ടു അടുക്കമെന്നു കരുതി അടുത്തു ചീനി ഇടുക എന്നു മാൽമിമാരിൽ ചിലരും ചീനി ഇട്ടാൽ കപ്പൽ നഷ്ടമാകുന്നു എന്നു കണ്ടു യൊഗ്യവും ഭാഗ്യവും പൊറുത്ത തുറമുഖത്തിന്റെ നെരെ അമരം പിടിക്ക അത്രെ വെണ്ടു എന്നു മറ്റു ചിലരുമായി തർക്കമായി വന്നാറെ ഒടുക്കം വാച്ചുപ്രകാരവും തുറമുഖത്തിന്റെ നെരെ പുറപ്പെടുകയത്രെ വെണ്ടു എന്നു എല്ലാവരും ആയി നിശ്ചയിച്ചു യൊഗ്യവും ഭാഗ്യവും ഒക്കെ ഉടയതമ്പുരാന്റെ തൃക്കൈകളിൽ കൈയാളിച്ചു തുറമുഖത്തിന്നു നെരെ അമരം പിടിക്കയും കപ്പലു ഉടയതമ്പുരാന്റെ പ്രത്യെകമുള്ള മനഗുണവും കരുണയുംകൊണ്ടു തുറമുഖത്തു കടപ്പാനുള്ള ഏറിയ യൊഗ്യങ്ങൾ ഒക്കയും ഒരു വിഷമം കൂടാതെ കടന്നുവരികയും ചെയ്യുന്ന മദ്ധ്യെ ബയ്യാ എന്നു ഈ ദെശത്തു ഒരു കള്ളത്തുറമുഖം ഉണ്ടായിരിക്കുന്നതിനെക്കൊണ്ടു പലപല കപ്പലുകളും നല്ല തുറമുഖമെന്നു വച്ചു ഈ കള്ളത്തുറമുഖത്തിൽ ചെന്നു അകപ്പെടുമാറാകുന്നതിനെക്കൊണ്ടു ആയതു തിരിച്ചറിഞ്ഞ ഈ അബദ്ധത്തിൽ അകപ്പെടാതെ ഇരിപ്പാനുള്ളതിന്നു അടയാളം അറിവാനായിട്ടു അവിടെ കടൽവാകരമെൽ ഉള്ള ഒരു കൊട്ടക്കു നെരെ വന്നപ്പൊൾ കപ്പലിൽ ഉള്ള വലിയതൊക്കിൽ ഒന്നു രണ്ടു ഒഴിച്ചാറെ കൊട്ടയിൽനിന്നും അതിന്നു ഉത്തരമായി വെടിവെച്ചു എങ്കിലും കപ്പലിൽ ഉള്ള പരിഭ്രമവും പെടിയും വെദനയും അരവവും കരച്ചിലും കൊണ്ടു ആയതു കെൾപ്പാൻ കഴിഞ്ഞതുമില്ല. ഇങ്ങനെ ഈ പെരുംകാറ്റു തുടങ്ങിയതിന്റെ പിറ്റെ ദിവസം മാർ യൊഹന്നാൻ മാമ്മദാനായുടെ പിറവിയുടെ പെരുനാളിന്റെ തലെ ദിവസം ൨൩ (23)-ാംനു- പത്തുമണിക്കു തുറമുഖത്തു ചെന്നു ചീനി ഇടുവൊളം ഈ പെരുംകാറ്റു ഉണ്ടാകയും ചെയ്തു. അപ്പൊഴൊ ഇങ്ങിനെ ചീനി ഇട്ടതിന്റെ ശെഷം ഇത്ര വലിയ യൊഗ്യത്തിൽനിന്നും അമളിയിൽനിന്നും ഉടയതമ്പുരാൻ രക്ഷിച്ചതിനെക്കൊണ്ടു തന്നൊടു നന്ദി കാട്ടി പ്രംസീസ്ക്കൊസ് കയത്താനൊസു പാതിരി കുർബാനചൊല്ലുകയും കപ്പലിൽ ഉള്ള ജനങ്ങൾ എല്ലാവരും കുർബാന കണ്ടു ഉടയതമ്പുരാനെ സ്തുതിച്ചു പാടുകയും ചെയ്തതിന്റെ ശെഷം മെത്രാപ്പൊലീത്താ അവിടെ ചെന്നു എത്തിയപ്രകാരം ദൊരെ ദെ മെനെസെസ്സ എന്നു ബയ്യാനഗരിയുടെ ഗൊവർണ്ണദൊരിനൊടു കപ്പലിന്റെ കപ്പിത്താൻ അറീക്കയും ചെയ്തു.





അപ്പൊഴൊ ഞങ്ങൾ ലിസ്ബൊആയിൽ നിന്നും തിരിക്കുന്നതിന്നു മുമ്പിൽ മെൽപടാത്ത ചൊല്ലിയിരിക്കുന്ന ബ്രന്ദാം എന്ന പട്ടക്കാരൻ താൻ ബയ്യാ എന്ന നഗരത്തിൽ ഉള്ള ആളാകകൊണ്ടും അവിടത്തെ വികാരിജനരാളിന്റെ ഉടപ്പക്കാരൻ ആകകൊണ്ടും നമ്മുടെ മെത്രാപ്പൊലീത്താ ബയ്യായിൽ എത്തിയാൽ അവിടെനിന്നും വീണ്ടു കപ്പൽ കയറുവൊളം പൊറുപ്പാനായിട്ടു ഒരു വീടു വിചാരിച്ചു ഒപ്പിച്ചു കൊള്ളണമെന്നു ഈ വികാരി ജനരാളിനു താൻ എഴുതി അയച്ചിട്ടുണ്ടായിരുന്നതുമെന്യെ ഞങ്ങൾ അവിടെ നിന്നും പൊരുന്ന സമയത്തു ഈ വികാരിജനരാളിന്നു തന്റെ കുറിയുംതന്നു ബയ്യായിൽ ചെന്നാൽ കാര്യങ്ങൾ ഒക്കയും ഈ വികാരിജനരാളിനൊടു ആലൊചിച്ചുകൊള്ളണമെന്നു മെത്രാപ്പൊലീത്തായൊടു പറഞ്ഞയച്ചിട്ടും ഉണ്ടായിരുന്നു.

എന്നു വരുമ്പൊൾ മെൽപറഞ്ഞവണ്ണം ഞങ്ങൾ ബയ്യായിൽ ചെന്നു എത്തിയതിന്റെ ശെഷം വികാരിജനരാളിന്റെ പക്കൽ പൊയി ഈ സംഗതി അറീപ്പാനും ഇങ്ങിനെ താൻ അവിടെ ചെന്നെത്തിയ പ്രകാരം ബയ്യാ എന്ന നഗരിയുടെ മെത്രാപ്പൊലീത്തായൊടു അറീപ്പാനുമായിട്ടു യൌസെപ്പു അന്തൊനിയൊ എന്ന ഗൊവക്കാരൻ പാതിരിയെ ബ്രന്ദാമ്മിന്റെ കുറിയും കൊടുത്ത മെത്രാപ്പൊലീത്താ അയക്കയും ഇയാൾ വികാരി ജനരാളിന്റെ വീട്ടിൽ ചെന്നു അയാളുമായി കണ്ടു പറഞ്ഞാറെ വീടു ആസ്ഥമാക്കിയിരിക്കുന്നു എന്നു പറയുകയും ബയ്യാനഗരിയുടെ മെത്രാപ്പൊലീത്തായുടെ ഭവനത്തു കയറി നമ്മുടെ മെത്രാപ്പൊലീത്താ അവിടെ ചെന്നു എത്തിയപ്രകാരം അറീക്കയും ചെയ്തു.

അപ്പൊഴൊ മെൽപറഞ്ഞവണ്ണം കപ്പലും മെത്രാപ്പൊലീത്തായും അവിടെക്കു ചെന്നെത്തിയപ്രകാരം നഗരിയുടെ ഗൊവർണ്ണദൊർ അറിഞ്ഞതിന്റെ ശെഷം ഉടൻതന്നെ കപ്പലിന്നു ചുറ്റും നടന്നു കാപ്പാൻ പടയാളികളെയും അയച്ചതുമെന്യെ കപ്പലിൽ ഉള്ള കുറ്റക്കാരെ ഒക്കയും കരെക്കു ഇറക്കി മര്യാദിയായിരിക്കുന്ന കൊട്ടയിൽ ആക്കുകയും ചെയ്തു.

വിശെഷിച്ചും മെത്രാപ്പൊലീത്തായെ കൈക്കൊള്ളുവാനുള്ളതിന്നു വെണ്ടുന്നതു ഒക്കയും വിദയം വരുത്തായ്കകൊണ്ടു അന്നത്തെ ദിവസം കപ്പലിൽതന്നെ വസിച്ചൊള്ളുതാനും. എന്നാൽ പിറ്റെ ദിവസം മാർ യൊഹന്നാൻ മാമ്മദാനായുടെ പിറവി തിരുനാൾക്കു കപ്പലിൽതന്നെ ഞങ്ങൾ എല്ലാവരും കുർബാനയും കണ്ടു പ്രാതലും കഴിഞ്ഞതിന്റെശെഷം നഗരിയുടെ ഗൊവർണ്ണദൊർ മെത്രാപ്പൊലീത്താ കരെക്കു ഇറങ്ങുമ്പൊൾ തന്നെ കൈക്കൊള്ളുവാൻ മര്യാദിപൊലെ വെണ്ടുന്നതു ഒക്കയും വിദയം വരുത്തിക്കൊണ്ടു ഗൊവർണ്ണദൊർ തനിക്കു കുറെ ദീനമായിരിക്കുന്നതിനാൽ മെത്രാപ്പൊലീത്തായെ വന്നു കണ്ടു കരെക്കു കൊണ്ടുപൊ

www.malankaralibrary.com

കുവാനായിട്ടു തന്റെ വിചാരക്കാററിൽ തലവനെയും അവനൊടുകൂടെ തന്റെ വഞ്ചിയും അതിന്നു അകമ്പടി ആയിട്ടു മറെറാരു വഞ്ചിയും അയക്കയും ഇവരും കപ്പലിൽ വന്നു മെത്രാപ്പൊലീത്തായെ കണ്ടു സ്വല്പനെരം സംസാരിച്ചതിന്റെ ശെഷം കരെക്കു കൂട്ടികൊണ്ടു പൊകയും ചെയ്തു.

അപ്പൊഴെ മെത്രാപ്പൊലീത്താ പൊകുവാനായിട്ടു മെൽപ്പട്ടു സുഖത്തിനടുത്ത സാമാന്യമായ കുപ്പായങ്ങളും ഇട്ടു തന്റെ മുറിയിൽനിന്നും പുറത്തു പുറപ്പെട്ടപ്പൊൾ മര്യാദി ആയിരുന്നപൊലെ കപ്പലിൽ തമ്പെറുകൊട്ടുകയും കപ്പലിൽ ഉള്ള പടയാളികൾ തങ്ങളുടെ എജമാനനു തങ്ങൾ തങ്ങളുടെ ആയുധങ്ങളൊടുകൂടെ ആചാരം കാട്ടി അണിയിട്ടു നില്ക്കയും ഇങ്ങിനെ ഞങ്ങൾ എല്ലാവരും വഞ്ചിയിൽ കെറി കുറെ അകന്നപ്പൊൾ ആചാരവും ബഹുമാനവും കാട്ടി കപ്പലിൽ ഉള്ള വലിയ തൊക്കുകൾ ഒഴിക്കയും ചെയ്തുമെന്യെ മെത്രാപ്പൊലീത്താ പൊകുന്ന വള്ളം കരെക്കു ചെന്നെത്തുന്നതിന്നു മുൻപെ കരയൊടു അടുത്തു പണിചെയ്തിരിക്കുന്ന വട്ടകൊട്ടയുടെ നെരെ കടന്നപ്പൊൾ കൊട്ടയിൽ ഉള്ള വലിയ തൊക്കുകൾ ഒക്കെയും ഒഴിക്കയും ഇങ്ങിനെ കരെക്കു ചെന്നു ചെരുന്ന ഇടക്കു കടൽവാകരക്കുള്ള പള്ളികൾ ഒക്കെയിലും മണികൊട്ടുകയും ഇങ്ങിനെ ഉള്ള സന്നാഹങ്ങൾകൊണ്ടും ആഘൊഷങ്ങൾകൊണ്ടും നഗരി ഒക്കെയും മുഴങ്ങുകയും ചെയ്തു.

ഇങ്ങിനെ വഞ്ചി കരെക്കു ചെർന്ന ഉടൻ അവിടെ മെത്രാപ്പൊലീത്തായുടെ ചിലവിന്മെൽപാൎത്തിരുന്ന വികാരിജനരാളും മെത്രാപ്പൊലീത്തായുടെ കാനൊനീസ്സാക്കാരനും പ്രഫിദൊർ എന്നു ചൊല്ലുന്ന ശൊധനക്കാരൻ പാതിരിയും മററു പല പാതിരിമാരും വന്നു മെത്രാപ്പൊലീത്തായെ ആചാരം ചെയ്തു തന്നെ കൈക്കൊള്ളുകയും ചെയ്തു.

വിശെഷിച്ചു മെത്രാപ്പൊലീത്താ കരെക്കു ചെന്നു എത്തുന്ന എടക്കു മര്യാദിപൊലെ ബഹുമാനത്തൊടുകൂടെ മെത്രാപ്പൊലീത്തായെ കൈക്കൊള്ളുവാനായിട്ടു ബയ്യാ എന്ന ഈ നഗരിയിൽ ഉള്ള പടയാളികൾ ഒക്കെയുംതങ്ങളുടെ യജമാനന്മാരൊടുകൂടെ വന്നു തങ്ങളുടെ ആയുധവും നിവർത്തു രണ്ടുവശത്തും ആചാരത്തൊടുകൂടെ അണിയായിട്ടു നിന്നതിനെക്കൊണ്ടു മെത്രാപ്പൊലീത്താ കരെക്കു ഇറങ്ങിയതിന്റെശെഷം ഈ പടയാളികൾ നില്ക്കുന്ന എടം കഴിവൊളം കാൽനടയായിതന്നെ ഈ സുൽതാമാരുടെ നടുവിൽകൂടെ കടക്കയും ആ ഇടം കഴിഞ്ഞതിന്റെശെഷം ഗൊവർണ്ണദൊർ അയച്ചിരുന്ന തെരുകളിന്മെൽ ഞങ്ങൾ എല്ലാവരും കരെറി നെരെതന്നെ ഗൊവർണ്ണദൊർ ഇരിക്കുന്ന ഭവനത്തൊട്ടു പൊകുയും ചെയ്തു.



എന്നാൽ കടൽവാകരെനിന്നും ഗൊവർണ്ണദൊരിന്റെ ഭവനത്തൊളം ഞങ്ങൾ ചെന്ന വഴിയുടെ രണ്ടു പുറത്തും ഉണ്ടായിരുന്ന കാഴ്ചക്കാററുടെ സുലഭം പറഞ്ഞാൽ ഒപ്പിപ്പാനും പാടില്ലാ.

ഇങ്ങിനെ ആഘൊഷത്തൊടുകൂടെ ഗൊവർണ്ണദൊരിന്റെ ഭവനത്തു ചെന്നപ്പൊൾ ഗൊവർണ്ണദൊർ ഇറങ്ങി ആചാരത്തൊടും ബഹുമാനത്തൊടുംകൂടെ മെത്രാപ്പൊലീത്തായെ കൈക്കൊണ്ടു കുറെ അവിടെ ഇരുന്നു സംസാരിച്ചതിന്റെ ശെഷം ഇത്ര ഒക്കെയും ബഹുമാനവും ആചാരവും ചെയ്തതിനെക്കൊണ്ടു മെത്രാപ്പൊലീത്താ ഗൊവർണ്ണദൊരിനൊടു നന്ദിയും കാട്ടി മെൽ എഴുത്തപെട്ട സഹായിൽ പറഞ്ഞതുപൊലെ മർക്കെസ ദെകസ്തെൽ മെലിയൊർ എന്ന പ്രധാനി ഗൊവർണ്ണദൊരിന്നു തന്ന അയച്ചകുറിയും കൊടുത്തതിന്റെശെഷം അവിടെനിന്നും പുറപ്പെട്ടു നെരെതന്നെ ആ നഗരിയുടെ മെത്രാപ്പൊലീത്താ ഇരിക്കുന്ന ഇരിപ്പിടമായ പള്ളിക്കൽ ചെല്ലുമ്പൊൾബഹുമാനമായിട്ടു ഇരിപ്പിടമായ പള്ളിക്കലെ കൂട്ടമണി ഇടുകയും ഇങ്ങിനെ മെത്രാപ്പൊലീത്താ ഇരിക്കുന്ന ഭവനത്തു കരെറിയപ്പൊൾ മെത്രാപ്പൊലീത്താ പുറപ്പെട്ടു ആചാരവും കാട്ടി ബഹുമാനത്തൊടുകൂടെ നമ്മുടെ മെത്രാപ്പൊലീത്തായെ കൈക്കൊണ്ടു കുറെനെരം തങ്ങളിൽ സംസാരിച്ചതിന്റെശെഷം അവിടെനിന്നും പുറപ്പെട്ടു ശെഷം മെൽപറഞ്ഞ വികാരിജനരാൾ മെത്രാപ്പൊലീത്തായിക്കു വിദയം വരുത്തിയിരിക്കുന്ന ഭവനത്തു ഞങ്ങളും ഗൊവക്കാററു രണ്ടു പാതിരിമാരും താഴത്തു പറയുന്നപൊലെ കപ്പൽ കയറുവൊളം അവിടെതന്നെ വസിക്കയും ചെയ്തു. ഇങ്ങനെ ഈ വീട്ടിൽ വന്നതിന്റെശെഷം നെരം വൈകിയപ്പൊൾ പഞ്ചസാരയും നാരങ്ങായും മധുരങ്ങളും ഇങ്ങനെ തണുപ്പായ ഏതാനും വസ്തുക്കൾ ബയ്യായുടെ മെത്രാപ്പൊലീത്ത നമ്മുടെ മെത്രാപ്പൊലീത്തായിക്കു സൌജന്യമായി കൊടുത്തയക്കയും ചെയ്തു.

## എഴുപത്തിയെട്ടാം പദം

ഇങ്ങിനെ ഈ വീട്ടിൽ വന്നതിന്റെ ശെഷം ഉണ്ടായ അവസ്ഥമെൽ

ഇങ്ങനെ ഞങ്ങൾ ഈ വീട്ടിൽ വന്നതിന്റെ ശെഷം ആയുസ്സൊടും സ്വസ്ഥതയൊടുംകൂടെ ഉടയതമ്പുരാൻ മനഗുണംചെയ്തു ബയ്യാ എന്ന നഗരിയിൽ വന്നെത്തിയപ്രകാരം ലിസ്ബൊആയിലുള്ള നമ്മുടെ സ്നെഹക്കാററെല്ലാവൎക്കും എഴുതി അയക്കയും ചെയ്തു.

വിശെഷിച്ചും ഈ വീട്ടിൽ വസിച്ചുവരുന്ന നെരത്തു ഗൊവർണ്ണദൊറു നമ്മുടെ മെത്രാപ്പൊലീത്തായുടെ നെരെ പാരം ബ

www.malankaralibrary.com

ഹുമാനത്തൊടും സ്നെഹത്തൊടുംകൂടെ പെരുമാറിയതുമൊഴികെ മെത്രാപ്പൊലീത്തായിക്ക പുറത്തു പൊകുവാൻ ദിഷ്ടതിയുള്ള നെരമൊക്കയും തന്റെ തെരു കൊടുത്തയക്കുകയും പല ഊഴവും ഞങ്ങൾ വസിക്കുന്ന വീട്ടിൽ വന്ന മെത്രാപ്പൊലീത്തായെ കാൺകയും പറയുകയും ചെയ്യുമാറായിരുന്നു. ഇതു കൂടാതെ നമ്മുടെ സ്നെഹകാരൻ ബ്രന്ദാംപാതിരിയുടെ അളിയന്മാരും മരുമക്കളും ശെഷം ബയ്യായിൽ മുമ്പിൽ ഞങ്ങൾ ചെന്നപ്പൊൾ ഞങ്ങളെ കണ്ടറിവും സ്നെഹവുമുള്ള ആളുകളൊക്കയും മെത്രാപ്പൊലീത്തായെവന്നു കാണുകയും അവരിൽ ചിലർ സമ്മാനമായിട്ടു പല കൂട്ടങ്ങളും കൊടുക്കയും ചെയ്തു. *

....അമരത്തിന്നു വഴങ്ങാഴികകൊണ്ടു തല തിരിപ്പാൻ വളരെ പ്രയത്നം വെണ്ടി വന്നുതാനും. ഇങ്ങിനെ ഒടുക്കം തലയും തിരിച്ചു തുറമുഖത്തിന്നു അകത്തുതന്നെ തിരികെ കടന്നു മുമ്പിൽ കപ്പൽ നിന്ന എടത്തു ചെന്നു ചീനി ഇട്ടു അന്നു രാത്രിയിൽ എല്ലാവരും അടങ്ങി കപ്പലിൽതന്നെ താമസിക്കയും ചെയ്തു. ഇതു ഒക്കയും ഉണ്ടാകുന്ന ഇടയിൽ കപ്പലിൽ ഉണ്ടായിരുന്നതിൽ ഒരുത്തൻ ഭയംകൊണ്ടു കടലിൽ ചാടി നീന്തി കരക്കു പൊകയും ചെയ്തു. ഇങ്ങിനെ ബയ്യായുടെ തുറമുഖത്തിന്നുതന്നെ തിരികെ കപ്പൽ ചെന്നതിന്റെശെഷം പിറ്റെദിവസം കാലത്തു ഇനി കപ്പൽ നന്നാക്കി വരുവൊളം കുറെനാൾ ബയ്യായിൽതന്നെ പാർക്കെണ്ടിവരുമെന്നു മെത്രാപ്പൊലീത്താ കണ്ടതിനെക്കൊണ്ടു മുമ്പിലത്തെപ്പൊലെ ആരെയും മുഷിപ്പിക്കാതെ ഇരിപ്പാനായിട്ടും ഏററം സ്വധർമ്മയൊടുകൂടെ മനസ്സുപൊലെ വസിപ്പാനായിട്ടും നഗരിക്കു പുറത്തു പറമ്പിലുള്ള ഒരു വീടു അന്വെഷിപ്പാനും ഈ കാര്യത്തിന്മെൽ വികാരി ജനരാളുമായിട്ടു തന്നെ പറവാനും ഉള്ളതിന്നു യൌസെപ്പു അന്തൊനിപാതിരിയെ കരക്കു അയക്കയും ചെയ്തു.

എന്നാൽ ഈയാൾ കരക്കു പൊയതിന്റെശെഷം ഏകദെശം ഒമ്പതു മണി നെരമായപ്പൊൾ എന്തു ബന്ധമുണ്ടായി എന്നറിവില്ല. കപ്പൽ ചീനി ഇട്ടു നില്ക്കുന്ന ഇടത്തിൽനിന്നും ഇളകി രണ്ടുഴം വെള്ളത്തിന്നു താഴെയുള്ള ഭൂമിക്കു മുട്ടുകയും ആ മുട്ടലിന്റെ ഹെതുവാൽ അമരത്തിന്റെ പുറമെ വച്ചു പണുതിരിക്കുന്ന പലക അടന്നു വെള്ളത്തിന്റെ മീതെ കാൺകയും ചെയ്കതിനാൽ കപ്പൽ തകർന്നു എന്നു വിചാരിച്ചു മെത്രാപ്പൊലീത്താക്കും കപ്പലിൽ ഉള്ള ശെഷം എല്ലാവർക്കും ഉണ്ടായ വെദന ഒന്നും പറഞ്ഞൊപ്പിച്ചുകൂടാ. ഉടൻതന്നെ കപ്പലിന്റെ കപ്പിത്താൻ ഭ്രമിച്ചു കരയിൽനിന്നും സഹായം വരുവാനുള്ളതിന്നു അടയാളമായിട്ടു കപ്പലിൽ ഉള്ള വലിയ തൊക്കു ഒഴിക്കയും ആയതു കെട്ടു

* ഇവിടെ കുറെ ഭാഗം മൂലത്തിൽനിന്നു നഷ്ടപ്പെട്ടുപോയി.



ഉടനെ കരയിൽനിന്നും പല വള്ളങ്ങൾ വരികയും ചെയ്തശെഷം കപ്പലിൽ ഉള്ളവരിൽ പലരും ഈ വള്ളങ്ങളിൽ ഇറങ്ങി കരക്കു പൊകുന്നപ്പൊൾ നമ്മൊടുകൂടെ കപ്പലിൽ ഉണ്ടായിരുന്ന ദെസെംബർഗദൊരന്മാർ രണ്ടു പെരുംകൂടെ കരക്കുപൊയി ഉണ്ടായ അവസ്ഥ ഒക്കയും ഗൊവർണ്ണദൊരിനൊടു അറിച്ചാറെ ഉടൻതന്നെ ഗൊവർണ്ണദൊരും തന്റെ വിചാരക്കാററിൽ തലപ്പെട്ടവരും കൂടെ കപ്പലിൽ വന്ന മെത്രാപ്പൊലീത്തായെ ഗൊവർണ്ണദൊർ തന്റെ വീട്ടിൽ കൊണ്ടുപൊകയും ചെയ്തു. വിശെഷിച്ചും ഞാനും കയത്താനൊസു പ്രംസിസ്കൊസു പാതിരിയും അന്നത്തെ ദിവസം കപ്പലിൽതന്നെ പാർക്കയും ചെയ്തു.

ഇങ്ങിനെ മെത്രാപ്പൊലീത്താ ഗൊവർണ്ണദൊരിന്റെ വീട്ടിൽചെന്നു അവിടെതന്നെ മെശയും ഭക്ഷണവും കഴിഞ്ഞു താമസിക്കുന്ന ഇടയിൽ മെൽപറഞ്ഞവണ്ണം വീട്ടിന്റെ കാര്യം അന്വെഷിപ്പാൻപൊയ യൌസെപ്പു അന്തൊനി പാതിരി വികാരി ജനരാളിന്റെ വീട്ടിൽ ചെന്നു താനുമായിട്ടു അവസ്ഥ പറഞ്ഞാറെ തനിക്കു പറമ്പും പുരയും ഇല്ലാ എന്നും യുസ്സെ പീരെസ്സ എന്ന ബയ്യായിൽ ഉള്ള രാജമന്ത്രിക്കു ഒരു പറമ്പും പുരയും ഉണ്ടായിരിക്കകൊണ്ടു താനുമായിട്ടു കണ്ടുപറഞ്ഞാൽ അവിടെക്കൂടുവാൻ പൊരുമെന്നും വികാരിജനറാൾ പറയുകകൊണ്ടു ഈ പാതിരി അവിടെനിന്നും പുറപ്പെട്ടു മെൽപറഞ്ഞ യുസ്സെ പീരെസ എന്ന രാജമന്ത്രിയുടെ വീട്ടിൽ ചെന്നു താനുമായിട്ടു കണ്ടു പറഞ്ഞാറെ ഉടൻതന്നെ നല്ല മനസ്സൊടുകൂടെ ആ കാര്യം രാജമന്ത്രി സമ്മതിച്ചു തനിക്കുള്ള അടിയാരിൽ മുപ്പതു നാല്പതുപെരെ അയച്ചു ഒരു ദിവസം കൊണ്ടു തന്നെ*

ഞങ്ങൾ വസിക്കുന്ന വീട്ടിൽവന്നു തങ്ങൾ ഘൊഷിപ്പാനിരിക്കുന്ന പെരുനാൾക്കുകൂടെ ചെല്ലണമെന്നു മെത്രാപ്പൊലീത്തായൊടു അപെക്ഷിച്ചാറെ ഞങ്ങൾ കപ്പൽ കരെറുവാൻ എത്രയും ധൃതി ആയിരിക്കുന്നതിനാൽ നെരമില്ലാഴികകൊണ്ടു അവരുടെ അപെക്ഷക്കു ഒഴിവു പറഞ്ഞതെ ഒള്ളു. ഇങ്ങിനെ ഒക്കയും ഇരിക്കുന്ന മദ്ധ്യെ കപ്പലിന്റെ രണ്ടുപുറത്തും പലക ഇട്ടടിച്ചു കനം വരുത്തിയതുമൊഴിയെ ഈ കപ്പലിൽ കനം കുറപ്പാനായിട്ടു ഈ കപ്പലിൽ വന്ന ൫൦ കുററക്കാററെ ബയ്യാ എന്ന നഗരിയിൽ തന്നെ വെറെ കപ്പലിൽ മൂസംബിക്കു പൊകുവാനായിട്ടു പാർപ്പിച്ചെച്ചു പൊരിക എന്നും നിശ്ചയിച്ചു കപ്പലിൽ വെണ്ടുന്നതു ഒക്കയും ആസ്ഥമാക്കി വരുന്ന പ്രകാരവും വളരെ താമസിക്കാതെ അവിടെനിന്നും യാത്ര പുറപ്പെടുവാനിരിക്കുന്നു എന്നും കപ്പലിന്റെ കപ്പിത്താൻ നമ്മുടെ മെത്രാപ്പൊലീത്തായൊടു അ

*ഇവിടെ കുറെ ഭാഗം മൂലത്തിൽനിന്നു നഷ്ടപ്പെട്ടുപോയി,

www.malankaralibrary.com

റീച്ചാറെ മെത്രാപ്പൊലീത്തായും വെണ്ടുന്നവർ എല്ലാവരുമായിട്ടു യാത്രയും ചൊല്ലി ആസ്ഥമായിരിക്കതന്നെ എന്നുംവച്ചു ഗൊവർണ്ണദൊരിന്റെയും മററു വെണ്ടതക്കവരുടെയും വീടുകളിൽ ചെന്നു യാത്ര ചൊല്ലി വരുന്ന സമയത്തിൽ ബയ്യാ നഗരിയുടെ മെത്രാപ്പൊലീത്താ ഞങ്ങൾ രണ്ടാംവട്ടം അമളിപെട്ട ബയ്യായിക്ക തിരികെ ചെന്ന വൎത്തമാനം കെട്ടപ്പൊൾ എല്ലാ ന്യായം സൂക്ഷിച്ചാലും ഞങ്ങൾ വസിക്കുന്ന വീട്ടിൽവന്ന നമ്മുടെ മെത്രാപ്പൊലീത്തായെ കാൺമാൻ ദിഷ്ടതി ഉണ്ടായിരുന്നാറെ ആയ്തു ചെയ്യണമെന്നു തൊന്നിയതും ഇല്ലാ. എന്നതിനെക്കൊണ്ടു തന്റെ വീട്ടിൽ ചെല്ലുവാനും തന്നൊടു യാത്രചൊല്ലുവാനും നമ്മുടെ മെത്രാപ്പൊലീത്തായിക്ക ഒരു കടവും ഇല്ലാ എങ്കിലും ആയതു മതിയായില്ലാ എന്നുവച്ചു മെത്രാപ്പൊലീത്തായുടെ ഭവനത്തു ചെന്നു തന്നെ കണ്ടു യാത്ര ചൊല്ലുവാൻ മിശിഹായിക്കടുത്ത ഉപവിക്കും നല്ല കണ്ട പഠിതപത്തിന്നും കൂടുന്നൊരു പ്രവൃത്തി ആകുന്നു എന്നും ആയതുകൊണ്ടു അതു ചെയ്തെ മതിയാവു എന്നും കണ്ടു തന്നെ കണ്ടു യാത്ര ചൊല്ലുവാനായിട്ടു തന്റെ വീട്ടിൽ ചെന്നു തന്നെ കണ്ടാറെ മിശിഹായിക്കടുത്ത ഉപവിക്കും നല്ല കണ്ടപഠിതപത്തിന്നും തക്കവണ്ണം താൻ കടമായിരുന്ന നല്ല പ്രവൎത്തിയെ ഉപെക്ഷിച്ചു ഞങ്ങൾ വസിച്ചിരുന്ന വീട്ടിൽ ഒരുഴം എങ്കിലും വന്നു നമ്മുടെ മെത്രാപ്പൊലീത്തായെ കാണാഞ്ഞതിനാൽ വളരെ നാണവും ഉണ്ടായതു എന്നിയ്യെ ഈ നല്ല പ്രവർത്തി താൻ ചെയ്യാഞ്ഞതിനെക്കൊണ്ടു പലയുഴവും നമ്മുടെ മെത്രാപ്പൊലീത്തായൊടു പൊറുതി അപെക്ഷിക്കയും ചെയ്തു.

ഇങ്ങിനെ നമ്മുടെ മെത്രാപ്പൊലീത്താ എല്ലാവരുമായിട്ടു യാത്രചൊല്ലി വന്നതിന്റെ ശെഷം പിന്നെയും രണ്ടു ദിവസത്തെ താമസം കപ്പലിന്നു ഉണ്ടാകകൊണ്ടു മെൽപറഞ്ഞ വീട്ടിൽ തന്നെ വസിച്ചു വരുന്ന മദ്ധ്യെ ബയ്യാ നഗരിയുടെ മെത്രാപ്പൊലീത്താ തനിക്ക മുമ്പിൽ ഉണ്ടായ കുറച്ചിൽ പൊക്കുവാനായിട്ടു ഞങ്ങൾ വസിക്കുന്ന വീട്ടിൽവന്ന മെത്രാപ്പൊലീത്തായെ കാൺകയും നമ്മുടെ മെത്രാപ്പൊലീത്തായും ബഹുമാനമായിട്ടു തന്നെ കൈക്കൊള്ളുകയും ചെയ്തു.

ഇതു കഴിഞ്ഞശെഷം അന്നുതന്നെ പ്രാതൽ കഴിഞ്ഞശെഷം ബയ്യാ എന്ന ദെശത്തു അപ്പൊൾ വസിച്ചിരുന്ന അപ്രീക്ക നാട്ടിൽ സന്തൊമെ എന്ന തുരുത്തിന്റെ മെത്രാനും അവിടെവന്നു നമ്മുടെ മെത്രാപ്പൊലീത്തായെ കണ്ടുപറയുകയും നമ്മുടെ മെത്രാപ്പൊലീത്തായും തന്നൊടു നന്ദിയും കാട്ടി യാത്ര ചൊല്ലുകയും ചെയ്തു.

ഇതൊക്കയും കഴിഞ്ഞ പിറെറ ദിവസം കാലത്ത കപ്പൽ ആസ്ഥമായതുകൊണ്ടു ഗൊവൎണ്ണദൊരും യുസെപീരെസ എന്ന



രാജമന്ത്രിയും മററു വിചാരകാററിൽ തലവരുംകൂടെ വള്ളങ്ങളിന്മെൽ ഞങ്ങൾ വസിക്കുന്ന വീട്ടിൽവന്ന മെത്രാപ്പൊലീത്തായെയും ശെഷം ഞങ്ങൾ എല്ലാവരെയും ശെഷം ഞങ്ങൾക്ക അവിടെ ഉണ്ടായിരുന്ന മുണ്ടുമുറികൾ ഒക്കയും വള്ളത്തിൽ കരെററി കപ്പലിൽ കൊണ്ടെ ആക്കിയാറെ അപ്പൊൾ യാത്ര തിരിപ്പാൻ നല്ല കാററു ഇല്ലായ്കകൊണ്ടു ഗൊവൎണ്ണദൊരും ശെഷമുള്ളവരും തങ്ങളുടെ വീടുകളിലെക്ക പൊകയും ചെയ്തു.

ഇങ്ങിനെ ഉച്ചകഴിഞ്ഞു ഏകദെശം മൂന്നുമണിനെരമായപ്പൊൾ നല്ല കാററു ഉണ്ടായാറെയും കപ്പൽ പുറപ്പെടുവാനുള്ളതിന്നു കപ്പലിന്റെ കപ്പിത്താൻ വിചാരിക്കാതെ ഇരിക്കുമ്പൊൾ ഗൊവർണ്ണദൊർ തന്റെ വഞ്ചിയിന്മെൽ പുറപ്പെട്ടു കപ്പലിന്നു അണിയാത്ര വരുവാനായിട്ടു വരുന്നതു കണ്ടു ഉടൻ കപ്പലിന്റെ കപ്പിത്താൻ കല്പിച്ചു ചീനിയും പൊക്കി യാത്രപുറപ്പെടുകയും ഗൊവർണ്ണദൊരും മുമ്പിലത്തെ ഊഴം ചെയ്തതുപോലെ തുറമുഖത്തിന്റെ പുറത്തൊളം അണിയാത്ര വന്ന ഞങ്ങളെ അയക്കയും ചെയ്തു.

അപ്പൊഴെ ഇങ്ങിനെ മിശിഹാ പാറന്നിട്ടു ൧൭൮൫ (1785)-ാം കാലം ചിങ്ങമാസം ൩൰ (30)-ാംനു- ബയ്യായിൽനിന്നും പുറപ്പെട്ടാറെ ൧൭൮൬ (1786)-ാം കാലം മീനമാസം ൰൮ (18)-ാംനു- ഒരുവണ്ണം ചെല്ലുമെന്ന തുരുത്ത കാൺമാൻ കൂടുകയും ചെയ്തു.

എന്നാൽ ഇങ്ങിനെ ഞങ്ങൾ ബയ്യായിൽനിന്നു തിരിച്ചതിന്റെശെഷം കാർപ്പാദെ ബൊനാ എസ്ഫരാൻസാ എന്ന നല്ല ശരണത്തിന്റെ കൊടി കഴിവൊളം ഏതാനും പെരുംകാററുകൾ ഉണ്ടായി എങ്കിലും എല്ലാപ്പൊഴും ഞങ്ങൾക്ക സഹായകാററു ഉണ്ടാകുകയും ഒരു പരാധീനവും അല്ലലും കൂടാതെ കുറെ ദിവസം കൊണ്ടു ഈ കൊടി മറിവാൻ സംഗതിവരികയും ചെയ്തതിനെക്കൊണ്ടു ഭാഗ്യമുള്ള വഴി അനുഭവിച്ചു എന്നുതന്നെ പറയാം.

എന്നാൽ ഇങ്ങിനെ നല്ലവണ്ണം വരുന്ന നാളുകളിൽ രാജസ്ത്രീയുടെ പിറന്നാൾ ദിവസം വരികയും ചെയ്തു.

വിശെഷിച്ചും ഈ മെൽപറഞ്ഞ കൊടി മറിഞ്ഞതിന്റെ ശെഷം മൌറീസ്യാ എന്ന പ്രാസക്കാരുടെ തുരുത്ത കഴിവൊളം പലപ്പൊഴും കാററു നഷ്ടമായി പൊകയും പലപ്പൊഴും കാററു മറുതലയായി പുറപ്പെടുകയും ചെയ്തതു എന്നിയ്യെ കാററു നമ്മൊടു മറുത്ത പുറപ്പെട്ടതിൽ മൌറീസ്യാ എന്ന ഈ തുരുത്തിന്നു അടുക്കെ വച്ചുണ്ടായ പെരുംകാററുകളിന്മെൽ കപ്പലിൽ ഉണ്ടായിരുന്ന ഞങ്ങൾ എല്ലാവൎക്കും വളരെ ഭയം ഉണ്ടാകുകയും ചെയ്തു. അതായതു ഞങ്ങൾ വരുന്നവഴി വെസ്ഥ വരുത്തുവാനുള്ള അടയാള

www.malankaralibrary.com

മായിട്ടു മൌറീസ്യാ എന്ന തുരുത്തു കാൺമാനായിട്ടു ആയത്തു അനപഷിച്ചു വന്ന തുരുത്തിന്നു അടുത്തുതുടങ്ങിയപ്പൊൾ എത്രയും ഭാരം ആയ കാററും കറുപ്പും പെരുംകാററും ഉണ്ടായതിനാൽ തുരുത്തു അടുത്തു എന്നു കണ്ടപ്പൊൾ ഈ ഇടങ്ങളിൽ ചുഴലികാററിന്റെ സമയം ആകകൊണ്ടും കാററു മുതിർന്നു കപ്പൽ കൊണ്ടുപൊയി കരയൊടു മുട്ടും എന്നിട്ടു ഞങ്ങൾ എല്ലാവരും പാരം വെദനപ്പെട്ടിരിക്കുന്ന മദ്ധ്യെ ഉടയതമ്പുരാനൊടു അപെക്ഷിച്ചു ഉടയതമ്പുരാന്റെ മനഗ്ഗുണംകൊണ്ടു ഒരു യൊഗ്യവും അപജയവും കൂടാതെ മൌറീസ്യാ എന്ന പ്രാസക്കാരുടെ തുരുത്തു കണ്ടു എത്തുകയും ചെയ്തശെഷം അവിടെക്കു അടുത്തു വെണ്ടുന്ന വെള്ളവും കൊററുപാടും കരെറുവാൻ പലക്കും മനസ്സുണ്ടായിരുന്നു. എങ്കിലും കപ്പലിന്റെ കപ്പിത്താന്നു മനസ്സില്ലാഴികകൊണ്ടു അവിടെ കരെറിയതുമില്ല.

ഇങ്ങിനെ മൌറീസ്യായിൽ വന്ന വഴിക്കു അടയാളമായിട്ടു ആ തുരുത്തു കണ്ടതിന്റെ ശെഷം അവിടെനിന്നും പുറപ്പെട്ടു കുറെ ദിവസം കഴിഞ്ഞതിന്റെ ശെഷം കപ്പലിൽ ഉള്ളവൎക്കു വെള്ളവും തീനും കുറഞ്ഞതിനാൽ കുററക്കാററരിലും കപ്പലിൽ ഉള്ള വെലക്കാററരിലും പലരും ഉള്ളിൽ വെദന വന്നു പലരും മരിക്കയും ചെയ്തു.

ആയതിന്റെ ശെഷം കപ്പലിൽ ഉള്ള യാവനയുടെയും വെള്ളത്തിന്റെയും ചുരുക്കവും മനസ്സുമുട്ടുംകൊണ്ടു ചെല്ലമെന്ന തുരുത്തിന്നു വരുവാൻ ശ്രമിക്കുന്ന മദ്ധ്യെ ചെല്ലമെന്ന തുരുത്തിന്റെ നെരെ ആദിത്യന്റെ വഴിയുടെ വരയുടെ നീളത്തിൽ മൂന്നു നാലു പദവി ആയിരിക്കുന്ന സമയത്തു ഒരു പ്രാസകപ്പൽ കണ്ടെത്തിയാറെ വഴിയുടെ അവസ്ഥകൊണ്ടും നമ്മുടെ കപ്പലിൽ ഉള്ളവർ ഈ പ്രാസകപ്പലിൽ ഉള്ളവരൊടു കുഴൽവിളിച്ചു ചൊദിച്ചാറെ ആ കപ്പൽ ദൂരത്തിൽ ആയിരിക്കകൊണ്ടു അവർ പറഞ്ഞ ഉത്തരം നമ്മുടെ കപ്പലിൽ ഉള്ളവൎക്കു തിരിഞ്ഞതും ഇല്ല.

ഇതിന്റെ ശെഷം പിറെറ ദിവസം മൌറീസ്യാ എന്ന തുരുത്തിൽനിന്നും പുതുച്ചെരിക്കു പൊകുന്ന മററു ഒരു പ്രാസകപ്പൽ കണ്ടാറെ നമ്മുടെ കപ്പലിൽ ഉള്ള ദീനക്കാൎക്കു വെണ്ടി ഏതാനും കൊഴി കൊള്ളുവാൻ ദിഷ്ടതി ഉണ്ടായിരിക്കകൊണ്ടു നമ്മുടെ കപ്പലിൽ ഉള്ളതിൽ തലവനെയും അല്ലാതെ മററു ചിലരെയും നമ്മുടെ കപ്പിത്താൻ പ്രാസക്കപ്പിത്താന്നു ഏതാനും സമ്മാനങ്ങളും കൊടുത്തയച്ചാറെ അവർ പുറപ്പെട്ടു പ്രാസക്കപ്പലുങ്കൽ ചെന്നു ആയതിന്റെ കപ്പിത്താനുമായിട്ടു കണ്ടു പറഞ്ഞു സമ്മാനങ്ങളും കൊടുത്തു ദിഷ്ടതി ആയ വസ്തുക്കൾ ഒക്കയും കൊണ്ടുകൊണ്ടു പൊരുന്നപ്പൊൾ ഒരു ആട്ടുംമുട്ടനെ നമ്മുടെ കപ്പിത്താന്നു സമ്മാനമായിട്ടു കൊടുത്തയക്കയും ചെയ്തു.





ഇതിന്റെശെഷം അവിടെനിന്നും പുറപ്പെട്ടാറെ കടലിൽ ഉണ്ടായിരുന്ന ഒഴുക്കുകൾകൊണ്ടും കപ്പലിൽ ഉള്ള മാൽവിക്കാർ അറിയാതെ ദിഷ്ടതി ആയിരിക്കുന്നതിൽ അധികം കിഴക്കൊട്ടു ചെന്നു കാററില്ലാത്ത ഇടങ്ങളിൽ അകപ്പെടുകയും ചെയ്തതിന്റെ ശെഷം കപ്പലിൽ യാവനയുടെയും വെള്ളത്തിന്റെയും ചുരുക്കം കൊണ്ടും ഏതു പദവിയിൽ കപ്പൽ ചെന്നു അകപ്പെട്ടിരിക്കുന്നു എന്നു അറിയാഴികകൊണ്ടും എല്ലാവരും പാരം സങ്കടപ്പെടുകയും ദിവസംതൊറും കപ്പലിൽ ദീനക്കാർ വൎദ്ധിക്കയും ചെയ്തുവരികകൊണ്ടു എന്തുവെണ്ടു എന്നു അറിയാതെ മനസ്സുമുട്ടിയതിന്റെ ശെഷം ഒടുക്കം സകല പുണ്യവാളന്മാരുടെ ലുത്തിനിയാ ചൊല്ലി തമ്പുരാനൊടു മൎയ്യാദിപൊലെ പ്രാർത്ഥന കഴിക്ക എന്നും വച്ചു ആയതു കഴിച്ചുകൂട്ടിയ ദിവസത്തിൽതന്നെ ആശ്വാസം കൊടുക്കുന്ന ഉടയതമ്പുരാൻ മനഗ്ഗുണം ചെയ്തു ഞങ്ങൾക്കു തക്കമായ നല്ല കാററും തന്നു മെൽപറഞ്ഞവണ്ണം മീനമാസം പതിനെട്ടാംതീയതി കാലത്തു ചെല്ലമെന്ന തുരുത്തു കണ്ടപ്പൊൾ കപ്പലിൽ ഉള്ള ജനങ്ങൾ എല്ലാവൎക്കും വെദനക്കു പതം വരികയും ചെയ്തു.

എന്നുവരുമ്പൊൾ മൌറീസ്യാ എന്ന തുരുത്തു കഴിഞ്ഞു ചെല്ലമെന്ന തുരുത്തുകണ്ട ദിവസത്തൊളം കപ്പലിൽ ഉണ്ടായ ദീനം കൊണ്ടു ൨൩ കുററക്കാററരും എട്ടഒമ്പതു വെലക്കാററരും മരിച്ചതു ഒഴിയെ മെത്രാപ്പൊലീത്തായുടെ നാമത്താൽ ലിസ്ബൊആയിൽനിന്നും കപ്പൽ കരെറിയ ഗൊവക്കാർ മൂപ്പന്മാരിൽ ഒരുത്തൻകൂടെ മരിച്ചുപൊകയും ചെയ്തു(1).

ഒന്നാം ഭാഗം സമാപ്തം

---

1. ഡോക്ടർ കരിയാററിയും ഗൊവർണർദോരും 1786 മെയ്മാസത്തിൽ ഗോവയിലെത്തി. മാർഗ്ഗമദ്ധ്യേ കൊച്ചി തുറമുഖത്തിനു സമീപമായപ്പോൾ ഗൊവർണർദോർ മലങ്കരസഭയ്ക്കു ഒരു കത്തെഴുതി. ഗോവയിൽ നിർവഹിക്കാനുള്ള കാര്യങ്ങൾ അവസാനിപ്പിച്ചശേഷം സെപ്റ്റംബർ മാസത്തിൽ നാട്ടിലേക്കു പുറപ്പെടുന്നതാണെന്ന് അദ്ദേഹം അറിയിച്ചു. നമ്മുടെ സഭയ്ക്കുവേണ്ട പല സാധനങ്ങളും കൊണ്ടുവരുന്നുണ്ടെന്നും തങ്ങൾക്കുവേണ്ടി ഇനിയും പ്രാർത്ഥിക്കണമെന്നും കപ്പലിൽനിന്നു 1786 ഏപ്രിൽ 2-ാം നു- എഴുതിയ കത്തിൽ പ്രസ്താവിച്ചിരുന്നു.

    എം. ഒ. ജോസഫ് നെടുംകുന്നം അവർകളുടെ കൈവശമുള്ള കൈയെഴുത്തു പ്രതിയിൽ ഒന്നാം ഭാഗത്തിന്റെ അവസാനം ഇങ്ങനെയൊരു അടിക്കുറിപ്പുണ്ട്.

    ''ശെല്ലം എന്ന തുരുത്ത കണ്ടതിന്റെ ശെഷം അവിടെനിന്നും കൊച്ചിയിൽ എത്തുകയും. കൊച്ചിയിൽ കൂടുന്നതിനായി യൂറൊപ്പിൽനിന്നും അയച്ച എഴുത്തിൻപ്രകാരം സുറിയാനി ക്രിസ്ത്യാനികൾ കൂടുവാൻ ഇടവന്നില്ല. അതാസ്യ മെത്രാപ്പൊലീത്ത കൊച്ചിയിൽ

www.malankaralibrary.com

വന്നിറങ്ങുമ്പൊൾ എതിരെററു കൊണ്ടുപൊരെണ്ടതിന്നായി ബ.പാറെമാക്കൽ തൊമാ അച്ചന്റെ പെക്ക എഴുതിരുന്ന ആ എഴുത്ത കിട്ടിയത താമസിച്ചായത്തുകൊണ്ടു മെത്രാപ്പൊലീത്തായുടെ കപ്പൽ കൊച്ചി തുറമുഖത്ത വന്നപ്പൊൾ എതിരെല്പുകാര ആരും കൊച്ചിയിൽ എത്തിയിരുന്നില്ല. എതിരെല്പുകാര കൊല്ലത്തെക്ക പൊയിരിക്കുമെന്ന കരുതി മെത്രാപ്പൊലീത്തായുടെ കപ്പൽ കൊല്ലത്തേക്ക തിരിച്ചു. അവിടെയും കണ്ടില്ല. അതിന്റെ ശെഷം ഗൊവയിൽ ചെന്ന മെത്രാപ്പൊലീത്താക്കും മററുമുള്ള ആണ്ടുശമ്പളം ഗൊവയിൽനിന്നും കിട്ടുവാനുള്ളതാകകൊണ്ടു അതുകൾ ഒക്കെയും ശട്ടംകെട്ടി നാട്ടിലെക്ക പൊകാമെന്ന വച്ചു ഗൊവക്കു കപ്പൽ തിരിച്ചു അവിടെ ചെന്നു. അവിടെ ചെന്നതിന്റെ ശെഷം ഗൊവമാങ്ങ തിന്നു എന്നും അതിനാൽ പനിപിടിച്ചു എന്നും ഒരു പനി ഉണ്ടായി എന്നും പറയുന്നുണ്ടു. പനിക്ക കൊടുത്ത അവുഷതികൾ ഒന്നും പനി പൊക്കാൻ അല്ലായിരുന്നു. ബ. പാറെമാക്കൽ തൊമ്മാച്ചനെ ദീനക്കാരനായിരുന്ന മെത്രാപ്പൊലീത്തായെ കാട്ടിയതുമില്ല. മരിച്ചതിന്റെ ശെഷമാണ കാട്ടിയതു. കണ്ടപ്പൊൾ മരിച്ചു കിടന്ന പായും തലെണയും പരിശൊധിച്ചപ്പൊൾ ബ. തൊമ്മാച്ചനെ ഗൊവർണ്ണദൊരായി എഴുതിയ ഒരു കടുദാസ കിട്ടി. മെത്രാപ്പൊലീത്തായുടെ കവറടക്കവും അവിടെ കഴിച്ചു തൊമ്മാച്ചൻ നാട്ടിലെക്ക പോന്നു ഗോവർണദൊരായി. അതുകളെ സംബന്ധിച്ചു ബ. തൊമ്മാച്ചനൊടു ചൊദിച്ചാൽ കരയുന്നതല്ലാതെ ഉത്തരമൊന്നും പറയുന്നില്ല എന്നു അദ്ദെഹത്തിനൊടു ചോദിച്ചവര പറഞ്ഞ കെൾവിയുള്ളതായി അറിയുന്നു.

# വർത്തമാനപ്പുസ്തകം

## രണ്ടാം ഭാഗം

www.malankaralibrary.com

# വർത്തമാനപ്പുസ്തകം

## രണ്ടാം ഭാഗം

### മലയാളത്തിൽ മാർഗ്ഗമുണ്ടായ നാൾമുതൽ ഉള്ള പഴമകൾ അറിവാൻ എഴുതിയ പടിയോലയുടെ പെർപ്പ *

മലയാളത്തിൽനിന്ന മാർഗ്ഗം ഉണ്ടായ നാൾമുതൽഉള്ള പഴമകൾ അറിവാൻ പരദെശത്തനിന്ന മെല്പട്ടക്കാരര മലയാളത്തിൽവന്ന മെത്രാന്മാരെ വാഴിച്ച വിവരത്തിന എഴുതിയ വിവരവര്യൊല.

മിശിഹാകാലം ൫൨ (52) ന മാർത്തൊമ്മാശ്ലീഹാ മലയാളത്തിൽ വന്ന മാർഗ്ഗം അറിയിച്ച ഏറിയ ജനങ്ങളെ മാമ്മൊദീസാക്കാരര ആക്കിയതിൽ കൊട്ടക്കാലീഗ്രാമത്തിൽ ൧൭ (17) ഇല്ലക്കാരരും മാമ്മൊദീസ അനുസരിച്ച കൊട്ടക്കാലിലും കൊല്ലത്തും പാലൂരും നിരണത്തും ചായലിലും കൊക്കമങ്ങലത്തും മാലിയാംകരയും ഇങ്ങിനെ ഏഴ പള്ളികളും വായ്പ്പിച്ച മെൽഎഴുതിയ ഗ്രാമത്തിൽനിന്നും മാർഗ്ഗം വിശ്വസിച്ചതിൽ ചങ്കരപുരിയിലും പാലമററത്തും രണ്ട പട്ടക്കാരരയും കല്പിച്ച പിന്നെയും പാണ്ടിനാട്ടിൽ ചെന്ന മാർഗ്ഗമറിയിച്ച മൈലാപ്പൂര വച്ച മരണം ഭവിക്കകയും ചെയ്തു.

മെലെഴുതിയ പട്ടക്കാരുടെ കാലം കഴിവൊളവും ഇവിടെയുള്ള കൃസ്ത്യാനികളുടെ മുട്ടും ദിഷ്ടതിയും കഴിച്ചുവന്നു. ആ പട്ടക്കാരുടെ കാലം കഴിഞ്ഞതിൻെറ ശെഷം പട്ടക്കാരര ഇല്ലാഴികയാൽ ദിഷ്ടതിയെക്കുറിച്ച പെൺകെട്ടും മാമ്മൊദീസായും ചുരുങ്ങിയപ്രകാരത്തിൽ മൂപ്പന്മാരതന്നെ കഴിച്ചുവന്നു.

മിശിഹാകാലം ൩൪൫ (345) ൽ മലയാളത്തിലുള്ള കൃസ്ത്യാനികൾ എടയനില്ലാത്ത ആടുപൊലെ ആയി ഭയപ്പെട്ടതാകകൊണ്ടു ദൈവനിയോഗത്താൽ സുറിയാനി നാട്ടിൽനിന്ന ക്നായി തൊമ്മൻ എന്ന പെരുള്ള കൃസ്ത്യാനിയായ ഒരു കച്ചവടക്കാരൻ മലയാളത്തിൽ വന്നു. ഇവിടെയുള്ള ക്രിസ്ത്യാനികളുടെ അവസ്ഥയും പട്ടക്കാരര ഇല്ലാഴികകൊണ്ടുള്ള ദിഷ്ടതിയും അറിഞ്ഞ തിരിച്ച കപ്പൽകരെറി അന്ത്യൊക്ക്യാസ്സുചെന്ന പാത്രിയർക്കീസിനെ ബോധിപ്പിച്ച യൌസെപ്പ എന്ന പെരുള്ള ഒരു മെത്രാനെയും കുഞ്ഞുങ്ങളെയും ശെമ്മാശ്ശന്മാരെയും ൪൭൨ (472) വീട്ടുകാരരെയും കൂട്ടി കപ്പൽകരെറി മലയാളത്തിൽ വന്ന ചെരമാം പെരുമാൾ മഹാരാജാവു അവർകളെയും കണ്ടു സങ്കടപ്രകാരങ്ങളൊക്കെയും തിരുമനസ്സറിയിച്ചു.

---

* 61-ാം പദത്തിൽ സൂചിപ്പിച്ചിരിക്കുന്ന ചരിത്രം, പക്ഷേ, ഇതായിരിക്കാം. ഫാദർ പ്ലാസിഡിന്റെ ഇംഗ്ലീഷു വിവർത്തനം 200-ാം പക്ഷം അടിക്കുറിപ്പു കാണുക. ഈ പുസ്തകത്തിലെയും അടിക്കുറിപ്പു യഥാസ്ഥാനം നോക്കുക.

www.malankaralibrary.com

കൊടുങ്ങല്ലൂര ആനക്കൊലാൽ ൨൪൦ (240) കൊൽ ഭൂമി പൂവും നീരു മിട്ടു തന്നു ആ ദിനചന്ദ്രന്മാര ഉള്ള കാലംവരെയും അഴിവു കൂടാതെ നടന്നു കൊള്ളത്തക്കവണ്ണം എഴുപത്തുരണ്ടു പദാത്ഥം വീട അടങ്ങലം തിരുമുഖവും ചെമ്പെട്ടൊലയും എഴുതിതന്നു വീടുകളും വച്ചു. മഹൊദെവർ പട്ടണമെന്നു പെരും വിളിച്ചു വന്നതിൽ ൪൭൨ (472) ഇല്ലക്കാരരും നിന്നതിൽ ഇല്ല ക്കാരരും തമ്മിൽ ബന്ധുതയും ചേർന്നു നടന്നു വരുമ്പൊൾ മുൻ മാർ തൊമ്മാ ശ്ലീഹായിൽനിന്നു പട്ടസുഖം കൈക്കൊണ്ടു വീട്ടുകാരരു പാലമററത്തറവാ ട്ടിൽ നിന്നു അക്കദിയാക്കൊന്മാരെയും കല്പിച്ചു നടന്നുവന്നു. ൧൪൬ (146)-ാമത മുതൽ ൮൨൫ (825)-ാമത വരെയും കൂടെക്കൂടെ അന്ത്യോക്യാ യിൽനിന്നു പാത്രിയർക്കീസിന്റെ പ്രമാണത്താലെ മെത്രാന്മാരു വന്നു നട ത്തിവന്നു. ൮൨൫ (825)-ൽ ഇശ്ശൊവു എന്നു പെരുള്ള കൃസ്ത്യാനി സുറി യാനി നാട്ടുകാരനായ കച്ചവടക്കാരനും മാർസ്സാബൊർ എന്നും മാർ പ്രൊത്ത എന്നും പെരുള്ള രണ്ടു മെത്രാമ്മാരുവന്നു നടത്തി വന്നു. പിന്നെയും ൧൫൪൫ (1545)-ാം കാലംവരെയും അന്ത്യോക്ക്യായിൽനിന്നു പാത്രിയർ ക്കീസിന്റെ പ്രമാണത്താലെ കൂടെക്കൂടെ മെത്രാന്മാര വന്നു നടത്തിവരു മ്പൊൾ പറങ്കികളുടെ ശല്ല്യംകൊണ്ടു അന്ത്യോക്ക്യായിൽ നിന്നും സുറിയാ നിക്കാരുടെ മെത്രാന്മാരുടെ വരവു മുടക്കിയതിനാൽ ൧൫൪൫ (1545)-ൽ നെസ്തോറിയൻമെത്രാൻ മാർ അബ്രായ മെത്രാൻ വന്നു. ഞങ്ങൾക്കു മെത്രാ ന്മാർ ഇല്ലാഴികകൊണ്ടു പട്ടവും സൈത്തും അയാളിൽനിന്നു കൈക്കൊള്ളു കയും ചെയ്തു.

൧൫൪൮ (1548)-ൽ കൊച്ചീ കൊട്ടയിൽ പറങ്കി മുഷ്ക്കരെപ്പെടുക കൊണ്ടും സുറിയാനി പള്ളിക്കാരരൊടും ഗീവറുഗീസ് അർക്കദിയാക്കൊ നൊടും രാജ്യിതത്തിങ്കൽനിന്നു ഏററിയ ഞെരുക്കങ്ങൾ ചെയ്കകൊണ്ടും സുറിയാനിമര്യാദ ഉപെക്ഷിച്ചു പറങ്കിമര്യാദ അനുസരിച്ചു നടക്കകയും ചെയ്തു.

അന്നു സുറിയാനിക്കാരുടെ മര്യാദ പുസ്തകങ്ങളും വരുത്തി ചുടുവിച്ചു കളകയുംചെയ്തു. ഇപ്രകാരം ൧൬൭൨ (1672)-ാം കാലംവരെയും പറങ്കി മര്യാദ നടന്നു വരുമ്പൊൾ ഞങ്ങളിൽ ചിലരു പറങ്കിമര്യാദ അനുസരി ക്കായ്കകൊണ്ടുനിന്നതിൽ വയസ്സുമ്മാരായ രണ്ടു ശെമ്മാശ്ശുമ്മാരു രണ്ടുപെ രെ മൈലാപ്പൂര മാർ തൊമ്മാ ശ്ലീഹായുടെ കവറുങ്കൽ കുമ്പിടുവാനായിട്ടു പൊയിരുന്നു. ആ സമയത്തിങ്കൽ അന്ത്യോക്യായിൽനിന്നു മാർ ഇഗ്നാ ത്തിയൊസ് പാത്രിയർക്കീസ് മലയാളത്തിനു വരുവാനായിട്ടു മൈലാ പ്പൂര വന്നിറങ്ങി. ശെമ്മാശ്ശുമ്മാരെ കണ്ടാറെ മലയാളത്തിലുള്ള കുഴക്കു കൾ ഒക്കെയും പാത്രിയർക്കീസിനെ ബൊധിപ്പിച്ചുള്ള പറങ്കികൾ കെട്ടു പാത്രിയർക്കീസിനെ തടങ്ങൽ ചെയ്തു മൈലാപ്പൂരുനിന്നും പറങ്കികൾ കൊച്ചിയിൽ കൊണ്ടുപൊകയും ചെയ്തു. ഈ അവസ്ഥ മലയാളത്തി ലുള്ള സുറിയാനിക്കാരര അറിഞ്ഞു എല്ലാവരും കൊച്ചിയിൽ എത്തി മഹാ രാജാവു അവർകളുടെ അടുക്കൽ സങ്കടം ബൊധിപ്പിച്ചു ഞങ്ങളുടെ എജ മാനനെ പറങ്കികളുടെ കൈയിൽ നിന്നും വരുത്തിത്തരണമെന്നും അപെ ക്ഷിച്ചു പാർത്തവരുമ്പൊൾ പറങ്കികൾ മുപ്പതിനായിരം കുരിശിടകാശു മഹാരാജാവ അവർകൾക്കു കൊടുത്തു പാത്രിയർക്കീസിനെ കപ്പൽകരെററി അഴിമുഖത്തു കെട്ടിത്താഴ്ത്തുകയും ചെയ്തു. ആ ദിവസംതന്നെ മഹാരാജാ വ അവർകൾ പൊകയും ചെയ്തു. പറങ്കികൾ ഞങ്ങൾക്കുള്ള പാത്രിയർ ക്കീസിനെ അപായം വരുത്തുകയാൽ മലയാളത്തിൽ ഉള്ള സുറിയാനി പള്ളിക്കാരരു എല്ലാവരും കൂടി മട്ടാംഞ്ചെരിപള്ളിയിൽ ഇനിമെലാൽ പറങ്കിമെത്രാന്മാരെ അനുസരിക്കയില്ലെന്നും അറുകലചെയ്യുന്നവരായ



പറങ്കികളുമായിട്ടു ഇനി അയമൊസ്യം വെണ്ടായെന്നും പടിയൊല എഴുതി കുരിശുങ്കൽ കയറുംകെട്ടിപിടിച്ചു എല്ലാവരും സത്യം ചെയ്ത പടിയൊല എഴുത്തിട്ടു വച്ചു അവിടെ നിന്നും പിരിഞ്ഞു ആലങ്ങാട്ടു പള്ളിയിൽ കൂടി (വിചാരിച്ചു) അന്നു പള്ളികൾ വിചാരിച്ചുവരുന്ന പാലമററത്ത തറവാ ട്ടിൽ തൊമ്മാ അർക്കദിയാക്കൊനെ മാർ തൊമ്മാ മെത്രാനായിട്ടു ലൊകരു കൂടി നിശ്ചയിച്ചു ദിഷ്ടതിയെക്കുറിച്ചു അനുസരിച്ചു നടന്നു വരുമ്പൊൾ കൊല്ലം ൧൬൪൭ (1647)-ൽ ഓറശ്ലെമ്മിൽ പാത്രിയക്കീസ് മാർ ഗ്രീഗൊരി യൊസ് മലയാളത്തിൽ വന്നു മുൻമെത്രാനായിട്ടു നിയമിച്ചിരുന്ന ആളിനെ മാർ തൊമ്മാമെത്രാനായിട്ടു പിന്നെ അദ്ദേഹം പട്ടം കൊടുക്കുകയും അയാൾ പട്ടം കൊടുത്തിരുന്ന ആളുകൾക്കു രണ്ടാം പ്രാവശ്യം പട്ടം കൊടുക്കുകയും ചെയ്തു. ൧൬൭൫ (1675)-ൽ മാർ അന്ത്രയൊസ എന്നു പെരുള്ള മെ ത്രാൻ വന്നു മെലെഴുതിയ പാത്രിയർക്കീസും മാർ തൊമ്മാമെത്രാനും കൂടി പാലമററത്തു രണ്ടു മെത്രാനെ പട്ടം കൊടുത്തു. ൧൬൮൫ (1685)-ൽ മാർ ബസ്സെലിയൊസ കസ്സൊലീക്കായും മാർ യാവാനിയൊസ് മെത്രാപ്പൊലീ ത്തായും വന്നു. അക്കാലത്തിൽ ഇവിടെ മെത്രാമ്മാര ഇല്ലാഞ്ഞും യൊവാനി യൊസ് മെത്രാപ്പൊലീത്താ പാത്രിയർക്കീസിന്റെ അനുവാദത്താലെ പാ ലമററത്ത തറവാട്ടിൽ ഒരു മെത്രാനു പട്ടംകെട്ടിയാറെ അയാൾ മാർഗ്ഗവി രൊധം ചെയ്കയാൽ യൊവാനിയൊസ് മഹറൊൻ ചൊല്ലിത്തള്ളിക്ക ളഞ്ഞു. മെലെഴുതിയ തറവാട്ടിൽ നിന്നും വെർപെട്ട ഒരു മെത്രാനെ വാ ഴിച്ചു. ഈ മെത്രാന്റെ മരണസമയത്ത ആ തറവാട്ടിൽ നിന്നുംവെർപെട്ട ഒരു മെത്രാനെ നിയമിച്ചു. അദ്ദെഹത്തിന്നു സ്ഥാനസ്ഥാനതികവു ഇല്ലാഴിക യാൽ ആ സംഗതികളും അന്ത്യോക്ക്യാപാത്രിയർക്കീസിന്നു എഴുതിക്കൊടു ത്തയച്ചാറെ സ്ഥാനം തികച്ചു കൊടുത്തയയ്ക്കുന്നതിനായിട്ടു മാർ ബസ്സെലി യൊസമപ്രിയാനെയും ഗ്രെഗൊരിയൊസ മെത്രാപ്പൊലീത്തായെയും മല്പാ മ്മാരെയും കത്തങ്ങളെയും ശെമ്മാശ്ശുമ്മാരെയും മലയാളത്തിന്നയച്ചു. മാർ തൊമ്മാമെത്രാനു സ്ഥാനം തികച്ചു കൊടുക്കുന്നതിന്നു മാർ ദിവാനാസ്യൊസ മെത്രാപ്പൊലീത്താ എന്നപെരും വിളിച്ചു ശൌത്താത്തിക്കൊനും വടിയും സ്ളീവായും മൂറവാൻ എന്ന സയിത്തും പാത്രിയർക്കീസിന്റെ കല്പനയാൽ വന്ന മെത്രാമ്മാരും മാർ തൊമ്മാ മെത്രാനും തമ്മിൽ കാണുന്നതിനു ആളയ ച്ചാറെ ചെല്ല്യാസ്സുകൊണ്ടും സുറിയാനി മര്യാദകൊണ്ടും വിവദിച്ചു പള്ളിക്കാ രരു രണ്ടു പക്ഷമായി പകന്നു മെത്രാന്മാരുടെ കൂടെ ൫൦ (50) പള്ളിക്കാരരും മാർ തൊമ്മാമെത്രാനോടുകൂടി ൫ (5) പള്ളിക്കാരരും നിന്നതിന്നു മാർ തൊ മ്മാ മെത്രാനു കുററവും ചൊല്ലി അയാൾ പട്ടം കൊടുത്തിരുന്ന കത്തങ്ങൾക്കു തിരിയെ പട്ടം കൊടുക്കയും ചെയ്തു. ഇതു കാരണത്താൽ അയാൾക്കു സ്ഥാന തികവില്ലായ്കയാൽ മരണംഭവിച്ചു കുറഞ്ഞൊരു ശെഷം ചെന്നപ്പൊൾ മപ്രിയാനയും കഴിഞ്ഞു. പിന്നത്തതിൽ തങ്ങളിൽ അയമോസ്യപ്പെട്ടു പാല മററത്ത തറവാട്ടിൽ ഉണ്ടായിരുന്ന മാർ തൊമ്മാ മെത്രാനു അന്ത്യോക്ക്യാ യിൽനിന്നും രണ്ടു മെത്രാന്മാരും കൂടി ദിവാന്നാസ്യൊസ് മെത്രാപ്പൊലീ ത്തായായിട്ടു പട്ടം കൊടുക്കുകയും ചെയ്തു. ഇവര രണ്ടുകൂട്ടക്കാരരും കൂടി പ ള്ളികൾ വിചാരിച്ചു വരുമ്പൊൾ അന്ത്യോക്ക്യായിൽ നിന്നും വന്ന ഗ്രെഗൊ രിയൊസ് മെത്രാപ്പൊലീത്തായുടെ കണ്ണിൽ ഉണ്ടായിരുന്ന ദീനം വദ്ധിച്ചു കാഴ്ച മറഞ്ഞു കർമ്മങ്ങൾ മുടങ്ങി പാർക്കകയും ചെയ്തു ഇങ്ങനെ കാഴ്ചയും മറഞ്ഞു കൊച്ചിയിൽ മപ്രിയാനയുടെ വീട്ടിൽ പാർത്തവരുമ്പൊൾ പെരു മ്പടപ്പുനാട്ടിൽ മുളന്തുരുത്തി പള്ളിയിൽ കാട്ടുമങ്ങാട്ടു ഗീവറുഗീസ റമ്പാൻ കണ്ണറിവാൻ മെലാത്ത മെത്രാന്റെ അടുക്കൽ പൊയി പാർത്തു ദീനം രക്ഷിച്ചു വരുമ്പൊൾ മെലെഴുതിയ റമ്പാൻ മെത്രാന്മാരുടെ ഉടുപ്പു ഇട്ടു കണ്ണ റിവാൻ വഹിയാത്ത മെത്രാനൊടു മെത്രാന്റെസ്ഥാനവും ഏററ പ്രകാരവും

www.malankaralibrary.com

പെരുമ്പടപ്പിൽ വലിയ തമ്പുരാനെ തിരുമനസ്സറിയിച്ച ആ നാട്ടിലുള്ള ൪ (4) പള്ളിക്കാരരും അയാളെ അനുസരിച്ചു നടന്നുകൊള്ളത്തക്കവണ്ണം തീട്ടൂരം വാങ്ങിച്ച പ്രകാരം യൊവാനിയൊസ മെത്രാനും ദിവാന്യൊസൊസ മെത്രാനും പള്ളിക്കാരരും കെട്ട ഈ സംഗതി എതെല്ലാം പ്രകാരം ഉണ്ടായിരിക്കുന്നുവെന്നു അറിവാനായിട്ടു കണ്ണറിവാൻ മെലാത്ത മെത്രാന്റെ അടുക്കൽ പള്ളിക്കാരരെ അയച്ചാറെ അവരു മുളന്തുരുത്തി പള്ളിയിൽ ചെന്നപ്പൊൾ പള്ളിയുടെ വാതൽ അടെച്ചുകൊണ്ടും അസ്തമിക്കുന്നവരെയും താമസിച്ചാറെ വാതൽ തുറക്കായ്കകൊണ്ടും തിരിയെ കണ്ടനാട്ടുപള്ളിയിൽവന്നു ഈ അവസ്ഥ യൊവാനീയൊസ് ബാവായൊടും ദിവനാസ്യൊസ് മെത്രാനൊടും ബൊധിപ്പിച്ചു ഉടൻതന്നെ ബാവായും പള്ളിക്കാരരും കൂടി പിന്നെയും മുളന്തുരുത്തി പള്ളിയിൽ ചെന്നപ്പൊൾ പള്ളിയുടെ വാതലും പടിപ്പുര വാതലും അടെച്ചുകൊണ്ടും വാതൽ പൊളിച്ചു കയറുവാൻ ഭാവിച്ചാറെ കണ്ടനാട്ടു പള്ളിയിൽനിന്നും ദിവാനാസ്യൊസ മെത്രാൻ ആളയച്ചു പറയിപ്പിക്കകൊണ്ടും ബാവാ കരഞ്ഞുകൊണ്ടു തിരിയെ പൊരികയും ചെയ്തു. പിറ്റെ ദിവസം കണ്ണറിവാൻ മെലാത്ത മെത്രാൻ കാലംകഴികകൊണ്ടും ഈ സംഗതി രണ്ടു സംസ്ഥാനങ്ങളുടെ മഹാരാജാ അവർകളെയും തിരിയപ്പെടുത്തി തിരുമനസ്സറിയിച്ചാറെ കൊച്ചീക്കൊട്ടയിൽ ബഹുമാനപ്പെട്ട കുമ്പിനിയാര അവർകളുടെ കമ്മട്ടിയിൽ വച്ചു വിസ്തരിക്കത്തക്കവണ്ണം കൽപന കൊടുത്തു വിസ്തരിച്ചാറെ കാട്ടുമങ്ങാട്ടു റമ്പാനു മെത്രാന്റെ സ്ഥാനം ഇല്ലെന്നും കണ്ണറിവാൻ മെലാത്ത മെത്രാന്റെ മരണസമയത്തു റമ്പാൻ കൂടെ ഉണ്ടായിരുന്നതിനാൽ അത്രെ വടിയും സ്ളീവായും അയാളുടെ പക്കൽ വരുവാൻ സംഗതിയെന്നും വിസ്താരത്തിൽ തെളികകൊണ്ടും മെത്രാന്റെ ഉടുപ്പും വടിയും സ്ളീവായും വസ്ത്രിച്ച റമ്പാനായിട്ടു പാർപ്പാനത്രെ സംഗതിയെന്നും നിശ്ചയിച്ചു തീർപ്പു സക്രുത്താരി എഴുതി തീർപ്പും പ്രകാരം നടത്തിക്കൊള്ളത്തക്കവണ്ണം പെരുമ്പടപ്പിൽ മഹാരാജ അവർകളുടെ തീട്ടൂരവും പാലിയത്തച്ചന്റെ നീട്ടും കൊടുത്തു കടമങ്ങാട്ടു റമ്പാനെയുംകൂട്ടി ബാവായുടെയും മെത്രാപ്പൊലീത്തായുടെയും അടുക്കൽ കണ്ടനാട്ടു പള്ളിയിൽ അയച്ചാറെ പള്ളിക്കാരര എല്ലാവരും കൂടി പള്ളിനടയിൽ കുരിശും വെദപുസ്തകവും വച്ചു മെഴുകുതിരിയും കത്തിച്ചു മെത്രാന്റെ ഉടുപ്പും വടിയും സ്ളീവായും വസ്ത്രിച്ചു പാർക്കുകയും ചെയ്തു. ഇപ്രകാരം കുറഞ്ഞൊരു നാള പാർത്തതിന്റെ ശെഷം റമ്പാൻ കല്ലിക്കോട്ടച്ചീമയിൽ ചെന്നു ഒരു വീടും വസ്ത്രിച്ചുതിരിയെ മെത്രാന്റെ ഉടുപ്പും ഇട്ടു പാർത്തു അയാളുടെ അനുജൻ കത്തനാരെ കൊണ്ടുചെന്നു മെത്രാന്റെ ഉടുപ്പു ഇടുവിക്കയും ചെയ്തു. ഈ റമ്പാൻ മുളന്തുരുത്തിപ്പള്ളിയിൽ പാവപ്പെട്ടതിൽ രണ്ടു പൈതങ്ങൾക്കു ശെമ്മാശ്ശുപട്ടം കൊടുക്കുകയും ചെയ്തു. പൈതങ്ങളുടെ ശെഷക്കാരരും പള്ളിക്കാരരും അറിഞ്ഞപ്പൊൾ ഈ ശെമ്മാശ്ശുന്മാരെ ദിവന്യാസൊസ മെത്രാപ്പൊലീത്തായുടെ അടുക്കൽ കൊണ്ടുചെന്നു കുപ്പായവും കീറിപൈതങ്ങളെപ്പൊലെ അയക്കുകയും ചെയ്തു. ആയതിൽ ചാമക്കാട്ടു അവരാ ചെറുക്കനെ കുറഞ്ഞൊന്നു കഴിഞ്ഞതിൽ പിന്നെ ജനങ്ങളുടെ അപെക്ഷപ്രകാരം ദിവന്യാസ്യൊസമെത്രാപ്പൊലീത്താ പട്ടം കൊടുക്കുകയും ചെയ്തു. അയാൾ ഇപ്പൊൾ മുളന്തുരുത്തിപ്പള്ളിയിൽ പാർത്തു വരുന്നു. ആ എടവകയിൽ മാങ്കടി വീട്ടിൽ ക്രുസ്ത്യാനി ആയി പാർത്തു വരുന്നു.

## A. D. 1760

തീറിന്റെ പെർപ്പ-കൊല്ലം ൯൩൬ (36)-മത ധനുമാസത്തിൽ കൊയിമ്മ മുമ്പാകെ വച്ചെഴുതിയ തീറോലകാര്യമാവിത-





മകൊതെവർ പട്ടണത്തു അങ്കമാലിക്കൽ പഴെകുറും പുറത്തു ൬൪ (64)-ം പുത്തൻകുറും പുറത്തു ൬൪-ം അങ്കമാലി വലിയപള്ളികൊണ്ടും അകപറമ്പിൽ പള്ളികൊണ്ടും അതിൽപെട്ട എപ്പെർപെട്ടതുകൊണ്ടും നേർപാതി പകുത്തു വാങ്ങിക്കൊണ്ടു വലിയപള്ളിയിൽ മെലാൽ പൊദ്യമില്ലാത്തവണ്ണം തീറെഴുതി കൊടുത്താറ പുത്തൻകുറും പുറത്തു ൬൪ (64)-ം ഇപ്പടിക്കു തീറെഴുതി വാങ്ങിച്ചുകൊണ്ടാര പഴെകുറും പുറത്തു ൬൪ ഇപ്പടിക്കു കാവുങ്കപ്പറമ്പത്തു ഉണ്ണിച്ചാരു കണ്ടൻ കൈയെഴുത്ത,

## A. D. 2-9-1773

### പടിസാധനത്തിന്റെ പെർപ്പ

നാം കർമ്മലീത്താദർശനത്തിൽ ലൊറെൻസ്യൊ സജസ്തിനിയാനി ശ്രു. ക്ലെമ്മിസ് 14-ാമതു മാർപ്പാപ്പയുടെ കല്പനയാലെ മലങ്കരെ എടവകക്കും കൊച്ചി എടവകക്കും മെലാളായിട്ടും കർമ്മലീത്താ ദർശനത്തിൽ ജനറാൾ മൂപ്പനായിട്ടും നടക്കുന്നതിനെക്കൊണ്ടും അങ്കമാലിക്കൽ വച്ചു ൭൨ (72)പള്ളിക്കാരരും യൊഗമായിട്ടുകൂടി നമ്മുടെ മുമ്പാകെ ബൊധിപ്പിച്ച ആവലാതികൾ തീർത്തു കല്പിച്ച സാധനം.

മെത്രാന്മാര കാലംചെയ്താൽ കീഴമര്യാദപൊലെ സുറിയാനിക്കാരര തന്നെ കവറടക്കംചെയ്തു കൊൾകയും വെണ്ടുവെന്നും പെരുന്നാളുകളിൽ പാദ്രി അച്ചന്മാര അരളക്കാ ഇടുന്നതു കീഴ്മര്യാദപൊലെ നിങ്ങൾ തന്നെ അരളക്കാ എടുത്തുകൊൾക തന്നെ വെണ്ടുവെന്നും പട്ടക്കാരരെ തല്ലുകയും തല്ലിക്കയും വെലങ്ങിലിടുകയും അതിൽനിന്നു ആത്മത്തിനടുത്ത ക്രിയ കൂടാതെ ബഹുമാനമില്ലാത്തെടത്ത ഇടുന്നതും ശ്രു. കത്തൊലിക്കാ പള്ളിയുടെ കല്പനപൊലെ കുററത്തിന്റെ പ്രകാരം പൊലെ മെല്പട്ടക്കാരനെങ്കിലും മെൽപട്ടക്കാരന്റെ കല്പനയാലെങ്കിലും മുറിയിൽ പൂട്ടുന്നതല്ലാതെ തല്ലുകയും തല്ലിക്കയും വിലങ്ങിടുക്കയുമരുത. വിശെഷിച്ചും ഉണ്ടായതിന്റെ വലിപ്പംകൊണ്ടു ലൊകരു പഠിപ്പാനായിട്ടു അങ്ങനെ ചെയ്‌വാൻ സംഗതിവന്നു. എഴുന്നററി പരിഷക്കു പട്ടംകൊടുത്ത സുറിയാനിമര്യാദപൊലെ ഇനിമെൽ അവരെ നടത്തുകയില്ലെന്നും നിങ്ങളുടെമെൽ വാണിരിക്കുന്ന മെത്രാന്മാരര ഓരൊരുത്തന്റെ പട്ടം അഴിച്ചാൽ വീണ്ടും കൊടുക്കയില്ലെന്നും പട്ടക്കാർക്കും അൽമേനികൾക്കും ഉണ്ടാകുന്ന കാര്യങ്ങൾക്കു നെരും പരമാർത്ഥവും ബൊധിക്കാതെ കണ്ടു ശിക്ഷിക്കയും മഹറൊൻ ചൊല്ലുകയില്ലെന്നും ഇതിൻവണ്ണമല്ലാതെ മെലിൽ ചെയ്കയില്ലെന്നും നാം കല്പിച്ചിരിക്കുന്നു. ഇതു മിശിഹാ പിറന്നിട്ടു ൧൭൭൩ (1773) കന്നിമാസം പുത്തൻ കണക്കിൽ 2-നു അങ്കമാലിക്കൽ വലിയ പള്ളിക്കൽ വച്ചു എഴുതിയ ഈ സാധനത്തിന്മെൽ നമ്മുടെ കയ്യൊപ്പും മുദ്രയും ഇടുകയും ചെയ്തു.

## A. D. 2-7-1774

### തിരുവെഴുത്തിന്റെ പെർപ്പ

൧൪(14)-ാം ക്ലെമ്മീസ മാർപ്പാപ്പായുടെ തിരുവെഴുത്തൊടുകൂടി ബൊംബെ വികാരി അപ്പസ്തൊലീകാ കൊച്ചീമഹാരാജാവിന്നു അയച്ച ലേഖനം-

൧൪(14)-ാം ക്ളെമ്മീസപാപ്പാ മഹാരാജാവു ആരോഗ്യതയും സ്വസ്ഥതയും ദൈവപ്രസാദത്തിന്നുടെ തെളിവും ഉണ്ടായിരിക്കട്ടെ. മഹാരാജാവിന്റെ നാട്ടിൽ പാർത്തിരിക്കുന്ന നമ്മുടെ വരാപ്പുഴെ കർമ്മലീത്താ പാദ്രീമാരു

www.malankaralibrary.com

നമുക്കു എഴുതി അയയ്ക്കുന്ന അവരുടെ സാധനങ്ങളിൽ മഹാരാജാവിന്റെ മാഹാത്മ്യവും ഗുണവധികാരങ്ങളും അവരനുഭവിച്ചു വരുന്ന തിരുവുള്ളകടാക്ഷപ്രകാരവും വളരെ സ്തുതിച്ചു പലപ്പോഴും പല ഊഴവും നമുക്കു എഴുതി അറിയിച്ചതുകൊണ്ടു ഈ യൂറൊപ്യരാജ്യങ്ങളിൽ മഹാരാജാവിന്റെ തിരുനാമവും സുചരിതവും വിഖ്യാതകീർത്തിയുമായികൊണ്ടു എല്ലാവർക്കും സ്തുതികാരണമായി ചമഞ്ഞു. എന്നാൽ നാം കല്പിച്ചു നമ്മുടെപേർക്കു മഹാരാജാവിന്റെ നാട്ടിൽ വെദമറിയിക്കുന്ന വരാപ്പുഴെ പാദ്രീമാർ അനുഭവിച്ചു വരുന്ന ഉപകാരങ്ങളും തിരുവുള്ളകടാക്ഷവും സത്യവെദികളൊക്കെക്കും തലവനാകുന്ന നമ്മുടെമെൽ പ്രത്യെകം വരുന്നതിനെക്കൊണ്ടു വളരെ സ്തുതിച്ചു പ്രസാദിച്ചു തിരുമനസ്സുകൊണ്ടു അവരൊടു ചെയ്ത ഉപകാരങ്ങളൊക്കെയും നമ്മൊടു ചെയ്തതിൻവണ്ണം കൈക്കൊള്ളുന്നു. ആയതിനെക്കൊണ്ടു മഹാരാജാവിന്റെ നെരെ നമുക്കുള്ള ബഹുമാനമാനവും മനസ്സിലെ പ്രസാദവും നന്ദിയും പ്രത്യുപകാരവും അറീയിപ്പാൻ ഈ നമ്മുടെ സാധനം മഹാരാജാവിന്നു എഴുതി അയച്ചതു. മഹാരാജാവു എല്ലക്കൂട്ടം സുഖങ്ങളും ഭാഗ്യസമ്പൂർണ്ണതയും അനുഭവിച്ചിരിക്കണമെന്നു നമുക്കുള്ള ആഗ്രഹവും അപെക്ഷയും നമ്മുടെ പാദ്രീമാരുതന്നെ തിരുവുള്ളത്തിലെററുകയും ചെയ്യും. എന്നാലും മഹാരാജാവു നമ്മൊടു ചെയ്ത വലിയ ഗുണങ്ങളെ ഏറെ ഏറെ വദ്ധിപ്പതിന്നു അവിടെ സത്യവെദം നടത്തി വരുന്ന നമ്മുടെ പാദ്രീമാരുനാമതിലുള്ള സെംഹത്തിന്നുടെ കടാക്ഷമായ പണയംപൊലെ കൈക്കൊണ്ടു തിരുവുള്ളകടാക്ഷമായി അവരെ രക്ഷിച്ചുകൊള്ളണമെന്നും നമ്മുടെ അപെക്ഷ ആയി നമുക്കുള്ള സത്യവെദത്തിൽ പ്രമാണമാകകൊണ്ടും നാം പ്രത്യെകം അവരൊടു കല്പിച്ചതു കൊണ്ടും ശെഷമുള്ളവരെക്കായിലും അവർ സ്വാമി ഭക്തിയായിക്കൊണ്ടു മഹാരാജാവിന്റെ കീഴ് പരമാത്ഥമായി വഴങ്ങിയിരിക്കുന്നുവെന്നും നാം പരം ഏററിരിയ്ക്കുന്നു. ആയതുകൊണ്ടു മഹാരാജാവു അടക്കിവാഴുന്ന നാട്ടിലുള്ള നമ്മുടെ വരാപ്പുഴെ പാദ്രീമാരു തിരുമനസ്സിലെ പ്രസാദമായി കൈക്കൊണ്ടു നാട്ടിലുള്ള പള്ളികളെയും അതിലുള്ള നസ്രാണികളെയും ശെഷം സത്യവെദികളെയും തിരുവുള്ളമായി കൈക്കൊണ്ടു രക്ഷിക്കണമെന്നു പിന്നെയും വളരെ അപെക്ഷിക്കുന്നു. വിശെഷിച്ചു ഏകാന്തപ്പെട്ട ദീർഘതിരുവയസ്സും ഗുണങ്ങളൊക്കെയുടെ വർദ്ധനയും പ്രത്യെകം ദൈവപ്രസാദത്തിന്റെ സഹായത്താൽ പട്ടാങ്ങ അറിഞ്ഞു അനന്തപട്ടാങ്ങയായ മോക്ഷഭാഗ്യം മഹാരാജാവിന്നു നല്കി കൊടുക്കണമെന്നു സർവ്വത്തും വശമാകുന്ന നമ്മുടെ ദിവ്യകർത്താവിനൊടു എല്ലാപ്പൊഴും നാം അപെക്ഷിക്കുന്നു. ഇതു മിശിഹാ പിറന്നിട്ടു ൧൭൭൪ (1774) കർക്കടകമാസം 2-നു നമ്മുടെ മെൽപട്ടവാഴ്ചയുടെ ൬ (6)-ാം കാലത്തിൽ വെദപുരിയാം റോമ്മായിൽനിന്നും എഴുത്തു. ബെനദീക്കൊസസ്ഥായി-

## A. D. 4-6-1775

### നീട്ടിന്റെ പെർപ്പു

അകപറമ്പിൽ പള്ളി കൈക്കാരരകണ്ടു അകപ്പറമ്പിൽ പള്ളിയിൽ പഴെകൂററുകാർ പൊന്നുകൊണ്ടു തീർപ്പിച്ചു വച്ചിരിക്കുന്ന കുരിശു പഴെകൂററുകാർക്കും പുത്തൻകൂററുകാർക്കും കൂടി ഉള്ളതാകുന്നുയെന്നും ആയതു ൩ (3) തുലാം പൊന്നുണ്ടെന്നും ആയതു പണ്ടാരസ്ഥന്മാർ തന്നുവെന്നും പുത്തൻകൂററുകാരു പറയുകകൊണ്ടു നിങ്ങളെ വരുത്തി ചൊദിച്ചാറെ ൩ (3) തുലാം പൊന്നുകൊണ്ടുള്ള കുരിശു സൂക്ഷമില്ലെന്നും നിങ്ങൾ കൊണ്ടുവന്ന കുരിശു ൩൦൦൦ (3000) പണത്തൂക്കമെയൊള്ളു എന്നും നിങ്ങൾ കച്ചീട്ടു എഴുതി വക്കകൊണ്ടും



കൊണ്ടുവന്ന കുരിശു പള്ളിയിൽതന്നെ കൊണ്ടുചെന്നു വെയ്ക്കുത്തക്കവണ്ണം ഒഴിഞ്ഞതന്നായ്ക അടുക്കുപത ഉൾപ്പെടെ അടിയറവു തീൻ പണം ൬൦൦൦ (6000), അകപറമ്പിൽ നിന്നാർക്കു പള്ളിവെക്കെണ്ടതിന്നു വിവാദമുള്ളതിന്നും തീർന്നു നടത്തിയതിന്നും അടിയറവുതീൻ പണം ൭൦൦൦(7000) ചിററിപണം ൧ (1)-ം ആകെ പണം ൭൦൦൧ (7001)-ം ആ പണം ഏഴായിരത്തിഒന്നും നിത്യചെലവിൽ ഒടുക്കി പററുചീട്ടു വാങ്ങിച്ചുകൊൾകയും വേണം എന്നും ഇപ്പടിക്കൻ ൯൫൦(50)-ാമാണ്ടു ഇടവം ൨൨(22) തിരുവുള്ളമായതുംപടി തിരുവെഴുതിയ വലിയ മെലെഴുത്തു അണഞ്ചപെരുമാൾ.

മെത്രാന്റെ സാധനത്തിന്റെ പെർപ്പു

നാം മാർ അളൊയിസീയൂസ ഊസുളാ എന്ന മെത്രാൻ മലങ്കര എടവകക്കും കൊച്ചി എടവകക്കും വികാരി അപ്പസ്തൊലീക്കാ എഴുത്തു.

തൃപ്പായ്പു സ്വരൂപത്തിങ്കൽ വലിയതമ്പുരാൻ തിരുവുള്ളത്തിലറിയെണ്ടും അവസ്ഥ. മഹാരാജാവിന്റെ നാടകത്തു വസിക്കുന്ന നസ്രാണികളുടെ വെദകാര്യങ്ങളെ നാം പാദ്രീ ആയി ൧൨ (12)വത്സരം വിചാരിച്ചാറെ ഇപ്പൊൾ നാം നമ്മുടെ വെദതലവന്റെ കല്പനയാലെ ഊസുലാ എന്ന മെത്രാനുമായി മലങ്കര എടവകക്കും കൊച്ചി എടവകക്കും വികാരി അപ്പസ്തൊലീക്കയുമായി വരാപ്പുഴെ വന്നു മകരമാസം ൧൫ (15)നു വാഴിച്ചു ക്രീയയും കഴിച്ചു നസ്രാണിജനവെദകാര്യങ്ങളെയും പള്ളികളുടെ മെൽവിചാരവും എടുക്കയും ചെയ്തു. ആയതിന്നു വരാപ്പുഴെ മെത്രാന്മാർക്കു മഹാരാജാവു കീഴ്മര്യാദി കൽപിച്ചുകൊടുത്തുവരുന്ന സഹായങ്ങളും തിരുവുള്ള കടാക്ഷവും പ്രത്യേകം നമ്മുടെ മെൽ ഉണ്ടാകണമെന്നും മഹാരാജാവിന്റെ തിരുമനസ്സുണ്ടായിട്ടു വെദകാര്യങ്ങളെ നടത്തിച്ചു തരണമെന്നും നമ്മുടെ അപെക്ഷയാകുന്നതു. ഈശ്വരതിരുവുള്ളവും തിരുമേനിക്കാരോഗ്യതയും ശത്രുഹരവും രാജ്യവർദ്ധനയും ദെഹസുഖവും മഹാരാജാവിന്നു മെൽക്കുമെൽ ഉണ്ടാകത്തക്കവണ്ണം നമ്മുടെ നിത്യദൈവരാത്രിയിൽ സകലഗുണകാരണമായിരിക്കുന്ന തമ്പുരാനൊടും ഈശ്വരനൊടും പ്രാർത്ഥിക്കയും ചെയ്യും. കൃതാർത്ഥതയും തിരുആയുസ്സും വർദ്ധിച്ചിരിക്കട്ടെ-ശുഭം

വരാപ്പുഴ പാർക്കുന്ന കർമ്മലീത്താ ദർശനത്തിലുള്ള പാദ്രീമാര
എല്ലാവരുംകൂടി പൊർത്തുഗാളിൽ പാർക്കുന്ന ശ്രു.മാർപ്പാപ്പാ
യുടെ മെലാളിന്നു എഴുതി അയച്ച സാധനത്തിന്റെ പെർപ്പു.

കരിയാട്ടി യൌസെപ്പപാദ്രിയെയും അയാളുടെ കൂട്ടരെയും പൊർത്തുഗാളിന്നു അല്ലാ, പള്ളിക്കാററു അയച്ചിരിക്കുന്നതു പിന്നെയൊ റൊമക്കത്രെ. അതായതു സുറിയാനിക്കാരരിൽ 2 മെത്രാന്മാരെയും 2 സുറിയാനിക്കാരരു മല്പാന്മാരെയും ൧൦ (10) മാർഗം അറിയിക്കുന്നവരെയും അയയ്പാനും ൩൨ (32) പെർക്കുള്ള ഒരു പഠിത്വവീടു ഉണ്ടാക്കി ശാസ്ത്രം പഠിപ്പാനുള്ള വഴി ശ്രമിപ്പാനുമായിട്ടത്രെ അവരെ അയച്ചിരിക്കുന്നതു- അക്കാര്യത്തെക്കുറിച്ചത്രെ ഏററവും അവരു പുറപ്പെട്ടിരിക്കുന്നതു. തിരുവിതാംകൂറു രാജാവിനെ ബൊധിപ്പിച്ചുകൊണ്ടു കരിയാട്ടിയും കൂട്ടരും പൊകായ്കുകൊണ്ടു പള്ളിക്കാരരെ ഒക്കെയും രാജാവു ഏററിയ ഞെരുക്കം ചെയ്യുന്നു. അതായതു: മലയാളത്തിലുള്ളവരു ഏറൊപ്പയ്ക്കു പൊകുന്നുയെങ്കിൽ രാജാവിനെ ബൊധിപ്പിക്കാതെ പൊയ്ക്കൂടാ എന്നു കീഴമര്യാദി രാജാവു ചട്ടം വച്ചിരിക്കകൊണ്ടും ആയതു കരിയാട്ടി അറിഞ്ഞുകൊണ്ടു അറിവില്ലാത്ത ലൊകരെ ഞെരുക്കിപ്പാനത്രെ കരിയാട്ടി പുറപ്പെട്ടിരിക്കുന്നതു. ആയതുകൊണ്ടു ഈ ആശ

www.malankaralibrary.com

തന്നെ ഇവിടെ വന്നാൽ ഈ രാജീതത്തിൽ മുമ്പിലുണ്ടായ കലക്കവും എടത്തുട്ടിനെക്കായിലും എത്രയും വലിയ കഷ്ടമായ കലക്കങ്ങളും ഇനിയും ഒരു പുത്തൻകൂറു ഉണ്ടാകുന്നതിനു സംശയവുമില്ലാ. അതെന്ത്യ—അയാളെക്കായിലും ശ്രേഷ്ഠതയുള്ളവരും വലിയ തറവാട്ടുകാരരും അയാളെപ്പൊലെ കുറയപ്പെട്ടവരുകൂടെയും അയാളെ കൈക്കൊൾകയുമില്ലാ. ആയത്തു എന്നിയെ സുറിയാനിപെച്ചല്ലാതെ മററൊരു പെച്ച പഠിപ്പാൻ മനസ്സില്ലാത്ത പരിഷയാകകൊണ്ടു സുറിയാനിപെച്ചിലുള്ള ശാസ്ത്രങ്ങളും പള്ളിക്കടുത്ത കാനൊനാകളും ക്രമങ്ങളും അറിവാൻ വഹിയാത്ത ജനങ്ങൾ ആകകൊണ്ടും ലൊകരെ ഭരിപ്പാൻ അവരിൽ കഴികയുമില്ലാ. ആയതകൊണ്ടു അവരുടെ ജാതിക്കാരരു മെത്രാന്മാർക്കു കീഴ്വഴങ്ങുകയുമില്ലാ. മലയാളത്തിലുള്ള കാവ്യരെ ഏററിയ പാടുപെട്ടു മാർഗ്ഗം അറിയിച്ചു കൂട്ടുന്നതിനെക്കായിലും ബുദ്ധിയും അറിവും ഇല്ലാത്ത സുറിയാനി പരിഷകളെ നെറിവുഞായം ബൊധിപ്പിച്ചുകൊള്ളുവാൻ വളരെ പാടുപെടുന്നു. ആയത്തു ക്ഷയിപ്പിച്ചുകളയണമെന്നുവച്ചത്രെ കരിയാട്ടി പുറപ്പെട്ടിരിക്കുന്നത. മാർഗ്ഗമറിയിക്കുന്നവരു മലയാളത്തിൽനിന്നു പൊയാൽ കാവ്യരു മാർഗ്ഗത്തിൽ കൂടുകയുമില്ലാ. അതെന്ത്യെ പിന്നെ അതിമ്മെൽ ഒരു തമസാരം ഉണ്ടാകുകയുമില്ലാ. മാർഗ്ഗംഅറിയിക്കുന്നവരു കാവ്യരെ മാർഗ്ഗംകൂട്ടുവാൻ ഇപ്പൊൾ പലപല സങ്കടങ്ങളും ഞെരുക്കങ്ങളും അനുഭവിക്കുന്നു. മാർഗ്ഗമറിയിക്കുന്നവരെ പൊക്കാസ്സുകൊണ്ടു മെൽപറഞ്ഞ സങ്കടങ്ങളെക്കായിലും അധികംസങ്കടം അനുഭവിച്ചാലും പ്രത്യെകം റൊമ്മായിൽനിന്നു കല്പനവരാതെ തങ്ങൾക്കുള്ള ലത്തീൻപള്ളി സുറിയാനിപള്ളികൾ തന്നെയും കൈവിടുകയുമില്ലാ. നെറിവും അറിവും ഉള്ള പട്ടക്കാരു മലയാളത്തിൽ ഇല്ലാഴികകൊണ്ടു കരിയാട്ടിയുടെ കാലം കഴിഞ്ഞാൽ അയാളുടെ തട്ടിപ്പിൻെറ പഠിതത്തിൽനിന്നു പിന്നത്തവരിൽനിന്നു ലത്തീൻകാരു കാഴ്കയില്ലെന്നുവച്ചു മാർത്തൊമ്മായുടെ എടത്തുട്ടിൽ തിരികയും ചെയ്യും. ലത്തീൻകാരുടെ ബഹുമാനക്കെടു വരുത്തുവാൻ മാർഗ്ഗം കഴിപ്പാനും അത്രെ കരിയാട്ടി പുറപ്പെട്ടിരിക്കുന്നത്തു. അതായത മാർ അല്പാസിയൊസ മെത്രാപ്പൊലീത്താ പൂട്ടിയ വാതിൽ തുറന്നാൽ മാർഗ്ഗം അറിയിക്കുന്നവർക്കു എല്ലാവർക്കും ഏററത്താലെയുള്ള സങ്കടങ്ങളും ഞെരുക്കങ്ങളും കരിയാട്ടി മലയാളത്തിൽ വരുന്നുവെങ്കിൽ വന്നിട്ടു രണ്ടുമൂന്നാണ്ടു കഴിയുമ്പൊൾ ബൊധിച്ചുവരികയും ചെയ്യും. അതെന്തെ—എത്ര എണ്ണത്താലെ അയാൾ ഈ പരിഷയുടെ കണ്ണു മൂടിഎന്നും എത്ര സങ്കടങ്ങൾ അനുഭവിച്ചു എന്നും എത്ര ദ്രവ്യം ചിലവിട്ടുയെന്നും അതു വിചാരിക്കുമ്പൊൾ അറികയുമാം. നിഷ്കപ്പെട്ടതും അടിസ്ഥാനമുള്ളതുമായ സുറിയാനിപള്ളി ലത്തീൻപള്ളിയിൽനിന്നു വെർപെട്ടാൽ സുറിയാനിക്കാരു അറിവും നെറിവും ഇല്ലാത്തവരും വൈരിയുമായ അവരുടെ അടിമയിൽ ബഹുമാനമുള്ളവരും തമ്പുരാൻെറ നീതിഞായം അന്വേഷിക്കുന്നവരുമായ നാം കിടക്കേണ്ടിവരും. മാർ അല്പെസീനൊസ മെത്രാപ്പൊലീത്താ പൂട്ടിയ വാതിലും മൂടിയ കണ്ണും തുറന്നുകൊടുത്താൽ പിന്നെ അവസ്ഥ തങ്ങൾ തന്നെ അറിവാൻ സംഗതിവരികയും ചെയ്യും. കൊടുങ്ങല്ലൂരു മെത്രാപ്പൊലീത്താടെ കീഴ് ലത്തീൻപള്ളികൾ ഏറെ ഉണ്ടാകകൊണ്ടും സുറിയാനിക്കാരരായി വരുമ്പൊൾ ലത്തീൻ പള്ളിക്കാററു സുറിയാനി ക്രമത്തിലുള്ള പട്ടക്കാരരെ കൈക്കൊൾകയുമില്ലാ. അതിൻ വണ്ണം വരുമ്പൊൾ സുറിയാനിപരിഷക്കു മുഷ്കരതം വന്നാൽ ലത്തീൻ പള്ളിക്കാരർ ക്ഷയിച്ചു പൊകുവാനുള്ള വഴി അത്രെ ആകുന്നു. മാർത്തൊമ്മാ ഇപ്പൊൾ കത്തൊലിക്കാക്കാരനാകുവാൻ മനസ്സാകുന്നതും അയാളുടെ ലൊകരുടെകൂടെ സമ്മതിച്ചിട്ടില്ലാ പിന്നെയൊ തനിക്കു തൊന്നിയവണ്ണം അത്രെ ആകുന്നു. ഉദിയമ്പെരൂർ സൂനഹദൊസ് കൈക്കൊൾവാൻ അയാൾക്കു മനസ്സുമില്ലാ. മുമ്പിലത്തെപ്പൊലെ കാര്യങ്ങൾ ഒക്കെയും ഇപ്പൊഴും അയാൾ ചെയ്തുവരുന്നു. അതായത പള്ളിക്കടുത്ത കാര്യത്തിനെ മുട്ടിപ്പായിട്ടു



സിമൊനിയം ചെയ്തുവരുന്നു. ലൊകകാര്യത്തെക്കുറിച്ചത്രെ കത്തൊലിക്കാക്കടുത്ത വിശ്വാസം കൈക്കൊൾവാൻ ഏററവും അയാൾ മനസ്സാകുന്നത. വാച്ചപ്രകാരമായാലും മാർത്തൊമ്മാ കത്തൊലിക്കാക്കടുത്ത വിശ്വാസം കൈക്കൊണ്ടുന്നുവന്നാൽ ഉടൻതന്നെ അയാൾക്കുള്ളവർ അയാളെ ഉപെക്ഷിച്ചെന്നു ഗണിക്കപ്പെട്ട എടത്തുട്ടുകാരനായ കൂറില്ലോസ് മെത്രാനെ അവരു വരുത്തി കൈക്കൊൾകയും ചെയ്യും. മലയാളത്തിലുള്ള കത്തൊലിക്കാക്കടുത്ത സുറിയാനിപരിഷകൾ കൂട്ടത്തൊടെ അവരു ചൊല്ലുന്ന മാർഗ്ഗം അറിയിപ്പുകാരരെ നീക്കുവാൻ ശ്രമിച്ചു കരിയാട്ടി വരുമെങ്കിൽ മാർത്തൊമ്മാ എടത്തുട്ടുകാരനെങ്കിലും ഞങ്ങൾ മാർത്തൊമ്മായെ കാണുമെന്നും. അതെന്ത്യെ മാർഗ്ഗമറിയിപ്പുകാരുടെ പ്രയത്നം കൊണ്ടു മാർഗ്ഗം കൂടിയ ഏററിയ പരിഷകൾ അവരിൽ വർദ്ധിക്കകൊണ്ടു മാർഗ്ഗം അറിയിക്കുന്നവനെ ഉപെക്ഷിക്കുന്നതിനെക്കായിലും എടത്തുട് നല്ലതാകുന്നുയെന്നു. ഇതൊക്കെയും വിചാരിച്ചാൽ ഏതു പ്രകാരത്തിലും കരിയാട്ടിയെ അയക്കാതിരിക്കുന്നതനല്ല—യൊഹന്നാൻ മറിയമെന്നപാദ്രീ മരിച്ചുപൊകകൊണ്ടും ളുവീസമെരി എന്ന പാദ്രീ വികാരിഅപ്പസ്തൊലീക്കായുടെ സ്ഥാനം കൈക്കൊണ്ടും.

## A. D. 10-4-1784

അങ്കമാലി മുതൽ മലങ്കരെ പള്ളിക്കാരരും എല്ലാവരുംകൂടെ അറിയെണ്ടും അവസ്ഥ എന്നാൽ

൯൫൮ (1783)-ാം കാലം മീനമാസത്തിൽ നിങ്ങൾ എല്ലാവരും അറിയത്തക്കവണ്ണം ഇവിടെനിന്നും എഴുതി അയച്ച കുറിയിൽ ബ. കരിയാട്ടി മല്പാനെ മലങ്കര എടവക ഒക്കയുടെയും മെത്രാപ്പൊലീത്താ എന്ന പെരു വിളിച്ചു വാഴിച്ചയും കഴിഞ്ഞപ്രകാരം നിങ്ങളെ അറിയിക്കുകയും ചെയ്തു. എന്നാൽ അപ്പൊൾതൊട്ടു ഇപ്പൊളവും നമ്മുടെ പള്ളികളുടെയും മാർത്തൊമ്മാമെത്രാൻെറയും കാര്യം ക്ലെശിച്ചുകൊണ്ടത്രെ ഇവിടെ പാർക്കുന്നത്തു. ഇത്ര നെരവും കാര്യം വെണ്ടുംവണ്ണം തീർന്നതുമില്ല. എന്നാലും വളരെ താമസംകൂടാതെ കാര്യം വെണ്ടുംവണ്ണം നിങ്ങളുടെ പക്കൽ വരുമെന്നു ശരണമായിരിക്കുന്നു. മാർത്തൊമ്മാമെത്രാൻെറ കാര്യത്തിനും ശെഷം നമ്മുടെ അവിടെ ദിഷ്ടതിയുള്ള കാര്യങ്ങൾക്കും വളരെ വളരെ വിശേഷം പാദ്രിമാരു വരുത്തുകകൊണ്ടത്രെ ഇത്ര താമസം വരുത്തുന്നത്തു എന്നാലും ഉടയതമ്പുരാൻെറ പ്രത്യെകമുള്ള മനൊഗുണത്താലെ ഞങ്ങൾ ഇവിടെവന്നും കാര്യങ്ങൾ ഒക്കെയും ഇതിൻവണ്ണം ആയതകൊണ്ടു ഇവിടെ നില്ക്കുന്ന പാദ്രിമാർക്കു വളരെ സങ്കടം ഉണ്ടായിരിക്കുമെന്നും ഞങ്ങൾ അങ്ങു് എത്താതെയിരിപ്പാൻ വെണ്ടുന്ന പ്രയത്നം എടുക്കുമെന്നും നിങ്ങൾക്കു ഞങ്ങൾ എഴുതി അയച്ചു് അറിയണമെന്നില്ലല്ലൊ. എന്നതുകൊണ്ടു ഞങ്ങൾക്കുവെണ്ടി നിങ്ങൾക്കുള്ള പ്രയത്നം ഒന്നും കുറയുക ഇല്ലെന്നും നാം എല്ലാവരും ഒരു ചൊർച്ചയും മാംസവും ആകുന്നതിനെക്കൊണ്ടും നിങ്ങളാൽ വശമുള്ളതൊക്കെയും നല്ല മനസ്സൊടുകൂടെ നമുക്കുവെണ്ടി ശ്രമിക്കുമെന്നും നല്ല ഉറപ്പൊടുകൂടെ വിശ്വസിച്ചിരിക്കുന്നു. ഞങ്ങൾ അവിടെനിന്ന പുറപ്പെട്ടതിൻെറശെഷം ൯൫൮ (1783)-ാം കാലം കൊച്ചിയിൽനിന്നു കാഞ്ഞിരപ്പിള്ളിക്കാരൻ ചാണ്ടിക്കത്തനാരച്ചൻ എഴുതിഅയച്ച കുറി ഇവിടെ വന്നു. അതിൽ ബ. മെത്രാപ്പൊലീത്താടെ അമ്മ മരിച്ചപ്രകാരവും എൻെറ കൊച്ചുപെങ്ങൾ മരിച്ചപ്രകാരവും ശെഷം അവിടെ നമുക്കു വെണ്ടുന്നതിൽ പലരും മരിച്ചപ്രകാരവും അറികയും ചെയ്തു. ഇവിടെ ബ. അച്ചനും ഞാനും ചങ്കുരി വർക്കിയും പുത്തനങ്ങാടിയിൽ പൗലൊസും മലെയിൽ ചാക്കൊയും നല്ല സ്വസ്ഥതയൊടുകൂടെ ഇരിക്കുന്നു. പഞ്ചസാരമാത്തു മരിച്ചുപൊകയും

www.malankaralibrary.com

ചെയ്തു. വിശെഷിച്ച് ഇനിയും ഇവിടെനിന്നും നിങ്ങളുടെപക്കൽ വന്നു പറവാൻ വളരെ യൊഗ്യങ്ങൾ കഴിക്കെണ്ടതുണ്ട്. എന്നതിനെക്കൊണ്ടു ഞങ്ങൾക്കുവെണ്ടി നിങ്ങളെല്ലാവരും നിങ്ങളുടെ നമസ്കാരങ്ങളിലും കുർവാനകളിലും അപെക്ഷിക്കുന്നതിനു കുറവു ഒട്ടും ഉണ്ടാകയുമരുത്. ഞങ്ങളും നിങ്ങൾക്കുവെണ്ടി തമ്പുരാനൊടു നമസ്കരിച്ചു അപെക്ഷിച്ചുകൊണ്ടു സ്വസ്ഥതയൊടുകൂടിയിരിക്കുന്നു. ഉടയതമ്പുരാന്റെ സഹായത്താൽ കാര്യമൊക്കയും വെണ്ടുംവണ്ണം തീൎന്നു വളരെ താമസംകൂടാതെ നിങ്ങളുടെ പക്കൽ വരികയും ചെയ്യും. ഇതു ബ. അച്ചൻ കല്പിച്ചപ്രകാരം കടനാട്ടു പള്ളിയുടെ വികാരി പാറയാമ്മാക്കൽ തൊമ്മാ കത്തനാരു് എഴുത്ത. ഇതു മിശിഹാ പിറന്നിട്ടു ൧൭൮൪ (1784) മെടമാസം ൧൦ (10)-ാം നു-

## A. D. 23-4-1784

**പൊർത്തുഗാലിലെ കാര്യങ്ങൾ വിചാരിക്കുന്ന സർവ്വാധികാര്യക്കാരൻ എ. പെ. പെ. ബ. കിഴക്കുദിക്കുകൾ ഒക്കയുടേയും പ്രീമാസും ആയ സിഞ്ഞൊറ ഗൊവമെത്രാപ്പൊലീത്താ അവർകൾക്കു എഴുതി അയച്ച സാധനത്തിന്റെ പെർപ്പു**

ഈ രാജസെക്രത്താരിയായിൽ നിന്നു തലപ്പെട്ട എഴുത്തുകാരൻ ആകുന്ന ജൊഗൊമ്മൊസ ടെ അറവൂജൊ എന്നയാളിന്റെ കൈയൊപ്പും ഇട്ടു അങ്ങൊട്ടു കൊടുത്തയക്കുന്നു. വിശെഷിച്ചു മെൽപറഞ്ഞ മാർഗ്ഗമറിയിക്കുന്നവരുടെ ഉപായങ്ങൾ ഒക്കെയും വഴക്കമില്ലായ്കയും സമ്മതിച്ചു കൂടായെന്നും അറിയാത്തഭാഷയിൽ വച്ചുകൂടായെന്നും അങ്ങയെ അറിയിപ്പാൻ രാജസ്ത്രീ കല്പിക്കയും ചെയ്യുന്നു. ആയതു എന്തെന്നാൽ മെൽപറഞ്ഞ മാർഗ്ഗമറിയിക്കുന്നവരെ പൊർത്തുഗാൽ രാജിതത്തിനു കീഴ്‌വഴങ്ങിയിരിക്കുന്ന നാടുകളിലും ഈ രാജിതത്തിങ്കൽനിന്നു മാർഗ്ഗ കാര്യം വിചാരിച്ചുവരുന്ന നാടുകൾ ഒക്കെയിലും ഒട്ടും ഒരു ഭെദം കൂടാതെ ഈ രാജിതത്തിന്റെ കുടീയാനവന്മാരെപ്പൊലെ ഒപ്പമായിട്ടു അങ്ങെക്കു കീഴ്‌വഴങ്ങപ്പെട്ടവരാകുന്നു. തമ്പുരാൻ അങ്ങെ കാത്തുരക്ഷിക്കട്ടെ. ഇതു അജ്ജുടം എന്ന നമ്മുടെ മാതാവിന്റെ കൊവിലകത്തു വച്ചു മിശിഹാ പിറന്നിട്ടു ൧൭൮൪ (1784)-ാം കാലം മെടമാസം ൨൩ (23)-ാം നു- എഴുതിയതു മടത്തീണ്ടു ദെമെല്ലൊ എക്കസ്ത്രൊ. കിഴക്കെ ദിക്കുകളുടെ തലവനായ സെഞ്ഞൊറ ഗൊവ മെത്രാപ്പൊലീത്താക്കു.

മലങ്കരപള്ളിക്കാർക്കു എഴുതിയ സാധനം

**മലങ്കര എടവക ഒക്കെയുടെയും ഗൊവർണ്ണദൊർ എഴുത്തു**

നമ്മുടെ സ്നെഹപ്പെട്ട അങ്കമാലി മുതൽ മലങ്കരെ പള്ളിക്കാരു എല്ലാവരുംകൂടി കണ്ടന്നാൽ- മാർഗ്ഗമറിയിക്കുന്നവരുടെയും മെത്രാന്മാരുടെയും മറ്റും എടവകയിൽ സംഗതിയുള്ള എജമാനന്മാരുടെയും കല്പന അനുസരിക്കാതെ തന്നിഷ്ടമായിട്ടു പല വസ്തുക്കളും നടത്തുകയും കാട്ടുകയും ചെയ്തു വരുന്നപ്രകാരം നമ്മുടെ അമ്മ പൊർത്തുഗാൽ രാജസ്ത്രീ തിരുമനസ്സറിഞ്ഞതിന്റെ ശെഷം ഈ അവസ്ഥകൊണ്ടു പ്രൊപ്പഗാന്ത എന്ന ശ്രു. യൊഗത്തിന്റെ തലവനാകുന്ന അന്തനെല്ലി എന്ന കർദ്ദിനാളിനു എഴുതി അയക്കത്തക്കവണ്ണം പൊർത്തുഗാൽ രാജിതത്തിൽ ശ്ലീഹാക്കടുത്ത മനുഷ്യത്തൊടു കല്പിക്കകൊണ്ടും ടി മനുഷ്യം ടി കർദ്ദീനാൾ അന്തനെല്ലിക്കു എഴുതി അയച്ചാറെ ആയതിനുവന്ന മറുപടിയും പെർപ്പും പൊർത്തുഗാൽ രാജസ്ഥാനത്തിങ്കൽ ഇന്ത്യാനാടിന്റെ കാര്യം വിചാരിക്കുന്ന സർവ്വാധികാര്യക്കാരന്റെ ഒരു സാ



ധനവും കൂടെ എ. പെ. പെ. ബ. ഗൊവമെത്രാപ്പൊലീത്താക്കു പൊർത്തുഗാലിൽനിന്നു എഴുതി വരികകൊണ്ടും ആയതു മലങ്കരയുള്ള പള്ളികളിലും അറിയിക്കത്തക്കവണ്ണം മെൽപറഞ്ഞ സാധനങ്ങൾ രണ്ടിന്റെയും പെർപ്പുകൾ ഇവിടെക്കു കൊടുത്തയച്ചിരിക്കകൊണ്ടു ഈ രണ്ടു പെർപ്പുകളും ഏറക്കുറവുകൂടാതെ പകർത്തി നിങ്ങൾക്കു നാം അയക്കുകയും ചെയ്യുന്നു. ആയതു വായിച്ചുകാണുമ്പൊൾ വരാപ്പുഴെ പാക്കുന്ന മെത്രാന്റെയും പാദ്രിമാരുടെയും മുഷ്കരത്വം ഏതു പ്രകാരമുള്ളതെന്നും എങ്ങനെയെന്നും ആ മുഷ്കരത്വം കൊണ്ടു പെരുമാറുവാൻ അവക്കു ന്യായമാകുന്നൊവെന്നും അവരു ഇവിടെ നടത്തി വരുന്ന പ്രകാരം നല്ലന്യായം തന്നെയൊ എന്നും എല്ലാവക്കും അറികയുമാം. ഈ നമ്മുടെ സാധനം അതെതു പള്ളികളിൽ വന്നാൽ വികാരിമാരു വായിച്ചറിഞ്ഞു പെർപ്പും എഴുതി എടുത്തുകൊണ്ടു വെറെ പള്ളികളിൽ കൊടുത്തയക്കുകയും ഇതു എഴുതിവായിച്ചറിഞ്ഞ പ്രകാരത്തിനു ഓരൊരൊ വികാരിമാരു നമുക്കു എഴുത്തു കൊടുത്തയക്കയുംവെണം. ഇതിനു നീക്കം വരുന്ന വികാരിമാരെ നാം ശിക്ഷിക്കുമെന്നതിനും കുറവില്ലെന്നും അറിഞ്ഞിരിക്കട്ടെ.

(തീയതി കാണുന്നില്ല)

## A. D. 22-7-1784

**ശ്ലീഹായ്ക്കടുത്ത മനുഷ്യത്തൊടു രാജസ്ത്രീ എഴുതി അയയ്പാൻ കല്പിച്ചാറെ മനുഷ്യം എഴുതി അയച്ചതിനു വന്ന മറുപടിയുടെ പെർപ്പ—**

ഈ യൊഗത്തിന്റെ മാർഗ്ഗം അറിയിക്കുന്നവക്കു തങ്ങൾ മാർഗ്ഗം അറിയിക്കുന്ന എടവകകളിൽ ഉള്ള മെത്രാന്മാക്കു കീഴ്‌വഴങ്ങി നടപ്പാൻ മനസ്സില്ലായ്കകൊണ്ടു ഇവരും മെത്രാന്മാരും തമ്മിലുണ്ടാകുന്ന കൊഴപ്പങ്ങളും ക്രമക്കെടുകളും പ്രപ്പഗാന്താ എന്ന ശുദ്ധമാനയൊഗം അറികകൊണ്ടു അതിന്റെ അവസ്ഥ ബൊധിപ്പാൻ അങ്ങെക്കു എഴുതി അയക്കുന്നു. എത്രയും വിശ്വാസമുള്ള പ്രൊത്തുഗാൽ രാജസ്ത്രീയുടെ നാടുകളിലും അവിടെനിന്നും മാർഗ്ഗകാര്യങ്ങൾ വിചാരിച്ചുവരുന്ന രാജ്യങ്ങളിലുള്ള മാർഗ്ഗമറിയിക്കുന്നവരൊക്കെയും അവരുടെ തലവന്മാരും തങ്ങൾ തങ്ങൾ മാർഗ്ഗം അറിയിച്ചുവരുന്ന എടങ്ങളിലുള്ള എടവക മെത്രാന്മാക്കും മറ്റും മുഴുവനായിട്ടു കീഴ്‌വഴങ്ങി അവകാശമുള്ള എജമാനന്മാക്കും മുഴുവനായിട്ടു കീഴ്‌വഴങ്ങിയിരിക്കണമെന്നത്രെ ശുദ്ധമാനയൊഗത്തിന്റെ നിയൊഗമാകുന്നതു. എന്നു വരുമ്പൊൾ ശുദ്ധമാന സിംഹാസനത്തിൽ നിന്നു തങ്ങൾക്കു കിട്ടിയിരിക്കുന്ന മുഷ്കരത്വങ്ങൾ മുമ്പിൽ എടവകമെത്രാന്മാരെയും മറ്റും അവകാശികൾ ആകുന്ന എജമാനന്മാരെയും ബൊധിപ്പിപ്പാനും അവർക്കു തെളിയുംവണ്ണമുള്ള പതപാകത്തൊടുകൂടി ആയതു കൊണ്ടു പെരുമാറുവാനും വെണ്ടിയിരിക്കുന്നു. അതെന്തെന്നാൽ നമ്മുടെ മാർഗ്ഗമറിയിക്കുന്നവർ അതാതു എടങ്ങളിൽ അവകാശികളാകുന്ന പള്ളിക്കടുത്ത എജമാന്മാർക്കു സഹായമായിരിപ്പാനും അവർക്കു മന:ദുഖവും സങ്കടവും വരുത്താതിരിപ്പാനും അത്രെ അവർ കടമായിരിക്കുന്നത. എന്നു വരുമ്പൊൾ മാർഗ്ഗമറിയിക്കുന്നവരിൽ ചെലർ തങ്ങളുടെ ബുദ്ധിക്കുറവു കൊണ്ടു ഇപ്രകാരമുള്ള ശുദ്ധമാന യൊഗത്തിന്റെ കൽപനകൾ അനുസരിക്കാതെ കൊണ്ടു അതാതു എടങ്ങളുടെ അവകാശികളാകുന്ന എജമാനന്മാരൊടു മറുതല കാട്ടി വരുന്നതിനാൽ വെണ്ടാത്ത ഏതാനും നിരൂപണ പ്രൊത്തുഗാൽ രാജിതത്തിങ്കൽ തൊന്നീട്ടുണ്ടെങ്കിൽ ആയതു നീക്കിക്കളെവാനുള്ളതിന്നു ശുദ്ധമാന യൊഗത്തിന്റെ ഇതിൻവണ്ണമുള്ള നിയൊഗവും തക്കമെണ്ണവും കണ്ടു ഈ രാജസ്ഥാനത്തിങ്കൽ അങ്ങെ ബൊധിപ്പിച്ചുകൊള്ളണമെന്നും എന്നു തന്നെയുമല്ലാ ഇതിൻവണ്ണമുള്ള നിയൊഗം ഏറെക്കുറവുകൂടാതെ കാർ

www.malankaralibrary.com

ക്കെണമെന്നും ഇതിന്ന വിപരീതമായി വാച്ചവരും തുടങ്ങുന്നുവെങ്കിൽ ശുദ്ധമാന യൊഗത്തിന്ന തെളികയില്ലെന്ന തന്നെയുമല്ലാ ഇതിൻവണ്ണം ചെയ്യുന്ന കുററക്കാരരെ മാററി അതിൻവണ്ണം ചെരുംവണ്ണവും അവരൊട വിചാരിച്ച അതാതു എടങ്ങളുടെ എജമാനമ്മാരുടെയും പൊർത്തുഗാൾരാജിതത്തിങ്കലെയും ഇഷ്ടംപൊലെയും നടക്കുന്നവർ ഇവർക്കുപെകരമായി കല്പിക്കാൻ ആസ്ഥമായിരിക്കുന്നുയെന്നും അറിഞ്ഞുകൊൾകയും വെണം. വാഴ്വാനുള്ള ആഗ്രഹംകൊണ്ടല്ല ശുദ്ധമാനയൊഗം മാർഗ്ഗമറിയിക്കുന്നവരെ അയക്കുന്നതു. പിന്നെയൊ ആത്മാവുകളുടെ പരിപാലനത്തിൽ അതാതു എടവകകളുടെ എജമാനന്മാർക്കു എളപ്പം വരുത്തുവാനും ശു. വിശ്വാസം വർദ്ധിപ്പാനും ആയിട്ടത്രെ. എന്നുവരുമ്പൊൾ ഇവരു അവകാശികളാകുന്ന മെത്രാന്മാൎക്കും എജമാനമ്മാൎക്കും എല്ലാംകൊണ്ടും കീഴ്‌വഴങ്ങിയിരിപ്പാൻ വെണ്ടിയിരിക്കുന്നു. ഈ നമ്മുടെ നിയൊഗം എന്തന്നറിഞ്ഞു ഹൃദയംകൊണ്ട അതിന്ന തക്കവണ്ണം നടപ്പാനുള്ളതിന്ന അറിയിപ്പായിട്ടും ഇതു മതിയായിരിക്കുന്നു. റൊമ്മായിൽനിന്നും മിശിഹാ പിറന്നിട്ട ൧൭൮൪ (1784)- മകരമാസം ൨൦(20)-നു എഴുതിയതു, എജമാനൻ കർദ്ദനാൾ അന്തൊനെല്ലി.

## A. D. 1-2-1787

### അങ്കമാലി മുതൽ മലങ്കരെയുള്ള ൮൪ (84) പള്ളി എടവകക്കാരരും കൂടി എഴുതിവച്ച പടിയൊലയുടെ പെർപ്പ

അങ്കമാലി മുതൽ മലങ്കരെ പള്ളിക്കാരരു എല്ലാവരുംകൂടി അങ്കമാലി വലിയ പള്ളിയിൽകൂടി പട്ടാങ്ങയുടെ വിശ്വാസത്തിന്റെ വർദ്ധിപ്പിന്നും തമ്പുരാന്റെ മനൊഗുണത്താലെയും നമ്മുടെ പരിഷയ്ക്കു നെറിവിന്റെ നിലയെറയും ഒരുമ്പാടും ഉണ്ടാകുവാനും നമ്മുടെ കാരണവന്മാരു നടന്നിന്നിരുന്ന നല്ല മര്യാദിക്കും ക്രമത്തിന്നും തക്കവണ്ണം നടക്കെണ്ടതിന്നും മിശിഹാ പിറന്നിട്ട ൧൭൮൭ (1787) കുംഭമാസം പഴെകണക്കിൽ ൧ (1)-നു എഴുതിയ പടിയൊല ആവിത.

നമ്മുടെ കാരണവന്മാർ മാർതൊമ്മാശ്ലീഹായുടെ കയ്യാലെ ഈശൊമിശിഹായുടെ പട്ടാങ്ങയുടെ മാർഗ്ഗം കൈക്കൊണ്ടതിന്റെ ശെഷം ൧൫൯൯ (1599)-മാണ്ടിൽ അങ്കമാലി കിഴക്കെ പള്ളിയിൽ കാലം ചെയ്ത മാർ അബ്രഹാം മെത്രാപ്പൊലീത്താടെ കാലത്തൊളം കൽദായസുറിയാനിക്കാരുടെ മെല്പട്ടക്കാരര മലങ്കരെ വാണു നമ്മെ ഭരിച്ചതിന്റെ ശെഷം പൌലീസ്താക്കാരരുടെ ചതികൊണ്ട സുറിയാനിക്കാരരുടെ വരവുംമൊടക്കി നമ്മുടെ പരിഷക്കാരരെ കീഴടക്കി ഭരിച്ച വരുമ്പൊൾ സുറിയാനിക്കാരരിൽ ഒരു മെല്പട്ടക്കാരൻ നമ്മുടെ എടത്തു വരുവാനായിട്ട കൊച്ചിയിൽ വന്നതിന്റെ ശെഷം കടലിൽ താഴ്ത്തി അപജയപ്പെടുത്തിയ പ്രകാരം ബൊധിക്കകൊണ്ട അന്നു നമ്മുടെ കാരണവന്മാരു മട്ടാഞ്ചെരിയിൽകൂടി പൌലീസ്താക്കാരരെ നാം നമ്മുടെ അനന്തരവരും കാണുകയില്ലെന്നും സത്യവും ചെയ്തു ആലങ്ങാട്ടുപള്ളിയിൽ കൂടി തൊമ്മാ എന്ന അർക്കദിയാക്കൊനെ യൊഗമായിട്ട പെരു വിളിച്ചു വാഴിച്ചതിന്റെശെഷം ഗൊവായിൽ ഇരുന്ന കർമ്മലീത്താ പാതിരിമാരരെ വരുത്തി യൊഗമായിട്ട പെരുവിളിച്ച മെത്രാൻ സൈത്തു റൂശുമായും പട്ടവും വഹിയായെന്നും റൊമായിൽചെന്നു വാഴ്ചയും കൈക്കൊണ്ടുവന്ന ഈ ദേഹത്തെ തെകച്ച വാഴിക്കാമെന്നും യൌസെപ്പ എന്ന പാദ്രീയെ അയച്ചു പറയിപ്പിച്ചാറെ അതിൻവണ്ണം സമ്മതിക്കകൊണ്ടും യൌസെപ്പ എന്ന പാദ്രീ റൊമായിൽ ചെന്നു വാഴ്ചയും ഏററു മലയാള





ത്തിൽ വന്നാറെ മാർ തൊമ്മാമെത്രാൻ പട്ടംകൊടുക്കയും സൈത്തു റൂശുമാ ചെയ്കകൊണ്ടും ആയതു അനുസരിക്കാതെ നിന്ന നമുക്കു മെത്രാനായിട്ട ആലക്സന്ത്രൊസ എന്ന കത്തനാരച്ചനെ വാഴിക്കയും ചെയ്തു. അദ്ദെഹത്തിന്റെ ഒടുക്കമെടുത്തപ്പൊൾ കർമ്മലീത്താക്കാരുടെ ഉപായത്താലെ നമ്മുടെ പരിഷയിൽ സ്ഥാനവും ബഹുമാനവും ഇല്ലന്നു വരുത്തുവാനായിട്ട മലയാളത്തിലുള്ളവരെ വാഴിക്കണമെന്നുള്ള കൽപന സമ്മതിച്ച എന്നു വരുവാനായിട്ട മലയാളത്തിലുള്ളതിൽ കുപ്പായക്കാരരിൽ റെപ്പായെൽ എന്ന പാദ്രീയെ മെത്രാനായിട്ട വാഴിക്കകൊണ്ട കുപ്പായക്കാരരിൽ ഉള്ള മെത്രാനെ സമ്മതിക്കയില്ലെന്നു തുടങ്ങുകകൊണ്ടും നമ്മെ ഭരിപ്പാനായിട്ട വന്ന സുറിയാനിക്കാരൻ മാർ ശെമഓൻ മെത്രാനെ പൌലീസ്തക്കാരരു താന്തരു തടഞ്ഞു പാർപ്പിച്ചിരിക്കുമ്പൊൾ കർമ്മലീത്താ ദർശനത്തിലുള്ള പാദ്രീമാരു അവിടെ ചെന്നു മലയാളത്തിന്നു പൊറത്തുകളയാമെന്നും പറഞ്ഞ പൌലീസ്തക്കാരൊട കയ്യെററവും ചെയ്തുകൊണ്ടുവന്നു ആലങ്ങാട്ടുപള്ളിയിൽ കൊണ്ടുവന്നു പാർപ്പിച്ച ആ ദർശനക്കാരൻ ആഞ്ചെലൂസ പാദ്രീയെ മെത്രാനായിട്ട വാഴിച്ചതിന്റെ ശെഷം മാർ ശെമഓൻമെത്രാനെ കപ്പലിൽ കരെററിച്ച പൂതിച്ചെരിയിൽ കൊണ്ടുചെന്നു ഒരു മുറിയിൽ ഇട്ടുപൂട്ടി മനസ്സുമുട്ടിച്ച മരണം അകപ്പെടുത്തുകകൊണ്ടും ഇതിന്മണ്ണം പലകൂട്ടം ഏറക്കുറവുകൾ നമ്മുടെ കാരണവന്മാരൊട ഈ രണ്ട എജമാനമ്മാരും ചെയ്തിരിക്കകൊണ്ടും മാർ തൊമ്മാ മെത്രാൻ ശു. പള്ളിക്കു വഴക്കം ചെയ്യാമെന്നും വഴക്കിച്ചുകൊള്ളണമെന്നും പലപ്പൊഴും അപെക്ഷിച്ചാറെയും ഇത്രെനെരവും രണ്ടെടത്തുനിന്നും കൈക്കൊള്ളായ്കകൊണ്ടും രണ്ടുമെല്പട്ടക്കാരരും ഇപ്പൊൾ നമ്മുടെ പരിഷയൊടും ഏറക്കുറവായിട്ടും നെരുവിചാരിക്കാതെ വാലിഭക്കാരരെക്കൊണ്ട പട്ടക്കാരരെപിടിപ്പിച്ച മുറിയിൽ ഇട്ട അപായം വരുത്തുകയും വാലിഭക്കാരരെ കൊണ്ട പട്ടക്കാരരുടെ മെനിദൊഷം വരുത്തുകയും ചെയ്കകൊണ്ടും മെത്രാപ്പൊലീത്താ പട്ടം അഴിക്കയും ഉടനെ മെത്രാൻ അയാൾക്കു പട്ടം കൊടുക്കയും മെത്രാൻ മഹറൊൻ ചൊല്ലിയാൽ ഉടനെ മെത്രാപ്പൊലീത്താ അതിനെ പൊക്കുകയും പാദ്രീമാരു ചില പള്ളികൾതോറും ചെന്നു ഇതിന്നു പരസ്യമായിട്ടും രഹസ്യമായിട്ടും ആറാംപ്രമാണത്തൊട മറുത്ത പലകൂട്ടം ഉതപ്പുകളും അന്യായങ്ങളും ചെയ്കകൊണ്ടും ആയതുകൊണ്ടു മാർഗ്ഗമില്ലാത്തവരുടെ നിന്ദയും പരിഹാസവുംകൊണ്ട നമ്മുടെ പരിഷക്കുവന്നിരിക്കുന്ന കുറവും സങ്കടവും ഉതപ്പുംകൊണ്ടും ഇതൊക്കെയും ഈ സങ്കടങ്ങളൊക്കയും ശു. മാർപ്പാപ്പായുടെ തിരുമനസ്സിലും എത്രയും വിശ്വാസമുള്ള പൊർത്തുക്കാൽ രാജസ്ത്രീയെയും ബൊധിപ്പിക്കത്തക്കവണ്ണം ബ. നമ്മുടെ കരിയാട്ടിൽ മല്പാനച്ചനെയും പാറെമ്മാക്കൽ തൊമ്മാകത്തനാരച്ചനെയും നാം എല്ലാവരുംകൂടെ അയച്ചതിന്റെശെഷം അവര പ്രത്തുക്കാളിലും റൊമായിലും ചെന്നാറെ മെല്പറഞ്ഞ ശത്രുക്കൾ എഴുത്താലെയും വചനത്താലെയും പലകൂട്ടം ചതികൾ വരുത്തുകകൊണ്ട കാലതാമസം വന്നു എങ്കിലും ഉടയതമ്പുരാന്റെ പ്രത്യെകമുള്ള മനൊഗുണത്താലെ ശു. മാർപ്പാപ്പയും വിശ്വാസമുള്ള രാജസ്ത്രീയും നമ്മുടെ അപെക്ഷകൾ ഒക്കെയും കൈക്കൊണ്ടുമതിയാവു എന്നുവച്ച ബ. കരിയാട്ടിൽ മല്പാനച്ചനെ മലങ്കരയുടെ മെത്രാപ്പൊലീത്തായായിട്ട വാഴിച്ചാറെ അവർ ഗൊവായിൽ വന്നതിന്റെശെഷം ചതിയാലെ അപായം വരുത്തുകകൊണ്ടും ഇതിൻവണ്ണം ഉപദ്രവം ചെയ്യുന്നവരെ മെൽപട്ടക്കാരരായിട്ടു സമ്മതിച്ചുവന്നാൽ ഏറിയ സങ്കടങ്ങളും ഞെരുക്കങ്ങളും വരുത്തുകയും പത്തിയുംകൂറും വർദ്ധിപ്പിക്കയും ചെയ്യുന്നതല്ലാതെ നമ്മുടെ പരിഷയ്ക്കു ഒരു ഗുണവും ഉപകാരവും ഉണ്ടാകയില്ലെന്നു തൊന്നുകകൊണ്ടും മററുള്ള നാടുകളിലും ജാതികളിലും തന്റെ തന്റെ പരിഷയിലും പെച്ചിലും മെല്പട്ടക്കാരരു വാഴുന്നപൊലെ നമ്മുടെ പരിഷയ്ക്കും മെപ്പട്ടക്കാരരു നമ്മിൽ ഉണ്ടാകണമെന്നു റൊമ്മായിലും പ്രൊത്തുക്കാളിലും ബൊധിപ്പിക്കകൊണ്ടും മെലിൽ നമ്മുടെ

www.malankaralibrary.com

പരിഷയിൽതന്നെ മെൽപട്ടക്കാരരു ഉണ്ടാകയെ കഴിയൂ എന്നും നാം വിശ്വസിക്കകൊണ്ടും നമ്മുടെ പരിഷയിൽ മെൽപട്ടക്കാരനുണ്ടായിവരുന്നതിന്നകം ബ. ഗൊവർണ്ണദൊരിന്റെ കൽപനപൊലെ പട്ടവും സൈത്തും വാങ്ങിക്കുന്നതല്ലാതെ നമ്മുടെ മെൽപട്ടക്കാരനായിട്ടു മററൊരു ജാതിയെ കൈക്കൊള്ളകയില്ലെന്നും ഇപ്പൊഠ നമ്മുടെമെൽ ഗൊവർണ്ണദൊരായിട്ടു വാണിരിക്കുന്ന പറെമ്മാക്കൽ തൊമ്മാകത്തനാരച്ചനെ മെത്രാപ്പോലീത്തായായിട്ടു വാഴിപ്പാൻ നാം എല്ലാവരുംകൂടെ നിശ്ചയിച്ചിരിക്കകൊണ്ടും അപ്രകാരം എത്രയും വിശ്വാസമുള്ള പ്രൊത്തുക്കാഠ രാജസ്ത്രീയൊടു അപെക്ഷിച്ചാൽ നമ്മുടെ അപെക്ഷ കൈക്കൊണ്ടില്ലങ്കിൽ പ്രൊത്തുക്കാഠ രാജാവിന്നു മലങ്കര എടവക വഴങ്ങുന്നതിന്നു മുമ്പിൽ കാരണവന്മാരു കണ്ടിരുന്നപൊലെ ശ്രു. പള്ളിസ്സു വഴക്കമുള്ള കൽദായക്കാരുടെ മാർ യൌസേപ്പ എന്നു പെരുള്ള പാത്രിയർക്കീസിനെ വഴങ്ങി അവിടെനിന്നു മെത്രാന്മാരെ വരുത്തി ബ.ഗൊവർണ്ണദൊരിനെ വാഴിച്ചുകൊള്ളമാറും. ഈ കാര്യത്തിന്റെ നിദാനം വരുത്തുന്നതിന്നു മുമ്പിൽ ഒരു മുടക്കുവന്നാൽ ആയതു അനുസരിക്കയില്ലെന്നും ഇപ്രകാരമൊക്കെയും നാം എല്ലാവരുംകൂടി നിശ്ചയിച്ചുവക്കകൊണ്ടു ഇതിനൊടു മറുത്തു പുറപ്പെടുന്നവരെ പള്ളിയിൽനിന്നും യൊഗത്തിൽനിന്നും അവരെ പുറത്തു തിരിച്ചിരിക്കുന്നുയെന്നും ശെഷം പള്ളിക്കാരു എല്ലാവരൊടുംകൂടെ ഒരു ഗുണദൊഷവും ഉണ്ടാകയില്ലെന്നും മലങ്കര ൮൪ (84) എടവകക്കാരുംകൂടി ബാവായുടെയും പുത്രന്റെയും റൂഹാദക്കുദശായുടെയും നാമത്താൽ അങ്കമാലി വലിയപള്ളിക്കൽ മാർ ഗീവറുഗീസ് സഹദായുടെ മുമ്പാകെ വച്ചു സത്യം ആകെ എഴുതിവച്ച പടിയൊല.

അങ്കമാലി മുതൽ തെക്കും വടക്കും കിഴക്കും പടിഞ്ഞാറുമുള്ള പള്ളികളിൽ ഉള്ള ജനങ്ങഠ ഒപ്പുവച്ചു.

1. അങ്കമാലി
2. കറവിലങ്ങാട്ട്
3. പഴയൂർ
4. പുത്തുക്കാട്ട്
5. പറപ്പൂക്കര
6. ഒല്ലൂരു
7. എനാമാക്കൽ
8. പുത്തൻചിറ
9. അമ്പഴക്കാട്ട്
10. ചാലക്കുടി
11. കൊരട്ടി
12. കുത്തിയതൊട്ട്
13. ആലങ്ങാട്ട്
14. ഞാറക്കൽ
15. വരാപ്പുഴെ
16. പ്രിയത്താനത്ത്
17. പറവൂരു
18. ചൊവ്വര
19. കാഞ്ഞൂരു
20. മലയാററൂരു
21. കുന്നക്കാലി
22. കൊതമംഗലം
23. കാരക്കുന്നത്ത്
24. ഉദിയമ്പെരൂർ
25. വടയാററ്
26. താഴത്തു കടത്തുരുത്തിയിൽ
27. വൈക്കത്ത്
28. മുട്ടുചിറെ
29. കൊടവെച്ചൂരു
30. പൊറവത്ത്
31. കൊടമാളൂരു
32. കൊതമല്ലൂരു
33. അതിരമ്പുഴ
34. മുളക്കുളത്തു
35. എലഞ്ഞിയിൽ
36. വടകരെ
37. ആരക്കുഴെ
38. മൈലക്കൊമ്പു
39. നാഗപ്പുഴ
40. മുതലക്കൊടം
41. ചുങ്കത്തിൽ
42. നെടിയചാലു
43. രാമപുരം
44. കണ്ടനാട്ട
45. എളവൂരു
46. പൈങ്ങൊളത്ത്



47. ചെർപ്പുങ്കൽ
48. അരാററുപുഴ
49. പാലായി
50. പുന്നത്തുറെ
51. കൊട്ടയകം
52. കാഞ്ഞിരപ്പള്ളി
53. വായാപ്പൂരു
54. പൊറക്കാട്ട്
55. പുളിക്കുന്നെൽ
56. ആലപ്പുഴെ
57. തത്തമ്പള്ളി
58. പള്ളിപ്പുറത്തു
59. മുട്ടത്ത്
60. പള്ളരുത്തി
61. തെക്കൻ പറവൂരു
62. കണ്ടനാട്ട്
63. ആനക്കല്ലുങ്കൽ
64. പൂഞ്ഞാറു
65. എറണാകുളം
66. ചങ്ങനാശെരി
67. കരിഞ്ഞാച്ചിറ
68. കല്ലൂർക്കാട്ട്
69. പൊറയത്താനത്ത്
70. കൊട്ടക്കാട്ട്
71. കിഴക്കമ്പലം
72. മഞ്ഞപ്ര
73. പറപ്പൂരു
74. ചെമ്പിൽ
75. ചാട്ടുകുളങ്ങര
76. കൽപറമ്പു
77. വെളിയനാട്ട്
78. എടപ്പള്ളി
79. പാലൂരു
80. വെല്ലൂരു
81. മററം

## A. D. 2-2-1787

### മലങ്കരപള്ളിക്കാരരു എല്ലാവരുംകൂടി എഴുതിവച്ച പടിയൊലയുടെ പെർപ്പ

നമ്മുടെ കർത്താവീശൊമിശിഹാ പിറന്നിട്ടു ൧൭൮൭-ാം(1787)കാലംകുംഭമാസം പഴെ കണക്കിൽ ൨(2) ന മലങ്കരപള്ളിക്കാരരു എല്ലാവരുംകൂടി എ. പെ. പെ. ബ. ഗൊവർണ്ണദൊരച്ചന്റെ മുമ്പാകെ അങ്കമാലി വലിയ പള്ളിയിൽ വച്ചു നമുക്കു മേലിൽ നടക്കെണ്ടും കാര്യങ്ങഠ എല്ലാററിന്നും എഴുതിവച്ച ക്രമങ്ങഠ-മുമ്പിനാലെ നമ്മുടെ കാരണവന്മാരകാലത്തു അർക്കദിയാക്കൊൻ നമ്മുടെ മെൽ വാണതിൻവണ്ണം ഇനിമെൽ അർക്കദിയാക്കൊനച്ചനെ വാഴിച്ചെ മതിയാവൂ എന്നു പള്ളികളുടെയും പരിഷയുടെയും കാര്യങ്ങഠക്കു ഗുണത്തിന്നും ആയിട്ടു ൧൨ (12) പട്ടക്കാരരെ കാനൊനയ്ക്കുടുത്ത ചിററാഴ്മക്കാരരായിട്ടു തിരഞ്ഞെടുക്കണമെന്നും നിശ്ചയിക്കകൊണ്ടും ആയതിന്നു എല്ലാവരുടെയും മനസ്സൊടുകൂടെ തിരഞ്ഞെടുക്കപ്പെട്ട ൧൨(12) വിചാരക്കാരരുടെ പെരുകഠ (൧) (1) കല്ലറമ്പിൽപള്ളി എടവകക്കാരൻ ഊക്കൻ വറുഗീസകത്തനാരച്ചനും (൨) (2) വെളിയനാട്ടപള്ളി എടവകക്കാരൻ തെക്കെക്കര ചാക്കുകര്യത കത്തനാരച്ചനും (൩) (3) പുത്തൻചിറെ പള്ളി എടവകക്കാരൻ ഇട്ടി ചെറിയകത്തനാരച്ചനും (൪) (4) ചാലക്കുടി പള്ളി എടവകക്കാരൻ ചെർമെൽ വറുഗീസകത്തനാരച്ചനും (൫) (5) അങ്കമാലിപള്ളി എടവകക്കാരൻ ഉറമ്പത്ത അബ്രാഹം കത്തനാരച്ചനും (൬) (6) കുത്ത്യതൊടുങ്കൽപള്ളി എടവകക്കാരൻ തച്ചിൽ അബ്രഹാം കത്തനാരച്ചനും (൭) (7) ചെന്നമങ്ങലത്തപള്ളി എടവകക്കാരൻ കാച്ചപ്പിള്ളി യൌസെപ്പുകത്തനാരച്ചനും (൮) (8) പട്ടമനപറവൂർപള്ളി എടവകയിൽ മുട്ടൻതൊട്ടിൽ കൊരതരു കത്തനാരച്ചനും (൯) (9) പാലായിപള്ളി എടവകയിൽ കട്ടുയുകത്ത അബ്രഹാം കത്തനാരച്ചനും (൧൦) (10) ആനക്കല്ലുങ്കൽപള്ളി എടവക പ്ലാത്തൊട്ടത്തിൽ തൊമ്മാ കത്തനാരച്ചനും (൧൧) 11) ചുങ്കത്തിൽ പള്ളി എടവകയിൽ ഇല്ലിക്കൽ പുന്നൂസ കത്തനാരച്ചനും (൧൨) (12)

www.malankaralibrary.com

ചങ്ങനാശെരിപള്ളി എടവകയിൽ തെക്കെക്കര കുഞ്ഞിചെറിയാ കത്തനാരച്ചനും ഈ ൰൨ (12) പെരും എജമാനൻ കല്പിക്കുന്നെടത്തു പാത്തു മാർഗ്ഗത്തിന്നും മര്യാദിക്കും വെണ്ടുന്ന പ്രയത്നങ്ങൾ ചെയ്തുകൊള്ളുണമെന്നും ഈ ൰൨ (12) പെരിൽ ഒഴിയുന്ന ആളിന്നു പകരം എജമാനനും ശെഷം അതിലുള്ളവരുംകൂടി ബൊധിച്ചു യൊഗ്യതയുള്ളവരെ തിരിഞ്ഞെടുത്തു ൰൨ (12) പെരെ തെകച്ചുകൊള്ളുണമെന്നും ഈ ൰൨ (12) വിചാരക്കാരരിൽ കഴിഞ്ഞുപൊകുന്ന ആളുകളുടെ മുതൽ ശെഷം ഈ ൰൨ (12) പെരുടെ സമൂഹത്തിൽ വച്ചുകൊള്ളുണം. ഈ മുതലിന്നു അവരുടെ തറവാട്ടുകാൎക്കു അവകാശവുമില്ലാ. ബ. നമ്മുടെ മെത്രാപ്പൊലീത്താ അച്ചനും അൎക്കദിയാക്കൊനച്ചനും ൰൨ (12) വിചാരക്കാൎക്കും ചിലവിന്നു മലങ്കരെ പള്ളിഒക്കെയിലും ഒരാണ്ടിലെ വരവിൽ നിദാനചിലവു നീക്കി ശെഷമുള്ള മുതൽ എടുത്തു സ്വരൂപിച്ചു നാലു ദിക്കിലായിട്ടു കാണമിട്ടു അതിന്റെ പലിശകൊണ്ടു ചിലവുകഴിഞ്ഞുകൊള്ളുണം. മുതൽ എടുത്തു കാണമിടുന്നതിന്റെ പ്രകാരവും അതിന്റെ വരവും എജമാനനെ ബൊധിപ്പിച്ചു ചിലവിന്നു നീക്കി ശെഷം മുതൽ ൰൨ (12) പെരുടെ സമൂഹത്തിൽവച്ചു സൂക്ഷിക്കയും. പലിശവരവും ഒരാണ്ടിലെ ചിലവും എഴുതി കണ്ടാൽ ചിലവു കഴിഞ്ഞില്ലെങ്കിൽ പൊരാത്ത മുതൽ ഇതിൻവണ്ണം തന്നെ എടുത്തു തരികയും ആകാം. നമ്മുടെ പള്ളിക്കും പരിഷക്കും വെണ്ടുന്ന ഗുണത്തിനും ഉപകാരത്തിനും വെണ്ടി എഴുത്താലെയും വചനത്താലെയും ജാതി എജമാനന്മാര ബൊധിപ്പിച്ചു ഇതു ൰൨ (12) പെരുംകൂടി ചെയ്യെണ്ടുന്ന കാര്യങ്ങൾ ഒക്കെയും ഞങ്ങൾ എല്ലാവരുംകൂടി ചെയ്തുപൊലെ അനുവദിച്ചിരിക്കുന്നു. ഇപ്രകാരം സമ്മതിച്ചു എഴുതിവച്ചു അങ്കമാലി മുതലായ മലങ്കരെ പള്ളിക്കാരരു എല്ലാവരുംകൂടി എഴുത്തു.

| പള്ളികൾ | പട്ടക്കാർ | ശെമ്മാശ്ശന്മാർ | പള്ളികൾ | പട്ടക്കാർ | ശെമ്മാശ്ശന്മാർ |
|---|---|---|---|---|---|
| എറണാകുളം | 2 | — | കുറവിലങ്ങാട്ട് | 4 | — |
| തെക്കൻപള്ളിപ്പുറം | 4 | 1 | കടുത്തുരുത്തി | 2 | 1 |
| കൊടവച്ചൂരു | 2 | 1 | എലഞ്ഞിയിൽ | 2 | 1 |
| മുട്ടത്തു | 4 | 1 | മുളക്കുളം | 3 | — |
| തത്തമ്പിള്ളി | 1 | — | പൊറവത്തു് | — | 1 |
| ആലപ്പുഴെ | 1 | 1 | വടകര | 1 | 1 |
| പുളിംകുന്നു | 2 | 2 | ആരക്കുഴെ | 5 | 1 |
| കല്ലൂർക്കാട്ട് | 7 | 2 | മൈലക്കൊമ്പ് | 1 | — |
| പുറക്കാട്ട് | 1 | — | മുതലക്കുടം | 1 | — |
| വായാപ്പൂരു | 3 | 1 | തെക്കൻപറവൂരു | 2 | — |
| കാഞ്ഞിരപ്പള്ളി | 2 | 2 | നാകപ്പുഴെ | — | — |
| ഈരാററുപുഴ | 2 | 1 | വടയാററ് | — | — |
| പൈങ്ങളം | 1 | — | കണ്ടനാട്ട് | — | — |
| രാമപുരം | 2 | — | കരിങ്ങാഞ്ചിറ | — | — |
| കൊടമാളൂരു | — | 1 | എടപ്പിള്ളി | 1 | — |
| അതിരമ്പുഴെ | 1 | 1 | വരാപ്പുഴെ | 3 | 1 |
| കൊതമല്ലൂരു | 2 | — | ആലങ്ങാട്ട് | 6 | 2 |
| മുട്ടുചിറ | 2 | 1 | പറവൂരു | 3 | 1 |



| | | | | | |
|---|---|---|---|---|---|
| ഞാറക്കൽ | — | 2 | അങ്കമാലി | 8 | 3 |
| കുത്ത്യതൊട്ട | 3 | — | മഞ്ഞപ്പിറ | 2 | — |
| മുഴിക്കുളം | 3 | 2 | മലയാററൂരു | 3 | — |
| അമ്പഴക്കാട്ട് | 10 | — | പുത്തമ്പള്ളി | 3 | — |
| വെളിയനാട്ട് | 2 | 1 | കുറുപ്പുംപടി | 1 | 1 |
| പള്ളുരുത്തി | 2 | — | കൊതമങ്ങലത്തു് | 3 | — |

പള്ളി എല്ലാംകൂടി ഈ രൂപതയിൽ 48. ചെറിയ പള്ളികളും കുരിശുപള്ളികളുമായി 20. പട്ടക്കാരരു 24. ശെമ്മാശ്ശന്മാർ 35.

## A· D. 16-7-1783

എ. പെ. പെ. ബ. കൊടുങ്ങല്ലൂരുരൂപതയുടെ കരിയാട്ടിൽ മാർ യൌസെപ്പ മെത്രാപ്പൊലീത്തായുടെ പടിസാധനത്തിന്റെ പെർപ്പു

തമ്പുരാന്റെയും ശു. മാതാവായ പള്ളിയുടെയും മനൊഗുണത്താൽ അതിവിശ്വാസ രാജസ്ത്രീയുടെ വിചാരക്കാരരിൽ ഉൾപ്പെട്ട മലങ്കര എടവക ഒക്കെയുടെയും മെത്രാപ്പൊലീത്താ ആകുന്ന നാം മാർ യൌസെപ്പു നമ്മുടെ എടവകയിലുള്ള പട്ടക്കാൎക്കും ലൊകൎക്കും ഈശൊമിശിഹായിൽ സ്വസ്ഥാനവും വാഴ്വും.

ഇരുട്ടിലും മരണത്തിന്റെ നിഴലിലും ഇരിക്കുന്നവൎക്കു വെളിവു ഉദിച്ചുയെന്നു എഴുതപ്പെട്ടിരിക്കുന്നു എന്നു വരുമ്പൊൾ ആ വെളിവിന്റെ രശ്മിയാൽ ഈ ലൊകത്തിങ്കൽ വരുന്ന മനുഷരൊക്കെയും തങ്ങളുടെ കുറിമാനം അറിഞ്ഞു ആയതിന്നു തക്കവണ്ണം തങ്ങളുടെ നടപടികൾ ചൊവ്വാക്കുകയും തിന്മകൾ ഒക്കെയും നീക്കുകയും വെണം. ആയതുകൊണ്ടു മനുഷ്യരുടെ രക്ഷയുടെ ഉടയവൻ ആയ നമ്മുടെ കർത്താവു തന്റെ പള്ളിയായ തിരുസഭെക്കു ചിററാഴ്മക്കാരരെ എല്ലായ്പ്പൊഴും കല്പിക്കുമാറാകുന്നു. അതായതു തന്റെ പഠിത്വവും പ്രമാണങ്ങളും മനുഷ്യൎക്കു പരസ്യപ്പെടുത്തുവാനും ആയതു കാട്ടിച്ചുകൊണ്ടു ഭാഗ്യവാഴിക്കു അവരെ മെയ്ക്കുവാനും. എന്നാൽ ഈ ഹെതുവാൽതന്നെ പ്രത്യെകം നിങ്ങളുടെ മെലുള്ള ഉടയതമ്പുരാന്റെ മനൊഗുണത്താൽ ആമെൻ ചൊല്ലിയ വെളിവിനുടെ ചിററാഴ്മക്കാരരായിട്ടു മുതപ്രജ എന്നപൊലെ നമ്മെയും കഴലപ്പെടുത്തുകയും ചെയ്തു. എന്നാൽ സൎവ്വവല്ലഭനാകുന്ന നാഥൻ ഇത്ര വലിയ ഒരു ഭാരം ചുമപ്പാനുള്ളതിന്നു നമ്മെ പ്രാപ്തിവരുത്തുവാൻ നമ്മുടെ ശൈശവകാലത്തിൽ തന്നെ ഏറിയ വെള്ളങ്ങളിൽനിന്നു എന്നപൊലെ ഇത്ര ഏറിയ മനുഷരുടെ യൊഗത്തിൽനിന്നു നാം ഏകനെ കൈക്കൊണ്ടു തന്റെ പ്രമാണങ്ങളുടെ വഴീകൾ ഓടുവാൻ ഹൃദയവിരി എന്നു നമ്മെ വരുത്തുവാൻ എല്ലാ പുണ്യങ്ങളുടെ അമൃതു നിറഞ്ഞ ഭവനത്തിങ്കൽ നമ്മെ പൂവിച്ചതിന്റെ ശെഷം അവിടെനിന്നും ശു. ശാസ്ത്രങ്ങളും ബൊധജ്ഞാനങ്ങളും ധൎമ്മങ്ങളും മാർഗ്ഗ വിഭക്തികളും പഠിച്ചതിന്റെ ശെഷം ഒടുക്കം ഉയരപ്പെട്ടവന്റെ കല്പനയാലെ ഏവൻഗെലിയൊന്റെ തൊപ്പിൽ വെലചെയ്വാനായി മാർ തൊമ്മാനസ്രാണികൾ എന്നു ചൊല്ലപ്പെട്ട ജാതിയുടെ പക്കൽ നാം യാത്രയാക്കപ്പെടുകയും ചെയ്തു. അതെന്തെന്നാൽ ഈ ജാതിയുടെ കരിയാട്ടിൽ അങ്ങ്ക്ക്ങിൽ പുതിച്ചെരിയിൽ എന്നു ചെല്ലപ്പെട്ട തറവാട്ടിൽ നമ്മുടെ ജന്മം ആകുന്നതിനെക്കൊണ്ടു ഇതിന്റെ ശെഷം പതിനൊന്നാളുകളുടെ ശെഷം നല്ല മനസ്സൊടും ഫലപ്രാപ്തിയൊടും നമ്മുടെ വെലയും പ്രയത്നവും കഴിച്ചതിന്റെ ശെഷം എല്ലാവരുടെ വിചാരത്താലും കല്പനയാലും മലങ്കര എടവകയിൽ ഉള്ള പള്ളികളുടെ ദിഷ്ടതികൾക്കു വെണ്ടുന്ന സഹായ

www.malankaralibrary.com

ങ്ങളെ അന്വെഷിപ്പാനായിട്ടു പൊർത്തുഗാൽ രാജ്യത്തിന്നും റൊമാ നഗ
രിക്കും പുറപ്പെട്ടു എല്ലാ എടത്തും കാര്യങ്ങൾ ഒക്കെയും ശുഭമായിട്ടു അനു
ഭവിച്ചു നമ്മെ അയച്ച നിങ്ങൾക്കു കാര്യങ്ങൾ ഒക്കെയുടെയും കണക്കു
ബൊധിപ്പിപ്പാൻ വരുന്ന നെരത്തിൽ ഇതാ നിനച്ചിരിക്കാത്തവണ്ണം
കർത്താവിൻെറ കൈ നമ്മുടെ മെൽ അതായ്ത ഒരിക്കലും നിരുവിക്കാത്ത
നെരത്തിൽ മാർഗ്ഗവരുകയും ദൈവഭക്തിയും നിറഞ്ഞു എത്രയുമത്രെ
പെരികയുള്ള രാജസ്ത്രീയുടെ തിരുവുള്ളത്താൽ കൊടുങ്ങല്ലൂരു മെത്രാപ്പൊലീ
ത്തായുടെ സ്ഥാനത്തിന്നു കഴലപ്പാടിൻെറ തിരുവെഴുത്തു നമുക്കു വരികയും
ചെയ്തു. അതെന്തെന്നാൽ രാജാക്കളുടെ ചങ്കുകൾ തൻെറ തൃക്കൈകളിൽ
ആയിരിക്കുന്ന സർവ്വവല്ലഭൻ ഇതിൻവണ്ണം ക്രമമാക്കികല്പിച്ചു ആയത
അത്രെ ആകുന്നു. ആയതു കണ്ടു ഉടൻ നാം പാരം പരിഭവിച്ചു ഭയപ്പെട്ടു മുട്ടു
കളും കുത്തി ഏറിയ കണ്ണുനീരൊടുകൂടെ തൻെറ തിരുമനസ്സു നമ്മെ അറിയി
പ്പാനായിട്ടു ഉടയതമ്പുരാനൊടു നമസ്കരിക്കയും അപെക്ഷിക്കയും ചെയ്തു.
ഇങ്ങനെ ഏറിയ നെരം കഴിക്കയും എങ്ങനെ വെണ്ടുവെന്നും എന്തു ചെയ്യെ
ണ്ടുയെന്നും അറിയാതെകണ്ടു ഭയപ്രതാപത്തിൽ വീണു ചഞ്ചലമായിരി
ക്കുന്ന നെരത്തിൽ ബലപ്പെട്ടവരെ നാണിപ്പിപ്പാൻ ബലക്ഷയപ്പെട്ടവരെ
തിരഞ്ഞെടുപ്പാൻ സർവ്വവല്ലഭൻെറ മര്യാദയാകുന്നു എന്നുള്ളതിനെ ഓർക്കു
കയും ചെയ്തു. എന്നാൽ തനിക്കു മന്ത്രി ആരാകുന്നു, എന്തെ ഇങ്ങനെ ചെ
യ്യുന്നു എന്നു തന്നൊടു ആരു ചൊദിപ്പാനുള്ളു. ബഹുമാനത്തിന്നെങ്കിലും മെ
നിക്ഷയത്തിന്നെങ്കിലും എന്തെ ഇങ്ങനെ നീ ചെയ്യുന്നുയെന്നു കുശവനൊടു
ഉണ്ടൊ മണ്ണു ചൊദിപ്പാനൊള്ളു. അപ്പൊഴെ ഒരുമിച്ചു തൻെറ സർവ്വ വല്ല
ഭവും അനുഗ്രഹവും മനൊഗുണവും കാട്ടുവാൻ ദാരിദ്രപ്പെട്ട നമ്മെ നിലത്തു
നിന്നുയർത്തി തൻെറ ലൊകരിൽ പ്രധാനികളൊടു സമം ആക്കുകയും
ചെയ്തു.

അപ്പഴെ ആർക്കും തിരുവിരാതെ പൊടുക്കനെണ്ടായ ഈവക കഴലപ്പാടു
ഉയരപ്പെട്ടവൻെറ വലത്തെതാകുന്നുവെന്നു നാം സംശയിച്ചതുമില്ല. എങ്കി
ലും മനസ്സടക്കത്തൊടെ ക്രമെണ നമ്മുടെ മെൽതന്നെ സൂക്ഷിച്ചു തുടക്കം
തൊട്ടു ഒടുക്കത്തൊളം ഉണ്ടായതൊക്കെയും വിചാരിച്ചുകണ്ടാറെ നമ്മുടെ
ആത്മത്തിൻെറ ദൊഷ അവലക്ഷണത്തെപ്രതി എന്നാൽ ഏററവും
ഇത്രവലിയ തുണകൾക്കും മനഗുണങ്ങൾക്കും സഹായങ്ങൾക്കും ഒട്ടും നന്ദി
കൂടാതെകണ്ടു എല്ലാപ്പൊഴും നാം പകരപ്പെട്ടിരിക്കുന്നുവെന്നു നിരൂപിക്ക
കൊണ്ടും പാരം വെദനപ്പെട്ടു കണ്ണുനീരുകൾ ചിന്തുകയും ചെയ്തു. ഇതുമെ
ന്നെ്യ മെത്രാപ്പൊലീത്താടെ സ്ഥാനവും സ്ഥാനത്തിൻെറ പെരുമയും വലി
പ്പവും വിചാരിച്ചു കണ്ടാറെ അപ്പൊൾ തന്നെ അടക്കമുള്ള ആയുസ്സിൻെറ
അകലപ്പെട്ട സമാധാനമില്ലാതെ കാററും പെശരുകളും നിറയപ്പെട്ടു വരുതി
യിൽവീണ ആയതിൽ കാററുകളുടെയും ഓളങ്ങളുടെയും പെരുപ്പംകൊണ്ടു
മുഴകി അമളിപ്പെടുന്ന പ്രകാരംപോലെ തന്നെ നൊക്കി. അതെന്തെന്നാൽ
ഈ സ്ഥാനത്തിൻെറ ശക്തിയും പെരിമയും മാലാഖമാർക്കു തന്നെയും
ഭയപ്പെടെണ്ടുന്നതാകുന്നു. എന്നുവരുമ്പൊൾ നമ്മുടെ ശക്തിയുടെ ബലക്ഷ
യവും കുറവും നന്നായി അറിഞ്ഞു നമ്മുടെ അവയൊഗ്യങ്ങളുടെ സങ്കടത്തെ
ക്കുറിച്ചു സിംഹംപൊലെ അലറുകയും ചെയ്തു. ഇങ്ങനെ സങ്കടങ്ങൾ നിറ
യപ്പെട്ട നിരകളിൽ അമളിപ്പെട്ടിരിയ്ക്കുന്ന മദ്ധ്യെ നല്ലബുദ്ധി നിരൂ
പിച്ചു ഇത്ര വലിയ ഈ പ്രവൃത്തി ചെയ്ത തമ്പുരാനുതന്നെ ശരണമൊക്ക
യൊടുകൂടെയും തിരിയപ്പെട്ട്, വിശ്വാസത്തൊടുകൂടെയും നമ്മെത്തന്നെ
കയ്യാളിച്ചുകൊണ്ടും ഉടയവൻ താനാകുന്നു, തൻെറ തിരുമനസ്സിങ്കൽ തെ
ളിഞ്ഞ വസ്തു ചെയ്യട്ടെ എന്നുള്ള യൊബക്കെനാ ചൊല്ലിയ വചനങ്ങൾ
പലപ്പൊഴും വീണ്ടും വീണ്ടും ചൊല്ലിക്കൊണ്ടും തൻെറ സൊപ്പാവെല ചെ
യ്‌വാനായിട്ടു നമുക്കു കയ്യാളിക്കാൻ സംശയിച്ചില്ല. എന്നാൽ താൻ



തന്നെ ആയതിന്നു വെണ്ടുന്ന സഹായങ്ങൾ ഒക്കെയും മതിയാകുംവണ്ണം നമു
ക്കു തരുമെന്നു ഉറച്ചുശരണപ്പെടുകയും ചെയ്തു. അപ്പൊഴെ നമ്മുടെ ഏക
ശരണവും ഉറപ്പും ആകുന്ന തൻെറ തിരുമനസ്സിന്നു വഴങ്ങിക്കൊണ്ടും തൻെറ
വിശ്വാസത്തിന്നും മുഷ്കരത്വത്തിനും നമ്മെത്തന്നെ കയ്യേൾപ്പിച്ചുകൊ
ണ്ടും കർത്താവെ ഇനിയും നിൻെറ ലൊകർക്കു ദിഷ്ടതിയുണ്ടെങ്കിൽ വെല
എടുപ്പാൻ നമുക്കു മടി ഒട്ടുമില്ലെന്നു ഉത്തരിച്ചു ചൊല്ലുകയും ഇങ്ങിനെ നമു
ക്കു ശക്തിതരുന്ന ആളാലെ സർവ്വത്തും നാം വശമാകുന്നു എന്നു പൌ
ലൊസിനൊടുകൂടെ ഉറപ്പായിട്ടു ശരണപ്പെട്ടുംകൊണ്ടു രക്ഷയുടയവൻെറ
വചനത്താലെ ശ്ളീഹന്മാരുടെ തലവൻ പത്രൊസിനൊടുകൂടെ നമ്മുടെ
വല വീശുകയും ചെയ്തു. അതെന്തെന്നാൽ ഒരു പ്രവൃത്തിക്കു ഒരുത്തനെ
തിരഞ്ഞെടുത്താൽ ആയതിന്നുവെണ്ടുന്ന സഹായങ്ങളും കൂടെ കൊടുപ്പാൻ
തനിക്കു മര്യാദയത്രെ ആകുന്നു. ഇവകൂടാതെ അത്രെ വിശ്വാസരാജിതവും
മലയാളത്തിലുള്ള ജാതിയുമായിട്ടു പണ്ടു പഴമയാലെ നീക്കികൂടാത്തവണ്ണം
ഉണ്ടായിരിക്കുന്ന ഐകമത്യത്തെപ്രതി ഏകദെശം രാജകല്പനയുടെ
ശക്തികൊണ്ടും ഒട്ടെറയും നമ്മുടെ നാട്ടിൻെറ ദിഷ്ടതികൊണ്ടും നല്ലവണ്ണം
ഞെരുക്കിയെങ്കിലും തെളിവും ശക്തിയുംഉള്ള മനസ്സാലെ ഈ എത്രയും
ഭാരപ്പെട്ട ചുമടു ചുമപ്പാൻ നമ്മുടെ കഴുത്തു ചായ്കയും ചെയ്തു. എന്നാൽ
ഒട്ടെറയും നമ്മുടെ തെളിവും മടിയും ആയിരിക്കുന്ന ജെഷ്ഠാനുജന്മാരെ നാം
നിങ്ങൾക്കുവെണ്ടി ചെയ്യുന്നതുപൊലെ നിങ്ങളും അതിൻവണ്ണംതന്നെ നമ്മെ
പ്രതി നമസ്കരിക്കുന്നതിനാലെ അതിൻെറ നെരം വരുമ്പൊൾ കാര്യങ്ങ
ളൊക്കെയും ശുഭമായി വരുമെന്നു ശരണം നമുക്കുണ്ടായിരിക്കകൊണ്ടത്രെ
ഇതിൻവണ്ണം നിശ്ചയിച്ചതു. എന്നുവരുമ്പൊൾ നമ്മാൽ വശമുള്ളെടത്തൊ
ളം നിങ്ങളുടെ ആത്മത്തിന്നും ശരീരത്തിന്നും ഉള്ള ഗുണമെന്നെ്യ മറെറാരു
വസ്തു നാം ആഗ്രഹിക്കുന്നില്ലെന്നും ആയതുകൊണ്ടു കുലങ്ങളുടെ ശ്ലീഹാ
പൌലൊസിനെപ്പൊലെ നിങ്ങളുടെ ആത്മാവുകൾക്കുവെണ്ടി നമുക്കുള്ള
സർവ്വത്തും എന്നുതന്നെയുമല്ലാ, പിന്നെയൊ നമ്മെത്തന്നെയും നല്ല മനസ്സൊടു
കൂടെ കൊടുപ്പാൻ നാം ആഗ്രഹിച്ചിരിക്കുന്നുവെന്നും തമ്പുരാൻെറയും തൻെറ
മാലാഖാമാരുടെയും മുമ്പാകെ നിങ്ങളൊടു നാം അറിയിക്കയും ചെയ്യുന്നു.
വിശെഷിച്ചും മെൽചൊല്ലിയ കാര്യത്തിൽനിന്നും നമ്മുടെ കുറിമാനത്തിൽ
നിന്നും വാങ്ങിപൊകാതെയിരിപ്പാൻ ഉപവിയാകപ്പെട്ടവരെ നിങ്ങ
ളൊടു നാം അപെക്ഷിക്കുന്നു. നമ്മെപ്രതി നിങ്ങൾ നമസ്കരിപ്പിൻ.
എന്നാൽ ഒട്ടെറയും സർവ്വത്തും വശമാകുന്നവൻ പരിപാലനത്തിന്നു വെണ്ടു
ന്ന ബൊധജ്ഞാനം നമുക്കു തരുവാനും നമ്മൊടുകൂടെ അതായതു് നിങ്ങൾ
എല്ലാവരുടെയും ഗുണത്തെപ്രതി നമ്മൊടുകൂടെ പ്രയത്നം ചെയ്‌വാനു
മായിട്ടു തൻെറ പെരുമയുടെ സിംഹാസനത്തിൽനിന്നു ആയതു നമുക്കു
അയച്ചുവിടുവാനും ഇതിനെക്കൊണ്ടു തൻെറ മുറിവാലെ നാമെല്ലാവരും
സ്വസ്ഥതപ്പെട്ടു തൻെറ സിംഹാസനത്തിൽ മുൻനമ്മുടെയും നിങ്ങളുടെയും
അപെക്ഷ ആയിരിക്കയും വെണം. അനുഗ്രഹങ്ങളുടെ ബാവാ ആകുന്ന
തണുപ്പൊക്കയുടെയും തമ്പുരാൻ നമ്മെ തണുപ്പിപ്പാനും നാമും നിങ്ങളും കട
മായിരിക്കുന്ന വസ്തു പ്രവൃത്തിയാലെ നമ്മെക്കൊണ്ടു സമാപ്തി ആക്കു
വാനും അപ്പൊഴെ ജെഷ്ഠാനുജന്മാരരെ നമ്മുടെ ഇടയന്നടുത്ത ഒരു ശ്രമ
ത്തിൻെറ സാക്ഷിയും ബാവാസ്ഥൂടുത്ത ഉത്സാഹത്തിൻെറ അടയാളവും
നിങ്ങളുടെ നെരെ നമുക്കുള്ള കപടമില്ലാത്ത ഉപവിയുടെ തിരിച്ചറിവും ആ
കുന്ന ഈ നമ്മുടെ സാധനം ഈശൊമിശിഹായിൽ ന്യായമായിരിക്കുന്ന
വഴക്കത്തൊടുകൂടെ കൈക്കൊണ്ടു നിങ്ങളുടെയിടയിൽ അതിനെ വായിക്ക
ണമെന്നു നിങ്ങളൊടു നാം അപെക്ഷിക്കയും ചെയ്യുന്നു. അതെന്തെ
ന്നാൽ തമ്പുരാൻെറ തിരുമനസ്സാലെ ഇത്രപ്പഴം ശരീരത്താൽ നിങ്ങളിൽ
നിന്നു നാം അകന്നിരിക്കുന്നതിനെക്കൊണ്ടു നിങ്ങളുടെമെലുള്ള നമ്മുടെ മന

www.malankaralibrary.com

സ്സീന്റെ ആഗ്രഹവും നിരൂപണയും നിങ്ങളുടെ ഗുണങ്ങൾക്കുവേണ്ടി ഉള്ള നമ്മുടെ ശ്രമവും ഇതിനാലെ നിങ്ങൾക്കു നാം പരസ്യപ്പെടുത്തുകയും ചെയ്യുന്നു. വിശേഷിച്ചും തമ്പുരാന്റെ അനുവാദത്താൽ നിങ്ങളുടെ പക്കൽ നാം വരുമ്പോൾ ഇപ്പോൾ അകന്നു നിന്നുംകൊണ്ടു വചനങ്ങളാൽ കല്പിക്കുന്ന വസ്തു തന്നെ അപ്പോൾ പ്രവൃത്തിയാൽ കാട്ടുകയും ചെയ്യും. അപ്പോഴൊ ആചരിക്കപ്പെട്ട നമ്മുടെ ജ്യേഷ്ഠാനുജന്മാരും പട്ടക്കാരുമെ! കർത്താവിന്റെ ആടുമാടുകളെ കാർപ്പാനായിട്ടു ഏവൻഗെലിയോന്റെ തോപ്പിൽ വേല ചെയ്‌വാനായിട്ടും നമ്മുടെ ഏറിയ മതപ്രസാദത്താൽ പള്ളിയുടെ വികാരിമാരായിട്ടു ഉയരപ്പെട്ടവൻ നിങ്ങളെ കല്പിച്ചതിനെക്കൊണ്ടും നമ്മോടുകൂടെ ദിവസത്തിന്റെ ചൂടും ഉഷ്ണവും സഹിച്ചു തന്റെ തോപ്പിൽ നമ്മോടുകൂടെ വേലയും പ്രയത്നവും എടുപ്പാനും ഇങ്ങനെ നമ്മുടെ വേലയും ശ്രമവും ഉത്സാഹവുംകൊണ്ട് എല്ലായിടത്തുംതന്റെ ദൈവസ്തുതി പ്രകാശിപ്പാനും പഴെ യുഗങ്ങളിലുള്ള ധർമ്മങ്ങൾ വീണ്ടും ഉണ്ടായി നമ്മുടെ നല്ല പ്രവൃത്തികൾ എല്ലാവരും കണ്ടു ആകാശങ്ങളിൽ ഇരിക്കുന്ന നമ്മുടെ ബാവായെ സ്തുതിപ്പാൻ സംഗതി വരുത്തുവാനും തക്കവണ്ണം ഉടയവൻ താൻ തന്നെ ക്രമപ്പെടുത്തുകകൊണ്ടും ഇത്രപ്പൊഴും വാച്ചവിഘ്നവും ഉണ്ടായിരുന്നെങ്കിൽ മേലിലെല്ലു ആയതിൽ ഒന്നും കൂടാതെ നിങ്ങളുടെ ശക്തിക്കു തക്കവണ്ണം വേലയും പ്രയത്നവും എടുക്കുമെന്നുള്ളതു നാം സംശയിക്കുന്നുമില്ലാ. അതെന്തെന്നാൽ നിങ്ങളുടെ കയ്യിൽ ഏല്പിച്ചിരിക്കുന്ന ആടുമാടുകളുമ്മേൽ എത്രയും തീർച്ചയോടുകൂടെ സർവ്വത്തും വശമാകുന്നവനു കണക്കുകൊടുക്കണമെന്നു നിങ്ങൾതന്നെ അറിഞ്ഞിരിക്കയുംചെയ്യുന്നു. എന്നുവരുമ്പോൾ കർത്താവാൽ ഏതാനും നിങ്ങളെയും നാം അറിയിക്കയും ബോധിപ്പിക്കയും ചെയ്യുന്നുവെന്നു നിങ്ങൾക്കു തോന്നുന്നുവെങ്കിൽ ആയതു നമ്മുടെ മേൽതന്നെ നമുക്കുള്ള പേടികൊണ്ടെങ്കിലും നിങ്ങളുടെ ഇരുപ്പുമ്മേലും നമ്മുടെ നേരെയുള്ള നിങ്ങളുടെ വഴക്കത്തിമ്മേലും ഭക്തിമേലും ഉള്ള നമ്മുടെ മനസ്സുറപ്പുകൊണ്ടെങ്കിലും അത്രെ ആകുന്നുവെന്നു നിരൂപിച്ചുകൊള്ളുകയുംവേണം. അപ്പോഴൊ മിശിഹായുടെ മണവാട്ടിയോടുകൂടെ നിങ്ങൾ പറഞ്ഞൊത്തിരിക്കുന്ന കടങ്ങൾ തന്നെ നിങ്ങളെ നാം ഓർപ്പിക്കുന്നതല്ലാതെ വീണ്ടു പുത്തനായ ഒരു വസ്തു നിങ്ങളോടു നാം അറിയിക്കുന്നുമില്ലാ. എന്നാൽ നല്ല ഇടയന്റെ അടയാളം അതിനു ചർച്ചയായിട്ടു മിശിഹാ എഴുതുന്നു. ഇവണ്ണം തമ്പുരാന്റെ ചിററാഴ്മക്കാരൻ ലോകത്തിന്നു കുരിശുമ്മേൽ തൂങ്ങപ്പെട്ടവൻ, ലോകത്തുവന്നു കുരിശുമ്മേൽ തൂങ്ങപ്പെട്ടതും തമ്പുരാന്നു തെളിവായിരിക്കയും ഉയർപ്പുള്ളതും ശുദ്ധമാക്കപ്പെട്ടതും തമ്പുരാന്നു തെളിയുന്നതുമായ പൂജ ആയി തന്റെ ശരീരം കാട്ടുകയും ആശ ഒന്നുംകൂടാതെ മിശിഹായെ ഉയത്തുകൊണ്ടും ദോഷങ്ങൾക്കു മരിച്ചു നേറിവിന്നു ജീവിച്ചുകൊണ്ടും തമ്പുരാന്റെ തിരുമുന്നിൽ തന്നെ അല്ലാ, പിന്നെയൊ മാനുഷമക്കളുടെ മുമ്പിൽ കൂടെയും നല്ല പ്രവൃത്തികൾ കാട്ടുകയും ദുഷ്ടതയും ലോകാഗ്രഹങ്ങളും ഉപേക്ഷിച്ചുകൊണ്ടും നല്ല പഠിതത്താലെയും പുണ്യങ്ങളുടെ തികച്ചിലാലെയും എല്ലാ വസ്തുക്കൾകൊണ്ടും നല്ലകണ്ടു പഠിതം തന്നിൽ തന്നെ കാട്ടിക്കൊണ്ടും അടക്കത്തോടും നേറിവോടും ഭക്തിമയോടുംകൂടെ ഇഹലോകത്തുങ്കൽ വ്യാപരിക്കണമെന്നും, വീണ്ടും തമ്പുരാന്റെ ചിററാഴ്മക്കാരൻ ശങ്കകൂടാതെ ഏറിയ ക്ഷമയാലെയും, ഞെരുക്കങ്ങളാലെയും, ദിഷ്ടതികളാലെയും സങ്കടങ്ങളാലെയും അരിഷ്ടതകളാലെയും, ഉറക്കം ഒഴിച്ചിലുകളാലെയും ഉപൊതങ്ങളാലെയും, ബ്രഹ്മചാരിത്വങ്ങളാലെയും, അറിവാലെയും, മനോദീർഘത്താലെയും, കനിവാലെയും, റൂഹാദക്കുദശായാലെയും, കപടമില്ലാത്ത ഉപവിയാലെയും പട്ടാങ്ങയുള്ള വചനത്താലെയും, തമ്പുരാന്റെ ശക്തിയാലെയും, ഇടത്തെതിലും വലത്തെതിലും പിടിച്ചിരിക്കുന്ന പുണ്യസുഖ





ത്തിന്റെ ആയുധത്താലെയും, സ്തുതിയാലെയും മേനിക്ഷയത്താലെയും, നല്ലകീർത്തിയാലെയും, ശ്രുഭങ്ങളാലെയും, അശ്രുഭങ്ങളാലെയും തന്റെ കാലം കഴിച്ചു കർത്താവിൽനിന്നു നേറിവിന്റെ മുടി കൈക്കൊള്ളുവോളം നേറിവാകുംവണ്ണം യുദ്ധം ചെയ്യണമെന്നും വിശേഷിച്ചും തമ്പുരാന്റെ ചിററാഴ്മക്കാരരു തങ്ങളുടെ ചിററാഴ്മ യാതൊരുത്തനും നിന്ദിക്കാതെയിരിപ്പാൻ പുണ്യങ്ങൾകൊണ്ടു ചമയപ്പെട്ടവരും അടക്കമുള്ളവരും അനുഗ്രഹകടാക്ഷങ്ങൾ ഉള്ളവരും മനൊഗുണവും എളിമയും അടക്കവും നിറഞ്ഞിരിക്കുന്നവരും ആയിരിക്കയും വേണം. വിശേഷിച്ചും തങ്ങളുടെ കാര്യംതന്നെ ക്ലേശിക്കാത്തവരും തമ്മിൽ തമ്മിൽ ക്ഷമിക്കുന്നവരും തമ്മിൽ തമ്മിൽ പിണങ്ങാത്തവരും തമ്മിൽ തമ്മിൽ ദ്വേഷിക്കാത്തവരും മിശിഹായുടെ പേടിയാൽ തമ്മിൽ തമ്മിൽ കീഴ്‌വഴങ്ങപ്പെട്ടവരും പട്ടക്കാരരിൽ വാഴുന്നവരെപ്പോലെയല്ലാ പിന്നെയൊ കൂടപ്പിറപ്പുകൾക്കടുത്ത ഉപവിയോടുകൂടെ തമ്മിൽ തമ്മിൽ സ്നേഹിക്കുന്നവരും ബഹുമാനിക്കുന്നവരും തങ്ങളുടെ ഭവനത്തുങ്കൽ കൈക്കൊള്ളുന്നവരും നേറിവു ഉടുത്തിരിക്കുന്നവരും വശമുണ്ടെങ്കിൽ എല്ലാമനുഷരോടുംകൂടെ നിരപ്പുകാക്കുന്നവരും എല്ലാവരുടെ പക്കൽ പതമുള്ളവരും ആയിരിക്കയും മദ്യപാനക്കാരരും വൈരാഗ്യക്കാരരും ചരസക്കാരരും ചതിക്കാരരും ആകാത്ത ലാഭം ശ്രമിക്കുന്നവരും ആയിരിക്കാതെ വെടിപ്പുള്ള ഹൃദയത്താലെ വിശ്വാസത്തിന്റെ ചിററാഴ്മ കാക്കുന്നവരും ദീർഘാരൂപിയാൽ കർത്താവിന്നു ശുശ്രൂഷിക്കുന്നവരും നമസ്കാരത്തിൽ മുടിക്കപ്പെട്ടവരും എല്ലാംകൊണ്ടു തമ്പുരാന്നു തെളിഞ്ഞവണ്ണം നടപ്പാൻ ശ്രമിക്കുന്നവരും നല്ല പ്രവൃത്തി ഒക്കെയുംകൊണ്ടു ഫലംവരുത്തുന്നവരും തമ്പുരാന്റെ അറിവിൽ വളരുന്നവരും നേരായിട്ടും ശുദ്ധമായിട്ടും സ്നേഹപ്രാപ്തിയായിട്ടും സൽകീർത്തിയായിട്ടും ഉള്ളതൊക്കെയും പുണ്യമെങ്കിലും പഠിതത്തിന്റെ സ്തുതിയെങ്കിലും വിചാരിക്കുന്നവരും ആയിരിക്കയും വേണം. അപ്പഴൊ ഇരുട്ടിൽനിന്നു ഏകരപ്പെട്ട തന്റെ വെളിവിന്നു നിങ്ങളെ വിളിച്ചു എന്നായാളുടെ ശക്തികൾ നിങ്ങൾക്കു കയ്യാളിച്ചിരിക്കുന്ന ലോകരൊടറിയിപ്പാൻ ഇത്രപ്പഴും നാം ചൊല്ലിയ ശ്ലീഹായുടെ പഠിനം നിങ്ങൾക്കു ദിഷ്ടിതിയായിരിക്കയും ചെയ്യുന്നു. അതെന്തന്നാൽ അല്ലാഞ്ഞാൽ നിങ്ങളുടെ വചനത്തിന്നു നിങ്ങളുടെ പ്രവൃത്തികൾ നാണിപ്പിക്കയും ചെയ്യും. പള്ളിയിൽ നിങ്ങൾ പറയുമ്പോൾ എന്തെ നിങ്ങൾ പറയുന്നവ ചെയ്യാത്തതെന്നു വാച്ചവരും ഉത്തരിക്കുകയും ചെയ്യും. എന്നാൽ നിങ്ങളിൽ ആർക്കാനും ഇതിൻവണ്ണം ഒരിക്കൽ ഉണ്ടായി എങ്കിൽ വലിയ നാണക്കേടും പട്ടസുഖത്തിന്നടുത്ത ചിററാഴ്മയുടെ വലിയ മേനിക്ഷയവും ആയിരിക്കുന്നതാനും. എന്നുവരുമ്പോൾ സ്നേഹമുള്ള പട്ടക്കാരെ! വലിയ പദവിയും ഹീനമായ മനസ്സും മുമ്പിലത്തെ സ്ഥാനവും കഷ്ടമായ വ്യാപാരവും അവലക്ഷണമായ ഒരു വസ്തു അത്രെ ആകുന്നതു. അതിനാൽ നിങ്ങളുടെ പ്രവർത്തികൾ നിങ്ങളുടെ വചനങ്ങൾക്കു ഒത്തിരിപ്പാൻ വീണ്ടും വീണ്ടും ശ്രമിക്കയുംവേണം.

സംശയംകൂടാതെ പെരിമപ്പെട്ടസ്ഥാനം തമ്പുരാന്റെ പള്ളിയിൽ നിങ്ങൾ കൈക്കൊണ്ടിരിക്കുന്നു. എന്തെന്നാൽ സർവ്വത്തും വശമാകുന്ന തമ്പുരാന്റെ ഉപകാരി എന്നുള്ള നാമധെയം നിങ്ങൾക്കു കിട്ടിയതുമൊഴികെ കാണപ്പെടുന്നതും കാണപ്പെടാത്തതുമായ ദുഷ്ടപിശാചുക്കളൊക്കെയോടു മറുത്തുള്ള ശുദ്ധമാന പടപുരുഷാരത്തിന്റെ തലവന്മാരരും എജമാനന്മാരുമായി തമ്പുരാന്റെയും മനുഷന്റെയും ഇടത്തു നടുവരും മുഖ്യപ്പെട്ട തടസ്സരും ലോകരുടെ ഞായക്കാരരുമായി ഉയരപ്പെട്ടവൻ നിങ്ങളെ കല്പിച്ചല്ലൊയിരിക്കുന്നു. എന്നുവരുമ്പോൾ നിങ്ങളുടെ വ്യാപാരവും പ്രവൃത്തികളും മര്യാദകളും തീർച്ചപ്പെട്ടതും പുറത്തുള്ളവർതന്നെയും നിങ്ങളൊടു മറുത്തുചൊല്ലുവാൻ ഏതുമില്ലാത്തപൊലെയും നിങ്ങളുടെമേൽ

www.malankaralibrary.com

തിന്മപറയുന്നാളുകൾ ഈശൊമിശിഹായിലുള്ള നല്ല നിങ്ങളുടെ വ്യാപാരം കാണുമ്പൊൾ നാണിപ്പാൻതക്കവണ്ണം ആയിരിക്കയും വെണം. അതെന്തന്നാൽ പഠിത്വംകൊണ്ടും അറിവുകൊണ്ടും മര്യാദകളുടെ തീർച്ചകൊണ്ടും വിശ്വാസക്കാൎക്കു നല്ല പ്രവൎത്തികളുടെ കണ്ടുപഠിത്വം ആയിരിപ്പാനത്രെ എജമാനന്മാരക്കു നിങ്ങളെ കല്പിച്ചതും. ആയതു എല്ലാവരുടെയും കണ്ണുകൾ നിങ്ങളുടെമെൽ സൂക്ഷിക്കയും ചെയ്യുന്നു. അപ്പൊഴൊ നിങ്ങളൊടുകൂടെ നാം പറയുന്നു: ആചരിക്കപ്പെട്ട പട്ടക്കാരരെ! വരത്തര നിങ്ങളാകുന്നില്ല. അന്ന്യവരുമല്ലാ. പിന്നെയൊ ശുദ്ധമാക്കപ്പെട്ട നഗരിക്കാരരും ശ്ലീഹാമ്മാരുടെയും നിവ്യമ്മാരുടെയും അടിസ്ഥാനത്തുമ്മെൽ ഈശോമിശിഹായായ വല്ല്യമൂലക്കല്ലിൽ പണിചെയ്തിരിക്കുന്ന തമ്പുരാന്റെ വീട്ടുകാരരും നിങ്ങളാകുന്നതിനെക്കൊണ്ടു വ്യാപാരത്തിന്റെ നല്ല കണ്ടുപഠിത്വത്താൽ തന്നെ പഠിപ്പിക്കുന്നതു നിങ്ങൾക്കു മതിയാകുന്നില്ലാ. പിന്നെയൊ വചനത്തിലും പഠിത്വത്തിലും കൂടെ പ്രയത്നം ചെയ്കയും വെണം. അതെന്തെന്നാൽ ഞാൻ അറിയിക്കയില്ലെങ്കിൽ എനിക്കു മഹാപാപം എന്നു ശ്ലീഹാ ചൊല്ലുന്നു. എന്നാൽ ഈ വചനം ത്രെന്തൊസ സൂനഹദൊസിന്റെ ബാവാമ്മാരു പൊരുൾ തിരിച്ചു ആത്മപരിപാലനം ഏററിരിക്കുന്ന ആളുകളൊക്കയും ദൈവതിരുവചനത്തിന്റെ അറിയിപ്പാലെ തങ്ങൾക്കു കയ്യാളിച്ചിരിക്കുന്ന ആടുമാടുകളെ ഒരിപ്പാൻ ദൈവപ്രമാണത്താൽ കടമായിരിക്കുന്നുയെന്നു പഠിപ്പിക്കയും ചെയ്യുന്നു. അപ്പൊഴൊ ആടുമാടുകൾക്കു നിങ്ങൾ കൊടുക്കുന്ന യാവന എല്ലാപ്രകാരംകൊണ്ടും നമ്മുടെ മാർഗ്ഗത്തിന്റെ ഉറപ്പും പുണ്യങ്ങളൊക്കയുടെയും വളർച്ചയും നസ്രാണിക്കടുത്ത വ്യാപാരത്തിന്റെയും മാർഗ്ഗമര്യാദകളുടെയും ചട്ടകല്പനയും തിന്മകളൊക്കയുടെയും വർജ്ജ്യവും ആയിരിക്കയും വലിയ ഉപവിയും ചെമ്മൊത്തും നിറയപ്പെട്ടിരിക്കയും വെണം. അതെന്തന്നാൽ എല്ലാ സൃഷ്ടിപ്പിനും അതായതു ബൊധജ്ഞാനിക്കപ്പെട്ടവൎക്കും മൊഷക്കും കടപ്പെട്ടവർ നാം ആകുന്നു. ഒട്ടെറെയും ബഹുമാനപ്പെട്ടവരായാലും ദുഷിക്കപ്പെട്ടവരായാലും തമ്പുരാന്റെ പക്കൽ ഒരു പക്ഷഭെതമില്ലാ. യൂദന്നു ഏററവുമില്ലാ. കാവ്യന്നു കുറവുമില്ലാ. എന്നതിനെക്കൊണ്ടു എന്നാൽ ഈ ഹെതുവാൽ പലരും ഉതപ്പിന്റെ കല്ലുമ്മെൽ വീണുകൊണ്ടു മിശിഹായുടെ കുത്തുകൂടാത്ത കുപ്പായത്തിനെ കീറി പട്ടാങ്ങയുടെ വഴിയിൽനിന്നു പിണങ്ങുകയും ചെയ്തു. എന്നു വരുമ്പൊൾ നിങ്ങൾ നിങ്ങളുടെ മിടുക്കും ഗുണവുംകൊണ്ടു എത്രയും ചമത്തുള്ള ഇടയന്മാരെപ്പൊലെ ആടുമാടുകളുടെ സദൃശം ഇടത്തുകൊണ്ടും നിങ്ങളുടെ ആടുമാടുകളുടെ ബലക്ഷയങ്ങൾ ക്ഷമിച്ചുകൊണ്ടും എല്ലാവൎക്കും എല്ലാം ആയിക്കൊണ്ടും എല്ലാവരെയും മിശിഹാക്കു നെടുവാൻ ശക്തിയൊക്കെയൊടുംകൂടെ രാവും പകലും നിങ്ങൾ ശ്രമിക്കയും വെണം. വിശെഷിച്ചും നമ്മിൽ ഓരൊരുത്തരു തങ്ങൾ തങ്ങളുടെ ശക്തിക്കു തക്കവണ്ണം തങ്ങൾക്കു കയ്യാളിച്ചിരിക്കുന്ന ആടുമാടുകളുടെ രക്ഷമെൽ ശ്രമിക്കയും ദുഷ്ടതകളൊക്കയുടെയും അകൃതങ്ങളിൽനിന്നു നീക്കുവാനും പിണക്കങ്ങളുടെ പതിയിരുപ്പുകളിൽനിന്നു അകത്തുവാനും ഉൽസാഹിക്കയും പഠിത്വത്തിന്റെയും ശുദ്ധതയുടെയും സഹായങ്ങൾകൊണ്ടു അവരെ തണുപ്പിക്കയും ചെയ്യുമെങ്കിൽ മെൽപറഞ്ഞവണ്ണം ദൈവസഹായത്താൽ എല്ലാവരെയും വെസ്സയായിട്ടു മിശിഹാക്കു നെടുകയും ആകാം. അപ്പൊഴൊ ആ സ്നെഹത്തിന്റെ അടയാളം നമ്മൊടു നിങ്ങൾ കാട്ടുകയും നിങ്ങളുടെ ശ്രമവും ഉത്സാഹവുംകൊണ്ടു നമ്മെ നിങ്ങൾ സഹായിക്കയും വെണം. അതെന്തന്നാൽ ഇങ്ങനെ തമ്മിൽ തമ്മിലുള്ള സഹായത്താലെ നാമെല്ലാവൎക്കും തങ്ങൾ തങ്ങളുടെ സ്ഥാനത്തിലും നിലയിലും കൽപനയിലും ഞായത്തിലും ഏററം ഉറപ്പൊടുകൂടെ നിൽക്കയും ആകാം. എന്നാൽ മെൽചൊല്ലിയതും മററും ഇതിൻവണ്ണമുള്ള ആത്മരൊഗങ്ങളും ഏറിയനാൾ നിൽക്കുന്നതുമെന്ന്യെ. എല്ലാഎടത്തും വ്യാപരിക്കുന്നതും മഹാനാശത്തൊടുകൂടെ അനന്തരവൎക്കും അതിനെ വച്ചെ



ക്കുന്നതുകൊണ്ടു നാം വളരെ ദുഃഖിക്കയും ചെയ്യുന്നു. ആയതുകൊണ്ടു ഉൽസാഹമുള്ള വികാരിമാരെ ഉദിയമ്പെത്രൂർ സൂനഹദൊസിന്റെ കൽപനപൊലെ കുറഞ്ഞാൽ ഞായറാഴ്ചകളിലും പെരുന്നാളുകളിലും നിങ്ങൾക്കു കയ്യാളിച്ചിരിക്കുന്ന ലൊകരെ ഓത്തിന്റെ അർത്ഥമെങ്കിലും പൊരുൾ തിരിച്ചു പഠിപ്പിപ്പാൻ നല്ലവണ്ണം ശ്രമിക്കയും. അതെന്തന്നാൽ വാച്ചു മൂഢനെങ്കിലും ഇടത്തുട്ടുകാരനെങ്കിലും നമ്മുടെ രക്ഷയുടെ രഹസ്യങ്ങളുമ്മെൽ അവന്റെ നിരൂപണയിൽ തൊന്നിയതൊക്കയും പറയാതെയിരിപ്പാനും ആകാത്ത പഠിത്വങ്ങൾ പഠിപ്പിച്ചുംകൊണ്ടും ഏവൻഗൊലിയൊന്റെ തൊപ്പിൽ കളകൾ വിതയ്ക്കായ്‌വാനും വിശെഷിച്ചും ഇങ്ങനെ ഏതാനും പച്ച എടത്തും ഉണ്ടായി എങ്കിൽ നിങ്ങടെ ശ്രമത്താലെയും ഉത്സാഹത്താലെയും എല്ലാംകൊണ്ടും ആയതു നഷ്ടമാക്കുവാനും പിരാവരുവാനും. അതെന്തന്നാൽ ഇപ്രകാരത്തിൽ നമ്മിൽ ഓരൊരുത്തനിൽനിന്നും എന്തു തമ്പുരാൻ തിരുമനസ്സാകുന്നെന്നും ശുദ്ധമാനപള്ളി എന്തെല്ലാം നിർണ്ണയമായി വിശ്വസിപ്പാൻ നമ്മൊടു കൽപിക്കുന്നുവെന്നും എല്ലാവർക്കും പരസ്യമായി വരികയും. ആയതുകൊണ്ടു വിഷമംകൂടാതെ ശത്രുക്കളുടെ ശക്തിയും അസ്ത്രങ്ങളും വിരാവരുത്തുവാൻ വശമാകയും ചെയ്യും. വിശെഷിച്ചും ഇതിനെ അറിവാനുള്ളതിന്നു പഴയവരുടെ വഴിക്കു ചെരുകയും വെണം. എന്നാൽ എല്ലാവരും എല്ലാപ്പൊഴും എല്ലാഎടത്തും കാത്തിരിക്കുന്ന വസ്തുമെന്ന്യെ മററൊരു വസ്തു ശുദ്ധമാനപള്ളി വിശ്വാസകൽപനയാൽ കൈക്കൊണ്ടിരിക്കുന്നില്ലെന്നു എല്ലാവരും അറിഞ്ഞിരിക്കുന്നുവെന്നു നാം നിരൂപിക്കയും ചെയ്യുന്നു. ഇതിനെക്കൊണ്ടു വിശ്വസിക്കെണ്ടുന്ന വസ്തുക്കളിന്മേൽ ശുദ്ധമാനപുസ്തകങ്ങളിൽ എന്തെഴുതിയിരിക്കുന്നുവെന്നും ശ്ലീഹമ്മാരും അവരുടെ ശെഷമുള്ളവരും എന്തു വിശ്വസിച്ചിരുന്നുവെന്നു ശുദ്ധമാന കത്തൊലിക്കാപള്ളി ആകമാനത്തിന്നടുത്ത സൂനഹദൊസുകളിലും സൂനഹദോസു കൂടാതെയും രഹസ്യങ്ങളുടെ പഴക്കസുഖങ്ങളാലെ എന്തെല്ലാം പഠിപ്പിച്ചുയെന്നും എല്ലാപ്പൊഴും സൂക്ഷിച്ചുകൊള്ളുകയും വെണം. അപ്പൊഴൊ കത്തൊലിക്കാക്കടുത്ത നമ്മുടെ വിശ്വാസമാകുന്നത്: ഏകത്വത്തിൽ മൂന്നത്വവും മൂന്നത്വത്തിൽ ഏകത്വവും ഒപ്പമായിട്ടു നാം വന്ദിക്കുന്ന മൂന്നാൾ ഒരുവൻ തമ്പുരാനാണെന്നു വിശ്വസിക്കുന്നെൻ അതായതു പിറക്കപ്പെടാത്തവൻ ബാവായും ഏകമായി പിറക്കപ്പെട്ട പുത്രനും ബാവായിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്ന റൂഹാദക്കുദിശായും. എന്നാൽ ആ മൂവൎക്കു കാതലായ ലക്ഷണങ്ങൾ അതായതു: നന്മയും സർവ്വവശവും നെറിവും അനുഗ്രഹവും ശെഷമൊക്കയും മൂവർക്കും ഒരുപൊലെയാകുന്നു. എങ്കിലും ആളുകൾ വെവ്വെറെയാകുന്നുവെന്നു വിശ്വസിക്കയും ചെയ്യുന്നു. വിശെഷിച്ചും ആകാശവും ഭൂമിയും കാണപ്പെടുന്നതൊക്കയും കാണപ്പെടാത്തതൊക്കെയും സൃഷ്ടിച്ചു സർവത്തും വശമാകുന്ന ഒരുവൻ ബാവാതമ്പുരാമ്മെൽ വിശ്വസിക്കുന്നെൻ. തന്റെ പുത്രൻ ഒരുവൻ നമ്മുടെ കർത്താവീശൊമിശിഹാമ്മെലും വിശ്വസിക്കുന്നെൻ. എന്നാൽ ഈ പുത്രൻ യുഗങ്ങളൊക്കെയും മുന്നിൽ ബാവായിൽനിന്നു പിറക്കപ്പെട്ടു പട്ടാങ്ങയായ തമ്പുരാനിൽനിന്നുള്ള പട്ടാങ്ങയായ തമ്പുരാനും പിറക്കപ്പെട്ടവനും സൃഷ്ടിക്കപ്പെടാത്തവനും ബാവാക്കു സർവ്വത്തുംകൊണ്ടു ശരി ആകുന്നവനും ആകുന്നുവെന്നും തന്നാലെ സർവ്വത്തും ഉണ്ടാക്കപ്പെട്ടു എന്നും. വിശേഷിച്ചും താൻ മാനുഷരാകുന്ന നമ്മെക്കുറിച്ചും നമ്മുടെ രക്ഷയെക്കുറിച്ചും ആകാശത്തിൽ നിന്നിറങ്ങി തമ്പുരാന്റെ അമ്മ കന്യാസ്ത്രീമറിയത്തിൽനിന്നു റൂഹാദക്കുദിശായാലെ ജനിക്കപ്പെട്ടു പിറന്നു എന്നും. എന്നാൽ താൻ തമ്പുരാനും മാനുഷനും ആകുന്നു എങ്കിലും രണ്ടാൾ അല്ലാ. പിന്നെയൊ മുഴുവനാക്കപ്പെട്ട തമ്പുരാനും മുഴുവനാക്കപ്പെട്ട മാനുഷനും ആകുന്ന ചെൎക്കപ്പെടാത്തവനും കീറപ്പെടാത്തവനും ആയ ഒരുവൻ മിശിഹാ ആകുന്നുവെന്നും വിശെഷിച്ചും ഒരുവനാകുന്നതു കാതലിന്റെ കലക്ക

www.malankaralibrary.com

കൊണ്ടല്ലൊ പിന്നെയൊ ആളിന്റെ ഏകസ്ഥാനം കൊണ്ടത്രെ ആകുന്നുയെന്നും താൻ പന്തിയൊസ പീലാത്തൊസിന്റെ ദിവസങ്ങളിൽ നമ്മെക്കുറിച്ചു പാടുപെട്ടു മരിച്ചു അടക്കപ്പെട്ടുയെന്നും പാതാളങ്ങളിൽ ഇറങ്ങി മരിച്ചവരുടെ ഇടയിൽനിന്നു മൂന്നാംനാൾ ഉയൎത്തു തന്റെ ശിഷ്യൎക്കു വെളിച്ചപ്പെട്ടു നാല്പതു ദിവസങ്ങളുടെയിടയിൽ പലപല അടയാളങ്ങളാലെയും തന്നെത്താൻ ഉയിരനായി അവരെ കാട്ടിയുംകൊണ്ടു തമ്പുരാന്റെ രാജ്യത്തുമ്മെൽ അവരൊടു പറകയും അവരൊടു താൻ പ്രമാണിച്ചിരിക്കുന്ന വസ്തുക്കളൊക്കെ കാൎപ്പാൻ അവരൊടു ബൊധിപ്പിക്കയും ചെയ്തു എന്നും, എന്നാൽ ഇവരുടെ ഇടയിൽ പള്ളിയുടെ ഏഴു കൂദാശകളും മിശിഹാ കൎത്താവു കല്പിച്ചുയെന്നും നാം പട്ടാങ്ങ പറയുന്നു. അതായത മാമ്മൊദിസായും മുമ്പിലത്തെ ഒപ്പുശ്ശുമായും ശുദ്ധമാന കുൎബാനയും, കുമ്പസാരവും, ഒടുക്കത്തെ ഒപ്പുശ്ശുമായും, പട്ടവും, പെൺകെട്ടും. ഈ കൂദാശകളിൽനിന്നു മൂന്നു അതായത മാമ്മൊദീസായും മുമ്പിലത്തെ ഒപ്പുശ്ശുമായും പട്ടവും വീണ്ടും കൈക്കൊൾവാൻ വശമാകുന്നില്ല. അതെന്തെന്നാൽ ഇവ അതിനെ കൈക്കൊള്ളുന്നവരുടെ ആത്മത്തിൽ മായപ്പെടാത്ത അടയാളം വരുത്തുകയും ചെയ്യുന്നു. അതിൻവണ്ണംതന്നെ പെൺകെട്ടു അഴിയപ്പെടാത്തതാകുന്നുയെന്നും നാം ഉറപ്പിക്കുന്നു. അതെന്തെന്നാൽ തമ്പുരാൻ കൂട്ടി ഒരുമിച്ച വസ്തു മാനുഷൻ വെൎതിരിപ്പാൻ വശമാകുന്നില്ലാ. ആകാശത്തിൽ കരകെറി തന്റെ ബാവായുടെ വലത്തുഭാഗത്തു ഇരിക്കുന്നുയെന്നും ബാവാടെ പക്കൽ നമ്മുടെ നടുവൻ താനാകുന്നുവെന്നും, തന്നാലെ നന്മയുടെ ഗുണങ്ങളൊക്കയും നമുക്കു കിട്ടുന്നു. എന്നാൽ ഈ ഗുണങ്ങൾ കൂടാതെ നമ്മുടെ ആത്മരക്ഷയ്ക്കടുത്തതിൽ ഒന്നും വെണ്ടുന്നപൊലെ വിചാരിപ്പാനും കാട്ടുവാനും ആരും വശമാകുന്നില്ല. ആയതുകൊണ്ടു മനസ്സാകുന്നവന്റെ കൈകളിലുമല്ലാ. ഏടുക്കുന്നവന്റെ കൈകളിലുമല്ലാ, പിന്നെയൊ അനുഗ്രഹിയ്ക്കുന്ന തമ്പുരാന്റെ തൃക്കൈകളിൽ അത്രെ ആകുന്നു. എന്നു ചൊല്ലുന്നതു എത്രയും പട്ടാങ്ങയാകുന്നുയെന്നും വിശ്വസിക്കുന്നെൻ. വിശെഷിച്ചും മാനുഷനു മനൊസ്വധൎമ്മ ഉണ്ടെന്നും ആയതിനെ മിശിഹായുടെ നന്മ സ്വസ്ഥതപ്പെടുത്തി ആദത്താൽ എല്ലാവൎക്കും തട്ടിയ ദൊഷത്തിന്റെ മാൎഗ്ഗത്തിൽനിന്നു പട്ടാങ്ങയാലെ സ്വധൎമ്മയുള്ളതായി ചെയ്യുമെന്നും എന്നാൽ ഇങ്ങനെയുള്ള നന്മയുടെ തുണകൾകൊണ്ടു തമ്പുരാന്റെ മനസ്സിനെ ഇത്രെ ഉണൎത്തിയതിന്റെ ശെഷം ആയതു കൈക്കൊൾവാൻ മനസ്സില്ലെങ്കിൽ ആയതിന്നു വശമുണ്ടെന്നും നാം സമ്മതിക്കയും ചെയ്യുന്നു. അതെന്തെന്നാൽ ഇതിനെ കൊണ്ടത്രെ തമ്പുരാന്റെ നന്മ വെറുതെ കൈക്കൊള്ളണ്ടാ എന്നും. ജ്യേഷ്ഠാനുജന്മാരെ! നിങ്ങളെ നാം ബൊധിപ്പിക്കുന്നു എന്നു ശ്ലീഹാ ചൊല്ലുന്നതും വീണ്ടും കൎത്താവിന്റെ വഴികൾ തെരഞ്ഞുകൂടാത്തതും തന്റെ വിധികൾ പരിശൊധിച്ചുകൂടാത്തതും ആകുന്നുവെന്നും, ഒരൊരുത്തന്നു കൊടുക്കപ്പെടുന്ന ഒടുക്കം പുണ്യസുഖത്തിൽ മട്ടിപ്പാനുള്ള മനസ്സു വെറുതെയുള്ള തന്റെ നിഷ്ഠയൊടുകൂടെ ദാനമത്രെ ആകുന്നുവെന്നും നാം പട്ടാങ്ങ പറകയും ചെയ്യുന്നു. ആയതുകൊണ്ടു എത്രയും ബൊധജ്ഞാനപ്പെട്ടവനും നെറിവുള്ളവനുമായ സൎവ്വത്തും വശമാകുന്ന തമ്പുരാനാൽ രക്ഷപ്പെടുന്നാളുകൾ എന്തെ രക്ഷപ്പെട്ടുവെന്നും, എങ്ങനെ രക്ഷപെടുന്നുവെന്നും, എന്തെ ഒരുത്തനെ എടുക്കുന്നു മററവനെ ഉപെക്ഷിക്കുന്നുവെന്നും ധിക്കാരമായിട്ടു തിരയെണ്ടതുമല്ലാ. പിന്നെയൊ ഒരൊരുത്തൻ പെടിയൊടും വിറയലൊടും കൂടെ തന്റെ രക്ഷമെൽ ശ്രമിക്കയും നല്ല പ്രവൎത്തികളാലെ പട്ടാങ്ങയായ തന്റെ വിളിപ്പും കഴലപ്പാടും തികപ്പാൻ ഉത്സാഹിക്കയും ചെയ്തുകൊണ്ടു ഉടയതമ്പുരാൻ തന്റെ അറിവിന്റെയും ബൊധജ്ഞാനത്തിന്റെയും നിധികളുടെ പെരുമയാൽ കെല്പക്ഷയപ്പെട്ട മാനുഷന്റെ ബൊധംകൊണ്ടറിവാൻ വഹിയാത്ത പല വസ്തുക്കളും വലിയ വസ്തുക്കളും അറികയും അറിവാൻ വശമായിരിക്കയും ചെയ്യുന്നുവെന്നു ഉറച്ചു



വിശ്വസിച്ചുംകൊണ്ടു നല്ല പ്രവൎത്തികളാലെ പട്ടാങ്ങയായ തന്റെ വിളിപ്പും കഴലപ്പാടും തികപ്പാൻ ഉത്സാഹിക്കയും വെണമെന്നും ഉറച്ചിരിക്കയും ചെയ്യുന്നു.

വിശെഷിച്ചും ഉയിരവരെയും മരിച്ചവരെയും വിധിപ്പാൻ സ്തുതിയൊടുകൂടെ താൻ വരുവാനിരിയ്ക്കുന്നു. തന്റെ വരവിന്നു മാനുഷരെല്ലാവരും തങ്ങൾ തങ്ങളുടെ ശരീരങ്ങളൊടുകൂടെ ഉയൎത്തു തങ്ങളുടെ പ്രവൎത്തികളൊക്കയുംമെലും തനിക്കു കണക്കുകൊടുക്കയും വെണം. ഇതിന്റെ ശെഷം നല്ല പ്രവൎത്തികൾ ചെയ്തവരൊക്കയും എന്നന്നെയ്ക്കുമുള്ള ആയുസ്സിന്നു പൊകയും തിന്മചെയ്തവരൊക്കയും ചൈത്താന്നും അവന്റെ മാലാഖമാൎക്കും ആസ്ഥമായിരിക്കുന്ന എന്നന്നെയ്ക്കുമുള്ള ദുഷ്കൎമ്മത്തിൽ വീണു അവിടെ പ്രാക്കപെട്ടവരുടെ പുഴ ചാകാതെ കൾണ്ടും അവൎക്കുള്ള തീ കെടാതെകണ്ടും അളവില്ലാത്ത നരകത്തിൽ ഒടുക്കംകൂടാതെ ദുരിതപ്പെടുകയും ചെയ്യുമെന്നും ഉറച്ചു വിശ്വസിക്കയും ചെയ്യുന്നു. വിശെഷിച്ചും ബാവായിൽനിന്നും പുത്രനിൽനിന്നും പുറപ്പെട്ടു ബാവായൊടും പുത്രനൊടുംകൂടെ ഒരുമിച്ചു വന്ദിക്കപ്പെട്ടും സ്തുതിയ്ക്കപ്പെട്ടുമിരിയ്ക്കുന്ന കൎത്താവും ജീവിപ്പിക്കുന്നവനുമാകുന്ന ശുദ്ധമാന റൂഹാദക്കുദിശാമ്മെലും വിശ്വസിക്കുന്നെൻ. എന്നാൽ ദിവ്യന്മാരാലെ പറഞ്ഞതു താൻ തന്നെയാകുന്നുവെന്നും ശ്ലീഹാന്മാരുടെ പക്കൽ യാത്രയാക്കപ്പെടുന്ന ബാവായിൽനിന്നു തന്നെയല്ലാ, പിന്നെയൊ പുത്രനിൽനിന്നുകൂടെയും അത്രെ. അതെന്തെന്നാൽ ഞാൻ പൊകയില്ലായെങ്കിൽ തണുപ്പിക്കുന്നവൻ നിങ്ങളുടെ പക്കൽ വരികയില്ലാ. എന്നാൽ ഞാൻ പൊകുമെങ്കിൽ നിങ്ങളുടെ പക്കൽതന്നെ ഞാൻ യാത്രയാക്കുമെന്നു താൻ അരുളി ചെയ്തിരിക്കുന്നു. പട്ടാങ്ങയുടെ അരൂപിയെ ബാവായുടെ പക്കൽനിന്നു നിങ്ങൾക്കു ഞാൻ യാത്രയാക്കും. എന്നാൽ പട്ടാങ്ങയുടെ ആ അരൂപി വന്നു എന്നുവരുമ്പൊൾ തനിക്കു തൊന്നിയവണ്ണം താൻ പറകയില്ലാ പിന്നയൊ താൻ കെൾക്കുന്ന വസ്തു ഒക്കയും താൻ പറയും. എന്തെന്നാൽ സ്തുതിക്കും അതെന്തെന്നാൽ ഇനിയ്ക്കുള്ളതിൽനിന്നു താൻ കൈക്കൊണ്ടു നിങ്ങൾക്കു താൻ കാട്ടിത്തരുമെന്നു വീണ്ടും അരുളി ചെയ്തിട്ടും ഉണ്ട്. ഇതുമെന്നിയ്യെ എന്നിൽനിന്നുതന്നെ ഏതും ഞാൻ പറഞ്ഞില്ലാ, പിന്നെയൊ എന്നെ യാത്രയാക്കിയ എന്റെ ബാവായിൽനിന്നു ഞാൻ കൈക്കൊണ്ടതൊക്കയും നിങ്ങളൊടു ഞാൻ അറിയിച്ചു. എന്തെന്നാൽ അരുളിച്ചെയ്തതിനെക്കൊണ്ടു ബാവായിൽനിന്നു പുത്രൻ പുറപ്പെടുന്നു. എന്നു നാം പട്ടാങ്ങ പറയുന്നപൊലെ ഇതിൻവണ്ണംതന്നെ ബാവായിൽനിന്നു തന്നെയല്ലാ പിന്നയൊ പുത്രനിൽ നിന്നുകൂടെയും റൂഹാദക്കുദശാ പുറപ്പെടുന്നു എന്നു ഉറപ്പൊടുകൂടെ നാം വിശ്വസിക്കയും ചെയ്യുന്നു. വിശെഷിച്ചും കാണപ്പെട്ടതും തട്ടിപ്പിൽ അകപ്പെടാത്തതുമായ കത്തൊലിയ്ക്കാക്കടുത്തതും ശ്ലീഹായ്ക്കടുത്തതുമായ ഏക പള്ളിമെലും നാം വിശ്വസിയ്ക്കുന്നു. എന്നാൽ ഈ പള്ളിയെ കെട്ടനുസരിപ്പാൻ ആൎക്കാനും മനസ്സില്ലെങ്കിൽ കാവ്യനെപ്പൊലയും ചുങ്കക്കാരനെപ്പൊലയും അവനായിരിക്കയും വെണം. എന്നു വരുമ്പൊൾ പല പ്രകാരമുള്ള പൊൻനിറമുള്ള കുപ്പായങ്ങൾ ഇട്ടുംകൊണ്ടു രാജാവിന്റെ വലത്തുഭാഗത്തു നില്ക്കുന്ന രാജസ്ത്രീ ഈ പള്ളിയത്രെ ആകുന്നു. വിശെഷിച്ചും പല പ്രകാരമുള്ള കുപ്പായങ്ങൾ ഇട്ടിരിക്കുന്നതിന്റെ താൽപര്യം ആയതു കിഴക്കിന്നടുത്ത പള്ളിയിലും പടിഞ്ഞാറിന്നടുത്ത പള്ളിയിലും ഏകമായ ഒരു വിശ്വാസം പട്ടാങ്ങ പറഞ്ഞുംകൊണ്ടു ക്രമങ്ങളുടെയും പള്ളിക്കടുത്ത ചിററാഴ്മകളുടെയും ഭാഷഭെദം മാത്രം കാക്കുന്നതിൽ അത്രെ അതിന്റെ താൽപര്യം ആകുന്നത. ആയതുകൊണ്ടു മാർ ആഗസ്തിനൊസമൽപാൻ ചൊല്ലുന്നതായത: സുറിയാനിവാക്കായാലും ആപ്രിക്ക വാക്കായാലും യൌവനായ വാക്കായാലും ലത്തീൻ

www.malankaralibrary.com

വാക്കായാലും എല്ലാം ആ രാജസ്ത്രീയുടെ കുപ്പായത്തിന്റെ ചമയത്തിന്നു കൂടുകയും ചെയ്യുന്നുവെന്നും, വിശെഷിച്ചും ഈ പള്ളിയുടെ കാണപ്പെട്ട തലവൻ മാർ പത്രൊസിന്റെ അനന്തരവനാകുന്ന റൊമായിൽ ശുദ്ധമാന മാർപ്പാപ്പ ആകുന്നുവെന്നും ഇയ്യാംകൾ ശ്ലീഹന്മാരുടെ തലവൻ മാർ പത്രൊസിനും ആകാശരാജിതത്തിന്റെ താക്കൊലുകൾ മിശിഹാകർത്താവു കൊടുക്കുകയും കർത്താവിന്റെ ആടുമാടുകളിന്മെൽ ക്ലെശിപ്പാനും ജെഷ്ഠാനുജന്മാരെ ഉറപ്പിപ്പാനും ഉള്ള കടം ഏൽപിക്കയും ചെയ്തു എന്നു ഉറപ്പൊടുകൂടി വിശ്വസിക്കയും ചെയ്യുന്നു. വിശെഷിച്ചും ഒരു മാമ്മൊദീസാ ഉണ്ടെന്നും ആയതു ഒരു ഊഴം കൈക്കൊണ്ടതിന്റെ ശെഷം വീണ്ടും കൈക്കൊണ്ടുകൂടാ എന്നും നാം പട്ടാങ്ങ പറയുന്നു. എന്നാൽ മാമ്മൊദീസ കൈക്കൊണ്ടതിന്റെ ശെഷം ദൊഷത്തിൽ വീഴുന്നാളുകൾക്കു തങ്ങളുടെ ദൊഷപൊറുതിക്കായിട്ടു കുമ്പസാരം ഉണ്ടെന്നും. അതെന്തെന്നാൽ നമ്മുടെ ദൊഷങ്ങൾ നാം പട്ടാങ്ങ പറയുന്നുവെങ്കിൽ നമ്മുടെ ദൊഷം നമ്മൊടു പൊറുപ്പാനും ദുഷ്ടതയൊക്കെയിൽനിന്നു നമ്മെ വെടിപ്പാക്കുവാനും തമ്പുരാൻ വിശ്വാസമുള്ളവനും നെറിവുള്ളവനുമാകുന്നു. വിശെഷിച്ചും ഭൂമിയിൽ ദൊഷങ്ങൾ പൊറുപ്പാൻ മാനുഷൻ പുത്രന്നു മുഷ്കരത്വമുണ്ടെന്നറിവാൻ ഇതിൻവണ്ണമുള്ള മുഷ്കരത്വം മനുഷ്യർക്കു താൻ കൊടുത്തിരിക്കുന്നു. ഇതിനെക്കൊണ്ടു തന്റെ ബാവ തന്നെ യാത്രയാക്കിയപൊലെ താനും തന്റെ ശിഷ്യരെ യാത്രയാക്കിക്കൊണ്ടു അവരിൽ താൻ ശ്വാസമിട്ടു അരുളിച്ചെയ്തു. റൂഹാദക്കുദശായെ കൈക്കൊൾവിൻ. ഒരുത്തനൊടു ദൊഷങ്ങൾ നിങ്ങൾ പൊർത്താൽ അവനൊടും പൊറുക്കപ്പെടും. ഒരുത്തന്റെതു നിങ്ങൾ പിടിച്ചാൽ അവനൊടു പിടിക്കപ്പെടുകയും ചെയ്യുമെന്നും, എന്നു വരുമ്പൊൾ ഞാൻ രക്ഷപെടണമെന്നു വരികിൽ താക്കൊലുകളുടെ മുഷ്കരത്തിൻകീഴ് തമ്മിൽ തമ്മിൽ നമ്മുടെ ദൊഷങ്ങൾ കുമ്പസാരിച്ചെ മതിയാവു എന്നും നാം ഉറച്ചു വിശ്വസിക്കയും ചെയ്യുന്നു. വീണ്ടും പുണ്യവാളന്മാരുടെ ഒരിമ്പാടു നാം പട്ടാങ്ങ പറകയും ചെയ്യുന്നു. വിശെഷിച്ചും ഈ ലൊകത്തുങ്കൽ ഉള്ള അരിഷ്ടതകൾ കഴിച്ചു തങ്ങളുടെ ഉടയവന്റെ തെളിവിന്നു ശുദ്ധപുണ്യവാളന്മാരുടെ ആത്മാവുകൾ നമുക്കു വെണ്ടി തന്നൊടു തന്നെ പ്രാർത്ഥിക്കുന്നുയെന്നും അവരുടെ ത്രൂപങ്ങളും ശുദ്ധമാനഅസ്ഥികളും ഒട്ടെറയും മിശിഹാകർത്താവിന്റെയും തന്റെ അമ്മ കന്യാസ്ത്രീ മറിയത്തിന്റെയും ത്രൂപങ്ങളും അവരു പെരുമാറിയ ശുദ്ധമാനവസ്തുക്കളും ആചരിക്കയും വന്ദിക്കയും വെണമെന്നും നാം വിശ്വസിച്ചിരിക്കയും ചെയ്യുന്നു. വിശെഷിച്ചും ശുദ്ധമാനകുർവാന രൊഗികൾക്കു ആത്മഭൊജനം കൊടുപ്പാനായിട്ടു വച്ചിരുന്നെ മതിയാവു. എന്നു തന്നെയുമല്ല ആയതു വന്ദിച്ചെ മതിയാവു എന്നും കൂറുമുത്തു കൽപിയ്ക്കുന്നു. അതെന്തെന്നാൽ മിശിഹാകർത്താവിന്റെ പട്ടാങ്ങയായ ശരീരവും പട്ടാങ്ങയായ ചൊരയും തന്നെ അതാകുന്നു. വിശെഷിച്ചും കുർവാനയിൽ, പട്ടാങ്ങയുള്ളതും ശുദ്ധമാക്കപ്പെട്ടതുമായ പൂജ തമ്പുരാന്നു അണക്കപ്പെടുന്നുയെന്നും ആയതിൽ സർവ്വത്തും വശമാകുന്നതും പ്രവർത്തിക്കുന്നതുമായ മിശിഹായുടെ തിരുവചനം തന്റെ ചിററാഴ്മക്കാർനാകുന്ന പട്ടക്കാരൻ ക്രമമാകുംവണ്ണം അതിനെ ചൊല്ലുന്ന ഉടൻ അപ്പം മിശിഹാകർത്താവിന്റെ ശരീരവും വീഞ്ഞും തന്റെ ചൊരയുമായി തിരികയും ആയതുകൊണ്ടു കൂദാശ ചെയ്തതിന്റെ ശെഷം അപ്പത്തിന്റെയും വീഞ്ഞിന്റെയും കാതൽ മിശിഹാകർത്താവിന്റെ ശരീരവും ചൊരയും ആത്മാവും ദൈവസുഖവും ആകാശത്തു ബാവാതമ്പുരാന്റെ വലത്തുഭാഗത്തു ഇരിയ്ക്കുന്നപൊലെ മിശിഹാ താനൊക്കയും ആയി തിരിയുന്നതിനെക്കൊണ്ടു ഈ തിരിച്ചിൽ കാതലിന്റെ തിരിച്ചിൽ എന്നു നെറിവൊടുംകൂടെ ശുദ്ധമാനപള്ളി വിളിക്കുന്നുയെന്നു വിശ്വസിക്കയും ചെയ്യുന്നു. വിശെഷിച്ചും മരിച്ചവരെക്കുറിച്ചും അവരെ പ്രതിയും നമസ്ക്കരിക്കു



ന്നതും അപെക്ഷിക്കുന്നതും ശുദ്ധമാക്കപ്പെട്ടതും രക്ഷയ്ക്കുടുത്തതുമായ നിത്രപണയാകുന്നുയെന്നും തമ്പുരാന്റെ ഉപവിയൊടും പ്രധാനത്തൊടുംകൂടെ ഈ ലൊകത്തിൽനിന്നു വാങ്ങിയ ആത്മാവുകൾ തങ്ങളുടെ വ്യാപാരത്തിൽ മിശിഹാകർത്താവാകുന്ന അടിസ്ഥാനത്തിന്മെൽ വച്ചപ്പുല്ലു താൻ വയ്ക്കൊൽതാൻ ഇതുപൊലെയുള്ള മറെറതാനും താൻ പണിചെയ്തിരിക്കുന്നുവെങ്കിൽ ബെസ്സർക്കാനായിൽ ഉള്ള ദുഷ്കർമ്മങ്ങൾകൊണ്ടും വിശ്വാസകാരുടെ സഹായങ്ങൾകൊണ്ടും ദൊഷങ്ങളിൽനിന്നു രക്ഷപെട്ടു വെടിപ്പായി കഷ്ടമുള്ളതൊന്നും അതിൽ കടക്കാത്ത ശുദ്ധമാന ഓറശ്ലെം ആയ ആകാശരാജിതത്തിൽപുക്കു തമ്പുരാന്റെ പുത്രൻ ഈശൊമിശിഹായൊടുകൂടെ ഒരുമിച്ചു വാഴുമെന്നും ബാവാവ്യും പുത്രനും റൂഹാദക്കുദശായ്ക്കും മൂവനൊരുവൻ തമ്പുരാന്നു സ്തുതിയും പുകഴ്ചയും ബഹുമാനവും എല്ലായ്പൊഴും യുഗായുഗങ്ങൾക്കും കൊടുക്കുമെന്നും ഉറച്ചു വിശ്വസിക്കയും ചെയ്യുന്നു. അപ്പൊഴെ ഈ മെൽ ചൊല്ലിയ വസ്തുക്കൾ ഇത്ര പെരുത്ത കാര്യങ്ങൾക്കു വെണ്ടുന്ന ആചാരത്തൊടും ബഹുമാനത്തൊടുംകൂടെ തന്നെ എല്ലാവരെയും വലിച്ചു താഴ്ത്തുകയും ഇങ്ങനെ എണ്ണമില്ലാത്ത ലൊകരുടെ സമൂഹം നമ്മൊടുകൂടെ മുടിയുകയും ചെയ്യും. ഇതു കുറിച്ചു തന്നെ പാർപ്പിനിയുടെയും ചിനഹെസിന്റെയും ദൊഷം കർത്താവും മുന്നിൽ എത്രയും വലിയതെന്നു ചൊല്ലിയിരിക്കയും ചെയ്യുന്നു. അതെന്തെന്നാൽ കർത്താവിന്റെ പൂജയിൽനിന്നു ലൊകരെ അകററുമാറായിരുന്നു. വിശെഷിച്ചും ഈ ഹെതുവാൽതന്നെ അതായത പള്ളിയുടെ ചിററാഴ്മക്കാരു തന്നൊടു പാരം ധിക്കാരം കാട്ടുകകൊണ്ടു നിവ്യായുടെ വായാൽ തമ്പുരാൻ അന്യായപ്പെട്ടു ചൊല്ലുന്നു. ഈവണ്ണം എന്റെ ശത്രു എന്നെ നിന്ദിച്ചുവെങ്കിൽ ഞാൻ ക്ഷമിച്ചുനെ. എന്നാൽ നീയൊ എന്റെ ഏകാത്മാവും എന്റെ എജമാനനും എന്റെ അറിയപ്പെട്ടവനുമായി എന്നൊടുകൂടെ മധുരപ്പെട്ട യാവനകൾ തിന്നുകയല്ലൊ ചെയ്യുന്നതു. വീണ്ടും അവനിൽ ഞാൻ ശരണപ്പെട്ടിരിക്കുന്നു. എന്റെ അപ്പം തിന്നുന്നവനായ എന്റെ സ്വത്വത്തിന്റെ പുത്രൻ എന്നൊടു നിക്കുമം കാട്ടി എന്നും എന്നാൽ നാം അറിഞ്ഞില്ലെന്നും ദിഷ്ടതി ഉണ്ടായിപ്പൊയി എന്നും നമ്മൊടു ബലം ചെയ്തു എന്നും, ഇങ്ങിനെയുള്ള കഴിവു പടാർത്ത ഒന്നും നമുക്കുണ്ടായിരിക്കയുമില്ലാ. അതെന്തെന്നാൽ ആയ്തിന്നു നമ്മൊടുണ്ടാകുന്ന ഉത്തരമാകുന്നത: നിങ്ങളെത്തന്നെ നിങ്ങൾ പഠിപ്പിക്കുന്നില്ലെങ്കിൽ മററവരെ പഠിപ്പിപ്പാൻ എങ്ങനെ നിങ്ങൾ വശമാകുന്നുയെന്നും കക്കണ്ടാ എന്നറിയിക്കുന്ന നിങ്ങൾ കക്കയും അവരാധിക്കെണ്ട എന്നു ചൊല്ലുന്ന നിങ്ങൾ അവരാധിക്കയും അല്ലയൊ ചെയ്യുന്നതു. ഇങ്ങനെ കർത്താവിന്റെ തിരുനാമങ്ങളെ പ്രതി ദുഷ്ടിപതപ്പെടുന്നതും ഹാ! കഷ്ടപ്പെട്ട കുററമത്രെ ഇതാകുന്നു. ശുദ്ധമാകപ്പെട്ടവരുടെ നാട്ടിൽ ദുഷ്ടത കാട്ടിയവൻ കർത്താവിന്റെ സ്തുതി കാണുകയില്ലാ എന്നു, എന്റെ ഉപവിയാക്കപ്പെട്ടവരെ ഇവയൊക്കയും ഈ വണ്ണമാകുന്നതിനെക്കൊണ്ടു സ്വൽപനെരം ഈ കാര്യ കൊണ്ടും നാം വിചാരിച്ചാറെ നമുക്കു കയ്യാളിക്കപ്പെട്ടിരിക്കുന്ന ലൊകരെ തുണപ്പാനും അതിൽ അപക്രിയകൾക്കു ഉത്തരം ചെയ്വാനും തമ്പുരാൻ നമുക്കു തന്ന ഗുണവധികാരങ്ങളൊക്കയും മെൽ കണക്കുകൊടുപ്പാനും ഉള്ളതിന്നു തമ്പുരാന്റെ മെലും മറെറല്ലാവരുടെ മെലും ഉള്ള ഉപവി എന്നതിനെക്കായിൽ ഏററം നല്ല വെറെ ഒരു വഴി കാണുന്നുമില്ലാ. എന്നാൽ ഈ വഴി എത്രയും ആശ്ചര്യമുള്ളതും നമ്മുടെ കടങ്ങൾ ഒക്കയും തികപ്പാൻ എത്രയും മതിപൊരികെയുള്ളതും ആകുന്നു. വിശെഷിച്ചും ഇങ്ങനെ ഇരിപ്പാർ ഉപവിയുടെ അടയാളങ്ങൾ ശ്ലീഹാ എഴുതുന്നതു ഈവണ്ണം. ഉപവി ക്ഷമയുള്ളതാകുന്നു. കടാക്ഷമുള്ളതാകുന്നു. പൊശുന്യം കാട്ടുന്നുമില്ലാ. ഉപകാരം കൂടാതെ പ്രവർത്തിയ്ക്കുന്നുമില്ലാ. അരിശപ്പെടുന്നുമില്ലാ. നിഗളിക്കുന്നുമില്ല.

www.malankaralibrary.com

തനിക്കുള്ളതുതന്നെ അപെക്ഷിക്കുന്നുമില്ലാ. ഈൎച്ചപ്പെടുന്നുമില്ലാ. ദുഷ്ടത വിചാരിക്കുന്നില്ലാ. തിന്മ മെൽ തെളിയുന്നുമില്ല. വിശെഷിച്ചും പട്ടാങ്ങ മെൽ തെളികയും ചെയ്യുന്നു. സൎവ്വതും ക്ഷമിക്കുന്നു. സൎവ്വതും വിശ്വസിക്കുന്നു. സൎവ്വതും ശരണം പാൎക്കുന്നു. സൎവ്വതും സഹിക്കുന്നു. ഉപവി ഒരിക്കലും വീണു പൊകയുമില്ലാ എന്ന്. എന്നാൽ ഇത്ര ആശ്ചര്യമായിരിക്കുന്ന ഉപവി എടയനിൽ ഉണ്ടാകുമെങ്കിൽ തനി തന്നെയുള്ള ഉപകാരം മറന്നുകൊണ്ടു ശെഷമുള്ളവരുടെ ഉപകാരം അന്വെഷിക്കയും ദാരിദ്ര്യപ്പെട്ടവരെ ദാനധൎമ്മങ്ങൾകൊണ്ടു സഹായിക്കയും ആവലാധിപ്പെട്ടവരെ തണുപ്പിക്കയും ദൊഷമ്മാരെ നല്ല പഠിത്വത്താൽ ഉറപ്പിക്കയും എല്ലാവരെയും തുണയ്ക്കയും നല്ല ബുദ്ധിചൊല്ലി കൊടുക്കുകയും ദൈവാശ്രുണ പഠിപ്പിക്കയും അതിൻവണ്ണം തന്നെ ലൊകരും തങ്ങളുടെ എടയൻ തനിക്കു തന്നെയുള്ള രക്ഷയെക്കാൾ ഏററം തന്റെ ആടുമാടുകളുടെ രക്ഷമെൽ ശ്രമിക്കുന്നുവെന്നറിഞ്ഞു തന്റെ സ്നെഹവും ഉത്സാഹവും സൂക്ഷവും കാണുന്നതിനാൽ താൻ പഠിപ്പിക്കയും ബൊധിപ്പിക്കയും അപെക്ഷിക്കയും കുററപ്പെടുത്തുകയും ശിക്ഷിക്കയും ചെയ്യുമ്പൊൾ നല്ല മനസ്സൊടുകൂടെ തന്റെ ചൊല്ലു കെൾക്കുകയും ചെയ്യും. ഇങ്ങനെ ഒരു വിഷമംകൂടാതെ തങ്ങളുടെ ആടുമാടുകളിൽനിന്നു എല്ലാപ്പൊഴും ചെന്നായ്ക്കളെ അകററിക്കൊണ്ടു അതിൽ ഒന്നുപൊലും പൊയ്പൊകാതെ ചൊവ്വുള്ള വഴിയിൽ എല്ലാററിനെയും എന്നന്നെയ്ക്കുമുള്ള രക്ഷയുടെ മെച്ചിൽസ്ഥലത്തുകൊണ്ടു പൊകുവാൻ എടയമ്മാരു വശമാകയും ചെയ്യും, അതെന്തന്നാൽ ഇതിൽ വിശെഷിച്ചു എന്തൊരു വസ്തു തങ്ങളുടെ ആടുമാടുകളെപ്രതി എടയമ്മാരു ചെയ്വാൻ കടമായിരിക്കുന്നു. ഇതിനെക്കൊണ്ടു ഉപവിയാകപ്പെട്ടവരെ! ശെഷമുള്ളവരെക്കായിൽ ഉപവിയുടെ ഏററിക്കപ്പെട്ട പ്രവൎത്തികൾ നിങ്ങൾക്കുണ്ടാകുമ്പൊൾ അപ്പൊൾ നിങ്ങൾക്കു കയ്യാളിച്ചിരിക്കുന്ന ലൊകൎക്കു നല്ലവണ്ണം ഫലം വരുത്തുകയും നിങ്ങൾക്കു തന്നിരിക്കുന്ന ഗുണവധികാരങ്ങളിൽ മെൽ ഉടയവനു കണക്കു കൊടുക്കുകയും ആകാം. ആയതുകൊണ്ടു തന്റെ മനൊഗുണത്താൽ തമ്പുരാൻ നിങ്ങൾക്കുതന്ന സ്ഥാനം എല്ലാപ്പൊഴും ധ്യാനിച്ചുകൊള്ളുകയും വെണം. ആയതല്ലെങ്കിൽ നിവ്യായൊടുകൂടെ കൈയ്ക്കപ്പെട്ട കണ്ണുനീരുകളാൽ ഈ വണ്ണം ചൊല്ലെണ്ടിവരും. മാനുഷൻ പുത്രൻ തന്റെ ബഹുമാനം തിരിച്ചറിയാതെ ബുദ്ധിയില്ലാത്ത മൃഗങ്ങൾക്കു ഒപ്പമായി അതിന്നു സദൃശപ്പെട്ടു എന്നു. അതെന്തന്നാൽ നിങ്ങളിൽ ആരാനും ദിവസംതൊറും നിങ്ങളിൽ ഓരൊരുത്തൻ തന്റെ കൈകൾകൊണ്ടു എടുക്കുന്ന രഹസ്യങ്ങളുമ്മെൽ അല്പം മാത്രം വിചാരിക്കുമെങ്കിൽ ഇവൻ ഇത്ര വലിയ ബഹുമാനത്തിലും സ്ഥാനത്തിലും റൂഹാദക്കുദശായുടെ മനൊഗുണത്താൽ പട്ടക്കാരരു യൊഗ്യമായിരിക്കുന്നുയെന്നു നന്നായി തിരിച്ചറികയും ചെയ്യും. അതെന്തന്നാൽ ഉപവിയാകപ്പെട്ടവരെ! മാലാഖാമാരു തന്നിൽ സൂക്ഷിക്കുമ്പൊൾ ഭയപ്പെടുകയും ആകാശത്തിന്റെ തൂണുകൾ തന്റെ തിരുമുമ്പിൽ വിറയ്ക്കുകയും തന്നിൽനിന്നു പുറപ്പെടുന്ന പ്രകാശത്തെക്കുറിച്ചു തന്നിൽ സൂക്ഷിപ്പാൻ ക്രൊവെമ്മാരു അറപ്പുകെടാത്തതും തന്നെ അടക്കിക്കൊൾവാൻ ആകാശങ്ങൾക്കു വശമില്ലാത്തതുമായ ഉടയവനെതന്നെ ദിവസന്തൊറും നിങ്ങളുടെ കൈകൾകൊണ്ടു തൊടുകയും നിങ്ങളുടെ മനസ്സു പൊലെ തന്നെ പെരുക്കയും എന്നു തന്നെയുമല്ലാ നിങ്ങളുടെ ഉള്ളിൽതന്നെ കൈക്കൊള്ളുകയുമല്ലൊ ചെയ്യുന്നതു.

അയ്യൊ! എന്റെ തമ്പരാനെ! സൎവ്വതും വശമാകുന്ന തമ്പുരാന്റെ പുത്രന്റെ ശരീരം ദിവസന്തൊറും നിങ്ങൾ തിന്നുകയും തന്റെ ചൊര നിങ്ങൾ കുടിക്കയും തന്നൊടു നിങ്ങൾ ചെരുകയും പട്ടാങ്ങയായ തമ്പുരാനും പട്ടാങ്ങയായ മാനുഷനും ആകുന്ന മിശിഹായൊടു ഒരു ശരീരമായി ചമയുകയും അല്ലൊ ആകുന്നു. ആകാശങ്ങളെ, നിങ്ങൾ കെട്ടു ഭയപ്പെടുവിൻ!





നിന്റെ ശുദ്ധമാന ശരീരംകൊണ്ടു പട്ടക്കാരരെ സമ്പൂൎണ്ണപ്പെടുത്തുകയും അറയ്ക്കപ്പെടാതെകണ്ടു തന്നെത്തന്നെ അവൎക്കു കൊടുക്കയും അത്രെ ചെയ്യുന്നതു. അപ്പൊഴെ ഉപവിയാകപ്പെട്ട ജെഷ്ഠാനുജന്മാരരായ പട്ടക്കാരരെ! നിങ്ങളൊടു നാം അപെക്ഷിക്കുന്നു. നിങ്ങൾ സൂക്ഷിപ്പിൻ. അതെന്തന്നാൽ മരിച്ചു തന്റെ ശരീരം അടക്കിയ കവറു സ്തുതിക്കപ്പെട്ടതായിരുന്നുയെങ്കിൽ മരിച്ചവരുടെ എടത്തിൽ നിന്നു ഉയൎത്ത തമ്പുരാന്റെ പുത്രൻ നിത്യവും കൂടി ഇരിയ്ക്കുന്ന ശരീരങ്ങൾ എത്ര സ്തുതിക്കപ്പെട്ടതായിരിക്കണം. വിശെഷിച്ചും ൯ (9) -മാസം തന്നെ ചുമന്നവയറു ഭാഗ്യപ്പെട്ടതാകുന്നുവെങ്കിൽ നിന്നിലും തമ്പുരാന്റെ പുത്രനുകൂടി ഇരിപ്പിടമായിരിക്കുന്ന നിങ്ങളുടെ ശങ്കുകൾ എത്ര ഏറെ ഭാഗ്യപ്പെട്ടതായിരിക്കയും വെണം. താൻ ഉണ്ണിയായിരുന്നപ്പൊൾ കുടിച്ചു മുലകൾ ഭാഗ്യപ്പെട്ടതാകുന്നുവെങ്കിൽ തന്റെ ശരീരം തിന്നുകയും തന്റെ ചൊരകുടിക്കയും ചെയ്യുന്ന വായ് എത്ര ഭാഗ്യപ്പെട്ടതായിരിപ്പാൻ ദിഷ്ടതിയായിരിക്കുന്നു. അപ്പൊഴെ ഉപവിയാകപ്പെട്ട വരെ, ആകാശത്തിൽനിന്നു കൎത്താവിനെ വിളിക്കുന്ന വാനത്തൊടു മറുത്തു പറയാതെയിരിപ്പാനും തന്റെ ചൊരയിൽ നനയുന്ന കൈകൾ ദൊഷങ്ങളുടെ ചെളിയിൽ കഷ്ടമാകാതെയിരിപ്പാനും നന്നായി ശ്രമിക്കയും വെണം. ഇതുമെന്ന്യെ മാലാഖാമാൎക്കും കൊടുത്തിട്ടില്ലാത്ത മുഷ്കരത്വം നിങ്ങൾക്കു തന്നിരിക്കയും ചെയ്യുന്നു. അതെന്തന്നാൽ ഭൂമിയിൽ നിങ്ങൾ കെട്ടുന്നതൊക്കയും ആകാശത്തിൽ കെട്ടപ്പെട്ടതാകുമെന്നും ഭൂമിയിൽ നിങ്ങൾ അഴിക്കുന്നതൊക്കയും ആകാശത്തിൽ അഴിക്കപ്പെട്ടതാകുമെന്നും ഒരു നാളും മാലാഖാമാരൊടു ചൊല്ലപ്പെട്ടുമില്ല. അപ്പൊഴെ മെല്പട്ടതിനാലെ ആകാശത്തിന്നടുത്തതൊക്കെയുടെയും മുഷ്കരത്വം നിങ്ങൾക്കുതന്നിരിക്കയും ചെയ്യുന്നു. ഭൂമിയിൽ നിങ്ങൾ വിധിയ്ക്കുന്ന വിധിയ്ക്കു തക്കവണ്ണം കൎത്താവും ചെൎന്നുകൊണ്ടു ആകാശത്തിൽ ആയതു ഉറപ്പിക്കയും താഴപ്പെട്ടവരിൽ നിങ്ങൾ വിധിക്കുന്നതൊക്കയും താൻ ഉയരങ്ങളിൽ സമാപ്തി വരുത്തുകയും ചെയ്യുന്നു. അപ്പൊഴെ ഇതിനെക്കായിൽ വലിയ മുഷ്കരത്വം എന്നൊരു വസ്തു ആകുന്നു. സൎവ്വതും വശമാകുന്ന ബാവാ മുഷ്കരത്വമൊക്കയും പുത്രനു താൻ കൊടുത്തു. ഈ മുഷ്കരത്വം തന്നെ ഏകദെശം തന്റെ പട്ടക്കാൎക്കു താൻ കൊടുത്തിരിക്കുന്നുവെന്നു നാം കാണുകയും ചെയ്യുന്നു. ഇതിനെക്കൊണ്ടു ക്രിസൊസ്തൊമ്മൊസു പറയുന്നതായത: ഏകദെശം ആകാശത്തിങ്കലൊളം പട്ടക്കാരരെ ഉയൎത്തി മാനുഷ സ്വഭാവത്തിന്നുമീതെ അവരെവച്ചു ഈ തലസ്ഥാനം അവൎക്കു കൊടുക്കുകയും ചെയ്തുവെന്ന്. അപ്പൊഴെ എന്റെ ഉപവിയാകപ്പെട്ട പട്ടക്കാരരെ! ഇവ നിങ്ങളൊടു നാം അറിയിക്കുന്നത നിങ്ങളുടെ സൽകീൎത്തിമെലും ഗുണത്തിമ്മെലും നാം സംശയിക്കുന്നതിനെക്കൊണ്ടല്ലാ, പിന്നെയൊ നിങ്ങളുടെ മെൽ ഉള്ള നമ്മുടെ സ്നെഹത്തിന്റെ അടയാളം കാട്ടുവാനും നമ്മുടെ ക്ലെശത്തിന്റെയും ശ്രമത്തിന്റെയും കുറു നിങ്ങൾക്കു പരസ്യപ്പെടുത്തിക്കൊണ്ടു നമ്മുടെ കടം തീൎപ്പാനും അത്രെ ആകുന്നു ആയതിനെക്കൊണ്ടു നിങ്ങൾ അതിനെ കാൎക്കാനും നിങ്ങളൊടു നാം അറിയിപ്പാനും ഇതിൽ അനുഗ്രഹം ഒട്ടും കൂടാതെ ആകാത്ത നടപടികളുടെ ബഹുവിധത്താൽ തന്റെ ഉള്ള കുത്തിമുറിച്ചതിനെക്കൊണ്ടു തന്റെ കൈപ്പു പാരം പാരം അധികമാകയും ചെയ്തു. അതെന്തന്നാൽ എല്ലാഇടത്തും വിശ്വാസം ഇല്ലാത്ത കാവ്യരിൽനിന്നും ജൊനകരിൽനിന്നും അതിന്നു നിരപ്പു, എന്നാൽ തന്റെ മക്കളിൽനിന്നു ഒട്ടും നിരപ്പു അതിനില്ലാതാനും. ഇതിനെക്കൊണ്ടു എത്രയും ദുഃഖം നിറഞ്ഞ കണ്ണുനീരുകളാലെ താൻ ചൊല്ലുന്ന മൊഴികളാകുന്നത: മക്കളെ ഞാൻ വളൎത്തി ഞാനുയൎത്തി എന്നാൽ ഇവരെന്നെ നിന്ദിച്ചു എന്ന്. അതായത എന്റെ പ്രമാണങ്ങൾ അതിക്രമിക്കുന്നതിനാലെയും ദൈവകല്പനകളും മാനുഷപ്രമാണങ്ങളും നിരസിക്കുന്നതിനാലെയും ശുദ്ധമാക്കപ്പെട്ട

www.malankaralibrary.com

വസ്തുക്കൾ ആകാത്തതെട്ടംകൊണ്ടും കഷ്ടമായ കച്ചവടവും വല്ലാത്ത കൈകാര്യവുംകൊണ്ടും വെള്ളം നില്പാൻ വശമില്ലാത്ത പൊട്ടക്കിണറുകൾ തങ്ങൾക്കുണ്ടാക്കുകകൊണ്ടു സർവ്വത്തും വശമാകുന്നവന്റെ മുമ്പാകെ ദൂഷിപ്പിക്കപ്പെട്ടവരാകയും ചെയ്തു എന്നു. അപ്പൊഴൊ എന്റെ ഉപവിയാകപ്പെട്ടവരെ! മനൊദുഃഖത്താലെയും ശ്രീഹാസ്സുട്ടത്ത നിലവിളികളാലെയും കർത്താവും പക്കൽ തിരിഞ്ഞു തികയപ്പെട്ട വിശ്വാസത്തൊടും പ്രത്യെകമുള്ള ശരണത്തൊടുംകൂടെ കർത്താവെ! ഞങ്ങളെ രക്ഷിക്കാ. ഞങ്ങൾ മുടിയുന്നു എന്നു ചൊല്ലുകയുംവേണം. വിശെഷിച്ചും നമ്മുടെ ആഗ്രഹങ്ങളൊടുംകൂടെ നിങ്ങളുടെയും കണ്ണുനീരുകൾ കൂട്ടി സർവ്വത്തും വശമാകുന്നവൻ അനുഗ്രഹിച്ചു നമ്മുടെ നെരെയും നമ്മുടെ കണ്ണുനീരുകളും നെരെയും സൂക്ഷിക്കത്തക്കവണ്ണം എല്ലാപ്രകാരം കൊണ്ടും നിങ്ങൾ ശ്രമിപ്പിൻ. ഉപവിയാകപ്പെട്ടവരെ, നല്ലവണ്ണം കർത്താവും പക്കൽ നാം തിരിഞ്ഞുവെങ്കിൽ നന്നായിരുന്നു. അതെന്തെന്നാൽ അപ്പൊൾ അറിവുള്ളത്തും തന്റെ പ്രമാണങ്ങളൊക്കയും ശക്തിയൊടുകൂടെ കാർപ്പാൻ ആസ്ഥമാക്കപ്പെട്ടതുമായ മനസ്സ നമുക്കു തരികയും ചെയ്യും. എല്ലാ പ്രകാരത്താലും ചത്തുകെട്ടിരിയ്ക്കുന്ന വിശ്വാസം നമ്മിൽ ഉയർത്തുകെറി ഏവൻഗൊലിക്കടുത്ത മെച്ചിൽപുറത്തെ തന്റെ ആടുമാടുകളെ മെയ്ക്കുന്നു. തന്റെ തിരുമനസ്സ ചെയ്യുന്ന ഇടയന്മാരരെ യാത്രയാക്കുകയും ചെയ്യും. അപ്പൊൾ പൂർവ്വജന്മാർ കാലത്തിലുള്ള മാർഗ്ഗമരുത വീണ്ടുണ്ടാകുകയും നസ്രാണികൾക്കടുത്ത സുകൃതങ്ങൾ പ്രകാശിക്കയും തമ്മിൽ തമ്മിലുള്ള മനൊരഞ്ജതയാൽ നിരപ്പും അടക്കവും എല്ലാഎടത്തും വർദ്ധിക്കയും ആകമാനത്തിനടുത്ത ഗുണം വളരുകയും ചെയ്യും. ആയത്തു സർവ്വത്തും വശമാകുന്നവനും മനൊഗുണം നിറഞ്ഞവനുമാകുന്ന തമ്പുരാൻ തന്റെ അനുഗ്രഹത്താലെ നമുക്കു തരുവാൻ മനസ്സൊക്കയുംകൊണ്ടു നാം അപെക്ഷിക്കയും ചെയ്യുന്നു. വിശെഷിച്ചും നിങ്ങളെപ്രതി നമുക്കുണ്ടായ ഗുണമൊക്കയും മെൽ സൂക്ഷിച്ചുകണ്ടാൽ നന്മകളൊക്കയുടെയും ഉടയവനായ തമ്പുരാനെ കഴിഞ്ഞാൽ ആസ്യാ ഒക്കയുടെയും ഉടയവനായിലും നമ്മുടെ മലങ്കരയ്ക്കും നമ്മുടെ ജാതിക്കും മനൊഗുണം ചെയ്യുന്നവരുമായിരിക്കുന്ന പൊർത്തുഗാൾ രാജ്യത്തിന്റെ രാജസ്ത്രീയത്രെ അതിനെ തന്നിരിക്കുന്നുവെന്നു നാം അറികയും ചെയ്യുന്നു. ആയത്തുകൊണ്ടു അവരൊടുതന്നെ മുട്ടിക്കപ്പെട്ട അപെക്ഷകളാലെയും സാദ്ധ്യപ്പെടുംകൊണ്ടു എത്രയുംവെഗം ശെഷമുള്ള കാര്യങ്ങളും തീർത്ത നമുക്കുള്ളവരുടെ പക്കലും നമ്മുടെ ഇരിപ്പടത്തിന്നും നമ്മെ ആക്കുവാൻ അപെക്ഷിക്കയും ചെയ്യുന്നു. വിശെഷിച്ചും ഇത്രയും ഇവിടെ നമുക്കുള്ള കാര്യങ്ങൾ അതിനാൽതന്നെ സൂക്ഷിച്ചു കണ്ടാൽ വലിയ കാര്യങ്ങളാകുന്നുവെങ്കിലും എത്രയും വിശ്വാസമുള്ള രാജസ്ത്രീയ്ക്കു തമ്പുരാന്റെ നെരെയുള്ള ഭക്തിമയും അവരുടെ കാര്യക്കാരുടെ ഗുണവും നാമെല്ലാവരുടെയും നെരെ അവർക്കുള്ള കടാക്ഷവും സൂക്ഷിച്ചുകണ്ടാൽ എത്രയും സാരമായതെന്നു നിനക്കയുമാം. ആയത്തുകൊണ്ടു നമ്മുടെ സ്നേഹപ്പെട്ടവരായ നിങ്ങളുടെ പക്കൽ വെഗം വരുവാൻ സംഗതിവരുമെന്നു വെസ്ഥയായിട്ടു വിചാരിച്ചിരിക്കയും എകരപ്പെട്ട തമ്പുരാന്റെ പട്ടക്കാരരെ! നിങ്ങളും തമ്പുരാന്റെ പള്ളിയിൽ പട്ടാങ്ങയുള്ള തൂണും അടിസ്ഥാനവുംപൊലെ നിങ്ങളായിരിക്കുന്നതിനെക്കൊണ്ടു നിങ്ങളുടെ ചിററാഴ്മയുടെ പെരിമയും ആയതിനുവെണ്ടി മാനുഷരിൽനിന്നു നിങ്ങളെ വെറുതിരിച്ചു മാനുഷരുടെ എടത്തു നിങ്ങളെ കൽപിച്ചിരിക്കുന്നുയെന്നും ഓർത്തുകൊണ്ടു ഇത്രവലിയ സ്ഥാനത്തിനും ചിററാഴ്മക്കും തക്കവണ്ണം വ്യാപരിക്കാൻ നിങ്ങളൊടു നാം അപെക്ഷിക്കയും സാക്ഷിക്കയും ചെയ്യുന്നു. ആയതിന്നു പണ്ടു കഴിഞ്ഞ യുഗങ്ങളെ ഓർമ്മയുടെ ശക്തിയാൽ നിങ്ങളുടെ മനസ്സിങ്കൽ വരുത്തുമെങ്കിൽ പാരം നന്നായിരിക്കയും ചെയ്യും. അതെന്തെന്നാൽ പഴെകാലങ്ങളിൽ ഉണ്ടായിരുന്ന ഭാഗ്യക്കാരരു പട്ടക്കാരു ഉപവിയും



നെറിവും മര്യാദകളുടെ വെടിപ്പുകൊണ്ടു ചമഞ്ഞവരും പരമാർത്ഥവും എരിവും രക്ഷയുടെ പഠിത്വവും നിറയപ്പെട്ടുകൊണ്ടും പുണ്യവും റൂഹാദക്കുദശായും പൂണ്ടുകൊണ്ടും തങ്ങളുടെ ചിററാഴ്മ നിനസ്സുമാറ ഉയരപ്പെട്ടവന്നു കൈക്കൊള്ളപ്പെട്ട പൂജകൾ ഭക്തിയുള്ള മനസ്സൊടുകൂടെ പഴയവരുടെ കൽപനക്കു തക്കവണ്ണം പൂജിക്കുമാറും ആയിരുന്നത്തുമല്ലാതെ ലൊകരുടെ രക്ഷമെൽ ശക്തിയായ മനസ്സൊക്കയൊടും കൂടെ ശ്രമിച്ചുംകൊണ്ടു എന്നന്നെയ്ക്കുമുള്ള പട്ടാങ്ങകൾ അവർക്കു വെളിപ്പെടുത്തുകയും ശുദ്ധമാന കൂദാശകളിൽ അടങ്ങിയിരിക്കുന്ന ദൈവദാനങ്ങളുടെ നിക്ഷെപങ്ങൾ വിശ്വാസത്തൊടുകൂടെ ദിഷ്ടതിക്കുതക്കവണ്ണം എല്ലാവർക്കും പകുത്തുകൊടുക്കയും ഇങ്ങനെ നസ്രാണികളായ ലൊകരുടെ എടത്തു മല്പാന്മാരുടെയും ഞായക്കാരുടെയും എജമാനന്മാരുടെയും സ്ഥാനം ചമത്തു ഒക്കെയൊടും ഭക്തിമയൊടും കൂടെ സുകൃതങ്ങൾ ഒക്കെയുടെ കണ്ടുപഠിത്വം കാട്ടിക്കൊണ്ടു നടത്തുകയും ചെയ്യുമാറായിരുന്നു. അപ്പൊഴൊ ഉപവിയാകപ്പെട്ടവരെ! ചെക്കൽ നെരത്തും മൂന്നാം നാഴികയിലും ആറാം നാഴികയിലും ഒൻപതാം നാഴികയിലും തന്റെ തൊപ്പിന്നു ഇവരെ വിളിച്ചു പകർച്ചകൂടാത്ത കർത്താവു താൻ തന്നെ ഒടുക്കത്തെ നാഴിക ആകുന്ന ഈ പതിനൊന്നാം നാഴികയിൽ ഈ തൊപ്പിൽ തന്നെ വെലചെയ്‌വാനായിട്ടു നിങ്ങളെയും വിളിച്ചിരിയ്ക്കുന്നു. അപ്പൊഴൊ ജെഷ്ഠാനുജമ്മാരരെ! ഉയരപ്പെട്ടവൻ നിങ്ങളെ തിരഞ്ഞെടുത്ത ഈ തൊപ്പിൽ വെലചെയ്‌വാനായിട്ടു പട്ടക്കാരരായ നിങ്ങളെ കൽപിച്ചതിനാംപക്കം എങ്ങനെ വ്യാപരിപ്പാൻ നിങ്ങൾക്കു ഞായമാകുന്നുവെന്നു നിങ്ങൾ സൂക്ഷിപ്പിൻ. അതെന്തന്നാൽ തമ്പുരാന്റെ പള്ളി തന്റെ കല്പനകളിൽ ഒരു അരൂപിതന്നെ എല്ലാപ്പൊഴും കാർക്കയും ചെയ്യുന്നു. തന്റെ ചിററാഴ്മക്കാരരിൽ അടക്കവും പരമാർത്ഥവും ബ്രഹ്മചാരിത്വവും ക്രമവും നെറിവും നൽമനസ്സും തീർമ്മവും എല്ലാപ്രകാരമുള്ള പുണ്യവ്യാപാരവും അനെഷിക്കുകയും ചെയ്യുന്നത്തുമെന്ന്യെ കഷ്ടമുള്ളത്തും അശുദ്ധമാകപ്പെട്ടത്തും ആയത്തു ഏത്തും ഒരിക്കലും അവരുടെമെൽ കെൾക്കായ്‌വാനും മെനിക്ഷയത്തൊടുകൂടെ തങ്ങളുടെ ആയസ്സു കഷ്ടമാക്കിക്കൊണ്ടു മാനുഷരുടെ തിരുരക്തങ്ങളെത്തന്നെ വെർക്കാതെയിരിപ്പാനും ആയിട്ടു ലൊകത്തിന്നടുത്ത വ്യാപാരങ്ങളൊക്കെയും ശുദ്ധമായ കല്പനകളാലെ കഠിനമായിട്ടു പള്ളി അവക്കു മുടക്കുകയും ചെയ്തു. എന്നുവരുമ്പൊൾ ജെഷ്ഠാനുജന്മാരെ, ഇവയെല്ലാം നിരൂപിച്ചുകൊണ്ടും പഴെയവരുടെ കല്പനകളാലെ വ്യാപരിച്ചുകൊണ്ടും ആകുമെങ്കിൽ നമ്മുടെ സ്ഥാനത്തിന്റെ പെരുമയ്ക്കു ചെരുംവണ്ണം ഒട്ടും ഏറക്കുറവുകൂടാതെയിരിപ്പാൻ ആഗ്രഹിച്ചുകൊണ്ടും മുമ്പിലത്തെ ആളുകൾ കണ്ടുപഠിപ്പാൻ സാദ്ധ്യമായിട്ടു നിങ്ങളെ ബൊധിപ്പിക്കയും ചെയ്തു. വിശെഷിച്ചും ഈ നമ്മുടെ സാധനം വായിച്ചു കൂടിയതിന്റെ ശെഷമെങ്കിലും ഹൃദയത്തെ കനപ്പെടുത്തുകയും വാച്ചപ്രകാരത്തിലും കൂടപ്പിറപ്പുകൾക്കു ഉതപ്പുവരുത്തുകയും പുറത്തുള്ളവക്കു നമ്മുടെ ശുദ്ധമാന മാർഗ്ഗത്തൊടു മറുത്തും ദൈവരഹസ്യങ്ങളൊടു മറുത്തും പറവാനും ദൂഷണിപ്പാനും അവകാശം വരുത്തുകയും ചെയ്യുന്നതൊക്കയും ഉപെക്ഷിച്ചുംകൊണ്ടു നിങ്ങളുടെ അംശത്തിന്നും സ്ഥാനത്തിന്നും ചെരുന്നവസ്സു മഹാഉത്സാഹത്തൊടുകൂടെ ചെയ്യുമെന്നു നാം സംശയിക്കുന്നില്ല. എന്നാൽ ഒട്ടെറെയും തമ്പുരാന്റെ ചിററാഴ്മക്കാരരു എന്നു നിങ്ങളെ വിളിക്കയും നിങ്ങളായിരിക്കയും ചെയ്യുന്നതിനെക്കൊണ്ടു ഇങ്ങനെയുള്ള സ്ഥാനത്തിന്റെ പെരിമ ഓർത്തുകൊണ്ടു ആയതിന്നു ചെരുന്ന പുണ്യവൃതങ്ങൾ ഉണ്ടാകുവാൻ ശക്തിയൊക്കെയൊടുംകൂടെ ശ്രമിപ്പാൻ നാം ആഗ്രഹിക്കയും ചെയ്യുന്നു. അതെന്തന്നാൽ മിശിഹായുടെ വിശ്വാസക്കാരരു ഒക്കെയും ശുദ്ധമാകപ്പെട്ടവരും വെടിപ്പാകപ്പെട്ടവരും കറയില്ലാത്തവരുമായിരിപ്പാൻ കടമായിരിക്കുന്നുവെങ്കിൽ പ്രത്യെകമായ ക്രിയകളാൽ തമ്പുരാന്നു ശുദ്ധമാക്കപ്പെട്ട നി

www.malankaralibrary.com

ങ്ങളുടെ പ്രവൃത്തികൾ കണ്ടു ആകാശത്തിലിരിക്കുന്ന ബാവായെ സ്തുതിപ്പാനായിട്ടു എല്ലാവരുടെയും മുമ്പാകെ നിങ്ങൾ പ്രകാശിപ്പാൻ തക്കവണ്ണം സെഹിയോൻ എന്നമലമെൽ തന്റെ ചിററാഴ്മക്കാരരായിട്ടു കല്പിക്കപ്പെട്ടിരിക്കുന്ന നിങ്ങൾ എത്ര ഏററമായിട്ടു കടമായിരിക്കയും ചെയ്യുന്നു. നല്ലതും വിഘ്നം വരുത്തിക്കൂടാത്തതുമായ മറെറാരു വസ്തു ഇപ്പൊൾ ആയിരിക്കുന്നില്ലാ എന്നതിനെക്കൊണ്ടു ഇത്രവലിയ കാര്യങ്ങളുടെയും പെരിമ മാലാഖമാരെക്കാൾ കുറയപ്പെട്ടതല്ലാത്ത നിങ്ങളുടെ സ്ഥാനത്തിന്റെയും പെരിമ വിചാരിച്ചുംകൊണ്ടു ഒരുത്തരൊടും കുറഞ്ഞ ഒരു ഏറക്കുറവെങ്കിലും കാട്ടാതെ പുണ്യമൊക്കയൊടും നെറിവൊടും കൂടെ മാനുഷരെല്ലാവരുടെയും മുമ്പിൽ ആകാശത്തിന്നടുത്ത മാനുഷരെപ്പൊലെ നിങ്ങൾ വ്യാപരിപ്പാൻ വെണ്ടിയിരിക്കുന്നു. ആയതല്ലെങ്കിൽ തണ്ണ്യഅടിയാരൊടു കൂടെ സ്ഥാനത്തിന്റെ ഉയർച്ചകൊണ്ടും അംശത്തിന്റെ കനംകൊണ്ടും ഞെരുങ്ങി താണുപൊകയും ചെയ്യും. നമുക്കു എത്രയും സ്നെഹപ്പെട്ടവരെ, നമ്മുടെ മുമ്പിലത്തവരെ തമ്പുരാന്റെ പ്രത്യെകമുള്ള സഹായത്താലെ വിശ്വാസത്തിന്റെ നിക്ഷെപം പള്ളിയുടെ തുടക്കത്തിൽതന്നെ മാർതൊമ്മാ ശ്ലീഹായിൽനിന്നു കൈക്കൊള്ളുകയും ചെയ്തു. എന്നാലീവിശ്വാസം ഇപ്പൊൾ സൂക്ഷിച്ചുകണ്ടാൽ വെലക്കാരുടെ ഉപെക്ഷകൊണ്ടും അറിവില്ലാഴികകൊണ്ടും പലരിൽ മരിച്ചിരിക്കയും മററു പലരിൽ കലങ്ങിയിരിക്കയും ചെയ്യുന്നു. ഇതുമെന്ന്യെ മററു പലരു നികളും നിറയപ്പെട്ടു പരിഛെദിച്ചു കൂടാത്ത രഹസ്യങ്ങളെ അഹമ്മതിയായിട്ടു തങ്ങളുടെ ബുദ്ധിയിൽ നടക്കുവാൻ ശ്രമിച്ചതിനാലെ എടത്തൂട്ടിലും മാർഗ്ഗനിന്ദയിലും അകപ്പെടുകയും ചെയ്തു. മററു ചിലരു ഇന്ദ്രിയസുഖങ്ങളുടെ ഭൊജനങ്ങളെ നിനച്ചു തമ്പുരാനെയും തങ്ങളുടെ ബൊധത്തെയുംകാൾ തന്നിഷ്ടങ്ങളെ സമ്മതിച്ചുംകൊണ്ടു ഈ വിശ്വാസത്തെ നിരസിക്കയും ചെയ്തു. ഇങ്ങനെ പല പ്രകാരത്തിലും മാനുഷരിൽ പലരും തങ്ങളുടെ മഹാപാപത്തൊടുകൂടെ വിശ്വാസത്തിൽനിന്നു പിണങ്ങുകയുംചെയ്തു. അതെന്തന്നാൽ ശുദ്ധ മാർതൊമ്മായാൽ അടിസ്ഥാനമിടപ്പെട്ട നമ്മുടെ പള്ളി പഴെകാലങ്ങളിൽ എത്രയും ഉറപ്പൊടുകൂടെ എണ്ണമില്ലാത്ത ലൊകരുടെയും ജാതികളുടെയും പെരിപ്പം നിറയപ്പെട്ടതും മിശിഹായുടെ മാർഗ്ഗത്തിന്നു ദിഷ്ടതിയുള്ള വസ്തുക്കളൊക്കയുംകൊണ്ടു ചമയപ്പെട്ടതുമായിരുവെന്നു ക്ഷയമില്ലാത്ത അടയാളങ്ങളുടെ സാക്ഷി നമുക്കുണ്ടായിരിക്കയും ചെയ്യുന്നു. എങ്കിലും നമ്മുടെ അക്കാലങ്ങളിൽ ദിഷ്ടതിയായിട്ടുള്ള വസ്തുക്കളും കൂടെ നഷ്ടമായി നശിപ്പാതെത്തെടത്തൊളം അററപററിയിരിക്കുന്നതും അധികമായ കഷ്ടങ്ങൾ പൂണ്ടിരിക്കുന്നതും ഏറിയ മനൊദുഃഖത്തൊടും കണ്ണുനീരുകളൊടും കൂടെ നാം കാൺകയും ചെയ്യുന്നു. അപ്പൊഴൊ ഇത്രവലിയ ദുഃഖം നിറയപ്പെട്ടതും ആയ നശിപ്പിന്റെ അടയാളം ദൊഷങ്ങളത്രെ ആകുന്നു. അതെന്തന്നാൽ ദൊഷങ്ങളെക്കുറിച്ചു തമ്പുരാന്റെ ശിക്ഷകൾ വരികയും ഇതിൻ വണ്ണമുള്ള അപകടങ്ങളിൽ ദുഃഖപ്പെടുകയും എല്ലാപള്ളികളുടെ ദിഷ്ടതികളിൽ നാം സങ്കടപ്പെടുകയും ചെയ്യുന്നു എന്നു ചൊല്ലികിടക്കുന്നു. എന്നാൽ ദുഷ്ടമാനുഷരുടെ അപക്രിയകൾ ഈ ലൊകത്തിങ്കൽ യുദ്ധംചെയ്യുന്നതും തമ്പുരാന്റെ പള്ളിക്കു എത്രയും ഭാരമായ മുടിവു എല്ലാപ്പൊഴും ഉണ്ടാക്കി എന്നതും കഴിഞ്ഞ കാര്യങ്ങൾ സൂക്ഷിച്ചാൽ അറികയുമാം. ഇതിനെക്കൊണ്ടു ഏശയ്യാനിവ്യാ പണ്ടുപണ്ടു തന്റെ ദിവ്യശിക്ഷ്യത്തിനാൽ പള്ളിക്കു വരുത്തിയിരിക്കുന്ന വസ്തുക്കൾ കണ്ടുകൊണ്ടു ചൊല്ലുന്നു. അതിന്റെ.... സ്നെഹപ്പെട്ടവരിൽ ആരും അതിനെ തണുപ്പിക്കുന്നില്ലായെന്നു അതിന്റെ സ്നെഹിതരെല്ലാവരും ശത്രുക്കൾ അതിനായി അതിനെ നിന്ദിച്ചു എന്നു വീണ്ടും ഈ പള്ളി കൈപ്പാലെ അമളിച്ചു എന്നും ഇതിനാലെ നിരപ്പിൽ അതിന്റെ കൈപ്പു എത്രയും കൈക്കപ്പെട്ടതായി എന്നും ഇതായ തമ്പുരാന്റെ പള്ളി പഴയ യുഗങ്ങളിൽ ക്രൂര



തപ്പെട്ട രാജാക്കളിൽ നിന്നു എത്രയും സങ്കടമുള്ള ഞെരുക്കങ്ങൾ ക്ഷമിക്കയും തന്റെ മക്കളുടെ വധ കാൺകയും ചെയ്തതിനെക്കൊണ്ടു കൈക്കപ്പെട്ടതെന്നു ചൊല്ലപ്പെടുകയും ചെയ്തു. ഇതിനാലെ ശെഷം എല്ലാ എടത്തും ഉണ്ടായ പലതരമായതും എണ്ണമില്ലാത്തതുമായ എടത്തൂടുകളുടെ അസ്ത്രങ്ങൾ സഹിച്ചതിനെക്കൊണ്ടു കൈപ്പു ഏറുകയും ചെയ്തു. വിശെഷിച്ചും തന്റെ മക്കൾ തന്നെ അതായതു ശുദ്ധമാന കത്തൊലീക്കാപള്ളിക്കകത്തുള്ള ജനങ്ങൾ തന്നെ തന്നൊടതിക്രമംകാട്ടി.

ഇതു മിശിഹാ പിറന്നിട്ടു ൧൭൮൩ (1783)-ാം കാലം കക്കടകമാസം ൧൬ (16)-നു ലിസ്ബൊനായിൽ സംബന്തു എന്ന മുനിആശ്രമത്തിൽനിന്നു എഴുത്ത.

അങ്കമാലി മെത്രാപ്പൊലീത്താ കരിയാട്ടി യൗസെപ്പ
(ഒപ്പ)

## A. D. 1779-1784

എർണ്ണാകുളത്തു പള്ളിയിൽ വരാപ്പുഴെ മെത്രാന്നു അധികാരമില്ലെന്നു

### എ. പെ. പെ. ബ. പാറെമ്മാക്കൽ ഗൊവർണ്ണദൊരച്ചൻ എ. പെ. പെ. ബ. വരാപ്പുഴെ ളൂവീസ മെത്രാനച്ചനു എഴുതി അയച്ച സാധനത്തിന്റെ പെർപ്പ

മിശിഹാ പിറന്നിട്ടു ൧൭൮൭ (1787)-ാം കാലം കന്നിമാസം ൧൭ (17)-നു മലങ്കര പള്ളികളുടെ കാര്യങ്ങൾ വിചാരിച്ചു ക്രമം വരുത്തുവാൻ എത്രയും ശുദ്ധമാകപ്പെട്ട ബാവയാകുന്ന എട്ടാമത്തെ ക്ലെമ്മീസ എന്ന ശു. മാർപ്പാപ്പായുടെ കൽപനയാൽ എ. പെ. പെ. ബ. മാർ അല്ലെസിയൊസ മെത്രാപ്പൊലീത്താ മലങ്കരെ എടവകയിൽവന്നു ഉദിയമ്പെരൂർ സൂനഹദൊസു കൂട്ടി പള്ളികളുടെ കാര്യങ്ങളും ശുദ്ധമാനവിശ്വാസകാര്യങ്ങളും ഈ എടവകക്കാർക്കു മെത്രാപ്പൊലീത്തായും വാഴിച്ചുപൊയതിന്റെ ശെഷം മിശിഹാകർത്താവിന്റെ ൧൬൩൬ (1636)-ാം കാലത്തൊളം ഇതിൻവണ്ണം നടന്നുവന്നാറെ അന്നു സസ്രാണികളുടെ എടത്തുണ്ടായ ഏതാനും പിണക്കംകൊണ്ടു പ്രംസീസ്ക്കൊസു ഗ്രസ്യാ എന്ന മെത്രാപ്പൊലീത്തായെ കാൺകയില്ലെന്നും കല്പന കെൾക്കയില്ലെന്നും മലങ്കരക്കാരു തുടങ്ങുകകൊണ്ടു മലങ്കരെ എടവകക്കും കൊച്ചീ എടവകക്കും വികാരി അപ്പസ്തൊലീക്കായാകുന്ന കർമ്മലീത്താ ദർശനത്തിൽ മാർ യൗസെപ്പെന്ന മെത്രാൻ പറമ്പിൽ മാർ അലക്സാന്ത്രൊസ എന്ന മെത്രാനെ വാഴിച്ചതിന്റെശെഷം പിന്നെയും കർമ്മലീത്തരുടെ പക്കൽ തന്നെ വികാരി അപ്പസ്തൊലിക്കാമാരുടെ സ്ഥാനവും വന്നു. ഇങ്ങനെ ആ കാലങ്ങൾതൊട്ടു ഇന്നെയൊളവും മലങ്കരെ എടവകക്കും കൊച്ചീ എടവകയിലും ഉൾപ്പെട്ട പല പള്ളികളും വികാരി അപ്പസ്തൊലിക്കാമാരു പിടിച്ചടക്കികൊണ്ടു ചെയ്യുന്നകാലത്തിൽ മിശിഹാ പിറന്നിട്ടു ൧൭൮൭ (1787)-ാം കാലം പെ.പെ.ബ. മാർ ളൂവീസ ഊർസ്സൂൾ എന്ന വികാരി അപ്പസ്തൊലിക്കാ മലങ്കരെപള്ളികൾ ഭരിച്ചുവരുമ്പൊൾ ഏതാനും അവകാശങ്ങൾകൊണ്ടു മലങ്കരെ ൮൪ (84)-പള്ളിക്കാരരും അങ്കമാലിയിൽ യൊഗം കൂടി വികാരി അപ്പസ്തൊലിക്കാമ്മാരെ സമ്മതിക്കയും വഴങ്ങുകയും ഇല്ലെന്നപ്രകാരത്തിന്നു പടിയൊലയും എഴുതിവച്ചു ശുദ്ധമാന പള്ളിയുടെ കല്പനപൊലെയും മാർഗ്ഗത്തിന്നുടെ ഞായംപൊലെയും ഈ എടവകയിലുള്ള സുറിയാനിപള്ളിക്കാരരു എല്ലാവരും ഒരുമിച്ചു ഒരെക്കു

www.malankaralibrary.com

മനസ്സൊടുകൂടെ തങ്ങളുടെ എജമാനനാകുന്ന കൊടുങ്ങല്ലൂരുരൂപത മെത്രാപ്പൊലീത്തായെ സമ്മതിച്ചുകൈക്കൊണ്ടു പഴെ മര്യാദസ്ഥതക്കവണ്ണം വഴങ്ങുകയും ചെയ്തു. മലങ്കരഎടവകയിലുള്ള സുറിയാനിപള്ളിക്കാരരു എല്ലാവരും മെൽപറഞ്ഞതിൻവണ്ണം എഴുതിവച്ചു തികഞ്ഞുയെങ്കിലും കുമ്പനിനാട്ടിലിരിക്കുന്ന മലങ്കരെഎടവകയിലും കൊച്ചീ എടവകയിലും ഉൾപ്പെട്ട ലത്തീൻപള്ളിക്കാരരു കുറെക്കാലത്തിന്നിപ്പുറം നടന്നുവരുന്ന പൊലെ വികാരിഅപ്പുസ്തൊലിക്കായുടെ കീഴ്തന്നെ ഇന്നെയൊളം പാർത്തുവരുന്നു. ഇങ്ങനെയിരിക്കുന്ന സമയത്തിൽ എർണ്ണാകുളത്തു പള്ളിക്കൽ വികാരിയായിരുന്ന കുരുവിളകത്തനാരു മരിച്ചതിന്റെ ശെഷം അവിടെയുള്ള യൊഗം കീഴ്മര്യാദപൊലെ അവക്കു വികാരിയെ കൽപിക്കണമെന്നു നമ്മൊടു അപെക്ഷിച്ചാറെ ഞായങ്ങളൊക്കയും ഒന്നുപൊലെ സുറിയാനിക്രമത്തിലുള്ള വെറെ ഒരു കത്തനാരെ അവിടെ വികാരിയാക്കി കൽപിച്ചാക്കി. ആ പള്ളിയുടെ പരിപാലനം അയാൾക്കെൽപിക്കയും ചെയ്തു. ഇപ്രകാരം വികാരിഅപ്പുസ്തൊലിക്കാ കണ്ടതിന്റെ ശെഷം ഞായം കൂടാതെയും കീഴ്മര്യാദ അല്ലാത്തവണ്ണവും ആ എടവകയിൽ പാക്കുന്ന മാർഗ്ഗക്കാരരെ വെറെ മര്യാദപൊലെ ഭരിപ്പാൻ വെറെ ലത്തീൻ ക്രമത്തിൽ ഒരു പാദ്രിയെക്കൂടെ അവിടെക്കു വികാരിയായികല്പിക്കകൊണ്ടു അയാളും ഇന്നെയൊളം അവിടെയുള്ള ജനങ്ങളെ കുമ്പസാരിപ്പിച്ചും പെണ്ണുകെട്ടിച്ചും ശെഷം കൂദാശപ്രവർത്തികളൊക്കയും നടത്തിയും വരുന്നു. ആയതുകൊണ്ടു വലിയ പിണക്കവും ആയിരിക്കുന്നു. ഈ വണ്ണം എഴുതിയതിന്റെ ശെഷം നമ്മുടെ പ്രത്യെകമുള്ള അനുവാദം കൂടാതെ വെറെ വികാരിയെ കൽപിച്ചു മെലെഴുതിയ പള്ളിയിൽ നടത്തുവാൻ ഞായത്തിന്നു തക്കവണ്ണം ബ. വികാരി അപ്പുസ്തൊലിക്കാ വശമാകുന്നൊ ഇല്ലെയൊ എന്നത്രെ ഇവിടെ വിചാരിക്കെണ്ടതു. ഈ കാര്യത്തിന്റെ പരമാർത്ഥം അറിയണമെങ്കിൽ എർണ്ണാകുളംഎന്ന ഈകര ഏതു എടവകയിൽ ഉൾപ്പെട്ടതാകുന്നുയെന്നു മുമ്പിൽതന്നെ അറിഞ്ഞെ മതിയാവു. എന്നാൽ അഞ്ചാമത്തെ മാർ പൌലൊസെന്ന ശു. മാർപ്പാപ്പായുടെ കൽപനയാൽ ൧൬൧൦ (1610)-ാം ആണ്ടിൽ ധനുമാസം ൨൨ (22)-നു എ. പെ. പെ. ബ. ഗൊവാ മെത്രാപ്പൊലീത്തായും കിഴക്കെഭിക്കിന്റെ മെത്രാമ്മാരുടെ തലവനുമാകുന്ന മാർ അല്ലെസിയൊസു കൊച്ചിഎടവകയും മലങ്കരെഎടവകയും വെറുതിരിച്ചെഴുതി മാർപ്പാപ്പാകൈക്കൊണ്ടു ഉറപ്പിച്ച സാധനത്തിൽ എർണ്ണാകുളത്തു എടവകയും ചെറുവയ്പിന്നുതെക്കൊട്ടു ആക്കരയും കൊടുങ്ങല്ലൂരു എടവകയിലത്രെ ചെർത്തിരിക്കുന്നതു. ഈ സാധനത്തിന്റെ രണ്ടാം തീർപ്പിൽ എഴുതിയിരിക്കുന്നപൊലെ അതിൻവണ്ണംതന്നെ എർണ്ണാകുളത്തു പള്ളി വച്ച അവസ്ഥപ്രകാരം സൂക്ഷിച്ചാൽ കൊടുങ്ങല്ലൂരു എടവകയിൽ ചെർന്നതത്രെ ആകുന്നു. അതെന്തന്നാൽ മലങ്കരെ അർക്കിദിയാക്കൊനായിട്ടു ഈ പള്ളിവയ്പിച്ചപ്രകാരം എല്ലാവക്കും പ്രസിദ്ധമായിരിക്കുന്നു. എന്നുതന്നെയുമല്ലാ, ഈ പള്ളിയുടെ കാര്യങ്ങൾകൊണ്ടും ആണ്ടുതൊറും ഇത്രെ പണം അർക്കിദിയാക്കൊന്നു കൊടുത്തിരിക്കെണമെന്നും സുറിയാനിക്രമം ഈ പള്ളിയിൽ നടക്കണമെന്നും മലങ്കരെ മര്യാദപൊലെ ആണ്ടുതൊറും കൈക്കാരന്മാരരെ ഉണ്ടാക്കി നടത്തിച്ചുകൊള്ളുത്തക്കവണ്ണവും ൧൬൯൭ (1697)-ാമാണ്ടു കർമ്മലീത്താക്കാരരു പാദ്രിമാരുടെ മുമ്പാകെ വച്ചു എടവകക്കാരരു അർക്കിദിയാക്കൊവിന്നു എഴുതിക്കൊടുത്ത പടിയൊല ഇന്നും കാൺമാനുണ്ടു എന്നുവരുമ്പൊൾ എർണ്ണാകുളം എന്ന ഈ പള്ളി കൊടുങ്ങല്ലൂരു എടവകയിൽ ചെർന്നതത്രെ ആകുന്നുയെന്നും ആയതിമ്മെലാർക്കും സംശയിച്ചുകൂടായെന്നും മെൽപറഞ്ഞ അവകാശംകൊണ്ടു എല്ലാവക്കും അറികയുമാം. എന്നാൽ മെൽപറഞ്ഞവണ്ണം എർണ്ണാകുളത്തുപള്ളി കൊടുങ്ങല്ലൂരു



എടവകയിൽ ഉൾപ്പെട്ടപള്ളി ആയിരിക്കുമ്പൊൾ വികാരി അപ്പുസ്തൊലിക്കാ തന്റെ മുഷ്ക്കരത്വം ഈ പള്ളിയിൽ നടത്തുവാൻ ഒട്ടും അവകാശവും സംഗതിയും കാണുന്നില്ലാ. അതെന്തന്നാൽ പല സൂനഹദൊസുകളിൽ പഴെയകാലത്ത ഉണ്ടായതിൽ തന്നെയും മെത്രാന്മാരരു തങ്ങളുടെ എടവകപുറത്തു തങ്ങളുടെ മുഷ്ക്കരത്വം പ്രവർത്തിച്ചുകൂടായെന്നു കുററു മുത്തുകല്പിച്ചു എഴുതീട്ടുണ്ടു. അതായത ൧ (1)-ാമതു മിശിഹാപിറന്നിട്ടു ൨൪൮ (248)-ാം മാണ്ടിൽ കർത്താഗൊ എന്ന നഗരിയിൽ കൂടിയ മുമ്പിലത്തെ സൂനഹദൊസ് പത്താം സഹായിൽ ഒരു മെത്രാൻ മററൊരു മെത്രാന്റെ ലൊകരെ അല്ലെങ്കിൽ എടവകകളെ കവർന്നു അടക്കികൊള്ളാതിരിപ്പാൻ ഈവണ്ണം പറയുന്നു: അതായത വയ്പാനു എന്ന നാടിന്റെ മെത്രാൻ പെലീക്സാ പൊല്ലിയാനൊരുത്തനും അവന്റെ ചങ്ങാതിയൊടു ഏറക്കുറവു പ്രവർത്തിക്കാൻ ദിഷ്ടതി ആകുന്നില്ലാ. അതെന്തന്നാൽ പലരും തങ്ങളുടെ തന്നവകാക്കുന്നു. അവരുടെ മനസ്സുകൂടാതെ മററവരുടെതവരു ഭരിക്കുന്നു. ക്രംതൊസ എന്ന മെത്രാൻ പറഞ്ഞു ഇനിമെൽ ആക്കും ഒരു സംശയമില്ലാ. ആയതുകൊണ്ടു യാതൊരുത്തരം ആരാന്റെ അതിരുകൾ കവരായ്വാനും അവന്റെ അനുവാദംകൂടാതെ മററൊരുത്തന്റെ ലൊകരെ കവരായ്വാൻ വിരൊധിപ്പാൻ ക്ഷമവെണ്ടിയിരിക്കുന്നു. അതെന്തന്നാൽ അവിടെനിന്നത്രെ മററു തിന്മകളൊക്കയും ഉണ്ടാകുന്നതെന്നു എല്ലാവർക്കും പറഞ്ഞുകൊള്ളാം.

൨ (2)-മതു ൨൪൭ (247)-ാം മാണ്ടിൽ കർത്താഗൊ എന്ന നഗരിയിൽ കൂടിയ ൩ (3) സൂനഹദൊസും ൨ (2) സഹായിൽ പറയുന്നു: യാതൊരു മെത്രാനും ആരാന്റെ ലൊകരെക്കവർന്നുകൊള്ളാത്തതും മെത്രാന്മാരിൽ ഒരുത്തനും തന്റെ ചങ്ങാതിയുടെ എടവകമെൽ കടക്കാത്തതും എല്ലാവക്കും തെളിഞ്ഞുവെന്നു.

൩ (3)-ാമതു ൫൩൫ (535)-ാം മാണ്ടിൽ അവെർണ്ണൊ എന്നനാട്ടിൽ കൂടിയ സൂനഹദൊസു ൧൦ (10)-സഹായിൽ പറയുന്നു: യാതൊരു മെത്രാനും ആരാന്റെ എടവക കവർന്നുകൊള്ളണ്ടാ എന്നു.

൪ (4)-ാമതു ൬൫൩ (653)-ാമാണ്ടിൽ എഹ്സാദ്ധ്യാ എന്ന നാട്ടിൽ കൂടിയ സൂനഹദൊസിൽ ൩ (3)-ാം കാനൊനായിൽ പറയുന്നു. യാതൊരു മെത്രാനും മററൊരുത്തന്റെ എടവക കവർന്നുകൊള്ളണ്ടാ," പിന്നെയൊ തനിക്കു കയ്യാളിക്കപ്പെട്ട ലൊകരെ ഭരിക്കുന്നതിനാൽ മതിയായിരിക്കമെന്നു.

൫ (5)-ാമതു ൧൩൧൦ (1310)-ാമാണ്ടിൽ റവെൻ എന്ന നാട്ടിൽ കൂടിയ സൂനഹദൊസ് ൨൦-ാം കാനൊനായിൽ കല്പിക്കുന്നു: യാതൊരു മെത്രാനും ആരാന്റെ എടവകയിൽ യാതൊരു മുഷ്ക്കരത്വത്തിന്നടുത്ത പ്രവൃത്തികൾ താൻ മെല്പട്ടസ്ഥത്തിനടുത്ത വസ്തുക്കൾ കഴിയ്കു താൻ ചെയ്യരുതെന്നു.

൩൪൧ (341)-ാമാണ്ടിൽ അന്ത്യൊക്ക്യാ എന്ന നാട്ടിൽ കൂടിയ സൂനഹദൊസ് ൨൨ (22)-ാം കാനൊനായിൽ കല്പിക്കുന്നു: തനിക്കു കീഴ്വഴങ്ങപ്പെട്ടിരിക്കാത്ത മറെറ നഗരിക്കും തനിക്കു ബന്ധിക്കാത്ത മറെറ നാട്ടിനും മെത്രാൻ കരെററി ആക്കും പട്ടം കൊടുത്തുകൂടാ. കൊടുക്കയും വെണ്ട. മററു മെത്രാനു കീഴ്വഴങ്ങപ്പെട്ടിരിക്കുന്ന എടങ്ങളിൽ ഈ എടത്തിന്റെ പ്രത്യെകമുള്ള മെത്രാന്റെ അനുവാദവും മനസ്സും കൂടാതെ ആരും പട്ടക്കാരനെയും ഉണ്ടാക്കയും വെണ്ട. എന്നാൽ ഇതിൻവണ്ണമുള്ള അതിക്രമം ആരാനും ചെയ്തു എങ്കിൽ പട്ടം കൊടുത്തതു ബലക്ഷയപ്പെട്ടതായിരിക്കണം. ഈ ആറു

www.malankaralibrary.com

സൂനഹദൊസിൽ ശിക്ഷപ്പെടുകയും വെണം. ഇതുകൂടാതെ ൧(1)-ാം തക്സത്തിൽ ൭(7)-ാം കാനൊനായിൽ ഈ കാര്യത്തിനുതന്നെ മററു പല പഴെ കാനൊനാകൾ ഗ്രസ്യാ എന്ന മല്പാൻ കൊണ്ടുവരുന്നുണ്ട്.

അപ്പഴൊ ഈ കാനൊനാകൾക്കു തക്കവണ്ണം ത്രെന്തൊസ സൂനഹദൊസ് ആറാം കൂടി വിചാരത്തിൽ അഞ്ചാം സഹായിൽ ഈവണ്ണം കല്പിക്കുന്നു: യാതൊരു മെത്രാനും യാതൊരു സ്ഥാനത്തിന്റെ അവകാശത്താലെയും മററൊരുത്തന്റെ എടവകയിലും മററൊരു യജമാനനു കീഴ്വഴങ്ങപ്പെട്ടിരിക്കുന്ന ആളുകളുടെ മെലും എടത്തിന്റെ യജമാനന്റെ തിരിച്ചുള്ള അനുവാദം കൂടാതെ പട്ടസുഖത്തിന്നു ബന്ധിച്ചുള്ളതിൽ ഒരു വസ്തുവും ചെയ്യുന്നതു ഞായമല്ലെന്നും ഇതിൻവണ്ണം പ്രവർത്തിച്ചാൽ മെത്രാനുമെൽ പട്ടത്തിന്നടുത്ത പ്രവർത്തികൾക്കു അംശമുടക്കും ഇപ്രകാരത്തിൽ പട്ടമെററ ആളുകൾക്കു തങ്ങളുടെ പട്ടങ്ങളുടെ പ്രവർത്തി പ്രവത്തിപ്പാനുള്ളതിനും അംശമുടക്കു ഞായത്താൽതന്നെ തട്ടമെന്നും. അപ്പൊഴൊ എടത്തിന്റെ എജമാനന്റെ മനസ്സു വെണ്ടിയിരിക്കണമെന്നു പറഞ്ഞതു യാതൊരിടത്തിലും മെത്രാനടുത്ത വിധി മുഷ്ക്കരത്വവും സ്ഥാനവും നടത്തുന്ന ആളത്രെ ആകുന്നു. മെത്രാനെങ്കിലും മെത്രാനല്ലാതെ സ്ഥാനത്താൽ ഏററിയ ആകമാനത്തിനടുത്ത ഞായത്താൽ മെത്രാനടുത്ത സ്ഥാനം പ്രവർത്തിക്കുന്ന മററൊരു യജമാനൻ എങ്കിലും ആയതുകൊണ്ടു മെത്രാനില്ലാത്ത സമയത്തിൽ കാനൊനിക്കമ്മാരുടെ സമൂഹത്തിൽ എങ്കിലും ഈ സമൂഹത്തിന്റെ വികാരി ജനറാൾ എങ്കിലും പുറമെയുള്ള മെത്രാന്നു മെല്പട്ടസുഖത്തിന്നടുത്ത വസ്തുക്കൾ ചെയ്യുവാൻ അനുവാദം കൊടുപ്പാൻ വശമാകുന്നു എന്ന മുമ്പിലത്തെ പുസ്തകത്തിൽ ൧൬ (16)-ാം നിർത്തിൽ അഞ്ചാം സഹായിൽ എട്ടാം എണ്ണത്തിൽ ഞായവിധിയുടെ മൽപാൻ വാൻ എസ്പാൻ പറയുന്നു.

എന്നാൽ ഇത്രെ നെരവും കാട്ടിയ അവകാശങ്ങൾകൊണ്ടും ബൊധങ്ങൾകൊണ്ടും എല്ലാവക്കും വെളിച്ചമെ അറിയാം. എണ്ണാകുളത്തു പള്ളി കൊടുങ്ങല്ലൂർഎടവകയിൽ ഉൾപ്പെട്ട പള്ളി ആകകൊണ്ടു ആ എടവകയിലുള്ള ലൊകൎക്കു കൂദാശകൾ ചിററാഴ്മ ചെയ്വാൻ നാം കല്പിച്ച വികാരി ഒഴികെ വെറെ പട്ടക്കാരനെ കൽപിക്കാൻ നമ്മുടെ അനുവാദം കൂടാതെ വരാപ്പുഴെ മെത്രാനു വഹിയാ എന്നും. എന്നാൽ ൧൭൦൯ (1709)-ാമാണ്ടിൽ മീനമാസം ൩൦ (30)-നു ൧൧ (11)-ാമത്തെ ഇനസന്ത്യൊസ എന്ന ശ്രു. മാർപ്പാപ്പായുടെ തിരുസാധനം ഉറപ്പിച്ച ൧൧ (11)-ാം ക്ലെമ്മീസ എന്ന ശ്രു. മാർപ്പാപ്പ എഴുതി ൧൭൨൪(1724)-ാമാണ്ടിൽ മകരമാസം ൩൧(31)-നു പ്രൊപ്പഗാന്താ എന്ന ശ്രു. സമൂഹം ഉറപ്പിച്ച തിരുസാധനത്തിൽ കൊടുങ്ങല്ലൂരു എടവകയിലും കൊച്ചീ എടവകയിലും വിധിമുഷ്ക്കരത്വം നടത്തുവാൻ മുഷ്കരത്വം കൊടുത്തിട്ടുണ്ടെന്നും ആയതുകൊണ്ടു ഈ വികാരി അപ്പസ്തൊലിക്കാ ഞായത്താൽതന്നെ എണ്ണാകുളം പള്ളിയിൽ എന്നുതന്നെയല്ലാ മലങ്കരെയുള്ള പള്ളികൾ ഒക്കെയിലും വികാരിമാരെ കൽപിപ്പാൻ വശമാകുന്നുവെന്നു പറഞ്ഞാൽ ആയതു ഇരിക്കയുമില്ലാ.

അതെന്തന്നാൽ മെൽപറഞ്ഞ ശ്രു. മാർപ്പാപ്പായുടെ തിരുസാധനത്തിൽ മലങ്കരെ എടവകയിലും കൊച്ചീ എടവകയിലും വിധിമുഷ്ക്കരത്വം നടത്തുവാൻ രണ്ടവകാശങ്ങൾ വെണ്ടിയിരിക്കുന്നു. അതായത: ൧ (1)-ാമത എടവകമെത്രാമ്മാരുടെ കീഴ് ഇരിപ്പാൻ നാടിന്റെ ഉയരവരു സമ്മതിക്കാത്തപക്ഷത്തിൽ ആ വിരൊധം തീരുവൊളം വികാരി അപ്പസ്തൊലിക്കായു തന്റെ മുഷ്ക്കരത്വം നടത്താം. ൨ (2) -ാമത് നാട്ടിലുള്ള ജനങ്ങൾതന്നെ എടവക മെത്രാമ്മാരുമായിട്ടു വാച്ചകാര്യംകൊണ്ടും അയർപ്പുണ്ടായി





എടത്തുട്ടിൽ പൊകുമെന്നു കാണുന്ന നെരത്തും വികാരിഅപ്പസ്തൊലിക്കാ തന്റെ ത്രുപത നടത്താം. എന്നാലും ഈ രണ്ടവകാശങ്ങളും ഇല്ലാത്ത സമയത്തിൽ മലങ്കര എടവകയിലും കൊച്ചീ എടവകയിലും വികാരി അപ്പസ്തൊലിക്കായു മുഷ്ക്കരത്വവും പ്രവർത്തിച്ചുകൂടാ. പ്രവർത്തിച്ചാൽ വാസ്തവം അല്ലാ.

ഈ തിരുസാധനത്തിൽതന്നെ എഴുതിയിരിക്കുന്നതിൻവണ്ണം അപ്പഴൊ ഈ മെൽചൊല്ലിയ രണ്ടവകാശങ്ങളിൽ ഏതാനും എണ്ണാകുളത്തു പള്ളിയിൽ വന്നിട്ടുണ്ടൊ എന്നു വിചാരിച്ചു കണ്ടാൽ ആയതിൽ ഒന്നും അവിടെയുണ്ടായിട്ടില്ലെന്നു പ്രസിദ്ധമത്രെ ആകുന്നു. അതെന്തന്നാൽ ഈ നാടിന്റെ ഉടമസ്ഥനാകുന്ന പെരിമ്പടപ്പിൽ വലിയതമ്പുരാൻ എടവക മെത്രാനാകുന്ന കൊടുങ്ങല്ലൂരു എജമാനന്റെ വിധിമുഷ്ക്കരത്വത്തിന്നു ഒരു വിരൊധവും നടത്തീട്ടില്ലാ. എന്നു തന്നെയുമല്ലാ പിന്നെയൊ തന്റെ രാജ്യത്തിലുള്ള പള്ളികളൊക്കയിലും ഒരു തടവും കൂടാതെ ഈ മുഷ്ക്കരത്വം നടത്തിക്കൊള്ളത്തക്കവണ്ണം ൧൭൮൭ (1787)-ാ മാണ്ടിൽ വെണ്ടുംവണ്ണം തീട്ടൂരം എഴുതി ഉറപ്പിച്ചിരിക്കുന്നു. എന്നു വരുമ്പൊൾ മുമ്പിലത്തെ അവകാശം എണ്ണാകുളത്തു പള്ളിയിൽ ഉണ്ടായിട്ടില്ലെന്നും വെസ്ഥയത്രെ ആകുന്നു.

എന്നാൽ എർണ്ണാകുളത്തു കൂടിയിരിക്കുന്ന കുടിയാനവന്മാരിൽ ഏറിയകൂറും ബ.കുമ്പനിയുടെ കുടിയാനവമ്മാരായിരിക്കകൊണ്ടും തന്റെ കുടിയാനവമ്മാരു പറങ്കിവെദവാഴിയുടെ കീഴ്പാത്തുകൂടാ എന്നും കുമ്പനിയുടെ വിരൊധം ഉണ്ടായിരിക്കകൊണ്ടും ഈ കുടിയാനവമ്മാരെ വെദമര്യാദ പൊലെ ഭരിപ്പാൻ ഒരു പട്ടക്കാരനെ കൽപിക്കാൻ വികാരി അപ്പസ്തൊലിക്കായ്ക്കു ആവാം എന്നു പറഞ്ഞാലും അയാളു ഭരിക്കയുമില്ലാ. കാര്യമായി വരികയുമില്ലാ. അതെന്തന്നാൽ മുമ്പിൽതന്നെ ബഹുമാനപ്പെട്ട കുമ്പിനിയുടെ വിരൊധം ഇതിൻവണ്ണം ഇങ്ങനെ തൊന്നുന്നില്ലാ. അതെന്തന്നാൽ ഇതിൻവണ്ണമുള്ള വിരൊധമുള്ളതാകുന്നുവെങ്കിൽ കൊല്ലത്ത കൊട്ട കുമ്പിനിയുടെ എടമായിരിക്കുമ്പൊൾ അവിടെയുള്ള കുടിയാനവമ്മാരു പൊർത്തുഗീസ് എജമാനനായിരിക്കുന്ന കൊച്ചിയിൽ മെത്രാന്റെ കീഴ് ഇന്നൊളം ഇരിപ്പാൻ സംഗതിയില്ലല്ലൊ. ആയതല്ലാതെ ഇതിൻവണ്ണം തന്നെ ഉള്ള വിരൊധം ഉണ്ടെന്നു വച്ചാലും പൊത്തുഗീസു ജാതിമെൽ അത്രെ ആകുന്നുവെന്നും പള്ളിക്കടുത്ത വിധിമുഷ്ക്കരത്തിമ്മെൽ അല്ലെന്നും നല്ലവണ്ണം വിചാരിക്കുന്നാളുകൾക്കു അറികയുമാം.

ഞായവും സംഗതിയും കൂടാതെ ബഹുമാനപ്പെട്ട കുമ്പിനി ദാനം കല്പിക്കയില്ലാ. എന്നാൽ പ്രത്യെകം ഏതാനും ചില അവകാശങ്ങൾകൊണ്ടു പൊർത്തുഗീസരുടെ കീഴ് തന്റെ കുടികൾ പാർത്തുകൂടാ എന്നു കല്പിപ്പാൻ ചില അവകാശങ്ങൾ ബ. കുമ്പിനിക്കു ഉണ്ടായിരിക്കുമെങ്കിലും മററു ജാതിയിലുള്ള എടവക എജമാനന്റെ കീഴ് ഇരുന്നുകൂടാ എന്നു കല്പിപ്പാൻ ഒരു അവകാശവും സംഗതിയും ഉണ്ടായിരിക്കയുമില്ലാ. സെലത്ത നാട്ടിൽ നടന്നുവരുന്ന അവസ്ഥപൊലെ അതെന്തന്നാൽ അവിടെ ബഹുമാനപ്പെട്ട കുമ്പിനിയുടെ കീഴ് ഇരിക്കുന്ന കുടിയാനവമ്മാരു പൊർത്തുഗീസർ ഭരിച്ചുകൂടായെന്നു ഉണ്ടായിരിക്കലും നാടിന്റെ മെത്രാനായിരിക്കുന്ന കൊച്ചിയിൽ മെത്രാന്റെ കൽപനകീഴ് ഇരുന്ന ആ എടത്തു മാർഗ്ഗമര്യാദ നടത്തിവരുന്ന കത്തടി പാദ്രീമാൎക്കു ഒരു വിരൊധവും അവിടെയില്ലാതാനും.

അതിൻവണ്ണം ഈ എടവകയിലും ഞാറക്കലും ഇടപ്പള്ളിയിലും മററു ചില പള്ളികളിലും കുമ്പിനി ആളുകൾ പലരും ഉണ്ടെങ്കിലും ആയാളുകൾക്കു വെദമര്യാദക്കു നമ്മുടെ കല്പന അനുസരിച്ചു ചെയ്യുന്നതിന്നു ഇത്രനെരവും ഒരു വിരൊധവും ഉണ്ടായിട്ടില്ലാ. എന്നു വരുമ്പൊൾ മെൽപറഞ്ഞ ശ്രു.

www.malankaralibrary.com

മാർപ്പാപ്പായുടെ തിരുസാധനത്തിൽ എഴുത്തപ്പെട്ട മുമ്പിലത്തെ അവകാശം എണ്ണാകുളത്തു പള്ളിമെൽ ഇല്ലെന്നു ഇവിടെ കണ്ടുവല്ലൊ.

വ (2) -മത്തെ അവകാശം ആയതു എടത്തുട്ടിൽ പൊകുവാനുള്ള സംഗതി അവിടെയുണ്ടൊ എന്നത്രെ കാണെണ്ടതു. എന്നാൽ എണ്ണാകുളത്തെ ജനങ്ങൾ മുമ്പിലാലെ ശുദ്ധമാനവിശ്വാസം കൈക്കൊണ്ടു അവരു കാരണവന്മാരും അതിൽ വളർന്നിരിക്കകൊണ്ടു ഈ വിശ്വാസം ഉപെക്ഷിപ്പാനും ആയതിനെ മറുപ്പാനും ഒരുനാളും അവരു മനസ്സായിട്ടുമില്ലാ. മനസ്സാകുന്നുമില്ലാ. പിന്നെ മനസ്സാകയുമില്ലാ എന്ന വെസ്ഥയത്രെ ആകുന്നു. ആയതിന്മെൽ ഒരു സംശയവും ആക്കും തൊന്നുന്നുമില്ലാ. എന്നു വരുമ്പൊൾ മെല്പറഞ്ഞ രണ്ടവകാശങ്ങളിൽ ഒന്നു എണ്ണാകുളത്തു പള്ളിമെൽ ഇല്ലെന്നും ആയതുകൊണ്ടു നമ്മുടെ അനുവാദം കൂടാതെ വിധിമുഷ്ക്കരത്വത്തിന്നടുത്ത പ്രവൃത്തികൾ ഒന്നും ആ പള്ളിയിൽ പ്രവൎത്തിപ്പാൻ വികാരിഅപ്പസ്തൊലിക്കാക്കു വഹിയാ എന്നും എല്ലാവൎക്കും അറികയുമാം.

എന്നാൽ എർണ്ണാകുളത്തുള്ള ലൊകരെ ഭരിപ്പാൻ വികാരിഅപ്പസ്തൊലിക്കായ്ക്കു ഒരു പട്ടക്കാരനെയും കല്പിച്ചുകൂടാ എന്നു വെളിവായതിന്റെ ശെഷം വരാപ്പുഴ മെത്രാൻ കല്പിച്ചവിടെയാക്കിയ പാദ്രീ അവിടെ ചെയ്ത കുമ്പസാരങ്ങളും പെൺകെട്ടുകളും ഏതുപ്രകാരം ആയിരിക്കുമെന്നു വിചാരിപ്പാൻ ആവശ്യമായിരിക്കുന്നു. എന്നാൽ കുമ്പസാരങ്ങളുടെ അവസ്ഥ കൊണ്ടു ത്രെന്തൊസ സൂനഹദൊസിന്റെ വന (23) -ാം കൂടി വിചാരത്തിൽ ചൊല്ലിയിരിക്കുന്നതു വിചാരിച്ചാൽ ആയതിന്റെ അവസ്ഥ വെണ്ടുംവണ്ണം ബൊധിക്കയുമാം. അതായതു പട്ടക്കാരരു തങ്ങളുടെ പട്ടമെല്ക്കുന്ന സമയത്തിൽ ദൊഷങ്ങൾ പൊക്കുവാനുള്ള മുഷ്ക്കരത്വം കൈക്കൊള്ളുന്നുവെങ്കിലും എടവകയ്ക്കടുത്ത ഗുണവധികാരം തന്റെ മെത്രാന്മാരുടെ അനുവാദം കൂടാതെ യാതൊരു ദശനക്കാരരും കുമ്പസാരങ്ങൾ കെട്ടുകൂടാ. എന്നാൽ സൂനഹദൊസ് കല്പിച്ച ഈ മൊഴിപിടിച്ച ദർശനശാസ്ത്രക്കാരനാകുന്ന ഗൌറിയെൽ അന്നൊയിൽ തന്റെ പുസ്തകത്തിൽ ന (3) -ാം സർഗ്ഗത്തിൽ മുമ്പിലത്തെ നിറുത്തിൽ ന (3) -ാം സഹായിൽ പറയുന്നു. ഒരു എടവകയിൽ കുമ്പസാരങ്ങൾ കെൾക്കണമെങ്കിൽ ആ എടവകയുടെ മെത്രാന്റെ അനുവാദം വെണ്ടിയിരിക്കുന്നു.

ആയതുകൊണ്ടു ഒരു എടവകയിൽ കുമ്പസാരത്തിന്നനുവാദമുള്ള പട്ടക്കാരൻ വെറെ എടവകയിൽ ചെന്നാൽ ആ എടത്തിന്റെ മെത്രാന്റെ അനുവാദംകൂടാതെ അവിടെ കുമ്പസാരം കെൾപ്പാൻ വഹിയാ. മാർഗ്ഗമര്യാദയുടെ എത്രയും നല്ല വഴി കാട്ടുന്നതായ പള്ളിയുടെ മര്യാദകൊണ്ടും പലപല എടങ്ങളിൽ പലപല അനുവാദങ്ങൾ വെണ്ടിയിരിക്കുന്നുയെന്നു അറിയിപ്പാൻ സൂനഹദൊസു വച്ചിരിക്കുന്ന ബഹുവർഗ്ഗവചനംകൊണ്ടും സൂബബന എന്നു തുടങ്ങുന്ന ൧൦ (10)-ാമത്തെ മാർ ക്ലെമ്മീസ ശു. മാർപ്പാപ്പായുടെ കല്പനകൊണ്ടും ഇത വെസ്ഥയായിരിക്കയും ചെയ്യുന്നു. ഇതിനൊടു മറ്റുത്തുള്ള പഠിത്വം ൧൬൫൯ (1659)-ാമാണ്ടിൽ വ (8) -ാമത്തെ മാർ അലെക്സന്ത്രിയൊസ ശു. മാർപ്പാപ്പാ മഹറൊൻ ചൊല്ലുകയും ചെയ്തു. അതെന്തെന്നാൽ മെത്രാമ്മാരുടെ അനുവാദം മുഷ്ക്കരത്വത്തിന്റെ പ്രവൃത്തി ആകുന്നു. എന്നാൽ, ഈ മുഷ്ക്കരത്വത്തിന്റെ പ്രവർത്തി ഈ മുഷ്ക്കരത്വത്തിന്റെ നാടിന്റെ പുറത്തു കടക്കയുമില്ലാ. എടവകയുടെ അതൃത്തിക്കു പുറത്തു പുറപ്പെടുകയുമില്ലാ. എന്നു ഇത്രെയൊളം ഗൌറിയെൽ അന്നൊയാസ് പറയുന്നു. അപ്പൊഴൊ എർണ്ണാകുളത്തു എടവകമെൽ മുഷ്ക്കരത്വമില്ലാത്ത വികാരിഅപ്പസ്തൊലിക്കാ അവിടെ കല്പിച്ചാക്കിയ പട്ടക്കാരൻ അവിടെ ചെയ്ത



കുമ്പസാരങ്ങൾ വാസ്തവമില്ലാത്തതും ആയതുകൊണ്ടു ദൈവദൊഷമുള്ളതും ആകുന്നു എന്നു എല്ലാവർക്കും അറികയുമാം. മലങ്കരെ വികാരി അപ്പസ്തൊലിക്കായുടെ അനുവാദമുള്ളവരു എല്ലാഎടത്തും കുമ്പസാരിപ്പിച്ചു വരുന്നല്ലൊ. എന്നു പറയുന്നതു ഇരിക്കയുമില്ലാ. അതെന്തെന്നാൽ വികാരി അപ്പസ്തൊലിക്കായുടെ അനുവാദംകൊണ്ടു നടക്കുന്ന ആളുകളെ നമ്മുടെ പള്ളികളിൽ ക്ഷമിച്ചുവരുന്നു എങ്കിലും നമ്മുടെ അനുവാദമില്ലെന്നു വരുന്ന നെരം വികാരിഅപ്പസ്തൊലിക്കായുടെ അനുവാദം കൊണ്ടുതന്നെ ചെയ്യുന്ന കാര്യങ്ങൾ വാസ്തവവുമില്ലാ. എന്നാൽ എർണ്ണാകുളത്തു പള്ളിക്കൽ നമ്മൊടു മറുത്തുവരികകൊണ്ടു വികാരി അപ്പസ്തൊലീക്കായുടെ അനുവാദത്താൽ തന്നെ അവിടെ ചെയ്യുന്നതു കാര്യമല്ലെന്നുവരും. വിശെഷിച്ചും പെൺകെട്ടിന്റെ അവസ്ഥകൊണ്ടു വ൪ (24) -ാം കൂടി വിചാരത്തിൽ പെൺകെട്ടിന്റെ വാഴമെലുള്ള കല്പനയിൽ ൧ (1) -ാം സഹായിൽ ത്രെന്തൊസ സൂനഹദൊസു കല്പിക്കുന്നതാകുന്നത: വികാരിയുടെ എങ്കിലും എടവക എജമാനന്റെ എങ്കിലും മററു പട്ടക്കാരൻ താൻ കൂടാതെയും ഇരുവരു ഏററിയ മൂവ്വരെ സാക്ഷിക്കാരരു കൂടാതെയും പെണ്ണുകെട്ടുവാൻ പരീക്ഷിക്കുന്ന ആളുകളെ അവരു ശുദ്ധമാന സൂനഹദൊസ് ഇതിൻവണ്ണം കെട്ടുവാൻ വഹിയാത്തവരായി ചെയ്യുന്നു. ഇതിൻവണ്ണമുള്ള കല്യ്യാണങ്ങൾ വാസ്തവമില്ലാത്തതാകുന്നുവെന്നു കല്പിച്ച ഈ കല്പനയിൽ തന്നെ വാസ്തവമില്ലാത്തതും കാര്യമില്ലാത്തതും ആകയും ചെയ്യുന്നു.

അപ്പൊഴൊ വികാരിയുടെ സാക്ഷിക്കാരരും കൂടാതെ ഒളിവിൽ ഉണ്ടാകുന്ന പെൺകെട്ടുകളൊക്കയും ശുദ്ധമാനസൂനഹദൊസു വാസ്തവമില്ലാത്തതായി കല്പിക്കുമ്പൊൾ എർണ്ണാകുളത്തുപള്ളിമെൽ ഒരു മുഷ്ക്കരത്വവും വികാരി അപ്പസ്തൊലിക്കാക്കു ഇല്ലെന്നും ആയതുകൊണ്ടു അവിടെ കൂദാശകൾ ചിററാഴ്മചെയ്യാൻ ഒരു പട്ടക്കാരനെയും വികാരിഅപ്പസ്തൊലിക്കാക്കു കല്പിച്ചുകൂടാ എന്നും മീതെ പല അവകാശങ്ങൾകൊണ്ടും നാം കാട്ടിയതിന്റെ ശെഷം ഈ പാദ്രീ അവിടെ വികാരിയായിരിക്കയില്ലെന്ന വെസ്ഥയായിരിക്കുമ്പൊൾ നമ്മുടെ എങ്കിലും നമ്മുടെ വികാരിയുടെ എങ്കിലും അനുവാദം കൂടാതെ ആ പള്ളിയിൽ കൂദാശക്കടുത്ത പ്രവൃത്തികൾ ഒന്നും പ്രവൃത്തിച്ചാൽ വാസ്തവമാകയില്ലെന്നു നമ്മുടെ പഠിത്വത്തിന്റെ പുസ്തകം പലതും പലപ്രകാരവും വികാരിഅപ്പസ്തൊലിക്കാ വായിച്ചു പഠിച്ചറിഞ്ഞുംകൊണ്ടുള്ള പ്രകാരം അനുസരിച്ചു നടത്തിവരുന്നതു ഞായപ്രകാരമുള്ളതല്ലായ്കകൊണ്ടും ഇനി ഒന്നും പ്രവൎത്തിക്കുന്നതിനുമുമ്പിൽ അവിടെയാക്കിയിരിക്കുന്ന പാദ്രിയെ വിളിപ്പിച്ചുകൊള്ളുകയത്രെ വെണ്ടിയിരിക്കുന്നത. ആയതല്ലാതെ ഇനീ ഒന്നും ആ പള്ളിയിൽ പ്രവൎത്തിച്ചാൽ വാസ്തവമാകയുമില്ലാ.

എർണ്ണാകുളത്തുപള്ളി സുറിയാനി പള്ളി ആണെന്നും അപ്രകാരം നടത്തിച്ചു തരണമെന്നും ടി എടവകക്കാരരു വികാരി ജനറാൾ മൂപ്പൻ പാദ്രീഅച്ചനെ ബൊധിപ്പിച്ചസാധനം

ഏ. പെ. പെ. ബ. മലങ്കരെ എടവകയുടെ വികാരി ജനറാൾ മൂപ്പൻ പാദ്രീഅച്ചനെ അരികെനില്ക്കുന്ന അച്ചന്മാരു വായിച്ചും ബൊധിപ്പിക്കെണ്ടും അവസ്ഥ.

എണ്ണാകുളത്തു പള്ളിയായ ഞങ്ങളുടെ പള്ളിയുടെ തുടർമാനം ആകുന്നത. കുറവിലങ്ങാട്ടു പള്ളി എടവകക്കാരൻ പാലമററത്തു തറവാട്ടിൽ നിന്നുള്ള മലങ്കര എടവക ഒക്കെയുടെയും ഗൊവണ്ണദൊരച്ചനും അർക്കദിക്കൊനുമായ ദെഹം ഇവിടെവന്നു ഏതാനും വസ്തുഉല്പത്തികളും കൊണ്ടു ഒത്തുക്കി പള്ളി പണിയിപ്പിച്ചു തനതായിട്ടു നടന്നു വന്നിരിക്കുമ്പൊൾ അങ്ങെ

www.malankaralibrary.com

ഹത്തിന്റെ കാലം കഴിഞ്ഞാറെ അനന്തരവനാകുന്ന മത്തായി അർക്കിദിയാക്കൊൻ അച്ചനൊടു ഞങ്ങൾ അപെക്ഷിച്ചാറെ ഞങ്ങൾക്ക എടവക പള്ളിയായിട്ടു മറ്റും മലങ്കരെ പള്ളികളിൽ നടന്നുവരുന്ന മര്യാദപൊലെ നടന്നുകൊള്ളത്തക്കവണ്ണവും ആയതിന്നു ൧൬൯൭ (1697)-ാം കാലം വൃശ്ചികമാസം ൧൩ (13)-നു ഒരു പടിസാധനവും എഴുതിവച്ചു നടന്നു വന്നിരിക്കുമ്പൊൾ അദ്ദെഹത്തിന്റെ കാലവും കഴിഞ്ഞതിന്റെ ശെഷം മലങ്കരെ പള്ളിക്കാററു പുത്തൻചിറെയും വരാപ്പുഴെയും കണ്ടു നടന്നു വന്നിരിക്കുന്ന സംഗതിക്കു ഞങ്ങളും വരാപ്പുഴെ കണ്ടു നടന്നുവന്നിരിക്കുമ്പൊൾ ഈ പള്ളിയിൽക്കൂടിവരുന്ന ലത്തീൻകാരരുമായിട്ടു ചില അയർപ്പുകളും പിണക്കങ്ങളുമുണ്ടായി അവിടെ വന്നാറെ കാര്യത്തിന്റെ പരമാർത്ഥം ബൊധിപ്പിച്ചാറെ ഈ പള്ളി മലങ്കരെ പള്ളി എന്നും ഈ പള്ളിയിൽ സുറിയാനി പട്ടക്കാരരെ കല്പിച്ചു നടത്താവൂ എന്നും ആയതനുസരിച്ചു നടപ്പാൻ മനസ്സുള്ളവർ അപ്രകാരം തന്നെ അനുസരിച്ചു നടന്നു കൊള്ളണമെന്നും ആയതല്ലാതെ സിദ്ധാന്തം ബൊധിപ്പാൻ പട്ടാങ്ങ അറിഞ്ഞിരിക്കകൊണ്ടു ആയത്തു കഴിയുന്നതല്ലെന്നും കല്പിച്ചയക്കയും ചെയ്തു.

പിന്നെയും മര്യാദപൊലെ നടന്നുവന്നിരിക്കുമ്പൊൾ ൧൭൮൭ (1787) കാലം മലങ്കരെ പള്ളികളൊക്കയും ഒന്നായിട്ടു ബ. കൊട്ടങ്ങല്ലുരു ഗൊവണ്ണദൊരച്ചനെ കണ്ടു നടക്കത്തക്കവണ്ണം കല്പനയും കൊണ്ടുവന്നാറെ അതിൻവണ്ണം നടന്നു വന്നിരിക്കുമ്പൊൾ ൧൮൦൬ (1806)-ാം കാലം കുംഭമാസത്തിൽ ഒരു അവകാശവും സംഗതിയും കൂടാതെ ഈ പള്ളിയിൽക്കൂടി വന്നിരുന്ന ലത്തീൻകാരരു ഈ പള്ളി ഉപെക്ഷിച്ചു ചാത്ത്യാത്തു പള്ളിയിൽ കൂടി നടക്കയും ചെയ്തു. അപ്രകാരം നടന്നുവന്നിരിക്കുമ്പൊൾ ടി മിഥുനമാസത്തിൽ ബ. മക്കാളി സായ്പു അവർകളുടെ കല്പനപടിക്കു ഞങ്ങൾ അവിടെ വന്നു കണ്ടാറെ കീഴിൽ നടന്നുവന്നു മര്യാദപൊലെ കല്പിച്ചു നടന്നു വന്നിരിക്കുമ്പൊൾ ടി വൃശ്ചികമാസത്തിൽ ഈ പള്ളി ഉപക്ഷെിച്ചു ചാത്ത്യാത്തു പള്ളിയിൽ കൂടിവന്ന ലത്തീൻകാരരെ ഈ പള്ളിയിൽ വരുത്തിച്ചു. അവരുടെ ദിഷ്ടതി പൊകെണ്ടതിന്നു കീഴ്മര്യാദ അല്ലാതെ വാസ്തർപാദ്രി അച്ചനെ കല്പിച്ചത എന്തു സംഗതിയെന്നും ഈ പള്ളിയിൽ ലത്തീൻ പട്ടക്കാരരെ കല്പിപ്പാൻ ഞായമില്ലല്ലൊ എന്നും ഞങ്ങൾ ബൊധിപ്പിച്ചാറെ ഇപ്പൊൾ ഇപ്രകാരം നടക്കു എന്നും കാര്യങ്ങൾ കെട്ടുതീൎത്തു മര്യാദപൊലെ നടത്തിച്ചു തരാമെന്നും കല്പിക്കയും ചെയ്തു.

അപ്രകാരം നടന്നുവന്നിരിക്കുമ്പൊൾ ഞായമല്ലാതെ ഇപ്രകാരം നടത്തിക്കുന്നതു സങ്കടമെന്നു പലപ്പൊഴും എഴുത്താലെയും വചനത്താലെയും ബൊധിപ്പിച്ചാറെ സിദ്ധാന്തമായിട്ടു പക്ഷത്തിൽനിന്നും കൊണ്ടു കല്പിച്ചാക്കിയിരുന്ന ഞങ്ങളുടെ വികാരിയെ മാററുകകൊണ്ടും ഞങ്ങളുടെ ക്രമങ്ങളും മര്യാദകളും മുടക്കിയ സങ്കടവും ഞങ്ങളുടെ പ്രാപ്തിക്കുറവും മുട്ടിപ്പാലെ സങ്കടം ബൊധിപ്പിച്ചാറെ ഇനി ഞാൻ ഒരു പക്ഷത്തിലും നില്ക്കയില്ലെന്നും കെട്ടു തീരണമെന്നും കല്പിച്ചു രണ്ടു വകയിലും തടസ്സര പള്ളിക്കാരരെയും വരുത്തിച്ചു.......മര്യാദക്കു ഒരു ഭെദം വരുത്താതെ തീർപ്പും........നടത്തിച്ചുകൊടുക്കാമെന്നു ബ. അച്ചൻ കല്പിച്ചു ഏല്പിച്ചാറെ തടസ്സര നാലു........ പള്ളി വയ്പിച്ചിരിക്കുന്ന ആളിന്റെ അവസ്ഥയും സുറിയാനി മര്യാദ നടന്നുവന്നതിന്റെ അവസ്ഥയും പടിസാധനത്തിന്റെ അവസ്ഥയും കണ്ടാറെ സുറിയാനിപള്ളിയെന്നും സുറിയാനി പട്ടക്കാരനെ കല്പിച്ചു നടത്തുവാൻ ഞായമുള്ളതെന്നും പള്ളിക്കാരര് ബൊധിപ്പിച്ചതിന്റെ ശെഷം അദ്ദെഹത്തിന്റെ മനസ്സുപൊലെ വിധിക്കായ്ക കൊണ്ടു നിങ്ങൾ ഇപ്പൊൾ പൊകവെണ്ടു എന്നും കാര്യം ഞാൻ തീൎക്കുമെന്നും കല്പിച്ചു പള്ളിക്കാരരെ അയക്കയും ചെയ്തു.



ആയതിന്റെ ശെഷം ഞങ്ങളുടെ സങ്കടം തീൎന്നു കീഴ്മര്യാദപൊലെ സുറിയാനിപട്ടക്കാരനെ കല്പിച്ചു നടത്തിത്തരണമെന്നു ഞങ്ങൾ അപെക്ഷിക്കകൊണ്ടു പള്ളിക്കാരരെ വരുത്തി കെൾപ്പിച്ചാറെ വിധിചെയ്ത പ്രകാരം നടത്താതെ ഞങ്ങളൊടു കാർഷ്യംപൊലെ നടത്തിയ സംഗതി ബ. നിക്ളാവൊസ മൂപ്പൻ പാദ്രീഅച്ചൻ വികാരി ജനറാൾ ആയപ്പൊൾ പലപ്പൊഴും ഞങ്ങൾ സങ്കടം ബൊധിപ്പിച്ചാറെ ഇപ്പൊൾ അച്ചൻ കല്പിച്ചു നടത്തിയപ്രകാരം ഞങ്ങൾ നടന്നുവരുന്നു. ബ. അച്ചനൊടു ഞങ്ങൾ അപെക്ഷിക്കുന്നു. ഈ പള്ളിയുടെ മര്യാദപൊലെയും ഞായംപൊലെയും നടത്തിച്ചു തരണമെന്നും ഈ പള്ളി ഏതെന്നു തിരിച്ചറിവാൻ വിഷമമുണ്ടെങ്കിൽ ആയതു ബൊധിപ്പാൻ അഞ്ചാമത്തെ മാർ പൌലൊസ എന്ന ശ്രു. മാർപ്പാപ്പായുടെ കല്പനയാൽ ൧൬൧൦ (1610)-ാം കാലം ധനുമാസം ൨൨ (22)-നു എ.പെ.പെ. ബ. ഗൊവാ മെത്രാപ്പൊലീത്തായും കിഴക്കെ ദിക്കിന്റെ മെത്രാന്മാരുടെ തലവനുമാകുന്ന മാർ അല്ലെസിയൂസുംകൂടി കൊച്ചിഎടവകയും മലങ്കരെ എടവകയും വെർതിരിച്ചെഴുതി മാർപ്പാപ്പ കൈക്കൊണ്ടു ഉറപ്പിച്ചു തിരുസാധനത്തിൽ എണ്ണാകളം പള്ളി മലങ്കരെ പള്ളി അത്രെ ആകുന്നുവെന്നു അച്ചനും ബൊധിച്ചിരിക്കുമല്ലൊ.

ആ സംഗതിയും പള്ളിവയ്ച്ചിച്ചു നടന്നുവന്നിരിക്കുന്ന അവസ്ഥയും ബൊധിച്ചു കീഴ്മര്യാദയും ഞായപ്രകാരംപൊലെയും നടത്തി രക്ഷിക്കണമെന്നു അപെക്ഷിക്കുന്നു. മുതൽ സംഗതികൊണ്ടു സ്വരുമിച്ചു നടന്നപ്പഴം ചെന്നു നടന്നപ്പുഴമായിട്ടു ൧൦൦൦ (1000)-ൽ ചില്ല്വാനം പുത്തനൊളം ലത്തീൻകാരരുടെ പററിൽ ഇരിപ്പുണ്ട്. ആയതിന്റെ കണക്കു അവരൊടു ചൊദിക്ക എങ്കിലും ഒരു പുത്തൻ വയ്ച്ചിക്ക എങ്കിലും ചെയ്യാതെ ഞങ്ങളെക്കൊണ്ടു മുതൽ വയ്ച്ചിക്കയും കണക്കു ചൊദിക്കയും പിന്നെയും പലകൂട്ടം സങ്കടങ്ങളും പ്രൊസ്സർ പാദ്രീഅച്ചൻ ഞങ്ങൾക്കു വരുത്തീട്ടുണ്ടു. ഇത്ര പെരുത്ത മുതൽ അവരുടെ പററിൽ ഇരുത്തീട്ടു ആയതിന്നു ഒരു ചൊദ്യവും പൊലും ഉണ്ടാകാതെ ഞങ്ങളെക്കൊണ്ടു പ്രൊസ്സർ പാദ്രീഅച്ചൻ അദ്ദെഹത്തിന്റെ അടുക്കൽ വയ്ച്ചിച്ചിരിക്കുന്ന വകയിൽ അർക്കദിയാക്കൊൻഅച്ചൻ തന്നതും ഞങ്ങളുടെ കാരണവന്മാരും ഞങ്ങളുടെ പള്ളിക്കു കൊടുത്തിട്ടുള്ളതല്ലാതെ അവരിൽ ആരും പള്ളിക്കായിട്ടു ഒരു വസ്തുവും കൊടുത്തപ്രകാരം ഞങ്ങൾക്കു ഒരു ധാരണയും കെട്ടുകെൾവിയുമില്ലാ. അവക്കു ദർശനമുതലും വെർവിട്ടത്രെ ആകുന്നത. ഇതിന്റെ പരമാൎത്ഥങ്ങളൊക്കയും ബ. അച്ചൻ ബൊധിച്ചു പെ. ബ. ബൊമ്പായിൽ മെത്രാനച്ചനെയും പറഞ്ഞ ബൊധിപ്പിച്ചു ഞായംപൊലെയൊക്കയും തീൎത്തു തരണമെന്നും ഞങ്ങളുടെ പള്ളി നനഞ്ഞു കെട്ടുകൾ വന്നിരിക്കകൊണ്ടു ഞങ്ങൾക്കു ഏററവും സങ്കടമുള്ളതുകൊണ്ടു സാദ്ധ്യത്താലെ വെഗത്തിൽ നെരുപൊലെ തീൎത്തു രക്ഷിക്കണമെന്നു വീണ്ടും അപെക്ഷിക്കുന്നു.

## 963-3-5

### പാറെമ്മാക്കൽ ഗൊവർണ്ണദൊർ നസ്രാണികളെ ഭരിച്ചുകൊള്ളണമെന്നുള്ള നീട്ട്

പാറെമ്മാക്കൽ തൊമ്മ കത്തനാര ഗൊവണ്ണദൊര് കണ്ടു അങ്കമാലി മുതലായിട്ടുള്ള നസ്രാണിമാപ്പിളമാരുടെ പള്ളികളിൽ വരാപ്പുഴെ മെത്രാനും പുത്തൻചിറെമെത്രാനും മാൎഗ്ഗമര്യാദ വിചാരിച്ചു നടത്തിച്ചു വന്നതിൻവണ്ണം വിചാരിച്ചു നടത്തിക്കെണ്ടുന്നതിന്നു ഗൊവണ്ണദൊരെ ഏല്പിക്കകൊണ്ടും കീഴ്മര്യാദപൊലെ അങ്കമാലി മുതലായിട്ടുള്ള നസ്രാണിമാപ്പിളമാരുടെ പള്ളികളിൽ മാൎഗ്ഗമര്യാദ വിചാരിച്ചു നടന്നുകൊള്ളുകയും വെണമെന്നും

www.malankaralibrary.com

ഇപ്പടിക്ക ൯൱൬൩ (963)-ാമാണ്ടു തുലാം ൫ (5)-ന് തിരുവുള്ളത്തും‌പടി നിനവെഴുതിയ വലിയ മെലെഴുത്ത കണക്കപിറ ശ്രുടം പെരുമാൾ.

## 962-3-26

പെ. ബ. പാറെമ്മാക്കൽ ഗൊവർണ്ണദൊരച്ചനെ കണ്ടനുസരിച്ചു നടന്നു കൊൾവാൻ സമ്മതിച്ചു വരാപ്പുഴെ മെത്രാനും പാദ്രീമാരും സർക്കാരിൽ എഴുതിവച്ച കച്ചീട്ട്

൯൱൬൨ (962)-ാമാണ്ട് മീനമാസം ൨൰൬ (26)-ന് ശ്രീ പണ്ടാരകാര്യം ചെയ്യാർകൾ മുമ്പാകെ വരാപ്പുഴെ കർമ്മലീത്താ ദർശനത്തിൽ ഉൾപ്പെട്ട മെത്രാനും പാദ്രീമാരും കൂടെ എഴുതിവച്ച കച്ചീട്ടാവിത.

ഇന്നീക്കരെയിൽ ഇരിക്കുന്ന സുറിയാനിക്കാരര പഴെകുററിലുള്ള നസ്രാണി മാപ്പിളമാരു അവരുടെ ജാതിക്കു മാർഗ്ഗമര്യാദനടത്തുന്നതിന്നു മെത്രാനില്ലായ്കകൊണ്ടും പള്ളിക്കാരര എല്ലാവരും വരാപ്പുഴെമെത്രാനൊടു അപെക്ഷിക്കകൊണ്ടും ഞങ്ങളും ആയതനുസരിച്ച അവൎക്കു ദർശനവും കൊടുത്തു മാർഗ്ഗമര്യാദ നടത്തിച്ചുവരുമ്പൊൾ ഞങ്ങളും നസ്രാണി മാപ്പിളമാരും പല കാര്യങ്ങൾകൊണ്ടും വിവാദ ഉണ്ടാകകൊണ്ടും അവരെല്ലാവരുംകൂടി കരിയാറ്റി മല്പാനെ റൊമ്മായ്ക്കു അയച്ചു വെദതലവനായ മാർപ്പാപ്പയെ കണ്ടു ഇന്നീക്കരെയിൽ പള്ളികൾക്കു മെത്രാപ്പൊലീത്തായായിട്ടു സ്ഥാനവും ഏററു അവിടത്തെ കടദാസ്സും കൊണ്ടു വരുമ്പൊൾ ഗൊവായിൽവച്ചു ടിയാൻ അപായം വന്നുപൊകകൊണ്ടും ആ സ്ഥാനം വിചാരിക്കെണ്ടതിന്നു പാറെമ്മാക്കൽ തൊമ്മാ കത്തനാരെ ഗൊവർണ്ണദൊരായിട്ടു വരികകൊണ്ടു നസ്രാണി മാപ്പിളമാരുടെ ജാതിമര്യാദയും പള്ളിയും ടിയാനെ കൊണ്ടു നടത്തിച്ചുകൊൾകയും വെണം. ആയതല്ലാതെ കർമ്മലീത്താദർശനത്തിൽ ഉൾപ്പെടുത്തി ഞങ്ങളുടെ വെദമര്യാദ പഠിപ്പിക്കയുമില്ലാ. അവരുടെ പള്ളി എടപ്പെട്ട കാര്യങ്ങൾ വിചാരിപ്പാൻ ഞങ്ങൾ പൊകയുമില്ലാ. ഇപ്പടി സമ്മതിച്ചു ഇന്ത കച്ചീട്ടു എഴുതിവച്ചു വരാപ്പുഴെമെത്രാൻ ദൈ്യഗൻ ഉലൂസ-പാദ്രീമാര പ്രൻസീസ്ക്കൊസ ലൊരെൻസിയൊസും ജെ്യാനെസിയൊസും പൌലീനൊസും ഇപ്രകാരം കടദാസിൽ ഒപ്പിട്ടു തന്നെക്കയുമാം. ഇപ്രകാരം കടദാസിൽ എഴുതി ഒപ്പിട്ടു മെത്രാൻെറയും ശെഷം പാദ്രീമാരുടെയും ഒപ്പു ഇടീവിച്ചു കൊടുത്തയക്കയുമാം.

## 962-9-2

വരാപ്പുഴെ പാദ്രീമാർ എടപ്പള്ളിക്കാര്യത്തിന്നു സർക്കാരിൽ എഴുതി വച്ച കച്ചീട്ടിൻെറ പെർപ്പ

൯൱൬൨ (962)-ാമാണ്ടു മെടമാസം ൨൰ (20)-ന് ശ്രീ പണ്ടാരകാര്യം ചെയ്യാറുകൾമുമ്പാകെ വരാപ്പുഴെ കർമ്മലീത്താപാദ്രീമാര പൌലീനൊസുപാദ്രീയും യൊഹന്നാൻ പാദ്രീയും കൂടെ എഴുതിവച്ച കച്ചീട്ടാവിത.

കല്ലൂർക്കാട്ടു പുത്തൻപറമ്പിൽ ഇക്കാക്കൊ കത്തനാര വരാപ്പുഴെ പള്ളിയിൽ ൪൰൬ (46)-ാമാണ്ടു വന്നതിൻെറ ശെഷം അവിടെനിന്നും ഏതാനും മുതൽകാര്യങ്ങളു് മൊഷ്ടിച്ചു കൊണ്ടുപൊയി എന്നുംവച്ചു ടി കത്തനാര എടപ്പിള്ളിയിൽ പാക്കുമ്പൊൾ മാർഗ്ഗക്കാരെയും പാദ്രീയെയുംകൂടെ അയച്ചു പിടിച്ചുകൊണ്ടുവന്നു മുറിയിലിട്ടു പൂട്ടി അപായം വരുത്തിയതിന്നു മെത്രാനും പാദ്രീമാരും ഞങ്ങളും പെഴ സമ്മതിക്കകൊണ്ടും ടി പെഴക്കു കല്പിക്കും



വണ്ണം പ്രായശ്ചിത്തം ചെയ്തുകൊൾകയുമാം. ഇപ്പടിക്ക സമ്മതിച്ചു ഇന്ത കച്ചീട്ടു എഴുതിവച്ചു വരാപ്പുഴെ പൌലീനൊസ പാദ്രീയും ജെ്യാനൊൻ പാദ്രീയും.

## 962 9 12

നസ്രാണികൾ പാറെമ്മാക്കൽ ഗൊവർണ്ണദൊർക്കു കീഴ്‌വഴങ്ങി നടന്നുകൊൾവാൻ വരാപ്പുഴെക്കാര സമ്മതിച്ചു കച്ചീട്ടുവച്ചിരിക്കുന്ന പടിയ്ക്കുള്ള നീട്ട്.

അങ്കമാലി മുതലായിട്ടുള്ള പള്ളിക്കാരര കണ്ടു നിങ്ങൾക്കു മാർഗ്ഗമര്യാദ നടത്തിക്കുന്നതിന്നു സുറിയാനിപരിഷയിൽ മെത്രാന്മാർ ഇല്ലാഴികകൊണ്ടും വരാപ്പുഴെ പാക്കുന്ന കർമ്മലീത്താമെത്രാനും പാദ്രീമാരും കൂടെ പള്ളി നടത്തിച്ചു വരുമ്പൊൾ നിങ്ങളും മെത്രാനും പാദ്രീമാരും തങ്ങളിൽ പല കൂട്ടം കാര്യങ്ങൾകൊണ്ടു വിവാദ ഉണ്ടാകകൊണ്ടും പാദ്രീമാരും കൂടെ നാം ഇരിക്കുന്നെടത്തു വന്ന കാര്യംകൊണ്ടു കെട്ടതിൻെറശെഷം സുറിയാനി പരിഷയിൽ മെത്രാനെ ഉണ്ടാക്കി നടത്തിച്ചു കൊള്ളത്തക്കവണ്ണം റൊമ്മായിലെ കടദാസ് കരിയാറ്റി മെത്രാൻ കൊണ്ടുവരികകൊണ്ടും ആയതിൻവണ്ണം തന്നെ മെത്രാനെ ആക്കി മര്യാദ നടത്തിച്ചു കൊള്ളത്തക്കവണ്ണവും നിങ്ങളുടെ പള്ളിയിൽ കർമ്മലീത്താക്കാർക്കു അവകാശമില്ലെന്നും വരാപ്പുഴെ മെത്രാനും പാദ്രീമാരു നമ്മുടെ മുമ്പിൽ കച്ചീട്ടു എഴുതി വക്കകൊണ്ടും കരിയാറ്റി മെത്രാൻ കഴിഞ്ഞതിൻെറ ശെഷം പുത്തൻചിറെയും വരാപ്പുഴെയും മെത്രാന്മാരു വിചാരിച്ചിരുന്ന പള്ളികളും നിങ്ങളുടെ ജാതിമര്യാദയും നടത്തിക്കുന്നതിന്നു പാറെമ്മാക്കൽ തൊമ്മാ കത്തനാരെ ഗൊവർണ്ണദൊരാക്കിയിരിക്കകൊണ്ടും അയാൾക്കുതന്നെ നിങ്ങളുടെ ജാതി മര്യാദ പൊലെ മെത്രാൻെറ സ്ഥാനവും കൊടുപ്പിച്ചു അങ്കമാലി മുതലായിട്ടുള്ള പള്ളികൾ കീഴ്‌മര്യാദപൊലെ നടത്തിച്ചുകൊള്ളണം.

ഗൊവർണ്ണദൊർക്ക പല്ലക്കും ടിയാൻെറ കൂടെ പാർത്തു പള്ളികാര്യങ്ങൾ വിചാരിക്കുന്ന കത്തങ്ങൾ പെര ൰൨ (12) -നും പള്ളി അധികാരികൾ എന്നു പെരും പെലിയും കുടയും ശങ്ങലവിളക്കും ശെഷമുള്ള പള്ളിയുടെ കത്തങ്ങളൊക്കെക്കും കൊടുക്കകൊണ്ടു അതിൻവണ്ണമുള്ള സ്ഥാനമാനങ്ങളും നടത്തിച്ച പള്ളി കാര്യങ്ങൾ വിചാരിച്ച പള്ളി എടപെട്ടും വിശെഷാൽ വെണ്ടുന്നതിനൊക്കയും പള്ളിക്കാരര എല്ലാവരും നാം ഇരിക്കുന്നെടത്തുവന്നു നമ്മെ ബൊധിപ്പിച്ചു നടന്നുകൊള്ളുകയും വെണമെന്നും ഇപ്പടിക്ക ൯൱൬൨(962) -ാമാണ്ടു മെടമാസം ൰൨ (12) -ന തിരുവുള്ളത്തും പടിനിനവെഴുതിയ പെറശ്ശുടം പെരുമാൾ മാധവൻ എഴുത്ത.

## 962 കർക്കടകം

നസ്രാണികളെ ഭരിപ്പാൻ പാറെമ്മാക്കൽ ഗൊവർണ്ണദൊർക്കു കൊച്ചി വലിയതമ്പുരാൻ തീട്ടൂരം

അരുളി ചെയ്ത നമ്മുടെ പാറെമ്മാക്കൽ തൊമ്മൻകത്തനാര ഗൊവർണ്ണദൊർക്കു-എന്നാൽ അങ്കമാലി മുതലായിട്ടുള്ള പള്ളിക്കാരര നസ്രാണി മാപ്പിളമാർക്കു കീഴ്‌മര്യാദ സുറിയാനിക്കാരര തൻ മെത്രാന്മാരര വന്നു നടത്തിച്ചല്ലൊ വന്നിരുന്നത. ഇപ്പൊൾ ആ വകയിൽ ഉള്ള മെത്രാന്മാർ കുറഞ്ഞൊരു കാലത്തിന്നിപ്പുറം വരായ്കകൊണ്ടു പുത്തൻചിറെയും വരാപ്പുഴെയും ഇരിക്കുന്ന മെത്രാമ്മാരെക്കൊണ്ടല്ലൊ മലങ്കരെപള്ളികളിൽ ഒക്കയും കർമ്മവും ക്രിയയും ചെയ്യിപ്പിച്ചു വരുന്നതു. ഇപ്പൊൾ മാപ്പിളമാൎക്കും മെത്രാനും പാദ്രീമാർക്കും തമ്മിൽ പലകൂട്ടം കാര്യംകൊണ്ടു തങ്ങളിൽ വിവാദ ഉണ്ടാ

www.malankaralibrary.com

കകൊണ്ടു ആ കാര്യംകൊണ്ടു ഒക്കെയും ഇവിടെ വച്ചു പറഞ്ഞുതീർത്തു ഇനി മെലിൽ ലത്തീൻകാരരു മെത്രാന്മാർക്കും പാദ്രീമാൎക്കും സുറിയാനിക്കാരുടെ പള്ളികളിലും സുറിയാനിക്കാരൊടും ഒരു സംബന്ധം ഇല്ലാത്തവണ്ണം പറഞ്ഞുവച്ചു തീർക്കകൊണ്ടു ഇനിമെലിൽ അങ്കമാലി മുതലായിട്ടുള്ള സുറിയാനിപള്ളി എടപെട്ടും നസ്രാണി മാപ്പിളമാർക്കു കീഴ്മര്യാദപൊലെയുള്ള കർമ്മങ്ങളും ക്രിയകളും മെത്രാന്മാരു നടത്തിച്ചു വന്നിരുന്നതിൻവണ്ണം നടത്തിച്ചുകൊള്ളത്തക്കവണ്ണം കല്പിച്ചു നാം നീട്ടും തന്നു. എന്നാലിത കൊല്ലം ൯൬൨ (962) കർക്കടക ഞായററിൽ കല്പിച്ചരുളിയ ചെയ്തി കണയന്നൂര കൊ.വിലത്തു ഇരുന്നരുളെ പൌവ്വത്തെ അമ്പാടി കയ്യെഴുത്ത.

പാറെമ്മാക്കൽ ഗൊവർണ്ണദൊര നസ്രാണികളെ ഭരിച്ചു കൊള്ളണമെന്നുള്ള പാലിയത്തച്ചന്റെ നീട്ട്

പാലിയത്ത കൊച്ചി നീട്ട നമ്മുടെ പാറെമ്മാക്കൽ തൊമ്മൻകത്തനാര ഗൊവർണ്ണദൊറ കണ്ടന്നാൽ:

അങ്കമാലി മുതലായിട്ടുള്ള പള്ളിക്കാരര നസ്രാണിമാപ്പിളമാർക്കു കീഴ്മര്യാദ സുറിയാനിക്കാരിൽ മെത്രാന്മാര വന്നു നടത്തിച്ചു വന്നിരിക്കുന്നതിന്നു ആ വകയിലുള്ള മെത്രാന്മാരു വരായ്കകൊണ്ടു കുറഞ്ഞൊരു കാലത്തിന്നിപ്പുറം പുത്തൻചിറയും വരാപ്പുഴയും ഇരിക്കുന്ന മെത്രാന്മാരെ കൊണ്ടല്ലൊ മലങ്കരെ പള്ളികളിൽ ഒക്കെയും കമ്മവും ക്രിയയും ചെയ്യിച്ചു വന്നിത. ഇപ്പൊൾ നസ്രാണി മാപ്പിളമാരും മെത്രാനും പാദ്രീമാരും തമ്മിൽ പലക്കൂട്ടം കാര്യം കൊണ്ടു വിവാദ ഉണ്ടാകകൊണ്ടു ആ കാര്യംകൊണ്ട ഒക്കെയും തിരുമുമ്പാകെ വച്ചു കേട്ടു തീർത്തു ഇനിമെലിൽ ലത്തീൻകാരര മെത്രാന്മാർക്കും പാദ്രീമാർക്കും സുറിയാനിക്കാരുടെ പള്ളികളിലും സുറിയാനിക്കാരൊടും ഒരു സംബന്ധം ഇല്ലാത്തവണ്ണം വയ്ക്കുകൊണ്ടു ഇനി മെലിൽ അങ്കമാലി മുതലായിട്ടുള്ള സുറിയാനി പള്ളികളിൽ ഒക്കെയും നസ്രാണിമാപ്പിളമാൎക്കു കീഴ് മര്യാദപൊലെയുള്ള കർമ്മങ്ങളും ക്രിയകളും മെത്രാന്മാരു നടത്തിച്ചു വന്നിരുന്നതിൻവണ്ണം നടത്തികൊള്ളത്തക്കവണ്ണം കല്പിച്ചു തീട്ടൂരം തന്നപ്രകാരം നടത്തിച്ചുകൊള്ളത്തക്കവണ്ണം കല്പിച്ചു നാം തീട്ടൂരം തന്നു. എന്നാൽ ഇതു കൊല്ലം ൯൬൨ (962) -ാമാണ്ടു കക്കടക ഞായററിൽ കല്പിച്ചു പടിക്ക കാഞ്ഞിലക്കാട്ടു ഇട്ടികണ്ണപ്പൻ എഴുത്ത.

തീട്ടൂരത്തിന്റെ പടി പാറെമ്മാക്കൽ ഗവർണ്ണദൊരെ കണ്ടു നടപ്പാൻ ൨൧൧ (211)-ക അടിയറവു തീർത്തു വിവരത്തിനു ചൊവ്വൂര പള്ളിക്കാരര വലിയ മുതൽ പടിക്കാരനു എഴുതിയ സാധനത്തിന്റെ പെർപ്പ

ചൊവ്വൂരാപള്ളിക്കാരര എഴുത്ത വലിയ മുതൽപിടിക്കാരൻ ബൊധിക്കെണ്ടും അവസ്ഥ.

എന്നാൽ അങ്കമാലി മുതലായിട്ടുള്ള സുറിയാനിപ്പള്ളികളിൽ കീഴ് മര്യാദ മെത്രാന്മാരു നടത്തിച്ചു വന്നതിൻവണ്ണം ഉള്ള കമ്മങ്ങളും ക്രിയകളും നടത്തിച്ചു തരത്തക്കവണ്ണം പാറെമ്മാക്കൽ തൊമ്മാകത്തനാര ഗവണ്ണദൊറ കല്പിച്ചപ്രകാരവും മെല്പടിയാര അനുസരിച്ചു നടന്നുകൊള്ളത്തക്കവണ്ണവും അങ്കമാലി മുതലായിട്ടുള്ള പള്ളിക്കാർക്കും എല്ലാവൎക്കുംകൂടി കല്പിച്ചു തീട്ടൂരം തന്ന വകക്കു ഞങ്ങൾ അടിയറ തീർന്നു രു. ൧൭൫ (175)-അടുക്കത രുപാ ൩൫ (35) ശീട്ടിക്കലിയൻ രുപാ ൧(1)വക മൂന്നിൽരുപ ൨൧൧ (211)- ഈ രുപ ഇരുന്നൂററി പതിനൊന്നും താമസിയാതെ ബൊധിപ്പിച്ച





ഈ കച്ചീട്ടും പററുചീട്ടും വാങ്ങിച്ചുകൊള്ളുകയുമാം. എന്നാൽ ൯൬൨ (962) -ാമാണ്ടു കക്കടകമാസം ൨൧ (21)-നു എഴുത്ത (ഒപ്പ്)

അങ്കമാലി മുതലായ പള്ളിക്കാരരെ ലത്തീൻകാരരെ അനുസരിക്കയില്ലെന്നു സർക്കാരിൽ എഴുതിവച്ച കച്ചീട്ടിന്റെ പെർപ്പ

൯൬൨ (962)- കർക്കടകമാസം ൨൭ (27)-നു് പണ്ടാരവക കാര്യം ചെയ്‌വാറുകർ മുമ്പാകെ അങ്കമാലി മുതലായിട്ടുള്ള പള്ളിക്കാരര എല്ലാവരുംകൂടി എഴുതിവച്ച കച്ചീട്ടാവിത.

കർമ്മലീത്താ ദർശനത്തിലുള്ള മെത്രാനും പാദ്രീമാരും ഞങ്ങളുടെ പള്ളി എടപെട്ടു പലക്കൂട്ടം കാര്യംകൊണ്ടു വിവാദ ഉണ്ടായി എഴുന്നള്ളി ഇരുന്നരുളന്നെടത്തുവന്നു സങ്കടം അറിയിക്കകൊണ്ടു ഒക്കെയും കല്പിച്ചു തീൎത്ത കർമ്മലീത്താ ദർശനത്തിലുള്ള മെത്രാനും പാദ്രീമാരും സുറിയാനിക്കാര മാപ്പിളമാരെയും അവരുടെ പള്ളിയും അവരെ കൈക്കൊൾകയില്ലായെന്നും പള്ളിക്കാരരെ അവൎക്കു ഒരുവിചാരം വെണ്ടായെന്നും വെക്കകൊണ്ടും ഇനിമെലിൽ റൊമാക്കു പെറുത്തുക്കളി എഴുതി അയക്കെണ്ടതിന്നു ഞങ്ങൾക്കു ജാതി എജമാനന്മാരെ വരുത്തെണ്ടതിന്നു തിരുമനസ്സിൽ അറിയിച്ചു കല്പന വരുംപ്രകാരം എഴുതി അയക്കുന്നതല്ലാതെ ഞങ്ങൾ തന്നെ ബൊധിച്ചതിൻവണ്ണം എഴുതി അയക്കയുമില്ലാ. ഞങ്ങളുടെ പള്ളികളിൽ ഉള്ള മുതൽകൊണ്ടു ഞങ്ങളുടെ കർമ്മത്തിന്നും ക്രിയക്കും പള്ളിക്കു വെണ്ടുന്ന ചിലവുകൾക്കും ജാതി എജമാനന്നു വെണ്ടുന്നതിന്നും എടുത്തു ചിലവിടുന്നതല്ലാതെ പുറമെ ഒരു മുതൽ എടുത്തു കൊടുക്ക എങ്കിലും പുറ ചിലവുകൾ ഇടുകയെങ്കിലും ലത്തീൻകാര മെത്രാന്മാരെ കാണുകയും അനുസരിക്കയെങ്കിലും തിരുമനസ്സിൽ ബൊധിപ്പിച്ചു കല്പനയൊടുകൂടിട്ടല്ലാതെ ചെയ്യുയുമില്ലാ. ഞങ്ങൾക്കു ജാതി എജമാനനായിട്ടു സുറിയാനിക്കാരരെ കണ്ടനുസരിച്ചു നടന്നുകൊൾകയുമാം. ഇതിന്നു ഏറക്കുറവായിട്ടു നടക്കുന്നുയെങ്കിൽ കൽപിക്കുംവണ്ണം കെട്ടു ഈ എഴുതിവച്ച കച്ചീട്ടും പ്രകാരം നടന്നുകൊള്ളുമാറു സമ്മതിച്ചു ഇന്ത കച്ചിട്ടു എഴുതിവച്ച അങ്കമാലി മുതലായിട്ടുള്ള പള്ളിക്കാരര എല്ലാവരും. (ഒപ്പ്)

## A. D. 1-1-1791

പട്ടക്കാരരുടെ നടപടി സംബന്ധിച്ചു പെ. ബ.പാറെമ്മാക്കൽ ഗവർണ്ണദൊരച്ചന്റെ പടിസാധനം

മലങ്കര ഒക്കെയുടെയും ഗവർണ്ണദൊര എഴുത്ത.

നമ്മുടെ മലങ്കരെഎടവകയിൽ പട്ടക്കാരര കാർക്കെണ്ടും ക്രമങ്ങളാകുന്നത. ൧ (1)-ാമത. നമ്മുടെ പട്ടക്കാരര എല്ലാവരും പള്ളികളിൽതന്നെ വാസമായി പാർത്തുകൊള്ളണം. നാലുപെൎക്കു ബൊധിക്കത്തക്കവണ്ണമുള്ള അവകാശമെങ്കിലും നമ്മുടെ അനുവാദമെങ്കിലും കൂടാതെ വീടുകളിൽ പാൎക്കയും അരുത. കൽപനയൊടു മറുത്തു വീടുകളിൽ പാൎക്കുന്ന പട്ടക്കാരര മതിയാകുംവണ്ണം നാം ശിക്ഷിക്കയും ചെയ്യും.

൨ (2)-ാമത. നമ്മുടെ പട്ടക്കാരരിൽ ആരും ചെകൊപുരക്കൽ പൊയി മദ്യപാനം ചെയ്കയും ബൊധം മറന്നു കുടിക്കയുമരുത. പരഹസ്യമായിട്ടു കുടിച്ചു ഉതപ്പുകാട്ടുകയുമരുത. ഇതിന്നു മറുത്തു ചെയ്യുന്ന പട്ടക്കാരരുടെ അംശപ്രവർത്തികൾ ഇപ്പൊൾതന്നെ മുടക്കുകയും ചെയ്തിരിക്കുന്നു.

൩ (3)-ാമത. നമ്മുടെ പട്ടക്കാരരിൽ ആരും പ്രത്യെകമായിട്ടു നമ്മുടെ കൽപനയും കൂടാതെ പള്ളിമതില്ക്കകത്തും തങ്ങൾ പാൎക്കുന്ന ഭവനങ്ങളിലും

www.malankaralibrary.com

സ്ത്രീകളെ പാർപ്പിച്ചുകൂടാ. ഇതിനൊട്ട മറുത്തു ചെയ്യുന്ന പട്ടക്കാരരുടെ അംശപ്രവർത്തികളും ഈ സാധനത്താൽതന്നെ മുടക്കിയിരിക്കുന്നു.

൪ (4)-ാമത. നമ്മുടെ വികാരിമാരു ഞായറാഴ്ചകളിലും പെരുന്നാളുകളിലും ലൊകരു കൂടുമ്പൊൾ നമസ്കാരം പഠിപ്പിക്കയും ഓത്തിന്റെ അർത്ഥം വായിച്ചു കെൾപ്പിക്കയും വെണം. തങ്ങളാൽതന്നെ വശമില്ലായെങ്കിൽ മറ്റൊരുത്തനെക്കൊണ്ടു കഴിപ്പിക്കയും വെണം. ആയതു ചെയ്യാത്ത വികാരിമാരെ തക്കവണ്ണം ശിക്ഷിക്കയും ചെയ്യും.

൫ (5)-ാമത. പള്ളികളിൽ മാമ്മൊദീസാ കല്ലുകളും പുരകളും വികാരിമാരു വെണ്ടുംവണ്ണം ശ്രമിച്ചു വെടിപ്പൊടും വെണ്മയൊടും പെരുമാറിക്കൊള്ളണം. ആയതിന്നു വിഘ്നംവരുത്തുന്ന വികാരിമാരെ നമ്മുടെ കടം പൊലെ നാം ശിക്ഷിക്കയും ചെയ്യും.

൬ (6)-ാമത. ശു. മാതാവായ പള്ളിയുടെ കൽപനപൊലെ മാമ്മൊദീസ മുങ്ങുന്നവരുടെയും അപ്പന്റെയും അമ്മയുടെയും പെരുകൾ പുസ്തകത്തിൽ എഴുതണം. പുസ്തകം ഇല്ലാത്ത പള്ളികളിൽ പള്ളികാര്യത്തിൽനിന്നും പണം എടുത്തു പുസ്തകമുണ്ടാക്കിക്കൊള്ളണം. ഇതിന്നു വിഘ്നം വരുത്തുന്ന വികാരിമാരരു നാം കൽപിക്കുന്ന ശിക്ഷ അനുഭവിക്കെണ്ടിവരും.

൭ (7)-ാമത. പൈതങ്ങൾ പിറന്നാൽ ൮ (8) ദിവസത്തിനകം പള്ളിയിൽ കൊണ്ടുചെന്നു മാമ്മൊദീസാ മുക്കണം. ആയതു ചെയ്യാത്ത കാരണവന്മാരെ മതിയാകുംവണ്ണം വികാരി ശിക്ഷിക്കയുംവെണം. എന്നാൽ വികാരിമാരരുടെ ഉപെക്ഷകൊണ്ടു പൈതങ്ങളിൽ ആരാനും മാമ്മൊദീസാ കൂടാതെ മരിച്ചുപൊയി എന്നു വരികിൽ ആറുമാസത്തെക്കു ഈ വികാരിയുടെ അംശപ്രവർത്തികൾ മുടക്കുകയും ചെയ്യും.

൮ (8)-ാമത. പ്രസവസമയത്തു അറിവില്ലായ്മകൊണ്ടു പല കിടാങ്ങൾ മാമ്മൊദീസാക്കൂടാതെ അപായം വരികകൊണ്ടു ഇനിമെലിൽ അതിൻവണ്ണം വരാതെയിരിപ്പാൻ പിള്ളകൊള്ളുന്ന സ്ത്രീകളെ മാമ്മൊദീസാ മുക്കുവാനുള്ള ശുദ്ധമാനമൊഴികളും നിരൂപണയും പ്രവർത്തിക്കുന്ന പ്രകാരവും വികാരിമാരരു ശ്രമിച്ചു പഠിപ്പിച്ചുകൊള്ളണം.

൯ (9)-ാമത. മരിക്കുന്നാളുകൾക്കു ഒടുക്കത്തെ വെള്ളം കുടിയായിട്ടു ശുദ്ധമാന കുർവാന കൊടുപ്പാൻ വികാരിമാരരു ശ്രമിച്ചുകൊള്ളണം. ആയതിന്നു അരളിക്കയില്ലാത്ത പള്ളികളിൽ പള്ളിമുതൽകൊണ്ടു അരളിക്ക തീർപ്പിച്ചു കൊള്ളണം.

൧൦ (10)-ാമത. പിറവിയുടെ പെരുന്നാൾക്കു പാതിരായിലുള്ള കുർവാനനെരത്തു ആർക്കും കുർവാനകൊടുക്കരുത. കുർവാന കൈക്കൊള്ളുന്നവരൊക്കയും വെളുത്തിട്ടുള്ള കുർവാന കൈക്കൊൾകയും വെണം.

൧൧ (11)-ാമത. ആണ്ടുതൊറും ആണ്ടുകുമ്പസാരം എത്തിക്കുന്ന ആളുകളെ കണക്കിൽ ഓരൊരൊ എടവകയിൽ എത്രപെരു കുമ്പസാരിച്ചവർ ഉണ്ടെന്നും കുമ്പസാരിക്കാത്തവർ എത്രപെരെന്നും വിവരമായിട്ടു വികാരിമാരരു നമ്മെ ബൊധിപ്പിച്ചുകൊൾകയുംവെണം. ആയതു ചെയ്യാത്തവികാരിമാരരു ശിക്ഷ അനുസരിക്കെണ്ടിവരും.

൧൨ (12)-ാമത. മിശിഹാകർത്താവിന്റെ ശു. ശരീരവും ചൊരയും അടക്കിക്കൊള്ളുന്ന ശുദ്ധമാന കുർവാനയും അതിന്നടുത്ത ആത്മാവൊടും



വെടിപ്പൊടും കൂടെ ചെയ്യെണ്ടിരിക്കുന്നു. എന്നതുകൊണ്ടു ത്രൊണൊസുമെൽ ചിത്തൊൽ വിരിക്കാതെയും മുഷിഞ്ഞ ശീലക്കൂട്ടങ്ങളെകൊണ്ടും കുപ്പായങ്ങളെക്കൊണ്ടും ശു. കുർവാന ചൊല്ലുന്നതു വലിയ കുറ്റമുള്ളതാകകൊണ്ടും ആയതിന്മെൽ പ്രത്യെകം വികാരിമാരരു ശ്രമിച്ചു വെണ്ടുന്ന വെടിപ്പും വെണ്മയും വരുത്തികൊൾകയും വെണം. ഇതിന്നു കുറവുവരുത്തിയാൽ ശിക്ഷ അനുസരിക്കെണ്ടിവരും.

൧൩ (13)-ാമത. റാസകുർവാനക്കു കൂടുമ്പൊൾ വെറ്റിലതിന്നുകയും മറ്റുക്രമക്കെടുകൾ കാട്ടുകയും അരുത. ചെരിപ്പും വെണ്ടചമയങ്ങൾ കൂടാതെ കൂടുകയും അരുത.

൧൪ (14)-ാമത. നമ്മുടെ പട്ടക്കാരരു പള്ളിയിൽ പരഹസ്യമായിട്ടു കുമ്പസാരിപ്പിക്കുന്ന നെരത്തു ളൊവയും ചെരിപ്പും കൂടാതെ കുമ്പസാരിപ്പിക്കയും അരുത. വിശെഷിച്ച് സ്ത്രീകളെ മുറിയിൽവച്ചു കുമ്പസാരിപ്പിക്കയും അരുത. ഇതിനൊടുമറുത്തു ചെയ്യുന്ന പട്ടക്കാരരുടെ അംശപ്രവൃത്തികൾ ഈ സാധനത്താൽ തന്നെ മുടക്കിയിരിക്കുന്നു.

൧൫ (15)-ാമത. വെസ്ഥയായിട്ടു ഒരു എടവകക്കൂടാതെ തെണ്ടിനടക്കുന്നവരുടെ മെൽ പ്രത്യെകമായിട്ടു വികാരിമാരു ശ്രദ്ധിച്ചു തങ്ങളുടെ എടവകയിൽ കാണുന്ന ആളുകളുടെ അവസ്ഥമെൽ തിരക്കി വീഴ്ചകൂടാതെ വരുത്തി കുമ്പസാരിപ്പിച്ചു ശുദ്ധമാനകുർവാനയുംകൊടുത്തു ആണ്ടുകുമ്പസാരം എത്തിച്ചപ്രകാരം എഴുത്തു അവർക്കു കൊടുക്കയും വെണം.

൧൬ (16)-ാമത. നമ്മുടെ എടവകയിൽ പലരും പണ്ടുപണ്ടെ പെണ്ണുകെട്ടുന്ന സമയത്തിലെ കുമ്പസാരിപ്പാറുള്ളു. അതിൻവണ്ണംതന്നെ ഇപ്പൊഴും വികാരിമാരരുടെ ഉപെക്ഷകൊണ്ടു പല എടവകയിലും നടന്നുവരുന്നു എന്നതുകൊണ്ടു ഇനിമെലിൽ അതിൻവണ്ണം വരാതെ ദൊഷവും ഗുണവും അറിവാൻ പ്രായംവരുമ്പൊൾ വികാരിമാരരു ശ്രമിച്ചു പുരുഷന്മാരെയും സ്ത്രീകളെയും കുമ്പസാരിപ്പിക്കയും വെണം. ശുദ്ധമാനകുർവാന കൊടുപ്പാനുള്ളതിന്നു വെണ്ടുന്ന ദൃഢത ഉണ്ടായിരിക്കയും വെണം.

൧൭ (17)-ാമത. തമ്പുരാൻ കർത്താവിന്റെ ശുദ്ധമാന കുർവാന ചെയ്യുന്ന പട്ടക്കാരരു ഒക്കെയും ഈ എടവകയുടെ കല്പനപൊലെ മാസത്തിൽ ഒരിക്കൽ കുമ്പസാരിക്കയും വെണം. ആയതിന്മെൽ വികാരിമാരരു ശ്രമിച്ചു പ്രത്യെകം നിവൃത്തിക്കയും വെണം.

൧൮ (18)-ാമത. പെണ്ണു സത്യംചെയ്യുന്ന അവസ്ഥകൊണ്ടു പെണ്ണിനും ചെറുക്കനും പ്രാപ്തിയുണ്ടെങ്കിൽ അവരുടെ മനസ്സുകൂടെ ചൊദിച്ചറിഞ്ഞു പെണ്ണു ഒക്കാവു.

൧൯ (19)-ാമത. പെൺകെട്ടു വിളിച്ചുചൊല്ലുന്നതിനുമുമ്പിൽ പെണ്ണിന്റെയും ചെറുക്കന്റെയും നമസ്കാരംകെട്ടു വിളിച്ചു വിളിച്ചു ചൊല്ലാവു. കെട്ടിക്കുന്നതിനുമുൻഉള്ള വ്യാഴാഴ്ചനാൾ പെണ്ണിനെയും ചെറുക്കനെയും പള്ളിയിൽ വരുത്തി കുമ്പസാരിപ്പിച്ചു ശുദ്ധമാന കുർവാനകൊടുക്കയും വെണം. വിശെഷിച്ചു പെണ്ണിനു ൧൨ (12) വയസ്സും ചെറുക്കനു ൧൪ (14) വയസ്സും തികയുന്നതിനുമുമ്പിൽ കെട്ടിക്കയും അരുത. ഈ വയസ്സു തികയാതെ കെട്ടിക്കുന്നു എങ്കിൽ കെട്ടിക്കുന്ന പട്ടക്കാരന്റെ അംശപ്രവൃത്തികൾ ഈ സാധനത്താൽ തന്നെ മുടക്കിയിരിക്കുന്നു.

൨൦ (20)-ാമത. കെട്ടിന്നു കന്നിക്കെട്ടുപൊലെതന്നെ വിളിച്ചുചൊല്ലിയ പ്രകാരത്തിന്നും മുടക്കമില്ലാത്ത പ്രകാരത്തിന്നും ഇരുപുറത്തുള്ള വികാരിയുടെ കുറി കാണാതെ കെട്ടിക്കയും അരുത. ആയതല്ലാതെ കെട്ടി

www.malankaralibrary.com

ക്കുന്ന വികാരിമാരരു നമ്മുടെ വിധിക്ക തക്കവെണ്ണം പ്രായശ്ചിത്തം ചെയ്യെണ്ടിവരും.

൨൧ (21)-ാമത. ശുദ്ധമാന സൈത്തു മാറെണ്ടുന്നതിന്നു ഉപെക്ഷ കൂടാതെ വികാരിമാരരു ശ്രമിച്ചു അടുക്കെയുള്ള പള്ളിയിൽനിന്നും നൊൻപുവീടിയാൽ ൨൫ (25) ദിവസത്തിനകത്തും ദൂരെയുള്ളവരു ൪൦ (40)-ാം പെരുന്നാളിന്നകത്തും സൈത്തുമാറിക്കൊണ്ടു പൊകയുംവെണം. അപ്പൊൾ മാമ്മൊദീസാ പുസ്തകംകൂടെ കൊണ്ടുവന്നു കാട്ടുകയുംവെണം.

൨൨ (22)-ാമത-നമ്മുടെ വികാരിമാരരു പ്രത്യെകമായിട്ടുള്ള നമ്മുടെ അനുവാദം കൂടാതെ മൂന്നുമാസം തങ്ങളുടെ എടവകവിട്ടു താമസിക്കയും അരുത.

൨൩ (23)-ാമത. പരഹസ്യമായിട്ടു ഊട്ടുകളിലും ഘൊഷങ്ങളിലും താവരം എടുത്തു പെരുമാറുകയും അരുത. ഇതിനൊടുമറുത്തു ആരാനും പെരുമാറി എങ്കിൽ മതിയാകുംവണ്ണം വികാരിമാരരു ശിക്ഷ അനുഭവിക്കയും ചെയ്യും.

൨൪ (24)-ാമത-ഞായറാഴ്ചതൊറും വികാരിമാരരു ഹാനാൻ വെള്ളം റൂശ്മാ ചെയ്തു ലൊകരുടെ മെൽ തളിക്കയും വെണം.

൨൫ (25)-ാമത. കുർവാനചൊല്ലാത്ത പട്ടക്കാൎക്ക ചാത്തംകൊടുക്കയും അരുത. ഒരു പട്ടക്കാരൻ തന്നെയുള്ളടത്തു വാച്ചു അവകാശം കൊണ്ടും കുർവാന ചൊല്ലാതെ ചാത്തം ഉണ്ണെണ്ടിവന്നുവെങ്കിൽ പിറെറ ദിവസം തന്നെ കുർബാന ചൊല്ലുകയും വെണം.

൨൬ (26)-ാമത. കുർവാനക്കടം മെൽക്കുമെൽ പട്ടക്കാരര കൂട്ടുന്നതുകൊണ്ടു വലിയ ആത്മനാശം ആകുന്നതിനെക്കൊണ്ടു മെലിൽ മൂന്നു മാസം ചൊല്ലുവാനുള്ളതിലധികം കുർവാനക്കടം ഉള്ള പട്ടക്കാരര അതു ചൊല്ലി വീട്ടുവൊളം കുർവാനക്ക പണം പററുകയും അരുത.

൨൭ (27)-ാമത. ശെഷക്രിയ മുതലായതു കഴിക്കുമ്പൊൾ ദക്ഷണയായിട്ടു പട്ടക്കാരന്റെ മുമ്പിൽ വീഴുന്ന പണം അത്രയും വീട്ടുടമസ്ഥൻ എടുത്തുകെട്ടാതെ എല്ലാം ആത്മത്തിനുവെണ്ടി കുർവാന ചൊല്ലുവാനും മററും ഗുണപ്രവൎത്തികൾ ചെയ്യാനായിട്ടു പട്ടക്കാൎക്ക കൊടുക്കയും വെണം. ഇതിനു വിരൊധം കാട്ടുന്നാളുകളെ വികാരിമാരരു പള്ളിയിൽനിന്നും എണങ്ങരിൽനിന്നും പുറത്തു തിരിക്കയുംവെണം. പണംകെട്ടിച്ചു ചെരുന്ന പ്രായശ്ചിത്തം എടുക്കുവൊളം കൂടിനടത്തുകയും അരുത.

൨൮ (28)-ാമത. മലങ്കരെ പള്ളികളിൽ പല മരിച്ചവൎക്ക ഉപകരി വച്ചുവരുന്നപ്രകാരം നാം കെട്ടു. ആയതു മര്യാദ അല്ലാത്തതാകകൊണ്ടു ഇനി മെലിൽ അതിൻവണ്ണം ഉപകരി വെക്കയും അരുത.

൨൯ (29)-ാമത. മലങ്കരെ പല മാപ്പിളമാരരു വെപ്പാട്ടികളെ വച്ചു പൊറുപ്പിച്ചു വരുന്ന പ്രകാരം നാം കെട്ടു. എന്നതുകൊണ്ടു ഇങ്ങനെയുള്ള മാപ്പിളമാരെ മെല്പറഞ്ഞ സ്ത്രീകളെ ഒഴിക്കുവൊളം അവരെ പുറത്താക്കി കൊൾകയും വെണം.

൩൦ (30)-ാമത. ഉച്ചതിരിഞ്ഞു കുർവാന തുടങ്ങുന്നതു ഞായമുള്ളതല്ലമെ ദൊഷമുള്ളതത്രെ ആകുന്നു. എന്നതുകൊണ്ടു ഉച്ചക്ക മുമ്പിൽ വികാരിമാരരു വികാരികുർവാന തുടങ്ങുകയും വെണം.



൩൧ (31)-ാമത. പല പട്ടക്കാരരും പ്രത്യെകമായിട്ടു മുപ്പച്ചവാശം കമ്മീസും ഊരി വീടുകളിലും പറമ്പുകളിലും നടന്നുവരികയും പലരൊടു കൂടി പെരുമാറുകയും ചെയ്യുന്ന പ്രകാരം കെൾക്കകൊണ്ടു ഇനിമെലിൽ തങ്ങളുടെ ഭവനത്തു തങ്ങൾതന്നെ ഉള്ളപ്പൊൾ അല്ലാതെ പട്ടക്കാരരു കമ്മീസും ഊരി ഇരുന്നു പൊകയും അരുത. ഈ പ്രമാണങ്ങൾ ഒക്കെയും വികാരിമാരരു ശ്രമിച്ചു ഉപെക്ഷ കൂടാതെ നടത്തികൊൾകയും വെണം. ഇതു മിശിഹാ പിറന്നിട്ടു ൧൭൯൧ (1791) -ാം കാലം മകരമാസം ൧ (1)-നു പുളിംകുന്നു ദൈവമാതാവിന്റെ പള്ളിയിൽനിന്നും എഴുത്ത.

## A. D. 20-5-1795

പെ. ബ. മലങ്കരെ കൊടുങ്ങല്ലൂരു രൂപതയുടെ എജമാനനായ പാറെമ്മാക്കൽ ഗവർണ്ണദൊരച്ചൻ മലങ്കരെ പട്ടക്കാരര കാർപ്പാൻ എഴുതി പടിസാധനത്തന്റെ പെർപ്പ .

മലങ്കരെ കൊടുങ്ങല്ലൂരു രൂപതയുടെ ഗവർണ്ണദൊരു ഈ എടവകയിൽ പെട്ട സകല പട്ടക്കാരരും കാർപ്പാൻ തക്കവെണ്ണം എഴുതി അറിയിക്കുന്ന കല്പന എന്തന്നാൽ നമ്മുടെ പള്ളികളിലും പട്ടക്കാരരിലും പലകൂട്ടം ക്രമക്കെടുകളും അഴിമതികളും അപമര്യാദയും നടന്നുവരുന്നപ്രകാരം സൂക്ഷത്തൊളം നാം തിരക്കി കെട്ടറിഞ്ഞിരിക്കകൊണ്ടും ഇതിൻവണ്ണമുള്ള ചെരാത്ത മര്യാദ നമ്മുടെ പള്ളികളിലും പട്ടക്കാരരിലും ഉള്ളതിനെ നീക്കി ശുദ്ധമാന പള്ളിയുടെയും ബാവാമ്മാരുടെയും കല്പന മുറപൊലെയും ന്യായം ആകുംവണ്ണവും നടത്തിക്കെണ്ടതിന്നു നാം കടമാകപ്പെട്ടിരിക്കകൊണ്ടും മെൽ എഴുതിയ അപമര്യാദ നമ്മുടെ പള്ളികളിൽ നടപ്പാൻ സംഗതി വന്നാൽ ആയതിന്റെ ഉത്തരവാദം ഉടയവന്റെ തിരുമുമ്പാകെ എല്ലാവൎക്കും വെണ്ടി നാം ഉത്തരിപ്പാൻ എടവരുന്നതാകകൊണ്ടും നമ്മുടെ കടംപൊലെ നാം അറിവാകുന്നു.

൧ (1)-ാമത. കടമുള്ള പെരുന്നാൾദിവസങ്ങളിലും ഞായറാഴ്ചകളിലും ഏവൻഗെലിയൊന്റെ പൊരുൾ തിരിച്ചെങ്കിലും ഓത്തിന്റെയും അർത്ഥമെങ്കിലും ലൊകരെ പറഞ്ഞു ബൊധിപ്പിക്കണം. വിശെഷാൽ അരുളിക്കയിൽ അസ്ഥികൾ വച്ചു ശരസിക്കയും വെണം. ആയതു ചെയ്യാതെ പാർക്കുന്ന പട്ടക്കാരരൊടു നമ്മുടെ കടംപൊലെ വിചാരിക്കുമെന്നും അറിഞ്ഞിരിക്കട്ടെ.

൨ (2)-ാമത. കടമുള്ള പെരുന്നാളുകളിൽ ആ ദിവസത്തിൽ പുണ്യവാളമ്മാരുടെ പുകഴ്ചക്കും പട്ടക്കാരരുടെ ദൊഷപൊറുതിക്കും കൽപിച്ചിരിക്കുന്ന പെരുന്നാൾ നമസ്കാരം എത്തിക്കാതെ അതിന്നുപകരം ഞായറാഴ്ചപടി പെരുന്നാൾ നമസ്കാരം എത്തിച്ചു വരുന്നതു പള്ളിയുടെ പ്രമാണത്തൊടു മറുതലയും ഉള്ളതാകകൊണ്ടും അപ്രകാരം ചെയ്യാതെ അതാതു തീയതിയിൽ പുണ്യവാളമ്മാരുടെ നമസ്കാരം എത്തിച്ചുവരികയും.

൩ (3)-ാമത. മെൽ എഴുതിയ നമസ്കാരം തന്നെയും പതിവായിട്ടും ചട്ടംപൊലെയും നമസ്കരിക്കാതെയും ശുദ്ധമാനകുർവാന ചെയ്തുവരുന്ന പ്രകാരം കെൾക്കകൊണ്ടും ആ സംഗതി നാം സൂക്ഷിച്ചാറെ ആയതു വലിയ ദൈവദൊഷം ഉള്ള പ്രവൎത്തിയാകകൊണ്ടും മെൽപറഞ്ഞ ആകാൎത്ത തഴക്കത്തിൽ പെരുമാററുതെന്നും ആത്മകാര്യത്തിൽ എങ്കിലും ശരീരകാര്യത്തിൽ എങ്കിലും വിശെഷാൽ ഒരു ദിഷ്ടതി കൂടാതെ സപ്രക്കൊളം എങ്കിലും കാനൊനാ നമസ്കാരം എത്തിക്കാതെ കുർവാനചൊല്ലരുതെന്നും ഈയൊടു മറുത്തു ചെയ്യുന്ന പട്ടക്കാരനെ നമ്മുടെ വിധിക്ക തക്കവെണ്ണമുള്ള പ്രായ

www.malankaralibrary.com

ശ്ചിത്തം ചെയ്യെണ്ടിവരുമെന്നും നാം കൽപിച്ച വെസ്ഥ വരുത്തുകയും ചെയ്യുന്നു.

൪ (4)–ാമത. നമ്മുടെ എടവകയിൽ അൻപത്തുനൊൻപിൽ ഏഴുഗ്ഗലാലെയും ശെഷം അതിനൊടും ചെന്ന നമസ്കാരങ്ങളും എത്തിക്കണമെന്നു പണ്ടുപണ്ടെ കൽപിച്ചിരിക്കുന്ന കൽപന അനുസരിക്കാതെ പല പട്ടക്കാരരും നമ്മുടെ അനുവാദം കൂടാതെ തങ്ങളുടെ മനസ്സാൽ തന്നെ ഏഴുഗ്ഗലാലെ എത്തിക്കാതെ മൂന്നു ഗ്ഗലാലെ എത്തിച്ചുവരുന്ന പ്രകാരം നാം കെട്ടു. പണ്ടു പണ്ടെ ക്ലൂദാശ പട്ടക്കാരര എല്ലാവരും അൻപത്തു നൊൻപിൽ ൭ (7) ഗ്ഗലാലെ നമസ്കരിക്കണമെന്നു കടമായി കൽപിച്ചിരുന്നതാകകൊണ്ടു. ഇനിമെലിൽ നമ്മുടെ ക്ലൂദാശ പട്ടക്കാരരു ഒക്കെയും അൻപത്തു നൊൻപിൽ ൭ (7) ഗ്ഗലാലെ നമസ്കരിക്കണമെന്നും ആയതിന്നു തങ്ങളുടെ ദീനവും സ്വസ്ഥതകെടുംകൊണ്ടു വളരെ ഞെരുക്കം കൂടാതെ വശമല്ലെന്നു വരികിൽ പ്രത്യെകം നമ്മൊടു അനുവാദം വാങ്ങിയെ മൂന്നു ഗ്ഗലാലകൊണ്ടു മതിയാക്കിക്കൂടുമെന്നും ഇതിനൊടു മറുത്തു തന്നിഷ്ടമായി മൂന്നു ഗ്ഗലാലകൊണ്ടു മതിയാക്കുന്നവരെ നമ്മുടെ വിധിക്കു തക്കവണ്ണമുള്ള ശിക്ഷ അനുസരിക്കെണ്ടിവരുമെന്നും അറിയിക്കുന്നു.

൫ (5)–ാമത. ഞായറാഴ്ചകളിലും പെരുന്നാളുകളിലും പല പട്ടക്കാരരും ആണ്ടു തക്ക്സായിൽ ഈ ദിവസങ്ങൾക്കു പ്രത്യെകം എഴുതിയിരിക്കുന്ന വായനകൾ വായിക്കുന്നില്ലെന്നും കെൾക്കകൊണ്ടും ഇനിമെലിൽ ആണ്ടു തക്സായിൽ എഴുതപ്പെട്ടിരിക്കുന്ന വായനകൾ വായിക്കണമെന്നും ഈ ആണ്ടു തക്സായിൽ ഏറിയ ചിലവിട്ടു റൊമ്മായിൽനിന്നും നമുക്കു അയച്ചിരിക്കുന്നതാകകൊണ്ടും ആയതു സൂക്ഷിപ്പാനും നമുക്കു കടം ഉണ്ടായിരിക്കകൊണ്ടും ഈ വക പുസ്തകങ്ങൾ ഇത്രനെരവും കുത്തിക്കാത്ത ഇടങ്ങളിൽ പള്ളിമുതൽ എടുത്തു കുത്തിച്ചുവെക്കണം. ആയതിന്നു വികാരിമാരരു പ്രത്യെകം ശ്രമിച്ചു കുത്തിപ്പിച്ചു കൊൾകയും വെണം.

൬ (6)–ാമത. ആണ്ടുതൊറും അൻപത്തുനൊൻപിൽ പെസഹാവ്യാഴാഴ്ചനാൾ വികാരി കുർവാന ചൊല്ലുന്ന പട്ടക്കാരൻ ഒഴികെ ശെഷമുള്ള പട്ടക്കാരരു ഒക്കെയും കുമ്പസാരിച്ചു ശുദ്ധമാനകുർവാന കൈക്കൊള്ളണമെന്നു മര്യാദയായിരിക്കുന്ന സ്തുതിക്കപ്പെട്ട മര്യാദ ഇപ്പൊൾ ചില ഇടങ്ങളിൽ കാർത്ത വരുന്നില്ലായെന്നും നാം കെട്ടതിനെ കൊണ്ടു ഇനിമെൽ ഈ നല്ല മര്യാദ ഈഴൽകൂടാതെ കാർക്കണമെന്നും തങ്ങളുടെ ഉപെക്ഷകൊണ്ടും മടികൊണ്ടും മെൽപറഞ്ഞ ദിവസത്തിൽ കുമ്പസാരിച്ചു കുർബാന കൈക്കൊള്ളാതെയിരിക്കുന്ന പട്ടക്കാർക്കു ഈ കാര്യത്തിന്മെൽ നമ്മുടെ വിധിവരുവൊളം ഇടവക അനുഭവങ്ങൾ ഒന്നും കൊടുത്തുകൂടാ എന്നും ഇതു അനുസരിക്കാതെ കൊടുക്കുന്ന വികാരിമാരൊടു അതിന്റെ അവസ്ഥപൊലെ വിചാരിക്കയും ചെയ്യുമെന്നു ഈ സാധനത്താൽ അറിയിക്കയും ചെയ്യുന്നു.

൭ (7)–ാമത. നമ്മുടെ മലങ്കരെ എടവകയിൽ ശുദ്ധമാനകുർവാന കൊടുപ്പാൻ വെക്കുന്ന പടത്തീഞ്ഞകൾ ചതിരിത്തിൽ എല്ലാം വെട്ടി വെക്കുമാറാകുന്നു. ആയതു ക്ലൂദാശപുസ്തകങ്ങളിൽ കാണുന്ന മര്യാദയൊടും ക്രമങ്ങൾമെലുള്ള സമൂഹത്തിന്റെ വിധിയൊടും മറുത്താകകൊണ്ടും ഇനിമെലിൽ ക്ലൂദാശചെയ്‌വാൻ വക്കുന്ന പടത്തീഞ്ഞകൾ വട്ടത്തിൽതന്നെ വെട്ടിവെച്ചുകൊൾകയും വെണം. ഇതിനൊടു മറുത്തു വികാരിമാരിൽ എങ്കിലും ശെഷം പട്ടക്കാരരിൽ എങ്കിലും ആരാനും ചെയ്യുന്നപ്രകാരം നാം ബൊധിച്ചാൽ അതിന്നടുത്തവണ്ണം അവരൊടു വിചാരിക്കുമെന്നും അറിഞ്ഞിരിക്കട്ടെ.

൮ (8)–ാമത. എത്രയും വലിയ ഉതപ്പൊടുകൂടെ പെരുന്നാളുകളിലും കടമുള്ള ദിവസങ്ങളിലും പള്ളിമതിൽക്കകത്തുവച്ചു പട്ടക്കാരര അൽമെനി



കൾക്കു താകരം കൊടുക്കുന്ന പ്രകാരം സൂക്ഷമായിട്ടു നാം കെട്ടു. എന്നതുകൊണ്ടു ഇനിമെലിൽ ഇതിൻവണ്ണം ചെയ്യരുതെന്നും ഈ കല്പനയൊടു മറുത്തു ചെയ്യുന്ന പട്ടക്കാരരുടെ അംശപ്രവൎത്തികൾ ഈ എഴുത്താൽതന്നെ മുടക്കം ചെയ്തിരിക്കുന്നുയെന്നും അറിഞ്ഞിരിക്കട്ടെ.

൯ (9)–ാമത. പല പട്ടക്കാരര ഉള്ള എടവകയിൽ വംശനസ്കാരം എല്ലാവരുംകൂടി നമസ്കരിക്കണമെന്നും കല്പിക്കുന്നു. ഈ കല്പനയൊടു മറുത്തുചെയ്യുന്ന പട്ടക്കാരർക്കു ഈ കാര്യത്തുമ്മെൽ നമ്മുടെ പ്രത്യെകമുള്ള വിധി വരുന്നവരെക്കും എടവക അനുഭവങ്ങൾ ഒന്നും കൊടുത്തുകൂടായെന്നും കല്പിക്കുന്നു. ആയതനുസരിക്കാതെ കൊടുക്കുന്ന വികാരിമാരൊടു അതിന്റെ അവസ്ഥപൊലെ നാം വിചാരിപ്പാൻ ഇടവരുമെന്നും അറിഞ്ഞിരിക്കട്ടെ. ഉടയതമ്പുരാന്റെ മനൊഗുണം നിങ്ങളുടെ മെൽ ഉണ്ടായിരിക്കട്ടെ. ഇതു കൎത്താവിന്റെ ൧൭൯൫ (1795) –ാം കാലം എടവമാസം ൨൦ (20)–നു എഴുതപ്പെട്ടത സാധനത്തിന്മെൽ നമ്മുടെ കയ്യൊപ്പും ക്രൂപതയുടെ മുദ്രയും ഇടുകയും ചെയ്തു.

## A· D- 10-4-1799

ഗൊവൎണ്ണദൊരരാക്കുവാൻ നിശ്ചയിച്ച കനൊനനീസ്തമ്മാരായ പള്ളിഅധികാരികൾ എന്നു പെരുവിളിക്കപ്പെട്ട കംസെൽക്കാരരിൽനിന്നു പാലാപള്ളി എടവകക്കാരൻ കട്ടയ്ക്കകത്ത അബ്രാഹം കത്തനാരച്ചനു എഴുതിയ സാധനത്തിന്റെ പെർപ്പ

തമ്പുരാന്റെ മനൊഗുണത്താലെയും ശുദ്ധമാനപള്ളിയുടെ കല്പനയാലെയും മലങ്കരെ ആകമാനത്തിന്നടുത്ത പള്ളിയുടെ കാനൊനെത്തമ്മാർ എഴുത്ത. സ്നേഹപ്പെട്ട പാലാപള്ളി എടവകക്കാരൻ കട്ടക്കകത്തു ഔറാഹം കത്തനാരച്ചനു നമ്മുടെ കൎത്താവീശൊമിശിഹായാലെ നെരപ്പും സ്വസ്ഥതയും. എ. പെ. പെ. ബ. കരിയാട്ടിൽ മെത്രാപ്പൊലീത്താ കാലം ചെയ്കകൊണ്ടു കടനാട്ടുപള്ളി എടവകക്കാരൻ പാറെമ്മാക്കൽ തൊമ്മാകത്തനാരച്ചൻ ഗൊവൎണ്ണദൊരായിട്ടു ൧൭൮൭ (1787) –ാം കാലം അങ്കമാലി വലിയപള്ളിയിൽ വന്ന മലങ്കരെ ൮൪ (84) പള്ളിക്കാരരുംകൂടി ശുദ്ധമാനപള്ളിയുടെ കല്പനക്കും നമ്മുടെ പരിഷയുടെ മര്യാദക്കും ഞായത്തിനും നടക്കെണ്ടും ക്രമങ്ങൾ ഒക്കെക്കും പടിയൊലയും എഴുതിവച്ചു നമ്മുടെ ഗൊവൎണ്ണദൊരായിട്ടു ആ ദെഹത്തെ കൈക്കൊണ്ടു മലങ്കരെ എടവകക്കാരര ഒക്കെയും കൂടെ ചെയ്യെണ്ടുന്ന കാര്യങ്ങൾ ഒക്കെയും നടത്തിച്ചുകൊള്ളത്തക്കവണ്ണം കാനൊനയിത്താക്കാരര എന്ന പെരും വിളിച്ചു മുഷ്ക്കരത്വവും തന്നു പടിയൊലയും എഴുതിവച്ചു അതിൻവണ്ണം ൧൭൯൯ (1799) –ാം കാലംവരെയും നടന്നുവരുമ്പൊൾ നമ്മുടെ ബ. ഗവൎണ്ണദൊരച്ചനു ദെണ്ണം പ്രയാസമാകകൊണ്ടു നമ്മുടെ പടിയൊലപ്രകാരം നടത്തിക്കുന്നതിന്നു ഏതു പ്രകാരം വെണ്ടുവെന്നു ബൊധിപ്പിച്ചാറെ ഈ എടവക ഭരിക്കെണ്ടതിന്നു നിങ്ങൾ നിശ്ചയിക്കുന്ന ആളുടെ മെൽ നമുക്കുള്ള മുഷ്ക്കരത്വം ഒക്കെയും നാം കൊടുത്തിരിക്കുന്നുയെന്നും കല്പിച്ചു ൧൭൯൯ (1799) –ാം കാലം മീനമാസം പുത്തൻകണക്കിൽ ൨൦ (20)–ാംനു ഉടയതമ്പുരാന്റെ തിരുമനസ്സുപൊലെ അദ്ദെഹത്തിന്റെ കാലം കഴികകൊണ്ടു ഇനി മലങ്കരെ പള്ളി ഭരിപ്പാൻ ആരെ വെണ്ടുവെന്നു ഞങ്ങളും നമ്മുടെ മുഴദിഷ്ടതിയും പൊക്കുവാൻ ബഗദാദിൽനിന്നും ശുദ്ധമാനപള്ളിക്കു വഴക്കമുള്ള എ. പെ. പെ. ബ. പാത്രിയർക്കീസച്ചൻ കല്പിച്ചയച്ച എ. പെ. ബ. അബ്രാഹം അപ്പസ്തൊപ്പായും മെലാളായിട്ടു അയച്ചിരിക്കുന്ന ഉർമ്മീസകശ്ശീശായും കൂടിവിചാരിച്ചാറെ മലങ്കരപള്ളിയിൽ ഭരിപ്പാൻ വെണ്ടുന്ന അറിവും യൊഗ്യതയും

www.malankaralibrary.com

അങ്ങെക്കണ്ടന്നും കാൺകകൊണ്ടും ശ്രു. പള്ളിയുടെയും സൂനൊദൊസകളുടെയും കല്പനകൾക്കും കാനൊനാകൾക്കും തക്കവണ്ണം മലങ്കരെ പള്ളി ഭരിക്കുന്നതിന്നു ഗവർണ്ണദൊരായിട്ടു അങ്ങെ ഞങ്ങൾ വെസ്ഥവരുത്തി കൈക്കൊള്ളുന്നു. നമ്മൊടു വിപരീതമായിരിക്കുന്ന ലത്തീൻകാരര ഗവർണ്ണദൊരച്ചൻ നമുക്കെങ്കിലും ശെഷമുള്ള ആളുകൾക്കു എങ്കിലും ഒരു മുടക്കുവച്ചാൽ അങ്കമാലിക്കൽവച്ചു നാം പടിയൊല എഴുതിച്ചപ്രകാരം മുടക്കുന്നെസരിക്കയും അവരുടെ സാധനങ്ങൾ പിടിച്ചു പള്ളികളിൽ വെക്കയും അരുത. എന്നാൽ ഇതു മിശിഹാ പിറന്നിട്ടു ൧൭൯൯ (1799) മെടമാസം ൧൦ (10)-നു ചങ്ങനാശെരി പള്ളിയിൽനിന്നും എഴുത്ത.





# അനുബന്ധം

ആലങ്ങാട്ടുപള്ളി ഇടവക കരിയാറ്റി മാർ യൌസെപ്പു മെത്രാപ്പൊലീത്താക്കു റൊമയിൽനിന്നും കൊടുത്ത മൽപാനട്ടത്ത പത്തെന്തറി

## *മലയാളതർജ്ജിമ*

ദൈവകൃപയാലെ ശുദ്ധ റൊമാ കത്തൊലിക്കാപള്ളിയുടെ ഗുരുപട്ട കർദ്ദിനാൾ സ്ഥാനക്കാരനും വിശ്വാസപരമ്പ തൽസഭയുടെ പ്രധാന ശ്രെഷ്ഠനുമായ യൌസെപ്പുകസ്തെല്ലി. നമ്മുടെ ഈ ലെഖനം നൊക്കുകയൊ വായിക്കുകയൊ ചെയ്യുമെന്നല്ലാവർക്കും ഓരൊരുത്തർക്കും നമ്മുടെ കർത്താവിൽ സ്വസ്ഥം. അപ്പൊസ്തൊലന്മാരുടെ പ്രഭുവായ ഭാഗ്യപ്പെട്ട മാർ പത്രൊസും, പുറജാതികളുടെ ഗുരുവായ ഭാഗ്യപ്പെട്ട മാർ പൌലൊസും തങ്ങളുടെ രക്തക്കതിരുകളാൽ അതിനെ സ്ഥാപിക്കയും മിശിഹാകർത്താവിന്റെ സഹായത്താലും ദിവ്യഉപദെശത്താലും അതിനെ പഠിപ്പിക്കയും ചെയ്തു. എത്രയും ശുദ്ധ റൊമാപ്പള്ളി മിശിഹായുടെ വിശ്വാസം കൈക്കൊണ്ടു ആദ്യംമുതൽ സ്കൂളുകളിൽനിന്നു നല്ല ജീവിതവും പള്ളിക്കടുത്ത അറിവുകളും. എന്നുതന്നെയല്ല ദൈവബൊധജ്ഞാനത്താൽ അലങ്കരിക്കപ്പെട്ടവരുമായ ആളുകളെ ലൊകത്തിന്റെ നാനാഭാഗങ്ങളിലും ദൈവവചനം വിതക്കുന്നതിനായി യാത്രയാക്കുന്നത് പതിവുള്ള ഒരു കാര്യമാകുന്നു. ആയതു എവൻഗെലിക്കടുത്ത വാക്യങ്ങളാൽ അതായതു: എന്റെ കുഞ്ഞാടുകളെയും പള്ളാടുകളെയും നീ മെയിക്ക എന്നതിനാലും ശുദ്ധ പത്രൊസിന്റെ ഉത്തമദൃഷ്ടാന്തത്താലും പഠിപ്പിക്കപ്പെട്ടവരായ ശുദ്ധ മാർപ്പാപ്പാമാർ ഇത്രകാലമായിട്ടും ദൈവകൃപയാൽ രക്ഷാകരമായിട്ടും തങ്ങളുടെ ഇട്ടയന്നടുത്ത തൊഴിലിന്നു തക്കവണ്ണവും അവിശ്വാസികൾ ദിവ്യവിശ്വാസത്തിന്നു ആകർഷിക്കപ്പെടുന്നതിന്നും ഈ ദൈവികവിശ്വാസത്തിൽനിന്നു തെറ്റിപ്പൊകുന്ന ജനങ്ങളെ അതിൽ തിരിച്ചു മിശിഹായുടെ ജ്ഞാനതൊഴുത്തിൽ വീണ്ടും ചെക്കുന്നതിന്നുമുള്ള തങ്ങളുടെ ചുമതലയെ ശുഭമായിട്ടു നടത്തിപ്പൊന്നു. അപ്പഴൊ ഈ ന്യായങ്ങൾ നിമിത്തമായിട്ടു ഭാഗ്യപ്പെട്ട ഓർമ്മയുടെ എട്ടാമത്തെ ഉർബാനൊസ മാർപ്പാപ്പ (ഈ ആളുകളുടെ ഓർമ്മ എപ്പൊഴും ഭാഗ്യപ്പെട്ടതാകട്ടെ) ഭൂമിയുടെ നാനാഭാഗത്തിലുമുള്ള നാനാജാതികൾക്കു സത്യവിശ്വാസം പരക്കുന്നതിനായിട്ടു താനും ജാതിപൈതങ്ങൾക്കും പഠിപ്പാൻ തക്കതായിട്ടു ഒരു പാഠകശാല ഏർപ്പെടുത്തി തന്റെ നാമധെയത്തിൽ ഉർബാൻ പാഠകശാല എന്നു ആയതിന്നു പെരിടുകയും അതിലെ ഉപാദ്ധ്യായന്മാർക്കും ശ്രെഷ്ഠന്മാർക്കും ശ്രീഹാക്കടുത്ത അധികാരത്താൽ മെൽപറഞ്ഞ പാഠകശാലയുടെ അടിസ്ഥാനത്തിങ്കലും സ്ഥാപനങ്ങളിലും ഈ മാർപ്പാപ്പ തന്നെ മിശിഹാകാലം ൧൬൨൮ (1628) ഇടവമാസം ൧ (1)-ാംനു തന്റെ വാഴ്ചയുടെ മൂന്നാം വർഷത്തിൽ റൊമാപ്പുരിയിൽ മരിയ മജൊരത്തെ അരമനയിൽവച്ചു കൽപിച്ചു കൊടുത്ത തിരുവെഴുത്താൽ പല അധികാരങ്ങളും സ്വാതന്ത്ര്യങ്ങളും കൽപിച്ചുകൊടുക്കയും ചെയ്തു. എന്നുതന്നെയുമല്ല തക്കകാലംവരെയും അതിൽ ശാസ്ത്രവിദ്യകളെ പഠിച്ചു അറിവിലും നല്ല ജീവിതത്തിലും അഭിവൃദ്ധിയുള്ളവരും മതിമാന്മാരുമായി കണ്ടെത്തപ്പെടുമെന്നവർക്കു ഉപദെഷ്ടാക്കന്മാരുടെയും ശാസ്ത്രികളുടെയും പദവികൾ അനുവദിക്കപ്പെട്ടതായിരുന്നാലും വിയന്നെൻസീസുസംഘത്തിന്റെയും പ്രത്യെകം ടി പ്രധാന പട്ടണത്തിലെ സർവ്വകലാശാലയുടെയും അഭിപ്രായത്തിന്നു തക്കവണ്ണം അതാതു പദവിക്കു തക്ക മുദ്രകൾ നല്കപ്പെടും. ഇതിൽ ഓരൊതര

www.malankaralibrary.com

ത്തിൽ ജയിക്കുന്നവൎക്കു ഓരൊതരം സ്വാതന്ത്ര്യങ്ങളും വിശേഷാനുവാദങ്ങളും മുദ്രകളും നൽകപ്പെടും. ഇതിനാൽ മലയാളരാജ്യത്തിൽ മങ്ങാട്ടുഎന്നു പറയുന്ന ദിക്കുകാരനായ മലയാളക്കാരനും ഈ പാഠകശാലയുടെ ശിഷ്യനും മിശിഹായിൽ നമുക്കെത്ര പ്രിയപ്പെട്ടവനുമായ കരിയാറ്റി കൎയ്യയിപ്പ എന്നയാറം ഈ പാഠശാലയിൽവച്ചു പീലസൊപിയാ എന്നു പറയുന്ന ശാസ്ത്രം മുഴവനും തെഒലൊഗിയാ എന്നു പറയുന്ന ദൊഗ്മാത്തിക്കാ അതായതു ദൈവികശാസ്ത്രവും സന്മാർഗ്ഗമായിട്ടുള്ള ആ ഭാഗങ്ങളും വിശെഷമായിട്ടും അസാമാന്യമായിട്ടും പഠിക്കയും അയാളുടെ ജീവിതവും വ്യാപാരവും കൃസ്ത്യാനികാടുത്ത പഠിനത്തിന്നും ഉപദെശത്തിന്നും തക്കതും അതിൽ അഭ്യാസവും മതിപ്പുമുള്ളതുമായിക്കണ്ടെത്തപ്പെടുകയും ചെയ്തു. ആകയാൽ മെൽപറഞ്ഞ ശുദ്ധമാർപ്പാപ്പയുടെ കൽപനക്കും അഭിപ്രായത്തിനും തക്കവണ്ണം ചെയ്യുന്നതിന്നും മനസ്സായി ഈയാളുടെ അറിവിനെ പരിശൊധിക്കുന്നതിന്നു മൂന്നു സംഗതികളെ ചൊദിപ്പാൻനിശ്ചയിച്ചു. ആയതിൽ ഒന്നാമത്തെതിൽ പൂർവ്വികഅജ്ഞാനശാസ്ത്രിയായ അരിസ്തൊത്തിലെസ് എന്നയാളുടെ മെത്താപിസിക്കാ ഗൂഢാർത്ഥശാസ്ത്രവും മൂന്നാംപുസ്തകം രണ്ടാം അദ്ധ്യായം തന്നെ അതായത സൃഷ്ടിപ്പുകളുടെ ചയനാചയനങ്ങളൊടു ദൈവത്തിന്നുള്ള സന്ധിപ്പു.

വ. (2)-ാമത്. തൊമ്മാമല്പാൻെറ ദൈവകിപുസ്തകം ഒന്നാംഭാഗം നു.നു. (33)-ാം ചൊദ്യം ൧(1)-ാംനിർത്ത് അതായതു ദൈവാളുകറം മൂന്നായിരുന്നാലും ദൈവം ഒരുത്തൻ മാത്രമായിരിക്കുന്നു. എന്നുള്ളതു് ന്യായം കൊണ്ടു കണ്ടുപിടിപ്പാൻ പാടുള്ളതല്ലാ.

നു.(3)-ാമത്തെത് മെൽപറഞ്ഞ പുസ്തകം പ്രഥമഭാഗം ൧ (1-)ാം ചോദ്യം ൧ (1)-ാം നിർത്ത് അതായതു: ശുദ്ധ വെദപുസ്തകം കുറഞ്ഞാൽ ചിലഭാഗങ്ങളും ചില അദ്ധ്യായങ്ങളും തെളിവായിട്ടുള്ളതല്ലാ എന്നുള്ളതു തന്നെ.

ഈ ചൊദ്യങ്ങറക്കു ഇന്നെദിവസം മെൽപറഞ്ഞ ഉർബാൻ പാഠകശാലയുടെ പ്രധാനഗുരുഭൂതനായ ബ. ഇൻെറഫൊൻസ് ആസാന്ത് കാർളൊ എന്ന പട്ടക്കാരൻെറയും ദൈവശാസ്ത്രം, തർക്കശാസ്ത്രം, മുതലായവകളുടെ കീർത്തിപ്പെട്ട മൽപാന്മാരുടെയും മററും പല കീർത്തിപ്പെട്ടആളുകളുടെയും മുമ്പാകെ വച്ചു പരഹസ്യമായി ശാസ്ത്രൊക്തിയൊടും വാക്കു സാമൎത്ഥ്യത്തൊടും അതിശയിപ്പാൻ തക്കവിധത്തിലും എത്രയും ചെലുള്ള ക്രമത്തൊടുംകൂടെ ഉത്തരിക്കയും തെളിയിക്കയും പ്രത്യക്ഷീകരിക്കയും മെൽപറഞ്ഞ എല്ലാ സംഗതികളെയും ന്യായങ്ങളാൽ സ്ഥിരീകരിക്കയും വിഭാഗിക്കയും ചൊദിക്കയും നിർണ്ണയിക്കയും ചെയ്തു. ഇതിനാൽ ഒന്നാമതു പറഞ്ഞ പാഠകശാലയിലെപ്പൊലെ മിക്ക ദിവ്യശാസ്ത്രത്തിൻെറ ഗുരുവായ ബ. സന്യാസ ക്ലെരിപീലിപ്പൊളൊപ്പൊസു എജമന തൻ അവർകളുടെയും പിന്നീടു മെൽപറഞ്ഞ പാഠകശാലയുടെ തെവുലൊഗിയാ മൊറാറം എന്ന ധർമ്മശാസ്ത്രത്തിൻെറ മൽപാനായ പ്രസംഗക്കാരുടെ അതായതു തർക്കശാസ്ത്രത്തിൻെറ ഗുരുവും കമയദൂലെൻസു സഭക്കാരനായ എ. ബ. അവുരെലിയൂസു ലെഒാൻ എജമാനൻ അവർകളുടെയും മററു തെവുലൊഗിയാ മൽപാന്മാരുടെയും മുമ്പാകെവച്ചു അവരുടെ മന:പൂർവമായ സമ്മതവും മതിപ്പും ലഭിക്കയും കനവാനായി എണ്ണപ്പെടുകയും ചെയ്തു. ഇതിനാൽ മെൽപറഞ്ഞവരു എല്ലാവരുടെയും ഏകസമ്മതത്തൊടും യാതൊരുത്തനും എതിരുപറയാതെ ഏകൊപിച്ചു ഉയൎന്നസ്വരത്തൊടെ തെവുലൊഗിയാ മൽപാന്മാരുടെ പദവിക്കു യൊഗ്യതയുള്ളവനാകുന്നുയെന്നും സ്ഥിരപ്പെടുത്തിപറഞ്ഞു. ഇതിനാൽ മെല്പറഞ്ഞ പാഠകശാലയുടെ മെലധികാരിയായ ബ.ഇൻെറഫൊൻസു ആസാന്ത് കാർളൊസു എന്ന ദെഹം മെല്പറഞ്ഞ കരിയാറ്റി കൎയ്യയിപ്പ എന്നയാളെ വിശ്വാസം സംബന്ധമായും വെദം സംബന്ധമായുമുള്ള കാര്യങ്ങളെകുറിച്ചു ഭാഗ്യപ്പെട്ട ഓർമ്മയുടെ ൪ (4)-ാം പീയൂസു മാർപ്പാപ്പായാൽ നിയമിക്കപ്പെട്ട ക്രമത്തിന്നു തക്കവണ്ണം മെൽപറഞ്ഞ ശ്രെഷ്ഠൻെറ മുമ്പാകെവച്ചു ദൈവ ഏവൻഗെലിയൊൻ കൈകൊണ്ടു തൊട്ടുകൊണ്ടും, സത്യം ചെയ്തുകൊണ്ടും വിശ്വാസസത്യം ചെയ്തു. എന്നാൽ ഉന്നതനായിരിക്കുന്ന ദൈവം മെൽപറഞ്ഞ കരിയാറ്റി കൎയ്യയിപ്പ എന്നയാറക്കു മെൽപറഞ്ഞ അറിവുകളും നല്ല ജീവിതവും കൊടുത്തു എന്നുള്ളതു് ശ്ലീഹാക്കുടുത്ത അധികാരത്താൽ കൂടെയും മഹിമപ്പെടുത്തുവാൻ തിരുമനസ്സായി. ഇതിനാൽ ഈ കരിയാറ്റി കൎയ്യയിപ്പ തെവുലൊഗിയാ,പിലാസൊപിയാ എന്ന ശാസ്ത്രങ്ങളിൽ തനിക്കു യൊഗ്യതകളെ സമ്പാദിച്ചവനും, യൊഗ്യനും ഇതിനു മതിയാകുന്നവനും, സമർത്ഥനും ആകുന്നുവെന്നു നിശ്ചയിക്കയും, മെൽപറഞ്ഞ രണ്ടു ശാസ്ത്രങ്ങളുടെയും മൽപാനെന്നു ആഘൊഷമായി പ്രസിദ്ധം ചെയ്യപ്പെടുകയും, ഇതിനാൽ മെലിലെക്കു ഇങ്ങനെയുള്ള സ്ഥാനമാനങ്ങറം ലഭിച്ചിരിക്കുന്നവൎക്കു ഉണ്ടായിരിക്കുന്ന പൊതുവായിട്ടുള്ളതും പ്രത്യെകിച്ചിട്ടുള്ളതുമായ സകല സ്വാതന്ത്ര്യങ്ങളും,സ്ഥാനമാനങ്ങളും, ഉദ്യൊഗങ്ങളും, ബഹുമതികളും ഉണ്ടായിരിക്കുന്നു. ആയതു അന്യപട്ടണങ്ങളിൽതന്നെയല്ലാ, തലപട്ടണമായ ഈ നഗരത്തിലും ഉണ്ടു. എന്നുതന്നെയുമല്ലാ, ലൊകത്തിൽ എവിടെയെങ്കിലുമുള്ള തെവുലൊഗിയ മല്പാന്മാൎക്കുള്ള സകല സ്വാതന്ത്ര്യങ്ങളും ഉണ്ടായിരിക്കണമെന്നു നാം മനസ്സായിരിക്കുന്നു. വിശെഷിച്ചും വായിക്കുന്നതിന്നും പഠിക്കുന്നതിന്നും വ്യാഖ്യാനിക്കുന്നതിന്നും മൽപാനടുത്ത സിംഹാസനത്തിൽ ഇരിക്കുന്നതിന്നും അപ്രകാരംതന്നെ മല്പാന്മാർക്കടുത്ത പൊതുവായിട്ടുള്ളതും, തനിച്ചായിട്ടുമുള്ള സകല പ്രവൃത്തികളെയും പൊതുവിലും തനിച്ചും ഇയാറക്കു ഇഷ്ടമാകുന്നതുപൊലെയും കൊള്ളാമെന്നു തൊന്നുന്നതുപൊലെയും, നടക്കുന്നതിന്നുള്ള അനുവാദവും, സ്വാതന്ത്ര്യമുള്ള അധികാരവും മുഷ്ക്കരത്വവും കൊടുക്കുന്നു. കടശി മെൽപറഞ്ഞ കാര്യങ്ങളുടെ തീർച്ചക്കു ഇങ്ങനെ ശാസ്ത്രജ്ഞന്മാരായുള്ളവൎക്കു കൊടുക്കമാറാകുന്ന മുദ്രകളെ മെല്പറഞ്ഞ കരിയാറ്റിക്കു കൊടുത്തതുമെന്യെ അയാളുടെ മൊതിരവിരല്ക്കു ഒരു മൊതിരവും മുടിക്കുപകരം തലയിൽ ബിരെത്തി എന്നു പറയുന്ന തൊപ്പിയും വച്ചു എന്ന ഉടനെ ചില പുസ്തകങ്ങളെ തുറന്നതായിട്ടും ചിലതു അടച്ചതായിട്ടും അയാളുടെ കൈകളിൽ കൊടുത്തു. കടശി ഇയാളെ തെവുലൊഗിയാ മൽപാന്മാരുടെ കൂട്ടത്തിൽ ചെൎത്തുഎന്നും, അതിൽ ഒരുവനായി എണ്ണപ്പെട്ടുവെന്നും ഉള്ള അറിവിന്നായി ഇയാളെ മൽപാനടുത്ത സിംഹാസനത്തിന്മെലിരുത്തി എന്നുതന്നെയുമല്ല അവിടെ കൂടിയിട്ടുണ്ടായിരുന്ന മൽപാൻമാരും ശാസ്ത്രികളും, ഇയാളെ തങ്ങളിൽ ഒരുവനായി എണ്ണപ്പെട്ടുവെന്നതു സന്തൊഷത്തൊടും കൂടി സമ്മതിച്ചു എന്നും അടയാളത്തിന്നായി എല്ലാവരും ഇയാളെ സഹൊദരചുംബനം തഴുകിക്കൊണ്ടു ചെയ്കയും ചെയ്തു. എന്നാൽ ഇതൊക്കെ സർവവല്ലഭനായിരിക്കുന്ന ദൈവത്തിൻെറയും നമ്മുടെ കൎത്താവീശൊമിശിഹായുടെയും സ്തുതിക്കായും ബഹുമാനത്തിന്നായും ആയിരിക്കട്ടെ ആമ്മെൻ.

ഇവകളുടെ ഏററം വലിയ ഉറപ്പിന്നും സാക്ഷിക്കുമായിട്ടു മെൽപറഞ്ഞ മഹാന്മാരുടെ മുമ്പാകെവച്ചുതന്നെ ഈ സാധനം നമ്മുടെ കൈയൊപ്പാൽ സ്ഥിരപ്പെടുത്തി ഇങ്ങനെയുള്ള സംഗതികളിൽ പതിവായിരിക്കുന്നതു പൊലെ നമ്മുടെ മുദ്രകളുടെ പതിച്ചുകൊടുപ്പാൻ നാം കൽപിച്ചു.



www.malankaralibrary.com

ഇതു റൊമാപ്പുരിയിൽ വിശ്വാസപരമ്പുതൻ സഭയുടെ ഉർബാൻ സെമ്മിനാരിയിൽ വച്ചു കൊട്ടക്കപ്പെട്ടതു. ഇതു ക്രിസ്തുവാബ്ദം ൧൭൬൬ (1766) ചിങ്ങമാസം ൨ (2) -ാംനു-

൧൩ (13)-ാം ക്ലെമ്മീസ പാപ്പായുടെ വാഴ്ചയുടെ ൮ (8)-ാംവത്സരം.

വിശ്വാസപരമ്പുതൻ സഭയുടെ പ്രധാന ശ്രേഷ്ഠനായ യൗസെപ്പ കസ്റ്റെല്ലി കർദ്ദിനാൾ (ഒപ്പ്)

എം. മരെസ്സൂസ്സ്, <br>
സെക്രത്താരി.



# ഭൂലോകശാസ്ത്രം

ഭൂലോകത്തിൻെറ പ്രത്യേകമായിട്ട എറോപ്പയിലുള്ള രാജിതങ്ങളുടെ അറിവ്

ഇല്ലായ്മയിൽനിന്ന സർവ്വേശ്വരൻ ഭൂലൊകം സൃഷ്ടിച്ചിട്ട ആറായിരത്തിൽ ചില്വാനം കാലമായി എന്ന ശാസ്ത്രകാരർ പറയുന്നു. എന്നാൽ ഈ ഭൂമി നാലുക്കുറുകളായിട്ട ശാസ്ത്രകാരർ പവുക്കുന്നു, അതായതു, ആസിയാ എന്നും ആഫ്രിക്കാ എന്നും എറൊപ്പാ എന്നും അമിരിക്കാ എന്നും. ഇതിൽ ആസിയാ എന്ന പങ്കിലുള്ള പാർച്ചാവിൻെറ നാട്ടിൽ തുടങ്ങി ചെമെസ്സിയാനാട്ടും മുഖിലൻെറ മഹാരാജ്യവും ഇന്ത്യയും ചീനവും ഇതിൽപ്പെട്ട നാട്ടുകളൊക്കെയും അടങ്ങിയിരിക്കുന്നു. ആഫ്രിക്കാ എന്ന പങ്കിൽജൊനക ജാതിയിൽ മറൊക്കാ എന്ന ചൊല്ലുന്ന പാർച്ചാവിൻെറ അധീനവും കാപ്പിരിമാരുടെ നാടൊക്കയും അടങ്ങിയിരിക്കുന്നു. എറൊപ്പാ എന്ന പങ്കിൽ ഈ പുസ്തകത്തിൽ നാം വിസ്തരിച്ചു പറവാനിരിക്കുന്ന പല രാജാക്കളുടെയും നാട്ടുകളും അധീനങ്ങളും അടങ്ങിയിരിക്കുന്നു. അമിരിക്കാ എന്ന നാലാമത്തെ കൂറിൽ ഈ മെൽചൊല്ലിയ കൂറുകൾ മൂന്നിൻെറയും കീഴ്പ്പെട്ട പങ്കാകുന്നു. എന്നാൽ ഈ പങ്കിൽ അവിടെത്തന്നെ സ്വജന്മമായിട്ടുള്ള രാജാക്കളെ പറവാനാവില്ലെങ്കിലും ഇപ്പൊൾ എറൊപ്പയിലുള്ള ജാതിക്കാരർ പൊർത്തുഗീശന്മാരും ഇൻഗ്ളെശന്മാരും പ്രൻസെസെമാരും ആ രാജ്യത്തിൽ ഏറിയ കൂറും എടുത്തു പലപല നഗരികളും വച്ചു അവരുടെ രാജിതങ്ങൾ അവിടെ സ്ഥാപിച്ചിട്ടുണ്ട്. എന്ന വരുമ്പൊൾ മെൽ പറഞ്ഞവണ്ണം എറൊപ്പ എന്ന പങ്കിൽ ഉൾപ്പെട്ടിരിക്കുന്ന രാജിതങ്ങളിന്മെൽ പറവാൻ നമ്മുടെ മനസ്സും നിരൂപണയും ആയിരിക്കകൊണ്ടും പൊർത്തുഗാൽ രാജാവിൻെറ രാജിതമായി നമ്മുടെ പുസ്തകത്തിൻെറ തുടക്കമാകുന്നു.

## പൊർത്തുഗാൽ രാജിതം

പൊർത്തുഗാൽ എന്ന രാജിതം എറൊപ്പയിലുള്ള രാജിതങ്ങളിൽ പടിഞ്ഞാറുഭാഗത്തുള്ള രാജിതമാകുന്നു. ഇതിന നീളം ൧൮൫ (185) കാതവും വീതി ൬൦(60) കാതവും ഉണ്ട്. പടിഞ്ഞാറു തെക്കു ഒച്ചെയാൻ എന്ന ചൊല്ലുന്ന കടലിനൊടും കിഴക്കുവടക്കു എസ്പ്പാന്യ രാജിതത്തൊടും ചെർന്നിരിക്കുന്നു. എന്നാൽ ഈ രാജിതത്തിൽ രണ്ടു രാജിതങ്ങൾ അടങ്ങിയിരിക്കുന്നു; അതായതു, പൊർത്തുഗാൽ രാജിതവും ആക്ശാവ്യ രാജിതവും. ഇതിൽ പൊർത്തുഗാൽ രാജിതത്തിലെക്കു തലപ്പെട്ട നഗരികളാകുന്ന ത ആലെന്മെജോ എന്നപ്രദെശവും എസ്ത്രെമദുവാ എന്ന പ്രദെശവും ബെയിവാ എന്നൊരു പ്രദെശവും എസ്ത്രൊമിഞ്ഞു എന്ന ഒരു പ്രദെശവും ദെയിവൊ എന്ന പ്രദെശവും മലക്കു അപ്പുറമുള്ള പ്രദെശവും ഇതൊക്കെയും പൊർത്തുക്കാലിൽ കൂടുന്ന പ്രദെശങ്ങളത്രെയാകുന്നതു. എന്നാൽ ഈ രാജ്യം വളരെ സമ്പത്തുള്ളതും നല്ല വളവും വിടിവും ഉള്ളതുമത്രെയാകുന്നു. അവിടെ ഉണ്ടാകുന്ന വീഞ്ഞും സൈത്തു എണ്ണയും ഉപ്പുംകൊണ്ടു എറൊപ്പയിൽ പല രാജ്യങ്ങളും കഴിച്ചുവരുമാറാകുന്നു. വിശെഷിച്ചും മലംപ്രദെശമാകകൊണ്ടു കൊതമ്പു വെണ്ടുംവണ്ണം തന്നെ ഉണ്ടാകയില്ല. കാററു പതപ്പെട്ടതാകകൊണ്ടു എത്രയും വിശെഷമായിട്ടുള്ള തെത്തമരത്തിൻെറ കനികൾ അവിടെയുണ്ടു. ഏററവും താഗൊ എന്നും ദൊവുവൊ എന്നും ദുവൊ എന്നും ഗ്വദ്യാനാ എന്നും മെക്നെഗൊ എന്നും മിണ്ടോ എന്നും ചൊല്ലുന്ന പ്രദെശങ്ങളിൽ ആയതിൻെറ പെരിപ്പ് ആയി നീക്കുകയും ചെയ്യുന്നു. ഈ രാജിതത്തിങ്കൽ മിനിയൊ എന്ന ചൊല്ലുന്ന പ്രദെശം വളരെ സംപത്തു വിളയുന്നതാകുന്നു. അതെന്തു

www.malankaralibrary.com

ന്നാൽ പൊന്നും മാണിക്കക്കല്ലുകളും ആദിയായിട്ടുള്ള മഹാ വിലപിടുത്തമുള്ള വസ്തുക്കൾ അവിടെ വിളഞ്ഞുണ്ടാകുന്നതൊഴികെ എത്രയും വിശിഷ്ടമായിട്ടുള്ള കാകനികൾ ഒക്കെയും എല്ലാത്തരത്തിലുള്ളതും വെണ്ടുവൊളം അവിടെ ഉണ്ടായിരിക്കുന്നതിനാൽ ഈ രാജിതത്തിന്മെൽ രാജധാനിലിസ്ബൊ എന്ന നഗരിയാകുന്നു. അവിടെയത്രെ മിക്കപ്പൊഴും രാജാവിരിക്കുന്നതു. മുമ്പിൽ, ഈ രാജിതം എസ്പാന്യാരാജിതത്തിൻെറകീഴ് ആയിരുന്നാറെ പൊത്തുഗെശന്മാരുടെ ഉപായംകൊണ്ടും മനൊധൈര്യംകൊണ്ടും സുധർമ്മ ഉണ്ടാകയും ചെയ്തു. ആയതിൻെറ പ്രകടനം ഒക്കെയും ഈ കാര്യത്തിലുള്ള പാവർക്ക കാനം എഴുതിയ പുസ്തകം വായിച്ചാൽ അറിയുകയുമാം. രാജിതം ഏകനായകമാകുന്നു. ആ രാജിതത്തിങ്കലുള്ള വെദം മലയാളത്തിൽ പഴെക്കൂറ്റുംപുറത്തുള്ള മാപ്പിളമാരുടെ വെദംതന്നെയാകുന്നു. അവിടെയുള്ള നാട്ടുകാരർ, അതായതു, പൊത്തുഗെശന്മാർ ആചാരമുള്ളവരും മഹിമയുള്ളവരും വളരെ ബുദ്ധിയുള്ളവരും തൻെറടവും ശക്തിയുമുള്ളവരുംശാസ്ത്രങ്ങളും അറിവുകളും അഭ്യസിപ്പാൻ വളരെ നിപുണതയുള്ളവരും ആയിരിക്കുന്നതു കൂടാതെ കച്ചവടങ്ങൾക്കും വ്യാപാരങ്ങൾക്കും വളരെ മനസ്സുമിടുക്കും ഉള്ളവരായിരിക്കകൊണ്ടു എറൊപ്പയിൽതന്നെയല്ല ഭൂമിയുടെ നാലുഭാഗങ്ങളിലും കച്ചവടകാര്യങ്ങൾ ചെയ്തു പവിക്കകൊണ്ടും ഈ ഉദ്യൊഗത്തൊടുകൂടെ ചെർന്നിരിക്കുന്ന പുണ്യവും ദുഷ്ടതയും എല്ലാം ഏറ്റം അവരിൽ വസിച്ചിരിക്കയും ചെയ്യുന്നു. ഈ രാജിതത്തിൻെറ പ്രധാനപ്പെട്ട നഗരിയായ ലിസ്ബൊയുടെ അതിരൊടുകൂടെ ചെർന്നിരിക്കുന്ന രാജ്യമൊക്കയുടെയും വീതിയും നീളവും സൂക്ഷിച്ചാൽ സൂര്യൻെറ പദവി ഒമ്പതു തുടങ്ങി പന്ത്രണ്ടാകുകയും ചെയ്യുന്നു. ഈ രാജിതത്തിൻെറ തുടക്കം വിചാരിച്ചാൽ ലൊകനാഥൻ ദൈവപുത്രൻ മാനുഷനായി അവതരിച്ചിട്ടു ൧൧൧൯ (1119)-ാം ആണ്ടിൽ ഒരിക്കെ എന്ന പെർപെട്ട വെളിമ്പറമ്പിൽ വച്ചു പൊർത്തുഗെശന്മാരും യൊനകന്മാരുമായിട്ടു യുദ്ധമുണ്ടായി പൊർത്തുഗെശന്മാർ ജയിച്ചപ്പൊൾ ദൊം ഹെൻറിക എന്ന കൊന്ദിയുടെ മകൻ അൽപൊൺസ ഹെൻറിക്ക എന്ന മഹിമപ്പെട്ട മാടംപിയെ രാജാവായി നിശ്ചയിച്ചു വാഴിക്കയും ചെയ്തു. അന്നുതുടങ്ങി ഇന്നയൊളം ഇതായതു ഇപ്പൊൾ നാടുവാണു ഭവിച്ചിരിക്കുന്ന രാജസ്ത്രീയുടെ കാലത്തൊളം സൂക്ഷിപ്പാൻ പൊത്തുഗാൽ രാജിതം ഒബലെനെ എസ്പാന്യാ രാജാവു ഒതുക്കിവാണു. എസ്പാന്യാ രാജാക്കളെക്കൂടെ കൂട്ടിയാൽ ൧൬ (16) അതു കൂട്ടാഞ്ഞാൽ ൧൩ (13) രാജാക്കൾ ഉണ്ടായിട്ടുണ്ടു്.

ഇപ്പൊൾ വാണിരിക്കുന്ന ദൊനാമയ്യാ എന്ന രാജസ്ത്രീ ൧൭൧൪ (1714)-ാം ആണ്ടിൽ ധനുവമാസം ൧൭ (17) -ാംനു- ലിസ്ബൊയിൽ പിറന്നു. ൧൭൭൭ (1777) -ാം ആണ്ടിൽ കുംഭമാസം ൧൪ (14)-ാംനു- രാജ്യം പരിപാലിപ്പാൻ തുടങ്ങിയതിൻെറ ശെഷം ആ ആണ്ടിൽതന്നെ മെടമാസം ൧൩ (13)-ാംനു- എല്ലാവരും പരഹസ്യമായിട്ടു വഴങ്ങി കൈക്കൊണ്ടു സമ്മതിക്കുകയും ചെയ്തു. ഈ രാജസ്ത്രീക്കു മൂന്നുമക്കൾ ഉണ്ടു; രണ്ടു ആൺമക്കളും ഒരു മകളും. ഇതിൽ മൂത്തമകനും എളെമകളും മരിച്ചുപൊകയും ചെയ്തു.

## അൽമാഞ്ഞാ

അൽമാഞ്ഞാരാജ്യം ജെർമ്മനി എന്നു ചൊല്ലും. എറൊപ്പായുടെ നടുവിൽ സ്ഥാപിക്കപ്പെട്ട വലിയ ഒരു രാജ്യമത്രെ ഇതാകുന്നു. ഈ രാജ്യത്തിൻെറ കിഴക്കെഭാഗം ഉൻഗരിയാ എന്ന രാജ്യത്തൊടും ബൊയെമിയാ എന്നരാജ്യത്തൊടും പൊലൊനിയാ എന്ന രാജ്യത്തൊടും ചെർന്നിരിക്കുന്നു. വടക്കെ ഭാഗം ബാൾത്തിക്ക എന്ന കടലിനൊടും ദത്തുവെ്യായൊടും ചെന്നിരിക്കുന്നു. പടിഞ്ഞാറെഭാഗം ലന്തെന്മാരുടെ പയെസ അബഗ്ഗൊ എന്ന



രാജ്യത്തൊടും ഫ്രാൺസ നാട്ടിനൊടും സ്വിസ്സരി എന്ന ജാതിക്കാററൊടും തെക്കെഭാഗം ഇത്താലിയാ രാജ്യത്തൊടും ചെന്നിരിക്കുന്നു. ഈ മഹാരാജ്യത്തിൻെറ നീളം ൨൩൦ (230) വീതി ൨൦൦ (200) കാതം. എന്നാൽ ഈ മഹാരാജ്യം മുമ്പിലത്തെ മസ്സിക്ലിയാനൊ എന്ന ഇമ്പ്രദൊർ രാജാവു ഒമ്പതു കൂരായിട്ടു പവുത്തിരിക്കുന്നു. അതായതു അസ്തറിയാ എന്നും മെല്പട്ടരെനൊ എന്നും കീഴ്പ്പെട്ടരെനൊ എന്നും ബവെ്യറാ എന്നും മെല്പസസ്സൊനിയാ എന്നും കീഴ്പ്പെട്ടസസ്സൊനിയാ എന്നും ഫ്രങ്കൊന്യാ എന്നും സെ്വസ്യാ എന്നും ഒവെസ്തുപടല്യാ എന്നും ഇങ്ങനെയത്രെ ഈ ഒമ്പതുകൂറിൻെറയും നാമധെയമാകുന്നു. ഈ മഹാരാജ്യത്തിൻെറ പരിപാലനയുടെ പ്രകാരം ഏകനായകവും ബഹുനായകവും കൂടീട്ടത്രെയാകുന്നു അതെന്തന്നാൽ കൽപനയൊക്കെയും നടത്തുന്നതു ഇമ്പ്രദൊരിൻെറ നാമത്തിലാകുന്നു. എന്നാൽ ഇമ്പ്രദൊരിൻെറ മുഷ്ക്കരത്വത്തെക്കാൾ വളരെ ചുരുങ്ങിയതാകുന്നു. ഉള്ളതിലും വലിയ യജമാനസ്ഥാനം സമൂഹത്തിനത്രെയാകുന്നു. എന്നാൽ ഈ സമൂഹം മൂന്നു കൂട്ടക്കാരർ കൂടീട്ടത്രെയാകുന്നു. അതായതു എലെക്തൊരരുടെ എന്നു പറയുന്ന പ്രധാനപ്പെട്ടവരും മാടമ്പികളും സുധർമ്മപ്പെട്ട നഗവി എന്നു ചൊല്ലുന്ന നാട്ടിലുള്ള പ്രധാനികളും ഇങ്ങനെ മൂന്നു കൂട്ടക്കാററും കൂടീട്ടത്രെ ഉള്ളതിലും വലിയ മുഷ്ക്കരത്വമാകുന്നു. ഈ മഹാരാജ്യത്തിൻെറ രാജധാനി വെ്യന്നാ ദെ ഓസ്ത്രിയാ എന്നു ചൊല്ലുമാറാകുന്നു. അൽമാഞ്ഞ ഭാഷ തെവുത്തൊനിക്കാ എന്നു ചൊല്ലുന്ന നാട്ടിലെ ഭാഷയുടെ പ്രകൃതി പൊലെയാകുന്നു. അവിടെ മെൽപറഞ്ഞ എത്രയും മുഖ്യപ്പെട്ട സമൂഹം സമ്മതിച്ചു കൽപിച്ചിരിക്കുന്ന വെദങ്ങൾ രണ്ടാകുന്നു: മലങ്കരെ മാപ്പിളമാർ കൈക്കൊണ്ടിരിക്കുന്ന വെദവും ഇൻഗ്ളെശന്മാരും ഒലന്തെന്മാരും കൈക്കൊണ്ടിരിക്കുന്ന വെദവും. എറൊപ്പയിൽ ഉള്ളതിൽ നല്ല പ്രദെശത്തു ഈ രാജ്യം ആയിരിക്കകൊണ്ടും കാലഗതി നല്ലവണ്ണം ഏകദെശം എല്ലാപ്പൊഴും ഉള്ള രാജ്യം ആകകൊണ്ടും ആ നാട്ടിൽ എല്ലാവടത്തും നല്ലവണ്ണം തന്നെ വെളവും വിരിവും ഉണ്ടാകുമാറാകുന്നു. എന്നു തന്നെയുമല്ല എല്ലാവക വെളവുകളും ഇതായതു ചെമ്പും ഇരിമ്പും ശെഷം രത്നാദികളും മാനുഷരുടെ യാവനസ്സു ദിഷ്ടതിയായ വസ്തുക്കളൊക്കെയും അവിടെ വളരെ വർദ്ധനമായിട്ടു ഉണ്ടാകുമാറാകുന്നു. വിശെഷിച്ചും അൽമാഞ്ഞ എരങ്കം ഈ ജാതി എല്ലാ അഭ്യാസങ്ങൾക്കും അറിവുകൾക്കും വളരെ പ്രാപ്തിയുള്ളതാകുന്നു. പടയിൽ വളരെ മിടുക്കും കാട്ടും കച്ചവടകാര്യങ്ങളിൽ നല്ല പരമാർത്ഥവുമുണ്ടു്. 'ഇതിൽ ജർമ്മാന്യാ വളരെ ആൾപെരുപ്പമുള്ള നാടാകുന്നു. അതിൻെറ നീളം സൂര്യൻെറ പതവി നീളത്തിൽ ൩൩ (33) ൽ തുടങ്ങി ൧൦൭ (107) നൊളം വീതിയിൽ ൧൬ (16) ൽ തുടങ്ങി ൫൫ (55) നൊളം ഈ നാടിൻെറ നീളം വീതി ആയിരിക്കുന്നു. ഈ മഹാരാജ്യത്തിൽ തലപ്പട്ട പുഴകൾ ദനുവെ്യാ എന്നതും റെനൊ എന്നതും മെനൊ എന്നതും വിസെരാ എന്നതും ആൾബി എന്നതും 'വാദ്രൊ എന്നതും ആകുന്നു. മൂന്നാമതു ഒത്തൊ എന്ന ഇമ്പ്രദൊരിൻെറ കാലത്തിൽ സ്ഥാപിക്കപ്പെട്ട ജർമ്മനിയാക്കു ഉള്ള മാടമ്പിമാരിൽ തെദെസ്കൊ എന്ന നാട്ടിൽ ഉള്ളവരല്ലാതെ മററാരും റൊമാടെ ഇമ്പ്രദൊരായിക്കൂടാ എന്നും എന്നതന്നെയുമല്ലാ ഇമ്പ്രദൊരിനെ തിരിഞ്ഞെടുത്തു കൽപിക്കെണ്ടുവതിനു എലെക്തൊരെകാർ എന്നു ചൊല്ലുന്ന ഏഴു പുരുഷരെയും കൽപിച്ചു. എന്നാൽ ഈ എലെക്തൊരെമാരിൽ മൂന്നുപെർ പട്ടമുള്ളവർ അതായതു മൊഗെൻസാ എന്ന നാട്ടിലെ മെത്രാപ്പൊലീത്തായും കൊലൊനിയാ എന്ന നാട്ടിലെ മെത്രാപ്പൊലീത്തായും ത്രെവീവി എന്ന നാട്ടിലെ മെത്രാപ്പൊലീത്തായും ആകുന്നു. ശെഷം നാലുപെർ പട്ടമില്ലാത്തവർ അതായതു ബൊയെമ്യാ എന്ന രാജ്യത്തിൻെറ രാജാവും പല്ലത്തിനൊ എന്ന മാടംപിയും സസ്സൊനിയാ രാജ്യത്തിൻെറ

www.malankaralibrary.com

ദൂക്കി ഇതായത കർത്താവും ബ്രാണ്ടെബുർഗൊ എന്ന രാജ്യത്തിൻെറ മർക്കെസും ഇങ്ങനെ നാലുപെർ പട്ടമില്ലാത്തവരുമാകുന്നു. എന്നാൽ പല്ലത്തിനൊ എന്ന മാടമ്പി ഷെദെവിക്ക എന്നയാറം ൧൬൬൯-ാം (1669) ആണ്ടിൽ രണ്ടാമത്തെ ഫെർദിനന്തൊ എന്ന ഇമ്പ്രദൊരിനൊട്ട മറുതലിക്കകൊണ്ട എലെക്തൊരെ എന്ന സ്ഥാനത്തിൽനിന്ന അയാളെ മാററി അയാറക്ക പകരം ബവ്യെരാ എന്ന രാജ്യത്തിൻെറ ദൂക്കിയെനെ ആക്കി വച്ചു. പിന്നെ ൧൬൬൮ (1668)-ാം ആണ്ടിൽ കാർല്ലൊലു ദൊവിക്കൊ എന്ന ഇമ്പ്രദൊർ മെൽപറഞ്ഞ പല്ലത്തിനൊ എന്ന എജമാനനെ എലെക്തൊരെന്മാരുടെ സ്ഥാനത്തിൽ കൂടെ വീണ്ടും ആക്കിവച്ചു എട്ടാമത ഒരിടം അയാറക്ക കൊടുക്കുകയും ചെയ്തു. എട്ടാം യുഗത്തിൽ കാർല്ലൊസു മാഗ്നൊ എന്ന ഇമ്പ്രദൊരായിട്ടത്രെ ഈ മഹാവാഴ്ച തുടങ്ങിയത.

ഇപ്പൊറം ഈ മഹാരാജ്യം വാണവരുന്ന മസ്സിമ്മിയാനൊ പ്രഞ്ചിസ്കൊ എന്ന ഇമ്പ്രദൊർ ൧൭൫൩ (1753)-ാം ആണ്ടിൽ ധനുവമാസം ൮ (8)-ാം നു പിറന്നു,

## പല്ലത്തിനാദൊ

പല്ലത്തിനൊ എന്ന ചൊല്ലുന്ന നാട അൽമാഞ്ഞരാജ്യത്തിൻെറ പ്രധാനപ്പെട്ട ഒരു പ്രദെശമാകുന്നു. അവ രണ്ട കൂരായിട്ട പവുക്കപ്പെടുന്നു. അതായത മെല്പട്ടപല്ലത്തിനൊ എന്നും കീഴ്പ്പെട്ടപല്ലത്തിനൊ എന്നും ഇങ്ങനെ രണ്ടായിട്ട പവുക്കപ്പെടുന്നു. ഈ പ്രദെശത്തിൽ തലപ്പട്ടനഗരി ആംബർഗാ എന്നു ചൊല്ലുമാറാകുന്നു. അവിടെ വാഴുന്നത എലെക്തൊരന്മാരിൽ കൂടിയിരിക്കുന്ന പല്ലത്തിനൊ എന്നു എജമാനനാകുന്നു.

## ബവ്യെരാ

ബവ്യെരാ എന്ന ഈ രാജ്യം ബാവരിയാ എന്നു പറയും. ഇതു അൽമഞ്ഞയിൽ പ്രധാനപ്പെട്ട ഒരു പ്രദെശമാകുന്നു. ഇതിൻെറ വടക്കഭാഗം ബൊയെമ്യാ എന്ന രാജ്യത്തൊടും മെല്പട്ട പല്ലത്തിനൊ എന്ന രാജ്യത്തൊടും ചെന്നിരിക്കുന്നു. കിഴക്കഭാഗം ഓസ്തരിയാ എന്ന രാജ്യത്തൊടും സക്സ്സബുർഗ്ഗാ എന്ന മെത്രാപ്പൊലീത്തായുടെ രാജ്യത്തൊടും പസ്സാവ്യ എന്ന മെത്രാൻെറ രാജ്യത്തൊടും എത്തിയിരിക്കുന്ന തെക്കെഭാഗം ബ്രിക്സെൻ എന്ന മെത്രാൻെറ രാജ്യത്തൊടും തിരൊലൊ എന്ന രാജ്യത്തൊടും ചെന്നിരിക്കുന്നു. പടിഞ്ഞാറെഭാഗം ഷീലെക്ക എന്ന രാജ്യത്തൊടും ചെന്നിരിക്കുന്നു. ഈ രാജ്യത്തിൻെറ നീളം വീതി കിഴക്ക പടിഞ്ഞാറ ൫൦ (50) കാതവും തെക്കവടക്ക ൨൫ (25) കാതവും ആകുന്നു. ഇതിൽ ഉറപ്പെട്ട പ്രധാനപ്പെട്ട പുഴകറം ദനുവ്യൊ എന്നും എനൊ എന്നും ഈസെപ എന്നും ലെക്കാ എന്നും ചൊല്ലുമാറാകുന്നു. ഈ രാജ്യത്തിൻെറ വായുസഞ്ചാരവും എടവിതാനവും നല്ല സ്വസ്ഥാനമുള്ളതും ആകുന്നു. എന്നുതന്നെയുമല്ല വീഞ്ഞും കൊതമ്പും നട്ടലതാദികളൊക്കെയും വെണ്ടുംവണ്ണം അവിടെ വർദ്ധിച്ചു ഉണ്ടാകുമാറാകുന്നു. എങ്കിലും കച്ചവടകാര്യം വളരെ അവിടെ ഇല്ലായ്കകൊണ്ട പാവപ്പെട്ട രാജ്യമാകുന്നു. ഈ രാജ്യം വാഴുന്ന എജമാനനു എലെത്തൊരിൻെറ സ്ഥാനവും കൂടെയുണ്ട്. ഇവിടെ ആവശിരിക്കാ സ്ഥലമാകുന്നു. പ്രധാനപ്പെട്ട നഗരി മൂണിക്ക എന്നു ചൊല്ലുന്നത. ഇവിടെ നടക്കുന്ന മാർഗ്ഗം മലയാളത്തിലുള്ള മാപ്പിളമാരുടെ മാർഗ്ഗംതന്നെയാകുന്നു.

ഇപ്പൊറം അവിടെ വാഴും കാർല്ലൊസ് തെഒദൊർ എന്നു ചൊല്ലുന്ന എജമാനൻ൧൭൬൪ (1764) -ാം കാലം ധനുമാസം ൧൧ (11)-നു പിറന്നു.





## കൊലൊന്യാ

കൊലൊന്യാ എന്ന രാജ്യം അലമാഞ്ഞയിൽ ഉറപ്പെട്ടതിൽ പ്രധാനപ്പെട്ട ഒരു രാജ്യം ആകുന്നു. ഈ രാജ്യം വാഴുന്നത മെല്പറഞ്ഞ എലെത്തൊരരിൽ ഉറപ്പെട്ട കൊലൊന്യായുടെ മെത്രാപ്പൊലീത്തായാകുന്നു. ഇതിൻെറ വടക്കെ അറുതി ക്ലെമ്മെസാ എന്നും ശെക്ദയ്യാ എന്നും ദൂർക്കിമാരുടെ രാജ്യത്തൊട ചെന്നിരിക്കുന്നു. കിഴക്കെ അറുതി ബെർഗാ എന്നുചൊല്ലുന്ന ദൂക്കിയുടെ രാജ്യത്തൊട ചെന്നിരിക്കുന്നു. തെക്കെ അറുതി ത്രെവവി എന്നു ചൊല്ലുന്ന മെത്രാപ്പൊലീത്താടെ രാജ്യത്തൊടും പടിഞ്ഞാറെ അറുതി ജൂലിയസ് എന്നു ചൊല്ലുന്ന ദൂക്കിയുടെ രാജ്യത്തൊടും ചെർന്നിരിക്കുന്നു. എന്നാൽ ഈ രാജ്യം വളരെ നല്ലതും പെരുത്ത ജനങ്ങറം ഉള്ളതുമാകുന്നു. കൊതമ്പും വീഞ്ഞും സുലഭം ആ നാട്ടിൽ ഉണ്ടാകയും ചെയ്യും. വിശെഷിച്ചും റെനൊ എന്നു ചൊല്ലുന്ന പുഴമധ്യെ ഈ രാജ്യം ആയിരിക്കകൊണ്ട കച്ചവടകാര്യങ്ങളും വളരെയുണ്ട. ഈ നാട്ടിൽ വാഴുന്ന മെത്രാപ്പൊലീത്തായും മഗെൻസാ എന്ന നാട്ടിലെ മെത്രാപ്പൊലീത്തായും കൂടെയത്രെ ഇമ്പ്രദൊരെ വാഴിക്കുന്നതും.

ഇപ്പൊറം ഈ രാജ്യം വാണിരിക്കുന്ന എല്പെത്താൻ മെത്രാപ്പൊലീത്താ ൧൭൮൦ (1780) -ാം ആണ്ടിൽ എടവമാസം ൧൯ (19)-നു പിറന്നു.

## ദിനമാക്ക

ദിനമാക്ക എന്ന രാജ്യം ദാനിയാ എന്നു ചൊല്ലുമാറാകുന്നു. എന്നാൽ ഈ രാജ്യത്തിൻെറ കിഴക്കെ അറുതി ബാറത്തിക്കൊ എന്ന കടലിനൊടും പടിഞ്ഞാറെ അറുതിയും വടക്കെ അറുതിയും ഓച്ചെയാൻ എന്ന കടലിനൊടും തെക്കെ അറുതി അലമാഞ്ഞ രാജ്യത്തൊടും ചെന്നിരിക്കുന്നു. എന്നാൽ ഈ രാജ്യം ഒട്ടുകവ ഭാഗത്തും ഒടങ്കാൽ ഭാഗത്തും ഇങ്ങനെ രണ്ടുകരയായിട്ടത്രെ ആകുന്നു. വടക്കെ പ്രദെശങ്ങളിലുള്ള മൂന്ന രാജിതങ്ങളെക്കായിലും പഴമയിലുള്ള രാജിതമാകുന്നു. ദിനമാക്ക എന്ന രാജാവു സ്വെസ്യാ എന്ന നാട്ടിലെ രാജാവിനെക്കായിലും മുമ്പെട്ടവനുമാകുന്നു. എന്നാൽ പഴമയിൽ ഇപ്പൊറം ഉള്ളപൊലെ ഇത്ര തികഞ്ഞ മുഷ്കരത്വം രാജാവിനു ഇല്ലാഞ്ഞു. അതു എന്തെന്നാൽ രാജമുഷ്കരത്വം വിചാരകാരരുടെ മനസ്സുപൊലെ അല്ലാതെ നടത്തിക്കൂടാതെയിരുന്നു. ദിനമാക്ക എന്ന ഈ രാജ്യം വളരെ ജനങ്ങറം ഉള്ളതും സംപത്തുള്ളതും വിളവും വിരിവും ഉണ്ടായിരിക്കുന്നതുമാകുന്നു. അവിടെ കുടിയിരിക്കുന്നവർ മിടുക്കും തിരവും ഉള്ള പടയാളികറം ആകുന്നു. രാജാവിനെ പണ്ട പഴമയിൽ തിരിഞ്ഞെടുത്ത ഉണ്ടാക്കുമാറായിരുന്നുവെങ്കിലും ഇപ്പൊറം അനന്തരവർതന്നെ വാണവരുന്നു. അവിടത്തെ വെദമര്യാദ മുമ്പിൽ കത്തൊലിക്കാ റൊമാനൊ ആയിരുന്നുവെങ്കിലും ഇപ്പൊറം ഇൻഗ്ലെശന്മാരുടെയാകുന്നു. തലപ്പെട്ട നഗരി കൊമ്പർണ്ണാഗെ എന്നു ചൊല്ലുമാറാകുന്നു. നൊർവ്വെജ്യാ എന്ന നാടും ഇർല്ലൊന്ദാ എന്ന നാടും ദിനമാക്ക രാജാവിൻെറ കൈവാഴ്ചസ്ഥകത്തായിരിക്കയും ചെയ്യുന്നു. നാല്പത്തൊന്നു രാജാക്കറം ഈ രാജ്യത്തു ഉണ്ടായി. ഇപ്പൊറം വാണിരിക്കുന്ന ഏഴാമത്തെ ക്രിസ്ത്യാനൊ എന്ന രാജാവു ൧൭൬൯ (1769) -ാമാണ്ടിൽ മകരമാസം ൧൯ (19) -നു പിറന്നു.

## പ്രാൺസാ

പ്രാൺസാ രാജ്യത്തിനു അടിസ്ഥാനം വീണത ൪൪൦ (440)-ാം ആണ്ടിൽ ആകുന്നു. ൬൫ (65) രാജാക്കറം അവിടെ ഉണ്ടായിട്ടുമുണ്ട്. ഇന്നത്തെയൊളം എറൊപ്പയിലുള്ള മഹാരാജ്യങ്ങളിൽ ഒന്നത്രെ ഇതാകുന്നു.

www.malankaralibrary.com

അതിൻെറ വടക്കെ അറുതി പയിസബാസ്സൊ എന്ന ലന്തെന്മാരുടെ രാജ്യത്തൊടും കിഴക്കെ അറുതി അക്പാസ്യാ എന്ന രാജ്യത്തൊടും സ്വിസ്സറിയൊടും സവൊയ്യാ എന്ന രാജ്യത്തൊടും തെക്കെഅറുതി മെദിത്തരാൻ എന്ന കടലിനൊടും പടിഞ്ഞാറെ അറുതി ഒച്ചെയാൻ എന്ന കടലിനൊടും ചെന്നിരിക്കുന്നു. അതിൻെറ നീളം കിഴക്കു പടിഞ്ഞാറു സൂക്ഷിച്ചാൽ ഏകദെശം ൨൪൦ (240) കാതവും വീതി ൨൧൫ (215) കാതവുമുണ്ടു. എറൊപ്പയിലുള്ള പ്രധാനപ്പെട്ട രാജിതങ്ങളിൽ ഒന്നത്രെ ഈ രാജിതമാകുന്നു എന്നുതന്നെയുമല്ല സാക്ഷാൽ പറങ്കിക്കു എറൊപ്പാ എന്നു പറയുന്നതു ഇതുതന്നെ ആകുന്നുവെന്നു പറയാം. ഇവിടത്തെ വായുസഞ്ചാരം എത്രയും ആരൊഗ്യവും സ്വസ്ഥതയും ഉള്ളതും പതപ്പെട്ടതുമാകുന്നു. ഈ രാജ്യത്തിൻെറ ഇരിപ്പും പ്രകൃതിയും സൂക്ഷിച്ചാൽ ഒച്ചെയാൻ എന്നും മെദിത്തറെൻ എന്നും ഉള്ള രണ്ടു സമുദ്രവുമല്ലാതെ വെറെ മററു പല പുഴകളും ഉണ്ടായിരിക്കകൊണ്ടു കച്ചവടകാര്യങ്ങൾക്കു വളരെ തക്കമുള്ള ഇടമായിരിക്കുന്നു. ഈ ദിക്കിൽ ചില ഭാഗങ്ങൾ മലെടക്കമുള്ള കുന്നുകളാകുന്നുവെങ്കിലും ശെഷമുള്ള എടങ്ങൾ നല്ല നിരപ്പുള്ളതാകുന്നു. എല്ലാവക നല്ല വിത്തുമണികളും നല്ല വീഞ്ഞുതരവും എത്രയും രുചിയുള്ള കാകനികളും വളരെ വളരെ അവിടെ ഉണ്ടായിരിക്കുന്നതുകൂടാതെ ആടുമാടുകളുടെ പലതരങ്ങളും കാട്ടുമൃഗങ്ങളും ഒട്ടും തന്നെ കുറവുകൂടാതെ ഉണ്ടു്. ഇരിമ്പും തുത്തനാകവും ചെമ്പും വെള്ളിയും വിളയുന്ന എടങ്ങളുമുണ്ടു്. ഈ നാട്ടിൻെറ സംപത്തു ഇവിടെ കുടിയിരിക്കുന്ന കുടികളുടെ പെരുപ്പംകൊണ്ടു കുടിയാനവന്മാരിൽനിന്നു ഉണ്ടാകുന്ന മുതൽ എടുപ്പത്രെയാകുന്നു. ഈ രാജ്യത്തെപൊലെ വിദ്യാഭ്യാസകളും വിശിത്രപണികളും എല്ലാവക ശാസ്ത്രങ്ങളുടെ അറിവും ആയതു പഠിക്കുന്ന ആളുകൾക്കുള്ള സൗകര്യവും പിന്നെ ഒരു രാജ്യത്തും ഇതിൻവണ്ണമില്ല. ആയതുകൊണ്ടു ആ രാജ്യം ഒക്കയിലുമായിട്ടു പലപല ശാസ്ത്രസ്ഥലങ്ങളും ൫൦ (50) മഹാസത്മങ്ങളും സ്ഥാപിച്ചിട്ടുമുണ്ടു്. അവിടത്തെ കച്ചവടങ്ങളിൽ തലപ്പെട്ടതു വീഞ്ഞും താകരവും മഞ്ഞളും ഉപ്പും കെശം ആടു പശു കാള മുതലായിട്ടുള്ള മൃഗജാതികളും പട്ടുതരങ്ങളും തൊപ്പിത്തരങ്ങളും ആടിൻെറ രൊമവും പട്ടുകൊണ്ടുള്ള ചീലത്തരങ്ങളും മററു പലപല വെള്ളികൊണ്ടും പൊന്നുകൊണ്ടും മെൽത്തരമായിട്ടു ഉണ്ടാക്കിയ ബഹുവിധമുള്ള ആഭരണങ്ങളുമാകുന്നു. കുതിരകൾ മാത്രം വളരെ ആ രാജ്യത്തുണ്ടാകയില്ലായ്മയായതുകൊണ്ടത്രെ പ്രാൺസാ നാട്ടിലെപൊലെ മാനുഷർ ഇസ്പാഞ്ഞ രാജ്യത്തും. ഇസ്പാഞ്ഞരാജ്യത്തിലെ കുതിരക്കൂട്ടംപൊലെ പ്രാൺസുരാജ്യത്തും ഉണ്ടായിരുന്നുവെങ്കിൽ രണ്ടു രാജ്യവും നല്ല ക്രമത്തിലായിരിക്കുമെന്നു പഴംചൊല്ലു വീണിരിക്കുന്നു. ഈ രാജ്യത്തെ വെദം മലയാളത്തിൽ പഴെക്കൂറും പുറത്തുള്ള മാപ്പിളമാരുടെ വെദമാകുന്നു. അവിടെ ൧൮ (18) മെത്രാപ്പൊലീത്താമാരും ൧൧ (11) മെത്രാന്മാരും ൧൩ (13) വിധിസ്ഥലങ്ങളും ൧൪ (14) മണ്ടപത്തുംവാതൽപൊലെയുള്ള പരുപാലനകളുമുണ്ടു്. ഇവിടെയുള്ള ജനങ്ങൾ നല്ല ആചാരവും ക്രമവും പതവും ഉള്ളവരും പുറത്തുനിന്നും ചെല്ലുന്ന വരത്തർക്കു പലപല സന്തൊഷങ്ങളും നെവംപെടങ്ങകളും വരുത്തി സന്തൊഷിപ്പിക്കുന്നവരുമാകുന്നു. അതിൻവണ്ണംതന്നെ രാജാവും നല്ല മര്യാദയും വെദകാര്യങ്ങളിൽ ഭക്തിമയും ഉണ്ടായിരിക്കകൊണ്ടു എറൊപ്പയിലുള്ള മററു രാജാക്കൾ ഒക്കയിൽ പ്രധാനപ്പെട്ട ആളാകുന്നു. പരുപാലം ഏകനായകം. ബഹുലക്ഷം ദ്രവ്യം ചിലവിട്ടു ഏറിയ പടസ്സന്നാഭങ്ങളും കൂട്ടിട്ടുണ്ടു്. ഈ രാജ്യത്തുള്ളതിൽ തലപ്പെട്ട നഗരികളാകുന്നതു: അക്പാസ്യടയും അൻഗൊമെസെസ്സും അൻഗ്യെയും അമ്മഗ്നാക്കും ബെയാമ്മെട്ടലൊരയിസും ബെയാച്ചയും ബെരിയും ബിഗൊരെയും ബൊർബൊനെസെയും ബൊർഗൊണ്ടായും പ്രാൺസാകൊന്തെയായും ബ്രെസ്സെയും ബ്രെ



ത്താണ്ടയും ബ്രിയെയും ബുജെയിയും കമ്പ്രെൻസിയും ദെക്പിനാത്തൊയും പിയന്ദ്രായും പൊരെസും ഗവാസ്ക്കൊഞ്ഞായും ശക്തിനെസെയും ഗെവയസായും പിഞ്ഞൊളയായും പ്രാൺസാക്രുരുത്തും ലിൻഗവദൊക്കായും ലിമൊസിനൊയും ലിയൊനെസെയും മനെസെയും മാർക്കായും മെത്ക്കു എന്നു ചൊല്ലുന്ന മൂന്നു ഇടവകകളും തൊവുലും വെർദൂനം നിവെർണ്ണസെയും നൊർമന്ദിയായും ഒർല്ലയാനെൻസായും പെർച്ചെസെയും പെവിഗൊദും പിക്കർഭ്യായും പ്രൊവെൻസായും കെവർച്ചിയും റൊവെർഗിനായും റൊസ്സിഗ്ളെയാനെയും ഷ്യംപാങ്ങായും സന്ദൊൻജെയും കരെനെൻസെയും വിവവെസെയും ഒടുക്കം ലൊരെനൊയും ആകുന്നു. എന്നാൽ ഈ രാജിതത്തിൻെറ അവശിരിക സ്ഥാനമാകുന്ന നഗരി പരീജി എന്നു ചൊല്ലുമാറാകുന്നു. എന്നു വരുമ്പൊൾ ഇതു മതിപൊരികയും മഹിമയും ഉണ്ടായി എറൊപ്പയിൽ ഉള്ള രാജിതങ്ങൾ ഒക്കെയിലും മുമ്പെട്ട രാജിതമായിരുന്നുവെങ്കിലും ൧൭൯൧ (1791)-ാം ആണ്ടിൽ അവിടെയുള്ള ജനങ്ങളും രാജാവും എടയിട്ടു ഏതാനും അയർച്ചയും പിണക്കവും ഉണ്ടാകകൊണ്ടു മഹാജനങ്ങൾ രാജാവിനൊടു മറുതലിച്ചു രാജാവിനെയും കൊന്നു രാജസ്ത്രീയെയും മക്കളെയും ഒക്കെയും അടിമയാക്കി ആ പെണക്കം ഇതുനെരവും തീരാതെകിടക്കുന്നു.

പതിനാറാമത്തു ലൂയിസു എന്ന ചൊല്ലപ്പെട്ട ഇപ്പൊൾ വാണിരുന്ന ഈ ഭാഗ്യക്കെടുകൾ ഒക്കെയും അനുഭവിച്ച രാജാവു ൧൭൫൪ (1754)-ാം ആണ്ടിൽ സിംഹമാസം ൨൦ (20)-ാം നു- ഭൂമിയുടെ വെളിവു കാൺമാൻ സംഗതിവന്നു.

## എസ്പാഞ്ഞാ

എറൊപ്പയിൽ പ്രധാനപ്പെട്ട രാജിതങ്ങളിൽ ഒരു രാജിതമായിരിക്കുന്ന എസ്പാന്യാ രാജ്യം ൪൨൦ (420) -ാം ആണ്ടിൽ അത്തവുക്പെട്ട എന്ന രാജാവായിട്ടു സ്ഥാപിച്ചു. അന്നുതൊട്ടു എണ്ണിയാൽ ൩൦ (30) രാജാക്കൾ അവിടെ ഉണ്ടായിട്ടുണ്ടു. എന്നാൽ ൧൪൭൪ (1474) -ാം ആണ്ടിൽ പല രാജിതകൾ ആയതിനു ചെന്നതിൻെറ ശെഷം എണ്ണിയാൽ മലങ്കര നസ്രാണികളുടെ വെദം കൈക്കൊണ്ടതിൽ ൧൧ (11) രാജാക്കൾ അവിടെ ഉണ്ടായിട്ടുമുണ്ടു. ഈ രാജിതത്തിൻെറ നീളം ൨൧൦ (210) കാതവും വീതിയും ഏകദെശം അത്രയും തന്നെയുണ്ടു. സാമ്യം പറയുന്നവർ പൊത്തുക്കാൽ രാജ്യം കൂടെ കൂട്ടി എസ്പാന്യ രാജ്യം ഒരു കാളത്തുകൽ വിടുത്തി വിരിച്ചവണ്ണമെന്നു പറയാറുണ്ടു. പതിന്നാലു പ്രദെശങ്ങളായിട്ടു ഇതായതു പതിന്നാലു രാജ്യങ്ങളായി പവുത്തിരിക്കുന്നു. തെക്കെഭാഗത്തു മെദിത്തറെൻ എന്ന കടലൊടു ചെന്നുള്ള നഗരികൾ ആകുന്നതു്: ഗ്രനാദായും മൂർച്യായും വലെൻസ്യായും വടക്കെഭാഗത്തു വിസ്കാല്യ എന്ന കടലിനൊടു ചെന്നിട്ടുള്ള നഗരികൾ: ഗലിസ്യായും അസുറിയായും വിസ്കാല്യായും ആകുന്നു. കിഴക്കെ ഭാഗത്തു പിരെറനയ എന്ന പ്രദെശത്തിൻെറ ചെരെയുള്ളതു: നവാരായും അരഗൊനായും കത്തലെരഞ്ഞായും ആകുന്നു. പടിഞ്ഞാറെഭാഗത്തു തുറമുഖത്തിൻെറ നെരെ ലെഓനും എസ്ത്രെമദുവായും അന്തലൂസ്യായും ആകുന്നു. പഴെ കസ്റ്റെല്ലായും പുത്തൻ കസ്റ്റെല്ലായും ഇങ്ങനെ രണ്ടു പ്രദെശങ്ങൾ രാജിതത്തിൻെറ നടുവിലും ആകുന്നു. ഈ രാജിതത്തിലുള്ള പ്രധാനപ്പെട്ട പുഴകൾ എബ്രൊയെന്നും താഗൊയെന്നും ഗവദക് കിവീവീര എന്നും ഗവദിയാനാ എന്നും ദൊവുരൊ എന്നും മീഞ്ഞൊയെന്നും ചൊല്ലുമാറാകുന്നു. എന്നാൽ അഞ്ചാമത്തു പെർദിനാന്ദൊ എന്ന രാജാവു ഗ്രനാദാ എന്ന നഗരിയിൽനിന്നു ജൊനകരെ വെട്ടി ജയിച്ചു നീക്കിയതിൻെറ ശെഷം രാജാവു

www.malankaralibrary.com

മലങ്കര നസ്രാണികളുടെ വെദം, ഇതായത്തു റൊമാ വിശ്വാസം കൈക്കൊ
ണ്ടു. അന്നുതൊട്ടു ഇങ്ങൊട്ടു വെദത്തിനു വിപരീതമായ അന്യവെദങ്ങൾ
ശൊധന ചെയ്തു നീക്കുവാൻ ഒരു ശൊധനസ്ഥലവും കല്പിച്ചുസ്ഥാപിച്ചു.

അഞ്ചുപട സമൂഹങ്ങൾ അവിടെയുണ്ട്. നല്ല തറവാട്ടിൽ പിറന്ന
വരെയും ഏറിയനാൾ രാജ്യത്തിനു ചിററാഴ്മ ചെയ്തു ശ്രയസ്സു കൈ
ക്കൊണ്ടവരെയും അല്ലാതെ ഈ സമൂഹങ്ങളിൽ കൂട്ടുകയില്ല. നാടു എത്ര
യും നല്ലതാകുന്നെങ്കിലും വെലപ്രയത്നം കുറവാകകൊണ്ടു നാട്ടിനു തക്കവണ്ണ
മുള്ള മുതലെടുപ്പില്ലാതാനും. ഒരു വിദ്വാൻ പറയുന്നതാകുന്നതു. ഒട്ടുക്ക വായു
സഞ്ചാരദൊഷംകൊണ്ടു അതെന്തന്നാൽ അവിടത്തെ വായു നല്ലതും ചീതള
മില്ലാത്തതാകുന്നുവെങ്കിലും വളരെ വളരെ ഉഷ്ണമുള്ളതാകുന്നു. ഒട്ടു മൊഹാ
ഗ്രങ്ങളുടെ തികവില്ലായ്കകൊണ്ടും ഒട്ടുപട്ടക്കാററും തുർക്കികളും ഏററമായി
പ്പെരുകകൊണ്ടും ഏറിയ കുടിയാന്മാരെ അമരിക്കായിക്കു അയച്ചുകളെക
കൊണ്ടും മെൽപറഞ്ഞ വെദശൊധനസ്ഥലം അന്യവെദകാവർ എന്നുംവച്ചു
സംപത്തുള്ള ഏറിയ കുടിയാനവന്മാരെ അവിടെനിന്നു പുറത്തുകളെകകൊ
ണ്ടും ഇതൊക്കയും കൊണ്ടത്രെ അവിടെ, ആളുകൾ ചുരുങ്ങിയിരിക്കുന്നു
വെന്നു ആ ലൊകശാസ്ത്രകാരൻ വിദ്വാൻ പറയുന്നു. ഇവിടത്തെ വാഴ്ച ഏക
നായകമാകുന്നു. പെൺമക്കൾക്കു കൂടെ അവകാശമുണ്ടു. ഇവിടത്തെ ജന
ങ്ങൾ രാജാവിൻെറ നെരെ വളരെ ഭക്തിമയും വിശ്വാസവും ഉള്ളവരും
നല്ലവരും ഭയമില്ലാത്തവരും ജന്മാന്തരവും ഉള്ളവരും ബുദ്ധിയുള്ളവരുമാകു
ന്നുവെങ്കിലും നിഗളവും അരിശവും വളരെ അവക്കു ഉണ്ടുതാനും. ഈ രാജ്യ
ത്തുള്ള കാകനികൾക്കും നട്ടലതാദികൾക്കും മററു എറൊപ്പരാജ്യത്തുള്ളതി
നെക്കായിലും വളരെ ശ്വാസും രുചിയും ഉണ്ട്. എന്നാൽ ഈ രാജ്യത്തി
ങ്കൽ അവശിരിക്ക സ്ഥാനമാകുന്ന തലപ്പട്ട നഗരി മദ്രവീദ എന്നു ചൊല്ലു
മാറാകുന്നു.

ഈ രാജ്യത്തു ഇപ്പൊൾ വാണിരിക്കുന്ന ദൊം കാർല്ലൊ അന്തൊണി
യൊ എന്ന രാജാവു ൧൭൮൦ (1780) -ാം ആണ്ടിൽ വൃശ്ചികമാസം ൧൨
(12) നു പിറന്നു.

## ഒലന്തു

ഒലന്തു എന്ന രാജ്യത്തു നടക്കുന്ന പരിപാലന യൊഗവാഴ്ചയാകുന്നു.
ഈ വാഴ്ച ൧൫൭൯ൻ (1579) -ാം ആണ്ടിൽ തുടങ്ങി. എസ്റ്റാദുലിവരെ എന്നു
ചൊല്ലുമാറാകുന്ന ഏഴുപ്രദെശങ്ങൾ ഒരുമിച്ചുകൂട്ടിയിരിക്കുന്നു. അതിൽ ഒവൊ
വൊ പ്രദെശത്തിനു ഒവൊവൊ തലവൻ ഉള്ളതുകൂടാതെ ഈ യൊഗവാഴ്ച
യുടെ തലപ്പട്ട നഗരിയാകുന്ന ഹായാ എന്നു ചൊല്ലുന്ന എടത്തിൽ വലിയ
കാര്യങ്ങൾക്കു എല്ലാ പ്രദെശകാരും കൂടെ കൂടി വിചാരിപ്പാൽ മെലാളുകാ
രയും ആക്കിട്ടുണ്ടു. അവർ എല്ലാവരുംകൂടി വാച്ചകാര്യത്തിനു കൂട്ടംപൊൾ
എസ്റ്റാദൊജറാൽ ഇതായത്തു എല്ലാവരുംകൂടെ കൂടിട്ടുള്ള പരിപാലം എന്നു
ചൊല്ലുമാറാകുന്നു.ഒവൊവൊ പ്രദെശത്തിൽ നിന്നു ആക്കിയിരിക്കുന്ന മെ
ലാളരും വിചാരകാററും അല്ലാതെയും മററും ചില പ്രധാനപ്പട്ടവരും ഈ
സമൂഹത്തിൽ കൂടുവാൻ വെണ്ടിയിരിക്കുന്നു. എന്നാൽ ഈ രാജ്യത്തു ഏറിയ
തൊടുകളും പവലികളും ചാലുകളും പുഴകളും ഉണ്ടായിരിക്കകൊണ്ടു വളരെ
കുളർമ്മയുള്ള നാടാകുന്നു. നട്ടലതാദികളും ചെറുവിത്തുവകകളും ഒന്നുംതന്നെ
ആ രാജ്യത്തു വെണ്ടുംവണ്ണം പററുന്ന രാജ്യം അല്ലായ്കകൊണ്ടു കൊതമ്പും
വീഞ്ഞും വിറകും അവിടെ ഉണ്ടാകുന്നതു വെണ്ടുംവണ്ണം സൂക്ഷിച്ചാൽ അവി
ടെ കൂടിയിരിക്കുന്ന ആളുകളുടെ ദിഷ്ടതിക്കുമാത്രം ഏകദെശം തികഞ്ഞു
പററും. എന്നാൽ ഇതിൻവണ്ണം ദിക്കു സാമാന്യമുള്ളതാകുന്നുവെങ്കിലും ഒരു



വസ്തുവിനും ഒരു കുറവു അവിടെയില്ല. അതെന്തന്നാൽ നാട്ടിൽ കുറച്ചിലുള്ള
തൊക്കെയും അവിടെയുള്ള കച്ചവടകാര്യത്തിൻെറ മികവുകൊണ്ടു പുറദെശ
ങ്ങളിൽ നിന്നു വന്നുകൂടും എന്നുതന്നെയല്ല ആളുകൾക്കു ഒട്ടുംതന്നെ കുറവില്ല.
ഇൻഗ്ളെശന്മാരുടെ നാട്ടിൽ ചെന്നു ഒലന്തുകാർ പിടിച്ചുകൊണ്ടുവരുന്ന മീൻ
കൊണ്ടും വളരെ കാര്യലാഭമുണ്ടു. ഈ നാട്ടുകാരുടെ തലപ്പട്ടവ്യാപാരം കച്ച
വടകാര്യമാകുന്നു. ആയതിൻെറ പെരുപ്പവും മികവുംകൊണ്ടു ചിലർ പറ
യുന്നു ഈ ചെറിയ നാട്ടിൽ ഉള്ളപൊലെ ഇത്രവളരെ കപ്പലുകൾ ഇഹലൊക
ത്തുങ്കൽ ഒരിടത്തും ഇല്ലായെന്നു. എന്നുതന്നെയുമല്ല വെണ്ടുവൊളം വിദ്വാഴ്മ
കളും ക്ഷമയും സംപത്തും ഈ ജാതിക്കു ഉണ്ടായിരിക്കകൊണ്ടു മററൊള്ള
ജാതികൾ ഒക്കെക്കായിലും കച്ചവടകാര്യത്തിൽ ഏററവും മികവായി നില്ക്കു
ന്നതു അപൂർവ്വമല്ല. എന്നാൽ ഇത്ര വളരെ കച്ചവടകാര്യങ്ങൾ അവിടെ
ഉണ്ടെങ്കിലും മററുള്ള ശാസ്ത്രങ്ങൾക്കു കുറവു ഒട്ടുമില്ല. ശെഷമുള്ള നാടുകളിൽ
ഉള്ളതിൽ ഒട്ടും കുറവുകൂടാതെ എല്ലാവക അറിവും ഈ നാട്ടിലുമുണ്ടു. ഈ നാ
ട്ടിലുള്ള തലപ്പട്ട വെദം റെഫൊമാദൊ എന്ന ഒലന്തന്മാർ പറയുന്നതാകുന്നു.
എന്നാലും മററുവെദങ്ങൾക്കു ഒരു തടവു അവിടെയില്ലാതാനും. അതെന്ത
ന്നാൽ വെദങ്ങൾക്കു തടവുചെയ്താൽ കച്ചവട കാര്യങ്ങൾക്കു മുടക്കംവരുമെ
ന്നു കാണുകകൊണ്ട് ആയതു ചെയ്യുന്നില്ലാ. എങ്കിലും മലങ്കരെ മാപ്പിളമാ
രുടെ വെദകാവക്കും അല്ലാതെയുമുള്ള കാവക്കും പരഹസ്യമായി പള്ളി വെ
പ്പാൻ അനുവദിക്കയുമില്ലാ. അവരവരുടെ വീടുകളിൽ വച്ചു അവരവരുടെ
മാൎഗ്ഗത്തിനു തക്ക ആശ്രുണകൾ ചെയ്യുന്നതിനു മുടക്കം വരുത്തികൂടാതാനും.
ഒലന്തന്മാർ ചില വലുപ്പം ചെയ്യുന്നതിനു വളരെ തിട്ടമുള്ളവരും കച്ചവട
കാര്യങ്ങൾക്കു വളരെ ശ്രമമുള്ളവരും അവരുടെ സ്വധർമ്മമെൽ, ഇതായത്തു,
അവരുടെ സമൂഹനിലമെൽ വളരെ വാശിയും എരിവും ഉള്ളവരാകുന്നു. അവ
രുടെ സ്ത്രീകളും വളരെ അടക്കമുള്ളവരും വീട്ടുകാര്യങ്ങളിൽ വളരെ ശ്രമമുള്ള
വരുമാകുന്നു.

ഇപ്പൊൾ ഈ സമൂഹത്തിൻെറ തലവനാകുന്ന അഞ്ചാമത്തു ഗ്വില്യാമെ
എന്ന അയാൾ ൧൭൪൮ (1748)-ാം ആണ്ടിൽ മീനമാസം ൮ (8)നു പിറന്നു.

## ഇൻഗലത്തെരാ

ഇൻഗലത്തെരാ എന്ന രാജ്യം എറൊപ്പയിൽ പ്രധാനപ്പെട്ട രാജ്യ
ങ്ങളിൽ ഒന്നാകുന്നു. അതിൻെറ നീളം ഏറിയാൽ ൧൦൦ (100) കാതവും അ
ത്രയും വീതിയും ഉണ്ടു. അതിൻെറ വടക്കെ അറുതി സ്കൊസ്യാ എന്ന രാ
ജ്യത്തൊടു ചെന്നിരിക്കുന്നു. സൊൽവായി എന്നും കുവ്വെദത്ത എന്നും ചൊ
ല്ലുന്ന രണ്ടു പുഴകൾ അത്രെ ആയതിൽനിന്നു വെർതിരിക്കുന്നു. പിന്നെയുള്ള
ഭാഗങ്ങൾ ഒക്കെയും കടലിൽ എത്തിയിരിക്കുന്നു. മഞ്ഞും മഴയും വളരെയുള്ള
ദിക്കാകുന്നു. മഴയുടെ നെരത്തിൻെറ അവസ്ഥയ്ക്കു വ്യവസ്ഥയുമില്ലാ. വായു
സഞ്ചാരം വളരെ കനപ്പട്ടതുമാകുന്നു. അവിടെ പ്രധാനമായിട്ടുള്ള വായു
പടിഞ്ഞാറനാകുന്നു. ഈ രാജ്യത്തു വീഞ്ഞു ഉണ്ടാകയില്ല. അവിടത്തെ
ബീരാ എറൊപ്പയിൽ എല്ലാ ദിക്കിലെതിനെക്കായിലും കൊള്ളാം. ആ
ലൊഹവകകൾ ഒക്കയും എടുക്കുന്ന സ്ഥലങ്ങളും വളരെയുണ്ടു. ആടുമാടുകളെ
മെയിക്കുന്ന നല്ല മെച്ചിൽസ്ഥലങ്ങളാണതു. ആടുമാടും രൊമംകൊണ്ടുള്ള
പലപല ചീലത്തരങ്ങളും ഉണ്ടു. അവിടത്തെ ആടുമാടുകളുടെ രൊമങ്ങളും
ഇതിൽ തരങ്ങളും വളരെ മെച്ചമുള്ളതാകുന്നു. അവിടെയുള്ള കുതിരകൾക്കു
നല്ല ജീവസ്സും മിടുക്കും പട്ടികൾക്കു വളരെ കഠിനവുമുണ്ടു. ചെന്നായും കാട്ടു
പൊർക്കും കരടിയും മററും വിഷമുള്ള മൃഗങ്ങളിൽ ഒന്നും അവിടെയില്ല.
വിറകു അവിടെ ചുരുക്കമാകുന്നു. അതിനുപകരം ആററരികിൽ ഉണ്ടാകുന്ന
ആലൊഹ സ്ഥലത്തിൻെറ കരിക്കട്ടകൊണ്ടു പെരുമാറാകുന്നു. ഈ രാജ്യ

www.malankaralibrary.com

ത്തിൻെറ തലപ്പെട്ട പുഴകളാകുന്നതു തമീജിയും ഫംബെരും ത്രെസ്ഥായും ഒവുസെയും മെദുവായിയും സബറീനായും ആകുന്നു. മലകൾ അവിടെ എത്രയും ചുരുക്കമാകുന്നു. അവിടത്തെ രാജ്യപരിപാലം ഏകനായകവും ബഹുനായകവും കൂടീട്ടുള്ളതാകുന്നു. രാജമുഷ്കരത്വത്തിനെ വിചാരകാറരുടെ കൂട്ടം വളരെ ചുരുക്കിവച്ചിരിക്കുന്നു. അവിടെയുള്ള വെദം ലന്തെന്മാരുടെ വെദത്തെക്കായിൽ കുറെ ഭെദമുണ്ടു. അതെന്തന്നാൽ ലന്തെന്മാൎക്കു പള്ളിക്കടുത്ത സ്ഥാനമാനങ്ങളില്ലാ; എന്നാൽ ഇൻഗ്ളെശന്മാൎക്കു ആയതുഉണ്ടുതാനും. ലന്താരാജ്യം ഒഴികെ ഈ രാജ്യത്തെപ്പൊലെ കച്ചവടകാര്യങ്ങൾ പിന്നെ ഒരു രാജ്യത്തുമില്ലാ. അതിൻവണ്ണംതന്നെ മിടുക്കം ഉണർച്ചയും ശാസ്ത്രങ്ങളും ശ്രമവും എല്ലാവക വിദ്യാഭ്യാസംകൊണ്ടു ഇൻഗ്ളെശന്മാരൊടു സമമാകുന്ന ജാതിയും ചുരുക്കമാകുന്നു. ഇൻഗ്ളെശനാട്ടിൽ നടക്കുന്ന പെച്ചഭാഷ സസ്സൊനാ വാക്കും നൊമാനൊ വാക്കും ലത്തീൻവാക്കും ചെക്ത്തിക്കൊ വാക്കും കൂടീട്ടുള്ളതാകുന്നു. എന്നാൽ ഈ രാജ്യം ൪൫ (45) പ്രദെശങ്ങളായി പവുത്തിരിക്കുന്നു. അതിൽ പലതും നീളവും വീതിയും കുറഞ്ഞതാകുന്നു. അവശിരികമാകുന്ന പ്രധാനപ്പെട്ട നഗരി ലൊൻദ്രാ എന്നു ചൊല്ലുമാറാകുന്നു.

ഇൻഗലത്തെരായിൽ ഇപ്പൊൾ വാഴുന്ന മൂന്നാമത്തെ ഗീവൎഗ്ഗീസു എന്ന രാജാവു ൧൭൨൮ (1728)-ാം ആണ്ടിൽ മിഥുനമാസം ൪ (4)-ാം നു- പിറന്നു.

## മാൽത്താ

മാൽത്താ എന്ന പെർപെട്ട നഗരി മാൽത്താ എന്ന തുരുത്തിൽ പണിചെയ്തിരിക്കുന്നു. എന്നാൽ ഈ തുരുത്തു സിച്ചിലിയാ എന്ന നഗരിയുടെ അടുക്കെയാകുന്നു. ഒർശ്ലെം എന്നു ചൊല്ലപ്പെട്ട മാർ യൊഹന്നാൻെറ പ്രധാനപ്പെട്ട കൂട്ടക്കാൎക്കു അഞ്ചാമത്തെ കാർല്ലൊസു എന്ന ഇമ്പ്രദൊർ ഈ തുരുത്തു കൊടുത്തു; ഇന്നയൊളം അവരുതന്നെ അവിടെ വാഴുന്നു. ഈ സംഗതി എത്രയും ഉറപ്പുള്ളതുമാകുന്നു. പലപല കൊട്ടകളും അവിടെയുണ്ടു്. ഈ കൊട്ടകളിൽ ഉറപ്പുള്ളതും തലപ്പെട്ടതുമായ എൽമൊ എന്ന നാമധെയമുള്ള കൊട്ടയാകുന്നു. അവിടെ ഒരു മെത്രാനും തലവൻപ്രധാനിയും ശെഷമുള്ള ദർശനപ്രമാണികളും വസിക്കുന്ന ഒരു വലിയ മടവും എത്രയും പ്രധാനപ്പെട്ട ഒരു പാണ്ടികശാലയും ഉണ്ടു. സിച്ചിലിയുടെ അടുക്കൽ കടൽപ്പുറത്തത്രെ ഈ നഗരി ഇരിക്കുന്നു. ൧൧൪൦ (1140)-ാം ആണ്ടിൽ ഈ പ്രധാന സമൂഹം ഉണ്ടായി തുടങ്ങി. ഇന്നയൊളം ൬൯ (69) തലവന്മാർ അവിടെ ഉണ്ടായി. തലപ്പെട്ടനഗരി പലെത്താ എന്നു ചൊല്ലുമാറാകുന്നു. ഇപ്പൊൾ വാഴുന്ന പ്രധാനതലവൻ യൊവാം മാനുവൽ രൊയിഹാർ എന്ന പ്രാൺസക്കാരൻ ൧൭൫൦ (1750)-ാം ആണ്ടിൽ വൃശ്ചികമാസം ൧൨ (12)-ാം നു- ദർശനമൂപ്പനായി തിരിഞ്ഞെടുക്കപ്പെട്ടു. അയാൾ പിറന്നതു ൧൭൨൫ (1725)-ാം ആണ്ടിൽ മെടമാസം ൧൯ (19) -ാം നു-.

## മൊദെനാ

മൊദെനാ എന്നരാജ്യം ഒരു ദുക്കിയുടെ കൈവാഴ്ചയാകുന്നു. ൧൪൫൨ (1452)-ാം ആണ്ടിൽ തുടങ്ങി ഈ കൈവാഴ്ചയുണ്ടായി. ആയതു ഇത്താല്യാ രാജ്യത്താകുന്നു. അവിടെ ദുക്കിയിരിക്കുന്ന പ്രധാനപ്പെട്ടതും മഹാപെരുമയുള്ളതുമായ ഒരു കൊവിലകവും പണിതിട്ടുണ്ടു. കൊൾവിയും മതിപൊരികയും ഉള്ള ആളുകൾ പലരും അവിടെ പിന്നെ ഉണ്ടായിട്ടുണ്ടു. പന്നാരൊയെന്നും സെച്ചിയായെന്നും ചൊല്ലുന്ന രാജ്യത്തിൻെറ എടയിൽ ഒരു തൊടിൻെറ ചെരെ നല്പതും മെച്ചമുള്ള വീഞ്ഞു ഉണ്ടാക്കുന്നതുമായ ഒരു പ്രദെശത്തു അത്രെ ഈ നഗരി പണിചെയ്തിരിക്കുന്നു. ബൊലൊഞ്ഞ എന്ന രാജ്യത്തുനിന്നു ഒമ്പതുകാതം വടക്കപടിഞ്ഞാറും പാർമാ എന്ന രാജ്യത്തുനിന്നു ൨൦ (20) കാതം തെക്കുകിഴക്കും മദൊവാ എന്ന രാജ്യത്തുനിന്നു ൪൦ (40) കാതം തെക്കും പെ്യാരെൻസാ എന്ന രാജ്യത്തുനിന്നു ൨൪ (24) കാതം വടക്കപടിഞ്ഞാറും മിലാൻ എന്ന വലിയ നഗരിയിൽനിന്നു ൧൮ (18) കാതം തെക്കുകിഴക്കും റൊമായിൽനിന്നു ൭൬ (76) കാതം വടക്കപടിഞ്ഞാറും അത്രെ ഈ നഗരിയാകുന്നു.



ഇപ്പൊൾ അവിടെ വാഴുന്ന മൂന്നാമത്തെ ഹെർക്കുളെസു എന്ന ദുക്കി ൧൭൨൭ (1727)-ാം ആണ്ടിൽ വൃശ്ചികമാസം ൨൨ (22)-ാം നു- പിറന്നു.

## നാപ്പൊലി

നാപ്പൊലി എന്നതു ഏറിയ കച്ചവടവും ജനങ്ങളും ഉള്ള പഴമയിലുള്ള വലിയ നഗരിയാകുന്നു. ഈ ലൊകത്തിങ്കൽ എത്രയും വലിയ കൗതുകവും ചിതവും ഉള്ള നഗരികളിലൊന്നത്രെയാകുന്നു. ആ രാജിതത്തിങ്കൽ അവശിരിക്കസ്ഥാനവും ഇതുതന്നെയാകുന്നു. അവിടെ ഒരു മെത്രാപ്പൊലീത്തായും ഒരു പഠിപ്പുസമൂഹവും നാലു കൊട്ടകളും ഒരു സന്തൊഷത്തിൻെറ ചതുമുറവും വളരെ വമ്പൊടുകൂടെ പണിചെയ്തിരിക്കുന്ന പല പല മടങ്ങളും മതിപൊരികയൊടു തീൎത്തിരിക്കുന്ന പലപല പള്ളികളും ഇർഷികളുടെ സത്മങ്ങളും അവിടെയുണ്ടു. കടലിൻെറ ചെറിയ ഒരു വളവിൻെറ ചെരെ സന്തൊഷമുള്ള എടത്തത്രെ ഈ നഗരിയാകുന്നു. രാജാവിൻെറ കൊവിലകം വളരെ പെരിമയൊടുകൂടെ തീർത്തിരിക്കുന്നു. ആയതിൻെറ നിലം വളരെ വെടിപ്പൊടും പെരുമയൊടുംകൂടെ ഒപ്പിച്ചിരിക്കുന്നു. അവിടെ മെത്രാപ്പൊലീത്താ ഇരിക്കുന്ന പള്ളിയിൽ മാർജെനാരൊ എന്ന പുണ്യവാളൻെറ ശരീരം വച്ചുസൂക്ഷിച്ചിരിക്കുന്ന പെടകം ഇരിക്കകൊണ്ടു വാച്ച അമളിയും ഉണ്ടായി. മെത്രാൻ എത്തി അപെക്ഷിക്കുമ്പൊളൊക്കയും ആ പുണ്യവാൻെറ രക്തം തികന്നു വരികയും ചെയ്യും. അതിൻവണ്ണംതന്നെ സന്തമരിയാ റൊമിത്താ എന്ന പുണ്യവാളത്തിയുടെ പള്ളിയിൽ മാർ യൊഹന്നാൻ മാംദാനയുടെ ചൊര സൂക്ഷിച്ചിരിക്കകൊണ്ടു അദ്ദെഹത്തിൻെറ തല ഖണ്ഡിച്ച ദിവസം ആ പള്ളിയിൽ പട്ടക്കാരൻ പൂജചെയ്യുമ്പൊൾ ആ രക്തം തികന്നു എല്ലാവൎക്കും കാൺമാറായി വരികയും ചെയ്യും. നാപ്പൊലിയിൽ എല്ലാവക കച്ചത്തരങ്ങളുടെ പണിയും ഉണ്ടു. ഒരായിരം വീടു് ആ നഗരിയിൽതന്നെ ഉണ്ടെന്നു പറയും. എന്നാൽ ഇപ്പൊൾ അയ്യായിരം കുടിയാന്മാരെക്കായിൽ, കുറവില്ലാതാനും. അവിടെയുള്ള പണികൾ സൂക്ഷിച്ചാൽ ആ എടത്തിൻെറ വിസ്താരത്തിനു തക്കവണ്ണമല്ല ആയതിൻെറ ചെർച്ചയും ചിതവും പറഞ്ഞൊപ്പിപ്പാനും വഹിയാ. ഇപ്പൊൾ വാഴുന്ന രാജാവു മുമ്പിൽ ഉള്ള പണികൾ കെടുവന്നു പൊയതുകളെയും നന്നാക്കി കുറവു തീൎത്തു വരികകൊണ്ടു കണ്ടാൽ വലിയ മനോഹരംതന്നെയാകുന്നു. ഇതുകൂടാതെ ആ നഗരി വച്ചിരിക്കുന്ന സ്ഥലവും അവിടത്തെ വായുസഞ്ചാരവും മററും സ്വഭാവത്താൽ അവിടെ ഉണ്ടായിരിക്കുന്ന പ്രകൃതികളും ആശ്ചര്യം തന്നെയാകുന്നു. ഇപ്പൊൾ നാടുവാഴുന്ന മഹാ മതിപൊരികയുള്ള രാജാവു അവിടെയുള്ള കുടിയാനവന്മാൎക്കു ഏററം സന്തൊഷവും ഉപകാരവും വരുത്തുവാനായിട്ടു ൧൭൪൨ (1742)-ാം ആണ്ടിൽ നഗരിയിൽനിന്നും കടൽവാകരയൊടു ചെന്നു ഒരു വഴിയുണ്ടാക്കി. ആ പെരുവഴി പുത്തൻകൊട്ടയിൽ

www.malankaralibrary.com

നിന്നു കടൽവാകരെ എത്തിയിരിക്കുന്നു. തെരുകൾ ഓടുവാനും ആളുകളുടെ സന്തൊഷത്തിനുമായിട്ടു ഉണ്ടായിരിക്കകൊണ്ടു കാററുകൊള്ളുവാനും സന്തൊഷത്തിനുമായിട്ടു എല്ലാവരും മിക്കപ്പൊഴും അവിടെ ചെല്ലുമാറാകുന്നു. എന്നാൽ ഈ പെരുവഴി കടലിന്റെ നടുവിലൊളം എത്തിയിരിക്കകൊണ്ടു മട്ടില്ലാ ദ്രവ്യം ചെലവഴിച്ചു അവിടെ ഒരു പാലവും കപ്പൽകൾ വന്നാൽ ഒട്ടും ഒരു അപജയം വരാതെ നില്പാൻ ഒരു തുറമുഖവും ഉണ്ടാക്കിട്ടുമുണ്ടു്.

ooo



# കരിയാററിൽ ജോസഫ് മെത്രാപ്പോലീത്ത

1742–1786

| | | |
|---|---|---|
| ജനനം | : | 1742 മെയ് 6–ന് ആലങ്ങാട്ട് |
| മാതാപിതാക്കൾ | : | പൈലി, മറിയം |
| 1755 | : | പഠനാർത്ഥം റോമിലേക്ക് |
| 1755–1766 | : | റോമിൽ പ്രൊപ്പഗാന്ദ കോളജിൽ സെമിനാരി പരിശീലനം. തുടർന്ന് തത്ത്വശാസ്ത്രം, ദൈവശാസ്ത്രം, സഭാനിയമം എന്നീ വിഷയങ്ങളിൽ ഡോക്ടറേറ്റു ബിരുദം |
| 1766 ഫെ. 25 | : | പൗരോഹിത്യസ്വീകരണം |
| 1768 | : | 'വേദതർക്കം' എഴുതി |
| 1777 | : | റോമായാത്രയ്ക്കു് ഒരുക്കം |
| 1778 ഒക്ടോ. 14 | : | മദ്രാസിൽനിന്നും ലിസ്ബണിലേക്ക് |
| 1779 ആഗ. | : | ലിസ്ബണിൽ |
| 1780 ജനു. | : | റോമിൽ |
| 1780 ജൂൺ 20 | : | റോമിൽനിന്ന് തിരികെ ലിസ്ബണിലേക്ക് |
| 1782 ജൂലൈ 16 | : | കൊടുങ്ങല്ലൂർ അതിരൂപതയുടെ നിയുക്ത മെത്രാപ്പോലീത്ത |
| 1783 ഫെ. 17 | : | ലിസ്ബണിലെ സംബന്ധ ആശ്രമത്തിൽവച്ച് മെത്രാഭിഷേകം |
| 1785 ഏപ്രിൽ 20 | : | ഭാരതത്തിലേക്കു മടക്കയാത്ര |
| 1786 മെയ് 1 | : | ഗോവയിലെത്തുന്നു |
| 1786 സെപ്റ്റം. 9 | : | മരണം |

ഗോവയിലെ സെന്റ് കാതറീൻസ് കത്തീഡ്രൽ ദേവാലയത്തിൽ അടക്കം ചെയ്തിരിക്കുന്നു.

www.malankaralibrary.com

## പാറേമ്മാക്കൽ തോമ്മാഗോവർണദോർ

1736–1799

| | | |
|---|---|---|
| ജനനം | : | 1736 സെപ്. 10, കടനാട്ടിൽ |
| മാതാപിതാക്കൾ | : | കുരുവിള, അന്ന |
| 1749–1755 | : | സുറിയാനി, സംസ്കൃതപഠനം |
| 1761 | : | പൗരോഹിത്യ സ്വീകരണം |
| 1778–1786 | : | കരിയാറ്റിൽ മൽപ്പാനോടൊത്ത് ലിസ്ബൺ–റോമ്മായാത്ര |
| 1786 ഡി. | : | കരിയാറ്റിൽ മെത്രാപ്പോലീത്തയുടെ മരണശേഷം ഗോവർണദോരായി തിരിച്ചെത്തി ഭരണം ആരംഭിച്ചു. |
| 1787 ഫെ. 1,2 | : | അങ്കമാലിയോഗവും, പടിയോലകളും |
| 1790 | : | ടിപ്പുസുൽത്താൻെറ ആക്രമണംമൂലം വടയാറുപള്ളിയിലേക്ക് ആസ്ഥാനം മാററി. |
| 1798 | : | രോഗബാധിതനായി സ്വദേശത്ത് (കടനാട്ടിൽ) |
| 1799 മാർച്ച് 20 | : | മരണം |

രാമപുരത്തെ പഴയപള്ളിയുടെ മദ്ബഹായിൽ ഭൗതികാവശിഷ്ടം അടക്കംചെയ്തിരിക്കുന്നു.

## ഗോവർണദോരുടെ അച്ചടിക്കാത്ത കൃതികൾ

(ജനതാപതിപ്പ്, പേജ് viii)

1. ക്രിസ്ത്വാനുകരണം–തർജ്ജമ
2. ലത്തീൻ–തമിഴ്–മലയാള–സംസ്കൃതസമശബ്ദനിഘണ്ടു (Synonymous Dictionary)
3. പുതിയ നിയമം–തർജ്ജമ
4. പഴയനിയമം–(ഭാഗിക തർജ്ജമ)
5. മനുഷ്യാത്മാവ്
6. സ്വർഗ്ഗം അഥവാ പാരത്രികസുഖം
7. മനുഷ്യജീവിതം പുൽക്കൊടിക്കു തുല്യം
8. കൊടുങ്ങല്ലൂരും തോമ്മാശ്ലീഹായും
9. ഭാരതമക്കൾ
10. ഇൻഡ്യ ഇൻഡ്യക്കാരുടേത്
11. മലയാറ്റൂർ മലമുകളിലെ പൊന്നുംകുരിശ്
12. മലയാറ്റൂർ മലമുകളിലെ കാൽപ്പാദം
13. മലയാറ്റൂർ മലമുകളിലെ അത്ഭുത നീരുറവ
14. പെരിയമലയിലെ തോമ്മാശ്ലീഹായുടെ അത്ഭുതങ്ങൾ
15. ചിന്നമലയിലെ തോമ്മാശ്ലീഹായുടെ അത്ഭുതങ്ങൾ
16. തോമ്മാശ്ലീഹായുടെ മരണവും കബറടക്കവും

ഈ രേഖകൾ സൂക്ഷിക്കുന്നത്:

1. പരേതനായ ഡോ. പി. ജെ. തോമസിൻെറ വീട്ടിൽ
2. ഗോവർണദോരുടെ മരുമക്കളായ ഇലഞ്ഞി-മുത്തോലപുരം കിഴക്കയിൽ വീട്ടിൽ.

## അപരിചിതപദങ്ങൾക്കു

# ടിപ്പണി

അടാത്ത: വിരുദ്ധമായ
അത്തൽ: ക്ഷീണം
അങ്കചുങ്കം: കപ്പം
അണിയാത്ര: അനുയാത്ര
അപൂർവംതോന്നുന്ന: അസാധാരണമായി തോന്നുന്ന
അപ്പസ്തോസ്: എഫേസൂസ്
അയർത്തു: തെററിദ്ധരിച്ചു
അയർപ്പു: തെററിധാരണ
അയററപ്പുഴയായ: ദരിദ്രരായ
അയിററപ്പുഴ: ദയ
അയ്യന്മാർ: മുൻഗാമികൾ
അരണിക്കപ്പെട്ട: കഷ്ടപ്പെട്ട
അററുകെട്ട: ധൈര്യപ്പെട്ട
അറളക്ക: വി. കുർബാന പര്യമായി എഴുന്നള്ളിച്ചുവയ്ക്കാൻ ഉപയോഗിക്കുന്ന പൊന്നു പൂശിയ അഥവാ സ്വർണഖചിതമായ പേടകം. മധ്യത്തിൽ സ്ഫടികച്ചെപ്പിൽ വി. കുർബാന സ്ഥാപിക്കുന്നു. ചുററും കതിരുകളുണ്ട്.
അർക്കദിയാക്കോൻ: Archdeacon ഭാരതസുറിയാനിക്കാരുടെ തലവനായിട്ടു മെത്രാന്മാരുടെ കീഴിൽ പ്രവർത്തിച്ചിരുന്ന ഒരു വൈദികാധികാരി.
അയമോസ്യം: അടുപ്പം
അല്ലെമാഞ്ഞ: ജെർമ്മനി
അവപ്പൻ: പിതാമഹൻ
അവശിരിക്കസ്ഥാനം: തലസ്ഥാനം
അവുദീത്തോർ: ഓഡിററർ
അശക്യപ്പെട്ട: ആശ്വസിച്ചു, ആശ്ചര്യപ്പെട്ടു.
അഹസ: ആഹാരം
അഴിവട്ടം: വൃത്താകൃതി
അശ്രുണ: മതിപ്പ്
അഞ്ഞൂസ്ദേയി(Agnus Dei) മാർപ്പാപ്പമാർ ആശിർവദിച്ചുനല്കുന്ന ഒരു തിരുവസ്തു. പ്രധാനഭാഗം മെഴുകാണ്.
അസ്യകെട്ട്: ഏഷ്യാഭൂഖണ്ഡം
ഇടത്തൂട (Heresy): വിശ്വാസസത്യങ്ങളുടെ നിഷേധം. പാഷണ്ഡത എന്നും പ്രയോഗിക്കാറുണ്ട്.
ഇടവിദാനം: മണ്ണ്
ഇട്ടപൊട്ടക്കനെ: പെട്ടെന്ന്
ഇ (എ) ടമനിഷ്പം: തൽക്കാലസ്ഥാനപതി
ഇണങ്ങർ: സ്നേഹിതർ
ഇത്രപ്പുഴം: ഇത്രയുംകാലം
ഈഴപിരമ്പ്: പുതപ്പ്
ഇംഗ്ലണ്ടിൻതേര: ഇംഗ്ലീഷുഭൂമി
ഉരുവ: കപ്പൽ
ഉറഹായ: എഫേസ്യ
ഊട്ടപാട്ട; സ്വാധീനശക്തി
ഊഴിയംമാറുക: ജോലിമാറുക
എടഭാഗം: സ്ഥലം
എടവക: വികാരിയാത്ത്, രൂപത, അതിരൂപത, ഇടവക
എരങ്കം: ഒരുതരം അഭ്യാസം (അരങ്ങ്)
എരികച്ചവടം: ചന്ത
എട്ട് ഏറിയ ഒമ്പതുമണി: എട്ടിനും ഒമ്പതിനും മധ്യേ.
ഏണങ്ങൾ: ബന്ധുജനങ്ങൾ
ഏവൻഗെലിയോൻ: സുവിശേഷം
ഏരി: സ്ഥലം
ഒരുഷം: ഒരിക്കൽ
ഒഴക്കനോയ: ഉറപ്പില്ലാത്ത
ഒലി ഉറവ (Fountain): പൂപോലെ വെള്ളം വീഴുന്ന കലാസംവിധാനം
ഒസ്പ്റെറിയ: ഹോട്ടൽ
ഓത്തിൻെറ അത്ഥം: ദൈവശാസ്ത്രം
ഒട്ടുകവഭാഗം: ഉൾഭാഗം
ഒടങ്കൽഭാഗം: പുറംഭാഗം
ഋതസുരെ: സത്യവാൻ
കടൽമെട: കൊടുങ്കാററ്
കടൽവാകര: കടൽത്തീരം
കടുമപ്പെട്ടവൻ: കഠിനഹൃദയൻ
കട്ടിയാണി: കടിഞ്ഞാൺ
കട്ടിപ്പായിട്ടല്ല: തട്ടിപ്പായിട്ടല്ല
കത്തനങ്ങൾ: കത്തനാരന്മാർ

www.malankaralibrary.com

കമ്പീദൊല്യൊ: Capital
കനാരീനകൾ: Canarians
കന്തീശങ്ങൾ: പുണ്യവാന്മാർ
കർത്തവ്യൻ: പ്രീഫെക്റ്റ്
കർസാദ: ഒരു നാണയം (Cursado)
കല്പിടാവ്: ഗുഹ
കഴലപ്പാട്: തിരഞ്ഞെടുപ്പ്
കഴിവുപറയുക: ക്ഷമാപണം ചെയ്യുക
കാൽവിസ്താന്തി: ഉയർന്ന ഒരു സ്റ്റാൻറ്
കാണമിട്ട്: ഈടായി നിശ്ചയിച്ച
കാപ്പ (Cope): വൈദികൻ തിരുക്കർമ്മങ്ങൾക്ക് ഉപയോഗിക്കുന്ന ഔദ്യോഗികസ്ഥാനവസ്ത്രം
കപ്പായക്കാരൻ: കോട്ടും കളസവും ധരിക്കുന്നവൻ; അതായതു യൂറോപ്യരും യൂറേഷ്യരും
കഞ്ഞൂട്ടക്കാരൻ: കാവൽക്കാരൻ
കുറ്റ്ലക: കുറ്റംചുമത്തുക
കൂറ്: വൻകര
കുറച്ചൽ: കുറ്റം, നിന്ദ
കുറവുത്തു: നിശ്ചയം
കുറവുത്തു കല്പിച്ച്: നിശ്ചയിച്ച
കൊട്ടപ്പെട്ട: പ്രസാദമില്ലാത്ത
കൊരിക: അധികാരം
കൊയിലകം: അരമന
കൊസസൽ: കോൺസൽ
കോൺഗ്രെഗാസിയോ ദെ പ്രൊപ്പഗാന്ദാ ഫീദേ: വേദപ്രചാര തിരുസംഘം
കൗദക്കം: ശവസംസ്കാരം
കൗസുകമായ: കൗതുകമായ
കൃന്താപെരുന്നാൾ: ഉയിർപ്പുതിരുന്നാൾ
കാറെന്തെനാ: (quarantine)—വിദേശങ്ങളിൽനിന്ന് തുറമുഖങ്ങളിലെത്തുന്നവരിൽനിന്ന് പകച്ചവ്യാധികൾ പരക്കാതിരിക്കാൻ യാത്രക്കാരെ തടഞ്ഞുനിർത്തുന്ന സ്ഥലം
ഗൊവർണർദൊർ: ഗുബർണർദോർ എന്നു പോർത്തുഗീസിൽ. ഗവർണർ എന്നർത്ഥം
ഗൊൾഫ്പെദെ ലെയോൻ: Gulf of Lion. ലെയൊൻ ഉൾക്കടൽ
ഗ്രമാത്തിക്കാ: വ്യാകരണം

ചമയപ്പര: സങ്കീർത്തി
ചല്ലം: സിലോൺ
ചവളം: കന്തം
ചീനി: നങ്കൂരം
ചെമ്മോർത്ത: മംഗളാശംസ
ജീവസു: വേഗം
ജാതിയ യജമാനൻ: രാഷ്ട്രീയോദ്യോഗസ്ഥൻ
ഝടതി: താമസം
ഞാൻപിഴയാളി: ഞാൻ പാപിയാണെന്നു ദൈവത്തോട് ഏറ്റുപറയുന്ന പ്രാർത്ഥന
തന്യൻപുത്രൻ: സ്വന്തം പുത്രൻ
തരകൻ: ഒരു സ്ഥാനപ്പേര്, നികുതി പിരിക്കുന്നവൻ
താകര: ചാരായം
താകരം: ഉണങ്ങിയ മത്സ്യം
താപ്പായിട്ട്: കുറവായിട്ട്
താഴ്നീതി: താണകര
തിരുപ്പട്ടം: Holy Orders: ഒരു വ്യക്തിയെ പുരോഹിതനായി ഉയർത്തുന്ന തിരുക്കർമ്മം
തീർമ്മയററ്: ഖണ്ഡിതമായി
തുസ്ക്കാനാ: Toscana
തൊപ്പായി: തൊപ്പി ധരിക്കുന്നവൻ, യൂറേഷ്യൻ
തെ: ചായ
തെത്തമരം: അത്തി
തെന്യൻനാമ്മോസാ: ആവർത്തനം എന്ന പഴയനിയമഗ്രന്ഥം
തൃപ്പാപ്പൂർ: തിരുവിതാംകൂർ
ത്രൊണോസു: ബലിപീഠം
ദർശനവീട്: സന്യാസഭവനം
ദിഷ്ടതി: ആവശ്യം
ദൂക്കി: പ്രഭു (Duke)
ദെത്തകടദാശ്ശ: ഒരുതരം കടലാസ്
നടുവൻ: മധ്യസ്ഥൻ
നിദാനം: നിശ്ചയം
നിതാനം വരുത്തുന്ന: തീർച്ചയാക്കുന്ന
നിച്ചൽ: ഒരു നാണയം
നിരന്നതമതി: സമാധാനം
നിരാസം: നീരസം
നിവ്യസുഖം: പ്രവചനം
നെഞ്ഞൽപെട്ട: മനോവേദനപ്പെട്ട കാരണമായ
നെരുപൊളി: നേരും പൊളിയും
നൈ: നെയ്യ്



നൊനിഭമായി: വിശദമായി
പക്ഷപ്രതി: താത്പര്യം
പടത്തായം: സമരമുറ
പടവികളം: യുദ്ധക്കളം
പട്ടാങ്ങ: സത്യമായ
പാഠിത്വസത്മം: കോളജ്
പതഭാഗം: ഇരുത്തം
പതവി: അക്ഷരേഖ (Longitude)
പമ്മാട്ടം: കള്ളത്തരം
പരാധീനം: വിമുഖം, പ്രയാസം
പരുപാലം: ഭരണം
പററിച്ചത്: എത്തിച്ചത്, പററിൽ കൊട്ടത്തത്
പല്യസമായ: ഫലിതപൂർണമായ
പവുതി: പിളർപ്പ്
പവുത്തു: ഭാഗിച്ച
പഴയക്കൂറുകാർ: മാർപ്പാപ്പയുടെ അധികാരത്തിനു കീഴിനിന്നവർ
പാത്രഭാഗം: ബലഹീനത
പാരപ്പായി: വിശാലമായി
പാലിയം: (Pallium) അതിരൂപതാഭരണമുള്ള മെത്രാപ്പൊലീത്താമാർക്കു പരിശുദ്ധ പിതാവു നല്കുന്ന ഒരു സ്ഥാനവസ്ത്രം.
പാഴവരുത്തിയ: ക്രമീകരിച്ച
പിടിപാട്ടസാധനം: നിയമനപത്രം
പിടിയാത്ത: കൊള്ളരുതാത്ത
പീലസൂവ: തത്വശാസ്ത്രം
പുതിയക്കൂറുകാർ: കൂനൻകുരിശുസത്യം ചെയ്തവരും അവരുടെ അനുയായികളും ആയ അകത്തോലിക്കാ ക്രൈസ്തവർ
പൂക്കാണ്ടിസംസാരം: നിരർത്ഥക ഭാഷണം
പൂതിച്ചേരി: പോണ്ടിച്ചേരി
പെന്തക്കുസ്ത: ക്രിസ്തുവിൻെറ പുനരുത്ഥാനം കഴിഞ്ഞു 50-ാം ദിവസം പരിശുദ്ധാത്മാവ് അപ്പസ്തോലന്മാരുടെമേൽ ഇറങ്ങിവന്നതിൻെറ ഓർമ്മ കൊണ്ടാടുന്ന തിരുനാൾ
പെർത്തത്: പരിഭാഷപ്പെടുത്തിയത്
പെലകൊള്ളികൾ: ജാതിഭ്രഷ്ടർ
പൈതിലെ: വെനീസ്സിനെ സംബന്ധിച്ചത്
പൊരിക: പെരിയ
പൗലീസ്ത്ലർ: പോർത്തുഗീസുകാ

രായ ഈശോസഭക്കാർ. സെ. പോൾസ് കോളജിൽനിന്നു വന്നതുകൊണ്ടായിരിക്കാം ഈ സംജ്ഞ.
പ്രക്സ്സെന്നാ: നടപടിപുസ്തകം
പ്രതിപ്രതി: ഓരോരുത്തരുടെയും
പ്രതിഭാവി: വൈരി
പ്രഫിദോർ: Provedor
പ്രൊപ്പഗാന്ദാ: വേദപ്രചാരണത്തിനുള്ള തിരുസംഘം
ഫ്രാസപെച്ച: ഫ്രഞ്ചുഭാഷ
ബൊധിരാതെ: സമ്മതംകൂടാതെ
ഭക്തിമക്കാർ: ഭക്തർ
ഭൂമിയുടെ ഒരു കൂറ്: വൻകര
മടം: മഠം, ആശ്രമം
മതിപൊരികയുള്ള: അതിശ്രേഷ്ഠനായ
മദ്ബഹ: (Sanctuary) പ്രധാന ബലിപീഠത്തിൻെറ പരിസരം
മനസ് മുട്ട്: കഷ്ടപ്പാട്
മനിഷ്പം: സ്ഥാനപതി
മല്പസുഖം: മല്പാൻസ്ഥാനം
മല്പാൻ: (Doctor) അധ്യാപകൻ എന്നു വാച്യാർത്ഥം. ഡോക്ടർ ബിരുദമുള്ളവർ, സെമിനാരി അധ്യാപകർ
മർക്കെസ്സ്: ഗവർണർ
മർത്താ: നാഥ
മാൽവിക്കാർ: ചുക്കാൻ പിടിക്കുന്നവർ
മിനിസ്ത്രൊ: മിനിസ്റ്റർ
മില്ലാവെല: സൈനികസേവനം
മീൻകയ്യ: മീൻപോലെസുന്ദരമായ കൈ
മുഖിൽ: ബോംബെ
മുഖിലൻ: മുഗൾ
മുട്ടദിഷ്ടതി: ആവശ്യങ്ങൾ
മുമ്പുറത്ത്: മുമ്പിലുള്ള പക്ഷത്ത്
മുഷ്കരത്വം: അധികാരം
മുഴപ്പ: പൂർണത
മെൽസൂക്ഷം: പരിപാലനം
മെൽപട്ടസുഖം: മെത്രാൻസ്ഥാനം
മെനിക്ഷയം: അപമാനം
മെലേററം: ദ്രോഹം (മേലേററം)
മെസ്രായക്കാർ: ഈജിപ്തുകാർ
മൊദൈഹാ: മിലാൻ
രാജ്യലക്ഷം: ലക്ഷം
റാസ: ആഘോഷപൂർവകമായ കർബ്ബാന

www.malankaralibrary.com


റത്താവ്: Reredos. മദ്ബഹാ യുടെ ഉപരിഭാഗം
റീത്ത്: അരാധനക്രമം, ഭരണക്രമം ആദ്ധ്യാത്മികത, ശിക്ഷണക്രമം, ദൈവശാസ്ത്ര വീക്ഷണം, തിരുവ സ്ത്രങ്ങൾ മുതലായവ തനതായുള്ള സഭ (Individual Church) ഇവ യുടെ കൂട്ടായ്മ (Communion) യാണ്. കത്തോലിക്കാസഭ. പൗരസ്ത്യസഭകൾ 'റീത്ത്' എന്ന തിനുപകരം സഭ എന്നാണ് പ റയുക.
റെത്തോറിക്കാ: (Rhetoric) പ്രഭാ ഷണവിദ്യ
ലസറെത്തോ: ദരിദ്രമന്ദിരം
ലൊൻദ്രോ: ലണ്ടൻ
വകന്ത: വസന്ത
വടുകർ: തണജാതിക്കാർ
വങ്കാളം: ബംഗാളം
വങ്കു: ബെഞ്ച്
വത്തികളും വവ്വപ്പുകളും: ഭിന്നാഭി പ്രായങ്ങൾ
വളർമ്മ: വളർച്ച
വറാന്തല: തൂണുകളുടെ മേലുള്ള ഇരിപ്പിടം
വാലിഭക്കാർ: കുട്ടികൾ
വികളം: വികലം, തെററ്
വികാരി: (Vicar) പ്രതിനിധി, ഒരു പള്ളിയുടെ ഭരണാധികാര മുള്ള വൈദികൻ
വികാരി അപ്പസ്തൊലിക്കാ:
മെത്രാൻതന്നെ. എന്നാൽ മാർപ്പാ പ്പായുടെ അപ്പസ്തോലിക പ്രതി നിധിയായിട്ടാണു ഭരിക്കുന്നത്. സഭ പൂർണവികസനം പ്രാപിക്കു മ്പോൾ ഹയരാർക്കി സ്ഥാപിക്കു ന്നു. വികാരി അപ്പസ്തോലിക്കാ മാർ മെത്രാപ്പോലീത്താമാരും മെ ത്രാന്മാരുമായി മാറുന്നു.
വിദയംവരുത്തി: ശരിയാക്കി
വിഭോഴ്മകം: അറിവ്
വിരവധിക്കുക: വിരോധിക്കുക
വിരിവു: ഫലപുഷ്ടി
വിലപാങ്ങ്: വിലക്കുറവ്
വിഷ്കോന്തി: (Viscount) പ്രഭു. സ്ത്രീലിംഗം – വിഷ്കോന്തിസ്സാ
വെച്ചെപ്പാറെ: കണ്ടുവെച്ചുവെന്നി രിക്കേ
വെദവാഴി: തിരുസഭാതലവൻ
വെണ്ടിക: താൽപര്യം
വെള്ളംകുടി: പ്രാതൽ
വെശവന്മാർ: വൈശ്യർ
വെണാട്ടു: തിരുവിതാംകൂർ
വാഹക്കപ്പെട്ടുക: ചെലവുകഴിക്കുക
വ്യാക്രൂശിസ് കുരിശിൻെറവഴി യെന്ന ഭക്തകൃത്യം
ശാസ്ത്രസത്മം: കോളേജ്
ശീശ്മ: മാർപ്പാപ്പായെയൊ മെത്രാ നേയോ അനുസരിക്കാതിരിക്കു ന്നത്
ശൊഭകെടു: ദെഹോപദ്രവം
ശ്ളീഹാ: അപ്പസ്തൊലൻ അഥ വാ പ്രേഷിതൻ. അയയ്ക്കപ്പെട്ടവൻ എന്നു വാച്യാർത്ഥം
സന്ധിച്ചു: സ്നേഹപൂർവം ശുശ്രൂ ഷിച്ചു
സർഗ്ഗം: തർക്കം
സങ്കീർത്തി: കാർമ്മികൻ തിരുവ സ്ത്രങ്ങൾ അണിയുന്ന മുറി
സസ്സൊന: സിക്സൺ
സഹാ: അധ്യായം
സിമ്മോനിയാ: (Simony) പരി ശുദ്ധവസ്തുക്കൾ വില്ക്കുന്നത്
സതെയുള്ള: സ്വദേശി
സുധർമ്മ: ന്യായമായ സ്വാതന്ത്ര്യം, സമൂഹനില
സൂനഹദോസ്: (Synod) മെത്രാ ന്മാരുടെയോ വൈദികരുടേയോ കാനോനികസമ്മേളനം
സൊരാലിച്ചു: അലങ്കരിച്ചു
പൊന്നുസൊരാലിച്ചു: തങ്കമിട്ടു
സൊല്പൻ: സ്വല്പം
സംഫ്രൻസിസ്കൊ: സെൻറ് ഫ്രാൻസീസ്സ്
ഹെക്മസാ റബ്ബൻ: വിജ്ഞാന ത്തിൻെറ പുസ്തകം
ഹാദ്ബ്ശബാ ശവീനായ: ഏഴ പതാം ഞായർ, ഉയിർപ്പുതിരുനാ ളിന് ഒൻപതാഴ്ച മുൻപുള്ള ഞായർ
ഹമീറാ: പുളിച്ച അപ്പം
ഹൈക്കല: പള്ളിയകം.

www.malankaralibrary.com

സഞ്ചാരവഴി

ഭൂപടം

www.malankaralibrary.com




www.malankaralibrary.com

# പദസൂചി


അങ്കമാലി പള്ളി 37, 38, 40, 41, 42, 44, 46, 47, 48, 49, 54, 55, 57, 59, 60, 61, 62, 66, 69, 83, 84, 380, 401
അങ്കൊണ 292, 299
അഞ്ചലൊസ 45
അന്തൊണിദപാത്വ, 93, 97, 98, 118, 120, 121, 122
അന്തൊനീസ് 113, 454
അന്തൊണിദെസൊയിസാ 113, 119, 120, 121, 122, 124
അന്തൊണി ഓസ്ക്കാൻ ദാസ 145
അന്തൊനെല്ലി 255, 262, 264, 280, 354, 391
അന്തൊനിദെസ്സാ 390
അന്തൊനിയൊ പെരയിരാ മെഷ് ക്കീത്ത 447, 453
അത്തല്യ 405
അപസറെ 293
അപ്രേം 272
അമദത്താ 403
അമരീക്കാനാട് 136, 137, 139, 154, 180, 185, 213, 455
അമ്മെനികം 56
അയററപ്പുഴ 150
അയറാദെസ 167, 179
അയൂദ 153, 154
അയ്യന്മാർ 419
അരയപ്പൊലീസ 37, 49, 75
അറാച്ചെല്ലി 445
അർക്കദെയാക്കോൻ 43, 62, 63, 64, 65, 75, 76, 165
അർമന്യക്കാർ 45, 128, 202, 216, 418
അർസെനാൻ 308
അലെക്കസെന്ത്രയൊസ 317, 380, 382, 416
അല്ലെശ്പുണ്യവാളൻ 339
അൽസാന്യാ 288
അൽമാഞ്ഞിയക്കാർ 414
അവിഞ്ഞോൻ 414
അസൂവെത്രുസ 403
അസ്സെമ്മാനം 419
അസ്സൊാറായക്കാർ 412
ആകപാപെൻഞ്ഞെന്തെ 286
ആഗസ്റ്റീനോസ് 112, 115, 117, 126, 150, 184, 211, 215, 271, 295
ആഞ്ചലൊസ് 113, 401, 411, 445
ആദംപാമല 115, 127
ആയെർദെസാ 347
ആറാമത്തു പീയൂസ് 247, 276
ആലങ്ങാട്ടുപള്ളി 37, 45, 55, 56, 64, 65, 68, 69, 72, 74, 75, 77, 78, 79, 82, 83, 84, 85, 190, 257, 258, 399
ആസ്യായി 76, 77, 185, 301
ആഹാവ 406, 407


## ഇ


ഇഗ്ളെശന്മാർ: 45, 104, 105, 108, 109, 110, 111, 113, 119, 127, 128, 132, 179, 180, 181, 195, 200, 256
ഇടപ്പള്ളിക്കാരൻ ചാക്കോ കത്തനാർ: 401
ഇടപ്പള്ളി പള്ളി: 49, 50, 51, 53, 54, 57
ഇത്താല്യക്കാർ: 45, 67, 141, 187, 257, 285, 288, 289, 292, 294, 296, 315, 316, 318, 319, 320, 322, 414, 446
ഇനാസിയോസ് പിന്റു: 318
ഇമ്പാന്ത: 347, 357, 449
ഇബെല്ല: 347
ഇസ്പാഞ്ഞു: 184, 254, 299, 301
ഇസ്രായേൽ: 179, 250, 386, 395, 403, 406, 407, 415
ഈനസന്തിയോസപാതിരി: 45


## ഉ


ഉദയഗിരി കോട്ടയ്ക്കൽ: 89, 90, 91, 92, 93
ഉദയംപെരൂർ: 238, 339, 393, 425, 426, 427
ഉറഹായ: 216
ഉറുബാണൊസ് 229, 262, 263, 339, 414


www.malankaralibrary.com

എ
എടപ്പള്ളിൽ 51, 53, 54
എട്ടാമത് ഉർബ്ബാനോസ്പാപ്പ 279
എണങ്ങരോട്ട: 41
എംപ്രപ്ല 388
എല്ലൂമൊസ് 402
എവുത്തിക്കൊസ് 263
എവുസ്ഥാക്കിയൊ ബെനദിക്കൊസ് ലണവെ 89
എവുറായക്കാർ 103
എസ്തപ്പാനൊസു ബൊർജ്യ 188, 189, 190, 191, 204, 213, 214
എസ്റ്റെർ 403
ഏലീശനിവ്യ 395, 406, 412
ഏവൻഗെലിയോൺ 44, 77, 78, 80, 125
ഏഛ 406, 407
ഏദം 153
ഒ
ഒക്കൊസ്യ 405
ഒട്ടുവെലൂസ 154
ഒട്ടസ്സവത്തൊറാ 154
ഒലന്തെന്മാർ 95, 96, 99, 111,
ഒസ്തറിയ 183, 200, 201, 205, 206, 293, 294, 295, 299, 300, 301, 303
ഓറശ്ളം 211
ഔറാഹം 65
ക
കടനാട് 87, 88, 89, 107
കടനാട്ടിൽ മാത്തൻ കത്തനാർ 62, 131
കടുത്തുരുത്തിപള്ളി 97, 98, 112
കത്തറീന 293
കദിയാർ ഹെനറീക്ക 414
കന്നട്ടിമാർ: 157
കന്യാകുമാരി: 418
കമില്ലൊസ്ക്കാറർ: 293
കമ്മില്ലൊപുണ്യവാളൻ 320, 321
കമീർപ്പ 150
കയ്യാപ്പാ: 404
കയെത്താനൊസ് 150, 154, 158, 159, 165, 167, 169, 178, 180, 182, 213, 214, 249, 250, 259, 298, 299
കയെത്താനൊ വൊഗാല്ലൊ 199
കരിയാറ്റിൽ മാർ യൗസെപ്പ് 56, 60, 64, 68, 77, 89, 91, 96, 100, 178, 234, 242, 249, 265, 272, 282, 314, 322, 341, 360, 372, 387, 400, 404, 409, 410, 413
കല്പറക്കൽ തരകൻ 82
കല്പക്കാട്ടുകാരൻ ചാക്കോക്കത്തനാർ 49, 131
കർമ്മലീത്താ 37, 48
കൽകിദൊന 263
കസ്തെല്ലൊ ദെസഞ്ചെലൊ 276
കസ്തെൽ രാജാവ് 414, 450
കസ്തെല്ലി 180, 181, 188, 189, 208, 250, 251, 252, 254, 255, 256, 262
ക്ലമ്മീസ്: 252
കാഞ്ഞിരപ്പള്ളിക്കാരൻ കുഞ്ചാക്കോ കത്തനാർ 61, 62, 64
കാഞ്ഞിരപ്പള്ളിക്കാരൻ ചാണ്ടി കത്തനാർ 477
കാഞ്ഞൂക്കാരൻ ഉതപ്പമാപ്പിള 42
കാനാട്ടു അയിപ്പുകത്തനാർ 61,107
കാനാൻ 65
കാനൊനിസ്താൻ 150, 153, 254, 276, 286, 295, 442, 458
കായംകുളം 88
കാരിക്കാൽ 101, 104, 105
കാർദിച്ചെ 299, 300, 301
കാർപ്പാദെബൊനാ എസ്പരാൻസാ 463
കാർല്ലൊസ് 311, 345
ക്രിസ്തൊപ്പെർ 131, 135
കഞ്ഞിപ്പൌലൊസ് 207
കഞ്ചൂട്ടക്കാർ 91
കത്തിയതൊട്ടുങ്കൽപള്ളി 37, 68
കപ്പായക്കാരൻ 91, 100, 101
കർസാദ 119, 153, 371, 373
കസ്തന്തിനൊപ്പൊലിസ് 262
കളച്ചി 89
കറവിലങ്ങാട് 42, 61, 75, 76, 81
കുടപ്പെർ 109, 110, 129, 284
കുനൻവർക്കി 422
കുറന്തൊസുകാർ 400
കുറില്ലൊസ് 393, 429, 430
കെടെദെബീത്തൊസ 350
കെസർ 209

www.malankaralibrary.com

ല

ലബെലി 105, 108
ലാസറെത്ത് 182, 292
ലിബെർണ്ണൊ 199, 200, 201, 203, 206
ലൂവിസ അന്തൊനി 313, 315, 323.
ലെവിനാൻ 216
ലൊറെത്ത് 283, 286, 287, 288
ലൌറെന്തിയൊസ യുസ്തിന്നിയാനി 48, 55, 57, 58 59, 60

വ

വത്തിക്കാൻ 272, 276, 281
വങ്കാളം 119
വരാപ്പുഴ 37, 39, 43, 48, 50, 56, 61, 70, 73, 77, 84, 86, 112 163, 188, 339, 402
വരാരപ്പിള്ളിൽ ചാക്കോ 47, 97, 104, 106
വലിയത്തുപ്പായി 89
വർഗീസുകത്തനാർ 59, 63
വർഗ്ഗന്യായം 38
വാന്തു 200
വികാരി അപ്പസ്തോലിക്ക 49, 51
വികാരി ജനറൽ 69, 70
വിജൊസ ദെ പൌല 311
വിഞ്ചൻസിയൂസ ദെ പൌലൊ 315, 318. 319, 320
വിരാകൻ 92
വിഷ്ക്കൊന്തി 351, 352, 353, 367, 368, 370, 371, 373, 374 376, 379, 380, 382, 383, 384, 387, 390, 431, 450.
വിഷ്ക്കൊന്തികം 153, 173, 249, 298, 324, 326, 331, 335, 339, 344, 347, 349
വിഷ്ക്കൊന്തിസ്സാ 348, 353, 354, 355, 359, 360, 367, 368, 380, 387
വിഷ്ക്കൊന്തി ദെപൊന്ത ഒല,മ 154
വിറെൻസാ 204
വീരപാണ്ടിയാൻ പട്ടണം 94, 95
വെന്തുരെവാല 121, 122, 124
വെനെസ്യ 285, 292
വെസലഹം 254
വെശവന്മാർ 139
വെൻഗെല 131, 133, 134
വൈപ്പാററ് 97, 98, 108
ശാരൊൽരാജാവ് 65
ശെമൊൻ എന്ന ക്ഷപൻ 245

സ

സർഗ്ഗം 43
സമ്മൊറാ 154, 375
സംപദെഠർ ദൊസറയീസ 37, 65, 77, 383
സർശിയെരസ പൌലൊസ് 402
സന്ത അന്തൊണി 212, 214. 215, 217, 218,, 248
സന്തക്ളാരാ 150
സന്തൊമെ 462
സ്ളവെത്തെറാ 249. 373, 374, 335, 376, 377, 379, 382
സിയെന്നാ 204
സുറിയാനിക്കാർ 44, 45, 75, 148
സുറിയാനിക്രമം 37
സെക്കാതൊറെ 362
സെവസ്ത്യാനൊസ് പുണ്യാളൻ 133
സംബന്തു 154, 309, 310, 311, 312, 313, 333, 335, 343, 344, 345, 350, 351, 352, 354, 360, 361, 372, 373, 378, 379, 380, 381, 382, 388, 441, 443, 446, 451, 452
സംയൊഹന്നാൻ ദെസൊസാ 117
സ്പാസ്യാ 179
സ്പൊലെത്തെ 286

ഹ

ഹാമാൻ 403
ഹീറാപ്പൊലീസ 75
ഹെദ്രമാൻ 179
ഹെനറീക്ക 200
ഹെന്ദൊവ് 228, 272

ള

ളവീസമെത്രാൻ 501




www.malankaralibrary.com